അദ്ധ്യായം 1

ആമുഖം

സഹ്യപർവ്വതത്തിന്റെ മടിത്തട്ടിലെ ഒരു മലയോര ജില്ലയാണ് പത്തനംതിട്ട. 29.10.1982 ലെ സർക്കാർ ഉത്തരവ് എം.എസ് നമ്പർ 1026/82/ആർ.ഡി പ്രകാരം പത്തനംതിട്ട ആസ്ഥാനമായി സംസ്ഥാനത്തെ 13–ാമത് ജില്ലയായി 1982 നവംബർ 1–ാം തീയതി രൂപീകൃതമായി. ഭൂമിശാസ്ത്രപരമായി വടക്ക് അക്ഷാംശം $9^0$02'30" നും $9^0$28'30' നും മദ്ധ്യത്തിലും കിഴക്ക് രേഖാംശം 76^0 37'30" നും $77^0$17'30" നും മദ്ധ്യത്തിലുമായി ഈ ജില്ല സ്ഥിതി ചെയ്യുന്നു. തെക്കുഭാഗത്ത് കൊല്ലം ജില്ലയുമായും പടിഞ്ഞാറ് ആലപ്പുഴ ജില്ലയുമായും വടക്ക് കോട്ടയം, ഇടുക്കി എന്നീ ജില്ലകളുമായും, കിഴക്ക് തമിഴ്നാട് സംസ്ഥാനവുമായും അതിർത്തികൾ പങ്കിടുന്നു.

ജില്ലയുടെ ആകെ വിസ്തൃതി 2652 ചതുരശ്ര കിലോമീറ്ററാണ്. ഇതിൽ 1145.12 ച.കി.മീ. ഗ്രാമപ്രദേശങ്ങളും 109.93 ച.കി.മീ. നഗരപ്രദേശങ്ങളും 1396.95 ച.കി.മീ. വനമേഖലയും ആണ്. ജില്ലയ്ക്ക് അടൂർ, തിരുവല്ല എന്നീ രണ്ട് റവന്യൂ ഡിവിഷനുകളും, കോഴഞ്ചേരി, അടൂർ, തിരുവല്ല, റാന്നി, മല്ലപ്പള്ളി, കോന്നി എന്നീ ആറ് താലൂക്കുകളും ഉണ്ട്.

പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ പഞ്ചായത്തും നാല് മുനിസിപ്പാലിറ്റികളും, എട്ട് ബ്ലോക്കു പഞ്ചായത്തുകളും, അൻപത്തിമൂന്ന് ഗ്രാമപഞ്ചായത്തുകളും എഴുപത് വില്ലേജുകളുമാണുള്ളത്.

ജില്ലയ്ക്ക് പത്തനംതിട്ട പാർലമെന്റ് മണ്ഡലവും തിരുവല്ല, ആറന്മുള, അടൂർ, കോന്നി, റാന്നി എന്നീ 5 അസംബ്ലി നിയോജക മണ്ഡലങ്ങളുമുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വോട്ടർമാരുള്ള അസംബ്ലി നിയോജക മണ്ഡലമാണ് ആറന്മുള.


PATHANAMTHITTA DISTRICT
ANICAUD
KOTTANGAL
VECHOOCHIRA
KUNNANTHANAM
MALLAPPALLY
KALLOOPPARA
KOTTANAD
PERINGARA
EZHUMATTOOR
RANNI-PAZHAVANGADI
NARANAMMOOZHI
KAVIYOOR
THIRUVALLA MUNICIPALITY
PURAMATTOM
RANNI-ANGADI
RANNI-PERUNAD
NEDUMPURAM
PRAVIPEROOR
AYROOR
NIRANAM
KADAPRA
THOTTAPPUZHASSERI
KOIPRAM
CHERUKOLE
RANNI
KOZHENCHERRI
NARANGANAM
PADASSERIKKARA
CHITTAR
MALLAPUZHASSERI
MYLAPRA
MALAYALAPUZHA
MEZHUVELI
ELANTHOOR
PATHANAMTHITTA
KONNI
KULANADA
CHENEERKARA
OMALLOOR
THUNDAMON
VALLICODE
PRAMADOM
PANDALAM
PANDALAM
THEKKEKARA
KODUMON
ADOOR MUNICIPALITY
PALLICKAL
KALANJOOR
ERATH
EZHAMKULAM
ENADIMANGALAM
KADAMPANAD
SEETHATHODU
THANNITHODU
ARUVAPPULAM
Block Boundary

ചിത്രം. 1.1

പത്തനംതിട്ടയുടെ സംസ്കൃതിയിലൂടെ

കേരളത്തിലെ വിനോദ സഞ്ചാര ഭൂപടത്തിൽ പ്രത്യേകസ്ഥാനം ലഭിച്ചിട്ടുള്ള ജില്ലയാണ് **''പത്തനംതിട്ട''**. വനഭംഗിയിലും, പ്രകൃതി രമണീയതകൊണ്ടും പൈതൃക പുരാവസ്തു കേന്ദ്രങ്ങൾ, കലാസാംസ്ക്കാരിക പരിപാടികൾ, കലാകേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവ കൊണ്ടും സമ്പുഷ്ടമായ ജില്ല, സഞ്ചാരികളുടെ പറുദീസയാണ്. തീർത്ഥാടക സഞ്ചാരികളാണ് ഇവരിൽ ഭൂരിഭാഗവും. ഇത് ജില്ലയുടെ സമ്പദ് വ്യവസ്ഥയിൽ വളരെ സ്വാധീനം ചെലുത്തുന്നു. ജില്ലാടൂറിസം ബോർഡ് 'The Abode of God'എന്ന പേരും ജില്ലയ്ക്ക് നൽകിയിട്ടുണ്ട്.

ജില്ലയിൽ എത്തിച്ചേരുന്ന തീർത്ഥാടക സഞ്ചാരികളുടെ ബാഹുല്യം കാരണം ജില്ലയെ കേരളത്തിലെ തീർത്ഥാടക ടൂറിസത്തിന്റെ കേന്ദ്രസ്ഥാനം എന്ന പേരിലും അറിയപ്പെടുന്നു. എല്ലാ മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളും അവിടെ എത്തുന്ന എണ്ണമറ്റ തീർത്ഥാടകരേയും കണക്കിലെടുത്ത് പത്തനംതിട്ടയ്ക്ക് **തീർത്ഥാടന ജില്ല** എന്ന പേര് നൽകുന്നത് ഉചിതമായിരിക്കും.

ലോകത്ത് ഏറ്റവും കൂടുതൽ തീർത്ഥാടകർ ദർശനം നടത്തുന്ന പ്രശസ്തമായ ശബരിമല ക്ഷേത്രം, യേശുക്രിസ്തുവിന്റെ ശിഷ്യനായ സെന്റ് തോമസ്സിനാൽ ക്രിസ്തു വർഷം 54-ൽ സ്ഥാപിതമായി എന്നു കരുതപ്പെടുന്ന നിരണം പള്ളി, എ.ഡി. 8-ാം നൂറ്റാണ്ടിൽ പല്ലവരഥ ശില്പശൈലിയിൽ നിർമ്മിക്കപ്പെട്ട കവിയൂർ തൃക്കൈക്കുടി ഗുഹാക്ഷേത്രം, രണ്ടായിരം വർഷത്തോളം പഴക്കമുള്ള കോട്ടാങ്ങൽ പഞ്ചായത്തിലെ വായ്പൂര് മുസ്ലീംപള്ളി, തിരുവല്ല ശ്രീവല്ലഭക്ഷേത്രം, ക്രിസ്തുവർഷം 325ൽ സ്ഥാപിതമായ കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ, ശക്തിഭദ്രൻ എന്ന രാജാവിന്റെ കാലത്തേതെന്നു കരുതുന്ന കൊടുമൺ ചിലന്തിയമ്പലം, പ്രവാചക ചരിത്രത്തിന്റെ മാലിക് ദിനാറും സംഘവും സ്ഥാപിച്ച കാട്ടൂർ മുഹയ്ദീൻ പള്ളി, ആറന്മുള പാർത്ഥസാരഥി ക്ഷേത്രം, ഉത്സവത്തിന് ഒൻപത് നാളും ആറാട്ട് നടക്കുന്ന കേരളത്തിലെ ഏക ക്ഷേത്രമായ ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രം എന്നിവ ഈ ജില്ലയിലാണ്. ആറന്മുള വള്ളംകളിയും, ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡിൽ ഇടംകണ്ട വള്ളസദ്യയും ഏറെ പ്രസിദ്ധമാണ്.

സ്വാതന്ത്ര്യ സമര ചരിത്രവുമായി ബന്ധമുള്ള മണ്ണടി ക്ഷേത്രവും വേലുത്തമ്പി ദളവയുടെ സ്മാരകവും കാമ്പിത്താൻ തറയും ചരിത്രമുറങ്ങുന്ന പുരാവസ്തു കേന്ദ്രങ്ങൾ കൂടിയാണ്.

പത്തനംതിട്ട നഗര ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന നാന്നൂറിലേറെ വർഷത്തെ പഴക്കമുള്ള പള്ളിയാണ് പത്തനംതിട്ട മുസ്ലീം ജമാഅത്ത്. മനോഹരമായ ചുവർ ചിത്രങ്ങൾ കൊണ്ട് അലംകൃതമായ ക്ഷേത്രമാണ് കലഞ്ഞൂർ ശ്രീമഹാദേവ ക്ഷേത്രം. അടൂർ പാർത്ഥസാരഥി ക്ഷേത്രം, പന്തളം കടയ്ക്കാട് മുസ്ലീം ജുമാമസ്ജിദ്, പരുമല ശ്രീപനയന്നാർകാവ് ഭഗവതീക്ഷേത്രം, കിടങ്ങന്നൂർ പള്ളിമുക്കത്ത് ദേവീക്ഷേത്രം, അയിരൂർ പാലൻ പുലയക്ഷേത്രം, പാലിയക്കരപള്ളി, പെരിങ്ങനാട് തൃച്ചേന്ദമംഗലംക്ഷേത്രം, മഞ്ഞനിക്കര പള്ളി, മലയാലപ്പുഴ ക്ഷേത്രം, നിലയ്ക്കൽ പള്ളി, നിലയ്ക്കൽ ക്ഷേത്രം, കടമ്പനാട് സെന്റ്തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, കല്ലൂപ്പാറദേവീക്ഷേത്രം, കോട്ടാങ്ങൽ മുസ്ലീംപള്ളി, ചന്ദനപ്പള്ളി, ഒരിപ്പുറത്ത് ദേവീക്ഷേത്രം, ലാറിബേക്കർ രൂപ കൽപന ചെയ്ത തിരുവല്ലയിലെ കൂടാരപ്പള്ളി എന്നിവ പ്രസിദ്ധങ്ങളായ ആരാധനാലയങ്ങളാണ്.

പരശുരാമൻ പ്രതിഷ്ഠ നടത്തിയെന്നു കരുതപ്പെടുന്ന റാന്നി ഗുരുനാഥൻ മണ്ണ് വനമേഖലയിലെ ആലുവാംകുടി ശിവക്ഷേത്രം ചരിത്ര പ്രസിദ്ധമാണ്. ഈ ക്ഷേത്രത്തിന് മൂവായിരം വർഷത്തിലധികം പഴക്കമുള്ളതായി കണക്കാക്കപ്പെടുന്നു.

ഏഴംകുളം ക്ഷേത്രത്തിൽ പ്രധാന ഉത്സവമായ കുംഭഭരണി നാളിലാണ് ചരിത്ര പ്രസിദ്ധമായ തൂക്കം നടക്കുന്നത്.

പന്തളം രാജാവ് പണികഴിപ്പിച്ചതെന്ന് കരുതപ്പെടുന്ന കക്കാട്ടുകോയിക്കൽ ക്ഷേത്രം ശബരിമല മകരവിളക്കിനു ശേഷം അയ്യപ്പന്റെ തിരുവാഭരണങ്ങൾ ചാർത്തുന്ന ഏക ക്ഷേത്രമാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധനായ പരുമല തിരുമേനിയെ ഖബറടക്കിയ സ്ഥലമാണ് പ്രമുഖ തീർത്ഥാടന കേന്ദ്രമായ പരുമല പള്ളി.

ലത്തീൻ കത്തോലിക്ക സഭയുടെ അധീനതയിലുള്ള വിശുദ്ധ യൂദാസ് തദേവൂസിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ അറിയപ്പെടുന്നതുമായ മരുതിമൂട് പള്ളി ഏനാദിമംഗലം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ആചാരാനുഷ്ഠാനങ്ങൾ

വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങളാൽ സമ്പന്നമാണ് പത്തനംതിട്ട ജില്ല. സംസ്കാരത്തിന്റെ പ്രാക്തന രൂപങ്ങളായി ഇപ്പോഴും നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾ ഒരു ജനതയുടെ പഴമയുടെ മാഞ്ഞുപോകാത്ത അടയാളങ്ങളാണ്.

മുടിപ്പേച്ച്

പന്നിവിഴ, മണ്ണടി ദേവിക്ഷേത്രങ്ങളിൽ മുടിപ്പേച്ച് എന്ന കലാരൂപം അരങ്ങേറുന്നു. ഭദ്രകാളി-ദാരിക യുദ്ധവും ദാരികവധവും പ്രതിപാദിക്കുന്ന മുടിയേറ്റിലെ പ്രമേയം തന്നെയാണ് മുടിപ്പേച്ചിലെങ്കിലും അവത രണത്തിൽ ചില വൈജാത്യങ്ങൾ ഉണ്ട്.

പടയണി (പടേനി)

ജില്ലയിലെ ശ്രദ്ധേയമായ അനുഷ്ഠാന കലാരൂപമാണ് പടയണി. അടയ്ക്കാമരത്തിന്റെ പച്ചപ്പാള ചെത്തിയെടുത്ത് അതിലാണ് കോലങ്ങൾ വരക്കുന്നത്. ചെങ്കല്ലും കരിയും മഞ്ഞളും ചായങ്ങളായി ഉപ യോഗിക്കുന്നു. പച്ചീർക്കിൽ, പച്ചമടൽ എന്നിവകൊണ്ട് രൂപപ്പെടുത്തിയ തൂലിക കോലമെഴുതാൻ ഉപയോ ഗിക്കുന്നു.

തൂക്കം

ഏഴംകുളം, ഒരിപ്പുറം ദേവീ ക്ഷേത്രങ്ങളിൽ നടന്നു വരുന്ന അനുഷ്ഠാനമാണ് തൂക്കം. ഏഴംകുളത്ത് കുംഭമാസത്തിലെയും ഒരുപ്പുറത്ത് മീനമാസത്തിലെയും കാർത്തിക നാളിലാണ് തൂക്കം നടക്കാറുള്ളത്. അതേ നാളിൽ വെളിപ്പിന് ഗരുഡൻ തൂക്കം നടക്കുന്നു. തൂക്കക്കാരൻ ഗരുഡന്റെ ചുണ്ടും ചുട്ടിയും പക്ഷങ്ങളും അണിഞ്ഞ് തൂക്കിലേറുന്ന ചടങ്ങാണിത്.

അനുഷ്ഠാന കലകളിൽ വളരെ പ്രാധാന്യമുള്ളവയാണ് കോട്ടാങ്ങൽ, തെള്ളിയൂർ, കടമ്മനിട്ട പടയണികളും, 5 വർഷത്തിലൊരിക്കൽ നടക്കുന്ന കുരമ്പാല പുത്തൻകാവ് ദേവീ ക്ഷേത്രത്തിലെ ചൂരൽ അടവിയും.

ആദ്ധ്യാത്മിക സമ്മേളനങ്ങളും പദയാത്രകളും

മതസൗഹാർദ്ദത്തിന് പേരുകേട്ട ജില്ലയാണ് പത്തനംതിട്ട. ഹൈന്ദവ-ക്രിസ്ത്യൻ-മുസ്ലീം ജനവിഭാഗ ങ്ങൾ ഒത്തൊരുമിച്ച് ചേരുന്ന ആചാരങ്ങൾ ഈ ജില്ലയ്ക്ക് സ്വന്തമാണ്. മതസൗഹാർദ്ദത്തിന്റെ മനസ്സി ലേക്ക് നിറഞ്ഞൊഴുകുന്ന പമ്പയുടെ മാറിലാണ് മാരാമൺ കൺവെൻഷനും, അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനും നടക്കുന്നത്. മാരാമൺ കൺവെൻഷൻ 1895 ലും അയിരൂർ ചെറുകോൽപ്പുഴ കൺവെൻഷൻ 1911 ലുമാണ് ആരംഭിച്ചത്.

തിരുവാഭരണഘോഷയാത്ര

ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ മകരസംക്രാന്തി സന്ധ്യയിൽ ദീപാരാധനയ്ക്ക് മുമ്പായി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുവാനുള്ള തിരുവാഭരണങ്ങൾ അടക്കം ചെയ്ത പേടകങ്ങളുമായി പന്തളം കൊട്ടാരത്തിൽ നിന്നും പുറപ്പെടുന്ന ഘോഷയാത്ര പൂർണ്ണമായും പത്തനംതിട്ട ജില്ലയിലൂടെ യാണ് കടന്നുപോകുന്നത്.

പരുമല പള്ളി – പദയാത്ര

ജില്ലയിലെ പമ്പ അച്ചൻകോവിൽ നദികളുടെ സമീപത്തുള്ള ക്രിസ്തീയ തീർത്ഥാടന കേന്ദ്രമാണ് പരുമല ദേവാലയം. മലങ്കരയുടെ പ്രഥമ തദ്ദേശീയ പ്രഖ്യാപിത വിശുദ്ധനായ മാർഗ്രിഗോറിയോസിന്റെ കബറിടം ഇവിടെയാണ്. 1895 ൽ പരുമല ഗീവറുഗീസ് മാർഗ്രിഗോറിയോസ് പ്രസിദ്ധീകരിച്ച തന്റെ യറുശലേമിലേക്കുള്ള യാത്രയുടെ വിവരണം 'ഊർശലേം യാത്രാ വിവരണം' മലയാളത്തിലെ ലക്ഷണമൊത്ത യാത്രാവിവരണങ്ങളിൽ മൂന്നാമത്തേതായി കരുതപ്പെടുന്നു.

മഞ്ഞനിക്കര

കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഉത്ഭവിച്ചിട്ടുള്ള കലഹം അവസാനിപ്പിക്കുന്നതിന് ഇൻഡ്യൻ വൈസ്രോയിയായിരുന്ന ഇർവിൻപ്രഭുവിന്റെ ക്ഷണപ്രകാരം ശാന്തി ദൂതുമായി വന്നതായിരുന്നു പരിശുദ്ധനായ ഏലിയാസ് തൃതീയൻ ബാവാ. 1932 ഫെബ്രുവരി 11 ന് പത്തനംതിട്ട ജില്ലയിൽ ഓമല്ലൂരിന് സമീപം മഞ്ഞനിക്കര മാർസ്തോഫാനോസ് ദേവാലയത്തിലെത്തിയ പരിശുദ്ധ ബാവ ഫെബ്രുവരി 13 ന് കുർബാന മധ്യേ പ്രസംഗിച്ചു. സമാധാന ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിലുള്ള മനോദു:ഖത്താൽ അദ്ദേഹം കാലം ചെയ്തു. ഇദ്ദേഹത്തിന്റെ കബർ സ്ഥിതി ചെയ്യുന്ന പത്തനംതിട്ടയിലെ മഞ്ഞനിക്കരയിലേക്ക് വിശ്വാസികൾ പദയാത്രയായി എത്തുന്നു.

പിആർഡിഎസ്

പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകന്റെ ദേഹവിയോഗത്തിന്റെ സ്മരണയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിശ്വാസികൾ സഭാ ആസ്ഥാനത്തേയ്ക്ക് പദയാത്രയായി എത്തുന്നു. പ്രത്യക്ഷ രക്ഷാ ദൈവസഭ സ്ഥാപകന്റെ സഹധർമ്മിണി ജി. ജാനമ്മയുടെ ദേഹവിയോഗത്തിന്റെ സ്മരണയ്ക്കായി ജില്ലയിലെ വിശ്വാസികൾ ചുങ്കപ്പാറയിൽ നിന്ന് ആസ്ഥാനത്തേയ്ക്ക് പദയാത്രയായി എത്തുന്നു.

മത ആസ്ഥാനങ്ങളുടെ ജില്ല

പ്രത്യക്ഷ രക്ഷാ ദൈവസഭ

സ്വാതന്ത്ര്യലബ്ദിക്ക് ശേഷം കേരള ദളിത് വംശത്തിന്റെ പുത്തൻ ഉണർവിനും ഉന്നമനത്തിനുമായി തിരുവിതാംകൂറിൽ പ്രവർത്തിച്ച മൂന്നു പ്രസ്ഥാനങ്ങളാണ് 1907ൽ അയ്യങ്കാളി സ്ഥാപിച്ച സാധുജനപരിപാലന സംഘം (എസ്ജെപിഎസ്) 1909 ൽ പൊയ്കയിൽ യോഹന്നാൻ സ്ഥാപിച്ച പ്രത്യക്ഷ രക്ഷാ ദൈവസഭ (പിആർഡിഎസ്) 1921 ൽ പാമ്പാടി ജോൺ ജോസഫ് സ്ഥാപിച്ച ട്രാവൻകൂർ ചേരമർ മഹാജനസഭ (ടിസിഎംഎസ്). സ്ഥാപകനായ പൊയ്കയിൽ യോഹന്നാന്റെ ജന്മസ്ഥലമായ ഇരവിപേരൂരാണ് പിആർഡിഎസിന്റെ ആസ്ഥാനം. കുമാരഗുരുദേവൻ എന്ന് പിൽക്കാലത്ത് അറിയപ്പെട്ട ഇദ്ദേഹത്തെ 1921 ൽ ശ്രീമൂലം പ്രജാ സഭയിലേക്കും തിരുവിതാംകൂർ നിയമനിർമ്മാണ സഭയിലേക്കും നാമനിർദ്ദേശം ചെയ്യപ്പെട്ടു. അടിമകളുടെ സ്വാതന്ത്ര്യവും ലോകത്തിൽ സമാധാനവും എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന പ്രത്യക്ഷ രക്ഷാ ദൈവസഭ തനതായ ആത്മീയ വിഭാഗമായി പ്രവർത്തിക്കുന്നു.

മാർത്തോമ്മ സഭ

എ.ഡി 52 ൽ ക്രിസ്തു ശിഷ്യനായ സെന്റ് തോമസിനാൽ സ്ഥാപിക്കപ്പെട്ട ക്രിസ്തീയ പാരമ്പര്യത്തിലും വിശ്വാസത്തിലും നിലനിന്നു പോരുന്ന കാതോലിക അപ്പോസ്തലിക സഭയുടെ ഭാഗമാണ് മർത്തോമ സഭ. മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ ആസ്ഥാനം ഈ ജില്ലയിൽ തിരുവല്ലയുടെ ഹൃദയഭാഗത്താണ്. ആരാധന, പൗരസ്ത്യ സ്വഭാവമുള്ളതും, പ്രവർത്തനങ്ങൾ ജനാധിപത്യ സ്വഭാവമുള്ളതുമാണ്. പ്രസിദ്ധമായ മാരാമൺ കൺവെൻഷന്റെ നേതൃത്വം ഈ സഭയ്ക്കാണ്.

ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ് (ഐ.പി.സി)

ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ് ഇൻഡ്യയിലെ പെന്തകോസ്ത് വിഭാഗങ്ങളിൽ വച്ച് ഏറ്റവും വലിയ സഭാ വിഭാഗമാണ്. പത്തനംതിട്ട ജില്ലയിൽ കുമ്പനാട് ഹെബ്രോൺപുരമാണ് സഭയുടെ

ആസ്ഥാനം. ജർമ്മൻ മിഷനറിയായ ജോർജ്ജ് ബർഗാണ് കേരളത്തിലാദ്യമായി പെന്തകോസ്ത് ആശയങ്ങൾ പ്രചരിപ്പിച്ചത്. തുടർന്ന് പന്തളം സ്വദേശിയായ മത്തായി ഉപദേശി പെന്തകോസ്ത് വിശ്വാസം സ്വീകരിച്ചു. ആദ്യത്തെ പെന്തകോസ്ത്തൽ ചർച്ച് അടൂരിലുള്ള തുവയൂരിൽ 1909 ൽ സ്ഥാപിച്ചു.

ബിലിവേഴ്സ് ചർച്ച്

വേദപുസ്തകാടിസ്ഥാനത്തിലും സുവിശേഷീകരണത്തിനും പ്രാധാന്യം നൽകുന്നതും അപ്പോസ്തോലിക പിന്തുടർച്ചയുള്ള എക്യൂമെനിക്കൽ സ്വഭാവമുള്ളതുമായ ഒരു സാർവ്വത്രിക സഭയാണ് ബിലിവേഴ്സ് ചർച്ച്. ആസ്ഥാനം തിരുവല്ലയാണ്. പ്രഥമ ബിഷപ്പ് ഡോ. കെ.പി. യോഹന്നാൻ.

സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ

കേരളത്തിൽ സുറിയാനി പാരമ്പര്യം അവകാശപ്പെടുന്ന ഒരു എപ്പിസ്കോപ്പൽ സഭയാണ് ഇവാൻജലിക്കൽ സഭ. 1960 കളിൽ മർത്തോമ്മ സഭയിൽ നിന്നും വേർപിരിഞ്ഞാണ് സഭ രൂപം കൊണ്ടത്. കെ.എൻ.ഡാനിയേൽ എന്ന വ്യക്തിയാണ് സഭാ രൂപീകരണത്തിൽ പ്രധാന പങ്ക് വഹിച്ചത്. സ്വതന്ത്ര എപിസ്കോപ്പൽ സഭയായി നിലകൊള്ളുന്നു.

വിനോദ സഞ്ചാര കേന്ദ്രങ്ങൾ

ജില്ലയുടെ ഭൂവിസ്തൃതിയുടെ പകുതിയിലധികം വനമേഖലയായതിനാൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഭൂരിഭാഗവും മലയോര പ്രദേശങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്നു.

ഗവി

ജില്ലയിലെ ഒരു നിത്യഹരിത വന പ്രദേശമായ ഗവി പശ്ചിമ ഘട്ടത്തിലെ പെരിയാർ കടുവാ സങ്കേതത്തിന്റെ ഭാഗമാണ്. ജില്ലാ ആസ്ഥാനത്തു നിന്നും 98.6 കി.മീ അകലെ സീതത്തോട് പഞ്ചായത്തിലാണ് ഗവി വനപ്രദേശം.

അടവി ഇക്കോ ടൂറിസം പദ്ധതി

തണ്ണിത്തോട് പഞ്ചായത്തിലെ അടവി ഇക്കോ ടൂറിസം കേന്ദ്രത്തിലെ കുട്ടവഞ്ചി സവാരി കുട്ടികളെയും മുതിർന്നവരേയും ഒരു പോലെ ആകർഷിക്കുന്നു.

പെരുന്തേനരുവി

വെച്ചൂച്ചിറ പഞ്ചായത്തിലെ പെരുന്തേനരുവി വെള്ളച്ചാട്ടം അതിന്റെ പ്രകൃതി രമണീയത കൊണ്ട് വളരെയധികം സഞ്ചാരികളെ ഓരോ വർഷവും ആകർഷിക്കുന്നു.

കോന്നി ആനത്താവളം

കോന്നി ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായ ആനത്താവളവും ആന സവാരിയും വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നു. ആനപിടുത്ത കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്ന കോന്നി ആനക്കൂട് 1942-ൽ സ്ഥാപിതമായതാണ്.

മണ്ണീറ വെള്ളച്ചാട്ടം

തണ്ണിത്തോട് പഞ്ചായത്തിലാണ് മണ്ണീറ വെള്ളച്ചാട്ടം.

ചുട്ടിപ്പാറ

പത്തനംതിട്ടയുടെ വികാസ പരിണാമങ്ങൾക്ക് നിത്യസാക്ഷിയായി തലയെടുപ്പോടെ നിൽക്കുന്ന ചുട്ടിപ്പാറയ്ക്ക് വനവാസക്കാലത്ത് സീത ചേലവിരിച്ച പാറയാണെന്ന് ഐതീഹ്യമുണ്ട്. ഇവ കൂടാതെ ചരൽക്കുന്ന്, പൂച്ചക്കുളം വെള്ളച്ചാട്ടം, മല്ലപ്പള്ളി താലൂക്കിലെ കോട്ടാങ്ങൾ പഞ്ചായത്തിൽപ്പെട്ട നാഗപ്പാറ, മീൻമുട്ടി വെള്ളച്ചാട്ടം റാന്നി വനമേഖലയിൽപ്പെട്ട ഊട്ടുപാറ, തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ അരുവിക്കുഴി വെള്ളച്ചാട്ടം, കോന്നിയിലെ കാട്ടാത്തിപ്പാറ, എന്നിവയും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു.

പട്ടിക. 1.1

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ

ക്രമ നം	സ്ഥലം	ദൂരം (ജില്ലാ ആസ്ഥാനത്ത് നിന്നും) കി മീ	പ്രധാന ആകർഷണങ്ങൾ
1	ഗവി (സീതത്തോട് പഞ്ചായത്ത്)	98.6	വന ഹൃദയങ്ങളിലൂടെയുള്ള യാത്ര, ഗവി, ഡാം, ബോട്ടിംഗ്
2	അടവി(തണ്ണിത്തോട്)	20	ഇക്കോടൂറിസം, കുട്ടവഞ്ചിസവാരി, മുളങ്കുടിലുകൾ
3	പെരുന്തേനരുവി (വെച്ചൂച്ചിറ)	28.7	വെള്ളച്ചാട്ടം, ജലവൈദ്യുതപദ്ധതി
4	കോന്നി ആനത്താവളം	10	ആനക്കൂട്, ആനസവാരി, ആന മ്യൂസീയം
5	മണ്ണീറ (തണ്ണിത്തോട്)	21.4	വെള്ളച്ചാട്ടം,
6	ചുട്ടിപ്പാറ (പത്തനംതിട്ട)		നഗരക്കാഴ്ച

സാംസ്ക്കാരിക കേന്ദ്രങ്ങളും പൈതൃകങ്ങളും

കടമ്മനിട്ട പടേനി ഗ്രാമം (പഠന ഗവേഷണ ടൂറിസ്റ്റ് കേന്ദ്രം)

മധ്യ തിരുവിതാംകൂറിലെ ഫോക്ക്‌ലോർ ആർട്ടിന്റെ ഒരു പഠന ഗവേഷണ ടൂറിസ്റ്റ് കേന്ദ്രമാണ് കടമ്മനിട്ടയിലെ പടേനി ഗ്രാമം.

കണ്ണശ സ്മാരകം

ആറ് നൂറ്റാണ്ടുകൾക്ക് മുമ്പ് നിരണത്ത് ജീവിച്ചിരുന്ന കണ്ണശ മഹാകവികൾ മലയാള കാവ്യസംസ്ക്കാരത്തിനും കേരളീയ സാമൂഹ്യ ജീവിതത്തിനും നവോത്ഥാനത്തിന്റെ ആദ്യപാദ തുറന്ന് തന്ന പ്രതിഭാശാലികളാണ്. ഈ മഹാപ്രതിഭകളുടെ സ്മരണ നിലനിർത്തുക, അവരുടെ കാവ്യ സംസ്ക്കാരം പുതിയ തലമുറയ്ക്ക് കൈമാറുക, കണ്ണശ പഠന ഗവേഷണ ഗ്രന്ഥാലയം സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി 1981 ൽ കണ്ണശസ്മാരക സമിതി രൂപവത്ക്കരിച്ചു. ആഗസ്റ്റ് 30 നാണ് കണ്ണശദിനാചരണം.

മണ്ണടി സ്മാരകം

ധീരദേശാഭിമാനി വേലുത്തമ്പിദളവയുടെ വീരസ്മരണകൾ ഇരമ്പുന്ന മണ്ണാണ് മണ്ണടിയുടേത്. വേലുത്തമ്പി ജീവത്യാഗം ചെയ്ത കളരി എന്ന സ്ഥലം ഇന്നും സംരക്ഷിപ്പെടുന്നു. വേലുത്തമ്പിയുടെ പ്രതിമ, പാർക്ക്, കളരി, മ്യൂസിയം, ഓഡിറ്റോറിയം എന്നിവ ചേർന്നതാണ് സ്മാരകം.

മൂലൂർ സ്മാരകം

പത്രാധിപർ, സാഹിത്യകാരൻ, ശ്രീമൂലം പ്രജാസഭാ മെമ്പർ തുടങ്ങി നാനാതുറകളിൽ പ്രവർത്തിച്ച കർമ്മയോഗിയായിരുന്നു മൂലൂർ. മൂലൂരിന്റെ വിദ്യാഭ്യാസ പ്രവർത്തനം ശ്രദ്ധേയമാണ്. ദീർഘദൃഷ്ടിയായ പൊതു പ്രവർത്തകൻ എന്ന നിലയിൽ റോഡുകളും ചന്തകളും സ്ഥാപിച്ച് ജനതയുടെ സാമ്പത്തിക നില ഉയർത്താൻ മൂലൂർ ശ്രമിച്ചു. അഞ്ചലാഫീസുകൾ, വൈദ്യശാലകൾ, ലൈബ്രറികൾ എന്നിവ അദ്ദഹം സ്ഥാപിച്ചു. ക്ഷേത്ര പ്രവേശന വിളംബരത്തിനു മുമ്പു തന്നെ നാനാജാതി മതസ്ഥർക്ക് പ്രവേശനമനുവദിച്ച ആനന്ദഭൂതേശ്വരം ക്ഷേത്രം മൂലൂർ സ്ഥാപിച്ചതാണ്.

കൊടുമൺ ശക്തിഭദ്രാ സാംസ്കാരിക കേന്ദ്രം

കൊടുമൺ ശക്തിഭദ്ര സാംസ്കാരിക നിലയം കൊടുമണ്ണിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഡോ. കെ.പി. നായർ സൗജന്യമായി നൽകിയ കോയിക്കൽ പുരയിടത്തിലാണ് സ്മൃതി മണ്ഡപവും മഹാകവിയുടെ പ്രതിമസ്ഥാപിച്ചിരിക്കുന്നത്.

കടമ്മനിട്ട കാവ്യ ശിലപ് സമുച്ചയം

പത്തനംതിട്ട ജില്ലക്കാരനായ കവി കടമ്മനിട്ട രാമകൃഷ്ണന്റെ പ്രസിദ്ധങ്ങളായ കുറത്തി, കാട്ടാളൻ തുടങ്ങിയ കവിതകളുടെ ശില്പാവിഷ്ക്കാരമാണ് കടമ്മനിട്ട കാവ്യ ശില്പ സമുച്ചയം. ലോകത്ത് ഷേക്സ്പിയർ കൃതികൾക്കു മാത്രമാണ് ഇങ്ങനെ ശില്പാവിഷ്ക്കാരമുള്ളത്.

ചിറ്റേടത്ത് ശങ്കുപ്പിള്ള സ്മൃതി മണ്ഡപം

മഹാത്മജിയുടെ ശിഷ്യരിൽ പ്രമുഖനായി അയിത്തോച്ചാടനം ഹരിജനോദ്ധാരണം തുടങ്ങി സാമൂഹിക പരിഷ്കാരങ്ങൾക്ക് നേതൃത്വം നൽകിയ ചിറ്റേടത്ത് ശങ്കുപ്പിള്ളയുടെ സ്മാരകമായി അദ്ദേഹത്തിന്റെ ജന്മസ്ഥലമായ മേലുകരയിൽ സ്മൃതി മണ്ഡപം സ്ഥാപിച്ചു.

വാസ്തു വിദ്യാ ഗുരുകുലം – ആറന്മുള

വാസ്തു വിദ്യയെക്കുറിച്ച് കൃത്യമായ ഒരു അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും വാസ്തു വിദ്യ, ചുമർ ചിത്രകല എന്നിവയുടെ പ്രചാരണത്തിനുമായി സാംസ്ക്കാരിക വകുപ്പിന് കീഴിൽ 1993 നവംബർ 17–ാം തീയതി ആരംഭിച്ച കേരള സർക്കാർ സ്ഥാപനമാണ് ആറന്മുള വാസ്തു വിദ്യ ഗുരുകുലം.

ആറന്മുള കണ്ണാടി

അനുപമമായ കലാമികവ്, ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയാത്ത സാങ്കേതിക വിദ്യ എന്നിവ കൊണ്ട് ആറന്മുളയുടെ പെരുമ വാനോളം ഉയർത്തുന്നു. വ്രതശുദ്ധിയോടെ പരമ്പരാഗത രീതിയിൽ ലോഹക്കൂട്ടുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ആറന്മുള കണ്ണാടി, പത്തനംതിട്ട ജില്ലയുടെ സ്വകാര്യ അഭിമാനമാണ്.

വയൽ വാണിഭം

പ്രാദേശിക വിഭവങ്ങളുടെ കൈമാറ്റത്തിനുതകിയിരുന്ന ചന്തകളും, വാണിഭങ്ങളും കാർഷിക സംസ്കാരത്തിന്റേയും, ഗ്രാമ ജീവിതത്തിന്റെയും സജീവഘടകങ്ങളായിരുന്നു. തെള്ളിയൂർ വാണിഭവും, ഓമല്ലൂർ വയൽ വാണിഭവും പഴമയുടേയും പൈതൃകത്തിന്റെയും ഒളിമങ്ങാതെ നിലനിൽക്കുന്ന ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിന് പേരു കേട്ടതാണ്.

പറക്കോട് അനന്തരാമപുരം ചന്ത, അടൂർ ശ്രീമൂലം മാർക്കറ്റ്, റാന്നി ഇട്ടിയപ്പാറ, മല്ലപ്പള്ളി, കോന്നി, നാരായണപുരം, പന്തളം കുറുന്തോട്ടയം, പുറമറ്റം, ഇലവുംതിട്ട ശ്രീമൂലരാജഗോപാലവിലാസം ചന്ത തുടങ്ങിയ കച്ചവടകേന്ദ്രങ്ങൾ ഇന്നും സജീവങ്ങളാണ്.

പട്ടിക. 1.2

ജില്ല ഒറ്റനോട്ടത്തിൽ

ആകെ ജനസംഖ്യ	1197412
ആകെ പുരുഷൻമാർ	561716
ആകെ സ്ത്രീകൾ	635696
ആകെ കുടുംബങ്ങൾ	322684
പട്ടികജാതി ജനസംഖ്യ	164465
പട്ടികജാതി പുരുഷൻമാർ	78942
പട്ടികജാതി സ്ത്രീകൾ	85523
പട്ടികജാതി കുടുംബങ്ങൾ	41187
പട്ടികവർഗ്ഗ ജനസംഖ്യ	8108

പട്ടികവർഗ്ഗ പുരുഷൻമാർ	3947
പട്ടികവർഗ്ഗ സ്ത്രീകൾ	4161
പട്ടികവർഗ്ഗ കുടുംബങ്ങൾ	2303
കുട്ടികളുടെ (0-6)ജനസംഖ്യ	96837
ആകെ സ്ത്രീ പുരുഷ അനുപാതം	1132: 1000
കുട്ടികളിലെ (0-6)പെൺ ആൺ അനുപാതം	976 : 1000
സാക്ഷരതാ നിരക്ക്	96.55%
ജനസാന്ദ്രത	452/ച. കി.മി.

പട്ടിക.1.3

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനം	വാർഡുകളുടെ എണ്ണം	വിസ്തൃതി (ച.കി.മീ)	ജനസംഖ്യ						സാക്ഷരതാ നിരക്ക്	സ്ത്രീ പുരുഷാനുപാതം	നിയമസഭാ മണ്ഡലങ്ങൾ
			ആൺ	പെൺ	ആകെ	എസ്. സി	എസ്. ടി	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10	11	12
പുളിക്കീഴ് ബ്ലോക്ക്			40848	46854	87702	10402	176	77124	97.27	1147	
നിരണം	13	13.17	6319	7126	13445	1760	15	11670	96.08	1128	തിരുവല്ല
കടപ്ര	15	14.74	9575	11252	20827	2730	31	18066	97.02	1175	തിരുവല്ല
പെരിങ്ങര	15	16.5	9813	11271	21084	2139	35	18910	97.26	1149	തിരുവല്ല
കുറ്റൂർ	14	12.16	9170	10482	19652	2787	48	16817	97.80	1143	തിരുവല്ല
നെടുമ്പ്രം	13	8.49	5971	6723	12694	986	47	11661	98.12	1126	തിരുവല്ല
കുളനട ബ്ലോക്ക്			**30826**	**35949**	**66775**	**14471**	**146**	**52158**	**97.05**	**1166**	
മെഴുവേലി	13	14.44	6723	7812	14535	3332	31	11172	97.03	1162	ആറന്മുള
ആറന്മുള	18	24.04	13218	15477	28695	6926	72	21697	97.50	1171	ആറന്മുള
കുളനട	16	21.5	10885	12660	23545	4213	43	19289	96.51	1163	ആറന്മുള
മല്ലപ്പള്ളി ബ്ലോക്ക്			**55921**	**62282**	**118203**	**14128**	**526**	**103549**	**97.49**	**1114**	
കവിയൂർ	14	12.67	7778	9074	16852	2869	76	13907	98.27	1167	തിരുവല്ല
കുന്നന്താനം	15	15.57	9742	10831	20573	2857	58	17658	97.33	1112	തിരുവല്ല
കല്ലൂപ്പാറ	14	16.26	7954	8967	16921	1914	50	14957	97.82	1127	തിരുവല്ല
മല്ലപ്പള്ളി	14	20.01	8399	9313	17712	1600	178	15934	96.89	1109	തിരുവല്ല
ആനിക്കാട്	13	19.04	6982	7603	14585	1776	85	12724	97.57	1089	തിരുവല്ല
കോട്ടാങ്ങൽ	13	23.08	8206	8958	17164	1345	41	15778	97.18	1092	റാന്നി
കൊറ്റനാട്	13	17.01	6860	7536	14396	1767	38	12591	97.48	1099	റാന്നി
കോയിപ്രം ബ്ലോക്ക്			**56574**	**64157**	**120731**	**13552**	**420**	**106759**	**97.57**	**1134**	

ഇരവിപേരൂർ	17	18	11699	13473	25172	3866	119	21187	97.48	1152	ആറന്മുള
കോയിപ്രം	17	22.26	12231	14194	26425	3769	115	22541	97.31	1160	ആറന്മുള
തോട്ടപ്പുഴ ശ്ശേരി	13	15.87	6833	7636	14469	1255	34	13180	97.41	1118	ആറന്മുള
എഴുമറ്റൂർ	14	23.27	8945	9854	18799	1777	88	16934	97.89	1102	റാന്നി
പുറമറ്റം	13	16.66	6660	7409	14069	1811	23	12235	97.55	1112	തിരുവല്ല
അയിരൂർ	16	26.5	10206	11591	21797	1074	41	20682	97.86	1136	റാന്നി
റാന്നി ബ്ലോക്ക്			**79010**	**85453**	**164463**	**15705**	**4705**	**144053**	**96.61**	**1082**	
റാന്നി-പഴവ ങ്ങാടി	17	53.38	11686	12782	24468	1851	146	22471	97.24	1094	റാന്നി
വെച്ചൂച്ചിറ	15	51.88	10442	11185	21627	1603	436	19588	97.41	1071	റാന്നി
നാറാണംമുഴി	13	33.61	7499	7955	15454	1442	1703	12309	95.87	1061	റാന്നി
റാന്നി പെരു ന്നാട്	15	82.05	9969	10592	20561	2329	1182	17050	95.67	1062	റാന്നി
റാന്നി അങ്ങാ ടിക്കൽ	13	30.72	7079	7776	14855	810	33	14012	97.13	1098	റാന്നി
വടശ്ശേരിക്കര	15	89.509	10502	11253	21755	2655	182	18918	96.80	1072	റാന്നി
സീതത്തോട്	13	651.94	7672	8101	15773	1411	127	14235	95.52	1056	കോന്നി
റാന്നി	13	15.64	6394	7051	13445	1132	106	12207	97.28	1103	റാന്നി
ചിറ്റാർ	13	25.9	7767	8758	16525	2472	790	13263	96.31	1128	കോന്നി
ഇലന്തൂർ ബ്ലോക്ക്			**48719**	**55786**	**104505**	**14235**	**380**	**89890**	**96.94**	**1145**	
ചെറുകോൽ	13	15.85	5670	6499	12169	688	48	11433	97.02	1146	റാന്നി
മല്ലപ്പുഴശ്ശേരി	13	12.45	5503	6281	11784	2078	21	9685	96.89	1141	ആറന്മുള
ഇലന്തൂർ	13	15.09	7135	8209	15344	2560	58	12726	96.98	1151	ആറന്മുള
ചെന്നീർക്കര	14	21.56	8882	10242	19124	3632	25	15467	96.30	1153	ആറന്മുള
ഓമല്ലൂർ	14	14.54	8189	9422	17611	2411	45	15155	97.41	1151	ആറന്മുള
നാരങ്ങാനം	14	20.42	7746	8706	16452	1646	144	14662	97.42	1124	ആറന്മുള
കോഴഞ്ചേരി	13	11.4	5594	6427	12021	1220	39	10762	96.57	1149	ആറന്മുള
കോന്നി ബ്ലോക്ക്			**66024**	**75652**	**141676**	**18251**	**657**	**122768**	**95.82**	**1146**	
മൈലപ്രാ	13	10.38	4813	5445	10258	1202	18	9038	97.46	1131	കോന്നി
മലയാലപ്പുഴ	14	27.52	7982	9051	17033	2128	43	14862	96.08	1134	കോന്നി
വള്ളിക്കോട്	15	18.86	9242	11045	20287	3356	54	16877	96.34	1195	കോന്നി
കോന്നി	18	41.45	14096	16203	30299	3965	76	26258	94.91	1149	കോന്നി
തണ്ണിത്തോട്	13	43.5	6187	6825	13012	1348	65	11599	96.44	1103	കോന്നി
പ്രമാടം	19	37.1	14598	16653	31251	3729	195	27327	96.27	1141	കോന്നി
അരുവാപ്പുലം	15	277.7	9106	10430	19536	2523	206	16807	94.49	1145	കോന്നി

പന്തളം ബ്ലോക്ക്			**31290**	**36236**	**67526**	**13361**	**130**	**54035**	**96.66**	**1158**	
പന്തളം	33	19.39	19321	22273	41594	7678	89	33827	96.73	1153	അടൂർ
തുമ്പമൺ	13	7.84	3429	4137	7566	1713	4	5849	97.28	1206	അടൂർ
പന്തളം തെക്കേക്കര	14	19.42	8540	9826	18366	3970	37	14359	96.23	1151	അടൂർ
പറക്കോട് ബ്ലോക്ക്			**96202**	**110037**	**206239**	**38959**	**562**	**166718**	**94.90**	**1144**	
കൊടുമൺ	18	36.36	12762	14938	27700	7171	66	20463	95.28	1171	അടൂർ
ഏനാദി മംഗലം	15	30.77	9570	10883	20453	4228	50	16175	94.16	1137	കോന്നി
ഏഴംകുളം	20	20.55	15393	17249	32642	4852	81	27709	95.23	1121	അടൂർ
ഏറത്ത്	17	21.74	11626	13254	24880	4564	135	20181	94.92	1140	അടൂർ
പള്ളിയ്ക്കൽ	23	49	19514	22267	41781	8021	117	33643	94.09	1141	അടൂർ
കടമ്പനാട്	17	23.95	12548	14361	26909	5038	24	21847	95.01	1144	അടൂർ
കലഞ്ഞൂർ	20	66	14789	17085	31874	5085	89	26700	95.68	1155	കോന്നി
തിരുവല്ല (മുനി)	39	27.15	24817	28066	52883	4488	237	48158	97.64	1131	തിരുവല്ല
പത്തനംതിട്ട (മുനി)	32	23.5	17744	19794	37538	3292	131	34115	96.40	1116	ആറന്മുള
അടൂർ (മുനി)	28	20.42	13741	15430	29171	3621	38	25512	96.31	1123	അടൂർ
പത്തനംതിട്ട (ആകെ)			**561716**	**635696**	**1197412**	**164465**	**8108**	**1024839**	**96.55**	**1132**	

അവലംബം: ജനസംഖ്യ കണക്കെടുപ്പ് –2011

ജനസംഖ്യ

പത്തനംതിട്ട ജില്ലയുടെ ജനസംഖ്യ 2011 സെൻസസ് അനുസരിച്ച് 1197412 ആണ്. ഇതിൽ 561716 പുരുഷന്മാരും 635696 സ്ത്രീകളുമാണ്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 3.58% ആണ് ജില്ലയുടെ ജനസംഖ്യ. ജനസംഖ്യയുടെ വലിപ്പത്തെ സംബന്ധിച്ച് 12–ാം സ്ഥാനത്താണ് പത്തനംതിട്ട ജില്ല. സമീപ ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിൽ ഏറ്റവും കുറഞ്ഞ ജനസംഖ്യയാണുള്ളത്.

ചിത്രം.1.2

ജനസംഖ്യ- മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ





ജനസംഖ്യയുടെ കാലാനുസൃതമായ വ്യതിയാനം

1991 മുതൽ 2001 വരെ കാലയളവിൽ 45,684 ന്റെ വർദ്ധനയാണ് ജനസംഖ്യയിൽ ഉണ്ടായത്. എന്നാൽ കഴിഞ്ഞ ദശകത്തിൽ 36,604 ന്റെ കുറവാണ് ജനസംഖ്യയിൽ ഉണ്ടായിരിക്കുന്നത്. ഇത് ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാ നിരക്കിലുള്ള ശോഷണത്തെ സൂചിപ്പിക്കുന്നു.

താലൂക്കടിസ്ഥാനത്തിലുള്ള ജനസംഖ്യയുടെ വിതരണം





അടൂർ, തിരുവല്ല താലൂക്കുകളിലാണ് കൂടുതൽ ജനസംഖ്യയുള്ളത്.

വളർച്ചാ നിരക്ക്

സംസ്ഥാനത്ത് ജനസംഖ്യാ നിരക്ക് കൂടി വരുന്നുവെങ്കിലും മുൻദശകത്തെ അപേക്ഷിച്ച് ജനസംഖ്യാ വളർച്ചയിൽ മൊത്തത്തിൽ ശോഷണം സംഭവിച്ചിട്ടുണ്ട്. 2011 സെൻസസ് അനുസരിച്ച് പത്തനംതിട്ട ഇടുക്കി ജില്ലകളുടെ ജനസംഖ്യാ വളർച്ചാ നിരക്ക് നെഗറ്റീവാണ്. പത്തനംതിട്ട ജില്ലയുടെ ജനസംഖ്യാ വളർച്ചാ നിരക്ക് –3% ആണ്.

ജനസംഖ്യാ വളർച്ചാ നിരക്കിന്റെ ജില്ലാതലത്തിലുള്ള വിന്യാസം 2001 ലും 2011 ലും



പട്ടിക. 1.4

ജനസംഖ്യാ വളർച്ചയിലുള്ള ശോഷണം

State/District/Taluk	Population		Percentage of Decadal Growth 2001-2011
	2001	2011	
Kerala State	31841374	33406061	4.9
Pathanamthitta District	1234016	1197412	-3
Thiruvalla Taluk	234503	223503	-4.7
Mallappally Taluk	137064	134219	-2.1
Ranni Taluk	207782	198194	-4.6
Kozhenchery Taluk	350416	338560	-3.4
Adoor Taluk	304251	302936	-0.4

അവലംബം: ജനസംഖ്യ കണക്കെടുപ്പ് –2011, 2001

പ്രതീക്ഷിത ജനസംഖ്യ

2011 ലെ ജനസംഖ്യയുടെ വളർച്ചാ നിരക്കിനെ അടിസ്ഥാനമാക്കി 2016 മുതൽ 2021 വരെയുള്ള ജില്ലയുടെ പ്രതീക്ഷിത ജനസംഖ്യ ചുവടെ ചേർക്കുന്നു.

Name	Population Census Mid 2011	Mid 2016	Mid 2017	Mid 2018	Mid 2019	Mid 2020	Mid 2021
District Total	**1197665**	**1179027**	**1175608**	**1172212**	**1168840**	**1165491**	**1162164**

അവലംബം: സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

ചിത്രം. 1.3

ജില്ലയുടെ ജനസംഖ്യ 2016 – 2021



പ്രായഘടന

രാജ്യത്തെ ജനസംഖ്യ ഓരോവർഷവും കൂടിവരുന്നു. ലോകജനസംഖ്യയുടെ 17.85% ഇൻഡ്യയിലാണ്. 2030 ഓടെ ഇൻഡ്യയിലെ ജനസംഖ്യ 1.53 ബില്യൺ ആകുമെന്ന് കണക്കാക്കപ്പെടുന്നു. ഇൻഡ്യയുടെ ജനസംഖ്യ വളർച്ചാ നിരക്ക് 1.2% ആണ്. ഇൻഡ്യയിലെ ജനസംഖ്യയിൽ 50% ത്തോളം 0–25 ഗ്രൂപ്പിൽ ഉൾപ്പെടുന്നു. 65%–ൽ കൂടുതൽ 35 വയസ്സിൽ കുറഞ്ഞവരുമാണ്. ജനസംഖ്യ കൂടുമ്പോഴും കേരളജനതയുടെ 0–14 ഗ്രൂപ്പുകളുടെ ജനസംഖ്യ കുറഞ്ഞു വരികയാണ്. പത്തനംതിട്ട ജില്ലയും അതിൽ നിന്നും വ്യത്യസ്തമല്ല.

പട്ടിക. 1.5

കുട്ടികളുടെ എണ്ണം

0-6 yrs	Pathanamthitta	Kerla
2011	96837	3472955
2011 (Rural)	86181	1823664
2011 (Urban)	10656	1649291

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

ദശവർഷത്തിലുള്ള 0–6 ഗ്രൂപ്പിലെ കുട്ടികളുടെ ജനസംഖ്യയിലെ വളർച്ചാ നിരക്ക്

2001 — 2011

	പത്തനംതിട്ട	കേരളം
ആകെ	—23.76	— 8.44
ആൺ	—24.11	—8.62
പെൺ	—23.41	-8.26

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

ഈ ജില്ലയിലെ കുട്ടികളുടെ (0–6) ആകെ എണ്ണം 96837 ഉം ആണ്. ആൺ കുട്ടികൾ 49002 ഉം പെൺകുട്ടികൾ 47835 ഉം ആണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി കുട്ടികളുടെ ജനസംഖ്യയിൽ 23.76% കുറവുണ്ടായി.

കുടുംബങ്ങളിലെ അംഗങ്ങളുടെ എണ്ണം

വർഷം	ഇൻഡ്യ	കേരളം	പത്തനംതിട്ട
2001	5.3	4.7	4.2
2011	4.9	4.3	3.7

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

അണു കുടുംബങ്ങളെന്ന ആശയം സമൂഹത്തിൽ വേരുറച്ചതോടു കൂടി രാജ്യത്തെ കുടുംബാംഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ജില്ലയുടെ സ്ഥിതിയും മറ്റൊന്നല്ല. കൂടാതെ ജില്ലയിൽ നിന്നും ജോലി തേടിയും അല്ലാതെയും വിദേശത്തേയ്ക്കും മറ്റു സംസ്ഥാനങ്ങളിലേക്കും കുടിയേറുന്ന ആളുകളുടെ എണ്ണവും വളരെ കൂടുതലാണ്. ഇവ ജനസംഖ്യാ വളർച്ചാ നിരക്കിലുള്ള ശോഷണത്തിന് കാരണമാകുന്നതായി കണക്കാക്കാം.

സ്ത്രീ –പുരുഷ അനുപാതം

ഇൻഡ്യയുടെ ജനസംഖ്യയിൽ സ്ത്രീ–പുരുഷ അനുപാതത്തിൽ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറവാകുമ്പോഴും കേരളത്തിലും പുതുച്ചേരിയിലും മാത്രം സ്ത്രീകൾ കൂടുതലാണ്.

പട്ടിക. 1.6

സ്ത്രീ –പുരുഷ അനുപാതം – കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ

വർഷം	ഇൻഡ്യ	കേരളം	പത്തനംതിട്ട
1991	927	1036	1066
2001	933	1058	1094
2011	943	1084	1132

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

പട്ടിക. 1.7

സാക്ഷരതാ നിലവാരം

	പത്തനംതിട്ട	കേരളം	ഇന്ത്യ
2001	94.84%	90.86%	64.84%
2011	96.55%	94%	72.99%
2011 പുരുഷന്മാരുടെ സാക്ഷരതാനിരക്ക്	97.36%	96.11%	80.89%
2011 സ്ത്രീകളുടെ സാക്ഷരതാനിരക്ക്	95.83%	92.07%	64.64%
2001 പുരുഷന്മാരുടെ സാക്ഷരതാനിരക്ക്	96.41%	94.24%	75.26%
2001 സ്ത്രീകളുടെ സാക്ഷരതാനിരക്ക്	93.43%	87.72%	53.67%

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

പത്തനംതിട്ട ജില്ലയുടെ സാക്ഷരതാ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 2001 സെൻസസ് പ്രകാരം ഏറ്റവും സാക്ഷരതാ നിരക്ക് കൂടിയ താലൂക്ക് തിരുവല്ലയായിരുന്നു (96.69%). സ്ത്രീ സാക്ഷരതാ നിരക്കും ഇവിടെയാണ് കൂടുതൽ (96.35%). 2011 സെൻസസ് പ്രകാരം തിരുവല്ലാ താലൂക്ക് ഒന്നാം സ്ഥാനം നിലനിർത്തി. (97.47%). പുരുഷന്മാരുടെ സാക്ഷരത നിരക്ക് ഏറ്റവും കൂടുതൽ 97.92%. ഉം സ്ത്രീകളുടെ ഏറ്റവും കൂടിയ നിരക്ക് 97.08% ഉം ആണ്.

ചിത്രം.1.4

സാക്ഷരതാ നിരക്ക് ജില്ലകളിൽ



പട്ടിക. 1.8

2011 സാക്ഷരതാ നിരക്ക് – താലൂക്കുകളിൽ

Sl No.	Taluks	Population			Literate			Literacy rate		
		Total	Male	Female	Total	Male	Female	Total	Male	Female
1	Adoor	302936	141233	161703	265208	124448	140760	95.43	96.72	94.31
2	Kozhenchery	338560	157756	180804	300345	140146	160199	96.43	97.36	95.64
3	Mallappally	134219	63748	70471	120446	57042	63404	97.46	97.73	97.21
4	Ranni	198194	94773	103421	175742	84132	91610	96.78	97.44	96.17
5	Thiruvalla	223503	104206	119297	200812	93413	107399	97.47	97.92	97.08

അവലംബം: ജനസംഖ്യ കണക്കെടുപ്പ് –2011

സാമൂഹ്യസ്ഥിതി

വിവിധ മതവിഭാഗങ്ങളിൽ ഉൾപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ജില്ലയാണ് പത്തനംതിട്ട. 2011–ലെ സെൻസസ് അനുസരിച്ച് ജില്ലയുടെ ആകെ ജനസംഖ്യയുടെ 56.93% ഹിന്ദുക്കളും, 4.6% മുസ്ലീങ്ങളും, 38.12% ക്രിസ്ത്യാനികളും, 0.36% മറ്റുള്ള മതവിഭാഗങ്ങളിൽ ഉൾപ്പെട്ടവരുമാണ്. പട്ടികജാതിക്കാർ 13.74%, പട്ടികവർഗക്കാർ 0.68% ഉണ്ട്.

ചിത്രം.1.5

സാമൂഹ്യ സ്ഥിതി





പട്ടിക. 1.9

ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ

	SC Population	ST Population
1991	158033	6922
2001	162002	6549
2011	164465	8108

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

ജനസാന്ദ്രത

സംസ്ഥാനത്തെ ജില്ലകളുടെ ജനസാന്ദ്രത 2001 ലെയും 2011 ലെയും പട്ടികയിൽ നൽകിയിരിക്കുന്നു. സംസ്ഥാനത്തെ മൊത്തം ജനസാന്ദ്രത വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും പത്തനംതിട്ട ഇടുക്കി ജില്ലകളുടെ ജനസാന്ദ്രത കുറയുന്നു.

പട്ടിക. 1.10

ജനസാന്ദ്രത – കേരളം – പത്തനംതിട്ട

	1991	2001	2011
കേരളം	749	819	859
പത്തനംതിട്ട	450	467	452

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

ചിത്രം.1.6

ജനസാന്ദ്രത – കേരളം – പത്തനംതിട്ട



അവലംബം: ജനസംഖ്യ കണക്കെടുപ്പ്

പത്തനംതിട്ട ജില്ലയുടെ മൊത്തം ജനസാന്ദ്രത 1000 ചതുരശ്ര.കി. മീ 452 പേരാണ്. ഏറ്റവും കുറഞ്ഞ ജനസാന്ദ്രതയുള്ള ജില്ലകളിൽ മൂന്നാം സ്ഥാനത്താണ് പത്തനംതിട്ട.

പത്തനംതിട്ട ജില്ലയുടെ താലൂക്ക് തിരിച്ചുള്ള ജനസാന്ദ്രത

താലൂക്ക്	ജനസാന്ദ്രത
തിരുവല്ല	1626
മല്ലപ്പള്ളി	860
റാന്നി	186
കോഴഞ്ചേരി	1069
അടൂർ	989

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

സംസ്ഥാന അറ്റ ഉല്പാദനം (എഇഎസ്ഡിപി)

സ്ഥിരവിലയിൽ സംസ്ഥാന അറ്റ ആഭ്യന്തര ഉല്പാദനത്തിന്റെ ജില്ലാതലത്തിലുള്ള വിതരണം പരിശോധിച്ചാൽ എറണാകുളം ജില്ലയ്ക്കാണ് 2016-17 ൽ ഏറ്റവും ഉയർന്ന വരുമാനം (4954749ലക്ഷം രൂപ) ഉള്ളതെന്ന് കാണാം. ഏറ്റവും കുറവ് വയനാട് ജില്ലയ്ക്കാണ് (715458 ലക്ഷം രൂപ). 2016-17 ൽ പത്തനംതിട്ട ജില്ലയുടെ സംസ്ഥാന അറ്റ ആഭ്യന്തര ഉല്പാദനം 1105806 ലക്ഷം രൂപയാണ്. ഇത് സംസ്ഥാനത്തിന്റെ 2.88 % ആണ്.

പ്രതിശീർഷ വരുമാനം

2015-16-ൽ 87,710 രൂപയായിരുന്ന പത്തനംതിട്ട ജില്ലയുടെ പ്രതിശീർഷ വരുമാനം 2016-17 ൽ 93,892 രൂപയായി ഉയർന്നു. ഇതിന്റെ വാർഷിക വളർച്ച 7.05% ആണ്. സംസ്ഥാന ശരാശരിയായ 111947 രൂപയെക്കാൾ കുറവാണ് പത്തനംതിട്ട ജില്ലയുടെ പ്രതിശീർഷ വരുമാനം.

കുടിയേറ്റം

2001-2011 സെൻസസ് അനുസരിച്ച് ജില്ലയിലെ മൊത്തം കുടുംബങ്ങളുടെ താലൂക്കുതല വിതരണ ശതമാനം പരിശോധിച്ചാൽ അടൂർ, തിരുവല്ല താലൂക്കുകളിൽ കുടുംബങ്ങളുടെ എണ്ണത്തിൽ ഒരു ശതമാനത്തിന്റെ കുറവു ഉണ്ടാകുകയും റാന്നി താലൂക്കിൽ 2 ശതമാനം വർദ്ധനയുണ്ടാകുകയും ചെയ്തു. ഗ്രാമങ്ങളിൽ നിന്നും പട്ടണ പ്രദേശങ്ങളിലേക്കും തിരിച്ചുമുള്ള കുടിയേറ്റത്തെ കുറിച്ചും ജില്ലയ്ക്കു പുറത്തുള്ള സ്ഥലങ്ങളിൽ നിന്നു കുടിയേറിയവരെക്കുറിച്ചും വിശദമായ പഠനങ്ങൾ നടന്നിട്ടില്ല.

താലൂക്ക്	കുടുംബങ്ങളുടെ എണ്ണം			
	2011		2001	
	എണ്ണം	%	എണ്ണം	%
കോഴഞ്ചേരി	91639	29	83190	29
മല്ലപ്പള്ളി	35301	11	31919	11
തിരുവല്ല	59069	18	53152	19
റാന്നി	52941	17	41217	15
അടൂർ	81018	25	73370	26

അവലംബം: ജനസംഖ്യ കണക്കെടുപ്പ്

പത്തനംതിട്ട ജില്ലയിൽ നിന്നും മറ്റു രാജ്യങ്ങളിലേക്ക് പോയവർ ആകെ 98354 ആണ്. ഇതിൽ 80% ആളുകൾ ഗൾഫ് രാജ്യങ്ങളിലേക്ക് പോയവർ ആണ്. അതായത് 78732 പേർ. അമേരിക്കൻ ഐക്യനാടുകളിലേക്ക് പോയവർ 9% ആണ് അതായത് 9178 പേർ. യൂറോപ്യൻ രാജ്യങ്ങളിലേക്ക് പോയവരുടെ എണ്ണം 4738 ആണ്. അവർ ഏകദേശം 5% ആളുകളാണ്. കാനഡയിലേക്ക് പോയവർ 1106

(1%)പേരും ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് പോയവർ 674 പേരും (0.7%). മറ്റു രാജ്യങ്ങളിലേക്ക് 3926 പേരും (4%) പോയിട്ടുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.1.11

പ്രവാസികളുടെ വിവരങ്ങൾ

പ്രവാസികൾ ഉള്ള വീടുകൾ	ജോലി ഉള്ളവർ	കൂടെ താമസിക്കുന്നവർ	ആകെ പ്രവാസികൾ
60185	77802	20552	98354

രാജ്യം തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Country	Number	Country	Number	Country	Number
USA	9178				
Canada	1106	Nigeria	90	UAE	30095
UK	4033	Libiya	120	Kuwait	11669
Germany	259	Saudi Arabia	18701	Oman	6762
Qatar	6150	Baharin	5208	Iraq	68
Iran	79	Singapore	826	Malasia	198
Other Asian Countries	1049	Newzealand	199	Austrlia	1253
Other countries	401	Other European countries	446	Other African countries	464

അവലംബം: 2013 ൽ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി സെൻസസ്

2013 ലെ കുടിയേറ്റക്കാരും തിരിച്ചു വന്നവരും നേരിടുന്ന വിവിധ പ്രശ്നങ്ങളേക്കുറിച്ച് നടന്ന പഠന റിപ്പോർട്ട് പ്രകാരം പത്തനംതിട്ട ജില്ലയിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് കുടിയേറിയവർ 33,223 ആണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ജില്ലയിലേക്ക് തിരിച്ചു വന്നവർ 2555 ആണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ജില്ലയിലേക്ക് കുടിയേറിയവർ 538 പേരാണ്.

നിർമ്മാണ മേഖലയിൽ തൊഴിലാളികളുടെ കുടിയേറ്റം കേരളത്തിൽ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട ജില്ലയിലാണ്.

പത്തനംതിട്ട – 35% എറണാകുളം – 27.7% ഇടുക്കി – 23.07%

തൊഴിൽ അന്വേഷകർ

തൊഴിൽ അന്വേഷകരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിൽ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും വ്യവസായിക സംരംഭങ്ങൾ വളരെ കുറവാണ്. ജില്ലയിലെ എൻജിനീയറിംഗ് കോളേജിൽ നിന്ന് നിരവധി വിദ്യാർത്ഥികൾ ഓരോ വർഷവും പഠിച്ചിറങ്ങുന്നുവെങ്കിലും ഈ ജില്ലയിൽ അവർക്ക് തൊഴിൽ നേടുവാൻ സാധിക്കാത്തതുമൂലം തൊഴിൽ അന്വേഷിച്ച് മറ്റു ജില്ലകളിലേക്കും, സംസ്ഥാനങ്ങളിലേക്കും പോകേണ്ടതായി വരുന്നു. വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട തൊഴിൽ സ്ഥാപനങ്ങൾ നമ്മുടെ ജില്ലയിൽ ആരംഭിക്കേണ്ടത് വളരെ അനിവാര്യമാണ്.

പട്ടിക. 1.12
തൊഴിൽ അന്വേഷകരുടെ പട്ടിക
തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്തവരുടെ പട്ടിക – പത്തനംതിട്ട ജില്ല

	As on March 2016			As on March 2017		
Category	Male	Female	Total	Male	Female	Total
General	37782	61996	99778	36596	61661	98257
SC	14048	19014	33062	14415	19439	33854
ST	416	446	862	429	488	917
Total	**52246**	**81456**	**133702**	**51440**	**81588**	**133028**

Source: District Employment Office Pathanamthitta

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് സമുദ്രനിരപ്പിൽ നിന്നു 7.5 മീ. വരെ ഉയരമുള്ള പ്രദേശങ്ങളെ താഴ്ന്ന പ്രദേശങ്ങളായും, 7.5 മീ. മുതൽ 75 മീ. വരെ ഉയരമുള്ള പ്രദേശങ്ങളെ ഇടനാടായും 75 മീ. കൂടുതൽ ഉയരുമുള്ള പ്രദേശങ്ങളെ ഉയർന്ന പ്രദേശങ്ങളായും തിരിച്ചിരിക്കുന്നു. ഈ തരം തിരിവനുസരിച്ച് 3 തരം പ്രദേശങ്ങളും പത്തനംതിട്ട ജില്ലയിൽ കാണപ്പെടുന്നു. പ്രകൃത്യാ ഭൂമിയുടെ ചരിവ് കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. ഏറ്റവും കുറഞ്ഞ ഉയരമായ 4 മീ.പ്രദേശങ്ങൾ തിരുവല്ല താലൂക്കിലും, ഉയരം കൂടിയ പ്രദേശങ്ങളായ ദേവർമല(1922 മീ.), കക്കിയാർമല(1226 മീ.), പമ്പാമല(1779 മീ.) എന്നിവ റാന്നിതാലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിലും സ്ഥിതിചെയ്യുന്നു.

സമതലങ്ങൾ, താഴ്വാരങ്ങൾ, എന്നിവ തിരുവല്ല താലൂക്കിന്റെ പടിഞ്ഞാറ് പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. ഉയർന്ന ഇടത്തരം പ്രദേശങ്ങളും, ഇടനാടും, തിരുവല്ല താലൂക്കിലൊഴിച്ച് ജില്ലയിലെ എല്ലാ താലൂക്കുകളിലുമായി വ്യാപിച്ചു കിടക്കുന്നു. ഇടത്തരം ഉയർന്ന പ്രദേശങ്ങൾ മല്ലപ്പള്ളി താലൂക്കിന്റെ ചില ഭാഗങ്ങളിലും മറ്റു താലൂക്കുകളായ റാന്നി, കോഴഞ്ചേരി, അടൂർ എന്നിവിടങ്ങളിൽ വ്യാപകമായും സ്ഥിതി ചെയ്യുന്നു. ഉയർന്ന പ്രദേശങ്ങൾ ജില്ലയുടെ കിഴക്ക് പശ്ചിമഘട്ട മലനിരകൾ മുതൽ ഏതാണ്ട് മധ്യഭാഗം ഇടനാട് വരെ വ്യാപിച്ചു കിടക്കുന്നു. സമതല പ്രദേശങ്ങൾ നിരപ്പാർന്നതോ, അതിലും താഴ്ന്ന ഭാഗങ്ങളോ, ആയവ നിമ്നോന്നത സ്ഥിതിയോടുകൂടിയതും, ഉയർന്ന പ്രദേശങ്ങൾ ജില്ലയുടെ വടക്കുകിഴക്കു ഭാഗങ്ങളിലുമായി കൂടുതൽ നിമ്നോന്നത സ്ഥിതിയോടുകൂടി സ്ഥിതിചെയ്യുന്നു.

പത്തനംതിട്ട ജില്ലയുടെ ആകെയുള്ള പരപ്പളവ് അടിസ്ഥാനമാക്കി 6 താലൂക്കുകളായി തിരിച്ചിരിക്കുന്നു. താലൂക്കുകളിലെ ഗ്രാമ പ്രദേശത്തോടുചേർന്ന് വനപ്രദേശങ്ങളും സ്ഥിതിചെയ്യുന്നു.

പട്ടിക. 1.13
പ്രകൃത്യാലുള്ള ഭൂപ്രദേശത്തിന്റെ വിവരം

ക്രമ നം	**താലൂക്ക്**	**ആകെവി: (ച.കി.മി)**	**സമതലപ്രദേശം (ച.കി.മി)**	**ഇടനാട് (ച.കി.മി)**	**ഉയർന്ന പ്രദേശം (ച.കി.മി)**
1	തിരുവല്ല	182.2	48.9	133.3	ഇല്ല
2	മല്ലപ്പള്ളി	138.6		138.6	
3.	റാന്നി	281.19		62.81	218.28
4	കോഴഞ്ചേരി	347.0		197.81	149.16
5	അടൂർ	271.5		184.55	86.97
6	വനപ്രദേശം	1396.95	.....	.....	1396.95

അവലംബം: ലാന്റ് യൂസ് ബോർഡ്

പത്തനംതിട്ട ജില്ലയിലെ പ്രധാന ഭൂരൂപവ്യവസ്ഥകൾ

പത്തനംതിട്ട ജില്ലയിൽ ഉൾപ്പെട്ടുവരുന്ന ഭൂരൂപ വ്യവസ്ഥാതരങ്ങളെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നാലായി വർഗ്ഗീകരിക്കാം. വിവിധതരം വർഗ്ഗങ്ങളും അതാതിന്റെ സ്ഥലവ്യാപ്തിയുടെ ശതമാനവും ചുവടെ ചേർക്കുന്നു.

ഭൂരൂപവ്യവസ്ഥാ തരം ഏകകം	വിവരണം	വിസ്തീർണ്ണം (%)
1	താണ പരിക്രമണാത്മക ഭൂരൂപവ്യവസ്ഥ, പരിവർത്തനാത്മക സമതലം, പ്രളയതോത് ഭൂതസമതലം	17
2	മിതമായ ഏറ്റക്കുറച്ചിലോടുകൂടിയ ഭൂരൂപവ്യവസ്ഥ	18
3	വർദ്ധിത ഏറ്റക്കുറച്ചിലോടുകൂടിയ ഭൂരൂപവ്യവസ്ഥ	17
4	കുന്നുകൾ, മലനിരകൾ, ചരിവുകൾ	48

വിവിധ ഭൂരൂപ വ്യവസ്ഥാതര ഏകകങ്ങളുടെ സംക്ഷിപ്തി വിവരണം താഴെ പറയും പ്രകാരമാണ്.

താണ പരിക്രമണാത്മക ഭൂരൂപവ്യവസ്ഥ

ജില്ലയുടെ വടക്ക് പടിഞ്ഞാറൻ ഭാഗത്തായി കാണപ്പെടുന്ന പരിവർത്തനാത്മക സമതലം, പ്രളയതോത് ഭൂതസമതലങ്ങളും ഒറ്റപ്പെട്ട മൂന്നു കുന്നുകളും ഈ തരം ഭൂരൂപവ്യവസ്ഥയിലും ഉൾപ്പെട്ടുവരുന്നു. 15% ൽ താഴെ ചരിവോട് കൂടിയതും താഴ്വരയായും ഉയർന്ന ഭാഗമായും വർത്തിക്കുന്നു.

മിതമായഏറ്റക്കുറച്ചിലോടു കൂടിയ ഭൂരൂപവ്യവസ്ഥ

ഒറ്റപ്പെട്ട പ്രളയോത്ഭൂത സമതലങ്ങളും 5 കുന്നുകളും ഈ രൂപവ്യവസ്ഥയിൽ ഉൾപ്പെട്ടുവരുന്നു. പ്രളയോത്ഭൂത സമതലങ്ങൾ താരതമ്യേന വീതി കുറഞ്ഞ് ചെങ്കുത്തായ ചരിവുകളുള്ള വശങ്ങളോട് കൂടിയതാണ്. 15% ലും 25% നും ഇടയ്ക്ക് ചരിവ് ഈ രൂപ വ്യവസ്ഥയിലുള്ള പ്രദേശങ്ങൾക്കുണ്ട്.

വർദ്ധിത ഏറ്റക്കുറച്ചിലോടു കൂടിയ ഭൂരൂപവ്യവസ്ഥ

ഈ വിഭാഗത്തിൽ പ്രദേശങ്ങളുടെ ശരാശരി ചരിവ് 25 ശതമാനത്തിലേറെയാണ്. ചില പ്രദേശങ്ങളിൽ 100% വരെയും വരാം. ഈ കാരണം കൊണ്ടുതന്നെ ഈ വിഭാഗത്തിൽ വരുന്ന സ്ഥലങ്ങളിൽ രൂക്ഷമായ മണ്ണൊലിപ്പിനുള്ള സാദ്ധ്യതകൾ ഏറെയാണ്.

കുന്നുകളും മലനിരകളും

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ ഈ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നു. വളരെ ആഴമുള്ള ഗർത്തങ്ങളും കുത്തനെയുള്ള ചരിവുകളും ഈ വിഭാഗത്തിന്റെ പ്രത്യേകതയാണ്. പശ്ചിമഘട്ട മലനിരകളിൽ ഉൾപ്പെട്ടുകിടക്കുന്നതും രൂക്ഷമായ മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതുമായ ഭൂപ്രദേശങ്ങളാണ് ഇത്.

കാലാവസ്ഥ

സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലുള്ള കാലാവസ്ഥ അതായത് അന്തരീക്ഷ ഈർപ്പം കൂടിയ ഉഷ്ണമേഖല കാലാവസ്ഥ ഈ ജില്ലയിലും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലം വരണ്ട കാലാവസ്ഥയായും മാർച്ച് മുതൽ മെയ് വരെയുള്ള കാലം ഉഷ്ണകാലമായും ജൂൺ മുതൽ സെപ്തംബർവരെയുള്ള കാലം തെക്കുപടിഞ്ഞാറൻ കാലവർഷക്കാലമായും ഒക്ടോബർ നവംബർ മാസങ്ങൾ വടക്കുകിഴക്കൻ കാലവർഷമായും അനുഭവപ്പെടുന്നു. മഴ പ്രധാനമായും ഇടവപ്പാതിയിലും തുലാവർഷത്തിലുമായി ലഭിക്കുന്നു. മഴയുടെ ഏകദേശം 60 ശതമാനം ഇടവപ്പാതിയിലൂടെയും 30 ശതമാനം തുലാവർഷത്തിലും 10ശതമാനം വേനൽ മഴയായും ലഭിക്കുന്നു.

ജല ലഭ്യത

പമ്പ, അച്ചൻകോവിൽ, മണിമല എന്നി നദീ വ്യവസ്ഥകൾ ഭാഗികമായി ഈ ജില്ലയിലൂടെയും കല്ലടയാർ ഏകദേശം 10 കിലോമീറ്റർ നീളം ഈ ജില്ലയുടെ അതിർത്തിയിലൂടെയും ഒഴുകുന്നു. ജില്ലയിലെ നീർവാർച്ചാ സമ്പ്രദായം അന്യത്ര ചേർത്തിരിക്കുന്നു.

പമ്പാനദി

പമ്പാനദി കേരളത്തിലെ ഏറ്റവും നീളമുള്ള നദികളിൽ മൂന്നാമത്തേതാണ്. ഈ നദി പമ്പയാർ, അഴുതയാർ, കക്കാട്ടാർ, കല്ലാർ എന്നീ ചെറുനദികൾ സംയോജിച്ച് രൂപപ്പെട്ടിരിക്കുന്നു. പെരുന്തേരുവിയിൽവച്ച് 7.6 മീറ്റർ പൊക്കത്തിൽ നിന്നും പമ്പ കുത്തനെ കീഴോട്ടുപതിക്കുന്നു പിന്നീട് സമതലപ്രദേശത്തുകൂടിയാണ് ഇതിന്റെ പ്രവാഹം. ജില്ലയിൽ 1538 ച.കി.മീ ജലനിർഗ്ഗമനം ഇതുവഴി സാധ്യമാകുന്നു.

അച്ചൻകോവിലാർ

പശുക്കിടാമേട്, രാമക്കൽതേരി, ഋഷിമല എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിയ്ക്കുന്ന ചെറുപുഴകൾ യോജിച്ചാണ് അച്ചൻകോവിലാർ രൂപം കൊള്ളുന്നത്. ഏകദേശം 112 കി.മീ.ഒഴുകി ആലപ്പുഴ ജില്ലയിലെ വീയപുരത്തുവച്ച് അച്ചൻകോവിലാറ് പമ്പാനദിയിൽ ലയിക്കുന്നു. ഈ നദിയുടെ ഉപരിതല വാർഷിക ജല ഉത്പാദനം 2287 ദശലക്ഷം ഘനമീറ്ററും നദിയുടെ മൊത്തം നീളം 128 കി.മീറ്ററും ആണ്.

കേരളത്തിലെ മറ്റു നദികളെപ്പോലെതന്നെ അച്ചൻകോവിലാറും മണൽ വാരൽ, ആറ്റിനുള്ളിലെ കൃഷി, നഞ്ചിടീൽ തുടങ്ങിയ ചൂഷണങ്ങളാൽ പ്രതിസന്ധിയിലാണ്.

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 14 ബ്ലോക്കുകളിൽപെടുന്നതും 50 വില്ലേജുകളിൽ ഉൾപ്പെടുന്നതുമായ 56 പഞ്ചായത്തുകളിലെ 1340.4 ചതുരശ്ര കി.മീ സ്ഥലത്തെ നീർവാഴ്ച ഈ നദീ വ്യവസ്ഥമൂലം സംഭവിക്കുന്നു. ഇതിൽ ഈ ജില്ലയിലെ വിസ്തീർണ്ണം 728.5 ചതുരശ്ര കി.മീ.ആണ്.

മണിമലയാറ്

ഈ നദി സമുദ്രനിരപ്പിൽ നിന്നും 1154 മീ.ഉയരത്തിൽ പീരുമേടിനടുത്ത് കോലാഹലമേട്ടിൽ നിന്നും ഉത്ഭവിയ്ക്കുന്നു. തെക്കുപടിഞ്ഞാറോട്ടൊഴുകി നീരേറ്റുപുറത്തുവച്ച് പമ്പാനദിയുമായി ഒന്നിക്കുന്നു. ആരംഭ സ്ഥാനത്ത് പുല്ലുകയാർ എന്നും അറിയപ്പെടുന്നു. ഈ നദിയുടെ ഉപരിതല വാർഷിക ജല ഉത്പാദനം 1828 ദശലക്ഷം ഘന.മീ. മണിമലയാറിന്റെ മൊത്തം നീളം 90 കി.മീ. ജില്ലയിലൂടെ നദിയുടെ ഒഴുക്ക് 46 കി.മീ.ആണ്.

കല്ലടയാറ്

കുളത്തൂപ്പുഴ, ചെന്തൂർണ്ണിനി, കൽതുരുത്തി എന്നീ ആറുകൾ ചേർന്ന് രൂപം കൊണ്ട കല്ലടയാർ ഏകദേശം 10 കി.മീ.റ്ററോളം ദൂരം പത്തനംതിട്ട കൊല്ലം ജില്ലകളുടെ അതിർത്തിയിലൂടെ കടന്നുപോകുന്നു. അഷ്ടമുടികായലിൽ പതിക്കുന്ന ഈ നദി 1618.85 ച.കി.മീ. പ്രദേശം നീർവാഴ്ച നടത്തുന്നുണ്ടെങ്കിലും ജില്ലയിലെ 170 കി.മീ സ്ഥലം മാത്രമേ ഇതിൽ ഉൾപ്പെടുന്നുള്ളു.

നദികളോടൊപ്പം ജില്ലയിലൂടെ ഒഴുകുന്ന അവയുടെ പോഷക നദികളും നീർച്ചാലുകളും നീർവാർച്ചയെ ത്വരിതപ്പെടുത്തുന്നു.

നദീതടങ്ങളിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങൾ താഴെപ്പറയുന്ന പ്രശ്നങ്ങൾ നേരിടുന്നു.

1. ഉയർന്ന പ്രദേശങ്ങൾ, ഇടനാട് പ്രദേശങ്ങളിലെ രൂക്ഷമായ മണ്ണൊലിപ്പ് നീർച്ചാലുകളിലൂടെയുള്ള കുത്തൊഴുക്കു മൂലമുണ്ടാകുന്ന കരയിടിച്ചിലും ആഴം കൂടലും കൃഷി വനഭൂമിയിലൂടെയുള്ള പുതിയ നീർച്ചാലുകളുടെ ആവിർഭാവവും.
2. ഉയർന്ന പ്രദേശങ്ങളിലെ മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ സാധ്യത
3. മലനാട്ടിൽ വനപ്രദേശങ്ങൾ നേരിടുന്ന അധപതനം
4. ഇടനാട്ടിലും താഴ്ന്ന പ്രദേശങ്ങളിലും, നദിയുടെയും പോഷകനദികളുടെയും തോടുകളുടെയും തീരങ്ങൾ നേരിടുന്ന കരയിടിച്ചിൽ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ
5. വർഷം തോറും ജില്ലയിലെ അരുവികളും കുളങ്ങളും വരളുകയും അപ്രത്യക്ഷമാവുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

വരട്ടാർ

പത്തനംതിട്ട ജില്ലയിലെ പടിഞ്ഞാറൻ പ്രദേശത്ത് ജല സമൃദ്ധിയോടെ ഒഴുകിയിരുന്ന പമ്പയുടെ കൈവഴിയായിരുന്നു വരട്ടാർ അഥവാ ആദിപമ്പ. ജില്ലയിൽ പുതുകുളങ്ങരയിൽ പമ്പയിലെ നീരൊഴുക്കിൽ നിന്ന് രൂപം കൊണ്ട് ആലപ്പുഴ ജില്ലയിലെ വനവാതുക്കര എന്ന സ്ഥലത്ത് മണിമലയാറുമായി ചേരുന്ന വരട്ടാർ കേരളത്തിലെ നദികളുടെ പട്ടികയിൽ സ്ഥാനം പിടിക്കാതെ പോയിരുന്നു.

പാരിസ്ഥിതിക കൈയ്യേറ്റങ്ങളുടെ അതിപ്രസരം നിമിത്തം അന്ത്യശ്വാസം വലിച്ച വരട്ടാറിനെ വലിയ ജനകീയ പങ്കാളിത്തത്തോടെ പുതുജീവൻ നല്കി അടുത്ത കാലത്ത് വീണ്ടെടുത്തു. ജില്ലയിലെ എന്നുമാത്രമല്ല സംസ്ഥാനത്തെ തന്നെ അടുത്ത കാലത്തുണ്ടായ ഏറ്റവും വലിയ പൊതുജനപങ്കാളിത്ത പദ്ധതിയായിരുന്നു വരട്ടാർ പുനരുദ്ധാരണം.

കുളങ്ങൾ

മഴക്കാലത്തു ലഭിക്കുന്ന ജലം ഉറവകൾ വഴി കുളങ്ങളിൽ സംരക്ഷിച്ചാൽ ജലദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുന്ന കുളങ്ങൾ ജലസമ്പത്തായി നിലനിൽക്കുന്നു. കുളങ്ങളുടെ സംരക്ഷണം അതീവ ശ്രദ്ധകൊടുക്കേണ്ട വിഷയമാണ്. ജലസമൃദ്ധമായ കുളങ്ങൾ സമീപ പ്രദേശങ്ങളിലെ കിണറുകൾക്ക് ജലലഭ്യത ഒരു പരിധിവരെ ഉറപ്പ് വരുത്തുന്നതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വനം

പത്തനംതിട്ട ജില്ലയിലെ ആകെ വനം വിസ്തൃതി 1396.95. ച. കി.മീ. ആണ്. ഇത് റാന്നി– കോന്നി വനം ഡിവിഷനുകളിലായി വ്യാപിച്ചു കിടക്കുന്നു. ആകെ വനം വിസ്തൃതിയുടെ 80.37% റിസർവ് വനമാണ്. 0.33% നിക്ഷിപ്ത വനഭൂമിയും 0.52% പ്രൊപ്പോസ്ഡ് വനഭൂമിയുമാണ്. വനനശീകരണം ഏറ്റവും കുറഞ്ഞ ജില്ലയാണ് പത്തനംതിട്ട. കൂടാതെ രാജ്യത്തെ ശുദ്ധ വായു ലഭിക്കുന്ന രണ്ടാമത്തെ നഗരമാണ് പത്തനംതിട്ട.

വികസന ചരിത്രം

വനമേഖലയാൽ ഹരിതാഭമായതും അതിനാൽ രാജ്യത്തെ ഏറ്റവും വായുമലിനീകരണം കുറഞ്ഞതുമായ ജില്ലയാണ് പത്തനംതിട്ട. നദിയുടെ തിട്ടയിൽ (കരയിൽ) നിരനിരയായി പത്തനങ്ങൾ (ഭവനങ്ങൾ) ഉണ്ടായിരുന്നു എന്നും അതു മൂലമാണ് പത്തനംതിട്ട എന്നപേര് വന്നതെന്നും, വിവിധ ജാതിയിൽപ്പെട്ട 10 ജനവിഭാഗങ്ങൾ താമസിച്ചിരുന്ന നാട് ആയതിനാലാണ് ഈ പേര് കൈവന്നതെന്നും അച്ചൻകോവിലാറിന്റെയും പെരുന്തേനരുവിയുടെയും ഇടക്കുള്ള തിട്ട ആയതിനാൽ പത്തനംതിട്ട എന്ന പേര് വന്നതെന്നും പറയപ്പെടുന്നു.

ബി.സി. 400 വരെയുള്ള കാലഘട്ടം പരിശോധിച്ചാൽ അന്നത്തെ രാജ്യങ്ങളായ അഹിഭൂമി, കുമരിക്കോട്, പുളരിരാജ്യം, ഇളമുരിക, തെന്മലദേശം നിലയ്ക്കൽദേശം, ഏഴിനാട്, മങ്ങാട്ട് നാട് തുടങ്ങിയ നാടുകളിൽ ദ്രാവിഡ സംസ്കാരത്തിന്റെ ആചാരബന്ധങ്ങൾ കാണാം (കേരളമുസ്ലീംചരിത്രം– പി.എ. സെയ്തുമുഹമ്മദ്). കുരുമുളക്, അടയ്ക്ക, ചുക്ക്, ഏലം, കുന്തിരിക്കം മുതലായ വിഭവങ്ങളുടെ വൻതോതിലുള്ള വാണിജ്യ കേന്ദ്രമായിരുന്നു നിലയ്ക്കൽ എന്നു ചരിത്രകാരന്മാർ പറയുന്നു.

ശബരിമല, നിലയ്ക്കൽ, തുലാപ്പള്ളി മുതലായ ഗോത്ര സങ്കേതങ്ങൾ സമ്പൽസമൃദ്ധിയിൽ കഴിഞ്ഞിരുന്നു. അവിടങ്ങളിൽ കാണുന്ന ക്ഷേത്രങ്ങളും കുളങ്ങളും കിണറുകളും പ്രാചീന ജനഅധിവാസ കേന്ദ്രങ്ങളുടെ തനിമ വിളിച്ചറിയിക്കുന്നവയാണ്. ഇടക്കുന്നം, ആലുവാങ്കുടി, മൺപിലാവ് ക്ഷേത്രങ്ങളും പ്രാചീന ഗോത്രസംസ്കാരത്തിന്റെ തെളിവുകളാണ്.

ചരിത്രപരമായി പത്തനംതിട്ട പ്രധാനമായും പന്തളം, ചെന്നീർക്കര, കായംകുളം, ഇടപ്പള്ളി, അറുകാലിക്കൽ എന്നീ നാട്ടു രാജ്യങ്ങളുടെ ഭാഗമായിരുന്നു. കൊല്ലവർഷം 79-ൽ പാണ്ഡ്യരാജാക്കന്മാരിൽ ഒരു വിഭാഗം വേണാട് രാജാക്കൻമാരുടെ സഹകരണത്തോടെ പന്തളം രാജ്യത്തിന്റെ അധികാരം ഏറ്റെടുത്തു. പന്തളം മുതൽ കിഴക്കോട്ട് കോന്നി, റാന്നി പ്രദേശങ്ങൾ അവരുടെ അധീനതയിലായിരുന്നു. മല്ലപ്പള്ളി, കല്ലൂപ്പാറ പ്രദേശങ്ങൾ ഇടപ്പള്ളി രാജാക്കന്മാരുടെയും, ചെന്നീർക്കര, കൊടുമൺ പ്രദേശങ്ങൾ ചെന്നീർക്കര സ്വരൂപത്തിലും, കുന്നന്താനം പ്രദേശം തെക്കുംകൂർ രാജാക്കന്മാരുടെയും, പള്ളിക്കൽ പ്രദേശം കായംകുളം രാജാവിന്റെയും അധീനതയിൽ ആയിരുന്നു. പിന്നീട് ഈ പ്രദേശങ്ങൾ ഐക്യകേരളത്തിന്റെ ഭാഗമാവുകയും ചെയ്തു.

സംഘകാലഘട്ടത്തെ തുടർന്നുവന്ന ബുദ്ധ സംസ്കാര ധാരയുടെ ശേഷിപ്പുകൾ ഇന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കാണാം. ബുദ്ധമതത്തിന്റെ ക്ഷീണാവസ്ഥയിൽ സംഭവിച്ച ആര്യാധിനിവേശത്തിന്റെ സ്വാധീനം ഫ്യൂഡൽ സമ്പ്രദായങ്ങൾ തിരികെയെത്തിയപ്പോൾ ജാതിയതയുടെയും സാമൂഹ്യതിന്മയുടേയും ഇരുണ്ടകാലഘട്ടമായി. സാമൂഹ്യപരിഷ്കർത്താക്കളുടെ നിരന്തര പരിശ്രമം ഈ വിഷലിപ്തകാലഘട്ടത്തെ തുടച്ചു മാറ്റി. മനുഷ്യനെ മനുഷ്യനായി കാണാൻ പഠിപ്പിച്ച ശ്രീനാരായണഗുരുവിന്റെ ആദർശങ്ങൾ, സാമുദായിക പരിഷ്കർത്താവ് മഹാത്മ അയ്യൻകാളി, ചട്ടമ്പിസ്വാമികൾ എന്നിവരുടെ ആശയങ്ങൾക്ക് വേരോട്ടം ലഭിച്ച മണ്ണാണ് പത്തനംതിട്ട. ആറന്മുള കേന്ദ്രമാക്കി കുറുമ്പൻ ദൈവത്താന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങൾ പൊയ്കയിൽ അപ്പച്ചന്റെ നേതൃത്വത്തിലെ പ്രവർത്തനങ്ങൾ, സാമൂഹ്യസമത്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും വേണ്ടി ആലംകോട് കേശവന്റെ നേതൃത്വത്തിൽ 1918-ൽ നടന്ന കോട്ട ലഹള, കാവാരിക്കുളം കണ്ഠൻ കുമാരന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ, സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളുടെ വളർച്ചയും, ക്രൈസ്തവൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും സമൂഹത്തിലെ ഇരുളിന്റെ മറയിലായ ജനങ്ങൾക്ക് വിദ്യാഭ്യാസം അടക്കമുള്ള കാര്യങ്ങൾ ലഭ്യമാക്കുന്നതിനും, സാമൂഹ്യജീവിതത്തിൽ സ്ഥാനം കിട്ടുന്നതിനും കാരണമായി.

സ്വാതന്ത്ര്യസമര പ്രസ്ഥാനം ജില്ലയിൽ

വൈദേശിക ഭരണ വാഴ്ചക്കെതിരെ പടവാളെടുത്ത ധീരദേശാഭിമാനി വേലുത്തമ്പി ദളവയുടെ വീരരക്തസാക്ഷിത്വം വഹിച്ച മണ്ണടി ഈ ജില്ലയിലാണ്. വൈക്കം സത്യാഗ്രഹത്തിന് ആവേശം വിതച്ച് മഹാത്മാഗാന്ധിയുടെ സന്ദർശനം ജനങ്ങളെ ആവേശഭരിതരാക്കി. ജില്ലയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച ഗാന്ധിജി പന്തളം ചേരിക്കൽ ശ്രദ്ധാനന്ദ വിലാസം പ്രൈമറി സ്കൂൾ ഉദ്ഘാടനം ചെയ്തു. അടൂരിൽ റ്റി.കെ. മാധവൻ സ്മാരകത്തിന് ശിലപാകിയതും ഗാന്ധിജി ആയിരുന്നു. 1941-ൽ ഇലന്തൂരിൽ പ്രമുഖ ഗാന്ധിയൻ കെ.കുമാർജി മഹാത്മാഖാദി ആശ്രമം സ്ഥാപിച്ചു. ബ്രിട്ടീഷുകാർക്ക് എതിരെ തിരുവിതാംകൂറിൽ നടന്ന പ്രതിഷേധമായി മാറി ഖാദിമൂവ്മെന്റ്. മലയാളത്തിന്റെ പ്രിയ പ്രാർത്ഥനാഗാനമായ 'അഖിലാണ്ഡ മണ്ഡലം അണിയിച്ചൊരുക്കി' എഴുതിയ പന്തളം കെ.പി. രാമൻപിള്ള കേരളത്തിന്റെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് ഊർജ്ജം പകർന്ന് ജയജയഭാരതമാതാ പാടി ആവേശം കൊള്ളിച്ചു. സ്വാതന്ത്ര്യസമരത്തിൽ പ്രധാനപങ്ക് വഹിച്ച എം.എൻ. ഗോവിന്ദൻനായർ, പന്തളംപി.ആർ.മാധവൻ പിള്ള, ചിറ്റേടത്ത് ശങ്കുപിള്ള, ജോൺഫിലിപ്പോസ്, എൻ.ജി ചാക്കോ, വയലാ ഇടിക്കുള, സി.പി. മാത്തൻ, ജി. രവീന്ദ്രവർമ്മ, തടിയിൽ രാഘവൻപിള്ള എന്നിങ്ങനെ നിരവധി പേരെ ജില്ല സംഭാവന ചെയ്തിട്ടുണ്ട്. സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുവർണ്ണമുദ്രയാണ് നിവർത്തന പ്രക്ഷോഭവും, സി.കേശവന്റെ കോഴഞ്ചേരി പ്രസംഗവും.

ശ്രീലങ്കൻ – തമിഴ് കുടിയേറ്റം

ലാൽ ബഹദൂർ ശാസ്ത്രി പ്രധാനമന്ത്രിയായിരുന്ന കാലത്ത് സിരിമാവോ ബണ്ടാര നായകയുമായി ഉണ്ടാക്കിയ കരാറനുസരിച്ച് ശ്രീലങ്കയിൽ നിന്ന് തമിഴ് വംശജരെ പച്ചക്കാനം ഗവി വന മേഖലകളിൽ കുടിയിരുത്തി.

പത്തനംതിട്ടയുടെ അഭിമാനങ്ങൾ

പത്തനംതിട്ടയുടെ പേരിനോടൊപ്പം ചേർത്തുവായിക്കേണ്ട പേര് കെ.കെ. നായരുടേതാണ്. 34 വർഷം പത്തനംതിട്ട അസംബ്ലി മണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം പത്തനംതിട്ട ജില്ലയുടെ രൂപീകരണ ത്തിന് നിർണ്ണായകമായ പങ്കു വഹിച്ചു.

രാജ്യസഭയുടെ ഉപാദ്ധ്യക്ഷ പദവിയിലെത്തിയ മലയാളി പ്രൊഫ. പി.ജെ.കുര്യൻ ഇൻഡ്യൻ നീതിന്യായ വ്യവസ്ഥയുടെ പരമോന്നത സ്ഥാനമായ സുപ്രീം കോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജിയും, തമിഴ്നാട് ഗവർണറുമായിരുന്ന ജസ്റ്റിസ് ഫാത്തിമബീവി, കേരള നിയമസഭയുടെ സ്പീക്കറും ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന അഡ്വ. റ്റി.എസ്.ജോൺ, ജസ്റ്റിസ് ജെ.ബി.കോശി, എന്നി വർ ജില്ലയുടെ അഭിമാനങ്ങൾ ആണ്.

മലങ്കര മർത്തോമ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്ത ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കാലം ബിഷപ്പായി പ്രവർത്തിച്ച ക്രിസോസ്റ്റം തിരുമേനി നൂറ് ജൻമദിനങ്ങൾ പിന്നിട്ടിരിക്കുന്നു. എല്ലാ മതവിഭാഗങ്ങളിലെയും ജനങ്ങൾ ഒരു പോലെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ ജന്മസ്ഥലം പത്തനംതിട്ട ജില്ലയിലെ കുമ്പനാടാണ്.

മാർത്തോമസഭയുടെ ചരിത്രത്തിലെ ദിശാ നനക്ഷത്രമായ കോവൂരച്ചൻ എന്നറിയപ്പെടുന്ന ഐപ്പ് തോമാ കത്തനാർ, യുക്തിവാദ പ്രസ്ഥാനത്തിന്റെ ആചാര്യനായ എ.റ്റി. കോവൂർ, വിമോചന ദൈവ ശാസ്ത്രജ്ഞൻ ഡോ. എം.എം.തോമസ്, ഗുരുനിത്യചൈതന്യയതി, ആധുനിക ചിത്രകലയിലെ പ്രശ സ്തൻ സി.കെ. രാ, ക്ലാസിക് ചിത്രകാരൻ ആർട്ടിസ്റ്റ് വി.എസ്. വല്യത്താൻ, ചെണ്ട, മദ്ദളം വിദഗ്ദൻ എൻ. ദാമോദരൻ, പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായിരുന്ന റ്റി.കെ.എ നായർ, നാടൻ പാട്ടിന്റെ സമ്പാദകനും പ്രചാരകനമായ സി.ജെ.കുട്ടപ്പൻ, ബ്രിട്ടണിലെ ഇൻഡ്യൻ ഹൈക്കമ്മീഷണറുടെ ഉപദേഷ്ടാവായി നിയമി തനായ ആദ്യ ഇൻഡ്യാക്കാരൻ കുരുവിള സഖറിയ, അധ:സ്ഥിതരുടെ ഉന്നമനത്തിനായി പോരാടിയ കുറു മ്പൻ ദൈവത്താൻ, മലയാള മനോരമയുടെ സ്ഥാപക പത്രാധിപൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള തുടങ്ങി നിരവധിപ്രമുഖർ ജില്ലയുടെ അഭിമാനങ്ങൾ ആണ്.

വിശ്വാസങ്ങളുടെയും ഐതീഹ്യങ്ങളുടെയും കൂടിചേരൽ സാഹിത്യപ്രവർത്തനങ്ങൾക്ക് പ്രചോദനം കിട്ടിയിട്ടുണ്ട്. ആശ്ചാര്യചൂഢാമണിയുടെ കർത്താവ് ശക്തിഭദ്രൻ, കഥകളി പദങ്ങളുടെ രചയിതാവ് പന്തളം കേരളവർമ്മ, കണ്ണശ്ശ രാമായണം രചിച്ച രാമപണിക്കർ, ഭാരതമാല രചിച്ച ശങ്കരപണിക്കർ സരസ കവി മൂലൂർ എസ്.പത്മനാഭപണിക്കർ, ഹാസ്യകഥാകാരൻ ഇ.വി.കൃഷ്ണപിള്ള, ആധുനിക കവികളായ വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, കടമ്മനിട്ട രാമകൃഷ്ണൻ, സുഗതകുമാരി, കെ.ജി. ശങ്കരപ്പിള്ള, കഥാകാ രൻ പി. അയ്യനേത്ത്, പ്രഭാവർമ്മ, എഴുമറ്റൂർ രാജരാജവർമ്മ, കഥാകാരൻ ബന്യാമിൻ, കവി കെ.വി. സൈമൺ തുടങ്ങി നിരവധിപേർ സാഹിത്യരംഗത്ത് സംഭാവനകൾ നൽകി. മലയാള ചലചിത്രലോക ത്തിന് നിരവധി കലാകാരന്മാരെ സംഭാവന ചെയ്യുവാൻ ജില്ലക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ സിനിമയിൽ ശ്രദ്ധേയരായ പത്മശ്രീ അടൂർ ഗോപാലകൃഷ്ണൻ, ഡോ.ബിജു, കെ.ജി. ജോർജ്ജ്, സംവിധായകരായ ബ്ലസ്സി, ബി. ഉണ്ണികൃഷ്ണൻ, സിദ്ധാർത്ഥ ശിവ, നടീനടന്മാരായ അടൂർ ഭാസി, അടൂർ പങ്കജം, അടൂർ ഭവാ നി, ക്യാപ്റ്റൻ രാജു, എം.ജി.സോമൻ, പ്രതാപചന്ദ്രൻ, ഭരത് മോഹൻലാൽ, കവിയൂർപൊന്നമ്മ, ആറന്മുള പൊന്നമ്മ, കെ.പി.എ.സി. ലളിത ചലചിത്ര പ്രവർത്തകരായ കവിയൂർ ശിവപ്രസാദ്, ജോൺ ശങ്കരമംഗലം, കെ.വി. കോശി, ആദ്യകാല നായിക നടി ഓമല്ലൂർ ചെല്ലമ്മ തുടങ്ങി പത്തനംതിട്ടയിലെ നിരവധി പേർ മല യാള സിനിമാ ചരിത്രത്തിന്റെ ഭാഗമാണ്. മലയാളത്തിൽ ശാസ്ത്ര സാഹിത്യ രചനയ്ക്കു ആരംഭം കുറിച്ച കോന്നിയൂർ നരേന്ദ്രനാഥ് ഈ ജില്ലക്കാരനാണ്.

തനതായ ശൈലിയിൽ വരച്ച് ചിരിപ്പിച്ച ചിന്തിപ്പിച്ച പ്രതിഭാശാലിയാണ് കാർട്ടൂണിസ്റ്റ് പി.കെ. മന്ത്രി. മന്ത്രിയുടെ ഏറ്റവും ജനശ്രദ്ധ നേടിയ കാർട്ടൂൺ പരമ്പര 'പാച്ചുവും കോവാലനുമാണ്. ചിത്രകലയെ

രംഗകലയാക്കി അവതരിപ്പിച്ച് ശ്രദ്ധേയനായ കലാകാരനാണ് അഡ്വ. എസ്.ജിതേഷ്. 'വരയരങ്ങ്' എന്ന പരീക്ഷണ കലാരൂപത്തിലൂടെ കാർട്ടൂണിസ്റ്റ് പുതിയൊരു ആസ്വാദനതലം സൃഷ്ടിച്ചു.

കാർഷിക രംഗം

വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയും വിവിധയിനം വിളകളുമുള്ള കാർഷിക പ്രാധാന്യമുള്ള ഒരു ജില്ല യാണ് പത്തനംതിട്ട. നെല്ല്, തെങ്ങ്, മരച്ചീനി, കരിമ്പ്, കുരുമുളക്, വാഴ, മധുരകിഴങ്ങ്, ചേന, കാച്ചിൽ, ഇഞ്ചി തുടങ്ങിയ പ്രധാനവിളകൾ വ്യാപകമായി കൃഷി ചെയ്തിരുന്ന ജില്ലയായിരുന്നു പത്തനംതിട്ട. കാർഷികവൃത്തി അനാകർഷകവും ലാഭകരമല്ലാത്തതുമായപ്പോൾ ഇത്തരം കൃഷിരീതിയിൽ നിന്നും കർഷകർ പിന്മാറി. കർഷകതൊഴിലാളികളുടെ ദൗർലഭ്യവും ഇതിന് കാരണമായി. ജില്ലയിൽ റബ്ബർ കൃഷി വ്യാപകമായി. കരിമ്പ് ധാരാളമായി കൃഷിചെയ്തിരുന്ന ജില്ലയായിരുന്നു പത്തനംതിട്ട.

വൈദ്യുതി

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് കേരളത്തിൽ ജലവൈദ്യുതപദ്ധതികൾക്ക് തുടക്കം കുറിക്കുന്ന ത്. 1939-ൽ പന്തളം-തിരുവല്ല വൈദ്യുത ലൈൻ പൂർത്തിയായതോടെയാണ് ജില്ലയിൽ വൈദ്യുതി എത്തു ന്നത്. ജില്ലയിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതി 1966-ൽ പൂർത്തിയായ ശബരിഗിരി പദ്ധതിയാണ് (മൂഴി യാർ). ഇവിടെ 340MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. കക്കാട് പദ്ധതിയിൽ 50KV, മണിയാർ 12MW എന്നീ ക്രമത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. പുതുതായി കമ്മീഷൻ ചെയ്ത പെരുന്തേനരുവി പദ്ധതിയിൽ നിന്നും 6MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. അള്ളുങ്കൽ, കാരിക്കയം, റാന്നി പെരുനാട് എന്നിവയാണ് മറ്റ് പദ്ധതികൾ. പത്തനംതിട്ട ജില്ലയിൽ 3 ഡിവിഷനുകളും 9 സബ്ഡിവിഷനുകളും 31 ഇലക്ട്രികൽ സെക്ഷൻ ഓഫീസുകളും വൈദ്യുതി ഉത്പാദന പ്രസരണവിതരണ രംഗത്ത് പ്രവർത്തിക്കുന്നു.

കാലാവസ്ഥ വ്യതിയാനങ്ങൾ കണക്കിലെടുത്ത് ജലവൈദ്യുത പദ്ധതികൾക്ക് പുറത്ത് മറ്റ് ഊർജ്ജ സ്രോതസ്സുകൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് അഭികാമ്യമാകും. കുളങ്ങൾ, ചാലുകൾ എന്നി വക്ക് മുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി ഉൽപാദനം നടത്തുന്നതിലൂടെ ജലത്തിന്റെ ബാഷ്പീകരണം തടയുന്നതിനും സാധിക്കും. എല്ലാ ഭവനങ്ങളിലും സോളാർ വൈദ്യുതി ലഭ്യമാ ക്കേണ്ടതാണ്.

വ്യവസായ രംഗം

ജില്ലയിലെ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ച് കഴിയുന്നവ രായിരുന്നു. കാർഷിക മേഖലയിലെ റബ്ബർ, കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകളും, കരിമ്പ് കൃഷിയും വ്യവസായ രംഗത്ത് സ്ഥാനം പിടിച്ചു. എന്നാൽ വിദേശ രാജ്യങ്ങളിൽ നിന്നു വന്ന പണം സേവന വ്യവസായ മേഖലയുടെ വളർച്ചയെ സ്വാധീനിച്ചു.

ജില്ലയിലെ പട്ടികജാതി വർഗ്ഗ വിഭാഗങ്ങളിൽ ഉള്ള ധാരാളം പേർ മുറം, കുട്ട, പായ് മുതലായവ നിർമ്മിച്ച് വിപണനം നടത്തി ഉപജീവനം നടത്തിയിരുന്നു. ഈറ, മുള, ചൂരൽ, തഴ എന്നീ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറയുകയും ഉൽപന്നങ്ങൾക്ക് വിപണനസാദ്ധ്യത ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ ഈ തരത്തിലുള്ള പരമ്പരാഗത തൊഴിൽക്ഷയോന്മുഖമായി. ടൂറിസം രംഗവുമായി ചേർന്ന് വികസനത്തിലെത്തിക്കാമായിരുന്ന ആകർഷകമായ ഒരു വ്യവസായമായിരുന്നു ഇത്.

ജില്ലയുടെ തെക്കൻ മേഖലയിൽ ഉള്ള കടമ്പനാട്, ഏറത്ത്, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിൽ കശുവണ്ടി മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ നാമമാത്രമായിട്ടാണെങ്കിലും പ്രവർത്തിക്കുന്നു.

വൈദ്യുതി, ഗതാഗതരംഗങ്ങൾ ശക്തിപ്പെട്ടതോടെ ആധുനിക വ്യവസായം പുരോഗതി പ്രാപിച്ചു. ഉയർന്ന സാക്ഷരതയും ശക്തമായ ബാങ്കിംഗ് സംവിധാനവും വിദേശപണവും വ്യവസായ പുരോഗതിക്ക് ഉണർവ് പകർന്നു. തടി, മെറ്റൽ, റബ്ബർ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ധാരാളം വ്യവസായ യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു. മൈക്രോലവലിൽ 10300, ചെറുത് 633, ഇടത്തരം 7 എന്ന രീതിയിൽ ആകെ 10940 വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ യൂണിറ്റുകളിലായി ആകെ 55815 പേർ ജോലി ചെയ്യുന്നു. 25 ലക്ഷത്തിൽ തുടങ്ങി 5 കോടിയിൽപരം പ്രവർത്തനമൂലധനം ഈ യൂണിറ്റുകൾക്ക് ഉണ്ട്.

വിവരസാങ്കേതിക വിദ്യയിൽ അറിവു നേടുന്നവർക്കു തൊഴിൽ നൽകുന്നതിനുള്ള സ്ഥാപനങ്ങൾ ജില്ലയിൽ ഇല്ലാത്തതിനാൽ അവർ ജില്ലയ്ക്ക് പുറത്തേക്ക് തൊഴിൽ തേടി പോകേണ്ട അവസ്ഥയാണ്. ആയതിനാൽ മിനി ടെക്നോപാർക്കുകൾ ജില്ലയിൽ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസരംഗത്ത് പത്തനംതിട്ടക്ക് ശ്രദ്ധേയസ്ഥാനം നിലവിലുണ്ട്. എന്നാൽ 10–ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സ്ഥിതി വിഭിന്നമായിരുന്നു. എഴുത്തും വായനയും പഠിപ്പിക്കാൻ സ്കൂളുകൾ അക്കാലത്ത് സ്ഥാപിതമായിരുന്നില്ല. അങ്ങാടിക്കൽ വടക്ക് എന്ന പ്രദേശത്ത് ഒരു എഴുത്തുപള്ളി പ്രവർത്തിച്ചിരുന്നതായും, പന്തളം കോവിലകത്ത് സംസ്കൃത സാഹിത്യത്തിലും വേദാന്തത്തിലും പഠനവും ചർച്ചയും നടന്നിരുന്നതായി രേഖയുണ്ട്. മണിപ്പുഴ ആശാന്മാർ തിരുവല്ലാ പ്രദേശത്ത് എഴുത്തും വായനയും, കണക്കും അഭ്യസിപ്പിച്ചിരുന്നു. 1850 കളിൽ ക്രിസ്തീയമിഷനറിമാർ ജില്ലയിൽ വരികയും ആധുനിക വിദ്യാഭ്യാസത്തിന് തുടക്കമിടുകയും ചെയ്തു. ഇംഗ്ലീഷ്, ശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുവാൻ മിഷനറിമാരുടെ സഹായത്തോടെ തലസ്ഥാനത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഒരു പ്രീസ്കൂൾ സ്ഥാപിച്ചിരുന്നു. ഇതേ തുടർന്ന് ജില്ലയിലുൾപ്പെടുന്ന പ്രദേശത്തെ പല താലൂക്ക് കേന്ദ്രങ്ങളിലും അക്കാലത്ത് ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. 1886 മുതൽ മലയാള മാദ്ധ്യമത്തിൽ അദ്ധ്യയനം നടത്തുന്ന മലയാളം സ്കൂളുകൾ ജില്ലയുടെ പലഭാഗത്തും സ്ഥാപിതമായി. സാമാന്യ ജനത്തിന് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വർദ്ധിക്കുകയും വിദ്യാഭ്യാസം സാർവ്വത്രികമാകുകയും ചെയ്തു. എന്നാൽ അവർണ്ണ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം വിദൂരസ്വപ്നമായി അവശേഷിച്ചു. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ജാതിവ്യവസ്ഥക്ക് അതീതമായി വിദ്യാഭ്യാസത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞു. 1914–ൽ തിരുവിതാംകൂർ രാജഭരണം ഉത്തരവിട്ടതിനെ തുടർന്ന് ജില്ലയിലെ സർക്കാർ സ്ഥാപിച്ചു നടത്തിയിരുന്ന സ്കൂളുകളിൽ അവർണ്ണ ജനവിഭാഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജില്ലയിലേയും വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും നിലവാരത്തിലും ജില്ല മുന്നിലാണ്. 1918 സെപ്റ്റംബർ മാസത്തിൽ കേരളത്തിലെ ആദ്യത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമായ സി.എം.എസ് വീവിംഗ് സ്കൂൾ സ്ഥാപിതമായി (തിരുവല്ല തുകലശ്ശേരിയിൽ). സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസരംഗവും ഉന്നതനിലവാരം പുലർത്തുന്നു.

ആരോഗ്യം

19–ാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ നാട്ടുവൈദ്യന്മാർ വീടുകളിൽ വന്ന് ചികിത്സ നടത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നു. പിന്നീട് വൈദ്യകലാനിധി, വിഷവൈദ്യവിശാദർ, വൈദ്യശിരോമണി എന്നീ നിലകളിൽ ആയുർവേദം പഠിച്ചവർ സ്വന്തമായി വൈദ്യശാലകൾ സ്ഥാപിച്ചു രോഗികളെ ചികിത്സിച്ചിരുന്നു. ഇന്ന് ആയുർവേദ ചികിത്സാരംഗം വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. ആയുർവേദ ചികിത്സാരംഗം ടൂറിസവുമായി ബന്ധപ്പെടുത്തിയാൽ വിപുലമായ വികസന സാദ്ധ്യതകൾ ഈ രംഗത്തുണ്ടാക്കാം.

ഹോമിയോ ചികിത്സാ രീതി സ്വാതന്ത്ര്യലബ്ധിക്കു ശേഷമാണ് ജില്ലയിൽ പ്രചാരം നേടിയത്. വിദഗ്ധരും, യോഗ്യതയുള്ളവരുമായ ഭിഷഗ്വരന്മാരുടെ അപര്യാപ്തത ഹോമിയോ ചികിത്സാരംഗത്ത് മുൻകാലങ്ങളിൽ വളരെ രൂക്ഷമായി അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇന്നു സ്ഥിതിയാകെ മാറിയിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് തന്നെ രാജഭരണത്തിൻ കീഴിൽ ജില്ലയിലെ അടൂർ, തിരുവല്ല, പത്തനംതിട്ട മുതലായ പ്രദേശങ്ങളിൽ അലോപ്പതി ആശുപത്രികൾ സ്ഥാപിതമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം അലോപ്പതി ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റം തന്നെ ഉണ്ടായി. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും രോഗാതുരത തടയുന്നതിനും പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി ആരോഗ്യ രംഗത്ത് പല പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കി.

ഇപ്പോൾ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ആരോഗ്യവകുപ്പിന്റെ കീഴിൽ അലോപ്പതി ചികിത്സാ കേന്ദ്രങ്ങൾ നിലവിലുണ്ട്. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

ജനറൽ ആശുപത്രി	–	2
ജില്ലാ ആശുപത്രി	–	1
ജില്ലാ റ്റി.ബി. സെന്റർ	–	1
ഗവ. ആശുപത്രി	–	2 (പമ്പ, സന്നിധാനം)
താലൂക്ക് ആശുപത്രികൾ	–	4
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	–	12
പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ	–	43
പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സബ്സെന്ററുകൾ	–	261
മെഡിക്കൽ ലാബുകൾ	–	39 (സർക്കാർ)
മെഡിക്കൽ ലാബുകൾ	–	164 (സ്വകാര്യം)

ലഭ്യമായ സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച് ആരോഗ്യ രംഗത്ത് ജില്ല വളരെയധികം നേട്ടം കൈവരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ലയാണ് പത്തനംതിട്ട. ക്ഷയരോഗ നിർമ്മാർജ്ജന രംഗത്തും നേട്ടം കൈവരിക്കാൻ ഈ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട കോന്നി ഗവ.മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായാൽ പത്തനംതിട്ടയുടെ അലോപ്പതി രംഗത്ത് ഒരു വലിയ നേട്ടമാകും. സ്വകാര്യ മേഖലയിൽ തിരുവല്ല പുഷ്പഗിരി, അടൂർ മൗണ്ട് സിയോൻ, തിരുവല്ല ബിലിവേഴ്സ് ചർച്ച് എന്നീ മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നു. വടശ്ശേരിക്കരയിൽ ശ്രീ. അയ്യപ്പാ കോളേജ് നിർമ്മാണഘട്ടത്തിലാണ്. കൂടാതെ ചെറുതും വലുതുമായ നിരവധി ആതുരാലയങ്ങൾ സ്വകാര്യമേഖലയിൽ ജില്ലയിൽ പ്രവർത്തിക്കുന്നു.

ചികിത്സയ്ക്കായി കൂടുതൽ ആളുകൾ സ്വകാര്യ മേഖലെയാണ് ആശ്രയിക്കുന്നത്. ചെലവേറിയ ചികിത്സാ രീതി സാധാരണ ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്നു. സർക്കാർ മേഖലകളിലെ ആശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ആധുനിക സൗകര്യങ്ങളോടു കൂടിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങുകയും ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുകയും ചെയ്താൽ സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകും. കൂടാതെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ വഴി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആരോഗ്യ, ശുചിത്വ ബോധവത്കരണ ക്ലാസ്സുകൾ നടപ്പിലാക്കി പകർച്ച വ്യാധികൾ ഉണ്ടാകുന്നതും ജില്ലയിൽ നിന്നും തുടച്ചു മാറ്റപ്പെട്ട രോഗങ്ങൾ തിരിച്ചു വരുന്നതും ഒഴിവാക്കാവുന്നതാണ്. ആർദ്രംമിഷൻ ഇതിനൊക്കെയുള്ള പരിഹാരമാണ്.

ഗതാഗതം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥാരംഭത്തിലാണ് ജില്ല ഉൾപ്പെടുന്ന പ്രദേശങ്ങളിൽ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം കാര്യമായി ആരംഭിച്ചത്. പഴയ തിരുവിതാംകൂറിലെ ഏറ്റവും പ്രമുഖമായ എം.സി. റോഡ് അടൂർ, തിരുവല്ല താലൂക്കുകളിലൂടെ കടന്നുപോകുന്നു. പുതുതായി അനുവദിച്ച ഭരണിക്കാവ്-മുണ്ടക്കയം എൻ.എച്ച്.183 എ ആണ് ജില്ലയിലൂടെ പോകുന്ന ഏകദേശീയ പാത. കൂടാതെ സ്റ്റേറ്റ് ഹൈവേകളായ തിരുവല്ല-കുമ്പഴ റോഡ്, മൂവാറ്റുപുഴ-പുനലൂർ റോഡ്, ചാലക്കയം-പമ്പ റോഡ്, വടശ്ശേരിക്കര-ചിറ്റാർ-ആങ്ങമുഴി റോഡ്, കായംകുളം-പുനലൂർ റോഡ് എന്നിവയാണ് ജില്ലയിലൂടെ കടന്നു പോകുന്ന പാതകൾ. ജില്ലയിൽ 7 കെ.എസ്.ആർ.ടി.സി ഡിപ്പോകളിലായി 318 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്. മറ്റു ജില്ലകളിൽ നിന്നും പ്രതിദിനം ശരാശരി 1200 കെ.എസ്.ആർ.ടി.സി ബസ്സുകൾ

ജില്ലയിലൂടെ കടന്നു പോകുന്നു. നിരവധി സ്വകാര്യ വാഹനങ്ങളെയും ഗതാഗതത്തിനായി ജനങ്ങൾ ആശ്രയിക്കുന്നു. ശരാശരി 11000 വാഹനങ്ങളുടെ രജിസ്ട്രേഷൻ എല്ലാ വർഷവും ജില്ലയിൽ നടക്കുന്നു.

വാഹന രജിസ്ട്രേഷൻ – 2017 ഒക്ടോബർ 31 വരെ

വർഷം	സർക്കാർ വാഹനം	സ്വകാര്യം				ആകെ
		ഇരു ചക്ര വാഹനങ്ങൾ	മൂന്ന് ചക്ര വാഹനങ്ങൾ	നാല് ചക്ര വാഹനങ്ങൾ		
				ഹെവി	ലൈറ്റ്	
നിലവിൽ ആകെ	20	108591	16093	3729	72908	201349
2015	2	6862	355	102	3267	10588
2016	5	7492	368	72	3167	11104
2017 ഒക്ടോബർ 31 വരെ	–	7239	391	38	3632	11300

അവലംബം : റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പത്തനംതിട്ട

ഈ കാര്യങ്ങൾ പരിഗണിച്ച് ഗതാഗത സൗകര്യങ്ങളും പാർക്കിംഗ് സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്.

റെയിൽവെ സൗകര്യം ഏറ്റവും കുറഞ്ഞ ജില്ലയാണ് പത്തനംതിട്ട. ജില്ലയിലെ ഏക റെയിൽവെസ്റ്റേഷൻ തിരുവല്ലയാണ്. സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ റെയിൽവേ സ്റ്റേഷനും. തിരുവല്ലയിൽ നിന്നും ജില്ലാ ആസ്ഥാനത്തേക്കുള്ള യാത്രാ സൗകര്യക്കുറവും തിരുവല്ല റെയിൽവേസ്റ്റേഷനിൽ എത്തുന്ന യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. തീർത്ഥാടക ജില്ലയായ പത്തനംതിട്ടയിൽ തീർത്ഥാടന – വിനോദ സഞ്ചാരികൾ ആശ്രയിക്കുന്നത് റെയിൽവെ ആണെന്നിരിക്കെ തിരുവല്ല സ്റ്റേഷനിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. റെയിൽവെസ്റ്റേഷനിൽ നിന്നും ജില്ലാ ആസ്ഥാനം വഴി ശബരിമലയിലേക്കുള്ള വാഹന സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. നിർദ്ദിഷ്ട ശബരി റെയിൽപാത എരുമേലിയിൽ നിന്നും റാന്നി പത്തനംതിട്ട വഴി പമ്പ എന്ന രീതിയിൽ ദീർഘിപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട ശബരി ഇന്റർനാഷണൽ എയർപോർട്ട് ജില്ലയിലോ സമീപ ജില്ലകളിലോ പ്രാവർത്തികമായാൽ ജില്ലയ്ക്ക് ഒരന്തർദേശീയ സഞ്ചാര പാത തുറന്നു കിട്ടും.

കായിക മേഖല

കായിക രംഗത്ത് ഫലപ്രദമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ജില്ലയാണ് പത്തനംതിട്ട. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിൽ പോലും വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ തുടങ്ങിയ ഇനങ്ങളിൽ അന്തർ ദേശീയ താരങ്ങളെ വരെ കാഴ്ച വയ്ക്കുവാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കായിക വികസനം സാദ്ധ്യമാക്കുന്നതിനായി പ്രാദേശിക ഭരണകൂടങ്ങൾ നവീന പ്രോജക്ടുകൾ രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾ തോറും നീന്തൽ പരിശീലനം നൽകേണ്ടതാണ്. സ്കൂൾ തലങ്ങളിൽ തന്നെ കുട്ടികളെ അത്ലറ്റിക്സിൽ പ്രാവീണ്യം നേടുന്നതിനുള്ള പരിശീലനം നൽകേണ്ടതാണ്. ജില്ലയിൽ ആകെ 802 സ്കൂളുകളിൽ കളിസ്ഥലം ഇല്ലാത്ത 236 സ്കൂളുകൾ ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കുട്ടികൾക്കു കായിക പരിശീലനം നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുകയും മികച്ച അദ്ധ്യാപകരെ പരിശീലനത്തിന് നിയോഗിക്കുകയും വേണം. കൂടാതെ ബ്ലോക്ക് ജില്ലാ അടിസ്ഥാനത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കണം.

വിനോദസഞ്ചാരം

ടൂറിസം സംബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ വികസനത്തിനു ധാരാളം സാദ്ധ്യതകളുണ്ട്. നിരവധി അണക്കെട്ടുകളും അതിന്റെ പദ്ധതി പ്രദേശവും ഉൾക്കൊള്ളുന്ന ഈ ആരണ്യഭൂമി വിദഗ്ദ്ധമായ ആസൂത്രണത്തിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത വിധം രൂപകല്പന ചെയ്താൽ സംസ്ഥാനത്തിലെ തന്നെ ഏറ്റവും മികച്ച വിനോദ സഞ്ചാര കേന്ദ്രമായിരിക്കും. 2016 ലെ വിനോദ

സഞ്ചാരികളുടെ വരവിന്റെ കണക്ക് അനുസരിച്ച് ആഭ്യന്തര/വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനത്തിൽ ജില്ല ഏറ്റവും പുറകിലാണ്. എന്നാൽ തീർത്ഥാടനത്തിന് എത്തുന്നവരുടെ എണ്ണം കൂടി ഉൾപ്പെടുത്തിയാൽ ജില്ലയുടെ സ്ഥാനം ഒന്നാമതെത്തും. ഇന്ത്യയിലെ ടൂറിസം ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനവും ഈ കണക്കെടുപ്പിലൂടെ മാറ്റപ്പെടാവുന്നതാണ്. അതു കൊണ്ട് തീർത്ഥാടക സഞ്ചാരികളുടെ കണക്കെടുപ്പ് കൃത്യമായി നടത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്. ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെയും സാംസ്ക്കാരിക കലാ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി ടൂറിസം പാക്കേജുകൾ ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.

ബാങ്കിംഗ്

വളരെ ശക്തമായ ബാങ്കിംഗ് ശൃംഖലയുള്ള ഒരു ജില്ലയാണ് പത്തനംതിട്ട. ജില്ലയിൽ വിവിധ ബാങ്കുകളുടെ 551 ശാഖകൾ ഉണ്ട്. ഇതിൽ 89 ശാഖകൾ എസ്.ബി.ഐ യുടേതാണ്. പൊതു മേഖലാ ബാങ്കുകളുടെ ആകെ 242 ശാഖകളും (എസ്.ബി.ഐ ഉൾപ്പെടെ) സഹകരണ മേഖലയുടെ 167 ബാങ്കു ശാഖകളും ജില്ലയിൽ പ്രവർത്തിക്കുന്നു.

ജില്ലയുടെ ആകെ ബാങ്ക് ഡിപ്പോസിറ്റിൽ 47% എൻ.ആർ.ഐ ഡിപ്പോസിറ്റാണ്. ആകെ ഡിപ്പോസിറ്റിന്റെ 33% തുക വിവിധ ഇനം വായ്പകളായി നൽകിയിട്ടുണ്ട്. ഇവയിൽ കൃഷി, കൃഷി അനുബന്ധ കാര്യങ്ങൾക്കായി 6% തുകയും, ചെറുകിട വ്യവസായവും അനുബന്ധ വ്യവസായങ്ങൾക്കുമായി 3% തുകയും, ദുർബല വിഭാഗങ്ങൾക്കായി 4% തുകയും ജില്ലയിലെ ബാങ്കുകളിൽ നിന്ന് വായ്പ നൽകിയിട്ടുണ്ട്.

കൃഷി, വ്യവസായം, വാണിജ്യം തുടങ്ങിയ മേഖലകളിൽ നൽകുന്ന വായ്പകളുടെ തോത് വർദ്ധിപ്പിക്കേണ്ടതുണ്ട്. ദുർബല വിഭാഗങ്ങൾക്കായി നൽകുന്ന വായ്പയും വർദ്ധിപ്പിക്കേണ്ടതാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പ്രാദേശിക സർക്കാരുകളുടെയും എല്ലാ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചും ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളെ സംയോജിപ്പിച്ചും നവകേരളാ പരിപാടിയുടെ ലക്ഷ്യങ്ങൾ നേടുന്ന വിധത്തിൽ അനുപൂരക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ജില്ലയിലെ ഓരോ മേഖലയിലെയും പോരായ്മകളും സാദ്ധ്യതകളും തിരിച്ചറിഞ്ഞ് പത്തനംതിട്ട ജില്ലയെ വികസന പാതയിലേക്ക് നയിക്കുന്നതിനു വേണ്ടി ഒരേ മനസ്സോടെ കൈകോർക്കാം.

അദ്ധ്യായം 2

A. മനുഷ്യവിഭവങ്ങൾ

ആമുഖം

ഒരു പ്രദേശത്തെ ജനസംഖ്യയുടെ സ്വഭാവം, ഘടന, വളർച്ച, തൊഴിൽ പങ്കാളിത്തം ഇവ മനസ്സിലാക്കിയാൽ ആ പ്രദേശത്തിന്റെയോ സംസ്ഥാനത്തെയോ പ്രത്യേക പ്രശ്നം നിലനിൽക്കുന്ന പ്രദേശത്തെയോ ഇതേ സൂചികകളുമായി താരതമ്യം ചെയ്യുന്നതിനും അതിനനുസരിച്ച് ഓരോ മേഖലയിലേയും ആവശ്യമായ വികസന സമീപനം രൂപപ്പെടുത്തിയെടുക്കുന്നതിന് കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയുടെ ജനസമ്പത്തിനെയും തൊഴിൽ ശക്തിയേയും വിശകലനത്തിന് വിധേയമാക്കാം.

ജനസംഖ്യ, ജനനസാന്ദ്രത, വളർച്ച

ജനസംഖ്യയുടെ കാര്യത്തിൽ ലോക രാജ്യങ്ങൾക്കിടയിൽ ചൈനയുടെ തൊട്ടു പിന്നിലായി നമ്മുടെ രാജ്യം രണ്ടാം സ്ഥാനത്താണ്. ദേശീയ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ജനസംഖ്യാ നിരക്ക് വളരെ കുറവാണെങ്കിലും വിസ്തീർണ്ണം കുറവായ കേരളത്തിൽ ജനസംഖ്യ മൂന്നു കോടി കവിഞ്ഞു നിൽക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആയതിനാൽ മാനവ വികസനം എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. പുരോഗമന പദ്ധതികൾക്ക് രൂപം നൽകുന്നതിനും നടപ്പിലാക്കുന്നതിനും 'മാനവ വികസനം' അനിവാര്യമാണ്.

കേരളത്തിന്റെ തീർത്ഥാടന ജില്ലയായ പത്തനംതിട്ടയുടെ ജനസംഖ്യ 2001–ൽ കേരളത്തിലെ ആകെ ജനസംഖ്യയുടെ 3.87% ഉം 2011–ൽ 3.58% ഉം ആണ്. 2001–2011 കാലയളവിലെ വാർഷിക വളർച്ചാ നിരക്ക് പത്തനംതിട്ട ജില്ലയുടേത് –2.97% ഉം കേരളത്തിന്റേത് 4.91% ഉം ആണ്. ഇവിടുത്തെ 2001 ലെ ജനസാന്ദ്രത ച.കി.മീ ന് 468 ഉം 2011 ലെ ജനസാന്ദ്രത ച.കി.മീ ന് 452 ഉം ആണ്. പത്തനംതിട്ട ജില്ലയുടെ ആകെ ജനസംഖ്യയുടെ 13.74% പട്ടികജാതി വിഭാഗത്തിൽ ഉള്ളവരും 0.68% പട്ടിക വർഗ്ഗത്തിൽ പെട്ടവരുമാണ്. ആധുനിക ചികിത്സാ സൗകര്യങ്ങളുടെ ആവിർഭാവത്തോടെ വൃദ്ധ ജനങ്ങളുടെ എണ്ണം കൂടി വരികയാണ്.

ജനസംഖ്യ, ജനസാന്ദ്രത, പത്തനംതിട്ട ജില്ല

പട്ടിക 2.1

		പത്തനംതിട്ട						വളർച്ചാ നിരക്ക്	കേരളം						വളർച്ചാ നിരക്ക്
		2001			2011				2001			2011			
			എസ്.സി	എസ്.ടി		എസ്.സി	എസ്.ടി			എസ്.സി	എസ്.ടി		എസ്.സി	എസ്.ടി	
റൂറൽ	ആൺ	529823			499820				11451282			8408054			
	പെൺ	580395			565979				12123167			9063081			
	ആകെ	1110218			1065799				23574449			17471135			
അർബൻ	ആൺ	59575			61896				4017332			7619358			
	പെൺ	64223			69717				4249593			8315568			
	ആകെ	123798			131613				8266925			15934926			
ആകെ	ആൺ	589398	78731	3184	561716	78942	3947	-4.7	15468614	1525114	180169	16027412	1477808	238203	3.61
	പെൺ	644618	83271	3365	635696	85523	4161	-1.38	16372760	1598827	184020	17378649	1561765	246636	6.41
	ആകെ	1234016	162002	6549	1197412	164465	8108		31841374	3123941	364189	33406061	3039573	484839	

അവലംബം : സെൻസസ് 2001 & 2011

കുടിയേറ്റ സ്വാധീനം

2013-ലെ കണക്കനുസരിച്ച് 16.25 ലക്ഷം കേരളീയർ കേരളത്തിന് പുറത്ത് തൊഴിലിനായി കുടിയേറിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലേക്ക് മാത്രം കുടിയേറിയവരുടെ എണ്ണം 14.26 ലക്ഷമാണ്. വിദേശ രാജ്യങ്ങളിൽ നിന്ന് തിരിച്ച് എത്തിയവരും തുടർന്ന് തിരിച്ചെത്തുവാൻ സാധ്യതയുള്ളവരുടെയും തൊഴിൽ പരിചയവും സേവന സാധ്യതകളും ഉപയോഗപ്പെടുത്തുവാനുള്ള പരിപാടികൾ ഉണ്ടായാൽ അത് ഈ ജില്ലയുടെ വികസനത്തിന് സാദ്ധ്യമാവും.

കേരളം പൊതുവെ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്രശ്നമാണ് അന്യ സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം. അന്യ സംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ കടന്നുകയറ്റം സമൂഹത്തിൽ പലതരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തദ്ദേശീയരുടെ തൊഴിലില്ലായ്മയിലെ വർദ്ധനവും, തുടച്ചുനീക്കപ്പെട്ടുയെന്നു കരുതിയിരുന്ന പല രോഗങ്ങളുടേയും തിരിച്ചുവരവും ക്രമസമാധാന പ്രശ്നങ്ങൾക്കു കാരണമാകുന്നു. അന്യ സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല.

പട്ടിക 2.2

പ്രവാസികളുടെ ജില്ല തിരിച്ചുള്ള കണക്ക്

ക്രമ. നം	ജില്ലയുടെ പേര്	യു.എ സ്.എ	കാന ഡ	യൂറോപ്യൻ രാജ്യങ്ങൽ	ആഫ്രി ക്കൻ രാജ്യ ങ്ങൾ	ഗൾഫ് രാജ്യങ്ങൾ	മറ്റു രാജ്യ ങ്ങൾ	ആകെ
1	കാസർഗോഡ്	1168	125	842	356	60908	1810	65209
2	കണ്ണൂർ	4858	517	2214	576	150750	3599	162514
3	വയനാട്	279	133	422	94	15248	937	17113
4	കോഴിക്കോട്	2362	262	1131	508	154233	2740	161236
5	മലപ്പുറം	1853	153	1233	330	286586	2598	292753
6	പാലക്കാട്	2897	207	1133	402	84058	2817	91514
7	തൃശ്ശൂർ	6548	732	4591	638	157534	4404	174447
8	എറണാകുളം	12265	1813	10998	753	70294	8385	104508
9	ഇടുക്കി	1740	432	2232	258	8227	1686	14575
10	കോട്ടയം	17048	2457	15663	668	56374	8415	100625
11	ആലപ്പുഴ	5918	707	2777	567	80832	3353	94154
12	പത്തനംതിട്ട	9178	1106	4738	674	78732	3926	98354
13	കൊല്ലം	6652	381	2079	675	114140	2419	126346
14	തിരുവനന്തപുരം	5591	604	2834	364	108824	4088	122305
	ആകെ	**78357**	**9629**	**52887**	**6863**	**1426740**	**51177**	**1625653**

Source : Pravasi Census 2013

പ്രായഘടന

കാലം കഴിയും തോറും 0-6 നും ഇടയ്ക്ക് പ്രായമുള്ള കേരള ജനതയുടെ നിരക്ക് കുറഞ്ഞു വരികയാണ്. ഈ ജില്ലയും അതിൽ നിന്നും വ്യത്യസ്തമല്ല. 2001-2011 കാലഘട്ടത്തിൽ ഈ പ്രായത്തിൽപ്പെടുന്നവരുടെ വളർച്ചാ നിരക്ക് 23.76ഉം കേരളത്തിലേത് 8.44ഉം ആണ്.

പ്രായഘടന				
പ്രായം 06	പത്തനംതിട്ട		കേരളം	
	2001	2011	2001	2011
ആൺ	64568	49002	1935024	1768244
പെൺ	62456	47835	1858119	1704711
ആകെ	**127024**	**96837**	**3793146**	**3472955**

Source: Gender Statistics 2015-16, Censu 2001,2011

സ്ത്രീപുരുഷ അനുപാതം

ഇൻഡ്യയുടെ ജനസംഖ്യയിൽ സ്ത്രീ–പുരുഷ അനുപാതത്തിൽ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറവാകുമ്പോഴും കേരളത്തിലും പുതുച്ചേരിയിലും മാത്രം സ്ത്രീകൾ കൂടുതലാണ്.

പട്ടിക.2.3

സ്ത്രീപുരുഷ അനുപാതം കഴിഞ്ഞ മുന്ന് ദശകങ്ങളിൽ

വർഷം	ഇൻഡ്യ	കേരളം	പത്തനംതിട്ട
1991	927	1036	1066
2001	933	1058	1094
2011	943	1084	1132

സ്ത്രീ –പുരുഷ അനുപാതം – കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ

ഇൻഡ്യയിലെ ജനസംഖ്യയിൽ പെൺകുട്ടികളുടെ എണ്ണം കുറവായതിനുള്ള പ്രധാനകാരണം ഭ്രൂണഹത്യയായിരുന്നു. സർക്കാർ കർശനമായ നിയമം മൂലം ലിംഗനിർണ്ണയം വിലക്കിയതോടെ പെൺകുട്ടികളുടെ ജനന നിരക്കിൽ വർദ്ധനയുണ്ടായിട്ടുണ്ട്. കേരളത്തിൽ ഏറ്റവും ഉയർന്ന സ്ത്രീ–പുരുഷ അനുപാതമുള്ള രണ്ടാമത്തെ ജില്ലയാണ് പത്തനംതിട്ട.

കുട്ടികളുടെ എണ്ണം

2011 ലെ കണക്കു പ്രകാരം 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം ഈ ജില്ലയിൽ 67294 ആണ്. ഇതിൽ 34022 ആൺകുട്ടികളും 33272 പെൺകുട്ടികളുമാണ്. ഇവരിൽ സ്ത്രീ– പുരുഷാനുപാതം 1000 ആൺകുട്ടികൾക്ക് 978 പെൺകുട്ടികളാണ്. ഈ നിരക്ക് തുടർന്നാൽ വരും നൂറ്റാണ്ടിൽ കേരളത്തിലും സ്ത്രീകളുടെ അനുപാതം മറ്റു സംസ്ഥാനങ്ങളിലെ പോലെയാകും.

പ്രായം തിരിച്ചുള്ള ജനസംഖ്യാപങ്കാളിത്തം പട്ടിക 2.4 – ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.4

ജനസംഖ്യാപങ്കാളിത്തം – പത്തനംതിട്ട

	2011		
പ്രായം	**ആൺ**	**പെൺ**	**ആകെ**
0-4	34022	33272	67294
5-9	38863	37198	76061
10-14	45295	44020	89315
15-19	43388	41121	84509
20-24	41860	40910	82770
25-29	36071	43187	79258
30-34	34401	43879	78280
35-39	37466	50009	87475
40-44	38251	49832	88083
45-49	41026	51297	92323
50-54	36511	42915	79426
55-59	37255	40823	78078
60-64	31189	33544	64733
65-69	22448	26060	48508
70-74	17014	20312	37326
75-79	12294	16145	28439
80 ന് മുകളിൽ	13761	20616	34377
വയസ് വെളിപ്പെടുത്താത്തവർ	601	556	1157
TOTAL	**561716**	**635696**	**1197412**

Source: Gender Statistics 2015-16

വിദ്യാർത്ഥികളുടെ എണ്ണം

2015–2016 ലെ കണക്ക് പ്രകാരം എൽ.പി, യു.പി, ഹൈസ്ക്കൂൾ വിഭാഗങ്ങളിലായി ഗവൺമെന്റ്, എയ്ഡഡ്, അൺ എയിഡഡ് മേഖലകളിലായി പത്തനംതിട്ട ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം 90535 ആണ്. ഇതിൽ 45477 ആൺകുട്ടികളും 45058 പെൺകുട്ടികളുമാണ്. ഇവിടെയും ആൺകുട്ടികളെക്കാൾ കുറവാണ് പെൺകുട്ടികൾ.

സാമൂഹ്യസ്ഥിതി

2011 ലെ സെൻസസ് അനുസരിച്ച് പട്ടികജാതി വിഭാഗക്കാർ ജില്ലയുടെ ആകെ ജനസംഖ്യയുടെ 13.73 %, ഉം പട്ടികവർഗക്കാർ 0.67% ഉം ആണ്. ഇത് കേരളത്തിൽയഥാക്രമം 9.10%, 1.45% ആണ്. ജില്ലയുടെ ആകെ ജനസംഖ്യയുടെ 56.93 % ഹിന്ദുക്കളും, 38.12% ക്രിസ്ത്യാനികളും 4.59% മുസ്ലീങ്ങളും 0.36% മറ്റുള്ള മതവിഭാഗങ്ങിൽ ഉൾപ്പെട്ടവരുമാണ്. സാമൂഹികസ്ഥിതിയുടെ വിശദവിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 2.5

ജനസംഖ്യാ നിരക്ക് (സാമൂഹികാടിസ്ഥാനത്തിൽ)

	പത്തനംതിട്ട				**കേരളം**			
മതവിഭാഗം	**ആൺ**	**പെൺ**	**ആകെ**	**%**	**ആൺ**	**പെൺ**	**ആകെ**	**%**
ഹിന്ദുക്കൽ	319591	362075	681666	56.93%	8803455	9479037	18282492	54.73%
മുസ്ലീങ്ങൾ	26130	28944	55074	4.59%	4176255	4697217	8873472	26.56%
ക്രിസ്ത്യാനികൾ	213855	242549	456404	38.12%	2993781	3147488	6141269	18.38%
മറ്റുള്ളവർ	203	194	397	0.36%	10954	9719	20673	0.06%
മതം വെളിപ്പെടുത്താത്തവർ	15	6	21	0.00%	42967	45188	88155	0.26%
പട്ടികജാതി	78942	85523	164465	13.73%	1477808	1561765	3039573	9.10%
പട്ടികവർഗ്ഗം	3947	4161	8108	0.67%	238203	246636	484839	1.45%

Source: Gender Statistics 2015-2016

സാക്ഷരതാ നിലവാരം

സാക്ഷരതയിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. പത്തനംതിട്ട ജില്ലയിലെ സാക്ഷരത കേരളത്തിന്റെ മൊത്തം സാക്ഷരതാ നിരക്കിനെക്കാൾ കൂടുതലാണ്. 2011 ൽ പത്തനംതിട്ട ജില്ലയുടേത് 96.55%ഉം കേരളത്തിന്റേത് 94%ഉം ആണ്. പട്ടികജാതി വിഭാഗത്തിന്റെയും പട്ടികവർഗ്ഗ വിഭാഗത്തിന്റെയും സാക്ഷതരാ നിരക്ക് സംസ്ഥാന ശരാശരിയെക്കാൾ ഈ ജില്ലയിൽ കൂടുതലാണ്. പട്ടിക 2.6 ൽ വിശദമാക്കുന്നു.

പട്ടിക 2.6

സാക്ഷരതാ നിരക്ക്

	പത്തനംതിട്ട		കേരളം	
	സാക്ഷരർ	നിരക്ക്	സാക്ഷരർ	നിരക്ക്
എല്ലാ വിഭാഗവും				
ആൺ	499181	97.36	13704903	96.11
പെൺ	563372	95.83	14430921	92.07
ആകെ	**1062553**	**96.55**	**28135824**	**94**
എസ്.സി				
ആൺ	67554	94.56	1477808	92.64
പെൺ	70159	89.74	1561765	85.07

ആകെ	**137713**	**92.04**	**3039573**	**88.73**
എസ്.ടി				
ആൺ	3275	91.63	169812	80.76
പെൺ	3312	87.76	156460	71.08
ആകെ	**6587**	**89.64**	**326272**	**75.81**

Source: Gender Statistics 2015-2016

സാമ്പത്തിക സ്ഥിതി

ഏതൊരു രാജ്യത്തിന്റെയും പുരോഗതി വിലയിരുത്തുന്നത് അവിടുത്തെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയാണ്.പട്ടിക 2.7 ഇത് വിശദമാക്കുന്നു.

പട്ടിക 2.7

ജില്ലാ പ്രതിശീർഷ വരുമാനം (2011–12 പ്രൈസ്)

ക്രമ നമ്പർ	ജില്ല	2014-15 (P)	റാങ്ക	2015-16 (Q)	റാങ്ക	വളർച്ചാ നിരക്ക
1	തിരുവനന്തപുരം	108108	7	118740	7	9.83
2	കൊല്ലം	124329	2	130341	2	4.84
3	പത്തനംതിട്ട	88399	10	92130	12	4.22
4	ആലപ്പുഴ	123368	3	130172	3	5.52
5	കോട്ടയം	113519	6	120122	5	5.82
6	ഇടുക്കി	114673	4	119908	6	4.57
7	എറണാകുളം	135817	1	146518	1	7.88
8	തൃശൂർ	114168	5	123341	4	8.03
9	പാലക്കാട്	88342	11	94623	10	7.11
10	മലപ്പുറം	80277	14	85575	14	6.6
11	കോഴിക്കോട്	99197	8	105873	8	6.73
12	വയനാട്	81842	13	86202	13	5.33
13	കണ്ണൂർ	97178	9	104246	9	7.27
14	കാസർഗോഡ്	86045	12	93180	11	8.29
	STATE	**105104**		**112343**		**6.89**

Source: State Planning Board Web site, P – Provisional Estimate, Q – Quick Estimate

അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം കാര്യമായി മെച്ചപ്പെടുത്തിയാൽ സാമ്പത്തിക സാമൂഹിക ഉന്നമനങ്ങൾക്ക് വഴിതെളിക്കും.

ആരോഗ്യനിലവാരം

ആരോഗ്യരംഗത്തും കേരളം അസൂയാവഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഇത് മറ്റു വികസിത രാജ്യങ്ങളോട് തുല്യമാണ്. താഴ്ന്ന ശിശുമരണ നിരക്കും, ഉയർന്ന ആയുർദൈർഘ്യവും ഇതുമൂലം ഉണ്ടായ നേട്ടങ്ങളുടെ പ്രധാന സൂചികകളാണ്. പത്തനംതിട്ട ജില്ല ആരോഗ്യ രംഗത്ത് കേരളത്തിനൊപ്പം നേട്ടം കൈവരിച്ചിട്ടുണ്ട്. ജില്ലയിൽ സർക്കാർ മേഖലയിൽ ഏഴ് സർക്കാർ ആശുപത്രികളും, 43 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും, 12 സാമൂഹിക ആരോഗ്യകേന്ദ്രങ്ങളും, 261 കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

പട്ടിക 2.8
ജനന മരണ നിരക്ക് 2015

	പത്തനംതിട്ട	കേരളം
ജനന നിരക്ക്	13.61	15.13
മരണ നിരക്ക്	9.87	7.4
ശിശുമരണ നിരക്ക്	3.87	5.91
മാതൃ മരണ നിരക്ക്	0.19	0.17
നിർജ്ജീവ ജനന നിരക്ക്	1.8	4.75

Source: Gender Statistics 2015-16

പരിപ്രേക്ഷ്യം

കർഷകരായും കർഷക തൊഴിലാളികളായും ജോലി ചെയ്യുന്നവർ പത്തനംതിട്ട ജില്ലയിൽ ഏറെയുണ്ടെങ്കിലും കൃഷി സ്ഥലത്തിന്റെ കുറവും കാർഷിക വൃത്തിയോടുള്ള വിമുഖതയും കാരണം കാർഷിക മേഖലയിൽ കൂടുതൽ വികസനം ഉണ്ടായാലും ആ മേഖലയിൽ കൂടുതൽ തൊഴിലാളികളെ ഭാവിയിൽ ഉൾക്കൊള്ളുവാനുള്ള സാധ്യത കുറവാണ്. ആയതിനാൽ മറ്റ് മേഖലകളിൽ തൊഴിലാളികളുടെ ഡിമാന്റ് വർദ്ധിക്കുവാനുള്ള ശ്രമം നടത്തേണ്ടതാണ്. വ്യവസായ മേഖലയുടെ വികസനമാണ് ഇതിനുള്ള പ്രധാന മാർഗ്ഗം.

സേവന മേഖലയിൽ തൊഴിലാളികളുടെ വർദ്ധിച്ച ഡിമാന്റ് ഉണ്ടെങ്കിലും തദ്ദേശീയരായ തൊഴിലില്ലാത്തവരുടെ സേവനം ഈ മേഖലയിൽ വരുന്നില്ല. നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ മഹാ ഭൂരിപക്ഷവും അന്യ സംസ്ഥാന തൊഴിലാളികളാണ്. തൊഴിൽ മഹത്വത്തെക്കുറിച്ചുള്ള തെറ്റായ സങ്കല്പം നിലനിൽക്കുന്നതിനാലാണ് തദ്ദേശ്ശീയർ ഈ തൊഴിൽ മേഖലയിൽ നിന്നും മാറി നിൽക്കുന്നത്. വ്യവസ്ഥാപിതമായ സംവിധാനങ്ങൾ ഉണ്ടാക്കിയാൽ ഈ സ്ഥിതിയ്ക്ക് മാറ്റം ഉണ്ടാക്കാവുന്നതാണ്.

പ്രതിശീർഷ വരുമാനത്തിൽ ജില്ല പന്ത്രണ്ടാം സ്ഥാനത്താണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ആയുർ ദൈർഘ്യം കൂടി വരുന്ന സാഹചര്യത്തിൽ വൃദ്ധ ജനങ്ങളുടെ എണ്ണം കൂടിവരികയാണ്. വിദേശങ്ങളിലും സംസ്ഥാനത്തിനു പുറത്തുമായി ജോലി ചെയ്യുന്നവർ ധാരാളം ഉള്ളതിനാൽ അവരുടെ മാതാപിതാക്കൾ ഒറ്റയ്ക്ക് താമസിക്കുന്നു. ഇങ്ങനെയുള്ളവർ മറ്റു ജില്ലകളിലുള്ളതിനേക്കാൾ കൂടുതൽ ഈ ജില്ലയിൽ ഉണ്ടെന്നാണ് കണക്ക്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രാദേശിക ആസൂത്രണ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.

ഇപ്പോൾ ഹോംനേഴ്സിംഗിൽ പരിശീലനം നൽകി സേവനം ലഭ്യമാക്കുന്ന ചില സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസികൾ ലഭ്യമാക്കുന്ന സേവനം പരിമിതമാണ്. ഇതേ മാതൃകയിൽ വിവിധതരം സേവനങ്ങൾ പൂർണ്ണ സമയത്തേയ്ക്കോ മണിക്കൂറുകൾക്കായോ ലഭ്യമാക്കുകയും അവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. തൊഴിൽ മാന്യതയെന്ന തെറ്റായ സങ്കൽപ്പത്തെ അതിജീവിക്കുവാനായി ഇത്തരം സേവനം നൽകാൻ കഴിയുന്നവരെ സംഘടിപ്പിച്ച് വേണ്ട പരിശീലനം നൽകി ആവശ്യക്കാർക്ക് ലഭ്യമാക്കുവാനുള്ള പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

തൊഴിൽ മേഖല

2011 ൽ ജില്ലയിലെ പൂർണ്ണ സമയ തൊഴിലാളികൾ ജില്ലയുടെ ആകെ ജനസംഖ്യയുടെ 24.49% ഭാഗിക തൊഴിലാളികൾ 8.31% ആയിരുന്നു. 2001 ലെ സെൻസസ് പ്രകാരം ഇവ യഥാക്രമം 23.16%, 6.5% ആണ്. ഇവരിൽ കർഷകർ ആകെ തൊഴിലാളികളുടെ 10.54%, കർഷക തൊഴിലാളികൾ 14.12% ആണ്.

2014ലെ കണക്കനുസരിച്ച് ജില്ലയിൽ സർക്കാർ സേവനത്തിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർ ആകെ 22878. ഇതിൽ വനിതാ പങ്കാളിത്തം 38.25 ശതമാനവും ആണ്. സ്വകാര്യ സ്ഥാപന തൊഴിലാളികൾ 17842 ആണ്. ഇതിൽ വനിതകൾ 59.03% ആണ്. തൊഴിൽ രംഗത്ത് കർഷക

തൊഴിലാളി വിഭാഗത്തിലും സേവന വിഭാഗത്തിലും ഒഴിച്ച് മറ്റ് മേഖലകളില്ലൊം പുരുഷന്മാരാണ് കൂടുതൽ.

പട്ടിക 2.9

തൊഴിൽ ശക്തി (സർക്കാർമേഖല,സ്വകാര്യ മേഖല) 2014

	പത്തനംതിട്ട			കേരളം		
തൊഴിൽ മേഖല	**ആൺ**	**പെൺ**	**ആകെ**	**ആൺ**	**പെൺ**	**ആകെ**
കേന്ദ്ര സർക്കാർ	1022	644	1666	43505	13601	57106
സംസ്ഥാന സർക്കാർ	5891	4971	10862	159143	106379	265522
കേന്ദ്ര അർദ്ധ സർക്കാർ	1171	646	1817	65598	24797	90395
സംസ്ഥാന അർദ്ധ സർക്കാർ	5266	1950	7216	100939	38801	139740
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ	778	539	1317	16780	9829	26609
സ്വകാര്യമേഖല	7309	10533	17842	265859	284515	550374
ആകെ	**21437**	**19283**	**40720**	**651824**	**477922**	**1129746**

Source: Statistics for Planning 2014

പട്ടിക 2.10

തൊഴിൽ ഉള്ളവരും തൊഴിൽ രഹിതരും

	പ്രധാന തൊഴിലാളികൾ		**ഭാഗീക തൊഴിലാളികൾ**		**തൊഴിൽ രഹിതർ**	
	ആൺ	**പെൺ**	**ആൺ**	**പെൺ**	**ആൺ**	**പെൺ**
ഇലന്തൂർ	19030	5974	4560	3260	25129	46552
കോയിപ്രം	21797	6700	5312	4067	29465	53390
കോന്നി	26950	3881	7869	6039	31205	61232
മല്ലപ്പള്ളി	22891	6801	4557	3451	28473	52030
പന്തളം	11965	4250	3748	2942	15577	29044
പറക്കോട്	37918	12391	11747	7691	46516	89932
പുളിക്കീഴ്	15428	5400	4667	3697	20715	37712
റാന്നി	33992	8115	8202	5476	36816	71862
അടൂർ മുൻസിപ്പാലിറ്റി	5281	1571	1024	447	7436	13412
പത്തനംതിട്ടമുൻസിപ്പാലിറ്റി	7427	2384	1495	947	8222	16463
തിരുവല്ല മുൻസിപ്പാലിറ്റി	9939	3747	1635	982	13243	23337
ആകെ	**212618**	**61214**	**54816**	**38999**	**262797**	**494966**

Source: Census 2011

പട്ടിക 2.11

പ്രധാന തൊഴിലാളികൾ – തരം തിരിച്ച്

	2001			**2011**		
	ആൺ	**പെൺ**	**ആകെ**	**ആൺ**	**പെൺ**	**ആകെ**
കർഷകർ	43997	5506	49503	36497	4917	41414
കർഷക തൊഴിലാളികൾ	58932	13755	72687	44230	11225	55455
കുടിൽ വ്യവസായം	6809	3607	10416	7564	3510	11074
മറ്റുള്ളവർ	170208	63235	233443	193563	91288	284851
ആകെ	**279946**	**86103**	**366049**	**281854**	**110940**	**392794**

തൊഴിൽ അന്വേഷകർ

തൊഴിൽ അന്വേഷകർ അനുദിനം വർദ്ധിച്ചുവരുകയാണ് പത്തനംതിട്ട ജില്ലയിൽ. പൊതുമേഖലയിലും, സ്വകാര്യമേഖലയിലും വ്യാവസായിക സംരഭങ്ങൾ വളരെ കുറവാണ്. പരമ്പരാഗത മേഖലയെ പരിപോഷിപ്പിച്ചാൽ മാത്രമേ ഇതിനു ഒരളവു വരെ പരിഹാരം കാണാൻ സാധിക്കുകയുള്ളു. 2017 മാർച്ചിലെ കണക്കനുസരിച്ച് പത്തനംതിട്ട ജില്ലയിൽ തൊഴിലന്വേഷകരുടെ എണ്ണം 133028 പേർ ആയിരുന്നു.

പട്ടിക 2.12

തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്തവരുടെ പട്ടിക –
പത്തനംതിട്ട ജില്ല

	മാർച്ച് 2016			മാർച്ച് 2017		
വിഭാഗം	**ആൺ**	**പെൺ**	**ആകെ**	**ആൺ**	**പെൺ**	**ആകെ**
ജനറൽ	37782	61996	99778	36596	61661	98257
എസ്.സി	14048	19014	33062	14415	19439	33854
എസ്.ടി	416	446	862	429	488	917
ആകെ	**52246**	**81456**	**133702**	**51440**	**81588**	**133028**

Source: District Employment Office Pathanamthitta

യോഗ്യത	**ആകെ**
പത്തിന് താഴെ	8280
പത്താം ക്ലാസ്	79806
പിഡിസി/പ്ലസ്ടു	26343
ബിരുദം	6124
ബിരുദാന്തരബിരുദം	2356

Source: District Employment Office Pathanamthitta

തൊഴിൽ ലഭ്യത

കാർഷിക മേഖലയിലുള്ള തൊഴിൽ കുറഞ്ഞ് വരുകയും വ്യാവസായിക മേഖലയിലുള്ള തൊഴിൽലഭ്യത കൂടി വരികയും ചെയ്യുന്ന ഒരു പ്രവണത സാമ്പത്തിക വളർച്ചയുടെ കാതലായ ഒരു വശമാണ്. കേരളത്തിലെ നാണ്യവിളകളുടെ ഉയർന്ന ഉൽപ്പാദനം മൂലം കാർഷികോൽപ്പാദനം താരതമ്യേന കൂടുതലാണ്. എങ്കിലും നെൽകൃഷിയുടെ വ്യാപകമായ കുറവ് കാരണം ഈ രംഗത്ത് തൊഴിൽ ലഭ്യത വളരെ കുറഞ്ഞു. വിശേഷിച്ചും സ്ത്രീകളുടെ തൊഴിൽ ലഭ്യത. ഇതോടൊപ്പം ഉയർന്ന സാക്ഷരതാ നിലവാരം കാർഷിക രംഗത്ത് ജോലി ചെയ്യുവാൻ താൽപര്യം ഉള്ളവരുടെ എണ്ണം ഗണ്യമായി കുറച്ചു.

2001–2011 കാലഘട്ടത്തിൽ നിർമ്മാണ രംഗത്ത് തൊഴിലാളികളുടെ അഭൂതപൂർവ്വമായ വർദ്ധന ഉണ്ടായിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് ഇവരിൽ ഭൂരിഭാഗവും.

വികസന പരിപ്രേക്ഷ്യം

ലഭ്യമായ മനുഷ്യവിഭവശേഷി പൂർണ്ണമായും ഫലവത്തായും ഉപയോഗിച്ചാൽ മാത്രമേ ഏതൊരു സമൂഹത്തിലും വികസനം സാധ്യമാകു. കേരളത്തിലെ പൊതുസ്ഥിതിയ്ക്ക് അനുസരിച്ച് ഈ ജില്ലയിലും തൊഴിലില്ലായ്മ രൂക്ഷമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനു വേണ്ടി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം 133028 ആണ്. ഇത് ഈ ജില്ലയുടെമൊത്തം

ജനസംഖ്യയുടെ ഏതാണ്ട് 11 ശതമാനമാണ്. പേര് രജിസ്റ്റർ ചെയ്യാത്ത തൊഴിലന്വേഷകരും വളരെയുണ്ട്. ലഭ്യമായ മനുഷ്യ അധ്വാനം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ പാഴായി പോകുന്നത് ഗൗരവമായ പ്രശ്നമാണ്.

ഒരു വൈരുദ്ധ്യമെന്ന നിലയിൽ, മറുഭാഗത്ത് പല മേഖലകളിലും തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതിയും നിലനിൽക്കുന്നു. കാർഷികമേഖലയിൽ വേണ്ടത്ര തൊഴിലാളികളെ ലഭിക്കുന്നില്ല എന്നത് ഒരു വലിയ പരാതിയാണ്. വളരെ കൂടുതൽ ജോലി നടക്കുന്ന നിർമ്മാണ മേഖലയിൽ ജോലിചെയ്യുന്നവരിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഒരു ഭാഗത്ത് രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾ തന്നെ മറു ഭാഗത്ത് പല മേഖലകളിലും ജോലി ചെയ്യുവാൻ ആളുകളെ ലഭിക്കാത്ത വൈരുദ്ധ്യം പത്തനംതിട്ട ജില്ലയിൽ രൂക്ഷമാണ്.

കാർഷികമേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടന്നാലും ആ മേഖലയിൽ കൂടുതൽ തൊഴിലാളികളെ ഭാവിയിൽ ഉൾക്കൊള്ളുവാനുള്ള സാധ്യത കുറവാണ്. അതിനാൽ മറ്റ് മേഖലകളിൽ തൊഴിലാളികളുടെ ഡിമാന്റ് വർദ്ധിപ്പിക്കുവാനുള്ള ശ്രമം നടക്കേണ്ടതാണ്. വ്യവസായമേഖലയിലെ മുരടിപ്പ് ഈ ജില്ലയിൽ മാത്രമായി പെട്ടെന്ന് മുറിച്ചു കടക്കുവാൻ സാധിക്കില്ല വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സേവന മേഖലയിൽ പുതിയ തരം തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുകയും അവിടേക്ക് അനുയോജ്യമായ തൊഴിലാളികളെ സജ്ജമാക്കുകയും ചെയ്യുന്ന ശ്രമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയായിരിക്കും കരണീയമായിട്ടുള്ളത്.

ഈ വിധത്തിലുള്ള വിവിധ പരിപാടികൾക്കും നൂതന ആശയങ്ങൾക്കും പ്രധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കർമ്മ പരിപാടി ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ ജില്ലയുടെ സമഗ്ര വികസനം കൈവരിക്കാൻ സാധിക്കുകയുള്ളു.

B. പ്രകൃതി വിഭവങ്ങൾ

ചിത്രം. 2.1

പ്രകൃതി വിഭവങ്ങളിൽ പ്രധാനമായവ സ്ഥലം, ജലം, സസ്യ-മൃഗ, മനുഷ്യ സമ്പത്ത് എന്നിവയാണ്. ജീവന്റെ നിലനിൽപ്പും വികാസവും പ്രകൃതി വിഭവങ്ങളുടെ പരസ്പര ബന്ധത്തിൽ അധിഷ്ടിതമാണ്. ഇവയുടെ അളവിനോ സ്വഭാവത്തിനോ മാറ്റം സംഭവിക്കുമ്പോൾ പ്രകൃതിയുടെ ആരോഗ്യപരമായ നിലിൽപ്പിനു ഭീഷണിയാകുന്ന പ്രശ്നങ്ങൾ ഉടലെടുക്കുന്നു. വറ്റുന്ന കിണറുകളും മണ്ണും മാലിന്യവു മടിഞ്ഞ് നശീകൃതമായ കുളങ്ങളും വറ്റിവരളുന്ന പുഴകളും തരിശായ കൃഷിയിടങ്ങളും മരങ്ങളില്ലാത്ത പുരയിടങ്ങളും ഈ അസന്തുലിതാവസ്ഥയുടെ പരിണിത ഫലങ്ങളാണ്. കാലാവസ്ഥാ വ്യതിയാനം പോലുള്ള പ്രതിഭാസങ്ങൾ ഈ ദുർഘടാവസ്ഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ജല ക്ഷാമവും ജീവി-ജലമലിനീകരണവും വർദ്ധിക്കുന്നു. പ്രകൃതിയെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ മനുഷ്യൻ തന്നെ പ്രകൃതി വിഭവങ്ങളുടെ മേൽ വിവേചനരഹിതമായ കടന്നുകയറ്റം നടത്തുകയും ഇത് ജീവന്റെ നില നിൽപ്പിനുതന്നെ ഭീഷണിയാവുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചൂഷണത്തിനു വിധേയമായിക്കൊ ണ്ടിരിക്കുന്ന പ്രകൃതി വിഭവങ്ങളാണ് സ്ഥലം, ജലം, സസ്യ-മൃഗ സമ്പത്തുകൾ. ആയതിനാൽ നമ്മുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് ഈ പ്രകൃതി സമ്പത്തുകളെ സംരക്ഷിക്കേണ്ടത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

കാലാവസ്ഥ

സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലുള്ള കാലാവസ്ഥ, അതായത് അന്തരീക്ഷ ഈർപ്പം കൂടിയ ഉഷ്ണ മേഖല കാലാവസ്ഥ ജില്ലയിലും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലം വരണ്ട കാലാവസ്ഥയും മാർച്ച് മുതൽ മെയ് വരെയുള്ള കാലം ഉഷ്ണകാലമായും ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലം തെക്കുപടിഞ്ഞാറൻ കാലവർഷ കാലമായും ഒക്ടോബർ നംവബർ മാസ ങ്ങൾ വടക്കുകിഴക്കൻ കാലവർഷ കാലമായും അനുഭവപ്പെടുന്നു. മഴ പ്രധാനമായും ഇടവപ്പാതിയിലും തുലവർഷത്തിലുമായി ലഭിക്കുന്നു. മഴയുടെ ഏകദേശം 60 ശതമാനം ഇടവപ്പാതിയിലും 30 ശതമാനം തുലാവർഷത്തിലും 10 ശതമാനം വേനൽ മഴയായും ലഭിക്കുന്നു. ജില്ലയിലെ വാർഷിക താപനില 20C മുതൽ 39 C വരെയാണ്. 2016ൽ ലഭിച്ച മഴയുടെ അളവ് 2147 എം.എം ആണ്.

ചിത്രം.2.2

മഴ ലഭ്യതയുടെ സൂചന



പട്ടിക 2.13

മഴയുടെ ശരാശരി ലഭ്യത – പത്തനംതിട്ട ജില്ല (മില്ലി.മീ)

മാസം	**മഴയുടെ ശരാശരി ലഭ്യത (മി.മീ)**
ജനുവരി	28
ഫെബ്രുവരി	41
മാർച്ച്	99
ഏപ്രിൽ	202
മെയ്	306
ജൂൺ	585
ജൂലായ്	550
ആഗസ്റ്റ്	372
സെപ്റ്റംബർ	272
ഒക്ടോബർ	339
നവംബർ	242
ഡിസംബർ	62
ആകെ	**3098**

സ്ഥലം

ഭൂവൽക്കത്തിന്റെ ഉപരിഭാഗത്ത് കാണപ്പെടുന്ന ഭാഗമാണ് സ്ഥലം. പാറ, മണ്ണ്, എന്നീ പദാർത്ഥങ്ങളാൽ സ്ഥലം നിറഞ്ഞിരിക്കുന്നു. ഫലഭൂയിഷ്ഠമായ മേൽ മണ്ണുള്ള സ്ഥലം കൃഷിക്ക് അനുയോജ്യമാണ്. ധാതുക്കൾ, ജൈവാംശം, വായു, ഈർപ്പം എന്നിവ മണ്ണിൽ അടങ്ങിയിരിക്കുന്നു. മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടൽ മൂലം ഫലഭൂയിഷ്ഠമായ മേൽമണ്ണ് നാശത്തിനും നഷ്ടത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ പ്രധാനമാണ് മണ്ണൊലിപ്പുമൂലമുണ്ടാകുന്ന നഷ്ടം. പ്രകൃത്യാതന്നെ മണ്ണൊലിപ്പ് ഉണ്ടാകുമെങ്കിലും പരിസ്ഥിതിയുമായുള്ള മനുഷ്യ-ജന്തു ജാലങ്ങളുടെ ഇടപെടൽ ഇതിനെ രൂക്ഷമാക്കുന്നു. ഒലിച്ചിറങ്ങുന്ന മേൽമണ്ണിനൊപ്പം നഷ്ടപ്പെടുന്ന ധാതുക്കളുടെയും ലവണങ്ങളുടെയും അളവ് നിർണ്ണയാതീതമാണ്. രൂക്ഷമായ മണ്ണൊലിപ്പിൽ ഭൂമിയുടെ ഉത്പാദന ക്ഷമത തന്നെ കുറഞ്ഞു വരുന്നു. നമ്മുടെ പുഴയിൽ നിന്നും ഓരോ വർഷവും വാരി നീക്കുന്ന മണലിന്റെ അളവ് വ്യാപകമായി ഉണ്ടാകുന്ന മണ്ണൊലിപ്പിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. ഇത് വ്യാപകമായ പ്രളയക്കെടുതിക്കും നദികളുടെ പാർശ്വങ്ങൾ ഇടിയുന്നതിനും വഴിതെളിക്കുന്നു.

ഭൂപ്രകൃതി-പത്തനംതിട്ട ജില്ല

സമുദ്ര നിരപ്പിൽ നിന്നും 7.5 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളെ താഴ്ന്ന പ്രദേശങ്ങളായും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളെ ഇടനാടായും 75 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളെ ഉയർന്ന പ്രദേശങ്ങളായും തിരിച്ചിരിക്കുന്നു. ഈ തരം തിരിവ് പ്രകാരമുള്ള 3 പ്രദേശങ്ങളും പത്തനംതിട്ട ജില്ലയിൽ കാണപ്പെടന്നു. ഭൂമിയുടെ ചരിവ് കിഴക്കു നിന്നും പടിഞ്ഞാറോട്ടാണ്. ഏറ്റവും കുറഞ്ഞ ഉയരമായ 4 മീറ്റർ തിരുവല്ല താലൂക്കിലും ഏറ്റവും കൂടിയ പ്രദേശമായ ദേവർമല (1922 മീ) കക്കിയാർമല(1226 മീ), പമ്പാമല (1779 മീ) ഇവ റാന്നി താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിലും സ്ഥിതി ചെയ്യുന്നു.

താഴ്വാരങ്ങൾ സമതല പ്രദേശങ്ങൾ എന്നിവ തിരുവല്ല താലൂക്കിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നു. ഇടത്തരം ഉയർന്ന പ്രദേശങ്ങളും ഇടനാടും ജില്ലയിലെ 6 താലൂക്കുകളിലുമായി വ്യാപിച്ചു കിടക്കുന്നു. വളരെ ഉയർന്ന പ്രദേശങ്ങൾ തിരുവല്ല താലൂക്കിൽ ഇല്ല. എന്നാൽ മല്ലപ്പള്ളി താലൂക്കിൽ പരിമിതമായും റാന്നി, കോഴഞ്ചേരി, അടൂർ, കോന്നി താലൂക്കുകളിൽ വ്യാപകമായും കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങൾ ജില്ലയുടെ കിഴക്ക് പശ്ചിമഘട്ട നിരകൾ മുതൽ മദ്ധ്യത്തിൽ ഇടനാട് വരെ വ്യപിച്ചുകിടക്കുന്നു.

പട്ടിക.2.14

ഭൂവിതാനത്തിന്റെ പട്ടിക

ക്രമ നമ്പർ	ഭൂമിശാസ്ത്രപരമായ തരം തിരിവ്	വിസ്തീർണം (ച.കി മി)	സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം(മീറ്റർ)
1.	സമതല പ്രദേശം	81	< 5
2.	ഇടനാട്	700	5 –80
3.	മലനാട്	1874	80–1500

സമതല പ്രദേശങ്ങൾ നിരപ്പാർന്നതോ സാധാരണയിൽ താണതോ ആയ നിമ്നോന്നതസ്ഥിതിയോടു കൂടിയതും ഇടനാട് പ്രദേശങ്ങൾ നിമ്നോന്നതസ്ഥിതിയോടു കൂടിയതും ഉയർന്ന പ്രദേശങ്ങൾ പ്രത്യേകിച്ച് ജില്ലയുടെ വടക്കു കിഴക്കൻ ഭാഗങ്ങൾ വളരെ കൂടിയ നിമ്നോന്നതസ്ഥിതിയോടു കൂടിയതായും വർത്തിക്കുന്നു.

ഈ രിതിയിൽ ജില്ലയിൽ കിഴക്കൻ ഭാഗങ്ങൾ ഇടതൂർന്ന വനപ്രദേശങ്ങൾ ഉള്ള ഉയർന്ന മലനിരകളായും ഇടനാട് മലനിരകളായും പടിഞ്ഞാറൻ ഭാഗങ്ങൾ നിരപ്പാർന്ന പ്രദേശങ്ങളായും വർത്തിക്കുന്നു.

മൺതരങ്ങൾ

വ്യത്യസ്ത സ്വഭാവത്തിൽ പലതരം മണ്ണുകൾ ഈ ജില്ലയിൽ കാണപ്പെടുന്നു. കേരളത്തിലെ മണ്ണിനങ്ങളിൽ മിക്കവയും ഈ ജില്ലയിൽ ലഭ്യമാണ്. ജില്ലയിലെ മധ്യപ്രദേശങ്ങളിൽ ലോമി സോയിൽ കാണപ്പെടുന്നു. നമ്മുടെ മണ്ണ് ജൈവ ഗുണങ്ങൾ ഏറെയുള്ളതിനാൽ കൃഷിക്ക് അനുയോജ്യമാണ്. ക്ലോറൈറ്റ്, മാഗ്നറ്റേറ്റ്, സിർകോൺ, ഫെൽസ്പാർ, ഗ്രാനൈറ്റ് തുടങ്ങിയ ധാതുക്കൾ ജില്ലയിൽ കണ്ടുവരുന്നു.

ഭൂപ്രകൃതി	വിതരണം	പ്രാദേശിക വിതരണം	ഫലപുഷ്ടി
വനപ്രദേശം (upland)	പാറയുടെ മുകളിൽ 100 സെ.മീ കൂടുതൽ ഇരുണ്ട ചുവപ്പ് കലർന്ന തവിട്ടു നിറത്തിലുള്ള ജൈവാംശം കൂടിയ ചെളി കലർന്ന പൊടി മണ്ണ് (clay foam) അമ്ല സ്വഭാവം	റാന്നി താലൂക്കിന്റെ വടക്കു കിഴക്കു ഭാഗങ്ങളിലും കോഴഞ്ചേരി പ്രദേശത്തിന്റെ കിഴക്കൻ ഭാഗങ്ങളിലുമുള്ള വനപ്രദേശങ്ങളിൽ കാണപ്പെടുന്നു.	പ്രധാന സസ്യ മൂലകങ്ങൾ കൂടിയ തോതിൽ കാണപ്പെടുന്നു. വിളകൾ – വനവൃക്ഷങ്ങൾ
മലമ്പ്രദേശം	പാറയുടെ മുകളിൽ 60 സെ.മീ മുതൽ 105 സെ.മീ ആഴത്തിൽ ഇരുണ്ട് ചുവപ്പ് കലർന്ന തവിട്ട് നിറത്തിലുള്ള ചരൽ നിറഞ്ഞ ചെളി കലർന്ന പൊടിമണ്ണ്. അമ്ല സ്വഭാവം (gravely clay foam)	കോഴഞ്ചേരി, റാന്നി, മല്ലപ്പള്ളി താലൂക്കുകളിൽ കാണപ്പെടുന്നു	സസ്യമൂലകങ്ങൾ മദ്ധ്യമമായി കാണപ്പെടുന്നു റബ്ബർ.
ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരിവുകളും (midland)	സാന്ദ്രതകൂടിയ ചെങ്കല്ലിനു മുകളിൽ 40 സെ.മീ മുതൽ 80 സെ.മീ വരെ ആഴത്തിൽ കടുത്ത തവിട്ട് നിറത്തിലുള്ള ചരൽ നിറഞ്ഞ പൊടി കലർന്ന മണ്ണ് അമ്ല സ്വഭാവം(gravely clay foam)	കോഴഞ്ചേരി, റാന്നി താലൂക്കുകളുടെ പടിഞ്ഞാറൻ ഭാഗങ്ങളിലും അടൂർ, മല്ലപ്പള്ളി താലൂക്കുകളിലുമായി കാണപ്പെടുന്നു	ഭാവകം കുറവും പാക്യജനകവും ക്ഷാരവും മധ്യമവും. വിളകൾ–തെങ്ങും ഇടവിളകളും, റബ്ബർ
	സാന്ദ്രതകൂടിയ ചെങ്കല്ലിനു മുകളിൽ 100 സെ.മീ കൂടുതൽ ആഴത്തിൽ കടുത്ത തവിട്ട് നിറത്തിലും മഞ്ഞ കലർന്ന ചുവപ്പ് നിറത്തിലുള്ള ചരൽ നിറഞ്ഞ ചെളി കലർന്ന പൊടി മണ്ണ് (gravely foam), ചരൽ നിറഞ്ഞ ചെളിയുമായ മണ്ണും (gravely clay) അമ്ല സ്വഭാവവും	റാന്നി കോഴഞ്ചേരി താലൂക്കുകളുടെ പടിഞ്ഞാറ് ഭാഗം, തിരുവല്ല താലൂക്കിന്റെ കിഴക്ക് ഭാഗം, മല്ലപ്പള്ളി താലൂക്ക്	ഭാവകം കുറച്ച് ക്ഷാരവും മദ്ധ്യമം. വിളകൾ–തെങ്ങും ഇടവിളകളും, റബ്ബർ
താഴ്വാര പ്രദേശങ്ങൾ	എക്കൽ കലർന്ന ചെളിമണ്ണ്	തിരുവല്ല താലൂക്കിന്റെ പടിഞ്ഞാറ് ഭാഗം	നെൽക്കൃഷി ചെയ്യാൻ ഉതകുന്ന എക്കൽ കലർന്ന ചെളിമണ്ണ്

ഉറവിടം മണ്ണ് പര്യവേഷണ വിഭാഗം – കേരളം

ഭൂവിനിയോഗം

ജില്ലയുടെ ആകെ വിസതൃതി 2654.93 ആണ്. ജില്ലയുടെ ആകെ വിസ്തൃതിയുടെ 50.09% (1330.05 ചതുരശ്ര കിലോമീറ്റർ) വനമേഖലയാണ്. കാർഷിക മേഖലയുടെ (നെൽവയൽ, തോട്ടഭൂമി ഒഴികെ) വിസ്തൃതി 418.97 ചതുരശ്ര കിലോമീറ്ററും, തോട്ട (പ്ലാന്റേഷൻ) മേഖലയുടെ വിസ്തൃതി 591.82 ചതുരശ്ര കിലോമീറ്ററുമാണ്. 121.46 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് മുഖ്യമായും വാസ-കാർഷിക മേഖലയും, 34.53 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വാസ ഉപയോഗവുമാണ് നിലനിൽക്കുന്നത്. ജില്ലാ വിസ്തൃതിയിൽ 41.12 ചതുരശ്ര കിലോമീറ്റർ സ്ഥലം നദികളും, ജലാശയങ്ങളുമാണ്.

പട്ടിക 2.15
പത്തനംതിട്ട ജില്ലയുടെ ഭൂവിനിയോഗ ക്രമം

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ചതുരശ്ര കിലോമീറ്റർ)	ശതമാനം
1	വനഭൂമി	1330.05	50.09
2	നദികൾ/ജലാശയങ്ങൾ	41.12	1.55
3	നെൽവയൽ	72.73	2.74
4	വാസ ഉപയോഗം	34.53	1.30
5	കൃഷി	418.97	15.78
6	തോട്ടം	591.82	22.29
7	വാസ/കാർഷികം	121.46	4.57
8	മറ്റുള്ളവ	44.25	1.67
	ആകെ	**2654.93**	

അവലംബം : ജില്ലാ ടൗൺ പ്ലാനിംഗ്

പ്രകൃതി വിഭവങ്ങളുടെ ശോഷണത്തിനിടവരുത്തുന്ന കാരണങ്ങൾ

ഗുണത്തിലും അളവിലും പരസ്പര പൂരകങ്ങളായി ഭൂവിഭവങ്ങൾ വർത്തിക്കേണ്ടത് ജീവന്റെ നില നിൽപ്പിനുതന്നെ ആവശ്യമാണെന്ന് നേരത്തെ സൂചിപ്പിച്ചു. പ്രകൃതി വിഭവങ്ങളുടെ ശോഷണത്തിനിടവരുത്തുന്ന കാരണങ്ങൾ താഴെ വിവരിക്കുന്നു.

1. ഭൂതലത്തിന്റെ ചരിവ്

ചരിവിന്റെ കൂടിയ വ്യാപ്തിയും നീളവും മഴവെള്ളത്തിന്റെ കുത്തൊഴുക്കിനേയും തദ്വാരാ മണ്ണൊലിപ്പിനേയും രൂക്ഷമാക്കുന്നു. ജലത്തിന്റെ ഭൂഗർഭത്തിലേക്കുള്ള കിനിഞ്ഞിറക്കം അസാധ്യമാക്കുന്നു. വെള്ളപ്പൊക്കം, വരൾച്ച, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവയാണ് പരിണിത ഫലങ്ങൾ.

2. വ്യാപകമായ വന നശീകരണം

വർഷകാലത്ത് മഴയുടെ വിതരണത്തെ വനനശീകരണം സാരമായി ബധിക്കുന്നു. മഴത്തുള്ളികൾ നേരിട്ട് ഭൂമിയിൽ പതിക്കുന്നതിനാൽ മണ്ണൊലിപ്പ് രൂക്ഷമാകും. മരങ്ങളുടെ അഭാവം മലഞ്ചരുവുകളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യത കൂട്ടുന്നു. ജലത്തെ ആഗീരണം ചെയ്യാനുള്ള ഭൂമിയുടെ ശേഷി കുറയ്ക്കുന്നു.

3. അമിതവും അശാസ്ത്രിയവുമായ വിഭവ വിനിയോഗം
4. അനിയന്ത്രിത കാലിമേച്ചിൽ ജൈവവിഭവത്തെ ശോഷിപ്പിക്കുന്നു.
5. ഉചിതമായ വിളപരിക്രമണത്തിന്റെ അഭാവം
6. ഏക വിളയിലുള്ള ഊന്നൽ
7. ആവരണ വിളയുടെ അഭാവം
8. മലകളിലെ അശാസ്ത്രീയമായ റോഡു നിർമ്മാണം – മണ്ണിടിച്ചിലിന് കാരണമാകുന്നു.

9. അനിയന്ത്രിതമായ പാറപൊട്ടിക്കൽ
10. അശാസ്ത്രിയവും അപര്യാപ്തവുമായ മണ്ണ്–ജലസംരക്ഷണ പ്രവർത്തനങ്ങൾ
11. ഭൂമിയുടെ തുണ്ടുവൽക്കരണം
12. ജൈവവള പ്രയോഗത്തിന്റെ അഭാവം – ജലത്തെ ഉൾക്കൊള്ളാനുള്ള മണ്ണിന്റെ ശേഷിയെ സാരമായി കുറയ്ക്കുന്നു.
13. രാസവള പ്രയോഗത്തിന്റെ ആധിക്യം – മണ്ണിന്റെ ഘടന നശിപ്പിക്കുന്നു.
14. മഴവെള്ളം സംരക്ഷിക്കുന്നതിലെ അലംഭാവം
15. സസ്യവിളകൾ തിരഞ്ഞെടുക്കുന്നതിലെ അശാസ്ത്രിയത.
16. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആധിക്യം

ഇതിനായി നമ്മുടെ ജില്ലയെ സംബന്ധിച്ചിടത്തോളം ജില്ലയുടെ ഭൂപ്രകൃതി വിഭവങ്ങളുടെ അടിസ്ഥാനത്തിൽ ജൈവ–പ്രകൃതി വിഭവങ്ങളുടെ അളവും ഗുണവും വിലയിരുത്തേണ്ടത് ആവശ്യമാണ്. ഈ ജില്ല വിവിധ പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമാണ്. വൈവിദ്ധ്യമാർന്ന സസ്യസമ്പത്ത്, മൃഗ–പക്ഷി സമ്പത്ത് ജലം എന്നിവയാൽ അനുഗ്രഹീതമാണ്. മൊത്തം വിസ്തൃതിയുടെ 50 ശതമാനത്തിലേറെ വനഭൂമിയുള്ള ഈ ജില്ലയിലെ പ്രകൃതി സമ്പത്തുകളെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ജലം

പത്തനംതിട്ട ജില്ലയെ സംബന്ധിച്ചിടത്തോളം ജലത്തിന്റെ അടിസ്ഥാന സ്രോതസ് മഴ തന്നെയാണ്. മൺസൂൺ സമയത്ത് സംസ്ഥാനത്ത് ജലം മിച്ചമാണ്. എന്നാൽ മൺസൂൺ ഇതര സമയത്ത് ജല ലഭ്യത കുറവാണ്. അതായത് നിർണ്ണായക സമയങ്ങളിൽ മഴ കുറയുന്ന സ്ഥിതി വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ ചെങ്കുത്തായ ഭൂപ്രകൃതി അശാസ്ത്രീയമായ ഭൂ വിനിയോഗം സസ്യാവരണത്തിന്റെ അഭാവം, ജല സംഭരണത്തിലെ ശ്രദ്ധയില്ലായ്മ എന്നീ കാരണങ്ങളാൽ ജലം നമുക്ക് ഉപയോഗത്തിന് ലഭ്യമല്ലാതായിരിക്കുന്നു. അനിയന്ത്രിതമായ ഭൂഗർഭ ജല ചൂഷണം അപ്രതീക്ഷിതമായി കിണറുകൾ വറ്റുന്നതിന് കാരണമാകുന്നു. കേന്ദ്ര ജല കമ്മീഷന്റെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് മഴക്കാലത്തുപോലും നീരൊഴുക്കു കുറയുന്ന നദികളുടെ എണ്ണം വർദ്ധിക്കുന്നുവെന്നാണ്. മഴക്കാലത്ത് ലഭിക്കുന്ന ജലത്തിന്റെ സിംഹഭാഗവും നദികളിൽ കൂടി സമുദ്രത്തിലും മറ്റ് ജലാശയങ്ങളിലും എത്തിച്ചേരുന്നു. മഴ ഭൂമിയിൽ പതിക്കുന്നതിനും സമുദ്രത്തിലോ മറ്റു ജലാശയങ്ങളിലോ എത്തപ്പെടുന്നതിനും ഇടയ്ക്ക് വേണ്ടത്ര സമയം ഭൂതലത്തിൽ തങ്ങി നിന്നെങ്കിൽ മാത്രമേ ഭൂഗർഭ ജലം സംഭരിക്കപ്പെടുകയുള്ളു. പശ്ചിമഘട്ടത്തിൽ പെയ്തിറങ്ങുന്ന മഴയ്ക്ക് അറേബ്യൻ കടലിൽ എത്താൻ 48 മണിക്കൂർ മതിയാകും. ഈ കുത്തൊഴുക്കിന്റെ പ്രധാന കാരണം കേരളത്തിന്റെ ചെങ്കുത്തായ ഭൂപ്രകൃതിയാണ്. ചരിവ് കുത്തനെയായതിനാൽ മഴവെള്ളത്തിന്റെ സിംഹഭാഗവും സമൃദ്ധമായ മേൽമണ്ണിനേയും വഹിച്ച് കടലിൽ എത്തിച്ചേരുന്നു.

മഴവെള്ളം മനുഷ്യരുടെ ഉപയോഗത്തിന് ലഭ്യമാക്കുന്നത് കുളങ്ങൾ, ചാലുകൾ, തടാകങ്ങൾ, കായലുകൾ, പുഴകൾ എന്നിവയിലൂടെ ദൃശ്യജല വ്യൂഹമായും കിണറുകൾ, ഉറവകൾ എന്നിവയിലൂടെ അദൃശ്യ ജലവ്യൂഹമായുമാണ്.

ഈ വിഭവ ശോഷണം നമ്മുടെ കാർഷിക മേഖലയെ മാത്രമല്ല കുടിവെള്ള ലഭ്യതയെയും ബാധിക്കുന്നു. മഴയുടെ ലഭ്യതയിൽ മറ്റു ജില്ലകളെ അപേക്ഷിച്ച് മുൻപന്തിയിൽ ആണെങ്കിലും അത് സംരക്ഷിക്കുന്നതിന് നാം ജാഗ്രത പുലർത്തുന്നില്ല എന്നത് ഗൗരവകരമായ വസ്തുതയാണ്. ആയതിനാൽ നമ്മുടെ കുന്നുകളും വനങ്ങളും സംരക്ഷിച്ചുകൊണ്ട് കൂടുതൽ മരങ്ങൾ വളർത്തി മഴ സാദ്ധ്യത വർദ്ധിപ്പിക്കണം. ഓടകളിലേക്കും അതിലൂടെ ഒഴുകുന്ന തോടുകളിലേക്കും എവിടെനിന്നൊക്കെ വെള്ളം ഒഴുകിവരാൻ സാധ്യതയുണ്ടോ ആ പ്രദേശങ്ങളിലെല്ലാം പരമാവധി വെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതിനുള്ള സ്ഥിതിയുണ്ടാക്കി ചെറുതോടുകളിലെ നീരൊഴുക്കിന്റെ അളവ് വർദ്ധിപ്പിച്ചാൽ നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാൻ സാധിക്കും. പശ്ചിമഘട്ടമേഖലയിലെ ചരിവേറിയ പ്രദേശങ്ങളിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി മണ്ണൊലിപ്പ് തടയണം.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് സ്ഥിരവും ചലനാത്മകവുമായ ഭൂജല വിഭവ അടിത്തറ കെട്ടിപ്പടുത്തെങ്കിൽ മാത്രമേ കാർഷിക ഉല്പാദന മുരടിപ്പ്, ജലക്ഷാമം, വെള്ളപ്പൊക്കം

എന്നീ പ്രതിസന്ധികളെ മുറിച്ചുകടക്കുവാനുള്ള ഉപാധികളും ഉപായങ്ങളും ഫലപ്രദമായി രൂപകൽപ്പന ചെയ്യുവാൻ സാധിക്കു.

ജലലഭ്യത

ജില്ലയിൽ പ്രധാനമായും 4 നദികളാണുള്ളത്. ഇവയിൽ പമ്പ, വരട്ടാർ, അച്ചൻകോവിൽ, മണിമല എന്നീ നദീ വ്യവസ്ഥകൾ ഭാഗികമയി ഈ ജില്ലയിലൂടെയും കല്ലടയാർ എകദേശം 10 കി.മീറ്ററോളം ഈ ജില്ലയുടെ അതിർത്തിയിലൂടെയും ഒഴുകുന്നു. ജില്ലയിലെ നീർവാർച്ചാ സമ്പ്രദായം അന്യത്ര ചേർത്തിരിക്കുന്നു.

പട്ടിക 2.16

പത്തനംതിട്ട ജില്ലയിലെ നദികൾ

ക്രമ നമ്പർ	നദി	നീളം	ഉത്ഭവ സ്ഥാനം	പ്രഭവ സ്ഥാനം
1	പമ്പ	176 കി.മീ.	ശബരിമല	വേമ്പനാട് കായൽ
2	അച്ചൻ കോവിൽ	128 കി.മീ.	ഋഷിമല	പമ്പയുമായി സംഗമിക്കുന്നു (വീയപുരം)
3	മണിമല	90 കി.മീ.	മുതുവറ	പമ്പയുമായി സംഗമിക്കുന്നു (കീച്ചേരി വാൽവ് കടവ്)
4	കല്ലട (ഭാഗം)	121 കി.മീ	കുളത്തുപ്പുഴ മലനിരകൾ	അഷ്ടമുടി കായൽ

നദീതടങ്ങളിൽ ജില്ലയിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

മേൽ വിവരിച്ച 4 നദികളുടെയും നദീതടങ്ങളിൽ ജില്ലയിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങൾ താഴെ വിവരിക്കുന്ന പ്രശ്നങ്ങളെ നേരിടുന്നു.

1. മലനാട് (ഉയർന്ന പ്രദേശങ്ങൾ), ഇടനാട് പ്രദേശങ്ങളിലെ രൂക്ഷമായ മണ്ണൊലിപ്പ്
2. മലഞ്ചരുവിലൂടെ ഉള്ളതും നീർച്ചാലുകളിലൂടെ ഉള്ളതുമായ കുത്തൊഴുക്കുമൂലമുണ്ടാകുന്ന നീർച്ചാലുകളുടെ കരയിടിച്ചിലും ആഴംകൂടലും, കൃഷി–വനഭൂമിയിലൂടെ ഉള്ള പുതിയ നീർച്ചാലുകളുടെ ആവിർഭാവവും
3. ഉയർന്ന പ്രദേശങ്ങളിലെ മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ സാധ്യത കോഴഞ്ചേരി താലൂക്കിലെ നാരങ്ങാനം, വള്ളിക്കോട്, വകയാർ വില്ലേജുകൾ, റാന്നി താലൂക്കിലെ വടശ്ശേരിക്കര, ചിറ്റാർ, സീതത്തോട് മുതലായ പ്രദേശങ്ങൾ ഉദാഹരണങ്ങളാണ്.
4. മലനാട്ടിലെ വനപ്രദേശങ്ങൾ നേരിടുന്ന അധ:പതനം (ഡിഗ്രഡേഷൻ)
5. ഇടനാട്ടിലും താഴ്ന്ന പ്രദേശങ്ങളിലും നദിയുടെയും പോഷക നദികളുടെയും തോടുകളുടെയും തീരങ്ങൾ നേരിടുന്ന കരയിടിച്ചിൽ മൂലമുള്ള പ്രശ്നങ്ങൾ. അനിയന്ത്രിതവും അശാസ്ത്രിയമവുമായ മണൽ വാരൽകൊണ്ട് നദിയുടെ അടിത്തട്ട് താഴുന്നതു മൂലം വാട്ടർ റ്റേബിൾ താഴുകയും തന്മൂലം കിണറുകൾ വറ്റി വരളുകയും ചെയ്യുന്നു.
6. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ കൃഷി ഭൂമികളിൽ നിന്നും മണ്ണെടുത്ത് വ്യാപകമായ ഇഷ്ടിക നിർമ്മാണം മുലമുള്ള പ്രശ്നങ്ങൾ
7. നദികളിൽ നിന്നും തോടുകളിൽ നിന്നുമുള്ള ക്രമാതീതമായ വാരൽ മുലമുണ്ടാകുന്ന കരയിടിച്ചിൽ മുലമുണ്ടാകുന്ന പ്രശ്നങ്ങൾ
8. വരട്ടാർ നാശോന്മുഖമായതുമൂലം ഉണ്ടായ പരിസ്ഥിതി പ്രശ്നങ്ങൾ

9. വർഷംതോറും ജില്ലയിലെ അരുവികളും കുളങ്ങളും വരളുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നതു മുലമുള്ള പ്രശ്നങ്ങൾ. മണൽ വാരൽ പാലങ്ങളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്നു.

പട്ടിക 2.17

ജില്ലയിലെ പ്രധാനപ്പെട്ട മറ്റു ജല സ്രോതസ്സുകൾ

ക്രമ.നം	ജലസ്രോതസ്	തരം	വിവരണം
1	കിണറുകൾ	കിണർ, കുഴൽ കിണർ	1891 ഹെക്ടർ MOWR India 2013
	കുളങ്ങൾ		109 ഹെക്ടർ MOWR India 2013
2		പഞ്ചായത്ത് കുളങ്ങൾ	390 എണ്ണം
3		സ്വകാര്യ കുളങ്ങൾ	456 എണ്ണം
4		പൊതു കുളങ്ങൾ	654 എണ്ണം
5		ക്വാറി കുളങ്ങൾ	138 എണ്ണം സംസ്ഥാനത്തെ 15.2%
6		അമ്പലകുളങ്ങൾ	59 എണ്ണം
7	തണ്ണീർത്തടം		4948 ഹെക്ടർ, ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 1.81%, (MoEF 2010)
8	ജലസംഭരണി	പമ്പ	570 ഹക്ടർ
9		കക്കി	1800 ഹെക്ടർ
10		മണിയാർ	110 ഹെക്ടർ
11		ഗനി-കല്ലാർ	25 ഹെക്ടർ
12	കനാലുകൾ	ജലസേചനം	1649 ഹെക്ടർ (MOWR India 2013)
13	ഡാമുകൾ	പമ്പ	570 ഹെക്ടർ
14		കക്കി	1800 ഹെക്ടർ

അവലംബം : ഫിഷറീസ് വകുപ്പ്

ഭൂഗർഭ ജല സമ്പത്ത്

മേഖലാടിസ്ഥാനത്തിലുള്ള ജില്ലയിലെ ഭൂഗർഭ ജല സമ്പത്തിന്റെ കണക്കുകൾ താഴെ വിവരിക്കുന്നു.

ഭൂഗർഭജല സമ്പത്ത്

(ബ്ലോക്ക് അടിസ്ഥാനത്തിൽ -ഹെ.മീ)

ക്രമ.നം.	ബ്ലോക്കിന്റെ പേര്	പ്രതിവർഷം മൊത്തം ഭൂഗർഭ ജലത്തിന്റെ ലഭ്യത
1	പറക്കോട്	3347.88
2	റാന്നി	5078.29
3	കോന്നി	4953.83
4	ഇലന്തൂർ	2287.02
5	പുളിക്കീഴ്	2706.18
6	മല്ലപ്പള്ളി	2232.96
7	പന്തളം	2671.92
8	കോയിപ്പുറം	2133.34
	ആകെ	**25411.42**

അവലംബം : ഗ്രൗണ്ട് വാട്ടർ റിസോഴ്സ് 2011

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അനിവാര്യതയിലേക്ക് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നു.

സസ്യ-മൃഗ സമ്പത്ത്

സമ്പുഷ്ടമായ മണ്ണിൽ വ്യത്യസ്തമായ സവിശേഷതകൾ നിറഞ്ഞ വിവിധ തരം സസ്യജാലകങ്ങൾ സമൃദ്ധമാകും. ഇങ്ങനെ രൂപപ്പെടുന്ന സസ്യവൈവിധ്യം മണ്ണിനെ പരിപോഷിപ്പിക്കുകയും ജന്തുജാലങ്ങളുടെ നിലനിൽപ്പിന് ആധാരമായ അന്നജം, പ്രാണവായു, ഇന്ധനം എന്നിങ്ങനെ ഒട്ടേറെ വില

പ്പെട്ട വസ്തുക്കൾ ലഭ്യമാവുകയും ചെയ്യും. എന്നാൽ ഇത്തരത്തിലുള്ള ഒരു സസ്യ വൈവിധ്യം നമ്മുടെ ഭൂതലത്തിൽ നിന്നും മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. ജന്തുജാലങ്ങളുടെ നിലിൽപ്പിനും പരിതസ്ഥിതിയുടെ സംതുലനത്തിനും അനിവാര്യമായ സസ്യവൈവിദ്ധ്യം പുന:സൃഷ്ടിക്കപ്പെടേണ്ടത് ഭൂമിയുടെ ജൈവപരമായ അനിവാര്യതയാണ്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കലാവസ്ഥയുടെ അനുകൂലാവസ്ഥയും മൂലം ജില്ലയിൽ പക്ഷിമൃഗാദികൾക്ക് വളരാൻ അനുകൂലമായ അവസ്ഥയാണുള്ളത്.

പട്ടിക 2.18

ജില്ലയിലെ പക്ഷിമൃഗാദികളുടെ എണ്ണം

ഇനം	എണ്ണം
പശു	64334
എരുമ	2846
ചെമ്മരി ആട്	18
ആട്	51066
പന്നി	756
കഴുത	98
കുതിര	5
മുയൽ	8808
കോഴി	431201
താറാവ്	165825
മറ്റു പക്ഷികൾ	46545
ആന	35
നായ	65748

അവലംബം: കന്നുകാലി സെൻസസ് 2012

റബ്ബർ, നെല്ല്, കരിമ്പ്, കുരുമുളക്, വാഴ തുടങ്ങിയവയാണ് ജില്ലയിലെ പ്രധാന കാർഷിക ഉല്പന്നങ്ങൾ. കപ്പ, കാച്ചിൽ, ചേന, കിഴങ്ങ്, ഇഞ്ചി മുതലായ കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി വ്യാപകമാണ്. പയർ, പാവൽ, പടവലം, മഞ്ഞൾ, കുമ്പളം, വഴുതന, മുതലായ പച്ചക്കറികളുടെ കൃഷി ജില്ലയുടെ പല ഭാഗങ്ങളിലും ഉണ്ട്. റബ്ബർ കൃഷി വ്യാപകമായതോടെ ഇത്തരം കൃഷികൾ പരിമിതപ്പെടുന്നുവെങ്കിലും ചില സ്ഥലങ്ങളിൽ വ്യാപകമായി കൃഷിചെയ്യുന്നുണ്ട്. സുഗന്ധ വസ്തുക്കളായ കോലിഞ്ചി സീതത്തോട്ടിൽ കൃഷി ചെയ്തുവരുന്നു. മാവ്, പ്ലാവ് തുടങ്ങിയ നാടൻ ഫലവൃക്ഷങ്ങൾക്കു പുറമെ ശീമ പ്ലാവ്, സപ്പോർട്ട, മാംഗോസ്റ്റിൻ, റമ്പൂട്ടാൻ തുടങ്ങിയ വൈദേശിക ഫല വൃക്ഷങ്ങളും ജില്ലയിൽ ധാരാളം ഉണ്ട്. ജാതി, ഗ്രാമ്പു, കറുവ എന്നീ സുഗന്ധ വിളകൾ നദീ തീരത്തിലെ എക്കൽ മണ്ണിൽ നന്നായി വളരുന്നു. തേക്ക്, മാവ്, പ്ലാവ്, മഹാഗണി, ആഞ്ഞിലി മുതലായ വൃക്ഷങ്ങൾ ജില്ലയിൽ സുലഭമയി വളരുന്നു.

ജൈവ സമ്പത്ത്

പശ്ചിമതീര ഉഷ്ണമേഖലാ നിത്യഹരിത വനങ്ങൾ, പശ്ചിമതീര അർദ്ധ ഉഷ്ണ മേഖലാ നിത്യഹരിത വനങ്ങൾ, ഈർപ്പമുള്ള തെക്കേ ഇന്ത്യൻ ഇലപൊഴിയും കാടുകൾ, ദക്ഷിണ അർദ്ധ മേഖലാ വിശാലപത്ര മലങ്കാടുകൾ ഈർപ്പുമുള്ള സമശീതോഷ്ണ മലങ്കാടുകൾ, ദക്ഷിണേന്ത്യ വരണ്ട ഉഷ്ണമേഖലാ ഇലപൊഴിയും കാടുകൾ, പുൽമേടുകൾ എന്നിങ്ങനെ ജില്ലയിലെ വനങ്ങളെ തരം തിരിക്കാം.

സസ്യസമ്പത്ത്

വിശാലമായ ഈ വനപ്രദേശങ്ങൾ ജൈവവൈവിദ്യത്താൽ അനുഗ്രഹീതമാണ്. തേക്ക്, ഈട്ടി, പ്ലാവ്, മഹാഗണി, ആഞ്ഞിലി, മഞ്ഞക്കടമ്പ്, പാല തുടങ്ങിയ വിവിധതരം മരങ്ങൾ വളരുന്ന വനങ്ങളിൽ 44 തരം മൃഗങ്ങളും 149 തരം പക്ഷികളും 42 തരം ഉരഗ വർഗ്ഗങ്ങളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ചെറുവന വിഭവങ്ങളായ ചീവക്കായ്, ചെറുതേൻ, ചിറ്റരത, ഏലം, ഇഞ്ച, കരിങ്കുറിഞ്ഞി,

കസ്തൂരിമഞ്ഞൾ, കണ്ണാടിവെള്ള, കുടംപുളി, കുന്തിരിക്കം, കുരുമുളക് വള്ളി, കുറുന്തോട്ടി, മരമഞ്ഞൾ, മരോട്ടിക്കുരു, ഒരില, പച്ചനെല്ലിക്ക, ശതാവരി, തേൻമെഴുക്ക് മുതലായവ ഈ വനങ്ങളിൽ നിന്നും ലഭിക്കുന്നു.

ഔഷധ സസ്യങ്ങളായ അശോകം, ശതാവരി, ആവണക്ക്, ചുണ്ട, പനിക്കൂർക്ക, എരിക്ക്, മയിലാഞ്ചി, കൂവളം, തുളസി, ഒരില, അമുക്കുരം, വേലിപ്പരുത്തി, കരിനൊച്ചി മുതലായവയും ലഭിക്കുന്നു.

തേക്ക്, മുള, യൂക്കാലിപ്റ്റസ്, മഹാഗണി, റബ്ബർ എന്നിവയും പ്ലാവ്, മാവ്, വാഴ മുതലായവയും സുലഭമാണ്. ഏതാണ്ട് 5000 ഹെക്ടറോളം സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നു. ഏകവിളകളിൽ അതിഷ്ഠിതമായ കൃഷിരീതിയാണ് പ്രധാനമായും അനുവർത്തിക്കുന്നത്. കോഴി, താറാവ്, പോത്ത്, മാട്, ആട്, മുയൽ ഇത്യാദിയുള്ള പക്ഷിമൃഗാദികൾ നാട്ടിൻപുറങ്ങളിൽ സുലഭമാണ്.

വികസന പരിപ്രേക്ഷ്യം

a) **മഴ സാധ്യത വർദ്ധിപ്പിക്കുക, വെള്ളം ഒഴുക്ക് തടഞ്ഞ് ഭൂഗർഭജലം കൂട്ടുക.**

വിഭവ ശോഷണം നമ്മുടെ കാർഷിക മേഖലയെ മാത്രമല്ല കുടിവെള്ള ലഭ്യതയെയും ബാധിക്കുന്നു. മഴയുടെ ലഭ്യതയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിൽ ആണെങ്കിലും അത് സംരക്ഷിക്കുന്നതിന് നാം ജാഗ്രത പുലർത്തുന്നില്ല എന്നത് ഗൗരവകരമായ വസ്തുതയാണ്. ആയതിനാൽ നമ്മുടെ കുന്നുകളും വനങ്ങളും സംരക്ഷിച്ചുകൊണ്ട് കൂടുതൽ മരങ്ങൾ വളർത്തി മഴ സാദ്ധ്യത വർദ്ധിപ്പിക്കണം. ഓടകളിലേക്കും അതിലൂടെ ഒഴുകുന്ന തോടുകളിലേക്കും എവിടെ നിന്നൊക്കെ വെള്ളം ഒഴുകിവരാൻ സാധ്യതയുണ്ടോ ആ പ്രദേശങ്ങളിലെല്ലാം പരമാവധി വെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങുന്നതിനുള്ള സ്ഥിതിയുണ്ടാക്കി ചെറുതോടുകളിലെ നീരൊഴുക്കിന്റെ അളവ് വർദ്ധിപ്പിച്ചാൽ നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാൻ സാധിക്കും. പശ്ചിമഘട്ട മേഖലയിലെ ചരിവേറിയ പ്രദേശങ്ങളിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി മണ്ണൊലിപ്പ് തടയണം.

b) **വ്യാപകമായ മണൽഖനനം തടയുക**

നമ്മുടെ പുഴയിൽ നിന്നും ഓരോ വർഷവും വാരി നീക്കുന്ന മണലിന്റെ അളവ് വ്യാപകമായി ഉണ്ടാകുന്ന മണ്ണൊലിപ്പിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. ഇത് വ്യാപകമായ പ്രളയക്കെടുതിക്കും നദികളുടെ പാർശ്വങ്ങൾ ഇടിയുന്നതിനും വഴിതെളിക്കുന്നു. ഈ പ്രവണത അവസാനിപ്പിച്ച് പുഴകളെ സംരക്ഷിക്കേണ്ടതായുണ്ട്.

c) **ശുചിത്വം മാലിന്യ നിർമ്മാർജ്ജനം ഉറപ്പാക്കുക**

ശുചിത്വ ബോധത്തിന്റെ പോരായ്മയും മാലിന്യ പരിപാലനത്തിലെ വീഴ്ചകളും പരിസ്ഥിതി നാശത്തിനു കാരണമാകുന്നു. ആയതിനാൽ മണ്ണുജല ഭക്ഷ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതികൾ കണ്ടെത്തേണ്ടതുണ്ട്.

d) **ഹരിതകേരളവുമായി ബന്ധിപ്പിച്ച് കടുതൽ പ്രാധാന്യം നൽകുക**

ജില്ലയിലെ പ്രകൃതി സമ്പത്തുകളെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഓരോ തദ്ദേശഭരണ സ്ഥാപനവും ജലസുരക്ഷയ്ക്കും മാലിന്യ പരിപാലനത്തിലും പ്രകൃതി സുരക്ഷയ്ക്കു വേണ്ട പദ്ധതികൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി രൂപപ്പെടുത്തേണ്ടതുണ്ട്. അനുയോജ്യമായ രീതിയിൽ ഭൂമിയും മണ്ണും വിനിയോഗിച്ച് ജൈവരീതിയിൽ ഭക്ഷ്യ ഉല്പാദനം വർദ്ധിപ്പിച്ചും മാലിന്യം കുറച്ചും ഹരിത രീതിയിലേക്ക് ഘട്ടംഘട്ടമായി മാറണം. കൃഷി, ജലസേചനം, മണ്ണുസംരക്ഷണം, ജലവിതരണം എന്നീ തലങ്ങളിൽ പരസ്പരപൂരകമായി പ്രവർത്തിച്ച് ലഭ്യമാക്കി ഹരിതകേരളമെന്ന സങ്കല്പം നടപ്പാക്കാപ്പാൻ ശ്രമിക്കാം.

e) **പരിസ്ഥിതിസൗഹൃദ വികസനം ഉറപ്പാക്കൽ**

ഓരോ പ്രദേശത്തിന്റെയും പ്രകൃതി വിഭവ സാധ്യതകൾ പരിഗണിച്ച് സമൂഹസമന്വയത്തിൽ ഉരുത്തിരിഞ്ഞുവരുന്ന ചെറിയ ചെറിയ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി എല്ലാ ജന വിഭാഗങ്ങളുടെയും ജീവിതം സുഗമമാക്കുന്നതിനും തുടർ നിലനിൽപ്പിനായി പ്രാദേശിക പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യം വച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം. അശാസ്ത്രീയമായ പ്രകൃതി ചൂഷണത്തിനെതിരെ വികസനത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തി

ന്റേയും ശാസ്ത്രീയമായ വീക്ഷണം മുന്നോട്ട് വെച്ചുകൊണ്ടായിരിക്കണം ഈ ലക്ഷ്യം നേടേണ്ടത്. നാടിന് അനുയോജ്യമായ സാങ്കേതിക വിദ്യയും തൊഴിൽ സംസ്കാരവും സൃഷ്ടിക്കാൻ നമുക്ക് കഴിയണം. വികസനം ജനങ്ങളുടെ കൂടി സ്വപ്നവും അഭിലാഷവുമാകണം. പരിസ്ഥിതി സൗഹൃദ വികസനം യാഥാർത്ഥ്യമാക്കാൻ നമുക്ക് മുന്നേറാം.

c . ധനവിഭവങ്ങൾ

ധനവിഭവങ്ങൾ എന്ന വിഭാഗത്തിൽ പ്രധാനമായും താഴെപറയുന്ന വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം
2. തദ്ദേശഭരണ സ്ഥാപനങ്ങളും തനത് ഫണ്ടുകളും
3. സംസ്ഥാനാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
4. കേന്ദ്രാവിഷ്കൃത പദ്ധതികളും ഫണ്ടുകളും
5. ബാങ്ക് ലോണുകളും വായ്പകളും
6. എം.പി.മാരുടെ പ്രാദേശിക വികസനനിധി
7. എം.എൽ.എ മാരുടെ പ്രാദേശിക വികസനനിധി

തദ്ദേശ ഭരണ സ്ഥാപനങ്ങളും വിഭവങ്ങളും

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ വികേന്ദ്രീകൃത ആസൂത്രിത പദ്ധതികൾ കൂടുതൽ സ്വതന്ത്രവും അതോടൊപ്പം തുടർച്ചാ സാധ്യതയുള്ളതും പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്നതും സമുഹ്യനീതി മുറുകെ പിടിക്കുന്നതുമായ സാമ്പത്തിക വളർച്ച നേടുക എന്ന ലക്ഷ്യത്തോടെ ഏതാണ്ട് 60,000 കോടിയിലധികം രൂപ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതമായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രാദേശിക തലത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതി ആസൂത്രണ രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഈ തുക പര്യാപ്തമാണ്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2017–18 സാമ്പത്തിക വർഷത്തിൽ **37751.90** ലക്ഷം രൂപയാണ് ആകെ ബഡ്ജറ്റ് വിഹിതം. പ്രാദേശിക സർക്കാറുകൾക്കുള്ള വിഹിതമായി സംസ്ഥാന ബഡ്ജറ്റ് 2015–16, 2016–17, 2017–18 എന്നീ മൂന്ന് വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക–2.19

പത്തനംതിട്ട ജില്ല– 2015–16, 2016–17, 2017–18 വർഷങ്ങളിലെ പ്രാദേശിക സർക്കാരുകൾക്കുള്ള ബഡ്ജറ്റ് വിഹിതം

ഫണ്ടുകൾ	വർഷം (രൂപ ലക്ഷത്തിൽ)		
	2015-16	**2016-17**	**2017-18**
പൊതുവിഭാഗം	9773.42	10936.27	13531.85
ഫിനാൻസ് കമ്മീഷൻ	2717.34	4454.23	5388.20
സ്പെഷ്യൽ കോപോണന്റ് പ്ലാൻ	4759.92	5331.14	6014.39
ട്രൈബൽ സബ് പ്ലാൻ	246.58	276.33	311.74
സ്പെഷ്യൽ ഗ്രാന്റ്	105.00	0.00	0.00
ലോകബാങ്ക്	0.00	2881.35	0.00
മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)	2479.55	2753.39	2792.28
മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	7376.92	8123.37	9713.44
ആകെ	**27458.73**	**34756.08**	**37751.90**

(അവലംബം: സൂലേഖ പ്ലാൻ മോണിറ്ററിംഗ്)

2017–18 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പത്തനംതിട്ട ജില്ല 2017–2018വികസനഫണ്ട് ബഡ്ജറ്റ് വിശദാംശങ്ങൾ (മെയിന്റനൻസ് ഗ്രാന്റ് ഒഴികെ)

ക്രമ നം	തദ്ദേശസ്വയം ഭരണ സ്ഥാപനം	ജനറൽ (ലക്ഷത്തിൽ)	എസ് സി പി (ലക്ഷത്തിൽ)	ടി എസ് പി (ലക്ഷത്തിൽ)	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ലക്ഷത്തിൽ)	വേൾഡ് ബാങ്ക് (ലക്ഷത്തിൽ)	ആകെ
1	ഗ്രാമ പഞ്ചായത്ത്	6858.19	3189.42	187.07	3765.35	0.00	14000.03
2	ബ്ലോക്ക് പഞ്ചായത്ത്	2598.00	1116.60	62.33	0.00	0.00	3776.93
3	മുൻസിപ്പാലിറ്റി	1474.77	591.74	0.00	1622.85	0.00	3689.36
4	ജില്ലാ പഞ്ചായത്ത്	2600.89	1116.63	62.34	0.00	0.00	3779.86
	ആകെ	**13531.85**	**6014.39**	**311.74**	**5388.20**	**0.00**	**25246.20**

(അവലംബം:സൂലേഖ പ്ലാൻ മോണിറ്ററിംഗ്)

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും 2017–18 സാമ്പത്തിക വർഷം അനുവദിച്ചു കിട്ടിയ തുകയോടുകൂടി 10% വർദ്ധിപ്പിച്ച് XIII–ാംപഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്ക് ലഭിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ കണക്കാക്കിയിരിക്കുന്നു. ഈ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് XIII–ാംപഞ്ചവത്സര പദ്ധതി കാലയളവിൽ അവയുടെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് പരിഗണിക്കാവുന്നതാണ്. ടി വിവരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പ്രാദേശിക സർക്കാരുകൾക്ക് 2017–18 സാമ്പത്തിക വർഷം അനുവദിച്ച തുകയോടുകൂടി 10% വർദ്ധിപ്പിച്ച് XIII–ാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്ക് ലഭിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ

ക്രമനമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനം	ഫണ്ടുകൾ	വർഷം (രൂപ ലക്ഷത്തിൽ)					
			2017–18	2018–19	2019–20	2020–21	2021–22	13–ാം പദ്ധതി ആകെ
1	ഗ്രാമ പഞ്ചായത്ത്	പൊതു വിഭാഗം	6858.19	7544.00	8298.40	9128.24	10041.06	41869.89
		ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	3765.53	4142.08	4556.29	5011.91	5513.11	22988.92
		സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ	3189.42	3508.36	3859.19	4245.10	4669.61	19471.68
		ട്രൈബൽ സബ് പ്ലാൻ	187.07	205.77	226.34	248.97	273.86	1142.01
		ആകെ	14000.03	15400.21	16940.22	18634.22	20497.64	85472.32
	ബ്ലോക്ക് പഞ്ചായത്ത്	പൊതു വിഭാഗം	2598.00	2857.80	3143.58	3457.93	3813.72	15871.03
		ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	0.00	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ	1116.60	1228.26	1351.08	1486.19	1634.80	6816.93
		ട്രൈബൽ സബ് പ്ലാൻ	62.33	68.56	75.41	82.95	91.24	380.49

		ട്രൈബൽ സബ് പ്ലാൻ	3776.93	4154.62	4570.07	5027.07	5529.76	23058.45
3	മുനിസിപ്പാലിറ്റികൾ	പൊതു വിഭാഗം	1474.77	1622.24	1784.46	1962.90	2159.19	9003.56
		ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	1622.85	1785.13	1963.64	2160.00	2376.00	9907.62
		സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ	591.74	650.91	716.10	787.60	866.36	3612.71
		ട്രൈബൽ സബ് പ്ലാൻ	0.00	0.00	0.00	0.00	0.00	0.00
		ആകെ	3689.36	4058.28	4464.10	4910.50	5401.55	22523.79
4	ജില്ലാ പഞ്ചായത്ത്	പൊതുവിഭാഗം	2600.89	2860.98	3147.07	3461.77	3807.94	15878.65
		ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	0.00	0.00	0.00	0.00	0.00	0.00
		സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ	1116.63	1228.29	1351.11	1486.72	1634.84	6817.26
		ട്രൈബൽ സബ് പ്ലാൻ	62.34	68.57	75.42	82.96	91.25	380.54
		ആകെ	3779.86	4157.84	4573.60	5030.95	5534.03	23076.28
		ആകെ തുക	25246.18	27770.95	30547.99	33602.74	36962.98	154130.84

(അവലംബം:സൂലേഖ പ്ലാൻ മോണിറ്ററിംഗ്)

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന തുകയ്ക്ക് പുറമേ അവയുടെ തനത് ഫണ്ടും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഒഴികെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ലോക ബാങ്ക് വിഹിതവും 2016-17 സാമ്പത്തിക വർഷം വരെ ലഭ്യമായിട്ടുണ്ട്.

2017-18ൽ തനത് ഫണ്ടിനത്തിൽ തദ്ദേശസ്വയംഭണ സ്ഥാപനങ്ങൾ വകയിരുത്തിയിരുന്ന തുകയും 13-ാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് 10% തുക വർദ്ധിപ്പിച്ച് ലഭിക്കാവുന്ന തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 2.20

XIII -ാം പഞ്ചവത്സര പദ്ധതി കാലത്ത് ലഭ്യമാകുന്ന തനത് ഫണ്ട്

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനങ്ങൾ	വിഭാഗം	വർഷം (തുക ലക്ഷത്തിൽ)					
			2017-18	2018-19	2019-20	2020-21	2021-22	13-ാം പദ്ധതി ആകെ
1	അയിരൂർ	GP	66.56	73.22	80.54	88.60	97.46	406.38
2	അരുവാപ്പുലം	GP	3.86	4.25	4.67	5.14	5.66	23.58
3	ആനിക്കാട്	GP	11.41	12.55	13.81	15.19	16.71	69.68
4	ആറമ്മുള	GP	46.05	50.66	55.73	61.30	67.43	281.17
5	ഇരവിപേരൂർ	GP	137.97	151.77	166.95	183.64	202.01	842.35
6	ഇലന്തൂർ	GP	17.64	19.40	21.34	23.47	25.82	107.67
7	എഴുമറ്റൂർ	GP	74.08	81.49	89.64	98.60	108.46	452.27
8	ഏനാദിമംഗലം	GP	64.82	71.30	78.43	86.28	94.91	395.74
9	ഏറത്ത്	GP	145.96	160.55	176.61	194.27	213.70	891.08
10	ഏഴംകുളം	GP	114.75	126.23	138.85	152.73	168.01	700.57
11	ഓമല്ലൂർ	GP	35.07	38.58	42.43	46.68	51.34	214.10
12	കടപ്ര	GP	31.62	34.78	38.26	42.09	46.30	193.06
13	കടമ്പനാട്	GP	104.39	114.83	126.32	138.95	152.84	637.33
14	കലഞ്ഞൂർ	GP	36.89	40.58	44.63	49.10	54.01	225.20
15	കല്ലൂപ്പാറ	GP	11.22	12.34	13.58	14.93	16.43	68.50
16	കവിയൂർ	GP	21.62	23.78	26.16	28.77	31.65	131.98
17	കുന്നന്താനം	GP	50.43	55.47	61.01	67.12	73.83	307.85
18	കുറ്റൂർ	GP	17.66	19.43	21.37	23.51	25.86	107.84
19	കുളനട	GP	107.78	118.56	130.42	143.46	157.80	658.02
20	കൊടുമൺ	GP	34.18	37.59	41.35	45.49	50.04	208.64
21	കോയിപ്രം	GP	108.77	119.65	131.62	144.78	159.25	664.07
22	കൊറ്റനാട്	GP	14.77	16.24	17.87	19.66	21.62	90.16
23	കോട്ടാങ്ങൽ	GP	11.74	12.92	14.21	15.63	17.19	71.69
24	കോന്നി	GP	43.32	47.66	52.42	57.66	63.43	264.49
25	കോഴഞ്ചേരി	GP	49.00	53.90	59.29	65.22	71.74	299.15
26	ചിറ്റാർ	GP	27.01	29.72	32.69	35.96	39.55	164.92

27	ചെന്നീർക്കര	GP	14.06	15.47	17.01	18.72	20.59	85.85
28	ചെറുകോൽ	GP	6.65	7.32	8.05	8.86	9.74	40.62
29	തണ്ണിത്തോട്	GP	14.58	16.04	17.65	19.41	21.35	89.04
30	തുമ്പമൺ	GP	27.35	30.08	33.09	36.40	40.04	166.97
31	തോട്ടപ്പുഴശ്ശേരി	GP	25.53	28.09	30.89	33.98	37.38	155.88
32	നാരങ്ങാനം	GP	18.53	20.38	22.42	24.67	27.13	113.14
33	നാറാണംമൂഴി	GP	16.77	18.44	20.29	22.32	24.55	102.36
34	നിരണം	GP	61.67	67.84	74.62	82.08	90.29	376.50
35	നെടുമ്പ്രം	GP	7.62	8.38	9.22	10.14	11.16	46.53
36	പന്തളം തെക്കേക്കര	GP	19.87	21.86	24.04	26.45	29.09	121.32
37	പ്രമാടം	GP	97.09	106.80	117.48	129.23	142.15	592.74
38	പള്ളിക്കൽ	GP	82.35	90.59	99.64	109.61	120.57	502.76
39	പുറമറ്റം	GP	41.77	45.95	50.54	55.60	61.16	255.02
40	പെരിങ്ങര	GP	70.39	77.43	85.17	93.69	103.06	429.74
41	മലയാലപ്പുഴ	GP	18.90	20.79	22.87	25.16	27.67	115.39
42	മല്ലപ്പള്ളി	GP	111.21	122.33	134.57	148.02	162.83	678.96
43	മല്ലപ്പുഴശ്ശേരി	GP	17.37	19.11	21.02	23.12	25.43	106.05
44	മെഴുവേലി	GP	34.52	37.97	41.77	45.95	50.54	210.76
45	മൈലപ്ര	GP	1.25	1.38	1.52	1.67	1.84	7.65
46	റാന്നി	GP	20.01	22.01	24.21	26.63	29.30	122.17
47	റാന്നിഅങ്ങാടി	GP	72.93	80.22	88.24	97.07	106.77	445.23
48	റാന്നി പഴവങ്ങാടി	GP	111.91	123.10	135.41	148.95	163.85	683.22
49	റാന്നി പെരുനാട്	GP	115.82	127.40	140.14	154.15	169.57	707.08
50	വടശ്ശേരിക്കര	GP	39.21	43.13	47.44	52.18	57.40	239.35
51	വള്ളിക്കോട്	GP	40.69	44.76	49.24	54.16	59.58	248.44
52	വെച്ചൂച്ചിറ	GP	37.76	41.54	45.69	50.26	55.29	230.54
53	സീതത്തോട്	GP	14.75	16.22	17.85	19.63	21.59	90.04
	ആകെ	GP	2529.17	2782.09	3060.30	3366.33	3702.96	**15440.84**
54	ഇലന്തൂർ	BP	5.03	5.53	6.09	6.69	7.36	30.71
55	കോന്നി	BP	4.04	4.45	4.89	5.38	5.92	24.68
56	കോയിപ്രം	BP	13.23	14.55	16.01	17.61	19.37	80.77
57	പന്തളം	BP	8.09	8.89	9.78	10.76	11.84	49.36
58	പറക്കോട്	BP	20.57	22.63	24.89	27.38	30.12	125.61
59	പുളിക്കീഴ്	BP	5.92	6.51	7.16	7.88	8.67	36.14
60	മല്ലപ്പള്ളി	BP	23.39	25.73	28.30	31.13	34.24	142.79
61	റാന്നി	BP	0.00	0.00	0.00	0.00	0.00	0.00
	ആകെ	BP	**80.27**	**88.30**	**97.13**	**106.84**	**117.52**	**490.06**
62	അടൂർ	Munc	26.43	29.07	31.98	35.17	38.69	161.34
63	പത്തനംതിട്ട	Munc	74.24	81.67	89.83	98.82	108.70	453.26
64	പന്തളം	Munc	251.16	276.28	303.91	334.30	367.73	1533.39
65	തിരുവല്ല	Munc	0.00	0.00	0.00	0.00	0.00	0.00
	ആകെ	Munc	**351.83**	**387.02**	**425.72**	**468.29**	**515.12**	**2147.98**

66	പത്തനംതിട്ട	DP	4.91	5.40	5.94	6.53	7.19	29.97
	ആകെ	DP	**4.91**	**5.40**	**5.94**	**6.53**	**7.19**	29.97
	ആകെതുക		**2966.18**	**3262.80**	**3589.08**	**3947.99**	**4342.79**	**18108.85**

(അവലംബം: സൂലേഖ പ്ലാൻ മോണിറ്ററിംഗ്)

ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ലോകബാങ്ക് വിഹിതം ഉൾപ്പെടെയുള്ള വികസനഫണ്ടിന്റെ 2017-18 വർഷത്തെ ചെലവിന്റെ സംഗ്രഹം ചുവടെ ചേർത്തിരിക്കുന്നു

ലോക ബാങ്ക് വിഹിതം ഉൾപ്പെടെ വികസന ഫണ്ട് ചെലവിന്റെ വിശദാംശങ്ങൾ-2017-18(സംഗ്രഹം-നവംബർ മാസംവരെ)

(തുക ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശദരണ സ്ഥാപനങ്ങൾ	ആകെ ബഡ്ജറ്റ് വിഹിതം						ചെലവ്						ശതമാനം					
		പൊതുവിഭാഗം	എസ്.സി.പി	ടി.എസ്.പി	എഫ്.സി.ജി	ലോക ബാങ്ക്	ആകെ	പൊതുവിഭാഗം	എസ്.സി.പി	ടി.എസ്.പി	എഫ്.സി.ജി	ലോക ബാങ്ക്	ആകെ	പൊതുവിഭാഗം	എസ്.സി.പി	ടി.എസ്.പി	എഫ്.സി.ജി	ലോക ബാങ്ക്	ആകെ
1	ഗ്രാമപഞ്ചായത്ത് (53 nos)	6858.19	3189.42	187.07	3765.35	0.00	14000.03	1880.10	626.90	43.20	690.73	919.09	4160.02	27.41	19.66	23.09	18.34	0.00	29.71
2	ബ്ലോക്ക് പഞ്ചായത്ത് (**8** nos)	2598.00	1116.60	62.33	0.00	0.00	3776.93	778.69	246.28	17.58	0.00	0.00	1042.55	29.97	22.06	28.20	0.00	0.00	27.60
3	മുനിസിപ്പാലിറ്റി (4 nos)	1474.77	591.74	0.00	1622.85	0.00	3689.36	458.89	101.18	0.00	425.19	93.57	1078.83	31.12	17.10	0.00	26.20	0.00	29.24
4	ജില്ലാ പഞ്ചായത്ത്	2600.89	1116.63	62.34	0.00	0.00	3779.86	312.23	454.52	26.69	0.00	0.00	793.44	12.00	40.70	42.81	0.00	0.00	20.99
	ആകെ	**13531.85**	**6014.39**	**311.74**	**5388.20**	**0.00**	**25246.18**	**3429.91**	**1428.88**	**87.47**	**1115.92**	**1012.66**	**7074.84**	**25.35**	**23.76**	**28.06**	**20.71**	**0.00**	**28.02**

(അവലംബം: സൂലേഖ പ്ലാൻ മോണിറ്ററിംഗ്)

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2017-18 സമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതികളുടെ അടങ്കൽ തുക 20272.50 കോടി രൂപയാണ്. ഇതിൽ നിന്ന് ജില്ലയ്ക്ക് ഇതുവരെ ലഭ്യമായ തുക 16723.63 ലക്ഷം രൂപയാണ്. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തിന്റ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റ് വിഹിതത്തിൽ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിനും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതത്തിനും പുറമേ സംസ്ഥാനത്ത് വിവിധ വികസന വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്കും പ്രത്യേകം തുക വകകൊള്ളിക്കുന്നു.

ജില്ലയ്ക്ക് 2016-17, 2017-18 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ചിരുന്ന തുകയും ചെലവായ തുകയും ശതമാനവും ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക-2.21

2016-17, 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്ക് പത്തനംതിട്ട ജില്ലയ്ക്ക് ലഭ്യമായ തുകയുടെയും ചെലവുകളുടെയും വിശദാംശങ്ങൾ.

ക്രമ നമ്പർ	സ്ഥാപനം	2016-17			2017-18(നവംബർ വരെ)		
		അനുവദിച്ചതുക (ലക്ഷത്തിൽ)	ചിലവായ തുക (ലക്ഷത്തിൽ)	ശതമാനം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചിലവായ തുക (ലക്ഷത്തിൽ)	ശതമാനം
I. കൃഷിയും അനുബന്ധമേഖലയും							
1	പ്രിൻസിപ്പൽ കൃഷി ഓഫീസ്	1228.47	1022.29	83.21	1396.88	427.69	30.62
2	ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്	138.00	133.00	96.37	74.00	35.18	47.55
3	ജില്ലാ ഓഫീസർ മണ്ണ് പര്യവേഷണ വകുപ്പ്	4.22	3.08	73.05	2.94	2.36	80.37
4	മൃഗ സംരക്ഷണം വകുപ്പ്	533.63	519.55	97.36	664.49	387.81	58.36
5	ഏവിയോൺ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലാബ്, തിരുവല്ല	112.39	84.38	75.07	76.30	29.46	38.62
6	ക്ഷീര വികസന വകുപ്പ്	259.94	259.14	99.69	322.67	106.18	32.91
7	മത്സ്യ വികസന വകുപ്പ്	104.72	78.47	74.92	141.27	87.66	62.05

8	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി	397.60	285.45	71.79	341.72	154.29	45.15
9	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,റാന്നി	415.30	398.56	95.96	347.10	128.44	37.00
10	അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽഫോറസ്റ്ററി	111.37	110.93	99.60	104.57	67.62	64.60
II.ഗ്രാമവികസനം							
11	ദാരിദ്ര ലഘുകരണ വിഭാഗം	403.98	403.98	100.00	0.00	0.00	0.00
12	കുടുംബശ്രീ ജില്ലാ മിഷൻ	408.90	399.90	97.79	803.18	522.65	65.07
13	ശുചിത്വ മിഷൻ	939.45	973.09	103.58	0.00	0.00	0.00
III. സഹകരണം							
14	ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സോസൈറ്റി	29.55	29.55	100.00	419.92	75.06	17.87
IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും							
15	ചെറുകിട ജലസേചനം	63.19	63.19	100.00	183.72	133.72	72.78
16	ജില്ലാ ഓഫീസർ ഭൂജല വകുപ്പ്	66.02	65.57	99.31	48.61	7.39	15.20
V. ഊർജ്ജം							
17	കെ.എസ്.ഇ. ബി ഇലക്ട്രിക്കൽ ഡിവിഷൻ അടൂർ	640.96	640.96	100.00	931.48	508.76	54.62
18	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ പത്തനംതിട്ട	963.32	963.32	100.00	1083.00	542.93	50.13
19	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ തിരുവല്ല	374.24	374.24	100.00	927.88	184.31	19.86
VI. വ്യവസായങ്ങളും ധാതുക്കളും							
20	ജില്ലാ വ്യവസായ വകുപ്പ്	162.11	162.11	99.99	217.90	127.44	58.48
21	ജില്ലാ ഖാദി വ്യാവസായം	15.00	0.00	0.00	21.77	3.87	17.78
VII. ഗതാഗതവും വാർത്താവിനിമയവും							
22	പൊതുമരാമത്ത് റോഡുകളും പാലങ്ങളും	1100.98	1048.55	95.23	0.00	0.00	0.00
23	ഡെപ്യൂട്ടി ഡയക്ടർ ടൂറിസം വകുപ്പ്	32.50	32.50	100.00	0.00	0.00	0.00

IX. സാമൂഹ്യവും സാമൂഹ്യ സേവനപരമായസർവീസുകൾ							
24	ജില്ലാ വിദ്യാഭ്യാസ ഉപ ഡയക്ടർ	33.89	20.27	59.81	232.92	155.38	66.71
25	ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)	180.00	175.46	97.47	119.19	16.59	13.92
26	ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമീയോ)	44.81	44.81	100.00	76.89	28.32	36.84
27	ജില്ലാ മെഡിക്കൽ ഓഫീസ് (ആയുർ വേദം)	215.13	213.56	99.26	322.08	84.51	26.24
28	കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട ഡിവിഷൻ	8.00	8.00	100.00	725.00	287.75	39.69
29	കേരള വാട്ടർ അതോറിറ്റി തിരുവല്ലഡിവിഷ ൻ	55.55	55.55	100.00	500.00	109.79	21.96
30	ജില്ലാ ടൗൺ പ്ലാനർ	6.05	5.10	84.21	8.50	3.46	40.71
31	ജില്ലാ ലേബർ ഓഫീസർ	6.90	6.90	100.00	9.47	7.39	78.06
32	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	71.45	71.45	100.00	61.11	60.02	98.20
33	ജില്ലാ പട്ടികജാതി വികസന വകുപ്പ്	3597.10	3167.56	88.05	4134.84	2043.63	49.42
34	ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, റാന്നി.	953.03	717.05	75.23	902.64	275.54	30.53
35	ജില്ലാ സാമൂഹ്യ നീതി വകുപ്പ്	80.29	74.53	92.82	109.62	39.60	36.13
X. സാമ്പത്തിക സർവീസുകൾ							
36	ജില്ലാ പോലീസ് മേധാവി	4.50	4.50	100.00	99.65	28.78	28.88
37	ജില്ലാ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്	0.91	0.91	100.00	1.28	0.35	27.55
XI. പൊതുസേവനങ്ങൾ							
38	പൊതു മരാമത്ത് കെട്ടിട വിഭാഗം	671.48	671.48	100.00	0.00	0.00	0.00

39	ജില്ലാ സപ്ലൈ ഓഫീസർ	0.88	0.88	100.00	0.00	0.00	0.00
ആകെ		**14435.81**	**13289.78**	**92.06**	**16723.63**	**6676.72**	**39.92**

(അവലംബം: പ്ലാൻ സ്പേയ്സ്)

2017-18 വർഷം ലഭിച്ച സംസ്ഥാന ആവിഷ്കൃത പദ്ധതി അടങ്കൽ തുക അടിസ്ഥാനമാക്കി ജില്ലയ്ക്ക് 13-ാം പദ്ധതിക്കാലത്ത്, 10% തുക വർദ്ധിപ്പിച്ച് ലഭിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

XIII-ാം പഞ്ചവത്സര പദ്ധതി കാലത്ത് ലഭ്യമാകുന്ന സംസ്ഥാന ആവിഷ്കൃത പദ്ധതി വിഹിതം

ക്രമ നമ്പർ	സ്ഥാപനം	തുക ലക്ഷത്തിൽ					
		2017-18	2018-19	2019-20	2020-21	2021-22	13-ാം പദ്ധതി ആകെ
I. കൃഷിയും അനുബന്ധമേഖലയും							
1	പ്രിൻസിപ്പിൽ കൃഷി ഓഫീസ്	1396.88	1536.57	1690.22	1859.25	2045.17	8528.09
2	ജില്ല മണ്ണ് സംരക്ഷണ ഓഫീസ്	74.00	81.40	89.54	98.49	108.34	451.78
3	ജില്ല ഓഫീസർ മണ്ണ് പര്യവേഷണ വകുപ്പ്	2.94	3.23	3.56	3.91	4.30	17.95
4	മൃഗ സംരക്ഷണം വകുപ്പ്	664.49	730.94	804.03	884.44	972.88	4056.78
5	ഏവിയോൺ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലാബ്, തിരുവല്ല	76.30	83.93	92.32	101.56	111.71	465.82
6	ക്ഷീര വികസന വകുപ്പ്	322.67	354.94	390.43	429.47	472.42	1969.93
7	മത്സ്യ വികസന വകുപ്പ്	141.27	155.40	170.94	188.03	206.83	862.47
8	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി	341.72	375.89	413.48	454.83	500.31	2086.23
9	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,റാന്നി	347.10	381.81	419.99	461.99	508.19	2119.08
10	അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി	104.57	115.03	126.53	139.18	153.10	638.41
II. ഗ്രാമവികസനം							

11	ദാരിദ്ര ലഘുകരണ വിഭാഗം	0.00	0.00	0.00	0.00	0.00	0.00
12	കുടുംബശ്രീ ജില്ലാ മിഷൻ	803.18	883.50	971.85	1069.03	1175.94	4903.49
13	ശുചിത്വ മിഷൻ	0.00	0.00	0.00	0.00	0.00	0.00
III. സഹകരണം							
14	ജോയിന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സോസൈറ്റി	419.92	461.91	508.10	558.91	614.80	2563.65
IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും							
15	ചെറുകിട ജലസേചനം	183.72	202.09	222.30	244.53	268.98	1121.63
16	ജില്ലാ ഓഫീസർ ഭൂജല വകുപ്പ്	48.61	53.47	58.82	64.70	71.17	296.77
V. ഊർജ്ജം							
17	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ അടൂർ	931.48	1024.63	1127.09	1239.80	1363.78	5686.78
18	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ പത്തനംതിട്ട	1083.00	1191.30	1310.43	1441.47	1585.62	6611.82
19	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ തിരുവല്ല	927.88	1020.67	1122.73	1235.01	1358.51	5664.80
VI. വ്യവസായങ്ങളും ധാതുക്കളും							
20	ജില്ലാ വ്യവസായ വകുപ്പ്	217.90	220.08	222.28	224.50	226.75	1111.51
21	ജില്ലാ ഖാദി വ്യാവസായം	21.77	21.99	22.21	22.43	22.65	111.05
VII. ഗതാഗതവും വാർത്താവിനിമയവും							
22	പൊതുമരാമത്ത് റോഡുകളും പാലങ്ങളും	0.00	0.00	0.00	0.00	0.00	0.00
23	ഡെപ്യൂട്ടി ഡയക്ടർ ടൂറിസം വകുപ്പ്	0.00	0.00	0.00	0.00	0.00	0.00
VIII. ശാസ്ത്ര സർവീസുകളും ഗവേഷണവും							
IX. സാമൂഹ്യവും സാമൂഹ്യ സേവനപരമായസർവീസുകൾ							
24	ജില്ലാ വിദ്യാഭ്യാസ ഉപ ഡയക്ടർ	232.92	256.21	281.83	310.02	341.02	1422.00
25	ജില്ലാ മെഡിക്കല്ലാ ഓഫീസ് (ഹെൽത്ത്)	119.19	131.11	144.22	158.64	174.51	727.67

26	ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമീയോ)	76.89	84.58	93.04	102.34	112.57	469.42
27	ജില്ലാ മെഡിക്കൽ ഓഫീസ് (ആയുർവേദം)	322.08	354.29	389.72	428.69	471.56	1966.33
28	കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട ഡിവിഷൻ	725.00	797.50	877.25	964.98	1061.47	4426.20
29	കേരള വാട്ടർ അതോറിറ്റി തിരുവല്ല ഡിവിഷൻ	500.00	550.00	605.00	665.50	732.05	3052.55
30	ജില്ലാ ടൗൺ പ്ലാനർ	8.50	9.35	10.29	11.31	12.44	51.89
31	ജില്ലാ ലേബർ ഓഫീസർ	9.47	10.42	11.46	12.60	13.87	57.82
32	ജില്ലാഎംപ്ലോയ്മെന്റ് ഓഫീസർ	61.11	67.22	73.94	81.34	89.47	373.08
33	ജില്ലാ പട്ടികജാതി വികസന വകുപ്പ്	4134.84	4548.32	5003.16	5503.47	6053.82	25243.61
34	ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, റാന്നി.	902.64	992.90	1092.19	1201.41	1321.56	5510.71
35	ജില്ലാ സാമൂഹ്യ നീതി വകുപ്പ്	109.62	120.58	132.64	145.90	160.49	669.24
X. സാമ്പത്തിക സർവീസുകൾ							
36	ജില്ലാ പോലീസ് മേധാവി	99.65	109.62	120.58	132.63	145.90	608.37
37	ജില്ലാ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്	1.28	1.41	1.55	1.70	1.87	7.81
XI. പൊതുസേവനങ്ങൾ							
38	പൊതു മരാമത്ത് കെട്ടിട വിഭാഗം	0.00	0.00	0.00	0.00	0.00	0.00
39	ജില്ലാ സപ്ലൈ ഓഫീസർ	0.00	0.00	0.00	0.00	0.00	0.00
ആകെ		**16723.63**	**18395.99**	**20235.59**	**22259.15**	**24485.07**	**120099.43**

(അവലംബം: പ്ലാൻ സ്പേയ്സ്)

കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ

കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്നതും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പങ്കാളിത്തത്തോടെ സംസ്ഥാന സർക്കാർ നിർവ്വഹണം നടത്തുന്നതുമായ പദ്ധതികളാണ് കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ എന്ന വിഭാഗത്തിൽ പെടുന്നത്. ഇത്തരം പദ്ധതികളുടെ സാമ്പത്തിക പങ്കാളിത്ത അനുപാതം പ്രത്യേകമായി നിഷ്ക്കർഷിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66ൽ നിന്നും 28 ആക്കി കേന്ദ്ര സർക്കാർ കുറവുവരുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും സംസ്ഥാന സർക്കാർ വികസന വകുപ്പുകൾ മുഖേന തുക ലഭ്യമാക്കിവരുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ജില്ലയ്ക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാകാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(2017-18 അടിസ്ഥാന വർഷമായി പരിഗണിച്ച് തുടർ വർഷങ്ങളിൽ 10% അധിക തുക ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്.)

പട്ടിക.2.22

XIII -ാംപഞ്ചവത്സര പദ്ധതി കാലത്ത് ജില്ലയ്ക്ക് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

ക്രമ നം	വകുപ്പ്/ പദ്ധതി	വർഷത്തിൽ ലഭ്യമാകുന്ന തുക (ലക്ഷത്തിൽ)					
		2017-18	2018-19	2019-20	2020-21	2021-22	13-ാം പദ്ധതി ആകെ
1	കൃഷി	1500.90	1650.99	1816.08	1997.68	2197.44	9163.09
2	മൃഗ സംരക്ഷണം	129.00	141.90	156.09	171.69	188.85	787.53
3	മത്സ്യ വികസനം	50.00	55.00	60.50	66.55	73.20	305.25
4	വന വികസനം	20.00	22.00	24.20	26.62	29.28	122.1
5	ഗ്രാമ വികസനം	653.68	719.04	790.94	870.03	957.03	3990.72
6	പട്ടികവർഗ്ഗവികസനം	59.55	65.50	72.05	79.25	87.17	363.52
7	കുടിവെള്ളവും ശുചിത്വവും	676.00	743.60	817.96	899.75	989.72	4127.03
8	ശുചിത്വമിഷൻ	344.00	378.40	416.24	457.86	503.64	2100.14
9	സഹകരണം	154.74	170.21	187.23	205.95	226.54	944.67
10	പട്ടികജാതി വികസനം	44.00	48.40	53.24	58.56	61.48	265.68
11	നഗര വികസനം	529.89	582.79	641.06	705.16	775.67	3234.57

(അവലംബം: പ്ലാൻ സ്പേയ്സ്)

എം.പിമാരുടെ പ്രാദേശിക വികസന ഫണ്ട്

ബഹുമാനപ്പെട്ട എംപിമാർക്ക് തങ്ങളുടെ മണ്ഡലത്തിലെ പ്രാദേശിക വികസന ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ആസ്ഥികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1993-94 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച കേന്ദ്ര ഗവണ്മെന്റ് പദ്ധതിയാണ് എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ 5 കോടി രൂപയാണ് ഈ പദ്ധതി അനുസരിച്ച് ഒരു പാർലമെന്റ് അംഗത്തിന് ഒരു സാമ്പത്തിക വർഷം ലഭിക്കുന്നത്. ബഹു. രാജ്യസഭാംഗം പ്രൊഫ. പി.ജെ. കുര്യൻ, പത്തനംതിട്ട ലോകസഭാംഗം ശ്രീ.ആന്റോ ആന്റണി എന്നിവർ പത്തനംതിട്ട ജില്ല നോഡൽ ജില്ലയായി തെരഞ്ഞെടുത്തിട്ടുണ്ട്.

ലോകസഭാ എം.പിമാർക്ക് അവരുടെ മണ്ഡലത്തിൽ മാത്രമേ പ്രവൃത്തികൾ നിർദ്ദേശിക്കാൻ കഴിയുകയുള്ളു. പത്തനംതിട്ട ലോകസഭാ മണ്ഡലത്തിന്റെ കുറച്ച് ഭാഗങ്ങൾ കോട്ടയം ജില്ലയിലാണ്. (കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ നിയമസഭാ മണ്ഡലങ്ങൾ). രാജ്യസഭാ എം.പി മാർക്ക് എല്ലായിടത്തും പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്. എന്നിരുന്നാലും ഏതെങ്കിലും ജില്ല നോഡൽ ജില്ലയായി തെരഞ്ഞെടുക്കേണ്ടതാണ്. കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മറ്റ് രാജ്യസഭാ എം.പി മാർക്കും ഈ ജില്ലയിൽ പ്രവൃത്തികൾ നിർദ്ദേശിക്കാവുന്നതാണ്.

എം.പിമാരുടെ പ്രാദേശിക വികസന പദ്ധതിയിൽ ജില്ലയ്ക്ക് ലഭ്യമാകുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.2.23

എം.പിമാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ വിശദാംശങ്ങൾ

ക്രമ നമ്പർ	എംപിയുടെ പേര്	സാമ്പത്തിക വർഷം (തുക കോടിയിൽ)		
		2015-16	2016-17	2017-18
1	പ്രൊഫ.പി.ജെ.കുര്യൻ (രാജ്യസഭ)	4.50	3.59	2.12
2	ശ്രീ.ആന്റോ ആന്റണി (ലോകസഭ)	3.90	3.87	2.42
3	മറ്റ് രാജ്യസഭാ എംപിമാർ	0	1.75	0
ആകെ		**8.4**	**9.21**	**4.54**

എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം ഓരോ എം.എൽ.എയ്ക്കും അവരവരുടെ നിയോജക മണ്ഡലത്തിൽ 5 കോടി രൂപയുടെ വികസന പ്രവൃത്തികൾ ഓരോ വർഷവും നടപ്പാക്കാവുന്നതാണ്. മുമ്പ് ഈ സ്കീം ഫിനാൻസ് ഡിപ്പാർട്ട്മെന്റ് മുഖേനയാണ് നടപ്പാക്കിവന്നത്. 2017-18 വർഷം മുതൽ ഈ സ്കീം ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ മേൽ നോട്ടത്തിൽ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ജില്ലയിൽ എ.ഡി.സി (ജനറൽ) മുഖേനെയാണ് ഈ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും 10 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന 20 പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

എം.എൽ.എ മാരുടെ പ്രത്യേക വികസന പദ്ധതി

ഈ പദ്ധതി പ്രകാരം ഓരോ എം.എൽ.എ മാർക്കും അവരവരുടെ നിയോജകമണ്ഡലത്തിൽ 1.00 കോടി രൂപയുടെ വികസന പ്രവൃത്തികൾ ഓരോ വർഷവും നടപ്പാക്കാവുന്നതാണ്. ജില്ലാ കളക്ടറുടെ മേൽ നോട്ടത്തിൽ എ.ഡി.സി(ജനറൽ) മുഖേനയാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക.2.24

എം.എൽ.എ മാരുടെ പ്രത്യേക വികസന പദ്ധതി

ക്രമ.നം	നിയോജക മണ്ഡലം	എം.എൽ.എയുടെ പേര്	ഓരോ വർഷവും ഭരണാനുമതി നൽകാവുന്ന തുക
1	കോന്നി	ശ്രീ.അടൂർ പ്രകാശ്	1 കോടി
2	തിരുവല്ല	ശ്രീ.മാത്യു.ടി.തോമസ്	1 കോടി
3	ആറന്മുള	ശ്രീമതി.വീണാ ജോർജ്ജ്	1 കോടി
4	അടൂർ	ശ്രീ.ചിറ്റയം ഗോപകുമാർ	1 കോടി
5	റാന്നി	ശ്രീ.രാജുഏബ്രഹാം	1 കോടി

ബാങ്ക് സംബന്ധിച്ച വിവരങ്ങൾ

ബാങ്ക് നിക്ഷേപങ്ങൾ പൊതുജനങ്ങളുടെ സമ്പാദ്യമാണ്. ഇതു രാജ്യപുരോഗതിക്ക് ഉപയോഗിക്കുന്നതിന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ റിസർവ് ബാങ്ക് നൽകുന്നു. രാജ്യത്തെ കാർഷിക, വ്യവസായ, സേവന മേഖലകളിൽ സംരംഭങ്ങൾ നടത്തുന്ന സാധാരണക്കാർക്കുള്ള പ്രവൃത്തികൾക്ക് വായ്പ മുൻഗണനാ ക്രമമനുസരിച്ച് ഇളവുകളോടെ ലഭ്യമാക്കി സമ്പദ്വ്യവസ്ഥ ചലനാത്മകമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിലൂടെ സാധാരണ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനമാണ് ലക്ഷ്യമിടുന്നത്. ജില്ലയിലെ പൊതുമേഖല ബാങ്കുകൾ, പ്രൈവറ്റ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ എണ്ണവും നിക്ഷേപ വായ്പ വിശദാംശങ്ങളുമാണ് താഴെ പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പട്ടിക.2.25

നിക്ഷേപ-വായ്പാ അനുപാദം

ബാങ്ക്	എണ്ണം	നിക്ഷേപം (കോടിയിൽ)	വായ്പ (കോടിയിൽ)	സി.ഡി. റേഷ്യോ
പൊതുമേഖലാ ബാങ്കുകൾ	242	21379	6780	31.71
പ്രൈവറ്റ് ബാങ്കുകൾ	141	14596	2909	19.94
സഹകരണ ബാങ്കുകൾ	167	3274	3081	94.08
ആകെ	**550**	**39249**	**12770**	

1969-ൽ ആരഭിച്ച ലീഡ് ബാങ്ക് സംവിധാനത്തിലൂടെയാണ് മുൻഗണനാ മേഖലകളായ കൃഷി, ചെറുകിട വ്യവസായം, ചെറുകിട ബിസിനസ് എന്നിവയ്ക്ക് സർക്കാർ വായ്പാ ലഭ്യത ഉറപ്പാക്കുന്നത്.

ബാങ്കുകളിലൂടെ നൽകുന്ന വായ്പകളെ താഴെ പറയുന്ന പ്രകാരം തരം തിരിക്കാവുന്നതാണ്.

കാർഷിക മേഖലയിലെ വൻകിട കൃഷിക്കാർക്കൊഴികെ പലവിധ കാർഷികാവശ്യത്തിനു കൊടുക്കുന്നവയെ കാർഷികമെന്നും കൃഷിക്കാർക്ക് അനുബന്ധമായി ചെയ്യാവുന്ന പശുവളർത്തൽ പോലുള്ള അനവധി പ്രവൃത്തികൾക്കും കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങൾക്കും കൊടുക്കുന്നവയെ കൃഷി അനുബന്ധമെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

സൂക്ഷ്മ, ലഘു, ചെറു ഇടത്തരം വ്യവസായങ്ങളുടെ വായപകളും, വാഹന വായ്പകളും, വാണിജ്യ വായപ്കളും മറ്റ് ചെറു സേവന സംരംഭങ്ങൾക്കുള്ള വായ്പകളും ചേർത്ത് കാർഷികേതര വായ്പകൾ എന്നും അറിയപ്പെടുന്നു.

ആദായ സാദ്ധ്യത ഇല്ലാത്തതും എന്നാൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു സഹായിക്കുന്ന വായ്പകളായ വിദ്യാഭ്യാസ വായ്പ, ഭവന നിർമ്മാണ വായ്പ, ദുർബ്ബല വിഭാഗങ്ങൾക്കുള്ള ജീവീതാവശ്യ സംരക്ഷണ വായ്പയും മറ്റ് മുൻഗണനാ വായ്പകൾ എന്നു അറിയ പ്പെടുന്നു. മൂന്നിലേയും വായപകൾ ചേരുന്നതാണ് മുൻഗണനാ വായപ്കൾ

31-03-2017-ലെ നിക്ഷേപ-വായ്പ നിലനിൽപ്പ് (പിരിവുകളോടെ)

ക്രമ. നം	ഇനം	രൂപ കോടിയിൽ	ശത മാനം
1	ആകെ നിക്ഷേപം	39251	
2	പ്രവാസി നിക്ഷേപം	18407	
3	ആകെ വായ്പ	12953	
4	മുൻഗണന വായ്പ	6647	51
5	കാർഷിക വായ്പ	2295	18
6	കാർഷികേതര വായ്പ	1241	10
7	മറ്റുമുൻഗണന വായ്പ	2770	21

മുൻഗണനാ വായ്പകൾ വിതരണം ചെയ്യുന്നതിന് ബാങ്ക് ശാഖകളെ സുസാദ്ധ്യമാക്കുക എന്ന പ്രവർത്തനമാണ് ലീഡ് ബാങ്ക് സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. അതിനായി NABARD വായ്പ സാദ്ധ്യതാ പദ്ധതി തയ്യാറാക്കി അതിന്റെ വെളിച്ചത്തിൽ ലീഡ് ബാങ്ക് വർഷാവർഷം ഓരോ ശാഖയ്ക്ക് ആവശ്യമായ പ്രവൃത്യാധിഷ്ഠിത വായ്പ പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തി ലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. 2016-17-ലെ ജില്ലാ വായ്പ പ്ലാൻ അടിസ്ഥാനമാക്കി നട ത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്.

2016-17-ലെ ജില്ലാ വായ്പ പ്ലാൻ

ക്രമ. നം	ഇനം	ലക്ഷ്യമിട്ടി ട്ടുള്ള (രൂപ കോടി യിൽ)	വായ്പ നേട്ടം (രൂപ കോടി യിൽ)	ശത മാനം
1	കൃഷി	2641	1750	66
2	കൃഷി അനുബന്ധം	159	119	75
3	കാർഷിക മേഖല	2800	1869	67
4	കാർഷികേതരം	982	835	85
5	മറ്റുമുൻഗണന	1693	1619	95
6	ആകെ ജില്ലാ വായ്പാ പ്ലാൻ	5475	4323	79

D.സ്ഥാപന വിഭവങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പത്തനംതിട്ട ജില്ല വിദ്യാഭ്യാസ പുരോഗതിക്ക് മുന്തിയ പരിഗണന നൽകിവരുന്നു. വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് പ്രധാനമായും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ജില്ലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 2.26

സ്ഥാപനങ്ങൾ	എണ്ണം
ഗവൺമെന്റ് സ്കൂളുകൾ	259
എയ്ഡഡ് സ്കൂളുകൾ	446
അൺ എയ്ഡഡ് സ്കൂളുകൾ	46
ആർട്സ് & സയൻസ് കോളേജ്	10
എഞ്ചിനീയറിംഗ് കോളേജുകൾ	8
മെഡിക്കൽ കോളേജ്	2
നഴ്സിംഗ് കോളേജ്	4
പേളിടെക്നിക്കുകൾ	4
ടി.ടി.ഐ കൾ	11

അവലംബം : എൻ.ഐ.സി വെബ്സൈറ്റ്

ആരോഗ്യം (അലോപ്പതി)

പത്തനംതിട്ട ജില്ലയിൽ ആരോഗ്യ രംഗത്ത് കോഴഞ്ചേരിയിൽ ഒരു ജില്ലാ ആശുപത്രിയും പത്തനംതിട്ട, അടൂർ എന്നിവിടങ്ങളിൽ ഓരോ ജനറൽ ഹോസ്പിറ്റലുകളും, തിരുവല്ല, മല്ലപ്പള്ളി, റാന്നി എന്നിവിടങ്ങളിലായി 3 താലൂക്ക് ഹോസ്പിറ്റലുകളും പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ 11 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും, 42 പ്രൈമറി ഹെൽത്ത് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക. 2.27

പത്തനംതിട്ട ജില്ല – സർക്കാർ ആശുപത്രികളുടെ എണ്ണം

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	സർക്കാർ ആശുപത്രികളുടെ എണ്ണം						
	ജില്ലാ ആശുപത്രി	ജനറൽ ആശുപത്രി	താലൂക്ക് ആശുപത്രി	സാമൂഹികാരോഗ്യ കേന്ദ്രം	പ്രാഥമികാരോഗ്യ കേന്ദ്രം	ആരോഗ്യ ഉപകേന്ദ്രം	മറ്റുള്ളവ
ആനിക്കാട്					1	4	
ആറന്മുള				1		7	
അരുവാപ്പുലം					1	6	
അയിരൂർ				1		4	
ചെന്നീർക്കര					2	5	

ചെറുകോൽ					1	7	
ചിറ്റാർ					1	6	
ഇലന്തൂർ				1		6	എൻ.സി.-1
ഏനാദിമംഗലം				1		10	
ഏറത്ത്					1	5	
ഇരവിപേരൂർ					1	5	
ഏഴംകുളം					1	6	
എഴുമറ്റൂര്				1	1	5	
കടമ്പനാട്					1	5	
കടപ്ര					1	4	
കലഞ്ഞൂർ							
കല്ലൂപ്പാറ				1			
കവിയൂർ					1	3	
കൊടുമൺ					1	7	
കൊയിപ്രം					1	6	
കോന്നി			1			6	
കൊറ്റനാട്					1	4	
കോട്ടാങ്ങൽ					1	4	
കോഴഞ്ചേരി	1						റ്റി.ബി.സി.-1
കുളനട					1	5	
കുന്നന്താനം					1	10	
കുറ്റൂർ					1	4	
മലയാലപ്പുഴ					1	4	
മല്ലപ്പള്ളി			1				
മല്ലപ്പുഴശ്ശേരി					1	4	
മെഴുവേലി					1	4	
മൈലപ്ര					1	3	
നാറാണംമൂഴി					1	5	
നാരങ്ങാനം					1	4	ജി.ഡി-1
നെടുമ്പ്രം					1	3	
നിരണം					1	4	
ഓമല്ലൂർ					1	4	
പള്ളിയ്ക്കൽ					1	7	
പന്തളം തെക്കേക്കര					1	4	
പെരിങ്ങര				1		4	
പ്രമാടം					1	6	

പുറമറ്റം					1	2	
റാന്നി			1				
റാന്നി അങ്ങാടി					1	3	
റാന്നി പഴവങ്ങാടി					1	5	
റാന്നി പെരുനാട്				1	1	7	
സീതത്തോട്					2	5	ജി.എച്ച്–2
തണ്ണിത്തോട്					1	7	
തോട്ടപ്പുഴശ്ശേരി					1	4	
തുമ്പമൺ				1		2	
വടശ്ശേരിക്കര					1	5	
വള്ളിക്കോട്					1	4	
വെച്ചൂച്ചിറ				1		11	
അടൂർ		1					
പന്തളം					1	6	
പത്തനംതിട്ട		1					
തിരുവല്ല			1		1	3	
ആകെ	**1**	**2**	**4**	**10**	**44**	**254**	**5**

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, പത്തനംതിട്ട

ഹോമിയോ

ജില്ലയിൽ പ്രവർത്തിക്കുന്ന ഗവ.ഹോമിയോ ഡിസ്പെൻസറികൾ, എൻ.എച്ച്.എം. ഡിസ്പെൻസറികൾ, പ്രൈവറ്റ് ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക. 2.28
ഗവ.ഹോമിയോ ഡിസ്പെൻസറികൾ, എൻ.എച്ച്.എം. ഡിസ്പെൻസറികൾ, പ്രൈവറ്റ് ഹോമിയോ ഡിസ്പെൻസറികൾ

ക്രമ.നം	ആശുപത്രികൾ	എണ്ണം
1	ജില്ലാ ഹോമിയോ ആശുപത്രി	1
2	ഗവ.ഹോമിയോ ഡിസ്പെൻസറികൾ	35
3	എൻ.എച്ച്.എം. ഡിസ്പെൻസറികൾ (ആയൂഷ് പി.എച്ച്.സെന്റെർ)	22
3	പ്രൈവറ്റ് ഹോമിയോ ഡിസ്പെൻസറികൾ	82

അവലംബം : ജില്ലാ മെഡിക്കൽ ഓഫീസ്, പത്തനംതിട്ട (ഹോമിയോ)

ഗവണ്മെന്റ് ആയൂർവ്വേദ സ്ഥാപനങ്ങൾ

ജില്ലയിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് ആയൂർവ്വേദ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക. 2.29

ഗവണ്മെന്റ് ആയുർവ്വേദ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

ക്രമ.നം	ഇനം	എണ്ണം
1	ജില്ലാ ആയുർവ്വേദ ആശുപത്രി	1
2	താലൂക്ക് ആയുർവ്വേദ ആശുപത്രികൾ	1
3	മറ്റ് ആയുർവ്വേദ ആശുപത്രികൾ	3
4	ആയുർവ്വേദ ഡിസ്പെൻസറി	49
5	എൻ.എച്ച്.എം ഡിസ്പെൻസറികൾ	9

അവലംബം : ഡി.എം.ഒ (ഐ.എസ്.എം)

ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ

ജില്ലയിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക: 2.30

ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ

ക്രമ.നം	സ്ഥാപനങ്ങൾ	എണ്ണം
1	ജില്ല വെറ്ററിനറി കേന്ദ്രം	1
2	ജില്ല മൃഗസംരക്ഷണ ആഫീസ്	1
3	വെറ്ററിനറി പോളീക്ലിനികുകൾ	3
4	വെറ്ററിനറി ഹോസ്പിററലുകൾ	14
5	വെറ്ററിനറി ഡിസ്പെൻസറികൾ	43
6	കൃത്രിമബീജസങ്കലനഉപകേന്ദ്രങ്ങൾ	5
7	ആർ.എ.എച്ച്.സി	3
8	ഊർജ്ജിത കന്നുകാലി വികസന ആഫീസ്	1
9	എ.ഡി.സി. പി.ആഫീസ്	1
10	ഡക്ക് ഫാം	1
11	പക്ഷിരോഗ നിർണ്ണയ ലാബ് (എ.ഡി. ഡിലാബ്)	1
12	വെറ്ററിനറി ഉപകേന്ദ്രങ്ങൾ	94
	ആകെ	**168**

അവലംബം : ജില്ലാ മൃഗസംരക്ഷണ ഓഫീസ്, പത്തനംതിട്ട

ജില്ലയിലെ ബാങ്ക് ശാഖകളുടെ വിശദാംശങ്ങൾ

ജില്ലയിലെ പൊതുമേഖലാ ബാങ്കുകൾ, പ്രൈവറ്റ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പട്ടിക : 2.31

ബാങ്ക്	എണ്ണം
പൊതുമേഖലാ ബാങ്കുകൾ	242
പ്രൈവറ്റ് ബാങ്കുകൾ	141
സഹകരണ ബാങ്കുകൾ	167
ആകെ	**550**

അവലംബം : ലീഡ് ബാങ്ക് ഓഫീസ്, പത്തനംതിട്ട

ജില്ലയിലെ സഹകരണമേഖലയിലുള്ള സ്ഥാപനങ്ങൾ താഴെ പറയുന്നു.

പട്ടിക : 2.32

പത്തനംതിട്ട ജില്ല – സഹകരണമേഖലയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ

	തദ്ദേശ സ്വയം ഭരണ സ്ഥാപനം	ജില്ല സഹകരണ ബാങ്ക്	പ്രാഥമിക കാർഷിക വായ്പാ സഹ: സംഘങ്ങൾ /ബാങ്കുകൾ	ഫാർമേഴ്സ് സർവ്വീസ് സഹ.ബാങ്ക്	പ്രാഥമിക വിദ്യാഭ്യാസ വികസന ബാങ്കുകൾ / ഭൂപണയ ബാങ്ക്	ജനറൽ മാർക്കറ്റിംഗ് സഹ: സംഘങ്ങൾ	റബ്ബർ മാർക്കറ്റിംഗ് സഹ: സംഘങ്ങൾ	അർബൻ സഹ: ബാങ്ക്	അർബൻ സഹ: സംഘങ്ങൾ	ജീവനക്കാരുടെ സഹ: സംഘങ്ങൾ	പ്രാഥമിക ഹൗസിംഗ് സഹ: സംഘങ്ങൾ	എസ.സി./എസ.റ്റി സഹ: സംഘങ്ങൾ	പ്രാഥമിക ഉപഭോക്തൃ സഹ: സംഘങ്ങൾ	ലേബർ കോൺട്രാക്ട് സഹ: സംഘങ്ങൾ	വനിത സഹ: സംഘങ്ങൾ	വിദ്യാഭ്യാസ സഹ: സംഘങ്ങൾ	ആശുപത്രി സഹ: സംഘങ്ങൾ	സ്കൂൾ / കോളേജ് സഹ: സംഘങ്ങൾ	മോട്ടോർ ട്രാൻസ്പോർട്ട് സഹ: സംഘങ്ങൾ	പലവക സംഘങ്ങൾ	ടൂറിസം സഹ: സംഘങ്ങൾ
		1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
	ആനിക്കാട്																				
1	സംഘം / ബാങ്കുകളുടെ എണ്ണം		1									1	1					3		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		5																		
	ആറന്മുള																				
2	സംഘം/ ബാങ്കുകളുടെ എണ്ണം		2												1			4			1
	സംഘം/ബാങ്കു ശാഖകളുടെ എണ്ണം	2	3							1											
	അരുവാപ്പുലം																				
3	സംഘം / ബാങ്കുകളുടെ എണ്ണം			1						1		1	1					2			
	സംഘം/ബാങ്ക് (ശാഖകളുടെ എണ്ണം)	1		2																	
	അയിരൂര്																				
4	സംഘം / ബാങ്കുകളുടെ എണ്ണം		1															5		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		

5	**ചെന്നീർക്കര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2							1								5			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
6	**ചെറുകോൽ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3															5			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)																				
7	**ചിറ്റാർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1			1						1	1					4			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
8	**ഇലന്തൂര്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2			1						1		1	1			2			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
9	**ഏനാദിമംഗലം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1						4		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
10	**ഏറത്ത്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1							1		2		1	1			3		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
11	**ഇരവിപേരൂര്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3					1				1	1					6		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		3					18													
12	**ഏഴംകുളം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2									2	1	1				4		3	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	2																		

13	**എഴുമറ്റൂർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2									1						3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	2																		
14	**കടമ്പനാട്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3			1				1		1		1				6		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	3	1																		
15	**കടപ്ര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1							1					1			5			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
16	**കലഞ്ഞൂർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2			1					1			1				4		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
17	**കല്ലൂപ്പാറ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1							1			1					3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		3							1											
18	**കവിയൂർ**																				
	സംഘം/ ബാങ്കുകളുടെ എണ്ണം		2									1						3		1	
	സംഘം/ ബാങ്ക് (ശാഖകളുടെ എണ്ണം)	1	7																		
19	**കൊടുമൺ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3			2				1		1		2	1			3		2	2
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
20	**കൊയിപ്രം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3									1			1			4			
	സംഘം / ബാങ്ക് (ശാഖകളുടെ	2																			

	എണ്ണം)																				
21	**കോന്നി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2		1		2			4	1	1		1	1			7	1	4	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
22	**കൊറ്റനാട്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1						6			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		2																		
23	**കോട്ടാങ്ങൽ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2				1					1			1			3		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2																			
24	**കോഴഞ്ചേരി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2							1								6		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
25	**കുളനട**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2			2				1	1	1			1		1	5		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2								2											
26	**കുന്നന്താനം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1			1			3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
27	**കുറ്റൂർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1				1		1			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	2																		
28	**മലയാലപ്പുഴ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1			2												4			

	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
29	**മല്ലപ്പള്ളി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1		1					4	1	1						4	1	6	1
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	5																		
30	**മല്ലപ്പുഴശ്ശേരി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2									1						3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)																				
31	**മെഴുവേലി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1			1				1		1						3		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
32	**മൈലപ്ര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3															3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		2																		
33	**നാറാണംമൂഴി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									2						5			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
34	**നാരങ്ങാനം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2									1	1	1				3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
35	**നെടുമ്പ്രം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1															1			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
36	**നിരണം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1		1				3			

	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
37	**ഓമല്ലൂർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1								1	1	2	1				2		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
38	**പള്ളിയ്ക്കൽ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		4			1						1		1	1			3		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	4																		
39	**പന്തളം തെക്കേക്കര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3			2	1					1		1	1			4		1	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
40	**പെരിങ്ങര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1						3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
41	**പ്രമാടം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		4							1		1						5		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
42	**പുറമറ്റം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1															3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
43	**റാന്നി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2			1				2				2				5		2	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)																				
44	**റാന്നി അങ്ങാടി**																				

	സംഘം / ബാങ്കുകളുടെ എണ്ണം		1															2			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		1																		
45	**റാന്നി പഴവങ്ങാടി**																				
	സംഘം/ ബാങ്കുകളുടെ എണ്ണം		2		1	2				3								5		2	1
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
46	**റാന്നി പെരുനാട്**																				
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		2									1		1	1			4		4	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	3	2																		
47	**സീതത്തോട്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1		1				2			
	സംഘം/ബാങ്ക് (ശാഖകളുടെ എണ്ണം)	1	1																		
48	**തണ്ണിത്തോട്**																				
	സംഘം/ ബാങ്കുകളുടെ എണ്ണം		3				1					1	1					3			
	സംഘം/ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
49	**തോട്ടപ്പുഴശ്ശേരി**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3									1						5			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
50	**തുമ്പമൺ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1									1						3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)																				
51	**വടശ്ശേരിക്കര**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3			1					1	1						5			

	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
52	**വള്ളിക്കോട്**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2															3			
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)		5																		
53	**വെച്ചൂച്ചിറ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		1			2						2						7		1	1
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2																		
	ആകെ		**93**	**1**	**3**	**18**	**5**	**1**	**0**	**23**	**6**	**39**	**10**	**16**	**12**	**1**	**1**	**195**	**2**	**46**	**6**
		54	**76**	**2**	**0**	**0**	**0**	**18**	**0**	**4**	**0**	**0**	**0**	**0**	**0**	**0**	**0**	**0**	**0**	**0**	**0**
മുനിസിപ്പാലിറ്റികൾ																					
1	**അടൂർ**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3		1	2		1		1		1		2	2	1		9	1	11	2
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	4							1											
2	**പന്തളം**																				
	സംഘം / ബാങ്കുകളുടെ എണ്ണം		2				1			2		2	1	1	1			7		6	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1																			
3	**പത്തനംതിട്ട**																				
	സംഘം / ബാങ്കുകളുടെ എണ്ണം	1	2		1	3	1		1	10	1	1	1		1	1	1	8	2	15	1
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	2	2																		
4	**തിരുവല്ല**																				
	സംഘം / ബാങ്കുകളുടെ എണ്ണം		3		1	2		1		4	1	1			1			16	1	4	
	സംഘം / ബാങ്ക് (ശാഖകളുടെ എണ്ണം)	1	2					3		1											

	ആകെ	1	10	0	3	7	2	2	1	17	2	5	2	3	5	2	1	40	4	36	3
		6	8	0	0	0	0	3	0	2	0	0	0	0	0	0	0	0	0	0	0

(അവലംബം : ജില്ലാ രജിസ്ട്രാർ)

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പത്തനംതിട്ട, റാന്നി എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കും തിരുവല്ല, പന്തളം, പറക്കോട്, മല്ലപ്പള്ളി എന്നി സ്ഥലങ്ങളിൽ പെൺകുട്ടികൾക്കുമുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

നഴ്സറി സ്കൂൾ/ബാലവാടി കൺവർട്ടഡ് നഴ്സറി സ്കൂൾ

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ അന്താലിമൺ കോയിപ്രം, മുണ്ടുകോട്ടയ്ക്കൽ ഇലന്തൂർ, വാളുവെട്ടുംപാറ (വല്യന്തി), കുന്നന്താനം മല്ലപ്പള്ളി, എഴിക്കാട്, പന്തളം, ചേരിക്കൽ (പുതിയത്), ചേരിക്കൽ (പഴയത്), മുട്ടം, തുമ്പമൺ എന്നിവിടങ്ങളിൽ നഴ്സറി സ്കൂൾ/ബാലവാടി കൺവർട്ടഡ് നഴ്സറി സ്കൂൾ പ്രവർത്തിച്ചുവരുന്നു.

ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ 2 ഗവ. ഐ.റ്റി.ഐ കൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ബ്ലോക്കിന്റെ പേര്	ട്രേഡുകൾ
1	ചേരിക്കൽ – പന്തളം	പ്ലംബിംഗ്
		മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ
		ഇലക്ട്രീഷ്യൻ
2	ഐക്കാട്, കൊടുമൺ	ഇലക്ട്രീഷ്യൻ
		ഡി– സിവിൽ

അവലംബം : ജില്ലാ പട്ടികജാതി വികസന ഓഫീസ്, പത്തനംതിട്ട

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

മോഡൽ റസിഡെൻഷ്യൽ സ്കൂൾ വടശ്ശേരിക്കര.

5 മുതൽ +2 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ ആൺകുട്ടികൾ താമസ്സിച്ചു പഠിക്കുന്ന ഒരു മോഡൽ റസിഡെൻഷ്യൽ സ്കൂൾ വടശ്ശേരിക്കര ബൗണ്ടറി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു.

പ്രിമെട്രിക്ഹോസ്റ്റലുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ചിറ്റാർ, കടുമീൻചിറ എന്നിവിടങ്ങളിൽ ഓരോ പ്രി മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

തയ്യൽ പരിശീലനകേന്ദ്രം

പട്ടികവർഗ്ഗ യുവതീകൾക്ക് തയ്യൽ പരിശീലനം നൽകുന്നതിനായി റാന്നി മിനിസിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്നു.

ഗവ. ട്രൈബൽ ഡിസ്പെൻസറി നാറാണംമൂഴി

നാറാണംമൂഴിപഞ്ചായത്തിൽ അടിച്ചിപ്പുഴ കോളനിയിൽ ഒരു ഗവ.ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു.

പട്ടിക : 2.33

ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ

ഇനം	തദ്ദേശസ്വയംഭരണ സ്ഥാപനം	കിടക്കകളുടെ എണ്ണം
വൃദ്ധ മന്ദിരം	ചെറുകോൽ ഗ്രാമപഞ്ചായത്ത്	50
കുട്ടികൾക്കുള്ള നിരീക്ഷണ ഗൃഹം	ചെറുകോൽ ഗാമപഞ്ചായത്ത്	
മഹിളാ മന്ദിരം	കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്	

അവലംബം : ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പത്തനംതിട്ട

പട്ടിക : 2.34

ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു

പത്തനംതിട്ട ജില്ല-അംഗൻവാടികളുടെ എണ്ണം		
ക്രമ നമ്പർ	തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	അംഗൻവാടികളുടെ എണ്ണം
1	ആനിക്കാട്	17
2	ആറന്മുള	39
3	അരുവാപ്പുലം	34
4	അയിരൂർ	25
5	ചെന്നീർക്കരര	21
6	ചെറുകോൽ	15
7	ചിറ്റാർ	23
8	ഇലന്തൂർ	18
9	ഏനാദിമംഗലം	20
10	ഏറത്ത്	24
11	ഇരവിപേരൂർ	27
12	ഏഴംകുളം	32
13	എഴുമറ്റൂർ	21
14	കടമ്പനാട്	24
15	കടപ്ര	24
16	കലഞ്ഞൂർ	29
17	കല്ലൂപ്പാറ	20
18	കവിയൂർ	18
19	കൊടുമൺ	30
20	കൊയിപ്രം	27
21	കോന്നി	37
22	കൊറ്റനാട്	19
23	കോട്ടാങ്ങൽ	19
24	കോഴഞ്ചേരി	14
25	കുളനട	30
26	കുന്നന്താനം	21
27	കുറ്റൂർ	20
28	മലയാലപ്പുഴ	25

29	മല്ലപ്പള്ളി	19
30	മല്ലപ്പുഴശ്ശേരി	13
31	മെഴുവേലി	22
32	മൈലപ്ര	14
33	നാറാണംമൂഴി	22
34	നാരങ്ങാനം	19
35	നെടുമ്പ്രം	15
36	നിരണം	18
37	ഓമല്ലൂർ	18
38	പള്ളിയ്ക്കൽ	37
39	പന്തളം തെക്കേക്കര	20
40	പെരിങ്ങര	24
41	പ്രമാടം	40
42	പുറമറ്റം	17
43	റാന്നി	18
44	റാന്നി അങ്ങാടി	20
45	റാന്നി പഴവങ്ങാടി	31
46	റാന്നി പെരുനാട്	30
47	സീതത്തോട്	26
48	തണ്ണിത്തോട്	24
49	തോട്ടപ്പുഴശ്ശേരി	17
50	തുമ്പമൺ	9
51	വടശ്ശേരിക്കര	28
52	വള്ളിക്കോട്	28
53	വെച്ചൂച്ചിറ	28
54	അടൂർ	24
55	പന്തളം	48
56	പത്തനംതിട്ട	33
57	തിരുവല്ല	54
	ആകെ	**1389**

അവലംബം : ജില്ലാ സാമൂഹ്യ നീതി ഓഫീസ്, പത്തനംതിട്ട

ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പത്തനംതിട്ട ജില്ല വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒന്നായാണ് കരുതപ്പെടുന്നത്. 31.03.2017 ലെ സ്ഥിതി വിവര കണക്ക് പ്രകാരം എസ്.എസ്.ഐ/എം.എസ്.എം.ഇ മേഖലകളിലായി 10940 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പട്ടിക : 2.35

ക്രമ നം.	ശീർഷകം	എണ്ണം
1.	രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ്	10940
2.	വൻകിട, ഇടത്തരം വ്യവസായങ്ങൾ	343
3.	വ്യവസായമേഖല സിഡ്കോ എണ്ണം (ഡി.എ/ ഡി.പി/ വ്യവസായ എസ്റ്റേറ്റ്)	4
4.	മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ	3

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം

പട്ടിക : 2.36

ജില്ലയിലെ നിലവിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെയും കരകൗശല യൂണിറ്റുകളുടെയും വിവരങ്ങൾ (31.03.2017 പ്രകാരം)

ക്രമ.നം	വ്യവസായത്തിന്റെ സ്വഭാവം	യൂണിറ്റുകളുടെ എണ്ണം
1.	കാർഷിക- ഭക്ഷ്യാധിഷ്ഠിതം	1434
2.	ലഘുപാനീയം	163
3.	വസ്ത്ര നിർമ്മാണം	1567
4.	തടി അനുബന്ധ വ്യവസായം	161
5.	പേപ്പർ അധിഷ്ഠിത ഉല്പന്നങ്ങൾ	431
6.	തുകൽ അധിഷ്ഠിത ഉത്പന്നം	79
7.	രാസവസ്തുക്കളും അനുബ്ധങ്ങളും	392
8.	റബ്ബർ & പ്ലാസ്റ്റിക് അനുബന്ധ വ്യവസായം	316
9.	ധാതു അധിഷ്ഠിത	726
10.	ലോഹ അധിഷ്ഠിത	339
11.	എഞ്ചിനീയറിംഗ് യൂണിറ്റുകൾ	1110
12.	വൈദ്യുത യന്ത്രങ്ങളും, വൈദ്യുത ഉപകരണങ്ങളും	149
13.	റിപ്പയറിംഗ് & സർവ്വീസിംഗ്	2243
14.	കരകൗശല യൂണിറ്റുകൾ	124
15.	ഐ.റ്റി അധിഷ്ഠിത യൂണിറ്റുകൾ	165
16.	മറ്റുള്ളവ	1550
	ആകെ	**10940**

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം

മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകൾ ഉണ്ടായിട്ടുള്ളത് സേവന, മേഖലയിലാണ്. ഉല്പാദന മേഖലയിലെ സ്ഥിതി പരിശോധിക്കുമ്പോൾ കാർഷികാധിഷ്ഠിത ഭക്ഷ്യോല്പാദന വ്യവസായ യൂണിറ്റുകളാണ് മുൻ തൂക്കം കൈവരിച്ചിട്ടുള്ളത്.

പട്ടിക : 2.37

പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക

ക്രമ നം.	യൂണിറ്റിന്റെ പേര്	ഉല്പന്നം
1	ട്രാവൻകൂർ കെമിക്കൽസ് & ഷുഗർ ലിമിറ്റഡ്	ബിവറേജസ്
2	ട്രാക്കോകേബിൾ ലിമിറ്റഡ്	കേബിൾ

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം

പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെയും പരിശീലന സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. **കേന്ദ്ര ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, കോന്നി**

Bio technologyയും ഭക്ഷ്യ സംസ്കരണ രംഗത്ത് ഗവേഷണം നടത്തിവരുന്നു. ഭക്ഷ്യ സംസ്ക്കരണ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്.

2. **കൃഷി വിജ്ഞാനകേന്ദ്രം, തെളളിയൂർ**

കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങളിൽ പരിശീലനവും ഉപദേശവും നടത്തി വരുന്നു. ചക്ക, തേങ്ങ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത വസ്തുക്കളിൽ ഇൻകുബേഷൻ സെന്ററും ഉണ്ട്.

3. **കരിമ്പ് ഗവേഷണകേന്ദ്രം, കല്ലുങ്കൽ, തിരുവല്ല (കാർഷിക സർവ്വകലാശാല)**

കരിമ്പിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ഗവേഷണവും വികസനവും നടത്തിവരുന്നു.

4. **Micro Small Medium Enterprises Trainning Institute (MSMETI), തിരുവല്ല**

നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ആവശ്യമായ പരിശീലനവും മാർഗ്ഗ നിദ്ദേശങ്ങളും നൽകുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം തിരുവല്ല മഞ്ഞാടിയിൽ പ്രവർത്തിച്ചുവരുന്നു.

5. **Rural Self Employment Training Institute (RSETI), പത്തനംതിട്ട**

നവസംരംഭകർക്ക് ആവശ്യമായ പരിശീലനവും നൈപുണ്യ വികസനവും നൽകുന്ന ഈ പരിശീലനകേന്ദ്രം ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിച്ചുവരുന്നു.

6. കരിമ്പ് വിത്ത് ഉത്പാദന കേന്ദ്രം, പന്തളം (കൃഷിഫാം)
7. സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട്
8. സ്റ്റേറ്റ് സീഡ് ഫാം, അടൂർ
9. ജില്ലാ മണ്ണുപരിശോധന ലാബ്, പന്തളം
10. കർഷക പരിശീലന കേന്ദ്രം, കടക്കാട്, പന്തളം
11. പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി (PASSS)
12. ബോധന, തിരുവല്ല
13. ക്ഷീര പരിശീലന കേന്ദ്രം, അമ്മകണ്ടകര, അടൂർ
14. നാഷണൽ ഫിഷ് സീഡ് ഫാം കവിയൂർ
15. ഫിഷറീസ് കോംപ്ലക്സ്, പന്നിവേലിച്ചിറ, കോഴഞ്ചേരി

അദ്ധ്യായം 3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

3.1.1 ആമുഖം

പത്തനംതിട്ട ആസ്ഥാനമായി കേരളത്തിലെ 13-ാം മത് ജില്ലയായി 01.11.1982-ൽ പത്തനംതിട്ട ജില്ല രൂപീകൃതമായി. കൊല്ലം, ആലപ്പുഴ, ഇടുക്കി ജില്ലകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് പത്തനംതിട്ട ജില്ല രൂപീകരിച്ചത്. കേരളത്തിന്റെ തെക്കു ഭാഗത്തായി അക്ഷാംശം N N രേഖാംശം E, E നും ഇടയിലായി സ്ഥിതിചെയ്യുന്നു. കോട്ടയം, ഇടുക്കി ജില്ലകൾ വടക്കും, ആലപ്പുഴ ജില്ല പടിഞ്ഞാറും, കൊല്ലം ജില്ല തെക്കും, കിഴക്ക് തമിഴ്നാടുമാണ് ജില്ലയുടെ അതിർത്തികൾ.

3.1.2 സ്ഥലപരാസൂത്രണം Spatial Planning

''സ്ഥലപരാസൂത്രണം'' എന്നാൽ സമൂഹത്തിന്റെ വികസനപരവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവും ആവാവസവ്യവസ്ഥയെ സംബന്ധിച്ചുമുള്ള നയങ്ങൾ ഭൂമിശാസ്ത്രപരമായ ആവിഷ്കാരം നൽകുന്ന നഗര-ഗ്രാമപ്രദേശങ്ങളുടെ സുസ്ഥിരവും സർവ്വതോന്മുഖവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള, ഒരു സമഗ്ര നയത്തിന് അനുസൃതമായി സ്ഥലത്തിന്റെ ഭൗതിക ഘടനയ്ക്ക് രൂപം നൽകുന്നതിനുവേണ്ടി സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണത്തിനായി സ്വീകരിക്കപ്പെട്ട സമഗ്ര സമീപനത്തോടെയുള്ള ഒരു ശാസ്ത്ര വിഷയം എന്നർത്ഥമാകുന്നു.

ഒരു പ്രദേശത്തിന്റെ വികസനം, അത് പഞ്ചായത്തായാലും ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനം പഞ്ചായത്തുകളെ മറന്നുകൊണ്ട് ചിന്തിക്കാനുമാവില്ല. കൂടാതെ ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായിരിക്കുകയും വേണം. ചുരുക്കത്തിൽ പ്രാദേശിക പ്രത്യേകതകൾക്ക് മുൻതൂക്കം നൽകി വിവിധ തലങ്ങളിലെ, വിവിധ മേഖലകളുടെ സംയോജനത്തിലൂടെയാണ് ഒരു പ്രദേശത്തിന്റെ യഥാർത്ഥ വികസനം കൈവരിക്കാൻ സാധിക്കുന്നതെന്നർത്ഥം. ഇതിനായി പ്രദേശത്തെ മർമ്മ പ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുപൂരകമായി മറ്റു മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്ക് മുൻതൂക്കം നൽകിവികസനം ആസൂത്രണം ചെയ്യുമ്പോൾ, സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാവികസന മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. മറിച്ച് ഏറ്റവും അനുയോജ്യമായ വികസന മേഖലകൾ കണ്ടെത്തി അവിടെ മുതൽ മുടക്കിയാൽ മതി. ഇത് മൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാകുകയും, ആ പ്രദേശത്തിന്റെ സ്ഥലപരക്രമത്തിൽ (Spatial order) മാറ്റമുണ്ടാകുകയും ചെയ്യുന്നു. അനുയോജ്യ വികസന മേഖലകളിൽ വേണ്ട വിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമുണ്ടാകാവുന്ന ഭൗതീക മാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സ്ഥലപരക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അമൂല്യമെന്ന് പറയാവുന്ന സ്ഥലത്തിന്റെ തീരദേശം, ഇടനാട്, മലനാട് എന്നിങ്ങനെയുള്ള തരംതിരിവിൽ തീരദേശം, തീരദേശ പരിപാലന നിയമം മൂലവും മലനാട് ചരിവുകൂടി പരിസ്ഥിതിലോല പ്രദേശങ്ങളാലും വികസനത്തിന് ഉപയുക്തമാകുന്നതിന് പരിമിതികളുണ്ട്. ഇതുമൂലം വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന സ്ഥലം സംസ്ഥാനത്ത് പരിമിതമാണ്. സ്ഥലപരാസൂത്രണത്തിന് സംസ്ഥാനത്ത് ഇതുമൂലം വർദ്ധിച്ച പ്രാധാന്യമാണുള്ളത്.

3.2.പ്രാദേശിക പശ്ചാത്തലം

(Regional Settlings)

3.2.1 പ്രാദേശിക പശ്ചാത്തലം

കേരള സംസ്ഥാനത്തിന്റെ തെക്ക് ഭാഗത്ത് പത്തനംതിട്ട സ്ഥിതി ചെയ്യുന്നു. കോട്ടയം, ഇടുക്കി, ആലപ്പുഴ, കൊല്ലം, തമിഴ്നാട് സംസ്ഥാനം എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്ന ജില്ലയ്ക്ക് കടൽ തീരമില്ല. പത്തനംതിട്ട ജില്ല സംസ്ഥാനത്തെ മലനാട്, ഇടനാട് എന്നീ ഭൂവിഭാഗങ്ങളിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു.



ചിത്രം 3.2.1 ജില്ലയുടെ സ്ഥാനം

ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിൽ നിന്നും റോഡ് മാർഗം തിരുവനന്തപുരം 110 കിലോമീറ്ററും, കൊച്ചി 130 കിലോമീറ്ററും, കോഴിക്കോട് 390 കിലോമീറ്ററും അകലെയാണ് സ്ഥിതി ചെയ്യുന്നത്. വിവിധ തരം റോഡുകളാലും, റയിൽ മാർഗ്ഗവും അയൽ ജില്ലകളുമായും അടുത്ത സംസ്ഥാനവുമായും ജില്ലയെ ബന്ധിച്ചിരിക്കുന്നു. മെയിൽ സെൻട്രൽ റോഡ് (MC Road) (SH-1) ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുകൂടി കടന്നു പോകുന്നു. സ്റ്റേറ്റ് ഹൈവേകളായ കായംകുളം– അടൂർ– പുനലൂർ റോഡ് (SH-5) തിരുവല്ല–കായംകുളം റോഡ (SH-6), തിരുവല്ല–കുമ്പഴ റോഡ് (SH-7) കോഴഞ്ചേരി – പുല്ലാട് – കോട്ടയം റോഡ് (SH-9), കോഴഞ്ചേരി (തെക്കേമല)– ചെങ്ങന്നൂർ – മാവേലിക്കര റോഡ് (SH-10) നെടുംപ്രം (പൊടിയാടി) – എടത്വ–ആലപ്പുഴ റോഡ് (SH-12), മൂവാറ്റുപുഴ പുനലൂർ റോഡ് (SH-8), അടൂർ – ശാസ്താംകോട്ട (SH-37) എന്നിവയും ജില്ലയിൽ കൂടി കടന്നു പോകുന്നുണ്ട്. ജില്ലയുടെ സ്ഥാനം ചിത്രം 3.2.1 കാണിച്ചിരിക്കുന്നു. പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമല ജില്ലയുടെ വടക്ക് – കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.

ശബരിമലയെ ജില്ല ആസ്ഥാനവുമായി പത്തനംതിട്ട – മണ്ണാറകുളഞ്ഞി– ചാലക്കയം – പമ്പ–റോഡ്, വടശ്ശേരിക്കര–ചിറ്റാർ – ആങ്ങമൂഴി – പ്ലാപ്പള്ളി റോഡ് എന്നിവ മുഖാന്തിരവും കോട്ടയം ജില്ലയുമായി എരുമേലി – തുലാപ്പള്ളി – നിലയ്ക്കൽ – പമ്പ റോഡ് എന്നീ റോഡുകൾ മുഖാന്തിരം ബന്ധിക്കുന്നു. നാഷണൽ ഹൈവേകളൊന്ന ജില്ലയിൽ കൂടി കടന്ന് പോകുന്നില്ല.

തിരുവനന്തപുരം – എറണാകുളം ബ്രോഡ്ഗേജ് റയിൽവേ ലൈൻ ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുകൂടി കടന്നു പോകുന്നുണ്ട്. തിരുവല്ലയാണ് ജില്ലയിലെ ഏക റെയിവേ സ്റ്റേഷൻ. രാജ്യത്തെ എല്ലാ ഭാഗത്തേക്കുമുള്ള ട്രെയിൽ സർവ്വീസ് ഇവിടെ നിന്നും ലഭ്യാമാകുന്നുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ ജില്ലയോടുള്ള സാമീപ്യം മൂലവും, വിവിധ ഭാഗങ്ങളിലേക്കുള്ള മെച്ചപ്പെട്ട ഗതാഗത സൗകര്യം മൂലവും ജില്ലയിലെ ധാരാളം പേർ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള അയ്യപ്പ ഭക്തന്മാർ ശബരിമലയിൽ എത്തുന്നത് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ വഴിയാണ്. അങ്ങനെ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ശബരിമല തീർത്ഥാടകരുടെ ''ഗേറ്റ് വേ'' ആയി പ്രവർത്തിക്കുന്നുണ്ട്

പത്തനംതിട്ടയിൽ നിന്നും 50 കിലോമീറ്റർ ചുറ്റളവിൽ ആലപ്പുഴ കോട്ടയം, കൊല്ലം, പുനലൂർ പട്ടണങ്ങളും, 75 കിലോമീറ്റർ ചുറ്റളവിൽ എറണാകുളം, തിരുവനന്തപുരം, തൊടുപുഴ, കുമളി, തമിഴ്നാട് സംസ്ഥാനത്തിലെ തെങ്കാശി എന്നിവയും 100 കിലോമീറ്റർ ചുറ്റളവിൽ മൂന്നാർ, തമിഴ്നാട്ടിലെ രാജപാളയം എന്നിവയും വരുന്നുണ്ട് (ചിത്രം 3.2.3 കാണുക). ഇതിൽ നിന്നും പ്രധാന കേന്ദ്രങ്ങളിലേക്കുള്ള ദൂരം

വ്യക്തമാണ്. ജില്ലാക്കാവശ്യമായ ഭക്ഷ്യവിഭവങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയുടെ നല്ല ശതമാനം എത്തുന്നത് തമിഴ്നാട്ടിൽ നിന്നാണ്.



ചിത്രം :3.2.2 ജില്ലയുടെ റോഡ്, റെയിവേ ശൃംഖല

3.2.2 സംഗ്രഹം

ജില്ലയ്ക്കും തമിഴ്നാടിനും ഇടയ്ക്കുള്ള സഹ്യപർവ്വത നിരകൾ, നേരിട്ടുള്ള റോഡ് ഗതാഗതത്തിന് തടസം നിൽക്കുന്നു. ഗതാഗത സൗകര്യത്തിന്റെ അഭാവവും പത്തനംതിട്ട – പത്തനാപുരം, പുനലൂർ – ചെങ്കോട്ട റോഡിന്റെ നിലവാരക്കുറവും ജില്ലയുടെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ തന്നെ ദേശീയപാത നിലവാരത്തിലുള്ള റോഡിന്റെ അഭാവവും ജില്ലക്കുണ്ട്.



ചിത്രം:3.2.3 പത്തനംതിട്ടയുടെ പ്രധാന നഗരങ്ങളുമായുള്ള ദൂരം

3.3 ഭൂപ്രകൃതി

3.3.1 ഭൂമിയുടെ ഉയരം, ചരിവ്

ഒരു പ്രദേശത്ത് വരുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന പ്രധാന ഘടകമാണ് അവിടുത്തെ ഭൂപ്രകൃതി. പടിഞ്ഞാറുനിന്നും കിഴക്കോട്ട് പോകുന്തോറും ഭൂപ്രകൃതി സംബന്ധവും ഭൂമിശാസ്ത്ര സംബന്ധവുമായ സവിശേഷതകൾ വ്യത്യാസപ്പെടുന്നതായി കാണാം. ജില്ലയുടെ ഭൂപ്രകൃതി നിമ്നോന്നത തലത്തിലുള്ളതാണ്. (ചിത്രം 3.3.1 കാണുക). ഭൂപ്രകൃതികളുയെയും ഭൗതിക സവിശേഷതകളുടെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയെ മൂന്ന് വ്യത്യസ്ഥ പ്രദേശങ്ങളായി വിഭജിക്കാം. താഴ്ന്ന പ്രദേശം (സമുദ്ര നിരപ്പിൽ നിന്നും 7.50 മീറ്ററിൽ താഴെയുള്ള പ്രദേശങ്ങൾ), ഇടനാട് (സമുദ്ര നിരപ്പിൽ നിന്നും 7.50 മീറ്ററിനും 75 മീറ്ററിനും ഇടയിലുള്ള പ്രദേശങ്ങൾ), ഉയർന്ന പ്രദേശങ്ങൾ (സമുദ്ര നിരപ്പിൽ നിന്നും 75 മീറ്ററിൽ അധികം ഉയരമുള്ള പ്രദേശങ്ങൾ). താഴ്ന്ന പ്രദേശങ്ങൾ ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് തിരുവല്ലാ താലൂക്കിൽ സ്ഥിതി ചെയ്യുന്നു. ഉയർന്ന പ്രദേശങ്ങൾ ജില്ലയുടെ കിഴക്ക് ഭാഗത്ത് പ്രധാനമായും റാന്നി, കോന്നി എന്നീ തലൂക്കുകളിൽ സ്ഥിതി ചെയ്യുന്നു. മലനാട് താഴ്ന്ന പ്രദേശം എന്നീ പ്രദേശങ്ങൾക്ക് ഇടയിലായി, തിരുവല്ല, മല്ലപ്പള്ളി, കോഴഞ്ചേരി, അടൂർ എന്നീ താലൂക്കുകളിലായി ഇടനാട് സ്ഥിതി ചെയ്യുന്നു. ജില്ലയുടെ ഭൂപ്രകൃതി അടിസ്ഥാനമാക്കിയുള്ള മേഖലകൾ ചിത്രം 3.3.2 ൽ കാണിച്ചിരിക്കുന്നു.

ജില്ലയുടെ കോണ്ടൂർ മാപ്പിനെ അടിസ്ഥാനമാക്കി ജില്ലയുടെ വിവിധ പ്രദേശങ്ങളുടെ ചരിവും വിലയിരുത്തുകയുണ്ടായി. വിവിധ പ്രദേശത്ത് സാധ്യമാകുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്ന മറ്റൊരു പ്രധാന ഘടകം ആ പ്രദേശത്തിന്റെ ചരിവാണ്. ഒരു പ്രദേശത്തിന്റെ ചരിവ് 0^0–15^0 ക്ക് ഇടയ്ക്കാണെങ്കിൽ പ്രധാനമായും മനുഷ്യ ആവാസ വ്യവസ്ഥക്ക് അനുയോജ്യവും, 15^0 ക്കും 30^0 ക്കും ഇടയ്ക്കാണെങ്കിൽ കൃഷിക്ക് യോജിച്ചതും, 30^0 ക്കും 50^0 ക്കും ഇടയ്ക്കാണെങ്കിൽ പ്രധാനമായും ഹോർട്ടി കൾച്ചറിന് യോജിച്ചതും, ചരിവ് 50^0 യിൽ അധികമാണങ്കിൽ കൂടുതലും വനപ്രദേശവും, മറ്റ് വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രദേശമാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളുടെ ചരിവ് ചിത്രം 3.3.3 ൽ കാണിച്ചിരിക്കുന്നു.



ചിത്രം 3.3.1: ജില്ലയുടെ ഭൂപ്രകൃതി *(സ്രോതസ്: നഗരാസൂത്രണകാര്യാലയത്തിൽ തയ്യാറാക്കിയത്)*



ചിത്രം: 3.3.2 ഭൂപ്രകൃതി അടിസ്ഥാനമാക്കിയുള്ള ജില്ലയുടെ വിവിധ മേഖലകൾ
(സ്രോതസ്: നഗരാസൂത്രണകാര്യാലയത്തിൽ തയ്യാറാക്കിയത്)



ചിത്രം: 3.3.3 ജില്ലയുടെ വിവിധ ഭാഗങ്ങളുടെ ചരിവ് *(സ്രോതസ്: നഗരാസൂത്രണകാര്യാലയത്തിൽ തയ്യാറാക്കിയത്)*

3.3.2 നദികൾ, മലനിരകൾ

പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികൾ ജില്ലയിൽകൂടി കടന്നു പോകുന്നു. പമ്പയാർ, അഴുതയാർ, കക്കടയാർ, കക്കാർ, കല്ലാർ എന്നീ നദികൾ ശബരിമലയിൽ നിന്ന് ഉത്ഭവിച്ച് റാന്നി, കോഴഞ്ചേരി താലൂക്കുകളുടെ വിവിധ ഭാഗത്തുകൂടി ഒഴുകി, ആലപ്പുഴ ജില്ലയിൽ പ്രവേശിച്ച് വേമ്പനാട്ടു കായലിൽ ലയിക്കുന്നു. കോട്ടയം ജില്ലയിൽ നിന്നും ഉത്ഭവിക്കുന്ന മണിമലയാർ ജില്ലയിലെ റാന്നി, മല്ലപ്പള്ളി, തിരുവല്ല താലൂക്കുകളിൽ കൂടി ഒഴുകി ആലപ്പുഴ ജില്ലയിലെ വിയപുരത്തുവച്ച് പമ്പയാറുമായി ചേരുന്നു. പശുക്കിടുമേട്ടിൽ നിന്നും ഉദ്ഭവിക്കുന്ന അച്ചൻകോവിലാർ ജില്ലയിലെ റാന്നി, കോഴഞ്ചേരി അടൂർ താലൂക്കുകളിൽ കൂടി ഒഴുകുന്നു. മേൽപ്പറഞ്ഞ നദികൾക്കു പുറമെ കല്ലടയാർ ജില്ലയുടെ തെക്കേ അതിർത്തിയിലൂടെ കടന്നു പോകുന്നു.

പശ്ചിമ ഘട്ട മലനിരകൾ ജില്ലയുടെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഉയരം കൂടിയ ഈ പ്രദേശത്ത് നിബിഡ വനങ്ങളാണ്. ഇത് ജില്ലയെ കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്ന തമിഴ്നാടുമായി പൂർണ്ണമായും വേർ തിരിഞ്ഞ് സ്ഥിതി ചെയ്യുന്നതിന് കാരണമാകുന്നു. ഭൂപ്രകൃതിയുടെ ഈ പ്രത്യേകത മൂലം ജില്ലക്ക് തമിഴ്നാടുമായി നേരിട്ട് റോഡ് ബന്ധമോ മറ്റു ലിങ്കേജുകളോ ഇല്ല.

3.3.3 ഭൂപ്രകൃതിയും ഭൂവിനിയോഗവും

ജില്ലയുടെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ ഭൂവിനിയോഗം, ജനസംഖ്യയുടെ വ്യത്യാസം, ഭൗതിക സൗകര്യങ്ങളുടെ വിതരണം എന്നിവയെ സ്വാധീനിക്കുന്നു. കൃഷിഭൂമി, വാസമേഖല, കൃഷി-വാസ സമ്മിശ്ര ഉപയോഗം എന്നിവയുടെ കേന്ദ്രീകരണം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള താഴ്ന്ന പ്രദേശത്തും, ഇടനാട്ടിലും കേന്ദ്രീകരിച്ചിരിക്കുന്നു. ജില്ലയുടെ ഉയർന്ന പ്രദേശം പ്രധാനമായും വനഭൂമിയാണ്. വിവിധ കാർഷിക വിളകൾ പരിശോധിച്ചാൽ നെല്ല്, തെങ്ങ്, മറ്റ് മിശ്ര കൃഷികൾ എന്നിവ ജില്ലയിലെ താഴ്ന്ന പ്രദേശത്തും ഇടനാടിന്റെ പടിഞ്ഞാറു ഭാഗത്തും കേന്ദ്രീകരിച്ചിരിക്കുന്നു. തോട്ടഭൂമിയുടെ കേന്ദ്രീകരണം ഇടനാടിന്റെ കിഴക്ക് ഭാഗത്താണ് പ്രധാനമായുള്ളത്.

3.3.4 ഭൂപ്രകൃതിയും ജനസംഖ്യാ കേന്ദ്രീകരണവും

ജില്ലയിലെ ജനസംഖ്യയുടെ കേന്ദ്രീകരണം ഇടനാട്ടിലും താഴ്ന്ന പ്രദേശത്തുമാണ്. ജില്ലയിലെ ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും ഇടനാട്ടിലും, താഴ്ന്ന പ്രദേശമുൾപ്പെടുന്ന കേവലം 26.50 ശതമാനം വരുന്ന ഭൂപ്രദേശത്തുമാണ്. ജില്ലയിലെ അധിവാസ കേന്ദ്രങ്ങളുടെ ജനസാന്ദ്രതയുടെ കാര്യത്തിൽവിവിധ പ്രദേശങ്ങൾ തമ്മിൽ വലിയ അന്തരം കാണിക്കുന്നുണ്ട്. റോഡ് ശൃംഖല ഉൾപ്പെടെ വിവിധ ഭൗതിക സൗകര്യങ്ങളുടെ ഏറ്റക്കുറച്ചിലും ഭൂപ്രകൃതിയെ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രദേശങ്ങൾ തമ്മിലുണ്ട്.

3.3.4 സംഗ്രഹം

ജില്ലയുടെ ഭൂപ്രകൃതിയുടെ വിശകലനത്തിൽ ജില്ലയുടെ ഏതാണ്ട് പകുതി ഭാഗം കുത്തനെയുള്ള ചരിവോടുകൂടിയ ഉയർന്ന പ്രദേശവും വനഭൂമിയുമാണ്. ശേഷിക്കുന്ന ഭാഗം ഇടനാട്, താഴ്ന്ന പ്രദേശത്തോടുകൂടിയ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ഉയർന്ന പ്രദേശങ്ങൾ പൊതുവെ പിരസ്ഥിതി ലോല പ്രദേശങ്ങളാണ്. ജില്ലയുടെ ഈ പ്രത്യേകത പരിഗണിച്ച്, ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ വികസന പ്രവർത്തനങ്ങൾ മാത്രം ചെയ്ത് വനഭൂമി നിലനിർത്തി, ജില്ലയുടെ ശേഷിക്കുന്ന പകുതി ഭാഗത്ത് വികസനപ്രവർത്തനങ്ങൾ നിയന്ത്രിച്ച് നിർത്തേണ്ടതാണ്. ഉയർന്ന പ്രദേശങ്ങളിലെ അധിവാസ കേന്ദ്രങ്ങളിൽ വനത്തിന് ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള കൃഷിയും അനുബന്ധ പ്രവർത്തികളും ഫാം ടൂറിസവും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചരിവ് കൂടുതലുള്ള പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തികൾക്ക് ഊന്നൽ നൽകേണ്ടതാണ്.

3.4 ഭൂവിനിയോഗത്തിന്റെ വിന്യാസം, കേന്ദ്രീകരണം.

3.4.1 ആമുഖം

ജില്ലയുടെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏത് വികസന മേഖലയ്ക്കാണ് (കൃഷി ഭൂമി, വാസ ഭൂമി, വാണിജ്യഭൂമി, വനം മുതലായവ) മുൻതൂക്കമെന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. അതുപോലെ തന്നെ ജില്ലയിലെ വിവിധ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് എന്നും ഈ പഠനത്തിൽ നിന്നും വ്യക്തമാകും. ഈ അപഗ്രഥനങ്ങളിൽ നിന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവവും അതിലൂടെ ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുവരാവുന്ന ഏറ്റവും ഉചിതമായ പ്രവർത്തനങ്ങളും വ്യക്തമാക്കാനാവും.

3.4.2 ജില്ലയുടെ ഭൂവിനിയോഗം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് (Kerala State Land Use Board**) 2015 – ൽ** തയ്യാറാക്കിയ ഭൂവിനിയോഗ മാപ്പിന്റെ അടിസ്ഥാനത്തിലാണ് ജില്ലയുടെ ഭൂവിനിയോഗം സംബന്ധിച്ച വിശകലനം നടത്തിയത്. ജില്ലയിലെ വിവിധ ഭൂവിനിയോഗങ്ങളുടെ വിസ്തീർണ്ണം, ശതമാനം എന്നിവ പട്ടിക 3.4.1–ൽ വിശദമാക്കിയിരിക്കുന്നു. ജില്ലയുടെ ഭൂവിനിയോഗം ചിത്രം 3.4.1–ൽ വ്യക്തമാക്കിയിരിക്കുന്നു. ജില്ലയുടെ ആകെ വിസ്തൃതിയുടെ 50.09% (1330.05 ചതുരശ്ര കിലോമീറ്റർ) വനമേഖലയാണ്. കാർഷിക മേഖലയുടെ (നെൽവയൽ, തോട്ടഭൂമി ഒഴികെ) വിസ്തൃതി 418.97 ചതുരശ്ര കിലോമീറ്ററും, തോട്ട (പ്ലാന്റേഷൻ) മേഖലയുടെ വിസ്തൃതി 591.82 ചതുരശ്ര കിലോമീറ്ററുമാണ്. 121.46 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് മുഖ്യമായും വാസ–കാർഷിക മേഖലയും, 34.53 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വാസ ഉപയോഗവുമാണ് നിലനിൽക്കുന്നത്. ജില്ലാ വിസ്തൃതിയിൽ 41.12 ചതുരശ്ര കിലോമീറ്റർ സ്ഥലം നദികളും, ജലാശയങ്ങളുമാണ്.(ചിത്രം 3.4.2 കാണുക).

പട്ടിക: 3.4.1

പത്തനംതിട്ട ജില്ലയുടെ ഭൂവിനിയോഗ ക്രമം

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തൃതി (ചതുരശ്ര കിലോമീറ്റർ)	ശതമാനം
1	വനഭൂമി	1330.05	50.09
2	നദികൾ/ജലാശയങ്ങൾ	41.12	1.55
3	നെൽവയൽ	72.73	2.74
4	വാസ ഉപയോഗം	34.53	1.30
5	കൃഷി	418.97	15.78
6	തോട്ടം	591.82	22.29
7	വാസ/കാർഷികം	121.46	4.57
8	മറ്റുള്ളവ	44.25	1.67

(സ്രോതസ്: കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്)

മേൽ പറഞ്ഞിരിക്കുന്ന പരിശോധനയിൽ നിന്നും ജില്ലയുടെ 50.09ശതമാനം വിസ്തൃതിയും വന മേഖലയാണെന്ന് വ്യക്തമാകുന്നു. ഇത് കേരളത്തിലെ 14 ജില്ലകളുമായി തട്ടിച്ച് നോക്കുമ്പോൾ ഏറ്റവും ഉയർന്ന ശതമാനമാണ്. എന്നാൽ വനഭൂമിയുടെ വിസ്തൃതി കണക്കാക്കുമ്പോൾ, ഇടുക്കി ജില്ലയ്ക്കാണ് ഒന്നാം സ്ഥാനം. വനഭൂമി കഴിഞ്ഞാൽ 22.29% വിസ്തൃതിയുള്ള തോട്ട മേഖലയും 15.78% വിസ്തൃതിയുള്ള കൃഷി മേഖലയുമാണ് രണ്ടും മൂന്നും സ്ഥാനമുള്ളത്. ഇതിൽ നിന്നും വനമേഖല, കൃഷി, തോട്ടമേഖല എന്നിവയ്ക്ക് മുൻതൂക്കമുള്ള ജില്ലയാണെന്ന് കാണുവാൻ കഴിയും.

ചിത്രം: 3.4.1

ഭൂവിനിയോഗം ശതമാനക്കണക്കിൽ



(സ്രോതസ്: കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്)

3.4.3



ചിത്രം:3.4.2 ജില്ലയുടെ ഭൂവിനിയോഗം

(Source: Map generated by Kerala State Land use Board in the year 2015)

ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം

ജില്ലയിലെ വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകൃത സൂചികയുടെ (Concentration Index) അടിസ്ഥാനത്തിൽ പഠന വിധേയമാക്കി. നഗരാസൂത്രണ വകുപ്പ് തയ്യാറാക്കിയ **പത്തനംതിട്ട ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിലെ** (District Urbanisation Report, Pathanamthitta - 2011) വിവരങ്ങളും (പ്രത്യേകിച്ച് ഭൂവിനിയോഗം സംബന്ധിച്ചവ) കണ്ടെത്തലുമാണ് തുടർന്നുള്ള വിശകലനത്തിനായി ഉപയോഗിക്കുന്നത്. ഒരു തദ്ദേശ സ്ഥാപനത്തിന്റെ കേന്ദ്രീകൃത സൂചികയിൽ അധികമാണെങ്കിൽ പരിഗണിക്കുന്ന ഭൂവിനിയോഗം ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് പ്രസ്തുത തദ്ദേശ സ്ഥാപനത്തിൽ അധികമായി കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. കേന്ദ്രീകൃത സൂചികയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ 9 വിഭാഗത്തിൽ ഉൾപ്പെട്ട ഭൂവിനിയോഗങ്ങളുടെ – വനഭൂമി, ജലാശയങ്ങൾ, ചതുപ്പു നിലം, വാസമേഖല, കൃഷിഭൂമി, തോട്ട ഭൂമി, വാസ–കാർഷിക സംയുക്ത ഉപയോഗം, മറ്റ് നിർമ്മാണങ്ങൾ നടന്ന ഭൂമി എന്നിവയുടെ കേന്ദ്രീകരണ സ്വഭാവം വിലയിരുത്തി. പ്രധാന ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണ വിന്യാസങ്ങൾ, തുടർന്നുള്ള ഖണ്ഡികകളിൽ വിവരിക്കുന്നു.

വനഭൂമിയുടെ കേന്ദ്രീകരണം ജില്ലയുടെ കിഴക്ക് ഭാഗത്താണ് കാണുന്നത്. (ചിത്രം 3.4.3 കാണുക). സീതത്തോട്, തണ്ണിത്തോട്, അരുവാപുലം, ചിറ്റാർ, കലഞ്ഞൂർ, റാന്നി–പെരിനാട്, കോന്നി, വടശ്ശേരിക്കര, നാറാണമൂഴി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് വനഭൂമി പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്.



ചിത്രം: 3.4.3 ജില്ലയിലെ വനഭൂമികളുടെ വിന്യാസം

നെൽ കൃഷി, കരകൃഷി, മിശ്ര കൃഷി എന്നിവ ഉൾപ്പെടുന്ന കൃഷി മേഖലയുടെ ജില്ലയിലെ വിന്യാസം ചിത്രം 3.4.4 ൽ കൊടുത്തിരിക്കുന്നു. തോട്ട കൃഷി ഒഴിച്ചുള്ള കൃഷികളാണ് ഈ വിശകലനത്തിൽ പരിഗണിച്ചത്. ജില്ലയുടെ പടിഞ്ഞാറ് ഭാഗത്താണ് കൃഷി ഭൂമിയുടെ കേന്ദ്രീകരണം. ജില്ലയിലെ നിരണം, കടപ്ര, കുറ്റൂർ, പന്തളം തെക്കേക്കര, പന്തളം, ഇരവിപേരൂർ, കവിയൂർ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് കാർഷിക മേഖലകൾ ഉൾപ്പെടുന്ന ഭൂവിനിയോഗത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. ഏറത്ത്, ഏഴംകുളം, കടമ്പനാട്, കുന്നന്താനം, മല്ലപ്പുഴശ്ശേരി, നെടുമ്പ്രം, തിരുവല്ല എന്നിവയ്ക്കും ഉയർന്ന കേന്ദ്രീകരണ സൂചികയാണുള്ളത്.



ചിത്രം: 3.4.4 ജില്ലയിലെ കൃഷി ഭൂമിയുടെ (തോട്ട ഭൂമി ഒഴികെ)വിന്യാസം

തോട്ടഭൂമിയുടെ (പ്ലാന്റേഷൻ) ജില്ലയിലെ വിന്യാസം ചിത്രം 3.3.5 ൽ കൊടുത്തിരിക്കുന്നു. ജില്ലയിലെ തോട്ടഭൂമിയിൽ പ്രധാനമായും റബ്ബർ തോട്ടങ്ങളാണ്. ജില്ലയിലെ മദ്ധ്യഭാഗത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ മലയാലപ്പുഴ, ഏനാദിമംഗലം, റാന്നി, റാന്നി–പഴവങ്ങാടി, റാന്നി–പെരിനാട്, വെച്ചൂച്ചിറ, പ്രമാടം, നാരങ്ങാനം, കലഞ്ഞൂർ, മൈലപ്ര, നാറാണമൂഴി, വടശ്ശേരിക്കര എന്നീ തദ്ദേശ സ്ഥാപനങ്ങളിലാണ് തോട്ടങ്ങൾ അധികമായി കേന്ദ്രീകരിച്ചിരിക്കുന്നത്.

ജില്ലയിലെ എല്ലാ വിഭാഗത്തിലുള്ള കൃഷി ഭൂമികളും (കൃഷിഭൂമിയും തോട്ട ഭൂമിയും) ഒരുമിച്ച് പരിഗണിച്ചുള്ള വിശകലനത്തിൽ ജില്ലയുടെ മദ്ധ്യഭാഗത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങളിലും പടിഞ്ഞാറ് ഭാഗത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ നിരണം, കടപ്ര, കുറ്റൂർ, ഇരവിപേരൂർ എന്നിവിടങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നു.(ചിത്രം 3.4.6 കാണുക).



ചിത്രം: 3.4.5 തോട്ടഭൂമിയുടെ (പ്ലാന്റേഷൻ) വിന്യാസം



ചിത്രം 3.4.6 തോട്ടഭൂമി ഉൾപ്പെടെ കൃഷിഭൂമിയുടെ വിന്യാസം.

ചിത്രം 3.4.7 ൽ ജില്ലയിലെ വാസമേഖലകളുടെ വിന്യാസവും കേന്ദ്രീകരണവും കാണിച്ചിരിക്കുന്നു. ജില്ലയുടെ ഭൂവിസ്തൃതിയുടെ പടിഞ്ഞാറ് പകുതിയിൽ വാസമേഖല കേന്ദ്രീകരിച്ചിരിക്കുന്നു. ഓമല്ലൂർ, പത്തനംതിട്ട, വള്ളിക്കോട്, തിരുവല്ല, കോന്നി, ചെന്നീർക്കര, അടൂർ ഏറത്ത് ഏഴംകുളം, കൊടുമൺ, കോയിപ്രം, കോഴഞ്ചേരി, കുളനട, കുറ്റൂർ, പെരിങ്ങര എന്നീ തദ്ദേശ സ്ഥാപനങ്ങളുടെ കേന്ദ്രീകരണ സൂചിക ഉയർന്നതാണ്.



ചിത്രം: 3.4.7 ജില്ലയിലെ വാസ മേഖലകളുടെ വിന്യാസം.



ചിത്രം 3.4.8 ജില്ലയിലെ ജലാശയങ്ങളുടെ കേന്ദ്രീകരണവും വിന്യാസവും.

നദികൾ, കനാലുകൾ, റിസർവോയറുകൾ എന്നിവ ഉൾപ്പെടുന്ന ജലാശയങ്ങളുടെ വിന്യാസം ചിത്രം 3.4.8 കാണിച്ചിരിക്കുന്നു. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികൾ ഒഴുകുന്ന തദ്ദേശ സ്ഥാപനങ്ങൾ, ജില്ലയിലെ പടിഞ്ഞാറ് ഭാഗത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ വിഭാഗത്തിന്റെ കേന്ദ്രീകരണം കൂടുതലായുള്ളത് കടപ്ര, നാറാണമൂഴി, നെടുമ്പ്രം, കോഴഞ്ചേരി, കുറ്റൂർ, ആറന്മുള, ഇരവിപേരൂർ, മല്ലപ്പുഴശ്ശേരി, പുറമറ്റം, ചെറുകോൽ, റാന്നി-പെരുനാട്, സീതത്തോട് എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് ഉയർന്ന കേന്ദ്രീകൃത സൂചികയിൽ ഉള്ളത്.

3.4.4 കൃഷി ഭൂമിയുടെ വിന്യാസവും. കേന്ദ്രീകരണവും

ജില്ലയിലെ കൃഷി ഭൂമിയുടെ വിന്യാസം വിശദമായ വിശകലനം നടത്തി. വിളകളെ അടിസ്ഥാനമാക്കി കൃഷിഭൂമിയെ റബ്ബർ, തെങ്ങിന് മുൻതൂക്കമുള്ള സമ്മിശ്ര കൃഷി, മറ്റ് സമ്മിശ്ര കൃഷി, നെൽ വയൽ, മറ്റ് വിളകൾ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ചാണ് വിശകലനം നടത്തിയത്. (പട്ടിക 3.4.2, ചിത്രം 3.4.9 എന്നിവ കാണുക).

പട്ടിക: 3.4.2 - വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന കൃഷിഭൂമി.

ക്രമ നമ്പർ	ഇനം	ഏരിയ (ചതുരശ്ര കിലോമീറ്റർ)	ശതമാനം
1	റബ്ബർ	411.45	41.17
2	തെങ്ങ് കൂടുതലുള്ള സമ്മിശ്ര കൃഷി	294.12	29.43
3	മറ്റ് സമ്മിശ്ര കൃഷി	188.44	18.86
4	നെല്ല്	73.66	7.37
5	മറ്റ് വിളകൾ	31.71	3.17
	ആകെ	999.38	100.00

(സ്രോതസ്: നഗരവൽക്കരണ റിപ്പോർട്ട് പത്തനംതിട്ട)

ജില്ലയിലെ കൃഷിഭൂമിയുടെ 41.47% പ്രദേശത്ത് റബ്ബർ കൃഷി ചെയ്തുവരുന്നു. തെങ്ങ് കൃഷിക്ക് മുൻതൂക്കമുള്ള മിശ്രിത കൃഷി 29.43% മായി രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. മിശ്രിതകൃഷി, നെൽവയൽ, മറ്റ് കൃഷികൾ എന്നിവയുടെ ശതമാനം യഥാക്രമം 18.8, 7.37, 3.17 എന്നിങ്ങനെയാണ്. റബ്ബർ, തെങ്ങ്, സമ്മിശ്ര കൃഷി, നെൽവയൽ എന്നിവയുടെ വിന്യാസം യഥാക്രമം ചിത്രം 3.4.10, 3.4.11, 3.4.12 3.4.13 എന്നിവയിൽ കാണിച്ചിരിക്കുന്നു. ജില്ലാ നഗരവൽക്കരണ റിപ്പോർട്ട്, പത്തനംതിട്ട 2011-12 നെ അടിസ്ഥാനമാക്കിയാണ് വിശകലനങ്ങൾ നടത്തിയിരിക്കുന്നത്.



ചിത്രം: 3.4.9 വിവിധ വിഭാഗത്തിൽപെടുന്ന കൃഷിഭൂമി

ജില്ലയുടെ ഇടനാട് ഭാഗത്ത് റബ്ബർ തോട്ടങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. ജില്ലയുടെ

കിഴക്ക് ഭാഗത്തുള്ള ഉയർന്ന് പ്രദേശങ്ങളിൽ നിന്ന് പടിഞ്ഞാറ് ഭാഗത്തുള്ള താഴ്ന്ന പ്രദേശങ്ങളിലേക്ക് വരുമ്പോൾ റബ്ബർ തോട്ടങ്ങളുടെ കേന്ദ്രീകൃത സുചിക കുറഞ്ഞുവരുന്നു. ഏനാദിമംഗലം, റാന്നി, റാന്നി-പെരുനാട്, റാന്നി പഴവങ്ങാടി, മലയാലപ്പുഴ, വെച്ചൂച്ചിറ എന്നീ തദ്ദേശ സ്ഥാപനങ്ങൾക്കാണ് ഉയർന്ന കേന്ദ്രീകൃത സൂചിക ഉള്ളത്.

തെങ്ങ് കൃഷി ചെയ്യുന്ന പ്രദേശങ്ങൾ ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. ജില്ലയുടെ മദ്ധ്യ, കിഴക്ക് ഭാഗത്ത് തെങ്ങ് കൃഷി ചെയ്യുന്ന പ്രദേശങ്ങൾ താരതമ്യേന കുറവാണ്. അതുപോലെ തന്നെ സമ്മിശ്ര കൃഷിയും ജില്ലയിലെ പടിഞ്ഞാറ് ഭാഗത്തുള്ള തദ്ദേശ സ്ഥാപനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. നെൽ വയലുകളുടെ വിന്യാസം, വിശകലനം നടത്തിയതിൽ, ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ഉയർന്ന കേന്ദ്രീകൃത സൂചിക ലഭിച്ചു. നിരണം കടപ്ര, പന്തളം തെക്കേക്കര, പന്തളം, ഇരവിപേരൂർ, കവിയൂർ എന്നീ തദ്ദേശ സ്ഥാപനങ്ങൾക്കാണ് ഉയർന്ന കേന്ദ്രീകൃത സൂചിക.

മുൻ ഖണ്ഡികകളിലെ വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ തോട്ട ഭൂമി (പ്ലാന്റേഷൻ) ഉൾപ്പെടെ എല്ലാ കൃഷി ഭൂമികളുടേയും സംയുക്ത കേന്ദ്രീകരണ സൂചിക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണയിക്കുകയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൃഷിയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവത്തിൽ എത്തിച്ചേരുകയും ചെയ്തു. (ചിത്രം:3.4.14 കാണുക). ജില്ലയിലെ അരുവാപ്പുലം, തണ്ണിത്തോട്, സീതത്തോട് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ അധികമായും വനഭൂമി ആയതിനാൽ മറ്റ് കൃഷിയുടെ കാര്യത്തിൽ പ്രത്യേകതയൊന്നും കാണിക്കുന്നില്ല. കൃഷി വിളകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ വിളകളുടെ നിലവിലുള്ള സ്ഥലപര വിന്യാസം കൂടി പരിഗണിച്ചായിരിക്കണം തീരുമാനിക്കേണ്ടത്.



ചിത്രം: 3.4.10 ജില്ലയിലെ റബ്ബർ കൃഷിത്തോട്ടങ്ങളുടെ വിന്യാസം



ചിത്രം: 3.4.11 ജില്ലയിലെ തെങ്ങ് കൃഷി സ്ഥലങ്ങളുടെ വിന്യാസം



ചിത്രം 3.4.12 ജില്ലയിലെ സമ്മിശ്ര കൃഷിത്തോട്ടങ്ങളുടെ വിന്യാസം



ചിത്രം: 3.4.13 ജില്ലയിലെ നെൽവയലുകളുടെ വിന്യാസം



ചിത്രം: 3.4.14 കൃഷിയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവം

3.4.5 ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവം

മുൻ ഖണ്ഡികകളിൽ, വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകൃത സൂചിക (Concentration Index) പ്രത്യേകം പരിഗണിച്ച് കേന്ദ്രീകൃത സൂചികയുടെ അടിസ്ഥാനത്തിൽ കേന്ദ്രീകരണവും വിന്യാസവും വിലയിരുത്തുകയുണ്ടായി. വിവിധ ഭൂവിനിയോഗങ്ങൾ ഏകീകരിച്ച് നാല് ഗണമായി ക്രമീകരിച്ച് അവയുടെ കേന്ദ്രീകൃത സൂചികയെ അടിസ്ഥാനമാക്കി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം വിലയിരുത്തുകയുണ്ടായി. ഇപ്രകാരമുള്ള വിശകലനത്തിൽ നാല് പ്രധാന ഭൂവിനിയോഗങ്ങൾ – നഗര ഭൂവിനിയോഗം, കൃഷി ഭൂമി, വന ഭൂമി തോട്ടങ്ങൾ എന്നിവ ഉരുത്തിരിയുകയുണ്ടായി. ഇപ്രകാരം ഭൂവിനിയോഗങ്ങളെ ഏകീകരിക്കുന്നതിന് മാനദണ്ഡമാക്കിയ ഘടകങ്ങൾ പട്ടിക 3.4.3 വിശദമാക്കുന്നു.

പട്ടിക 3.4.3 ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം.

ക്രമ നമ്പർ	ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന സ്വഭാവം	മാനദണ്ഡം.
1	നഗരം	നഗരഭൂമിയുടെ കേന്ദ്രീകൃത സൂചിക>കൃഷി ഭൂമിയുടെ/ തോട്ട ഭൂമിയുടെ/വനഭൂമിയുടെ കേന്ദ്രീകൃത സൂചിക
2	കൃഷി	കൃഷി ഭൂമിയുടെ കേന്ദ്രീകൃത സൂചിക> നഗരഭൂമിയുടെ/ തോട്ട ഭൂമിയുടെ/വനഭൂമിയുടെ കേന്ദ്രീകൃത സൂചിക
3	തോട്ടം	തോട്ടഭൂമിയുടെ കേന്ദ്രീകൃത സൂചിക> വനഭൂമി/നഗരഭൂമി/ കൃഷിഭൂമി–യുടെ കേന്ദ്രീകൃത സൂചിക
4	വനം	വനഭൂമിയുടെ കേന്ദ്രീകൃത സൂചിക> തോട്ടഭൂമി/ നഗരഭൂമി/കൃഷിഭൂമി –യുടെ കേന്ദ്രീകൃത സൂചിക

ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കി ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണയിച്ച പ്രവർത്തന സ്വഭാവം പട്ടിക 3.4.4, ചിത്രം 3.4.15–ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പട്ടിക 3.4.4 ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണയിച്ച പ്രവർത്തന സ്വഭാവം

ക്രമ നമ്പർ	പഞ്ചായത്തുകളുടെ പേര	പ്രവൃത്തി		ക്രമ നമ്പർ	പഞ്ചായത്തുകളുടെ പേര്	പ്രവൃത്തി
1	ചെന്നീർക്കര	കൃഷി		30	മല്ലപ്പള്ളി	കൃഷി
2	ചെറുകോൽ	തോട്ടം		31	പന്തളം	കൃഷി
3	ഇലന്തൂർ	തോട്ടം		32	പന്തളം തെക്കേക്കര	കൃഷി
4	കോഴഞ്ചേരി	കൃഷി		33	തുമ്പമൺ	കൃഷി
5	മല്ലപ്പുഴശ്ശേരി	കൃഷി		34	ഏനാദിമംഗലം	തോട്ടം
6	നാരങ്ങാനം	തോട്ടം		35	ഏറത്ത്	കൃഷി

7	ഓമല്ലൂർ	കൃഷി	36	ഏഴംകുളം	കൃഷി
8	അയിരൂർ	കൃഷി	37	കടമ്പനാട്	കൃഷി
9	ഇരവിപേരൂർ	കൃഷി	38	കലഞ്ഞൂർ	തോട്ടം
10	എഴുമറ്റൂർ	കൃഷി	39	കൊടുമൺ	കൃഷി
11	കോയിപ്രം	കൃഷി	40	പള്ളിക്കൽ	കൃഷി
12	പുറമറ്റം	കൃഷി	41	കടപ്ര	കൃഷി
13	തോട്ടപ്പുഴശ്ശേരി	കൃഷി	42	കുറ്റൂർ	കൃഷി
14	അരുവാപ്പുലം	വനം	43	നെടുമ്പ്രം	കൃഷി
15	കോന്നി	തോട്ടം	44	നിരണം	കൃഷി
16	മലയാലപ്പുഴ	തോട്ടം	45	പെരിങ്ങര	കൃഷി
17	മൈലപ്ര	തോട്ടം	46	ചിറ്റാർ	വനം
18	പ്രമാടം	തോട്ടം	47	നാറാണമൂഴി	തോട്ടം
19	തണ്ണിത്തോട്	വനം	48	റാന്നി	തോട്ടം
20	വള്ളിക്കോട്	കൃഷി	49	റാന്നി അങ്ങാടി	തോട്ടം
21	ആറന്മുള	കൃഷി	50	റാന്നി പഴവങ്ങാടി	തോട്ടം
22	കുളനട	കൃഷി	51	റാന്നി പെരുനാട്	തോട്ടം
23	മെഴുവേലി	കൃഷി	52	സീതത്തോട്	വനം
24	ആനിക്കാട്	കൃഷി	53	വടശ്ശേരിക്കര	തോട്ടം
25	കല്ലൂപ്പാറ	കൃഷി	54	വെച്ചൂച്ചിറ	തോട്ടം
26	കവിയൂർ	കൃഷി	55	അടൂർ	കൃഷി
27	കൊറ്റനാട്	കൃഷി	56	പത്തനംതിട്ട മുൻസിപ്പാലിറ്റി	കൃഷി
28	കോട്ടാങ്ങൽ	കൃഷി	57	തിരുവല്ല മുനിസിപ്പാലിറ്റി	നഗരം
29	കുന്നംതാനം	കൃഷി			



ചിത്രം: 3.4.15 ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കി ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണയിച്ച പ്രവർത്തന സ്വഭാവം

3.4.6 ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന മേഖലകൾ

ഭൂവിനിയോഗത്തിന്റെ സ്ഥലപര വിന്യാസം പരിഗണിച്ചതിൽ ജില്ലയെ നാല് വ്യക്തമായ മേഖലകൾ ഉള്ളതായി കാണാം. വനമേഖല, തോട്ട ഭൂമി (പ്ലാന്റേഷൻ), കൃഷിമേഖല, നഗരസ്വഭാവ മേഖല, വന മേഖല ജില്ലയിലെ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ – സീതത്തോട്, തണ്ണിത്തോട്, അരുവാപ്പുലം, ചിറ്റാർ കേന്ദ്രീകരിച്ചിരിക്കുന്നു. കൃഷി മേഖല (തോട്ട ഭൂമി ഒഴികെ) ജില്ലയിലെ ഇടനാട്ടിലും, പടിഞ്ഞാറ് ഭാഗത്തെ താഴ്ന്ന് പ്രദേശത്തും കേന്ദ്രീകരിച്ചിരിക്കുന്നു. തോട്ട മേഖല വനമേഖലക്കും കാർഷിക മേഖലക്കും ഇടയിലുള്ള പ്രദേശത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. ഈ വിശകലന പ്രകാരം ജില്ലയിലെ ഏക കാർഷിക ഇതര പ്രവർത്തന സ്വഭാവമുള്ള തദ്ദേശ സ്ഥാപനം തിരുവല്ല ആകുന്നു.

3.4.7 സംഗ്രഹം

മുൻ ഖണ്ഡികകളിലെ വിശകലനത്തിൽ നിന്നും, ജില്ലയുടെ കിഴക്ക് ഭാഗത്തുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് വനഭൂമിയുമായി ബന്ധപ്പെട്ട പ്രവർത്തന സ്വഭാവവും, പടിഞ്ഞാറ് ഭാഗത്ത് വരുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന സ്വഭാവവും, മേൽ പറഞ്ഞ രണ്ട് വിഭാഗങ്ങളുടെ ഇടയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് തോട്ടവുമായി ബന്ധപ്പെട്ട പ്രവർത്തന സ്വഭാവവുമാണ്. ജില്ലയിലെ ഭൂപ്രകൃതിക്ക് അനുസൃതമായിട്ടുള്ള ഭൂവിനിയോഗമാണ് കാണുന്നത്. ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ പ്രവർത്തന സ്വഭാവം കാർഷികമാണെന്നും, നഗരവൽക്കരണം വളരെ കുറഞ്ഞ രീതിയിലാണെന്നും കാണുവാൻ കഴിയും. പ്രസ്തുത സ്വഭാവം കൂടി കണക്കിലെടുത്തുവേണം വിവധ മേഖലകളിലെ പദ്ധതികൾക്കായി ഉചിതമായ സ്ഥലം, നിക്ഷേപം എന്നിവ തിരഞ്ഞെടുക്കുവാൻ. കൃഷി ഭൂമിയുടെ പൂർണ്ണമായ ഉപയോഗം, കൃഷി വിഭവങ്ങളുടെ ഉൽപാദനം, ഉൽപാദന ക്ഷമതാവർദ്ധനവ് എന്നിവയെല്ലാം പരിഗണിച്ച് കൊണ്ടുള്ള സമഗ്രമായ ജില്ലാ കാർഷിക വികസന രൂപരേഖ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്. ഭൂവിനിയോഗത്തിന്റെ 50

ശതമാനത്തോളം വനഭൂമി, ആയതിനാൽ സ്വാഭാവികത നഷ്ടപെടാത്ത രീതിയിലുള്ള വിനോദ സഞ്ചാര സാദ്ധ്യതകൾക്കും, വനവിഭവങ്ങളുടെ കാര്യക്ഷമമായ ശേഖരണത്തിനും വിപണനത്തിനും പ്രാധാന്യം നൽകേണ്ടതാണ്.

3.5 വികസന നിയന്ത്രണ മേഖലകൾ

3.5.1 ആമുഖം

പത്തനംതിട്ട ഒരു തീരദേശ ജില്ലയല്ല. എന്നാൽ ജില്ലയുടെ പടിഞ്ഞാറ് ഭാഗം അപ്പർ കുട്ടനാടിന്റെ ഭാഗമായും വരുന്നു. കിഴക്ക് ഭാഗം പശ്ചിമഘട്ടമലനിരകളുടെ ഭാഗമായി വരുകയും, സമുദ്ര നിരപ്പിൽ നിന്നും ശരാശരി 800.00 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നു. ജില്ലയുടെ മദ്ധ്യഭാഗം ഉയരം കുറഞ്ഞ കുന്നുകളോടും, അവയ്ക്കിടയിൽ നിരപ്പായ പ്രദേശങ്ങളോടു കൂടിയതുമാണ്. വനഭൂമി, നെൽവയൽ–തണ്ണീർത്തടങ്ങൾ എന്നിവയാണ് ജില്ലയിൽ വികസന നിയന്ത്രണ മേഖലകൾ.

3.5.2 വനങ്ങൾ

ജില്ലയിലെ വനപ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 1330.05 ചതുരശ്ര കിലോമീറ്റർ ആകുന്നു. ഇത് ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 50.09 ശതമാനമാകുന്നു. കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡ് (Kerala State Land use Board) തയ്യാറാക്കിയ ഭൂവിനിയോഗ മാപ്പിനെ അടിസ്ഥാനമാക്കിയുള്ള വിശകലനമാണിത്. ജില്ലയുടെ കിഴക്ക് ഭാഗത്ത് വനപ്രദേശങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു (ചിത്രം 3.5.1 കാണുക). വനഭൂമിയുടെ വിസ്തീർണ്ണത്തിൽ 1,183.25 ചതുരശ്ര കിലോമീറ്റർ നിത്യ ഹരിത വനങ്ങളാണ്. ജില്ലയിലെ ജൈവ വൈവിധ്യത്തിനും, മാലിന്യ മുക്തമായ അന്തരീക്ഷത്തിനും, ഉയർന്ന ജല ലഭ്യതയ്ക്കും വനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു.



ചിത്രം: 3.5.1 ജില്ലയിലെ വനഭൂമികളുടെ വിന്യാസം

3.5.3 നെൽവയൽ – തണ്ണീർത്തടങ്ങൾ

ജില്ലയുടെ പടിഞ്ഞാറ് ഭാഗത്താണ് നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവ കേന്ദ്രീകരിച്ചിരിക്കുന്നു. ഇവയുടെ തുടർച്ച ജില്ലയുടെ മദ്ധ്യഭാഗത്തേക്കും കാണുന്നു (ചിത്രം 3.5.3 കാണുക). സംസ്ഥാന ലാന്റ് യൂസ് ബോർഡിന്റെ ഭൂവിനിയോഗ മാപ്പ് പ്രകാരം ജില്ലയിൽ 19.102 ചതുരശ്ര കിലോമീറ്റർ നെൽപാടങ്ങൾ നിലവിലുണ്ട്. 51.48 ചതുരശ്ര കിലോമീറ്റർ പാടങ്ങൾ തരിശായി കിടക്കുന്നു. 62.466 ചതുരശ്ര കിലോമീറ്റർ പാടം മറ്റ് കൃഷികൾക്കായി മാറ്റം വരുത്തിയിട്ടുണ്ട്. മഴവെള്ള സംഭരണം, വെള്ളപ്പൊക്ക നിയന്ത്രണം, ഭൂജല പോഷണം എന്നിവയ്ക്ക് നെൽവയൽ–നീർത്തടങ്ങൾ സംരക്ഷിക്കേണ്ടത് അന്ത്യന്താപേക്ഷിതമാണ്. അതിനായി നിലവിലുള്ള നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി പാലിക്കപ്പെടേണ്ടതുണ്ട്. മുൻ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന, സമഗ്ര ജില്ലാ കാർഷിക വികസന രൂപരേഖയിൽ ഉൾപ്പെടുത്തി നെൽവയലുകളുടെ പുനരുജ്ജീവനം സാദ്ധ്യമാണ്. ഇതു മൂലം നെൽവയലുകളുടെ ഉപയോഗമാറ്റത്തെ തടയുന്നതിന് കഴിയും.

3.5.4 പെരിയാർ കടുവാ സംരക്ഷണ സങ്കേതം

കേരളാ വനം വന്യജീവി വകുപ്പിന്റെ 2016 ലെ വനം സ്ഥിതിവിവരക്കണക്കു പ്രകാരം 925 ച.കി.മി വരുന്ന പെരിയാർ കടുവാ സംരക്ഷണ സങ്കേതത്തിന്റെ കുറച്ചു ഭാഗം, പത്തനംതിട്ട ജില്ലയിലെ ചിറ്റാർ, സീതത്തോട് ഗ്രാമപഞ്ചായത്ത് പ്രദേശത്തു കൂടി വ്യാപിച്ചു കിടക്കുന്നു. കോർ സോൺ, ബഫർ സോൺ, ടൂറിസം സോൺ എന്നിങ്ങനെ മൂന്ന് മേഖലകളായി സാങ്കേതത്തെ തിരിപ്പിക്കുന്നതിൽ ആദ്യ രണ്ട് മേഖലകൾ ജില്ലയിൽ ഉൾപ്പെടുന്നു. ഇതിൽ ആദ്യ മേഖലയായ കോർ സോണിൽ യാതൊരു വിധ വികസന പ്രവർത്തനങ്ങളും അനുവദനീയമല്ല. (ഹ്യൂമൻ ആക്ടിവിറ്റീസ്) പൂർണ്ണമായി സംരക്ഷിത മേഖലയായ ഈ പ്രദേശം കൂടാതെ ശബരിമല, ട്രക്ക് റൂട്ടുകൾ, ലീസ് പ്രദേശങ്ങൾ, ടൂറിസം വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങൾ, ആദിവാസി അധിവാസ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ബഫർ സോണിൽപ്പെട്ട പ്രദേശങ്ങളും ജില്ലയിൽ ഉൾപ്പെടുന്നു. മാപ്പ് കാണുക (ചിത്രം 3.5.2)



ചിത്രം: 3.5.2 *പെരിയാർ കടുവാ സംരക്ഷണ സങ്കേതം – പത്തനംതിട്ട ജില്ലയിലെ ഭാഗം*

3.5.5 സംഗ്രഹം:

ജില്ലയുടെ ആകെ വിസ്തീർണ്ണത്തിന്റെ ഏതാണ്ട് 55 ശതമാനം പ്രദേശങ്ങൾ വികസന നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നു. ശേഷിക്കുന്ന 45 ശതമാനം പ്രദേശമാണ് മറ്റ് വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. ജില്ലയിലെ വികസന നിയന്ത്രണ മേഖലകളുടെ പ്രത്യേകിച്ച് അവശേഷിക്കുന്ന നെൽവയൽ – നീർത്തടങ്ങളുടെ സംരക്ഷണം അന്ത്യന്താപേക്ഷിതമാണ്. ഇതിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതുണ്ട്. മേൽ പറഞ്ഞ പാരിസ്ഥിതിക ദുർബല പ്രദേശങ്ങളെ ഒഴിവാക്കുന്ന തരത്തിലായിരിക്കണം, വിവിധ മേഖലകളുടെ പ്രവർത്തന സ്വഭാവം നിർണ്ണയിക്കേണ്ടതും വികസന പ്രവർത്തനങ്ങളുടെ സ്ഥലപര വിന്യാസം നടത്തേണ്ടതും.



ചിത്രം 3.5.3- ജില്ലയിലെ നെൽവയലുകൾ

3.6. വിഭവങ്ങൾ

3.6.1 ആമുഖം

ജില്ലയിൽ ലഭ്യമായ വിഭവങ്ങൾ ഏതെന്ന് കണ്ടെത്തുകയും അവയെ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത തരത്തിൽ ജനങ്ങളുടെ സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവുമായ ഉന്നമനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. പ്രകൃതിദത്ത, മനുഷ്യ നിർമ്മിത, മാനുഷിക വിഭവങ്ങളെപ്പറ്റിയാണ് ഇവിടെ പഠനം നടത്തിയിരിക്കുന്നത്.

3.6.2 കാർഷിക വിഭവങ്ങൾ

കാർഷിക മേഖലയിൽ നിന്നുള്ള പ്രധാനമായുള്ള ഉത്പാദനം റബ്ബറാണ്. അപ്പർ കുട്ടനാടിന്റെ ഭാഗമായി വരുന്ന പ്രദേശങ്ങളിൽ നെൽ ഉത്പാദനവും നടക്കുന്നു. തെങ്ങ്, വാഴ, കപ്പ, പച്ചക്കറി, മരച്ചീനി, സുഗന്ധവിളകൾ, ഫലവൃക്ഷങ്ങൾ എന്നിവയാണ് മറ്റ് വിളകൾ.

3.6.3 വന വിഭവങ്ങൾ

ജില്ലയുടെ വിസ്തൃതിയിൽ ഏതാണ്ട് 50 ശതമാനം വനഭൂമിയാണ്. ആയതിനാൽ വിവിധ വനവിഭവങ്ങളുടെ കാര്യത്തിലും ജില്ല സമ്പന്നമാണ്. തടി, വിറക്, ഈറ്റ, മുള, തേൻ, കുന്തിരിക്കം എന്നീ വിഭവങ്ങൾ വനത്തിൽ നിന്നും ലഭിക്കുന്നു.

ആകെ വിസ്തൃതിയുടെ ഏതാണ്ട് 50 ശതമാനത്തോളം വനമുള്ള പത്തനംതിട്ട ഏറ്റവും ശുദ്ധമായ വായു ലഭിക്കുന്ന പ്രദേശങ്ങളുടെ ഭൂപടത്തിൽ ഇടം നേടിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2015ലെ വായുവിന്റെ ഗുണ സൂചിക പ്രകാരം Air Quality Index) പത്തനംതിട്ട 0 മുതൽ 50 വരെയുള്ള, മെച്ചപ്പെട്ട നിലവാരമാണ് കാണിക്കുന്നത്. കേരളത്തിലെ 11 നഗരങ്ങളുടെ പഠനത്തിൽ പത്തനംതിട്ട, മലപ്പുറം, വയനാട് എന്നിവ മാത്രമാണ് ഏറ്റവും മെച്ചപ്പെട്ട നിലവാരം കാണിക്കുന്നത്. പൊതുവേ കേരള

റീജിയണിൽ വായു മലിനീകരണത്തിൽ നിന്നുള്ള ദോഷങ്ങൾ ജനങ്ങളെ വളരെ കുറവായി മാത്രമേ ബാധിക്കുന്നുള്ളു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

പത്തനംതിട്ടയെ ഒരു പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര മേഖലയായി ഉയർത്തിക്കാട്ടാൻ ഇത്തരം പഠനഫലങ്ങൾ ഉപയോഗിക്കേണ്ടതുണ്ട്. കൂടാതെ നിലിവിലെ ഈ സ്ഥിതി തുടരുന്നതരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആകണം ഉണ്ടാകേണ്ടതും.

3.6.4 ജല വിഭവം

കേന്ദ്ര മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട് പ്രകാരം ജില്ലയിൽ ലഭ്യമാക്കുന്ന വാർഷികമഴ ലഭ്യത 3133.9 മില്ലി മീറ്റർ ആണ്. കൂടാതെ പത്തനംതിട്ട ജില്ല കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നായും പഠന ഫലങ്ങൾ രേഖപ്പെടുത്തുന്നു. ജലവൈദ്യുതി ഉത്പാദന ശേഷി വളരെ കൂടുതലുള്ള ജില്ലയാണ് പത്തനംതിട്ട. സംസ്ഥാനത്തെ രണ്ടാമത്തെ വലിയ ജല വൈദ്യുതി പദ്ധതിയായ ശബരിഗിരി പ്രോജക്ട്, മറ്റ് 6 വൈദ്യുത പദ്ധതികൾ എന്നിവ ജില്ലയിൽ സ്ഥിതി ചെയ്യുന്നു. പ്രസ്തുത പദ്ധതികളിൽ നിന്നും 429.5 മെഗാവാട്ട് വൈദ്യുതി ഉൽപാദനവും നടക്കുന്നു *(സ്രോതസ്: കേരള സംസ്ഥാന* വൈദ്യുതി *ബോർഡ്).* ജില്ലയിലെ നദികളെ അടിസ്ഥാനമാക്കിയുള്ള നീർത്തടങ്ങൾ രേഖപ്പെടുത്തുകയും അവിടെ നിലവിലുള്ള ജലസംഭരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ രൂപപ്പെടേണ്ടതുമുണ്ട്.

ജില്ലയിലെ നദികളെ അടിസ്ഥാനമാക്കിയുള്ള നീർത്തടങ്ങൾ രേഖപ്പെടുത്തുകയും അവിടെ നിലവിലുള്ള ജലസംഭരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ രൂപപ്പെടുത്തേണ്ടതുമുണ്ട്. സംസ്ഥാന മണ്ണ് സംരക്ഷണ സർവ്വേ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ജില്ലയിലെ നീർത്തടങ്ങളുടെ ഭൂപടമാണ് ചിത്രം 3.6.2 ൽ കാണിച്ചിരിക്കുന്നത്.



ചിത്രം: 3.6.1 ജില്ലയിലെ നീർത്തടങ്ങൾ

ഇതിൻ പ്രകാരം ഒരോ നീർത്തടങ്ങളുടേയും മണ്ണിന്റെ പ്രത്യേകത, ചരിവ് തുടങ്ങിയവ പഠിച്ച് പ്രത്യേക ജല, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ സമ്പൂർണ്ണ മണ്ണ് – ജല സംരക്ഷണ ജില്ല എന്ന തലത്തിലേയ്ക്ക് ഉയർത്തുന്നതിന് കഴിയും. ഇത് കാർഷിക മേഖലയുടെ ഉന്നതിക്കും കാരണമാകും. ഒരോ നീർത്തട വികസന പ്ലാനിലും തോടുകളിലേയും, നദികളിലേയും മാലിന്യം ഇല്ലാതാക്കാനുള്ള പദ്ധതികൾ കൂടി ഉൾപ്പെടുത്തിയാൽ ശുദ്ധവായുവിന്റെ പ്രദേശം എന്നതുപോലെ ശുദ്ധ ജലത്തിന്റെ പ്രദേശം എന്ന ഖ്യാതിയും ജില്ലയ്ക്ക് നേടുന്നതിന് കഴിയും. ജില്ലയിലെ മൈനിംഗ് & ജിയോളജി വകുപ്പിലെ റിപ്പോർട്ട് പ്രകാരം ഭൂഗർഭജല ലഭ്യതയുടെ വിതരണം കാണിക്കുന്ന മാപ്പാണ് ചിത്രം 3.6.2 ൽ കാണിച്ചിരിക്കുന്നത്. നീർത്തട സംരക്ഷണ പദ്ധതികളിലൂടെ ഭൂഗർഭജല ലഭ്യത പരിപോഷിപ്പിക്കുന്നതിന് കഴിയുന്നതാണ്.



ചിത്രം: 3.6.2 ജില്ലയിലെ ഭൂഗർഭ ജല ലഭ്യത

3.6.5 ധാതു വിഭവങ്ങൾ

ഫോസിൽ ഇന്ധനങ്ങളുടെ ശേഖരം ജില്ലയിലില്ല. എന്നാൽ കിരങ്കല്ലിന്റെ (ഗ്രാനൈറ്റ്) സാമാന്യം ഭേദപ്പെട്ട നിക്ഷേപം ജില്ലയിലുണ്ട്. ജില്ലയിൽ നിലവിൽ വിഭവങ്ങളിൽ നിന്നും ലഭിക്കുന്ന സമ്പത്ത് പരിഗണിച്ചാൽ ഏറ്റവും പ്രാധാന്യമുള്ളത് ഗ്രാനൈറ്റ് ഉൾപ്പെടുന്ന മിനറൽസിൽ നിന്നുമാണ്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ല സർവ്വെ റിപ്പോർട്ട് പ്രകാരം മൈനിംഗ് ആന്റ് മിനറൽസിൽ നിന്നും ലഭിച്ചിട്ടുള്ള 2015–16 വർഷത്തെ ആകെ വരുമാനം 8,74,20,799 ആകുന്നു. ജില്ലയിൽ കോയിപ്രം, കൊടുമൺ, ഏനാദിമംഗലം, എഴുമറ്റൂർ, വടശ്ശേരിക്കര, ഏറത്ത്, പന്തളം, പ്രമാടം, പള്ളിക്കൽ, റാന്നി–പഴവങ്ങാടി, കോട്ടാങ്ങൽ, തോട്ടാപ്പുഴശ്ശേരി, അരുവാപ്പുലം, കലഞ്ഞൂർ എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ ബിൽഡിംഗ് സ്റ്റോൺ ക്വാറിയിംഗ് പെർമ്മിറ്റുകൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ 63 ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ ക്വാറികൾ പാട്ടത്തിന് നൽകിയിട്ടുണ്ട്.

3.6.6 ഭൂമി

ജില്ലയിലെ ഭൂമിയുടെ നിലവിലെ ഉപയോഗവും അദ്ധ്യായം 3.4–ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ജില്ലയെ സംബന്ധിച്ച് 50 ശതമാനത്തോളം വനവും 1.55 ശതമാനത്തോളം നീർത്തടങ്ങളും ആണ് ഉള്ളത്. ഭൂപ്രകൃതി സംബന്ധമായ പഠനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വികസനത്തിന് ഉചിതമല്ലാത്ത സ്ഥലങ്ങൾ ജില്ലയിലെ വികസന നിയന്ത്രണ മേഖലകൾ എന്നിവ കുറച്ചാൽ വളരെകുറച്ചു ഭൂമി

മാത്രമാണ് വികസന പ്രവർത്തനങ്ങൾക്കായി ഉപയുക്തമാക്കാൻ കഴിയൂ. ഏറ്റവും മൂല്യം കൂടിയ വിഭവങ്ങളിലൊന്നായ ഭൂമിയുടെ കൃത്യമായ ഉപയോഗത്തിലൂടെ മാത്രമേ വികസനം സുസ്ഥിരവും എല്ലാവരിലേക്കും എത്തുന്നതും ആകു. ആയതിനാൽ പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങൾക്കും, നീർത്തടങ്ങൾക്കും കോട്ടം വരാത്ത തരത്തിൽ വേണം, തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ അവർക്കായി രേഖപ്പെടുത്തിയിരിക്കുന്ന സാമ്പത്തിക മേഖലകളെ പുഷ്ടിപ്പെടുത്തേണ്ടത്.

3.6.7 സസ്യ സമ്പത്ത്

1250 ഓളം സ്പീഷീസുകളിൽപ്പെട്ട സസ്യ സമ്പത്ത് ആണ് പശ്ചിമഘട്ട പർവ്വതനിരയുടെ ഭാഗമായി ജില്ലയിലുള്ള വനപ്രദേശങ്ങളിൽ കണ്ടെത്തിട്ടുള്ളത്. *(Reference: Flora of Pathanamthitta, Western Ghats Kerala by N.Anil Kumar, M. Sivadas and N. Ravi)* ജില്ലയുടെ ഭൂ പ്രകൃതിയും കാലാവസ്ഥയും മഴലഭ്യതയും ജൈവ വൈവിദ്ധ്യത്തിന് വളരാൻ പറ്റിയ പാരിസ്ഥിതിക മൂല്യം വളരെ വലുതാണ്. (*Ecological cost*). ജില്ലയിലെ വനപ്രദേശങ്ങളിലെ വിനോദ സഞ്ചാരത്തിന് ഉചിതമായ നിലവിലുള്ള സ്ഥലങ്ങൾ പരിസ്ഥിതി നാശം ഉണ്ടാകാത്ത തരത്തിൽ നിലനിർത്തുകയും പുതിയവ കണ്ടെത്തി പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരം എന്ന സാമ്പത്തിക മേഖലയെ പുഷ്ടിപെടുത്തുന്നതിന് ഉപയുക്തമാക്കുകയും വേണം.

3.6.8 സൗരോർജ്ജം

സൗരോർജ്ജം ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ നാം ഇനിയും വളരെയധികം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. ജില്ലയിൽ അനർട്ട് ആണ് ഈ മേഖലയിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ഏജൻസി. സ്വകാര്യമേഖലയിലും ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വലിയ തോതിലുള്ള സോളാർ ഊർജ്ജ പാനലുകൾ ഉപയോഗിച്ച് തിരുവല്ല മാക്ഫാസ്റ്റ് പോലുള്ള സ്ഥാപനങ്ങൾ സ്വന്തം ഉപയോഗത്തിനും ബാക്കി സംസ്ഥാന വൈദ്യുത ബോർഡിന്റെ ഊർജ്ജ ഗ്രിഡിലേയ്ക്കും നൽകുന്നുണ്ട്. പുനർ നിർമ്മിക്കാനാവാത്ത ഊർജ്ജ സ്ത്രോതസ്സുകൾ (non-renewable energy source) കുറഞ്ഞു വരുന്നതിനാൽ സൗരോർജ്ജ മേഖലയ്ക്ക് വൻ പ്രാധാന്യമാണ് ഉള്ളത്.

3.6.9 മാനവ വിഭവശേഷി

മാനവ വിഭവശേഷി സംബന്ധമായ വിശദമായ പഠനം അദ്ധ്യായം 3.7 ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3.6.10 സംഗ്രഹം

ജില്ലയിൽ നിലവിലുള്ള കൃഷി ഭൂമി ഫലപ്രദമായി ഉപയോഗിച്ചും, ആധുനിക കൃഷി സമ്പ്രദായത്തിലൂടെയും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. വനത്തിന് കോട്ടം തട്ടാത്ത വിധത്തിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വിലപ്പെട്ട വിഭവമായ ജലത്തിന്റെ മാനേജ്മെന്റിനായി പ്രത്യേക പദ്ധതികൾ തന്നെ രൂപപ്പെടുത്തേണ്ടതാണ്. മിനറൽ വിഭവങ്ങളുടെ ഇനിയുള്ള ലഭ്യത മനസ്സിലാക്കുന്നതിനും, അതിൻ പ്രകാരം ഉപയോഗം ക്രമപ്പെടുത്തുന്നതിനും കൃത്യമായ വരുമാനം സർക്കാരിന് ലഭ്യമാക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നതിനായി വിശദമായ പഠനവും ഒരു മാനേജ്മെന്റ് ആന്റ് മോണിട്ടറിംഗ് സിസ്റ്റവും ഉണ്ടാകേണ്ടത് ജില്ലയെ സംബന്ധിച്ച് വളരെ അത്യന്താപേക്ഷിതമാണ്. വികസന സൂചികയിൽ മുന്നിൽ നിൽക്കുന്ന ജില്ല എന്ന നിലയിൽ മാനവവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തണം.

3.7 മാനവ വിഭവശേഷി

3.7.1 ജനസംഖ്യയുടെ വ്യതിയാനം

ജില്ലയിലെ ജനസംഖ്യയുടെ കാലക്രമേണയുള്ള മാറ്റങ്ങൾ, ജനസാന്ദ്രത കേന്ദ്രീകരണം, സ്ഥലപരവിന്യാസം, തൊഴിലാളികളുടെ കേന്ദ്രീകരണം, വിന്യാസം, പിന്നോക്കാവസ്ഥയുടെ വിന്യാസം എന്നിവ ഇവിടെ വിലയിരുത്തുന്നു. പത്തനംതിട്ട ജില്ല 1982 നവംബർ മാസം 1–ാം തീയതി നിലവിൽ വന്നു. ജില്ലയുടെ രൂപീകരണത്തിനു ശേഷം 1991–ൽ ആദ്യമായി നടന്ന സെൻസസിൽ ജില്ലയുടെ ആകെ ജനസംഖ്യ 11,86,561 ആയിരുന്നു. തുടർന്ന് 2001–ൽ നടന്ന സെൻസസിൽ ജനസംഖ്യ 12,34,016 ആയി വർദ്ധിച്ചുവെങ്കിലും, 2011 ലെ സെൻസസിൽ ജനസംഖ്യ 11,97,412 ആയി കുറയുകയുണ്ടായി (ചിത്രം 3.7.1 കാണുക). 2001–2011 കാലഘട്ടത്തിൽ സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ (4.9% വർദ്ധനവ്) പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ജനസംഖ്യയിൽ കുറവുവരുകയുണ്ടായി. പത്തനംതിട്ട ജില്ലയുടെ വിസ്തീർണ്ണം സംസ്ഥാനത്തിന്റെ 6.79 ശതമാനമാണെങ്കിലും, ജനസംഖ്യ സംസ്ഥാന ജനസംഖ്യയുടെ 3.58 ശതമാനം മാത്രമാണ്. വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ പത്തനംതിട്ട ജില്ല സംസ്ഥാനത്ത് 7–ാം സ്ഥാനത്താണെങ്കിലും ജനസംഖ്യയുടെ വലുപ്പത്തിന്റെ കാര്യത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് സംസ്ഥാനത്ത് 12–ാം സ്ഥാനമാണ്.



ചിത്രം 3.7.1 ജില്ലയുടെ ജനസംഖ്യയുടെ വ്യതിയാനം

3.7.2 സ്ത്രീ പുരുഷ അനുപാതം

ജില്ലയുടെ ആകെ ജനസംഖ്യ, പുരുഷ–സ്ത്രീ ജനസംഖ്യ എന്നിവ യഥാക്രമം 11,97,412, 5,61,716, 6,35,696 എന്നിങ്ങനെയാകുന്നു. ജില്ലയുടെ സ്ത്രീ പുരുഷ അനുപാതം 1132 ഉം, സംസ്ഥാന അനുപാതം 1084 ഉം ആകുന്നു. സംസ്ഥാനത്ത് കണ്ണൂർ ജില്ലയ്ക്ക് പിന്നിലായി സ്ത്രീ പുരുഷ അനുപാതത്തിൽ പത്തനംതിട്ട ജില്ല രണ്ടാം സ്ഥാനത്താണ്. ജില്ലയിലെ നഗര പ്രദേശങ്ങളെ (1126) അപേക്ഷിച്ച് ഗ്രാമപ്രദേശങ്ങളിലാണ് (1132) ഉയർന്ന സ്ത്രീ പുരുഷ അനുപാത നിരക്കുള്ളത്. പട്ടിക ജാതി വിഭാഗത്തിലും (1083), പട്ടിക വർഗ്ഗ വിഭാഗത്തിലും (1054) ജില്ലയിൽ ഉയർന്ന സ്ത്രീ – പുരുഷ അനുപാത നിരക്കാണ്. (സ്രോതസ്: സെൻസസ് റിപ്പോർട്ട്).



ചിത്രം : 3.7.2. വയസ്സ് ലിംഗാനുപാതം സ്തൂപിക

35 വയസ്സു മുതൽ മുകളിലേക്കുള്ളവരുടെ കാര്യത്തിൽ സ്ത്രീ പുരുഷാനുപാതം ഏകദേശം തുല്യമായി വരുന്നതായി കാണാം. എന്നാൽ ഇതിൽ താഴെ വയസ്സുള്ളവരെ ശതമാനത്തിന്റെ (10–14 ഒഴികെ) സ്ത്രീ ശതമാനം ഒരേ ക്രമത്തിൽ കുറവു കാണിക്കുന്നു. പുരുഷ ശതമാനമാകട്ടെ ആദ്യം കൂടി വരുകയും (30 മുതൽ 10 – 14 വരെ) പിന്നീട് കുറഞ്ഞും കാണുന്നു.

10–14 വയസ്സ് ശ്രേണിയിൽ ഉൾപ്പെടുന്നവരുടെ ശതമാനം താരതമ്യം ചെയ്യുമ്പോൾ താഴത്തെ ശ്രേണിയിൽ ഉൾപ്പെടുന്നവരുടെ ശതമാനം ക്രമമായ കുറവ് കാണുന്നു. ഇത് ഭാവിയിൽ ജില്ലയുടെ ജനസംഖ്യ കുറയുമെന്നതിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ജനസംഖ്യയിലുള്ള ഈ പ്രതിഭാസം ഭാവിയിലെ ആസൂത്രണ പ്രക്രിയയിൽ പരിഗണിക്കേണ്ട ഒരു പ്രധാന ഘടകമാണ്.

3.7.3 സാക്ഷരത

സാക്ഷരത നിരക്കിൽ, പത്തനംതിട്ട സംസ്ഥാനത്ത് മുൻപന്തിയിലാണ്. കോട്ടയം ജില്ലയ്ക്ക് (97.2%) പിന്നിലായി പത്തനംതിട്ട ജില്ല (96.50%) രണ്ടാം സ്ഥാനത്താണ്. ജില്ലയുടെ ആകെ ജനസംഖ്യയിൽ 10,62,553 പേർ സാക്ഷരരാണ്. സ്ത്രീ സാക്ഷരതയിലും (95.83%) ജില്ലയ്ക്ക് സംസ്ഥാനത്ത് രണ്ടാം സ്ഥാനമാണ്. (സ്രോതസ്: സെൻസസ് റിപ്പോർട്ട്)

3.7.4 ജില്ലയിൽ പട്ടിക ജാതി വർഗ്ഗ വിഭാഗങ്ങൾ

ജില്ലയിൽ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ സംഖ്യ 1,64,465 ആകുന്നു. ഇത് ജില്ലയിലെ ആകെ ജനസംഖ്യയുടെ 13.74 ശതമാനമാണ്. പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ ശതമാനത്തിൽ സംസ്ഥാനത്ത് പത്തനംതിട്ട ജില്ല, പാലക്കാട് ജില്ലയ്ക്ക് (14.4%) പിന്നിലായി രണ്ടാം സ്ഥാനത്താണ്. ജില്ലയുടെ ആകെ ജനസംഖ്യ 2001–2011 കാലയളവിൽ കുറവ് രേഖപ്പെടുത്തിയെങ്കിലും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ സംഖ്യയിൽ 1.50 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിൽ 0.80 ശതമാനത്തിന്റെയും നഗര പ്രദേശങ്ങളിൽ 11.20 ശതമാനത്തിന്റെയും വർദ്ധനവ് 2001–2011 കാലഘടത്തിലുണ്ടായി.

ജില്ലയിലെ പട്ടിക വർഗ്ഗ ജനസംഖ്യ, ആകെ ജനസംഖ്യയുടെ 0.78 ശതമാനവും, എണ്ണം 8,108 ഉം ആകുന്നു. 2001–2011 കാലയളവിൽ പട്ടിക വർഗ്ഗ ജനസംഖ്യയിൽ 23.80 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ശതമാന കണക്കിൽ പട്ടികവർഗ്ഗ ജനസംഖ്യയിൽ സംസ്ഥാനത്ത് 8–ാം സ്ഥാനമാണ് പത്തനംതിട്ടയ്ക്ക് ഉള്ളത്. (സ്രോതസ്: സെൻസസ് റിപ്പോർട്ട്)

3.7.5 പ്രവാസികൾ

പഞ്ചായത്ത് തല നോർക്ക റിപ്പോർട്ട് പ്രകാരം ജില്ലയിലെ 60,185 കുടുംബങ്ങളിൽ നിന്നും 98,354 പേർ വിദേശത്ത് വസിക്കുന്നു. ഇത് ആകെ ജനസംഖ്യയുടെ 8.21 ശതമാനമാണ്. ജില്ലയിലെ 98,354 പ്രവാസികളിൽ 77,802 പേർ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്തു വരുന്നു. സംസ്ഥാനത്തെ ആകെ പ്രവാസികളുടെ 6% പത്തനംതിട്ടയിലാണ്. ജോലി ചെയ്യുന്ന പ്രവാസികളുടെ എണ്ണത്തിൽ ജില്ലയ്ക്ക് സംസ്ഥാനത്ത് 10-ാം സ്ഥാനമാണുള്ളത്. ജില്ലകളിലെ പ്രവാസികളുടെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പ്രവാസിളുടെ മേഖല തിരിച്ചുള്ള കണക്ക് പട്ടിക 3.7.1 ൽ നൽകിയിരിക്കുന്നു.

പട്ടിക : 3.7.1

പ്രവാസികളുടെ തൊഴിൽ മേഖല തിരിച്ചുള്ള കണക്ക്

ഡോക്ടർ	നഴ്സ്	എഞ്ചിനീയർ	ബാങ്കിംഗ്	ഐ.റ്റി	അദ്ധ്യാപകർ
745	18857	4969	1027	2814	1963
മാനേജർ	ഡ്രൈവർ	ബിസിനസ്	സെയിൽസ്മാൻ	മറ്റുള്ളവ	ആകെ
1563	4072	2741	2650	36401	77802

(സ്രോതസ്: പഞ്ചായത്ത് തല നോർക്ക റിപ്പോർട്ട്)

ജില്ലയിൽ നിന്നുള്ള പ്രവാസികളിൽ ഏതാണ്ട് 40 ശതമാനം പേർ മെഡിക്കൽ, എഞ്ചിനീയറിംഗ്, ഐ.ടി, അദ്ധ്യാപനം, ബാങ്കിംഗ്, നഴ്സിംഗ് എന്നീ പ്രൊഫഷണൽ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം കണക്കാക്കിയാൽ ജില്ലയ്ക്ക് സംസ്ഥാനത്ത് മുന്തിയ സ്ഥാനമാണുള്ളത്. അദ്ധ്യാപകർ – 1963 (സംസ്ഥാനത്ത് 1-ാം സ്ഥാനം), നഴ്സ് – 18,857 (സംസ്ഥാനത്ത് 2-ാം സ്ഥാനം), ബാങ്കിംഗ് മേഖല – 1027 (സംസ്ഥാനത്ത് – 3-ാം സ്ഥാനം), ഐ.ടി മേഖല –2814 (സംസ്ഥാനത്ത് 5-ാം സ്ഥാനം) എന്നിങ്ങനെയാണ് വിവിധ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം.

3.7.6 ജില്ലയുടെ ജനസംഖ്യ വർദ്ധനവ്

ജില്ലയുടെ ജനസംഖ്യയുടെ വർദ്ധനവിന്റെ/കുറവിന്റെ നിരക്ക് ചിത്രം 3.7.3 കാണിച്ചിരിക്കുന്നു. 1971–81 ശതാബ്ദം മുതൽ 1991–2001 ശതാബ്ദം വരെ ജനസംഖ്യ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരുന്നു എങ്കിലും 2001–2011 ശതാബ്ദത്തിൽ വിപരീത ജനസംഖ്യാ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്തനംതിട്ട ജില്ല ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ ഈ മേഖലയുടെ മാത്രമുള്ള പ്രത്യേകതയാണിത്. 2001 – 2011 ദശാബ്ദത്തിൽ സംസ്ഥാനത്തെ ജനസംഖ്യാ വർദ്ധനവ് +4.9 ശതമാനമായിരുന്നപ്പോൾ, പത്തനംതിട്ട ജില്ലയിലേത് 2.96 ശതമാനമായിരുന്നു. സമീപ ജില്ലകളായ ഇടുക്കി (–1.14%), ആലപ്പുഴ (0.90%), കോട്ടയം (1.1%), കൊല്ലം 1.9%) എന്നിവയും കുറഞ്ഞ വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയത്.

ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ കേവലം 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് ജനസംഖ്യ വളർച്ച രേഖപ്പെടുത്തിയത്. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2001–2011 ദശാബ്ദത്തിൽ ജനസംഖ്യാവർദ്ധനവിന്റെ/ വിപരീത വർദ്ധനവിന്റെ നിരക്ക് ചിത്രം 3.7.3–ൽ നൽകിയിരിക്കുന്ന



ചിത്രം 3.7.3 ജനസംഖ്യാ വർദ്ധനവിന്റെ/കുറവിന്റെ നിരക്ക്.

ചിത്രം: 3.7.4

ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ ജനസംഖ്യാ
വളർച്ചാ നിരക്ക്/വിപരീത വളർച്ചാ നിരക്ക്



(സ്രോതസ്: സെൻസസ് റിപ്പോർട്ട്)

ജില്ലയിലെ അടൂർ, കടമ്പനാട്, പന്തളം, പന്തളം തെക്കേക്കര, പള്ളിക്കൽ, കുന്നന്താനം, കോന്നി, മൈലപ്ര, ഓമല്ലൂർ എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് ജനസംഖ്യാ വർദ്ധനവ് രേഖപ്പെടുത്തിയത്. നഗരസഭകളിൽ പന്തളം (+1.90%), അടൂർ (+0.80%) എന്നിവ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയപ്പോൾ, തിരുവല്ല (−0.7%), പത്തനംതിട്ട (−1.20%) എന്നീ നഗരസഭകൾ വിപരീത വളർച്ചാ നിരക്ക് രേഖപ്പെടുത്തി. (പട്ടിക 3.7.2 കാണുക). 2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ഗ്രാമപ്രദേശങ്ങൾ വിപരീത വളർച്ചാ നിരക്ക് (−10.40%) രേഖപ്പെടുത്തിയപ്പോൾ നഗരങ്ങൾ വളർച്ചാ നിരക്ക് (+6.3%) രേഖപ്പെടുത്തി. ജനന നിരക്കിലുണ്ടായിട്ടുള്ള കുറവും തൊഴിൽ തേടി വിദേശ രാജ്യങ്ങളിലേക്കും, രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കുമുള്ള കുടിയേറ്റവുമാണ് വിപരീത വളർച്ചാ നിരക്കിനുള്ള ഒരു പ്രധാന കാരണം. ഉയർന്ന തലത്തിൽ ഉള്ള തൊഴിൽ സാദ്ധ്യത ലഭ്യമാക്കുന്ന സാമ്പത്തിക മേഖലകൾ ജില്ലയിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പട്ടിക 3.7.2

തദ്ദേശ സ്ഥാപനങ്ങളിലെ ജനസംഖ്യാ, ജനസാന്ദ്രത, വളർച്ചാ നിരക്ക്.

ക്രമ നമ്പർ	തദ്ദേശ സ്ഥാപനത്തിന്റെ പേര്	ജനസംഖ്യ 2011			ജനസംഖ്യ വർദ്ധനവ് നിരക്ക് 2001–2011	ജന സാന്ദ്രത 2011
		പുരുഷൻ	സ്ത്രീ	ആകെ		
1	അടൂർ നഗരസഭ	13741	15430	29171	0.76	1429
2	ആനിക്കാട്	6982	7603	14585	1.00	766
3	ആറന്മുള	13218	15477	28695	4.33	1194
4	അരുവാപ്പുലം	9106	10430	19536	12.24	70
5	അയിരൂർ	10206	11591	21797	3.54	846
6	ചെന്നീർക്കര	8882	10242	19124	2.12	981
7	ചറുകോൽ	5670	6499	12169	6.74	780
8	ചിറ്റാർ	7767	8758	16525	4.68	638
9	ഇലന്തൂർ	7135	8209	15344	0.53	1017
10	ഏനാദിമംഗലം	9570	10883	20453	2.40	665
11	ഏറത്ത്	11626	13254	24880	0.50	1144
12	ഇരവിപേരൂർ	11699	13473	25172	3.33	1350
13	ഏഴംകുളം	15393	17249	32642	0.66	1068
14	എഴുമറ്റൂർ	8945	9854	18799	4.37	674
15	കടമ്പനാട്	12548	14361	26909	0.26	1124
16	കടപ്ര	9575	11252	20827	6.71	1413
17	കലഞ്ഞൂർ	14789	17085	31874	5.20	483
18	കല്ലൂപ്പാറ	7954	8967	16921	4.50	1004
19	കവിയൂർ	7778	9074	16852	3.71	1330
20	കൊടുമൺ	12762	14938	27700	0.05	762
21	കോയിപ്രം	12231	14194	26425	2.45	1187
22	കോന്നി	14096	16203	30299	3.64	731
23	കൊറ്റനാട്	6860	7536	14396	1.27	846

24	കോട്ടാങ്ങൽ	8206	8958	17164	1.83	744
25	കോഴഞ്ചേരി	5594	6427	12021	4.13	1396
26	കുളനട	10885	12660	23545	4.21	1092
27	കുന്നംതാനം	9742	10831	20573	2.06	1171
28	കുറ്റൂർ	9170	10482	19652	1.61	1616
29	മലയാലപ്പുഴ	7982	9051	17033	6.75	619
30	മല്ലപ്പള്ളി	8399	9313	17712	1.74	885
31	മല്ലപ്പുഴശ്ശേരി	5503	6281	11784	5.09	947
32	മെഴുവേലി	6723	7812	14535	4.52	1007
33	മൈലപ്ര	4813	5445	10258	0.57	988
34	നാറാണമൂഴി	7499	7955	15454	5.03	460
35	നാരങ്ങാനം	7746	8706	16452	7.31	813
36	നെടുപ്രം	5971	6723	12694	3.02	1423
37	നിരണം	6319	7126	13445	6.51	1021
38	ഓമല്ലൂർ	8189	9422	17611	0.40	1211
39	പള്ളിക്കൽ	19514	22267	41781	0.98	1001
40	പന്തളം നഗരസഭ	19321	22273	41594	1.92	1464
41	പന്തളം തെക്കേക്കര	8540	9826	18366	1.46	947
42	പത്തനംതിട്ട നഗരസഭ	17744	19794	37538	1.24	1597
43	പെരിങ്ങര	9813	11271	21084	4.64	1039
44	പ്രമാടം	14598	16653	31251	0.75	842
45	പുറമറ്റം	6660	7409	14069	4.33	960
46	റാന്നി	6394	7051	13445	3.90	860
47	റാന്നി അങ്ങാടി	7079	7776	14855	6.41	484
48	റാന്നി പഴവങ്ങാടി	11686	12782	24468	2.28	458
49	റാന്നി പെരിനാട്	9969	10592	20561	8.35	251

50	പെരിനാട്	7672	8101	15773	8.25	24
51	തണ്ണിത്തോട്	6187	6825	13012	11.71	30
52	തിരുവല്ല നഗരസഭ	24817	28066	52883	6.96	1893
53	തോട്ടാപ്പുഴശ്ശേരി	6833	7636	14469	5.36	1001
54	തുമ്പമൺ	3429	4137	7566	7.28	965
55	വടശ്ശേരിക്കര	10502	11253	21755	3.18	365
56	വള്ളിക്കോട്	9242	11045	20287	2.23	1087
57	വെച്ചൂച്ചിറ	10442	11185	21627	2.08	418
പത്തനംതിട്ട ജില്ല		561716	635696	1197412	2.99	442

(സ്രോതസ്: സെൻസസ് റിപ്പോർട്ട്)

3.7.7 നഗര-ഗ്രാമ ജനസംഖ്യ

ജില്ലയിലെ നഗരസഭകളായ തിരുവല്ല, പന്തളം, പത്തനംതിട്ട, അടൂർ എന്നിവിടങ്ങളിലെ ജനസംഖ്യ യഥാക്രമം 52,883, 41,594, 43,457, 37,538, 29,171 ആകുന്നു. ഇതിനു പുറമെ സെൻസസ് ടൗണായ കോഴഞ്ചേരിയിലെ ജനസംഖ്യ 12,021 ആകുന്നു. പള്ളിക്കൽ (41,781), ഏഴംകുളം (32,642), കലഞ്ഞൂർ (31,874) എന്നിവയാണ് ജനസംഖ്യയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലുടെ ഗ്രാമ പഞ്ചായത്തുകൾ, തുമ്പമൺ ഗ്രാമപഞ്ചായത്താണ് ജനസംഖ്യ ഏറ്റവും കുറവുള്ള ഗ്രാമപഞ്ചായത്ത് (7566). ജില്ലയിലെ 64 ഗ്രാമ വില്ലേജുകളിൽ 51 ഇടത്തും ജനസംഖ്യ 10,000-ൽ അധികമാണ്. ജില്ലയിലെ ആകെ ജനസംഖ്യയിൽ 13.46 ശതമാനം (2011 ലെ സെൻസസ് പ്രകാരം 11.1%) പേർ നഗരങ്ങളിലും ശേഷിക്കുന്ന 86.54 ശതമാനം പേർ ഗ്രാമങ്ങളിലും വസിക്കുന്നു. സംസ്ഥാനത്ത് 47.7 ശതമാനം ജനങ്ങളും നഗര പ്രദേശങ്ങളിലാണ് വസിക്കുന്നത്. ജില്ലയ്ക്ക് നഗരവൽക്കരണത്തിന്റെ കാര്യത്തിൽ സംസ്ഥാനത്ത് 12-ാം സ്ഥാനമാണ്. ജില്ലയിൽ നഗര സഞ്ചയങ്ങൾ Urban agglomeration ഒന്നും രൂപപ്പെട്ടിട്ടില്ല. (സ്രോതസ്: സെൻസസ് റിപ്പോർട്ട്)

3.7.8 ജനസാന്ദ്രത

ജില്ലയുടെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 442 പേരും, സംസ്ഥാനത്തിന്റേത് ഒരു ചതുരശ്ര കിലോമീറ്ററിന് 452 പേരുമാകുന്നു. ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലക്ക് സംസ്ഥാനത്ത് 12-ാം സ്ഥാനമാണുള്ളത്. ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലയുടെ വിവിധ മേഖലകൾ തമ്മിൽ പ്രകടമായ വ്യത്യാസം കാണുന്നു. (ചിത്രം 3.7.4 കാണുക). ചതുരശ്ര കിലോമീറ്ററിന് 1893 പേര് വസിക്കുന്ന തിരുവല്ലാ നഗരസഭയാണ് ജനസാന്ദ്രതയിൽ ഒന്നാം സ്ഥാനത്ത്. ജില്ലയിലെ മറ്റ് നഗരസഭകളായ പത്തനംതിട്ട, പന്തളം, അടൂർ എന്നീ നഗരസഭകളിലെ ജനസാന്ദ്രത യഥാക്രമം ചതുരശ്ര കിലോമീറ്ററിന് 1597, 1464, 1429 പേർ വീതമാണ്.

ജനസാന്ദ്രതയിൽ ഗ്രാമപഞ്ചായത്തുകളിൽ കുറ്റൂരിലാണ് ജനസാന്ദ്രത അധികമായുള്ളത് - ചതുരശ്ര കിലോമീറ്ററിന് 1616 പേർ. നെടുമ്പ്രം (1495), കടപ്ര (1413), കോഴഞ്ചേരി (1396), ഇരവിപേരൂർ (1350), കവിയൂർ (1330) എന്നിവയാണ് ജനസാന്ദ്രതയിൽ മുന്നിൽ നിൽക്കുന്ന മറ്റ് ഗ്രാമപഞ്ചായത്തുകൾ. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത്, തിരുവല്ല നഗരസഭയോട് ചേർന്നു കിടക്കുന്നതോ അല്ലെങ്കിൽ പ്രധാന റോഡുകൾ കടന്നു പോകുന്ന പ്രദേശങ്ങളോ ആണെന്ന് കാണാം. സീതത്തോട്, തണ്ണിത്തോട്, അരുപാപ്പുലം എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ജില്ലയിൽ ജനസാന്ദ്രത ഏറ്റവും കുറവുള്ളത്. പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ

യഥാക്രമം ചതുരശ്ര കിലോമീറ്ററിന് 24, 30, 70 പേർ വീതമാണ്. ജില്ലയുടെ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉയർന്ന പ്രദേശങ്ങളോടുകൂടിയ ഭൂപ്രകൃതിയുള്ളതും, ഭൂരിഭാഗവും വനമേഖലയോടു കൂടിയതുമാണ്. ജില്ലയുടെ ജനസാന്ദ്രത കിഴക്ക് നിന്നും പടിഞ്ഞാറോട്ട് വർദ്ധിച്ചു വരുന്നതായി കാണുവാൻ കഴിയും. (ചിത്രം: 3.7.5 കാണുക).



ചിത്രം: 3.7.5 ജില്ലയുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനസാന്ദ്രത (സ്രോതസ്: സെൻസസ് റിപ്പോർട്ട്)



ചിത്രം 3.7.6: ജില്ലയിലെ ജനസംഖ്യയുടെ കേന്ദ്രീകരണം (സ്രോതസ്: സെൻസസ് റിപ്പോർട്ട്)

3.7.9 ജനസംഖ്യയുടെ കേന്ദ്രീകരണം.

ജില്ലയിലെ ജനസംഖ്യയുടെ കേന്ദ്രീകരണം ചിത്രം:3.7.5ൽ കാണിച്ചിരിക്കുന്നു. ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവരോഹണ ക്രമത്തിൽ ക്രമീകരിച്ചാണ് ഈ വിശകലനം നടത്തിയിരിക്കുന്നത്. ജില്ലയിലെ മൂന്നിൽ ഒന്ന് ജനസംഖ്യയും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ 10.19 ശതമാനം പ്രദേശത്താണ്. ജില്ലയുടെ പകുതി ജനസംഖ്യ, ജില്ലയുടെ 18.17 ശതമാനം പ്രദേശത്തും, മൂന്നിൽ രണ്ട് ജനസംഖ്യ ജില്ലയുടെ 26.08 ശതമാനം പ്രദേശത്തും കേന്ദ്രീകരിച്ചിരിക്കുന്നു. ഈ വിശകലനത്തിൽ നിന്നും ജനസംഖ്യയുടെ കേന്ദ്രീകരണം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്താണ് എന്ന് കാണുവാൻ കഴിയും.

3.7.10 തൊഴിലാളികൾ

ആകെ തൊഴിലാളികളുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക് (Work participation rate). ഇത് ശതമാനക്കണക്കിലാണ് പ്രകടിപ്പിക്കുന്നത്. 2011–ലെ സെൻസസ് പ്രകാരം പത്തനംതിട്ട ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 32.80 ശതമാനമാകുന്നു. സംസ്ഥാനത്തിന്റെ തൊഴിൽ പങ്കാളിത്ത നിരക്ക് 34.80 ശതമാനവും, പത്തനംതിട്ട തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ 11–ാം സ്ഥാനത്തുമാകുന്നു. ജില്ലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 17.45 ശതമാനമാകുന്നു. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാര്യത്തിൽ ജില്ല സംസ്ഥാനത്ത് 11–ാം സ്ഥാനത്താണ്. ആകെ തൊഴിലാളികളെ, സെൻസസ് പ്രകാരം പ്രധാന തൊഴിലാളികൾ (main workers), അപ്രധാന തൊഴിലാളികൾ (marginal workers), എന്നിങ്ങനെ രണ്ട് വിഭാഗമായി തിരിച്ചിരിക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചിത്രം 3.7.7 ൽ കാണിച്ചിരിക്കുന്നു. ജില്ലയിലെ തൊഴിലാളികളിൽ 74.70 ശതമാനം പ്രധാന തൊഴിലാളികളും (main workers), 25.30 ശതമാനം അപ്രധാന തൊഴിലാളികളുമാണ് (marginal workers). ജില്ലയിലെ തൊഴിലാളികൾ, തൊഴിൽ പങ്കാളിത്ത നിരക്ക് എന്നിവയുടെ കാലാനുസൃതമായ വ്യതിയാനം പട്ടിക 3.7.3 ൽ നൽകിയിരിക്കുന്നു. ജില്ലയിലെ ആകെ തൊഴിലാളികൾ, തൊഴിൽ പങ്കാളിത്ത നിരക്ക് എന്നിവയിൽ ഉണ്ടായ വളർച്ച ജനസംഖ്യയിൽ ഉണ്ടായ വളർച്ച നിരക്കിലും അധികമാണ്. ഇത് ഉയർന്ന തോതിലുള്ള സാമ്പത്തിക വളർച്ചയേയും, അതിന് അനുസൃതമായി ഉണ്ടാകുന്ന അധിക തൊഴിൽ അവസരത്തേയും സൂചിപ്പിക്കുന്നു.



ചിത്രം 3.7.7 ജില്ലയിലെ തൊഴിലാളികളുടെ വിശദാംശങ്ങൾ
(സ്രോതസ്: സെൻസസ് റിപ്പോർട്ട്)

പട്ടിക: 3.7.3
തൊഴിലാളികളുടെ എണ്ണത്തിലുള്ള വ്യതിയാനം

തൊഴിൽ തരംതിരിവ്	1981	1991	2001	2011
ആകെ തൊഴിലാളികൾ	3,27,009	3,23,494	3,66,049	3,92,794
പ്രധാന തൊഴിലാളികൾ	2,89,944	2,91,943	2,85,844	2,93,257
അപ്രധാന തൊഴിലാളികൾ	37,155	31,551	80,205	99,537
തൊഴിൽ പങ്കാളിത്ത നിരക്ക്	29.13	27.26	29.66	32.80

(സ്രോതസ്: സെൻസസ് റിപ്പോർട്ട്)

2001 സെൻസസ് മുതൽ തൊഴിലാളികളെ കൃഷിക്കാർ (Cultivators), കൃഷി തൊഴിലാളികൾ (Agriculture labours), ചെറുകിട വ്യവസായ തൊഴിലാളികൾ (H.H Industrial labours) മറ്റുള്ളവർ എന്നിങ്ങനെ നാല് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ട ആകെ തൊഴിലാളികളുടെ വിഹിതം ചിത്രം 3.7.7–ൽ നൽകിയിരിക്കുന്നു.

പ്രധാന തൊഴിലാളികളുടെ തൊഴിൽ ഘടനയിലുള്ള വ്യതിയാനം അപഗ്രഥിച്ചതിൽ കർഷകർ, കാർഷിക തൊഴിലാളികൾ എന്നിവരുടെ എണ്ണത്തിൽ 2001–2011 കാലഘട്ടത്തിൽ കാര്യമായ കുറവ് ഉണ്ടായി. ചെറുകിയ വ്യവസായ തൊഴിലാളികളുടെ എണ്ണത്തിൽ 2001–2011 കാലഘട്ടത്തിൽ നേരിയ വളർച്ച ഉണ്ടാകുകയും, മറ്റ് തൊഴിലാളികളുടെ എണ്ണത്തിൽ കാര്യാമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. (പട്ടിക 3.7.4 കാണുക). ഇത് കാർഷിക മേഖലയിൽ നിന്നും കാർഷിക ഇതര മേഖലയിലുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു.



ചിത്രം 3.7.8 ജില്ലയിലെ തൊഴിൽ ഘടന *(സ്രോതസ്: സെൻസസ് റിപ്പോർട്ട്)*

പട്ടിക: 3.7.4 തൊഴിൽ ഘടനയിലെ വ്യതിയാനം (1991–2011)

വർഷം	കൃഷിക്കാർ	കർഷക തൊഴിലാളികൾ	ചെറുകിട വ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1991	83,027 (25.11%)	87,197 (27.11%)	3,780 (1.18%)	1,47,590 (45.89%)
2001	38,798 (13.57%)	44,922 (15.72%)	7,268 (2.54%)	1,94,856 (68.17%)
2011	31,590,(10.79%)	20,239 (6.91%)	7,589 (2.59%)	2,18,862 (74.25%)

(സ്രോതസ്: സെൻസസ് റിപ്പോർട്ട്)

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ജില്ലയിലെ വിന്യാസം വിശകലനം ചെയ്തതിൽ, കർഷകർ, കർഷക തൊഴിലാളികൾ എന്നിവർ ഏതാണ്ട് ജില്ലയുടെ എല്ലാ ഭാഗത്തും വിന്യസിച്ചിരിക്കുന്നതായി കാണുവാൻ കഴിഞ്ഞു. സീതത്തോട്, ചിറ്റാർ, തണ്ണിത്തോട് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ കർഷകരുടെ കേന്ദ്രീകരണവും നിരണം, കൊറ്റനാട്, റാന്നി–പെരിനാട് എന്നിവിടങ്ങളിൽ കർഷക തൊഴിലാളികളുടെ കേന്ദ്രീകരണവും കാണുന്നു. ചെറുകിട വ്യവസായ തൊഴിലാളികൾ, മറ്റ് തൊഴിലാളികൾ എന്നിവർ ജില്ലയുടെ ഏതാണ്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ട് എങ്കിലും ജില്ലയുടെ മദ്ധ്യ–പടിഞ്ഞാറ് പ്രദേശങ്ങളിൽ കേന്ദ്രീകരണം കാണുന്നു. (ചിത്രം 3.7.9, 3.7.10, 3.7.11, 3.7.12 എന്നിവ കാണുക). ലഭ്യമായ കൃഷിഭൂമിയുടെ പരമാവധി ഉപയോഗത്തിലൂടെയും, ജില്ലയിലെ

ടൂറിസം സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിലൂടെയും തൊഴിൽ അവസരങ്ങൾ കൂടുന്നതിനും അതിലൂടെ തൊഴിൽ പങ്കാളിത്ത നിരക്കിൽ വർദ്ധനവ് ഉണ്ടാകുന്നതിനും കഴിയും.



ചിത്രം: 3.7.9 കർഷകരുടെ കേന്ദ്രീകരണം

3.7.11 സംഗ്രഹം

ഉയർന്ന മാനവ വിഭവ ശേഷി സൂചികയുള്ള ജില്ലയാണ് പത്തനംതിട്ട. ലഭ്യമായ മാന വിഭവശേഷിയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലയിലെ ജനസംഖ്യയിലുള്ള കുറവ് ആസൂത്രണ പ്രക്രിയയിൽ ഒരു ഘടകമായി പരിഗണിക്കേണ്ടതാണ്. ജില്ലയിലെ ജനസാന്ദ്രത കുറഞ്ഞതും വികസന നിയന്ത്രണങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങൾ പുതിയ നിക്ഷേപങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ജനസംഖ്യ കേന്ദ്രീകരിച്ചിരിക്കുന്ന മേഖലകളിൽ മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള വിതരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്ക് ഊന്നൽ നൽകണം. ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ പ്രധാന പ്രവർത്തന സ്വഭാവം കൃഷിയാണെന്ന് കാണുന്നു എന്നാൽ ജില്ലയിലെ കർഷകരുടെയും കർഷക തൊഴിലാളികളുടെയും എണ്ണത്തിലുണ്ടായ കുറവ്, കാർഷിക ഉൽപാദനത്തിന് കുറവ് ഉണ്ടാകാത്ത രീതിയിൽ, വികസന സങ്കല്പങ്ങളും, കാഴ്ചപ്പാടുകളും ഈ മേഖലയുടെ സമഗ്ര വികസനത്തിനായി രൂപീകരിക്കേണ്ടതുണ്ട്.



ചിത്രം 3.7.10 കർഷക തൊഴിലാളികളുടെ കേന്ദ്രീകരണം



ചിത്രം 3.7.11 ചെറുകിട വ്യവസായ തൊഴിലാളികളുടെ കേന്ദ്രീകരണം



ചിത്രം 3.7.12 മറ്റ് തൊഴിലാളികളുടെ കേന്ദ്രീകരണം

3.8 അധിവാസ കേന്ദ്രങ്ങളുടെ ശ്രേണീകരണം.
(Hierarchy of Settlements)

3.8.1 അധിവാസകേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം

പ്രദേശത്തെ അധിവാസ മേഖലകളുടെ വികസന ശ്രേണിയിലെ ക്രമം കണക്കാക്കുന്നത് ആ പ്രദേശത്ത് നിലവിലുള്ള സൗകര്യങ്ങളുടെ എണ്ണവും നിലവാരവും കണക്കിലെടുത്താണ്. പത്തനംതിട്ടയിൽ 57 അധിവാസ പ്രദേശങ്ങളാണ് (തദ്ദേശ ഭരണ സ്ഥാപനങ്ങൾ) ഉള്ളത്. ഇതിൽ 53 അധിവാസ പ്രദേശങ്ങൾ ഗ്രാമപഞ്ചായത്തുകളും 4 എണ്ണം നഗരസഭകളുമാണ്. Composite Functional Index (CFI) എന്ന സൂചിക പ്രകാരമാണ് അധിവാസ മേഖലകളുടെ ക്രമം ഇവിടെ കണക്കാക്കിയിരിക്കുന്നത്. ഇതിനായി താഴെ പറയുന്ന സൗകര്യങ്ങളാണ് ആധാരമായി എടുത്തിരിക്കുന്നത്.

1. വിദ്യാഭ്യാസ സൗകര്യങ്ങൾ.
2. ആരോഗ്യ മേഖലയിലെ സൗകര്യങ്ങൾ.
3. കമ്പോള സൗകര്യങ്ങൾ
4. കൃഷി, അനുബന്ധ മേഖലകളിലെ സൗകര്യങ്ങൾ.
5. പശ്ചാത്തല മേഖലയിലെ സൗകര്യങ്ങൾ.
6. ഗതാഗത സൗകര്യങ്ങൾ

മേൽ വിഭാഗത്തിൽ പെട്ട സൗകര്യങ്ങൾ എത്ര അധിവാസ കേന്ദ്രങ്ങളിലുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രാമുഖ്യം (Weightage) കണക്കാക്കുകയും ഓരോ കേന്ദ്രങ്ങളിലുമുള്ള സൗകര്യങ്ങളുടെ എണ്ണം പരിഗണിച്ച് അധിവാസ കേന്ദ്രത്തിനുള്ള മൂല്യം കണ്ടെത്തുകയും ചെയ്യുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഇപ്രകാരം ഓരോ അധിവാസ കേന്ദ്രത്തിനും ലഭിക്കുന്ന മൂല്യങ്ങളുടെ ആകെ തുകയാണ് അധിവാസ കേന്ദ്രത്തിന്റെ Composite Functional Index (CFI). ഇപ്രകാരം കണക്കാക്കിയതിൽ നിന്നും തിരുവല്ല മുൻസിപ്പാലിറ്റിയുടെ മൂല്യം 375 ആണ്. ഇത് ജില്ലയിലെ മറ്റ് അധിവാസ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ അധികമാണ്. അതിനാൽ ജില്ലയിലെ ഒന്നാം ക്രമ അധിവാസ മേഖല തിരുവല്ല മുൻസിപ്പാലിറ്റിയാണ്. ശേഷിക്കുന്ന അധിവാസ പ്രദേശങ്ങളെ അവയുടെ CFI മൂല്യത്തിന്റെയും ചിത്രം 3.8.1 ഗ്രാഫിന്റേയും അടിസ്ഥാനത്തിൽ 3 ശ്രേണികളായി തിരിച്ചിരിക്കുന്നു. അധിവാസകേന്ദ്രങ്ങളും അവയ്ക്ക് ലഭിച്ച മൂല്യവും അവയുടെ ശ്രേണിയും *പട്ടിക 3.8.1* ൽ കാണിച്ചിരിക്കുന്നു.



ചിത്രം 3.8.1 അധിവാസകേന്ദ്രങ്ങളുടെ എണ്ണവും CFI മൂല്യവും

പട്ടിക 3.8.1: അധിവാസ കേന്ദ്രങ്ങളും ലഭിച്ച മൂല്യങ്ങളും (CFI)

ക്രമ നമ്പർ	തദ്ദേശ സ്ഥാപനങ്ങളുടെ പേര്	ആകെ മൂല്യം	അധിവാസ കേന്ദ്രങ്ങളുടെ ശ്രേണി	ക്രമ നമ്പർ	തദ്ദേശ സ്ഥാപനങ്ങളുടെ പേര്	ആകെ മൂല്യം	അധിവാസ കേന്ദ്രങ്ങളുടെ ശ്രേണി
1	തിരുവല്ല നഗരസഭ	375	1	30	മെഴുവേലി	40	
2	അടൂർ നഗരസഭ	236		31	കലഞ്ഞൂർ	39	
3	പന്തളം നഗരസഭ	177	2	32	ആയൂർ	39	
4	പത്തനംതിട്ട നഗരസഭ	156		33	ഏറത്ത്	38	
5	കോന്നി	103		34	കുറ്റൂർ	37	
6	പെരിങ്ങര	97		35	പ്രമാടം	37	
7	റാന്നി	94		36	തോട്ടപ്പുഴശ്ശേരി	36	
8	മല്ലപ്പള്ളി	87		37	ഇരവിപേരൂർ	36	
9	ഏനാദിമംഗലം	84		38	നാരങ്ങാനം	33	
10	കോയിപ്രം	76		39	വള്ളിക്കോട്	32	
11	കോഴഞ്ചേരി	75		40	സീതത്തോട്	31	
12	കടമ്പനാട്	69	3	41	ചെറുകോൽ	28	
13	റാന്നി പഴവങ്ങാടി	69		42	മല്ലപ്പുഴശ്ശേരി	28	
14	ആറന്മുള	65		43	ഓമല്ലൂർ	27	
15	ഏഴംകുളം	62		44	മലയാലപ്പുഴ	27	
16	പള്ളിക്കൽ	62		45	റാന്നി അങ്ങാടി	27	
17	കൊടുമൺ	59		46	കൊറ്റനാട്	27	
18	വെച്ചൂച്ചിറ	56		47	കുന്നന്താനം	27	
19	പന്തളം തെക്കേക്കര	55		48	നിരണം	26	
20	എഴുമറ്റൂർ	50		49	ചിറ്റാർ	26	
21	ഇലന്തൂർ	47		50	മൈലപ്ര	25	
22	കുളനട	47		51	കോട്ടാങ്ങൽ	25	
23	കോയിപ്രം	45		52	തുമ്പമൺ	24	
24	റാന്നി പെരിനാട്	45	4	53	ആനിക്കാട്	21	
25	കടപ്ര	43		54	നാറാണംമൂഴി	21	
26	കവിയൂർ	43		55	അരുവാപ്പുലം	21	
27	വടശ്ശേരിക്കര	42		56	തണ്ണിത്തോട്	19	
28	ചെന്നീർക്കര	40		57	നെടുമ്പ്രം	16	
29	പുറമറ്റം	40					

മേൽ അധിവാസ കേന്ദ്രങ്ങളുടെ സ്ഥലപരമായ വിന്യാസമാണ് ചിത്രം 3.8.2–ൽ കാണിച്ചിരിക്കുന്നത്.



ചിത്രം 3.8.2: അധിവാസകേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം

ജില്ലയിലെ ഒന്നാം ക്രമ അധിവാസ മേഖലയായ തിരുവല്ല നഗരസഭ ജില്ലയുടെ വടക്ക് – പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു. രണ്ടാം ക്രമ അധിവാസ പ്രദേശങ്ങൾ ജില്ലയുടെ മദ്ധ്യത്തിലായും തെക്ക്–പടിഞ്ഞാറ് ഭാഗത്തായും സ്ഥിതി ചെയ്യുന്നു. ജില്ലയിലെ രണ്ട് പ്രധാന സംസ്ഥാന ഹൈവേകളായ എം.സി.റോഡും, തിരുവല്ല – കുമ്പഴ റോഡും ഈ ഭാഗത്ത് കൂടിയാണ് കടന്നു പോകുന്നത്. മൂന്നാം ക്രമ അധിവാസ പ്രദേശങ്ങൾ ജില്ലയുടെ കിഴക്ക് ഭാഗം ഒഴികെയുള്ള പ്രദേശങ്ങളിൽ വ്യാപിച്ച് കിടക്കുന്നു. ഇതിൽ മൂന്നാം ക്രമ അധിവാസ മേഖലയിൽപ്പെട്ട 4 അധിവാസ കേന്ദ്രങ്ങൾ, രണ്ടാം ക്രമ അധിവാസ കേന്ദ്രമായ അടൂരിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു.

3.8.2 നിർദ്ദിഷ്ട അധിവാസ ക്രമം

താഴെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയും ക്രിസ്റ്റലേഴ്സിന്റെ സെൻട്രൽ പ്ലേസ് തിയറി ഉപയോഗപ്പെടുത്തിയുമാണ് നിർദ്ദിഷ്ട അധിവാസ ക്രമം കണക്കാക്കിയിരിക്കുന്നത്.

1. അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമം
2. നിലവിലുള്ള സൗകര്യങ്ങൾ
3. ഭൂമിശാസ്ത്രപരമായ സ്ഥാനം
4. ഉയർന്ന ക്രമത്തിലുള്ള പ്രധാന അധിവാസ മേഖലകളും ചുറ്റുമുള്ള അധിവാസ മേഖലകളും തമ്മിലുള്ള ഗതാഗത ബന്ധം.
5. ഉയർന്ന ക്രമത്തിലുള്ള അധിവാസ മേഖലകളുടേയും, മറ്റ് ചുറ്റിനുമുള്ള അധിവാസ മേഖലകളുടേയും പ്രവർത്തന സ്വഭാവം.
6. ജനങ്ങളുടെ സഞ്ചാര രീതി.
7. ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ.

ഒന്നാം ക്രമ അധിവാസ കേന്ദ്രങ്ങളുടെ നിർണ്ണയം: ജില്ലയിലെ നിലവിലുള്ള അധിവാസ മേഖലകളെ 4 ക്രമങ്ങളിലായി തരം തിരിച്ചിരിക്കുന്നു. നിലവിൽ, ജില്ലയിൽ തിരുവല്ല നഗരസഭ മാത്രമാണ് ഒന്നാം ക്രമ അധിവാസമേഖലയിൽ ഉൾപ്പെടുന്നത്. ജില്ലാ ആസ്ഥാനം പത്തനംതിട്ടയിലാണെങ്കിലും, ചില ജില്ലാതല ഓഫീസുകൾ ഇപ്പോഴും തിരുവല്ലയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. അതൊടൊപ്പം തന്നെ തിരുവല്ല ജില്ലയുടെ വാണിജ്യകേന്ദ്രവുമാണ്. പത്തനംതിട്ട നഗരത്തിൽ തിരുവല്ലയേക്കാൾ കുറഞ്ഞ അളവിൽ മാത്രമേ വാണിജ്യ പ്രവർത്തനങ്ങൾ നടക്കുന്നുള്ളു. കൂടാതെ വികസന ക്രമത്തിൽ ജില്ലയിൽ 4–ാം സ്ഥാനത്തുമാണ്. എന്നിരുന്നാലും പത്തനംതിട്ട നഗരത്തിന്റെ പ്രധാന ധർമ്മം ജില്ലയുടെ ഭരണ സിരാ കേന്ദ്രമായി വർത്തിക്കുക എന്നതാണ്. അതിനാൽ നിർദ്ദിഷ്ട അധിവാസ മേഖലാക്രമത്തിൽ, പത്തനംതിട്ടയും തിരുവല്ലയോടൊപ്പം ഒന്നാം ക്രമത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ രണ്ട് കേന്ദ്രങ്ങളുടെ സർവ്വീസ് ഏരിയ എന്നത് ജില്ല മൊത്തമായി വ്യാപിച്ചു കിടക്കുന്നു.

രണ്ടാം ക്രമ അധിവാസ കേന്ദ്രങ്ങളുടെ നിർണ്ണയം: ജില്ലയിലെ നിലവിലുള്ള രണ്ടാം ക്രമ അധിവാസ പ്രദേശങ്ങൾ പത്തനംതിട്ട, അടൂർ, പന്തളം എന്നിവ ആണ്. ഇതിൽ പത്തനംതിട്ടയെ നിർദ്ദിഷ്ട ഒന്നാം ക്രമത്തിലേക്ക് ഉയർത്തിയിരിക്കുന്നു. പിന്നീടുള്ള പന്തളം, അടൂർ എന്നിവ ജില്ലയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി കേന്ദ്രീകരിച്ചാണ് കാണുന്നത്. അതായത് ഭൂമിശാസ്ത്രപരമായി ജില്ലയുടെ എല്ലാ ഭാഗത്തേയ്ക്കും ഒരുപോലെ സേവനം ലഭിക്കാവുന്ന തരത്തിലല്ല നിർദ്ദിഷ്ട ഒന്നാം തരവും നിലവിലുള്ള രണ്ടാം തരത്തിൽപ്പെട്ടതുമായ അധിവാസ കേന്ദ്രങ്ങൾ. വികസന അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും ജില്ലയിലെ എല്ലാ ഭാഗത്തുള്ളവർക്കും ഒരുപോലെ സേവനങ്ങൾ ലഭ്യമാക്കത്തക്ക തരത്തിലുമാകണം രണ്ടാംതര അധിവാസകേന്ദ്രങ്ങൾ രൂപീകരിക്കുന്നത്. ജില്ലയിലെ ജനാധിവാസ പ്രദേശങ്ങളെ നാലായി തിരിച്ചാൽ, ഇതിന്റെ ലംബ–തിരശ്ചീന രേഖകൾ കൂട്ടിമുട്ടുന്ന ബിന്ദുവിലാണ് പത്തനംതിട്ട നഗരസഭ സ്ഥിതി ചെയ്യുന്നത് (ചിത്രം 3.8.4 കാണുക). നിലിവിലുള്ള രണ്ടാം ക്രമ അധിവാസ പ്രദേശങ്ങൾ ജില്ലയുടെ തെക്ക് – പടിഞ്ഞാറ് ഭാഗത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. വടക്ക് – പടിഞ്ഞാറ്, വടക്ക് – കിഴക്ക്, തെക്ക് – കിഴക്ക് ഭാഗത്തിൽ രണ്ടാം ക്രമ അധിവാസ പ്രദേശങ്ങളൊന്നും നിലവിലില്ല എന്ന് കാണാൻ കഴിയും.

ക്രിസ്റ്റലേഴ്സ് തിയറി പ്രകാരം താഴ്ന്ന ശ്രേണിയിലുള്ള അധിവാസ പ്രദേശങ്ങൾ, ഉയർന്ന ശ്രേണിയിലുള്ള അധിവാസ പ്രദേശങ്ങളുടെ ഷഡ്ജഭുജവും (Hexagon) പ്രദേശത്തിന്റെ ശീർഷകങ്ങളിലായി സ്ഥിതി ചെയ്യണം. എന്നാൽ ജില്ല ആകമാനം ഒന്നാം ക്രമ നഗരങ്ങളുടെ സേവന മേഖലയായി കണക്കാക്കിയിരുന്നതിനാൽ, മേൽ പറഞ്ഞ തിയറി ഇവിടെ ബാധകമാകുന്നില്ല (തിരുവല്ല, പത്തനംതിട്ട). അതിനാൽ ജില്ലയുടെ വടക്ക് – പടിഞ്ഞാറ്, വടക്ക് – കിഴക്ക്, തെക്ക് – കിഴക്ക് ഭാഗങ്ങളിലുള്ള പ്രദേശങ്ങളിൽ നിന്നും അവയുടെ നിലവിലുള്ള ഭരണപരമായ സ്ഥാനം, അധിവാസക്രമം, കേന്ദ്രീകൃത സ്ഥാനം, ഗതാഗത സൗകര്യം (Administrative status, Hierarchy of Settlement, Centrality, Connectivity) എന്നിവയുടെ അടിസ്ഥാനത്തിൽ മൂല്യം നൽകിയാണ് രണ്ടാം ക്രമ അധിവാസ മേഖലകളെ കണ്ടെത്തിയിരിക്കുന്നത്. നിലവിലെ വികസനം കണക്കാക്കിയുള്ള ശ്രേണീകരണത്തിൽ ഉയർന്ന മൂല്യം ലഭിച്ച നാല് കേന്ദ്രങ്ങൾ വീതം ഓരോ ചതുർത്ഥാംശത്തിൽ നിന്നും എടുക്കുകയും അവയെ മറ്റ് മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് ഉയർന്ന സ്ഥാനം ഏതിനെന്ന് കണ്ടെത്തിയിരിക്കുന്നു.

ഇതിൻ പ്രകാരം ജില്ലയുടെ വടക്ക് – പടിഞ്ഞാറ് അർത്ഥാംശത്തിലുള്ള മല്ലപ്പള്ളി, വടക്ക് – കിഴക്ക് അർത്ഥാംശത്തിലുള്ള റാന്നി, തെക്ക് – കിഴക്ക് അർത്ഥാംശത്തിലുള്ള കോന്നി എന്നിവയാണ്. രണ്ടാം ക്രമ അധിവാസം രേഖകളായി നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം നിശ്ചയിക്കപ്പെട്ട രണ്ടാം ക്രമ അധിവാസ മേഖലകൾ അടൂർ, പന്തളം, മല്ലപ്പള്ളി, റാന്നി, കോന്നി എന്നിവയാണ് നിശ്ചയിക്കപ്പെട്ട രണ്ടാം ക്രമ അധിവാസ പ്രദേശങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 3.8.4–ൽ കാണിച്ചിരിക്കുന്നു.

ഉയർന്ന ശ്രേണിയിലുള്ള ഒരു അധിവാസ പ്രദേശം, ചുറ്റുപാടുമുള്ള അധിവാസ മേഖലകൾക്ക്, രണ്ടാം ക്രമ അധിവാസ മേഖലയിൽ നിന്നും ലഭിക്കേണ്ടതായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെന്നതിനാൽ, അതിനെ രണ്ടാംക്രമ അധിവാസ മേഖലയായും കണക്കാക്കാവുന്നതാണ്. ക്രിസ്റ്റലേഴ്സ് തിയറി പ്രകാരം രണ്ടാംക്രമ അധിവാസ പ്രദേശങ്ങളുടെ സർവ്വീസ് പ്രദേശം കണ്ടു പിടിക്കുന്നതിനായി, അടുത്തടുത്തുള്ള രണ്ടാംക്രമ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് രേഖകൾ വരയ്ക്കുകയും, ഈ രേഖകളെ ലംബ രേഖകൾ

ഉപയോഗിച്ച് തുല്യമായി വിഭജിക്കുകയും ചെയ്യുന്നു. ഇപ്രകാരം രണ്ടാം ക്രമ നഗരങ്ങളുടെ കേന്ദ്രബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിച്ച് വരക്കുന്ന രേഖകൾ മൂലം ലഭിക്കുന്ന പോളിഗൺ പ്രദേശത്തെ അധിവാസ കേന്ദ്രങ്ങൾ നിർദ്ദിഷ്ട രണ്ടാം ക്രമ സർവ്വീസ് ഏരിയ ആയി കണക്കാക്കുന്നു. ഇത് ചിത്രം 3.8.4–ൽ വിശദമാക്കിയിരിക്കുന്നു.



ചിത്രം 3.8.3.

രണ്ടാം ക്രമ അധിവാസ പ്രദേശങ്ങളുടെ സ്ഥലപര വിന്യാസം



ചിത്രം 3.8.4: രണ്ടാം ക്രമ അധിവാസ കേന്ദ്രങ്ങളുടെ സർവ്വീസ് ഏരിയ

മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളുടെ നിർണ്ണയം: ക്രിസ്റ്റലേഴ്സ് തിയറി പ്രകാരം താഴ്ന്ന ശ്രേണിയിലുള്ള അധിവാസമേഖലകൾ, ഉയർന്ന ശ്രേണിയിലുള്ള അധിവാസ മേഖലകളുടെ സർവ്വീസ് ഏരിയായെ സൂചിപ്പിക്കുന്ന ഷഡ്ഭുജത്തിന്റെ ശീർഷകത്തിലായി സ്ഥിതി ചെയ്യണം. ഇപ്രകാരം, മൂന്നാം ക്രമ പ്രദേശങ്ങൾ, രണ്ടാം ക്രമ അധിവാസ പ്രദേശങ്ങളുടെ സർവ്വീസ് ഏരിയായെ സൂചിപ്പിക്കുന്ന ഷഡ്ഭുജങ്ങളുടെ ശീർഷകങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്ന സ്ഥലങ്ങളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഉയർന്ന ശ്രേണിയിലുള്ള അധിവാസ പ്രദേശങ്ങളും, താഴ്ന്ന ശ്രേണിയിലുള്ള അധിവാസ കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ നൽകുന്നതാണ്. കോഴഞ്ചേരി, മലയാലപ്പുഴ, കൊടുമൺ, പന്തളംതെക്കേക്കര, തോട്ടപ്പുഴശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾ ഒന്നാംക്രമ അധിവാസ പ്രദേശമായ പത്തനംതിട്ട നഗരസഭയുടെ ഷഡ്ഭുജ സർവ്വീസ് ഏരിയായുടെ ശീർഷകങ്ങളിലായി സ്ഥിതി ചെയ്യുന്നു. ഇവയിൽ കോഴഞ്ചേരി മൂന്നാംക്രമ അധിവാസ ഗണത്തിൽ ഉൾപ്പെടുന്നു. മറ്റുള്ള അധിവാസ മേഖലകളായ മലയാലപ്പുഴ, കൊടുമൺ, പന്തളം തെക്കേക്കര, തോട്ടപ്പുഴശ്ശേരി എന്നിവ ഉയർന്ന ശ്രേണിയിലുള്ള അധിവാസ മേഖലയുമായി ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ പരിഗണിച്ചിട്ടില്ല.

മൂന്നാംക്രമ അധിവാസ പ്രദേശങ്ങളുടെ സർവ്വീസ് വിസ്തൃതി കണക്കാക്കുന്നതിനായി, അവയുടെ ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി വിവിധ വലിപ്പത്തിലുള്ള ഷഡ്ഭുജങ്ങൾ വരയ്ക്കുന്നു. മൂന്നാം ക്രമ അധിവാസ മേഖലകളും അവയുടെ സർവ്വീസ് പ്രദേശങ്ങളും ചിത്രം 3.8.5–ൽ വിശദമാക്കിയിരിക്കുന്നു. ഇതിൽ നിന്നും ജില്ലയുടെ കിഴക്കൻ മേഖലയിൽ നിന്നും അധിവാസ കേന്ദ്രങ്ങൾ ഒന്നും തന്നെ മുൻഗണനാ ക്രമത്തിൽപ്പെടുന്നില്ല എന്നു കാണാം. ഈ പ്രദേശത്തെ ജനസംഖ്യ ജില്ലയുടെ മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, താരതമ്യേന വളരെ കുറവായി കാണപ്പെടുന്നു. കൂടാതെ കൂടുതൽ പ്രദേശവും വനമേഖലയിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും ജില്ലയുടെ കിഴക്ക് ഭാഗത്ത് സേവനം നൽകുന്നതിനായി ഒരു മൂന്നാം ക്രമ അധിവാസ മേഖല നിശ്ചയിക്കേണ്ടതുണ്ട്. ഗതാഗത മാർഗ്ഗം പരിഗണിച്ച് കിഴക്കൻ മേഖലകളിൽ നിന്നും എത്തിപ്പെടാനുള്ള സൗകര്യം, ഭൂമിശാസ്ത്രപരമായ സ്ഥാനം തുടങ്ങിയവ പരിഗണിച്ച് ചിറ്റാറിനെ ഈ പ്രദേശത്തു നിന്നുള്ള മൂന്നാം ക്രമ അധിവാസമേഖലയായി കണക്കാക്കാവുന്നതാണ്. ജില്ലയിലെ നിശ്ചയിക്കപ്പെട്ട മൂന്നാം ക്രമ നഗരങ്ങൾ, കോഴഞ്ചേരി, ചിറ്റാർ എന്നിവയാണ്. മൂന്നാം ക്രമ അധിവാസ പ്രദേശങ്ങളുടെ സർവ്വീസ് ഏരിയ സ്ഥലപരമായി ചിത്രം 3.8.5 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വിവരിച്ചിരിക്കുന്നതിൻ പ്രകാരം കണ്ടെത്തിയ ജില്ലയുടെ നിർദ്ദിഷ്ട അധിവാസ ക്രമം ചിത്രം 3.8.5 ലും, ഇതിന്റെ വിശദാംശങ്ങൾ പട്ടിക 3.8.3 ലും കാണിച്ചിരിക്കുന്നു.

പട്ടിക 3.8.3 ജില്ലയുടെ നിർദ്ദിഷ്ട അധിവാസ ക്രമം

ശ്രേണിയിലെ ക്രമം	തദ്ദേശ സ്ഥാപനങ്ങൾ
ഒന്ന്	പത്തനംതിട്ട, തിരുവല്ല
രണ്ട്	അടൂർ, പന്തളം, റാന്നി, കോന്നി, മല്ലപ്പള്ളി
മൂന്ന്	കോഴഞ്ചേരി, ചിറ്റാർ
നാല്	ശേഷിക്കുന്ന 48 ഗ്രാമ പഞ്ചായത്തുകൾ



ചിത്രം 3.8.5: നിർദ്ദിഷ്ട മൂന്നാം ക്രമ അധിവാസ പ്രദേശങ്ങളും സർവ്വീസ്

3.8.3 സംഗ്രഹം

അധിവാസപ്രദേശങ്ങളുടെ നിർദ്ദിഷ്ട വിന്യാസത്തിൽ നിന്നും ജില്ലയിൽ 2 ഒന്നാം ക്രമ അധിവാസ പ്രദേശവും 5 രണ്ടാം ക്രമ അധിവാസ പ്രദേശങ്ങളും 2 മൂന്നാം ക്രമ അധിവാസ പ്രദേശങ്ങളും ബാക്കിയുള്ളവ നാലാംക്രമ അധിവാസ പ്രദേശങ്ങളുമായി കാണപ്പെടുന്നു. റീജണൽ തലത്തിലുള്ള സൗകര്യങ്ങൾ, അഥവാ സേവന മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കുള്ള സ്ഥാനം ഇതുകൂടി പരിഗണിച്ച് തീരുമാനക്കേണ്ടതാണ്. ജില്ലയിലെ റീജിയണൽ തലത്തിലുള്ള ഗതാഗത ശൃംഖല തയ്യാറാക്കുമ്പോൾ അധിവാസ കേന്ദ്രങ്ങളുടെ ശ്രേണിയിലുള്ള ക്രമം കൂടി കണക്കിലെടുക്കേണ്ടതുണ്ട്.

3.9 നഗരവൽക്കരണ രീതി

3.9.1 ആമുഖം

നഗരം എന്നർത്ഥമുള്ള urbs എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് നഗരവൽക്കരണം (Urbanization) എന്ന വാക്ക് ഉത്ഭവിച്ചത്. ഐക്യരാഷ്ട്ര സഭയുടെ നിർവചന പ്രകാരം നഗരത്തിലേക്കുള്ള കുടിയേറ്റത്തിന്റെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേയ്ക്ക് ജനങ്ങൾ നീങ്ങുന്നതിനെയാണ് നഗരവൽക്കരണം എന്നു പറയുന്നത്.

വ്യത്യസ്ത കാലയളവുകളിൽ നഗരവൽക്കരണം വിഭിന്ന രൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പ്രദേശമോ ഒരു പട്ടണമോ മറ്റേതെങ്കിലും ഒരു സ്ഥലമോ നഗരമാകുന്ന പ്രക്രിയയാണിത്. തന്നിമിത്തം ജനങ്ങളുടെ കേന്ദ്രീകരണം അവിടെ വർദ്ധിക്കുകയും അതിന്റെ വികസനത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

പരമ്പരാഗത ഗ്രാമീണ സമ്പദ്‌വ്യവസ്ഥകളിൽ നിന്ന് ആധുനിക വ്യാവസായിക സമ്പദ്‌വ്യവസ്ഥകളിലേക്കുള്ള മാറ്റത്തിന്റെ ഒരു സൂചകമാണ് നഗരവൽക്കരണം എന്നും നഗരവൽക്കരണത്തെ നിർവചിക്കാം. നഗരപ്രദേശങ്ങളിലേക്കുള്ള ജനസംഖ്യാ കേന്ദ്രീകരണത്തിന്റെ തുടർച്ചയായ ഒരു പ്രക്രിയയാണത്. ഗ്രാമപ്രദേശങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റമാണത്. തൽഫലമായി ഗ്രാമങ്ങളുടെയോ, പ്രകൃതിദത്ത ഭൂവിഭവങ്ങളുടേയോ ചെലവിൽ നഗരപ്രദേശം വിസ്തൃതമാകുകയും ചെയ്യുന്നു.

ജനസംഖ്യാ ശാസ്ത്രപരമായ ഒരു പ്രതിഭാസമായാണ് നഗരവൽക്കരണത്തെ മിക്കപ്പോഴും പരിഗണിക്കാറുള്ളത്. ജനസംഖ്യയുടെ വലുപ്പത്തിന്റെയോ, ജനസാന്ദ്രതയുടേയോ പ്രാരംഭഘട്ടത്തെ അധികരിക്കുന്ന സ്ഥലങ്ങളാണ് നഗരപ്രദേശങ്ങൾ.

3.9.2 നഗരം–നിർവ്വചനം

നഗരപ്രദേശങ്ങളെ 1961 സെൻസസ് മുതൽക്ക് താഴെ പറയുന്ന രണ്ടു പ്രധാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിർവ്വചിച്ചിരിക്കുന്നത്.

1. **നിയമാനുസൃത ഭരണനിർവ്വഹണം**: പട്ടണങ്ങളുടെ നിയമാനുസൃത പദവി ഇതിൽ ഉൾപ്പെടും. ഭരണനിർവ്വഹണ സംവിധാനത്തിൽ പട്ടണങ്ങളായി തരംതിരിച്ചിരിക്കുന്ന പ്രദേശങ്ങളെയാണ് നിയമാനുസൃതമായ പട്ടണം അഥവാ നഗരസഭ എന്നു വിളിക്കുന്നത്.

2. **സാമ്പത്തികവും ജനസംഖ്യാ ശാസ്ത്രപരവുമായ വശങ്ങൾ:** ജനസംഖ്യയുടെ വലുപ്പം, ജനസാന്ദ്രത, കാർഷികേതര മേഖലയിലെ തൊഴിൽ ശക്തി എന്നിവയാണ് മാനദണ്ഡങ്ങൾ. സാമ്പത്തികവും, ജനസംഖ്യാ ശാസ്ത്രപരവുമായ വശങ്ങളെ അടിസ്ഥാനമാക്കി നിർവ്വചിക്കുന്ന പട്ടണങ്ങളെ സെൻസസ് പട്ടണങ്ങൾ അഥവാ മുനിസിപ്പൽ ഇതര പട്ടണങ്ങൾ എന്നു വിളിക്കുന്നു. ഒരു പ്രദേശത്ത് ഏറ്റവും കുറഞ്ഞത് 5000 ജനങ്ങളുണ്ടായിരിക്കുകയും, ഏറ്റവും കുറഞ്ഞത് ചതുരശ്ര കിലോമീറ്ററിന് 400 പേര് എന്ന ജനസാന്ദ്രത ഉണ്ടായിരിക്കുകയും ഏറ്റവും കുറഞ്ഞത് 75 ശതമാനം പുരുഷ തൊഴിൽ ശക്തി കാർഷികേതര മേഖലയിൽ ഉണ്ടായിരിക്കുകയും ചെയ്യുന്നെങ്കിൽ ഭാരതീയ സെൻസസ് ആ പ്രദേശത്തെ നഗരമായി തരം തിരിക്കുന്നു.

3.9.3 നഗരവൽക്കരണം – കേരളം

2001 സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 25.96 ശതമാനം മാത്രമായിരുന്ന നഗര ജനസംഖ്യ. എന്നാൽ 2011 സെൻസസിൽ അത് 47.72 ശതമാനമായി ഉയർന്നു. കേരളത്തിലെ നഗര ജനസംഖ്യ ശതമാനം അഥവാ നഗര അംശം ഇന്ത്യയുടേതുമായും ലോകത്തിന്റേതുമായും താരതമ്യം ചെയ്തിരിക്കുന്നത് ചിത്രം:3.9.1 ൽ കാണാവുന്നതാണ്. കേരളത്തിൽ നഗരവൽക്കരണം വളരെ ഉയർന്ന തോതിലാണുള്ളത് എന്ന് ഈ ചിത്രം വ്യക്തമാക്കുന്നു.

1951 മുൽ 2011 വരെയുള്ള നഗര ജനസംഖ്യ വർദ്ധനവ് ചിത്രം:3.9.2 ൽ കാണിച്ചിരിക്കുന്നു. 2011 സെൻസസ് പ്രകാരം നഗര ജനസംഖ്യയും ഗ്രാമ ജനസംഖ്യയും തുല്യതയിലേക്ക് വരുന്ന സ്ഥിതിയാണ് കാണുന്നത്.നഗരവൽക്കരണം, വിഭവങ്ങളിലും പരിസ്ഥിതിയിലും ഉണ്ടാകുന്ന മാറ്റങ്ങൾ വലുതാണ് ആയതിനാൽ നഗരകേന്ദ്രങ്ങളെ കൂടുതൽ ശാസ്ത്രീയമായ സംവിധാനങ്ങളിലൂടെ, ഭൗതിക, സാമൂഹിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട അധിവാസ കേന്ദ്രങ്ങളാക്കേണ്ടതാണ്.



ചിത്രം 3.9.1 കേരളത്തിലെ നഗര ജനസംഖ്യയുടെ ശതമാനം ഇന്ത്യയുടേതുമായും ലോകത്തിന്റേതുമായുള്ള താരതമ്യം

3.9.4 നഗര ഇടനാഴികൾ (Urban Corridor)



ചിത്രം 3.9.2 നഗരഗ്രാമ ജനസംഖ്യ ശതമാനം – കേരളം

കേരളത്തിന്റെ പ്രത്യേകതയായ നഗര – ഗ്രാമീണ തുടർച്ച (urban-rural continuum), സാമൂഹിക–സാമ്പത്തിക സ്ഥിതി, പരിസ്ഥിതി, നഗരവൽക്കരണ പ്രവണതയുടെ ഗതിവേഗവും, തൊഴിൽ മേഖലയിലെ മാറ്റം അഥവാ പങ്കാളിത്ത നിരക്കിലെ മാറ്റങ്ങൾ, നഗരവൽക്കരണത്തിന്റെ ഭൗതികവശങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ വിശദവും ശാസ്ത്രീയവുമായ പഠനത്തിനു വിധേയമാക്കി കൊണ്ടുള്ള സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ടിൽ (State Urbanisation Report) വളരെ വ്യക്തമായ ഭാവി നഗരവൽക്കരണ കാഴ്ചപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്. നഗരവൽക്കരണ റിപ്പോർട്ടിലെ നഗരവീഷണം 2021 പ്രകാരം നഗരസമുച്ചയങ്ങൾ (urban cluster) രൂപപ്പെട്ടു വരുന്നുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം പത്ത് സമുച്ചയങ്ങളിൽ തെക്കൻ കേരളത്തിലെ ഇടനാട് പ്രദേശത്തിന്റെ പ്രധാന വികസന ചാലക ശക്തിയാകുന്നത് കോട്ടയം – പത്തനംതിട്ട സമുച്ചയം ആയിരിക്കും. ചിത്രം 3.9.3 ൽ കേരളത്തിലെ നഗരസമുച്ചയങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. 2021 ലെ നഗരവീഷണത്തിൽ ഉൾപ്പെടുന്ന നഗരസമുച്ചയങ്ങൾ പിന്നെയും വളരുകയും പ്രധാന പാതകളിൽ ഏറ്റവും അടുത്തുള്ള സമുച്ചയങ്ങളെ കൂട്ടിച്ചേർത്ത് നഗര ഇടനാഴികൾ (Urban Corridor) രൂപപ്പെടുകയും ചെയ്യുന്നു എന്ന നിഗമനത്തിൽ എത്തിചേർന്ന നഗര വീഷണം 2031 ആണ് ചിത്രം 3.9.4 ൽ കാണിച്ചിരിക്കുന്നത്. ഇതിൽ പത്തനംതിട്ട ജില്ലയിലെ കൂടുതൽ പ്രദേശങ്ങൾ കൂടി ചേർന്ന് കോട്ടയം – പത്തനംതിട്ട ഇടനാഴി രൂപം

കൊള്ളുന്നു എന്ന് കണ്ടെത്തിയിരിക്കുന്നു. ഈ ഇടനാഴിയുടെ വികസന സ്വഭാവം, ഊന്നൽ കൊടുക്കേണ്ട മേഖലകൾ, വികസന തന്ത്രങ്ങൾ എന്നിവ കണ്ടെത്തേണ്ടതും ആയത് ജില്ലയുടെ സമഗ്ര വികസനത്തിനെ എങ്ങനെ സഹായിക്കും എന്നും വിശദമായ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

3.9.5 നഗരവൽക്കരണം – പത്തനംതിട്ട

കേരളത്തിലെ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ പത്തനംതിട്ടയിലെ നഗര ജനസംഖ്യാ ശതമാനം വളരെ കുറവാണ് എന്നു കാണാം. നഗരവൽക്കരണത്തിൽ സംസ്ഥാനത്ത് ജില്ലയ്ക്ക് 12–ാം സ്ഥാനമാണ് ഉള്ളത്. 2011 സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യയുടെ 11% മാത്രമാണ് നഗരപ്രദേശത്ത് അധിവസിക്കുന്നത്. 1991 സെൻസസ് പ്രകാരം 13.05% ജനങ്ങൾ ജില്ലയിൽ നഗരപ്രദേശത്ത് വസിച്ചിരിക്കുന്നു. എന്നാൽ 2001 സെൻസസിൽ ഇത് 10.03% ആയി കുറഞ്ഞു. ഇതിനു പ്രധാന കാരണം നഗരസഭയായിരുന്ന പന്തളം പിന്നീട് ഗ്രാമ പഞ്ചായത്തായി മാറി എന്നതിനാലാണ് ഈ കുറവ് ഉണ്ടായത്. 2011 സെൻസസിലും പന്തളത്തിന് ഗ്രാമ പഞ്ചായത്ത് പദവി തന്നെയായിരുന്നു. എന്നാൽ ഈ സെൻസസിൽ കോഴഞ്ചേരി സെൻസസ് ടൗൺ എന്ന പദവിയിലേക്ക് ഉയരുകയുണ്ടായി. നിലവിൽ പന്തളത്തിന് നഗരസഭാ പദവി വീണ്ടും ലഭിച്ചിട്ടുണ്ട്. 1991 മുതൽ 2011 വരെയുള്ള സെൻസസ് പ്രകാരമുള്ള ജില്ലയിലെ ജനസംഖ്യയും, നഗരാംശവും പട്ടിക 3.9.1 ൽ ചേർത്തിരിക്കുന്നു.

പട്ടിക 3.9.1: ജില്ലയിലെ ജനസംഖ്യയും നഗരാംശവും (1991 – 2011)

വർഷം	ആകെ	നഗര ജനസംഖ്യ	ശതമാനം
1991	11,88,332	1,55,034	13.05
2001	12,34,016	1,23,798	10.03
2011	11,97,412	1,31,613	10.99

ഇതിൻ പ്രകാരം നിലവിൽ നഗരപ്രദേശങ്ങളിലെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 10.99 ശതമാനമാണ്. പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള നഗരപ്രദേശങ്ങൾ പട്ടിക 3.9.2, ചിത്രം 3.9.5 എന്നിവയിൽ കാണിച്ചിരിക്കുന്നു.

2



1



1. ***ചിത്രം* 3.9.3 കേരള നഗര വീക്ഷണം 2021 നഗര സമുച്ചയങ്ങളും മറ്റ് നഗര കേന്ദ്രങ്ങളും.**
2. **കേരള നഗരവീക്ഷണം 2031 ഇടനാഴികളും മറ്റ് നഗര പ്രദേശങ്ങളും**

പട്ടിക. 3.9.2 പ്രദേശങ്ങളും ജനസംഖ്യയും

നഗരം	നഗര പദവി	ജനസംഖ്യ (2011)
തിരുവല്ല	നഗരസഭ	52,883
പത്തനംതിട്ട	നഗരസഭ	37,538
അടൂർ	നഗരസഭ	29,171
പന്തളം	നഗരസഭ	41,604
കോഴഞ്ചേരി	സെൻസസ് ടൗൺ	12,021
ആകെ		**1,73,217**



ചിത്രം 3.9.5: ജില്ലയിലെ നിലവിലുള്ള നഗരപ്രദേശങ്ങൾ

ജില്ലയുടെ ഭരണകേന്ദ്രമായ പത്തനംതിട്ട നഗരസഭ ഒഴികെ മറ്റ് മൂന്ന് നഗരസഭ പ്രദേശങ്ങളും ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിലൂടെയുള്ള സംസ്ഥാന ഹൈവേയിലാണ് എന്നു കാണാം. ജില്ലയുടെ മലനാട്, ഇടനാട് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഭൂരിഭാഗ പ്രദേശത്തിനെ സേവിക്കുന്നതിനായുള്ള നഗരകേന്ദ്രങ്ങൾ നിലവിലില്ലാ എന്നത് ജില്ലയുടെ വടക്ക് കിഴക്കൻ മേഖലയുടെ വികസനത്തെ ബാധിക്കുന്നുണ്ട്. കൂടാതെ ഉയർന്ന തരത്തിലുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി ജനങ്ങൾക്ക് കൂടുതൽ യാത്ര ചെയ്യേണ്ടതായും വരുന്നു. പത്തനംതിട്ട ജില്ലയുടെ ഭൂപ്രകൃതി, ജനസംഖ്യ, മറ്റ് സ്ഥലപരഘടകങ്ങൾ എന്നിവ പരിഗണിച്ച് കൂടുതൽ നഗരസഭാ പ്രദേശങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയാണ് കാണിക്കുന്നത്. എങ്കിൽ മാത്രമേ സൗകര്യങ്ങളുടെ തുല്യമായ വിതരണം സാദ്ധ്യമാകു.

ജില്ലയിലെ നിലവിലുള്ള നഗരപ്രദേശങ്ങൾ വിവിധ വികസന പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഗതാഗതം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം, വിനോദ ഉപാധികൾ തുടങ്ങിയവയുടെ കുറവ് എല്ലാ നഗരങ്ങളിലും ഉള്ളതാണ്. പശ്ചാത്തല – സാമൂഹിക സൗകര്യങ്ങൾ ഈ നഗരങ്ങളിൽ ഉയർന്ന നിലവാരത്തിലേയ്ക്ക് എത്തേണ്ടതുണ്ട്.

3.9.6 നഗരജനസംഖ്യയുടെ വ്യതിയാനം

1991–2001 കാലഘട്ടത്തിൽ നഗര ജനസംഖ്യയിൽ കുറവ് രേഖപ്പെടുത്തുകയും, നിരക്കിലുള്ള വർദ്ധന (–)20.15 ശതമാനവുമായിരുന്നു. ഇതിനുള്ള പ്രധാന കാരണം നഗരസഭാ പദവിയുണ്ടായിരുന്ന പന്തളം തിരിച്ച് ഗ്രാമപഞ്ചായത്ത് ആയി എന്നതിനാലാണ്. കേരളത്തിലെ നിരക്ക് ഈ കാലയളവിൽ 7.64 ശതമാനവും ഇന്ത്യയിലേത് 31.4 ശതമാനവും ആയിരുന്നു. എന്നാൽ 2001–2011 കാലയളവിൽ ജില്ലയുടെ നഗര ജനസംഖ്യാ വളർച്ചാ നിരക്ക് 6.31 ശതമാനമായി ഉയർന്നു. കേരളത്തിലേത് 92.76 ശതമാനവുമാണ് ഈ കാലയളവിലേത്. ഇതിന്റെ പ്രധാന കാരണം നഗരങ്ങളിലേക്കുള്ള ജനങ്ങളുടെ കേന്ദ്രീകരണം മാത്രമല്ല, സെൻസസ് ടൗണുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് കൂടിയാണ്.

3.9.7 ജില്ലയിലെ ഭാവി നഗരവൽക്കരണ ഘടന

നഗരപ്രദേശങ്ങളിലെ തൊഴിൽ ഘടന പരിശോധിച്ചാൽ പ്രാഥമിക സാമ്പത്തിക മേഖലയിൽ നിന്നും സർവ്വീസ് മേഖലയിലേയ്ക്കുള്ള മാറ്റം വ്യക്തമാണ്. കൃഷി, മൃഗപരിപാലനം, വ്യവസായം തുടങ്ങിയവയിൽ നിന്നും തൊഴിലാളികളുടെ എണ്ണത്തിലുള്ള കുറവ് വിശകലനങ്ങളിൽ കാണുന്നു. 50% ൽ കൂടുതൽ ജനങ്ങൾ ജീവിത മാർഗ്ഗത്തിനായി സർവ്വീസ് മേഖലയെയാണ് ആശ്രയിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ പഠനത്തിൽ നിന്നും മനസ്സിലാകുന്നത് ഗ്രാമങ്ങളിലും പ്രാഥമിക മേഖലകളിലെ തൊഴിലിന് പ്രാധാന്യം കുറയുന്നു എന്നും ജനങ്ങൾ മറ്റു മേഖലകളിലേയ്ക്ക് മാറുന്നു എന്നുമാണ്. തൊഴിൽ ഘടനയിലുള്ള ഈ മാറ്റം സെൻസസ് നഗരങ്ങളുടെ എണ്ണം, ഭാവിയിൽ കൂടുന്നതിന് കാരണമാകും. കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ വലിയ തലത്തിലുള്ള സ്ഥാപനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെടുന്നതും ഈ പ്രദേശത്തിന്റെ ഗ്രാമസ്വഭാവം മാറുന്നതിന് കാരണമാകുന്നു. ഇത് ഭാവിയിൽ നഗരപ്രദേശങ്ങളുടെ വിസ്തീർണ്ണം, ജനസംഖ്യ എന്നിവ കൂടുന്നതിന് കാരണമാകും. സെൻസസ് നിബന്ധനകൾ, സെറ്റിൽമെന്റുകളുടെ ശ്രേണീകരണം എന്നിവ പ്രകാരം ഭാവിയിൽ രൂപപ്പെടാൻ സാദ്ധ്യതയുള്ള നഗര പ്രദേശങ്ങൾ എന്തെല്ലാമാണെന്ന് അടുത്ത ഖണ്ഡികകളിൽ പരിശോധിക്കുന്നു.

3.9.8 ഭാവി നഗര പ്രദേശങ്ങൾ

സെൻസസ് നഗരമാക്കാൻ വേണ്ട ഒന്നാമത്തെ നിബന്ധനയായ, കുറഞ്ഞ ജനസംഖ്യയായ 5000 എന്നതാണ്. ജില്ലയിലെ എല്ലാ തദ്ദേശ ഭരണ പ്രദേശങ്ങളിലെയും ജനസംഖ്യ 5000ൽ അധികമാണ്. രണ്ടാമത്തെ നിബന്ധനയായ ജനസാന്ദ്രത കുറഞ്ഞത് ചതുരശ്ര കിലോമീറ്ററിന് 400 ജനങ്ങൾ എന്നത് ജില്ലയിലെ 57 ൽ 52 തദ്ദേശ ഭരണ പ്രദേശങ്ങളും പാലിക്കുന്നുണ്ട്. ആയതിനാൽ മൂന്നാമത്തെ നിബന്ധനയായ കാർഷീകേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശതമാനം മാത്രമാണ് ഭാവി സെൻസസ് നഗരങ്ങളെ കണ്ടെത്താനുള്ള പ്രധാന മാനദണ്ഡമായി മാറുന്നത്. 1991 ലെ സെൻസസിലെ

തരംതിരിക്കലിനെ അടിസ്ഥാനമാക്കി 2011 ലെ സെൻസസിലെ തൊഴിലാളികളുടെ എണ്ണത്തിൽ നിന്നാണ് കർഷിക ഇതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശതമാനം കണക്കാക്കിയത് (Estimated figure).

കാർഷികേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശതമാനം 70 എന്ന മാനദണ്ഡം സ്വീകരിച്ചാൽ (സമീപ ഭാവിയിൽ പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളിൽ കാർഷികേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശതമാനം 75 ശതമാനമായി വർദ്ധിക്കും എന്ന അനുമാനത്തിൽ) 70 ശതമാനത്തിൽ കൂടുതൽ വരുന്ന പ്രദേശങ്ങളുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

1. ഇരവിപേരൂർ
2. കടപ്ര
3. നെടുമ്പ്രം
4. കവിയൂർ
5. മല്ലപ്പുഴശ്ശേരി
6. പെരിങ്ങര
7. തോട്ടപ്പുഴശ്ശേരി
8. കുറ്റൂർ
9. കോട്ടങ്ങൽ
10. കുന്നന്താനം
11. റാന്നി–പഴവങ്ങാടി
12. അയിരൂർ
13. റാന്നി – അങ്ങാടി
14. ആറന്മുള
15. കടമ്പനാട്

കേരളത്തിലെ നഗരവൽക്കരണ പ്രത്യേകതകളും സാമൂഹിക–സാമ്പത്തിക വികസന മാനദണ്ഡങ്ങളും പരിശോധിക്കുമ്പോൾ ഈ ഘടകങ്ങൾ മാത്രം പരിഗണിച്ച് ഭാവി നഗരങ്ങളെ നിശ്ചയിക്കുന്നത് ഉചിതമാകില്ല. ആയതിനാൽ ഖണ്ഡിക 3.8 ൽ കണ്ടെത്തിയിരിക്കുന്ന വികസന ശ്രേണിയിലെ ക്രമം കൂടി കണക്കിൽ എടുക്കാവുന്നതാണ്. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രദേശങ്ങളിൽ നിന്നും വികസന ശ്രേണിയിലെ ക്രമം കൂടി കണക്കിലെടുത്ത് താഴ്ന്ന CFI മൂല്യമുള്ള തദ്ദേശ സ്ഥാപനങ്ങളെ ഒഴിവാക്കിയാൽ താഴെ പറയുന്ന തദ്ദേശഭരണ പ്രദേശങ്ങളെ ഭാവി നഗരങ്ങളാക്കാൻ സാദ്ധ്യതയുള്ളതായി കാണുന്നു.

1. പെരിങ്ങര
2. കടമ്പനാട്
3. റാന്നി പഴവങ്ങാടി
4. ആറന്മുള

കൂടാതെ ഉയർന്ന ശ്രേണിയിൽ (രണ്ടാം ശ്രേണി, മൂന്നാം ശ്രേണി) മുൻ പഠനത്തിൽ നിന്നും നിശ്ചയിക്കപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ ഭാവി നഗരങ്ങളാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങൾ താഴെകൊടുത്തിരിക്കുന്നവയാണെന്നു കാണുന്നു.

1. കോന്നി
2. മല്ലപ്പള്ളി
3. റാന്നി
4. പെരിങ്ങര
5. കടമ്പനാട്
6. റാന്നി – പഴവങ്ങാടി
7. ആറന്മുള
8. ചിറ്റാർ

മേൽ പട്ടികയിൽ എല്ലാ പ്രദേശങ്ങളും 2021–ൽ തന്നെ നഗരങ്ങളാകാൻ സാദ്ധ്യതയില്ല. ഇവയിൽ ചിലത് 2021–ലും ശേഷിക്കുന്നവ 2031 ലേയ്ക്കും നഗരങ്ങളാകും എന്ന് അനുമാനിക്കുന്നു. ജില്ലയിലെ ഭാവി നഗരങ്ങളുടെ ലിസ്റ്റ് പട്ടിക 3.9.3 ലും ചിത്രം 3.9.6 ലും കാണിച്ചിരിക്കുന്നു.

പട്ടിക 3.9.3

ഭാവി നഗരങ്ങൾ

ക്രമ നമ്പർ	വരുന്ന 10 വർഷങ്ങൾ	വരുന്ന 20 വർഷങ്ങൾ
1	കോന്നി	കടമ്പനാട്
2	മല്ലപ്പള്ളി	റാന്നി പഴവങ്ങാടി
3	റാന്നി	ആറന്മുള
4	പെരിങ്ങര	ചിറ്റാർ



ചിത്രം:3.9.6 ജില്ലയിലെ ഭാവിനഗരങ്ങൾ

3.9.9 സംഗ്രഹം

സംസ്ഥാനത്തെ മറ്റ് ജില്ലകളെ അപേക്ഷിച്ച് പത്തനംതിട്ട ജില്ല കുറഞ്ഞ നഗരവൽക്കരണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, നിലവിലുള്ള നഗരപ്രദേശങ്ങളുടെ ജില്ലയിലെ വിതരണം എല്ലാ പ്രദേശങ്ങൾക്കും തുല്യമായ സേവനങ്ങൾ ലഭിക്കുന്ന തരത്തിലുമല്ല എന്നു കാണാം. ആയതിനാൽ ജില്ലയുടെ സമഗ്രമായ വികസനത്തിന് സ്ഥലപരമായ പരിഗണനയോടെ അടുത്ത പത്ത് വർഷത്തിനുള്ളിൽ കോന്നി, മല്ലപ്പള്ളി, റാന്നി, പെരിങ്ങര എന്നീ ഗ്രാമപഞ്ചായത്തുകളും, അടുത്ത ഇരുപത് വർഷത്തിനുള്ളിൽ കടമ്പനാട്, റാന്നി-പഴവങ്ങാടി, ആറന്മുള, ചിറ്റാർ എന്നീ പ്രദേശങ്ങളും നഗരങ്ങളുടെ നിലവാരത്തിലേക്ക് ഉയരേണ്ടതുണ്ട്. നഗരങ്ങളായി ഉയർത്താൻ നിർദ്ദേശിച്ചിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രിത വികസനത്തിനും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥലപര പരിഗണനയോടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതുണ്ട്.

3.10 ഗതാഗത ശൃംഖല

3.10.1 റോഡ് ശൃംഖല

ഏതൊരു പ്രദേശത്തിന്റേയും വികസനത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നത് ഒരു പ്രദേശത്തെ ഗതാഗത ശൃംഖലയാണ്. ജില്ലയിലെ ഗതാഗത ശൃംഖലയിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പരിപാലിക്കുന്ന സംസ്ഥാന ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ, മറ്റ് ജില്ലാ റോഡുകൾ എന്നിവയും, തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള മറ്റ് റോഡുകളും ഉൾപ്പെടുന്നു.

ജില്ല സമീപ ജില്ലകളുമായും, അയൽ സംസ്ഥാനങ്ങളുമായും വിവിധ തരം റോഡുകൾ വഴി ബന്ധപ്പെട്ട് കിടക്കുന്നു. എം.സി റോഡ് (SH-1), ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടി കടന്നു പോകുന്നു. കായംകുളം – അടൂർ – പുനലൂർ (SH-5), തിരുവല്ല – മാവേലിക്കര – കായംകുളം റോഡ് (SH-6) , തിരുവല്ല – കുമ്പഴ റോഡ് (SH-7), കോഴഞ്ചേരി (പുല്ലാട) – കോട്ടയം റോഡ് (SH-9), കോഴഞ്ചേരി (തെക്കേമല) – ചെങ്ങന്നൂർ – മാവേലിക്കര റോഡ് (SH-10), നെടുംമ്പ്രം (പൊടിയാടി) – എടത്വാ – ആമ്പലപ്പുഴ റോഡ് (SH-12), മൂവാറ്റുപുഴ – പുനലൂർ റോഡ് (SH-8), അടൂർ – ശാസ്താംകോട്ട റോഡ് (SH-37) എന്നിവയാണ് ജില്ലയിൽ കൂടി കടന്നു പോകുന്ന സംസ്ഥാന പാതകൾ.

രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും തീർത്ഥാടകരെ ആകർഷിക്കുന്ന ശബരിമല ക്ഷേത്രം ജില്ലയുടെ കിഴക്ക് ഭാഗത്തുള്ള വന പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ജില്ലയിലെ മറ്റ് പ്രധാന സ്ഥലങ്ങളുമായി പത്തനംതിട്ട – മണ്ണാറക്കുളഞ്ഞി – വടശ്ശേരിക്കര – പെരുനാട് – ളാഹ – പ്ലാപ്പള്ളി – നിലക്കൽ – ചാലക്കയം – പമ്പ റോഡു വഴിയും, വടശ്ശേരിക്കര – ചിറ്റാർ – ആങ്ങമൂഴി – പ്ലാപ്പള്ളി റോഡുവഴിയും, കോട്ടയം ജില്ലയുമായി എരുമേലി – തുലാപ്പള്ളി – നിലയ്ക്കൽ – പമ്പ റോഡുവഴിയും ബന്ധിപ്പിക്കുന്നു. അടൂർ – തട്ട – പത്തനംതിട്ട റോഡ്, അടൂർ – ഏഴംകുളം – കൊടുമൺ – കൈപ്പട്ടൂർ – പത്തനംതിട്ട റോഡ്, കൈപ്പട്ടൂർ – പന്തളം റോഡ് എന്നിവയാണ് ജില്ലയിലെ മറ്റ് പ്രധാനപ്പെട്ട റോഡുകൾ, പ്ലാപ്പള്ളി – ആങ്ങമൂഴി – കക്കി – പമ്പ – കോഴിക്കാനം – വണ്ടിപ്പെരിയാർ റോഡ് പത്തനംതിട്ടയെ ഇടുക്കിയുമായി ബന്ധിപ്പിക്കുന്നു. ജില്ലയിലെ റോഡ് ശൃംഖല ചിത്രം 3.10.1 ൽ കാണിച്ചിരിക്കുന്നു.

ജില്ലയിൽ നിലവിൽ ദേശീയ പാതകൾ ഒന്നും ഇല്ല. കൊല്ലത്ത് നിന്നും ആരംഭിച്ച് കോട്ടയം വഴി തേനിക്ക് പോകുന്നതായി നിർദ്ദിഷ്ട ദേശീയ പാതയുടെ സ്ഥാന നിർണ്ണയം ഭാഗികമായി പൂർത്തിയായിട്ടുള്ളതുമാണ്. ഈ റോഡിന്റെ കോട്ടയം മുതൽ കൊല്ലം വരെയുള്ള സ്ഥാന നിർണ്ണയം പൂർത്തിയാകേണ്ടതായിട്ടുണ്ട്. ഈ റോഡ് ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തുള്ള തിരുവല്ല ടൗണിൽ കൂടിയാണ് കടന്നു പോകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ തന്നെ പ്രസ്തുത പാതയെ ബന്ധിപ്പിച്ച് അടൂർ, പത്തനംതിട്ട വഴി മറ്റൊരു ദേശീയ പാതയ്ക്കും നിർദ്ദേശമുണ്ട്.

ഇവയ്ക്ക് പുറമേ ജില്ലയുടെ മറ്റ് ഭാഗത്തേയും മറ്റ് പ്രദേശങ്ങളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒറ്റവരിപ്പാത മുതൽ രണ്ട് വരി വരെയുള്ള റോഡുകൾ നിലവിലുണ്ട്. ജില്ലയിലെ നിലവിലുള്ള വിവിധ വിഭാഗത്തിൽപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ പട്ടിക 3.10.1–ൽ നൽകിയിരിക്കുന്നു.

പട്ടിക 3.10.1

ജില്ലയിലെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ

സംസ്ഥാന ഹൈവേകൾ	പ്രധാന ജില്ലാ റോഡുകൾ	മറ്റ് ജില്ലാ റോഡുകൾ	ആകെ	വില്ലേജ് റോഡുകൾ
217.776	573.695	620.952	43.440	1455.583

ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് വരുന്ന താഴ്ന്ന പ്രദേശങ്ങൾ, ഇടനാട് എന്നിവിടങ്ങളിൽ സാമാന്യം ഭേദപ്പെട്ട റോഡ് ശൃംഖലകളുണ്ട്. എന്നാൽ കിഴക്ക് ഭാഗത്തുള്ള ഉയർന്ന പ്രദേശത്ത് റോഡ് ശൃംഖലയുടെ കുറവുണ്ട്. (ചിത്രം 3.10.1 കാണുക). മെച്ചപ്പെട്ട റോഡ് ശൃംഖലയുള്ള പ്രദേശത്തും റോഡിന്റെ വീതി കുറവാണ് മിക്ക റോഡുകൾക്കും ഒരു വരിയോ പരമാവധി രണ്ട് വരി വീതി മാത്രമോ ആണ് ഉള്ളത്.

3.10.2 വികസന ശ്രേണിയിലെ ക്രമവും, ഗതാഗത ശൃംഖലയും

ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ വികസന ശ്രേണിയിലെ നിർദ്ദിഷ്ട ക്രമത്തിനെയും (Proposed Hierarchy of settlements) നിലവിലുള്ള റോഡ് ശൃംഖലയും ബന്ധപ്പെടുത്തി വിശകലനം നടത്തുകയുണ്ടായി. (ചിത്രം 3.10.2 കാണുക).



ചിത്രം 3.10.1 ജില്ലയിലെ റോഡ് നെറ്റ് വർക്ക്

പത്തനംതിട്ട, തിരുവല്ല എന്നിവയാണ് ജില്ലയിലെ ഒന്നാം ശ്രേണിയിൽ വരുന്ന തദ്ദേശസ്ഥാപനങ്ങൾ. അടൂർ, പന്തളം, കോന്നി, റാന്നി, മല്ലപ്പള്ളി എന്നിവ രണ്ടാം ശ്രേണിയിലും, ചിറ്റാർ, സീതത്തോട് എന്നിവ മൂന്നാം ശ്രേണിയിലും വരുന്നു.

ജില്ലയിലെ ഒന്നാം ക്രമ അധിവാസ പ്രദേശമായ തിരുവല്ലയേയും രണ്ടാം ക്രമ അധിവാസ പ്രദേശമായ അടൂരിനേയും പന്തളത്തേയും തമ്മിൽ ബന്ധിപ്പിച്ച് എം.സി.റോഡ് കടന്നു പോകുന്നു. ജില്ലയിലെ ഒന്നാം അധിവാസ പ്രദേശമായ തിരുവല്ലയേയും, പത്തനംതിട്ടയേയും തമ്മിലും, മൂന്നാം

അധിവാസ മേഖലയായ കോഴഞ്ചേരിയേയും തമ്മിൽ ബന്ധിപ്പിച്ച് തിരുവല്ല – കുമ്പഴ S.H-7) റോഡ് കടന്നു പോകുന്നു. ഒന്നാം ക്രമ അധിവാസ പ്രദേശമായ പത്തനംതിട്ടയേയും മൂന്നാം ക്രമ അധിവാസ പ്രദേശമായ റാന്നി, കോന്നി എന്നിവയെയും തമ്മിൽ ബന്ധിപ്പിച്ച് പുനലൂർ – മൂവാറ്റുപുഴ S.H-8) റോഡ് കടന്ന് പോകുന്നു. ജില്ലയിലെ രണ്ടാം ക്രമ അധിവാസ പ്രദേശമായ മല്ലപ്പള്ളിയേയും, മൂന്നാം ക്രമ അധിവാസ പ്രദേശമായ കോഴഞ്ചേരിയേയും തമ്മിൽ ബന്ധിപ്പിച്ച് കോഴഞ്ചേരി – കോട്ടയം S.H-9) റോഡ് കടന്ന് പോകുന്നു.



ചിത്രം 3.10.2 റോഡ് ശൃംഖലയും, നിർദ്ദിഷ്ട വികസന ശ്രേണിയിലെ ക്രമവും

അടൂർ – ശാസ്താംകോട്ട റോഡ് (S.H-37), ജില്ലയിലെ രണ്ടാംക്രമ അധിവാസ പ്രദേശമായ അടൂരിനെ കൊല്ലം ജില്ലയുടെ വടക്ക് – പടിഞ്ഞാറ് ഭാഗവുമായി ബന്ധിപ്പിക്കുന്നു. രണ്ടാംക്രമ അധിവാസ പ്രദേശമായ അടൂരിനെ ഒന്നാംക്രമ അധിവാസ പ്രദേശമായ പത്തനംതിട്ടയുമായി പ്രധാന ജില്ലാ റോഡായ അടൂർ – തട്ട – പത്തനംതിട്ട റോഡുവഴി ബന്ധിപ്പിച്ചിരിക്കുന്നു. ജില്ലയിലെ രണ്ടാംക്രമ അധിവാസ പ്രദേശമായ മല്ലപ്പള്ളിയെ ഒന്നാംക്രമ അധിവാസ പ്രദേശമായ തിരുവല്ലയുമായി പ്രധാന ജില്ലാ റോഡായ തിരുവല്ല – കവിയൂർ – കല്ലൂപ്പാറ – മല്ലപ്പള്ളി റോഡുവഴി ബന്ധിപ്പിച്ചിരിക്കുന്നു. ജില്ലയിലെ മൂന്നാം ക്രമ അധിവാസ പ്രദേശമായ ചിറ്റാറിനെ ജില്ലയിലെ മറ്റ് പ്രദേശങ്ങളുമായി വടശ്ശേരിക്കര – ചിറ്റാർ റോഡുവഴി ബന്ധിപ്പിച്ചിരിക്കുന്നു. ജില്ലയിൽ നിലവിലുള്ള സംസ്ഥാന പാതകൾ, മറ്റ് പ്രധാന റോഡുകൾ ഉയർന്ന ശ്രേണിയിലുള്ള കേന്ദ്രങ്ങൾ എന്നിവ ചിത്രം 3.10.2 ൽ കാണിച്ചിരിക്കുന്നു.

3.10.3 റയിൽവേ (Railway)

ജില്ലയുടെ വടക്ക് – പടിഞ്ഞാറ് ഭാഗത്ത് കൂടി എറണാകുളം – തിരുവനന്തപുരം ബ്രോഡ്ഗേജ് റയിൽവേ ലൈൻ കടന്നുപോകുന്നു. ജില്ലയിൽ ഇതിന്റെ ആകെ നീളം 10 കിലോമീറ്ററാണ്. തിരുവല്ല – റയിൽവേ സ്റ്റേഷൻ ഈ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും, ജില്ലയിലെ ഭൂരിഭാഗം യാത്രക്കാരും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്. ചെങ്ങന്നൂർ റയിൽവേ സ്റ്റേഷനുമായി ജില്ലയിലെ വിവിധ പ്രദേശങ്ങളുമായുള്ള സാമീപ്യവും, മെച്ചപ്പെട്ട റോഡ് ബന്ധവുമാണ്

ഇതിന് കാരണം. സംസ്ഥാനത്ത് പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്ക് എത്തുന്ന തീർത്ഥാടകരിൽ അധികവും ചെങ്ങന്നൂർ റയിവേസ്റ്റേഷനെയാണ് ആശ്രയിക്കുന്നത്.

ജില്ലയുടെ കിഴക്കൻ ഭാഗത്ത് കൂടി പുനലൂരേക്ക് ഉദ്ദേശിക്കുന്നതായ നിർദ്ദിഷ്ട ശബരി റയിൽ പാതയുടെ ദീർഘിപ്പിക്കൽ, ജില്ലയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടി ഉദ്ദേശിക്കുന്ന ചെങ്ങന്നൂർ തിരുവനന്തപുരം പാത എന്നിവയുടെ പ്രാഥമിക പഠനം നടത്തി എങ്കിലും അവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

3.10.4 ജല – വ്യോമ ഗതാഗതം

ജില്ലയിൽ കൂടി മൂന്ന് പ്രധാന നദികൾ കടന്നു പോകുന്നുണ്ടെങ്കിലും ഇവ ജലഗതാഗതത്തിനായി ഉപയോഗിക്കുന്നില്ല. ജില്ലയിൽ വിമാനത്താവളം നിലവിലില്ലാത്തതാണ്. എന്നാൽ ജില്ലയിൽ നിന്നും ധാരാളം പ്രവാസികൾ ഉള്ളതിനാലും അന്തർദേശീയ തീർത്ഥാട കേന്ദ്രമായ ശബരിമല തീർത്ഥാടകർക്ക് പ്രയോജന പ്രദേശമായ രീതിയിലും ഒരു വിമാനത്താവളം ഈ ജില്ലയ്ക്ക് ആവശ്യമാണ്. ജില്ലാ അതിർത്തിയോട് ചേർന്ന്, കോട്ടയം ജില്ലയിലെ എരുമേലിയിൽ പുതിയ ഒരു വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പഠനങ്ങൾ നടന്നു വരുന്നു.

3.10.5 നിർദ്ദിഷ്ട റോഡ് ശൃംഖല

തദ്ദേശ സ്ഥാപനങ്ങളുടെ നിർദ്ദിഷ്ട ശ്രേണീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലക്കായുള്ള നിർദ്ദിഷ്ട റോഡ് ശൃംഖല ഉരുത്തിരിഞ്ഞത്. ജില്ലയിലെ ഉയർന്ന ശ്രേണിയിലുള്ള തദ്ദേശസ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രധാന റോഡുകളും (Major Roads), ഉയർന്ന ശ്രേണിയിലുള്ള തദ്ദേശ സ്ഥാപനങ്ങളെ താഴ്ന്ന ശ്രേണിയിലുള്ളവയുമായി ബന്ധിപ്പിച്ച് ഉപവിഭാഗം റോഡുകളും (Sub-majorRoads) താഴ്ന്ന ശ്രേണിയിലുള്ള തദ്ദേശ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ചെറിയ റോഡുകളും (minor roads) ഉൾപ്പെട്ടതാണ് നിർദ്ദിഷ്ട റോഡ് ശൃംഖല. ശബരിമലയിലേക്കുള്ള സുഗമ ഗതാഗതം ഉറപ്പ് വരുത്തുന്നതിനും നിർദ്ദിഷ്ട റോഡ് ശൃംഖല ഊന്നൽ നൽകുന്നുണ്ട്. ജില്ലയുടെ കിഴക്ക് ഭാഗത്തെ ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതും കണക്കിലെടുത്താണ് സങ്കൽപ രൂപീകരണം. നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ സങ്കൽപ്പം ചിത്രം 3.10.3ൽ കാണിച്ചിരിക്കുന്നു. നിർദ്ദിഷ്ട റോഡ് ശൃംഖലയിൽ ഉൾപ്പെട്ടിരിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. പ്രധാന റോഡുകളായ (Main roads) താഴെ പറയുന്ന റോഡുകൾ നിർദ്ദേശിക്കുന്നു. അയൽ ജില്ലകളിലെ പ്രധാന കേന്ദ്രങ്ങളുമായുള്ള ബന്ധവും ഒരു ഘടകമായി പരിഗണിച്ചു.

1. എം.സി.റോഡ്
2. പുനലൂർ – മൂവാറ്റുപുഴ റോഡ്
3. കായംകുളം – അടൂർ – പുനലൂർ റോഡ്
4. തിരുവല്ല – കുമ്പഴ റോഡ്
5. കോഴഞ്ചേരി (പുല്ലാട്) – കോട്ടയം റോഡ്
6. കോഴഞ്ചേരി (തെക്കേമല) – ചെങ്ങന്നൂർ റോഡ്
7. അടൂർ – ശാസ്താംകോട്ട റോഡ്
8. അടൂർ – പത്തനംതിട്ട റോഡ്
9. തിരുവല്ല – അമ്പലപ്പുഴ റോഡ്
10. മണ്ണാറക്കുളഞ്ഞി – പമ്പ റോഡ്
11. പുനലൂർ – മൂവാറ്റുപുഴ റോഡിനേയും പമ്പ റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്
12. തിരുവല്ല – പായ്പ്പാട് – മല്ലപ്പള്ളി റോഡ്

13. പന്തളം – കൈപ്പട്ടൂർ റോഡ്

ഉപവിഭാഗം റോഡുകൾ (സബ് മേജർ റോഡ്) – താഴെ പറയുന്ന റോഡുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പന്തളം – ആറന്മുള റോഡ്
2. അടൂർ – കോന്നി റോഡ്
3. മല്ലപ്പള്ളി – റാന്നി റോഡ്
4. കോഴഞ്ചേരി – റാന്നി റോഡ്
5. റാന്നി – വടശ്ശേരിക്കര റോഡ്
6. വണ്ടിപ്പെരിയാർ – ആങ്ങമൂഴി – അച്ചൻകോവിൽ റോഡ്
7. വണ്ടിപ്പെരിയാർ – ഗവി – ആനത്തോട് – മൂഴിയാർ – ആങ്ങമൂഴി റോഡ്
8. ആങ്ങമൂഴി – പ്ലാപ്പള്ളി റോഡിനേയും ചിറ്റാർ റോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്

ചെറിയ റോഡുകൾ – എല്ലാ നാലാംതരം റോഡുകളേയും തമ്മിൽ ബന്ധിപ്പിച്ച് ഏഴ് മീറ്റർ വീതിയുള്ള റോഡുകൾ, പ്രധാന റോഡുകൾ (Major Road), മറ്റ് പ്രധാന റോഡുകൾ (Sub major Roads), എന്നിവ കാണിക്കുന്ന നിർദ്ദിഷ്ട റോഡ് ശൃംഖല ചിത്രം 3.10.4 ൽ കാണിച്ചിരിക്കുന്നു.

3.10.6 സംഗ്രഹം

തീർത്ഥാടക ജില്ല എന്ന നിലയിൽ, കോടിക്കണക്കിനാളുകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ജില്ലയിലെത്തുന്നു. നിലവിൽ ജില്ലയിലെ പ്രധാന ഗതാഗത മാർഗ്ഗമായ റോഡുകളുടെ നിലവാരം ഉയർത്തേണ്ടതുണ്ട്. ജില്ലയിലെ റയിൽ ഗതാഗത ബന്ധം വർദ്ധിപ്പിക്കേണ്ടതുണ്ട്. ശബരമിലയുടെ പ്രാധാന്യവും, ജില്ലയിലെ പ്രവാസികളുടെ എണ്ണവും കണക്കിലെടുത്ത്, ജില്ലയിലോ തൊട്ടടുത്ത പ്രദേശത്തേ ഒരു വിമാനത്താവളവും അനിവാര്യമാണ്.

ചിത്രം 3.10.3: നിർദ്ദിഷ്ട ഗതാഗത ശൃംഖലയുടെ സങ്കൽപ്പം



ചിത്രം 3.10.4: ജില്ലയുടെ നിർദ്ദിഷ്ട റോഡ് ശൃംഖല

3.11 പ്രവർത്തന സ്വഭാവം

3.11.1 പ്രവർത്തന സ്വഭാവം (Activity Pattern)

ജില്ലയിലെ വിവിധ മേഖലകളുടെ പ്രവർത്തന സ്വഭാവം (Activity Pattern), ഗ്രാമനഗര സ്വഭാവം (Functional Character), വിവിധ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രീതി, നഗരവൽക്കര സ്വഭാവം എന്നിവയെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചത്. ഈ മൂന്ന് ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ മുൻ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ മൂന്ന് ഘടകങ്ങൾ ഒരുമിച്ച് പരിഗണിച്ചാണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അനയോജ്യമായ പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്നത്.

ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം വിശകലനം ചെയ്തതിൽ ജില്ലയെ നാല് മേഖലകളായി തിരിക്കുവാൻ കഴിയും. നഗര സ്വഭാവമുള്ള മേഖല, കാർഷിക മേഖല, തോട്ട മേഖല, വനമേഖല. ജില്ലയിലെ വിവിധ മേഖലകൾ ചിത്രം 3.11.1 ൽ കാണിച്ചിരിക്കുന്നു. (പത്തനംതിട്ട ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിലെ വിശകലനമാണ് ആധാരമാക്കിയത്).



ചിത്രം 3.11.1 ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള മേഖലകൾ

ജില്ലയിലെ നഗരവൽക്കരണം, തൊഴിൽഘടന, തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങളുടെ ശ്രേണീകരണം എന്നിവയെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നഗര പ്രദേശം (Urban) നഗരേതര പ്രദേശങ്ങൾ (non-urban) എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു. നിലവിലുള്ള നഗരങ്ങളായ തിരുവല്ല, പത്തനംതിട്ട, അടൂർ, പന്തളം എന്നിവയ്ക്ക് പുറമെ കോഴഞ്ചേരി, റാന്നി, കോന്നി, പെരിങ്ങര, കടപ്ര, റാന്നി–പഴവങ്ങാടി എന്നിവ ഭാവിയിൽ നഗരങ്ങളായി മാറും എന്ന് വിശകലനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഭാവി നഗരവൽക്കരണം ചിത്രം 3.11.2 ൽ കാണിച്ചിരിക്കുന്നു.



ചിത്രം :3.11.2 ജില്ലയിലെ ഭാവി നഗരവൽക്കരണം

ചിത്രം 3.11.3 ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമ നഗര സ്വഭാവം (Functional character) പ്ലോട്ടുകളുടെ ശരാശരി വിസ്തീർണ്ണം, ഭൂവിനിയോഗം എന്നിവയെ അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഗ്രാമം, നഗരം, അർദ്ധ നഗരം, അർദ്ധ ഗ്രാമം എന്നിങ്ങനെ നാലായി തരംതിരിച്ചിരിക്കുന്നു. ഈ വിശകലന പ്രകാരം ജില്ലയിലെ 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 51 എണ്ണവും ഗ്രാമ സ്വഭാവത്തോടു കൂടിയതാണ്. രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നാഗരിക സ്വഭാവത്തോടു കൂടിയതും, രണ്ട് സ്ഥാപനങ്ങൾ അർദ്ധ നഗര സ്വഭാവത്തോട് കൂടിയതും ശേഷിക്കുന്ന രണ്ട് സ്ഥാപനങ്ങൾ അർദ്ധ ഗ്രാമ സ്വഭാവത്തോടു കൂടിയതുമാണ്. ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം ചിത്രം 3.11.3 ൽ കാണിച്ചിരിക്കുന്നു. (പത്തനംതിട്ട ജില്ലാ നഗരവൽക്കരണ റിപ്പോർട്ടിലെ വിശകലനമാണ് ആധാരമാക്കിയത്).



ചിത്രം 3.11.3
ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ
ഗ്രാമ നഗര സ്വഭാവം (Functional character)

മേൽ ഖണ്ഡികകളിൽ വിശദീകരിച്ച മൂന്ന് ഘടകങ്ങളുടെ അതാത് വിവിധ ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം (കാർഷിക ഭൂമി, തോട്ടങ്ങൾ, നഗരസ്വഭാവമുള്ള മേഖല, വനമേഖല) നഗര വൽക്കരണം (നഗരം, നഗരേതര പ്രദേശം) ഗ്രാമനഗര സ്വഭാവം (നഗരം, അർദ്ധ നഗരം, ഗ്രാമം, അർദ്ധ ഗ്രാമം) എന്നീ സ്വഭാവങ്ങളുടെ സംയോജനത്തിലൂടെയാണ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ പ്രവർത്തന സ്വഭാവം കണ്ടെത്തിയത്. ഈ വിശകലനത്തിനായി പരിഗണിച്ച വിവിധ ഘടകങ്ങളുട സംയോജനത്തിലൂടെ വിവിധ പ്രവർത്തന സ്വഭാവം നിർണ്ണയിക്കുന്നത് പട്ടിക 3.11.1 ൽ വിശദീകരിച്ചിരിക്കുന്നു.

പട്ടിക 3.11.1: വിശകലനത്തിനായി പരിഗണിച്ച വിവിധ ഘടകങ്ങൾ

നഗര വൽക്കരണം	ഗ്രാമ നഗര സ്വഭാവം	ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം	പ്രവർത്തനം
നഗരേതരം	ഗ്രാമം	വനം	പ്രാഥമിക പ്രവർത്തനം (കൃഷി) വനത്തിന് ഹാനികരമല്ലാത്തത്
നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തനം (തോട്ടം)
നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തനം (കൃഷി)

നഗരേതരം	അർദ്ധ ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തനം (കൃഷി + മൃഗസംരക്ഷണം)
നഗരേതരം	അർദ്ധ ഗ്രാമം	കൃഷി	കൃഷി + ചെറുകിട വ്യവസായം + മൃഗസംരക്ഷണം
നഗരേതരം	നഗരം	കൃഷി	കൃഷി + ചെറുകിട വ്യവസായം + മൃഗസംരക്ഷണം
നഗരം	ഗ്രാമം	കൃഷി	കൃഷി + ചെറുകിട വ്യവസായം + മൃഗസംരക്ഷണം
നഗരം	നഗരം	തോട്ടം	തോട്ടം + ചെറുകിട വ്യവസായം + മൃഗസംരക്ഷണം
നഗരം	അർദ്ധ നഗരം	കൃഷി	കൃഷി + ചെറുകിട വ്യവസായം + മൃഗസംരക്ഷണം
നഗരം	നഗരം	നഗരം	തൃതീയ പ്രവർത്തികൾ

3.11.2 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം

മേൽ പറഞ്ഞവ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നിർദ്ദേശിക്കുന്ന പ്രവർത്തന സ്വഭാവം ചിത്രം 3.11.4 പട്ടിക 3.11.2 എന്നിവയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പട്ടിക 3.11.2 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവം

ക്രമ നമ്പർ	തദ്ദേശ ഭരണ സ്ഥാപനങ്ങൾ	നഗര വൽക്കരണം	ഗ്രാമ നഗര സ്വഭാവം	ഭൂവിനിയോഗ ങ്ങളുടെ കേന്ദ്രീകരണം	പ്രവർത്തന സ്വഭാവം
1	ചെന്നീർക്കര	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ കൃഷി)
2	ചെറുകോൽ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
3	ഇലന്തൂർ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
4	കോഴഞ്ചേരി	നഗരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ
5	മല്ലപ്പുഴശ്ശേരി	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
6	നാരങ്ങാനം	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
7	ഓമല്ലൂർ	നഗരേതരം	നഗരം	കൃഷി	കൃഷി+ചെറുകിട വ്യവസായം+മൃഗസംരക്ഷണം
8	ആയൂർ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)

9	ഇരവിപേരൂർ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
10	എഴുമറ്റൂർ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
11	കോയിപ്രം	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
12	പുരമറ്റം	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
13	തോട്ടപ്പുഴശ്ശേരി	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
14	അരുവാപ്പുലം	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
15	കോന്നി	നഗരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ
16	മലയാലപ്പുഴ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
17	മൈലപ്ര	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
18	പ്രമാടം	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
19	തണ്ണിത്തോട്	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
20	വള്ളിക്കോട്	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ (കൃഷി)
21	ആറന്മുള	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
22	കുളനട	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ (കൃഷി)
23	മെഴുവേലി	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
24	ആനിക്കാട്	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
25	കല്ലൂപ്പാറ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
26	കവിയൂർ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
27	കൊറ്റനാട്	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
28	കോട്ടാങ്ങൽ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
29	കുന്നംതാനം	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)

30	മല്ലപ്പള്ളി	നഗരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ
31	പന്തളം	നഗരം	അർദ്ധ നഗരം	കൃഷി	കൃഷി+ചെറുകിട വ്യവസായം+മൃഗസംരക്ഷണം
32	പന്തളം തെക്കേക്കര	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
33	തുമ്പമൺ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
34	ഏനാദിമംഗലം	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
35	ഏറത്ത്	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
36	ഏഴംകുളം	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
37	കടമ്പനാട്	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
38	കലഞ്ഞൂർ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
39	കൊടുമൺ	നഗരേതരം	അർദ്ധ നഗരം	കൃഷി	കൃഷി+ചെറുകിട വ്യവസായം+മൃഗസംരക്ഷണം
40	പള്ളിക്കൽ	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ(കൃഷി)
41	കടപ്ര	നഗരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ
42	കുറ്റൂർ	നഗരേതരം	അർദ്ധ ഗ്രാമം	കൃഷി	കൃഷി+ചെറുകിട വ്യവസായം+മൃഗസംരക്ഷണം
43	നെടുമ്പ്രം	നഗരേതരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ (കൃഷി)
44	നിരണം	നഗരേതരം	അർദ്ധ ഗ്രാമം	കൃഷി	കൃഷി+ചെറുകിട വ്യവസായം+മൃഗസംരക്ഷണം
45	പെരിങ്ങര	നഗരം	ഗ്രാമം	കൃഷി	പ്രാഥമിക പ്രവർത്തികൾ
46	ചിറ്റാർ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
47	നാറാണമൂഴി	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
48	റാന്നി	നഗരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ
49	റാന്നി – അങ്ങാടി	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)

50	റാന്നി – പഴവങ്ങാടി	നഗരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ
51	റാന്നി–പെരിനാട്	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
52	സീതത്തോട്	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
53	വടശ്ശേരിക്കര	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
54	വെച്ചൂച്ചിറ	നഗരേതരം	ഗ്രാമം	തോട്ടം	പ്രാഥമിക പ്രവർത്തികൾ (തോട്ടം)
55	അടൂർ	നഗരം	ഗ്രാമം	കൃഷി	തൃതീയ പ്രവർത്തികൾ
56	പത്തനംതിട്ട	നഗരം	ഗ്രാമം	കൃഷി	തൃതീയ പ്രവർത്തികൾ
57	തിരുവല്ല	നഗരം		നഗരം	തൃതീയ പ്രവർത്തികൾ

ജില്ലയുടെ കിഴക്ക് ഭാഗത്ത്, വനങ്ങൾക്ക് ഹാനികരമല്ലാത്ത രീതിയിലുള്ള കാർഷിക മേഖല, മദ്ധ്യഭാഗത്ത് തോട്ടങ്ങൾക്ക് മുൻതൂക്കമുള്ള കാർഷിക മേഖല, പടിഞ്ഞാറ് ഭാഗം കാർഷിക മേഖല എന്നിങ്ങനെയാണ് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പൊതുവായ പ്രവർത്തന സ്വഭാവം നിർദ്ദേശിക്കുന്നത്. ഇതിനു പുറമെ ജില്ലയുടെ മദ്ധ്യ പടിഞ്ഞാറ് ഭാഗങ്ങളിൽ മേൽ പറഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടയിൽ വരുന്ന ഏതാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാർഷിക–ചെറുകിട വ്യവസായ–മൃഗസംരക്ഷണ പ്രവർത്തികളും, തോട്ട – ചെറുകിട വ്യവസായം – മൃഗസംരക്ഷണ പ്രവർത്തികളും, കാർഷിക – മൃഗസംരക്ഷണ പ്രവർത്തികളും, പുതിയ പ്രവർത്തികളും നിർദ്ദേശിക്കുന്നു. (ചിത്രം 3.11.4 കാണുക).



ചിത്രം 3.11.4 ജില്ലയുടെ പ്രവർത്തന സ്വഭാവം

3.11.3 ജില്ലയുടെ സ്ഥലപര ഘടന

മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിരുന്ന പ്രവർത്തന സ്വഭാവം (Activity Pattern), ആവാസ കേന്ദ്രങ്ങളുടെ ശ്രേണീകരണം (Hierarchy of Settlements), ഗതാഗത ബന്ധം (Connectivity), എന്നിവയെ സംയോജനത്തിലൂടെയാണ് ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപര ഘടന ഉരുത്തിരിയുന്നത്. ജില്ലയുടെ സ്ഥലപര ഘടന ചിത്രം 3.11.5–ൽ കാണിച്ചിരിക്കുന്നു.

3.11.4 സംഗ്രഹം

ജില്ലയുടെ ഭാവി വികസനത്തിനായുള്ള കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗ സൂചികയാണ് ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപര ഘടന. ജില്ലയുടെ അടിസ്ഥാന സ്വഭാവമുള്ള പ്രദേശങ്ങൾ മേഖലകളായി തിരിക്കുകയും, അവയുടെ അനുയോജ്യമായ പ്രവർത്തനസ്വഭാവം ഇതിൽ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.



ചിത്രം 3.11.5 ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപരഘടന

3.12. വികസന പരിപ്രേക്ഷ്യം, നിർദ്ദേശങ്ങൾ

3.12.1 ആമുഖം

സ്ഥലസംബന്ധിയായ ഘടകങ്ങളുടെ വിശകലനവും (Spatial Aspects), ജില്ലാ സ്ഥലപര ഘടനയുടെ (Spatial Structure) രൂപീകരണവുമാണ് മുൻ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് ഘടകങ്ങളുടെ (റീജിയണൽ സെറ്റിംഗ്, ഭൂപ്രകൃതി, ഭൂവിനിയോഗം, വികസന നിയന്ത്രിത മേഖലകൾ, വിഭവങ്ങൾ, മാനവ വിഭവശേഷി, വികസന ശ്രേണിയിലെ ക്രമം, നഗരവത്ക്കരണ രീതി, ഗതാഗത ശൃംഖല, പ്രവർത്തന സ്വഭാവം) വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയുടെ അടിസ്ഥാന സ്വഭാവമുള്ള പ്രദേശങ്ങൾ മേഖലകളായി തിരിക്കുകയും, ഈ മേഖലയുടെ പരസ്പര ബന്ധം മനസ്സിലാക്കുകയുമാണ് ചെയ്തത്. ഈ വിശകലനത്തിലൂടെ താഴെപ്പറയുന്ന കണ്ടെത്തലുകൾ ഉരുത്തിരിഞ്ഞു.

i. ജില്ലയുടെ പ്രാദേശിക പശ്ചാത്തലവും, മറ്റ് കേന്ദ്രങ്ങളുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

ii. ഭൂപ്രകൃതി, ഭൂവിനിയോഗം എന്നിവയെ അടിസ്ഥാനമാക്കി ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഊന്നൽ നൽകേണ്ട വികസന മേഖലകൾ.

iii. ജില്ലയിൽ സംരക്ഷിക്കപ്പെടേണ്ട മേഖലകൾ (വികസന നിയന്ത്രണ മേഖലകൾ)

iv. ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം.

v. മാനവ വിഭവശേഷിയുടെ യുക്തമായ ഉപയോഗം

vi. ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ നിലവിൽ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥാനം, വിവിധ പശ്ചാത്തല സൗകര്യങ്ങൾ ജനങ്ങളുടെ വിതരണത്തിന്റെ അടിസ്ഥാനത്തിൽ എവിടെ സ്ഥാപിക്കണം.

vii. നഗരവൽക്കരണത്തിന്റെ പ്രവണതകൾ, ജില്ലയിലെ ഭാവി നഗരകേന്ദ്രങ്ങൾ

viii. അധിവാസ കേന്ദ്രങ്ങളുടെ നിർദ്ദിഷ്ട ക്രമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ റോഡ് നെറ്റ്‌വർക്കിൽ വരുത്തേണ്ട മാറ്റങ്ങൾ.

3.12.2 വികസന പരിപ്രേക്ഷ്യം

1. ജില്ലയുടെ ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കി കൃഷിമേഖല, തോട്ടം മേഖല, വനമേഖല, നഗരമേഖല എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. പ്രസ്തുത മേഖലകളെ അടിസ്ഥാനമാക്കിവേണം വിവിധ മേഖലകളിലെ വികസന പദ്ധതികൾക്കായി ഉചിതമായ സ്ഥലം, നിക്ഷേപം എന്നിവ തിരഞ്ഞെടുക്കേണ്ടത്.

2. ജില്ലയുടെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി വികസന മേഖലകൾ രൂപീകരിക്കണം. പരിസ്ഥിതി ലോല പ്രദേശങ്ങൾ സംരക്ഷിക്കണം. മേൽ പറഞ്ഞ പാരിസ്ഥിതിക ദുർബല പ്രദേശങ്ങളെ പരമാവധി ഒഴിവാക്കുന്ന തരത്തിലായിരിക്കണം വിവിധ വികസന പ്രവർത്തനങ്ങളുടെ സ്ഥലപര വിന്യാസം നടത്തേണ്ടതും.

3. ജില്ലയുടെ ആകെ വിസ്തീർണ്ണത്തിന്റെ ഏതാണ്ട് 55% പ്രദേശങ്ങൾ വികസന നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നു. ശേഷിക്കുന്ന 45% പ്രദേശമാണ് മറ്റ് വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. വളരെ കുറച്ചു ഭൂമി മാത്രമാണ് വികസന പ്രവർത്തനങ്ങൾക്കായി ഉപയുക്തമാക്കാൻ കഴിയൂ. ഏറ്റവും മൂല്യം കൂടിയ വിഭവങ്ങളിലൊന്നായ ഭൂമിയുടെ കൃത്യമായ ഉപയോഗത്തിലൂടെ സുസ്ഥിര വികസനം സാദ്ധ്യമാകണം.

4. ജില്ലയിൽ ജനസംഖ്യയുടെ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. ഉയർന്ന ശ്രേണിയിലുള്ള തൊഴിൽ അവസരങ്ങളും, അതോടൊപ്പം തന്നെ പരമ്പരാഗത തൊഴിൽമേഖലയിലും ജില്ലയിൽ കൂടുതൽ അവസരം സൃഷ്ടിക്കേണ്ടതിലേക്ക് ഇത് വിരൽചൂണ്ടുന്നു. ജില്ലയുടെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

5. ജില്ലയുടെ ജനസംഖ്യയുടെ വിന്യാസവും കേന്ദ്രീകരണവും പരിഗണിച്ച് ജനസാന്ദ്രത കൂടി പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം എന്നിവയ്ക്കായുള്ള പദ്ധതികൾക്ക് ഊന്നൽ നൽകണം.

6. ജില്ലയിൽ നിലവിലുള്ള കൃഷി ഭൂമി ഫലപ്രദമായി ഉപയോഗിച്ചും, ആധുനിക കൃഷി സമ്പ്രദായത്തിലൂടെയും കാർഷിക ഉദ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. വനത്തിന് കോട്ടം തട്ടാത്ത വിധത്തിൽ പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

7. സംസ്ഥാനത്തെ മറ്റു ജില്ലകളെ അപേക്ഷിച്ച് നഗരവൽക്കരണത്തിന്റെ തോത് ജില്ലയിൽ കുറവാണ്. ജില്ലയിലെ നഗര പ്രദേശങ്ങളുടെ സ്ഥലപരമായ വിന്യാസം എല്ലാ ആവാസ പ്രദേശത്തെയും ജനങ്ങൾ തുല്യമായ സേവനം ലഭ്യമാകുന്ന തരത്തിലല്ല. ആയതിനാൽ ജില്ലയിലെ റാന്നി, കോന്നി, കോഴഞ്ചേരി എന്നീ തദ്ദേശസ്ഥാപനങ്ങൾ നഗരങ്ങളുടെ പദവിയിലേക്ക് ഉയർത്തണം.

8. സംസ്ഥാന നഗരവൽക്കരണ പോളിസിയുടെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന കോട്ടയം-പത്തനംതിട്ട നഗര ഇടനാഴിയുടെ വികസന സ്വഭാവം, ഊന്നൽ കൊടുക്കേണ്ട മേഖലകൾ, വികസന തന്ത്രങ്ങൾ എന്നിവ കണ്ടെത്തുകയും ആയത് ജില്ലയുടെ സമഗ്ര വികസനത്തിന് സഹായകരമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

9. ജില്ലയിൽ പ്രധാനമായും ലഭ്യമായിട്ടുള്ള വനവിഭവങ്ങൾ, കാർഷിക വിഭവങ്ങൾ, ഗ്രാനൈറ്റ് തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കണം.

10. ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളെ ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ശ്രേണീകരണം നടത്തിയിട്ടുണ്ട്. സേവനങ്ങൾ എല്ലാ ഭാഗത്തും തുല്യമായ രീതിയിൽ ലഭ്യമാക്കുന്നതിലേക്കായി ഒന്ന്, രണ്ട്, മൂന്ന് എന്നീ ശ്രേണിയിൽ വരുന്ന ആവാസ കേന്ദ്രങ്ങളുടെ വിന്യാസം ഉറപ്പു വരുത്തണം.
11. തീർത്ഥാടന ജില്ല എന്ന നിലയിൽ ജില്ലയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തണം. ജില്ലയെ സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ദേശീയ പാത നിലവാരത്തിലുള്ള റോഡുകൾ വികസിപ്പിക്കുകയും റീജിനൽ ലിങ്കേജുകൾ മെച്ചപ്പെടുത്തുകയും വേണം. തമിഴ്നാടുമായി മെച്ചപ്പെട്ട ഒരു ലിങ്കേജിനായി ഊന്നൽ നൽകേണ്ടതാണ്.

3.12.3 മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കി കണ്ടെത്തിയ മേഖലകളെ പരിഗണിച്ചു വേണം വിവിധ മേഖലകൾക്കായുള്ള സ്ഥലം, നിക്ഷേപം എന്നിവ തിരഞ്ഞെടുക്കേണ്ടത്.
2. ജില്ലയുടെ ഭൂപ്രകൃതി അടിസ്ഥാനമാക്കിയുള്ള, പരിസ്ഥിതി ലോല പ്രദേശങ്ങൾ, നിയന്ത്രണ മേഖലകൾ എന്നിവ പരിഗണിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം.
3. ജില്ലയിലെ ജനസംഖ്യയിലെ കുറവ്, ഉയർന്ന മാനവ വിഭവശേഷി എന്നിവ പരിഗണിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നിക്ഷേപം ജില്ലയിൽ വരേണ്ടതാണ്.
4. ജില്ലയിലെ നഗര പ്രദേശങ്ങളുടെ വിന്യാസം എല്ലാ ആവാസ മേഖലകളിലും ലഭിക്കുന്നതിനായി റാന്നി, കോന്നി, മല്ലപ്പള്ളി, കോഴഞ്ചേരി എന്നിവയെ നഗരസഭാ പദവിയിലേക്ക് ഉയർത്തണം.
5. കോട്ടയം – പത്തനംതിട്ട നഗര ഇടനാഴിയിൽ അനുയോജ്യമായ നിക്ഷേപങ്ങൾക്കായി സാമ്പത്തിക മേഖലകൾ സംബന്ധിച്ച് വിശദമായ പഠനം നടത്തണം.
6. നിർദ്ദിഷ്ട ആവാസ കേന്ദ്രങ്ങളുടെ ശ്രേണീകരണം കൂടി പരിഗണിച്ചു വേണം പുതിയ സ്ഥാപനങ്ങളുടേയും സേവനങ്ങളുടേയും സ്ഥാനം നിർണ്ണയിക്കുവാൻ.
7. തീർത്ഥാടന ജില്ല എന്ന നിലയിൽ ജില്ലയെ മറ്റ് പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ച് ദേശീയ പാത നിലവാരത്തിലുള്ള റോഡുകൾ, ശബരി റെയിൽപാത ജില്ലയിലൂടെ പുനലൂർ വരെ ദീർഘിപ്പിക്കൽ, ജില്ലയിലോ സമീപ പ്രദേശത്തോ വിമാനത്താവളം എന്നിവ പരിഗണിക്കേണ്ടതാണ്.

3.12.4 കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ സ്ഥല പരിമിതി കണക്കിലെടുത്ത് ലഭ്യമായ ഭൂമിയുടെ പരമാവധി ഉപയോഗത്തിനായി ആധുനിക കൃഷി സമ്പ്രദായവും, കാർഷിക ഉദ്പാദന രീതിയും അവലംബിക്കേണ്ടതാണ്.
2. ഒരോ പ്രദേശത്തും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ അടിസ്ഥാനമാക്കിയ വ്യവസായങ്ങൾ, വിപണി എന്നിവ ആരംഭിക്കണം.
3. ജില്ലയിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ അടിസ്ഥാന പശ്ചാത്തല സംവിധാനങ്ങൾക്ക് മുൻഗണന നൽകണം.

വികസന മേഖലകൾ :
അവസ്ഥയും പരിപ്രേക്ഷ്യവും

ഉത്പാദന മേഖല

അദ്ധ്യായം 4

4.1.1 നീർത്തടാധിഷ്ഠിത വികസന പദ്ധതി

(കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം)

ആമുഖം

കേരളത്തിലെ തെക്കു കിഴക്കൻ ഭാഗത്തായി പശ്ചിമഘട്ട മല നിരകൾക്കു താഴെ സ്ഥിതി ചെയ്യുന്ന വിശാലമായ മലയോര ജില്ലയാണ് പത്തനംതിട്ട. മിതോഷ്ണ വിളകൾക്കും ഉഷ്ണമേഖല വിളകൾക്കും അനുയോജ്യമായ ഈർപ്പം നിറഞ്ഞ മിതോഷ്ണ കാലാവസ്ഥയാണ് പത്തനംതിട്ട ജില്ലയിൽ അനുഭവപ്പെടുന്നത്. സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ അനുഭവപ്പെടുന്നതിന് സമാനമായ കാലാവസ്ഥയാണ് ജില്ലയിലും ഉള്ളത്. ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ വരണ്ട കാലാവസ്ഥയും മാർച്ച് മുതൽ മെയ് വരെ ചൂടുള്ള കാലാവസ്ഥയുമാണ് ഉള്ളത്. ജൂൺ മുതൽ സെപ്തംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ മൺസൂണിലും ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്കുകിഴക്കൻ മൺസൂണിലും ഭേദപ്പെട്ട മഴ ജില്ലയിൽ ലഭിക്കുന്നു. വാർഷിക വർഷപാതത്തിന്റെ 75%വും തെക്കുപടിഞ്ഞാറൻ മൺസൂൺ കാലയളവിലാണ് ലഭിക്കുന്നത്. ഏറ്റവും കൂടിയ അന്തരീക്ഷ താപനില 39 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 20 ഡിഗ്രി സെൽഷ്യസും ആണ്.

പത്തനംതിട്ട ജില്ലയിൽ മലനാട്, ഇടനാട്, കുട്ടനാട്, ഓണാട്ടുകര എന്നീ വ്യത്യസ്ത ഭൂപ്രകൃതിയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്നു. പ്രധാനമായും വനപ്രദേശവും കാലാന്തരത്തിൽ കാർഷികാവശ്യങ്ങൾക്കായി മാറ്റിയെടുക്കപ്പെട്ട പ്രദേശങ്ങളും ഉൾപ്പെട്ടതാണ് മലനാട്. പമ്പ, അച്ചൻകോവിൽ, മണിമല, എന്നീ പ്രധാന നദികളും വരട്ടാർ, കോലാർ, പള്ളിക്കലാർ, കല്ലടയാർ തുടങ്ങിയ ചെറു നദികളും അവയുടെ തീരപ്രദേശങ്ങളും നദീ തടങ്ങളും ഉൾപ്പെടുന്നതാണ് ഇടനാട്. ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ താഴെപറയും വിധം വ്യത്യസ്ത ഭൂപ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്നു.

മലനാട്	ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, തണ്ണിത്തോട്, റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി പെരുനാട്, വടശ്ശേരിക്കര, നാറാണംമൂഴി,വെച്ചൂച്ചിറ, കോന്നി, പ്രമാടം, മൈലപ്ര, മലയാലപ്പുഴ, വള്ളിക്കോട്, കലഞ്ഞൂർ, പത്തനംതിട്ട മുനിസിപ്പാലിറ്റി
ഇടനാട്	ആനിക്കാട് , കൊറ്റനാട്, കോട്ടാങ്ങൽ, കല്ലൂപ്പാറ, കുന്നന്താനം, മല്ലപ്പള്ളി, അയിരൂർ, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി, എഴുമറ്റൂർ, പുറമറ്റം, ഓമല്ലൂർ, ചെന്നീർക്കര, ഇലന്തൂർ, ചെറുകോൽ, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, നാരങ്ങാനം, ഏനാദിമംഗലം, ഏറത്ത്, ഏഴംകുളം, കടമ്പനാട്, കൊടുമൺ, പള്ളിക്കൽ, കുളനട, ആറന്മുള, മെഴുവേലി, അടൂർ മുനിസിപ്പാലിറ്റി , പന്തളം തെക്കേക്കര, തുമ്പമൺ.
അപ്പർകുട്ടനാട്	കടപ്ര, കുറ്റൂർ, നിരണം,നെടുമ്പ്രം,പെരിങ്ങര, തിരുവല്ല മുനിസിപ്പാലിറ്റി, കവിയൂർ
ഓണാട്ടുകര	പന്തളം മുനിസിപ്പാലിറ്റി, തോന്നല്ലൂർ.

2642 ചതുരശ്ര കിലോമീറ്റർ വീസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പത്തനംതിട്ട ജില്ലയുടെ ഏകദേശം 1390.73 ചതുരശ്ര കിലോമീറ്റർ വനപ്രദേശമാണ്. ജില്ലയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. ജനസംഖ്യയിൽ 60 ശതമാനത്തോളം ഈ മേഖലയുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്നു. നെല്ല്, കിഴങ്ങുവിളകൾ, വാഴ, പച്ചക്കറികൾ, റബ്ബർ എന്നിവയാണ് പ്രധാന കാർഷിക വിളകൾ. കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പ ഇറിഗേഷൻ പ്രോജക്ട് എന്നീ വൻകിട ജലസേചന പദ്ധതികൾ ജില്ലയിലുണ്ട്.



ജില്ലയിലെ ഭൂവിനിയോഗ വിതരണം

ജില്ലയുടെ മൊത്തം ഭൂവിസ്തൃതി 2,65,277 ഹെക്ടറാണ്. ഇതിൽ 1,55,214 ഹെക്ടർ വനപ്രദേശവും 180ഹെക്ടർ കൃഷിക്ക് ഉപയുക്തമല്ലാത്ത ഭൂപ്രദേശവും ആണ്. ജില്ലയുടെ ഭൂവിനിയോഗം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ നൽകിയിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക.4.1

ക്രമ നമ്പർ	ഭൂപ്രദേശം	ഭൂവിസ്തൃതി(ഹെക്ടറിൽ)
1	ആകെയുള്ള ഭൂമിശാസ്ത്രപരമായ വിസ്തൃതി	265277
2	വനങ്ങൾ	139695

3	കാർഷികേതര ആവശ്യങ്ങൾക്ക് ഉപയൊഗിക്കുന്ന ഭൂമി	17666
4	ഉർവ്വരതയുള്ളതും കൃഷിയ്ക്ക് ഉപയോഗിക്കാൻ കഴിയാത്തതുമായ ഭൂമി	181
5	തരിശ് ഭൂമി	1694
6	തന്നാണ്ടത്തെ തരിശ്	4053
7	ആകെ കൃഷി ചെയ്യുന്ന ഭൂമി	80223
8	ഒരു തവണയിൽ കൂടുതൽ കൃഷി ചെയ്യുന്ന ഭൂമി	23348
9	മൊത്തം കൃഷി ഭൂമി	103571

അവലംബം എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

ക്രമ നമ്പർ	ഭൂവിനിയോഗം	മൊത്തം വിസ്തൃതിയുടെ ശതമാനം
1	വനം	52.2
2	കൃഷി ഭൂമി	38
3	കാർഷികേതര ഭൂമി	5
4	വെള്ളക്കെട്ടുള്ള ഭൂമി	1
5	കൃഷിയോഗ്യമായതരിശുഭൂമി	0.8
6	തരിശുഭൂമി	1
7	തരിശായിക്കൊണ്ടിരിക്കുന്ന ഭൂമി	1
8	തന്നാണ്ടത്തെ തരിശുഭൂമി	1



ജില്ലയിലെ മൊത്തം വിസ്തൃതിയുടെ 52.20% വനഭൂമിയായി നിലകൊള്ളുന്നു. എന്നാൽ മൊത്തം വിസ്തൃതിയുടെ 38% കൃഷിയ്ക്കായി ഉപയോഗിക്കുന്നു.

ജില്ലയിൽ നിലവിലുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വളരെ ചെറുതാണ്. അവയുടെ വിവരങ്ങൾ താഴെ നൽകുന്നു.

ഒരു ഹെക്ടറിൽ താഴെയുള്ള കൃഷിയിടങ്ങൾ	203067
ഒരു ഹെക്ടർ മുതൽ 3 ഹെക്ടർ വരെയുള്ള കൃഷിയിടങ്ങൾ	28961
മൂന്നു ഹെക്ടറിന് മുകളിലുള്ള കൃഷിയിടങ്ങൾ	708

പട്ടിക. 4.2

നിലവിലുള്ള കാർഷിക ഉല്പന്ന വിപണന സംവിധാനങ്ങൾ, ഉല്പാദന ഉപാധികൾ

ബ്ലോക്ക്	വിപണി	പോളിഹൗസ്	മഴമറ	വളംഡിപ്പോ	കീടനാശിനി ഡിപ്പോ
പന്തളം	17	1	7	40	6
കോന്നി	2	2	35	0	0
പുല്ലാട്	17	3	22	22	4
മല്ലപ്പള്ളി	3	5	18	13	5
റാന്നി		4	12	3	2
അടൂർ	48	4	13	70	0
തിരുവല്ല	8	3	5	9	8

പട്ടിക. 4.3

ജില്ലയിലെ പ്രധാന കാർഷിക വിളകൾ– പ്രധാന വിളകളും ഭൂവിനിയോഗവും

വിള	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (മില്യൻടൺ)	ഉല്പാദനക്ഷമത (കി.ഗ്രാം/ഹെക്ടർ)
നെല്ല്	2592	7573	2922
തെങ്ങ്	15870	92ദശലക്ഷം തേങ്ങ	5822 തേങ്ങാ/ഹെക്ടർ
റബ്ബർ	50810	50400	992
മരച്ചീനി	5356	233420	43581
ഏത്തവാഴ	2182	17091	7833
വാഴ	4664	19821	10377
ചക്ക	2813	10ദശലക്ഷം	3555 കായ്/ഹെക്ടർ
മാങ്ങ	1725	6854	3973
പയർ	12	8	667
കുരുമുളക്	289	705	424
കരിമ്പ്	5.3	53	10000
മഞ്ഞൾ	76	170	2237

ഏലം	665	8	12
അടയ്ക്ക	1182	840	711
പുളി	216	609	2819
ഗ്രാമ്പൂ	12	1	83
ജാതിക്ക	509	259	509
കൈതച്ചക്ക	111	1164	7510
പപ്പായ	701	6155	8780
കശുവണ്ടി	455	121	266
മധുരക്കിഴങ്ങ്	1	5123	12000
മുരിങ്ങ	508	348	685
മുളക്	44	81	977
വെറ്റില	36	928	25778ഇല/ഹെക്ടർ

അവലംബം-അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2014-15

സ്റ്റാറ്റിസ്റ്റിക്സ് 2015-16

വിള	വിസ്തൃതി (ഹെക്ടർ)	ഉല്പാദനം (മില്യൻടൺ)	ഉല്പാദനസാദ്ധ്യത (മില്യൻടൺ)
നെല്ല്	2534	8396	8500
തെങ്ങ്	15884	91ദശലക്ഷംതേങ്ങ	0
റബ്ബർ	50880	44510	0
മരച്ചീനി	5220	209948	210000
ഏത്തവാഴ	2059	16375	18000
വാഴ	1988	21582	23000
ചക്ക	2883	19 ദശലക്ഷം	20 ദശലക്ഷം
മാങ്ങ	1806	8129	8500
കുരുമുളക്	1707	599	650
മഞ്ഞൾ	83	183	200
ഏലം	665	8	0

അടയ്ക്ക	1114	697	700
പപ്പായ	735	6453	7000
കശുവണ്ടി	447	112	120
ഇഞ്ചി	295	928	1000

അവലംബം- അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2015-16

1. **നെല്ല്**

2014-15 കാലഘട്ടത്തിൽ ജില്ലയിൽ 2592 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവന്നിരുന്നു. കഴിഞ്ഞ വർഷത്തെ നെല്ല് സംഭരണം 8200 എം.റ്റിയായിരുന്നത് ഈ വർഷം 8418 എംറ്റിയായി ഉയർന്നിട്ടുണ്ട്

ജില്ലയിൽ നെൽകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- തൊഴിലാളികളുടെ ദൗർലഭ്യം.
- വിഘടിക്കപ്പെട്ടതും ചെറുതുമായ കൃഷിസ്ഥലങ്ങൾ.
- ജൈവവളങ്ങളുടെ ദൗർലഭ്യം.
- യന്ത്രോപകരങ്ങളിൽ ഉള്ള വൈദഗ്ദ്ധ്യകുറവ്.
- യുവജനങ്ങൾ/കുടുംബശ്രീകൾ തുടങ്ങിയവർക്ക് നെൽകൃഷിയിലുള്ള താല്പര്യക്കുറവ്.
- കാലാവസ്ഥാ വ്യതിയാനം-ഇടവപ്പാതി/തുലാവർഷം എന്നിവയുടെ ഏറ്റക്കുറച്ചിലുകൾ.
- ജില്ലയുടെ കിഴക്കൻ മേഖലയിൽ മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ എന്നിവ മൂലമുണ്ടാകുന്ന പാരിസ്ഥിതികവും ഘടനാപരവുമായിട്ടുള്ള മാറ്റങ്ങൾ.
- അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ അഭാവം.
- കൊയ്ത്തുകാലത്ത് അനുഭവപ്പെടുന്ന വിലയിടിച്ചിൽ
- ജില്ലയക്ക് അനുയോജ്യമായ യന്ത്രോപകരണങ്ങളുടെ അഭാവം.
- കീടരോഗാണുക്കളുടെ വർദ്ധിച്ച ആക്രമണം.
- ആവശ്യമായ സമയത്ത് ജലം ലഭ്യമല്ലാത്തത്.
- ജില്ലയിൽ തരിശായി കിടക്കുന്ന നിലങ്ങളുടെ ഉടമസ്ഥരെ തിരിച്ചറിയാത്തത്.

2. **തെങ്ങ്**

2014-15 കാലയളവിൽ ജില്ലയിൽ 15803.34 ഹെക്ടറിൽ തെങ്ങു കൃഷി ചെയ്തു. ഹെക്ടറിന് 5822 തേങ്ങയാണ് ഉല്പാദന ക്ഷമത.

ജില്ലയിൽ തെങ്ങുകൃഷി നേരിടുന്ന പ്രധാനപ്രശ്നങ്ങൾ

- ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളുടെ ദൗർലഭ്യം.
- മണ്ണിന്റെ ഫലഭൂയിഷ്ഠി വിലയിരുത്തുന്നതിലുള്ള അപാകത

- തെങ്ങിന്റെ വിവിധ രോഗങ്ങളായ കാറ്റുവീഴ്ച, ഓല കരിച്ചിൽ, കൂമ്പ് ചീയൽ, മഞ്ഞളിപ്പ് മുതലായവ.
- പ്രധാന കീടങ്ങളായ ചെമ്പൻ ചെല്ലി, കൊമ്പൻചെല്ലി, മണ്ടരിബാധ എന്നിവയുടെ ആക്രമണം.
- അശാസ്ത്രീയവും അപര്യാപ്തവുമായ വളപ്രയോഗവും കൃഷിരീതിയും.
- ജലസേചനത്തിന്റെ അഭാവം.
- തേങ്ങയുടെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വിലയിടിവ്.
- ആവശ്യത്തിന് തെങ്ങുകയറ്റ തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച കൂലിനിരക്കും.

3. **മരച്ചീനി**

2014-15 കാലയളവിൽ ജില്ലയിൽ 15803.34 ഹെക്ടറിൽ ഹെക്ടർ സ്ഥലത്താണ് മരച്ചീനി കൃഷി ചെയ്തിരുന്നത്. റബ്ബർ കൃഷിയുടെ വ്യാപനം മരച്ചീനി കൃഷി കുറയുവാനുള്ള കാരണങ്ങളിൽ ഒന്നാണ്. ജില്ലയിൽ ഒട്ടാകെയുള്ള എലിശല്യവും കിഴക്കൻ മേഖലയിൽ കാട്ടുപന്നിയുടെയും കാട്ടാനയുടെയും ആക്രമണവുമാണ് മരച്ചീനികൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

4. **കിഴങ്ങുവർഗ്ഗങ്ങൾ**

മുൻകാലങ്ങളിൽ വിവിധയിനം കിഴങ്ങുവർഗ്ഗങ്ങൾ (ചെറുകിഴങ്ങ്, നനകിഴങ്ങ്, വിവിധയിനം ചേമ്പിനങ്ങൾ) ജില്ലയിൽ വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നു. എന്നാൽ റബ്ബർ കൃഷി വ്യാപകമായതോടെ ഈ വിളകളുടെ കൃഷി ജില്ലയിൽ കുറയാൻ തുടങ്ങി. ഒരു ഉപഭക്ഷ്യവസ്തു എന്ന നിലയിൽ കിഴങ്ങുവർഗ്ഗങ്ങളുടെ പ്രാധാന്യം കുറച്ചുകാണുന്നത് ശരിയല്ല.

കിഴങ്ങുവർഗ്ഗ കൃഷി നേരിടുന്ന പ്രധാനപ്രശ്നങ്ങൾ

- റബ്ബർ കൃഷിയുടെ അനിയന്ത്രിതമായ വ്യാപനം.
- ജില്ലയിൽ അനോയോജ്യമായ നടീൽ വസ്തുക്കളുടെ അഭാവം.
- അശാസ്ത്രീയമായ കൃഷി രീതികൾ.
- വന്യമൃഗങ്ങളുടെ ആക്രമണം.

5. **കരിമ്പ്**

കരിമ്പ് കൃഷിയിൽ ചരിത്ര പ്രാധാന്യമുള്ള ജില്ലയാണ് നമ്മുടേത്. ജില്ലയിലെ തിരുവല്ല, പന്തളം, ഇരവിപേരൂർ, അയിരൂർ, വള്ളിക്കോട്, പത്തനംതിട്ട എന്നീ പ്രദേശങ്ങളിൽ വ്യാപകമായി കരിമ്പുകൃഷി ചെയ്തിരുന്നു. പന്തളത്തുള്ള മന്നം ഷുഗർ മിൽ, പുളിക്കീഴിലുള്ള പമ്പാ ഷുഗർ ഫാക്ടറി എന്നീ പഞ്ചസാര മില്ലുകളുടെ പ്രവർത്തനത്തിന് ആവശ്യമായതിൽ സിംഹഭാഗവും നൽകിയിരുന്നത് മേൽ പ്രദേശങ്ങൾ ആയിരുന്നു. എന്നാൽ കരിമ്പുകൃഷി ഇന്ന് അന്യം നിന്നുപോയിരിക്കുന്നു. നിരവധി പേർക്ക് തൊഴിലവസരങ്ങൾ നൽകിയിരുന്ന ശർക്കര വ്യവസായവും ഇതോടൊപ്പം നിലച്ചുപോയി. ഫലഭൂയിഷ്ഠമായ ഭൂപ്രദേശം ഇഷ്ടിക വ്യവസായത്തിനായി അശാസ്ത്രീയമായി മണ്ണ് ഘനനം ചെയ്ത് ഗുരുതര പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. അനേകായിരങ്ങൾക്ക് തൊഴിൽ അവസരങ്ങൾ നൽകിയിരുന്ന ഈ കൃഷി ജില്ലയുടെ സാമ്പത്തിക പുനരധിവാസത്തിന് അത്യന്താപേക്ഷിതമാണ്.

6. വാഴ

ജില്ലയിൽ 1914 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്തു വരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ വ്യതിയാനം വാഴകൃഷിയിൽ സംഭവിച്ചിട്ടില്ല. അടുത്ത കാലത്തായി വാഴകൃഷിയെ ഗുരുതരമായി ബാധിക്കുന്ന മാണപ്പുഴു, തണ്ടുതുരപ്പൻപുഴു, എന്നീ കീടങ്ങളുടെ ആക്രമണം ജില്ലയുടെ എല്ലാ ഭാഗത്തും കണ്ടുവരുന്നു. വിളവെടുപ്പുകാലത്തുള്ള വിലക്കുറവ് വാഴകൃഷിയെ സാരമായി ബാധിക്കുന്നു.

7. പച്ചക്കറി

ജില്ലയിൽ പച്ചക്കറി കൃഷിയ്ക്ക് വിപുലമായ സാധ്യതകൾ ഉണ്ടെങ്കിലും ആയത് വേണ്ടവിധം ഉപയോഗപ്പെടുത്തിയിട്ടില്ല.

ജില്ലയിലെ പച്ചക്കറി കൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ നൽകുന്നു.

- നല്ലയിനം വിത്തിനങ്ങളുടെ ദൗർലഭ്യം.
- കീടരോഗബാധ.
- ഇടത്തട്ടുകാരുടെ ചൂഷണം.
- സംഭരണ-വിപണന സംവിധാനത്തിന്റെ അപര്യാപ്തത.

മേൽത്തട്ട്–കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

വിള	മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ
നെല്ല്	• നിലവിലുള്ള തൊഴിലുറപ്പ് പദ്ധതിയെ കാർഷിക വൃത്തിക്കായി ഉപയോഗപ്പെടുത്തി തൊഴിലാളി ക്ഷാമം പരിഹരിക്കാവുന്നതാണ്. ഇവർക്കുള്ള കൂലി കൃഷിവകുപ്പും കർഷക പ്രതിനിധികളും തൊഴിലാളി ക്ഷേമബോർഡ് പ്രതിനിധികളും ചേർന്ന് തീരുമാനിക്കാവുന്നതാണ്. ജോലി സമയം മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്. ഇത്തരം മാതൃക ക്ഷീരോല്പാദന മേഖലയിലും പ്രാവർത്തികമാക്കാവുന്നതാണ് • നിയമനിർമ്മാണം വഴി തരിശുകിടക്കുന്ന നെൽപ്പാടങ്ങൾ കൃഷി ചെയ്യുക. കുടുംബശ്രീകൾ/യുവജനകൂട്ടായ്മകൾ എന്നിവയ്ക്ക് പ്രോത്സാഹനങ്ങൾ നൽകുക. • അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. രോഗപ്രതിരോധശേഷി കൂടിയ വിത്തിനങ്ങൾ ഉപയോഗപ്പെടുത്തുക. • ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ യന്ത്രങ്ങളും പ്രാദേശികമായി കൃഷിഭവൻ തലത്തിൽ ഏറ്റെടുത്ത് പരിശീലനം നൽകി പ്രവർത്തന സജ്ജമാക്കുക. • കൃഷിക്ക് യന്ത്രവല്ക്കരണം നടപ്പാക്കുക. • അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ ലഭ്യമായ എല്ലാ മാർഗ്ഗങ്ങളുപയോഗിച്ചും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക. ഉദാ: ആറന്മുള, കരിങ്ങാലിച്ചാൽ പദ്ധതികൾ. • നിലവിൽ തരിശുകിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുപയുക്തമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുടുംബശ്രീയുടെ സഹായം ആവശ്യപ്പെടാവുന്നതാണ്. ഇതിനായി ത്രിതല പഞ്ചായത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. • പ്രാദേശികമായ കർഷക കൂട്ടായ്മകൾക്ക് യന്ത്രങ്ങളുടെ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികൾക്കുള്ള വിദഗ്ധ പരിശീലനങ്ങൾ നൽകുക. • പ്രാദേശികമായ ജൈവവളങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം/പ്രോത്സാഹനം നൽകുക.
തെങ്ങ്	• ജൈവകീടനാശിനികൾ സബ്സിഡി നിരക്കിൽ കൃഷിക്കാർക്കു നൽകുക. • കീട പ്രതിരോധ ശേഷിയുള്ളതും ഉല്പാദന ക്ഷമതയുള്ളതുമായ തെങ്ങിൻ തൈകൾ വിതരണം ചെയ്യുക. • തെങ്ങിന് തടം എടുക്കൽ, ഇട കിളയ്ക്കൽ എന്നിവ നടത്തുക. സോയിൽ ടെസ്റ്റിംഗ് കാർഡ് ഉപയോഗപ്പെടുത്തി മണ്ണിനാവശ്യമായ വള പ്രയോഗം നടത്തുക.
കിഴങ്ങു വർഗ്ഗങ്ങൾ	• ജില്ലാതലത്തിൽ എലിനശീകരണ കാമ്പയിൻ നടത്തുവാനും വന്യമൃഗങ്ങളിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.
കരിമ്പ്	• ശബരിമലയിൽ അരവണ ഉല്പാദത്തിനു ഉൾപ്പെടെ ആവശ്യമായ ശർക്കര അന്യ ജില്ലയിൽ നിന്നുമാണ് നിലവിൽ ഇറക്കുമതി ചെയ്യുന്നത്.

	ഈ സ്ഥിതിയിൽ മാറ്റം വരുത്തി ശർക്കര ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കരിമ്പ് കൃഷി പുനരുദ്ധരിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
വാഴ	• വിപണികൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുക • മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുക. • ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.
പച്ചക്കറി	• പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുടെ സംഭരണം, സംരക്ഷണം, വിതരണം എന്നിവയ്ക്കുവേണ്ട സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. • ഇക്കോഷോപ്പും വിപണികളും കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുക • മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുക

കാർഷിക യന്ത്രവൽക്കരണം

കാർഷിക മേഖല ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നം തൊഴിലാളി ക്ഷാമമാണ്. ഇതിനുള്ള ഏക പ്രതിവിധി യന്ത്രവൽക്കരണമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി യന്ത്രവൽക്കരണം ത്വരിതപ്പെട്ടുവരുന്നു. കാർഷിക മേഖലയിൽ കൃഷിവകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവർ വിവിധ പദ്ധതികളിൽ നിരവധി യന്ത്രോപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇതിൽ ഭൂരിഭാഗവും വിവിധ കാരണങ്ങളാൽ പ്രവർത്തിക്കുന്നില്ല. പരിചയ സമ്പന്നരായ ടെക്നീഷ്യൻമാരുടെ അഭാവവും മതിയായ സംരക്ഷണം ഇല്ലാത്തതുമാണ് ഇതിനു പ്രധാന കാരണങ്ങൾ. ജില്ലയിൽതന്നെ ഏകദേശം 10 കോടി രൂപയുടെ യന്ത്രങ്ങൾ പ്രവർത്തനക്ഷമമല്ലെന്നാണ് പ്രാഥമിക കണക്ക്.

പട്ടിക. 4.4

കാർഷിക യന്ത്രങ്ങൾ

ക്ര. നം	കാർഷിക യന്ത്രം	ബ്ലോക്ക്							
		പറ ക്കോട്	പന്തളം	കോയിപ്രം	പുളിക്കീഴ്	റാന്നി	കോന്നി	ഇലന്തൂർ	ആകെ
1	ടില്ലർ	4	6	13	18	8	8	14	71
2	ഗാർഡൻ ടില്ലർ			4					4
3	ട്രാക്ടർ	6	5	3	17	4	4	3	42
4	ത്രേഷർ	3	4	4	18		2	7	38
5	പാറ്റ് യന്ത്രം			7	13				20
6	നടീൽ യന്ത്രം	5	12	1				1	19
7	കൊയ്ത്ത് യന്ത്രം	5	10	1				3	19

യന്ത്രവൽക്കരണം പരിമിതികൾ

1) സ്ഥലത്തിന്റെ പ്രത്യേകതകൾ
2) ടെക്നീഷ്യൻമാരുടെ അഭാവം
3) സംരക്ഷണ സൗകര്യങ്ങളുടെ അഭാവം
4) സീസണിൽ മാത്രം ഉപയോഗിക്കേണ്ടിവരുന്നു.
5) ആവശ്യത്തിനുള്ള യന്ത്രങ്ങളുടെ കുറവ്
6) ഉയർന്ന പരിപാലന ചെലവ്

മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ആവശ്യത്തിന് യന്ത്രങ്ങൾ പ്രത്യേകിച്ച് കൊയ്ത്ത് മെതിയന്ത്രങ്ങൾ ലഭ്യമാക്കുക.
- ഓരോ പാടശേഖരത്തിനും സർക്കാർ ആനുകൂല്യങ്ങൾ നൽകുമ്പോൾ യന്ത്രവൽക്കരണം മാനദണ്ഡമാക്കുക.
- കാർഷിക യന്ത്രങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സംസ്ഥാന തലത്തിൽ വിതരണ ഏജൻസികളെ എംപാനൽ ചെയ്യണം.
- ഡിപ്പാർട്ട്മെന്റൽ ഫണ്ട്, ഗുണഭോക്തൃവിഹിതം, ബാങ്ക് ലോൺ, എന്നിവ കേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- കേന്ദ്രഗവൺമെന്റിന്റെ ഡയ്ഞ്ചറസ് മെഷീനറീസ് ആക്റ്റ് കർശനമായും നടപ്പിലാക്കണം.
- യന്ത്രങ്ങൾ വിതരണം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പാക്കാൻ ഒരു ജില്ലാതല കമ്മറ്റിയുടെ മേൽ നോട്ടം ആവശ്യമാണ്. യന്ത്രസാമഗ്രികളുടെ വിതരണം കർമ്മസേനകൾക്കോ വകുപ്പു നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കോ നൽകുക. വിതരണത്തിലിപ്പോഴുള്ള ഏകോപനമില്ലായ്മ ഒഴിവാക്കുവാൻ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണം ആവശ്യമാണ്.
- എല്ലാ പഞ്ചായത്തിലും തൊഴിൽസേന രൂപീകരിക്കുകയും യന്ത്രവത്ക്കരണം നടപ്പാക്കുകയും വേണം.
- കൃഷി ഭവൻ തലത്തിൽ കർമ്മസേനകൾ രൂപീകരിച്ച് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. ഇപ്പോഴുള്ള കർമ്മസേനയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കൃഷിയിൽ തല്പരരായ, പരിശീലനം ലഭിച്ച വിദഗ്ധ വ്യക്തികളെ (പോളിടെക്നിക്ക്/ഐ.റ്റി.ഐ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ) ഉൾപ്പെടുത്തുക. ഇവർക്ക് മതിയായ വേതനവും എഫ്.റ്റി.സി/അസാപ്പ്/കെ.വി.കെ എന്നിവയുടെ പരിശീലനവും നൽകുക. ഓരോ ബ്ലോക്കിലെയും ഒരു പഞ്ചായത്തിൽ ഇത്തരം കർമ്മസേന രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണം. ജില്ലയിൽ നിലവിലുള്ള കാർഷികയന്ത്രങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ഉപയോഗയോഗ്യമായത് അറ്റകുറ്റപ്പണി നടത്തുകയും അല്ലാത്തവ ലേലം ചെയ്ത് ഗവൺമെന്റിന് മുതൽ കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.
- നിലമൊരുക്കുന്നതു മുതൽ അരിയാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പാടശേഖരങ്ങളെ പ്രാപ്തരാക്കുക.

കാർഷികവിപണനം

കാർഷിക രംഗത്ത് സന്തുലിതാവസ്ഥ കൈവരിക്കണമെങ്കിൽ വിപണന മേഖലയുടെ സമഗ്രമായ ശാക്തീകരണം അത്യന്താപേക്ഷിതമാണ്. ജില്ലയിലെ വിവിധ വിപണികളുടെ ശാക്തീകരണത്തിനും ഏകോപനത്തിനുമായി നടപ്പിലാക്കുന്ന വിപണനാധിഷ്ഠിത പദ്ധതികളുടെ നടത്തിപ്പിനായി ജില്ലയിൽ ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്) ന്റെയും അനുബന്ധതസ്തികകളും സൃഷ്ടിക്കേണ്ടതാണ്. കാർഷിക വിപണനം ഇപ്പോൾ പ്രധാനമായും നടപ്പിലാക്കുന്നത് നെല്ല്, തെങ്ങ്, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ മുതലായ വിളകളിലാണ്. ഈ വിളകളുടെ സംഭരണം, വിപണനം എന്നിവ വ്യത്യസ്ത ഏജൻസികൾ (സപ്ലൈകോ, കേരഫെഡ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്) മുഖേനയാണ് നടത്തുന്നത്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- തരിശുനിലങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സപ്ലൈകോ മുഖേന കാലഭേദമില്ലാതെ സംഭരിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. ഇപ്പോൾ പ്രധാനമായും പുഞ്ചകൃഷിക്കാലത്ത് മാത്രമാണ് ജില്ലയിൽ സംഭരണം നടത്തുന്നത്.
- മുൻവർഷങ്ങളിൽ ഫലപ്രദമായി നടപ്പാക്കിയ പച്ചത്തേങ്ങാ സംഭരണം കേരഫെഡ് മുഖേന പുന:രാരംഭിക്കേണ്ടതാണ്.
- ജില്ലയിലെ പച്ചക്കറികളുടെ സംഭരണവും വിതരണവും ഉദ്ദേശിച്ച് ആവിഷ്കരിച്ച സംഘമൈത്രി പുനസംഘടിപ്പിക്കേണ്ടതാണ്.
- വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് രൂപീകരിച്ച പച്ചക്കറി വിപണന കേന്ദ്രങ്ങളിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ഉൾപ്പെടുത്തേണ്ടതാണ്.
- കിഴങ്ങുവർഗ്ഗ വിളകളുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിച്ച് ഇവയുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക വഴി ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കാവുന്നതാണ്.
- കുടുംബശ്രീ, അയൽക്കൂട്ടങ്ങളെ കൃഷി വകുപ്പുമായി സമഗ്രമായി ഏകോപിപ്പിച്ച് കേരളാ ബ്രാൻഡ് ലേബൽ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കേണ്ടതാണ്.
- കാർഷികോൽപ്പന്നങ്ങളുടെ ഗുണമേൻമ നഷ്ടപ്പെടാതെ വിപണനം കൂടുതൽ ആകർഷകമാക്കുവാൻ ബ്ലോക്കുതലത്തിൽ ശീതീകരണികൾ സ്ഥാപിക്കേണ്ടതാണ്.
- ഉൽപ്പന്നങ്ങളുടെ വിലസ്ഥിരതാ സമ്പ്രദായം നടപ്പിലാക്കുവാൻ ത്രിതല പഞ്ചായത്തുകളുടെ സഹകരണവും ആനുകൂല്യങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.
- ഉല്പന്നങ്ങൾ കൃഷിസ്ഥലങ്ങളിൽവെച്ചുതന്നെ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള Buy-back സംവിധാനം വിവിധ ഏജൻസികൾ/കമ്പനികൾ മുഖേന നടത്തേണ്ടതാണ്.
- ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്ന വിളകളുടെ ഉല്പാദന സ്ഥിരത കൈവരിക്കുന്നതിന് ഉയർന്ന വിപണി വില നിലനിർത്തേണ്ടതാണ്.

ഹരിത കേരളം പദ്ധതി

ഹരിതകേരളം മിഷന്റെയും കൃഷിവകുപ്പിന്റെയും മികവിലൂടെ പത്തനംതിട്ട ജില്ല ഹരിതവിപ്ലവത്തിന്റെ പാതയിലാണ്. നെൽകൃഷിയിൽ വൻ മുന്നേറ്റം കൈവരിച്ചതിനൊപ്പം പച്ചക്കറി കൃഷി ജില്ലയിൽ വ്യാപകമാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. നെൽകൃഷിയിൽ സംസ്ഥാന തലത്തിൽ പത്തനംതിട്ട ജില്ല വളർച്ച രേഖപ്പെടുത്തി എന്നത് ഹരിത കേരളം പദ്ധതിയുടെ വിജയമാണ്. അറന്മുള വിമാനത്താവള പ്രദേശത്ത് നെൽകൃഷിയിറക്കി കേരളത്തിന് പുതിയ വികസന സന്ദേശം പകർന്നു നൽകുന്നതിന് ഹരിതകേരളം പദ്ധതിയിലൂടെ കഴിഞ്ഞു.

ജില്ലയിൽ 440 ഹെക്ടർ തരിശുഭൂമിയിൽ ഈ വർഷം പുതുതായി നെൽകൃഷിയിറക്കി. ഇതുൾപ്പെടെ ആകെ 600 ഹെക്ടറിലാണ് ജില്ലയിൽ തരിശു നെൽകൃഷിയുള്ളത്. അറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് ഈ വർഷം 189.69ഹെക്ടർ സ്ഥലത്താണ് പുതുതായി നെൽകൃഷിയിറക്കിയിട്ടുള്ളത്. ഇതുൾപ്പെടെ ആറന്മുളയിൽ ആകെ 289 ഹെക്ടറിലാണ് നെൽകൃഷിയുള്ളത്. ആറന്മുളയിലെ പാടശേഖരങ്ങളെ വീണ്ടെടുത്ത് നെൽകൃഷി പഴയ പ്രതാപത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കുന്നു.

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ 250ഹെക്ടറിൽ അധികം പ്രദേശത്ത് ജൈവപച്ചക്കറി കൃഷി ഇറക്കാനും സാധിച്ചു. പന്തളം കരിങ്ങാലിച്ചാൽ പാടശേഖരത്തിൽ നെൽകൃഷി പൂർണ്ണമായി

തിരികെ കൊണ്ടുവരുന്നതിന് വലിയ പ്രവർത്തനമാണ് കൃഷി വകുപ്പു നടത്തിയത്. കാലങ്ങളായി തരിശുകിടന്ന കവിയൂർ പാടശേഖരം കൃഷിയുക്തമാക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുകയാണ്. 1700 ഏക്കർ വരുന്ന പാടശേഖരത്തിലെ 600 ഏക്കറിൽ ആദ്യഘട്ടത്തിൽ കൃഷിയിറക്കുകയാണ് ലക്ഷ്യം. നെൽകൃഷിയ്ക്ക് പേരുകേട്ട ഓമല്ലൂരിലെ വയലുകളിലും നെൽകൃഷി തിരികെ കൊണ്ടുവരുന്നതിന് കഴിഞ്ഞു.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കിയ ആറന്മുള, ഇരവിപേരൂർ, പാടശേഖരങ്ങളിലെ അരി ആറന്മുള, ഇരവിപേരൂർ ബ്രാന്റുകളിൽ കഴിഞ്ഞ വർഷം വിപണിയിലിറക്കിയിരുന്നു. ഈ രണ്ട് ബ്രാൻഡ് അരികൾക്കും ജനങ്ങളിൽനിന്നും വലിയ സ്വീകരണമാണ് ലഭിച്ചത്.

ജില്ലയിൽ വാഴകൃഷിയുടെ വിസ്തീർണ്ണവും വലിയ തോതിൽ വർദ്ധിച്ചു. തെങ്ങു കൃഷി പ്രോത്സാഹനത്തിനായി കേരഗ്രാമം പദ്ധതി മുഖേന 500ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ പരിപാലനത്തിനായി ഒന്നരകോടി രൂപ ചിലവഴിച്ചു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി നടത്തുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ വഴി 1,40,000 പച്ചക്കറി– വിത്തുപായ്ക്കറ്റുകളും കൃഷി ഭവനുകളിലൂടെ 1,40,000 വിത്ത് പായ്ക്കറ്റുകളും ഉൾപ്പെടെ ആകെ 2,80,000 എണ്ണം വിത്ത് പായ്ക്കറ്റുകളും 2,00,000 പച്ചക്കറി തൈകളും സൗജന്യമായി വിതരണം ചെയ്തു. ആകെ 32.4ലക്ഷം രൂപാ ചെലവഴിച്ച് 1240ഹെക്ടറിൽ നിന്നും 6970ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. 5ഹെക്ടർ സ്ഥലം ഒരു ക്ലസ്റ്റർ എന്ന അടിസ്ഥാനത്തിൽ തിരിച്ച് കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന സംഘത്തിന് കൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കൃഷിവകുപ്പ് നൽകിവരുന്നു. വിത്തും വളവും വാങ്ങുമ്പോൾ മുതൽ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതുവരെയുള്ള പ്രവൃത്തികൾ ഈ കർഷക കൂട്ടായ്മയിലൂടെ സാദ്ധ്യമായി. ജില്ലയിൽ ആകെ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം 1750ഹെക്ടറായി വർദ്ധിച്ചു. ജില്ലയിൽ നാല്പതിലേറെ പോളി ഹൗസുകൾ മുഖേന ജൈവപച്ചക്കറി കൃഷി വ്യാപിപ്പിച്ചു.

ഫാമുകളിൽ ഉല്പാദിപ്പിച്ച തെങ്ങിൻ തൈകൾ, രണ്ടുലക്ഷം പച്ചക്കറി തൈകൾ, കുരുമുളക് വള്ളികൾ തുടങ്ങിയവ കൃഷിഭവനുകൾ മുഖേന വിതരണം ചെയ്തു. ഗ്രോ ബാഗുകൾ മുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. 'വിഷരഹിത പച്ചക്കറി ഉല്പാദനം' എന്ന സന്ദേശം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഗ്രോ ബാഗ് കൃഷി പദ്ധതി സഹായകമായി. കുടുംബശ്രീയുമായി സഹകരിച്ച് ജില്ലയിൽ 42 ആഴ്ച്ചചന്തകൾ തുടങ്ങി. ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 20 ഇക്കോ ഷോപ്പുകളും സ്ഥാപിച്ചു. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവഗ്രാമ പഞ്ചായത്തുകൾക്ക് കൃഷിവകുപ്പ് അവാർഡും നൽകുന്നുണ്ട്.

പ്രതികൂല കാലാവസ്ഥകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഹൈടെക് പദ്ധതികളും കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മാലിന്യ സംസ്ക്കരണത്തിനായി 40 ബയോഗ്യാസ് പ്ലാന്റുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ, 50 ജൈവമാലിന്യ സംസ്ക്കരണ യൂണിറ്റുകൾ, 70 സീറോ എനർജി കൂൾ ചേമ്പറുകൾ എന്നിവ സ്ഥാപിച്ചു. 140 പോർട്ടബിൾ പമ്പ്സെറ്റുകൾ വിതരണം ചെയ്തു. കുടുംബശ്രീയുമായി സഹകരിച്ച് 2 ചെറുകിട മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ കോന്നി, കോയിപ്രം പഞ്ചായത്തുകളിൽ സ്ഥാപിച്ചു. ഇതോടൊപ്പം ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസസ് (നല്ല കൃഷിമുറകൾ) പദ്ധതിയിൽ ജൈവ പച്ചക്കറി കൃഷി 250 ഹെക്ടർ അധികമായി കൊണ്ടുവന്നു. 2017–18 വർഷം പച്ചക്കറി കൃഷി വികസന പദ്ധതി ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ആകെ പച്ചക്കറി കൃഷിയിൽ അനുവദിച്ച 410.26 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കുവാനും സാധിച്ചു.

ഹരിതകേരളം പദ്ധതിയുമായുള്ള സംയോജനം

തരിശുനില കൃഷി, പച്ചക്കറി കൃഷി വ്യാപനം, പച്ചക്കറിവിത്ത്, തൈകൾ എന്നിവയുടെ വിതരണം കരനെൽകൃഷി, ഫലവൃക്ഷതൈ വിതരണം, കുരുമുളക് തൈ വിതരണം, മാലിന്യസംസ്ക്കരണ യൂണിറ്റുകളുടെ നിർമ്മാണം, സമഗ്ര തെങ്ങ് കൃഷിവികസന പദ്ധതികൾ, കിഴങ്ങുവർഗ്ഗ വിള വികസന

പദ്ധതി, പയർ കൃഷി വികസന പദ്ധതി എന്നീ പദ്ധതികൾ ഹരിതകേരളം പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

സംയോജിത പദ്ധതികൾ

R.K.V.Y - RAFTAAR പദ്ധതിയിലുൾപ്പെടുത്തി ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുബന്ധ കെട്ടിട നിർമ്മാണം.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ജില്ലയിലെ ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനോട് ചേർന്ന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ്, ആഫീസ് റൂം എന്നിവ നിർമ്മിക്കുന്നതിനായി R.K.V.Y - RAFTAAR പദ്ധതിയിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

ബ്രാന്റഡ് അരി ഉല്പാദനം

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി, കോയിപ്രം, തിരുവല്ല, പന്തളം, പത്തനംതിട്ട, അടൂർ, കോന്നി ബ്ലോക്കുകളിൽ തരിശായി കിടക്കുന്ന, നെൽകൃഷി ചെയ്യാൻ യോഗ്യമായ സ്ഥലങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ, കുടുംബശ്രീ, തൊഴിലുറപ്പ്, ജനകീയ കൂട്ടായ്മ എന്നിവരുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ 3 വർഷംകൊണ്ട് പൂർണ്ണമായും നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്.

ലക്ഷ്യം

1. വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം
2. വിവിധ പദ്ധതികളുടെ ഏകോപനം
3. തരിശുകിടക്കുന്ന പാടശേഖരങ്ങൾ കൃഷി ചെയ്യുക, നിലവിൽ കൃഷി ചെയ്യുന്ന നിലങ്ങളിലെ കൃഷി തുടരുക.
4. സുരക്ഷിത ഭക്ഷ്യഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുക.
5. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക
6. ദാരിദ്ര്യ നിർമ്മാർജ്ജനം സാദ്ധ്യമാക്കുക.
7. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുക.
8. സുജലം പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകൾ ശുചിയാക്കി ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങൾ സാദ്ധ്യമാക്കുക. ഭൂഗർഭ ജലനിരപ്പ് ഉയർത്തുക

പ്രവർത്തനം

എല്ലാ പഞ്ചായത്തിലും യോഗം ചേർന്ന് പാടശേഖരസമിതികൾ രജിസ്റ്റർ ചെയ്യുക. ഓരോ പാടശേഖര സമിതിയിലെയും സ്ഥലത്തിന്റെ സർവ്വേ നമ്പർ, കൃഷി ചെയ്യുന്ന നിലത്തിന്റെ വിസ്തൃതി, കരം അടച്ച രസീതു പ്രകാരം കണക്കാക്കി രജിസ്റ്റർ ചെയ്യുക, ഒരു ബ്ലോക്കിലെ പാടശേഖരങ്ങളുടെ പ്രതിനിധികൾ ചേർന്ന് ഒരു അപ്പക്സ് കമ്മിറ്റി രൂപീകരിക്കുക. ടി കമ്മറ്റിയുടെ ചെയർമാൻ ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റും, കൺവീനർ ബ്ലോക്കിലെ കൃഷി അസി.ഡയറക്ടറും ആയിരിക്കണം. ടി കമ്മറ്റിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻ, ജില്ലാ പഞ്ചായത്ത് മെമ്പർ, പഞ്ചായത്തു പ്രസിഡന്റുമാർ ഓരോ പാടശേഖരങ്ങളുടെയും സെക്രട്ടറിമാർ/പ്രസിഡന്റുമാർ, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥൻ, സിഡിഎസ് ചെയർപേഴ്സൺ, കുടുംബശ്രീ ഭാരവാഹികൾ, കൃഷി ആഫീസർമാർ, ടി ബ്ലോക്കിനെ പ്രതിനിധികരിക്കുന്ന ജില്ലാതല ഡെപ്യൂട്ടിഡയറക്ടർ(കൃഷി), മൃഗഡോക്ടർ എന്നിവർ അംഗങ്ങളായിരിക്കണം.

തോടുകളുടെയും നീർചാലുകളുടെയും പുന:രുദ്ധാരണത്തിലൂടെയും നൂതന കാർഷിക യന്ത്രങ്ങളുടെ സഹായത്താലും കൃഷിപ്പണി ചെയ്യുക. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിപ്പണി ചെയ്യിപ്പിക്കുക. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും ഉപയോഗവും താല്പര്യമുള്ള ചെറുപ്പക്കാരെ പഠിപ്പിച്ച് ഗ്രീൻ ആർമി രൂപീകരിക്കുക. കൃഷിക്കാരൻ സഹകരണ സംഘങ്ങളിൽ അക്കൗണ്ട് എടുക്കുകയും നെൽ കൃഷിക്കാവശ്യമായ വിത്ത്, വളം, കളനാശിനി/കീടനാശിനി/ജൈവവളങ്ങൾ എന്നിവ അതാതു പ്രദേശത്തെ സഹകരണസംഘങ്ങളിൽക്കൂടി നൽകുകയും ചെയ്യുക. നെൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ വായ്പ സഹകരണസംഘങ്ങളിൽക്കൂടി നൽകുക. വിവിധ വകുപ്പുകൾ നൽകുന്ന സബ്സിഡികൾ ടി സഹകരണ സംഘത്തിലെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക. നെൽകൃഷി പൂർണ്ണമായും 45 ദിവസത്തിനുള്ളിൽ ഇൻഷ്വർ ചെയ്തിരിക്കണം.

2018–19 വർഷത്തിൽ പുതുതായി പറക്കോട്, പന്തളം, പത്തനംതിട്ട, തിരുവല്ല, മല്ലപ്പള്ളി, കോയിപ്രം, കോന്നി ബ്ലോക്കുകളിലായി 400 ഹെക്ടർ നിലത്തിൽ തരിശുനിലം കൃഷിചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. ടി ബ്ലോക്കുകളിൽ തിരഞ്ഞെടുത്ത പാടശേഖരങ്ങളുടെ നീർച്ചാലുകളും ബണ്ടുകളും ആഴംകൂട്ടി ബലപ്പെടുത്തി നീരൊഴുക്കു സൗകര്യം ഉണ്ടാക്കണം. ആയതിനായി മൈനർ ഇറിഗേഷൻ തൊഴിലുറപ്പ് ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

ഒരോ ഗ്രാമ പഞ്ചായത്തുകൾക്കും നിലമൊരുക്കുന്നതിന്റെ ആവശ്യമായ തുക 50% ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ നൽകണം. ഗ്രാമപഞ്ചായത്തുകൾ വിത്ത്/വളം/കക്ക/കീടനാശിനി എന്നിവ ഗ്രാമപഞ്ചായത്തു പ്രോജക്റ്റിൽ ഉൾപ്പെടുത്തി നൽകണം. പാടശേഖരങ്ങൾക്ക് ആവശ്യമായ പമ്പുസെറ്റുകൾ പെട്ടി, പറ ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തു നൽകേണ്ടതാണ് ഉല്പാദിപ്പിക്കുന്ന നെല്ല് അതതു പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ/പാടശേഖര സമിതികൾ സംഭരിച്ച് കുത്തി അരിയാക്കി തുണി സഞ്ചിയിലാക്കി/ബ്രാന്റിൽ/വിപണിയിൽ വിൽക്കുന്നതിന് ആവശ്യമായ മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ വായ്പയും സബ്സിഡിയും ജില്ലാ മിഷൻ, പട്ടികജാതി വികസന വകുപ്പ് എന്നിവർ നൽകേണ്ടതാണ്.

ക്രമ നം	ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ	കൃഷിവകുപ്പു പദ്ധതികൾ	ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്ത് പദ്ധതികൾ
1	തരിശുകൃഷി– 400 ഹെ.	തരിശുആനുകൂല്യങ്ങൾ– രൂപ.30000/ഹെക്ടർ(ആകെ 120ലക്ഷം)	
2	നിലവിലുള്ള കൃഷി–5 മുതൽ 10 വരെ പഞ്ചായത്തുകൾ– 1000ഹെ.	സുസ്ഥിര നെൽകൃഷി വികസന പദ്ധതി ആനുകൂല്യങ്ങൾ–രൂപ.1500/ഹെക്ടർ (ആകെ 15ലക്ഷം)	ഉല്പാദന ഉപാധികൾ, കൂലിചിലവ് സബ്സിഡി–8500+ 8500/ഹെക്ടർ (ആകെ 170ലക്ഷം)
3	പാടശേഖരങ്ങൾക്കുള്ള പ്രവർത്തനഫണ്ട്–1000 ഹെ.	പ്രവർത്തനഫണ്ട് – രൂപ.360/ഹെക്ടർ(ആകെ 3.6ലക്ഷം)	
4	ഒരുപ്പൂകൃഷി–ഇരുപ്പൂ കൃഷി–400ഹെക്ടർ	ആനുകൂല്യം–രൂപ.10000/ഹെക്ടർ (ആകെ 40ലക്ഷം)	
5	മണ്ണുപരിശോധന	ജില്ലാ മണ്ണുപരിശോധനാ ലാബിന്റെ സൗകര്യം പ്രയോജനപ്പെടുത്തുക	
6	ഫാം സ്കൂൾ	ആത്മാ, പത്തനംതിട്ടയുടെ സേവനം	
7	അഗ്രോ സർവ്വീസ് സെന്റർ	പുളിക്കീഴ്, അടൂർ,റാന്നി,കോന്നി,അഗ്രോ സർവ്വീസ് സെന്ററുകളുടെ സേവനം– ആത്മാ പത്തനംതിട്ട	

8	കാർഷിക കർമ്മസേന	ബ്ലോക്കുതല കാർഷിക കർമ്മസേനകളുടെ സേവനം-ആത്മാ പത്തനംതിട്ട	
9	വിളപരിപാലന ക്ലിനിക്ക്	ബ്ലോക്കുതല പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ സേവനം	
10	രാസവള കീടനാശിനി ഗുണനിലവാര നിയന്ത്രണം	കൃഷിവകുപ്പു പദ്ധതികൾ	
11	വിള ഇൻഷ്വറൻസ്		
12	കാർഷിക കലണ്ടർ		
13	ഇക്കോ ഷോപ്പുകൾ		
14	നെൽകൃഷിയിലെ നൂതന പദ്ധതികൾ	വിളക്കുകെണി, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയവ	
15	തോടുകളുടെയും വാച്ചാലുകളുടെയും നവീകരണം		പഞ്ചായത്തു-ജലസേചന വകുപ്പ് മുഖേന നിർവ്വഹണം
16	വായ്പാ പദ്ധതികൾ		സഹകരണ സംഘങ്ങൾ
17	നെല്ലുസംഭരണം	കൃഷിവകുപ്പു പദ്ധതികൾ-സപ്ലൈകോയുമായി സഹകരിച്ച്	
18	നെല്ല് സംസ്ക്കരണം	ഒരു മോഡേൺ റൈസ്മിൽ സ്ഥാപിക്കുക-100ലക്ഷം	
19	പായ്ക്കീംഗ് & ബ്രാന്റിംഗ്		പഞ്ചായത്തു-കുടുംബശ്രീ മുഖേന നിർവ്വഹണം (ഉദ്ദേശം-2ലക്ഷം)
20	മൂല്യവർദ്ധിത ഉല്പന്നങ്ങൾ		പഞ്ചായത്തു-കുടുംബശ്രീ മുഖേന നിർവ്വഹണം (ഉദ്ദേശം-2ലക്ഷം)
	ആകെ	2.78 കോടി	1.74 കോടി

കൃഷിയും ജീവിതശൈലി രോഗങ്ങളും

കാർഷിക വൃത്തിയിൽക്കൂടി ആരോഗ്യസംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കാൻ കൃഷി വകുപ്പ് ത്രിതല പഞ്ചായത്തുകൾ എന്നിവർ കൈകോർത്ത് പ്രവർത്തിക്കേണ്ടതാണ്. അത്യുല്പാദന ശേഷിയുള്ള പച്ചക്കറി തൈകൾ വീടുകളിൽ വിതരണം ചെയ്ത് അവ നട്ടു വളർത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് നൽകേണ്ടതാണ്. ജനങ്ങളുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനും കാർഷിക വൃത്തിയിലൂടെ സാധിക്കും.

കാർഷിക വിഭ്യാഭ്യാസം

ജനങ്ങളുടെ ഇടയിൽ കാർഷിക സംസ്ക്കാരം രൂപപ്പെടുത്തുന്നതിനായി കൃഷി പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം. എങ്കിൽ മാത്രമേ കൃഷിയെ ജീവിതരീതിയുടെ ഭാഗമായി കാണുവാൻ കുട്ടികൾ പ്രാപ്തരാകൂ. ചെറുപ്പത്തിൽ ശീലമാകുന്ന ഇത്തരം പ്രവർത്തികൾ ഭാവിയിലും തുടരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ തനതായ ഒരു കാർഷിക സംസ്കൃതി വാർത്തെടുക്കാൻ കഴിയൂ.

നിർദ്ദേശങ്ങൾ

- പാഠ്യപദ്ധതിയിൽ കൃഷിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് തലത്തിൽ കൈക്കൊള്ളണം.
- ഗവൺമെന്റ് സ്കൂളുകളിൽ ചെറിയ പച്ചക്കറിതോട്ടങ്ങൾ നിർമ്മിച്ച് കുട്ടികളെ കൃഷിയിലേയ്ക്ക് ആകർഷിക്കണം. ഇതിനായി പഞ്ചായത്തിന്റെ മേൽനോട്ടം ഉപയോഗപ്പെടുത്താവുന്നതാണ്.

കൃഷിയും കയറ്റുമതി സാദ്ധ്യതയും

ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ലയാണ് പത്തനംതിട്ട. ഈ ജില്ലയിൽ നിന്നും ലോകത്തിന്റെ പല ഭാഗങ്ങളിലായി അധിവസിച്ചു വരുന്ന പ്രവാസി ജനത മുഖേന ജില്ലയുടെ തനതായ കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽത്തട്ട് നിർദ്ദേശം

- നെല്ല്, പച്ചക്കറി, കരിമ്പ്, വാഴ, കപ്പ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിവിധയിനം വിളകൾ കൃഷി ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി സൂക്ഷിക്കുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം.
- പ്രവാസി വിപണനത്തിലൂടെ കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന വില ഉറപ്പാക്കാം. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായകരമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ ജില്ലയുടെ സാമ്പത്തിക പുരോഗതിയ്ക്ക് കുതിപ്പേകും.

ജില്ലയുടെ സാധ്യതകൾ

ഇരവിപേരൂർ, ആറന്മുള മോഡലുകൾ

പ്രാദേശികമായി കർഷക കൂട്ടായ്മകൾ രൂപികരിച്ച് കൃഷി ചെയ്യുന്നത് ഇപ്പോൾ അനുഭവപ്പെടുന്ന ഭീമമായ ചെലവ് കുറയ്ക്കുന്നതിന് സഹായകരമാണ്. ഇത്തരം കൂട്ടായ്മകളുടെ നേതൃത്വത്തിൽ അതത് പ്രദേശത്തു തന്നെ അരി മില്ലുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനനുബന്ധമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നത് ലാഭം വർദ്ധിപ്പിക്കും. ജില്ലയിലെ ഇരവിപേരൂർ മേഖലയിൽ നടപ്പിലാക്കിവരുന്ന ഇത്തരം ഒരു മുന്നേറ്റം മറ്റു പ്രദേശങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- മറ്റ് സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇത്തരം കേന്ദ്രങ്ങൾക്കും നൽകണം.
- ഓരോ പ്രദേശത്തിന്റെയും തനതായ ബ്രാന്റു നാമത്തിൽ വിത്തും ഉൽപ്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകണം.

കുട്ടനാട് വികസനപദ്ധതി

കേരളത്തലെ നെൽകൃഷി വികസനത്തിന് വളരെ പ്രാധാന്യമുള്ള പ്രദേശമാണ് കുട്ടനാട്. ഇവിടെ ഏകദേശം 1436 ഓളം പാടശേഖരങ്ങൾ നിലവിലുണ്ട്. മഴക്കാലത്ത് വെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിന് പാടശേഖരങ്ങളിൽ ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വിളവെടുത്ത് പൂർണ്ണതോതിൽ വിള ലഭ്യത

ഉറപ്പുവരുത്തുന്നതിന് കേരള സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഇതാണ് കുട്ടനാട് വികസന പദ്ധതിയും അതിൽ ഉൾപ്പെടുന്ന ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമും.

പദ്ധതിയുടെ പ്രവർത്തനങ്ങൾ

പാടശേഖരങ്ങളുടെ നിലവിലുള്ള പുറംബണ്ട് ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുക, പുറംബണ്ടിന് ആവശ്യമായ കരിങ്കൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക, മോട്ടോർ തറ, മോട്ടോർ ഷെഡ് എന്നിവ നിർമ്മിച്ച് പമ്പിംഗ് മോട്ടോറുകൾ സ്ഥാപിക്കുക, പൊതുമട, ബോക്സ് കൾവർട്ട്, പൈപ്പ് കൾവർട്ട്, തൂമ്പ്, ബണ്ട് റോഡ് എന്നിവ നിർമ്മിക്കുക തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ.

പദ്ധതിയുടെ നേട്ടങ്ങൾ

ഇതിലൂടെ വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശം തടയുവാനും പരമാവധി വിളവെടുപ്പ് നേടുവാനും സാധിക്കുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം വിളവെടുക്കുവാനും കൃഷി ഏരിയ വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. കർഷകരുടെ പ്രയത്നങ്ങൾക്കും ആവശ്യങ്ങൾക്കും വളരെ സഹായകമാകുവാൻ ഈ പദ്ധതി പ്രവർത്തനങ്ങൾ ഇടയാക്കുന്നു.

അപ്പർ കുട്ടനാട് മേഖലയിൽ പൊതുവായി നേരിടുന്ന പ്രശ്നങ്ങൾ

അപ്പർ കുട്ടനാട് മേഖലയിൽ മൺസൂൺ കാലത്ത് പെട്ടെന്ന് വെള്ളപ്പൊക്കമുണ്ടാക്കുകയും (ഫ്ളാഷ് ഫ്ളഡ്) സാവധാനം ഇറങ്ങുകയും ചെയ്യുന്നു. പെട്ടെന്നുള്ള വെള്ളപ്പൊക്കത്തിനു കാരണം അശാസ്ത്രീയമായി പണികഴിപ്പിച്ചിട്ടുള്ള കലുങ്കുകളും ചില പാലങ്ങളുമാണ്. പുഴയിലും ഉൾനാടൻ തോടുകളിലും ഉയർത്തി ചെയ്തിരിക്കുന്ന അശാസ്ത്രീയ നിർമ്മാണങ്ങൾ പുഴയുടെ അടിത്തട്ട് പലഭാഗങ്ങളിലും ഉയരാൻ കാരണമായിട്ടുണ്ട്. കാലാകാലങ്ങളായി നെൽപ്പാടങ്ങളിൽ നിന്നും പുറം തള്ളുന്ന വൈക്കോൽ അവശിഷ്ടങ്ങളും ചെളിയും പുറംതോടുകളിൽ നിറഞ്ഞ് പുഴയുടെ ആഴം കുറയുന്നു. തൻമൂലം മൺസൂൺ കാലത്ത് പെട്ടന്നുള്ള മഴയിൽ ജലനിരപ്പ് ഉയരുകയും സമീപ പാടങ്ങളിൽ വെള്ളം കയറി കൃഷി നാശം സംഭവിക്കുകയും ചെയ്യുന്നു.

അശാസ്ത്രീയമായ മണൽ വാരൽ മൂലം വെള്ളത്തിന്റെ നിരപ്പ് താഴ്നതിനാൽ വേനൽകാലത്തുള്ള നീരൊഴുക്ക് നിലച്ചു. ഓരുമുട്ടുകൾ സമയബന്ധിതമായി തീർക്കാത്തത് മൂലം ഓരു വെള്ളം കയറി ശുദ്ധജലത്തിന് ഭീഷണിയാവുകയും കൃഷിനാശം ഉണ്ടാവുകയും ചെയ്യുന്നു. ജനങ്ങളുടെ അറിവില്ലായ്മ കൊണ്ട് പ്ലാസ്റ്റിക്കുകളും മാലിന്യങ്ങളും പുഴയിൽ നിക്ഷേപിക്കുന്നതും ജലസ്രോതസ്സുകളുടെ മലിനീകരണത്തിന് ഇടയാക്കുന്നു.

മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ഈ പദ്ധതിയിൻ കീഴിൽ ജില്ലയിൽ ഇനിയും പണികൾ ആരംഭിക്കാത്ത പാടശേഖരങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.
- കുട്ടനാട് പാക്കേജ് പദ്ധതിയിൽപ്പെട്ട അപ്പർകുട്ടനാടൻ പ്രദേശങ്ങളിൽ നിലവിലുള്ള ഒരുപ്പൂ കൃഷിയെ ഇരിപ്പൂ ആക്കി മാറ്റി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുറംബണ്ടുകൾ നിർമ്മിക്കാവുന്നതാണ്.
- കുട്ടനാട്ടിൽ കാണപ്പെടുന്ന ഒരു പാരിസ്ഥിതിക പ്രശ്നമാണ് പോളയുടെ വ്യാപനം. ഒന്നിടവിട്ട വർഷങ്ങളിൽ തണ്ണീർമുക്കം ബണ്ട് തുറന്ന് ഉപ്പുവെള്ളം കയറ്റിയിറക്കുന്നതിലൂടെ പോളനശീകരണം ഒരു പരിധിവരെ സാധ്യമാക്കാനാകും. ഇതിലൂടെ നീരൊഴുക്കു സുഗമമാക്കുന്നതിനും ജലസേചന തോടുകളും പുഴകളും ശുചീകരിക്കുന്നതിനും സാധിക്കും. ഇപ്പോൾ ജലാശയങ്ങളിലുള്ള പോളകൾ ശേഖരിച്ച് ജൈവസംസ്ക്കരണം നടത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പോളനാരുകളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (ഉദാ: സഞ്ചി, ചെരുപ്പ്) നിർമ്മിച്ച് ലാഭകരമായ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.
- കുട്ടനാട്ടിൽ **ബയോ റൈസ് പാർക്ക്** സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. പുളിക്കീഴ് ബ്ലോക്കിൽ മണിമല, പമ്പാ നദികൾ കൂടിച്ചേരുന്ന സ്ഥലത്ത് നിലവിലുള്ള പമ്പാ ഷുഗർ

ഫാക്ടറിയുടെ 85 ഏക്കർ സ്ഥലം ഉപയോഗപ്പെടുത്തി ബയോ റൈസ് പാർക്ക് സ്ഥാപിക്കാവുന്നതാണ്. ഇതോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും നടത്താവുന്നതാണ്.

- ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിലൂടെ **ഫാം ടൂറിസം** നടപ്പിലാക്കുന്നതിലൂടെ കുട്ടനാടിന്റെ മുഖഛായ തന്നെ നവീകരിക്കാം. കുറിയ ഇനം തെങ്ങുകൾ നട്ടുവളർത്തി ഇളനീർ ഉൽപ്പാദിപ്പിച്ച് **കരിക്ക് പാർലറുകൾ** ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം. ഇതോടൊപ്പം നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ബണ്ടുകളിൽ രാമച്ചം, കൈതപോലെയുള്ള സസ്യങ്ങൾ നടുന്നതിലൂടെ മണ്ണൊലിപ്പ് തടയാൻ കഴിയും എന്നുമാത്രമല്ല അവയുടെ ഓലയിൽനിന്നും പായയും പലതരം കരകൗശലവസ്തുക്കളും നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.
- അപ്പർകുട്ടനാട്ടിലെ നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകളിൽ നിലവിലുള്ള ജലസേചനത്തോടുകൾ ആഴവും വീതിയും വർദ്ധിപ്പിച്ച് ശുചീകരണം നടത്തി ടൂറിസത്തിനുള്ള സാധ്യതകൾ തേടാവുന്നതാണ്. തിരുവല്ല ചന്തതോട്ടിൽനിന്നും വേങ്ങൽ, മേപ്രാൽ, മുട്ടാർ വഴി കടന്നുപോകുന്ന ന്യൂമാർക്കറ്റ് **കനാൽ ടൂറിസ**ത്തിനുള്ള സാദ്ധ്യതകൾ തുറന്നുതരുന്നു. കൃത്രിമകുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി ചെയ്യുന്നതോടൊപ്പം അവയുടെ ജലം പച്ചക്കറികൃഷിക്കും ഫാമുകൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.
- പുഴകളുടെയും അനുബന്ധ തോടുകളുടെയും അടിത്തട്ട് ലെവൽ അറിയുന്നതിനും കൈയ്യേററങ്ങളും, അശാസ്ത്രീയ നിർമ്മാണങ്ങളും കണക്കാക്കുന്നതിനുമുള്ള സർവ്വേ നടത്തണം.
- എല്ലാ പ്രധാന പുഴകളും ഉൾനാടൻ തോടുകളും ചെളിയും ഓരും നീക്കി ആഴം കൂട്ടി സൗന്ദര്യവൽകരിക്കണം.
- ഓരു വെള്ളം കയറാതിരിക്കാനുള്ള എല്ലാ ഓരുമുട്ടുകളും ഷട്ടറോടുകൂടി ചീപ്പ് നിർമ്മിക്കുന്നതിനും അവ സമയബന്ധിതമായി ക്രമീകരിക്കുന്നതിനുമുള്ള കലണ്ടറും തയ്യാറാക്കേണ്ടതാണ്.
- പഞ്ചായത്തുകളിലെ തരിശു കിടക്കുന്ന എല്ലാ പാടശേഖരങ്ങളും പുറം ബണ്ട് ബലപ്പെടുത്തി മോട്ടോർപുര, വാച്ചാൽ, പൈപ്പ്, കലുങ്ക് തുടങ്ങിയവ നിർമ്മിച്ച് കൃഷിക്കുപയോക്തമാക്കാവുന്നതാണ്.

പത്തനംതിട്ട ജില്ലയിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവലോകനം

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. കൃഷി

താഴെപ്പറയുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് കൃഷി വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരുന്നത്.

1. **കരനെൽകൃഷി**

   സംസ്ഥാനത്ത് നെൽകൃഷി വ്യാപ്പിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ എല്ലാ വീട്ടുമുറ്റത്തു നിന്നും നെല്ല് ഉല്പ്പാദിക്കുന്നതിനായി മുറ്റത്തു നിന്നും ഒരു പറ നെല്ല് എന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നു. പ്രാദേശികമായി വിത്തിനങ്ങൾ ഉപയോഗിച്ച് പരമാവധി ജൈവരീതിയിലുള്ള കൃഷിയാണ് അവലംബിക്കുന്നത്. കരനെൽ കൃഷി 143 ഹെക്ടർ സ്ഥലത്ത് ചെയ്തിട്ടുണ്ട്.

2. **തരിശുനില കൃഷി**

   വർഷങ്ങളായി തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ നമ്മുടെ കാർഷിക പൈതൃകത്തിന്റെ അടിസ്ഥാനമായ നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ കരിങ്ങാലിച്ചാൽപുഞ്ച തരിശുനില കൃഷിയിൽ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോജക്ട്. വിവിധ ബ്ലോക്കുകളിലായി ഏകദേശം 495 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. **സുസ്ഥിര നെൽകൃഷി വികസന പദ്ധതി**
കൃഷി ചെലവുകൾ കുറച്ചുകൊണ്ട് ഗ്രുപ്പ് ഫാമിംഗിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി 2400 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.
4. **പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം**
ഒരു ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങൾ കൃഷിയിറക്കിയിട്ടുണ്ട്.
5. ഒരുപ്പു ഇരുപ്പു കൃഷിയിറക്കുന്നതിനുള്ള സഹായം – ടി പദ്ധതി 200 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്.
6. നഗരപ്രദേശങ്ങളിലെ നെൽകൃഷി വികസനത്തിനായി പദ്ധതി അധിഷ്ഠിത സഹായം–കരിങ്ങാലി പുഞ്ചകൃഷിയുമായി ബന്ധപ്പെട്ട് ടി പദ്ധതിയിൽ 6,00,000 രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു.
7. **ബ്ലോക്കുതലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം**
കരിങ്ങാലി പുഞ്ചകൃഷിയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ടി പദ്ധതിയിൽ 5 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരവും നൽകി.
8. **ഗ്രുപ്പ് ഫാമിംഗ് സമിതികൾക്കുള്ള പ്രവർത്തന ഫണ്ട്.**
ഗ്രുപ്പ് ഫാമിംഗ് സമിതികൾക്ക് മറ്റ് ചെലവുകൾക്കായി പ്രവർത്തന ഫണ്ടായി ഹെക്ടറിന് 360 രൂപ നിരക്കിൽ 1500 ഹെക്ടർ സ്ഥലത്ത് 2.88 ലക്ഷം രൂപ ലക്ഷ്യമിട്ടിരിക്കുന്നു.

9. **കിഴങ്ങുവർഗ്ഗ വികസന പദ്ധതി**
ഈ പദ്ധതി പ്രകാരം കിഴങ്ങ് വർഗ്ഗ വികസന പദ്ധതിക്ക് 33.33 ഹെക്ടറിന് 5.00 ലക്ഷം രൂപ നിരക്കിൽ 66.66 ഹെക്ടർ സ്ഥലത്ത് 10.00 ലക്ഷം രൂപ ലക്ഷ്യമിട്ടിരിക്കുന്നു.
10. **കർഷക പെൻഷൻ**
60 വയസ്സ് പൂർത്തീയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവന മാർഗ്ഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാം. വാർഷിക വരുമാനം 1.50 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം മറ്റു ഏതെങ്കിലും പെൻഷൻ ഉള്ള പക്ഷം കർഷക പെൻഷന് അർഹത ഉണ്ടായിരിക്കുകയില്ല. പത്തനംതിട്ട ജില്ലയിൽ 15037 കർഷക പെൻഷൻ ഗുണഭോക്താക്കൾ ഉണ്ട്.

11. **ക്രോപ്പ് ഹെൽത്ത് ക്ലിനിക്ക്**
പത്തനംതിട്ട ജില്ലയിൽ ആകെയുള്ള 8 ബ്ലോക്കുകളിൽ ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ നടത്തപ്പെടുന്നു. വിളകൾക്കുള്ള രോഗ കീടങ്ങളെ തിരിച്ചറിഞ്ഞ് അവയെ നിയന്ത്രിക്കുവാനുള്ള പരിഹാരമാർഗ്ഗം കാണുകയാണ് ലക്ഷ്യം.

12. **കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി.**
ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റിക്കാണ് ഇതിന്റെ ചുമതല. ശാരീരികവും മാനസികവുമായ അവശത അനുഭവിക്കുന്നവർക്ക് 25000 രൂപ ആനുകൂല്യം നൽകുന്നു. 60 വയസ്സ് പൂർത്തീയാകുമ്പോൾ ഓരോ അംഗത്തിനും പദ്ധതിയിൽ ചേർന്നപ്പോൾ ഉള്ള പ്രായം അനുസരിച്ച് 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റിയും മരണം വരെ പ്രതിമാസം 1000 രൂപ പെൻഷനും നൽകുന്നു. കൃഷി അനുബന്ധ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 4854 പേരാണ്.

13. **അഗ്രോ സർവ്വീസ് സെന്റർ**

ജില്ലയിൽ 2012–13 ലാണ് അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം തുടങ്ങുന്നത്. കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ യന്ത്രവത്കരണം നടപ്പിലാക്കുക, യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അടൂർ, കോന്നി, തിരുവല്ല, റാന്നി ബ്ലോക്കുകളിൽ 4 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ അഗ്രോ ക്ലിനിക്കുകൾ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. കീടരോഗ നിയന്ത്രണം, അപഗ്രഥനം, നിർദ്ദേശങ്ങൾ എന്നിവ നൽകുന്നു.
2. യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുന്നതിന് സഹായിക്കുന്നു.
3. മൊബൈൽ ക്ലിനിക്ക് ഓടിക്കുന്നതിന് പ്രാദേശികമായ ഡ്രൈവർമാരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്. കൃഷി ഭവനുകളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇക്കോഷോപ്പ്, പച്ചക്കറി വിത്തുവിതരണം, ഗ്രോബ് വിതരണം, തെങ്ങിൻ തൈ വിതരണം, ഫലവർഗ്ഗ തൈകൾ, ടിഷ്യുകൾച്ചർ, ഏത്തവാഴ വിതരണം ജൈവകീടനാശിനികൾ, തേക്കിൻതൈ വിതരണം, ബ്ലോക്ക് ലെവൽ നഴ്സറി തുടങ്ങിയ പ്രവർത്തനങ്ങളും അഗ്രോ സർവ്വീസ് സെന്റർ മുഖേന നടപ്പിലാക്കുന്നു.

14. സംസ്ഥാന വിള ഇൻഷുറൻസ്

പ്രകൃതിക്ഷോഭങ്ങളാലും, കാട്ടുപന്നി, കാട്ടാന തുടങ്ങിയ വന്യജീവികളുടെ ആക്രമങ്ങളാലും ഉണ്ടാകുന്ന വിള നാശത്തിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന പദ്ധതിയാണിത്. ഓരോ വിളകൾക്കും സർക്കാർ നിശ്ചയിച്ച പ്രീമിയം ഒടുക്കി കർഷകർക്ക് ഇതിൽ അംഗമാകാം. ജില്ലയിലെ എല്ലാ കൃഷി ഭവനുകളിലും വിള ഇൻഷുർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതാണ്.

15. ഓർഗാനിക് ഫാമിംഗ് പദ്ധതിയിലൂടെ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ആവശ്യമായ ഫണ്ടും സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2017–18 വർഷത്തിൽ 10 ക്ലസ്റ്ററുകളുടെ രൂപീകരണവും 8 ഇക്കോ ഷോപ്പുകളുടെ വ്യാപനവുമാണ് ജില്ലയിൽ ലക്ഷ്യമിടുന്നത്. ഈ വർഷം ജില്ലയ്ക്ക് ടി പദ്ധതിയുമായി ബന്ധപ്പെട്ട് 40.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടിക. 4.5

പത്തനംതിട്ട ജില്ലയിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവലോകനം

2016–17 പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)	ശതമാനം
1	കേര സമൃദ്ധി	1.78	1.78	100
2	പച്ചക്കറി വികസന പദ്ധതി	298.69	298.69	100
3	നാളികേര വികസന പദ്ധതി	98.6	98.6	100
4	കാർഷിക വികസന ശാക്തീകരണം	112.32	112.32	100
5	ഓർഗാനിക് ഫാമിംഗ്	41.22	41.22	100
6	സുഗന്ധവിള വിജ്ഞാപന പദ്ധതി	0.6	0.6	100
7	അഗ്രോ സർവ്വീസ് സെന്റർ	31.33	31.33	100
8	സോയിൽ ഹെൽത്ത് മാനേജ്മെന്റ്	76.36	76.36	100
9	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	43.42	43.42	100
10	മാർക്കറ്റുകളുടെ വികസനം	1.73	1.73	100
11	പി.കെ.വി.വൈ ജനറൽ	42.56	42.56	100

12	ഓണ സമൃദ്ധി	108.1	108.1	100
13	വിഷുക്കണി	1.9	1.9	100
14	എൻ.എം.എസ്.എ	0.49	0.49	100
15	ക്വാളിറ്റി കൺട്രോൾ	0.15	0.15	100
16	നെൽകൃഷി വികസനം	197.76	197.76	100
17	ലാബുകളുടെ വികസനം	0.2	0.2	100
18	പ്രകൃതി ക്ഷോഭം വിള	5.22	5.22	100
19	ഫാമുകളുടെ വികസനം	1.23	1.23	100
20	സപ്പോർട്ടന്റ് ഫോർ മൈക്രോ ന്യൂട്രിയന്റ് ഡെമോൺസ്ട്രേഷൻ	2	2	100
21	ട്രെയിനിങ്ങ് പ്രോഗ്രാം	42.54	42.54	100
22	ഫാംസ്	2.4	2.4	100
23	പഞ്ചായത്ത് ലെവൽ അവയർനെസ്സ് പ്രോഗ്രം	1.3	1.3	100
24	സോയിൽ ഹെൽത്ത് കാർഡ് 2016-17	0.53	0.53	100
25	മൈക്രോ ന്യൂട്രയന്റ് ഡെമോൺസ്ട്രേഷൻ	3.42	3.42	100
26	ലാബുകളുടെ വികസനം	2.5	2.5	100
27	ആത്മ പ്ലസ് സോയിൽ ടെസ്റ്റിങ്ങ് 2016-17	1.5	21.17	
28	നിർമ്മാണപ്രവർത്തനവുംപരീശിലനപരിപാടിയും	29.16	29.16	100
29	ആത്മ ട്രയിനിങ്ങ് കർഷകർ (ഇന്റർ സ്റ്റേറ്റ്)	1	1	100
30	ആത്മ	119.21	119.21	100

2017-18 പദ്ധതികൾ

2017-18 വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക.

ക്രമ നം.	പദ്ധതികൾ	പ്ലാൻഫണ്ട്
1	സംസ്ഥാനാവിഷ്കൃത പദ്ധതികൾ	1517.20ലക്ഷം
2	കേന്ദ്രാവിഷ്കൃത പദ്ധതികൾ	23.4ലക്ഷം
3	തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾ : ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത്	 1177.6ലക്ഷം 114.59ലക്ഷം 139.82ലക്ഷം 45ലക്ഷം

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ– 2017–18

ക്രമ നം.	ഇനം	ആകെ ചെലവ് (ലക്ഷം)	ധനസഹായം (ലക്ഷം)	ഭൗതികലക്ഷ്യം ഹെ/എണ്ണം/യൂണിറ്റ്	സാമ്പത്തിക ലക്ഷ്യം (ലക്ഷം)
1	പച്ചക്കറി വിത്തുൽപ്പാദനം (ഫാംസ്)	0.35	.35	3	1.05
2	വാഴ പുതുകൃഷി	0.875	0.2625	70	18.375
3	പപ്പായ (പുതുകൃഷി)	.6	0.225	4	.9
	പപ്പായ (പുതുകൃഷി) സംയോജിതം	2	0.6	2	1.2
4	അതിസാന്ദ്രത കൃഷി(ഫലവൃക്ഷങ്ങൾ)	1	0.26	5	1.2
	മാവ്, പ്ലാവ് (പുതുകൃഷി) (സംയോജിതം)	1	0.24	15	3.6
5	സങ്കര ഇനം പച്ചക്കറി (പുതുകൃഷി)	0.5	0.2	18	3.6
6	പുഷ്പ കൃഷി	0.4	0.16	4	1.6
7	ഇഞ്ചി, മഞ്ഞൾ കൃഷിവ്യാപനം	0.3	0.12	48	5.76
8	കുരുമുളകു കൃഷി വ്യാപനം	0.5	0.2	30	6
9	കൊക്കോ കൃഷി വ്യപാനം	0.5	0.12	10	1.2
10	വ്യക്തിഗത ആവശ്യത്തിനുള്ള ജലസംഭരണി (20 mx20mx3m കുളങ്ങൾ/കിണറുകൾ	1.5	0.75	2	1.5
11	കോസ്റ്റ് ഓഫ് പ്ലാന്റിംഗ് മെറ്റീരിയൽ	.0014	.0007	10000	7
12	സംരക്ഷിത കൃഷിയും (ഷേഡ് നെറ്റ്)	0.0071	0.00355	5000	17.75
13	ട്രാക്ടർ (20 PTO HP) വരെ	3	1	1	1
	പവർ ടില്ലർ < 8 HP	1	0.5	1	0.5
	പവർ ടില്ലർ 8 HP യും മുകളിലും	1.5	0.75	2	1.5
	പവർ ഓപ്പറേറ്റഡ് മെഷീൻസ് (WEED CUTTER)	2.5	1.25	6	7.5
14	പ്രകൃതി സൗഹൃദ പ്രകാശക്കെണി	0.028	0.014	7	0.098
15	പായ്ക്ക് ഹൗസ് (4 ലക്ഷം/9 mx6m യൂണിറ്റ്)	4	2	5	10
16	സംസ്ക്കരണ യൂണിറ്റ്(പുതിയത്)	2	1	3	3
	സംസ്ക്കരണ യൂണിറ്റ്(പുതുക്കൽ)	1	0.5	2	1
17	പുസാ സീറോ എനർജി കൂൾ ചേംബർ	0.04	0.02	6	0.12
				ആകെ	**94.643**

കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ 2017–18

ക്രമ നം	പദ്ധതിയുടെ പേര്	സാമ്പത്തിക ലക്ഷ്യം(ലക്ഷം)
1	കേര സമൃദ്ധി	0.85500
2	പച്ചക്കറി വികസന പദ്ധതി	32.4
3	കാർഷിക വികസന ശാക്തീകരണം	5.49
4	ഓർഗാനിക് ഫാമിംഗ്	26.25
5	അഗ്രോ സർവ്വീസ് സെന്റർ	22.0749
6	സോയിൽ ഹെൽത്ത് മാനേജ്മെന്റ്	95.17
7	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	4.35
8	ക്വാളിറ്റി കൺട്രോൾ	0.78
9	നെൽകൃഷി വികസനം	198.5
10	സപ്പോർട്ടന്റ് ഫോർ മൈക്രോ ന്യൂട്രിയന്റ് ഡെമോൺസ്ട്രേഷൻ	16
11	ആത്മ പ്ലസ്	88.54

ജില്ലയിൽ കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

കൃഷിവകുപ്പിന്റെ കീഴിൽ ജില്ലയിൽ മൂന്നു ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. കരിമ്പ് വിത്തുല്പാദന കേന്ദ്രം, പന്തളം, സ്റ്റേറ്റ് സീഡ് ഫാം, അടൂർ, പുല്ലാട്

കരിമ്പ് വിത്തുല്പാദനകേന്ദ്രം, പന്തളം – ഫാമിന്റെ പ്രധാന ലക്ഷ്യം കരിമ്പ് കൃഷിക്കുവേണ്ടി ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവുമാണ്. ടിഷ്യൂകൾച്ചർ വാഴയുടെയും ശർക്കരയുടെയും ഉല്പാദനവും വിതരണവും ഇവിടെ നടത്തുന്നു. ഇവിടെ നിർമ്മിക്കുന്ന പതിയൻ, ഉണ്ട, ചുക്കുണ്ട ശർക്കരകൾ പന്തളം ശർക്കര എന്ന ബ്രാൻഡ് നാമത്തിൽ ഇവിടെ നിന്നും പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്നു. 50 പശുക്കൾ ഉള്ള കന്നുകാലി ഫാമും ഇവിടെ പ്രവർത്തിക്കുന്നു.

2007ൽ ഇവിടെ പ്രവർത്തനം ആരംഭിച്ച ക്ഷീരോല്പാദന കേന്ദ്രത്തിൽ കാസർഗോഡ് ഡ്വാർഫ്, കപില, ഹൈറേഞ്ച് ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട 50ഓളം പശുക്കളെ പരിപാലിക്കുന്നു. ഫാമിന് ആവശ്യമായ ചാണകത്തിന്റെ മുഖ്യസ്രോതസ്സ് ഇവിടെയുള്ള കന്നുകാലി ഫാം ആണ്. ഫാമിനോട് ചേർന്ന് 25 M^3 വ്യാപ്തിയുള്ള ബയോ ഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നു. ഈ പ്ലാന്റിൽ നിന്നും 7.5 കിലോവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് – 1960 ലാണ് ഈ ഫാം പ്രവർത്തനം ആരംഭിച്ചത്. നെൽവിത്തുകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി പ്രവർത്തനം ആരംഭിച്ച ഫാമിൽ മറ്റ് നടീൽ വസ്തുക്കളുടെ ഉല്പാദനവും ഇപ്പോൾ നടക്കുന്നു. ഫാമിന്റെ ആകെ വിസ്തൃതിയായ 7.2 ഹെക്ടറിൽ 6.46 ഹെക്ടറാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ഈ ഫാമിൽ ഡയറി ഫാം ആരംഭിക്കാൻ കഴിയും.

സ്റ്റേറ്റ് സീഡ് ഫാം, അടൂർ – അടൂർ ടൗണിൽനിന്നും 2.5കിലോമീറ്റർ ദൂരെ അടൂർ, മണക്കാല റൂട്ടിൽ സ്ഥിതിചെയ്യുന്ന ഫാമിന്റെ പ്രവർത്തനം ആരംഭിച്ചത് 1960ലാണ്. നെൽവിത്തുകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി പ്രവർത്തനം ആരംഭിച്ച ഫാമിൽ മറ്റ് നടീൽ വസ്തുക്കളുടെ ഉല്പാദനവും ഇപ്പോൾ നടക്കുന്നു. ഫാമിന്റെ ആകെ വിസ്തൃതിയായ 10.25ഹെക്ടറിൽ 8 ഹെക്ടറാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഇവിടെ ഒരു കാലിത്തൊഴുത്ത് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജില്ലാ മണ്ണു പരിശോധനാ ലാബ്, പന്തളം, പത്തനംതിട്ട

- ജില്ലയിലെ മുഴുവൻ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ National Mission on Sustainable Agriculture എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
- ജില്ലയിൽ ബ്ളോക്ക് തലത്തിലും, പഞ്ചായത്തു തലത്തിലും മണ്ണു പരിശോധനാ ബോധവൽക്കരണ ക്യാംപയിനുകൾ സംഘടിപ്പിക്കൽ, സൂഷ്മ മൂലകങ്ങളുടെ പ്രയോഗം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കൽ മുതലായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

പരിമിതികൾ

- ജില്ലയിലെ 5 ബ്ളോക്കുകളിലെ മാത്രം സാമ്പിളുകളുടെ പ്രാഥമിക മൂലകങ്ങൾ മാത്രം പരിശോധിച്ചു നൽകുന്നതിനു വേണ്ടി ആരംഭിച്ചതാകയാൽ അതിനുള്ള സൗകര്യങ്ങൾ മാത്രമേ നിലവിലുള്ളൂ. അതിനാൽ മണ്ണു പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല.
- ലാബിന്റെ സ്ഥല പരിമിതിയും പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. മണ്ണു സാമ്പിളുകൾ സൂക്ഷിക്കുന്നതിനും രാസവസ്തുക്കൾ സൂക്ഷിക്കുന്നതിനും പരിമിതമായ സൗകര്യമാണുള്ളത്.

നിർദ്ദേശങ്ങൾ

- ജില്ലയിലെ തിരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ ഒരു വാർഡിലെ മുഴുവൻ കർഷകരുടെയും മണ്ണു പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുകയും, പ്രായോഗിക തലത്തിൽ മണ്ണു പരിശോധന റിസൾട്ട് പ്രാവർത്തികമാക്കുന്നതിനുള്ള ബോധവൽക്കരണം, വളം സബ്സിഡി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുക.
- ജില്ലാ മണ്ണു പരിശോധനാ ലാബിനോടു ചേർന്ന് ജൈവവള ഗുണ നിലവാര പരിശോധനാ ലാബ്, സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ലാബ്, എന്നിവ അനുവദിച്ചിട്ടുണ്ട്. ഇതിനു ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ലാബിന്റെ വാഹനം സൂക്ഷിക്കുന്നതിനുള്ള ഗ്യാരേജ് നിർമ്മിക്കേണ്ടതുണ്ട്.
- നിലവിലുള്ള ലാബിനെ ആധുനിക വൽക്കരിക്കേണ്ടതുണ്ട്.

ജലസേചനം

മലയോര ജില്ലയായ പത്തനംതിട്ട ജലസ്രോതസ്സുകളാൽ സമ്പന്നമാണ്. മൂന്നു പ്രധാന നദികളെ കൂടാതെ ധാരാളം തോടുകളും കുളങ്ങളും ജില്ലയിൽ ഉണ്ട്. ഇതൊക്കെയാണെങ്കിലും വേനൽകാലത്ത് ജില്ലയിൽ പരക്കെ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഇതിന്റെ പ്രധാന കാരണം ജില്ലയുടെ പ്രത്യേക ഭൂപ്രകൃതിയാണ്. മലയോരപ്രദേശങ്ങളിൽ കനത്ത മഴ ലഭിക്കുന്നുണ്ടെങ്കിലും ഈ ജലം ഫലപ്രദമായി തടഞ്ഞുനിർത്താത്തതുകൊണ്ട് ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ കഠിനമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ഇത് കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു.

ജില്ലയിലെ സമതലങ്ങളിലും പടിഞ്ഞാറൻ ഭാഗങ്ങളിലും വ്യാപകമായി കൃഷി ചെയ്യുന്ന നെല്ല്, തെങ്ങ്, വാഴ, മരച്ചീനി, പച്ചക്കറി കരിമ്പ്, എന്നിവയുടെ ഉല്പാദനം ജലക്ഷാമം മൂലം ഗണ്യമായി കുറയുന്നു.

മേൽത്തട്ട് – കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നീരൊഴുക്കു തോടുകളുടെ സംരക്ഷണത്തിന് ത്രിതല പഞ്ചായത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രാദേശിക തലത്തിൽ ഒരു സമിതി രൂപീകരിച്ച് ജലസ്രോതസ്സുകളുടെ മലിനീകരണം, അനധികൃത കൈയ്യേറ്റങ്ങൾ, നീരൊഴുക്കു തടസ്സങ്ങൾ എന്നിവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. ഇത്തരത്തിൽ രൂപീകരിക്കുന്ന സമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ആഫീസർ, വില്ലേജ് ആഫീസർ, ജലസേചനവകുപ്പിൽ നിന്നുള്ള ഒരു പ്രതിനിധി എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

- നീരൊഴുക്കു തടസ്സങ്ങൾ മാറ്റി കനാലുകൾ കൃഷിയ്ക്കുപയുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പ്രാദേശികതല സമിതികൾ അവലോകന യോഗം ചേർന്ന് തോടുകൾ, ചാലുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ശുചീകരണത്തിനുമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

- ജില്ലയിൽ നിലവിലുള്ള പൊതു-സ്വകാര്യ കുളങ്ങൾ, തോടുകൾ, ചാലുകൾ എന്നിവ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

പട്ടിക. 4.6

നിലവിൽ ഓരോ വിളകൾക്കും ലഭ്യമാകുന്ന ജലസേചിത പ്രദേശത്തിന്റെ വിസ്തൃതി

വിള	ഖരീഫ് (വിസ്തീർണ്ണം ഹെക്ടറിൽ)	റാബി (വിസ്തീർണ്ണം ഹെക്ടറിൽ)	വേനൽ കാല വിള (വിസ്തീർണ്ണം ഹെക്ടറിൽ)	ആകെ (വിസ്തീർണ്ണം ഹെക്ടറിൽ)
ധാന്യങ്ങൾ	180	277	2313	2590
എണ്ണകുരുക്കൾ	2807	6412	1031	10250
പയർ വർഗ്ഗങ്ങൾ	10	0	0	10
നാരു വിളകൾ	0	0	0	0
മറ്റു വിളകൾ	17262	25162	4036	46460
ഹോർട്ടി കൾച്ചർ തോട്ട വിളകൾ				23710

(ഉറവിടം : നീർത്തടാധിഷ്ടിതം)

ജല സേചനത്തെ അടിസ്ഥാനമാക്കി ജില്ലയുടെ വിസ്തീർണ്ണത്തെ താഴെ പറയും വിധം തരംതിരിക്കാം

ആകെ ജലസേചിത പ്രദേശം	7821 ഹെ
നിലവിലെ ജലസേചിത പ്രദേശം	7606 ഹെ
ഭാഗീകമായ ജലസേചിത പ്രദേശം	5664 ഹെ
ജലസേചനം ഇല്ലാത്ത വൃഷ്ടി പ്രദേശം	76979 ഹെ

വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലത്തിന്റെ ആവശ്യകത ചുവടെ ചേർക്കുന്നു

വീട്ടാവശ്യങ്ങൾക്കുള്ള ജലം	0.059002476 BCM
വിളകൾക്കാവശ്യമായ ജലം	1.0112098 BCM
കന്നുകാലി സംരക്ഷണത്തിന് ആവശ്യമായ ജലം	0.047381005 BCM
വ്യവസായികത്തിന് ആവശ്യമായ ജലം	0.000183 BCM
വൈദ്യുതി ഉപയോഗത്തിന് ആവശ്യമായ ജലം	0.00 BCM
ജില്ലയ്ക്കാവശ്യമായ ആകെ ജലത്തിന്റെ അളവ്	1.072995276 BCM

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ

പത്തനംതിട്ട ജില്ലയിൽ ആകെ 46 സ്കീമുകൾ വിവിധ നദീതടങ്ങളിലായി (പമ്പ, മണിമല, അച്ചൻകോവിൽ) പ്രവൃത്തിച്ചുവരുന്നു. തൽഫലമായി 3102 ഹെക്ടർ സ്ഥലത്ത് കൃഷിക്കാവശ്യമായ ജല സേചന സൗകര്യം ലഭിക്കുന്നു. വർഷാവർഷം ഈ സ്കീമുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ട് റീഹാബിലിറ്റേഷൻ, പുതിയ ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവയിൽപ്പെടുത്തി വിപുലമായ പദ്ധതികളും നടത്തിവരുന്നു. കാർഷിക സീസണിൽ പ്രവർത്തനം ആരംഭിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കനാലിൽക്കൂടി ഒഴുകുന്ന വെള്ളം സമീപ പ്രദേശങ്ങളിലെ കിണറുകളെ പരിപോഷിപ്പിക്കുകയും കുടിവെള്ളക്ഷാമത്തിന് പരിഹാരം ആവുകയും ചെയ്യുന്നതാണ്. നീരൊഴുക്ക് നിലച്ചുപോയ നദികളെയും തോടുകളെയും ചാലുകളെയും പുനരുജ്ജീവിപ്പിക്കുന്നതിന് ഹരിതകേരള മിഷന്റെ ഭാഗമായി സന്നദ്ധ സാമൂഹ്യ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

ആകെ 53 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ജില്ലയിൽ നിലവിലുണ്ടെങ്കിലും 46 സ്കീമുകൾ വിവിധ പഞ്ചായത്തുകളിലായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ഇരവിപേരൂർ പഞ്ചായത്തിലൂടെ കടന്നു പോകുന്ന വരട്ടാർ പുനരുജ്ജീവിപ്പിച്ചതോടെ കാരിമത, ചേനാട്ട്, നെല്ലിക്കൽ, പഞ്ചവടി എന്നീ സ്ക്കീമുകളുടെ പുനരുദ്ധരിക്കൽ സാധ്യമാക്കാൻ കഴിയും.

പട്ടിക . 4.7
ഇറിഗേഷൻ സംബന്ധിച്ച വിവരം

ക്രമ നം.	പദ്ധതിയുടെ പേര്	പഞ്ചായത്ത്	കനാലിന്റെ നീളം	ആയക്കട്ട്.ഹെ.		സ്ഥിതി	
				നേട്ടം	ലക്ഷ്യം		പാടശേഖരം
1	നരിയാപുരം	വള്ളിക്കോട്	1810.മീ.	47.7 ഹെ.	47.7		അട്ടത്താഴം ഏല,മാവരപാടം ഏല(C&B)
2	പടിഞ്ഞാറേ പാടം	വള്ളിക്കോട്	1945.മീ.	16.09.ഹെ	16.09		തലച്ചേമ്പ് ഏല
3	വാഴമുട്ടം	വള്ളിക്കോട്	3266.മീ.	53.65ഹെ.	53.65		വേട്ടാകുളം ഏല, നരിക്കുഴി ഏല
4	പ്രമാടം	പ്രമാടം	2953.മീ.	22.7.ഹെ.	22.74		തെങ്ങും പള്ളി ചാൽ,തണുങ്ങാട് ഏല
5	കോന്നി.ആർ. ബി.സി.	കോന്നി	927.മീ.	14.63.ഹെ.	14.63		അട്ടച്ചാക്കൽ ഏല
6	തുരുത്തിക്കാട്	കല്ലൂപ്പാറ	2892.മീ.	48.ഹെ.	60		തുരുത്തിക്കാട്, കുന്നതാഴ്ച
7	അമ്പാട്ടുഭാഗം	മല്ലപ്പള്ളി	2617.മീ.	70.ഹെ.	90		മുട്ടാർ , വെളിയാനാട്
8	ചെറുമോത	കല്ലൂപ്പാറ	3660.മീ.	18.ഹെ.	40		നായിക്കുളം,ചെറുമോത
9	കുഞ്ചരം	കല്ലൂപ്പാറ	2274.മീ.	18.ഹെ.	35		കുഞ്ചര
10	ചെറിയപാടം	കല്ലൂപ്പാറ	3220.മീ.	30.ഹെ.	80		ചെറിയപാടം
11	വെണ്ണീർവിള	മല്ലപ്പള്ളി	3900.മീ.	364.ഹെ.	420		വെണ്ണീർവിള, മെതയ്ക്കൽ
12	ഇടശ്ശേരിക്കയം	കവിയൂർ	1350.മീ.	76.ഹെ.	85		കവിയൂർ
13	തേവൻകര	മല്ലപ്പള്ളി	3800.മീ.	76.ഹെ.	90		മഞ്ഞത്താനം,കാരുവേലി,പാതിയ്ക്കാട്
14	കീഴ് വായ്പ്പൂർ-1	മല്ലപ്പള്ളി	1746.മീ.	20.ഹെ.	20	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	തെക്കേഭാഗം (പടിഞ്ഞാറ്)
15	കീഴ് വായ്പ്പൂർ-2	മല്ലപ്പള്ളി	1685.മീ.	15.ഹെ.	15	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	തെക്കേഭാഗം (കിഴക്ക്), പടുതോട്
16	കറ്റോട്	തിരുവല്ല മുൻസിപ്പാലിറ്റി	3022.മീ.	24.24.ഹെ.	164		ഐരാർ
17	മീന്തലവയൽ	തിരുവല്ല	1375.മീ.	20.23ഹെ.	28		മീന്തലവയൽ

		മുൻസിപ്പാലിറ്റി					
18	കൂറ്റൂർ	കൂറ്റൂർ	1285.മീ.	20.23.ഹെ.	40		പള്ളിക്കണ്ടം
19	വെമ്പാല-1	കൂറ്റൂർ	1610.മീ.	24.28.ഹെ.	30		കരകൃഷി മാത്രം
20	വെമ്പാല-2	കൂറ്റൂർ	1872.മീ.	44.52.ഹെ.	40		കരകൃഷി മാത്രം
21	നെടുംപുറം	നെടുംപുറം	938.മീ.	10.8.ഹെ.	25		പയ്യങ്കരി
22	നെടുംപുറം വെസ്റ്റ്	നെടുംപുറം			40	പുനരുദ്ധാരണത്തിന് പ്രൊപ്പോസൽ തയ്യാറാക്കുന്നു.	നെടുംപുറം
23	മാന്നാർ-1	കടപ്ര	1550.മീ.	36.83.ഹെ.	89		പരുത്തിനാൽ
24	മാന്നാർ-2	കടപ്ര	1466.മീ.	12.14.ഹെ.	86		കോട്ടയ്ക്കകം
25	ചാത്തൻകേരി	കടപ്ര	860.മീ.	63.67.ഹെ.	210		
26	വളഞ്ഞവട്ടം	കടപ്ര	916.മീ.	6.07.ഹെ.	73		ദേവികുന്നം
27	മുളപ്പുറത്തുകടവ്	കടപ്ര	2395.മീ.	10.12.ഹെ.	205		കരകൃഷി മാത്രം
28	മഞ്ഞനാകുളം	പന്തളം മുൻസിപ്പാലിറ്റി	6400.മീ.	60ഹെ.	103		വടക്കേ മഞ്ഞനാകുളം, വൈക്കംമൂല, തെക്കേ മഞ്ഞനാകുളം മൂപ്പത്തിഏല, എടയിലാ ക്കൊല്ല, ചിറ്റിലപ്പാടം.
29	ഐരാണിക്കുടി	പന്തളം മുൻസിപ്പാലിറ്റി	2100.മീ.	40ഹെ.	73.5		ചിറ്റിലപ്പാടം, ചക്കുഴി, ദൈവത്തറ, വാളകം ചാൽ.
30	ഇരട്ടടി	പന്തളം മുൻസിപ്പാലിറ്റി	1600മീ.	60ഹെ.	75		ചിറ്റിലപ്പാടം,വാരുകൊല്ല, വലിയകൊല്ല.
31	മുട്ടാർ	പന്തളം മുൻസിപ്പാലിറ്റി	1500.മീ.	25ഹെ.	45		വളവത്തിനാൽ.
32	കടയ്ക്കാട്	പന്തളം മുൻസിപ്പാലിറ്റി	1820.മീ.	15.ഹെ.	45		കടയ്ക്കാട് ഫാം, കടയ്ക്കാട് ഏലാ.
33	കാക്കതുരുത്ത്	പന്തളം മുൻസിപ്പാലിറ്റി	500.മീ.		50	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	വാരുല്ലകൊല്ല, മണ്ണിക്കൊല,ചക്കരക്കൊല,തോട്ടടി
34	തുമ്പമൺ	തുമ്പമൺ	3000മീ.	30ഹെ.	40		മാവര, തുമ്പമൺ ഏലാ, നെടുങ്ങോട്, മാമ്പിനാൽ

35	ആറൻമുള–1	ആറൻമുള	3460.മീ.	15.ഹെ	132		ആറൻമുള പുഞ്ച
36	ആറൻമുള–2	മല്ലപ്പുഴശ്ശേരി	1320.മീ.	10.ഹെ.	50		ആറൻമുള പുഞ്ച
37	ളാകവയൽ	ആറൻമുള	2851.8.മീ.	10.ഹെ.	45		തുരുത്തി വേലിൽ
38	മാലക്കര	ആറൻമുള	7506.മീ.	50ഹെ.	100		നീർവിളാകം, മാലക്കര
39	ഐക്കാട്	ആറൻമുള	1260.മീ.	15.ഹെ.	65		ആറാട്ടുപുഴ, ഐക്കാട്
40	കുളനട	കുളനട	2878.4മീ.	20ഹെ.	85		കുളനിലം, ഞെട്ടൂർ
41	വാലാങ്കര	പുറമറ്റം	3351.മീ.	20.ഹെ	50		കരിക്കോട് മയംഗലം
42	പാലവയൽ	പുറമറ്റം	3335.മീ.	18ഹെ.	35.7	പഴയ മേട്ടോർ ഉപയോഗിക്കുന്നു. പുതിയ മേട്ടോറിന് ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചിട്ടില്ല.	മാമാനാൽ, പാലവയൽ, നടുഭാഗം പാലവയൽ, കുറങ്ങള.
43	കക്കാട്	പുറമറ്റം	3335.മീ.	10ഹെ.	85		തഴക്കുളം, കക്കാട്, പാലവയൽ പടിഞ്ഞാറ്
44	കോയിപ്പുറം	കോയിപ്പുറം	3335.മീ.	10ഹെ	20.56		മുണ്ടകൻ ഏലാ
45	നെല്ലിക്കൽ	കോയിപ്പുറം	2500.മീ.		65	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	നെല്ലിക്കൽ
46	മാടപ്പള്ളി	ഇരവിപേരൂർ	2405.മീ.	40ഹെ.	100	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	കരിക്കുളം, ചിറേൽപ്പടി, അത്തിവിള
47	പഞ്ചവടി	ഇരവിപേരൂർ	1800.മീ.	30ഹെ.	30	പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.	പടിഞ്ഞാറ്റുവേലി
48	ചേന്ദാത്ത്	ഇരവിപേരൂർ		50ഹെ		പഞ്ചായത്തിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചിട്ടുണ്ട്.നിലവിലുള്ള പമ്പ് ഹൗസും കനാലും പുതുക്കേണ്ടതാണ്.	നരയൻകള്ളി
49	കാരിമത	ഇരവിപേരൂർ		60ഹെ		പഞ്ചായത്തിൽ നിന്നും കൈമാറ്റം ചെയ്തു ലഭിച്ചിട്ടുണ്ട്.നിലവിലുള്ള പമ്പ് ഹൗസും കനാലും പുതുക്കേണ്ടതാണ്.	കാരിമത,നെടുമ്പാന, താനപ്പള്ളി
50	പൂവപ്പുഴ	ഇരവിപേരൂർ	1500.മീ.	50ഹെ	40	പുനരുദ്ധാരണത്തിന്	മണ്ണേറ്റ് , കൈതച്ചാൽ

						പ്രൊപ്പോസൽ തയ്യാറാക്കുന്നു.	
51	ഓമല്ലൂർ	ഓമല്ലൂർ	3750മീ.	30.ഹെ.	52.2		പടിഞ്ഞാറേമുണ്ടകൻ
52	ഊപ്പമൺ	ഓമല്ലൂർ	1101.മീ.(പൈപ്പ്)		35	പ്രവർത്തിക്കുന്നില്ല. ഉടൻതന്നെ പ്രവർത്തനക്ഷമമാകുന്നതാണ്.	ഊപ്പമൺ
53	കോഴഞ്ചേരി	കോഴഞ്ചേരി	1203.മീ.	20.ഹെ.	27.8		നിലമേൽ ഏലാ,മുട്ടടികൊരയ്ക്കാട്
		ആകെ	**119145.2**	**1850.9**	**3569.59**		

ഹരിത കേരള മിഷൻ

ഹരിതകേരള മിഷന്റെ ഉപമിഷനുകളായ ജലസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, ശുചിത്വം, കൃഷി എന്നിവയിൽ ജലഉപമിഷന്റെ ചുമതല ജലസേചന വകുപ്പിനാണ്. പഞ്ചായത്തു തല നീർത്തട മാസ്റ്റർപ്ളാൻ തയ്യാറാക്കുന്നതിനായി നീർത്തട നടത്തം വിവിധ വകുപ്പുകളെ ഏകോപിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിനും കൃഷിവകുപ്പും ജലസേചന വകുപ്പും സംയുക്തമായി പ്രവർത്തിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പൊതുജലപങ്കാളിത്തം, തൊഴിലുറപ്പ് മേഖല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ജലസേചനത്തിനും സമഗ്രമായി യോജിപ്പിച്ചു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഹരിതകേരള മിഷന്റെ ഭാഗമായി ജില്ലയിൽ വരട്ടാർ, പള്ളിക്കലാർ, കോലറയാർ എന്നിവയുടെ വീണ്ടെടുപ്പ് വമ്പിച്ച ജനപങ്കാളിത്തത്തോടെ പൂർത്തിയായിരിക്കുന്നു.

കുളങ്ങൾ

നവകേരള പരിപാടിയുടെ ഭാഗമായി 4 മിഷനുകൾ ഏറ്റെടുത്തതിൽ ജലസേചന വകുപ്പിന്റെ പരിധിയിൽപ്പെടുന്ന ഹരിതകേരള മിഷനുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ജില്ലയിൽ ഒട്ടാകെ തോടുകളുടെയും ആറുകളുടെയും പുനരുജ്ജീവനം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. കുളങ്ങളുടെ പുനരുദ്ധാരണം വഴി ജലസേചനം ഊർജ്ജിതപ്പെടുത്താവുന്നതാണ്.

ചെക്കുഡാമുകളും വി.സി.ബി കളും

നദികളിലും തോടുകളിലും താത്ക്കാലികമോ സ്ഥിരമോ ആയി തടയണകൾ നിർമ്മിക്കുന്നത് ഭൂഗർഭജല ലഭ്യത ഉയർത്തുന്നതിന് സഹായിക്കുന്നതാണ്. തടയണകളിൽ ഷട്ടറുകൾ സ്ഥാപിച്ച് ആവശ്യാനുസരണം ജല ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയും.

മേൽത്തട്ട് –കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വേനൽകാലത്ത് വറ്റിവരണ്ടു പോകുന്ന തോടുകളിലും നീർച്ചാലുകളിലും തടി, മണ്ണ്, സസ്യങ്ങൾ ഇവ ഉപയോഗിച്ചുള്ള താത്ക്കാലിക തടയണകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നത് ജലദൗർലഭ്യം പരിഹരിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സഹായിക്കും.
- ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരൊഴുക്കു തോടുകൾ ആഴംകൂട്ടി, പാർശ്വഭിത്തികൾ കെട്ടി, മാലിന്യം നീക്കി ജലസേചനം സുഗമമാക്കാം. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജില്ലാ ഇറിഗേഷൻ പ്ളാൻ

പി.എം.കെ.എസ്സ്.വൈ-യുടെ ഭാഗമായി ജില്ലാ ഇറിഗേഷൻ പ്ളാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അഞ്ചു വർഷത്തെ പ്രവൃത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് ജില്ലാ ആക്ഷൻ പ്ളാനും വാർഷിക ആക്ഷൻ പ്ളാനുകളും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ (17-18) ലേയ്ക്ക് 285.5 ലക്ഷം രൂപയുടെ 8 പ്രവൃത്തികളുടെ (ഡി പി ആർ)-കൃഷി വകുപ്പ് മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്.

മേൽത്തട്ട് -കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- നദികളിലും തോടുകളിലും തടയണകൾ നിർമ്മിക്കുക, ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ നീളം കൂട്ടുക. നിലവിലുള്ള ജലസ്രോതസ്സുകളായ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കി ജലം സംഭരിക്കുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്യുക, തകർന്ന പുറം ബണ്ടുകൾ പുന:സ്ഥാപിക്കുക മട വീണ ഭാഗങ്ങൾ പുനർ നിർമ്മിക്കുക. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള സേവനവും ഈ ആവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

I. കോന്നി ബ്ലോക്ക്

(1) **കോന്നി ഗ്രാമപഞ്ചായത്ത്**
കിഴക്കുപുറം ഏലാ

കൃഷി വിപുലീകരിക്കുന്നതിന് നിലവിലുള്ള തോട് മണ്ണു നീക്കി ആഴം കൂട്ടി, വശങ്ങൾ ഇടിഞ്ഞുനിരന്നിട്ടുള്ള ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതാണ്.

അട്ടച്ചാക്കൽ ഏലാ

ചെങ്ങറ എസ്റ്റേറ്റിൽ നിന്നുള്ള ഉറവയാണ് ഇതിന്റെ മുഖ്യ ജലസ്രോതസ്സ്. വലിയ തോടിന്റെ പലഭാഗങ്ങളും ഇടിഞ്ഞു കിടക്കുന്നതിനാൽ സംരക്ഷണ ഭിത്തി കെട്ടണം. ആഴം കൂട്ടേണ്ടതും വി.സി.ബി നിർമ്മിച്ച് കൂടുതൽ ഭാഗത്തേക്ക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

കോന്നി ആർ.ബി.സി യുടെ എൽ.ഐ.എസ് പ്രവർത്തന രഹിതമാണ്. ആയതിനാൽ വൈദ്യുത ബന്ധം പുനഃസ്ഥാപിച്ച് പുനഃരുദ്ധരിക്കേണ്ടതാണ്.

മാരൂർ പാടശേഖരം (മയ്യൂർ ഏലാ)

നീർച്ചാൽ നികന്നും പലഭാഗങ്ങളിലും ഇടിഞ്ഞുപൊളിഞ്ഞും കിടക്കുന്നതിനാൽ വർഷങ്ങളായി കൃഷി ചെയ്യുന്നില്ല. എന്നാൽ തോട് ആഴംക്കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ചാൽ ഈ പ്രദേശം കൃഷിക്ക് ഉപയുക്തമാക്കാം.

(2) **അരുവാപ്പുലം ഗ്രാമപഞ്ചായത്ത്**
നൂറുപറ ഏലാ (കൊല്ലൻ പടിഭാഗം)

പാർശ്വതോട് ആഴംകൂട്ടി വശങ്ങൾ സംരക്ഷിച്ചാൽ കൂടുതൽ ഭാഗത്തേക്ക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്. കെ.ഐ.പി കനാൽജലം തോട്ടിലുടെ ഒഴുക്കി കൃഷി ഇടത്തിൽ എത്തിക്കാം.

(3)**മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്**
വെട്ടൂർ ഏലാ

പ്രവർത്തന രഹിതമായ വെട്ടൂർ എൽ.ഐ.എസ് പുനഃരുദ്ധരിച്ച് ജലസേചനം കാര്യക്ഷമമാക്കാം. പമ്പുഹൗസ്, പമ്പ് കനാലുകൾ എന്നിവയ്ക്ക് പുനഃരുദ്ധാരണം വേണം. ദുർബല ഭാഗങ്ങൾ ബലപ്പെടുത്തുക, നിർച്ചാലുകളുടെ ആഴം കൂട്ടുകയും വേണം.

(4) **മൈലപ്ര ഗ്രാമപഞ്ചായത്ത്**

കരിംകുറ്റിക്കൽ പടി ഏലാ

ജലനിർഗമ തോടിന്റെ ആഴംകൂട്ടിയും, പാർശ്വസംരക്ഷണഭിത്തികെട്ടിയും, ട്രില്ലർ റാമ്പുകൾ നിർമ്മിച്ച് കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

മരുതരൻ പള്ളി ഏലാ

നീർച്ചാലുകൾ ആഴംകൂട്ടിയും,പാർശ്വസംരക്ഷണ ഭിത്തികൾ നിർമ്മിച്ചും ട്രില്ലർ റാമ്പുകൾ നിർമ്മിച്ചും കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

(5) **പ്രമാടം ഗ്രാമപഞ്ചായത്ത്**

കൂട്ടക്കൽ ഏലാ

അത്തിക്കാലാ ഏലാ(ളാക്കൂർ ഭാഗം) പ്രധാന തോടുകളും കൈവരികളും കാടുമൂടി പല ഇടങ്ങളും മണ്ണിടിഞ്ഞും കിടക്കുകയാണ്. മിക്ക ഭാഗങ്ങളിലും പാർശ്വഭിത്തി തകർന്നിട്ടുണ്ട്. ഈ ഭാഗങ്ങൾ പുനരുദ്ധാരിക്കേണ്ടതാണ്. വേനൽക്കാലത്ത് കെ.ഐ.പി കനാൽജലം കാര്യക്ഷമമായി ഉപയോഗിച്ച് ഏലാകളിലെ ഉല്പാദനം വർദ്ധിപ്പിക്കുകയും കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യാം.

വടക്കേമെല്ലശ്ശേരി ഏലാ

തോടിന്റെ സിംഹഭാഗവും എക്കൽ അടിഞ്ഞ് നികന്നും വശങ്ങൾ തകർന്നും നശിച്ചിരിക്കയാണ്. ഈ ഭാഗം പുനരുദ്ധരിച്ചും, കെ.ഐ.പി കനാൽ ജലം കാര്യക്ഷമമായി ഉപയോഗിച്ചും കൃഷി മെച്ചപ്പെടുത്തി വ്യാപിപ്പിക്കാവുന്നതാണ്.

മണലാടി ഏലാ

ഏലാതോടിന്റെ ആഴംകൂട്ടി വശങ്ങൾ സംരക്ഷിച്ച് കൃഷി കാര്യക്ഷമമാക്കി ഉല്പാദനം വർദ്ധിപ്പിക്കാം.

കാഞ്ഞിരവയൽ ഏലാ

പ്രമാടം എൽ.ഐ.എസിന്റെ ഇടിഞ്ഞുമാറിയ കനാൽ ഭാഗം പുനർ നിർമ്മിച്ച് ജലസേചനം കാര്യക്ഷമമാക്കി ഉൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്.

(6) **വള്ളിക്കോട് ഗ്രാമപഞ്ചായത്ത്**

പടിഞ്ഞാറേ പാടം ഏലാ

ഭൂവനേശ്വർ എൽ.ഐ.എസിൽ നിന്നുള്ള ജലം വേനൽക്കാല കൃഷിക്കായി ഉപയോഗിക്കുന്നു. നിലവിലെ പാടശേഖരത്തിലൂടെ ഉള്ള വലിയ തോടിന്റെ ഇടത്തേ കൈവഴി ഏകദേശം 800 മീറ്റർ കൂടി നിർമ്മിച്ചാൽ അട്ടത്തറ ഏലായിലേക്കും ജലലഭ്യത ഉറപ്പാക്കി കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

നരിക്കുഴി ഏലാ

തോടിന്റെ ആഴം കൂട്ടി വി.സി.ബി പുനർനിർമ്മിച്ച് ജലലഭ്യത കൂട്ടുവാനും തദ്വാര കൃഷി കൂടുതൽ കാര്യക്ഷമമാക്കി വിപുലീകരിക്കാൻ കഴിയുന്നതാണ്.

തട്ട ഏലാ

മുല്ലോട്ട് ഡാമിൽ നിന്നും മൈലം കുളത്തിൽ നിന്നും ഉള്ള ജലമാണ് ഈ ഏലായിലെ കൃഷിക്ക് ഉപയോഗപ്പെടുന്നത്. എന്നാൽ മൈലം കുളം എൽ.ഐ.എസ് പ്രവർത്തന രഹിതമാണ്. എൽ.ഐ.എസ് പുനരുദ്ധാരണം നടത്തിയും തോടുകളുടെ ആഴം കൂട്ടിയും ഇടിഞ്ഞുപോയ പാർശ്വങ്ങളിൽ സംരക്ഷണഭിത്തികെട്ടിയും ജലനിർഗമനത്തിന്റെ അളവ് വർദ്ധിപ്പിച്ച് കൃഷി കൂടുതൽ കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കാനും കഴിയുന്നതാണ്.

നരിയാപുരം ഏലാ

എൽ.ഐ.എസ് കനാലുകളുടെ പുനരുദ്ധാരണം നടത്തിയും തോടുകളുടെ ആഴം കൂട്ടിയും പാർശ്വസംരക്ഷണഭിത്തികൾ നിർമ്മിച്ചും കൃഷി കാര്യക്ഷമമാക്കാവുന്നതാണ്. തോടിന്റെ നീളം ഏകദേശം 700 മീറ്റർ കൂട്ടിയാൽ കൂടുതൽ ഇടത്തേക്ക് കൃഷി വ്യാപിപ്പിക്കാം. ട്രില്ലർ/ട്രാക്ടർ റാമ്പുകൾ പലയിടത്തും നിർമ്മിക്കണം.

II. റാന്നി ബ്ലോക്ക്

റാന്നി ബ്ലോക്കിന്റെ കീഴിൽ വരുന്ന പഞ്ചായത്തുകളിൽ കൂടുതൽ പഞ്ചായത്തുകളും കുന്നുകളും മലകളും നിറഞ്ഞതുകൊണ്ട് നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ നിലം വളരെ വിരളമായി മാത്രമേ ഉള്ളൂ ആയതിനാൽ നിലവിലുള്ള ഏലായുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

റാന്നി അങ്ങാടി പഞ്ചായത്തിലെ വാർഡ് നമ്പർ.12 ൽ ഉള്ള പൂവൻമല ഏലായുടെയും അതിൽ ഉൾപ്പെടുന്ന ഏകദേശം പത്ത് ഹെക്ടർ കൃഷി യോഗ്യമായ ഭാഗം, മഴക്കെടുതിമൂലം സൈഡ് തോടിന്റെ പല ഭാഗങ്ങളിൽ മടവീഴുകയും കൃഷി നശിക്കുകയും ഉണ്ടായി, ആയതിനാൽ ടി. തോടിന്റെ പാർശ്വഭിത്തി കെട്ടിബലപ്പെടുത്തി–ആഴംകൂട്ടി, സൈഡിൽ അടിഞ്ഞുകൂടിയ പുറ്റുകൾ നിക്കം ചെയ്ത്, ഒരു നടപ്പാലവും, നടപ്പാതയും നിർമ്മിക്കുകയും ചെയ്താൽ നിലവിലെ കൃഷി കൂടുതൽ വിപുലവും ഫലപ്രദവും ആക്കാവുന്നതാണ്.

III ഇലന്തൂർ ബ്ളോക്ക്

ഓമല്ലൂർ പഞ്ചായത്ത്

1. **പടിഞ്ഞാറേ മുണ്ടകൻ ഏല** – ഈ ഏലായുടെ മധ്യഭാഗത്തുകൂടി ഒഴുകി കറുകച്ചാൽ വരെ പോകുന്ന തോട്ടിൽ വി.സി.ബി നിർമ്മിക്കുകയും, തോടിന്റെ ആഴം കൂട്ടുകയും, സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്താൽ ഇപ്പോൾ പുനരാരംഭിച്ചിട്ടുള്ള കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാൻ കഴിയും.
2. **ചേറ്റൂർ ഏല** – ഈ ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന ചെറുതോട്ടിൽ മഴക്കാലത്ത് മലനിരകളിൽ നിന്നും വരുന്ന വെള്ളം പാടത്തേക്ക് നിരന്നു കവിയുന്നതിനാൽ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ തോടിന്റെ ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് ഏലായിലേക്ക് വെള്ളം ആവശ്യാനുസരണം കടത്തിവിടുന്നതിന് റഗുലേറ്റിംഗ് അറേഞ്ചമെന്റ്സ് നൽകിയാൽ കൃഷിനാശം ഒഴിവാക്കി കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യാവുന്നതാണ്.

ചെന്നീർക്കര പഞ്ചായത്ത്

1. **പെരുന്താട്ട്** – വയ്പേലി ഏല – ടി ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ പാർശ്വഭിത്തി നിർമ്മിക്കുകയും ആഴം കൂട്ടുകയും ട്രാക്ടറും മറ്റ് കാർഷിക സാമഗ്രികളും എത്തിക്കുന്നതിന് വേണ്ടി റാമ്പുകളും നിർമ്മിച്ചാൽ നല്ല രീതിയിൽ കൃഷി പുനരാരംഭിക്കാവുന്നതാണ്.
2. **മുണ്ടു വരമ്പേൽ**–തമ്മംകുളത്തി ഏല – ഈ ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ മണ്ണുവന്ന് നിറഞ്ഞതുമൂലം വർഷ കാലത്ത് ഏലാകളിലേക്ക് ജലം കവിഞ്ഞൊഴുകി നിലവിലെ കൃഷികൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ടി തോടിന്റെ ആഴം കൂട്ടുകയും മട വീണ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്താൽ നിലവിലെ കൃഷി സംരക്ഷിക്കുവാനും കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുവാനും സാധിക്കും.

ഇലന്തൂർ പഞ്ചായത്ത്

1. **കുന്നത്തുവയൽ ഏല** – കുന്നത്തു ചിറയുടേയും കുന്നത്തുവയൽ ഏലായുടേയും സമീപത്ത് കൂടി കടന്നുപോകുന്ന ലീഡിംഗ് ചാനൽ പാർശ്വഭിത്തി തകർന്നുപോയതിനാൽ മഴക്കാലത്ത് ടി ചാനലിലൂടെ ഒഴുകിയെത്തുന്ന ജലം ഏലായിലേക്ക് കയറി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ടി ചാനൽ പുനർനിർമ്മിച്ചാൽ പ്രസ്തുത കൃഷി സംരക്ഷിക്കുവാനും കൂടുതൽ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പുക്കുവാനും സാധിക്കും.
2. **പരിയാരം ഏല** – ഇലന്തൂർ – പൂക്കോടു റോഡിന്റെ വടക്കു വശത്തായി മൈലക്കൽ ജംഗ്ഷനു സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ നിലവിലുള്ള വി.സി.ബി. പുനരുദ്ധരിച്ച് തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ചെയ്താൽ കൃഷി വിപുലീകരിക്കാവുന്നതാണ്.

3. **ആനപ്പാറയ്ക്കൽ ഏല** – ടി ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന തോട്ടിൽ നിലവിലുള്ള വി.സി.ബി. പുനരുദ്ധരിച്ച് തോടിന്റെ ആഴം കൂട്ടി മട വീണ ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുകയും ചെയ്താൽ ഏലായിലേക്കുള്ള ജലമൊഴുക്ക് തടയുന്നതിനും കൃഷി പുനരാരംഭിച്ച് വിപുലീകരിക്കുന്നതിനും സാധിക്കും.
4. **ഭഗവതിക്കുന്ന് ഏല** – ടി ഏലായുടെ മധ്യഭാഗത്തുകൂടി ഒഴുകി വലിയതോട്ടിൽ വന്നുചേരുന്ന ചെറുതോടിന്റെ ആഴം കൂട്ടുകയും പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്താൽ ഏലായിലേക്ക് വെള്ളം കയറുന്നത് തടയുകയും നിലവിലെ കൃഷി വർദ്ധിപ്പിക്കുകയും ചെയ്യാം.

5. മല്ലപ്പുഴശ്ശേരി പഞ്ചായത്ത്

1. **പന്നിവേലിച്ചിറ** – മുണ്ടകംപാടം, മുട്ടടി കൊരക്കാട് ഏല, ചാക്കപ്പടി ഏല – പന്നിവേലിച്ചിറയുടെ ആഴംകൂട്ടി ചിറ വൃത്തിയാക്കി ടി ഏലാകളിലേക്കുള്ള ജലം നിയന്ത്രിച്ച് കൊണ്ടുപോകുന്നതിനുള്ള ഓവുകളുടെ ഷട്ടറുകൾ പുനർനിർമ്മിച്ച് ഏലാകളിലൂടെ ഒഴുകുന്ന തോടിന്റെ ആഴം കൂട്ടുകയും സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ഈ തോടിന്റെ നിലവിലുള്ള വി.സി.ബികൾ അറ്റകുറ്റപ്പണി നടത്തുകയും ചെയ്താൽ ഇപ്പോൾ പുനരാരംഭിച്ചിട്ടുള്ള കൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

2. **കുറുന്താർ ഏല** – ഈ ഏലായിലൂടെ കടന്നുപോകുന്ന വലിയതോടിന്റെ മട വീണ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുകയും നിലവിലുള്ള വി.സി.ബി യുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്താൽ ഇപ്പോഴുള്ള കൃഷി വിപുലീകരിച്ച് വിളവ് വർദ്ധിപ്പിക്കാവുന്നതാണ്.

3. **പുന്നക്കാട് ഏല** – ഈ ഏലായിലൂടെ ഒഴുകുന്ന വലിയതോട്ടിൽ ഏലായുടെ മുകൾ ഭാഗത്തായി കല്ലുപാലത്തിങ്കൽ പാലത്തിന് സമീപം പുതിയ വി.സി.ബി നിർമ്മിക്കുകയും ഏലായിലൂടെ കടന്നു പോകുന്ന റോഡിന്റെ താഴ്ഭാഗത്തായി തോട്ടിൽ നീരൊഴുക്ക് നിയന്ത്രിക്കുന്നതിനായി ഷട്ടറുകൾ നിർമ്മിക്കുകയും ചെയ്താൽ കൂടുതൽ ഭാഗത്തേക്ക് കൃഷി വ്യാപിക്കാവുന്നതാണ്.

6. കോഴഞ്ചേരി പഞ്ചായത്ത്

1. **പോത്തോലിപൂഞ്ച**–പോത്തോലിചാലിന്റെ ആഴം കൂട്ടി വൃത്തിയാക്കുകയും ഈ ചാലിലേക്ക് വെള്ളമെത്തിക്കുന്ന തോടുകളുടെ ആഴം കൂട്ടുകയും പാർശ്വഭിത്തി നിർമ്മിക്കുകയും ചാലിൽ നിന്നും ഏലായുടെ സമീപത്തുകൂടി പമ്പാ നദിയിലേക്ക് പോകുന്ന തോടിന്റെ ആഴം കൂട്ടുകയും പാർശ്വഭിത്തി ഇല്ലാത്ത ഭാഗം നിർമ്മിക്കുകയും ചെയ്താൽ കൃഷി പുനരാരംഭിക്കുകയും ചെയ്യാവുന്നതാണ്.

2. **അളയാർ മണ്ണ് ഏല**–ടി ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന വലിയ തോടിന്റെ നിലവിലെ വി.സി.ബി അറ്റകുറ്റപ്പണി നടത്തുകയും പാർശ്വഭിത്തി തകർന്ന ഭാഗങ്ങളിൽ പുനർനിർമ്മിക്കുകയും വയലിലൂടെ ഒഴുകുന്ന ചെറുതോടിന്റെ ആഴം കൂട്ടുകയും ചെയ്താൽ നിലവിലെ കൃഷി വിപുലീകരിക്കുകയും വിളവ് വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

3. **നിലമേൽ ഏല**–തെക്കേമല–ചെങ്ങന്നൂർ റോഡിന്റെ നലവിലുള്ള അടിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണ് നീക്കം ചെയ്ത് ജലമൊഴുക്ക് സുഗമമാക്കുകയും ഏലായിലേക്ക് ട്രാക്ടറും മറ്റ് കാർഷികസാമഗ്രികളും എത്തിക്കുന്നതിനായി റാമ്പ് നിർമ്മിക്കുകയും ചെയ്താൽ കൃഷി കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

നാരങ്ങാനം പഞ്ചായത്ത്

1. **പുന്നോൺ ഏല** – ടി ഏലായിലൂടെ ഒഴുകുന്ന തോട്ടിൽ നിലവിലെ വി.സി.ബി. അറ്റകുറ്റപ്പണികൾ നടത്തുകയും പാർശ്വഭിത്തി നിർമ്മിക്കുകയും തോടിന്റെ ആഴം കൂട്ടുകയും ഏലായുടെ കുറുകെ ഫാം റോഡും ബോക്സ് കൽവെർട്ടും നിർമ്മിക്കുകയും ചെയ്താൽ നിലവിലെ കൃഷി കൂടുതൽ വ്യപിപ്പിക്കുവാനും കൂടുതൽ വിളവുണ്ടാക്കുകയും ചെയ്യാവുന്നതാണ്.

2. **ആലുങ്കൽ ഏല** – ഈ ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന തോടിന്റെ ആഴം കവട്ടമട വീണ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്താൽ നിലവിലെ കൃഷി കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

3. **മഠത്തുംപടി ഏല** – ടി ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന തോടിന്റെ ആഴം കൂട്ടി മടവീണ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുകയും ഏലായിലേക്ക് പോകുന്നതിനായി ഒരു നടപ്പാത നിർമ്മിക്കുകയും ചെയ്താൽ നിലവിലെ കൃഷി കൂടുതൽ വിപുലപ്പെടുത്താവുന്നതാണ്.

പത്തനംതിട്ട മുൻസിപ്പാലിറ്റി

1. **തെക്കേച്ചാൽ(കൊടുന്തറച്ചാൽ)** – ഇപ്പോൾ കൃഷിയോഗ്യമല്ല. ചാലിന്റെ ആഴംകൂട്ടി പായൽ നീക്കം ചെയ്ത് വൃത്തിയാക്കിയാൽ ഇവിടം കൃഷിക്ക് അനുയോജ്യമാക്കാവുന്നതാണ്.

2. **കുമ്പഴ വലിയതോട്** – കോനാവയൽ ഏല, മഠത്തുംപടി ഏല.
ടി ഏലാകളിലെ കൃഷി വിപുലീകരിക്കുന്നതിന് കണിപറമ്പിൽപടിക്കു സമീപം ഒരു ട്രാക്ടർ ബ്രിഡ്ജും തോട്ടിൽ മടവീണുകിടക്കുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തിയും നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

3. **കൈരളീപുരം ഏല** – ഈ ഏലായുടെ സമീപത്തുകൂടി ഒഴുകുന്ന ചെറുതോടിന്റെ പാർശ്വഭിത്തി നിർമ്മിക്കുകയും തോടിന്റെ ആഴം കൂട്ടുകയും ചെയ്താൽ കൃഷി കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്.

പന്തളം ബ്ലോക്ക്

പന്തളം തെക്കേക്കര പഞ്ചായത്ത്

ഞവരയ്ക്കൽ ഭാഗത്ത് VCB നിർമ്മിച്ചാൽ മാവര – ബി യിൽ കൃഷി പുനരാരംഭിയ്ക്കാൻ സാധിയ്ക്കും. പന്തളം തെക്കേക്കര പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മാവര തോടും അതിന്റെ പാർശ്വതോടുകളായ തോലുഴം തോട്, പൊങ്ങലടിഏലാതോട്, ആനന്ദപ്പള്ളിഏലാതോട് ,പോത്രാട്തോട് , കണ്ണാടി വയൽതോട് എന്നിവ ആഴം കൂട്ടി നവീകരിച്ചാൽ അവിടങ്ങളിലെ ഏലാകളിൽ കൃഷിവ്യാപിപ്പിക്കാൻ സാധിക്കും. കൂടാതെ കീരുകുഴി തോടിന്റെ കീരുകുഴി മുതൽ ചെല്ലിക്കുളം വരെ വീതികൂട്ടി വൃത്തിയാക്കിയാൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

തുമ്പമൺ പഞ്ചായത്ത്

തുമ്പമൺപഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മാവരതോട് ആഴംകൂട്ടി ബണ്ട് ബലപ്പെടുത്തിയും മറുകപാട്, ഉറവാന്റെ കടവ്, മൂഴിയ്ക്കൽ തെക്ക്ഭാഗം എന്നിവിടങ്ങളിൽ വി.സി.ബി നിർമ്മിച്ചും മൂഴിയ്ക്കൽ ഭാഗത്ത് ലിഫ്റ്റ്ഇറിഗേഷൻ സ്ഥാപിച്ചും ഇപ്പോൾ തരിശുകിടക്കുന്ന കൃഷി സ്ഥലങ്ങളിൽ കൃഷി പുനരാരംഭിക്കാൻ സാധിയ്ക്കും. ഇപ്പോൾ തുമ്പമൺ ഭാഗത്ത് സ്ഥിതിചെയ്യുന്ന എൽ.ഐ.സ്റ്റേഷനിലെ വെള്ളം ഉപയോഗിച്ചാണ് തുമ്പമൺ പഞ്ചായത്തിലെ ഏലാകളിൽ കൃഷി ചെയ്യുന്നത്.

പന്തളം മുനിസിപ്പാലിറ്റി

പന്തളം മുനിസിപ്പാലിറ്റിയിൽ നിലവിൽ 350 ഹെക്ടർ സ്ഥലം ഉണ്ട്. ഇതിൽ 150 ഹെക്ടർ സ്ഥലം മാത്രമേ കൃഷിചെയ്യുന്നുള്ളു. മഞ്ഞനാകുളം ഏലാതോട് ആഴം കൂട്ടിയാൽ വടക്കേ മഞ്ഞനാകുളം ഏലാ, തെക്കേമഞ്ഞനാകുളം ഏല എന്നിവിടങ്ങളിൽ തരിശുകിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാൻ സാധിക്കും. വലിയകൊല്ല, ആലപ്പഴത്തി, ഐരാണിക്കത്തറപ്പടി, താട്ടാൻകൊല്ല എന്നിവിടങ്ങളിൽ പുതിയ എൽ.ഐ. സ്കീമുകൾ സ്ഥാപിച്ചും, നാഥനടി–നാലാകുഴി, പള്ളികൊല്ല–മുള്ളിക്കൽപ്പടി, മുഴങ്കോടി–ചാക്കുഴി കോണത്തുകിഴക്കുഭാഗം, ദൈവത്തറഭാഗം, വലിയകൊല്ല, എറ്റടി–പുതുമനഭാഗം, വരുകൊല്ല–കോഴിച്ചാൽ ഭാഗം, വാളവിത്തിനാൽ ഏല എന്നിവിടങ്ങളിൽ ജലസേചന ചാനൽ നിർമ്മിച്ചും കടയ്ക്കാട്–മുട്ടാർ–വലക്കടവ് തോട് നവീകിരച്ചും നെല്ലിക്കൽ ബണ്ടും ചീപ്പും, നിർമ്മിച്ചും ഈയ്യാംകോട് തോട് ആഴം കൂട്ടി എറ്റടി പെരുംതോടിനു ചീപ്പും അരനകോയിക്കൽ നിർമ്മിച്ചാൽ തരിശുകിടക്കുന്ന 200 ഏക്കറോളം സ്ഥലം കൃഷി പുനരാരംഭിക്കാൻ സാധിക്കും. നിലവിൽ ഇറിഗേഷന്റെ കീഴിലുള്ള 5 എൽ.ഐ സ്റ്റേഷനുകൾ പ്രവർത്തിപ്പിച്ചാണ് കൃഷി ചെയ്തുവരുന്നത്.

പറക്കോട് ബ്ളോക്ക്.

ഏഴംകുളം പഞ്ചായത്തിലെ ആറുകാലിയ്ക്കൽ കുളം നവീകരിച്ച് നീർച്ചാലുകൾ സ്ഥാപിച്ച് കൃഷിസ്ഥലത്ത് ജലലഭ്യത വർദ്ധിപ്പിച്ച് നെൽകൃഷിയും, മറ്റ് കാർഷിക വിളകളും അഭിവൃദ്ധിപ്പെടുത്താൻസാധിയ്ക്കും. പള്ളിക്കൽ പഞ്ചായത്തിലെ മിത്രപുരം ഏലായിലൂടെയും, ചെറുപുഞ്ച ഏലായിലൂടെയും കടന്നുപോകുന്ന പള്ളിക്കലാറിന്റെ പാർശ്വഭിത്തികൾ ബലപ്പെടുത്തി, ചെളി നീക്കം ചെയ്ത് ആറിന്റെ ആഴം വർദധിപ്പിച്ചാൽ നീരൊഴുക്ക് ശക്തിപ്പെടും . തന്മൂലം ടി പഞ്ചായത്തിലെ കൃഷി മെച്ചപ്പെടുത്താവുന്നതാണ്.

കടമ്പനാട് പഞ്ചായത്തിലെ നിലമേൽ ഏലാതോട്, പ്ലാക്കാട്ടേത്തുപടി ഏലാതോട്, മണക്കണ്ടം ഏലാതോട് എന്നീ തോടുകളുടെയും പാർശ്വഭിത്തികൾ ബലപ്പെടുത്തി തോടിന്റെ ആഴം വർദ്ധപ്പിച്ചും, ആവശ്യമായ തടയണകൾ നിർമ്മിച്ചും ടി പഞ്ചായത്തിലെ കൃഷി കൃഷിമെച്ചപ്പെടുത്താവുന്നതാണ്.

ഏറത്ത്പഞ്ചായത്തിൽ, ഏനാത്ത് വലിയതോട് കോട്ടനല്ലൂർ ഏലാതോട്,കുമാരനല്ലൂർ ഏലാതോട് എന്നീ തോടുകളും, പോക്കാട്ട് കുളം ആഴംകൂട്ടിയും പാർശ്വഭിത്തികൾ ബലപ്പെടുത്തിയും മാവേലി ഏലാ, ബ്ലായിക്കാട്ട് ഏലാ, ഏറത്ത് ഏല, കുമാരനല്ലൂർ ഏല എന്നീ ഏലാകളിലെ കൃഷി മെച്ചപ്പെടുത്താൻ സാധിക്കും.

ഏഴംകുളം പഞ്ചായത്തിലെ ഏഴം കുളം വലിയ തോട്, തേപ്പുപാറ വലിയതോട്, ചേക്കുകോട്ട് പടി ഏലാതോട് എന്നീ തോടുകളിൽ തടയണകൾ നിർമ്മിച്ചും എക്കലും, മാലിന്യങ്ങളും നീക്ക് ചെയ്ത് ആഴം വർദ്ധിപ്പിച്ചും നീരൊഴുക്ക് വർദ്ധിപ്പിക്കാവുന്നതാണ്.

ഏനാദിമംഗലം പഞ്ചായത്തിലെ മാരൂർ വലിയതോട് കടന്നുപോകുന്ന മാരൂർ ഏലായിലെ കൃഷി മെച്ചപ്പെടുത്തുന്നതിന് വേണ്ടി ടി തോട് നവീകരണത്തിലൂടെ ജലസേചനം വർദ്ധിപ്പിക്കാവുന്നതാണ്. നെടുവേലി ഏലാകുളത്തിന്റെ പാർശ്വഭിത്തികൾ ബലപ്പെടുത്തിയും ആഴം കൂട്ടിയും ജലലഭ്യത ഉറപ്പുവരുത്തുക വഴി കൃഷിമെച്ചപ്പെടുത്താവുന്നതാണ്.

കൊടുമൺ പഞ്ചായത്ത്

കൊടുമൺ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന കൊടുമൺ വലിയതോടും, പാർശ്വ തോടുകളും നവീകരിച്ച് ആഴം കൂട്ടുകയും ജലം സംഭരിച്ച് ജലസേചനം നടത്തുകയും ചെയ്താൽ ചേന്ദൻകര ഏല, ഐക്കാട്ഏല, മുണ്ടക്കൽ ഏല, നെല്ലൂർപ്പടിഏല, കരമാളംഏല, മാവടിഏല, തേവന്നൂർ ഏല, കൂവിക്കൽപ്പടി ഏല, നടുവത്താടിഏല എന്നിവിടങ്ങിൽ തരിശുകിടക്കുന്ന കൃഷി ഭൂമി പുനരാരംഭിക്കാൻ സാധിക്കും. കൂടാതെ മുണ്ടക്കൽ ഏല, ചേന്ദൻകരഏല എന്നിവിങ്ങളിൽ ചീപ്പ് നിർമ്മിച്ചും നിലവിലുള്ള ചീപ്പുകൾ പുനരുദ്ധാരണം നടത്തിയും, കൊടുമൺ പഞ്ചായത്തിന്റെ വലിയ ജലസംഭരണിയായ മുല്ലോട്ട് ഡാം പുനരുദ്ധരിച്ചും കൊടുമൺ പഞ്ചായത്തിലെ കൃഷിയെ പുനരുജ്ജീവനം ചെയ്യാൻ സാധിക്കും.

കലഞ്ഞൂർ പഞ്ചായത്ത് കലഞ്ഞൂർ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന കലഞ്ഞൂർ വലിയതോടും, പാർശ്വതോടുകളും ആഴം കൂട്ടിനവീകരിച്ചാൽ കലഞ്ഞൂർ പഞ്ചായത്തിലെ ഏലാകൾ പുനരുജ്ജീവനം ചെയ്യാൻ സാധിക്കും

അടൂർ മുനിസിപ്പാലിറ്റി

മൂന്നാളം ഏലാ – അടൂർ വലിയതോട് മൂന്നാളം തോട് എന്നിവയുടെ പാർശ്വഭിത്തി നിർമ്മിച്ചും, ആഴംകൂട്ടിയും ജലനിർഗമനം വർദ്ധിപ്പിച്ചാൽ ഈ ഏലായിലെ കൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കും.

പുതുവാക്കൽ ഏല – പുതുവാക്കൽ ഏലാതോട് പുനരുദ്ധാരണം നടത്തിയാൽ ഈ ഏലായിൽ കൃഷി വ്യാപിക്കാൻ സാധിക്കും. പുത്തൻകളീക്കൽ ഏല, പുലിക്കണ്ണൻഏല, പന്നിവിഴഏല, പെരുമാണ്ടേത്ത് ഏല, കരുവാറ്റ ഏല, കളീയ്ക്കൽഏല കണ്ണംകോട് ഏല, പട്ടത്തറപ്പടി ഏല എന്നിവിടങ്ങളിലെ പാർശ്വതോടുകൾ പുനരുദ്ധരിച്ചാൽ പ്രസ്തുത ഏലാകളിൽ കൃഷി കൂടുതൽ വിസ്തൃതിയിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും.

നദികൾ

1. പമ്പാ നദി

പശ്ചിമഘട്ട മലനിരയിൽ നിന്നാരംഭിക്കുന്ന കേരളത്തിലെ നദികളിൽ മൂന്നാംമത്തെ നീളം കൂടിയ നദിയാണ് പമ്പ. ജില്ലയിലെ റാന്നി, കോഴഞ്ചേരി, തിരുവല്ല എന്നീ താലൂക്കുകളിലൂടെ കടന്നുപോകുന്നു. നദിയുടെ നീളം 176 കി.മീ. ആണ്. ഇതിൽ 98.50 കി.മീ. ഈ ജില്ലയിലാണ് പമ്പാ ത്രിവേണിക്ക് താഴെ ജനനിബിഡമായ പ്രദേശങ്ങളിലൂടെയാണ് നദി ഒഴുകുന്നത്. ഇവിടെ കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമായ വെള്ളത്തിന്റെ പ്രധാന സ്രോതസാണ് ഈ നദി. മാടമണ്ണും ചെമ്പോണും പണിതട്ടുള്ള തട യണകൾ വലിയ ജലശേഖരങ്ങളാണ്. വർഷാ വർഷമുണ്ടാകുന്ന പ്രകൃതിക്ഷോപത്തിൽ നദിയുടെ ഇരുക രകളും ഇടിഞ്ഞ് താഴുന്നത് കൃഷിക്ക് വലിയ ഭിഷണിയാകുന്നു.

2. അച്ചൻകോവിലാർ

അച്ചൻകോവിലാറ് ഋഷിമലയിൽ നിന്നും ഉത്ഭവിച്ച് പത്തനംതിട്ട, അടൂർ, പന്തളം നഗരപ്രദേശ ങ്ങളിൽ കൂടി കടന്ന് പോകുന്നു. ഈ നദിക്ക് 120 കി.മീറ്റർ നീളമുണ്ട്. 95 കി.മീ. പത്തനംതിട്ട ജില്ലയിലാ ണ്. ഈ നദിയുടെ അടിത്തട്ടിന് ചരിവ് കൂടുതൽ ഉള്ളതിനാൽ ജലത്തിന്റെ ഒഴുക്ക് വളരെ കൂടുതലാണ്. മഴവെള്ളം വളരെ വേഗത്തിൽ ഒഴുകി വേമ്പനാട് കായലിൽ പതിക്കുന്നു. ഒഴുക്ക് വെള്ളത്തെ തടഞ്ഞ് നിർത്തി കൃഷിക്കും, കുടിവെള്ളത്തിനും, കിണർ റീച്ചാർജിംഗിനും പര്യാപ്തമായ രീതിയിൽ നിർമ്മിതി കൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

3. മണിമലയാർ

ഇടുക്കി ജില്ലയിലെ പീരുമേടിന് സമീപമുള്ള മുതുവറ മലയിൽ നിന്നും ഉത്ഭവിച്ച് കോട്ടയം, പത്ത നംതിട്ട, ആലപ്പുഴ ജില്ലകളിൽ കൂടി ഒഴുകുന്നു. 92 കി.മീ ആണ് ഇതിന്റെ നീളം. ഇതിന്റെ 50 കി.മീ നീളം പത്തനംതിട്ട ജില്ലയിൽ കൂടിയാണ് ഒഴുകുന്നത്.

4. കല്ലടയാറ് (ഭാഗികം)

കല്ലടയാറ് പത്തനംതിട്ട ജില്ലയുടെ തെക്കേ അതിർത്തിയിലൂടെയാണ് ഒഴുകുന്നത്. ഇതിന്റെ ഏക ദേശം 10 കി.മീ ദൂരം പത്തനംതിട്ട ജില്ലയിലാണ്. വൻകിട ജലസേചന വിഭാഗവുമായി ഏറ്റെടുത്ത് നടത്തി വരുന്ന പ്രവർത്തികൾ

ടി ചെക്ക്ഡാമിൽ വെള്ളം തടഞ്ഞ് നിർത്തി തീർത്ഥാടന കാലത്ത് ജലലഭ്യതയും ജല ഒഴുക്കും ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഈ ചെക്ക്ഡാം മുഖേനയാണ് നടത്തിവരുന്നത്. കൂടാതെ 1200 മീറ്ററിൽ പരം നീളത്തിൽ കുളിക്കടവുകൾ നിർമ്മിച്ച് പമ്പാ സ്നാനം സുഗമവും സുരക്ഷിതവുമാക്കി തീർക്കുന്നതിനുള്ള സൗകര്യം ചെയ്ത് വരുന്നുണ്ട്.

നദികളുടെ പുനരുജ്ജീവന പ്രവർത്തികൾ

a.വരട്ടാർ

പത്തനംതിട്ട ജില്ലയിലെ കോയിപ്രം, ഇരവിപേരൂർ, കുറ്റൂർ പഞ്ചായത്തുകളിലൂടെയും ചെങ്ങന്നൂർ നഗരസഭ തിരുവൻവണ്ടൂർ പഞ്ചായത്തുകളിലൂടെയുമാണ് പമ്പാനദിയുടെ കൈവഴിയായ വരട്ടാറ് കടന്നു പോകുന്നത്. ഈ നദിക്ക് ഏകദേശം 13.4 കി.മീ നീളമുണ്ട് ഇത് പൂർണ്ണമായും മണ്ണ്, എക്കൽ, മാലിന്യം, പോള, പായൽ എന്നിവകൊണ്ട് നിറഞ്ഞ് നീരൊഴുക്ക് നിലച്ചിരിക്കുകയായിരുന്നു.

ടി നദി പുനരുജ്ജീവിപ്പിക്കണമെന്ന് പ്രദേശ വാസികളുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് സർക്കാർ പദ്ധതിയായ ഹരിതകേരളത്തിൽ ഉൾപ്പെടുത്തി പുനരുജ്ജീവിപ്പിക്കുവാൻ തീരുമാനിച്ചിരിക്കു കയും തുടർന്ന് ഇതിന്റെ ആദ്യഘട്ടത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി പോള, പായൽ, എക്കൽ എന്നിവ നീക്കം ചെയ്യുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ നദിയുടെ വീതിയും ആഴവും കൂട്ടി പൂർണ്ണ തോതിൽ നീരൊഴുക്ക് പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ച് വരുന്നു. അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനും പിന്നീട് ഉണ്ടാകാവുന്ന കയ്യേറ്റങ്ങൾ

തടയുന്നതിന് അതിർത്തിയോട് ചേർന്ന് 5 അടി വീതിയിൽ walk way നിർമ്മിക്കുവാൻ നടപടികൾ നടന്നു വരുന്നു. തുടർന്ന് walk way യ്ക്കും നദിയും ഇടയിലുള്ള ഭാഗത്ത് കേരളത്തിൽ നിലവിലുള്ള വിവിധയിനം മരങ്ങളും സസ്യങ്ങളും ഉൾപ്പെട്ട ഒരു Bio diversity zone നിർമ്മിക്കുവാനും പുനരുജ്ജീവിപ്പിച്ച ആറിന്റെ തീരങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ഏകദേശം 8 ൽ പരം ചപ്പാത്തുകൾ പൊളിച്ച് മാറ്റി പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

b.കോലറയാർ

പമ്പാ നദിയിലെ അറയ്ക്കൽ മുഖപ്പിൽ നിന്നും ഉത്ഭവിച്ച് നാലാം വേലി, അരീത്തോട് എന്നീ ഭാഗങ്ങളുലൂടെ പമ്പാ നദിയിൽ അവസാനിക്കുന്ന അരുവിയാണ് കോലരയാർ. ടി അരുവിക്ക് ഏകദേശം 12 കി.മീ. നീളവും കടപ്ര, നിരണം പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നു. കോലറയാർ ഏകദേശം 1600–ൽ പരം ഏക്കർ വിസ്തൃതിയിലുള്ള വിവിധ പാടശേഖരങ്ങളുടെ ജലസ്രോതസായിരുന്നു. വർഷങ്ങളായി അടിഞ്ഞു കൂടിയിരുന്ന മാലിന്യം, എക്കൽ, പോള എന്നിവ കാരണം ജലം ഒഴുക്ക് നഷ്ടപ്പെട്ട രീതിയിലായിരുന്നു. ടി അരുവിയുടെ പുരുദ്ധാരണവുമായി ബന്ധപ്പെട്ട് 1–ാം ഘട്ടത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നീക്കം ചെയ്ത് നീരൊഴുക്ക് പുനസ്ഥാപിച്ചു. 2–ാം ഘട്ടമായ അരുവിയുടെ വീതിയും ആഴവും കൂട്ടി സ്ഥിരമായ നീരൊഴുക്ക് സുഗമമാക്കുന്നതിനായി പാർശ്വ ഭിത്തികൾ ബലപ്പെടുത്തുന്നതിനും, കടവുകൾ പുനർ നിർമ്മിക്കുന്നതിനും, പാട ശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിന് 5 പമ്പ് ഹൗസുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ച് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടനം

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പാ–ത്രിവേണിയിൽ കക്കി നദി മുഖത്തും, വടശ്ശേരിക്കര പി.ഐ.പി. water escape ന് സമീപം കല്ലാറിനും കുറുകെ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് തീർത്ഥാടകർക്ക് കുളിക്കാനുള്ള സൗകര്യങ്ങൾ എല്ലാ വർഷവും ക്രമീകരിക്കുന്നു. കൂടാതെ പമ്പാ, മണിമല, അച്ചൻകോവിൽ, കക്കാട് തോട്, എരുമേലിത്തോട്, അഴുതയാർ എന്നീ നദികളിൽ 142 കുളിക്കടവുകളിൽ ആവശ്യമായ ക്രമീകരണങ്ങളും 6 ഭാഷയിൽ രേഖപ്പെടുത്തിയ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകളും ബാരിക്കേഡുകളും നിർമ്മിച്ചു വരുന്നു. കൂടാതെ പമ്പാ– ത്രിവേണിയിലെ 7 VCB കൾ (പമ്പാ കെ.എസ്. ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപം ശ്രീരാമപാദം, പാരക്കയം, KWA, ചെറിയാനവട്ടം, ആറാട്ടുകടവ്) നിർമ്മിച്ച് തീർത്ഥാടകർക്ക് പമ്പാ സ്നാനത്തിന് ആവശ്യമായ ജലനിരപ്പ് നിലനിർത്തുന്നു. തീർത്ഥാടന സമയത്ത് ജല ദൗർലഭ്യം അനുഭവപ്പെടുകയാണെങ്കിൽ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ വിദ്യുച്ഛക്തി ബോർഡിന്റെ കുള്ളാർ അണക്കെട്ടിൽ നിന്നും ആവശ്യത്തിന് ജലം ലഭ്യമാക്കുന്നു.

ടി ചെക്ക്ഡാമിൽ വെള്ളം തടഞ്ഞ് നിർത്തി തീർത്ഥാടന കാലത്ത് ജലലഭ്യതയും ജല ഒഴുക്കും ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഈ ചെക്ക്ഡാം മുഖേനയാണ് നടത്തിവരുന്നത്. കൂടാതെ 1200മീറ്ററിൽ പരം നീളത്തിൽ കുളിക്കടവുകൾ നിർമ്മിച്ച് പമ്പാ സ്നാനം സുഗമവും സുരക്ഷിതവുമാക്കി തീർക്കുന്നതിനുള്ള സൗകര്യം ചെയ്ത് വരുന്നു.

പമ്പാ ആക്ഷൻ പ്ലാൻ

പമ്പയുടെ മാലിന്യ നിർമ്മാർജ്ജനവും പുനരുദ്ധാരണവും ആയി രൂപപ്പെടുത്തിയ പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ഏകദേശം 176 കി.മീ. ദൈർഘ്യമുള്ള പമ്പാ നദിയിൽ ഉത്ഭവസ്ഥാനം മുതൽ അവസാന ഇടം വരെ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം, നദിയിലേക്ക് നേരിട്ട് തള്ളുന്ന ജൈവമാലിന്യം, വീടുകളിലെ മാലിന്യം, വ്യാവസായിക മാലിന്യം ഇവയുടെ രൂക്ഷത കാരണം പമ്പാ നദി വൻ തോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുന്നു. തത്മൂലം അനുവദനീയ അളവിനേക്കാൾ കൂടിയ തോതിൽ കോളിഫോം ബാക്ടീരിയ വർദ്ധിച്ചിരിക്കുന്നു.

പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിൽ ഇറിഗേഷൻ വകുപ്പിന്റെ വിഹിതമായ 1.63 കോടി ചെലവഴിച്ച് പമ്പാ ത്രിവേണിയിൽ 6 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. 2–ാം ഘട്ടത്തിൽ NGRBA യുടെ നിബന്ധനകൾക്ക് വിധേയമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

ഇതിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പ് റാന്നി, പെരുനാട് പഞ്ചായത്തിൽ കിസുമത്ത് ഒരു തടയണ നിർമ്മിച്ച് പമ്പാ നദിയിൽ വരൾച്ചാ സമയത്ത് ജലവിതാനം ക്രമീകരിക്കുക. ആറൻമുളയിൽ ഒരു റബ്ബർ ചെക്ക് ഡാമും, വിവിധ സ്ഥലങ്ങളിൽ റഗുലേറ്റേഴിസും നിർമ്മിക്കുക. മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽ നോട്ടത്തിൽ നൂതന അറവ് ശാലകൾ, പൊതു ശ്മശാനം, മാലിന്യ സംസ്കരണ പ്ലാന്റുകൾ, plastic sheredding യൂണിറ്റ് എന്നിവ നിർമ്മിക്കുക. പമ്പാ–ത്രിവേണി, സന്നിധാനം എന്നീ സ്ഥലങ്ങളിൽ അതി നൂതനമായ മാലിന്യ സംസ്കരണ പ്ലാന്റും ശുചി മുറികൾ നിർമ്മിക്കുക. KWA യുമായി ബന്ധപ്പെട്ട് കോഴഞ്ചേരിയിൽ water quality ലാബും ബോധവൽക്കരണ ക്ലാസുകളും നടത്തുക. ഫല വൃക്ഷ തൈകൾ വെച്ചുപിടിപ്പിക്കുക. Brush wood check dam, Gully plugging എന്നിവ ചെയ്ത് മണ്ണിലെ ജലാംശം നിലനിർത്തുക.

കല്ലട ജലസേചന പദ്ധതി

കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കൂടിയാണ് കടന്നു പോകുന്നത്. ഇതിൽ വലതുകര മെയിൻ കനാലിന്റെ 31750 മീറ്റർ മുതൽ 57340 മീറ്റൽ വരെ 25596 മീറ്ററും ബ്രാഞ്ച് കനാൽ 33332 മീറ്ററും (പന്തളം ബ്രാഞ്ച് കനാൽ 15482 മീറ്റർ, ശാസ്താംകോട്ട ബ്രാഞ്ച് കനാൽ 17850 മീറ്റർ) സബ് കനാലുകൾ 183623 മീറ്ററും. പത്തനംതിട്ട ജില്ലയിലെ അടൂർ, പന്തളം മുൻസിപ്പാലിറ്റികളിലും, ഏഴംകുളം, ഏനാദിമംഗലം, കലഞ്ഞൂർ, കടമ്പനാട്, ഏറത്ത്, പന്തളം തെക്കേകര, തുമ്പമൺ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലുമായി സ്ഥിതിചെയ്യുന്നു. പത്തനംതിട്ട ജില്ലയിൽ കൂടിയുള്ള കനാലുകളുടെ മൊത്തതിലുള്ള ആയ കെട്ട് ഏരിയ ഏകദേശം 7103 ഹെക്ടർ ആണ്.

നിർദ്ദേശങ്ങൾ

വേനൽക്കാലത്ത് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ കനാൽ ജലം ജലസേചനത്തിനും, കുടിവെള്ളത്തിനും, വളരയധികം ഉപയോഗപ്പെടുന്നു. വളരെ വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചിട്ടുള്ള ഈ കനാലുകൾ പലതും പൊട്ടിപ്പൊളിഞ്ഞ നിലയിൽ ആണ്. ഈ കനാലുകൾ പൂർണ്ണമായ രീതിയിൽ പുനരുദ്ധരിച്ചാൽ മാത്രമേ കനാൽ ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളു. ഹരിത കേരളമിഷനും പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയും പ്രയോജനപ്പെടുത്തണം.

പമ്പാ ജലസേചന പദ്ധതി

വടശ്ശേരിക്കര വില്ലേജിലുള്ള മണിയാർ ബാരേജ്, പമ്പാ നദിയുടെ പോഷകനദിയായ കക്കാട്ട് ആറ്റിൽ പമ്പാ ജലസേചന പദ്ധതിക്ക് വേണ്ടി ജലം തടഞ്ഞുനിർത്തുന്നു. ഇതിന്റെ ആകെ സംഭരണ ശേഷി 8.80 mm3 ആണെങ്കിലും live സംഭരണ ശേഷി 1.80 mm3 മാത്രമാകുന്നു. ജല സംഭരണിയിൽ എക്കൽ അടിഞ്ഞതുമൂലം ടി live സംഭരണ ശേഷി 1.00 mm3 ൽ താഴെമാത്രമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- നിലവിൽ പദ്ധതിയിൽ ജലസേചന കലണ്ടർ ഇല്ലാത്തതിനാൽ ജലവിതരണത്തിന്റെ കാര്യക്ഷമത കുറയുന്നതായി കാണുന്നു. ബന്ധപ്പെട്ട അഗ്രികൾച്ചറൽ ഓഫീസർന്മാരുടേയും കർഷക പ്രധിനിധികളുടേയും കൂട്ടായ തീരുമാന പ്രകാരം ജലസേചന കലണ്ടർ തയ്യാറാക്കണം.
- കനാൽ പ്രദേശങ്ങളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.
- ജി.പി.എസ് തയ്യാറാക്കുക

- ജലവിഭവ വകുപ്പ്, കൃഷി, മണ്ണു സംരക്ഷണം, ഭൂഗർഭ ജല വകുപ്പ്, എം.ജി.എൻ.ആർ. ഈ.ജി.എസ് എന്നിവയുടെ സംയോജിത പ്രവർത്തനം സാധ്യമായാൽ കൃഷിയും ജലസമൃദ്ധിയും വർദ്ധിപ്പിച്ച് ജില്ലയിലെ തരിശു സ്ഥലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിലുകൾ കിട്ടുന്നതിനും ഇതിലുപരി പരിസ്ഥിതി സംരക്ഷിക്കുകയും ഭാവി തലമുറയ്ക്ക് ആവശ്യമായ നല്ലമണ്ണ്, വെള്ളം, വായു മുതലായവ ലഭ്യമാക്കുന്നതിനും സാധിക്കും.
- ഹരിത കേരളാമിഷന്റെ ആഭിമുഖ്യത്തിൽ ജലസ്ത്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ കൃഷി, മണ്ണ് സംരക്ഷണം, ഭൂജലവകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജലസേചനത്തേക്കാളുപരി ജലസ്രോതസുകളുടെ നവീകരണവും മാലിന്യമുക്തമാക്കലും വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ചെയ്യുക.
- ജലസ്രോതസ്സുകളായി കുളം, ചാൽ തുടങ്ങിയവരുടെ നവീകരണത്തിന് പരിസ്ഥിതി സംരക്ഷണത്തിനുതകും വിധം കല്ലിന്റേയും കോൺക്രീറ്റിന്റേയും ഉപയോഗം പരിമിതപ്പെടുത്തി കയർ ഭൂവസ്ത്രമടക്കമുള്ള നൂതന സാധ്യതകൾ ഉപയോഗിക്കുക.
- പഞ്ചായത്ത് തലത്തിൽ കൃഷിയ്ക്ക് ഉപയോഗിക്കുന്നതും നാവിഗേഷന് ഉപയോഗിക്കുന്നതുമായ തോടുകളെ തരം തിരിച്ച് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ഒരിപ്പൂ കൃഷി നിലവിലുള്ള പാട ശേഖരങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് ഇരിപ്പൂ കൃഷി ആക്കാനുള്ള നടപടി പ്രാദേശിക സമിതികളുമായി ആലോചിച്ച് സ്വീകരിക്കേണ്ടതാണ്. കൂടാതെ കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും ഇടവിട്ട് ചെയ്യുവാനുള്ള സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

ചിത്രം. 4.1
മണ്ണ് സംരക്ഷണം

ജില്ലയിലെ നീരൊഴുക്കു വ്യവസ്ഥ



അവലംബം : സോയിൽ സർവ്വേ ഓർഗനൈസേഷൻ

മഴയുടെ തോത്

പത്തനംതിട്ട ജില്ലയിൽ ഈർപ്പമുള്ള കാലാവസ്ഥയാണ് കൂടുതലായി അനുഭവപ്പെടുന്നത്. ജില്ലയിലെ വാർഷിക മഴയുടെ തോത് 3133.90 മി.മി. ആണ്. ജില്ലയുടെ പടിഞ്ഞാറൻ പ്രദേശത്തെ അപേക്ഷിച്ച് കിഴക്കൻ മേഖലയിലാണ് പരമാവധി മഴലഭിക്കുന്നത്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് കോന്നി മേഖലയിലും ഏറ്റവും കുറവ് മഴ ലഭിക്കുന്നത് അടൂർ മേഖലയിലുമാണ്.

പട്ടിക .4.8

ജില്ലയിൽ പെയ്യുന്ന മഴയുടെ തോത്

വർഷം	മഴയുടെ തോത് (മി.മീ)
2007	3640.30
2008	2630.00
2009	2375.10
2010	3453.20
2011	2631.40
2012	1859.60
2013	2334.00
2014	2933.80
2015	2421.00
2016	2125.30

ചിത്രം. 4.2



2007 ൽ ജില്ലയിൽ പെയ്ത മഴയുടെ തോത് 3640.33 (മി. മീ) ആണ്. 2008 മുതൽ ജില്ലയിൽ മഴയുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. 2015, 2016 വർഷങ്ങളിൽ മുതൽ ജില്ലയിലെ മഴയുടെ തോത് വളരെ കുറഞ്ഞു വരുന്നതായി കാണാം. ജില്ലയിൽ മലയാലപ്പുഴ, വെട്ടൂർ, മല്ലപ്പള്ളി പ്രദേശങ്ങളിലാണ് അതിരൂക്ഷമായ വരൾച്ചാ പ്രശ്നം നേരിടുന്നത്. താഴെ പറയുന്ന കാരണങ്ങൾ പ്രസ്തുത കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായി കണക്കാക്കാം.

പ്രശ്നങ്ങൾ

1. ജില്ലയിലെ മണ്ണൊലിപ്പിന്റെ തോത് 16 ടൺ/ഹെക്ടർ ആണ്.
2. മലയോര മേഖലയിൽ രൂക്ഷമായ മണ്ണിടിച്ചിൽ ഉണ്ടാകുന്നു.
3. ഭൂഗർഭ ജലവിതാനം അപകടകരമാം വിധം താഴുന്നു.
4. ജൈവ സമ്പുഷ്ടമായ മേൽമണ്ണ് ഒലിച്ചു പോകുന്നത് മൂലം കാർഷികോല്പാദനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു.
5. അശാസ്ത്രീയമായ രീതിയിലുള്ള മണ്ണെടുപ്പ് മണ്ണിടിച്ചിലിന് കാരണമാകുന്നു.
6. യാതൊരുവിധ സാങ്കേതിക പരിജ്ഞാനവുമില്ലാതെ അശാസ്ത്രീയമായ രീതിയിൽ സ്വകാര്യ ഏജൻസികൾ നടപ്പിലാക്കുന്ന നീർത്തട പദ്ധതികൾ.
7. മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവംമൂലം വരൾച്ചയും കൃഷി നാശവും നേരിടുന്നു.
8. കാർഷിക മേഖലയിലെ മാറ്റം നെൽവയലുകളുടെ വിസ്തൃതി കുറയാൻ കാരണമായിട്ടുണ്ട്. രൂക്ഷമായ വരൾച്ച മറ്റു കൃഷികളെ കാര്യമായി ബാധിച്ചിട്ടുണ്ട്.
9. നെൽവയലുകളിൽ മറ്റു വിളകൾ (വാഴ) കൃഷി ചെയ്യുന്നതു കൊണ്ട് ജലം സംഭരിക്കാൻ സാധിക്കാത്തത് വരൾച്ചയ്ക്ക് കാരണമാകുന്നുണ്ട്.
10. രൂക്ഷമായ മണ്ണൊലിപ്പ് ജില്ല നേരിടുന്ന പ്രധാന പ്രശ്നമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ –മണ്ണ് സംരക്ഷണം

- ജില്ലയിൽ നടപ്പിലാക്കുന്ന എല്ലാ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളും ശാസ്ത്രീയമായി നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു ജല സംരക്ഷണപദ്ധതികളായി നടപ്പിലാക്കുക
- ഉയരമുള്ള പ്രദേശങ്ങൾക്ക് (വീട് ഉൾപ്പെടെയുള്ള കൃഷി സ്ഥലം) അനുയോജ്യമായ നിർമ്മിതികൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
- സ്വകാര്യ ഏജൻസികളും ഇതരവകുപ്പുകളും ജില്ലയിൽ നടപ്പിലാക്കുന്ന മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക.
- വരൾച്ചാ ബാധിത പ്രദേശങ്ങൾക്ക് മാത്രമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കാലം കേന്ദ്രീകരിച്ച് പദ്ധതി തയ്യാറാക്കി, പെയ്തുവീഴുന്ന മഴവെള്ളം പൂർണ്ണമായും മണ്ണിൽ താഴാനുള്ള അവസരം സൃഷ്ടിക്കണം.
- ജില്ലയിൽ നടപ്പിലാക്കുന്ന മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാംതന്നെ ഏകീകരിച്ച് ഒരു മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക.
- അപ്പർകുട്ടനാട് മേഖലകളിലെ ബണ്ടുകൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക
- കിണറുകളിൽ ജലവിതാനം നിലനിർത്തുന്നതിന്, കിണർ റീചാർജ്ജിംഗ് സംവിധാനം ഉപയോഗപ്പെടുത്തുക.
- ചരിവു കൂടുതലുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക.
- ജലസേചന സംവിധാനങ്ങൾ കാര്യക്ഷമമാക്കുക
- പമ്പ നദി ഉപയോഗപ്പെടുത്തി കൂടുതൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക
- വൻകിട ജലസേചന പദ്ധതികളെ അപേക്ഷിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതോടെ ജലലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.
- വനങ്ങളിലുള്ള നീർച്ചാലുകളുടെയും കാവുകളും അതിനോടനുബന്ധിച്ചുള്ള കുളങ്ങളുടെയും പുനരുദ്ധാരണം.

- ജില്ലയിലെ അനുയോജ്യമായ പ്രദേശങ്ങളിൽ വനവൽകരണം പ്രോൽസാഹിപ്പിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ പാരിസ്ഥിതിക സൗഹാർദ്രമായ തടയിണകൾ നിർമ്മിച്ചു കൊണ്ട് ജലസംഭരണം വർദ്ധിപ്പിക്കാവുന്നതാണ്.

മണ്ണും ധാതുക്കളും

മണ്ണിനങ്ങൾ

ധാരാളമായി ലഭിച്ചിരുന്ന മഴയിലും ജൈവ സമ്പത്തിന്റെയും ഫലമായി പത്തനംതിട്ട ജില്ലയിലെ മണ്ണിനങ്ങൾക്ക് പല രൂപാന്തരങ്ങളും സംഭവിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിലായി ഉണ്ടായിട്ടുള്ള മണ്ണൊലിപ്പും മണ്ണിടിച്ചിലിന്റെയും ഫലമായി പലതരത്തിലുള്ള മണ്ണിനങ്ങൾ പത്തനംതിട്ട ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. വ്യത്യസ്തമായ ഭൗതികഘടനയുടെ അടിസ്ഥാനത്തിൽ ജില്ലയുടെ ഭൂപ്രകൃതിയെ താഴ്ന്ന പ്രദേശം, ഇടനാട്, ഉയർന്ന പ്രദേശം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മണ്ണിന്റെ സ്വഭാവം അനുസരിച്ച് മേൽമണ്ണ് ഒഴിച്ച് മണ്ണിന്റെ ഘടനകളെ, അവയുടെ മാതൃഘടകങ്ങളുടെ ഘടനാനുസൃതമായി പലതരം മണ്ണിനങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇത് അടിസ്ഥാനമാക്കി 30 തരം മണ്ണിനങ്ങൾ ജില്ലയുടെ വിവിധഭൗതികമേഖലകളിൽ കണ്ടെത്തിയിട്ടുണ്ട്.

പട്ടിക.4.9

പത്തനംതിട്ട ജില്ലയിലെ മണ്ണിനങ്ങളുടെ പൊതുവിവരങ്ങൾ

ക്രമ നം.	മണ്ണ് ഇനങ്ങൾ	ഭൗതിക ഘടന MSLൽ നിന്നുള്ള ശരാശരി ഉയരം	മാതൃ ശില	ശരാശരി താഴ്ച	സംരചന	ഘടന	പൊതു ഫലഭൂയിഷ്ഠതാ നിലവാരം			
							N	P	K	PH
1	അയിരൂർ	50	നദീതീര എക്കൽ മണ്ണ്	180	സാന്റി ക്ളേലോം	സബ് ആങ്കുലർബ്ളോക്കി	M-H	M	M	5.2
2	ചേതക്കൽ	50	വെട്ടുകല്ല്	80	ഗ്രാവലി ക്ളേലോം		M	M	L	4.9
3	മല്ലശ്ശേരി	20	എക്കൽ മണ്ണ്	110	ക്ളേലോം		M	M	M	5.3
4	ഐരാവൺ	20	എക്കൽ മണ്ണ്	125	ക്ളേ		M	M	M	5.6
5	കല്ലുപ്പാറ	80	ചീങ്കൽ	116	ഗ്രാവലി ക്ളേലോം		M	L	L	4.6
6	വേങ്ങൽ	20	എക്കൽ മണ്ണ്	160	സാന്റി ക്ളേലോം		L	M	L	5.3
7	മാന്നാർ	20	തീരദേശ എക്കൽ മണ്ണ്	150	സാന്റി		L	L	L	5.2
8	മുത്തൂർ	20	എക്കൽ മണ്ണ്	200	ക്ളേ		M	M	M	4.1

9	ഇടവനാ ശ്ശേരി	50	ചീങ്കൽ	150	ക്ളേലോം		M	M	M	5.7
10	കോന്നി	75	വെട്ടുകല്ല്	120	സാന്റി ക്ളേലോം		M	L	L	4.9
11	പൂവൻപാറ	25	എക്കൽ കലർന്ന മണൽ മണ്ണ്	110	സാന്റിക്ളേ		M	M	M	5.3
12	ഏഴംകുളം	80	ചീങ്കൽ	90	സാന്റിലോം		M	M	M	4.7
13	ഊട്ടുപാറ	140	ചീങ്കൽ	70	സാന്റിക്ളേ		M	M	M	4.7
14	ചിറ്റാർ	400	ചീങ്കൽ	130	ക്ളേലോം		M	M	M	6.5
15	ശൂരനാട്	20	എക്കൽ കലർന്ന മണൽ മണ്ണ്	200	സാന്റി ക്ളേലോം		L-M	M	M	4.5
16	ഏറത്ത്	100	മണൽ മണ്ണ്	125	ക്ളേലോം		L-M	M	M-H	5.4
17	നെടുംപാറ	600	ചീങ്കൽ	150	സാന്റി ക്ളേലോം		M-H	H	M	5.4
18	അടൂർ	60	വെട്ടുകല്ല്	110	സാന്റിക്ളേ		L-M	L	L-M	4.5
19	കവിയൂർ	30	വെട്ടുകല്ല്	125	സാന്റി ക്ളേലോം		L	L	M	4.8
20	മൂഴിയാർ	600	ചീങ്കൽ	180	സാന്റി ക്ളേലോം		M-H	H	M	4.2
21	കൊടുമൺ	100	ചീങ്കൽ	150	ഗ്രാവലി ക്ളേലോം		M	H	M	4.7
22	കുമാരൻപേ രൂർ	100	ചീങ്കൽ	100	ഗ്രാവലി ക്ളേലോം		H	L	M	5.8
23	മെഴുവേലി	80	എക്കൽ കലർന്ന മണൽ മണ്ണ്	140	ലോമിസാന്റ്		M	M	M	4.8
24	നെടുംപുറം	20	എക്കൽ മണ്ണ്	200	സാന്റി ക്ളേലോം		M	M	M	4.2
25	പെരുവേലി ക്കര	40	വെട്ടുകല്ല്	80	ഗ്രാവലി ക്ളേലോം		L-M	L	L-M	5.7
26	പെരിങ്ങനാട്	60	വെട്ടുകല്ല്	150	ഗ്രാവലി ക്ളേലോം		L-H	M	M	4.1
27	ഗുഡാരക്കൽ	60	ചീങ്കൽ	150	സാന്റിക്ളേ		H	M-H	M-H	4.5
28	പുത്തൻപീ ടിക	100	ചീങ്കൽ	110	ഗ്രാവലി ക്ളേലോം		H	L	M	5.9

29	ഭരണിക്കാവ്	30	മണൽ മണ്ണ്	200	സാന്റി ക്ളേലോം		M	M	L-M	5.8
30	കൊടുമുടി	300	ചീങ്കൽ	130	സാന്റിലോം		H	M	M	5.27

L- Low. M- Medium. H- High

അവലംബം: മണ്ണുപര്യവേഷണ വിഭാഗം

പത്തനംതിട്ട ജില്ലയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ചീങ്കൽ മണ്ണ്, എക്കൽ മണ്ണ് എന്നിവയാണ് കാണപ്പെടുന്നത്. ജില്ലയിലെ മധ്യപ്രദേശങ്ങളിൽ ലോമി സോയിൽ കാണപ്പെടുന്നു. നമ്മുടെ മണ്ണ് ജൈവ ഗുണങ്ങൾ ഏറെയുള്ളതായതിനാൽ കൃഷിയ്ക്ക് അനുയോജ്യമാണ്. ക്ളോറൈറ്റ്, മാഗ്നറ്റേറ്റ്, സിർക്കോൺ, ഫെൽസ്പാർ, ഗ്രാനൈറ്റ് തുടങ്ങിയ ധാതുക്കളാണ് പത്തനംതിട്ട ജില്ലയിൽ കണ്ടുവരുന്നത്.



Fig 15.

Geographic accuracy is limited



അവലംബം : മണ്ണുപര്യവേഷണ വിഭാഗം ചിത്രം.4.3

വിവിധ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ

നീർത്തട വികസന പരിപാടിയിൽ ഏറ്റവും പ്രധാനമാണ് മണ്ണു ജല സംരക്ഷണം. മണ്ണു ജല സംരക്ഷണത്തിലൂടെ അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുന്നതിനോടൊപ്പം ജൈവ വിഭവങ്ങളുടെ വളർച്ചയും അതുമായി ബന്ധപ്പെട്ട നിരവധി വികസന പ്രവർത്തനങ്ങളും സാധ്യമാകുന്നു. സംരക്ഷണ കൃഷി മുറകൾ ഉൾപ്പെടെയുള്ള ജൈവ മാർഗ്ഗങ്ങൾ, എഞ്ചിനീയറിംഗ് മാർഗ്ഗങ്ങൾ എന്നിങ്ങനെ പ്രവർത്തനങ്ങളെ തരം തിരിക്കാം.കൃഷി ഭൂമിയുടെ സംരക്ഷണത്തിനും, നീർച്ചാലുകളുടെ സംരക്ഷണത്തിനും വ്യത്യസ്ത മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്.

പട്ടിക. 4.10

കൃഷിഭൂമിയിലെ സംരക്ഷണ പ്രവർത്തനങ്ങൾ

കൃഷി മുറകൾ	നിർമ്മിതികൾ	നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ
കോണ്ടൂർ കൃഷരീതി	കല്ലുകയ്യാലകൾ	ബ്രഷ് വുഡ്തടയണകൾ
ബഹുതലകൃഷി	വേദികൾ/തട്ടുതിരിക്കൽ	തടയണകൾ (ചെക്ക്ഡാം)
ഇടവരി കൃഷിരീതി	ട്രെഞ്ചുകൾ	ജല സംഭരണികൾ
മിശ്രിത കൃഷിരീതി	മൺബണ്ടുകൾ	അണകൾ
പുതയിടൽ	താങ്ങ് ചുമരുകൾ	സസ്യങ്ങൾകൊണ്ടുള്ള പാർശ്വസംരക്ഷണം
ഇടവിളകൃഷി		പാർശ്വ ഭിത്തികൾ
വിള പരിവർത്തനം		മഴവെള്ള സംഭരണികൾ

പുൽകൃഷി		കിണർ റീചാർജ്ജിംഗ് പിറ്റുകൾ
ആവരണ വിളകൾ		
തരിശ് നിരയിടൽ		
സീറോ ടില്ലേജ്		
സസ്യപ്രബലനത്തോടു കൂടിയ മൺതിടിലുകൾ		
അഗ്രോ ഫോറസ്ട്രി		
ജൈവ വേലികൾ		
പുൽവരമ്പുകൾ		
നീർക്കുഴികൾ		
വൃക്ഷത്തടമെടുക്കൽ		

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും, ഓരോ ബ്ളോക്ക് പഞ്ചായത്ത് അടിസ്ഥാനപ്പെടുത്തി മഴവെള്ള സംഭരണികൾ, കിണർ റീചാർജ്ജിംഗ് യൂണിറ്റുകൾ എന്നിവ നിർമ്മിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കുളങ്ങളുടെ നിർമ്മാണം, നവീകരണം, നിലനിർത്തൽ, പുനരുജ്ജീവനം എന്നിവ മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പിലാക്കുക.
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജലസംരക്ഷണ ബോധവൽക്കരണ കമ്മറ്റികൾ രൂപീകരിക്കുക.
- സ്ക്കൂളുകളിൽ ജല ഉപഭോഗ ബോധവൽക്കരണ ക്ളബ്ബുകൾ തുടങ്ങുക.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുവാൻബാക്കിയുള്ള പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ചെയ്തു പൂർത്തീകരിക്കുക.
- വരട്ടാർ പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക
- പള്ളിക്കലാർ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ളാൻ തയ്യാറാക്കുക.

വരുന്ന 5 വർഷത്തെ പ്രവർത്തന പട്ടിക

പമ്പ ആക്ഷൻ പ്ളാനിൽ ഉൾപ്പെടുത്തി, വരുന്ന 5 വർഷങ്ങളിലായി താഴെ പറയുന്ന പ്രകാരം നീർത്തടങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഒന്നാം വർഷം

ക്രമനം.	നീർത്തട കോഡ്	ഉപനീർത്തടം	വിസ്തീർണ്ണം Ha	റിമാർക്സ്
1	10P21	പേമരുതി	1171	
2	10P22	പെരുന്തേനരുവി	390	
3	10P23	ഇടകടത്തി	278	
4	10P28	ഉരക്കുഴി	1094	
5	10P29	കൊച്ചുപമ്പ	3475	
6	10P30	കക്കി	496	
7	10P33	ആനത്തോട്	855	
8	10P38	കിരിയാർ	791	

9	10P39	എരിക്കർ	702	
10	10P41	ചിന്നകക്കി	655	
11	10P45	അരുവിത്തോട്	525	
12	10P47	നാരാണംതോട്	320	
13	10P48	തുലാപ്പള്ളി	530	
14	10P51	കോലിഞ്ചി	330	

രണ്ടാം വർഷം

ക്രമ നം.	നീർത്തടകോഡ്	ഉപനീർത്തടം	വിസ്തീർണ്ണം (ഹെക്ടർ)	റിമാർക്സ്
1	10P52	പെരുനാട്	13743	

മൂന്നാം വർഷം

ക്രമ നം.	നീർത്തട കോഡ്	ഉപനീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)	റിമാർക്സ്
1	10P53	വടശ്ശേരിക്കര	8009	

നാലാം വർഷം

ക്രമ നം.	നീർത്തടകോഡ്	ഉപനീർത്തടത്തിന്റെ പേര്	വിസ്തീർണ്ണം (ഹെക്ടർ)	റിമാർക്സ്
1	10P14	ഇരപ്പൻ തോട്	1198	
2	10P16	കാഞ്ഞേറ്റുകര	1230	
3	10P17	അയിരൂർ	1261	
4	10P18	റാന്നി	2357	
5	10P19	കമ്പകത്തിൻപടി	750	
6	10P20	കിടങ്ങാംമൂഴി	526	

അഞ്ചാം വർഷം

ക്രമ നം.	നീർത്തട കോഡ്	ഉപനീർത്തടം	വിസ്തീർണ്ണം (ഹെക്ടർ)	റിമാർക്സ്
1	10P54	റാന്നി തോട്ടമൺ	757	
2	10P55	താന്നിവേലിൽക്കടവ്	586	
3	10P56	കുഴിമണ്ണിൽപടി	1122	
4	10P57	ചെറുകോൽപ്പുഴ	448	

5	10P58	നാരങ്ങാനം	1698	
6	10P59	കോഴിത്തോട്	3700	
7	10P60	പേരൂർ	1576	

നേട്ടങ്ങൾ

ടി പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുക വഴി മണ്ണൊലിപ്പിന്റെ തോത് ഗണ്യമായി കുറയ്ക്കാനും, കാർഷിക ഉത്പാദനത്തിലും മണ്ണിലെ ഭൂഗർഭ ജലവിതാനത്തിന്റെ അളവ് വർദ്ധിപ്പിക്കാനും കഴിയും. തന്മൂലം ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും വരൾച്ചയ്ക്കും ശാശ്വതമായ പരിഹാരവും ആകുന്നതാണ്.

4.1.2 മൃഗസംരക്ഷണം, ക്ഷീര വികസനം

ആമുഖം

രാജ്യത്തിന്റെ സമ്പത്ത് ഘടനയേയും വളർച്ചയേയും പ്രധാനമായും സ്വാധീനിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. തൊഴിലവസരങ്ങൾ, ദൈനംദിന വരുമാനം, മുട്ട, പാൽ, മാംസം തുടങ്ങിയവയുടെ ഉത്പാദനം പരിസ്ഥിതിക്കനുകൂലമായ മൃഗശക്തി, ജൈവ വളങ്ങൾ, ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉറവിടം എന്നിവ മൃഗസംരക്ഷണ മേഖലയുടെ സംഭാവനയാണ്. മൃഗപരിപാലനത്തിന് അനുയോജ്യമായ ഭൂപ്രദേശമാണ് പത്തനംതിട്ട ജില്ലയുടേത്. ഉയർന്ന മലനിരകളും ഫലഭൂയിഷ്ഠമായ നദീതടങ്ങളും യഥേഷ്ടമുള്ള ഈ ജില്ലയുടെ വൈവിധ്യമാർന്ന ഭൂപ്രകൃതി ഫാം ടൂറിസം എന്ന ആശയത്തിന് യോജിക്കുന്നതാണ്. ശാസ്ത്രീയവും നൂതനവുമായ മാർഗ്ഗങ്ങൾ അവലംബിച്ച് ഈ മേഖല ശക്തിപ്പെടുത്തുന്നതിന് സമഗ്രമായ ഇടപെടലുകൾ സഹായകമാവും. നിലവിലുള്ള പ്രവർത്തനങ്ങൾക്ക് ജില്ലയിലെ കെട്ടുറപ്പുള്ള കുടുംബശ്രീ സംവിധാനം സഹായകമാണ്.

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സാങ്കേതികവും ഭരണപരവുമായ നിയന്ത്രണം ജില്ലാ മൃഗസംരക്ഷണ ആഫീസിലും ക്ഷീരവികസന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും നിക്ഷിപ്തമാണ്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത കർഷകരെ നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക, പുതിയ സാങ്കേതിക വിദ്യകളെ പ്രവർത്തനമേഖലയിലെത്തിക്കുക, പക്ഷിമൃഗാദികളുടെ ഉത്പാദന സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിക്കുക, കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഗവേഷണവും വികസന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക മുതലായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരവികസന വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം.

നിലവിൽ മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ ദാരിദ്ര്യനിർമ്മാജനമെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നവയാണ്. ഇതിനുപരിയായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുതകുന്ന ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ചുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്.

വിഭവ ലഭ്യത

ജില്ലയിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡിസ്പൻസറികൾ വഴി മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയിലെ കർഷകർക്ക് അവരുടെ മൃഗങ്ങൾക്ക് ആവശ്യമായ ചികിത്സാ സേവനം നൽകുന്നതോടൊപ്പം നൂതന ആശയങ്ങളും സാങ്കേതിക വിദ്യകളും സമയബന്ധിതമായി നൽകാനും കഴിയുന്നുണ്ട്. പ്രതിരോധ കുത്തിവെയ്പ്പ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനാൽ ഉരുക്കളെ പല പ്രധാന രോഗങ്ങളിൽ നിന്നും സംരക്ഷിക്കാൻ കഴിയുന്നു. കന്നുകാലികളെ കർഷകർ ആവശ്യപ്പെടുന്നപ്രകാരം വെറ്ററിനറി സർജൻ അവയുടെ ആരോഗ്യനില പരിശോധിച്ച് ഉറപ്പാക്കി ഇൻഷ്വറൻസിന് വിധേയമാക്കുന്നു. കൂടാതെ വിവിധ ഡിപ്പാർട്ട്മെന്റ് പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും വഴി മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും അവയുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക വഴി കർഷകന് സാമ്പത്തികനഷ്ടം ഒഴിവാക്കി ഉത്പാദനം വർദ്ധിപ്പിക്കാനും മൃഗസംരക്ഷണ മേഖല ജീവനോപാധിയായി സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങളുടെ സാമ്പത്തിക നിലവാരം ഉയർത്താനും കഴിയുന്നു.

പട്ടിക. 4.11

പത്തനംതിട്ട ജില്ലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം
1	ജില്ലാ മൃഗസംരക്ഷണ ആഫീസ്	1
2	ജില്ലാ വെറ്ററിനറി കേന്ദ്രം (ഡി.വി.സി)	1
3	വെറ്ററിനറി പോളിക്ലിനിക്കുകൾ	3
4	വെറ്ററിനറി ഹോസ്പിറ്റലുകൾ	14
5	വെറ്ററിനറി ഡിസ്പെൻസറികൾ	43
6	കൃത്രിമ ബീജ സങ്കലന ഉപകേന്ദ്രങ്ങൾ	5
7	വെറ്ററിനറി ഉപകേന്ദ്രങ്ങൾ	94
8	പ്രദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ (ആർ.എ.എച്ച്.സി)	3
9	ഊർജ്ജിത കന്നുകാലി വികസന ആഫീസ് (ഐ.സി.ഡി.പി.)	1
10	എ.ഡി.സി.പി. ആഫീസ്	1
11	ഡക്ക് ഫാം	1
12	പക്ഷി രോഗനിർണ്ണയ ലാബ് (എ.ഡി.ഡി. ലാബ്)	1
	ആകെ	**168**

അവലംബം :മൃഗസംരക്ഷണ വകുപ്പ്

ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ എന്നിവ ജില്ലയിലെ മൃഗചികിത്സാ പ്രവർത്തനങ്ങൾ, വിജ്ഞാന വ്യാപനം, വകുപ്പ്–പഞ്ചായത്തുതല പദ്ധതി നിർവ്വഹണം എന്നിവ നടത്തിവരുന്നു. പഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന വെറ്ററിനറി സബ്സെന്ററുകൾ, കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങളും രോഗപ്രതിരോധ കുത്തിവെയ്പുകളും പഞ്ചായത്തുതല പദ്ധതി പ്രവർത്തനങ്ങൾക്ക് സഹായവും നൽകുന്നു.

ജില്ലയിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് താലൂക്ക് തലത്തിൽ മേൽനോട്ടം വഹിക്കുന്നത് 3 ആർ.എ.എച്ച്.സി.കളാണ്. കൂടാതെ ആർ.എ.എച്ച്.സി.കളിൽ മൃഗപരിപാലന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ആർ.എ.എച്ച്.സി.കളുടെ മേൽനോട്ടവും കന്നുകട്ടിപരിപാലന പദ്ധതിയുടെ ജില്ലാതല മേൽനോട്ടവും ഐ.സി.ഡി.പി. ആഫീസ് വഴി നടത്തിവരുന്നു. പത്തനംതിട്ട മുൻസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് രോഗനിർണ്ണയവും ചികിത്സയും നടത്തുന്നു.

ജില്ലയിലെ മൃഗങ്ങളുടെ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജില്ലാ കോ–ഓർഡിനേറ്ററുടെ ചുമതലയിലുള്ള ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ആഫീസ് വഴി നടത്തിവരുന്നു.

തിരുവല്ല മഞ്ഞാടിയിൽ പക്ഷിരോഗനിർണ്ണയശാല (റീജിയണൽ ഡയഗ്നോസ്റ്റിക് ലാബ്) 8/10/1979 മുതൽ പ്രവർത്തിക്കുന്നു. സംസ്ഥാനമൊട്ടാകെയുള്ള പക്ഷികളുടെ രോഗനിർണ്ണയവും ചികിത്സയും മൃഗങ്ങളുടെ പേവിഷബാധ നിർണ്ണയവും രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ അവലംബിക്കുകയുമാണ് ലാബിന്റെ പ്രധാന ചുമതല. ഇതിന് പുറമെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളുടേയും മേഖലാ രോഗനിർണ്ണയകേന്ദ്രമായും എ.ഡി.ഡി. ലാബ് പ്രവർത്തിച്ചു വരുന്നു. ലാബിനോട് ചേർന്ന് കർഷകപരിശീനകേന്ദ്രം പ്രവർത്തിക്കുന്നു. വകുപ്പിന്റെ കീഴിൽ നിരണം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താറാവു വളർത്തൽ കേന്ദ്രം വകുപ്പിന്റെ പ്രധാന സംഭാവനയാണ്. ജില്ലയിലെ എരുമ, പശു, ആട് എന്നിവയ്ക്കുള്ള കൃത്രിമ ബീജാധാനത്തിന് ആവശ്യമായ സെമൻ കെ.എൽ.ഡി. ബോർഡ് ആണ് നൽകി വരുന്നത്.

പട്ടിക. 4.12

ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനങ്ങൾ	എണ്ണം
1	ക്ഷീരവികസന വകുപ്പ് ജില്ലാ ഓഫീസ്	1
2	ബ്ളോക്ക്തല ക്ഷീരവികസന ഓഫീസുകൾ	9
3	ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റ്	1
4	ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബ്	1
5	ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്	140
6	ഡയറി പ്ളാന്റ് (കപ്പാസിറ്റി 60,000 ലിറ്റർ /ദിവസം)	1
7	ബൾക്ക്മിൽക്ക് ചില്ലിംഗ് യൂണിറ്റ് (ബിഎംസിസി)	12
8	ഡയറി ട്രെയിനിംഗ് സെന്റർ	1
9	ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ	10

അവലംബം :ക്ഷീരവികസന വകുപ്പ്

പട്ടിക. 4.13

ജില്ലയിലെ 2017-18 വർഷത്തെ പാലുൽപ്പാദന വിവരങ്ങൾ

മാസം	മിൽമ(ലിറ്ററിൽ)	പ്രാദേശിക വിതരണം(ലിറ്ററിൽ)	ആകെ(ലിറ്ററിൽ)	ദിവസ ശരാശരി(ലിറ്ററിൽ)
ഏപ്രിൽ-2017	922764.79	351404.99	1274169.78	42472.29
മെയ്-2017	1096420.06	369418.4	1465838.46	47285.08
ജൂൺ-2017	1081201.3	331894.9	1413096.2	47103.17
ജൂലൈ-2017	1083366.3	401545.13	1484911.23	49497.04
ഓഗസ്റ്റ്-2017	1089241.4	390279.05	1479900	49330.01
സെപ്റ്റംബർ-2017	1047386.8	353537.53	1400924.37	46697.48
ഒക്ടോബർ-2017	1166008.8	366174.1	1532182.85	51072.76
നവംബർ-2017	1181480.2	343722.7	1525202.9	50840.1
ഡിസംബർ-2017	1262920.5	361929.7	1624850.24	54161.67
ജനുവരി-2018	1272699.6	368943.8	1641643.4	54721.45
ഫെബ്രുവരി-2018	875610.6	564857.2	1440467.76	51445.28

അവലംബം :ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ജില്ലാ തലത്തിൽ ഒരു ഗുണനിയന്ത്രണ ഓഫീസും ബ്ളോക്ക് തലത്തിൽ 9 ക്ഷീരവികസന യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഡിപ്പാർട്ട്മെന്റ് ഭരണ നിയന്ത്രണത്തിൽ 202 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളും ഒരു ഡയറി പ്ളാന്റും ജില്ലയിലുണ്ട്. കൂടാതെ ജില്ലയിൽ ഒരു ക്ഷീരപരിശീലന കേന്ദ്രം അടൂരിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങൾ പ്രതിദിനം അമ്പതിനായിരം ലിറ്റർ പാൽ സംഭരിക്കുന്നു. ഇതിൽ പതിനായിരം ലിറ്റർ പ്രാദേശിക വിൽപനയും ബാക്കി നല്പതിനായിരം ലിറ്റർ ഡയറിയിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ഡയറി പ്ലാന്റിന് 60000 ലിറ്റർ സംസ്കരണ ശേഷി ഉണ്ട്.

2642 ചതുരശ്ര. കിലോമീറ്ററിലായി വ്യാപിച്ചു കിടക്കുന്ന മലയോര ജില്ലയായ പത്തനംതിട്ടയിൽ 2011 സെൻസസ് പ്രകാരം 11,97,412 ജനങ്ങൾ അധിവസിക്കുന്നതിൽ 5,61,716 പുരുഷൻമാരും 6,35,696 സ്ത്രീകളും അതിൽ 10 ലക്ഷം പേർ പ്രായപൂർത്തിയായവരും ആണ്.

പട്ടിക. 4.14

2012-ലെ 19-ാം മത് കന്നുകാലി സെൻസസ് പ്രകാരം ജില്ലയിൽ പക്ഷിമൃഗാദികളുടെ എണ്ണം

പക്ഷി മൃഗാദികൾ	എണ്ണം
കന്നുകാലി	64,334
എരുമ	2,846
ചെമ്മരിയാട്	18
ആട്	51,066
പന്നി	756
കഴുത	98
കുതിര	5
മുയൽ	8,808
കോഴി	4,31,201
താറാവ്	1,65,825
മറ്റു പക്ഷികൾ	46,545
ആന	35
നായ	65,748

സാമ്പിൾ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ പാലുൽപ്പാദനം ചുവടെ ചേർക്കുന്നു.

വർഷം	മെട്രിക് ടൺ
2014-15	201.44
2015-16	153.31
2016-17	142.69

ജില്ലയിൽ 3 അംഗീകൃത അറവുശാലകളും, 16 അനധികൃത അറവുശാലകളും പ്രവർത്തിക്കുന്നുണ്ട്.

മാംസ ഉത്പാദനം

വർഷം	മെട്രിക് ടൺ
2015-16	9.50
2016-17	15.92

ഫാമുകളുടെ വിവരങ്ങൾ

നിലവിൽ ജില്ലയിൽ നാടൻ പശുക്കളെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതികൾ ഒന്നുമില്ല. എന്നാൽ സ്വകാര്യ ഫാമിൽ കാസർഗോഡ് ഡ്വാർഫ്, ഗിർ, കൃഷ്ണ, ചെറുവള്ളി, ഓങ്കോൾ, വെച്ചൂർ എന്നീ നാടൻ പശുക്കളെ പരിപാലിക്കുന്നുണ്ട്.

ജില്ലയിൽ 16 എഗ്ഗർ നഴ്സറികളിലായി 21050 കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിപണനം നടത്തുന്നുണ്ട്.

പട്ടിക. 4.15

ഫാമുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	ഫാം ഇനം	ഫാമുകളുടെ എണ്ണം
1	കന്നുകാലി	186
2	എരുമ/പോത്ത്	32
3	ആട്	62
4	താറാവ്	33
5	പന്നി	18
6	മുയൽ	8
7	ടർക്കിക്കോഴി	5
8	കാട	1
9	വാത്ത	1
10	ഫ്ളൈയിംഗ് ഡക്ക്	1
11	അലങ്കാരക്കോഴി	1
12	പ്രാവ്	1
13	എമു	2
14	കോഴി	97

എച്ച്. കൃത്രിമ ബീജധാന വിവരങ്ങൾ

വർഷം	പശു	എരുമ	ആട്
201516	76586	108	571
201617	69031	288	897

മൃഗസംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

കന്നുകുട്ടി പരിപാലന പദ്ധതി ജില്ലാതല മേൽനോട്ടം ഐ.സി.ഡി.പി. ആഫീസുവഴി നടത്തിവരുന്നു. ജില്ലയിൽ 16071 രജിസ്റ്റേർഡ് ക്ഷീരകർഷകരുണ്ട്. നിലവിൽ 7625 കന്നുകുട്ടികളെ എസ്.എൽ.ബി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നുണ്ട്. 229 രജിസ്റ്റേർഡ് താറാവ് വളർത്തൽ സംരംഭകർ ജില്ലയിലുണ്ട്.

പട്ടിക. 4.16
മൃഗസംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

പദ്ധതി	തുക	ഗുണഭോക്താക്കൾ
ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്	1500000	60 യൂണിറ്റ്
നിരണം താറാവുവളർത്തൽ കേന്ദ്രത്തിൽ തീറ്റവാങ്ങൽ	8000000	നിരണം ഡക്ക് ഫാമിനാവശ്യമായ തീറ്റ വാങ്ങുന്നതിന്
താറാവുനേഴ്സറി പ്രോത്സാഹനം	660000	500
കറവയന്ത്രം	250000	10 (5 പശുക്കളിൽ കൂടുതലുള്ള ക്ഷീരകർഷകൻ, വനിതകൾക്ക് മുൻഗണന)
ടർക്കി വളർത്തൽ	195150	150
പട്ടികജാതി വിഭാഗത്തിന് മുട്ടക്കോഴി വിതരണം	312000	300
ബയോവേസ്റ്റ് മാനേജ്മെന്റ് (ചാണക കുഴി)	312500	25
സ്കൂൾ പൗൾട്രി ക്ലബ്	2551440	70
എക്സ്പാൻഷൻ ഓഫ് ക്രോസ്ബ്രീഡിങ്	200000	20 ക്യാമ്പുകൾ
എക്സറ്റൻഷൻ & ട്രയിനിങ്	608500	മൃഗസംരക്ഷണ മേഖലയിലെ കർഷകർ
വെറ്ററിനറി സേവന ശാക്തീകരണം	635400	മൃഗസംരക്ഷണ മേഖലയിലെ കർഷകർ

വന്ധ്യതാ നിവാരണ പദ്ധതി 2017–18

- ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 20 സെന്ററുകളിൽ ക്യാമ്പുകൾ നടത്തുന്നതിന് ഒരു സെന്ററിന് 10000/–രൂപ വീതം അനുവദിച്ചു നൽകി.
- വന്ധ്യതാ നിവാരണത്തിനായുള്ള ക്യാമ്പുകളോടനുബന്ധിച്ച് മരുന്നുകൾ വാങ്ങുന്നതിനും ക്ളിനിക്കൽ സാമ്പിളുകൾ പരിശോധനയ്ക്കായി അയയ്ക്കുന്നതിനും, ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചീഫ് വെറ്ററിനറി ഓഫീസർ ചെയർമാനായും, വിവിധ താലൂക്കുകളിലെ അസിസ്റ്റന്റ് പ്രോജക്ടാഫീസർമാർ മെമ്പർമാരായുമുള്ള മോണിറ്ററിംഗ് സമിതി പദ്ധതി മോണിറ്ററിംഗ് നടത്തുന്നു. ഇത്തരം ക്യാമ്പുകൾ നടത്തുക വഴി ജില്ലയിലെ പശുക്കളിലുണ്ടാകുന്ന വന്ധ്യത മുൻകൂട്ടി കണ്ടെത്തുവാനും പരിശോധിക്കുവാനും കഴിയുകയും കർഷകനുണ്ടാകുന്ന നഷ്ടം നികത്തപ്പെടുകയും പാലുൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

വിജ്ഞാനവ്യാപനം

1. **ബ്ളോക്ക് തല ബോധവൽക്കരണ സെമിനാർ**
   ക്ഷീര കർഷകർക്കായി ബ്ളോക്ക്തലത്തിൽ ബോധവൽക്കരണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.
2. **താലൂക്ക്തല സംരഭകത്വ സെമിനാർ**
   (താലൂക്ക്തല എന്റർപ്രിണർ മീറ്റ്)
   പത്തനംതിട്ട ജില്ലയിലെ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, അടൂർ വെറ്ററിനറി പോളിക്ളിനിക് എന്നിവയുടെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ സംരഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ള കർഷകർക്കായി സംരംഭക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

3. **മന്തിലി ടെക്നോളജി അഡ്വൈസ്**
   പദ്ധതിയുടെ ഭാഗമായി 'ജീവപാഠം' എന്ന പേരിൽ ദ്വൈമാസ സാങ്കേതിക വിവര വിനിമയ പത്രിക പ്രസിദ്ധീകരിക്കുന്നു.

4. **രാത്രികാല മൃഗചികിത്സാ സേവനം**
   കർഷകന്റെ വീട്ടുപടിക്കൽ മൃഗസംരക്ഷണ സേവനം എത്തിക്കുന്നതിനായി ആംബുലൻസ് സംവിധാനത്തോടുകൂടിയുള്ള ചികിത്സാ സൗകര്യങ്ങൾ ജില്ലാ വെറ്ററിനറി കേന്ദ്രം വഴി നടപ്പിലാക്കിവരുന്നു. ജില്ലയിലെ ഉത്പാദന ക്ഷമത കൂടിയ ബ്ളോക്കുകൾ കേന്ദ്രമാക്കി രാത്രികാല മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നു. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുകയും, ആവശ്യമുള്ള പക്ഷം ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഈ പദ്ധതിമൂലം കർഷകർക്ക് 24 മണിക്കൂർ വെറ്ററിനറി സേവനം ലഭ്യമാകുന്നു. മല്ലപ്പള്ളി, റാന്നി, കോയിപ്രം, കോന്നി, പറക്കോട്, പന്തളം എന്നീ 6 ബ്ലോക്കുകളിൽ രാത്രികാല സേവനം ലഭ്യമാണ്.
5. **മാതൃകാ പഞ്ചായത്ത്**
   എസ്.ആർ.ഇ.പി. മാതൃകാ പഞ്ചായത്തായി നടപ്പുവർഷം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുകയും വിവിധ പദ്ധതികൾക്കായി 5,10,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
6. **ജിയോ ടാഗിങ്**
   ക്ഷീരകർഷകരെ കർഷക രജിസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി ജിയോ ടാഗിങ് പൂർത്തിയാക്കിയ പഞ്ചായത്ത് പത്തനംതിട്ട ജില്ലയിലെ ഓമല്ലൂരാണ്. പ്രസ്തുത പദ്ധതിയിലൂടെ കർഷകരുടെ വാസസ്ഥല വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നതിലൂടെ, അവർക്കുള്ള ആനുകൂല്യങ്ങൾ, മൃഗങ്ങൾക്കുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ മുതലായവ വളരെ വേഗം പ്രാവർത്തികമാക്കാൻ കഴിയുന്നതാണ്.

എ. ബി. സി. (തെരുവുനായ്ക്കളുടെ വന്ധ്യകരണം) പദ്ധതികളും സെന്ററുകളുടെ എണ്ണവും

2012 കന്നുകാലി സെൻസ് പ്രകാരം ജില്ലയിൽ 11963 തെരുവുനായ്ക്കൾ ഉണ്ട്. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണം ലക്ഷ്യമാക്കി ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കുന്ന സമഗ്ര എ.ബി.സി-എ.ആർ പദ്ധതിയുടെ ജില്ലാതല ഉത്ഘാടനം 15/10/2016 തീയതിയിൽ കടപ്ര ഗ്രാമപഞ്ചായത്തിൽ നടന്നു. പദ്ധതി പ്രകാരം എൻ.ജി.ഒ സംഘടനയായ കൊല്ലം എസ്.പി.സി എ യുടെ സേവനം വിനിയോഗിച്ച് 3 കേന്ദ്രങ്ങളിലായി (പുളിക്കീഴ്, കോയിപ്രം, പറക്കോട്) 12 പഞ്ചായത്തുകളിലെ 658 നായ്ക്കളെ വന്ധീകരിച്ചു.

പ്രതിരോധ കുത്തിവയ്പ് വിവരങ്ങൾ (ആർ.എഫ്.കെ.വി.സി)

201617 സാമ്പത്തിക വർഷത്തിലെ പേവിഷവിമുക്ത കേരള പ്രതിരോധ പ്രവർത്തനങ്ങൾ 01/03/2016 തീയതിയിൽ ആരംഭിച്ചു. എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ് നൽകുക

എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2016-17 ആർ.എഫ്.കെ.വി.സി ഒന്നാം ഘട്ടത്തിൽ 39937 എണ്ണം നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകി.

രോഗചികിത്സ പ്രതിരോധ പ്രവർത്തനങ്ങൾ

ജില്ലയിലെ മൃഗാശുപത്രികളിൽ 2016-17 വർഷം 246893 പക്ഷിമൃഗാദികൾക്ക് വിവിധ രോഗങ്ങൾക്ക് ചികിത്സ നൽകിയിട്ടുണ്ട്. കർഷകർക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന കന്നുകാലികളിലെ അകിടുവീക്കം നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള അകിടുവീക്ക നിയന്ത്രണ കിറ്റ് വളരെ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനായി യഥാസമയം പ്രതിരോധ കുത്തിവെയ്പ്പ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പിനായി ഗോരക്ഷ പദ്ധതി നടപ്പിലാക്കുന്നു. 22-ാം ഘട്ടം ഗോരക്ഷാ പദ്ധതിയിൽ 51407 പശുക്കളെ കുത്തിവെയ്പ്പിന് വിധേയമാക്കിയിട്ടുണ്ട്. കോഴി / താറാവ് വസന്ത ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനമായ അസ്ക്കാഡ് പദ്ധതിയിൽ കഴിഞ്ഞ വർഷം 326891 കോഴികൾക്കും 92273 താറാവുകൾക്കും കുത്തിവെയ്പ് നടത്തിയിട്ടുണ്ട്.

കരിങ്കാൽ, കുരലടപ്പൻ, ആടുവസന്ത, കോഴിവസൂരി എന്നിവയ്ക്കെതിരായ കുത്തിവെയ്പുകളും ആവശ്യാനുസരണം നടത്തിവരുന്നുണ്ട്.

ക്ഷീരവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

ഡയറി ഫാമുകൾ

1 പശു	-	164
2 പശു യൂണിറ്റ്	-	231
5 പശു യൂണിറ്റ്	-	58
10 പശു യൂണിറ്റ്	-	21
ഹീഫർ യൂണിറ്റ്	-	52
തീറ്റപ്പുൽക്കൃഷി വിസ്തീർണ്ണം	-	250 ഹെക്ടർ
ഉത്പാദനം	-	40,000 ടൺ

കാലിത്തീറ്റ വിൽപ്പന ക്ഷീരസംഘങ്ങൾ

കെ.എഫ്	-	2672 ടൺ
മിൽമ	-	5725 ടൺ
ആകെ	-	8397 ടൺ

പാൽ സംഭരണം: 15924855 (2016-17) - 43630 ലിറ്റർ /ദിവസം
2017-18 (ശരാശരി) - 50500 ലിറ്റർ/ദിവസം

ക്ഷീര സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

ആനന്ദ് മാതൃക	-	186
പരമ്പരാഗതം	-	16
ആകെ	-	202

അംഗങ്ങൾ

വിഭാഗം	എണ്ണം
എസ്.സി	3843
എസ്.റ്റി	435
സ്ത്രീകൾ	19289
ആകെ	39699
ഉത്പാദകർ	6200

വികസന വിടവ്

ഐ.സി.എം.ആർ കണക്കുകൾ പ്രകാരം ഒരു ദിവസം ഒരു വ്യക്തിയ്ക്ക് 300 ഗ്രാം പാൽ, ഒരു വർഷം 10.5 കി. ഗ്രാം മാംസം, 180 മുട്ട എന്നിവ ആവശ്യമാണ്. ജില്ലയിലെ ജനസംഖ്യയുടെ 95% മാംസഭുക്കുകളാണ്. കണക്കുകൾ പ്രകാരം ജില്ലയിൽ ഒരു ദിവസം 3 ലക്ഷം ലിറ്റർ പാലും, ഒരു വർഷം 9,975 മെട്രിക് ടൺ മാംസവും 1800 ലക്ഷം മുട്ടയും ആവശ്യമുണ്ട്.

നിലവിലെ സ്ഥിതി അനുസരിച്ച് ജില്ലയിലെ പാലുത്പാദനം ഒരു ദിവസം 1,50,000 ലിറ്ററാണ്. ഒരു വർഷം 7183 മെട്രിക് ടൺ മാംസവും 1557 ലക്ഷം മുട്ടകളും മാത്രമേ ഉത്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. കണക്കുകൾ പ്രകാരം ജില്ലയിൽ ഒരു ദിവസം 1,50,000 ലിറ്റർ പാലിന്റേയും ഒരു വർഷം 2792 മെട്രിക് ടൺ മാംസവും 243 ലക്ഷം മുട്ടയുടേയും ഉത്പാദനക്കുറവുണ്ട്. നിലവിൽ ഈ കുറവ് പരിഹരിക്കാനായി മറ്റ് ജില്ലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ, മാംസം, മുട്ട തുടങ്ങിയ ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയാണ്. പാലിന്റെ കുറവ് പരിഹരിക്കുന്നതിനായി ഏകദേശം 15000 കറവപ്പശുക്കളും, മുട്ടയ്ക്കായി 1,56,000 മുട്ടക്കോഴികളും മാംസത്തിനായി 28000 മൃഗങ്ങളും അധികമായി ഉണ്ടാവണം.

ഈ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും ഒത്തുചേർന്ന് ഗുണമേന്മയുള്ള പാൽ, മാംസം, മുട്ട തുടങ്ങിയ ഉത്പന്നങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധികൾക്ക് ഉപരിയായി ഉല്പ്പാദന വർദ്ധനവ് ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും, യുവാക്കൾക്കും വനിതകൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ പ്രവർത്തന ക്ഷമമാണ്. എല്ലാ പഞ്ചായ ത്തുകളിലും ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് അനുസരിച്ച് സാന്ദ്രത കൂടിയ സ്ഥലങ്ങളിലേക്ക് ഉപകേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

പരിഹാര മാർഗ്ഗങ്ങൾ

പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വർഷംതോറും 2000 കറവപശുക്കളേയും 1000 കിടാരികളേയും വിതരണം ചെയ്യുകയും നിലവിലുള്ള കറവപശുക്കളുടെ ഉത്പാദനം ശാസ്ത്രീയ പരിപാ ലനത്തിലൂടെ ഒരു ലിറ്റർ വർദ്ധിപ്പിക്കുകയും ചെയ്യുന്നതുവഴി നാലാം വർഷം ഉത്പാദന മിച്ചം നേടുകയും ചെയ്യുന്നു. മുട്ട ഉത്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുന്നതിനായി വർഷംതോറും 3 ലക്ഷം മുട്ട കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം. മാംസോത്പാദനത്തിനായി 19000 അറവുമൃഗങ്ങളേയും 22 ലക്ഷം ഇറച്ചികോഴികളേയും ഉത്പാദിപ്പിക്കുന്നതാണ്.

ലക്ഷ്യം

1. **പാൽ, മാസം, മുട്ട ഇവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക**
2. **ജനങ്ങൾക്ക് ഗുണമേന്മയുള്ള പാൽ, മാംസം, മുട്ട എന്നിവ ലഭ്യമാക്കുക**

വികസന കാഴ്ചപ്പാട്

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

എ). പാൽ, മുട്ട, മാംസം ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക

കന്നുകാലികളുടെ വർദ്ധനവ്

- കറവപശു വളർത്തൽ, പ്ലാന്റേഷൻ പ്രദേശത്തും, മലയോര മേഖലയിലുള്ള കർഷകർക്കും മുൻഗണന. അപ്പർകുട്ടനാട്ടിലും, ചതുപ്പ് നിലങ്ങളിലും എരുമവളർത്തൽ പ്രോത്സാഹിപ്പിക്കുക
- ആടുവിതരണം – സ്ത്രീകൾക്കും യുവജനങ്ങൾക്കും മുൻഗണന.
- മുരികിടാവുകൾ / പോത്തുകുട്ടികളെ വളർത്തൽ – തരിശുഭൂമിയും ചതുപ്പുനിലങ്ങളും കൂടുതലുള്ള പ്രദേശത്ത്.
- വീട്ടുമുറ്റത്തെ കോഴിവളർത്തൽ – സ്ഥലക്കുറവുള്ള ഇടങ്ങളിൽ കോഴിക്കൂടുകൾ സഹിതം കോഴികളുടെ വിതരണം. താറാവ്, കാടവളർത്തൽ
- നിലവിലുള്ള കർഷകർക്ക് കൂടുതൽ മൃഗങ്ങളെ വാങ്ങുന്നതിനുള്ള പദ്ധതികൾ
- വീട്ടുവളപ്പിലെ താറാവു/കാട/ടർക്കി കൃഷി പരിപോഷിപ്പിക്കുക.

കർഷക സഹായ പദ്ധതികൾ

- കറവപശുകൾക്ക് കാലിത്തീറ്റ വിതരണം
- വറ്റുകാല കാലിത്തീറ്റ വിതരണം
- കന്നുകുട്ടി പരിപാലന പദ്ധതി
- കന്നുകാലി ഇൻഷ്വറൻസ്
- കാലിത്തൊഴുത്ത് നിർമാണം
- തീറ്റപ്പുൽ കൃഷി
- ബയോഗ്യാസ് പ്ലാന്റിന്റെ സ്ഥാപനം
- മൃഗാശുപത്രികൾക്ക് മരുന്നുവാങ്ങൽ
- ബ്ലോക്കുതല രാത്രികാല മൃഗചികിത്സാ സേവനം
- ക്ഷീരകർഷകർക്കുള്ള ഉൽപാദക ബോണസ്
- സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
- ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾ
- കറവ യന്ത്രം
- ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ ശാക്തീകരണം
- നാടൻ പശുക്കളുടെ ഫാമുകൾ സ്ഥാപിച്ച് അവയുടെ കുട്ടികളെ ആവശ്യക്കാർക്ക് മിതമായ വിലക്ക് വിതരണം ചെയ്യുക.
- പാലുല്പാദനം കൂട്ടുന്നതിനായി പശുവളർത്തലിന് ഹൈഡ്രോപോണിക്,അക്വാപോണിക് സംവിധാനം നടപ്പിലാക്കുക.

മറ്റ് വകുപ്പുകളുമായി സംയോജിച്ചുള്ള പദ്ധതികൾ

1. <u>കുടുംബശ്രീ</u>
   - കറവപശു വളർത്തൽ
   - ഇറച്ചിക്കോഴി വളർത്തൽ
   - ഉല്പന്നങ്ങളുടെ വിപണനം
   - മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിപണനം
   - മുട്ടക്കോഴി ഫാം
2. <u>തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)</u>
   - തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി (ഉത്പാദിപ്പിച്ച് ആവശ്യമുള്ള പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്നു)
   - കറവസേന, മൃഗപരിപാലന സേവനങ്ങൾ
   - ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമാണം
3. <u>എം.പി.ഐ, കെപ്കോ</u>
   - കോഴിവളർത്തൽ
   - മൃഗങ്ങളെ വളർത്തി ഇറച്ചിക്കായി തിരിച്ചു നൽകുന്ന പദ്ധതികൾ
4. <u>കൃഷിവകുപ്പ് /ആത്മ/മണ്ണ് സംരക്ഷണം</u>
   - ഫാം ടൂറിസം / ഫാം സ്കൂൾ
   - തീറ്റപ്പുൽ കൃഷി,
   - ബയോഗ്യാസ് പ്ലാന്റുകൾ.
5. <u>വ്യവസായം</u>
   - കുടുംബശ്രീ, പ്രവാസികൾ, യുവജനങ്ങൾ എന്നീ വിഭാഗങ്ങൾക്കായി ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴിവളർത്തൽ, മുയൽ, പന്നി, മുരികിടാക്കൾ, പോത്തുകുട്ടികൾ എന്നിവയെ വളർത്തുന്ന പദ്ധതികൾ
   - മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റുകൾ
6. <u>ഹരിതകേരളം/ശുചിത്വമിഷൻ</u>
   - തരിശുനില തീറ്റപ്പുൽ കൃഷി
   - ചാണക സംസ്കരണ യൂണിറ്റ്

ബി) ഗുണമേന്മയുള്ള പാൽ, മാംസം, മുട്ട ഉല്പാദിപ്പിക്കൽ

- ജില്ലാതലത്തിൽ ആധുനിക അറവുശാലകൾ
- താലൂക്ക് തലങ്ങളിൽ പാൽ, കാലിത്തീറ്റ, ഗുണനിലവാര പരിശോധനാ ലാബുകൾ
- സർക്കാർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം

നിർവ്വഹണം

ഗ്രാമപഞ്ചായത്ത്

വ്യക്തിഗത ആനുകൂല്യങ്ങൾ, കർഷക സഹായ പദ്ധതികൾ, അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

1. പശുവളർത്തൽ
2. ആടുവളർത്തൽ
3. മുരിക്കിടാക്കളെ വളർത്തൽ
4. വീട്ടുമുറ്റത്തെ കോഴിവളർത്തൽ / കോഴിയും കോഴിക്കൂടും, താറാവ്, കാടവളർത്തൽ
5. നിലവിലുള്ള കർഷകർക്ക് കൂടുതൽ മൃഗങ്ങളെ നൽകുന്നതിനുള്ള പദ്ധതികൾ
6. മുയൽ വളർത്തൽ
7. കറവപ്പശുക്കൾക്ക് കാലിത്തീറ്റ
8. വറ്റുകാല പോഷകാഹാര പരിപാടി
9. ധാതു മിശ്രിതം സപ്ലിമെന്റ്
10. കന്നുകുട്ടി പരിപാലനം
11. കന്നുകാലി ഇൻഷ്വറൻസ്
12. കാലിത്തൊഴുത്ത് നിർമ്മാണം
13. തീറ്റപ്പുൽ കൃഷി
14. ബയോഗ്യാസ് പ്ലാന്റ് സ്ഥാപനം
15. മൃഗാശുപത്രിക്ക് മരുന്ന്

ബ്ലോക്ക് പഞ്ചായത്ത്

ഗ്രൂപ്പുകൾക്കുള്ള പദ്ധതികൾ മറ്റുവകുപ്പുകളും ഏജൻസികളുമായി സംയോജിപ്പിച്ചുള്ള പദ്ധതികൾ

1. ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ
2. തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി
3. കറവസേന / മൃഗപരിപാലന സേന
4. ഇറച്ചിക്കായി മൃഗങ്ങളെ വളർത്തി തിരികെ നൽകുന്ന പദ്ധതി കെപ്കോ, എം.പി.ഐ സംയോജിതം
5. ഉൽപ്പന്നങ്ങളുടെ വിപണനം
6. മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ നിർമ്മാണം, വിപണനം
7. കാലിത്തൊഴുത്ത് നിർമ്മാണം
8. ബ്ലോക്കുതല രാത്രികാല മൃഗചികിത്സാ സേവനം
9. ക്ഷീരകർഷകർക്കുള്ള ഉൽപാദക ബോണസ്
10. ഫാം ടൂറിസം / ഫാം സ്കൂൾ

ജില്ലാ പഞ്ചായത്ത്

ഉല്പാദനവും ഭക്ഷ്യസുരക്ഷയും മെച്ചപ്പെടുത്തുന്നതിനായുള്ള സമഗ്ര പദ്ധതികൾ

1. ആധുനിക അറവുശാല
2. ക്വാളിറ്റി നിർണ്ണയ ലാബുകൾ
3. കറവസേന / മൃഗപരിപാലന സേന
4. ഫീൽഡുതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള സഹായം
5. ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
6. സർക്കാർ ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ
7. നായകളുടെ പ്രജനന നിയന്ത്രണം

പദ്ധതി നിർദ്ദേശങ്ങൾ

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നത് ലക്ഷ്യം വെച്ചുള്ള കാഴ്ചപ്പാടോടെ മൃഗസംരക്ഷണ മേഖലയെ വീക്ഷിക്കുമ്പോൾ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ കൂടിയ അളവിൽ ജനങ്ങൾക്ക് ലഭിക്കുന്നതിനായുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. ഉല്പാദന വർദ്ധനവിനായി മൃഗസമ്പത്ത് വർദ്ധിപ്പിക്കുകയും നിലവിലുള്ളവയുടെ ഉല്പാദന ശേഷിയെ പരിപൂർണ്ണമായി ഉപയോഗപ്പെടുത്തുകയും ചെയ്യണം.

കൂടുതൽ കറവപ്പശുക്കളെ നൽകിയും അന്യസംസ്ഥാനത്തു നിന്നും കിടാരികളെ വാങ്ങിക്കൊണ്ട് വന്ന് വളർത്തുന്ന യൂണിറ്റുകൾ വികസിപ്പിച്ചും കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കണം. പരിസ്ഥിതി സൗഹൃദമായ മാതൃകാ കാലിത്തൊഴുത്ത് പദ്ധതികൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകണം. ഗുണമേന്മയുള്ള കാലിത്തീറ്റ വാങ്ങുന്നതിന് പരമാവധി സബ്സിഡി ഏർപ്പെടുത്തുകയും തരിശുനില പുൽകൃഷി ഉൾപ്പെടെ തീറ്റപ്പുൽ കൃഷി പരമാവധി സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. ക്ഷീരസംഘങ്ങൾ വഴി തീറ്റപ്പുൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതികൾ ഈ സംരംഭത്തിൽ ആവശ്യമാണ്. നാടൻ പശുക്കളെ വളർത്തുന്ന ഫാമുകളെയും വ്യക്തികളെയും പ്രോത്സാഹിപ്പിക്കണം.

പശുക്കിടാക്കളുടെ ശാസ്ത്രീയമായ സംരക്ഷണവും പരിപാലനവും വഴി അവയെ പൂർണ്ണ ഉത്പാദനക്ഷമതയിലെത്തിക്കാനും മൂരിക്കിടാക്കളുടെ സംരക്ഷണം വഴി മാംസോത്പാദനം വർദ്ധിപ്പിക്കാനുമുള്ള പദ്ധതികൾ ഉണ്ടാകണം. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പക്ഷികളുടേയും മൃഗങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ നിലവിലുള്ളവയുടെ ശാസ്ത്രീയമായ പരിചരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുകയും ചെയ്യണം. ഉത്പാദന ക്ഷമത കൂടിയ മൃഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയണം. കർഷകർക്ക് ആശ്വാസകരമാകുന്ന തരത്തിൽ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. മാലിന്യ സംസ്കരണം കുറ്റമറ്റതാക്കണം. ശുദ്ധമായ മാംസോത്പാദനം ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായ അറവുശാല ഉണ്ടാകണം. പോത്ത് കിടാക്കളെയും മൂരിക്കിടാക്കളെയും കർഷക കൂട്ടായ്മയിൽ വളർത്തിയെടുത്ത് ആവശ്യാനുസരണം മാംസോത്പാദനം ഉറപ്പാക്കാൻ കഴിയണം. അനുയോജ്യമായ സ്ഥലങ്ങളിൽ പന്നിവളർത്തൽ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ കർഷകർക്ക് വളർത്താനായി കിടാക്കളെ ലഭിക്കുന്നതിനും അറവുശാലയിലേയ്ക്ക് തിരികെ എത്തിക്കുന്നതിനും ഏജൻസികൾ ഉണ്ടാകേണ്ടതാണ്. അറവുശാലകളിൽ മാലിന്യ സംസ്കരണത്തിനായി ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഉത്പാദന വർദ്ധനവ്, ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കൽ, കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ, യുവജനങ്ങൾ – വനിതകൾ എന്നിവരെ ഈ മേഖലയിലേക്ക് കൂടുതലായി ആകർഷിക്കുക എന്നിവയ്ക്ക് പ്രധാന്യം നൽകുന്ന നിർദ്ദേശങ്ങളാണ് ഈ ജില്ലാ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണ മേഖലയിലെ സർക്കാർ സ്ഥാപനങ്ങളുടെ ക്രമീകരണം, മൃഗസാന്ദ്രത കൂടിയ പഞ്ചായത്തുകളിൽ/സ്ഥലങ്ങളിൽ സ്ഥാപനങ്ങളിൽ മാറ്റി സ്ഥാപിക്കുകയോ പുതിയതായി അനുവദിക്കുകയോ ചെയ്യുക.
2. ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന ട്രയിനിംഗ് സെന്ററുകളുടെ ശാക്തീകരണം. കർഷകർക്കും ക്ഷീരകർഷകർക്കും പുതിയതായി ഈ മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവർക്കും പരിശീലനം നൽകുവാനുള്ള അവസരം സൃഷ്ടിക്കുക.
3. വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദന ലക്ഷ്യത്തോടെ സർക്കാർ ഫാമുകൾ ആരംഭിക്കണം. കടയ്ക്കാടും അടൂരിലും പ്രവർത്തിക്കുന്ന കൃഷി ഫാമുകളോട് ചേർന്ന് പശു, ആട്, കോഴി മുതലായ ഫാമുകൾ ആരംഭിച്ച് ആരോഗ്യമുള്ള ഉരുക്കളെ ഉല്പാദിപ്പിച്ച് ആവശ്യമുള്ളവർക്ക് വിതരണം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
4. ഡയറി ലാബ് – പാൽ, പാൽ ഉത്പന്നങ്ങൾ, കാലിത്തീറ്റ എന്നിവ പരിശോധിക്കുവാനായി ക്വാളിറ്റി കൺട്രോൾ ലാബ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5. ആധുനിക അറവുശാലകൾ നിർമ്മിക്കുവാൻ വേണ്ട സഹായങ്ങൾ നൽകുക
6. സംയോജിത പദ്ധതികൾ നടപ്പിലാക്കുവാൻവേണ്ടി സബ്സിഡിയിൽ വേണ്ടക്രമീകരണങ്ങൾഉറപ്പാക്കുക.
7. തീർത്ഥാടന ജില്ല എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പ്പനങ്ങൾ ഉല്പാദിപ്പിച്ച് തീർത്ഥാടകർ ഉൾപ്പടെയുള്ളവർക്ക് മിതമായ വിലയ്ക്ക് വിതരണം ചെയ്യുവാനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സഹായം ലഭ്യമാക്കുക.

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ഏറ്റെടുക്കാവുന്ന മാതൃകാ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് തലം

1. 1 പശു യൂണിറ്റ്
2. 2 പശു യൂണിറ്റ്.
3. 5 പശു യൂണിറ്റ്.
4. 10 പശു യൂണിറ്റ്.
5. കിടാരി യൂണിറ്റ്.
6. മൃഗസംരക്ഷണകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. മൃഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.
8. 10 കിടാരി യൂണിറ്റ്.
9. കറവയന്ത്രം.
10. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി.
11. പരിസ്ഥിതി സൗഹൃദ കാലിത്തൊഴുത്ത്.
12. ആടുവളർത്തൽ, മുരികിടാവ് വളർത്തൽ, കോഴിവളർത്തൽ, താറാവ് വളർത്തൽ, മുയൽ വളർത്തൽ.
13. ഡംഗ് സ്റ്റോറേജ് ടാങ്ക്/ചാണക സംസ്കരണ യൂണിറ്റ്.
14. വറ്റുകാല കാലിത്തീറ്റ.
15. വനിത തീറ്റപ്പുൽക്കൃഷി വിപണന യൂണിറ്റ്.
16. തീറ്റപ്പുൽക്കൃഷി (20 സെന്റിന് മുകളിൽ/20 സെന്റിന് താഴെ)
17. സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം (കറവപ്പശുക്കൾക്കും കന്നുകുട്ടികൾക്കും)
18. പാലുൽപ്പന്ന നിർമ്മാണ വിതരണ യൂണിറ്റ് സ്ഥാപിക്കുക.
19. ഫാമുകളിൽ മഴവെള്ള സംഭരണികൾ.
20. രോഗപ്രതിരോധ പദ്ധതികൾ.
21. ഇൻഷ്വറൻസ് പദ്ധതികൾ.

ബ്ലോക്ക് അടിസ്ഥാനത്തിലുള്ള പദ്ധതി

1. തരിശു നിലത്തിലുള്ള പുൽകൃഷി (ഗ്രൂപ്പ് അടിസ്ഥാനത്തിൽ കർഷകരുടെ കൂട്ടായ്മ
2. ബ്രോയിലർ നേഴ്സറി (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)
3. കറവസേന രൂപീകരിക്കുക (കറവസേനയ്ക്ക് ആവശ്യമായ വാഹനം, മെഷീൻ ഇവ ലഭ്യമാക്കുക.
4. രാത്രികാല സേവനം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഏറ്റെടുക്കുക.
5. ക്യാമ്പ് ഡിസ്പെൻസറി യൂണിറ്റ് (ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാനായി വി.പി.സി.യ്ക്ക് വാഹനം അനുവദിക്കുക)
6. ഗോശാല ഗ്രൂപ്പ് അടിസ്ഥാനത്തിൽ
7. യന്ത്രവൽക്കരണം
8. സ്വയംസഹായസഹകരണ സംഘങ്ങൾ മുഖേന തീറ്റപ്പുൽവിതരണം

9. ക്ഷീരസംഘങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക വൽക്കരണം എന്നിവയ്ക്കും ഭക്ഷ്യസുരക്ഷ സ്റ്റാൻഡേർഡുകൾ പാലിക്കുന്നതിനും സംഘങ്ങളെ സജ്ജീകരിക്കുക.
10. ക്ഷീരസഹകരണ സംഘങ്ങളെ കർഷക ഫെസിലിറ്റേഷൻ സെന്ററുകളാക്കി ഉയർത്തുക.
11. ബൾക്ക് മിൽക്ക് കൂളറുകളിലെ പാൽ സംസ്കരണം.
12. ഫാം ടൂറിസം പദ്ധതി
13. നാടൻ പശുക്കളുടെ ഫാമുകൾ സ്വയം സഹായ സഹകരണ സംഘങ്ങൾ വഴി സ്ഥാപിച്ച് അവയുടെ കുട്ടികളെ വാണിജ്യാടിസ്ഥാനത്തിൽ കർഷകർക്ക് വിതരണം ചെയ്യുക (നാടൻ പശുക്കളുടെ വിൽപ്പനയിലുണ്ടാകുന്ന അമിത വില ചൂഷണം തടയുക)

ജില്ലാതല പദ്ധതികൾ

1. ഗുണമേന്മ ഉറപ്പാക്കിയ മാംസം ജില്ലയിൽ മുഴുവൻ ലഭ്യമാക്കത്തക്ക രീതിയിലുള്ള രണ്ട് കേന്ദ്രീകൃത അറവ് ശാലകൾ ആരംഭിക്കുക.

   പത്തനംതിട്ട കേന്ദ്രമാക്കിയുള്ള അറവുശാലയിൽ റാന്നി, കോന്നി, കോഴഞ്ചേരി താലുക്കുകളിൽനിന്നുമുള്ള മൃഗങ്ങളെ കൊണ്ടുവന്ന് ശാസ്ത്രീയമായ പരിശോധനകൾ നടത്തി അതിനുശേഷം അറവ് ശാലയിൽ ശാസ്ത്രീയമായ രീതിയിൽ ഉല്പാദിപ്പിക്കുന്ന മാംസം വിപണനത്തിനായി അതാത് സ്ഥലത്തേക്ക് എത്തിക്കുന്ന രീതിയിൽ വാഹന സൗകര്യങ്ങളോടുകൂടി അറവ് ശാലകൾ നിർമ്മിക്കുക (ബോംബെ മോഡൽ), ഇൻസിനറേറ്റർ ഉൾപ്പെടെ മാലിന്യ സംസ്കരണവും ശരിയായ രീതിയിൽ നടപ്പിലാക്കുക.

2. ക്വാളിറ്റി കൺട്രോൾ ലാബ്

   പാലിന്റേയും കാലിത്തീറ്റയുടേയും ഗുണമേന്മ നിർണ്ണയിക്കുന്ന തിനുള്ള ഒരു ക്വാളിറ്റി കൺട്രോൾ ലാബ് ജില്ലാതലത്തിൽ സ്ഥാപിക്കുക.

3. ന്യായവില മരുന്നുകടകൾ ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും സ്ഥാപിക്കുക

4. ജില്ലയിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലന – മൃഗപരിപാലന പരിശീലന കേന്ദ്രങ്ങളിലേക്ക് മൃഗസംരക്ഷണ മേഖലയിലെ എല്ലാ പരിശീലന പരിപാടികളും നടത്താൻ കഴിയുന്ന വിധത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റി സൗകര്യങ്ങളും ഉറപ്പാക്കണം.

5. ജില്ലയിൽ സംഭരിക്കുന്ന പാലും വിറ്റഴിക്കപ്പെടുന്ന പാലും പരിശോധിക്കുന്നതിന് മൊബൈൽ പാൽപരിശോധന ലബോറട്ടറി സ്ഥാപിക്കുക.

6. എ.ബി.സി.പ്രോജക്ടുകൾ

സംഗ്രഹം

ആവശ്യമായ അളവിൽ ശുദ്ധമായ പാൽ, മുട്ട, ഇറച്ചി ഉല്പാദനം, ജന്തു ജന്യരോഗങ്ങളുടെ ശരിയായ നിയന്ത്രണം എന്നിവ സാമ്പത്തിക സ്ഥിതിക്കൊപ്പം പൊതുജനാരോഗ്യ സ്ഥിതിയും മെച്ചപ്പെടുത്തും. മൃഗസംരക്ഷണം, ക്ഷീര വിസകന വകുപ്പുകളുടെ നേതൃത്വത്തിൽ ജില്ലയിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവും ആകസ്മികമായുണ്ടാകുന്ന രോഗങ്ങളും മൃഗസംരക്ഷണ മേഖലയിൽ നിന്നും കർഷകരെ പിന്നോട്ട് വലിക്കാൻ പ്രേരിപ്പിക്കുന്നു. നിലവിലുള്ള കർഷകരെ നിലനിർത്തുകയും കൂടുതൽപ്പേരെ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യാനുതകുന്ന പദ്ധതികൾ ഉല്പാദന ലക്ഷ്യം കൈവരിക്കാൻ സഹായിക്കും. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കൊപ്പം കുടുംബശ്രീ, ആത്മ എന്നീ സംവിധാനങ്ങളേയും പൂർണ്ണമായി പ്രയോജനപ്പെടുത്തി പദ്ധതികൾ

രൂപീകരിച്ച് നടപ്പിലാക്കുന്നത് പ്രയോജനപ്രദമാകും. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളും മൃഗസംരക്ഷണ മേഖലയിൽ വൻമാറ്റം ഉണ്ടാക്കും.

ദാരിദ്ര്യ നിർമ്മാജനം എന്നതിന് ഉപരിയായി ഉൽപ്പാദന വർദ്ധനവ് എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ക്ഷീര കർഷകർക്ക് സാമ്പത്തിക ഭദ്രത നൽകുന്നതുമായിരിക്കണം മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ. പാൽ, മുട്ട, ഇറച്ചി ഉല്പാദനത്തെ ഒരു വരുമാന മാർഗ്ഗമായി തെരഞ്ഞെടുക്കാൻ പുതുതലമുറയെ ആകർഷിക്കുന്ന തരത്തിലുള്ള മാറ്റം ഈ പദ്ധതിരേഖയിലൂടെ പ്രതീക്ഷിക്കുന്നു.

4.1.3 മത്സ്യ വികസനം

ആമുഖം

കേരളത്തിന്റെ സമ്പത്ത് ഘടനയിൽ സുപ്രധാന പങ്ക് വഹിക്കുന്നവരും സ്വതവേ അദ്ധ്വാനശീലരും അത്യന്തം അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്ത് വരുന്നതുമായ ഒരു ജനസമൂഹമാണ് മത്സ്യമേഖലയിൽ ഉള്ളത്. ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജീവിത വരുമാനം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് മാംസ്യ പ്രധാനമായ ആഹാരം എത്തിക്കുന്നതിനും ഈ മേഖലയുടെ സംഭാവന വളരെ വിലപ്പെട്ടതാണ്. 590 കിലോമീറ്റർ ദൈർഘ്യമുള്ള കടൽ തീരവും 3.60 ലക്ഷം ഹെക്ടർ വിസ്തൃതിയുള്ള ഉൾനാടൻ ജലാശയങ്ങളും സംസ്ഥാനത്തിന്റെ മത്സ്യ ഉല്പാദന മേഖലയ്ക്ക് അനന്ത സാധ്യതകൾ തുറന്ന് നൽകുന്നു. കേരളത്തിന്റെ ശരാശരി പ്രതിശീർഷ മത്സ്യ ഉപഭോഗം 18.5 കിലോഗ്രാമാണ്. സംസ്ഥാനത്തെ ആളോഹരി മാംസ്യാഹാര ഉപഭോഗത്തിന്റെ 70% മത്സ്യത്തിൽ നിന്നാണ് ലഭിക്കുന്നത്. കടൽ മേഖലയിൽ നിന്ന് 5.0–6.5 ലക്ഷം ടൺ മത്സ്യവും ഉൾനാടൻ മേഖലയിൽ നിന്ന് 2.11 ലക്ഷം ടൺ മത്സ്യവും പ്രതിവർഷം കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നു.

സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസപരമായ പുരോഗതിക്കും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകൃഷിയെ പരിപോഷിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഫിഷറീസ് വകുപ്പിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളായ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, മത്സ്യ കർഷക വികസന ഏജൻസി, അഡാക്ക്, നിഫാം (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്) എന്നിവയും ഈ മേഖലയിൽ കർമ്മ നിരധമായ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു. പ്രതികൂല കാലാവസ്ഥകളെ വെല്ലുവിളിച്ചും അതിജീവിച്ചും മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ ജനങ്ങൾക്ക് പോഷക സമൃദ്ധമായ മാംസാഹാരം എത്തിക്കുന്നതിനും നമ്മുടെ ഖജനാവിലേക്ക് കോടിക്കണക്കിന് വിദേശ നാണ്യം നേടി തരുന്നതിനും വളരെയധികം പ്രയത്നിക്കുന്നു. എങ്കിലും നാനാതുറകളിലും ഇന്നും പിന്നോക്ക അവസ്ഥയിലാണ് ഈ മേഖലയിലുള്ളവർ കഴിയുന്നത്. ഈ മേഖലയുടെ സമഗ്ര വികസനത്തിനും സാമൂഹ്യ തൊഴിൽ ക്ഷേമ പ്രവർത്തനങ്ങൾക്കും നാടിന്റെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഫിഷറീസ് വകുപ്പ് കടമപ്പെട്ടിരിക്കുന്നു.

1982 നവംബർ ഒന്നിന് രൂപീകൃതമായ ഉൾനാടൻ ജില്ലയായ പത്തനംതിട്ട പ്രകൃതി ഭംഗിയാലും വിഭവങ്ങളാലും ജലസ്രോതസ്സുകളാലും സമ്പന്നമാണ്. ജില്ലയിൽ 53 ഗ്രാമപഞ്ചായത്തുകളും 8 ബ്ലോക്ക് പഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും, 1 ജില്ലാ പഞ്ചായത്തും ഉണ്ട്. പമ്പ, മണിമല, അച്ചൻകോവിൽ, കല്ലട എന്നീ പുഴകളും കക്കി, പമ്പ, മൂഴിയാർ, ആനത്തോട്, മണിയാർ, ഗവി എന്നീ ജലസംഭരണികളും വിവിധ തോടുകളും, ചിറകളും, പാറമടകളും കൊണ്ട് ജലസമൃദ്ധമാണ് ഈ ജില്ല. ഈ ജലസമ്പത്ത് എല്ലാം തന്നെ ഉൾനാടൻ ജില്ലയായ പത്തനംതിട്ടയെ മത്സ്യസമ്പന്നമാക്കുവാൻ കഴിയുന്നതാണ്.

പത്തനംതിട്ട ജില്ല–ഭൂമിശാസ്ത്രപരമായ അടിസ്ഥാന വിവരങ്ങൾ

ജില്ല (വിസ്തീർണ്ണം) (ച.തു.കി.മി)	പത്തനംതിട്ട
തരം	ഉൾനാടൻ മത്സ്യമേഖല
ആകെ ജല വിസ്തൃതി	3099.7 ഹെക്ടർ
ചെക്ക്ഡാം/റിസർവോയർ	2509.7 ഹെ
ക്വാറി കുളങ്ങളുടെ എണ്ണം	202
ക്വാറി കുളങ്ങളുടെ വിസ്തൃതി	40 ഹെ.
പഞ്ചായത്തുകുളങ്ങളുടെ എണ്ണം	390
പഞ്ചായത്തുകുളങ്ങളുടെ ഏരിയ	42 ഹെ.

പട്ടിക.4.17

പത്തനംതിട്ട ജില്ല-മത്സ്യമേഖല പൊതുവിവരങ്ങൾ

മത്സ്യ കൃഷി ചെയ്യുന്ന ജലവിസ്തൃതി	215 ഹെ.
മത്സ്യ കർഷകരുടെ എണ്ണം	2349
സജീവ മത്സ്യത്തൊഴിലാളികളുടെ എണ്ണം	206 (രജിസ്റ്റേഡ്)
അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം	230 (രജിസ്റ്റേഡ്)
അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം	2143 (രജിസ്റ്റേഡ് അല്ലാത്തത്)
മത്സ്യഗ്രാമം	1 (കുമരകം)
മത്സ്യഭവൻ	1 (കടപ്ര)
മത്സ്യമേഖല കോളനി	കടപ്ര ഗ്രാമ പഞ്ചായത്ത് 8-ാംവാർഡ്
മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ	9 എണ്ണം
മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങൾ	1 (കടപ്ര)
പൊതു മാർക്കറ്റുകളുടെ എണ്ണം	151
സർക്കാർ മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ	2
സ്വാകാര്യ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ	2
അലങ്കാര മത്സ്യ വിപണന കേന്ദ്രങ്ങൾ	50

പട്ടിക.4.18

ജില്ലയിലെ മത്സ്യമേഖല സർക്കാർ ഓഫീസുകൾ

1	ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (ജില്ലാ ഓഫിസർ) മേലേൽ ബിൽഡിംഗ്, പത്തനംതിട്ട ഫോൺ 0468 -2223134 **ഇ-മെയിൽ:** ***fisheriespathanamthitta@yahoo.com***	ജില്ലയിലെ വകുപ്പ് തല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു
2	ഫിഷറിസ് അസിസ്റ്റന്റ് ഡയറക്ടർ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രം. പോളച്ചിറ, കവിയൂർ. പത്തനംതിട്ട-689 582, ഫോൺ 0469-2619543 ***e-mail adfpolachira@gmail.com***	മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ നടത്തുന്നു
3	സൂപ്രണ്ട് ഓഫ് ഫിഷറീസ്, ഫിഷറീസ്കോംപ്ലക്സ് പന്നിവേലിച്ചിറ, കോഴഞ്ചേരിപത്തനംതിട്ട ഫോൺ 0468-2214589 **ഇ-മെയിൽ;-** **fisheriescomplexpannivelichira@gmail.com**	മത്സ്യ വിത്തുല്പാദന പ്രവർത്തനങ്ങൾ നടത്തുന്നു.

ചിത്രം 4.4

ജില്ലാ ഫിഷറീസ് മാപ്പ്

പട്ടിക. 4.19

ജില്ലയിലെ നദികൾ

പത്തനംതിട്ട ജില്ലയിലെ ജലാശയങ്ങളുടെയും അനുബന്ധ വിവരങ്ങളുടെയും പട്ടിക

ജലസ്രോതസ്	തരം	വിവരണം
പുഴകൾ	പമ്പ	176 കി.മീ, റാന്നി, അയിരൂർ, പത്തനംതിട്ട, കോഴഞ്ചേരി, തിരുവല്ല
	മണിമലയാർ	90 കി.മീ, (എരുമേലി, മണിമല, മല്ലപ്പള്ളി, കവിയൂർ, കല്ലൂപ്പാറ)
	അച്ചൻകോവിൽ	128 കി.മീ (കുളനട,പന്തളം,തുമ്പമൺ, കൈപ്പട്ടൂർ, പ്രമാടം, പത്തനംതിട്ട,കോന്നി)
	കല്ലടയാർ	121 കി.മീ (പുനലൂർ, പത്തനാപുരം)
	പള്ളിക്കൽ	42 കി.മീ അടൂർ)
	വരട്ടാർ	14 കി.മീ(ഓതറ,തൈമറവുംകര, കുറ്റൂർ)
കിണറുകൾ	(കിണർ –	1981 ഹെക്ടർ (MoWR. India 2013)

	കുഴൽ കിണർ)	
കുളങ്ങൾ		109 ഹെക്ടർ (MoWR. India 2013)
	പഞ്ചായത്ത് കുളങ്ങൾ	390 എണ്ണം
	സ്വകാര്യ കുളങ്ങൾ	456 എണ്ണം
	പൊതു കുളങ്ങൾ	654 എണ്ണം
	ക്വാറി കുളങ്ങൾ	138 എണ്ണം സംസ്ഥാനത്തെ 15.2 %
	അമ്പലകുളങ്ങൾ	59 എണ്ണം
തണ്ണീർത്തടം		4948 ഹെക്ടർ ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 1.81% (MoEF. India 2010)
ജലസംഭരണി	പമ്പ	570 ഹെക്ടർ
	കക്കി	1800 ഹെക്ടർ
	മണിയാർ	110 ഹെക്ടർ
	ഗനി– കല്ലാർ	25 ഹെക്ടർ(MoWR. India 2013)
കനാലുകൾ	ജലസേചനം	1649 ഹെക്ടർ(MoWR. India 2013)
ഡാമുകൾ	പമ്പ	570 ഹെക്ടർ
	കക്കി	1800 ഹെക്ടർ

മത്സ്യമേഖല

പത്തനംതിട്ട ജില്ലയുടെ മത്സ്യമേഖലയുടെ വിശദമായ അപഗ്രഥനമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 ഭാഗങ്ങളായിട്ടാണ് പരിപ്രേക്ഷ്യം രൂപരേഖ വിശകലനം ചെയ്തിട്ടുള്ളത്.

ക്രമ നമ്പർ	ഭാഗം
1.	ഭൗതികമായ പശ്ചാതലം
2	ജില്ലയുടെ വികസന പ്രവണത
3.	വികസന പ്രവർത്തനങ്ങൾ
4.	നിലവിൽ നടന്ന് കൊണ്ടിരിക്കുന്ന പദ്ധതികൾ
5.	ഉപസംഹാരം

1. ഭൗതികമായ പശ്ചാത്തലം

പത്തനംതിട്ട ജില്ലയെ ഭൂമിശാസ്ത്രപരമായി മൂന്നായി തരംതിരിക്കാം.

1. മലനാട് 2. ഇടനാട് 3. താഴ്ന്ന പ്രദേശം.

മലനാട് പ്രദേശങ്ങളിൽ പ്രധാനമായും ഉൾപ്പെടുന്നത് പശ്ചിമ ഘട്ട മലനിരകളാണ്. ഇടതിങ്ങിയ വനങ്ങൾ ഉള്ള കുന്നുകളും മലനിരകളുമാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത. ഈ പ്രദേശത്തിന്റെ ശരാശരി ഉയരം 800 മീ. ആണ്. ഈ മലനിരകൾ ചെറിയ കുന്നുകളായി ഇടനാട് ഈ പ്രദേശത്തേക്ക് വ്യാപിച്ചു കിടക്കുന്നു. താഴ്ന്ന പ്രദേശങ്ങൾ തെങ്ങിൻ തോപ്പുകളാൽ സമൃദ്ധമാണ്. ആലപ്പുഴ ജില്ലയുടെ കിഴക്കൻ അതിർത്തിയുമായി ചേർന്നു കിടക്കുന്ന പ്രദേശമാണ് ഇത്.

ബ്ളോക്ക്	ഇറിഗേഷൻ (ഏക്കർ)	പഞ്ചായത്ത് കുളങ്ങൾ (ഏക്കർ)	ഹോളിപോണ്ട്സ് (ഏക്കർ)	സ്വാകാര്യ കുളങ്ങൾ (ഏക്കർ)
മല്ലപ്പള്ളി	--	3.17	.91	8.37
പുളിക്കീഴ്	--	4.17	1.08	27.58
കോയിപ്പുറം	10	5.79	.62	48.47
ഇലന്തൂർ	37.50	10.16	.19	37.04
റാന്നി	--	1.88	.19	30.85
കോന്നി	.05	.10	1.08	16.08
പന്തളം	--	20.15	1.45	34.99
പറക്കോട്	.11	18.15	--	32.77
കുളനട	--	37.02	1.78	94.5
തിരുവല്ല (മുനിസിപ്പാലിറ്റി)	.50	.16	1.57	.01
പത്തനംതിട്ട മുനിസിപ്പാലിറ്റി	ണ്ഡ-	.04	--	2.09
അടൂർ മുനിസിപ്പാലിറ്റി	--	3.28	--	.63
ആകെ	38.26	107.51	9.92	

അവലംബം : പാൻ ഫിഷ് 2011

ജലവിഭവങ്ങൾ: പമ്പ, മണിമല, അച്ചൻകോവിൽ എന്നീ മൂന്നു പ്രധാന നദികൾ പത്തനംതിട്ട ജില്ലയിൽ കൂടി ഒഴുകുന്നു. ഈ മൂന്നു നദികളും പശ്ചിമഘട്ട മലനിരയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. കല്ലടയാറിന്റെ ഒരു ചെറിയ ഭാഗം ജില്ലയുടെ തെക്കുഭാഗത്ത് കൂടി ഒഴുകുന്നു. പമ്പയാറിന്റെയും അച്ചൻകോവിലാറിന്റേയും 70% പത്തനംതിട്ട ജില്ലയിൽ കൂടിയാണ് ഒഴുകുന്നത്. കൂടാതെ കക്കി, പമ്പ, മൂഴിയാർ, ആനത്തോട്, മണിയാർ, ഗവി എന്നീ ജലസംഭരണികളും വിവിധ തോടുകളും ചിറകളും, പാറക്കുളങ്ങളും കൊണ്ട് സമൃദ്ധമാണ് ഈ ജില്ല. ഈ ജല സമ്പത്ത് എല്ലാം തന്നെ ഉൾനാടൻ ജില്ലയായ പത്തനംതിട്ടയെ ഉൾനാടൻമത്സ്യ വികസനത്തിന് ഏറെ സാധ്യത ഉള്ളതാക്കുന്നു.

പത്തനംതിട്ട ജില്ല നിലവിലുള്ള കുളങ്ങളുടെ (ബ്ളോക്ക് തലത്തിൽ) തരം തിരിച്ചുള്ള അടിസ്ഥാന വിവരങ്ങൾ (വിസ്തീർണ്ണം)

പ്രധാനപ്പെട്ട നാടൻ മത്സ്യങ്ങൾ

പത്തനംതിട്ട ജില്ലയിലെ പ്രധാന പുഴകളായ പമ്പ, അച്ചൻകോവിൽ, മണിമല,കല്ലട, പള്ളിക്കൽ എന്നിവയിലും അവയുടെ തോടുകളിൽ നിന്നും നൂറിലധികം മത്സ്യ ഇനങ്ങളെ തിരിച്ചറിഞ്ഞു വ്യത്യസ്ത പ്രബന്ധങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിൽ പ്രധാനമായി ലഭിക്കുന്ന ഇനങ്ങൾ തൂളി, കുറുവ, മഞ്ഞക്കൂരി, ആറ്റുവാള, വരാൽ, വയമ്പ്, കല്ലടമുട്ടി, കരിമീൻ, കട്ല, രോഹു, ആറ്റുകൊഞ്ച് എന്നിവയാണ്. വിദേശ ഇനങ്ങളായ തിലാപ്പിയ, കോമൺ കാർപ്പ്, മലേഷ്യൻ വാള, ഗൗരാമി എന്ന മത്സ്യങ്ങളേയും പുഴകളിൽ നിന്ന് ലഭിച്ചതായി റിപ്പോർട്ടുണ്ട്. പുതിയ നാടൻ ഇനങ്ങളെ കഴിഞ്ഞ ചില വർഷങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. പരൽ വർഗ്ഗങ്ങളായ പുണ്ടിയസ് മധുസൂധനി, സഹ്യാദ്രിയ ഡെനിസോണി കൂടാതെ സിസ്റ്റോമസ് ക്രൈസിയസ്, സിസ്റ്റോമസ് റൂഫസ്, മിസ്റ്റസ് മേനോനി, ബിയോഫിലിഫൈറസ് എന്നിവയെയാണ് പുതുതായി രേഖപ്പെടുത്തിയത്.

പത്തനംതിട്ട ജില്ലയുടെ ഉൾനാടൻ മത്സ്യ സമ്പത്തിന്റെ അവസ്ഥ.

പത്തനംതിട്ട ജില്ല ശുദ്ധജല ശ്രോതസ്സുകളായ പുഴകളും. തോടുകളും, ജലസംഭരണികളും, കുളങ്ങളാലും അനുഗ്രഹീതമാണ്. നൂറോളം ഉൾനാടൻ മത്സ്യ ഇനങ്ങൾ ഈ ജലാശയങ്ങളിൽ കാണപ്പെടുന്നു. ഇവയിൽ ഒട്ടു മിക്ക മത്സ്യങ്ങളുടെയും ജീവചക്രം പൂർണമായും ശുദ്ധ ജലാശയങ്ങളിൽ മാത്രമാണ്. വൈവിധ്യമാർന്ന മത്സ്യ ഇനങ്ങൾ എല്ലാം ഭക്ഷ്യയോഗ്യമാണ്. പൊതുജനങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഇവിടെ മത്സ്യ ബന്ധനത്തിൽ ഏർപ്പെടാറുണ്ട്. മൺസൂൺ കാലത്തുള്ള ഊത്ത

ഇളക്കവും മത്സ്യ ബന്ധനവും ഇവിടെ വളരെ പ്രചാരമേറിയതാണ്. വലകൾ ചൂണ്ട, കൂടുപോലുള്ള ഉപകരണങ്ങൾ മുതലായവ ഉപയോഗിച്ചാണ് മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത്. ജലാശയ മലിനീകരണവും, അനധികൃത മത്സ്യ ബന്ധനവും ക്രമാധീതമായി വർദ്ധിച്ചതു മൂലം മത്സ്യ സമ്പത്തിൽ കുറവു കാണപ്പെടുന്നതായി ഗവേഷണ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കർശനമായ നിയന്ത്രണങ്ങളും, നിലവിലെ അവസ്ഥ മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികളും സ്വീകരിച്ചാൽ മാത്രമേ മത്സ്യവൈവിധ്യവും സമ്പത്തും നിലനിർത്താൻ സധിക്കുകയുള്ളു.

1.1 ഉൾനാടൻ മത്സ്യ ബന്ധനം.

കടലോ കായലോ ഇല്ലാതെ ശുദ്ധജലാശയങ്ങൾ മാത്രമുള്ള ജില്ലയാണ് പത്തനംതിട്ട. മലയോര ജില്ല എന്നറിയപ്പെടുന്ന ഇവിടെ മത്സ്യബന്ധനം ഉപജീവനമാക്കിയ ഒരു ജനസമൂഹം ഉണ്ട്. ഇവരിൽ മത്സ്യബന്ധനം പ്രധാന തൊഴിലാക്കിയവരും അനുബന്ധ തൊഴിൽ ആക്കിയവരും ഉൾപ്പെടുന്നു. ജില്ലയിലെ പ്രധാന ജലസ്രോതസ്സുകളായ നദികൾ, ചിറകൾ, ചാലുകൾ, തോടുകൾ, കുളങ്ങൾ, പുഞ്ചപ്പാടങ്ങൾ എന്നിവിടങ്ങളിൽ അവർ മത്സ്യബന്ധനം നടത്തുന്നു. പരമ്പരാഗത മത്സ്യ ബന്ധന രീതികളാണ് ഇവർ അവലംബിക്കുന്നത്. ജില്ലയിൽ മത്സ്യ ലഭ്യത അപര്യാപ്തമായതിനാൽ പ്രധാനമായും മറ്റ് ജില്ലകളേയും ഇതര സംസ്ഥാനങ്ങളേയും ആശ്രയിക്കുന്നു. നദികൾ, ചാലുകൾ, തോടുകൾ, പാടങ്ങൾ, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പിടിച്ചെടുക്കുന്നതിനും മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്നതുമായ മത്സ്യവും ഇതിൽപ്പെടുന്നു. ജില്ലയുടെ കിഴക്കുഭാഗം വനമേഖലയാണ്. പടിഞ്ഞാറ് ഭാഗം അപ്പർ കുട്ടനാട് പ്രദേശങ്ങളിൽപ്പെടുന്നു. തിരുവല്ല താലൂക്ക് മത്സ്യമേഖലയിൽ കൂടുതൽ പ്രാധാന്യമുള്ളതാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ വസിക്കുന്നത് കടപ്ര ഗ്രാമപഞ്ചായത്തിലാണ്. കൂടാതെ തോട്ടപ്പുഴശ്ശേരി, കോഴഞ്ചേരി, മല്ലപ്പുഴശ്ശേരി, ആറന്മുള, കവിയൂർ, ഇരവിപേരൂർ, റാന്നി, എന്നീ പ്രദേശങ്ങളിലും മത്സ്യത്തൊഴിലാളികൾ താമസിക്കുന്നുണ്ട്. ഇവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഒരു വിഭാഗം തൊഴിലാളികൾ ആലപ്പുഴ, കോട്ടയം ജില്ലകളിലെ നദികളിലും കായലുകളിലും മത്സ്യ ബന്ധനം നടത്തിവരുന്നു. നീട്ടുവല, കോരുവല, വീശുവല, ഒറ്റാൽ, കൂട് എന്നിവ ഉപയോഗിച്ചും ചെറുവള്ളങ്ങളും ഒറ്റത്തടി വള്ളങ്ങളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നു. പിടിച്ചെടുത്ത മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ എത്തിച്ച് ലേലം ചെയ്തു വിൽക്കുകയോ നേരിട്ട് വിവിധ സ്ഥലങ്ങളിൽ എത്തിച്ച് വിൽപ്പന നടത്തുകയോ ചെയ്യുന്നു.

1.1.1 പശ്ചാത്തല സൗകര്യം

ജില്ലയിൽ തന്നെയുള്ള ജലാശയങ്ങളിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യവും മറ്റു ജില്ലകളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന മത്സ്യവും ജില്ലയിൽ വിപണനത്തിന് എത്തുന്നുണ്ട്. കുമ്പഴ, തിരുവല്ല, പറക്കോട്, കുമ്പനാട്, അടൂർ, പന്തളം, കോന്നി, റാന്നി, തുടങ്ങിയ പ്രധാന മത്സ്യ മാർക്കറ്റുകൾ വഴിയാണ് മത്സ്യവിപണനം ജില്ലയിൽ നടത്തുന്നത്. കൂടാതെ സമീപ ജില്ലകളിൽ നിന്നും എത്തിച്ചേരുന്ന കടൽ മത്സ്യങ്ങളുടെ വിപണനമാണ് പ്രധാനമായും നടന്ന് വരുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യതൊഴിലാളി സ്ത്രികൾ എന്നിവരും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. പെട്ടി വണ്ടി, സൈക്കിൾ, മോപ്പഡ് എന്നിവ ഉപയോഗിച്ചും, തലച്ചുമടായും മത്സ്യ വിപണനം നടത്തുന്നു. ജില്ലയിലെ ഭൂരിഭാഗം മത്സ്യ മാർക്കറ്റുകളും അടിസ്ഥാന സൗകര്യങ്ങൾ യാതൊന്നും തന്നെ ഇല്ലാതെ തുറന്ന സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. മത്സ്യം വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങളോ, കേടുകൂടാതെ സംഭരിച്ചു വയ്ക്കുന്നതിനുള്ള ശീതീകരണ സൗകര്യങ്ങളോ വെള്ളമോ ഡ്രെയിനേജ് സൗകര്യങ്ങളോ അവശിഷ്ടങ്ങൾ കളയുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനമോ ഒന്നും തന്നെയില്ല. മത്സ്യം ധാരാളമായി വിറ്റഴിയുന്ന ജില്ലയെന്നതിലുപരി മത്സ്യ വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് യാതൊരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ല. മത്സ്യ വിപണന മേഖല പൂർണ്ണമായും മദ്ധ്യവർത്തികളുടെ നിയന്ത്രണത്തിലാണ്. മത്സ്യ തൊഴിലാളികൾക്ക അർഹമായ വില ലഭിക്കുകയോ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായ വിലക്ക് ലഭിക്കുകയോ ചെയ്യുന്നില്ല. സ്വകാര്യമേഖലയിൽ പ്രമാടം പഞ്ചായത്തിൽ കുമ്പഴയ്ക്ക് സമീപം ഒരു ഐസ് പ്ലാന്റ് കോൾഡ് സ്റ്റോറേജ് മാത്രമാണുള്ളത്. ആധുനിക സൗകര്യങ്ങളോടു കൂടിയ മത്സ്യ മാർക്കറ്റ്, മത്സ്യം കേടു കൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ കോൾഡ് സ്റ്റോറേജുകൾ, ഫിഷ് ബൂത്തുകൾ, മത്സ്യ പിടിച്ചെടുക്കുന്നിടത്തു നിന്നും വിപണന സ്ഥലത്ത് കാലതാമസം കൂടാതെ എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ അപര്യാപ്തമാണ്.

പട്ടിക. 4.20

ജില്ലയിലെ മത്സ്യ വിപണികൾ

നമ്പർ	മത്സ്യ വിപണികൾ	എണ്ണം
1.	പബ്ളിക്ക് മാർക്കറ്റുകൾ	151
2.	മത്സ്യ ഭവൻ	1
3.	വഴിയോര ചന്തകൾ	956
4.	മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ	3

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

പട്ടിക. 4.21

പത്തനംതിട്ട ജില്ല- മത്സ്യത്തൊഴിലാളി വിഭാഗം ജനസംഖ്യാ പരമായ കാര്യങ്ങൾ

വിവരണം	എണ്ണം
മത്സ്യത്തൊഴിലാളി കുടുംബങ്ങൾ	206
മത്സ്യബന്ധനം ഉപജീവനമാക്കിയവർ (രജിസ്റ്റേഡ്)	206
പുരുഷന്മാർ (രജിസ്റ്റേഡ്)	199
സ്ത്രീകൾ (രജിസ്റ്റേഡ്)	7
അനുബന്ധ മത്സ്യത്തൊഴിലാളികൾ	230
അനുബന്ധ മത്സ്യത്തൊഴിലാളികൾ രജിസ്റ്റേഡ് അല്ലാത്തത്	2143

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

1.1.2 മത്സ്യമേഖല സഹകരണ വിഭാഗം

മത്സ്യത്തൊഴിലാളികളെ ചൂഷണ മുക്തമാക്കുന്നതിന് സഹകരണ സംഘങ്ങളുടെ രൂപീകരണവും മേൽനോട്ടവും നടത്തുക വഴി അവരെ സഹകരണ മേഖലയിൽ കൊണ്ടുവന്ന് ആവശ്യമായ വായ്പകളും ഉപകരണങ്ങളും ലഭ്യമാക്കുവാൻ സാഹചര്യമൊരുക്കുക എന്നതാണ് ഈ മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രധാന ഉദ്ദേശ്യം.

പത്തനതിട്ട ജില്ലയിൽ 9 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്.

ക്രമ നം.	വിഭാഗം	എണ്ണം
1.	വനിതാ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം	1
2.	മത്സ്യ വ്യവസായ സഹകരണസംഘം	1
3.	മത്സ്യ കർഷക സഹകരണസംഘം	2
4.	പട്ടികവർഗ്ഗ സഹകരണസംഘം	1
5.	ഹരിജൻ സഹകരണസംഘം	4
	ആകെ	**9**

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

1.1.3മത്സ്യത്തൊഴിലാളി ക്ഷേമം : തീരദേശ ജില്ലകളെ അപേക്ഷിച്ച് മത്സ്യത്തൊഴിലാളികളുടെ അനുപാതം കുറവാണെങ്കിലും മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഈ ജില്ലയിലും സജീവമാണ്. ജില്ലയിലെ മത്സ്യതൊഴിലാളികൾ എല്ലാവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. മത്സ്യ സമ്പത്തിൽ കുറവ് അവരുടെ ജീവിത നിലവാരത്തെ കാര്യമായി ബാധിച്ചിരിക്കുന്നു.

ഇവിടുത്തെ മത്സ്യത്തൊഴിലാളികളിൽ പകുതിയോളം പേർക്ക് സ്വന്തമായി മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ല. വീട്, കക്കൂസ്, വൈദ്യുതി എന്നിവ എല്ലാവർക്കും ലഭിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി വനിതകൾക്കായി മറ്റ് ജില്ലകളിൽ ഉള്ളത് പോലെ സാഫിന്റെ (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ) സേവനങ്ങൾ ഈ ജില്ലയിൽ ഇല്ല. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും, തൊഴിൽ പരവുമായ അഭിവൃദ്ധിക്ക് പല വിധത്തിലുള്ള ക്ഷേമ പദ്ധതികൾ മത്സ്യവകുപ്പ് നേരിട്ടും, മത്സ്യബോർഡ് വഴിയും ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. അർഹരായ ജനവിഭാഗങ്ങളിലേക്ക് ക്ഷേമ പദ്ധതികൾ നല്ല രീതിയിൽ എത്തിക്കുന്നതിനും അവ പ്രയോജനപ്പെടുത്തുന്നതിനും കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യമായിട്ടുണ്ട്.

1.2 മത്സ്യകൃഷി

പട്ടിക. 4.22

ജില്ലയിലെ മത്സ്യകൃഷി ജലാശയങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ

നമ്പർ	ബ്ലോക്കിന്റെ പേര്	എണ്ണം	വിസ്തീർണ്ണം (ഹെക്ടറിൽ)
1.	റാന്നി	495	18.370
2.	കോന്നി	298	16.708
3.	പന്തളം	205	37.544
4.	പറക്കോട്	288	27.290
5.	ഇലന്തൂർ	216	19.204
6.	കോയിപ്രം	288	32.316
7.	മല്ലപ്പള്ളി	243	27.588
8.	പുളിക്കീഴ്	216	36.100
	ആകെ	**2249**	**215.120**

അവലംബം: പത്തനംതിട്ട ജില്ലാ ആഫീസ്.

2. ജില്ലയുടെ വികസന പ്രവണത

2.1 മത്സ്യ ബന്ധനം

2.1.1 ജില്ലയിൽ ലഭിക്കുന്ന വിവിധയിനം മത്സ്യോൽപ്പന്നങ്ങളും അവയുടെ വിപണന സമ്പ്രദായവും

മെച്ചപ്പെട്ട കടൽ, ഓരുജല, ശുദ്ധ ജല മത്സ്യങ്ങളുടേയും, മത്സ്യ ഉൽപ്പന്നങ്ങളുടെയും ഒരു ഉപഭോഗ ജില്ലയാണ് പത്തനംതിട്ട. പച്ച മത്സ്യത്തിന് പുറമേ ഉണക്ക മത്സ്യം, മീൻ അച്ചാറുകൾ, മീൻ കട്‌ലറ്റുകൾ, എന്നിവയും ജില്ലയിൽ ലഭ്യമാണ്. വൻകിട ചെറുകിട മത്സ്യ മാർക്കറ്റുകൾ കോൾഡ് സ്റ്റോറേജുകൾ, ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ മത്സ്യവും മത്സ്യോൽപ്പന്നങ്ങളും ലഭ്യമാണ്. പച്ച മത്സ്യം ഉണക്ക മത്സ്യം എന്നിവ മത്സ്യമൊത്ത വ്യാപാരികൾ മറ്റ് ജില്ലകളിൽ നിന്നും സംസ്ഥാനത്തിനു വെളിയിൽ നിന്നും ജില്ലയിൽ എത്തിച്ച് ചെറുകിട കച്ചവടക്കാർ തലച്ചുമടുമായി വ്യാപാരം നടത്തുന്നവർ എന്നിവർ വഴി ഉപഭോക്താക്കളിലെത്തുന്നു. ലോറി, ടെമ്പോ, ജീപ്പ്, പെട്ടി ആട്ടോ, മോപ്പഡ്, സൈക്കിൾ എന്നിവ ഇതിനായി ഉപയോഗിക്കുന്നു. ജില്ലയിൽ നിന്നും മത്സ്യമോ, മത്സ്യോല്പന്നങ്ങളോ കയറ്റുമതി ചെയ്യപ്പെടുന്നില്ല.

മത്സ്യ ബന്ധനം മുഖ്യതൊഴിലാക്കിയ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, മത്സ്യ ബന്ധനം അനുബന്ധതൊഴിലാക്കിയ മറ്റ് വിഭാഗക്കാർ, മത്സ്യകൃഷി ചെയ്യുന്ന കർഷകർ എന്നിവരാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ജില്ലയിലെ നദികൾ, തോടുകൾ, ചാലുകൾ, പുഞ്ചപ്പാടങ്ങൾ എന്നിവയിൽ നിന്നാണ് മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നത്. പിടിചെടുക്കുന്ന മത്സ്യം സമീപത്തുള്ള കരക്കടുപ്പിക്കൽ കേന്ദ്രത്തിൽ എത്തിച്ച് ലേലം ചെയ്ത് വിൽപ്പന നടത്തുന്നു. വാള, വരാൽ, മുശി, കാരി, ആരകൻ. കുറുവാ പരൽ, തിലോപ്പിയ, കരിമീൻ, കട്‌ല, രോഹു, മൃഗാൾ, സൈപ്രിനസ്, ലേബിയോ മുതലായ മത്സ്യങ്ങളാണ് ജില്ലയിൽ നിന്നും സാധാരണയായി ലഭിക്കുന്നത്.

2.1.2 ഉൾനാടൻമത്സ്യ ഉപയോഗം

പത്തനംതിട്ട ജില്ല ഉൾനാടൻ പ്രദേശമാണ്. പുളിക്കീഴ് ബ്ലോക്കിൽ കടപ്ര, നിരണം, പെരിങ്ങര എന്നീ സ്ഥലങ്ങളിൽ പമ്പ, മണിമല എന്നീ നദികളിൽ നിന്നും നാടൻ മത്സ്യങ്ങളെ പിടിക്കുന്നുണ്ട്. കൂടാതെ ജില്ലയിലെ കോഴഞ്ചേരി, തോട്ടപ്പുഴശ്ശേരി, മാരാമൺ എന്നീ മേഖലകളിൽ നിന്നും പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും നാടൻ മത്സ്യങ്ങളെ പിടിക്കുന്നുണ്ട്. പുളിക്കീഴ് ബ്ലോക്കിൽ നിന്നും പിടിക്കുന്ന മത്സ്യങ്ങളെ തിരുവല്ല ചന്തയിലും കോഴഞ്ചേരി ഭാഗത്തു നിന്നും പിടിക്കുന്ന മത്സ്യങ്ങളെ കോഴഞ്ചേരി, പത്തനംതിട്ട എന്നീ മാർക്കറ്റുകളിലും വിപണനം നടത്തുന്നു. ജില്ലയിൽ ഒരു ദിവസം ശരാശരി 2000 കി.ഗ്രാം നാടൻ മത്സ്യങ്ങളെ വിപണനം നടത്തുന്നതായി കണക്കാക്കുന്നു. നാടൻ മത്സ്യങ്ങളുടെ വിപണനം ജില്ലയിൽ ഒരു വർഷം ഏകദേശം 720 ടൺആണ്.

2.1.3 കടൽ മത്സ്യങ്ങൾ

ഉൾനാടൻ മേഖലയായ പത്തനംതിട്ട ജില്ലയിൽ കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നാണ് കടൽ മത്സ്യങ്ങൾ എത്തുന്നത്. ജില്ലയിലെ കുമ്പഴ, പന്തളം, തിരുവല്ല മാർക്കറ്റുകളിലായി ദിനംപ്രതി 50 ടൺ മത്സ്യങ്ങൾ ലേലം ചെയ്യുന്നതായി അറിയാൻ കഴിയുന്നു. കൂടാതെ സ്വന്തമായി വാഹനങ്ങളിൽ നേരിട്ട് മാർക്കറ്റുകളിൽ പോയി മീൻ വാങ്ങുന്നവരുമുണ്ട്. ഇത് ശരാശരി 10 ടണ്ണോളം വരുന്നു. അങ്ങനെ ആകെ പ്രതിദിന ഉപയോഗം (കടൽ മത്സ്യങ്ങൾ) 60 ടൺ വരുന്നുണ്ട്. ഒരു വർഷം ആകെ 21600 ടൺ മത്സ്യം ജില്ലയിൽ എത്തുന്നുണ്ട്. ജില്ലയിൽ പ്രതിവർഷം വിപണനം നടത്തുന്ന മത്സ്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

കടൽ മത്സ്യങ്ങൾ	21600 ടൺ
നാടൻ മത്സ്യങ്ങൾ	720 ടൺ
മത്സ്യകൃഷി ഫിഷറീസ് വകുപ്പ്	1700 ടൺ
ആകെ	24020 ടൺ

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

2.2 മത്സ്യകൃഷി

2.2.1 മത്സ്യകൃഷി

ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കാനുള്ള മത്സ്യകർഷക വികസന ഏജൻസി (FFDA)1990 ൽ പത്തനംതിട്ട ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. മത്സ്യകൃഷിക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ഈ ഏജൻസി നൽകി വരുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ജനകീയ മത്സ്യകൃഷി 1-ാം ഘട്ടം, മത്സ്യ കേരളം, മത്സ്യ സമൃദ്ധി, മത്സ്യ സമൃദ്ധി 2-ാം ഘട്ടം എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയിരുന്നു. നിലവിൽ ജനകീയ മത്സ്യകൃഷി 2-ാം ഘട്ടം എന്ന പദ്ധതി ജില്ലയിൽ പുരോഗമിക്കുന്നു. കടലോ, കായലോ ഇല്ലാത്ത ഈ ജില്ലയിൽ സാധ്യമായ എല്ലാ സ്ഥലങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടിക. 4.23

മത്സ്യ സമൃദ്ധി 2-ാം ഘട്ടം (2015-16)

ക്രമ നം	പദ്ധതി	ഏരിയ/യൂണിറ്റി	തുക
1.	ശുദ്ധജല മത്സ്യകൃഷി	300.28 ഹെക്ടർ	17,80,466
2.	കരമീൻ അടുക്കള കുളം	100 യൂണിറ്റ്	1,00,000
3.	കുളങ്ങളിലെ കരമീൻ കൃഷി	1 യൂണിറ്റ്	24,324
4.	പടുതാക്കുളം	9 യൂണിറ്റ്	90,000
5.	സംയോജിത മത്സ്യകൃഷി	5 യൂണിറ്റ്	640,95

6.	പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം	–	5,00,000
7.	മത്സ്യത്തീറ്റ സബ്സിഡി	–	8,17,518
	ആകെ		**33,76,403**

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

മത്സ്യ സമൃദ്ധി 2-ാം ഘട്ടം (2016-17)

ക്രമ നം	പദ്ധതി	ഏരിയ/യൂണിറ്റി	തുക
1.	ശുദ്ധജല മത്സ്യകൃഷി	363.896 ഹെക്ടർ	15,96,915
2.	കരമീൻ അടുക്കള കുളം	100 യൂണിറ്റ്	1,00,000
3.	കുളങ്ങളിലെ കരമീൻ കൃഷി	1 യൂണിറ്റ്	25,000
4.	പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം	–	75,9626
5.	പടുതാക്കുളം	7 യൂണിറ്റ്	70,000
6.	സംയോജിത മത്സ്യകൃഷി	9 യൂണിറ്റ്	80,000
7.	മാതൃകാ മത്സ്യക്കുളം	–	2,00,000
8.	മത്സ്യത്തീറ്റ സബ്സിഡി **(721 പേർക്ക്)**	–	9,42,531
9.	RAS (റീ സർക്കുലേറ്ററി അക്വ കൾച്ചർ സിസ്റ്റം)	5 യൂണിറ്റ്	27,40,000
	ഗിഫ്റ്റ് (ജനറ്റിക്കലി ഇംപ്രൂവ്ഡ് ഫാംഡ് തിലാപ്പിയ)	5 യൂണിറ്റ്	
	നാടൻ മത്സ്യകൃഷി	2 യൂണിറ്റ്	
	ആറ്റുകൊഞ്ച്	2 യൂണിറ്റ്	
	ആകെ		**65,14,072**

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

ജില്ലയിലെ മത്സ്യോൽപ്പാദനം മത്സ്യ സമൃദ്ധി IIപദ്ധതി പ്രകാരം

വർഷം	ഉൽപ്പാദനം (ടണ്ണിൽ)
2015-16	918.33
2016-17	2563
ആകെ	3481.33

അവലംബം:- പത്തനംതിട്ട ജില്ലാ ആഫീസ്.

കാർപ്പു മത്സ്യങ്ങളായ കട്ല, രോഹു, മൃഗാൽ, കോമൺ കാർപ്പ്, ഗ്രാസ് കാർപ്പ്, ആറ്റു കൊഞ്ച് എന്നിവയാണ് ഈ ജില്ലയിൽ പ്രധാനമായും കൃഷി ചെയ്തു വരുന്നത്. കൂടാതെ ഗിഫ്റ്റ് തിലാപ്പിയാ യുടെ കൃഷിയും ആരംഭിച്ചിട്ടുണ്ട്. മത്സ്യകർഷകർക്ക് വിവിധയിനം വളർത്തു മത്സ്യങ്ങളെക്കുറിച്ചും മത്സ്യകൃഷി ശാസ്ത്രീയമായി ചെയ്യുന്നതിന് ആവശ്യമായ സാങ്കേതികമായ പരിശീലനവും ജില്ലയലെ വിവിധ പഞ്ചായത്ത്, ബ്ലോക്ക്തലങ്ങളിൽ നടപ്പിലാക്കി വരുന്നു. ഈ മത്സ്യകർഷകരെ മാതൃകാ മത്സ്യക്കുളങ്ങൾ സന്ദർശിക്കുന്നതിനുള്ള ക്രമീകരണവും പരിശീനലത്തിൽഉൾപ്പെടുത്തിയിട്ടുണ്ട്.

2.2.2 മത്സ്യ വിത്തുല്പാദനം

രണ്ട് സർക്കാർ മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളാണ് ജില്ലയിലുള്ളത്. കോഴഞ്ചേരിയിലെ പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സ് ഫാമിൽ നിന്നും കവിയൂർ പഞ്ചായത്തിലെ പോളച്ചിറയിലുള്ള നാഷണൽ ഫിഷ് സീഡ് ഫാമിൽ നിന്നും ഗുണനിലവാരമുള്ള കാർപ്പ് മത്സ്യവിത്തുകളെ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

2.2.2.1 ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രം, പോളച്ചിറ

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കവിയൂർ പഞ്ചായത്തിൽ പോളച്ചിറയിൽ ഫിഷറിസ് വകുപ്പിന് കീഴിൽ 1967-ൽ പോളച്ചിറ ഫാം പ്രവർത്തനം ആരംഭിക്കുകയും 1985-ൽ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രം എന്ന പദവി ലഭിക്കുകയും ചെയ്തു.35 ഹെക്ടറോളം വിസ്തൃതിയിലാണ് ഹാച്ചറി സ്ഥിതി ചെയ്യുന്നത്.

ഗുണമേന്മയുള്ളതും ഉയർന്ന തോതിൽ വിളവ് ലഭിക്കുന്നതുമായ ഗുദ്ധജല മത്സ്യങ്ങളുടെ വിത്തുല്പാദനവും വിതരണവുമാണ് പോളച്ചിറ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ അത്യന്തിക ലക്ഷ്യം. മത്സ്യ കർഷകർക്ക് യഥാസമയം വിത്ത് വിതരണം നടത്തി ഈ മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മാന്യമായ വരുമാനം നേടുന്നതിനായി ഫാം പ്രവർത്തനങ്ങൾ സഹായിക്കുന്നു.

പോളച്ചിറ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിൽ പ്രധാനമായും കാർപ്പ് മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയ കുഞ്ഞുങ്ങളെ പ്രേരിത പ്രജനനത്തിലൂടെ ഉല്പാദിപ്പിച്ചു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യ കർഷകർക്കും ഫിഷറീസ് വകുപ്പിന്റെ വിവിധ പദ്ധതികൾക്കും വിവിധ സർക്കാർ ഏജൻസികൾക്കും വിതരണം ചെയ്തു വരുന്നു. കട്ല, രോഹു, മൃഗാൾ, സൈപ്രിനസ്, ഗ്രാസ് കാർപ്പ് എന്നിവയുടെ കുഞ്ഞുങ്ങളെയാണ് പ്രധാനമായും ഇവിടെ ഉല്പാദിപ്പിച്ചു വരുന്നത്.

പോളച്ചിറ ഫാമിന്റെ ഉപകേന്ദ്രങ്ങളിലൊന്നായ ഐരാറ്റ് ഫാം പോളച്ചിറ ഫാമിൽ നിന്നും 1/2 കി.മീ. അകലെയായി സ്ഥിതി ചെയ്യുന്നു. ഇതിന്റെ നിർമ്മാണത്തിനായി 2016-17 ൽ 5 കോടി രൂപ സർക്കാർ അനുവദിക്കുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. നാടൻ മത്സ്യങ്ങളായ കാരി, കല്ലേമുട്ടി, മുഷി, മഞ്ഞക്കൂരി മുതലായവയുടെ കുഞ്ഞുങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾ ഐരാറ്റ് ഹാച്ചറികളിൽ പുരോഗിച്ചു വരുന്നു.

ഇന്റഗ്രേറ്റഡ് ഫിഷ് ഫാം, എടത്വാ

പോളച്ചിറ ദേശീയ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ മറ്റൊരു ഉപകേന്ദ്രമായ എടത്വാ ഇന്റഗ്രേറ്റഡ് ഫിഷ് ഫാം, ആലപ്പുഴ ജില്ലയിലെ എടത്വാ മങ്കോട്ടച്ചിറയിൽ പമ്പയാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്നു. പോളച്ചിറ ഫാമിന്റെ ആവശ്യത്തിനായുള്ള സ്പോൺ (മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾ) പ്രധാനമായും എടത്വാ ഫാമിലാണ് ഉല്പാദിപ്പിക്കുന്നത്. ഈ സ്പോൺ പോളച്ചിറ ഫാമിലെത്തിച്ച് ശാസ്ത്രീയമായി പരിപാലിച്ച് മത്സ്യ വിത്തുകളാക്കി ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു. ഈ ഫാമിന്റെ നവീകരണത്തിനായും പുതിയ മത്സ്യ ഇനങ്ങളായ ജയന്തി രോഹു. അമൂർ കാർപ്പ്, സ്കാമ്പി എന്നിവയുടെ വിത്തു മത്സ്യങ്ങളെ വളർത്തി വിപണനം നടത്തുന്നതിനുള്ള ബ്രൂഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി 1,44,80000/-രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആരംഭിച്ചിട്ടുമുണ്ട്.

ഫാമിലെ പ്രേരിത പ്രജനന പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 0.22 ഹെ. വിസ്തൃതിയുള്ള 22 നഴ്സറി കുളങ്ങളും 0.17 ഹെ. വിസ്തൃതിയുള്ള 6 സെന്റ് സ്റ്റോക്കിംഗ് കുളങ്ങളും 52 മൺകുളങ്ങളും ഉണ്ട്. കൂടാതെ എടത്വാ ഫാമിൽ 1.75 ഹെ. വിസ്തൃതിയുള്ള 6 ബ്രൂഡ് സ്റ്റോക്ക് മൺകുളങ്ങളും ഉണ്ട്. പോളച്ചിറ ഫാമിൽ വിത്തു മത്സ്യങ്ങളെ 0.12 ഹെ. വിസ്തൃതിയിലുള്ള രണ്ടു മൺകുളങ്ങ

ളിലാണ് പരിപാലിച്ചു വരുന്നത്. പോളച്ചിറ ഫാമിലെ പ്രധാന ജല സ്രോതസ് 8 ഹെ. വിസ്തൃതിയുള്ള പോളച്ചിറയാണ്.

കഴിഞ്ഞ 5 വർഷത്തെ മത്സ്യ വിത്തുല്പാദന വിവരങ്ങൾ

ആധുനിക മത്സ്യകൃഷി മാർഗ്ഗമായ റീസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം അവലംബിക്കാൻ താല്പര്യമുള്ളവർക്ക് അതിന്റെ പ്രവർത്തന രീതികൾ മനസ്സിലാക്കുന്നതിനയി ഫാമിനോട് അനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള റീ സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം ഡെമോൺസ്ട്രേഷൻ യൂണിറ്റിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷി ചെയ്തു വരുന്നു.മത്സ്യസമൃദ്ധി IIന്റെ ഭാഗമായി മാതൃകാ കൂടുകൃഷി യൂണിറ്റ് അനുവദിച്ചിരുന്നു. ആയതു പ്രകാരം 8 4 2.5 മീറ്റർ അളവിലുള്ള കൂട് നിർമ്മിച്ച് പോളച്ചിറ ജലാശയങ്ങളിൽസ്ഥാപിച്ച് ഗിഫ്റ്റ് തിലാപ്പിയ കൃഷി ചെയ്തു വരുന്നു.കൂടാതെ മത്സ്യസമൃദ്ധി II പ്രകാരം സമ്മിശ്ര മത്സ്യകൃഷി നടത്തുന്നതിനായി മാതൃകാ സമ്മിശ്ര കൃഷി യൂണിറ്റ് (ഡെമോൺസ്ട്രേഷൻ ഫാം) നിർമ്മിച്ച് പരിപാലിച്ചു വരുന്നു.

പോളച്ചിറ ഫാമിന്റെ മത്സ്യവിത്തുല്പാദനം

ക്ര.നം.	വർഷം	വിതരണം ചെയ്ത മത്സ്യ വിത്ത് (ലക്ഷം)
1	2011–12	11.25
2	2012–13	23.20
3	2013–14	24.18
4	2014–15	26.76
5	2015–16	28.01
6	2016–17	35.35
7	2017–18	100 (ടാർഗറ്റ്)

2.2.2.2 ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ

പത്തനംതിട്ട ജില്ലയിൽ മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ പന്നിവേലിച്ചിറയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന പ്രധാനപ്പെട്ട ശുദ്ധജല മത്സ്യവിത്തുത്പാദനകേന്ദ്രമാണ് ഇത്. 1956–ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലാ മത്സ്യ കർഷക വികസന ഏജൻസി വഴി സ്ഥാപിച്ച അലങ്കാര മത്സ്യ കൃഷി യൂണിറ്റും ട്രെയിനിംഗ് സെന്ററും പ്രവർത്തിച്ചു വരുന്നുണ്ട്. 8.67Haആണ് ഫാമിന്റെ വിസ്തീർണം. ജല ലഭ്യതയുള്ള പ്രദേശം 1.41Ha ആണ്.

പ്രധാന പ്രവർത്തനങ്ങൾ

1. **മത്സ്യ വിത്തുത്പാദനം** (പ്രേരിത പ്രജനനം)

കട്ല, രോഹു, മൃഗാൽ (ഇൻഡ്യൻ മേജർ കാർപ്പുകൾ), സൈപ്രിനസ് (കോമൺ കാർപ്പ്) എന്നിവയുടെ കുഞ്ഞുങ്ങളെ പ്രേരിത പ്രജനനം വഴി ഉത്പാദിപ്പിച്ച് ജില്ലയിലെയും മറ്റ് ജില്ലയിലും മത്സ്യ കർഷകർക്ക് വിതരണം നടത്തിവരുന്നു. 2011–12 മുതൽ 2016–17 വരെ ഈ സ്ഥാപനത്തിൽ നിന്നും വിതരണം ചെയ്ത മത്സ്യ കുഞ്ഞുങ്ങളുടെ വിശദ വിവരം ചുവടെ നൽകുന്നു.

ക്ര.നം	വർഷം	വിതരണം ചെയ്ത മത്സ്യ വിത്ത് (ലക്ഷം)
1	2013–14	18.49
2	2014–15	20.50
3	2015–16	21.15
4	2016–17	22.70
5	2017–18	50 (ടാർഗറ്റ്)

2. അലങ്കാര മത്സ്യ പ്രദർശനങ്ങൾ

ജില്ലയിലെ മത്സ്യകർഷക വികസന ഏജൻസിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന അലങ്കാര മത്സ്യ വിത്തുല്പാദന യൂണിറ്റിൽ വിവിധയിനം അലങ്കാര മത്സ്യങ്ങളുടെ പ്രജനനവും വിപണനവും നടത്തിവരുന്നു. പ്രസ്തുത യൂണിറ്റ് കേന്ദ്രീകരിച്ച് ജില്ലയിൽ അലങ്കാരമത്സ്യ കൃഷി മേഖലയെ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. മത്സ്യ കർഷക വികസന ഏജൻസിക്കുവേണ്ടി ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ അലങ്കാര മത്സ്യ പ്രദർശന മേളകൾ 'ആത്മ' പത്തനംതിട്ടയ്ക്കുവേണ്ടി വിവിധ സ്ഥലങ്ങളിൽ വളർത്തുമത്സ്യ–അലങ്കാര മത്സ്യ പ്രദർശനങ്ങൾ പന്നിവേലിച്ചിറ ഫാമിന്റെ നേതൃത്വത്തിൽ നടത്താറുണ്ട്.

3. ഗിഫ് തിലാപ്പിയ മത്സ്യപരിപാലനം

സാധാരണ തിലാപ്പിയേക്കാൾ വളർച്ചാ നിരക്ക് കൂടുതലുള്ള ഇനമാണ് ഗിഫ് തിലാപ്പിയ. കേരളത്തിൽ ഏറ്റവും അധികം പ്രാധാന്യമുള്ള ഈ മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ **ആർ ജി സി എ** വിജയവാഡയിൽ നിന്നും കൊണ്ടു വന്ന് 2 ആഴ്ചത്തെ നഴ്സറി പരിപാലനത്തിനു ശേഷം ലൈസൻസുള്ള കർഷകർക്കും ഫിഷറീസ് വകുപ്പ് നടത്തിവരുന്ന നൂതന മത്സ്യകൃഷി പദ്ധതിക്കും വിതരണം ചെയ്തു വരുന്നു.

2.2.3 അലങ്കാര മത്സ്യകൃഷി

പരിസ്ഥിതി ഘടകങ്ങൾ മത്സ്യകൃഷിക്ക് വളരെ അനുയോജ്യമായ കേരളത്തിൽ അലങ്കാര മത്സ്യകൃഷിക്ക് അനന്തമായ സാധ്യകളാണുള്ളത്. അതിൽ ഒരു സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ജില്ലയാണ് പത്തനംതിട്ട. എന്നിരുന്നാലും ജില്ലയിൽ അലങ്കാര മത്സ്യകൃഷി ശൈശവ ദിശയിൽ തന്നെയാണ് ഇപ്പോഴും. അക്വേറിയം ഷോപ്പുകൾ, ചെറുകിട അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ എന്നിവ മാറ്റി നിർത്തിയാൽ ജില്ലയിൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ മേഖലയിൽ ഉണ്ടാകുന്നില്ല.

ഫിഷറീസ് വകുപ്പിനേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ഈ മേഖലയിൽ പ്രകടമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്നതാണ്. ആഗോളതലത്തിൽ ഈ മേഖലയിൽ ഇൻഡ്യയുടെ പങ്ക് നാമമാത്രമാണ്. അതിൽ തന്നെ കേരളത്തിന്റെ പങ്ക് തീരെയില്ല എന്നു തന്നെയാണ്. ഈ മേഖലയിൽ കേരളത്തിന്റെ പങ്ക് വ്യാപിപ്പിക്കുന്നതിന് പത്തനംതിട്ടയുടെ അലങ്കാര മത്സ്യകൃഷി മേഖല പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

3 **വികസന പ്രശ്നങ്ങൾ**

1	കടൽ–കായൽ ഇല്ലാത്ത ജില്ല
2	ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ കുറവ് ജലാശയങ്ങളെ സംരക്ഷിക്കുവാനും പൂർണ്ണമായും വിനിയോഗിക്കുവാനും സാധിക്കാത്തത്.
3	നാടൻ മത്സ്യ ഇനങ്ങളുടെ കുറവ്

4	ജല മലിനീകരണം
5	തൊഴിൽ സംരഭമായി മാറ്റാൻ കഴിയുന്നില്ല
6	ഗുണമേന്മയും ന്യായവിലയും ഉറപ്പാക്കാൻ കഴിയാത്തത്
7	വായ്പാ ലഭ്യതയിലെ സങ്കീർണ്ണത
8	തദ്ദേശഭരണ, സ്ഥാപനതല സംഘാടനം, ശാസ്ത്രീയ കൃഷി രിതികളുടെ കുറവ്
9	അശാസ്ത്രീയ മത്സ്യബന്ധനം

പരിഹാരം

1	ഡാമുകളിലെ ജല ലഭ്യതഃമത്സ്യകൃഷിക്കു കൂടി വിനിയോഗിക്കുക
2	സംഭരണം-സംസ്കരണം, പ്രാദേശിക വിപണനവും, കയറ്റുമതിയും പ്രോത്സാഹിപ്പിക്കുക
3	താങ്ങുവിലയും ആധുനിക ഉപകരണങ്ങളും സബ്സിഡിയും
4	അധികം വരുന്നവയുടെ വിതരണവും പുനരുപയോഗവും
5	ജലമലിനികരണ നിയന്ത്രണ പരിപാടികൾ
6	ഐസ് പ്ലാന്റ്, ഗുണനിലവാര പരിശോധന ലാബുകൾ, ക്ഷമനിധി ഓഫീസ് എന്നീ അനുബന്ധ സൗകര്യങ്ങൾ ഒരുക്കജശ
7	അനിയന്ത്രിത മത്സ്യ ബന്ധനത്തിനുമേൽ നിയമ നടപടി
8	കർഷക രജിസ്ട്രഷനും, തീറ്റയ്ക്ക് സബ്സീഡിയും
9	മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ചെറുകിട സംരഭങ്ങൾ

പദ്ധതി സംയോജനം

1	കയറ്റുമതിയും നിക്ഷേപ സാധ്യതയും
2	തദ്ദേശ സ്ഥാപനതല നവീകരിച്ച ജലസ്ത്രോതസ്സുകളിൽ മത്സ്യ-കൃഷി ഊർജ്ജോത്പാദനം-ജലസേചനം
3	ഡാമുകളിലെ മത്സ്യകൃഷിക്ക് സഷകരണ സംഘങ്ങളുടെ നിക്ഷേപ സാധ്യത
4	പശു, ആട്, പന്നി, കോഴി, താറാവ് വളർത്തലിനോടൊപ്പമുള്ള മത്സ്യ നെൽകൃഷി
5	കൃഷി-ഫിഷറീസ്-വ്യവസായം-ശുചിത്വം-സഹകരണം കുടുംബശ്രീ-തദ്ദേശഭരണം എന്നീ വകുപ്പുകളുടെ ഏകോപനം
6	അറവുശാല മാലിന്യങ്ങൾ ഉപയോഗിച്ചുള്ള മത്സ്യ തീറ്റ നിർമ്മാണം

3.1 ഉൾനാടൻ മത്സ്യ സമ്പത്തിന്റെ നിലവിലെ അവസ്ഥ:

ഉൾനാടൻ മത്സ്യ ബന്ധനത്തിൽ പ്രധാനമായി ലഭിക്കുന്ന ഇനങ്ങൾ തൂളി, മഞ്ഞക്കൂരി, കാരി, വയമ്പ്, വരാൽ, കട്ല, രോഹു എന്നിവയാണ് മത്സ്യ ബന്ധനത്തിൽ കൂടുതൽ ലഭിക്കുന്നത്. എന്നാൽ മത്സ്യ ലഭ്യത ഓരോ വർഷവും കുറഞ്ഞു വരികയാണ്. നാടൻ മുഷി, വലഞ്ഞിൽ, കൂരൽ, വാക വരാൽ, എന്നിവ ഇപ്പോൾ വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങളാണ്. മുൻപ് വംശനാശ പട്ടികയിൽ ഉണ്ടായിരുന്ന തൂളി, മഞ്ഞക്കൂരി എന്ന മത്സ്യങ്ങൾ റാഞ്ചിംഗ് നടത്തിയത് മൂലം വർദ്ധനവ് കാണപ്പെടുന്നുണ്ട്.

3.2 മത്സ്യ സമ്പത്ത് കുറയുന്നതിനുള്ള കാരണങ്ങൾ:

മനുഷ്യകാരണത്താൽ പരിസ്ഥിതിക്ക് ഉണ്ടായ മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളുമാണ് മത്സ്യ സമ്പത്ത് കുറയുവാനുള്ള പ്രധാന കാരണങ്ങൾ. ജലമലിനീകരണം, പരിസ്ഥിതി നശീകരണം, തെറ്റായ മത്സ്യബന്ധന രീതികൾ, മണൽ ഖനനം എന്നിവ മത്സ്യങ്ങളുടെ പ്രജനനത്തെയും, വംശ വർദ്ധനവിനേയും ബാധിച്ചിട്ടുണ്ട്. ജലത്തിലെ ഘടകങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഒരു പരിധിയിൽ കവിഞ്ഞാൽ മത്സ്യങ്ങൾക്കു ജീവിക്കുവാൻ സാധിക്കില്ല. വിഷാംശങ്ങളുടെ സാന്നിധ്യവും ഓക്സിജന്റെ കുറവും മത്സ്യങ്ങൾ കൂട്ടമായി ചത്തൊടുങ്ങുവാൻ ഇടയാകുന്നു. മണൽ ഖനനവും, പരിസ്ഥിതി

നശീകരണവും പ്രജനന നിലങ്ങളെ ഇല്ലാതാക്കുകയും വർദ്ധനവിനെ തടസ്സപ്പെടുത്തുകയും ചെയ്യും. തോട്ട പൊട്ടിക്കൽ, മടവല ഉപയോഗിക്കുക, വിഷാംശം ജലത്തിൽ പ്രയോഗിക്കുക, ചെറിയ കണ്ണികൾ ഉള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന മുറകൾ, പിടിച്ചെടുത്ത മത്സ്യങ്ങളെ അവശരാക്കുകയും ഉപയോഗ്യ ശൂന്യമായ ചെറുമത്സ്യങ്ങൾ നശിക്കുകയും, പരിസ്ഥിതിക്ക് കോട്ടം വരുത്തുകയും വംശ നാശം ഉണ്ടാകുകയും ചെയ്യും. ഊത്ത ഇളക്കത്തിൽ മത്സ്യബന്ധനം നടത്തുന്നത് നിലവിലുള്ള മത്സ്യങ്ങളുടെ എണ്ണം കുറയ്ക്കുകയും വംശവർദ്ധനവിനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യും.

3.3 സഹകരണ സംഘങ്ങൾ

ജില്ലയിൽ 9 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളാണ് ഉള്ളത്. ഇവയിൽ പരുമല വനിതാ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘത്തിന് മാത്രമാണ് മത്സ്യഫെഡ് അഫിലിയേഷൻ ഉള്ളത്. നിലവിലുള്ള 9 സംഘങ്ങളിൽ 4 എണ്ണം മാത്രമാണ് പ്രവർത്തന ക്ഷമമായുള്ള ത്. സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം പ്രവർത്തനം മന്ദീഭവിച്ചിരിക്കുക യാണ്. ആയതിനാൽ ഗവൺമെന്റിൽ നിന്നും ടി സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം നൽകേണ്ടത് അത്യാവശ്യമാണ്. എല്ലാ സംഘങ്ങളും തന്നെ സംഘംഭരണ സമിതി ഭാരവാഹികളുടെ വീടിനോടനുബന്ധിച്ചാണ് പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി ഭൂമിയൊ കെട്ടിടമോ ഇല്ല. ആയതി നാൽ സ്വന്തമായി വസ്തു വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം അത്യാവശ്യമാണ്. ടി സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി ധനസഹായം നൽകുന്നത് സംഘങ്ങൾക്ക് വരുമാന വർദ്ധനവിനും ഒപ്പം സംഘം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. സംഘം സെക്രട്ടറിമാർക്ക് വേതനം നൽകുന്നതിന് സംഘങ്ങൾക്കും സാധിക്കുന്നില്ല. ആയതുകൊണ്ടു തന്നെ സെക്രട്ടറിമാർ കൃത്യമായി സംഘത്തിൽ വരുന്നതിനും കണക്കുകൾ യഥാസമയം പൂർത്തീകരിക്കുന്നതിനും വിമുഖത കാണിക്കുന്നു.

4. നിലവിലെ പദ്ധതികൾ

4.1 കേന്ദ്ര പദ്ധതികൾ

4.1.1 **RIDF (റൂറൽ ഇൻഫ്രസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്)–** RIDFവഴി മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിന്റെ നവീകരണത്തിന് 5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിലെ കുളങ്ങൾ നവീകരിച്ച് പുതുതായി ഗിഫ്റ്റ് തിലാപ്പിയ പരിപാലനത്തിന് ഹാച്ചറി പണിയുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

4.1.2 **RKVY** (രാഷ്ട്രീയ കൃഷി വികാസ് യോജന)– ഈ പദ്ധതി പ്രകാരം സർക്കാർ മേഖലയിലെ മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് നൽകുകയുണ്ടായി അതിൻ പ്രകാരം നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറയിലും അനുബന്ധ സ്ഥാപനമായ എടത്വാ ഇന്റഗ്രേറ്റഡ് ഫാമിലും ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറയിലും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

4.1.3 **FFDA**(മത്സ്യ കർഷക വികസന ഏജൻസി)– മത്സ്യകർഷക വികസന

ഏജൻസിയുടെ ആവിർഭാവത്തോടെ ഇന്ത്യയിലെ ശരാശരി വാർഷിക ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അഞ്ചാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച മത്സ്യകർഷക വികസന ഏജൻസി, ശുദ്ധജല മത്സ്യ മേഖലയുടെ ബഹുമുഖമായ വളർച്ചയെ ലക്ഷ്യമാക്കി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി ഇപ്പോഴും തുടർന്നു വരുന്നുണ്ട്. ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാസ്ത്രീയമായ മത്സ്യകൃഷി കാര്യക്ഷമമായും വ്യാപകമായും നടപ്പാക്കുകയും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
2. ജലാശയങ്ങൾ സർവ്വേ നടത്തി മത്സ്യകൃഷിക്ക് അനുയോജ്യമായവ കണ്ടെത്തുന്നു.
3. മത്സ്യകർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്യുക.

4. മത്സ്യകർഷകർക്ക് ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങൾ, വളം, തീറ്റ എന്നിവ ലഭ്യമാക്കി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.
5. ശാസ്ത്രീയ മത്സ്യകൃഷിയുടെ വിവിധ വശങ്ങളെ കുറിച്ചും പരിശീലനം നൽകുന്നു.
6. അലങ്കാര മത്സ്യകൃഷി പ്രോത്സാഹനം.

4.2 സംസ്ഥാന പദ്ധതികൾ

4.2.1 മത്സ്യ സമൃദ്ധി

ജനകീയ മത്സ്യകൃഷി 2-ാം ഘട്ടം (2017-2020) സംസ്ഥാനവിഷ്കൃത പദ്ധതി

ഉൾനാടൻ മത്സ്യകൃഷി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. പത്തനംതിട്ട ജില്ലയിൽ ജനകീയ മത്സ്യകൃഷിയുടെ 3 ഘടക പദ്ധതികളായ ചെറിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, മാതൃകാ മത്സ്യകൃഷിയിടം എന്നിവ നടപ്പിലാക്കി വരുന്നു. ചെറു കുളങ്ങളിലെ മത്സ്യകൃഷി എന്ന ഘടക പദ്ധതി പ്രകാരം 50 സെന്റിൽ താഴെ വിസ്തൃതിയുള്ള കുളങ്ങളിൽ സെന്റിന് 40 മത്സ്യക്കുഞ്ഞുങ്ങൾ എന്ന നിരക്കിൽ ഒരു യൂണിറ്റിന് പരമാവധി 1500 മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയായി നൽകുന്നു. 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള കുളങ്ങളിൽ സെന്റിന് 30 മത്സ്യക്കുഞ്ഞുങ്ങൾ സബ്സിഡിയായി വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി എന്ന ഘടക പദ്ധതി പ്രകാരം നൽകുന്നു. ചുരുങ്ങിയത് 50 സെന്റ് വിസ്തൃതി എങ്കിലുമുള്ള ജലാശയത്തിൽ ശാസ്ത്രീയ മത്സ്യകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 3 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ള പദ്ധതിയാണ് മാതൃകാ ശുദ്ധജല മത്സ്യകൃഷിയിടം. അടങ്കൽ തുകയുടെ 50% തുക സബ്സിഡിയായി അനുവദിക്കും.

നൂതന മത്സ്യകൃഷി (സംസ്ഥാനവിഷ്കൃത പദ്ധതി)

മത്സ്യകൃഷി മേഖലയിലെ നൂതന രീതികളും വിപണന മൂല്യമേറിയ മത്സ്യങ്ങളുടെ കൃഷിയും ഈ പദ്ധതി പ്രകാരം നടത്തപ്പെടുന്നു. ഗിഫ്റ്റ് തിലാപ്പിയ, വാള എന്നീ മത്സ്യങ്ങളുടെ കൃഷിയും നൂതന മത്സ്യകൃഷി രീതിയായ അക്വാ പോണിക്സ് റീസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം എന്നിവ ഇതിൽപ്പെടുന്നു.

4.2.2 മത്സ്യബന്ധന മേഖല

വകുപ്പ് വഴി നടത്തുന്ന പദ്ധതികൾ

1. സമ്പാദ്യ സമാശ്വാസ പദ്ധതി (കേന്ദ്ര സംസ്ഥാനാ വിഷ്കൃത പദ്ധതി)
2. ഭവന നിർമ്മാണം (സംസ്ഥാനാവിഷ്കൃത പദ്ധതി)
3. ഭവന പുനരുദ്ധാരണ പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി)
4. സാമൂഹ്യ മത്സ്യകൃഷി
5. കക്കൂസ് നിർമ്മാണ പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി)
6. വിദ്യാഭ്യാസ ആനുകൂല്യം
7. വിദ്യാതീരം

പട്ടിക. 4.24

മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

നമ്പർ	പദ്ധതി	2012–13		2013–14		2014–15		2015–16		2016–17	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
1	ഭവന നിർമ്മാണം	5	1000000	6	1200000	–	–	10	2000000	–	–
2	ഭവന പുന രുദ്ധാരണം	–	–	7	350000	–	–	–	–	–	–
3	കക്കൂസ് നിർമ്മാണം	–	–	20	350000	–	–	8	140000	–	–
4	സമ്പാദ്യ സമാശ്വാസം	124	142540	115	140100	94	134850	110	162200	102	192000
5	വിദ്യാഭ്യാസ ആനുകൂല്യം	123	2649857	83	1798963	89	2398379	99	3322353	139	4588497
6	വിദ്യാതീരം	–	–	–	–	–	–	–	–	1	–
7	സാമൂഹ്യ മത്സ്യകൃഷി	3	515210	3	500000	3	600000	3	150000	3	260000

അവലംബം:– പത്തനംതിട്ട ജില്ലാ ആഫീസ്.

മത്സ്യബോർഡ് നടപ്പിലാക്കിയ ധനസഹായ പദ്ധതികൾ

നമ്പർ	പദ്ധതി	2011–12 എണ്ണം	2012–13 എണ്ണം	2013–14 എണ്ണം	2014–15 എണ്ണം	2015–16 എണ്ണം	2016–17 എണ്ണം	2017–18 എണ്ണം
1	മരണാനന്തര ധന സഹായം	3	1	2	1	1	2	2
2	വിവാഹ ധനസഹായം	2	2	–	2	3	4	–
3	രോഗ ചികിത്സ	–	–	–	–	1	–	–

അവലംബം: മത്സ്യ ഭവൻ കുമരകം

മത്സ്യത്തൊഴിലാളികൾ–അടിസ്ഥാന വിവരം

നമ്പർ	പദ്ധതി	പുളിക്കീഴ്	മല്ലപ്പള്ളി	കോയിപ്രം	ഇലന്തൂർ	ആകെ
1	സ്വന്തമായി ഭൂമി ഉള്ളവർ	**101**	**8**	**17**	**10**	**136**
2	സ്വന്തമായി ഭൂമി ഇല്ലാത്തവർ	**06**	**01**	**01**	**00**	**8**
3	സ്വന്തമായി വീട് ഉള്ളവർ	**98**	**08**	**16**	**10**	**132**
4	സ്വന്തമായി വീട് ഇല്ലാത്തവർ	**09**	**01**	**02**	**00**	**12**
5	വൈദ്യുതികരിച്ച വീടുള്ളവർ	**99**	**08**	**16**	**10**	**133**
6	കുടിവെള്ള സ്രോതസ്സ് ഉള്ളവർ	**74**	**08**	**16**	**09**	**107**
7	കുടിവെള്ള സ്ത്യോതസ്സ് ഇല്ലാത്തവർ	**33**	**01**	**02**	**01**	**37**
8	ടോയ്‌ലറ്റ് ഉള്ളവർ	**91**	**8**	**16**	**10**	**125**
9	ടോയ്‌ലറ്റ് ഇല്ലാത്തവർ	**16**	**01**	**02**	**00**	**19**

10	എ.പി.ൽ	37	02	03	03	45
11	ബി.പി.എൽ	70	10	15	07	102
12	വീടആവശ്യമുള്ളവർ	32	02	05	01	40
13	ഭവന പുന:രുദ്ധാരണം ആവശ്യമുള്ളവർ	49	05	07	08	69
14	ടോയ്‌ലറ്റ് ആവശ്യമുള്ളവർ	44	03	07	03	57

കടപ്പാട് : ജില്ലാ ഫിഷറിസ് ആഫീസ്, പത്തനംതിട്ട

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

നിലവിലെ മത്സ്യ മാർക്കറ്റുകൾ എല്ലാം തന്നെ വൃത്തി ഹീനമായ അവസ്ഥയിലാണുള്ളത്. മത്സ്യം ശീതീകരണ സൗകര്യങ്ങളോ, ഡ്രെയിനേജ് സൗകര്യങ്ങളോ, വാഹനങ്ങൾ പാർക്കുചെയ്യുന്നതിനുള്ള സൗകര്യങ്ങളോ ഇല്ലാത്തവയുമാണ്. മത്സ്യ അവശിഷ്ടങ്ങൾ വൃത്തിയാക്കുന്നതിനോ സംസ്ക്കരിക്കുന്ന തിനോ യാതൊരു സംവിധാനവും ഇല്ല. മത്സ്യ വ്യാപാരികൾക്ക് വൃത്തിയായ രീതിയിൽ സ്റ്റാളുകൾ ഉണ്ടാക്കി നൽകേണ്ടതുമാണ്.

നിലവിൽ കുമ്പഴ, ഇരവിപേരൂർ, കോഴഞ്ചേരി, കുളനട, റാന്നി, പറക്കോട്, പന്തളം, കോന്നി അടൂർ, കടപ്ര–ആലുംതുരുത്തി, ചിറ്റാർ, വടശ്ശേരിക്കര, മല്ലപ്പള്ളി, കുമ്പനാട് (നിലവിൽ പ്രവർത്തന രഹിതം) എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകൾ ഉണ്ട്. എന്നാൽ ഇവയുടെ നിലവിലെ പോരായ്മകൾ പരിഹരിച്ച് മാതൃകാപരമായ മത്സ്യ മാർക്കറ്റുകൾ ആക്കി മാറ്റേണ്ടതുണ്ട്.

കൂടൽ, പറക്കോട്, പഴകുളം, പന്തളം, അങ്ങാടി, ചിറ്റാർ, വടശ്ശേരിക്കര എന്നീ പ്രദേശങ്ങളിൽ പുതു തായി മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. തിരുവല്ലാ മുനിസിപ്പാലിറ്റിയിൽ ഒരു പ്രാദേശിക വ്യക്തിയുടെ സ്ഥലത്താണ് മത്സ്യ വിപണനം നടക്കുന്നത്. നഗരസഭയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി മാതൃകാ മത്സ്യ മാർക്കറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

മുൻ വർഷങ്ങളിൽ ജില്ലയിലെ മത്സ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പൊതുവെ കുറവായിരുന്നു. 2014 മുതൽ 2016 വരെയും മത്സ്യമേഖലയിൽ പ്രോജക്ടുകൾ ഇല്ലായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ മേഖലാ പദ്ധതികളെ കുറിച്ചും ജില്ലയിലെ ജലകൃഷി സാധ്യതകളെ കുറിച്ചും തൊഴിൽ ഉല്പാദന മേഖലകളെ കുറിച്ചും ശരിയായ അവബോധം നിലവിലില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. നിലവിലെ ഉൾനാടൻ മത്സ്യമേഖലാ പദ്ധതികളുടെ മാനദണ്ഡങ്ങൾക്ക് പോരായ്മകൾ ഉണ്ട്. ടി കാരണങ്ങളാൽ ഫിഷറീസ് പ്രോജക്ടുകൾ കാര്യക്ഷമമായി എഴുതുന്നതിനും നടപ്പിലാക്കുന്നതിനും സാധിക്കാതെ പോകുന്നു. കൂടാതെ ജില്ലയിൽ ഉടനീളം ആവശ്യമായ മേഖലാ ഉദ്യോഗസ്ഥരുടെ അപര്യാപ്തതയും ഒരു പ്രധാനകാരണമായിട്ടുണ്ട്.

ഇതര മേഖല പ്രോജക്ടുകളുമായി മത്സ്യ മേഖലാ പദ്ധതികൾ സംയോജിപ്പിക്കുവാൻ സാധ്യമല്ലാതെ വന്നത് മത്സ്യ മേഖലാ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധി ച്ചു. ജലകൃഷിയും മത്സ്യ വിപണന വിതരണവും, അടിസ്ഥാന സൗകര്യമൊരുക്കൽ, കുളം നവീകരണം, മത്സ്യകൃഷി അനുബന്ധ ഉപകരണങ്ങൾ നൽകൽ തുടങ്ങിയ പദ്ധതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൽക്കും ഏറ്റെടുക്കാവുന്നതാണ്.

ഉപസംഹാരം

മത്സ്യ സമ്പത്ത് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ ക്രമീകരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിലും നിസ്തുലമായ പങ്കാണ് വഹിച്ചു പോരുന്നത്. മത്സ്യങ്ങളുടേയും മത്സ്യോത്പന്നങ്ങളുടേയും കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് ഗണ്യമായവരുമാനം ലഭിക്കുന്നുണ്ട്.

പത്തനംതിട്ട ജില്ലയ്ക്ക് സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യമേഖലയിൽ പ്രധാനമായ സ്ഥാനമാണുള്ളത്. 4646 ലക്ഷം രൂപയുടെ വരുമാനമാണ് പത്തനംതിട്ട ജില്ലയിലെ മത്സ്യ മേഖലയിൽ നിന്നും സംസ്ഥാനത്തിന് 2015-16-ൽ വരുമാനം ലഭിച്ചിട്ടുള്ളത്. പശ്ചിമഘട്ടത്തിലെയും അവിടെ നിന്ന് ഉത്ഭവിക്കുന്നതുമായ നദികളിലെ മത്സ്യസമ്പത്ത് സംസ്ഥാനത്തിന്റെ മുതൽ കൂട്ടാണ്. ഈ സാഹചര്യം കൂടുതൽ വിപുലീകരിക്കുന്നതിന് സംയോജിത ജില്ലാ വികസന രൂപരേഖയ്ക്കായുള്ള ഇപ്പോഴത്തെ പരിശ്രമങ്ങൾ സഹായകമാണ്. ജില്ലാ വികസന പദ്ധതിയിലെ വികസന നിർദ്ദേശങ്ങൾ സംസ്ഥാന മത്സ്യ നയങ്ങൾക്ക് അനുരൂപമാണ്. മത്സ്യബന്ധനം സുസ്ഥിരമാക്കുന്നതിനും പരിസ്ഥിതി സൗഹാർദ്ദപരമായരീതിയിൽ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വിദേശ നാണ്യം കൂടുതൽ നേടുന്നതിനുതകുന്ന രീതിയിൽ കയറ്റുമതി മേഖലയെ പുഷ്ടിപ്പെടുത്തുകയും മത്സ്യകർഷകരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന വിധത്തിലാണ് വികസന നിർദ്ദേശങ്ങൾ രൂപവത്കരിച്ചിരിക്കുന്നത്.

ജില്ലയിൽ പ്രതിദിനം 60 ടണ്ണോളം കടൽ മത്സ്യം മറ്റു ജില്ലയിൽ നിന്നും കൊണ്ട് വന്ന് ഉപയോഗിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ഉൾനാടൻ മത്സ്യബന്ധനത്തിലും, മത്സ്യകൃഷിയിലും ജില്ല സ്വയം പര്യാപ്തമായ നിലയിലെത്തുകയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും സാധ്യമാക്കുന്നതിനുള്ള ഫലവത്തായ നടപടികൾ ഏറ്റെടുക്കേണ്ടതാണ്.നമ്മുടെ ഉൾനാടൻ മത്സ്യസ്രോതസ്സിന്റെ അക്ഷയഗതികളായ ആറുകളും തോടുകളും മലിനമാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, മാലിന്യ സംസ്കരണം ഫലവത്താക്കുകയും വേണം.

മത്സ്യ ബന്ധന മേഖലയെ നേരിട്ടും അനുബന്ധമായും ആശ്രയിക്കുന്ന ദരിദ്ര വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനവും മത്സ്യത്തൊഴിലാളികൾക്ക് ബദൽ തൊഴിലുകളായ അലങ്കാര മത്സ്യകൃഷിപോലുള്ളവ സൃഷ്ടിക്കുന്നതിനും ഇത് ഉതകുന്നതാണ്. Kerala Inland Fisheries and Aquaculture Act 2010, Kerala Fish Seed Act 2014 എന്നീ നിയമങ്ങൾ പ്രകാരം ജില്ലയുടെ ആകെ ഉൾനാടൻ മത്സ്യ ഉൽപ്പാദനം പ്രത്യേകിച്ചും വംശനാശ ഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതാണ്. ആയതിനാൽ ജില്ല മത്സ്യസമ്പത്തിലും ഉപയോഗത്തിലും സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് സഹായം ചെയ്യുന്നതാണ്.

ഈ വികസന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതോടെ ജില്ലയുടെ മത്സ്യഉല്പാദനം 2016-ൽ 2,563 ടൺ എന്ന നിലവാരത്തിൽ നിന്നും 2022 അവസാനം 5,000 ടൺ എന്ന നിലയിലെത്തിക്കാവുന്നതിന് സാദ്ധ്യമാകുന്നതാണ്. 2022 ഓടുകൂടി ജില്ലയിലെ 4000 പേർക്ക് മത്സ്യമേഖലയിൽ പ്രത്യക്ഷമായ തൊഴിൽ നൽകാവുന്നതാണ്, പ്രത്യേകിച്ചും നമ്മുടെ താഴ്ന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ.

ചിത്രം 4.5


FISHERMEN INHABITING AREA MAP OF PATHANAMTHITTA DISTRICT
N
ANICAD
KOTTANGAL
KUNNAMTHANAM
MALLAPPALLY
VECHOOCHIRA
KALOOPPARA
KOTTANAD
EZHUMATTOOR
RANNI-ANGADI
KAVIYOOR
PERINGARA
PURAMATTOM
NARANAMOOZHY
RANNI-PAZHAVANGADI
CHITTAR
THIRUVALLA(M)
AYIROOR
NEDUMPURAM
ERAVIPEROOR
RANNI - PERUNADU
KUTTOOR
KOIPRAMTHOTTAPUZHASSERY
RANNI
NIRANAM
KADAPRA
CHERUKOLE
KOZHENCHERRY
VADASSERIKARA
SEETHATHODU
NARAGANAM
ARANMULA
MALLAPUZHSSERY
MYLAPRA
ELANTHOOR
MALAYALAPUZHA
MEZHUVELI
PATHANAMTHITTA(M)
GHENNEERKARA
KONNI
THANNITHODE
KULANADA
OMALLOOR
THUMPAMON
VALLICODE
PRAMADOM
PANDALAM (M)
PANDALAM THEKKEKARA
KODUMON
ADOOR(M)
ARUVAPPULAM
KALANJOOR
ENADIMANGALAM
PALLICKAL
ERATHU
EZHAMKULAM
KADAMPANAD
Legend
FISHERMEN INHABITING AREA
0 2.5 5 10 15 20
Kilometers

ചിത്രം 4.6



നിലവിലെ പദ്ധതികളുടെ വിശകലനവും ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും

മത്സ്യബന്ധന മേഖല – ലക്ഷ്യങ്ങൾ

1.1. മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുക
1.2. ജലസ്രോതസുകൾ സംരക്ഷിക്കുക
1.3. മത്സ്യബന്ധന നിയന്ത്രണം
1.4. മത്സ്യ വിപണന സ്ത്രീകളുടെ തൊഴിൽ സുരക്ഷ
1.5. മത്സ്യത്തൊഴിലാളി–സൗഹൃദ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ
1.6. എല്ലാ മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുക
1.7. മത്സ്യ മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
1.8. മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുക
1.9. ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കൽ
1.10. മത്സ്യബന്ധന ഉപകരണങ്ങൾ
1.11. ബോധ വത്കരണ പദ്ധതികൾ രൂപീകരിക്കുക
1.12. മത്സ്യത്തൊഴിലാളി ക്ഷേമനിധി
1.13. മത്സ്യ വിപണന വിലയിൽ ഏകീകരണം നടപ്പിലാക്കുക

1. **മത്സ്യബന്ധന മേഖല:**

1.1 **ഭവന നിർമ്മാണം (സംസ്ഥാനാവിഷ്കൃത പദ്ധതി)** : സ്വന്തമായി ഭൂമിയുള്ളതും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ളതും വിവാഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി സൗജന്യമായി 4,00,000/-രൂപ നൽകുന്നു. ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റി നറുക്കെടുപ്പിലൂടെ തെരെഞ്ഞെടുക്കുന്നു.

1.2. **ഭവന പുനരുദ്ധാരണ പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി)** : മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 10 വർഷത്തിലേറെ പഴക്കമുള്ളതും കേടുപാടുകൾ വന്നതുമായ ഭവനങ്ങൾക്ക് പുനരുദ്ധാരണത്തിനായി 50,000/-രൂപ നൽകുന്നു.

1.3. **കക്കൂസ് നിർമ്മാണ പദ്ധതി (സംസ്ഥാനാവിഷ്കൃതപദ്ധതി)** : സ്വന്തമായി വീടുള്ളവരും, ടോയ്‌ലറ്റ് സൗകര്യമില്ലാത്തവരുമായ ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള മത്സ്യത്തൊഴിലാളികൾക്ക് സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് നിർമ്മിക്കുന്നതിനായി 20,000/-രൂപ നൽകുന്നു.

1.4. **സമ്പാദ്യ സമാശ്വാസ പദ്ധതി (കേന്ദ്ര സംസ്ഥാനാ വിഷ്കൃത പദ്ധതി)** : മത്സ്യതൊഴിലാളികളിൽ സമ്പാദ്യ ശീലം വളർത്തുക, പഞ്ചമാസങ്ങളിൽ ആശ്വാസമെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ളവരിൽ നിന്നും ഒക്ടോബർ മുതൽ മാർച്ച് മാസം വരെ 250/-രൂപ നിരക്കിൽ ആകെ 1500 രൂപ പിരിക്കുകയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഗുണഭോക്ത്യ വിഹിതത്തിന് തുല്യമായ തുക സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും കൂടി ആകെ 4,500/-രൂപ തുല്യ ഗഡുക്കളായി നൽകുകയും ചെയ്യുന്നു.

1.5. **വിദ്യാതീരം** : ഈ പദ്ധതി പ്രകാരം ബിരുദ തലത്തിൽ 50% മാർക്കുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി ബാങ്ക് പരിശീലനം, പി.എസ്.സി. പരിശീലനം എന്നിവയ്ക്ക് ഗ്രാന്റ് നൽകുന്നു. ബിരുദധാരികൽക്ക് 60% മാർക്ക് ഉള്ളവർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിന് ഗ്രാന്റ് നൽകുന്നു. ഹയർസെക്കന്ററി തലത്തിൽ സയൻസ് വിഷയങ്ങൾക്ക് 85% മാർക്കുള്ളവർക്ക് മെഡിക്കൽ എൻട്രൻസ് പരീശിലനത്തിന് ഗ്രാന്റ് നൽകുന്നു.

1.6. **വിദ്യാഭ്യാസ ആനുകൂല്യം** : ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ ലംപ്സംഗ്രാന്റ് മാത്രം നൽകുന്നു. ഇതിനായി ഫിഷറീസ് ആഫീസറുടെ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകണം. സ്ഥാപനം നിശ്ചിത ഫാറത്തോടൊപ്പം ജില്ലാ ആഫിസിൽ നൽകേണ്ടതാണ്. പോസ്റ്റ് മെട്രിക് കോഴ്സ് മുതൽ മുകളിലുള്ള കോഴ്സുകൾക്ക് ബന്ധപ്പെട്ട സ്ഥാപനം അപേക്ഷ തയ്യാറാക്കി ഫിഷറീസ് ആഫീസറുടെ സാക്ഷ്യപത്രം സഹിതം ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

1.7. **സാമൂഹ്യ മത്സ്യകൃഷി** : ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതു ജലാശയങ്ങളിൽ വളർത്തു മത്സ്യങ്ങളായ കട്ല, രോഹു, മൃഗാൾ, സൈപ്രിസ് എന്നിവയുടെ മത്സ്യ കുഞ്ഞുങ്ങളേയും നാടൻ മത്സ്യങ്ങളായ കല്ലടമുട്ടി, മഞ്ഞക്കൂരി, കാരി, വരാൽ എന്നിവയുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.

2. **മത്സ്യകൃഷി മേഖല:**

ജനകീയമത്സ്യകൃഷി

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോത്പാദനം ഹെക്ടറിന് 2600 കിലോ എന്ന ഇപ്പോഴത്തെ നിലയിൽ നിന്നുംഹെക്ടറിന് 4500 കിലോ എന്ന നിലയിലേക്ക്ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജനകീയമത്സ്യകൃഷി രണ്ടാംഘട്ടം. ഈ ബൃഹത് പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ മൂന്ന് ഘടക പദ്ധതികൾ ആണ് ഈ വർഷം നടപ്പിലാക്കുന്നത്.

1. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി.
2. വലിയകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി.
3. മാതൃകാ ശുദ്ധജല മത്സ്യകൃഷിയിടം.

2.1. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി.

0.2 ഹെക്ടറിന് താഴെയുള്ള കുളങ്ങൾ/ടാങ്കുകൾ എന്നിവ ഈ ഘടക പദ്ധതിയ്ക്കായി പരിഗണിക്കാവുന്നതാണ്. ഈ ഘടക പദ്ധതിയ്ക്കായി പത്തനംതിട്ട ജില്ലയ്ക്ക് 130 ഹെക്ടറിന്റെ ഭൗതികലക്ഷ്യം നടപ്പു സാമ്പത്തിക വർഷത്തിലേക്കായി അനുവദിച്ചിരിക്കുന്നു. ആയതിൽ 83 ഹെക്ടർ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 6,000/- രൂപ യുടെമത്സ്യവിത്തുകൾ എന്ന നിരക്കിൽ സബ്സിഡി. ഇന്ത്യൻ മേജർകാർപ്പ് ഇനത്തിൽ പെട്ട മത്സ്യങ്ങളെ ഈ പദ്ധതിയ്ക്കായി ഉപയോഗിക്കാവുന്നതാണ്. വിത്ത് നിക്ഷേപ നിരക്ക് ഹെക്ടറിന് 1000 ആണ്. എന്നാൽ ഒരു യൂണിറ്റിന് നൽകാവുന്ന പരമാവധി മത്സ്യക്കുഞ്ഞുങ്ങളുടെഎണ്ണം 1500 ആയി നിജപ്പെടുത്തിയിരിക്കുന്നു. ഇവയുടെ വിശദ വിവരങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു.

ക്രമ നം	ബ്ലോക്ക്	ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി	
		കർഷക രുടെഎണ്ണം	ജലാശയത്തിന്റെവിസ്തൃതി (ഹെക്ടറിൽ)
1.	മല്ലപ്പള്ളി	208	8.11
2.	പറക്കോട്	286	13.66
3.	കോയിപ്രം	272	12.11
4.	റാന്നി	478	10.59
5.	പന്തളം	219	10.66
6.	കോന്നി	277	7.62
7.	പുളിക്കീഴ്	196	11.41
8.	ഇലന്തൂർ	216	9.18

2.2. വലിയകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി.

0.2 ഹെക്ടറിന് മുകളിൽ വിസ്തൃതിയുള്ള ജലാശയങ്ങളാണ് ഈ ഘടക പദ്ധതിയിൽ പരിഗണിക്കുന്നത്. ഇന്ത്യൻ മേജർകാർപ്പ്, അനാബസ്, ക്ലേരിയസ് എന്നീ വിഭാഗത്തിൽപ്പെട്ട മത്സ്യങ്ങളെ ഇതിലേക്കായി ഉപയോഗിക്കാവുന്നതാണ്. ഒരുഹെക്ടറിന് പരമാവധി 7500 മത്സ്യക്കുഞ്ഞുങ്ങളെ വരെ നിക്ഷേപിക്കാവുന്നതാണ്. ധനസഹായ നിരക്ക് ഹെക്ടറിന് 4,500/ രൂപയാണ്. സബ്സിഡിയായി മത്സ്യവിത്തു മാത്രമേ നൽകുകയുള്ളു. പത്തനംതിട്ട ജില്ലയ്ക്ക് നടപ്പു സാമ്പത്തിക വർഷം 130 ഹെക്ടർ ഭൗതിക ലക്ഷ്യം അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം	ബ്ലോക്ക്	വലിയകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി	
		കർഷകരുടെ എണ്ണം	ജലാശയത്തിന്റെവിസ്തൃതി (ഹെക്ടറിൽ)
1.	മല്ലപ്പള്ളി	36	19.47
2.	പറക്കോട്	17	13.62
3.	കോയിപ്രം	34	16.2
4.	റാന്നി	24	8.8
5.	പന്തളം	28	26.88
6.	കോന്നി	21	9.08
7.	പുളിക്കീഴ്	39	24.68
8.	ഇലന്തൂർ	33	11.42

2.3. മാതൃകാ ശുദ്ധജല മത്സ്യകൃഷിയിടം

ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്ന ജലാശയത്തിന് കുറഞ്ഞത് 0.2 ഹെക്ടർ വിസ്തൃതി ഉണ്ടായിരിക്കണം. പത്തനംതിട്ട ജില്ലയ്ക്ക് ഈ വർഷം ലഭിച്ച ഭൗതിക ലക്ഷ്യമായ 10 ഹെക്ടർ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്ത്യൻ മേജർകാർപ്പ് ഇനത്തിൽ പെട്ട മത്സ്യങ്ങളും അനാബസ് (കല്ലട), ക്ലേരിയസ് (മുഷി) തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യങ്ങളെയും കൃഷിക്കായി ഉപയോഗിക്കാവുന്നതാണ്. മത്സ്യക്കുഞ്ഞുങ്ങളെ കേജ്, പെൻ, റിയറിംഗ്കുളം, ഹാപ്പ എന്നിവയിൽ ഏതിലെങ്കിലും പരിപാലിച്ച് 10 സെ.മീ വലിപ്പമായതിനു ശേഷം മാത്രമെ കുളത്തിലേക്ക് തുറന്നു വിടാൻ പാടുള്ളു. അടങ്കൽ തുക ഒരു ഹെക്ടറിന് 3 ലക്ഷം രൂപ നിശ്ചയിച്ചിരിക്കുന്ന ഈ പദ്ധതിയുടെ 50% തുക സബ്സിഡി ആയി അനുവദിക്കും. യൂണിറ്റ് കോസ്റ്റിന്റെ വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നം.	മാതൃകാശുദ്ധജലമത്സ്യകൃഷിയിടം (ഘടകങ്ങൾ)	അടങ്കൽ തുക (50 സെന്റിന്)	സബസിഡി (50%)
1.	മത്സ്യവിത്ത്	900	450
2.	കുളം ഒരുക്കൽ	6,000	3,000
3.	ഇലക്ട്രിസിറ്റി& ഫ്യൂവൽ	2,000	1,000
4.	കേജ്/ഹാപ്പ/പെൻ(നഴ്സറിറിയറിംഗ്)	8,000	4,000
5.	എയറേഷൻ സംവിധാനം	18,000	9,000
6.	മത്സ്യത്തീറ്റ (600 കി.ഗ്രാം • 40/- രൂപ)	24,000	12,000
7.	മറ്റുള്ളവ	1,100	550
	ആകെ	**60,000**	**30,000**

ക്രമ നം	**ബ്ലോക്ക്**	കർഷക രുടെഎണ്ണം	ജലാശയത്തിന്റെ വിസ്തൃതി(ഹെക്ടറിൽ)
1.	മല്ലപ്പള്ളി	3	1.2
2.	പറക്കോട്	1	0.4
3.	കോയിപ്രം	4	2.8
4.	റാന്നി	–	–
5.	പന്തളം	5	2.4
6.	കോന്നി	1	0.4
7.	പുളിക്കീഴ്	5	2.4
8.	ഇലന്തൂർ	1	0.4

3. ത്രിതല പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം

മുൻ വർഷങ്ങളിൽ ജില്ലയിലെ മത്സ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പൊതുവെ കുറവായിരുന്നു. 2014 മുതൽ 2016 വരെയും മത്സ്യമേഖലയിൽ പ്രോജക്ടുകൾ ഇല്ലായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യ മേഖലാ പദ്ധതികളെ കുറിച്ച് ശരിയായ അവബോധം ഇല്ലാത്തത് കൊണ്ടും ജില്ലയിലെ ജലകൃഷി സാധ്യതകളെപ്പറ്റിയും തൊഴിൽ ഉല്പാദന മേഖലകളെപ്പറ്റിയുമുള്ള കാഴ്ചപ്പാടില്ലാതെ പോയത് മൂലമാണ്. പ്രോജക്ടുകൾ എഴുതുന്നതിനോ നടപ്പിലാക്കുന്നതിനോ ജില്ലയിൽ ഉടനീളം മേഖലാ ഉദ്യോഗസ്ഥരുടെ അപര്യാപ്തതയും ഒരു പ്രധാന കാരണമായിട്ടുണ്ട്. ഇതര മേഖല പ്രോജക്ടുകളുമായി മത്സ്യ മേഖലാ പദ്ധതികൾ സംയോജിപ്പിക്കുവാൻ സാധ്യമല്ലതെ വന്നത് മത്സ്യ മേഖലാ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചു. ജലകൃഷിയും മത്സ്യ വിപണന വിതരണവും, അടിസ്ഥാന സൗകര്യമൊരുക്കൽ, കുളം നവീകരണം, മത്സ്യകൃഷി അനുബന്ധ ഉപകരണങ്ങൾ നൽകൽ തുടങ്ങിയ പദ്ധതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

4.1.4 പരിസ്ഥിതി – കാലാവസ്ഥ വ്യതിയാനം– വനവികസനം

പരിസ്ഥിതി സംരക്ഷണം – വനസംരക്ഷണം – കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്ന 3 മണ്ഡലങ്ങളാണ്. ഏതെങ്കിലും ഒരു മണ്ഡലത്തിൽ സംഭവിക്കുന്ന അനുകൂലവും, പ്രതികൂലവുമായ മാറ്റങ്ങൾ സ്വാഭാവികമായും മറ്റ് മണ്ഡലങ്ങളേയും ആനുപാതികമായി ബാധിക്കുകയും തത്സംബന്ധമായ അവസ്ഥ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന 3 മണ്ഡലങ്ങളിലും സംജാതമാകുകയും ചെയ്യും.



കാലാവസ്ഥ

കാലാവസ്ഥ വ്യതിയാനം മനുഷ്യരാശിയുടെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്ന നിലയിലേക്ക് പോകുകയാണ് എന്നത് ആഗോളതലത്തിൽ തന്നെ ഗൗരവമായ സമീപനങ്ങൾ കൈക്കൊള്ളുവാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിച്ചിരിക്കുന്നു. 2016–ൽ മൊറോക്കയിലെ പാരീസിൽ 197 രാഷ്ട്രങ്ങൾ പങ്കെടുത്ത 170 രാഷ്ട്രങ്ങൾ അംഗീകരിച്ച 'പാരീസ് എഗ്രിമെന്റ്' ഈ നൂറ്റാണ്ടിലെ ആഗോപള താപനില വർദ്ധന 2 ഡിഗ്രി സെന്റിഗ്രേഡിൽ താഴെ നിർത്തുന്നതിനുള്ള പെരുമാറ്റചട്ടങ്ങൾ അംഗീകരിക്കുകയുണ്ടായി. ഇപ്പോഴത്തെ സ്ഥിതിവിശേഷം അതീവ ഗുരുതരമായ കാലാവസ്ഥാ വ്യതിയാനം ഭാവിയിലുണ്ടാക്കുമെന്നും, അത് ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആഗോളതലത്തിൽ തുടങ്ങിയില്ലെങ്കിൽ, അടുത്ത ഏതാനം നൂറ്റാണ്ടുകൾക്കകം ജീവലോകം ഈ ഭൂമുഖത്തുനിന്നും തുടച്ചു നീക്കപ്പെടുമെന്നുള്ള യാഥാർത്ഥ്യം ശാസ്ത്ര ലോകം ഏറക്കുറെ ഉറപ്പാക്കിയിട്ടുണ്ട്. ലോകശാസ്ത്രജ്ഞൻ 'സ്റ്റീഫൻ ഹോക്കിംഗ്' ന്റെ നിരീക്ഷണത്തിൽ അടുത്ത 500 വർഷത്തിനകം ഭൂമിയിൽ താപനില വർദ്ധിച്ച് ജീവിലോകം അപ്രത്യക്ഷമാകുന്ന സ്ഥിതിവിശേഷം വിദൂരമല്ലയെന്ന് വ്യക്തമാക്കുന്നു. വാസയോഗ്യമായ മറ്റ് ഗ്രഹങ്ങളിലേക്ക് കുടിയേറിയില്ലെങ്കിൽ നാം തുടച്ചുനീക്കപ്പെടുമെന്ന യാഥാർത്ഥ്യം അസന്നിഗ്ധമായി അദ്ദേഹം പ്രവചിച്ചിട്ടുണ്ട്. ആഗോളതലത്തിലും, ദേശീയ തലത്തിലും ഉരുത്തിരിഞ്ഞിട്ടുള്ള ചിന്താഗതികളും, ആശയങ്ങളും, നയപരിപാടികളും അടിസ്ഥാനമാക്കി ഒരു കർമ്മ പദ്ധതിയാണ് ജില്ലാതലത്തിലും അനുവർത്തിക്കേണ്ടതെന്ന് വ്യക്തമാണ്. ഇപ്രകാരം കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, വനസംരക്ഷണ–വികസനം (വനപരിപാലനം) എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ കർമ്മ പദ്ധതികളിലൂടെ 'മാതൃകാ ജില്ല' എന്ന സ്ഥാനം പത്തനംതിട്ട ജില്ല കൈവരിക്കുവാൻ ഉതകുന്ന പദ്ധതികൾ, ഈ മൂന്നു മേഖലകളിൽ സ്വീകരിക്കുന്നതിന്, ഈ പദ്ധതി നയരൂപരേഖ സഹായിക്കുമെന്നത് ഉറപ്പാണ്.

ചിത്രം 4.7

Table - II

പത്തു വർഷത്തെ ഇടവേളയിൽ മഴയിലുണ്ടായ വ്യത്യാസം



Source : Average rainfall (in mm) across districts, Kerala 2004 and 2014
India Meteorological Department

Table - III

പത്തു വർഷത്തെ ഇടവേളയിൽ കുറഞ്ഞ താപനിലയിൽ സംഭവിച്ച വ്യതിയാനം



Source : Average minimum temperature (0 Celsius) across districts, Kerala 2004 and 2014
India Meteorological Department

പരിസ്ഥിതി

പരിസ്ഥിതി എന്നാൽ നാം ജീവിക്കുന്ന ചുറ്റുപാടിലെ ഗുണമേന്മയുടെ അളവുകോലാണ്. ശുദ്ധമായ വായു, ശുദ്ധമായ കുടിവെള്ളം, ജലമാലിന്യം, ഖരമാലിന്യം എന്നിവ അധികമില്ലാത്ത പരിസരം, ശബ്ദമലിനീകരണം, വ്യവസായ മാലിന്യങ്ങളായ പൊടി, പുക എന്നിവ കുറവുള്ള അന്തിരീക്ഷം എന്നിങ്ങനെ മനുഷ്യന്റെയും മറ്റ് ജീവികളുടെയും ആരോഗ്യത്തിന് ഹാനികരമായി ബാധിക്കാത്ത സംവിധാനങ്ങളടങ്ങിയ പരിസ്ഥിതി സംജാതമാക്കുക എന്നതാണ് പരിസ്ഥിതി പരിപാലനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇൻഡ്യൻ ഭരണകൂടം നിരവധി നിയമങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനായി നടത്തിയിട്ടുണ്ട്. മാത്രവുമല്ല ഭരണഘടനയിൽത്തന്നെ ഓരോ പൗരനും പരിസ്ഥിതി സംരക്ഷണത്തിന് ബാദ്ധ്യസ്ഥനുമാണ്. 'Environmental protection act, Biodiversity conservation act, Wildlife protection act, Water and air pollution prevention act' എന്നീ നിയമങ്ങൾ കൂടാതെ ഐക്യരാഷ്ട്ര സഭ തന്നെ നിരവധി പ്രമേയങ്ങളും ഉടമ്പടികളും ആഗോളതലത്തിൽ പ്രാവർത്തികമാക്കിയിട്ടുള്ളതും ശ്രദ്ധേയമാണ്. ആഗോളതാപനിലയിലുള്ള വർദ്ധന കുറയ്ക്കൽ, വനപരിപാലനം, നീർത്തടങ്ങളുടെയും ചതുപ്പുകളുടെയും സംരക്ഷണം, ജൈവ

വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജീവി പരിപാലനം, ഓസോൺ പാളികളിലെ വിള്ളലിന് കാരണമാകുന്ന ഹാലോ കാർബൺ വാതകങ്ങളുടെ അമിതമായ ബഹിർഗമനത്തോത് നിയന്ത്രിക്കുക തുടങ്ങി ബഹുമുഖ സമീപനത്തിലൂടെ മാത്രമേ പരിസ്ഥിതിയുടെ ഇപ്പോഴത്തെ പരിതാപകരമായ അവസ്ഥ മെച്ചപ്പെടുത്തി ജീവവർഗ്ഗത്തിന് ആരോഗ്യപരമായ ജീവിതം നയിക്കുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. വികസന പാതയിലൂടെ സഞ്ചരിക്കുന്ന ഒരു രാജ്യത്ത് പരിസ്ഥിതി പ്രാധാന്യത്തോടെയുള്ള നയപരിപാടികൾ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ടെങ്കിലും, പരിസ്ഥിതിയെ തീർത്തും അവഗണിച്ചുകൊണ്ടുള്ള വികസന പ്രക്രിയകൾ, ആത്യന്തികമായി, ജീവജാലങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകും എന്ന വസ്തുത പ്രസക്തമാണ്. നൂതന ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് ഹാനികരമാകാത്ത വികസനം എന്ന കാഴ്ച്ചപ്പാട് മിക്ക വികസിത രാജ്യങ്ങളും സ്വീകരിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. വികസനത്തിന് വേണ്ടി പരിസ്ഥിതിയെ ബലികഴിക്കുന്നതിന് പകരം വികസനവും പരിസ്ഥിതി സംരക്ഷണവും തുല്യപ്രാധാന്യത്തോടെ വിലയിരുത്തി, സംതുലിതമായ നയരൂപീകരണവും കർമ്മ പദ്ധതികളും തയ്യാറാക്കുവാൻ ശ്രദ്ധിക്കണം.

പട്ടിക 4.25

Table showing quality of air in Pathanamthitta district during 2017 January

NAMP STATIONS' NAME , CODE & TYPE

ENTER the date/monthwise 24 hourly (Avg.) concentration (µg/m3) of pollutants			
Date/Month	*NO2*	*SO2*	*PM10*
04.01.2017	15	2	27
10.01.2017	15	2	27
16.01.2017	14.9	2	27
18.01.2017	14.9	2	27
19.01.2017	14.9	2	27
21.01.2017	14.9	2	27
23.01.2017	14.9	2	27
27.01.2017	14.9	2	27
28.01.2017	15	2	27
31.01.2017	14.9	2	27

AIR QUALITY INDEX (AQI)					
SUB INDEX				**AQI**	
Date/Month	**NO2**	**SO2**	**PM10**		
04.01.2017	19	3	27	27	GOOD
10.01.2017	19	3	27	27	GOOD
16.01.2017	19	3	27	27	GOOD
18.01.2017	19	3	27	27	GOOD
19.01.2017	19	3	27	27	GOOD
21.01.2017	19	3	27	27	GOOD
23.01.2017	19	3	27	27	GOOD
27.01.2017	19	3	27	27	GOOD
28.01.2017	19	3	27	27	GOOD
31.01.2017	19	3	27	27	GOOD

0	0	0	0	0	WRONG ENTRY
0	0	0	0	0	WRONG ENTRY

SEVERE : May cause respiratory effects even on healthy people and serious health effect on people with lung/heart diseases
VERY-POOR : May cause respiratory illness to the people on prolonged exposure. Effect may be more pronounced in people with lung and heart diseases
POOR : May cause breathing discomfort to people on prolonged exposure and discomfort to people with heart disease
MODERATELY POLLUTED : May cause breathing discomfort to the people with lung disease such as asthma and discomfort to people with heart disease Children and older adults
SATISFACTORY : May cause minor breathing discomfort to sensitive people
GOOD : Minimal impact

Table showing quality of air in Pathanamthitta district during 2017 May

NAMP STATIONS' NAME , CODE & TYPE

ENTER the date/monthwise 24 hourly (Avg.) concentration (µg/m3) of pollutants			
Date/Month	*NO2*	*SO2*	*PM10*
5/6/2017	15.6	2	28
5/8/2017	15.6	2	28
5/12/2017	15.8	2	28
5/15/2017	15.8	2	28
5/17/2017	16.3	2	29
5/19/2017	16.4	2	29
5/22/2017	16.5	2	29
5/24/2017	16.6	2	30
5/26/2017	16.6	2	30
5/30/2017	16.8	2	30

AIR QUALITY INDEX (AQI)					
SUB INDEX				**AQI**	
Date/Month	**NO2**	**SO2**	**PM10**		
5/6/2017	20	3	28	28	GOOD
5/8/2017	20	3	28	28	GOOD
5/12/2017	20	3	28	28	GOOD
5/15/2017	20	3	28	28	GOOD
5/17/2017	20	3	29	29	GOOD
5/19/2017	19	3	29	29	GOOD
5/22/2017	21	3	29	29	GOOD
5/24/2017	21	3	30	30	GOOD
5/26/2017	21	3	30	30	GOOD
5/30/2017	21	3	30	30	GOOD

SEVERE : May cause respiratory effects even on healthy people and serious health effect on people with lung/heart diseases
VERY-POOR : May cause respiratory illness to the people on prolonged exposure. Effect may be more pronounced in people with lung and heart diseases
POOR : May cause breathing discomfort to people on prolonged exposure and discomfort to people with heart disease
MODERATELY POLLUTED : May cause breathing discomfort to the people with lung disease such as asthma and discomfort to people with heart disease Children and older adults
SATISFACTORY : May cause minor breathing discomfort to sensitive people
GOOD : Minimal impact

Table showing quality of air in Pathanamthitta district during 2017 September

NAMP STATIONS' NAME , CODE & TYPE

ENTER the date/monthwise 24 hourly (Avg.) concentration (µg/m3) of pollutants			
Date/Month	*NO2*	*SO2*	*PM10*
09.02.2017	16.4	2	29
09.07.2017	16.3	2	29
09.11.2017	16.3	2	29
09.13.2017	16.2	2	29
09.15.2017	16.3	2	29
09.18.2017	16.1	2	29
09.20.2017	16.2	2	29
09.23.2017	16.3	2	29
09.25.2017	16.4	2	29
09.27.2017	16.3	2	29

AIR QUALITY INDEX (AQI)					
SUB INDEX				AQI	
Date/Month	NO2	SO2	PM10		
09.02.2017	21	3	29	29	GOOD
09.07.2017	20	3	29	29	GOOD
09.11.2017	20	3	29	29	GOOD
09.13.2017	20	3	29	29	GOOD
09.15.2017	20	3	29	29	GOOD
09.18.2017	20	3	29	29	GOOD
09.20.2017	20	3	29	29	GOOD
09.23.2017	20	3	29	29	GOOD
09.25.2017	21	3	29	29	GOOD
09.27.2017	20	3	29	29	GOOD

SEVERE : May cause respiratory effects even on healthy people and serious health effect on people with lung/heart diseases

VERY-POOR : May cause respiratory illness to the people on prolonged exposure. Effect may be more pronounced in people with lung and heart diseases
POOR : May cause breathing discomfort to people on prolonged exposure and discomfort to people with heart disease
MODERATELY POLLUTED : May cause breathing discomfort to the people with lung disease such as asthma and discomfort to people with heart disease Children and older adults
SATISFACTORY : May cause minor breathing discomfort to sensitive people
GOOD : Minimal impact

Source: Data from Pollution control board

Quality analysis of water in Pamba river after Sabarimala Pilgrim season

PAMBA RIVER MONITORING FOR THE MONTH OF JANUARY- 2017

DISTRICT OFFICE, PATHANAMTHITTA
Date of Sampling: 20.01.2017

Station	Temp (ºC)	pH	Conductivity (µmhos/cm)	DO (Mg/L)	BOD (Mg/L)	TC (MPN/ 100ml)	FC (MPN/ 100ml)
Pulinkunnu	28	6.1	68	7.1	0.6	1930	1780
Thakazhi	28	6.5	56	7.0	0.2	2210	2070
Edathua	29	6.3	46	6.2	0.3	1870	1750
Chegannoor	29	6.1	41	6.7	0.2	2100	1970
Kozhencherry	28	6.3	44	6.6	0.3	1760	1650
Ranny	28	6.6	40	6.9	0.6	1830	1690
Athikkayam	28	6.4	36	6.2	0.5	1640	1520
Vadasserikkara	29	6.2	34	6.5	0.4	2200	2070
Pamba d/s	28	6.7	64	-	1.2	680000	310000
Triveni	28	6.4	60	4.8	0.6	48000	21000
Kakkiyar	28	6.7	62	5.0	3.8	52000	16000
Kochu Pamba	28	6.5	54	7.5	1.2	14000	8000
Njunagar	28	6.8	64	4.2	1.0	800000	450000

Quality analysis of water in Pamba river in August

PAMBA RIVER MONITORING FOR THE MONTH OF AUGUST - 2017
DISTRICT OFFICE, PATHANAMTHITTA
Date of Sampling:18.08.2017

Station	Temp. (ºC)	pH	Conductivity (µmhos/cm)	DO (Mg/L)	BOD (Mg/L)	TC (MPN/100ml)	FC (MPN/100ml)
Pulinkunnu	28	6.6	92	5.0	1.2	520	410
Thakazhi	28	6.4	58	5.2	1.0	560	440
Edathua	28	6.3	62	6.2	0.7	590	460
Chegannoor	28	6.6	66	6.0	0.6	380	270
Kozhencherry	28	6.5	44	5.8	0.5	450	330
Ranny	27	6.8	68	6.6	0.4	490	350
Athikkayam	27	6.4	48	6.9	0.3	420	310
Vadasserikkara	27	6.9	54	7.2	0.2	560	450

Pamba d/s	27	6.2	66.5	6.8	0.4	1080	940
Triveni	27	6.3	62.7	7.0	0.1	660	550
Kakkiyar	27	6.5	42	6.5	0.6	540	420
Kochu Pamba	27	6.1	48	6.7	0.3	420	290
Njunagar	27	6.6	118	6.0	0.5	1170	1020

Source: Data from Pollution control board

വനപരിപാലനം

വനമെന്നാൽ വായുവും, വെള്ളവുമാണെന്ന് ഒറ്റ വാക്കിൽ ചുരുക്കാം. ശുദ്ധ വായുവിന്റെ ലഭ്യത, മഴവെള്ളം സംഭരിച്ച് അനസ്യൂതം ശുദ്ധജലം വിതരണം ചെയ്യുന്ന ഒരു വലിയ ഫാക്ടറി എന്നിങ്ങനെ യൊക്കെ വനങ്ങളെ വിശേഷിപ്പിക്കാം. മനുഷ്യൻ ഉൾപ്പെടെയുള്ള മുഴുവൻ ജീവജാലങ്ങൾക്കും ജീവിക്കുന്നതിന് അടിസ്ഥാന ആവശ്യമായ വായുവും, വെള്ളവും സൗജന്യമായി വിതരണം ചെയ്യുന്ന ഉദാരമതിയായ 'മൊത്തവ്യാപാരി' യാണ് നമ്മുടെ വനങ്ങൾ. അടിസ്ഥാന ആവശ്യങ്ങൾക്കുപരി തടി, വിറക്, പച്ച മരുന്നുകൾ, വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ എന്നുവേണ്ട മനുഷ്യനും നിരവധി ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥയൊരുക്കുന്ന വനങ്ങൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണ്. ഈ അമൂല്യ സമ്പത്ത് മനുഷ്യന് നിർമ്മിക്കാൻ സാദ്ധ്യമല്ല. കാലവും പ്രകൃതിയും ഒരുമിച്ച് സംവിധാനം ചെയ്ത മനോഹര ചിത്രമാണ് നമ്മുടെ വനങ്ങൾ.

ജില്ലയിലെ ആകെ വന വിസ്തൃതി

ജില്ല	ഭൂവിസ്തൃതി	വന വിസ്തൃതി	%
പത്തനംതിട്ട (കോന്നി, റാന്നി & പി.റ്റി.ആർ ഡിവിഷനുകൾ)	2642	1438.23	**54.44**

** റിസർവ് വനം, നിക്ഷിപ്ത വനഭാഗങ്ങൾ, പാട്ടത്തിന് നൽകിയ വനഭൂമി എന്നിവ ഉൾപ്പെടെയാണ് ആകെ വനഭൂമിയുടെ വിസ്തൃതി കണക്കാക്കിയിരിക്കുന്നത്.*

വിവരശേഖരണം:- റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

പ്രകൃതി സംരക്ഷണം, മണ്ണ് സംരക്ഷണം, ജല സംഭരണം എന്നീ സേവനങ്ങൾ നിശബ്ദമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് വനങ്ങളാണ്. കേരളത്തിലെ വനങ്ങളുടെ ഏതാണ്ട് എല്ലാ ഭാഗവും ഓരോ നദികളുടെയും വൃഷ്ടി പ്രദേശമാണ്. വേനൽക്കാലത്തെ വരൾച്ചയും, വർഷകാലത്തെ വെള്ളപ്പൊക്കവും ഇല്ലാതിരിക്കണമെങ്കിൽ ഈ ജലസംഭരണ മേഖലകൾ വൃക്ഷ നിബിഡമായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സാധാരണ മണ്ണിനെ അപേക്ഷിച്ച് വനത്തിലെ മണ്ണിന് ഫലഭൂഷ്ടിയും ജലാംശം ഉൾക്കൊള്ളാനുള്ള കഴിവും കൂടുതലാണ്. മണ്ണൊലിപ്പ് തടയാനും വനങ്ങൾ വേണം. ഒരു സെന്റീമീറ്റർ കനത്തിലുള്ള മേൽ മണ്ണ് രൂപപ്പെടുന്നതിന് 105 മുതൽ 400 വർഷം വരെ കാലയളവ് വേണ്ടി വരും. കാടുകൾ ഇല്ലാതെ വന്നാൽ ഈ മേൽ മണ്ണ് ക്ഷണനേരം കൊണ്ട് നഷ്ടപ്പെടും. ആയതിനാൽ വനനശീകരണം എന്നാൽ അതിന്റെ അർത്ഥം പുഴകളുടെയും ജലസ്രോതസ്സുകളുടെയും മരണം എന്നു തന്നെയാണ്. നമ്മുടെ പഞ്ചവത്സര പദ്ധതിയുടെ മൊത്തം അടങ്കൽ തുക ചെലവാക്കിയാൽ പോലും ഒരു ഹെക്ടർ സ്വാഭാവിക വനം നിർമ്മിക്കാനോ, ഒരു പുഴ നിർമ്മിക്കാനോ, ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനോ നമുക്ക് കഴിഞ്ഞെന്നുവരില്ല.

ഇന്ത്യയുടെ കാടുകൾക്ക്, ലോകത്തിലെ 12 മെഗാ ബയോഡൈവേഴ്സിറ്റി കേന്ദ്രങ്ങളായ ജൈവ മേഖലകളിൽ, ആറാം സ്ഥാനമാണുള്ളത്. മാത്രമല്ല, കേരളത്തിലെ വനങ്ങൾ താരതമ്യേന നിബിഡവുമാണ്. ഒരു ഹെക്ടർ വനത്തിന് 5 ടൺ മുതൽ 10 ടൺ വരെ കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്ത് അന്തിരീക്ഷം ശുദ്ധമാക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിരിക്കുന്നു. പശ്ചിമഘട്ട മലനിരകളാൽ അനുഗ്രഹീതമായ കേരളത്തിലെ വനങ്ങൾ സസ്യജന്തുജാലങ്ങളുടെ വൈവിധ്യത്തിന്റെ കലവറയാണ്. ലോകത്ത് നിലവിലുള്ള 18 ഹോട്ട് സ്പോട്ടുകളിൽ ആദ്യ സ്ഥാനങ്ങളിൽ ഒന്ന് പശ്ചിമഘട്ട വനങ്ങളാണ്.

പത്തനംതിട്ട ജില്ലയിലെ വനഭൂപ്രദേശത്തിന്റെ വിസ്തൃതി 1438.23 ച.കി.മീറ്ററാണ്. വിന്യാസത്തിലും സ്വഭാവത്തിലും വൈവിധ്യം പുലർത്തുന്ന ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ മുതൽ നിബിഡത കുറഞ്ഞ ഇലകൊഴിയും വനങ്ങൾ, പുൽമേടുകൾ എന്നിവ വരെ ഉൾപ്പെട്ടതാണ് നമ്മുടെ വനസമ്പത്ത്. കോന്നി, റാന്നി ഫോറസ്റ്റ് ഡിവിഷനുകൾ, തേക്കടി, പെരിയാർ ടൈഗർ പ്രൊജക്ട് ഡിവിഷന്റെ കുറെ ഇടങ്ങൾ എന്നീ വനഭാഗങ്ങളാണ് ഈ ജില്ലയുടെ അധീനതയിലുള്ളത്.

രാജ്യത്തിന്റെ മൊത്തത്തിലുള്ള പരിസ്ഥിതി സംതുലനം നിലനിർത്തുന്നതിന് വനങ്ങൾക്കുള്ള പങ്ക് ഗൗരവപൂർവ്വം പരിഗണിച്ചാണ് 1952-ൽ പ്രഖ്യാപിച്ച ദേശീയ വനനയത്തിൽ ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് ഭാഗമെങ്കിലും വനങ്ങളായി നിലനിർത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. പത്തനംതിട്ട ജില്ലയുടെ ആകെ ഭൂവിസ്തൃതി 2642 ച.കി.മീറ്ററും, യഥാർത്ഥ വനഭാഗം 1438.23 ച.മീറ്ററുമാണ്. അതായത് മൊത്തം ഭൂവിസ്തൃതിയുടെ 54 ശതമാനം വനമായിട്ടുണ്ട്. ഇടുക്കി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള ജില്ലയാണ് പത്തനംതിട്ട.

വ്യാവസായിക സംരഭങ്ങൾക്കുള്ള ഈറ്റ, മുള എന്നിവ വിതരണം നടത്തുന്നത് കൂടാതെ തേക്കു തോട്ടങ്ങളിൽ നിന്നുള്ള തടികൾ ഡിപ്പോകൾ വഴി വിതരണം നടത്തി സംസ്ഥാന ഖജനാവിന് മുതൽ കൂട്ടുന്ന പ്രവൃത്തിയും വനംവകുപ്പ് നടത്തിവരുന്നുണ്ട്. സ്വാഭാവിക വനങ്ങളിൽ നിന്നും മരംമുറിക്കുന്ന പ്രക്രിയ ഇപ്പോഴില്ല. നട്ടുപിടിപ്പിച്ച തേക്ക് മുതലായ തോട്ടങ്ങൾ ഇടവെട്ട് നടത്തിയും, പ്രായപൂർത്തിയാകുമ്പോൾ അന്തിമവെട്ട് നടത്തിയും തടികളും, കഴകളും ശേഖരിച്ച് വിൽപ്പന നടത്തുന്ന പ്രക്രീയയാണ് ഇപ്പോൾ തുടർന്നുവരുന്നത്.

വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾ മുഖേന ചെറുകിട വന വിഭവശേഖരണം നടത്താറുണ്ട്. ആയവ വനംവകുപ്പിന്റെ തന്നെ ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ വഴി ഇക്കോഷോപ്പുകൾ മുഖേന സംസ്ക്കരിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്. ശാസ്ത്രീയമായ വനവിഭവശേഖരണവും, വിൽപ്പനയും ഇടനിലക്കാരില്ലാതെ ഇപ്രകാരം നിർവ്വഹിക്കുന്നുണ്ട്. കോന്നി ഇക്കോടൂറിസം കേന്ദ്രത്തിലെ ഇക്കോഷോപ്പ് ഇതിനൊരു ഉദാഹരണമാണ്.

പട്ടിക 4.26

കോന്നി, റാന്നി ഡിവിഷനുകളിൽ നിന്നും ശേഖരിച്ച തടി, വിറക്, ഈറ്റ, മുള, ചെറുകിട വനവിഭവങ്ങൾ

വർഷം	തടി M^3	വിറക് MT	ഈറ്റ, മുള (MT)	**ചെറുകിട വനവിഭവങ്ങൾ (KG)**
2014 – 15	2876.617	926.125	2455.638 (ഈറ്റ)	2964.65 (തേൻ) 2233 (കുന്തിരിക്കം)
2015 – 16	2156.35	135.55	610 (മുള)	2733.75 (തേൻ) 3128.30 (കുന്തിരിക്കം)
2016 – 17	8142.806	1826.15	650.19 (മുള) 4030.38(ഈറ്റ)	4421.40 (തേൻ) 1139.80 (കുന്തിരിക്കം)

വിവരശേഖരണം:- റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

വനപരിപാലന പ്രവർത്തനങ്ങൾ

I	വനസംരക്ഷണം	
	(a)	**വനംകൈയ്യേറ്റം**
		മുൻകാലങ്ങളിലെപ്പോലെയുള്ള വനം കയ്യേറ്റം ഇപ്പോൾ നടക്കുന്നില്ല. 01.01.1977-ന് മുൻപുള്ള കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുകയും, വനാതിർത്തികൾ ജണ്ടകൾ സ്ഥാപിച്ച് അതിരുകൾക്ക് വ്യക്തത വരുത്തുകയും ചെയ്തതോടെ വനം കയ്യേറ്റങ്ങൾ ഇല്ല എന്നുതന്നെ ഉറപ്പിക്കാവുന്നതാണ്.
	(b)	**അനധികൃത മരംമുറി, വിറക് ശേഖരണം, വനവിഭവശേഖരണം**
		കാട്ടിനുള്ളിൽ നിന്നും തേക്ക്, ഈട്ടി മുതലായ വിലപിടിപ്പുള്ള വൃക്ഷങ്ങൾ മുറിച്ച് കടത്തുന്ന കുറ്റകൃത്യങ്ങൾ മുൻകാലങ്ങളിലെ അപേക്ഷിച്ച് തുലോം വിരളമാണ്. സംഘടിത വനംകൊള്ള ഇല്ല എന്നുതന്നെ പറയാം. എന്തെങ്കിലും വിറകുകളോ, ചെറുതടികളോ, തേൻ, കുന്തിരിക്കം എന്നീ വിഭവങ്ങളോ നിയമവിരുദ്ധമായി ശേഖരിക്കുന്ന ഗൗരവതരമല്ലാത്ത കുറ്റകൃത്യങ്ങളാണ് കൂടുതലായി ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ആയതിനാൽത്തന്നെ മുമ്പ് നടന്നുകൊണ്ടിരുന്ന വ്യാപകമായ വനംകൊള്ള ഇല്ല എന്ന് നിസ്സംശയം പ്രസ്താവിക്കാം.
	(c)	**വന്യജീവി സംബന്ധമായ കേസുകൾ**
		വന്യജീവികളെ വേട്ടയാടുന്നതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ഉണ്ടാകുന്നുണ്ട്. ജയിൽ വാസവും പിഴയുമാണ് ഇപ്രകാരമുള്ള കേസുകൾക്ക് നൽകുന്ന ശിക്ഷകൾ. ശിക്ഷകളുടെ കാഠിന്യം നിമിത്തം കേസുകളുടെ എണ്ണത്തിൽ ഓരോ വർഷവും കുറവുകൾ ഉണ്ടാകുന്നുണ്ടെങ്കിലും, ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായി കാണുന്നുണ്ട്.

പട്ടിക 4.27

2013 മുതലുള്ള 5 വർഷം പത്തനംതിട്ട ജില്ലയിലെ വനപ്രദേശങ്ങളിൽ നിയമലംഘനത്തിന് രജിസ്റ്റർ ചെയ്ത കേസുകൾ

ഡിവിഷൻ	വർഷം	കേസുകളുടെ ഇനം				ചാർജ്ജ് ചെയ്തതും തീർപ്പാക്കിയതുമായ കേസ്സുകളുടെ എണ്ണം
		അനധികൃത മരംമുറി	വന്യജീവി സംബന്ധമായ	കയ്യേറ്റവും മറ്റുള്ളവയും	ആകെ	
കോന്നി & റാന്നി	2013	83	17	2	**102**	63
	2014	62	27	2	**91**	52
	2015	73	16	0	**89**	32
	2016	18	16	1	**35**	39
	2017	39	9	0	**48**	6

വിവരശേഖരണം:- റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

(d) **കാട്ടുതീ**

ചൂടു കൂടുന്ന സീസണിൽ (ഡിസംബർ മുതൽ ഏപ്രിൽ-മെയ് വരെ) കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്. ഓരോ വർഷവും നിരവധി ഹെക്ടർ സ്ഥലത്ത് കാട്ടുതീ പടർന്ന് വനം കത്തി നശിക്കാറുണ്ട്. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടത്താറുണ്ടെങ്കിലും, ഉൾവനത്തിൽ കാട്ടുതീ പടർന്നാൽ നിയന്ത്രിക്കുന്നത് അസാദ്ധ്യമാണ്. മുൻവർഷങ്ങളിലെ കാട്ടുതീ സംഭവങ്ങളുടെ പട്ടിക പരിശോധിച്ചതിൽ ഓരോ വർഷവും കത്തുന്ന വനപ്രദേശത്തിന്റെ വിസ്തൃതി

യിൽ കുറവുണ്ടാകുന്നില്ല എന്നത് ആശങ്കാജനകമാണ്. ഫയർലൈനുകൾ, ഫയർ മസ്ദൂർമാരെ നിയോഗിക്കുക, ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുക എന്നിവയാണ് സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ.

പട്ടിക 4.28

റാന്നി, കോന്നി വനം ഡിവിഷനുകളിൽ കഴിഞ്ഞ 4 വർഷത്തെ കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ

ഡിവിഷൻ	വർഷം	റിപ്പോർട്ട് ചെയ്ത കാട്ടുതീയുടെ എണ്ണം	കത്തിയ വനത്തിന്റെ വിസ്തീർണ്ണം (in Ha)	കാട്ടുതീ ഉണ്ടാകാനുള്ള കാരണങ്ങൾ	കാട്ടുതീ തടയുന്നതിനുള്ള നിർദ്ദേശങ്ങൾ
കോന്നി & റാന്നി	201314	101	**159.1**	തുടർച്ചയായ വേനൽ, വേനൽ മഴയുടെ അഭാവം, ശക്തമായ കാറ്റ്	ഫയർലൈനുകൾ തെളിക്കുക, ബോധവൽക്കരണ പ്രചരണ പരിപാടികൾ നടത്തുക, തീ കത്താൻ തുടങ്ങുന്ന സമയത്ത് തന്നെ കണ്ടെത്തുക, നിരീക്ഷണ ടവറുകൾ സ്ഥാപിക്കുക, തീ അണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ നൽകുക.
	201415	10	**33.30**		
	201516	20	**61.82**		
	201617	70	**214.1**		

വിവരശേഖരണം:- റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

വനം വകുപ്പിന്റെ നടപ്പു പദ്ധതികൾ

ജില്ലയിലെ വനം വകുപ്പിന്റെ റാന്നി, കോന്നി വനം ഡിവിഷനുകളിൽ അംഗീകൃത വർക്കിംഗ് പ്ളാൻ പ്രകാരമുള്ള പ്രവർത്തികളാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. കേരള സർക്കാരിന്റെ ബഡ്ജറ്റ് പ്ളാൻ ഫണ്ടിൽ നിന്നുമുള്ള തുകയാണ് ഇതിനായി വിനിയോഗിക്കുന്നത്. പ്രധാന പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

a. തേക്കു തോട്ടങ്ങളുടെ ഇടവെട്ട്-പ്രായപൂർത്തിയാകുന്ന മുറയ്ക്കുള്ള അന്തിമവെട്ട് തടികൾ ഡിപ്പോ മുഖാന്തിരം വിൽപ്പന നടത്തി റവന്യു വരുമാനം ലഭ്യമാക്കുന്നു.
b. അന്തിമവെട്ട് നടത്തുന്ന തോട്ടങ്ങളിൽ അനുയോജ്യമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.
c. മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ (വനത്തിനകത്ത്)
d. വ്യാവസായിക ആവശ്യത്തിനുള്ള ഈറ്റ-മുള എന്നിവയുടെ ശാസ്ത്രീയമായ ശേഖരണം.
e. വനസംരക്ഷണ പ്രവർത്തനങ്ങൾ-അതിരുകളിൽ ജണ്ട സ്ഥാപിക്കൽ - വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനുള്ള സൗരോർജ്ജവേലി, മതില്, കിടങ്ങ് എന്നിവയുടെ നിർമ്മാണം.
f. അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ
g. ആദിവാസി ക്ഷേമത്തിനായുള്ള പ്രവർത്തികൾ
h. എക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന വനത്തിനകത്തും വനാതിർത്തിയിലുള്ളവരുടേയും സാമ്പത്തിക-സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ

ടി പ്രവർത്തികൾ എല്ലാം തന്നെ വനം വകുപ്പ് ടെണ്ടർ പ്രകാരം നേരിട്ട് നിർവ്വഹിക്കുന്നതായതിനാൽ തദ്ദേശഭരണം സ്ഥാപനങ്ങൾക്ക് ഇപ്രകാരമുള്ള പദ്ധതികളിൽ (f), (g), (h) എന്നിവയിലൊഴികെ കാര്യമായ സ്വാധീനം ചെലുത്തുവാൻ സാധിക്കുകയില്ല.

(f), (g), (h) എന്നിവയിലുൾപ്പെട്ട പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്.

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ

തദ്ദേശീയരായ ജനകീയ കമ്മിറ്റികളാണ് പ്രധാനമായും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. വനസംരക്ഷണ സമിതിക്കാണ് ഇതിന്റെ ചുമതലകൾ. വനസംരക്ഷണത്തോടൊപ്പം ടിയാന്മാർക്ക് ജനുവരി മുതൽ മെയ് മാസം വരെ ആനുപാതിക വേതനവും നൽകിവരുന്നു. പഞ്ചായത്തുകളുമായി ഏകോപനം സാദ്ധ്യമാകുന്ന ഒരു മേഖലയാണിത്.

ആദിവാസി ക്ഷേമം

ആദിവാസി ക്ഷേമത്തിനായി രൂപീകരിക്കുന്ന വനസംരക്ഷണ സമിതികൾ മുഖേന ആദിവാസികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം, തൊഴിൽ സാദ്ധ്യത, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ബന്ധപ്പെട്ട പഞ്ചായത്ത് പ്രതിനിധികളുമായി ഏകോപിപ്പിച്ചാൽ കൂടുതൽ ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും.

ഇക്കോ ടൂറിസം

വനാതിർത്തിയിലെ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വ്യക്തികളെയും കുടുംബങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ പ്രദേശവാസികൾക്ക് തൊഴിലും, സാമൂഹ്യസുരക്ഷയും നൽകുന്നുണ്ട്. അനുയോജ്യമായ സ്ഥലങ്ങളിൽ ഇതിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി പഞ്ചായത്ത്–വനം വകുപ്പ് സംയുക്തമായി കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും പദ്ധതികൾ വികസിപ്പിക്കുവാനും കൂടുതൽ സംരംഭങ്ങൾ തുടങ്ങുവാനും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്.

പട്ടിക 4.29

വനംവകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിൽ പ്രവർത്തിക്കുന്ന ഇക്കോടൂറിസം കേന്ദ്രങ്ങളുടെ വിവരം

ഡിവിഷൻ	വർഷം	ഇക്കോടൂറിസം കേന്ദ്രത്തിന്റെ പേര്	സന്ദർശകരുടെ എണ്ണം	VSS അംഗങ്ങൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം
കോന്നി	2016–2017	കോന്നി ആനക്കൂട്	227523	4608 തൊഴിൽ ദിനങ്ങൾ
		അടവി കുട്ടവഞ്ചി	84235	5328 തൊഴിൽ ദിനങ്ങൾ
		മുളങ്കുടിലുകൾ	558	900 തൊഴിൽ ദിനങ്ങൾ
		ഗവി ബസ് ടൂർ	2549	638 തൊഴിൽ ദിനങ്ങൾ
റാന്നി	2016–17	പച്ചക്കാനം	35703	365 തൊഴിൽ ദിനങ്ങൾ
TOTAL			**350568**	**49088**

വിവരശേഖരണം: റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടം

വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷിനാശം പരിഹരിക്കുവാൻ വനമേഖലയിൽ സൗരോർജ്ജ വേലികൾ – ട്രഞ്ചുകൾ എന്നിവ നിർമ്മിക്കുന്നതിന് ഇപ്പോൾ വനം വകുപ്പിന് അനുവദിക്കുന്ന തുക പര്യാപ്തമല്ല. ടി പ്രശ്നങ്ങൾ രൂക്ഷമായ സ്ഥലങ്ങളിൽ ടി പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കുവാൻ കോന്നി, റാന്നി വനവികാസ ഏജൻസിക്ക് (FDA) പഞ്ചായത്ത് തല ഫണ്ട് കൈമാറിയാൽ ടി സ്ഥലങ്ങളിലുള്ള കർഷകർക്കും മറ്റും ടി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

പട്ടിക 4.30

ജില്ലയിലെ വനം ഡിവിഷനുകളിൽ വന്യജീവി ആക്രമണം സംബന്ധിച്ച വിവരങ്ങൾ

ഡിവിഷൻ	വർഷം	വന്യജീവി ആക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ		നഷ്ടപരിഹാരം നൽകിയത് (ലക്ഷത്തിൽ)
		മനുഷ്യർക്ക് സംഭവിച്ച പരിക്ക്/മരണം	കൃഷി നാശം	
റാന്നി	2013	35	40	12.16
	2014	34	77	21.89
	2015	53	44	5.00
	2016	43	35	37.77
	2017	24	26	14.00
ആകെ		**189**	**222**	**90.82**
കോന്നി	2013 to 17	84	124	26.71
		273	**346**	**117.53**

വിവരശേഖരണം:- റാന്നി, കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

സാമൂഹ്യ വനവൽക്കരണ വിഭാഗം

വനത്തിന് പുറത്ത് വനവൽക്കരണവും, ജൈവവൈവിദ്ധ്യ സംരക്ഷണവും നടത്തുന്നതിന് ബഹുമുഖ മാർഗ്ഗങ്ങളാണ് സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കുന്നത്. കഴിഞ്ഞ 10 വർഷമായി ഹരിത കേരളം എന്ന ഡിപ്പാർട്ട്മെന്റ് പ്രോഗ്രാമിലൂടെ ഓരോ വർഷവും ലക്ഷക്കണക്കിന് വൃക്ഷത്തൈകളാണ് വിതരണം നടത്തിവരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, എൻ.ജി.ഒ-കൾ, മറ്റ് വകുപ്പുകൾ എന്നിവയിലൂടെയാണ് വൃക്ഷത്തൈകൾ വിതരണം നടത്തുന്നത്. ജില്ലയിൽ 2000 മുതൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ കണക്ക് ചുവടെ കൊടുക്കുന്നു.

ഹരിതകേരളം പദ്ധതി

ടി വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കുന്നതിന് സ്ക്കൂൾ-കോളേജ് തലത്തിലും, പഞ്ചായത്ത് തലത്തിലും കമ്മിറ്റികൾ നിലവിലുണ്ടെങ്കിലും ടി കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ കുറ്റമറ്റ പരിശോധന നടക്കുന്നില്ല എന്ന വസ്തുത ഒഴിവാക്കിയാൽ ടി പരിപാടി ഹരിതവൽക്കരണ രംഗത്ത് സുപ്രധാന ചുവടുവെയ്പ്പായിത്തന്നെ നിലനിൽക്കുന്നു.

പട്ടിക 4.31

പത്തനംതിട്ട ജില്ലയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം മുൻവർഷങ്ങളിൽ വിതരണം നടത്തിയ വൃക്ഷത്തൈകളുടെ കണക്ക്

ജില്ല	ഡിവിഷൻ	വർഷം	വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷം)	റിമാർക്സ്
പത്തനംതിട്ട	സാമൂഹ്യ വനവൽക്കരണ വിഭാഗം, പത്തനംതിട്ട	2013	5.70	
		2014	5.71	
		2015	5.89	
		2016	4.93	
		2017	6.66	

വിവരശേഖരണം:- സാമൂഹ്യ വനവൽക്കരണ വിഭാഗം, പത്തനംതിട്ട

- പഞ്ചായത്തു തലങ്ങളിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ സജീവമാക്കാൻ പദ്ധതിയിൽ നിർദ്ദേശം നൽകി പ്രാവർത്തികമാക്കേണ്ടതാണ്.
- പഞ്ചായത്തുകൾ മുഖേന ഓരോ കുടുംബശ്രീയും വീട്ടമ്മമാർക്ക് അവശ്യം വേണ്ട (കറിവേപ്പ്, മല്ലി, മാവ്, പ്ലാവ്, മുള, രാമച്ചം) നഴ്സറികൾ ആരംഭിക്കാവുന്നതാണ്. സാങ്കേതിക സഹായം വനം വകുപ്പിന് നൽകാവുന്നതാണ്. വനിതാ സംരംഭത്തിലൂടെ വമ്പിച്ച ലക്ഷ്യം കൈവരിക്കാവുന്ന ചെലവു കുറഞ്ഞ ഈ പദ്ധതി നിർദ്ദേശം ഉൾപ്പെടുത്തേണ്ടതാണ്

കാവുകൾ – കണ്ടൽക്കാടുകൾ എന്നിവയുടെ പരിപാലനം

ജൈവവൈവിദ്ധ്യ സമ്പുഷ്ടമായ കാവുകൾ നിലനിർത്തി പരിപാലിക്കുന്നത് ടി പ്രദേശത്തിന്റെ പരിസ്ഥിതിയേയും മൈക്രോ ക്ളൈമെറ്റിനേയും ഗണ്യമായി സ്വാധീനിക്കുന്ന ഘടകമാണ്. ഓരോ വർഷവും ജില്ലയിലെ 5 കാവുകൾക്ക് സംരക്ഷണ പരിപാലനത്തിനായി വനംവകുപ്പ് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. പഞ്ചായത്തിന് ഈ ഇനത്തിൽ തുക നൽകുവാൻ സാധിക്കുവെങ്കിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം FDA മുഖാന്തിരം അർഹമായ കാവുകൾക്ക് ഇത് വിനിയോഗിക്കുവാൻ വനംവകുപ്പിന് സംവിധാനങ്ങളുണ്ട്. പദ്ധതി നിർദ്ദേശങ്ങളിൽ ഇത് ഉൾപ്പെടുത്താവുന്നതാണ്.

മുൻ വർഷങ്ങളിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിന്നും ജൈവവൈവിദ്ധ്യ സംരക്ഷണ ത്തിന്റെ ഭാഗമായി കാവുകൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ കണക്ക്

ജില്ല	ഡിവിഷൻ	വർഷം	കാവുകളുടെ എണ്ണം	വിതരണം ചെയ്ത സാമ്പത്തിക സഹായം (ലക്ഷം)
പത്തനംതിട്ട	സാമൂഹ്യ വനവൽക്കരണ വിഭാഗം, പത്തനംതിട്ട	2013	15	6.960
		2014	9	1.8
		2015	4	0.38
		2016	7	2.6
		2017	4	0.8

നദീതീര സംരക്ഷണം – ജലസംരക്ഷണം

നദീതീരങ്ങൾ സംരക്ഷിക്കുന്നതിനും – മണ്ണൊലിപ്പ് തടയുന്നതിനും ജലസ്രോതസ്സുകൾ മലിനമാക്കാതെ സൂക്ഷിക്കുന്നതിനും രാമച്ചം–മുള എന്നിവ നദീതീരങ്ങളിൽ വച്ചു പിടിപ്പിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം നടത്തിവരുന്നുണ്ട്.

കുടുംബശ്രീ വഴി ഉത്പ്പാദിപ്പിക്കുന്ന മുള–രാമച്ചം തൈകൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നദീതീരങ്ങളുടെ വശങ്ങളിൽ നട്ടുപിടിപ്പിക്കുന്ന പദ്ധതി പരിസ്ഥിതി സംരക്ഷണവും, തൊഴിൽ ലഭ്യതയും ഉറപ്പാക്കാൻ സഹായിക്കും. പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണിത്.

വഴിയോര തണൽ – നേച്ചർ പാർക്ക് – കുട്ടിവനം

ലഭ്യമായ റോഡ് വക്കുകൾ, പൊതു തരിശു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷങ്ങൾ നട്ടുവളർത്തി ഹരിതാഭമാക്കുന്ന പ്രവൃത്തി സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തിവരുന്നുണ്ട്.

പഞ്ചായത്തു പദ്ധതികളും – ദേശീയ തോഴിലുറപ്പ് പദ്ധതികളും സമന്വയിപ്പിച്ച് ഈ മേഖലയിൽ പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

കർഷകർക്കുള്ള സാമ്പത്തിക സഹായം

തെരഞ്ഞെടുക്കപ്പെട്ട വൃക്ഷങ്ങൾ (തേക്ക്, മഹാഗണി, ചന്ദനം, ആഞ്ഞിലി, പ്ളാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ്) 50 എണ്ണത്തിൽ കുറയാതെ നട്ടുവളർത്തുന്ന കർഷകർക്ക് തൈകൾ ഒന്നിന് 50 രൂപ നിരക്കിൽ പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി വനംവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. റബ്ബർ കൃഷി സാമ്പത്തികമായി പരാജയപ്പെട്ടു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ കർഷകരെ ഈ സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിന് പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സാധി

ക്കും. ടി ഫണ്ടുകൾ അർഹരായ കൂടുതൽ കർഷകർക്ക് FDA മുഖാന്തിരം എത്തിക്കാനും, വൃക്ഷവൽക്കരണം വ്യാപകമാക്കുന്നതിനും സാധിക്കും.

മുൻ വർഷങ്ങളിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ നിന്നും കർഷകർക്ക് വൃക്ഷം നട്ടു വളർത്തിയതിന് നൽകിയ സാമ്പത്തിക സഹായത്തിന്റെ കണക്ക്

വർഷം	കർഷകരുടെ എണ്ണം	ധനസഹായം നൽകാൻ പരിഗണിച്ച മരങ്ങളുടെ എണ്ണം	വിതരണം ചെയ്ത തുക (ലക്ഷം)
2013-14	2	1070	0.034
2014-15	5	2764	0.275
2015-16	23	6707	1.200
2016-17	25	5155	1.180

വനമിത്ര – പ്രകൃതിമിത്ര – മരമുത്തശ്ശി അവാർഡുകൾ

മികച്ച പരിസ്ഥിതി സംരക്ഷണത്തിന് വനംവകുപ്പ് ഓരോ ജില്ലയിലേയും വ്യക്തികൾക്കോ സംഘടനകൾക്കോ ഓരോ വർഷവും നൽകുന്ന അവാർഡാണ് വനമിത്ര അവാർഡ് – 25000 രൂപയാണ് അവാർഡ് തുക – അതുപോലെ പ്രകൃതിമിത്ര അവാർഡ് – പ്രായംകൂടിയ വൃക്ഷത്തെ സംരക്ഷിക്കുന്ന മരമുത്തശ്ശി അവാർഡ് എന്നിവയും നൽകി വരുന്നുണ്ട്.

പൊതുജനങ്ങളിൽ പ്രകൃതിസംരക്ഷണത്തിന് അംഗീകാരവും, പ്രോത്സാഹനവും നൽകുന്ന ഇപ്രകാരമുള്ള ഒരു അവാർഡും അംഗീകാരവും ഓരോ പഞ്ചായത്തിനും ഏർപ്പെടുത്താവുന്നതാണ്.

പട്ടിക 4.32

മുൻ വർഷങ്ങളിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം ജില്ലാതലത്തിൽ നൽകിയ ബഹുമതികൾ, അംഗീകാരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ബഹുമതി/അംഗീകാരം	വർഷം	തെരഞ്ഞെടുത്ത വ്യക്തി/വ്യക്തികൾ	തുക (Rs)
(1)	വനമിത്ര	2012-2013	1	25000
		2014-2015	1	25000
		2016-2017	1	25000
(2)	മരമുത്തശ്ശി	2010-2011	1	50000

നേച്ചർ ക്യാമ്പുകൾ – പ്രകൃതി സംരക്ഷണ റാലികൾ – സെമിനാറുകൾ – കൂട്ടായ്മകൾ എന്നിവയിലൂടെയുള്ള ബോധവൽക്കരണ – പ്രചരണ പരിപാടികൾ

കുട്ടികളിലും, മുതിർന്നവരിലും വനത്തിന്റേയും, വനവൽക്കരണത്തിന്റെയും, ജൈവവൈവിധ്യ സംരക്ഷണത്തിന്റേയും സന്ദേശം എത്തിക്കുന്നതിനും – പ്രചരിപ്പിക്കുന്നതിനും വനംവകുപ്പ് പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

പഞ്ചായത്ത് തലത്തിലും കുടുംബശ്രീ, എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി കർഷകരുടെ സംഘം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയെ ഉൾപ്പെടുത്തി ഇപ്രകാരം ക്യാമ്പുകൾ നടത്താവുന്നതാണ്. പദ്ധതി നിർദ്ദേശങ്ങളിൽ ഇവ ഉൾപ്പെടുത്തുന്നത് ഫലപ്രദമായ മാർഗ്ഗമായിരിക്കും.

ഗ്രീൻ ഇൻഡ്യാ മിഷൻ (GIM)

വനത്തിന് പുറത്ത് വനവൽക്കരണവും, ജൈവവൈവിധ്യ സംരക്ഷണവും വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ധനസഹായം നൽകുന്ന പദ്ധതി വനംവകുപ്പ് ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നു. വനത്തിനുള്ളിലും, പുറത്തും മണ്ണ്–ജലം എന്നിവയുടെ സംരക്ഷണവും, വൃക്ഷവൽക്കരണവുമാണ് പ്രധാന ലക്ഷ്യങ്ങൾ. വനത്തിനുള്ളിലെ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടൽ സാദ്ധ്യമല്ലാത്തതിനാൽ വനത്തിന് വെളിയിലുള്ള പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് പഞ്ചായത്തുകൾക്ക് വഹിക്കുവാൻ സാധിക്കും.

പങ്കാളിത്ത ഹരിത സമിതികൾ ഓരോ ബ്ളോക്കുതലത്തിലും രൂപീകരിച്ച് വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുക – വൃക്ഷ വൽക്കരണം നടത്തുക – ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുക, അർഹരായ ഗുണഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ സാമഗ്രികൾ വിതരണം ചെയ്യുക തുടങ്ങി നിരവധി ഘടകങ്ങൾ ഈ പദ്ധതിയിലുണ്ട്.

നിലവിൽ ജില്ലയിലെ 9 ബ്ളോക്കുകളിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അംഗങ്ങളെ ഈ പദ്ധതിയിൽ സഹകരിപ്പിക്കുന്നത് തൊഴിൽ ലഭ്യതയോടൊപ്പം പരിസ്ഥിതി വികസനവും സാദ്ധ്യമാക്കുന്ന പദ്ധതിയാണെന്നെതിൽ സംശയമില്ല.

ഫോറസ്ട്രി ക്ളബ്ബ് – ഗ്രീൻ സ്ക്കൂൾ പ്രോഗ്രാം – ട്രീ ക്ളിനിക്ക്

എല്ലാ സ്ക്കൂളുകളിലും ഫോറസ്ട്രി ക്ളബ്ബ് രൂപീകരിക്കാനും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു 'ഹരിത സേന' അങ്ങനെ ജില്ലയിൽ സജ്ജമാക്കുന്നതിനും, ജില്ലയിലെ മികച്ച ക്ളബ്ബിന് അവാർഡ് നൽകുന്നതിനും പദ്ധതി നിർദ്ദേശം ഉണ്ടാക്കുന്നത് ഈ രംഗത്ത് സമഗ്രമായ മുന്നേറ്റത്തിന് വഴി തുറക്കും. നിലവിൽ 25 ഫോറസ്ട്രി ക്ളബ്ബുകൾ മാത്രമാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്.

ഗ്രീൻ സ്ക്കൂൾ പ്രോഗ്രാം സ്ക്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാവുന്നതാണ്.

ജില്ലയിൽ കൃഷിവകുപ്പുമായി സംയോജിച്ച് ഒരു ട്രീ ക്ളിനിക്ക് ആരംഭിക്കുന്നത് സംസ്ഥാനത്തു തന്നെ വേറിട്ട നൂതനമായ ഒരു പദ്ധതിയായി അവതരിപ്പിക്കാവുന്നതാണ്. ഏതെങ്കിലും രോഗം ബാധിച്ച വൃക്ഷത്തെ നിഷ്ക്കരുണം മുറിച്ചു നീക്കാതെ ചികിത്സിച്ച് സുഖപ്പെടുത്തുന്ന ഒരു സംവിധാനം ആദ്യം തുടങ്ങി എന്ന ഖ്യാതിയും ജില്ലയ്ക്ക് സ്വന്തമാക്കാം.

ജൈവ വൈവിധ്യ സംരക്ഷണം

പഞ്ചായത്ത് തലത്തിലുള്ള 'ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ്' കമ്മിറ്റികൾ ഇപ്പോൾ നിർജ്ജീവമാണ്, ആയവ സജീവമാക്കണം. ബയോഗ്യാസ്, വെർമി കംപോസ്റ്റ് എന്നിവയുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തണം. രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം കുറയ്ക്കാൻ കൃഷിവകുപ്പു മുഖേന പദ്ധതികൾ നിർദ്ദേശിക്കണം – നെൽപ്പാടങ്ങൾ – ചതുപ്പുകൾ എന്നിവ സംരക്ഷിത പ്രദേശമായി നിലനിർത്തണം – നദികളിൽ മാലിന്യം തള്ളുന്നതും ഒഴുക്കുന്നതും കർശനമായി വിലക്കുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം – കയ്യാല, ഈടി എന്നിവ പരമാവധി കൃഷിയിടത്തിൽ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുകയും, മഴവെള്ളസംഭരണം ഊർജ്ജിതപ്പെടുത്തുന്നതുമായ പദ്ധതികൾ ഉൾപ്പെടുത്തണം – ജലഗതാഗതം – ട്രെയിൻഗതാഗതം എന്നിവ കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ – പുകയില്ലാത്ത അടുപ്പുകൾ എല്ലാ ഭവനങ്ങളിലും നടപ്പിലാക്കാനുതകുന്ന പദ്ധതികൾ എന്നിങ്ങനെ എല്ലാ മാർഗ്ഗങ്ങളിലൂടെയുമുള്ള സമഗ്രമായ ഒരു പദ്ധതി രൂപരേഖയിലൂടെ മാത്രമേ ജില്ലയിലെ പരിസ്ഥിതി മെച്ചപ്പെടുത്തുന്ന ശ്രമങ്ങൾക്ക് അനുകൂല ഫലങ്ങൾ ലഭ്യമാകൂ.

മാലിന്യ നിർമ്മാർജ്ജനം – നിയന്ത്രണം – പ്ളാസ്റ്റിക് നിയന്ത്രണം – മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ

ടൂറിസം – Green protocol

ടൂറിസം കേന്ദ്രങ്ങളിൽ പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ടൺകണക്കിന് നിക്ഷേപിക്കുന്ന രീതി നിർത്തലാക്കുക – ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കുക – പിഴ ഈടാക്കുന്നതിന് പ്രാദേശിക ചട്ടങ്ങൾ നിർമ്മിച്ച് പ്രാവർത്തികമാക്കുക. പ്ളാസ്റ്റിക് – Non woven ക്യാരിബാഗുകൾ പൂർണ്ണമായി നിരോധിക്കുക – തുമ്പൂർമൂഴി മാതൃകയിലുള്ള മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ നഗരങ്ങളിൽ സ്ഥാപിക്കുക. എല്ലാ മുൻസിപ്പാലറ്റികളിലും "E-waste" കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുക എന്നിവ പ്രയോഗത്തിൽ വരുത്തുന്ന പദ്ധതികൾ നിർദ്ദേശിക്കേണ്ടതാണ്.

ആഗോളതാപനം ചെറുക്കുന്നതിനുള്ള വഴികൾ

വനത്തിന് പുറത്ത് പരമാവധി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും കൂടുതൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചും – വാഹന മലിനീകരണം നിയന്ത്രിച്ചും – പരിസ്ഥിതി ക്ളബ്ബുകൾ സ്ക്കൂളുകളിൽ സ്ഥാപിച്ചും – പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന 'Green school programme'–ന് സ്ക്കൂളുകൾ വഴി പ്രോത്സാഹനം നൽകിയും ആഗോളതാപനം കുറയ്ക്കാവുന്നതാണ്.

ജലസംരക്ഷണം

കൂടുതൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുക – മഴവെള്ളം റീചാർജ്ജ് ചെയ്യുന്ന മഴക്കുഴികൾ നിർമ്മിക്കുക – നദികളുടെയും – അരുവികളുടെയും ഒഴുക്ക് തടസ്സപ്പെടുത്തുന്ന ബ്ളോക്കുകൾ നീക്കം ചെയ്യുക – പ്രധാന നദികളായ പമ്പ, അച്ചൻകോവിൽ, മണിമല എന്നിവയുടെ 'ഇക്കോടോൺ' ഭാഗത്ത് (നദീതീരത്തിന്റെ 4 മുതൽ 6 മീറ്റർ വരെയുള്ള ഭാഗം 'Ecotone' ആയി കണക്കാക്കപ്പെടുന്നു) മണ്ണൊലിപ്പ് തടഞ്ഞ്, ജലശുദ്ധീകരണത്തിനുതകുന്ന വൃക്ഷങ്ങളും, ചെടികളും വച്ചുപിടിപ്പിക്കുക.

ഊർജ്ജസംരക്ഷണം

ഊർജ്ജ നഷ്ടം – പ്രസരണ നഷ്ടം എന്നിവ കുറയ്ക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക – സോളാർ എനർജി – കാറ്റിൽ നിന്നുള്ള വൈദ്യുതി – എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

നഗരഗതാതഗത സംവിധാനം

വാഹനപുക മലിനീകരണ നിയന്ത്രണത്തിന് അടിയന്തിരമായി ഒരു നിയന്ത്രണ സംവിധാനം ആവിഷ്ക്കരിക്കുക. നഗരത്തിലെ CO_2 ആഗിരണം വർദ്ധിപ്പിക്കുന്ന ചെറിയ "പച്ചതുരുത്തുകൾ" (Green lungs) തിരക്കുള്ള നഗരത്തിൽ സ്ഥാപിക്കുക. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫൈഡ് സ്ഥാപനങ്ങളിൽ നിന്നുള്ള പുക പരിശോധന സർട്ടിഫിക്കറ്റ് മാത്രമേ 'valid' ആയി പരിഗണിക്കുകയുള്ളൂ എന്ന സംവിധാനം കൂടുതൽ പ്രായോഗിക നീക്കമായിരിക്കും.

പട്ടിക 4.33

പരിസ്ഥിതി – കാലാവസ്ഥാ വ്യതിയാനം – വനം പദ്ധതി നിർദ്ദേശങ്ങളുടെ സംക്ഷിപ്തം (മുൻഗണനാ ക്രമത്തിൽ)

ക്രമ നം.	പദ്ധതിയുടെ ചുരുക്കം	നടപ്പാക്കുന്ന ഏജൻസി	തുക (പഞ്ചായത്ത്/ മുൻസിപ്പാലിറ്റി വകയിരുത്തൽ)	ഫലം	റിമാർക്സ്
(1)	കുടുംബശ്രീ നഴ്സറികളുടെ നിർമ്മാണം	പഞ്ചായത്ത് +കുടുംബശ്രീ		തൊഴിൽ ലഭ്യത – വരുമാനം – ഹരിതവൽക്കരണം	
(2)	നദീതീര സംരക്ഷണം – ജല സംരക്ഷണം	പഞ്ചായത്ത് +കുടുംബശ്രീ		ജലസംരക്ഷണം – പരിസ്ഥിതി സംരക്ഷണം	
(3)	ഇക്കോടൂറിസം	വനംവകുപ്പ്		തൊഴിൽ ലഭ്യത – സാമ്പത്തിക സാമൂഹ്യ ഉന്നമനം – വനസംരക്ഷണം	
(4)	ഗ്രീൻ ഇൻഡ്യാ മിഷൻ– പങ്കാളിത്ത ഹരിത സമിതികളിലൂടെയുള്ള സമഗ്ര പരിസ്ഥിതി പരിപാലനം.	വനംവകുപ്പ്		പഞ്ചായത്തുകൾ ഹരിതാഭമാക്കുക – തൊഴിൽ ലഭ്യത – ജലസ്രോതസ്സുകളുടെ സംരക്ഷണം – പരിസ്ഥിതി പരിപാലനം	
(5)	മാലിന്യ നിർമ്മാർജ്ജനം – പ്ളാസ്റ്റിക് നിയന്ത്രണം – മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുക – ഇ–വേസ്റ്റ് സംഭരണം.	പഞ്ചായത്ത് + മലിനീകരണ നിയന്ത്രണ ബോർഡ് + പോലീസ്		പരിസ്ഥിതി മലിനീകരണം നിയന്ത്രിച്ച് പരിസ്ഥിതി പരിപോഷിപ്പിക്കൽ	
(6)	ടൂറിസം പദ്ധതികളിലും, തീർത്ഥാടന പാതകളിലും (ശബരിമല, മഞ്ഞനിക്കര....) 'ഗ്രീൻ പ്രോട്ടോക്കോൾ' നിർബ്ബന്ധമാക്കുക'	ടൂറിസം വകുപ്പ് + പഞ്ചായത്ത് + പോലീസ്		പരിസ്ഥിതി സംരക്ഷണം – ഹരിതവൽക്കരണം – മാലിന്യ നിർമ്മാർജ്ജനം	
(7)	മഴവെള്ള സംഭരണം – കിണർ റീ ചാർജ്ജ്	പഞ്ചായത്ത്		ജലസംരക്ഷണം – വരൾച്ചാ നിയന്ത്രണം – പരിസ്ഥിതി പരിപാലനം	
(8)	വന്യജീവി ആക്രമണം കൃഷിനാശം – എന്നിവ നിയന്ത്രിക്കുന്നതിനുള്ള വഴികൾ	പഞ്ചായത്ത് + വനംവകുപ്പ്		വനസംരക്ഷണം – വനാശ്രിത സമൂഹത്തിന്റെ ഉന്നമനം.	
(9)	കർഷകർക്ക് പ്രോത്സാഹന സഹായം	പഞ്ചായത്ത് +കൃഷിവകുപ്പ്+ വനംവകുപ്പ്		ഹരിതവൽക്കരണം – പരിസ്ഥിതി സംരക്ഷണം	
(10)	കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ	വനംവകുപ്പ്		തൊഴിൽ ലഭ്യത – സാമ്പത്തിക സാമൂഹ്യ ഉന്നമനം – വനസംരക്ഷണം – പരിസ്ഥിതി സംതുലനം	
(11)	ആദിവാസ ക്ഷേമം	വനംവകുപ്പ് – പഞ്ചായത്ത് വകുപ്പ്		ആദിവാസികളുടെ സമഗ്ര വികസനം	
(12)	കാവുകളുടെ സംരക്ഷണം	പഞ്ചായത്ത്		ഹരിതവൽക്കരണം – ജൈവവൈവിദ്ധ്യ സംരക്ഷണം	

(13)	പ്രകൃതിമിത്ര തുടങ്ങിയ അവാർഡുകൾ – പ്രകൃതി സംരക്ഷണ പ്രചരണ പരിപാടികൾ	പഞ്ചായത്ത്		പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തൽ	
(14)	ഫോറസ്ട്രി ക്ളബ്ബ് –നേച്ചർ ക്ളബ്ബ് – ഗ്രീൻ സ്ക്കൂൾ പ്രോഗ്രാം	പഞ്ചായത്ത് + വനംവകുപ്പ്+വിദ്യാഭ്യാസ വകുപ്പ്		പഞ്ചായത്തുകൾ ഹരിതാഭമാക്കുക – തൊഴിൽ ലഭ്യത – ജലസ്രോതസ്സുകളുടെ സംരക്ഷണം – പരിസ്ഥിതി പരിപാലനം	വരും തലമുറയെ പരിസ്ഥിതി അവബോധമുള്ള ജനതയാക്കുക.
(15)	നൂതന സാങ്കേതി വിദ്യയകളുടെ ഉപയോഗം Agro preserving – cold storage എന്നിവ ഉപയോഗിച്ച് ധാന്യങ്ങളുടെ ദീർഘകാല സംഭരണം – വിള മെച്ചപ്പെടുത്തൽ, കീട നിയന്ത്രണ സങ്കേതിക വിദ്യ – ഓർഗാനിക് കൃഷിരീതികൾ എന്നിവ	പഞ്ചായത്ത് + കൃഷിവകുപ്പ്		പരിസ്ഥിതി പരിപാലനം – സ്വയം പര്യാപ്തത	
(16)	മൃഗസംരക്ഷണം – കന്നുകാലി ഫെസ്റ്റുകളുടെ നിലവാരം മെച്ചപ്പെടുത്തൽ – ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം – കാലിത്തീറ്റ–തീറ്റപ്പുൽ എന്നിവയുടെ ലഭ്യത കൂട്ടുന്ന പദ്ധതികൾ	മൃഗസംരക്ഷണ വകുപ്പ് + പഞ്ചായത്ത് +കൃഷിവകുപ്പ്		പരിസ്ഥിതി പരിപാലനം – സ്വയം പര്യാപ്തത + ഹരിതവൽക്കരണം	
(17)	മത്സ്യ മളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക – ഉൾനാടൻ മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുക.	മത്സ്യബന്ധന വകുപ്പ് + പഞ്ചായത്ത്		ഭക്ഷ്യ സ്വയം പര്യാപ്തത – ജലസംരക്ഷണം – പരിസ്ഥിതി സംരക്ഷണം	
(18)	ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ – റിന്യൂവബിൾ എനർജിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.	പഞ്ചായത്ത് + കേരള ഇലക്ട്രിസിറ്റി ബോർഡ് + ANERT		ഊർജ്ജ ഉപഭോഗം കുറച്ച് പരിസ്ഥിതി സംതുലനം	
(19)	ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് വനത്തിന് വെളിയിൽ നടപ്പാക്കേണ്ട പദ്ധതികൾ	റവന്യൂ + പഞ്ചായത്ത് + കൃഷി വകുപ്പ്+ ANERT + ഗതാഗതം		പരിസ്ഥിതി പരിപാലനം – കാലാവസ്ഥ സംതുലനം – ജലസംരക്ഷണം	
(20)	നഗര ഗതാഗത സംവിധാനം – വാഹനപുക മാലിന്യം നിയന്ത്രിക്കുക – വഴിയോര തണൽ – നേച്ചർ പാർക്ക് – കുട്ടിവനം	മുൻസിപ്പാലിറ്റി + മലിനീകരണ നിയന്ത്രണ ബോർഡ്+ വനംവകുപ്പ്		നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ – ഹരിതവൽക്കരണം	
(21)	ആഗോളതാപനം ചെറുക്കുന്നതിനുള്ള വഴികൾ	പഞ്ചായത്ത് + ANERT + വിദ്യാഭ്യാസ വകുപ്പ്		പരിസ്ഥിതി സംരക്ഷണം – ഹരിതവൽക്കരണം – മാലിന്യ നിർമ്മാർജ്ജനം – ഊർജ്ജ സംരക്ഷണം	
(22)	ട്രീ ക്ളിനിക്ക്	പഞ്ചായത്ത് + കൃഷിവകുപ്പ് +സാമൂഹ്യ വനവൽക്കരണ വിഭാഗം		പരിസ്ഥിതി സംരക്ഷണം	രാജ്യത്തെ നൂതന സംരഭമായി കണക്കാക്കാം.

4.1.5 വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ

ആമുഖം

ആഭ്യന്തര ഉത്പാദനമാണ് ഒരു സമൂഹത്തിന്റെ വളർച്ചയുടെ അടിസ്ഥാനഘടകം. കൂടാതെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം നൽകുവാൻ വ്യവസായ, സേവന, സ്വയംതൊഴിൽ സംരംഭ മേഖലയ്ക്ക് കഴിയുന്നുണ്ട്. കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ എന്നുള്ളതാണ് ഈ മേഖലയുടെ പ്രത്യേകത. ഈ മേഖലയിൽ സംരംഭം ആരംഭിക്കുകവഴി തൊഴിൽ രഹിതർ തൊഴിൽദാതാവായി മാറുന്നു. 8000 ത്തിൽപരം ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന ഈ രംഗത്തേക്ക് സംരംഭകരെ ആകർഷിക്കുന്നതിനും, പ്രോത്സാഹനം നൽകുന്നതിനും സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.

രാജ്യത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും അഭിവാജ്യമായ ഘടകങ്ങളിൽ ഒന്നാണ് വ്യവസായം. ഒരു വ്യക്തി തന്റെ ആശയവും, സ്വപ്നവും, കഠിനാദ്ധ്വാനവും സമന്വയിപ്പിച്ച് സാക്ഷാത്കരിച്ചെടുക്കുന്ന ഒന്നാണ് ഒരു സംരംഭം. ആ സംരംഭം പ്രസ്തുത വ്യക്തിയുടേയും ചുറ്റുമുള്ള സമൂഹത്തിന്റേയും സാമ്പത്തികവും, സാമൂഹികവും, തൊഴിൽപരവുമായ ഉന്നതിക്ക് നിദാനമാകുന്നു. ലഭ്യമായ വിഭവ ശേഷികൾ ക്രിയാത്മകമായി വിനിയോഗിച്ചുകൊണ്ട് പടുത്തുയർത്തുന്ന വ്യവസായ, സേവന സംരംഭങ്ങൾ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനമായിത്തീരുന്നു.

രാജ്യത്തെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുള്ള പുതിയ വ്യവസായനയം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (Micro, Small, Medium) വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭാരതസർക്കാർ, എം.എസ്.എം.ഇ.ഡി (മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ്) ആക്ട് പുറപ്പെടുവിക്കുകയുണ്ടായി. 2006 ഒക്ടോബറിൽ ഈ നിയമം നിലവിൽ വന്നു. വ്യവസായം (Industry) എന്നതിനേക്കാൾ, എല്ലാ രീതിയിലുമുള്ള സംരംഭക (Enterprise) പ്രവർത്തനങ്ങളുടെയും വികസനമാണ് ഈ ആക്ടിലൂടെ വിഭാവനം ചെയ്യുന്നത്.

സംരംഭങ്ങളുടെ വിഭജനവും നിർവചനവും

സംരംഭങ്ങളെ പൊതുവായി

1. ഉൽപാദന സംരംഭങ്ങൾ
2. സേവന സംരംഭങ്ങൾ

എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഇവയെ യന്ത്രസാമഗ്രികളിന്മേലുള്ള അഥവാ ഉപകരണങ്ങളിലുള്ള സ്ഥിരനിക്ഷേപത്തിന്റെ പരിധി നിശ്ചയിച്ചുകൊണ്ട് വീണ്ടും യഥാക്രമം വിഭജിച്ച് നിർവചിച്ചിരിക്കുന്നു.

ഉൽപാദന മേഖല

ക്രമ നം.	സംരംഭം	യന്ത്രസാമഗ്രികളുടെ നിക്ഷേപ പരിധി (രൂപയിൽ)
1	സൂക്ഷ്മം	25 ലക്ഷം
2	ചെറുകിട	5 കോടി
3	ഇടത്തരം	10 കോടി
4	വൻകിട	10 കോടിയ്ക്കു മുകളിൽ

സേവന മേഖല

ക്രമ നം.	സംരംഭം	ഉപകരണങ്ങൾക്കുള്ള നിക്ഷേപ പരിധി (രൂപയിൽ)
1	സൂക്ഷ്മം	10 ലക്ഷം
2	ചെറുകിട	2 കോടി
3	ഇടത്തരം	5 കോടി
4	വൻകിട	5 കോടിയ്ക്കു മുകളിൽ

വാണിജ്യ മേഖല

ജില്ലയിലെ വ്യാപാര-വാണിജ്യ മേഖലയിൽ ഒരു ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ മേഖലയിലെ സംരംഭകർ സംഘടിതവും അസംഘടിതവുമായി ജില്ലയിൽ ആകമാനം വിന്യസിക്കപ്പെട്ടിരിക്കുന്നു. 20000 ത്തിൽപരം വാണിജ്യ വ്യാപാര സംരംഭങ്ങളിൽ വ്യാപാരി വ്യവസായി ഏകോപന സമിതിയിൽ 12000 ത്തോളം അംഗങ്ങളും വ്യാപാരി വ്യവസായി സമിതിയിൽ 5200 അംഗങ്ങളും നിലവിൽ ഉണ്ട്.

വ്യാപാര വാണിജ്യ മേഖല പ്രധാനമായും തിരുവല്ല, അടൂർ, പത്തനംതിട്ട, പന്തളം മുനിസിപ്പാലിറ്റികൾ കേന്ദ്രീകരിച്ചും കോഴഞ്ചേരി, റാന്നി, കോന്നി, മല്ലപ്പള്ളി പ്രദേശങ്ങളിലുമായി വ്യാപരിച്ചുകിടക്കുന്നു. ദേശീയ ബ്രാൻഡുകളുടെ എല്ലാ ഉത്പന്നങ്ങളും ജില്ലയിൽ ലഭ്യമാക്കുവാനുള്ള പശ്ചാത്തല സംവിധാനം നിലവിലുണ്ട്. അന്തർദേശീയ ബ്രാൻഡുകളുടെ ഉത്പന്നങ്ങൾക്കായി തനതായ ഷോറും സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ട്. വൻകിട മാളുകൾ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചുതുടങ്ങിയിട്ടില്ല. എങ്കിലും ജനങ്ങളുടെ ആവശ്യത്തിനനുസൃതമായ ഉപഭോക്തൃത ഉത്പന്നങ്ങൾ ജില്ലയിലെ പ്രധാന വ്യാപാര വാണിജ്യ കേന്ദ്രങ്ങൾ ലഭ്യമാണ്. കൂടാതെ ജില്ലയിലെ എല്ലാ ഭാഗത്തും ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള "ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ്" ആവശ്യാനുസരണം ലഭ്യമാണ്.

സ്വർണ്ണാഭരണങ്ങൾ, വസ്ത്രം, ഗൃഹോപകരണങ്ങൾ, ദൈനംദിന ഉപഭോഗവസ്തുക്കൾ, പലവ്യഞ്ജനം, ഗൃഹനിർമ്മാണ വസ്തുക്കൾ, അലങ്കാര വസ്തുക്കൾ തുടങ്ങിയ മേഖലകളിലായി വ്യാപാര-വാണിജ്യ രംഗം വ്യാപരിച്ചുകിടക്കുന്നു.

പത്തനംതിട്ട ജില്ലയിലെ വ്യവസായ, സ്വയംതൊഴിൽ രംഗത്തിന്റെ പരിപ്രേക്ഷ്യം.

പത്തനംതിട്ട ജില്ല പരിസ്ഥിതി സൗഹൃദമായ ജില്ലയാണ്. ജില്ലയിൽ പരിസ്ഥിതി സൗഹൃദമായ സംരംഭങ്ങൾക്ക് ആണ് മുൻഗണന നൽകേണ്ടത്. വൈറ്റ്, ഗ്രീൻ കാറ്റഗറി വിഭാഗത്തിലെ വ്യവസായങ്ങൾക്ക് മുൻഗണന നൽകി ജനകീയ പങ്കാളിത്തത്തോടുകൂടി ജില്ലയിലെ വ്യവസായ സംരംഭ മേഖല പരിപോഷിപ്പിക്കുവാനും അതുവഴി തൊഴിൽ അവസരങ്ങളും, സാമ്പത്തിക സാമൂഹ്യ വളർച്ചകൾക്കും അവസരമൊരുക്കുവാനുള്ള പ്രത്യേക വ്യവസായ സൗഹൃദ അന്തരീക്ഷം ആവിഷ്ക്കരിക്കേണ്ടതായുണ്ട്.

ലഭ്യമായ വിഭവ ശേഷികൾ ക്രിയാത്മകമായി വിനിയോഗിച്ചുകൊണ്ട് സാമ്പത്തിക സാമൂഹിക വളർച്ചക്ക് നിദാനമാവുന്ന രീതിയിലുള്ള സംരംഭങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. സഹകരണ അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭങ്ങൾ മാനവവിഭവശേഷിയുടെ ക്രിയാത്മകമായ വിനിയോഗം ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു.

വ്യവസായ സംരംഭ വികസനത്തിൽ അത്യാവശ്യമായ വികസന പ്ലോട്ടുകളും വികസന ഏരിയകളും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ വ്യവസായ സംരംഭങ്ങളോടും, സംരംഭകരോടും ഉള്ള പൊതുജനത്തിന്റെ നിഷേധാത്മകമായ സമീപനത്തിൽ മാറ്റംവരുത്തി അഭ്യസ്ത വിദ്യരായ

യുവതീയുവാക്കളെ സ്വയം തൊഴിൽ സംരംഭകരാക്കുവാനുള്ള പ്രേരകശക്തി നൽകുവാനും ആവശ്യമായ വിദഗ്ദ്ധ സംരംഭകത്വ പരിശീലന പരിപാടികളും നൽകേണ്ടതാണ്.

വളരെയധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പരമ്പരാഗത വ്യവസായ മേഖല പരിസ്ഥിതി സൗഹൃദവുമാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉത കുന്ന രീതിയിലുള്ള പ്രത്യേക കർമ്മ പദ്ധതികൾ പ്രത്യേകം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്

പട്ടിക.4.34

പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള വ്യവസായങ്ങളുടെ സംക്ഷിപ്തരൂപം

ക്രമ നം.	ശീർഷകം	യൂണിറ്റുകൾ	വിശദാംശങ്ങൾ
1	രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ്	എണ്ണം	10940
2	ആകെ നിക്ഷേപം	ലക്ഷം	95961
3	ആകെ തൊഴിലവസരങ്ങൾ	എണ്ണം	55815
4	വൻകിട, ഇടത്തരം വ്യവസായങ്ങൾ	എണ്ണം	343
5	വ്യവസായമേഖല സിഡ്കോ (ഡി.എ/ഡി.പി/വ്യവസായ എസ്റ്റേറ്റ്)	എണ്ണം	4
6	മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.	എണ്ണം	3

അവലംബം :ജില്ലാ വ്യവസായ കേന്ദ്രം

വ്യവസായം ഒറ്റനോട്ടത്തിൽ

പത്തനംതിട്ട ജില്ല വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒന്നായാണ് കരുതപ്പെടുന്നത്. 31.03.2017 ലെ സ്ഥിതി വിവര കണക്ക് പ്രകാരം എസ്.എസ്.ഐ./എം.എസ്.എം.ഇ മേഖലകളിലായി 10940 യൂണിറ്റുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ഇതുവഴി 95961 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടാവുകയും തന്മൂലം 55815 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

എ) എം.എസ്.എം.ഇ യൂണിറ്റുകൾ ഇനം തിരിച്ച്

	സൂക്ഷ്മം	ചെറുകിടം	ഇടത്തരം	ആകെ
നമ്പർ	10300	633	7	10940
നിക്ഷേപം ലക്ഷത്തിൽ	43512	47277	5172	95961
തൊഴിൽ	42631	12841	343	55815

ബി) ജില്ലയിലെ നിലവിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെയും കരകൗശല യൂണിറ്റുകളുടെയും വിവരങ്ങൾ (31.03.2017 പ്രകാരം)

ക്രമ നം	വ്യവസായത്തിന്റെ സ്വഭാവം	യൂണിറ്റുകളുടെ എണ്ണം	നിക്ഷേപം (ലക്ഷത്തിൽ)	തൊഴിൽ എണ്ണം
1	കാർഷിക- ഭക്ഷ്യാധിഷ്ഠിതം	1434	11760	9791
2	ലഘുപാനീയം	163	1790	769
3	വസ്ത്ര നിർമ്മാണം	1567	3692	7404

4	തടി അനുബന്ധ വ്യവസായം	161	1548	819
5	പേപ്പർ അധിഷ്ഠിത ഉല്പന്നങ്ങൾ	431	2022	1769
6	തുകൽ അധിഷ്ഠിത ഉത്പന്നം	79	102	472
7	രാസവസ്തുക്കളും അനുബന്ധങ്ങളും	392	2348	2344
8	റബ്ബർ & പ്ലാസ്റ്റിക് അനുബന്ധ വ്യവസായം	316	2176	2049
9	ധാതു അധിഷ്ഠിത	726	7255	4288
10	ലോഹ അധിഷ്ഠിത	339	1062	1339
11	എഞ്ചിനീയറിംഗ് യൂണിറ്റുകൾ	1110	3233	4021
12	വൈദ്യുത യന്ത്രങ്ങളും, വൈദ്യുത ഉപകരണങ്ങളും	149	424	538
13	റിപ്പയറിംഗ് & സർവ്വീസിംഗ്	2243	6990	10076
14	കരകൗശല യൂണിറ്റുകൾ	124	65	150
15	ഐ.റ്റി അധിഷ്ഠിത യൂണിറ്റുകൾ	165	1756	595
16	മറ്റുള്ളവ	1550	49739	9391
	ആകെ	**10940**	**95961**	**55815**

മേൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകൾ ഉണ്ടായിട്ടുള്ളത് സേവന, മേഖലയിലാണ്. ഉല്പാദന മേഖലയിലെ സ്ഥിതി പരിശോധിക്കുമ്പോൾ കാർഷികാധിഷ്ഠിത ഭക്ഷ്യോല്പാദന വ്യവസായ യൂണിറ്റുകളാണ് മുൻ തൂക്കം കൈവരിച്ചിട്ടുള്ളത്.

സി) ജില്ലയിലെ നിലവിലുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ 5 വർഷത്തെ സ്ഥിതി വിവര കണക്ക്

യൂണിറ്റുകളുടെ എണ്ണം		**2012–13**	**2013–14**	**2014–15**	**2015–16**	**2016–17**
സൂക്ഷമം	നിർമ്മാണമേഖല	582	607	637	614	597
	സേവന മേഖല	260	262	235	235	202
ചെറുകിടം	നിർമ്മാണമേഖല	12	22	26	27	54
	സേവന മേഖല	8	22	11	17	31
ഇടത്തരം	നിർമ്മാണമേഖല	1	1			4
	സേവന മേഖല					
ആകെ		**863**	**914**	**909**	**893**	**888**

ഡി)വിവിധ മേഖലകളിലെ എം.എസ്.എം.ഇ വളർച്ച (കഴിഞ്ഞ 5 വർഷം)

മേഖലകൾ	**2012–13**	**2013–14**	**2014–15**	**2015–16**	**2016–17**
കാർഷിക– ഭക്ഷ്യാധിഷ്ഠിതം	113	120	122	117	116
ലഘുപാനീയം	13	14	14	13	13
വസ്ത്ര നിർമ്മാണം	124	131	134	128	127
തടി അനുബന്ധ വ്യവസായം	13	13	14	13	13

പേപ്പർ അധിഷ്ഠിത ഉല്പന്നങ്ങൾ	34	36	37	35	35
തുകൽ അധിഷ്ഠിത ഉത്പന്നം	6	7	7	6	6
രാസവസ്തുക്കളും അനുബന്ധങ്ങളും	31	33	33	32	32
റബ്ബർ & പ്ലാസ്റ്റിക് അനുബന്ധ വ്യവസായം	25	26	27	26	26
ധാതു അധിഷ്ഠിത	57	61	62	59	59
ലോഹ അധിഷ്ഠിത	27	28	29	28	28
എഞ്ചിനീയറിംഗ് യൂണിറ്റുകൾ	88	93	95	91	90
വൈദ്യുത യന്ത്രങ്ങളും, വൈദ്യുത ഉപകരണങ്ങളും	12	12	13	12	12
റിപ്പയറിംഗ് & സർവ്വീസിംഗ്	176	187	191	182	181
കരകൗശല യൂണിറ്റുകൾ	10	10	11	10	10
ഐ.റ്റി അധിഷ്ഠിത യൂണിറ്റുകൾ	13	14	14	13	13
മറ്റുള്ളവ	122	129	132	127	126
ആകെ	**863**	**914**	**934**	**893**	**888**

ഇ) എം.എസ്.എം.ഇ മേഖലകളിലെ തൊഴിലവസരങ്ങൾ (കഴിഞ്ഞ 5 വർഷം)

യൂണിറ്റുകളുടെ എണ്ണം		**2012–13**	**2013–14**	**2014–15**	**2015–16**	**2016–17**
സൂക്ഷമം	നിർമ്മാണമേഖല	2891	3079	3048	1463	2219
	സേവന മേഖല	941	1082	919	529	732
ചെറുകിടം	നിർമ്മാണമേഖല	204	217	636	197	1909
	സേവന മേഖല	134	725	178	243	196
ഇടത്തരം	നിർമ്മാണമേഖല	90	90			116
	ആകെ	4260	5193	4781	2432	5172

II. (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക

ക്രമ നം.	യൂണിറ്റിന്റെ പേര്	ഉല്പന്നം	പി & എം മൂല്യം	തൊഴിലാളികളുടെ എണ്ണം
1	ട്രാവൻകൂർ കെമിക്കൽസ് & ഷുഗർ ലിമിറ്റഡ്	ബിവറേജസ്	135.00	68
2	ട്രാക്കോ കേബിൾ ലിമിറ്റഡ്	കേബിൾ	300.00	120

ജില്ലയിലെ പരമ്പരാഗത മേഖലകൾ

ആറന്മുള കണ്ണാടി.

ഭൗമസൂചിക അംഗീകാരം ലഭിച്ച അനന്യമായ കരകൗശല രൂപങ്ങളിലൊന്നാണ് ആറന്മുള കണ്ണാടി. ക്ഷമയും, വൈദഗ്ധ്യവും ഏറെ ആവശ്യമുള്ള ശ്രമകരമായ പ്രക്രിയയാണ് ലോഹക്കൂട്ടുകൊണ്ടുള്ള ഈകണ്ണാടി നിർമ്മാണം. കളിമൺ നിർമ്മിത അച്ചുകളിൽ ചെമ്പും വെളുത്തീയവും മറ്റ് ലോഹക്കൂട്ടുകളുംചേർന്നുള്ള മിശ്രിതം ഉരുക്കി ഒഴിച്ചാണ് ആറന്മുള കണ്ണാടി തയ്യാറാക്കുന്നത്. ആറന്മുള കണ്ണാടിയുടെ നിർമ്മാണത്തിന്റെ രഹസ്യ സാങ്കേതികത സിദ്ധിച്ചിട്ടുള്ള കുടുംബങ്ങൾ ഇത് കൈമോശം വരാതെ കാത്തു സൂക്ഷിച്ച് തങ്ങളുടെ അടുത്ത തലമുറകളിലേക്ക് കൈമാറിപ്പോരുന്നു. 28 കുടുംബങ്ങളിലായി 150 ഓളം പേർ ജോലി ചെയ്ത് വരുന്നു.

പരുമല ഓട്ടുപാത്ര, ചെമ്പ് നിർമ്മാണം:

തിരുവല്ല താലൂക്ക് കടപ്ര ഗ്രാമ പഞ്ചായത്തിൽ 150 പേർ ഓട്ടുപാത്രം, വിളക്കുകൾ, കൊടിമരം, അമ്പല – പള്ളിമണികൾ, ഉരുളി, വാർപ്പ് തുടങ്ങിയ തനതായ ഓട് നിർമ്മിത കരകൗശല വസ്തുക്കൾ നിർമ്മിച്ചുവരുന്നു.

കൈത്തറി

പരമ്പരാഗത കൈത്തറിവ്യവസായ മേഖലയിൽ പത്തനംതിട്ട ജില്ലയ്ക്ക് കാര്യമായ പങ്കാളിത്തമുണ്ടാക്കാൻ സാധിച്ചിട്ടില്ല. കൊടുമൺ, മല്ലപ്പള്ളി മേഖലയിലെ പ്രത്യേക വിഭാഗത്തിൽപ്പെട്ട നെയ്ത്തുകാർ പ്രധാനമായും തോർത്ത്, കൈലിമുണ്ട് തുടങ്ങിയ ഉൽപ്പന്നങ്ങൾ നെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഉൽപ്പാദനം തീരെ ഇല്ല. എങ്കിലും സർക്കാരിന്റെ പുതിയ പ്രോത്സാഹന പദ്ധതിയായ "ഒരു വീട്ടിൽ ഒരു തറി", "കൈത്തറി സ്വയം തൊഴിൽ പദ്ധതി" പ്രകാരം പുതിയ സംരംഭങ്ങൾ മുന്നോട്ട് വരുന്നുണ്ട്. ഇവർക്ക് ആവശ്യമായ പരിശീലനം, മാർഗ്ഗ നിർദ്ദേശങ്ങൾ, വിപണന തന്ത്രങ്ങൾ എന്നിവ പ്രത്യേകമായി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കയർ

പത്തനംതിട്ട ജില്ല ഭൗതിക സാഹചര്യങ്ങളുടെ അഭാവംമൂലം കയർ വ്യവസായത്തിന് അനുയോജ്യമായ ജില്ല അല്ല. തൊണ്ട് സംസ്ക്കരണവും ശേഖരണവും ഇവിടെ ഇല്ല. ആയതിനാൽ കയറിന്റെ മൂല്യവർദ്ധിത ഉൽപ്പന്നത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് അഭികാമ്യം.

ജില്ലയിലെ പ്രധന കയറ്റുമതി യൂണിറ്റുകൾ

1. എ.കെ ഫ്ളേവേഴ്സ് & ആരോമാറ്റിക് പ്രൈവറ്റ് ലിമിറ്റഡ്, ഇലവുംതിട്ട, പത്തനംതിട്ട 689625.
2. കാന്തി ഫ്ളോർ ഫർണിഷ്ഡ്, കുന്നന്താനം, മല്ലപ്പള്ളി
3. എൻജെയ്സ് സ്പൈസസ് & ഒലിയോറെസിൻസ്, വള്ളിക്കോട്.
4. വൈനാട് എക്സ്പോർട്സ്, കോഴഞ്ചേരി ഈസ്റ്റ് പി.ഒ., കോഴഞ്ചേരി.

V. കുടുംബശ്രീ യൂണിറ്റുകൾ

പത്തനംതിട്ട ജില്ലയിൽ ആകെ 9109 കുടുംബശ്രീ യൂണിറ്റുകൾ ഉള്ളവയിൽ 554 സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 378 എണ്ണം നിർമ്മാണ മേഖലയിലും 176 എണ്ണം സേവന മേഖലയിലുമാണ്. ഈ സ്ഥാപനങ്ങൾ വഴി 1864 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

VI.ജില്ലയിൽ ആകെ 338 പേർ കൈത്തറി കരകൗശല വിഭാഗത്തിൽ തൊഴിൽ ചെയ്തുവരുന്നു.

പട്ടിക.4.35

VII. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

വ്യവസായ പ്ലോട്ട്/ മേഖലയുടെ പേര്	വിസ്തീർണ്ണം ഏക്കറിൽ	വികസനത്തിനായുള്ള സ്ഥലം	അനുവദിച്ചിട്ടുള്ള സ്ഥലം	യൂണിറ്റുകളുടെ എണ്ണം	പ്രവർത്തിക്കുന്ന യൂണിറ്റുകൾ	പ്രവർത്തിക്കാത്ത യൂണിറ്റുകൾ	എസ്.സി/ എസ്.എസ്.റ്റി യൂണിറ്റുകൾ	വനിതാ സംരംഭങ്ങൾ	ആകെ നിക്ഷേപം ലക്ഷത്തിൽ	ആകെ തൊഴിൽ	കയറ്റുമതി രൂപയിൽ	ഉപയോഗിക്കാത്ത സ്ഥലം
വ്യവസായ വകുപ്പ് കുന്നന്താനം വ്യവസായ വികസന പ്ലോട്ട്	20.93	15.32	15.32	82	65	8			2125	457		–
സിഡ്കോ വ്യവസായ എസ്റ്റേറ്റ്, പന്തളം, മല്ലപ്പള്ളി	5	5	4.85	10	9	1				2125	457	
കിൻഫ്രാ പാർക്ക്–ഇളമണ്ണൂർ, അടൂർ	80	40	25.92	26								14.08
കിൻഫ്രാ പാർക്ക്, കുന്നന്താനം, മല്ലപ്പള്ളി	39.13	26.08	14.49	39								12.31

iii) ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ

വ്യവസായപ്ലാട്ട്/ മേഖലയുടെ പേര്	വിസ്തീർണ്ണം ഏക്കറിൽ	വികസനത്തിനായുള്ള സ്ഥലം	അനുവദിച്ചിട്ടുള്ള സ്ഥലം	യൂണിറ്റുകളുടെ എണ്ണം	പ്രവർത്തിക്കുന്ന യൂണിറ്റുകൾ	പ്രവർത്തിക്കാത്ത യൂണിറ്റുകൾ	എസ്.സി/ എസ്.എസ്.റ്റി യൂണിറ്റുകൾ	വനിതാ സംരംഭങ്ങൾ	ആകെ നിക്ഷേപം ലക്ഷത്തിൽ	ആകെ തൊഴിൽ	കയറ്റുമതി രൂപയിൽ	ഉപയോഗിക്കാത്ത സ്ഥലം
പന്തളം (SIDCO)	1	1	1	10	9	1						
മല്ലപ്പള്ളി (MIE)	1	1	1	12	9	3	2	4	62	14		–
അടൂർ (MIE)	1	1	1	9	7	2	1	1	68	18		–

i) വ്യവസായത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ സ്ഥലങ്ങളുടെ പട്ടിക

ബ്ലോക്ക്/ മുനിസിപ്പാലിറ്റി യുടെ പേര്	പഞ്ചായത്ത്/ വില്ലേജിന്റെ പേര്	വിസ്തൃതി	സ്ഥലത്തിന്റെ സ്വഭാവം	വസ്തുവിന്റെ ലഭ്യത	വസ്തുവിന്റെ മുഖവില	വ്യവസായ സാദ്ധ്യത
കോന്നി	മലയാലപ്പുഴ വില്ലേജ്	37 ഏക്കർ	കര	ലഭ്യമാണ്	15000/ആർ	വ്യവസായ പ്ലോട്ട്/ഏരിയ
റാന്നി	പെരുനാട് വില്ലേജ്	57 ഏക്കർ 923/I-4,1B,1-a-/1,936/1-A2,1-A3,936/1-A3,937/1/A2,937/1-A1,751-1/4	കര			വ്യവസായ പ്ലോട്ട്/ഏരിയ

ii) ഭാവിയിൽ വ്യവസായത്തിന് ലഭ്യമാക്കാവുന്ന സ്ഥലങ്ങൾ

ക്രമ നം.	ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	വില്ലേജ്	സർവ്വേ നമ്പർ	വിസ്തൃതി	സ്ഥലത്തിന്റെ സ്വഭാവം (നിലം/ കര)	വ്യവസായ സാദ്ധ്യത	വസ്തു വിന്റെ നിലവിലെ സ്ഥിതി വിവരങ്ങൾ
1	അടൂർ മുനിസിപ്പാലിറ്റി	അടൂർ	654/7	98.5 ആർ	കര	ബഹുനില വ്യവസായ സമുച്ചയം നാനോ സംരംഭങ്ങൾ	ലിക്വിഡേഷൻ നടപടികളിൽ
2	ഓമല്ലൂർ, പുത്തൻപീടിക	ഓമല്ലൂർ		2 ഏക്കർ	കര	ഭക്ഷ്യസംസ്ക്കരണ സംരംഭങ്ങൾ	KVIB യുടെ അധീനതയിൽ
3	തോട്ടപ്പുഴശ്ശേരി കുറിയന്നൂർ	തോട്ടപ്പുഴശ്ശേരി		1 ഏക്കർ	കര	ഭക്ഷ്യസംസ്ക്കരണ സംരംഭങ്ങൾ	KVIB യുടെ അധീനതയിൽ
4	പുളിക്കീഴ്, കടപ്ര	കടപ്ര		1 ഏക്കർ		കരിമ്പ് ഉൽപ്പന്നങ്ങൾ	KFC യുടെ അധീനതയിൽ
5	പറക്കോട്	പറക്കോട്		1 ഏക്കർ	കര	റബ്ബർ അധിഷ്ഠിത സംരംഭങ്ങൾ	ലിക്വിഡേഷൻ നടപടികളിൽ
6	റാന്നി	റാന്നി		0.50 ഏക്കർ		പ്ലാസ്റ്റിക് റീസൈക്ലിംഗ് സംരംഭങ്ങൾ	റാന്നി മാച്ച് ഫാക്ടറി
7	പ്രമാടം	പ്രമാടം		0.5 ഏക്കർ		വസ്ത്ര നിർമ്മാണം	പ്രമാടം ഗ്രാമ പഞ്ചായത്ത്
8	തിരുവല്ല	തിരുവല്ല		10 ഏക്കർ		ജനറൽ എഞ്ചിനിയറിംഗ്	MSMETI, Thiruvalla
9	റാന്നി–പെരുന്നാട്	റാന്നി–പെരുന്നാട്		1 ഏക്കർ		റബ്ബർ അധിഷ്ഠിതം	KVIB യുടെ അധീനതയിൽ
10	ആറന്മുള	ആറന്മുള		25 ഏക്കർ		റൈസ് മിൽ / വൈറ്റ്&ഗ്രീൻ കാറ്റഗറി / ആയുർവേദം/ വ്യവസായ പ്ലോട്ട്	
11	നിരണം	നിരണം		10 ഏക്കർ	കര	റൈസ് മിൽ	ട്രാവൻകൂർ ഷുഗേഴ്സ്
12	കടപ്ര	കടപ്ര		5 ഏക്കർ	കര	റൈസ് മിൽ& ഭക്ഷ്യസംസ്ക്കരണം	
13	കുറ്റൂർ	കുറ്റൂർ		3.5 ഏക്കർ	കര	പ്ലാസ്റ്റിക് അധിഷ്ഠിതം	
14	ഇരവിപേരൂർ	ഇരവിപേരൂർ		3 ഏക്കർ	കര	റൈസ് മിൽ + ഭക്ഷ്യസംസ്ക്കരണം	

അവലംബം :ജില്ലാ വ്യവസായ കേന്ദ്രം

VI) മറ്റ് അടിസ്ഥാന സൗകര്യങ്ങൾ

എ) ജില്ലയിലെ വ്യവസായ അനുബന്ധ ഗവേഷണ–സഹായ കേന്ദ്രങ്ങൾ

16. **മിനി ബിസിനസ് ഇൻകുബേഷൻ സെന്റർ, ജില്ലാ വ്യവസായ കേന്ദ്രം, കോഴഞ്ചേരി :** ജില്ലാ വ്യവസായ കേന്ദ്രം, കോഴഞ്ചേരിയിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും മിനി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു.
17. **കേന്ദ്ര ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, കോന്നി :** Bio technology യും ഭക്ഷ്യ സംസ്കരണ രംഗത്ത് ഗവേഷണവും നടത്തിവരുന്നു. ഭക്ഷ്യ സംസ്ക്കരണ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്.

18. **കൃഷി വിജ്ഞാനകേന്ദ്രം, തെള്ളിയൂർ :** കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങളിൽ പരിശീലനവും ഉപദേശവും നടത്തി വരുന്നു. ചക്ക, തേങ്ങ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത വസ്തുക്കളിൽ ഇൻകുബേഷൻ സെന്ററും ഉണ്ട്.

19. **മാക്ഫാസ്റ്റ്, തിരുവല്ല:** ഭക്ഷ്യ സംസ്ക്കരണത്തിനുള്ള നവസംരംഭകർക്ക് ഉല്പന്ന വികസനത്തിനായി ഒരു പൊതു സേവന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. മൈക്രോബയോളജി & ഫുഡ് സയൻസ് ഇവയിൽ ബിരുദാനന്തര കോഴ്സുകൾ പ്രവർത്തിച്ചുവരുന്നു.

20. **കരിമ്പ് ഗവേഷണകേന്ദ്രം, കല്ലുങ്കൽ, തിരുവല്ല :** കരിമ്പിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ഗവേഷണവും വികസനവും നടത്തിവരുന്നു.
21. **MSMETI, തിരുവല്ല:** നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ആവശ്യമായ പരിശീലനവും മാർഗ്ഗ നിദ്ദേശങ്ങളും നൽകുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം തിരുവല്ല മഞ്ഞാടിയിൽ പ്രവർത്തിച്ചുവരുന്നു.
22. **RSETI, പത്തനംതിട്ട :** നവസംരംഭകർക്ക് ആവശ്യമായ പരിശീലനവും നൈപുണ്യ വികസനവും നൽകുന്ന ഈ പരിശീലനകേന്ദ്രം ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിച്ചുവരുന്നു.
23. **ബോധന, തിരുവല്ല :** പ്രധാനമായും തേൻ, കൂൺ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും കൂടാതെ ജൈവവള നിർമ്മാണം, കുടിവെള്ള ശുദ്ധീകരണം തുടങ്ങിയവയുടെ പരിശീലനവും, നിർമ്മാണവും നടത്തിവരുന്നു.

24. **CHASS KVIB ട്രെയിനിംഗ് സെന്റർ, മല്ലപ്പള്ളി :** തടി, കെത്തറി, കരകൗശലം, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ മേഖലയിൽ പരിശീലനവും നിർമ്മാണവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നു.

ബി) സംരംഭകത്വ വികസന ക്ലബ്ബുകൾ : സംരംഭകത്വ വികസനം, കോളേജ് തലത്തിൽ തന്നെ ഒരു ജീവനോപാധിയാക്കി മാറ്റുവാൻ സഹായിക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ജില്ലയിൽ 42 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശം, പരിശീലനം വ്യവസായ സ്ഥാപന സന്ദർശനം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തുന്ന ഈ ക്ലബ്ബുകൾ വ്യവസായ വകുപ്പുവഴി സാമ്പത്തിക സഹായം ലഭ്യമാണ്.

വ്യവസായ വകുപ്പിന്റെ സേവനങ്ങൾ

വ്യവസായ വകുപ്പ്, നവസംരംഭകർക്കും, നിലവിലുള്ള സംരംഭകർക്കുംവേണ്ടി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കിവരുന്ന വിവിധ സേവന-ആനുകൂല്യ പദ്ധതികൾ താഴെ സൂചിപ്പിച്ചിരിക്കുന്നവയാണ്.

1. **സംരംഭകത്വ പരിശീലനം**

സ്വന്തം സംരംഭം തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് ബോധവൽക്കരണ ക്യാമ്പുകളും ഹ്രസ്വകാല പരിശീലന പരിപാടികളും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

2. **പ്രോജക്ട് റിപ്പോർട്ട്**

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ നേടുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബ്ലോക്ക് വ്യവസായ വികസന ഓഫീസ്, താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ നിന്ന് ആവശ്യമായ സഹായം നൽകുന്നു.

3. **വ്യവസായ പ്ലോട്ട്, ഷെഡ്ഡ്**

പ്രോജക്ടിന്റെ ആവശ്യാനുസരണം, ലഭ്യതയനുസരിച്ച്, വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ പ്ലോട്ടുകൾ, വ്യവസായ ഷെഡ്ഡുകൾ എന്നിവ ഹയർ പർച്ചേഴ്സ് വ്യവസ്ഥയിലോ, ഒറ്റത്തവണ വ്യവസ്ഥയിലോ അനുവദിക്കുന്നു.

4. **ഏകജാലക വ്യവസായ ക്ലിയറൻസ് ബോർഡ്/ഗ്രീൻചാനൽ കൗണ്ടർ**

ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഗ്രീൻചാനൽ കൗണ്ടർ, ഏകജാലക ക്ലിയറൻസ് ബോർഡ് എന്നീ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

രണ്ടുലക്ഷം രൂപവരെ യന്ത്രസാമഗ്രികളിൽ നിക്ഷേപം വരുന്ന സംരംഭങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്നും ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസ്, സർട്ടിഫിക്കറ്റുകൾ എന്നിവ സമയബന്ധിതമായി ലഭിക്കുവാൻ ഗ്രീൻചാനൽ കൗണ്ടറിനേയും രണ്ടുലക്ഷത്തിന് മുകളിൽ നിക്ഷേപം വരുന്ന സംരംഭങ്ങൾക്ക് ഏകജാലക വ്യവസായ ക്ലിയറൻസ് ബോർഡിനേയും സമീപിക്കാവുന്നതാണ്.

5. **സംരംഭക സഹായ പദ്ധതി**

ഉല്പാദന മേഖലയിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ GO (MS) 156/ID/12 തീയതി 28.12.2012 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സംരംഭക സഹായപദ്ധതി. 2012 ഏപ്രിൽ 1 മുതൽ ഉല്പാദനം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് (നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്തവ) സംരംഭക സഹായ പദ്ധതി പ്രകാരം മൂന്ന് ഘട്ടങ്ങളിലായി പരമാവധി 30 ലക്ഷം രൂപാ വരെ ധനസഹായം ലഭിക്കുന്നതാണ്.

1. **പ്രാരംഭ സഹായം**

   വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് നിക്ഷേപ സഹായമായി ലഭിക്കാവുന്ന സാമ്പത്തിക ആനുകൂല്യത്തിന്റെ 50% (പരാമാവധി 3 ലക്ഷം) മുൻകൂറായി ലഭ്യമാക്കുന്നു.

2. **നിക്ഷേപ സഹായം**

   വ്യാവസായിക ഉല്പാദനം ആരംഭിച്ച യൂണിറ്റുകളുടെ സ്ഥിര ആസ്തികൾക്ക് നിശ്ചിത നിരക്ക് പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നു.

3. **സാങ്കേതിക വിദ്യ സഹായം**

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് നവീന സാങ്കേതിക വിദ്യ ലഭ്യമാക്കി പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് സ്ഥിരാസ്തികളിലെ നിക്ഷേപത്തിന്റെ 10% അധിക സഹായമായി (പരാമവധി 10 ലക്ഷം) ലഭ്യമാക്കുന്നു.

6. **വിപണന സഹായങ്ങൾ**

1. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ അഥവാ വകുപ്പുകളുടെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം (EMD), കരുതൽധനം (Security Deposit) എന്നിവ ഒഴിവാക്കിക്കൊടുക്കുകയോ, ഇളവ് നൽകുകയോ ചെയ്യുന്നു. ഇതിനായി സ്റ്റോർ പർച്ചേഴ്സ് വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം വഴി അപേക്ഷ നൽകണം.

കുറിപ്പ് : കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടെ ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് ഇളവുകൾ ലഭിക്കുന്നതിനും എൻ.എസ്.ഐ.സി. മുഖേന രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

2. വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന വിപണന മേളകൾ, വ്യവസായ-മെഷിനറി എക്സിബിഷൻ, ഉൽപാദക-ഉപഭോക്തൃ സംഗമം തുടങ്ങിയവയിൽ സൗജന്യ നിരക്കിൽ സ്ഥാപനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

സംരംഭക സഹായ പദ്ധതി ആനുകൂല്യം
ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്

വർഷം	യൂണിറ്റുകൾ	തുക
2012-13	20	24,93,205
2013-14	60	2,09,71,922
2014-15	28	68,49,385
2015-16	60	1,92,60,053
2016-17	35	1,59,58,953
	203	6,55,33,518

പ്രധാനമന്ത്രിയുടെ തൊഴിൽ പദ്ധതി
(പി.എം.ഇ.ജി.പി ആനുകൂല്യം)

വർഷം	പ്രോജക്ട് കോസ്റ്റ്	മാർജിൻ മണി അഡ്ജസ്റ്റ്മെന്റ്	
2012-13	13321984	11175701	118
2013-14	20985116	11237554	200
2014-15	48474700	15181691	138
2015-16	3157000	1042800	15
2016-17	14138930	4309751	34

ജില്ലയുടെ വ്യവസായ രംഗത്തെ അനുകൂല സാഹചര്യങ്ങൾ

1. ബാങ്കുകളുടെ കൂടുതൽ ശൃംഖലകളുള്ള ജില്ലയാണ് പത്തനംതിട്ട. ദേശസാൽകൃത ബാങ്കുകളുടെ 238 ശാഖകളും, ഷെഡ്യൂൾഡ് ബാങ്കുകളുടെ 138 ശാഖകളും, സഹകരണ ബാങ്കുകളുടെ 167 ശാഖകളും

ജില്ലയിൽ പ്രവർത്തിക്കുന്നു, കൂടാതെ സംസ്ഥാന സഹകരണ ബാങ്കിന്റെയും കേരളഫിനാൻഷ്യൽ കോർപ്പറേഷന്റെയും ഓരോ ശാഖകളും നിലവിലുണ്ട്.

2. റബ്ബർ, നാളികേരം, മറ്റ് സുഗന്ധ ദ്രവ്യങ്ങൾ എന്നീ സ്വാഭാവിക പ്രകൃതി വിഭവങ്ങളുടേയും ചക്ക, റമ്പുട്ടാൻ, മാങ്കോസ്റ്റീൻ എന്നീ പഴവർഗ്ഗങ്ങളുടെ ലഭ്യതകൊണ്ടും സമ്പന്നമാണ് പത്തനംതിട്ട ജില്ല.
3. ഗ്രാനൈറ്റിന്റെ വലിയതോതിൽ നിക്ഷേപമുള്ള ജില്ലയാണ് പത്തനംതിട്ട.
4. വ്യവസായ മേഖലയിലേക്ക് ആകർഷിക്കുവാനും അനുധാവനം ചെയ്യുവാനും ഉതകുന്ന വിധത്തിലുള്ള അനുഭവ സമ്പത്തും, ക്രിയാശേഷിയും ഉള്ള വിദേശ മലയാളികൾ ജില്ലയിലുണ്ട്.
5. മറ്റു ജില്ലകളെ അപേക്ഷിച്ച് ഈ ജില്ലയിൽ വളരെ ഉയർന്ന തോതിലുള്ള വിദേശ നിക്ഷേപം ഉണ്ട്.
6. ബാങ്കുകളിലെ ആകെ നിക്ഷേപം ഏകദേശം 39,209 കോടിയോളമാണ്. വായ്പാ നിക്ഷേപ അനുപാതം 33% ആണ്.
7. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ, മല്ലപ്പള്ളി താലൂക്കിലെ കുന്നന്താനം 20.93 ഏക്കറിൽ ആയി സ്ഥാപിക്കപ്പെട്ടിട്ടുള്ള വ്യവസായ പ്ലോട്ടിൽ വിദേശ മലയാളികളുടേതുൾപ്പെടെ 84 വ്യവസായ സംരംഭങ്ങൾ അനുവദിക്കുകയും ഇതിൽ 66 യൂണിറ്റുകൾ വാണിജ്യ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു.
8. കിൻഫ്രയുടെ ഉടമസ്ഥതയിൽ അടൂർ താലൂക്കിലെ ഇളമണ്ണൂരിൽ 80 ഏക്കറും മല്ലപ്പള്ളി താലൂക്കിലെ കുന്നന്താനത്ത് 39.13 ഏക്കറും വിസ്തൃതിയുള്ള രണ്ട് വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നു. ഈ രണ്ട് പാർക്കുകളിലുമായി 46 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.
9. ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയിൽ സുപ്രധാനമായ മേൽകൈയ്യുള്ള ജില്ലയാണ് പത്തനംതിട്ട. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് അത്യന്താപേക്ഷിതമായ ശുദ്ധ ജലത്തിന്റെ ലഭ്യത ഈ മേഖലയുടെ വളർച്ചക്ക് അനുഗുണമാകുന്ന ഘടകങ്ങളിലൊന്നാണ്. അച്ചൻകോവിൽ, പമ്പ, മണിമല എന്നീ പ്രധാന നദികൾ ഒഴുകുന്നു
10. ജില്ലയുടെ എല്ലാ ഭാഗങ്ങളിലും ഗുണ നിലവാരമുള്ള ഊർജ്ജ ലഭ്യതയുണ്ട്. ജില്ലയിലെ ശബരിഗിരി, കക്കാട്, പെരുന്തേനരുവി,കാരിക്കയം,മണിയാർ,അള്ളുങ്കൽ, റാന്നി-പെരുനാട് എന്നീ വൈദ്യുത നിലയങ്ങളിൽ നിന്നായി ഏകദേശം 434 മെഗാവാട്ട് വൈദ്യുതി ഈ ജില്ലയിൽ തന്നെ ഉല്പാദിപ്പിക്കുന്നുണ്ട്.
11. സംസ്ഥാനപാത 183 കടന്നു പോകുന്നത് ഈ ജില്ലയിൽ കൂടിയാണ്. 249.194 ദൈർഘ്യത്തിൽ 11 സംസ്ഥാനപാതകൾ ആണ് ജില്ലയിൽ കൂടി കടന്നു പോകുന്നത്. 1037.76 കിലോമീറ്റർ ദൂരത്തിൽ ജില്ലയിൽ റോഡ് സൗകര്യം ഉണ്ട്.
12. MAKFAST, CFRD,KVK തുടങ്ങിയ എന്നീ ഗവേഷണ വികസന കേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു.
13. നിരവധി വ്യാവസായിക പരിശീലന കേന്ദ്രങ്ങളും ഈ ജില്ലയിലുണ്ട്. (DIC, RSETI, MSMETI, CFRD, MACFAST, KVK & KVIB)
14. ഈ ജില്ലയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ് ടൂറിസം. എക്കോ ടൂറിസം, പൈതൃക ടൂറിസം എന്നീ മേഖലകളിൽ അനന്തമായ വ്യവസായ അനുബന്ധസാദ്ധ്യതയാണ് ഈ ജില്ലയ്ക്കുള്ളത്.

മേൽ പരാമർശിച്ചിട്ടുള്ള എല്ലാം പത്തനംതിട്ടയുടെ വ്യാവസായിക വളർച്ചക്ക് ശുഭപ്രതീക്ഷ നൽകുന്ന ഒന്നാണ്.

ദൗർബല്യങ്ങൾ

1. കാർഷികാധിഷ്ഠിതമാണ് പത്തനംതിട്ടയുടെ സമ്പദ് വ്യവസ്ഥ.
2. മറ്റു ജില്ലകളെ അപേക്ഷിച്ച് വ്യവസായിക സംസ്കാരം ജില്ലയിൽ കുറവാണ്.
3. വളരെ ഉയർന്ന തോതിലുള്ള വസ്തുവിന്റെ മൂല്യം.
4. മികച്ച വ്യവസായ മാതൃകകൾ താരതമ്യേന കുറവാണ്.
5. വ്യവസായ ഗവേഷ സ്ഥാപനങ്ങളുടെ അപര്യാപ്തത.
6. ചെറുകിട ഉല്പന്നങ്ങൾക്ക് ആവശ്യമായ കരുത്തുറ്റ കമ്പോളത്തിന്റെ ദൗർലഭ്യം.
7. പരിമിതമായ ദൂരത്ത് മാത്രമാണ് റെയിൽവേ സൗകര്യം നിലവിലുള്ളത്, വിമാനത്താവള സൗകര്യങ്ങൾ ജില്ലയിൽ ലഭ്യമല്ല.
8. വ്യവസായ ആവശ്യത്തിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യത.
9. ഉയർന്ന ജനസാന്ദ്രത വ്യവസായത്തിന് അനുകൂല സാഹചര്യം

ജില്ലയിലെ വ്യാവസായിക അവസരങ്ങൾ

1. ഭക്ഷ്യസംസ്കരണം, കെട്ടിട നിർമ്മാണ വസ്തുക്കൾ, ജനറൽ എഞ്ചിനീയറിംഗ്, വിവരസാങ്കേതികം എന്നീ വിഭാഗത്തിൽപെട്ട വ്യവസായങ്ങളാണ് ഈ ജില്ലയിൽ കൂടുതലായി സാദ്ധ്യത ഉള്ളത്.
2. വിദേശത്തു നിന്നും തിരിച്ചെത്തിയിട്ടുള്ളവരുടെ സേവനങ്ങളും, സമ്പത്തും, വൈദഗ്ദ്യവും വേണ്ട വിധം ഉപയോഗപ്പെടുത്താനായി സാധിക്കും.
3. ആരോഗ്യ – പ്രകൃതി ടൂറിസത്തിന് ശോഭനമായ സാദ്ധ്യതകളാണ് ജില്ലയിൽ ഉള്ളത്.
4. നൂതന സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത വളരെ മികച്ചതാണ്.

പ്രതികൂല സാഹചര്യങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസവും , പൊതു വിദ്യാഭ്യാസവും ആർജ്ജിച്ച യുവാക്കൾ തൊഴിൽതേടി ഇതര സ്ഥലങ്ങളിലേക്ക് പോകുന്നു.
2. ധനകാര്യ സ്ഥാപനങ്ങളുടെ നിഷേധാത്മക നിലപാടുകൾ.
3. നെല്ല്, നാളികേരം, റബ്ബർ മുതലായ നാണ്യ വിളകൾക്കുണ്ടായ കൃഷി ഇടിവ്.
4. സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കാൻ മടിക്കുന്ന ബാങ്കുകൾ.
5. പരിസ്ഥിതി പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് വ്യവസായ പ്രതികൂല നിലപാട്.
6. യുവതീയുവാക്കളിൽ വ്യവസായ രംഗത്തേക്കുള്ള ആഭിമുഖ്യ കുറവ്.

മേൽ വിവരിച്ച സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ സാദ്ധ്യമാകുന്ന വ്യവസായ സംരംഭങ്ങൾ താഴെക്കൊടുക്കുന്നു :

1. റബർ തടി അധിഷ്ഠിത ഉൽപ്പന്നങ്ങൾ
2. റബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ
3. ആശുപത്രി ഉപകരണങ്ങൾ
4. CNC based എഞ്ചിനീയറിംഗ് യൂണിറ്റുകൾ
5. വ്യവസായ അടിസ്ഥാനത്തിലുള്ള കുടി വെള്ളം.
6. പാരമ്പര്യേതര ഊർജ്ജ ഉൽപ്പന്നങ്ങൾ
7. ഓട്ടോ മൊബൈൽ സർവ്വീസ് & റിപ്പയർ സെന്റർ
8. വൈദ്യുതി ഉപകരണങ്ങൾ
9. കരകൗശല ഉൽപ്പന്നങ്ങൾ
10. മോഡേൺ പോൾട്രി ഫാം
11. ജൈവവള നിർമ്മാണം
12. കെട്ടിട നിർമ്മാണ സാമഗ്രികൾ
13. ഭക്ഷ്യ സംസ്ക്കരണം.
14. തുണി, സഞ്ചി.
15. കയർ ഉൽപ്പന്നങ്ങൾ
16. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ
17. ആയുർവേദം മരുന്നുകൾ

(ലിസ്റ്റ് അപൂർണ്ണം)

സേവന മേഖല

4.2.1 ആരോഗ്യം, കുടിവെള്ളം, ശുചിത്വം
ആരോഗ്യം (അലോപ്പതി)

ആതുരശുശ്രൂഷാ രംഗത്ത് മുൻനിരയിലാണ് പത്തനംതിട്ട. സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിതമായില്ലെങ്കിലും രോഗപ്രതിരോധ ചികിത്സാ പ്രവർത്തനങ്ങൾക്കായി സുസംഘടിതമായ ഒരു സംവിധാനമാണ് ആരോഗ്യവകുപ്പിന് ഇന്ന് ജില്ലയിലുള്ളത്. ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ലയെന്ന ബഹുമതിയും, ഇന്ത്യയിൽ സീറോ ജനസംഖ്യ വളർച്ച കൈവരിച്ച ജില്ലയും പത്തനംതിട്ടയാണ്.

വർഷം തോറും ലക്ഷക്കണക്കിന് തീർത്ഥാടകർ വന്നുപോകുന്ന ശബരിമല ഉൾപ്പെട്ട നിരവധി തീർത്ഥാടനകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ജില്ല എന്നതിലുപരി പ്രസിദ്ധിയാർജിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടിയായതിനാൽ ഈ മേഖലയിൽ അതീവ ജാഗ്രതയോടെയുള്ള ഇടപെടീൽ ആവശ്യമാണ്.

പത്തനംതിട്ട ജില്ല ആരോഗ്യമേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും രോഗാതുരത ഇപ്പോഴും നിലനിൽക്കുന്നു.

ആരോഗ്യ മേഖലയിലെ സൗകര്യ വികസനത്തിനായി അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യൂനാനി തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിലൂന്നിയുള്ള നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ വിവരങ്ങൾ

1. **ഇതരദേശ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

ജില്ലയിലെ കെട്ടിട നിർമ്മാണമേഖല, ചെറുകിട-വൻകിട സംരംഭങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും സഹായകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഇതര സംസ്ഥാന തൊഴിലാളികളുടെ സജീവ സാന്നിദ്ധ്യമാണ്. മിക്കപ്പോഴും അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്നതിനാൽ ഇക്കൂട്ടരിൽ മദ്യം, മയക്കുമരുന്ന്, പാൻമസാല തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗത്തിന് അടിമപ്പെട്ടവർ വളരെയധികം ഉണ്ടത്രേ. മനുഷ്യാവകാശത്തിലധിഷ്ഠിതമായ സമീപനം ഇതര സംസ്ഥാനതൊഴിലാളികളോട് പുലർത്തേണ്ടത് നമ്മുടെ കടമയാണ്. അതുകൊണ്ട് ഇവരുടെ താമസസ്ഥലത്ത് ആവശ്യാനുസരണം കക്കൂസ്, കുടിവെള്ള സൗകര്യം, കാര്യക്ഷമമായ പാർപ്പിട സൗകര്യം ശുചിത്വം എന്നിവ ഉത്തരവാദിത്വപ്പെട്ടവർ ഉറപ്പാക്കിയിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണവും, താമസസൗകര്യവും, ആരോഗ്യശീലങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള ജില്ലാതല പദ്ധതികൾ അഭികാമ്യമാണ്.

- ജില്ലയിലെത്തുന്ന ഇതര സംസ്ഥാനതൊഴിലാളികളുടെ പൂർണ്ണ വിവര ശേഖരണം.
- വിവരശേഖരണം നടത്തിയ തൊഴിലാളികൾക്കും ഏകീകൃത ആരോഗ്യകാർഡ് തയ്യാറാക്കൽ
- ആരോഗ്യ സുരക്ഷ സംവിധാനം കാര്യക്ഷമമാക്കൽ (മലേറിയ, മന്ത്, മഞ്ഞപ്പിത്തം, ക്ഷയരോഗ നിർണ്ണയം, ജീവിതശൈലി രോഗനിർണ്ണയം, രക്തഗ്രൂപ്പ് നിർണ്ണയം, എച്ച്.ഐ.വി പരിശോധന)
- ഇതര തൊഴിലാളികളുടെ കുട്ടികൾക്ക് വാക്സിനേഷൻ ഉറപ്പാക്കൽ
- ഇതരദേശ തൊഴിലാളികളുടെ മാതൃഭാഷയിൽ ആരോഗ്യം ബോധവത്ക്കരണ ക്ലാസുകളും, സന്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുക.
- ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള ഗർഭിണികൾ, കുട്ടികൾ, കൗമാരക്കാർ എന്നിവർക്ക് നൂട്രീഷ്യൻ സ്റ്റാറ്റസ് നിർണ്ണയം നടത്തുക.
- ലഹരിവസ്തുക്കൾക്ക് അടിമയായവർക്ക് കൗൺസലിംഗ്, ഡി-അഡിഷൻ സെന്ററുകളുടെ സഹായവും ലഭ്യമാക്കുക.

- നഗര–ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ തേടിയെത്തുന്ന ഇതരദേശതൊഴിലാളികളുടെ രജിസ്ട്രേഷൻ തൊഴിൽദാതാക്കൾ മുഖേന അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നിർബന്ധമാക്കണം.
- പദ്ധതി രൂപീകരണ നിർവ്വഹണരംഗത്ത് ഇതര വകുപ്പുകളുടെ സംയോജനം അനിവാര്യമാണ്.
- ഇത്തരത്തിൽ ഇതരസംസ്ഥാന തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നതിന് സഹായകരമായ ആരോഗ്യ അനുബന്ധപദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

2. വയോജന പരിപാലനം

ആരോഗ്യ സംരക്ഷണത്തിലുണ്ടായ നേട്ടങ്ങൾ മനുഷ്യർക്ക് കൂടുതൽ ആയുർദൈർഘ്യം സമ്മാനിച്ച പ്പോൾ കുടുംബത്തിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ ആരോഗ്യം ഇന്ന് ഒരു സാമൂഹിക പ്രശ്നമാണ്. അണുകുടുംബ വ്യവസ്ഥയിൽ അന്യവത്കരിക്കപ്പെട്ടുപോകുന്ന വയോജനങ്ങളുടെ ക്ഷേമം ഏറ്റെടുക്കൽ ഒരു പരിഷ്കൃത സമൂഹത്തിന്റെ അനിവാര്യ ഉത്തരവാദിത്വമാണ്. നമ്മുടെ ജില്ലയിലും ആകെ ജനസംഖ്യയുടെ 20% അധികം വയോജനങ്ങളാണ്. വിദേശങ്ങളിൽ കുടിയേറപ്പെട്ടവരുടെ വൃദ്ധ രായ മാതാപിതാക്കളുടെ എണ്ണം ഇതരജില്ലകളെ അപേക്ഷിച്ച് പത്തനംതിട്ടയിൽ കൂടുതലാണ്. മാത്രമല്ല 0% ജനസംഖ്യാ വളർച്ചയിൽ എത്തി നിൽക്കുന്ന ജില്ലയാണ് നമ്മുടേത്. ഒറ്റപ്പെട്ട ജീവിതം വയോജന ങ്ങളെ പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളിലേക്ക് കൊണ്ടെത്തിക്കുന്നു. കടുത്ത മാനസിക സംഘർഷം, ഏകാന്തത, വിഷാദം, ജീവിതശൈലിരോഗങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ, പോഷകാഹാര ക്കുറവ്, മറ്റ് പലതരം വാർദ്ധക്യസഹജമായ അസുഖങ്ങൾ അലട്ടുന്ന വയോജനങ്ങൾ സംരക്ഷി ക്കപ്പെടേണ്ടവരാണെന്നുള്ള ബോധ്യം സമൂഹത്തിൽ ഉടലെടുക്കാൻ പാകത്തിലുള്ള തികച്ചും മാതൃകാപര മായ പദ്ധതികൾ അനിവാര്യമാണ്.

3. ജീവിതശൈലി രോഗനിയന്ത്രണം

ആധുനിക കാലഘട്ടത്തിൽ തെറ്റായ ജീവിതശൈലി മനുഷ്യന് സമ്മാനിച്ച രോഗങ്ങളാണ് ജീവിത ശൈലി രോഗങ്ങൾ. പ്രമേഹം, അമിത രക്തസമ്മർദ്ദം, ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം, ശ്വാസകോശ അലർജി രോഗങ്ങൾ ഇവയെല്ലാം ജീവിതശൈലി രോഗങ്ങളാണ്. തെറ്റായ ജീവിതശൈലി കൊണ്ടുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ ഒരു പ്രധാനപ്പെട്ട പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കഴി ഞ്ഞിരിക്കുന്നു. ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നുള്ളത് കേര ളീയ സമൂഹം ഒന്നാകെ ഏറ്റെടുക്കേണ്ട ഒരു പ്രവർത്തനമാണ്. പാരമ്പര്യമായി രോഗബാധയ്ക്ക് സാധ്യത ഉള്ളവർക്ക് പോലും ആരോഗ്യകരമായ ജീവിതശൈലിയും ഭക്ഷണവും വ്യായാമവും നിത്യജീവിത ത്തിന്റെ ഭാഗമാക്കിയാൽ ജീവിതശൈലി രോഗങ്ങൾ 20 വർഷത്തിൽ കൂടുതൽ വരെ പ്രതിരോധിക്കുവാൻ കഴിയുമെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. ഇത്തരം രോഗങ്ങൾ പകർച്ച വ്യാധി അല്ലെങ്കിൽകൂടിയും പാരമ്പര്യമായി അടുത്ത തലമുറയിലേക്ക് വരാനുള്ള സാധ്യത വളരെ കൂടുതലാണ്. മദ്യം, പുകയില, വ്യായാമക്കുറവ്, അമിത ഭക്ഷണം, മാനസിക സമ്മർദ്ദം ഇവയൊക്കെ ജീവിതശൈലി രോഗങ്ങൾക്ക് കാര ണമാകാം.

4.വികസനത്തിന്റെ സ്ഥലമാനങ്ങൾ

ജീവിതശൈലി രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി എന്ന ദേശീയ പരിപാടിയിലൂടെ ആണ് ജില്ലയിൽ നടപ്പിലാക്കുന്നത്. അമൃതം ആരോഗ്യം എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി ജീവിതശൈലി രോഗ ബോധവൽക്കരണം, നേരത്തെയുള്ള രോഗ നിർണ്ണയം, ചികിത്സ, തുടർ ചികിത്സ, പുനരധിവാസം ഉൾപ്പെടയെുള്ള സേവനങ്ങൾ ലഭ്യമാക്കുന്നു. ഏറ്റവും കൂടുതൽ മരണത്തിന് കാരണമാക്കുന്ന ക്യാൻസർ, ഹൃദ്രോഗം ഇവയ്ക്കുള്ള ഫലപ്രദമായ ചികിത്സ ഉറപ്പാക്കുന്നതിന് ക്യാൻസർ ചികിത്സാ സംവിധാനവും കൊറോണറി കെയർ യൂണിറ്റും ജനറൽ ആശുപത്രി പത്തനംതിട്ടയിൽ സജ്ജമാക്കിയിട്ടുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തു ന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ ആശുപത്രി കോഴഞ്ചേരിയിലും ആർദ്രം നടപ്പിലാക്കുന്ന സ്ഥാപന ങ്ങളിലും സംവിധാനങ്ങൾ നിലവിലുണ്ട്.

ലക്ഷ്യം

- അടുത്ത അഞ്ച് വർഷം കൊണ്ട് ജീവിതശൈലിരോഗാതുരത ഇന്നുള്ളതിന്റെ 30% ആക്കി കുറയ്ക്കുക.
- ജനങ്ങളിൽ തനത് ഭക്ഷണ ശീലങ്ങളും, അദ്ധ്വാനശീലങ്ങളും തിരികെ കൊണ്ടുവരിക.

- ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ വളരെയധികം ചിലവേറിയതിനാലും ദീർഘകാലം ചികിത്സ വേണ്ടി വരുന്നതിനാലും മരുന്നിന്റെ ലഭ്യത എല്ലായ്പ്പോഴും ഉറപ്പുവരുത്തേണ്ടതുണ്ട്.
- നൂതന ചികിത്സാ സംവിധാനങ്ങൾ, ആവശ്യമായ മനുഷ്യ വിഭവ ശേഷി ഇവയെല്ലാം താലൂക്ക് ആശുപത്രികൾ മുതലുള്ള മേജർ ആശുപത്രി വരെ ലഭ്യമാക്കുക.

5. ശുചിത്വവും മാലിന്യ പരിപാലനവും

വ്യക്തി ശുചിത്വത്തിൽ വളരെ മുന്നിൽ നിൽക്കുകയും പരിസര ശുചിത്വത്തിൽ വളരെ പിന്നിൽ നിൽക്കുകയു ചെയ്യുന്ന ഒരു സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. സാംക്രമിക രോഗനിർമ്മാർജ്ജനത്തിൽ പരമപ്രധാനമാണ് മാലിന്യ സംസ്ക്കരണത്തിനുള്ളത്. ആരോഗ്യരംഗത്ത് വികേന്ദ്രീകൃതാസൂത്രണ ലക്ഷ്യം സാധ്യമാകണമെങ്കിൽ ശുചിത്വവും മാലിന്യപരിപാലനവും നമ്മുടെ പ്രധാന അജണ്ടയാകണം. മാലിന്യ സംസ്കരണത്തിൽ പരമപ്രധാനമാണ് തീർത്ഥാടക ജില്ലയായ പത്തനംതിട്ടയ്ക്കുള്ളത്.

ലക്ഷ്യം

- എല്ലാ വീട്ടിലും സാനിറ്ററി കക്കൂസ് സ്ഥാപിക്കൽ
- ബസ് സ്റ്റാൻഡ്, മാർക്കറ്റ്, തീർത്ഥാടനം/ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പൊതുശൗചാലയങ്ങൾ സ്ഥാപിക്കൽ, അവയുടെ ദൈനംദിന മാനേജ്മെന്റിന് സംവിധാനം ഏർപ്പെടുത്തൽ.
- മൂന്ന് സെന്റിന് താഴെ ഭൂമിയുള്ള വീടുകളിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിന് സംവിധാനം ഒരുക്കൽ (കമ്പോസ്റ്റിംഗ്/പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ്)
- പ്രാഥമിക തരംതിരിവ് നടത്തിയ അജൈവ മാലിന്യശേഖരണ സംവിധാനവും, അവയെ റീസൈക്കിളിംഗിന് കൈമാറ്റം ചെയ്യുന്ന പ്രക്രിയയും ഏർപ്പെടുത്തുക.
- ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിൽ കർശനമായ ഗ്രീൻപ്രോട്ടോക്കോൾ സംവിധാനം നടപ്പാക്കൽ.
- നാപ്കിൻ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന പൊതുസ്ഥാപനങ്ങളിൽ ശാസ്ത്രീയമായി അവ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കൽ.
- ഉറവിട മാലിന്യസംസ്ക്കരണവും, സാമൂഹിക ശുചിത്വവും ഉറപ്പാക്കുന്നതിൽ ജനങ്ങളുടെ സ്വഭാവത്തിലും, ജീവിത രീതികളിലും മാറ്റം വരുത്തുന്നതിനുള്ള വിദ്യാഭ്യാസ പരിപാടി സ്കൂൾ തലം മുതൽ സംഘടിപ്പിക്കൽ.
- വർഷത്തിൽ ജില്ലാതലത്തിൽ സ്വാപ് മേളകൾ സ്ഥാപിക്കൽ.

7. പകർച്ചവ്യാധി പ്രതിരോധം

ഇതര ജില്ലകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസാന്ദ്രയിൽ പിന്നോക്കം നിൽക്കുന്ന ജില്ലയാണ് പത്തനംതിട്ട. എന്നാൽ പകർച്ച വ്യാധിയുടെ എണ്ണത്തിൽ നമ്മൾ മറ്റ് ജില്ലകളിൽ നിന്ന് വളരെ പിന്നിലല്ല. ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലേറിയ തുടങ്ങിയ കൊതുക് ജന്യരോഗങ്ങൾ ഇന്ന് നമ്മുടെ ജില്ലയിൽ സർവ്വസാധാരണമാണ്. ഇത്തരം അസുഖങ്ങൾ പകർത്തുന്ന കൊതുകുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകത നമ്മുടെ ജില്ലയ്ക്കുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, വയറിളക്ക രോഗങ്ങൾ തുടങ്ങിയ ജലജന്യരോഗങ്ങളുടെ പ്രാചുര്യം വർദ്ധിക്കുന്നതായി കാണാം. ഈ സാഹചര്യത്തിൽ ഈ രംഗത്ത് വലിയ മുൻകരുതൽ പ്രവർത്തനം ആരംഭിക്കേണ്ടതായുണ്ട്.

പകർച്ചവ്യാധികൾ കുറയ്ക്കുവാനായി വാർഡുതല ആരോഗ്യ സമിതിയുടെ ശാക്തീകരണം, ആരോഗ്യജാഗ്രതാ പരിപാടി, ജാഗ്രതോത്സവപരിപാടിയുടെ തുടർ പ്രവർത്തനങ്ങൾ (കുട്ടികളെ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ) ഇതര സംസ്ഥാനക്കാരുടെ സ്ക്രീനിംഗ് ക്യാമ്പുകൾ, മരുന്നു വിതരണം, ഹരിതകർമ്മസേന, ആരോഗ്യസേന ഇവരുടെ സഹകരണത്തോടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇവ കൂട്ടിയോജിപ്പിച്ച് ലക്ഷ്യം നേടുന്നു.

എസ്.ഡി.ജി. ലക്ഷ്യമനുസരിച്ച് തദ്ദേശീയ മലമ്പനി നിവാരണം സാദ്ധ്യമാക്കുന്നു.

ചിത്രം. 4.8



പ്രവർത്തനം

പകർച്ചവ്യാധി പ്രതിരോധ പദ്ധതികളുടെ രൂപീകരണം

ഹ്രസ്വകാല ലക്ഷ്യങ്ങൾ

1) ആർദ്രം പദ്ധതിപ്രകാരം 2018 ൽ 4 സ്ഥാപനങ്ങൾകൂടി രോഗിസൗഹൃദമാക്കുക.
2) പകർച്ചവ്യാധി നിരക്കുകൾ 2018 ൽ 5% കുറയ്ക്കുക
3) 10 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആധുനിക ലബോറട്ടറി സൗകര്യങ്ങൾ സജ്ജീകരിക്കുക–2019 ൽ നടപ്പിലാക്കും.
4) തിരഞ്ഞെടുക്കപ്പെട്ട 2 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആയുഷ് കേന്ദ്രങ്ങൾ ആരംഭിക്കുക 2018–19 ൽ.
5) കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത് ക്ലബ് പദ്ധതിവച്ച് നടപ്പിലാക്കുക. യോഗ, വ്യായാമം ഇവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുക.2018–19 ൽ 3 എണ്ണം.
6) ജീവിതശൈലി രോഗനിർണ്ണയ ക്ലീനിക്ക്, ശ്വാസ് ക്ലിനിക്ക് (ശ്വാസകോശ രോഗങ്ങൾക്കുള്ളത്) ആശ്വാസ് ക്ലിനിക്ക് (മാനസികാരോഗ്യ ക്ലിനിക്ക്) ഇവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുക. 2018–19 ൽ 3 എണ്ണം.
7) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സംയുക്ത പാലിയേറ്റീവ് കെയർ യൂണിറ്റ് പദ്ധതി ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുക. 2019–20 ൽ 5 എണ്ണം.
8) വയോജനങ്ങൾക്കായി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പകൽവീടുകൾ ആരംഭിക്കുക. 2019 ൽ 2 എണ്ണം.

ദീർഘകാല ലക്ഷ്യങ്ങൾ

1) പകർച്ചവ്യാധി കേസുകൾ 2020 ഓടെ 20 % കുറയ്ക്കുക.
2) എൻ.സി.ഡി. ക്ലിനിക്ക് ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക് ഇവയുടെ പ്രവർത്തനങ്ങൾ 2020–ഓടെ മുഴുവൻ കുടുംബാരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക.

3) ജില്ലയിൽ എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും, പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും 2020 ൽ ആധുനിക ലാബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4) ജില്ലയിലെ മുഴുവൻ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ആയുഷ് കേന്ദ്രങ്ങൾ ആരംഭിക്കുക.
5) ഒരു ഹെൽത്ത് ബ്ലോക്കിൽ ഒന്നു വീതം ആകെ 10 പകൽവീടുകൾ.
6) എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും മാതൃകാ പച്ചക്കറി തോട്ടങ്ങൾ (സംയോജന പ്രൊജക്ട്)
7) എല്ലാ അതിഥി തൊഴിലാളികൾക്കുള്ള സമഗ്ര ആരോഗ്യ പരിശോധനയും, പ്രതിരോധ മരുന്നുകളും, രോഗങ്ങൾ സ്ഥിരീകരിക്കുന്നവർക്ക് സമ്പൂർണ്ണ ചികിത്സയും.
8) എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും യോഗ, വ്യായാമം ഇവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയുള്ള ഹെൽത്ത് ക്ലബ്ബുകൾ.

പൊതു നിർദ്ദേശങ്ങൾ

- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം, പുനർനിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സാഹചര്യം ഒരുക്കൽ എന്നിവകൾക്ക് ഗ്രാമപഞ്ചായത്തുകൾ ഒരുക്കുന്ന പ്രോജക്ടുകളിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കൽ.
- ജില്ലയിലെ ആദിവാസി കോളനികളിലെ ജനങ്ങളുടെ ആരോഗ്യ സുരക്ഷയ്ക്കുള്ള പദ്ധതിയുടെ രൂപീകരണം.
- പാലിയേറ്റീവ് പരിചരണ ചികിത്സാ രംഗത്ത് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാതല പദ്ധതി രൂപീകരണം.
- ജില്ലാ പഞ്ചായത്ത് ആരോഗ്യസ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികളുടെ രൂപീകരണം.

ലക്ഷ്യങ്ങൾ

- ആദിവാസി/കോളനി നിവാസികളുടെ സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ.
- ജീവപര്യന്തം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള ആരോഗ്യപരിരക്ഷയും കൗൺസലിംഗും
- ഭിന്നലിംഗക്കാരുടെ ആരോഗ്യ പരിരക്ഷ.
- എച്ച്.ഐ.വി. അണുബാധിതരുടെയും കുടുംബങ്ങളുടെയും പരിരക്ഷ.
- മദ്യം മയക്കുമരുന്നിനാൽ ശിഥിലീകരിക്കപ്പെട്ടവരുടെ ആരോഗ്യപരിരക്ഷ.
- ലൈംഗിക പീഡനത്തിന് ഇരയായ 18 വയസ്സിന് താഴെയുള്ളവരുടെ പരിരക്ഷ.
- മുതിർന്ന പൗരന്മാരുടെ ആരോഗ്യ പരിരക്ഷ
- മാറാരോഗത്താൽ കിടപ്പിലായവരുടെ ആരോഗ്യ പരിരക്ഷ.
- വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള ആരോഗ്യ പരിരക്ഷ.
- അനാഥരും, അശരണരും ആയിട്ടുള്ളവരുടെ ആരോഗ്യ പരിരക്ഷ.
- ഭിന്നശേഷിയുള്ളവരുടെ ആരോഗ്യ പരിരക്ഷ.
- മാനസികാരോഗ്യ പ്രശ്നബാധിതരും അവരുടെ കുടുംബങ്ങൾക്കും ഉള്ളതായ ആരോഗ്യപരിരക്ഷ.
- കുഷ്ഠരോഗബാധയാൽ അംഗഭംഗം സംഭവിച്ചിട്ടുള്ളവരുടെ ആരോഗ്യപരിരക്ഷ.
- ക്ഷയരോഗബാധിതരെ കണ്ടെത്തുവാനും അവർക്കുള്ള സമ്പൂർണ്ണ ചികിത്സ നടപ്പാക്കുന്നു.
- ക്ഷയരോഗ ബാധിതരായിട്ടും മരുന്നുകഴിക്കാൻ വിമുഖത കാട്ടുന്നവരെ മരുന്നുകഴിക്കാൻ സജ്ജമാക്കുക.
- പകർച്ച വ്യാധികൾക്ക് സാഹചര്യം ഒരുക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കൽ.

- കുടിവെള്ള വിതരണ സംവിധാനങ്ങളുടെ ആരോഗ്യ ശുചിത്വം ഉറപ്പാക്കൽ.
- വിഷപങ്കിലമായ ഭക്ഷ്യവസ്തുക്കളുടെ വിതരണവും വിപണനവും നിയന്ത്രിക്കുക.
- സുരക്ഷിതത്വവും ശുചിത്വവും ഉള്ള ശൗചാലയങ്ങൾ സ്കൂളുകളിലും, മറ്റ് പൊതുസ്ഥലങ്ങളിലും മറ്റെല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുക.
- ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യകരമായി സൂക്ഷിക്കുന്നതിനും അവരുടെ രോഗപരിശോധനയും ചികിത്സയും ആരോഗ്യകാർഡും ഉറപ്പുവരുത്തുക.
- ഭക്ഷണപാനീയങ്ങൾ തയ്യാറാക്കി വിൽപ്പന നടത്തുന്ന കച്ചവടസ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ ആരോഗ്യ ശുചിത്വം ഉറപ്പാക്കുക.
- കൗമാര വിദ്യാഭ്യാസം എല്ലാ സ്കൂളുകളിലും ഉറപ്പാക്കുക.
- ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ചികിത്സയും ഉറപ്പാക്കുക.
- പൊതുസ്ഥലങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിവിമുക്തമാക്കുക.

ക്ഷയരോഗനിയന്ത്രണ പരിപാടി

സുസ്ഥിര വികസന ലക്ഷ്യങ്ങൾ ലക്ഷ്യമിടുന്നത് ക്ഷയരോഗ മരണങ്ങൾ 2020 ആകുമ്പോൾ 35% കുറയ്ക്കുക എന്നതാണ്. പത്തനംതിട്ട ജില്ലയിൽ ക്ഷയരോഗികളുടെ എണ്ണത്തിൽ ആനുപാതികമായ കുറവുണ്ടെങ്കിലും ക്ഷയരോഗം ഇന്നും ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി തുടരുന്നു. ജില്ലയിൽ മൂന്ന് TB treatment യൂണിറ്റുകൾ 25 RNTCP അംഗീകൃത കഫ പരിശോധന കേന്ദ്രങ്ങൾ ഇവ പ്രവർത്തിക്കുന്നു. ഇതിൽ 8 എണ്ണം സ്വകാര്യ ആശുപത്രികളിലാണ്.

ജില്ലയിൽ ക്ഷയരോഗ നിർമാർജന യജ്ഞം (TB elimination campaign) നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ ഈ പ്രവർത്തനം നടപ്പിലാക്കുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ഏതൊക്കെ ആണ് എന്നത് വിശകലനത്തിന് വിധേയമാക്കിയപ്പോൾ പോഷകാഹാര കുറവുള്ളവർ പുക വലിക്കാർ, പ്രമേഹ രോഗികൾ, HIV അണുബാധിതർ, എന്നിവരും ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യവുമാണെന്ന് തെളിഞ്ഞിട്ടുണ്ട്. വായുവിലൂടെ പകരുന്ന രോഗമായതിനാൽ പ്രാഥമിക പ്രതിരോധം സാധ്യമാകണമെങ്കിൽ പൊതുസ്ഥലത്ത് തുപ്പുന്ന ശീലം ഉപേക്ഷിക്കുകയും, തുമ്മുമ്പോഴും ചുമക്കുംപോഴും തൂവാല ഉപയോഗിക്കുന്ന ശീലം സാർവത്രികമാക്കുകയും ചെയ്യേണ്ടതനിവാര്യമാണ്.

HIV AIDS നിയന്ത്രണ പരിപാടി

ജില്ലയിൽ 700 ഓളം HIVഅണുബാധിതരാണുള്ളത്. ജില്ലയിലെ എല്ലാ പ്രധാന ആശുപത്രികളിലും HIVപരിശോധന കേന്ദ്രങ്ങളായ ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. HIVഅണുബാധിതർ പ്രത്യേകിച്ച് ARTചികിത്സ എടുക്കുന്നവർക്ക് പ്രത്യേക പരിചരണം ശ്രദ്ധയും ഇവ ആവശ്യമാണ്. HIVഅണുബാധിതർക്കെതിരെയുള്ള അവഗണന ഇല്ലാതാക്കുന്നതിനും ആവശ്യമായ സംരക്ഷണം ഉറപ്പാക്കുന്നതിനും പൊതുസമൂഹത്തിന്റെ ഇടപെടലുകൾ ആവശ്യമാണ്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പ്രാഥമിക വിദ്യഭ്യാസത്തിനുള്ള അവകാശം, അറിവ് നേടാനുള്ള അവകാശം സുരക്ഷിത ചുറ്റുപാട് ഇവ ഉറപ്പാക്കേണ്ടത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. 2025– ആകുമ്പോൾ HIVഅണുബാധ സംസ്ഥാനത്ത് നിന്ന് തുടച്ച് നീക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ HIV അണുബാധിതരോടുള്ള വിവേചനം പൂർണമായും മാറ്റുക എന്നത് പ്രഥമ പരിഗണന നൽകേണ്ടതാണ്.

ലക്ഷ്യങ്ങൾ

1. HIV AIDS അവബോധം വർധിപ്പിക്കുക
2. അമ്മയിൽ നിന്ന് കുഞ്ഞിലേക്കുള്ള അണുബാധ പൂർണമായും തടയുക
3. High risk behavior ഉള്ളവർക്കുള്ള സ്വഭാവ വ്യതിയാന വിദ്യാഭ്യാസം
4. മയക്കുമരുന്ന് ഉപയോഗം പൂർണമായും തടയുക
5. HIVബാധിച്ചവർക്കുള്ള ചികിത്സ ഉറപ്പാക്കുക

6. രോഗബാധിതരെ പുനരദിവസിപ്പിക്കുക
7. Link ART centreപ്രവർത്തനം ശക്തിപ്പെടുത്തുക.

1. **ആദിവാസി ഊരുകളിലെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക**

ആദിവാസി ഊരുകളിൽ മെഡിക്കൽ ടീം നിശ്ചിത ഇടവേളകളിൽ സന്ദർശനം നടത്തി വൈദ്യപരിശോധന ആവശ്യമുള്ളവർക്ക് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. ആരോഗ്യ വിദ്യാഭ്യാസം, പോഷകാഹാരലഭ്യത തുടങ്ങിയവ നടപ്പിലാക്കുകയും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് അവരെ ബോധവാന്മാരാക്കുകയും ചെയ്യുക. ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് പ്രോഗ്രാം നടത്താവുന്നതാണ്.

2. **ജീവപര്യന്തം തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള ആരോഗ്യ പരിരക്ഷയും കൗൺസലിംഗും**

മേൽപ്പറഞ്ഞ കുടുംബത്തിലെ അംഗങ്ങൾക്ക് സൗജന്യ വൈദ്യപരിശോധനയും കൗൺസലിംഗും ഏർപ്പെടുത്തുക.

3. **ഭിന്നലിംഗക്കാരുടെ ആരോഗ്യ പരിരക്ഷ**

അവരെ സമൂഹത്തിൽ ഒറ്റപ്പെടുത്താതിരിക്കുകയും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള പരിശീലനം, സാമ്പത്തിക സഹായം മുതലായ ഏർപ്പെടുത്തുക.

4. **വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യപരിരക്ഷ**

അന്തേവാസികൾക്ക് കൃത്യ മാസ വൈദ്യപരിശോധനയും ചികിത്സയും ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾക്കായി മെഡിക്കൽ ടീമിനെ സജ്ജമാക്കുക. ഇത്തരക്കാരിലുള്ള മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് കൗൺസലിംഗ് സംവിധാനം, യോഗ പരിശീലനം എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുക. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നിന്റെ ലഭ്യത ഉറപ്പാക്കുക.

5. **ഭിന്നശേഷിയുള്ളവരുടെ ആരോഗ്യ പരിരക്ഷ**

ശാരീരികവും മാനസികവും ആയ കുറവുകൾ ഉള്ളവരായ ജനങ്ങളുടെ വിവരശേഖരണം. ഇവർക്ക് മെഡിക്കൽ ക്യാമ്പുകൾ വഴി വികലാംഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക. വിവിധ തരത്തിലെ സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള അദാലത്തുകൾ നടത്തുക. ഇത്തരക്കാർക്കും കുടുംബത്തിനും കൗൺസലിംഗ് ലഭ്യമാക്കുക. സൗജന്യ വൈദ്യപരിശോധന, ചികിത്സ എന്നിവ ലഭ്യമാക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് റേഷൻ സപ്പോർട്ട്, സൗജന്യതൊഴിൽ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുക. ചലന ശ്രവണോപകരണങ്ങൾ ലഭ്യമാക്കുക. അർഹരായവരുടെ പുനരധിവാസം ഉറപ്പാക്കുക.

6. **മാനസികാരോഗ്യ പ്രശ്നബാധിതരും അവരുടെ കുടുംബങ്ങൾക്കും ഉള്ളതായ ആരോഗ്യപരിരക്ഷ**

മാനസികാരോഗ്യ പ്രശ്നബാധിതരായവരെ കണ്ടെത്തി ഇവർക്ക് ചികിത്സയും തുടർ ചികിത്സയും ഉറപ്പാക്കുക. ഇവർക്കും കുടുംബാംഗങ്ങൾക്കും എപ്പോഴും സമീപിക്കാവുന്ന വിധത്തിലുള്ള കൗൺസലിംഗ്സെന്ററുകൾ പ്രാദേശികമായി ഏർപ്പെടുത്തുക.

മാസത്തിൽ ഒരു തവണ ഇത്തരക്കാരുടെ സംഗമവും കലാ, കായിക പരിപാടികളും സംഘടിപ്പിച്ച് അവരുടെ മാനസികൊല്ലാസം ഉറപ്പാക്കുക. മാനസികാരോഗ്യ പ്രശ്നങ്ങൾ പ്രാഥമിക തലത്തിൽ കണ്ടെത്തുന്നതിന് എല്ലാ പ്രാഥമികാരോഗ്യ സംവിധാനങ്ങളിലൂടെയും ഡോക്ടർമാർക്ക് പരിശീലനം നൽകുക. പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുക.

7. കുഷ്ഠരോഗ ബാധയാൽ അംഗഭംഗം സംഭവിച്ചിട്ടുള്ളവരുടെ ആരോഗ്യപരിരക്ഷ

കുഷ്ഠരോഗികളുടെയും, ഈ രോഗബാധമൂലം അംഗഭംഗം സംഭവിച്ചിട്ടുള്ളവരുടെയും വിവരശേഖരണം നടത്തുക. ഇവർക്കായി കൃത്യമായ വൈദ്യ പരിശോധന, കൗൺസലിംഗ് നടപ്പാക്കുക. ആവശ്യമായവർക്ക് ചലനോപകരണങ്ങൾ സ്വയം തൊഴിൽ പരിശീലനങ്ങൾ എന്നിവ ലഭ്യമാക്കുക. ഇത്തരക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച സമൂഹത്തിന്റെ ഭ്രഷ്ട് ഇല്ലാതാക്കുന്നതിനായി പ്രാദേശിക ആഘോഷങ്ങൾ, സംഗമങ്ങൾ എന്നിവ സംഘടിപ്പിക്കുക. വിവിധ മതസ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

8. ക്ഷയരോഗ ബാധിതരെ കണ്ടെത്തി അവർക്കുള്ള സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കുക

9. പകർച്ച വ്യാധികൾക്ക് സാഹചര്യം ഒരുക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക

വിദ്യാഭ്യാസ കേന്ദ്രങ്ങൾ, മറ്റ് സർക്കാരേതര സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങി ജനവാസ കേന്ദ്രങ്ങളിലെല്ലാം പരിശോധന നടത്തി പകർച്ചവ്യാധി ഉണ്ടാക്കാനുള്ള സാഹചര്യം കണ്ടുപിടിച്ച് അവ ഒഴിവാക്കുവാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിനും, വാസസ്ഥലങ്ങളും പരിസരവും പകർച്ചവ്യാധി രഹിതമായി പരിപാലിക്കുവാൻ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് 5000 രൂപയിൽ കുറയാത്ത പിഴ തൽക്ഷണം ഈടാക്കി സർക്കാരിലേക്ക് കൊടുക്കുവാൻ ഉള്ള അധികാരം ആരോഗ്യ പ്രവർത്തകർക്ക് നൽകുന്നു.

പകർച്ചവ്യാധി നിയന്ത്രണത്തിന് ഓരോ വാർഡ് തലത്തിലും ആരോഗ്യസംരക്ഷണ സേന രൂപീകരിച്ച് കൃത്യമായും പരിശോധനയും ബോധവൽക്കരണവും നടത്തുന്നതിന് പരിശീലിപ്പിക്കുന്നു.

ഓരോ മൂന്ന് മാസത്തിലൊരിക്കൽ വാർഡിലെ മുഴുവൻ ആൾക്കാരെയും വാർഡിലുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ, കലാസാംസ്കാരിക സാമൂഹ്യ സന്നദ്ധ സംഘടനകൾ വ്യാപാരി വ്യവസായി മതസ്ഥാപനങ്ങൾ എന്നു തുടങ്ങി മേഖലകളിൽ നിന്നും ഉള്ള ഓരോ പ്രതിനിധികളെ ക്ഷണിച്ച് വാർഡ് മെമ്പറിന്റെ അദ്ധ്യക്ഷതയിൽ വാർഡുതല ആരോഗ്യ ജാഗ്രത സമ്മേളനം നടത്തി പകർച്ചവ്യാധികൾക്കെതിരെ പ്രവർത്തിക്കുവാനും ജാഗ്രത പാലിക്കുവാനും സുശക്തരാക്കുന്നു.

10. കുടിവെള്ള വിതരണ സംവിധാനങ്ങളുടെ ഉറപ്പുവരുത്തുക

കുടിവെള്ളം വിതരണത്തിനായി ശേഖരിക്കുന്ന ജലശേഖരികളിലെ ശുചിത്വവും ശുദ്ധീകരണ സംവിധാനങ്ങളും വിലയിരുത്തി ശുദ്ധമായ ജലവിതരണം നടത്തുവാനുള്ള സംവിധാനം ഉറപ്പാക്കുക.

11. വിഷ പങ്കിലമായ ഭക്ഷ്യവസ്തുക്കളുടെ വിതരണവും വിപണനവും നിയന്ത്രിക്കുക

ഇതര സംസ്ഥാനത്തുനിന്ന് ജില്ലയിലേക്കെത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം രേഖപ്പെടുത്തിയ പരിശോധന രേഖകൾ ആരോഗ്യ വകുപ്പ് പ്രവർത്തകരെ കാണിക്കുകയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമേ വിപണനവും വിതരണവും നടത്തുവാൻ അനുവദിക്കാവൂ.

സുരക്ഷിതത്വവും ശുചിത്വവും ഉള്ളതായ ശൗചാലയങ്ങൾ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പിലാക്കുക.

ബസ് സ്റ്റാൻഡുകൾ, ബസ് കാത്തുനില്ക്കുന്ന സ്ഥലങ്ങൾ, പൊതുജനങ്ങൾ കൂടുതലായി വന്നുപോകുന്ന സ്ഥലങ്ങളിൽ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുവാൻ ശൗചാലയങ്ങൾ നിർമ്മിച്ച് ബന്ധപ്പെട്ടവരെ അറിയിക്കുക. സ്കൂളുകളിലും സ്ഥാപനങ്ങളിലും മതിയായ ശൗചാലയങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുക.

ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ആരോഗ്യകരമായി സൂക്ഷിക്കുന്നതിനും അവരുടെ രോഗ പരിശോധനയും ചികിത്സയും ആരോഗ്യകാർഡും ഉറപ്പാക്കുക. ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ വാടകയ്ക്കും മറ്റും നൽകുന്ന കെട്ടിട ഉടമകൾ ആരോഗ്യകരമായ അന്തരീക്ഷം പരിപാലിക്കുന്നതിന് തയ്യാറാകണം.

തൊഴിലാളികളെ തൊഴിലിനുവേണ്ടി കൊണ്ടുവരുന്ന കരാറുകാർ അവരുടെ എണ്ണം, പേര്, മേൽവിലാസം തുടങ്ങിയവ ബന്ധപ്പെട്ട ആരോഗ്യസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുകയും വൈദ്യപരി

ശോധനയ്ക്ക് വിധേയമാക്കി ആരോഗ്യ പ്രശ്നങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തി ആരോഗ്യകാർഡ് വാങ്ങി സൂക്ഷിക്കുവാൻ കടമപ്പെട്ടവരാണ്. ഇത് അനുസരിക്കാത്ത കെട്ടിട ഉടമകളുടെ പേരിലും കരാറുകാരന്റെ പേരിലും കർശനമായ നിയമ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരോട് ശുപാർശ ചെയ്യുന്നു. മാറി മാറി തൊഴിലാളികൾ വന്നാൽ ഉടൻ തന്നെ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. ഭക്ഷണ പാനീയങ്ങൾ തയ്യാറാക്കി വിൽപന നടത്തുന്ന കച്ചവട സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ ആരോഗ്യ ശുചിത്വം ഉറപ്പാക്കുക

മേൽപ്പടി സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ ആരോഗ്യ പ്രവർത്തകർ പരിശോധിക്കുന്നതും (D&O Certificate) പരിശോധിച്ച് വിലയിരുത്തി ആരോഗ്യ ശുചിത്വം ഉറപ്പാക്കുക.

13. കൗമാര വിദ്യാഭ്യാസം എല്ലാ സ്കൂളുകളിലും ഉറപ്പാക്കുന്നു

കൗമാര പ്രായക്കാരിൽ ഉണ്ടാകുന്ന ശാരീരിക മാനസിക സാമൂഹ്യ മാറ്റങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും വർദ്ധിച്ചുവരുന്ന ലൈംഗിക ചൂഷണങ്ങൾ ഒഴിവാക്കാനും പഠനനിലവാരം ഉയർത്തുന്നതിനും മറ്റുമുള്ള സാമൂഹ്യ സദാചാര നന്മതിന്മകളെ തിരിച്ചറിഞ്ഞ് കരുത്തുള്ള തലമുറയായി വളർന്ന് വരുന്നതിന് സജ്ജമാക്കുക.

14. ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും ചികിത്സയും ഉറപ്പാക്കുക

15. പൊതുസ്ഥലങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരി വിമുക്തമാക്കുക

ദൃശ്യ/സ്രാവ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണം. പൊതുസ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക. ബ്ലോക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധനകൾ (പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങൾക്കടുത്തുള്ള വ്യാപാര കേന്ദ്രങ്ങളിലും)

വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, സിനിമാപ്രദർശനം, കലാപരിപാടികൾ, വിവിധ മത്സരങ്ങൾ എന്നിവ നടത്തി വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.

ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക കൗൺസലിംഗ് നടത്തുക. രക്ഷിതാക്കളുടെ സംഗമം നടത്തി വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞ് നടപ്പിൽ വരുത്തുക. ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന വിപത്തുകളെക്കുറിച്ചുള്ള പരിപൂർണ്ണമായ അവബോധം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുക. താക്കീതുകൾക്ക് ശേഷം കർശനമായ ശിക്ഷ നൽകുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുക.

Primordial Prevention ന്റെ ഭാഗമായി ഇവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ഐ.ഇ.സി. സ്കൂളുകളിൽ സംഘടിപ്പിക്കുക. എസ്.പി.സി വഴി മോണിറ്ററിംഗ് നടത്തുക.

16. പ്രജനന ശിശു ആരോഗ്യം

മറ്റ് ജില്ലയെ അപേക്ഷിച്ച് പത്തനംതിട്ട ജില്ലയിൽ സിസേറിയൻ നിരക്ക് കൂടുതലാണ്. ഇത് കുറയ്ക്കുന്നതിന് ഗർഭിണികൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ.

മുലയൂട്ടൽ, പോഷകാഹാരം, ശിശുക്കളുടെയും കുട്ടികളുടെയും ആഹാരക്രമത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണം.

പ്രസവം നടക്കുന്ന ആശുപത്രികളിലെ അടിസ്ഥാന സൗകര്യം, വികസനം, എസ്.എൻ.സി.യു, എൻ.ബി.എസ്.യു. എന്നിവയുടെ നവീകരണം.

കൗമാര ആരോഗ്യ പ്രവർത്തകർക്കുള്ള കൗൺസലിംഗ്

പട്ടിക. 4.36

ജില്ല നേരിടുന്ന പ്രധാന കൗമാര ആരോഗ്യപ്രശ്നങ്ങൾ, പരിഹാരങ്ങൾ– ഹ്രസ്വ/ദീർഘകാല ലക്ഷ്യങ്ങൾ

നമ്പർ	പ്രശ്നങ്ങൾ	പരിഹാരം
1	അമിതവണ്ണം	ഡയറ്റീഷ്യന്റെ സേവനം തേടുക, ആഹാര ക്രമീകരണം, AFHC യിലൂടെ കൗൺസിലിംഗ്
2	തൂക്കക്കുറവ്	
3	മൊബൈൽ ഫോണുകളുടെ അമിത ഉപയോഗം, സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം	മുൻകൂട്ടിയുള്ള കണ്ടെത്തൽ RKSK പിയർ എജ്യുകേറ്റർമാർ റഫർ ചെയ്യുന്നു. AFHC യിലൂടെയുള്ള കൗൺസിലിംഗ്
4	വിളർച്ച	RKSK പിയർ എജ്യുകേറ്റർമാർ മുഖേന മുൻകൂട്ടി കേസുകൾ കണ്ടെത്തുന്നു, വിഫ്സ്(WIFS) പരിപാടി വഴി എല്ലാ ആഴ്ചയിലും അയൺഗുളികകൾ നൽകുന്നു. RBSK നഴ്സുമാർ മുഖേന കൗൺസിലിംഗ്
5	മാനസിക പിരിമുറുക്കം, ആത്മഹത്യാ പ്രവണത	RKSK പിയർ എജ്യുകേറ്റർമാർ മുഖേന മുൻകൂട്ടി കേസുകൾ കണ്ടെത്തുകയും, AFHC കൗൺസിലിംഗ് ആവശ്യമെങ്കിൽ മനോരോഗ വിദഗ്ധന്റെ കൺസൾട്ടേഷൻ
6	ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ	RKSK പിയർ എജ്യുകേറ്റർമാർ മുഖേന പ്രശ്നങ്ങൾ തിരിച്ചറിയുകയും റഫർ ചെയ്യുകയും അടക്കമുള്ള നടപടികൾ, AFHC മുഖേന കൗൺസിലിംഗ് ആവശ്യമുണ്ടെങ്കിൽ ഗൈനക്കോളജിസ്റ്റിന്റെ പരിശോധനാ സൗകര്യം
7	പുകയില ഉപയോഗം, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം	RKSK പിയർ എജ്യുകേറ്റർമാർ മുഖേന മുൻകൂട്ടി കണ്ടെത്തുന്നു, AFHC വഴി കൗൺസിലിംഗ് ഡയറ്റീഷ്യൻമാരുടെ കൺസൾട്ടേഷൻ, മനോരോഗ വിദഗ്ധന്റെ കൺസൾട്ടേഷൻ
8	മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങൾ	മുൻകൂട്ടി കണ്ടെത്തൽ (പിയർ എജ്യുകേറ്റർമാർ കൗൺസിലിംഗ് മുഖേന), AFHC/ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (MIV) വഴി സൈക്കോതെറാപ്പി സേവനങ്ങൾ ലഭ്യമാക്കുക.
9	സ്വവർഗ്ഗലൈംഗികത	RKSK പിയർ എജ്യുകേറ്റർമാർ മുഖേന നേരത്തെ കണ്ടെത്തൽ, കൗൺസിലിംഗ്, സൈക്കോതെറാപ്പി ആവശ്യമെങ്കിൽ ICTC

നിലവിൽ പ്രവർത്തിക്കുന്ന AFHC കൾ

1. ജില്ലാ ആശുപത്രി, കോഴഞ്ചേരി
2. ജനറൽ ആശുപത്രി, അടൂർ

2018 ൽ ലക്ഷ്യമിടുന്ന കേന്ദ്രങ്ങൾ (AFHC)

1. സാമൂഹികാരോഗ്യകേന്ദ്രം, ഇലന്തൂർ
2. താലൂക്ക് ആശുപത്രി, കോന്നി
3. സാമൂഹികാരോഗ്യ കേന്ദ്രം, തുമ്പമൺ
4. പ്രാഥമികാരോഗ്യകേന്ദ്രം, ആനിക്കാട്
5. സി എച്ച് സി വെച്ചൂച്ചിറ

നിർദ്ദേശങ്ങൾ

- ജില്ലയിലെ മുതിർന്ന പൗരന്മാരുടെ ഡേറ്റാബേസ് കണ്ടെത്തൽ
- മുതിർന്ന പൗരന്മാരുടെ ആരോഗ്യം ലക്ഷ്യമിട്ട് ജില്ലാതലത്തിൽ മൊബൈൽ ക്ലിനിക്കുകൾ സജ്ജമാക്കുക (നഗരപ്രദേശത്തെ വയോമിത്രം പ്രോജക്ട് മാതൃകയാക്കാം)
- ജില്ലാ പഞ്ചായത്തിന്റെ ആരോഗ്യസ്ഥാപനങ്ങളിൽ (അലോപ്പതി, ആയുർവേദ, ഹോമിയോ) വയോജന ക്ലിനിക്കുകൾ ആരംഭിക്കൽ.
- ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വയോജനകൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കണം.
- യോഗ, ലഘുവ്യായാമങ്ങൾ ചെയ്യുന്നതിനായി സായംസന്ധ്യകളിൽ വയോജന സൗഹൃദ ക്ലബുകൾക്ക് രൂപം കൊടുക്കൽ. ഇത്തരത്തിൽ മുതിർന്ന പൗരന്മാരുടെ വാർദ്ധക്യകാലം ആനന്ദകരവും, സുരക്ഷിതവുമാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തിന് തുടക്കം കുറിക്കാം.
- സബ്സെന്റർ തലത്തിൽ പ്രവർത്തിക്കുന്ന ജീവിതശൈലിരോഗ ക്ലിനിക് മുഖാന്തരം 30 വയസ്സിന് മുകളിലുള്ളവരുടെ രോഗനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുക.
- രോഗനിർണ്ണയം നടത്തുന്നവർക്ക് വേണ്ടിവരുന്ന ആവശ്യമരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനത്തിലൂടെ നൽകുക.
- തനത് ഭക്ഷണരീതിയെ തിരികെ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള അടുക്കളയും ഭക്ഷണവും എന്ന ബോധപരിപാടി സംഘടിപ്പിക്കൽ
- വ്യായാമരഹിത ജീവിതം നയിക്കുന്നവർക്ക് വേണ്ടി ദിവസത്തിൽ ഒരു നിശ്ചിത സമയം പ്രഭാത–സായാഹ്ന സവാരി നടത്തുന്നതിനാവശ്യമായ സ്ഥലസൗകര്യം ഒരുക്കൽ.
- സ്കൂളിൽ കുട്ടികൾക്ക് കായിക വിനോദത്തിന് ആവശ്യമായ ഉപാധികൾ ഉറപ്പ് വരുത്തുന്നതിനുള്ള സൗകര്യം സജ്ജമാക്കൽ (കായിക ഉപകരണം നൽകൽ, തറയിലുറപ്പിച്ച സൈക്കിൾ)
- കായികക്ഷമത ഉറപ്പ് വരുത്തുന്നതിനോടൊപ്പം പോഷകമൂല്യമുള്ള ഭക്ഷണശീലം ലഭ്യമാക്കുന്നതിനും, മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
- ജൈവകൃഷിക്ക് വേണ്ട ഉത്പാദനോപാധികൾ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ ഇക്കോഷോപ്പുകൾ ആരംഭിക്കൽ
- ക്യാൻസർ രോഗം കാലേകൂട്ടി കണ്ടെത്തുന്നതിന് ആവശ്യമായ മൊബൈൽ ക്ലിനിക്കുകൾ സജ്ജമാക്കൽ (Can Care Project)
- വൈവിധ്യപൂർണ്ണവും സന്തുലിതവും ആരോഗ്യകരവുമായ ആഹാര രീതി പ്രോത്സാഹിപ്പിക്കുക.
- പ്രാദേശികമായി നാടൻ കൃഷി പ്രോത്സാഹിപ്പിച്ച് പച്ചക്കറികൾ, പഴവർഗങ്ങൾ ഇവയുടെ ലഭ്യത കുറഞ്ഞ ചിലവിൽ ഉറപ്പാക്കുക.
- നാടൻ ഭക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുക. യൂണിറ്റുകൾ തുടങ്ങുക.
- ഭക്ഷണത്തിൽ ഉപ്പ്, കൊഴുപ്പ്, മധുരം ഇവയുടെ ഉപയോഗം കുറച്ചുകൊണ്ട് ഭക്ഷ്യപദാർത്ഥങ്ങൾ പുനരാവിഷ്കരിക്കുക. അത്തരം ഭക്ഷ്യോത്പാദകരെ പ്രോത്സാഹിപ്പിക്കുക. ഇതിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ ടാക്സ് വർദ്ധിപ്പിക്കുക.
- കൗമാര വിദ്യാഭ്യാസ പദ്ധതി വ്യാപകമാക്കുകയും പ്രദർശന ക്ലാസുകൾ കൃത്യമായ ഇടവേളകളിൽ നടത്തുക.

- പൊതുശൗചാലയ നിർമ്മാണം.
- വീടുകളിൽ ജൈവമാലിന്യ സംസ്ക്കരണ പദ്ധതി നടപ്പാക്കൽ.
- പൊതുസ്ഥല സ്ഥാപന വികേന്ദ്രീകരണ പദ്ധതി സംസ്ക്കരണം.
- ആധുനിക അറവുശാലകൾ സ്ഥാപിക്കൽ.
- പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ.
- പൊതുകേന്ദ്രങ്ങളിൽ സ്വാപ് മേളകൾ നടപ്പിലാക്കൽ
- നാപ്കിൻ സംസ്ക്കരണ യൂണിറ്റുകൾ സ്കൂൾ തലത്തിൽ സ്ഥാപിക്കൽ.
  ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സൗകര്യം ഏർപ്പെടുത്തൽ.

ആയൂർവ്വേദം

ആമുഖം

പത്തനംതിട്ട ജില്ലാപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അയിരൂർ ജില്ലാ ആശുപത്രി കൂടാതെ ഓമല്ലൂർ, അങ്ങാടിക്കൽ, കടമ്പനാട്, തിരുവല്ല എന്നീ ആശുപത്രികളും 49 ഡിസ്പെൻസറികളും ജില്ലാമെഡിക്കൽ ഓഫിസർ നിയന്ത്രണ അധികാരിയായി ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ നാഷണൽ ആയുഷ്മിഷൻ നടത്തുന്ന 9 ഡിസ്പെസറികളും ജില്ലയിൽ ആരോഗ്യപ്രവർത്തന രംഗത്ത് ആയുർവേദത്തിന്റെ സംഭവനകൾ നൽകി വരുന്നുണ്ട്.

ജില്ലയിലാകെ 160 കിടക്കളോടേയും സ്ഥിരവും താൽകാലികവുമായ ഡിസ്പെൻസറികളിലൂടേയും പത്തനംതിട്ട ജില്ലയിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിൽ ശ്രദ്ധേയമായ പ്രവർത്തനം ഭാരതീയ ചികിത്സാവകുപ്പ് നടത്തിവരുന്നു. 2016–17 വർഷം വകുപ്പിന്റെ സ്ഥാപങ്ങൾ വഴി 15947 രോഗികൾ ചികിത്സ തേടിയിട്ടുണ്ട്. കൂടാതെ പകർച്ച വ്യാധി പ്രതിരോധ പരിപാടികളുടെ ഭാഗം ആയി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 204 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.

എങ്കിലും ഭാരതീയചികിത്സാവകുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്ന എല്ലാ പരിപാടികളും പൂർണ്ണമായ അർഥത്തിൽ നടപ്പിലാക്കുവാനും ആയുർവേദ ചികിത്സയുടെ സാധ്യത ജില്ലയിലെ എല്ലാ വിഭാഗം ജനങ്ങൾക്ക് എത്തിക്കുവാനും ധാരാളം പരിമിതികൾ മറികടക്കേണ്ടതുണ്ട്. പലസ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം മെച്ചെപ്പെടുത്തുകയും ജില്ലാ ഓഫീസിന് സ്വന്തം ആസ്ഥാനം ഉണ്ടാകുകയും ചെയ്യുക എന്നത് തന്നെയാണ് പ്രഥമ പരിഗണന അർഹിക്കുന്ന വിഷയം.

പ്രവർത്തനപരിപാടികൾ

വകുപ്പിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ കൂടാതെ ആരോഗ്യരംഗത്ത് ആയുർവേദത്തിന്റെ സാധ്യതകൾ ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി വ്യത്യസ്ഥമായ തലത്തിലുള്ള വിവിധ പദ്ധതികളും ജില്ലയിൽ നടത്തിവരുന്നു.

പത്തനംതിട്ട ജില്ലയുടെ ആരോഗ്യരംഗത്തെ അവസ്ഥാവിശകലനം

1)**വയോജനങ്ങൾ**:

കേരളത്തിലെ ജനസംഖ്യാ ഘടനയിൽ വയോജനസാന്ദ്രത കൂടുതൽ ആയിരിക്കുന്ന സാഹചര്യത്തിൽ ആ വിഭാഗത്തിലെ രോഗാതുരത കൂടുതലായി കാണപ്പെടുന്നു. അവരുടെ സംരക്ഷണം ഉയർത്തുന്ന സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ വളരെ സങ്കീർണ്ണം ആണ്. പലപ്പോഴും

സമയ ബന്ധിതം ആയ ആയുർവേദ ചികിത്സ കൊണ്ട് നിയന്ത്രിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ തന്നെയാണ് ഇത്. എന്നാൽ കേവലം 160 കിടക്ക സൗകര്യം മാത്രം ഉള്ള സാഹചര്യത്തിൽ ചില ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പ്രാദേശിക ഭരണകൂടങ്ങളുടെ സഹായത്തോടെ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ അതിൽ പ്രധാനം (ഒ.പി നിലവാരത്തിൽ ഉള്ള പഞ്ചകർമ്മ ചികിത്സയ്ക്കായി ഒരു ഡോക്ടർ, ഒരു തെറാപ്പിസ്റ്റ് എന്നിവർ അടങ്ങിയ ടീം, മിനി പഞ്ചകർമ കുട്ടികൾ) കുട്ടികളിലെ അനാരോഗ്യകരമായ ജീവിതശൈലി ഭാവി തലമുറയുടെ ആരോഗ്യകാര്യത്തിൽ ആശങ്ക ഉയർത്തുന്നുണ്ട്. പോഷണകുറവ്, തെറ്റായ ആഹാര ശൈലി ഉണ്ടാക്കുന്ന അമിതവണ്ണം. പെൺകുട്ടികളിലെ ആർത്തവരോഗങ്ങൾ, പഠനവൈകല്യം, കായിക ക്ഷമതയിലെ കുറവ്, മദ്യം മയക്കു മരുന്ന് ഇവയോട് ഉള്ള ആഭിമുഖ്യം എന്നിവ ഒക്കെ ഇതുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ ഉള്ള പ്രോജക്റ്റുകൾ ഉണ്ടാകണം. ഭാരതീയ ചികിത്സാ വകുപ്പ് സംസ്ഥാനതലത്തിൽ ചില ഇടങ്ങളിൽ നടപ്പിലാക്കുന്ന സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകൾ, സ്പോർട്ട് അയുർവേദ, യോഗ, സ്പ്പോർട്സ് വകുപ്പ് സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ കായികക്ഷമത പരിപാടിയിലെ പരിഹാര നടപടികൾ എന്നിവ ഒക്കെ അടിയന്തര പ്രാധാന്യത്തോടെ ജില്ല ഒട്ടാകെ വ്യാപിപ്പിക്കേണ്ടതുണ്ട്.

ഔഷധനിർമ്മാണ മേഖല:

ആയുർവേദ മേഖലയിൽ ഉപയോഗിക്കപ്പെടുന്ന ഔഷധങ്ങളിൽ ഏറിയ പങ്കും പ്രാദേശികമായി നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. അവയ്ക്ക് ആവശ്യമായ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ ആദിവാസി സമൂഹത്തിന്റേയും കൂടി സഹായത്തോടെ ജില്ലയുടെ മലയോരമേഖലയിൽ കൃഷി ചെയ്യാൻ കഴിയുകയും അത് ജില്ലയുടെ ആഭ്യന്തര ആളോഹരി വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കും. അതോടൊപ്പം ജില്ലയ്ക്കാവശ്യമായി വരുന്ന ഔഷധങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത ഉണ്ടാകുകയും ചെയ്യും. ആവശ്യമായ സർക്കാർ ഉത്തരവുകൾ ഉണ്ടാക്കി കൊണ്ട് ആണെങ്കിലും ഈ മേഖലയിൽ വിവിധ പ്രോജക്റ്റുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു ജില്ലയിൽ ഔഷധ നിർമ്മാണ യൂണിറ്റ് കൂടി നടപ്പാക്കേണ്ടതുണ്ട്.

ഭരണപരമായ അസൗകര്യങ്ങൾ:

ജില്ലാ ആശുപത്രിയിൽ നിലവിൽ മർമ്മ സ്പെഷ്യലൈസേഷൻ മാത്രമേയുള്ളു കൂടാതെ ശാലാക്യം, വിഷ, പഞ്ചകർമ്മം, കൗമാര ഭൃത്യം, പ്രസൂതി, മാനസികം തുടങ്ങിയ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ജില്ലാ ആയുർവ്വേദ ആശുപത്രിയിലും ഈ ജില്ലയിലെ 4 താലൂക്കാശുപത്രിയിലും എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്. ആയതിന്റെ പ്രയോജനം ഈ ജില്ലയിലെ എല്ലാ ജനങ്ങൾക്കും ലഭിക്കുന്നതുമാണ്.

ഹോമിയോപ്പതി

ആമുഖം

ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹോമിയോ ചികിത്സാലയങ്ങളുണ്ട്. കൊടുമൺ– സീതത്തോട് പഞ്ചായത്തുകളിൽ രണ്ട് സ്ഥാപനങ്ങൾ വീതവും, കൊറ്റനാട് പഞ്ചായത്തിൽ ആശുപത്രിയും പ്രവർത്തിക്കുന്നു. 35 ഗവ.:ഹോമിയോ ഡിസ്പെൻസറികളും ജില്ലാ ആശുപത്രിയും 22 NHM ഡിസ്പെൻസറികളുമാണുള്ളത്.

സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യം ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന **"സീതാലയം"** പദ്ധതി പന്തളം ഹോമിയോ ഡിസ്പെൻസറിയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്നു. ഡീ–അഡിക്ഷൻ, ഇൻഫെർട്ടിലിറ്റി എന്നീ സ്പെഷ്യാലിറ്റി ക്ലിനിക്കുകളും സീതാലയം യൂണിറ്റിൽ പ്രവർത്തിക്കുന്നു. ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം സീതാലയത്തിൽ ലഭ്യമാണ്. കൗമാര പ്രായത്തിലുള്ളവരുടെ വ്യക്തിത്വ ആര്യോഗ്യവികസനവും പെരുമാറ്റ പഠന

വൈകല്യങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്ന **'സദ്ഗമയ"** എന്ന പ്രോജക്ട് കൊടുമൺ ഗവ: ഡിസ്പെൻസറിയോടു ചെർന്നു പ്രവർത്തിക്കുന്നു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേഷൻ ടീച്ചർ എന്നിവരുടെ സേവനവും ഇവിടെ ലഭ്യമാണ്.

കിടപ്പു രോഗികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള 'പാലിയേറ്റീവ് കെയർ' പ്രൊജക്ട് കൊറ്റനാട് ആശുപത്രി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്ത രോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ ചികിത്സ ലഭ്യമാക്കുന്നു. ആയുർവ്വേദ, യോഗ, നാച്യുറോപ്പതി എന്നീ ചികിത്സാ വിഭാഗങ്ങളെ സംയോജിപ്പിച്ചുള്ള ഹോമിയോപ്പതി വകുപ്പിന്റെ **'ആയുഷ്മാൻ ഭവ'** എന്ന പ്രൊജക്ട് ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. യോഗാ പരിശീലനം ഈ പ്രൊജക്ടിന്റെ ഭാഗമായി നടത്തുന്നു.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പമ്പയിലെയും സന്നിധാനത്തെയും സർക്കാർ ഹോമിയോ ഡിസ്പെൻസറികൾക്കും പുറമേ പന്തളത്തും പത്തനംതിട്ടയിലും താത്ക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിച്ചു വരുന്നു. മാരാമൺ കൺവൻഷനോടനുബന്ധിച്ച് മാരാമൺ മണൽ പുറത്ത് താത്ക്കാലിക ഡിസ്പെൻസറി ക്രമീകരിക്കുന്നുണ്ട്.

ഹോമിയോപ്പതി വകുപ്പിന്റെ ദ്രുതകർമ്മ സാക്രമിക രോഗ നിയന്ത്രണ വിഭാഗമായ റീച്ചിന്റെ നേതൃത്വത്തിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ജില്ലയിലാകമാനം നടത്തപ്പെടുന്നു.

വികസന മേഖലകൾ

പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലം

1. അപര്യാപ്തമായ സൗകര്യങ്ങളോടുകൂടിയ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുക.
2. എല്ലാ സ്ഥാപനങ്ങളിലും ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുക.

ജില്ലാതലം

1) ഒരു പീഡിയാട്രിക് ഹോസ്പിറ്റൽ ആരംഭിക്കുക.
2) പന്തളം, ഇലന്തൂർ, ഏനാത്ത്, തുടങ്ങി ആശുപത്രിയായി ഉയർത്താൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങൾ കണ്ടെത്തി ആശുപത്രി ആരംഭിക്കുക.
3) GHD ഇലന്തൂർ 30 കിടക്കകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്താൻ വേണ്ട നടപടി സ്വീകരിക്കുക.
4) ജില്ലയെ 4 മേഖലകളായി തിരിച്ച് ഓരോ മേഖലയിലും സദ്ഗമയ, സീതാലയം, ആയുഷ്മാൻഭവ, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികൾ പ്രവർത്തിക്കുന്ന റഫറൽ സെന്ററായി ഓരോ സ്ഥാപനത്തെ ഉയർത്തുക. സാധ്യമെങ്കിൽ ഉച്ചക്ക് ശേഷവും പ്രവർത്തിക്കുന്ന വിധത്തിൽ ഈ റഫറൽ സെന്ററുകളെ സജ്ജമാക്കുക.
5) പാലിയേറ്റീവ് ഭവന സന്ദർശനത്തിനു നേതൃത്വം നൽകുന്ന ജില്ലാ ആശുപത്രിക്ക് സൗകര്യങ്ങൾ ഉയർത്തുക

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ചുമതലയിൽ 22 സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു. കൂടുതൽ രോഗികളുള്ള സ്ഥാപനങ്ങളോടനുബന്ധിച്ച് NHM ന്റെ ഒരു ഡോക്ടറുടെ കൂടി സേവനം ലഭ്യമാക്കേണ്ടതാണ്.

കുടിവെള്ളം

1.ആമുഖം

പത്തനംതിട്ട ജില്ലയിലെ കുടിവെള്ള മേഖലയിലെ നിലവിലുള്ള അവസ്ഥ, നടന്നുവരുന്ന പദ്ധതികൾ, ജില്ലയിലെ നഗരപ്രദേശങ്ങൾക്കും ഗ്രാമപ്രദേശങ്ങൾക്കും പര്യാപ്തമായ അളവിൽ ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ എന്നിവയാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ജലം ജീവന്റെ അത്യന്താപേക്ഷിതമായ ഘടകമാണ്. ഏതൊരു സമൂഹത്തിനും സുരക്ഷിതവും ആരോഗ്യപ്രദവുമായ കുടിവെള്ള ലഭ്യത ഒഴിച്ചുകൂടാനാവാത്തതാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം ഇക്കാര്യത്തിൽ വളരെയധികം മുന്നിലാണ്. എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ എത്തുവാൻ ഇനിയും നാം മുന്നോട്ട് പോകേണ്ടതുണ്ട്. അതിനാവശ്യമായ പദ്ധതികളും പ്രവർത്തികളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. വായു കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും അധികം അത്യാവശ്യമുള്ള വസ്തുവാണ് ജലം. ഭൂമിയിലുള്ള 1.4 ബില്ല്യൻ ക്യൂബിക് കിലോമീറ്റർ വെള്ളത്തിന്റെ 97% സമുദ്രത്തിലാണ്. 2% ധ്രുവങ്ങളിലെ മഞ്ഞുമലകളാണ്. ശേഷിക്കുന്ന 1% വെള്ളത്തിന്റെ വലിയൊരു പങ്ക് (ഏകദേശം 0.36%) ഭൂഗർഭജലമാണ്. ബാക്കി 0.64% വെള്ളം നദികൾ, കായലുകൾ, ഓലികൾ, കുളങ്ങൾ എന്നിവയിലും മഴമേഘങ്ങൾ, മഞ്ഞ്, വായുവിലെ നീരാവി തുടങ്ങിയവയായും കാണുന്നു.

0.64% വെള്ളം മാത്രമാണ് നമുക്ക് നേരിട്ടോ അല്ലെങ്കിൽ ശുദ്ധീകരിച്ചോ ഉപയോഗിക്കാൻ കഴിയുന്നത്. വരും തലമുറയ്ക്ക് ഭീഷണിയാകാതെ ശുദ്ധജലം ലഭ്യമാക്കാൻ നമുക്ക് കഴിയണം. ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കേണ്ടതും ജലസംരക്ഷണം ഉറപ്പാക്കേണ്ടതും നമ്മുടെ കടമയാണ്. ആയതിനാൽ ലഭ്യമായ ജലം കരുതലോടെ പരിരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും ഏറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. പത്തനംതിട്ട ഭൂമിയുടെ നിരപ്പിന്റെ വ്യതിയാനം ഏറ്റവും അധികമുള്ള ജില്ലയായതിനാൽ വേനൽ കാലത്തെ ജലദൗർലഭ്യം രൂക്ഷമാണ്. സമുദ്രനിരപ്പിന് താഴെയായിട്ടുള്ള കുട്ടനാട് പ്രദേശം മുതൽ 1500 മീറ്റർ ഉയരമുള്ള പ്രദേശങ്ങൾ വരെ ജില്ലയിൽ ഉൾക്കൊള്ളുന്നു.

ജില്ലയിലെ ഭൂവിതാനം

ക്രമ നമ്പർ	ഭൂമിശാസ്ത്രപരമായ തരം തിരിവ്	വിസ്തീർണം (ച.കി.മീ.)	സമുദ്ര നിരപ്പിൽ നിന്നുമുള്ള ഉയരം (മീ.)
1.	സമതല പ്രദേശം	81	<5
2.	ഇടനാട്	700	5–80
3.	മലനാട്	1950	80<

വനത്തിനുള്ളിലുള്ള ഒറ്റപ്പെട്ട ജനവാസപ്രദേശങ്ങൾ ജില്ലയിലെ കിഴക്കൻ ഭാഗത്തെ പ്രത്യേകത യാണ്.പത്തനംതിട്ട ജില്ലയിൽ സമശീതോഷ്ണ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക താപനില $20^{o}C$ മുതൽ $39^{o}C$ വരെ അനുഭവപ്പെടുന്നു. മാർച്ച് മുതൽ മെയ് മാസം വരെ ജില്ലയിൽ വേനൽക്കാലമാണ്. ഇക്കാലയളവിൽ ജില്ല രൂക്ഷമായ വരൾച്ചയുടെ പിടിയിലാകുന്നു. തുടർന്ന് ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ തെക്കുപടിഞ്ഞാറൻ കാലവർഷവും സെപ്റ്റംപർ മുതൽ നവംബർ വരെ വടക്ക് കിഴക്കൻ കാലവർഷവും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ ഫെബ്രുവരി വരെ ജില്ലയിൽ ശൈത്യ കാലവും അനുഭവപ്പെടുന്നു.

2. മഴ ലഭ്യതയുടെ സൂചനാചിത്രം

കേരളത്തിലെ മഴലഭ്യതയുടെ വാർഷിക ശരാശരി 3000 മി.മീ. ആണ്. എന്നിരുന്നാലും കേരളത്തിലെ മിക്ക പ്രദേശങ്ങളും വരൾച്ച നേരിടുന്നു. കേരളത്തിൽ പ്രധാനമായും തെക്കുപടിഞ്ഞാറൻ കാലവർഷം, വടക്കുകിഴക്കൻ കാലവർഷം എന്നിവയിലൂടെയാണ് മഴ ലഭിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ 56% ത്തോളം മഴ ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിലൂടെയാണ്. കൂടാതെ വടക്കു കിഴക്കൻ കാലവർഷത്തിലൂടെയും വേനൽ മഴയിലൂടെയും കുറച്ച് ലഭിക്കുന്നു. പത്തനംതിട്ട ജില്ലയിൽ ലഭിക്കുന്ന മഴയുടെ വാർഷിക ശരാശരി 3133.9 മില്ലിമീറ്ററാണ്. കോന്നി പ്രദേശത്താണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. അടൂരിൽ ഏറ്റവും കുറവും. 2016 ൽ ലഭിച്ച മഴയുടെ അളവ് 2147 മി.മീ. ആണ്.

ചിത്രം 4.9
മഴ ലഭ്യതയുടെ സൂചനാചിത്രം



3. നിലവിലുള്ള ജല സ്രോതസ്സുകൾ

ഉപരിതല സ്രോതസ്സുകൾ, ഭൂജലം, മഴവെള്ളം തുടങ്ങിയവ ഗാർഹികാവശ്യങ്ങൾ, വ്യാവസായികാവശ്യങ്ങൾ, വാണിജ്യാവശ്യങ്ങൾ, കൃഷി ആവശ്യങ്ങൾ, മറ്റു പൊതു ആവശ്യങ്ങൾ എന്നിവക്കായി ഉപയോഗിച്ചുവരുന്നു. സ്രോതസ്സുകളുടെ നവീകരണവും പരിപാലനവും അവയെ പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതും വളരെ പ്രാധാന്യമേറിയതാണ്.

3.1 ഉപരിതല സ്രോതസ്സുകൾ

നദികൾ, ശുദ്ധജല തടാകങ്ങൾ, അരുവികൾ, കുളങ്ങൾ, തുറന്ന കിണറുകൾ മുതലായവയാണ് ഉപരിതല ജല സ്രോതസുകളുടെ ഗണത്തിൽപ്പെടുന്നത്.

പത്തനംതിട്ട ജില്ലയിലൂടെ ഒഴുകുന്ന നദികൾ പമ്പ, അച്ചൻകോവിൽ, മണിമല, കല്ലട (ഭാഗികം) എന്നിവയാണ്.

പട്ടിക 4.37 – പത്തനംതിട്ട ജില്ലയിലെ നദികൾ

ക്രമ നമ്പർ	നദി	നീളം	ഉത്ഭവസ്ഥാനം	സംഗമസ്ഥാനം
1.	പമ്പ നദി	176 കി.മീ.	പുളിച്ചിമല	വേമ്പനാട് കായൽ
2.	അച്ചൻ കോവിലാർ	120 കി.മീ.	ഋഷിമല	പമ്പയുമായി സംഗമിക്കുന്നു (വീയപുരം)

3.	മണിമലയാർ	92 കി.മീ.	മുതുവറ	പമ്പയുമായി സംഗമിക്കുന്നു (കീച്ചേരി വാൽ കടവ്)
4.	കല്ലടയാർ (ഭാഗം)	121 കി.മീ	കുളത്തുപ്പുഴമല നിരകൾ	അഷ്ടമുടി കായൽ
5	പള്ളിക്കലാർ	42 കി.മി	കളരിത്തറ കുന്ന്	കോഴിക്കോട് കായൽ കരുനാഗപ്പള്ളി

ചിത്രം 4.10 ജില്ലയിലെ നദികളുടെ രേഖാചിത്രം



3.1.1 പമ്പാനദി

കേരളത്തിലെ നദികളിൽ നീളം കൂടിയ മൂന്നാമത്തെ നദിയാണ് പമ്പാനദി. ഇത് പുളിച്ചിമല, നാഗമല, ശബരിമല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള അരുവികൾ സംഗമിച്ചാണ് ഉത്ഭവിക്കുന്നത്. അഴുതയാർ, കക്കാട്ടാർ, കക്കിയാർ, കല്ലാർ മുതലായവയാണ് പമ്പയുടെ പോഷക നദികൾ. റാന്നി, കോഴഞ്ചേരി, തിരുവല്ല താലൂക്കുകളിലൂടെ പമ്പാനദി ഒഴുകി ആലപ്പുഴ ജില്ലയിൽ എത്തുകയും അവിടെ മണിമലയാറുമായും അച്ചൻകോവിലാറുമായും കൂടിച്ചേർന്ന് പിന്നീട് വേമ്പനാട്ട് കായലിൽ പതിക്കുകയും ചെയ്യുന്നു. ഇതിന്റെ നീളം 176 കി.മിറ്ററാണ്. ഇതിൽ 98.5 കി.മി. പത്തനംതിട്ട ജില്ലയിലൂടെയാണ ഒഴുകുന്നത്. പമ്പ – ശബരിമലകുടിവെള്ള പദ്ധതി മുതൽ ഭാഗീകമായി കടപ്രയിൽ പൂർത്തിയായ അപ്പർ കുട്ടനാട് പദ്ധതി ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾ വരെ നിലവിൽ പമ്പയാറിനെ ആശ്രയിക്കുന്നു. പമ്പാനദിയുടെ ശരാശരി വാർഷിക ഒഴുക്ക് 3000 ദശലക്ഷം ഘനമീറ്ററായാണ് കണക്കാക്കിയിരിക്കുന്നത്. തെക്കേ ഇന്ത്യയിലെ പ്രധാന തീർത്ഥാടക കേന്ദ്രമായ ശബരിമല, ജില്ലയിലെ റാന്നി, കോഴഞ്ചേരി തുടങ്ങിയ പട്ടണങ്ങളിലൂടെയുമാണ് പമ്പാ നദി ഒഴുകുന്നത്. ഇവിടങ്ങളിൽ നിന്ന് എത്തുന്ന ഖര ദ്രവ മാലിന്യങ്ങൾ പമ്പാ നദിയെ മലീമസമാക്കുന്നു.

3.1.2 അച്ചൻകോവിലാർ

അച്ചൻകോവിലാർ ഋഷിമലയിൽ നിന്നും ഉത്ഭവിക്കുന്നു. ആലപ്പുഴ ജില്ലയിലെ വീയപുരത്ത്വച്ച് പമ്പയുമായി സംഗമിക്കുന്നു. പത്തനംതിട്ട, അടൂർ, പന്തളം നഗര പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പദ്ധതി

കളുടെ സ്രോതസ്സ് അച്ചൻകോവിലാറാണ്. 120 കി.മീ. നീളമുള്ള നദിയുടെ 95 കി.മീറ്റർ ദൂരം പത്തനംതിട്ട ജില്ലയിലൂടെ ഒഴുകുന്നു. നദിയിലൂടെ ഒഴുകുന്ന ജലത്തിന്റെ ശരാശരി വാർഷിക അളവ് 1200 ദശലക്ഷം ഘന മീറ്ററാണ്. കോന്നി, പത്തനംതിട്ട, പന്തളം തുടങ്ങിയ പട്ടണങ്ങളിലൂടെയാണ് അച്ചൻകോവിലാർ ഒഴുകുന്നത്.

3.1.3 മണിമലയാർ

ഇടുക്കി ജില്ലയിലെ പീരുമേടിന് സമീപത്തുള്ള മുതവറ മലയിൽ നിന്നും. ഉത്ഭവിച്ച് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകുന്നു. 92 കി.മി ആണ് ഇതിന്റെ നീളം. 50 കി.മീ ദൂരം പത്തനംതിട്ട ജില്ലയിലൂടെ ഒഴുകി പത്തനംതിട്ട ജില്ലയിലെ കീച്ചേരിവാൽക്കടവിൽവച്ച് പമ്പാനദിയുമായി സംഗമിക്കുന്നു. ഒഴുക്കിന്റെ തോതിലുള്ള വ്യതിയാനം ഏറ്റവുമധികം അനുഭവപ്പെടുന്ന നദിയാണ് മണിമല. തിരുവല്ല നഗര പ്രദേശത്തിനും, കുട്ടനാടിനുവേണ്ടിയുള്ള പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുടെ സ്രോതസ് മണിമലയാറാണ്. മണിമലയാറിലെ ശരാശരി വാർഷിക ഒഴുക്ക് 1200 ദശലക്ഷം ഘന മീറ്ററാണ്. ജില്ലയിൽ നദീതീരത്തുള്ള പ്രധാന പട്ടണം മല്ലപ്പള്ളി ആണ്.

3.1.4 കല്ലടയാർ (ഭാഗികം)

കൊല്ലം ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള കുളത്തൂപ്പുഴയാർ, ചെന്തുരുണിയാർ, കഴതുരുട്ടിയാർ എന്നിവയാണ് ഇതിന്റെ പോഷക നദികൾ. ഏകദേശം 10 കി.മിറ്ററോളം പത്തനംതിട്ട ജില്ലയ്ക്കുടെ തെക്കേ അതിർത്തിയിലൂടെ ഒഴുകുന്ന ഈ നദി അഷ്ടമുടി കായലിലാണ് ചേരുന്നത്. നമ്മുടെ ജില്ലയിൽ കല്ലടയാറ് സ്രോതസ്സാക്കിയിട്ടുള്ള ഏക പദ്ധതി കടമ്പനാട് കുടിവെള്ള പദ്ധതിയാണ്.

3.1.5 പള്ളിക്കലാർ

പത്തനംതിട്ട ജില്ലയിൽ കൊടുമൺ കളരിത്തറകുന്നിൽ നിന്നും ഉൽഭവിച്ച് അടൂർ, നെല്ലിമുകൾ, തെങ്ങമം, ആനയടി വഴി കൊല്ലം ജില്ലയിലും കരുനാഗപ്പള്ളി, കോഴിക്കോട് കായലിൽ ചേരുന്നു. ഏകദേശം 42 കി.മീ ആണ് നീളം. കൈയ്യേറ്റങ്ങൾ കൊണ്ടും, മാലിന്യങ്ങൾ നിക്ഷേപിച്ചും നീരൊഴുക്ക് കുറഞ്ഞ പള്ളിക്കലാറിനെ നീരൊഴുക്ക് വർദ്ധിപ്പിച്ച് നവീകരിക്കുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3.1.6 കുളങ്ങൾ

ജില്ലയിൽ ആകെ ചെറുതും വലുതുമായ 1754 പൊതു-സ്വകാര്യ കുളങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കുളങ്ങളുടെ എണ്ണം ഏറ്റവും അധികം (120) എണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് തണ്ണിത്തോട് പഞ്ചായത്തിലാണ്. പ്രകൃതിദത്തമായ രീതിയിൽ ജല ലഭ്യത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ജലസംരക്ഷണം ഏറെ പ്രാധാന്യമർഹിക്കുന്നു.

3.2 ഭൂജല സ്രോതസുകൾ

പത്തനംതിട്ട ജില്ലയിലെ ഭൂജല വിഭവം ഫ്രിയാറ്റിക് നിലയിലും സെമി കൺഫൈൻഡ്/കൺഫൈൻഡ് രീതിയിലുമാണ് കാണുന്നത്. ഹൈഡ്രോജിയോളജിക്കലായി ജില്ലയിലെ ലാറ്ററൈറ്റ് മേഖലകളിലും താഴ്വാരങ്ങളിലെ അലൂവിയും മേഖലകളിലും ലഭിക്കുന്ന ഭൂജലത്തിനെ ഫ്രിയാറ്റിക് ഭൂജലം എന്നും പാറകളുടെ വിള്ളലുകളിൽ ശേഖരിക്കപ്പെടുന്ന ജലത്തിനെ അതിന്റെ അവസ്ഥയ്ക്കനുസരിച്ച് സെമി കൺഫൈൻഡ് /കൺഫൈൻഡ് എന്നും വിവക്ഷിക്കുന്നു.

താഴ്വാര പ്രദേശങ്ങളിലെ അലൂവിയം കാണപ്പെടുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിനു മുൻപുള്ള ജലവിതാനം തറ നിരപ്പിൽ നിന്നും ശരാശരി 2 മീറ്റർ മുതൽ 8 മീറ്റർ വരെയും മഴക്കാലത്തിനുശേഷം ഇത് ശരാശരി 1 മീറ്റർ മുതൽ 6 മീറ്റർ വരെയും വരുന്നതായാണ് കാണുന്നത്. ഈ പ്രദേശത്ത് തുറന്ന കിണറുകളാണ് സാധാരണ കാണുന്നത്. ജില്ലയിലെ ഏകദേശം 80% ത്തോളം വരുന്ന വിഭാഗം ക്രസ്റ്റലൈൻ ഫോർമേഷൻ അഥവാ കരിമ്പാറകളാണ്. ഈ മേഖലകളിലെ അപക്ഷയവും പാറകളിലുണ്ടാകുന്ന ഭ്രംശനവും ആണ് ജലം ശേഖരിക്കപ്പെടുന്ന സ്രോതസ്സായി മാറുന്നത്. പാറകളിലെ വിള്ളലുകളിൽ ശേഖരിക്ക

പ്പെടുന്ന വെള്ളം കുഴൽ കിണർ വഴി ഉപയോഗപ്പെടുത്തുന്നു. ജില്ലയിലെ എല്ലാ പ്രദേശത്തും കുഴൽ കിണർ നിർമ്മിക്കുന്നുണ്ട്. ഇത്തരം കിണറുകളുടെ ശരാശരി ആഴം 95 മീറ്റർ വരെയാണ്. പത്തുവർഷം മുൻപ് ശരാശരി ആഴം 70 മുതൽ 75 വരെ മീറ്ററായിരുന്ന അവസ്ഥയാണ് ഈ അവസ്ഥയിലേക്ക് എത്തിപ്പെട്ടത്. ഭൂജലത്തിന്റെ ഉപഭോഗ വർദ്ധനവും മഴയുടെ കുറവു മൂലം പ്രദേശത്തെ പാറകളിലെ ആഴം കുറഞ്ഞവിള്ളലുകളിലുള്ള ജലലഭ്യതയുടെ കുറവുമാണ് ആഴം കൂടുവാനുള്ള കാരണമായിരിക്കുന്നത്. മഴയുടെ അളവിലുള്ള ശോഷണവും അതിൻമൂലം ഉണ്ടാകുന്ന സ്വാഭാവിക ഭൂജല സംപോഷണത്തിന്റെ കുറവും കുഴൽ കിണറുകളുടെ ആഴം കൂടുന്നതിന് കാരണമാകുന്നു.

സംസ്ഥാന ഭൂജല വകുപ്പിന്റേയും കേന്ദ്ര ഭൂജല ബോർഡിന്റേയും പഠന പ്രകാരം പത്തനംതിട്ട ജില്ലയിലെ എല്ലാ ബ്ലോക്കുകളും സുരക്ഷിത വിഭാഗത്തിൽപെടുന്നു. ഏറ്റവും പുതിയ എസ്റ്റിമേഷൻ പ്രകാരം പത്തനംതിട്ട ജില്ലയിലെ വാർഷിക ഭൂജല ലഭ്യത 241.11 എം.സി.എം. ആണ്.

പട്ടിക 4.38.

ബ്ലോക്കടിസ്ഥാനത്തിലുള്ള ഭൂജല വികസനത്തിന്റെ അവസ്ഥ

State		KERALA					
District		PATHANAMTHITTA					
Assessment Year		2013					
Sl. No	Assessment Unit	Stage of Ground Water Development (%)	Pre-monsoon		Post-monsoon		Category (Safe/ Semi-critical/ Critical/ Overexploited)
			Water level Trend [Rise () / Decline (+)] (cm/year)	Is there a significant decline (Yes/ No)	Water level Trend [Rise () / Decline (+)] (cm/year)	Is there a significant decline (Yes/ No)	
1	2	3	4	5	6	7	8
1	ഇലന്തൂർ	36.28	-28.21	No	15.42	No	Safe
2	കോയിപ്പുറം	46.06	1.60	No	-3.1	No	Safe
3	കോന്നി	23.52	-8.40	No	1.88	No	Safe
4	മല്ലപ്പള്ളി	33.37	-11.23	No	-2.99	No	Safe
5	പന്തളം	50.17	2.64	No	10.22	No	Safe
6	പറക്കോട്	31.15	-13.50	No	-24.55	No	Safe
7	പുളിക്കീഴ്	44.39	-6.52	No	4.38	No	Safe
8	റാന്നി	28.11	-11.10	No	-5.69	No	Safe

Source: Dynamic Ground Water Resources of Kerala (2013)

3.3 മഴവെള്ള സംഭരണികൾ

ജില്ലയിൽ ത്രിതല പഞ്ചായത്ത് പദ്ധതികൾ വഴി മഴവെള്ള സംഭരണികൾ പല ഭാഗത്തും നിർമ്മിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് സ്വകാര്യ മേഖലയിലും മഴ വെള്ള സംഭരണികൾ നിർമ്മിക്കുന്നുണ്ട്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നയരൂപീകരണം ആവശ്യമാണ്.

3.4 ജല മലിനീകരണം

ജില്ലയിലെ നദികളിലേയും, കിണറുകളിലേയും ജലത്തിന്റെ ഗുണനിലവാര പരിശോധന കേരള ജല അതോറിറ്റിയും, മലിനീകരണ നിയന്ത്രണ ബോർഡും നടത്തിവരുന്നുണ്ട്.

കേരള ജല അതോറിറ്റി പത്തനംതിട്ട ജില്ലയിലാകമാനം 5000 ത്തിലധികം കിണറുകളുടെ ഗുണനിലവാര പരിശോധന 2010 മുതൽ വർഷംതോറും നടത്തിവരുന്നുണ്ട്. ജലത്തിന്റെ pH മൂല്യം, കോളിഫോം ബാക്ടീരിയ, തുരുമ്പ്, ക്ലോറൈഡ്, ലയ ഖര ലവണങ്ങൾ തുടങ്ങിയവയാണ് പരിശോധനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ ഓരോ വാർഡിലും 5 മുതൽ 12 വരെ സാമ്പിളുകളാണ് പരിശോധിക്കുന്നത്. പരിശോധനയുടെ വിശദവിവരം indiawater.org.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഈ പരിശോധനാഫലങ്ങളുടെ 2016–17 വർഷത്തെ ഒരു പ്രാഥമിക വിലയിരുത്തൽ പട്ടികയിൽ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.39

കിണറുകളുടെ ഗുണനിലവാര പരിശോധനാഫലം

ക്രമ നമ്പർ	പഞ്ചായത്ത്	വാർഡ്	സാമ്പിളുകളുടെ എണ്ണം	അനുവദനീയമായ പരിധിക്കു മുകളിൽ (എണ്ണം)				
				ഫ്ളൂറൈഡ്	ക്ലോറൈഡ്	ഇരുമ്പ്	കോളിഫോം	ഇകോളി
1	ചെന്നീർക്കര	1	10				10	2
2	ചെന്നീർക്കര	2	9			2	9	3
3	ഇരവിപേരൂർ	1	10			1	10	2
4	ഇരവിപേരൂർ	6	10			2	10	
5	എഴുമറ്റൂർ	11	10				10	2
6	കോയിപ്പുറം	1	10			3	10	2
7	കോയിപ്പുറം	2	11			5	11	
8	തോട്ടപ്പുഴശ്ശേരി	10	9			2	8	2
9	അരുവാപ്പുലം	2	13			3	13	1
10	കോന്നി	1	10			3	10	1
11	വള്ളിക്കോട്	4	10			4	10	2
12	വള്ളിക്കോട്	5	10			7	9	
13	മല്ലപ്പള്ളി	7	9				9	4
14	കോട്ടാങ്ങൽ	10	12			4	12	
15	കൊറ്റനാട്	4	10			4	10	1
16	കുന്നന്താനം	1	9			3	9	4
17	പന്തളം തെക്കേക്കര	3	8			5	8	
18	പന്തളം തെക്കേക്കര	10	9			4	9	

19	തുമ്പമൺ	1	10			4	10	
20	കൊടുമൺ	13	10			4	10	3
21	കൊടുമൺ	2	9			3	7	1
22	കടപ്ര	1	12			4	12	1
23	കടപ്ര	6	12			5	12	
24	നിരണം	3	15			3	15	
25	കുറ്റൂർ	11	10	2		1	10	
26	നെടുമ്പ്രം	10	10			2	10	1
27	റാന്നി പഴവങ്ങാടി	2	12			3	12	4
28	റാന്നി പഴവങ്ങാടി	12	10			2	10	2

കോളിഫോം, ഇകോളി ബാക്ടീരിയകളുടേയും ഇരുമ്പിന്റെയും അധിക സാന്നിധ്യവുമാണ് കൂടുതലായും കണ്ടുവരുന്നത്. ശരിയായ സാനിട്ടേഷൻ സംവിധാനത്തിന്റെ അഭാവം തുടങ്ങി വ്യത്യസ്ഥ കാരണങ്ങൾ കൊണ്ടാണ് ഇത് സംഭവിക്കുന്നത്. പഞ്ചായത്ത് തലത്തിലുള്ള പരിശോധനയും തുടർ നടപടികളും ആവശ്യമുള്ള മേഖലയാണിത്.

അതുപോലെ ജില്ലയിലെ പ്രധാന നദികളായ പമ്പ, മണിമല, അച്ചൻകോവിൽ തുടങ്ങിയ നദികളുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജലം ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഇത്തരം ലഭ്യമായ ഗുണനിലവാര ഫലം അവലോകനം ചെയ്യുമ്പോൾ ജില്ലയിലെ പ്രധാന നദിയായ പമ്പാ നദിയിലെ മലിനീകരണതോത് വളരെ കൂടുതലായി കാണുന്നു. കഴിഞ്ഞ ശബരിമല തീർത്ഥാടനകാലത്തെ (തീർത്ഥാടനകാല ആരംഭത്തിലും അവസാനവും) ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പട്ടിക 4.40

പമ്പാ നദിയിലെ ജലഗുണനിലവാര പരിശോധന

Sl.No.	Stations	pH		DO (mg/L)		BOD (mg/L)		TC/100ml		FC/100ml	
		17/11/2016	20/01/2017	17/11/2016	20/01/2017	17/11/2016	20/01/2017	17/11/2016	20/01/2017	17/11/2016	20/01/2017
1	കൊച്ചുപമ്പ	5.3	6.5	7.5	7.5	1	1.2	500	14000	280	8000
2	കക്കിയാർ	6.2	6.7	7.9	5	0.8	3.8	1000	52000	640	16000
3	ത്രിവേണി	6.5	6.4	7.6	4.8	2.3	5.9	850	48000	400	21000
4	ആറാട്ടുകടവ്	6.5	6.8	5.4	5.9	2	4.8	2000	640000	1100	380000
5	പമ്പ താഴ്ഭാഗം	6.3	6.7	6	-	2.6	22.4	6000	680000	2200	310000
6	ഞുണങ്ങാർ താഴ്ഭാഗം	6.5	6.8	6.1	-	2.5	24.6	10000	800000	3800	450000
7	കെ.ഡബ്ലിയു.എ ഇൻടേക്ക് മേൽഭാഗം കൊച്ചുപമ്പ	6.5	6.9	7.3	6.9	2.3	0.6	500	5500	400	3600

കടപ്പാട്: മലിനീകരണ നിയന്ത്രണ ബോർഡ്

പമ്പാ നദി മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് പമ്പ ആക്ഷൻ പ്ലാൻ II ന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ഒരു കമ്മറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

ജല മലീനീകരണത്തോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് നദീതീരങ്ങൾ, തോടുകൾ, കുളങ്ങൾ മുതലായവയിലെ കൈയേറ്റങ്ങൾ. നമ്മുടെ ഏറ്റവും പ്രധാന 'ആസ്ഥികളാണിവ'. ഇവയുടെ അതിർത്തി തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിച്ച് മുള, കൈത, രാമച്ചം തുടങ്ങിയ നട്ടുപിടിപ്പിച്ച് ജൈവ വേലികൾ സ്ഥാപിച്ച് സംരക്ഷിക്കണം. അതിർത്തി സംബന്ധിച്ച രേഖകൾ പൊതുജനങ്ങൾക്കുകൂടി ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുകയും വേണം.

4. കുടിവെള്ള വിതരണ സംവിധാനം

ജലവിതരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട ഘടകം ശരിയായ സ്രോതസ് കണ്ടെത്തുക എന്നുള്ളതാണ്. ജലം ഉപഭോക്താക്കളിലെത്തുന്നതിന് മുമ്പുള്ള ശുദ്ധീകരണ പ്രക്രിയകൾ സ്രോതസിലെ ജലത്തിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കപ്പെടുന്നത്. പിന്നീടിത് ശുദ്ധീകരണ പ്രക്രിയയിലൂടെ സംഭരണികളിലെത്തിക്കുകയും അവിടെ നിന്നും വിതരണ ശൃംഖലകളിലൂടെ ജനങ്ങളിലെത്തിക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ നിലയിൽ നഗര മേഖലയിലും ഗ്രാമീണ മേഖലയിലും ശുദ്ധമായ ജലം ആവശ്യത്തിന് നൽകുന്നില്ല. ഇന്ത്യയിലെ ഒരു മെട്രോപൊളിറ്റൻ നഗരത്തിനും ആവശ്യാനുസരണം ശുദ്ധ ജലം ജനങ്ങളിലെത്തിക്കാൻ കഴിയുന്നില്ല. വളരെക്കുറച്ച് പട്ടണങ്ങൾക്കു മാത്രമാണ് ആവശ്യാനുസരണം ശുദ്ധജലം വേണ്ട മർദ്ദത്തിൽ എത്തിക്കാൻ കഴിയുന്നത്.

4.1 കുടിവെള്ളവിതരണത്തിന്റെ അളവും ഉപയോഗവും

ജലത്തിന്റെ ആവശ്യകതയെ താഴെപ്പറയുന്ന രീതിയിൽ അഞ്ചായി തിരിക്കാം.

1. ഗാർഹിക ആവശ്യം
2 പൊതു ആവശ്യം
3. വ്യാവസായികാവശ്യം
4. വാണിജ്യാവശ്യം
5. മറ്റുപയോഗത്തിനുള്ളത്

ഗാർഹികാവശ്യത്തിനുള്ള ഉപയോഗത്തിൽ കുടിക്കുന്നതിനും കുളിക്കുന്നതിനും ആഹാരം പാകം ചെയ്യുന്നതിനും തുണിയലക്കുന്നതിനുമുള്ള ജലത്തിന്റെ അളവ് ഉൾപ്പെടുന്നു. ഗാർഹികാവശ്യത്തിനുള്ള ജലത്തിന്റെ തോത് സമൂഹത്തിന്റെ ശീലങ്ങളേയും നിലവാരത്തേയും ആശ്രയിക്കുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനവും ഇതിൽ മുഖ്യപങ്കു വഹിക്കുന്നു. വേനൽക്കാലത്ത് പൊതുവെ ഉപഭോഗം കൂടുകയും വർഷകാലത്ത് ജലത്തിന്റെ ഉപയോഗം കുറയുകയും ചെയ്യുന്നു. ഇന്ത്യയിലെ നിലവിലുള്ള നിലവാരമനുസരിച്ച് ഒരാൾക്ക് പ്രതിദിനം 135 ലിറ്റർ ആണ് ശരാശരി ഗാർഹിക ഉപയോഗം. പത്തനംതിട്ട ജില്ലയിൽ പ്രവർത്തിച്ചു വരുന്ന മിക്ക പദ്ധതികളും ആസൂത്രണം ചെയ്തിട്ടുള്ളത് 40 Lpcd ൽ താഴെയാണ്. തിരുവല്ല, പന്തളം മുനിസിപ്പാലിറ്റിക്കുള്ള പദ്ധതികളും, കടമ്പനാട് പദ്ധതിയും 70 Lpcd നിലവാരത്തിലാണ്. നമ്മുടെ ജീവിത നിലവാരത്തിൽ വന്ന മാറ്റം അനുസരിച്ച് ഇത് വളരെ കുറവാണ്.

പുതിയ പദ്ധതികൾ നഗര പ്രദേശങ്ങൾക്ക് 135 എൽ.പി.സി.ഡി ക്രമത്തിലും, ഗ്രാമപ്രദേശങ്ങൾക്ക് 100 എൽ.പി.സി.ഡി ക്രമത്തിലും ആണ് രൂപകൽപന ചെയ്യുന്നത്.

കേരളത്തിലെ 54.27% ജനങ്ങൾക്ക് പൈപ്പുവഴി കുടിവെള്ളം ലഭിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇത് യഥാക്രമം നാഗരിക ജനസംഖ്യയിൽ 56.62% വും ഗ്രാമീണ മേഖലയിൽ 53.55% വും ആണ്.

ഉപഭോഗമാനദണ്ഡം (IS 1172-1993)

വാട്ടർ കണക്ഷൻ ഇല്ലാത്ത പദ്ധതികൾ	40 lpcd
വാട്ടർ കണക്ഷനുള്ള പദ്ധതികൾ	70 – 100 lpcd
2000 മുതൽ 10000 വരെ ജനവാസമുള്ള പ്രദേശങ്ങൾക്കുള്ള പദ്ധതികൾ	100 – 150 lpcd

4.1.2 കുടിവെള്ളത്തിന്റെ ഗുണമേന്മയും മാനദണ്ഡവും

പ്രകൃതിയിൽ കാണുന്ന ജലത്തിൽ പല വിധങ്ങളായ മാലിന്യങ്ങൾ പല അളവിലായി കാണുന്നു. മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത പദാർത്ഥങ്ങളൊന്നും ഇല്ലാത്ത ജലത്തെയാണ് ശുദ്ധജലം എന്നുപറയുന്നത്. ഗാർഹീകാവശ്യത്തിനുള്ള ജലത്തിൽ ലയിച്ചതും ലയിക്കാത്തതുമായ ജൈവ അജൈവ മാലിന്യങ്ങളും അടങ്ങിയിരിക്കുവാൻ പാടില്ല.

ലോകത്തിലെ വിവിധ ഏജൻസികൾ ശുദ്ധജലത്തിന്റെ നിലവാരത്തെക്കുറിച്ച് മാനദണ്ഡങ്ങൾ നിഷ്ക്കർഷിക്കുന്നുണ്ട്. ഇന്ത്യയിലെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് ആണ് പ്രധാനമായും കുടിവെള്ളത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. IS 10500- 2012 പ്രകാരമാണ് അവർ മാനദണ്ഡങ്ങൾ നൽകിയിരിക്കുന്നത്.

പട്ടിക 4.41

IS 10500:2012 പ്രകാരമുള്ള കുടിവെള്ളത്തിന്റെ ഗുണമേന്മാ പട്ടിക

ക്രമ നമ്പർ	സ്വഭാവം	അഭികാമ്യമായ അളവ്	മറ്റ് സ്രോതസുകൾ ഇല്ലെങ്കിൽ അഭികാമ്യമായ അളവ്
1	ടർബിഡിറ്റി (NTU)	1	5
2	നിറം (Hazen unit)	5	15
3	സ്വാദും ഗന്ധവും	അഭിലഷണീയം	അഭിലഷണീയം
4	അലിഞ്ഞു ചേർന്നിരിക്കുന്ന ഖര പദാർത്ഥങ്ങൾ	500	2000
5	പി.എച്ച്. മൂല്യം	6.5 to 8.5	6.5 to 8.5
6	കഠിനത (mg/l)	200	600
7	ക്ലോറൈഡ് (mg/l)	250	1000
8	സൾഫേറ്റ് (mg/l)	200	400
9	ഫ്ലൂറൈഡ് (mg/l)		1.5
10	നൈട്രേറ്റ് (mg/l)	45	45
11	കാൽസ്യം (mg/l)	75	200
12	മഗ്നീഷ്യം (mg/l)	30	100
13	ഇരുമ്പ് (mg/l)	0.3	0.3

14	മാംഗനീസ് (mg/l)	0.1	0.3
15	ചെമ്പിന്റെ അംശം (mg/l)	0.05	1.5
16	അലൂമിനിയം (mg/l)	0.03	0.2
17	ക്ഷാരത്വം (mg/l)	200	600
18	അവിഷിപ്ത ക്ലോറിൻ (mg/l)	0.2	1
19	നാകം (mg/l)	5	15
20	ഫിനോലിക്സംയുക്തങ്ങൾ (mg/l)	0.001	0.002
21	ആനയോണിക് ഡിറ്റർജന്റ് (mg/l)	0.2	1
22	ധാതു എണ്ണ (mg/l)	0.5	.5
23	ആർസനിക് (mg/l)	0.01	0.05
24	കാഡ്മിയം (mg/l)	0.003	.003
25	ക്രോമിയം (mg/l)	0.05	0.05
26	സയനൈഡുകൾ (mg/l)	0.05	0.05
27	ഈയം (mg/l)	0.01	0.01
28	മെർക്കുറി	0.001	0.001
29	പോളീന്യൂക്ലിയർ ഹൈഡ്രോകാർബണുകൾ (mg/l)	0.0001	0.0001
30	ആൽഫാ കിരണങ്ങൾ വമിപ്പിക്കുന്ന വസ്തുക്കൾ (Bq/l)	0.1	0.1
31	ബീറ്റാ കിരണങ്ങൾ വമിപ്പിക്കുന്ന വസ്തുക്കൾ (Bq/l)	1	1

4.1.3 കുടിവെള്ള വിതരണവും ശുദ്ധീകരണ ശാലകളും

മാലിന്യരഹിതവും അണുവിമുക്തവുമായ ജലം സമൂഹത്തിലെത്തിക്കുക എന്നുള്ളതാണ് ജലശുദ്ധീകരണത്തിന്റെ പരമമായ ലക്ഷ്യം. ശുദ്ധീകരണത്തിൽ ഏതൊക്കെ മാർഗ്ഗങ്ങൾ ഉപയോഗിക്കണമെന്നത് സ്രോതസിലെ ജലത്തേയും ഗുണമേന്മയുടെ തോതിനേയും ആശ്രയിച്ചിരിക്കുന്നു. സാധാരണയായി ജല ശുദ്ധീകരണ ശാലകളിൽ എയ്റേഷൻ, ഫ്ളോക്കുലേഷൻ, ക്ലാരിഫിക്കേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫക്ഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സ്രോതസിൽ നിന്ന് ശേഖരിക്കുന്ന വെള്ളം വായുവുമായി സമ്പർക്കം പുലർത്തി ദുർഗന്ധവും മറ്റും അകറ്റുന്ന പ്രക്രിയയാണ് എയ്റേഷൻ. ഈ ജലം പിന്നീട് ക്ലാരിഫയറിൽ എത്തിച്ച് അതിലുള്ള ഖര പദാർത്ഥങ്ങളെ അടിയിപ്പിക്കുന്നു. ഇതിനുവേണ്ടി സാധാരണയായി ആലം ഉപയോഗിക്കുന്നു. pH മൂല്യം ക്രമീകരിക്കുന്നതിനായി കുമ്മായവും ചേർക്കുന്നു. പിന്നീട് വിവിധ തട്ടുകളുള്ള ഫിൽറ്റർ ബെഡ്ഡിലേക്ക് കടത്തിവിടുന്നു. അവിടെ നിന്നും അരിച്ചെടുക്കുന്ന ജലത്തെ അണുവിമുക്തമാക്കുന്നതിനുവേണ്ടി ക്ലോറിൻ വാതകവുമായി സമ്പർക്കം പുലർത്തുന്നു. ഈ പ്രക്രീയയാണ് ഡിസ്ഇൻഫക്ഷൻ. ആവശ്യമായ ഇടവേളകളിൽ മേൽപറഞ്ഞ ശുദ്ധീകരണ ഘടകങ്ങൾ ശുദ്ധജലം ഉപയോഗിച്ച് കഴുകി പൂർവ്വ സ്ഥിതിയാലാക്കുന്നുണ്ട്.

5. നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ

പത്തനംതിട്ട ജില്ലയിലെ വൻകിട പദ്ധതികളും, ഭൂരിഭാഗം ചെറുകിട പദ്ധതികളും നടപ്പാക്കി പരിപാലിച്ചു വരുന്നതു കേരള ജല അതോറിറ്റിയാണ്. ഭൂഗർഭ ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് മിനി/മൈക്രോ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പരിമിത എണ്ണം കുടുംബങ്ങൾക്കുവേണ്ടിയുള്ള മൈക്രോ കുടിവെള്ള പദ്ധതികളും, മഴവെള്ള സംഭരണികളും, ത്രിതല പഞ്ചായത്തുകളും ജലനിധിയും സ്ഥാപിച്ചു വരുന്നു.

5.1 ഭൂജല വകുപ്പ്

ഭൂജല വകുപ്പ് ജില്ലയിൽ കുഴൽ കിണറുകൾ നിർമ്മിച്ച് മിനി/മൈക്രോ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഹാൻഡ് പമ്പ് പദ്ധതികളും നടത്തി വരുന്നു. മഴ വെള്ള കൊയ്ത്തിലൂടെ സംഭരണ പിറ്റുകൾ നിർമ്മിച്ച് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികളും നടപ്പിലാക്കി വരുന്നു.

നഗരവൽക്കരണം ആധുനികവൽക്കരണം അധിക ഭൂജല ചൂഷണം തുടങ്ങിയ കാരണങ്ങളാൽ ഭൂജലത്തിന്റെ അളവ് കുറഞ്ഞ് വരുന്ന ഈ സാഹചര്യത്തിൽ ഇത് തടയുന്നതിനായി കൃത്രിമ ഭൂജലപരിപോഷണ പദ്ധതികൾ ആവശ്യമാണ്. അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് കെട്ടിടങ്ങളുടെ മേൽക്കൂരയിലെ വെള്ളം കുഴികൾ നിർമ്മിച്ച് അതിൽ ശേഖരിച്ച് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ശാസ്ത്രീയ പഠനങ്ങൾ നടത്തി സബ്സർഫസ് ഡൈക്കുകൾ, ചെക്ക് ഡാമുകൾ, തുറന്ന കിണർ മഴവെള്ള റീചാർജ് എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഭൂജല സ്രോതസ്സിൽ കുറവ് വരുന്ന പ്രദേശങ്ങളിൽ സമഗ്രമായ ഭൂജല സംപോഷണ പരിപാടികൾ നടപ്പിലാക്കുക വഴി പ്രസ്തുത സ്ഥലങ്ങളിലെ ഭൂജലവിതാനം ഉയർത്തുന്നതിന് സാധിക്കും. ഇതിലേക്കായി കിണർ റീചാർജിങ്ങ്, മഴക്കുഴികൾ, തടയണ, അടിയണ മറ്റ് അനുബന്ധ പ്രവർത്തനങ്ങളും ഭൂപ്രകൃതിക്ക് അനുസരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇവയിൽ ഏറ്റവും പ്രയോജനവും അഭികാമ്യവും ആയ മാർഗ്ഗമായ തുറന്ന കിണർ റീചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിലും സാമ്പത്തിക സഹായത്തിലും ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. തുറന്ന കിണറിനു സമീപം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പി.വി.സി. ഗട്ടർ പൈപ്പ് വഴി ശേഖരിച്ച് അനുയോജ്യമായ ഫിൽറ്റർ മീഡിയ വഴി തുറന്ന കിണറിലേക്ക് ഒഴുക്കിവിട്ട് ഭൂജലവിതാനം ഉയർത്തുന്ന രീതിയാണിത്.

പട്ടിക 4.42

കൃത്രിമ ഭൂജല റീചാർജ് പദ്ധതികളുടെ വിവരം

വർഷം	സ്ഥലം	മണ്ഡലം	പഞ്ചായത്ത്	നിർമ്മിതിയുടെ തരം	റിമാർക്സ്
2006–2007	1. പി.എച്ച്.എസ്.എസ്, മെഴുവേലി	ആറൻമുള	മെഴുവേലി	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
2008–09	2.ഗവഃപോളി ടെക്നിക്ക് കോളേജ്, വെണ്ണിക്കുളം	റാന്നി	മല്ലപ്പള്ളി	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
2009–10	3.അടൂർ ഗവഃഎഞ്ചിനീയറിംഗ് കോളേജ്,	അടൂർ	അടൂർ മുനിസിപ്പാലിറ്റി	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
2011-12	4.ഗവഃഎച്ച്.എസ്.എസ്, കൈപ്പട്ടൂർ	പത്തനംതിട്ട	ഓമല്ലൂർ	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
	5.ഗവഃവി.എച്ച്.എസ്.എസ്, പത്തനംതിട്ട	പത്തനംതിട്ട	പത്തനനംതിട്ട മുനിസിപ്പാലിറ്റി	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
2015-16	6.എസ്.എൻ.ഡി.പി, എച്ച്.എസ്.എസ്, മുട്ടത്തുകോണം(മെയിൻ ബ്ലോക്ക്)	ആറൻമുള	ചെന്നീർക്കര	റീചാർജ്ജ് പിറ്റ്	പൂർത്തീകരിച്ചു
"	7.എസ്.എൻ.ഡി.പി,	"	ചെന്നീർക്കര	റീചാർജ്ജ്	പൂർത്തീകരിച്ചു

	എച്ച്.എസ്.എസ്, മുട്ടത്തുകോണം (ഫസ്റ്റ്ഇയർ ബ്ലോക്ക്)			പിറ്റ്	
2017-18	8.എസ്.എ.വി ഹൈ സ്ക്കൂൾ (മാർ ഗ്രിഗോറിയസ് ബ്ലോക്ക്)	കോന്നി	സീതത്തോട്	റീചാർജ്ജ് പിറ്റ്	എസ്റ്റിമേറ്റ് സമർപ്പിച്ചു.
"	9. എസ്.എ.വി ഹൈ സ്ക്കൂൾ (മെയിൻ ബ്ലോക്ക്)	കോന്നി	"	റീചാർജ്ജ് പിറ്റ്	എസ്റ്റിമേറ്റ് സമർപ്പിച്ചു
"	10.ഗുരുകുലം യു.പി.എസ്	കോന്നി	"	റീചാർജ്ജ് പിറ്റ്	എസ്റ്റിമേറ്റ് സമർപ്പിച്ചു
"	11.ഗവഃഎച്ച്.എസ്. ഇടമുറി	റാന്നി	വെച്ചൂച്ചിറ	റീചാർജ്ജ് പിറ്റ്	പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.
"	12.ഗവഃഎച്ച്.എസ്.എസ് ഇടമുറി	റാന്നി	"	റീചാർജ്ജ് പിറ്റ്	പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.
"	13.ഗവഃഐ.റ്റി.ഐ	അടൂർ	കൊടുമൺ	റീചാർജ്ജ് പിറ്റ്	പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.
"	14.ചെറുലയം സ്ക്കൂൾ	അടൂർ	പന്തളം തെക്കേക്കര	റീചാർജ്ജ് പിറ്റ്	പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

ലോകബാങ്കിന്റെ സഹായത്തോടെ ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി നടത്തി വരുന്ന ഹൈഡ്രോളജി പ്രോജക്ടിന്റെ ഗ്രൗണ്ട് വാട്ടർ ഘടകം ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ പ്രവർത്തനത്തിനായി ജില്ലാ ഡേറ്റാ സെന്റർ പ്രവർത്തിച്ചുവരുന്നു. പ്രോജക്ടിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചു. ആയതിന്റെ ഭാഗമായി 39 നിരീക്ഷണ കിണറിൽ നിന്നും ജലനിരപ്പ്, ജല സാമ്പിളുകൾ എന്നിവ ശേഖരിക്കുന്നു. ജല നിരപ്പും ജല പരിശോധനാ ഫലവും ഡേറ്റാബേസിൽ ശേഖരിക്കുന്നു. ജില്ലാ ഡേറ്റാ സെന്ററിൽ സൂക്ഷിക്കുകയും ആയത് ദുരന്തനിവാരണ സെല്ലിനും സംസ്ഥാന സെന്ററിലും നൽകുന്നു. പ്രതിമാസ ജലവിതാന റിപ്പോർട്ടും താരതമ്യ പഠന റിപ്പോർട്ടും സംസ്ഥാന ഡേറ്റാ സെന്ററിൽ അയക്കുന്നു.

ഹൈഡ്രോളജി പ്രോജക്ടിന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 61 സ്ളിം ഹോളുകൾ ജില്ലയിൽ നിർമ്മിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് പത്തനംതിട്ട ജില്ലാ ഓഫീസ് 2017-18 ൽ നടപ്പിലാക്കിയ മൈക്രോ കുടിവെള്ള പദ്ധതികൾ താഴെ കൊടുക്കുന്നു.

1. ഐക്കരമാലമോടി, ആറന്മുള പഞ്ചായത്ത്.
2. മോതിരവയൽ കോളനി, റാന്നി പഴവങ്ങാടി പഞ്ചായത്ത്.
3. ആഞ്ഞിലിമൂട്ടിൽ എസ്.സി. കോളനി, മൈലപ്ര പഞ്ചായത്ത്.
4. നാമക്കുഴി സെറ്റിൽമെന്റ് കോളനി, മെഴുവേലി പഞ്ചായത്ത്
5. അംഗൻവാടി 72, അയിരൂർ പഞ്ചായത്ത്.
6. പാലിശേരി കോളനി, പത്തനംതിട്ട മുനിസിപ്പാലിറ്റി.
7. മാലേത്ത് കാല കോളനി, ആറന്മുള പഞ്ചായത്ത്.
8. കൊക്കവള്ളിൽ, അയിരൂർ പഞ്ചായത്ത്.

9. കടവുപുഴ, റാന്നി – അങ്ങാടി പഞ്ചായത്ത്.

10. ചക്കാനിൽ, കൊറ്റനാട് പഞ്ചായത്ത്.

11. പനക്കപതാൽ, കൊറ്റനാട് പഞ്ചായത്ത്.

12. മുരുന്തേക്കാല, ഇടപ്പാവൂർ– ഐരൂർ പഞ്ചായത്ത്.

13. അംഗൻവാടി 72 – എക്സ്റ്റൻഷൻ.

5.2 ത്രിതല പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ

പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ സ്ഥിതി വിവര കണക്ക് പട്ടിക 4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിൽ ആകെ 86 പൊതുകിണറുകൾ നിലവിലുണ്ട്. കുഴൽ കിണറുകൾ ആകെ 140 എണ്ണം ഉണ്ട്. അവയിൽ 125 എണ്ണം ഹാന്റ് പമ്പ് ഉപയോഗിച്ച് പ്രവർത്തി പ്പിക്കുന്നു. മറ്റുള്ളവ മോട്ടോർ ഉപയോഗിച്ചുള്ളവയുമാണ്. കെട്ടിട നിർമ്മാണ ചട്ട പ്രകാരം മഴവെള്ള സംഭരണിയുടെ നിർമ്മാണം അനിവാര്യമായതിനാൽ ജില്ലയിൽ വ്യക്തിഗത സംഭരണികളുടെ എണ്ണ ത്തിൽ വർദ്ധനവ് കാണുന്നു.

5.3 ജലനിധി

ജില്ലയിലെ നാലു പഞ്ചായത്തുകളിൽ ജലനിധി വഴി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് കൊടുമൺ, കോന്നി എന്നീ പഞ്ചായത്തുകളിൽ ജലനിധി ഒന്നാം ഘട്ടമായും, റാന്നി, കുന്നംന്താനം എന്നീ പഞ്ചായത്തുകളിൽ രണ്ടാം ഘട്ടമായും നടപ്പിലാക്കിയിട്ടുണ്ട്.

പട്ടിക 4.43. പഞ്ചായത്ത്/മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതികൾ

ക്രമ നമ്പർ	പഞ്ചായത്ത് / മുനിസിപ്പാലിറ്റി	വാർഡുകളുടെ എണ്ണം	കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വാർഡുകൾ	ടാങ്കർ ലോറിയിൽ ജലം നൽകുന്ന സ്ഥലങ്ങൾ	പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ		ജല സ്രോതസ്സുകൾ		കുഴൽ കിണർ		മഴവെള്ള സംഭരണികൾ	
					നിലവിലുള്ളവ	നിർമാണം നടന്നു വരുന്നവ	പൊതു കിണർ	കുളം/തണ്ണീർതടങ്ങൾ	ഹാൻഡ് പമ്പ് ഉപയോഗിച്ചുള്ളവ	മോട്ടോർ ഉപയോഗിച്ചുള്ളവ	പൊതു സ്ഥലത്തുള്ളവ	വ്യക്തിഗതം
1	പത്തനംതിട്ട നഗരസഭ	32	പെരിങ്ങമല, അഞ്ചക്കാല, വഞ്ചിപൊയ്ക, ശാരദാമഠം, മുല്ലുകോട്ടയ്ക്കൽ, പൂവൻപാറ, കൗരളിപുരം, മൈലാടുംപാറ താഴം, മൈലാടും പാറ, കുമ്പഴ ഈസ്റ്റ്, ചുരുളിക്കോട്.		6	1	4	14	18	3	15	

2	അടൂർ	28	1,2,3,22,23,28,	നഗര സഭ യിലെ മിക്ക പ്രദേശങ്ങളും			39	20	4			
3	പന്തളം നഗര സഭ	33	തോന്നല്ലൂർ, കുരമ്പാല തെക്ക്, ആതിര മല പടിഞ്ഞാറ്, തവളക്കുളം, പൂഴിക്കാട്, പൂഴിക്കാട് പടിഞ്ഞാറ്	വാർഡ് – 1, 2,4,7,8,11,12,13,16,17,18 ,20, 21, ,22 ,24, 29			1	54	1		3	4
4	തിരുവല്ല നഗര സഭ	39	1,2,4,5,6,7,8,9,10, 11,12,15,16,17,18,19,22,24,33,38	നഗര സഭ യിലെ മിക്ക പ്രദേശങ്ങളും			27	1				1500
5	ചെന്നീർക്കര	14	1 മുട്ടത്തുകോണം, 2–ഇടനാട്,3–പ്രക്കാനം,4–മുട്ടുക്കുടുക്ക,5–ഉമ്മിണിക്കാവ്,13–ഊന്നുകല്,14–നല്ലാനിക്കുന്ന്, 6–വൊട്ടോലിമല	മുട്ടത്തുകോണം, ഇടനാട്,പ്രക്കാനം,മുട്ടുക്കുടുക്ക,വെട്ടോലിമല,ഉമ്മിണിക്കാവ്,വാലുതറ,മതമഞ്ഞിനിക്കര, മാത്തൂർ,അമ്പലക്കടവ്,മുറിപ്പാറ,ചെന്നീർക്കര, ഊന്നുകല്, നല്ലാനിക്കുന്ന്	0	0	2	2	7	0	1	14
6	ചെറുകോൽ	13	13 വാർഡുകളും	13 വാർഡുകളിലെ വിവിധ പ്രദേശങ്ങൾ	0	0	0	0	7	0	1	4
7	ഇലന്തൂർ	13	13 വാർഡുകളും	13 വാർഡുകളിലെ വിവിധ പ്രദേശങ്ങൾ	0	0	21	6	9	0	0	0
8	കോഴഞ്ചേരി	13	എല്ലാ വാർഡുകളും	എല്ലാ വാർഡുകളും			1	3	1		1	13
9	മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്	13	നെല്ലിക്കാല, കാരംവേലി, പുന്നയ്ക്കാട്, ഓന്തേക്കാട്, കർത്തവ്യം, കുറുന്താർ	പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും			9		13	5		39
		14	എല്ലാ വാർഡുക	14 വാർഡു	0	0	3	9	21	0	0	0

10	നാരങ്ങാനം		ളിലും	കളും								
11	ഓമല്ലൂർ ഗ്രാമ പഞ്ചായത്ത്	14	ചീക്കനാൽ, മുള്ളനിക്കാട് , വാഴമുട്ടം, വാഴമുട്ടം നോർത്ത്, പറയനാലി	പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും	3		2	7	5		14	50
12	അയിരൂർ	16	എല്ലാ വാർഡുകളിലും	16 വാർഡുകളിലേയും വിവിധ പ്രദേശങ്ങള്	6	1	19	7	40	3	8	0
13	ഇരവിപേരൂർ	17	ഇരവിപേരൂർ സൗത്ത്, തോട്ടപ്പുഴ, ഈസ്റ്റ് ഓതറ, ഓതറ, ഓതറ വെസ്റ്റ്, കോഴിമല, നന്തൂർ ഈസ്റ്റ്, നന്തൂർ വെസ്റ്റ്, വള്ളംകുളം വെസ്റ്റ്, നെല്ലാട്	ഇരവിപേരൂർ സൗത്ത്, തോട്ടപ്പുഴ, ഈസ്റ്റ് ഓതറ, ഓതറ, ഓതറ വെസ്റ്റ്, കോഴിമല, നന്തൂർ ഈസ്റ്റ്, നന്തൂർ വെസ്റ്റ്, വള്ളംകുളം വെസ്റ്റ്, നെല്ലാട്	13							
14	എഴുമറ്റൂർ	14	കൊറ്റൻകുഴി, മലേക്കീഴ്, മേത്താനം, എഴുമറ്റൂർ, ഇണ്ടനാട്, ഇടയ്ക്കാട്, വാളക്കുഴി, വള്ളിക്കാല,കൊട്ടിയമ്പലം, വേങ്ങഴ, ശാന്തിപുരം	കൊറ്റൻകുഴി, മലേക്കീഴ്, മേത്താനം, എഴുമറ്റൂർ, ഇണ്ടനാട്, ഇടയ്ക്കാട്, വാളക്കുഴി, വള്ളിക്കാല,കൊട്ടിയമ്പലം, വേങ്ങഴ, ശാന്തിപുരം	5		14	9	22	5	3	220
15	കോയിപ്രം	17	7,8,15 എന്നിവ ഒഴികെയുള്ള എല്ലാ വാര്ഡുകളും	7,8,15 എന്നിവ ഒഴികെയുള്ള എല്ലാ വാര്ഡുകളും		0	14	8	1	0	0	0
16	പുറമറ്റം	13	13 വാർഡുകളിലും	13 വാര്ഡുകളും	0	0	0		2	0	3	15
17	തോട്ടപ്പുഴശ്ശേരി	13	പുതുശേരിമല കിഴക്ക്, പുതുശേരിമല പടിഞ്ഞാറ്, ഇഞ്ചോലില്, ഉതിമുട്, പാലച്ചുവട്, കരിങ്കുറ്റിക്കല് , തെക്കേപ്പുറം	ചുവട്ടുപാറ,ആന്താലിമണ്ണ്,പെരുമ്പാറ,മൈലാടുംപാറ,പരുത്തിമുക്ക്,കോളഭാഗം,വട്ടമല,ചേങ്ങമല,പനക്കല്,പനക്കതടം,മരംകൊള്ളി, പൂവന്പാറ,പുളിമൂട്ടില്പടി.കാലായില്പടി,ചക്കിട്ടപടി,പൊന്മല,നിരവ്ല്കോളനി,കുന്നോക്കാലി,അഴകോത്ത്പടി,നെല്ലിമല കോളനി, ചാക്കമാര്								

				കോളനി,വൈ.എം.സി.എ മുകള്ഭാഗം കോളനി, കണിപറമ്പ്,വടക്സ്ഥാനം,മൂത്തേടം,പാറക്കൂട്ടം കോളനി, സി.എം.എസ് സ്ക്കൂള്,കളമ്പാട്ട് പാറ,ചെറുകാട്ട്പടി								
18	അരുവാപ്പുലം	15	എല്ലാ വാർഡുകളിലും	എല്ലാ വാർഡുകളിലും			39	25	10		3	6
19	കോന്നി	18	എല്ലാ വാർഡുകളിലും	കോളനി,പാറയില് കാവ് ഭാഗം, വെളിയത്ത് മല ഭാഗം, എലിയറയ്ക്കല്, തടത്തില് ഭാഗം,പ്ളാവനാക്കുഴി, മച്ചിക്കാട്, പ്ളാക്കാട്ട് പടി, അളിയന്മുക്ക്, കക്കുന്നത്ത് ഭാഗം,കാര്മല ചേരിക്കല്, അടുകാട്, കോയിക്കല് മുരുപ്പ്, മിച്ചഭൂമി, പയ്യനാമണ് ലക്ഷംവീട്, മച്ചിക്കാട് മുരുപ്പ്, അളിയന്മുക്ക്, കക്കുന്നത്ത് ഭാഗം	0	0	2	1	10	0	2	19
20	മലയാലപ്പുഴ	14	ഒള്ളിയാനി മുക്കുഴി, പൊതിപ്പാട്, പുതുക്കുളം തോട്ടം, ഇലക്കുളം, കിഴക്കുപ്പുറം, വെട്ടൂർ, വെട്ടൂർ ഠൗൺ, വടക്കുംപുറം, മലയാലപ്പുഴ ഠൗൺ, ചേറാടി, കോഴിക്കുന്ന്				14	15				
21	മൈലപ്ര	13	എല്ലാ വാർഡുകളിലും	മേക്കൊഴൂര്,വല്ല്യന്തി,അഞ്ചാനി,കറ്റാടി,മണ്ണാറക്കുളഞ്ഞി, കാവുങ്കല് ഭാഗം,മേല്പ്പത്തൂര്,പാറയില്,ഇടക്കുളം,മന്തപ്പുഴപ	0	0	2	0	18	0	1	0

				ടി-കുടിലില് പടി, കാട്ടുകല്ലില								
22	പ്രമാടം	19	19 വാർഡുകളിലും	19 വാര്ഡുകളിലെ വിവിധ പ്രദേശങ്ങള്	0	0	4	21	0	0	0	31
23	തണ്ണിത്തോട്	13	മണ്ണീറ, അള്ളുങ്കൽ, തുമ്പാക്കുളം, മേക്കണ്ണം, പഞ്ചായത്തുപടി, തണ്ണിത്തോട് മുഴി, തേക്കുതോട് സെൻട്രൽ, ഏഴാന്തല.	മണ്ണീറ, അള്ളുങ്കൽ തുമ്പാക്കുളം, മേത്തട്ട്, മേക്കണ്ണം, മൂർത്തിമൺ, ശ്രീലങ്കമുരിപ്പ്, പട്ടേരുപ്പടി, കോട്ടമുരിപ്പ്.			3	4	2			
24	വള്ളിക്കോട് ഗ്രാമ പഞ്ചായത്ത്	15	നരിയാപുരം, കൈപ്പട്ടൂർ, കൈപ്പട്ടൂർ കിഴക്ക്, മായാലിൽ, വള്ളിക്കോട്, വാഴമുറ്റം, കാഞ്ഞിരപ്പാറ, കിടങ്ങേത്ത്, നരിയാപുരം കിഴക്ക്, ഞക്കുന്നിലം, പൈനുമൂട്,, വെള്ളപ്പാറ, കുടമുക്ക്, കല്ലുവിള വയലാ വടക്ക്	എല്ലാ വാർഡുകളിലും			11	18	35			3
25	ആനിക്കാട് പഞ്ചായത്ത്	13	വാർഡ് I, II, V, VI, VII, VIII, XIII,	മാരിക്കൽ, നല്ലാർപടവ്, പൊന്നിരിക്കുംപാറ, ഹനുമാൻകുന്ന്, വാളുവേലി, പൂവൻപാറ, പൊടിപ്പാറ, കുന്നംഭാഗം, ചക്കാലകുന്ന്, കാവുംകഴ, കൊച്ചുഴത്തിൽ, ചിട്ടിമുക്ക്, സ്റ്റോർമുക്ക്, പുളിക്കാമല, കുളത്തുങ്കൽ കവല, വെങ്ങളത്തുകുന്ന്, വള്ളിയാംകുളം, തവളപ്പാറ								
26	കവിയൂര്	14	14 വാര്ഡുകളും	മത്തിമല,പുളിമല, ആനപ്പാറ, 18കടുവിളാംപാറ	0	0	5	0	2	0	3	0

27	കൊറ്റനാട്	13	അത്യാല്,പെരുന്പെട്ടി,ചുട്ടുമണ്,കരിയംപ്ലാവ്,കണ്ടന്പേരൂര്,കളംപാല,വ്ദാവനം,മഠത്തുംചാല്,തീയാടിക്കല്,വെള്ളയില്,ചാന്തോലി,ചാലാപ്പള്ളി,പുളേളാലി	കോളനി,പൊട്ടരുവിക്കല്,കണ്ണനാട്ട,ചാന്തോലില്?,കുന്നംപാറമട,കുന്നം,ഉ്പപുമാങ്കല്,അറുകാലിക്കല,കാലായില്?പടി,ചാലാപ്പള്ളി,പൂശനാട്ട,ചെട്ടിയാര്മുക്ക്,പ്ലാച്ചേരി,കോപ്പൊയ്കയില്	0	0	32	1	15	1	4	14
28	കല്ലുപ്പാറ	14	14 വാര്ഡുകളും	കുംഭമല,പള്ളിക്കകുഴി,വെള്ളാംപൊയ്ക,മാരേട്ട്തോപ്പ്,തുരുത്തിക്കാട്,വട്ടമല,നെടുമ്പാറ,അമ്പലക്കുന്ന്,മേലേചെള്ളേട്ട്,ചാമക്കുന്ന്,മുടിമല,കാഞ്ഞിരത്തിങ്കല്	0	0	11	0	2	0	6	0
29	കൊറ്റാങ്ങൽ	13	13 വാര്ഡുകളും	പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളും	4		11	5	18	1	4	8
30	കുന്നന്താനം	15	15 വാര്ഡുകളും	എല്ലാ വാർഡുകളിലും	0	0	3	2	8	0	0	367
31	മല്ലപ്പള്ളി	14	മങ്കുഴി, മഞ്ഞക്കാനം, മല്ലപ്പള്ളി ഠൗൺ, മുട്ടത്തുമൺ, മുരണി, പരയ്ക്കത്താനം, നാരകത്താനി, കീഴ്വയ്പ്പൂർ സൗത്ത്, കിഴക്കേകര, കീഴ്വയ്പ്പൂർ ഈസ്റ്റ്, പുന്നമറ്റം, പരിയാരം, മല്ലപ്പള്ളി വെസ്റ്റ്, നെല്ലിമൂട്	മങ്കുഴി, മഞ്ഞക്കാനം, മല്ലപ്പള്ളി ഠൗൺ, മുട്ടത്തുമൺ, മുരണി, പരയ്ക്കത്താനം, നാരകത്താനി, കീഴ്വയ്പ്പൂർ സൗത്ത്, കിഴക്കേകര, കീഴ്വയ്പ്പൂർ ഈസ്റ്റ്, പുന്നമറ്റം, പരിയാരം, മല്ലപ്പള്ളി വെസ്റ്റ്, നെല്ലിമൂട്	1	1	37					45
32	ആറന്മുള	18	16 വാർഡുകളിലും	കുറിച്ചിമുട്ടം, എരുമക്കാട്, കോമാട്ടുമോടി, പരുത്തുപാറ, മലയുടെ ചരുവില്, വല്ലന,നീരിളാകം, കരയത്തുകോളനി,പൊട്ടന്മല, ലക്ഷംവീട്, കുരുട്ടുമോടി	10	1	48	10	18	1	0	140
33	കുളനട	16	മാന്തുക, മാന്തുക കിഴക്ക്, ഉള്ളന്നൂര്, ഉള്ളന്നൂര്കിഴക്ക്, കടലിക്കുന്ന്, പുതുവാക്കല്, പാണില്,	കക്കട, കുരുമ്പിലേത്ത്പടി, അയന്തി കോളനി, ആഞ്ഞിലിമൂട് കോളനി,	0	0	31	11	26	0		

			പുന്നക്കുന്ന്, തുമ്പമണ് നോര്ത്ത്, തുമ്പമണ്താഴം, ഉളനാട്, പനങ്ങാട്, കൈപ്പുഴ, കുളനട, കുളനട വടക്ക്, ഞെട്ടൂര്	പനച്ചക്കാല മോടി, കൈതക്കുളഞ്ഞി, മാന്താനത്ത് ഭാഗം,എലിവേലില പടി, ആര്യാട്ടുമോടി, വെട്ടിക്കുന്ന് കോളനി, മുകളുംപുറത്ത്, ആലുനില്ക്കുന്നമു കടിയില്, മുകളുമ്പുറം, മുകളശ്ശേരില്, ചുവട്ടാന, വട്ടയം, തിരുവമ്പാടി, കൊച്ചരികുന്നു കോളനി, വട്ടയത്ത്, കക്കുന്നില്, മുണ്ടുവേലില്, കരിമല, പാണില്, കരിമല അംബേദ്ക്കര് കോളനി, വട്ടവിളവലിയകാ ലാ കോളനി, കാളുവേലില് കോളനി, കുരുട്ടുമോടി, മണത്തറ, പൂക്കൈത, ആല്ത്തറപ്പാട്ട്, ചൊള്ളന്മല, മണ്ണില്മോടിയില്, ഞാറക്കാട്ട്, കലാവേദി, ഊരാളിമേപ്പുറം കോളനി, വട്ടംകുന്നു കോളനി, മൂന്നുപ്ലാവ് വടക്ക്, പുഴികുന്നില്, പള്ളിപറമ്പില്, പാണ്ടിശ്ശേരി, ഗുരുനാഥന്മുകടി, നാലുതുണ്ടില്, കുറ്റിമോടിയില്, കൈപ്പുഴ ഇന്ഫര്മേഷന് സെന്റര്, കേരള വര്മ്മ വായനശാല, പാലയ്ക്കാട്ടുമോടി കോളനി, കക്കുന്നില്പടി, മലയിരിക്കുന്നതി ല് കോളനി, വെള്ളങ്ങാട്ട് കളിലേത്ത്, മനോരമപടി, കുമ്പിളമോടി,								

				വളച്ചേരില്ഭാഗം,മൂത്തേടത്ത്								
34	മെഴുവേലി	13	എല്ലാ വാർഡുകളിലും	എല്ലാ വാർഡുകളും	0	0	10	9				
35	പന്തളം തെക്കേക്കര	14	14	14	0	0	23	19	13	0	0	24
36	തുമ്പമൺ ഗ്രാമപഞ്ചായത്ത്	13	മുട്ടം വടക്ക്, മുട്ടം കിഴക്ക്, മാമ്പിലാലി വടക്ക്, മാമ്പിലാലി തെക്ക്, വിജയപുരം കിഴക്ക്, വയലിനും പടിഞ്ഞാർ വടക്ക്, തുമ്പമൺ, വിജയപുരം, മുട്ടം.	മുട്ടം വടക്ക്, മുട്ടം കിഴക്ക്, മാമ്പിലാലി വടക്ക്, മാമ്പിലാലി തെക്ക്, വിജയപുരം കിഴക്ക്, വയലിനും പടിഞ്ഞാർ വടക്ക്, തുമ്പമൺ, വിജയപുരം, മുട്ടം.			9	3	6		0	418
37	ഏനാദിമംഗലം	15	15 വാർഡുകളിലും	15 വാർഡുകളിലും	4		31	9	8	1		179
38	ഏറത്ത് പഞ്ചായത്ത്	17	മുരുകൻകുന്ന്, കിളിവയൽ, പരുന്തൻപാറ, വയല, ചാത്തന്നൂർപുരം, പുതുശേരിഭാഗം, പുലിമല, വടക്കടത്തുകാവ്, അത്തിച്ചിറ, തുവയൂർവടക്ക്	പുലിമല, മുരുകൻ കുന്ന്, വയല, പുതുശേരിഭാഗം, കിളിവയൽ, മഹർഷികാവ്, ശ്രീനാരായണപുരം, ജനശക്തി, അത്തിച്ചിറ, വടക്കടത്ത് കാവ്			5	5	5			6
39	ഏഴംകുളം	20	15 വാർഡുകളും	15 വാർഡുകളിലെ വിവിധപ്രദേശങ്ങൾ	0	0	20	22	8	0	0	0
40	കടമ്പനാട്	17	എല്ലാ വാർഡുകളിലും	എല്ലാ വാർഡുകളിലും	0	0	5	2	0	0	0	0
41	കലഞ്ഞൂർ പഞ്ചായത്ത്	20	നെടുമൺകാവ്, മുറിഞ്ഞകൽ, അതിരുങ്കൽ, തട്ടാക്കുടി, മാങ്കോട്, കൂടൽ ഠൗൺ	കൈലാസം കുന്ന്, മൊട്ടപ്പാറ, പാക്കണ്ടം, ഇഞ്ചപ്പാറ, അഞ്ചുമുക്ക്, കുളത്തുമൺ, തട്ടാക്കുടി, പാടം, വാണിയംപാറ, സ്റ്റേഡിയം കോളനി, വട്ടുതറ, ചെറിയകോണം, കല്ലറേത്ത്, കാരുവയൽ, ചെമ്പ് മുരുപ്പ്, കുരങ്ങയ്യം, പല്ലൂർ,	8	1	23	36	17	2	9	264

				കൊട്ടന്തറ								
42	കൊടുമൺ	18	18 വാർഡുകളും	18 വാർഡുകളിലെ വിവിധപ്രദേശങ്ങള്	0	0	16	54	43	13	16	37
43	പള്ളിക്കൽ	23	എല്ലാ വാർഡുകളിലും	എല്ലാ വാർഡുകളിലും			15	6	5	1	1	
44	കടപ്ര ഗ്രാമ പഞ്ചായത്ത്	15	എല്ലാവാർഡുകളിലും	എല്ലാവാർഡുകളിലും			4	3			2	0
45	കുറ്റൂര്	14	14 വാർഡുകളും	പള്ളിപ്പുറം,ഇടശ്ശേരിഭാഗം,പ്ലാമ്പറമ്പ്മല,ചൊഴിയന് പാറ ഭാഗം,പൊട്ടന്മല,കെ.പി.എം.എസ് ജംഗ്ഷന്,വല്യകുന്നത്ത് ഭാഗം,തച്ചമല,കാഞ്ഞിരത്താംമൂട്,മണ്ണാമലഭാഗം,ചെറുകരയ്ക്കല്പടി,പുത്തന്പുരയാക്കല് പടി,കടവുംപാറ കോളനി,കോട്ടപ്പുറത്ത് ഭാഗം,കോയിക്കല് പ്പടി,കോഴിയാര്പുഞ്ച,കോങ്കരമാലി കോളനി	0	0	5	8	0	0	3	0
46	നിരണം	13	13 വാർഡുകളിലും	13 വാർഡുകളും	0	0	2	2	11	0	2	35
47	നെടുമ്പ്രം	13	2	ഇല്ല	0	0						
48	പെരിങ്ങര	15	15 വാർഡുകളിലും	15 വാർഡുകളിലെ വിവിധപ്രദേശങ്ങള്	0	0	4	3	0	0	2	
49	ചിറ്റാർ	13	13 വാർഡുകളും	13 വാർഡുകളിലെ വിവിധപ്രദേശങ്ങള്	0	0	0	1	5	0	0	
50	നാറാണംമൂഴി	13	എല്ലാ വാർഡുകളിലും	പത്തേക്കര് കുന്ന് പൊട്ടനരുവി,കിഴക്കേല ഭാഗം,വലിയപത	0	0	8	6	0	0	0	13

				ാല്,ചുട്ടിപ്പാറ ഭാഗം, പൊന്നാംപ്പാറ,ചെമ്പന്മുടി, പുള്ളിക്കല് ആറാട്ടുമണ്,ചെമ്പനോലി കടുമിന്ചിറ,ടെമ്പനോലി ഭാഗം,മടന്തമണ്, ചണ്ണത്തടം,ചണ്ണത്തട ഭാഗം,വിയറ്റ്നാം കോളനി,കൊച്ചുകുളം തടം,ഉന്നത്താനി ലക്ഷംവീട് കോളനി,അംബേക്കര് കോളനി,കരിയിലപ്പാറ, കണ്ണംമ്പള്ളി കോളനി, നാറാണംമൂഴി പട്ടികവര്ഗ്ഗ കോളനി								
51	റാന്നി	13	പുതുശേരിമല കിഴക്ക്, പുതുശേരിമല പടിഞ്ഞാറ്, ഇഞ്ചോലില്, ഉതിമുട്, പാലച്ചുവട്, കരിങ്കുറ്റിക്കല് , തെക്കേപ്പുറം	പുതുശേരിമല കിഴക്ക്, പുതുശേരിമല പടിഞ്ഞാറ്, ഇഞ്ചോലില്, ഉതിമുട്, പാലച്ചുവട്, കരിങ്കുറ്റിക്കല് , തെക്കേപ്പുറം		3	5	1	5		0	
52	റാന്നി-അങ്ങാടി	13	എല്ലാ വാർഡുകളിലും	എല്ലാ വാർഡുകളിലും		1	9	3	12	2		44
53	റാന്നി പഴവങ്ങാടി	17	എല്ലാവാർഡുകളിലും	ആനത്തടം, കരിക്കുളം, മോതിരവയൽ, കോളേജ് തടം, മുക്കാഴമൺ, കണ്ണങ്കര, പൂഴിക്കുന്ന്, വക്കപ്പുഴ, പനവേലിക്കുഴി, ഇടമൺ ഐത്തല, ആറ്റിൻഭാഗം, ചേനയ്ക്കൽ, ഇട്ടിയപ്പാറ	1		4	1	2			
54	റാന്നി-പെരുനാട്	15	പെരുനാട്, , മരത്തുമുഴി,, പുതുക്കട, അരയാഞ്ഞിലി, മൺതുലാപ്പള്ളി, നാറാണംതോട്, കിസുമം, ശബരിമല, മണക്കയം, കണ്ണ	പെരുനാട്, മരത്തുമുഴി, പുതുക്കട, കണ്ണനുമൺ, നെടുമൺ, മാമ്പാറ, മാടമൺ	2		7		7	3	5	110

			നുമൺ, നെടു മൺ, മാമ്പാറ, കക്കാട്, മാടമൺ									
55	സീത ത്തോട് ഗ്രാമപ ഞ്ചാ യത്ത്	13	സീതത്തോട് സീതക്കുഴി, ഗുരു നാഥൻ മണ്ണ്, കോട്ടക്കുഴി, മാലു പാറ, കമ്പിലൈൻ. ആങ്ങമുഴി, പാല ത്തടിയാർ, കോട്ട മൺ പാറ, അള്ളു ങ്കൽ	സീതത്തോട് സീതക്കുഴി, ഗുരു നാഥൻ മണ്ണ്, കോട്ടക്കുഴി, മാലുപാറ, കമ്പിലൈൻ. ആങ്ങമുഴി, പാല ത്തടിയാർ, കോട്ട മൺ പാറ, അള ളുങ്കൽ	3	2	3	4	13	5	2	
56	വടശ്ശേരി ക്കര	15	13 വാർഡുകളി ലും	13 വാര്ഡുകളില്-1-കല്ലറയ്ക്കല്,ല ക്ഷംവീട്,പുന്നമൂ ട് പടി,പട്ടയില് വടി,പരുത്തിക്കാ വ് അന്പലം പടി 2-സ്റ്റേഡിയം ,എന്,എസ്.എസ് ,മന്ദിരം,3-കല്ലുപറന്പില് പടി,ഒലിക്കല് പടി,വലിയംകുള ം 4സെന്റ് കോളനി,5-ഒളികല്ല്,6-എസ്. എന്.ഡി.പി സ്ക്കൂളിന് സമീപം,8-ലോട്ടറി കോളനി 10-കോന്പനേലില്, ആലയ്ക്കല് പടി,ഏറത്തേത്ത് പടി,മര്ത്തോമ്മ പള്ളിപ്പടി, തലച്ചിറ11-നെല്ലിപ്പാറ,തെക്ക ുംമല-29, തെക്കുംമല കുരിശ് 12-നെയ്ത്തടം,വാ വാലിക്കണ്ടം,നിര വത്ത് പടി	0	0	34	7	13	0	3	32
57	വെച്ചൂ ചിറ	15	നൂറോക്കാട്, വെൺകുറിഞ്ഞി, ഇടയടത്തി, ചാത്തൻതറ, മണ്ണ ടിശാല, കുത്താട്ടു കുളം, വാകമുക്ക്, പരുവ	കൊല്ലമുള വി ല്ലേജ്, ചേത യ്ക്കൽ വില്ലേജ്			16	4	18		2	105

5.4 കുടിവെള്ള വിതരണവും കേരള ജല അതോറിറ്റിയും

5.4.1. ജലവിതരണം നടത്തിവരുന്ന പദ്ധതികൾ

ജില്ലയിലാകെ കേരള വാട്ടർ അതോറിറ്റിയുടെ ചെറുതും വലുതുമായ 77 കുടിവെള്ള പദ്ധതികളാണ് പ്രവൃത്തിച്ചു വരുന്നത്. ജല അതോറിറ്റിയുടെ പദ്ധതികൾ ഒന്നും തന്നെ നിലവിലില്ലാത്ത രണ്ട് പഞ്ചായത്തുകളാണ് കലഞ്ഞൂർ, സീതത്തോട് എന്നിവ. ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ഒട്ടുമിക്ക ജലവിതരണ സംവിധാനങ്ങളും ARP/NRDWP പദ്ധതികളിൽ പൂർത്തീകരിച്ചിട്ടുള്ളവയാണ്. പന്തളം, കോന്നിതാഴം പദ്ധതികൾ NABARD സഹായത്തോട് പൂർത്തീകരിച്ചിട്ടുള്ളവയാണ്.

ഖണ്ഡിക 4.1.3 –ൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിലുള്ള ശുദ്ധീകരണ ശാലയോട് കൂടിയുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1. അടൂർ – സമീപ പഞ്ചായത്തുകൾ തുടങ്ങിയവയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി
2. കടമ്പനാട് ശുദ്ധജല വിതരണ പദ്ധതി
3. പന്തളം ശുദ്ധജല വിതരണ പദ്ധതി
4. വള്ളിക്കോട് –കൊടുമൺ ശുദ്ധജല വിതരണ പദ്ധതി
5. കോന്നി താഴം ശുദ്ധജല വിതരണ പദ്ധതി
6. തിരുവല്ല ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കായുള്ള നഗര ശുദ്ധജല വിതരണ പദ്ധതി
7. റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര സമഗ്ര ശുദ്ധജല വിതരണ പദ്ധതി
8. കവിയൂർ – കുന്നംന്താനം ശുദ്ധജല വിതരണ പദ്ധതി
9. നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

പത്തനംതിട്ട ജില്ലയിലെ നാല് മുനിസിപ്പാലിറ്റികളിൽ, തിരുവല്ല മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ KIIFB യിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തികളും പദ്ധതി വിപുലീകരണ പ്രവർത്തികളും ആരംഭിച്ചുകഴിഞ്ഞു. പമ്പയാറും മണിമലയാറും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നിലവിലുള്ള പദ്ധതികൾ. പ്രസ്തുത പ്രവർത്തികൾ പൂർത്തിയാകുന്നതോടെ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ആളോഹരി 135 ലിറ്റർ ശുദ്ധീകരിച്ച ജലം നൽകുവാൻ കഴിയും.

പത്തനംതിട്ട, അടൂർ, പന്തളം മുനിസിപ്പാലിറ്റികളിലെ പദ്ധതികളുടെ സ്രോതസ് അച്ചൻകോവിലാറാണ്. പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ നിലവിൽ ക്ലാരിഫിൽറ്റർ സംവിധാനം ഉപയോഗിച്ചാണ് ശുദ്ധീകരണം നടക്കുന്നത്. മതിയായ അളവിലും ഗുണനിലവാരത്തിലും കുടിവെള്ള വിതരണം നടത്തുവാൻ നിലവിലുള്ള പദ്ധതി കൊണ്ടു കഴിയുന്നില്ല. ക്ലാരിഫിൽറ്റർ സംവിധാനം വഴിയുള്ള ശുദ്ധീകരണ പ്രക്രീയ അപര്യാപ്തമാണ്.

കടുത്ത വേനൽ കാലത്ത് പത്തനംതിട്ട നഗരസഭയ്ക്കുവേണ്ടി അച്ചൻകോവിലാറിൽ നിർമ്മിച്ചിരിക്കുന്ന കിണറിലെ ജലദൗർലഭ്യം നഗരത്തിലെ കുടിവെള്ള വിതരണത്തെ കാര്യമായ രീതിയിൽ ബാധിക്കുന്നുണ്ട്. മറ്റു പല ജില്ലാ ആസ്ഥാനങ്ങൾക്കുമുള്ളതുപോലെ ആവശ്യാനുസരണം വെള്ളം ലഭിക്കുന്ന ഒരു പകരം സ്രോതസ്സ് പത്തനംതിട്ട നഗരസഭയ്ക്കു അത്യാവശ്യമാണ്.

അടൂർ മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള പദ്ധതി 1994–ലാണ് കമ്മീഷൻ ചെയ്യപ്പെട്ടത്. 25 വർഷത്തോളം പഴക്കമുള്ള ഈ പദ്ധതിയുടെ സ്ഥാപിത ശേഷി 12.38 MLD യും വിതരണം ചെയ്യുന്നത് 10.40 MLD യുമാണ്. ആളോഹരി 40 ലിറ്ററിൽ താഴെമാത്രമാണ് ഈ പ്രദേശങ്ങളിൽ ജലവിതരണം നടത്തുവാൻ കഴിയുന്നത്. ആഴ്ചയിൽ ഒരു തവണ എന്ന രീതിയിലാണ് അടൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഭൂരിഭാഗം ഗുണഭോക്തൃ മേഖലകളിലും ജലം എത്തുന്നത്. അച്ചൻകോവിലാറിനെ സ്രോതസ്സാക്കിയിട്ടുള്ള നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിന് സാധ്യത ഇല്ലാത്തതിനാൽ ഈ പദ്ധതിയിൽ നിന്നും ജല

വിതരണം നടത്തിവരുന്ന സമീപ പഞ്ചായത്തുകളായ ഏറത്ത്, ഏഴംകുളം, ഏനാദിമംഗലം പഞ്ചായത്തുകൾക്കായി കല്ലടയാറിനെ സ്രോതസ്സാക്കി മറ്റൊരു പദ്ധതി നടപ്പിലാക്കിയാൽ അടൂർ മുനിസിപ്പൽ പ്രദേശത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാകും.

അടൂർ പദ്ധതിയിലെ കാലപ്പഴക്കം ചെന്ന AC പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള പദ്ധതി PWD റോഡ് പുനരുദ്ധാരണത്തിനുള്ള ഉയർന്ന തുകയെചൊല്ലി തടസപ്പെട്ടു കിടക്കുകയാണ്.

പന്തളം മുനിസിപ്പൽ പ്രദേശത്തിനായി 8 mld ശേഷിയുള്ള പദ്ധതി 2016 ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആവശ്യമുള്ള പ്രദേശങ്ങളിലേക്കുള്ള പൈപ്പുലൈനുകൾ നീട്ടി സ്ഥാപിച്ചാൽ മുനിസിപ്പൽ പ്രദേശം മുഴുവൻ 70-100 lpcd നിരക്കിൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയും.

ശുദ്ധീകരണ ശാലയോടുകൂടിയ ജലവിതരണം നടത്തുന്ന പഞ്ചായത്തുകളിൽ കടമ്പനാട് ഒഴികെയുള്ള പഞ്ചായത്തുകളിൽ വിതരണത്തിന്റെ തോത് 40 Lpcd ൽ താഴെയാണ്. NRDWP പദ്ധതികളുടെ നിലവിലുണ്ടായിരുന്ന തോത് 40 Lpcd ആയിരുന്നു. കോന്നി, മലയാലപ്പുഴ പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന NABARD സഹായത്തിൽ പണിതീർത്ത കോന്നി താഴം പദ്ധതിയുടെ വിതരണത്തിന്റെ തോത് 40 Lpcd – ആണ്. കുളനട പദ്ധതിയിൽ സെടിമേന്റേഷൻ ടാങ്കോടുകൂടി പ്രഷർ ഫിൽറ്റർ സംവിധാനമാണ് നിലവിലുള്ളത്. കോട്ടാങ്ങൽ പഞ്ചായത്തിലും പ്രഷർ ഫിൽറ്റർ സംവിധാനമാണ് ശുദ്ധീകരണത്തിനുപയോഗിക്കുന്നത്. മലയാലപ്പുഴ, കല്ലൂപ്പാറ പഞ്ചായത്തുകളിൽ സ്ലോ സാന്റ് ഫിൽറ്റർ ഉപയോഗിച്ചാണ് ശുദ്ധീകരണം നടക്കുന്നത്. മറ്റ് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതികളിൽ സ്രോതസ്സിൽ സ്ഥാപിച്ച ഇൻഫിൽട്രേഷൻ ഗ്യാലറികളിൽ ശേഖരിക്കുന്ന ജലം ക്ളോറിനേഷൻ വഴി അണുനശീകരണം നടത്തി വിതരണം ചെയ്യുന്നു. ഇത്തരം പദ്ധതികളിൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതുവരെ ഇൻഫിൽട്രേഷൻ ഗ്യാലറി സംവിധാനവും, ക്ലോറിനേഷൻ സംവിധാനവും നവീകരിച്ച് ഉപയോഗിക്കേണ്ടതുണ്ട്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എല്ലാ പദ്ധതികളും 70-100 Lpcd നിരക്കിൽ ശുദ്ധീകരണശാലയോട് കൂടിയുള്ളവയാണ്.



4.11 നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സ്ഥലപരവിശകലനം



നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ജലലഭ്യത സ്ഥലപരവിശകലനം

വിതരണ സംവിധാനം

ജില്ലയിൽ പല ഘട്ടങ്ങളായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വഴി ആറായിരത്തിലധികം കിലോമീറ്റർ നീളത്തിൽ വിവിധയിനം പൈപ്പുകൾ സ്ഥാപിച്ച് ജല വിതരണം നടത്തിവരുന്നു. ജില്ലയിൽ ആകെ 16977 പൊതു ടാപ്പുകളും, 86579 ഗാർഹിക കണക്ഷനുകളും 5267 ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ട്. ആദ്യ കാലഘട്ടങ്ങളിൽ സ്ഥാപിച്ചിരുന്ന ആസ്ബറ്റോസ് സിമെന്റ് പൈപ്പുകളുടെ കാലപ്പഴക്കം മൂലമുള്ള ജല ചോർച്ച ജല വിതരണത്തെ ബാധിക്കുന്നു. പത്തനംതിട്ട മുനിസിപ്പാലിറ്റി മേഖലയിലെ ഏകദേശം 29 കി.മീറ്റർ പ്രദേശത്തെ പൈപ്പു ലൈനുകൾ എ.സി പൈപ്പുകൾ റിപ്പയർ ചെയ്യാൻ ആകാത്ത വിധം തകരറിലാണ്. റോഡ് വിപുലീകരണം മൂലം കേടായ പൈപ്പുകൾ നന്നാക്കാൻ കഴിയാത്ത പദ്ധതികളും ഉണ്ട്. വള്ളിക്കോട്, കൊടുമൺ പദ്ധതിയുടേയും മൈലപ്ര, ഓമല്ലൂർ, കോഴഞ്ചേരി തുടങ്ങിയ പദ്ധതികളിലേയും, എ.സി. പൈപ്പുകൾ തകരാറിലാണ്.

ശബരിമല ശുദ്ധജല വിതരണ പദ്ധതി

1970 ൽ ആരംഭിച്ച് പിന്നീട് പല ഘട്ടങ്ങളിലായി വിപുലീകരണം നടത്തിയ ഈ പദ്ധതിയിൽ ഇപ്പോൾ പമ്പയിലും പരിസര പ്രദേശങ്ങളിലും പ്രതിദിനം 60 ലക്ഷം ലിറ്റർ ശുദ്ധജലവും സന്നിധാനം വരെയുള്ള കാനനപാതയിൽ 70 ലക്ഷം ലിറ്ററ് ശുദ്ധജലവും വിതരണം നടത്തിവരുന്നു.

പമ്പയാറിലെ ത്രീവേണിയിലുള്ള സ്രോതസ്സിൽ നിന്നും പമ്പ് ചെയ്ത് 13 ദശലക്ഷം ശേഷിയുള്ള പ്രഷർ ഫിൽറ്റർ മുഖേന ശുദ്ധീകരിച്ചാണ് ശുദ്ധ ജല വിതരണം നടത്തുന്നത്. ഇതിനായി പമ്പ മുതൽ ശരംകുത്തി വരെ 3 ബൂസ്റ്റർ സ്റ്റേഷനുകളും 9 സംഭരണികളും നിലവിലുണ്ട്. സംഭരണികളുടെ മൊത്തം

ശേഷി 68 ലക്ഷം ലിറ്ററാണ്. പമ്പ മുതൽ സന്നിധാനം വരെ തീർത്ഥാടകർ സഞ്ചരിക്കുന്ന പാതയിലെല്ലാം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

സന്നിധാനത്തിലെ ജല വിതരണ ചുമതല ദേവസ്വം ബോർഡിനാണ്. കുന്നാറിൽ നിന്നും ശേഖരിക്കുന്ന രണ്ട് ദശ ലക്ഷം ലിറ്റർ വെള്ളവും പമ്പയിൽ നിന്നും ജല അതോറിറ്റി നാല് ഘട്ടങ്ങളിലായി പമ്പ് ചെയ്ത് ശരംകുത്തിയിൽ എത്തിക്കുന്ന 7 ദശലക്ഷം ലിറ്റർ വെള്ളവുമാണ് സന്നിധാനത്ത് വിതരണം ചെയ്യുന്നത്. വേനൽ കഠിനമാകുന്നതോടുകൂടി കുന്നാറിൽ നിന്നുള്ള ജല ലഭ്യത കുറയുന്നതിനാൽ മകരവിളക്ക് ഉത്സവകാലങ്ങളിൽ ജല അതോറിറ്റിയുടെ ജല വിതരണത്തെ മാത്രം ആശ്രയിക്കേണ്ടിവരുന്നു.

കൂടാതെ ഉത്സവകാലങ്ങളിൽ ചാലക്കയം, നിലയ്ക്കൽ, പ്ലാപ്പള്ളി, ളാഹ, ഇലവുങ്കൽ, നാറാണംതോട് എന്നി സ്ഥലങ്ങളിൽ ടാങ്കർ ലോറികളിൽ ശുദ്ധജലം എത്തിച്ചുവരുന്നുണ്ട്.

2016 തീർത്ഥാടന കാലത്ത് പ്ലാസ്റ്റിക്ക് നിരോധനവുമായി ബന്ധപ്പെട്ട് കുപ്പി വെള്ളം നിരോധിച്ച് ആർ.ഓ പ്ലാന്റ് വഴി കുടിവെള്ളം വിതരണം നടത്തുന്നതിനുള്ള ശ്രമം വിജയകരമായിരുന്നു. ഇതിനായി പമ്പയിലും, കാനനപാതയിലും 11 പ്ലാന്റുകളും 120 കിയോസ്ക്കുകളും നിലയ്ക്കൽ ഭാഗത്ത് 3 ആർ.ഓ പ്ലാന്റുകളും അതിനോടനുബന്ധിച്ച് കിയോസ്ക്കുകളും സ്ഥാപിച്ചിട്ടുണ്ട്.

നടപ്പ് തീർത്ഥാടന കാലത്ത് ആർ.ഓ. പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിനോടൊപ്പം ചൂട് വെള്ളം, തണുത്ത വെള്ളം, സാധാരണ വെള്ളം എന്നിവ ഒരേ യൂണിറ്റിൽ നിന്നും ലഭ്യമാക്കുന്ന 12 ഡിസ്പെൻസർ യൂണിറ്റുകളും സ്ഥാപിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള ആവശ്യത്തിനൊഴികെയുള്ള ആവശ്യങ്ങൾക്ക് വെള്ളം ലഭിക്കുന്നത് പ്രഷർ ഫിൽറ്റർ സംവിധാനത്തിലൂടെയാണ്. പ്രഷർ ഫിൽറ്റർ സംവിധാനത്തിന്റേയും നിലവിലുള്ള ടാങ്കുകളുടേയും കാലപ്പഴക്കം പദ്ധതിയുടെ ഒരു അപര്യാപ്തതയാണ്. ഒരു സമ്പൂർണ്ണ ജലശുദ്ധീകരണശാല പമ്പയിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

5.4.2 കേരള ജല അതോറിറ്റിയുടെ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ

ജില്ലയിലെ നഗര ഗ്രാമപ്രദേശങ്ങൾക്കായി NRDWP,NABARD, KIIFB, സ്റ്റേറ്റ് പ്ലാനുകൾ എന്നിവയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ ലഘുവിവരണം ഇതോടൊപ്പം ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തു നൽകിയ സ്ഥലങ്ങളിൽ നടക്കുന്ന NRDWP പ്രകാരമുള്ള 11 പദ്ധതികളാണ് ഉള്ളത്. കേന്ദ്ര സഹായത്തിൽ വന്ന കുറവ് മൂലം ജില്ലയിൽ അനുവദിച്ചിരുന്ന രണ്ട് പദ്ധതികൾ താൽക്കാലികമായി റദ്ദാക്കിയിരിക്കുകയും മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്.

താഴെ പറയുന്ന പദ്ധതികൾ NRDWP-ൽ നടപ്പിലാക്കുന്നവയാണ്

1. ഇലന്തൂർ-മല്ലപ്പുഴശ്ശേരി ശുദ്ധജല വിതരണ പദ്ധതി രണ്ടാം ഘട്ടവും സ്രോതസ് നവീകരണവും:

ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള ഭരണാനുമതി തുക 867 ലക്ഷം രൂപയാണ്. 31.10.17 വരെ 190.93 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ സോൺ 1 ലെ (മല്ലപ്പുഴശ്ശേരി പൂർണ്ണമായും, ഇലന്തൂർ ഭാഗീകമായുള്ള) വിതരണശൃംഖലയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. സോൺ 3 - ലെ (ഇലന്തൂർ ഭാഗം) വിതരണശൃംഖലയുടെ പണികൾ ടെൻഡർ ചെയ്ത് വർക്ക് ഓർഡർ കൊടുത്തു. 4.5 MLD ശേഷിയുള്ള ശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവർത്തികൾ നടന്നുവരുന്നു. ഇലന്തൂർ മേഖലയിലെ വിതരണ ശൃംഖല ഒഴികെയുള്ള ഭാഗങ്ങൾ 2018 ജനുവരിയിൽ കമ്മീഷൻ ചെയ്യാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു. WS/73/2013-14, 07.09.2013 പ്രകാരം 58.50 ലക്ഷം രൂപയാണ് സ്രോതസ് നവീകരണത്തിനുള്ള ഭരണാനുമതി തുക. ഇതുമായി ബന്ധപ്പെട്ട പണികൾ ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിന് സമീപമുള്ള പമ്പ് ഹൗസിൽ പുരോഗമിക്കുന്നു.

2. കോഴഞ്ചേരി ശുദ്ധജലവിതരണപദ്ധതി ഒന്നാം ഘട്ടം:

കോഴഞ്ചേരി പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. 950 ലക്ഷം രൂപയാണ് ടി പദ്ധതിയുടെ ഭരണാനുമതി തുക. 2017 ജൂലായ് വരെ 439.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 12021 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി 03/2018 –ൽ പൂർത്തീകരിയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പ്രകാരം 300 MM DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ (3000 മീറ്റർ) പൂർത്തീകരിച്ചു. 5 MLD ശുദ്ധീകരണശാലയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷന്റേയും പമ്പ് സെറ്റിന്റേയും പണികൾ നടന്നു വരുന്നു.

3. പെരിനാട് അത്തിക്കയം ശുദ്ധജലവിതരണപദ്ധതി ഒന്നാം ഘട്ടം

WS /08/2012 – 13, 25/5/2012 പ്രകാരം 1400 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ഭരണാനുമതി തുക. 31/10/2017 വരെ 1073.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ശുദ്ധീകരണശാല (8 MLD.), റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവ പൂർത്തീകരിച്ചു. NRDWP ഫണ്ടിന്റെ ലഭ്യത കുറഞ്ഞതിനാൽ പൂർത്തീകരിക്കാനുള്ള ഘടകങ്ങളുടെ എസ്റ്റിമേറ്റ് പ്രോജക്ട് റിപ്പോർട്ടു സഹിതം സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. ഡിസംബർ 2018 ഓടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

4. അയിരൂർ കാഞ്ഞേറ്റുകര ശുദ്ധജല വിതരണ പദ്ധതി ഒന്നാം ഘട്ടം

അയിരൂർ കാഞ്ഞേറ്റുകര പദ്ധതി 21797–ത്തോളം ജനങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുപകരിക്കും. 1400 ലക്ഷമാണ് ടി പദ്ധതിയുടെ ഭരണാനുമതി തുക. ഇതുവരെയായി 439.36 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, ഇൻടേക്ക് കിണർ തുടങ്ങിയവയുടെ പണികൾ പൂർത്തിയായി. പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ജനുവരി 2018 – ഓടുകൂടി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

5. കൊല്ലമുള ശുദ്ധജല വിതരണപദ്ധതി:

WS/65/2013-14, 13/8/2013 പ്രകാരം 800 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ഭരണാനുമതി തുക. 31/10/2017 വരെ 192.24 ലക്ഷം രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. വെൺകുറിഞ്ഞി സമ്പ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (വെൺകുറിഞ്ഞി സമ്പ് മുതൽ പാമ്പിരിക്കും പാറ ടാങ്ക് വരെ) എന്നിവ പൂർത്തീകരിച്ചു. 250 MM ക്ലിയർ വാട്ടർ പമ്പിംഗ് മെയിന്റെ പ്രവർത്തികൾക്ക് നടപടികൾ പൂർത്തീകരിച്ചു. 150 MM ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഓലിയ്ക്കൽ പമ്പ് ഹൗസ്, 3.2 LL ടാങ്ക് (തലമുട്ടിയാനി) തുടങ്ങിയവയുടെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് NRDWP ഫണ്ടിന്റെ ലഭ്യതകുറവു മൂലം സ്റ്റേറ്റ് പ്ളാനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെ സമർപ്പിച്ചിരിക്കുന്നു. 25700– ത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി ഡിസംബർ 2018 – ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

6. പന്തളം ശുദ്ധജലവിതരണപദ്ധതി – വിതരണശൃംഖലയുടെ നിർമ്മാണം:

700 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ഭരണാനുമതി തുക, നാളിതുവരെയായി 490.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണശൃംഖലയുടെ നിർമ്മാണം പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടന്നു വരുന്നു. റീസൈക്ലിംഗ് പ്ലാന്റ്, ചുറ്റുമതിൽ എന്നിവയൊഴികെ എല്ലാ പ്രവർത്തികളും പൂർത്തീകരിച്ചു.

7. പെരിങ്ങര പഞ്ചായത്തിലെ ക്വാളിറ്റി അഫക്റ്റഡ് വാർഡ് 3,4,7 വേണ്ടിയുള്ള പദ്ധതി

തിരുവല്ല നിയോജക മണ്ഡലത്തിലെ പെരിങ്ങര പഞ്ചായത്തിലെ 3,4,7 വാർഡുകൾക്ക് വേണ്ടിയുള്ള ടി പദ്ധതി 24758 ഓളം ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നതാണ്. 372.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ഈ പദ്ധതിയിൽ ഇതുവരെയായി 347.10 ലക്ഷം രൂപ ചെലവായി. സ്വാമി പാലം 7.7 ലക്ഷം

ലിറ്റർ ടാങ്കിന്റേയും, വിതരണശൃംഖലയുടേയും പ്രവൃത്തികൾ ഈ പദ്ധതി പ്രകാരം പൂർത്തീകരിച്ചു. നിരണം, കടപ്ര, നെടുമ്പ്രം, പെരിങ്ങര പഞ്ചായത്തുകൾക്കുള്ള പദ്ധതിയുടെ ചില ഘടകങ്ങളുടെ കമ്മീഷനിങ്ങിന് ശേഷമേ ഈ പദ്ധതിയുടെ കമ്മീഷനിംഗ് സാധ്യമാവുകയുള്ളൂ. ഇതിനുവേണ്ടിയുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. ഡിസംബർ 2017കൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും.

8. നിരണം, കടപ്ര, നെടുമ്പ്രം, പെരിങ്ങര എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി

WS/76/2013-14, 15.10.2013 പ്രകാരം 2700 ലക്ഷം രൂപയാണ് ടി പദ്ധതിയുടെ ഭരണാനുമതി തുക, 31/10/2017 വരെ 968.34 ലക്ഷം രൂപ ഈ പദ്ധതിയുടെ പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. മേയ് മാസം 2018 – ഓടു കൂടി പൂർത്തിയാവുമെന്ന് കരുതുന്നു. ഈ പദ്ധതി 64754 –ത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഇൻടേക്ക് പമ്പ് ഹൗസ്, 14 MLD ശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ മുതലായവ പൂർത്തിയായി. 3.5 LL നെടുമ്പ്രം സംഭരണിയുടേയും, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റേയും, 7 LL മോഡിശ്ശേരി ടാങ്കിന്റെയും, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും പണികൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ ഭാഗീകമായ കമ്മീഷനിംഗ് 10/06/2017 ൽ നടത്തി.

താഴെ പറയുന്ന പദ്ധതികൾ NABARD സഹായത്തോടെ നടപ്പിലാക്കുന്നവയാണ്

1. സീതത്തോട് നിലയ്ക്കൽ (പെരുനാട്) ശുദ്ധജല വിതരണ പദ്ധതി

ശബരിമല തീർത്ഥാടകർക്കും, സീതത്തോട് പഞ്ചായത്തിനും, ട്രൈബൽ കോളനികൾക്കുമായി രൂപകൽപന ചെയ്ത പദ്ധതിയാണിത്. ഏകദേശം 146396 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ടി പദ്ധതിയുടെ ഭരണാനുമതി 909 ലക്ഷമാണ്. 2018 ഏപ്രിൽ മാസത്തോടു കൂടി ടി പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഘടകമായ 13 MLD ശുദ്ധീകരണശാലയുടെ പണികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ അനുബന്ധ ഘടകങ്ങൾക്ക് ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായെങ്കിൽ മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളൂ.

2. കോന്നി മെഡിക്കൽ കോളേജ് ശുദ്ധജല വിതരണ പദ്ധതി

1398 ലക്ഷം രൂപയാണ് ടി പദ്ധതിയുടെ ഭരണാനുമതി തുക. ശുദ്ധീകരണശാലയുടെ പ്രവർത്തികൾ ആരംഭഘട്ടത്തിലാണ്. മറ്റൊരു ഘടകമായ 6 മീറ്റർ വ്യാസമുള്ള ഇൻടേക്ക് കിണർ പ്രാദേശിക എതിർപ്പുകൾ മൂലം പ്രവർത്തികൾ തുടരാൻ കഴിഞ്ഞിട്ടില്ല. പുതിയ സ്ഥലം കണ്ടെത്തി നടപടികൾ മുന്നോട്ടുപോകുന്നു. ഇതോടൊപ്പം റോവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവർത്തികളും നടത്തുവാൻ കഴിയും. ജനുവരി 2019 ഓടു കൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

3. മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി

WS/17/2014-15, 21.06.2014 പ്രകാരം 798 ലക്ഷം രൂപയാണ് ടി പദ്ധതിയുടെ ഭരണാനുമതി തുക. 31/10/2017 വരെ ഈ പദ്ധതിയ്ക്കായി 0.67 ലക്ഷം രൂപ ചെലവഴിച്ചു. മണിമലയാറ്റിലെ വെൽകം പമ്പ് ഹൗസിന്റെയും 10 MLD ശുദ്ധീകരണശാലയുടേയും പണികൾ നടന്നുവരുന്നു. 2018 മാർച്ച് മാസത്തോടു കൂടി ഈ പ്രവർത്തികൾ പൂർത്തികരിയ്ക്കുവാൻ സാധിക്കും. ഇതിന്റെ രണ്ടാം ഘട്ടത്തിന് 24 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി ലഭിച്ചിട്ടുണ്ട്. ഡിസംബർ 2018 ഓടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

കിഫ്ബി/സ്റ്റേറ്റ് പ്ളാൻ പദ്ധതികൾ

1. പെരിനാട് അത്തിക്കയം ശുദ്ധജല വിതരണ പദ്ധതി രണ്ടാംഘട്ടം.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ഇതിന്റെ ഭരണാനുമതി തുക 4140 ലക്ഷം രൂപയാണ്. വിതരണ ശൃംഖല ഉൾപ്പെടുത്തി നാലു പാക്കേജുകളായാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. പാക്കേജ് 1–ൽ ഉൾപ്പെടുത്തിയ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റേയും വിതരണ ശൃഖലകളുടേയും പണികൾ ആരംഭിച്ചു. പമ്പ് ഹൗസിനായും, ടാങ്കിനായും സ്ഥലം പഞ്ചായത്ത് കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റുള്ള പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

2. 25 MLD കല്ലിശ്ശേരി, 33 MLD തിരുവല്ല ശുദ്ധജല വിതരണ പദ്ധതികളുടെ നവീകരണവും വിപുലീകരണവും.

ഈ പദ്ധതിയ്ക്ക് വേണ്ടി 5800 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരിക്കുന്നത്. നാലു പാക്കേജുകളായിട്ടാണ് ഇവയിലെ ഘടകങ്ങളുടെ നിർമ്മാണം. ഇതിൽ പാക്കേജ് 2 ന്റെ പണികൾ ആരംഭിച്ചു. പാക്കേജ് 1 – ലെ പണികൾക്ക് ഇ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കുറ്റൂർ പഞ്ചായത്തിൽ ഉപരിതല ജലസംഭരണിക്കായുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ റവന്യൂവകുപ്പ് നടത്തിവരുന്നു.

3. പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നംന്താനം, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി പഞ്ചായത്തുകൾക്കായുള്ള ശുദ്ധജല വിതരണ പദ്ധതി

ഈ പദ്ധതിക്ക് കിഫ്ബിയിൽ 8500 ലക്ഷം രൂപയും ഗ്രീൻബുക്കിൽ 4235 ലക്ഷം രൂപയുമാണ് ഭരണാനുമതി ലഭിച്ചിരിക്കുന്നത്. കോയിപ്പുറം പഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ റവന്യൂവകുപ്പ് നടത്തിവരുന്നു.

4. അയിരൂർ കാഞ്ഞേറ്റുകര ശുദ്ധജല വിതരണ പദ്ധതി രണ്ടാം ഘട്ടം.

അയിരൂർ പഞ്ചായത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ വിപുലീകരണത്തിനുള്ള പദ്ധതിയാണിത്. ഗ്രീൻ ബുക്കിൽ അനുമതി ലഭിച്ച ഈ പദ്ധതിയുടെ ഭരണാനുമതി തുക 2800 ലക്ഷമാണ്. പ്രവർത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.



നിർമാണത്തിലിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തോടെയുള്ള സ്ഥലപരവിശകലനം



കുടിവെള്ള പദ്ധതികളുടെ നിർമാണം പൂർത്തീകരിക്കുമ്പോൾ ജലലഭ്യത സ്ഥലപരവിശകലനം

ജല അതോറിറ്റി വിഭാവനം ചെയ്യുന്ന മേൽത്തട്ട് പദ്ധതികൾ

1. **നിലവിൽ ഉൽപാദന ഘടകങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് നിർമ്മാണം പുരോഗമിക്കുന്ന താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് അടുത്ത ഘട്ടമായി വിതരണ ശൃംഖല സ്ഥാപിക്കുക.**
    1. നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര സമഗ്ര കുടിവെള്ള പദ്ധതി.
    2. മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗീകം).
    3. കോഴഞ്ചേരി
    4. കൊല്ലമുള.
    5. സീതത്തോട് നിലയ്ക്കൽ, പ്ലാപ്പള്ളി (ഉൽപാദന ഘടകങ്ങളുടെ ഒരു ഘട്ടം കൂടി ആവശ്യമാണ്)

    (വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്)
2. **വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കാൻ ജല ശുദ്ധീകരണ ശാല പണിയേണ്ട പദ്ധതികൾ**
    1. ചിറ്റാർ-പെരുനാട് (ഭാഗീകം)
    2. തണ്ണിത്തോട്
    3. ചെറുകോൽ-നാരങ്ങാനം
    4. ചെന്നീർകര- മെഴുവേലി
    5. അരുവാപുലം-കോന്നി (ഭാഗീകം)കലഞ്ഞൂർ (ഭാഗീകം)
    6. കുളനട
    7. ആറൻമുള

3. വിപുലീകരണം ആവശ്യമുള്ള കുടിവെള്ള പദ്ധതികൾ

1. വള്ളിക്കോട്–കൊടുമൺ, അങ്ങാടിക്കൽ
2. കടമ്പനാട് – പള്ളിക്കൽ

4. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ സംയോജനം

പന്തളം, തെക്കേകര, തുമ്പമൺ

5. ജല അതോറിറ്റി നിർദ്ദേശിക്കുന്ന വൻകിട ജലവിതരണ പദ്ധതികൾ

1 പത്തനംതിട്ട മുനിസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾ ആയ ഓമല്ലൂർ, മൈലപ്ര, മലയാലപ്പുഴ, വടശ്ശേരിക്കര പ്രമാടം എന്നി പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.

2 ഏനാദിമംഗലം, ഏഴംകുളം, ഏറത്ത്, കലഞ്ഞൂർ (ഭാഗീകം)

3 റാന്നി, അങ്ങാടി, കൊറ്റനാട്

6. ജല വിതരണ പദ്ധതികളുടെ പൈപ്പ് ലൈൻ ശൃംഖലയുടെ ജി.ഐ.എസ് (GIS) മാപ്പിംഗ് നടത്തി രേഖകൾ ഡിജിറ്റലൈസ് ചെയ്യുക.

6.5 ജല അതോറിറ്റി വഴി നടപ്പിലാക്കേണ്ട ഹ്രസ്വകാല പദ്ധതികൾ

നിലവിലുള്ള പദ്ധതികളുടെ നവീകരണം

കാലപ്പഴക്കം ചെന്ന ഫിൽറ്റർ ഗ്യാലറി പുനരുദ്ധരിച്ചും കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ചും നിരന്തരം കേടാവുന്ന ആസ്ബറ്റോസ് സിമന്റ് പൈപ്പുകൾ പൂർണ്ണമായും മാറ്റി പകരം പി.വി.സി./ഡി.ഐ. പൈപ്പുകൾ സ്ഥാപിച്ചും കൂടുതൽ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. ഇത്തരത്തിൽ നവീകരിക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി അതിനാവശ്യമായ പ്രവർത്തികൾ പഞ്ചായത്ത് തലത്തിൽ സൂക്ഷ്മമായി അവലോകനം നടത്തി ത്രിതല പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

നിലവിലുള്ള പൈപ്പു ലൈൻ ശൃംഖലയുടെ വിശദ വിവരങ്ങൾ GIS സംവിധാനം ഉപയോഗിച്ച് മാപ്പ് ചെയ്യുന്നത്. ഇതുമൂലം അറ്റകുറ്റ പണികൾ സുഗമമാക്കുന്നതിനും പൈപ്പു ലൈനുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സഹായകരമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ അറ്റകുറ്റ പണികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ജല ചോർച്ച പരമാവധി കുറയ്ക്കുന്നതിനുമായി ബ്ലുബ്രിഗേഡ് സംവിധാനം (അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ അറ്റകുറ്റപണിക്കായുള്ള സംഘം) ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

6.6 ജല അതോറിറ്റി വഴി നടപ്പിലാക്കേണ്ട ദീർഘകാല പദ്ധതികൾ

6.6.1 വിഭാഗം – I പുതിയ ജല സ്രോതസ് – ഇൻടേക്ക് കിണർ – ജലശുദ്ധീകരണ ശാലയും മറ്റ് ഉൽപാദനഘടകങ്ങളും

6.6.1.1 പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും, വടശ്ശേരിക്കര, മൈലപ്ര, മലയാലപ്പുഴ, ഓമല്ലൂർ, പ്രമാടം എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

ജില്ലാ ആസ്ഥാനമായ പത്തനംതിട്ട മുനിസിപ്പാലിറ്റിയും, സമീപത്തെ 5 പഞ്ചായത്തുകൾക്കും പ്രയോജനം ചെയ്യുന്ന പദ്ധതിയാണ്. ജില്ലാ കേന്ദ്രമായ പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ വർദ്ധിച്ച ആവശ്യം നിറവേറ്റാൻ നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് കഴിയില്ല. നിലവിലുള്ള പദ്ധതി പ്രവർത്തിക്കുന്നത് അച്ചൻകോവിൽ നദിയിലുള്ള ഇൻടേക്ക് കിണറും, ക്ലാരിഫിൽറ്റർ എന്ന ശുദ്ധീകരണ സംവിധാനമുപയോഗിച്ചാണ്. ഈ പദ്ധതിയുടെ പത്തനംതിട്ട കെ.ഡബ്ല്യു.എ ഓഫീസ് സമുച്ചയത്തുള്ള ഉപരിതല ജല സംഭരണിയും, വിതരണശൃംഖലയും പുതിയ പദ്ധതിയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്.

മൈലപ്ര, ശുദ്ധജലവിതരണ പദ്ധതി അച്ചർകോവിലാറ്റിൽ സ്ഥാപിച്ചിട്ടുള്ള ഫിൽറ്റർ വഴി കുമ്പഴയിലുള്ള ഇൻടേക്ക് കിണറിൽ ശേഖരിച്ച് ബ്ലീച്ചിംഗ് പൗഡർ ചേർത്ത് ശുദ്ധീകരിച്ച് വെള്ളം വിതരണം ചെയ്യുന്ന ഈ പദ്ധതി 25 വർഷത്തെ പഴക്കമുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ ജീർണ്ണാവസ്ഥയിലാണ്. താഴ്ന്ന പ്രദേശത്തെ ജലവിതരണത്തിന് 50000 ലിറ്റർ കപ്പാസിറ്റി സമ്പും, ഉയർന്ന പ്രദേശത്തെ ജല വിതരണത്തിന് ചീക്കൽതടത്ത് രണ്ട് ലക്ഷം ലിറ്റർ കപ്പാസിറ്റിയുമുള്ള ജല സംഭരണിയുമുണ്ട്.

ഓമല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഇൻടേക്ക് കിണർ അച്ചൻകോവിൽ നദിയിലാണ്. ഇൻഫിൽട്രേഷൻ ഗ്യാലറി വഴി എത്തുന്ന വെള്ളത്തിൽ ബ്ലീച്ചിംഗ് പൗഡർ ചേർത്തു ശുദ്ധീകരിച്ച് ആയൂർവേദ ഹോസ്പിറ്റൽ, ശാന്തിഭാഗം, തോട്ടത്തിൽ ഭാഗം എന്നീ സ്ഥലങ്ങളിലെ 50000 ലിറ്റർ കപ്പാസിറ്റി വീതമുള്ള ടാങ്കുകളിൽ ശേഖരിച്ച് ജല വിതരണം നടത്തി വരുന്നു. ശുദ്ധീകരണ പ്രക്രിയയും ശേഷിയും തീരെ കുറവാണ്.

പമ്പാ നദിയുടെ ഉപനദിയായ കല്ലാറിൽ പണിത ഇൻടേക്ക് കിണറിൽ നിന്നാണ് മലയാലപ്പുഴ പദ്ധതിയ്ക്ക് ജലം ശേഖരിക്കുന്നത്. സ്ലോ സാന്റ് ഫിൽറ്റർ സംവിധാനം വഴിയാണ് ജലം ശുദ്ധീകരിക്കുന്നത്. അവിടെ നിന്നും ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റിന്റെ ഉയർന്ന ഭാഗത്തെ ടാങ്കിലേക്ക് പമ്പ് ചെയ്തു അവിടെ നിന്നും മലയാലപ്പുഴ അമ്പലത്തിനു സമീപത്തെ കാഞ്ഞിരംപാറയിലുള്ള രണ്ട് ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ശേഖരിച്ച് ജല വിതരണം നടത്തുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ ഈ പദ്ധതിയ്ക്ക് കഴിയുന്നില്ല. വടശ്ശേരിക്കര പഞ്ചായത്തിൽ നിലവിൽ 1900-ൽ സ്ഥാപിച്ച പദ്ധതി ജീർണ്ണാവസ്ഥയിലാണ്. 2017-ൽ പണികൾ പൂർത്തീകരിച്ച റാന്നി, പഴവങ്ങാടി, പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ജലശുദ്ധീകരണ ശാലയോടുകൂടിയ സമഗ്ര കുടിവെള്ള പദ്ധതിയിൽ വടശ്ശേരിക്കര പഞ്ചായത്തിന്റെ ചില ഭാഗങ്ങളും ഉൾപ്പെടുന്നു. 40 എൽ.പി.സി.ഡി ക്രമത്തിൽ മാത്രം പ്രതിശീർഷ ലഭ്യതയിൽ പ്ലാൻചെയ്ത പദ്ധതിയിൽ നിന്ന് വടശ്ശേരിക്കര പഞ്ചായത്തിനെ ഒഴിവാക്കി പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ റാന്നി, പഴവങ്ങാടി പഞ്ചായത്തുകളിലെ പ്രതിശീർഷ ലഭ്യത വർദ്ധിപ്പിക്കുവാനും കഴിയും. കേന്ദ്ര ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി റദ്ദാക്കിയ പ്രമാടം-വളളിക്കോട്-കോട്ടയം കുടിവെള്ള പദ്ധതി പ്രദേശമായ പ്രമാടം പഞ്ചായത്തും മേൽ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നത് ഉചിതമായിരിക്കും.

പമ്പാ ജല സേചന പദ്ധതിയുടെ മണിയാർ റിസർവോയറിൽ നിന്നുമുള്ള ആദ്യ ടണൽ അവസാനിക്കുന്ന വടശ്ശേരിക്കര പഞ്ചായത്തിലെ ബൗണ്ടറി എന്ന സ്ഥലത്തിന്റെ സമീപത്തുനിന്നും ജലം ശേഖരിച്ച് വടശ്ശേരിക്കരയിൽ സ്ഥാപിക്കുന്ന ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് വടശ്ശേരിക്കര, മൈലപ്ര, മലയാലപ്പുഴ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ വിഭാവന ചെയ്യുന്നു. ഇതു കൂടാതെ അച്ചൻകോവിലാറിൽ പത്തനംതിട്ട മുനിസിപ്പാലിറ്റിക്കായുള്ള പദ്ധതിയുടെ കിണറിൽ നിന്നും ജലം ശേഖരിച്ച് പത്തനംതിട്ട ജല അതോറിറ്റി ആഫീസ് പരിസരത്ത് നിർമ്മിക്കുന്ന ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പത്തനംതിട്ട, ഓമല്ലൂർ, പ്രമാടം പഞ്ചായത്തുകളിൽ അച്ചൻകോവിലാറിൽ നിന്നും ജലലഭ്യതയുള്ള മാസങ്ങളിൽ വിതരണം ചെയ്യുന്നതിനും, ജലലഭ്യത കുറഞ്ഞ വേനൽക്കാലത്ത് പി.ഐ.പി പദ്ധതിയിൽ നിന്നും ശേഖരിക്കുന്ന ജലം പത്തനംതിട്ടയിൽ നിർമ്മിക്കുന്ന ശുദ്ധീകരണ ശാലയിൽ എത്തിച്ച് വിതരണം ചെയ്യാനുമാണ് വിഭാവന ചെയ്യുന്നത്.

6.6.1.2 ഏനാദിമംഗലം, ഏഴംകുളം, ഏറത്ത്, കലഞ്ഞൂർ (ഭാഗീകം) എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി

നിലവിൽ പത്തനംതിട്ട ജില്ലയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി (കെ.ഡബ്ല്യു.എ) യും ഇല്ലാത്ത ഏക പഞ്ചായത്താണ് കലഞ്ഞൂർ. ചില ചെറുകിട ജലനിധി പദ്ധതികൾ ഉണ്ടായിരുന്നെങ്കിലും, ഇപ്പോൾ അവയൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ കലഞ്ഞൂർ പഞ്ചായത്തിലെ കലഞ്ഞൂർ വില്ലേജ് പ്രദേശവും സമീപ പഞ്ചായത്തുകളായ എനാദിമംഗലം, ഏറത്ത്, ഏഴംകുളം എന്നിവയും ചേർത്ത് ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

കലഞ്ഞൂർ ഒഴികെയുള്ള ഏനാദിമംഗലം, ഏറത്ത് എന്നീ പഞ്ചായത്തുകളിൽ 30 വർഷത്തെ പഴക്കമുള്ള 7 എം.എൽഡി ശേഷി മാത്രമുള്ള അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് ജലം വിതരണം നടത്തുന്നത്. ഇത് പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പര്യാപ്തമല്ല. അടൂർ പദ്ധതിയിൽ

നിന്നും ഏനാദിമംഗലം, ഏഴംകുളം, ഏറത്ത്, പള്ളിക്കൽ എന്നി പഞ്ചായത്തുകളിലെ ജല വിതരണം ഒഴിവാക്കിയാൽ അടൂർ മുനിസിപ്പൽ പ്രദേശത്ത് കൂടുതൽ ശുദ്ധജലം എത്തിക്കാൻ കഴിയുകയും, സമീപ പഞ്ചായത്തായ പന്തളം, തെക്കേക്കര, തുമ്പമൺ എന്നിവിടങ്ങളിലെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികൾക്ക് അടൂർ പദ്ധതിയിൽ നിന്നും വെള്ളം നൽകുവാനും കഴിയും. ഏനാദിമംഗലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കിൻഫ്ര വ്യവസായ പാർക്കിന് പ്രതിദിനം 10,00,000 ലിറ്റർ കുടിവെള്ളം ആവശ്യമുണ്ട്.

കല്ലട നദി സ്രോതസ്സായി കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ ഏഴംകുളത്തോട് ചേർന്നു കിടക്കുന്ന കടുവാത്തോട് ജംഗ്ഷനുസമീപം ഇടക്കടവ് എന്ന സ്ഥലത്ത് ഇൻടേക്ക് കിണർ പണിയുക. കടവിന് താഴെ തടയണ നിർമ്മിച്ചിട്ടുള്ളതിനാൽ വേനൽക്കാലത്തും ജലം സുലഭമായി ലഭിക്കും.

ഏഴംകുളം പഞ്ചായത്തിൽ പണിയാൻ നിർദ്ദേശിച്ചിരിക്കുന്ന 28 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജല ശുദ്ധീകരണ ശാലയിലേക്ക് ഇടക്കടവിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നു. ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷം ലഭ്യമാകുന്ന വെള്ളം കലഞ്ഞൂർ, ഏനാദിമംഗലം, ഏറത്ത് എന്നീ പഞ്ചായത്തുകളിൽ എത്തിച്ചു വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നു.

6.6.1.3 റാന്നി അങ്ങാടി കൊറ്റനാട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

നിലവിലുള്ള റാന്നി അങ്ങാടി പദ്ധതിയുടെ കിണറും അനുബന്ധ ഘടകങ്ങളും ജീർണാവസ്ഥയിലാണ്. റാന്നി പാലത്തിനു സമീപം പമ്പയാറിൽ പുതിയ കിണറും കൊറ്റനാട് പഞ്ചായത്തിൽ 10 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയും നിർമ്മിച്ച് രണ്ട് പഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്നപദ്ധതിയ്ക്ക് 2014 ൽ NRDWP യിൽ 1480 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നതാണ്. സ്ഥലം ലഭ്യമാക്കാൻ ഉണ്ടായ കാലതാമസവും NRDWP ഫണ്ടിന്റെ കുറവും മൂലം പദ്ധതി താൽക്കാലികമായി റദ്ദാക്കിയിരിക്കുകയാണ്.



ചിത്രം. 4.12 കേരള ജല അതോറിറ്റി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പുതിയ പ്രധാന കുടിവെള്ള പദ്ധതികൾ

6.6.2 വിഭാഗം – II: നിലവിലുള്ള പദ്ധതികളോടൊപ്പം ജല ശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും ഏർപ്പെടുത്തുക

6.6.2.1 ചിറ്റാർ– പെരുനാട് (ഭാഗീകം) കുടിവെള്ള പദ്ധതി

ലോകപ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ പ്രധാന പ്രവേശന മാർഗ്ഗമാണ് പദ്ധതി പ്രദേശം. നിലവിൽ ചിറ്റാർ മീൻകുഴിതടം, കൊടുമുടി എന്നീ കുടിവെള്ള പദ്ധതികൾ ചിറ്റാർ പഞ്ചായത്തിലുണ്ട്. പ്രസ്തുത പദ്ധതികൾ ജല ലഭ്യതയുടെ കാര്യത്തിലും, ഗുണനിലവാരത്തിലും പിന്നിലാണ്. ആയതിനാൽ 5 എം.എൽ.ഡി. ജല ശുദ്ധീകരണശാല പണിത് പെരുനാട് പഞ്ചായത്തിലെ ളാഹ, പുതുക്കട എന്നീ പ്രദേശങ്ങൾ കൂട്ടിചേർത്ത് പുതിയ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിലുള്ള ചിറ്റാർ പദ്ധതിയുടെ സ്രോതസ്സും, കിണറും പുതിയ പദ്ധതിയിലും ഉൾപ്പെടുത്തും. അമ്പലപ്പാറയിൽ 5 എം.എൽ.ഡി ജല ശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്നു.പുതുതായി 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്കും നിലവിലുള്ള ബെഞ്ചമിൻ പാറയിലേയും, മീൻകുഴി തടത്തിലേയും ടാങ്കുകൾ വഴിയും ചിറ്റാർ പ്രദേശത്ത് ജല വിതരണം നടത്തുന്നു.പുതുക്കട, ളാഹ (ലോ ലെവൽ), ളാഹ (മിഡിൽ ലെവൽ) എന്നിവിടങ്ങളിൽ പമ്പ് ഹൗസുകളും, ളാഹ ടോപ്പിൽ ജല സംഭരണിയും പണിത് ളാഹ പുതുക്കട ഭാഗത്തേക്ക് ജല വിതരണം നടത്താൻ വിഭാവനം ചെയ്യുന്നു.

6.6.2.2 തണ്ണിത്തോട് കുടിവെള്ള പദ്ധതി

പമ്പയുടെ ഉപനദിയായ കല്ലാർ സ്രോതസ്സായി പണിത ഇൻടേക്ക് കിണറിൽ നിന്നും നേരിട്ട് ജല വിതരണം നടത്തി വരുന്നു. കല്ലാർ നദിയിലുള്ള തേക്കുതോട്ടിൽ തടയണയുള്ളതിനാൽ വർഷത്തിൽ എല്ലാക്കാലത്തും ജലം സുലഭമായി ലഭിക്കും. ഇൻഫിൽട്രേഷൻ ഗ്യാലറി വഴി കിണറിൽ ശേഖരിക്കുന്ന കുടിവെള്ളം വിവിധ ബൂസ്റ്റിംഗ് സ്റ്റേഷനുകളും ജല സംഭരണി വഴിയും വിതരണം ചെയ്യുന്ന ജല ശുദ്ധീകരണ ശാലയില്ലാത്തതിനാൽ ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണ നിലവാരം മെച്ചപ്പെട്ടതല്ല. നിലവിലുള്ള വിതരണ കുഴലുകളുടെ വ്യാസം ചെറുതായതിനാൽ മതിയായ ജലവിതരണം നടത്താൻ കഴിയുന്നില്ല.

3 ദശലക്ഷം ലിറ്റർ കപ്പാസിറ്റി ഉള്ള ജലശുദ്ധീകരണ ശാലയും പഞ്ചായത്തിലെ ഉയർന്ന പ്രദേശത്തെ 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ജലസംഭരണി പണിത് ആവശ്യമായ വിതരണ ശൃംഖലയും സ്ഥാപിച്ച് ജല വിതരണം നടത്താൻ വിഭാവനം ചെയ്യുന്നു.

6.6.2.3 ചെറുകോൽ – നാരങ്ങാനം കുടിവെള്ള പദ്ധതി

ചെറുകോൽ – നാരങ്ങാനം ശുദ്ധജല വിതരണ പദ്ധതിക്കായി, നിലവിലുള്ള പദ്ധതിയുടെ പമ്പാ നദിക്കരയിലുള്ള 9 മീറ്റർ വ്യാസമുള്ള ഇൻടേക്ക് കിണർ പുതിയ പദ്ധതിയ്ക്കു വേണ്ടി ഉപയോഗിക്കാം. 9 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണ ശാല ചെറുകോൽ പഞ്ചായത്തിലെ ചക്കപ്പാലത്ത് നിർമ്മിക്കാൻ വിഭാവനം ചെയ്യുന്നു.

6.6.2.4 ചെന്നീർക്കര– മെഴുവേലി കുടിവെള്ള പദ്ധതി

അച്ചൻകോവിൽ നദിയിൽ ചെന്നീർക്കരയിലുള്ള ഇൻടേക്ക് കിണറിൽ നിന്നും ബ്ലീച്ചിംഗ് പൗഡർ ചേർത്ത് ശുദ്ധീകരിച്ച വെള്ളം നല്ലാനിക്കുന്ന് പമ്പിലേക്കും അവിടെ നിന്ന് മഞ്ഞനിക്കര, പന്നിക്കുഴി എന്നീ ഉപരിതല ജല സംഭരണിയിലേക്കും നല്ലാനിക്കുന്ന് സമ്പിൽ നിന്നും മെഴുവേലി പഞ്ചായത്തിലെ കല്ലറമോടി ഭൂതല ജല സംഭരണിയിലേക്കും പമ്പ് ചെയ്ത് ജല വിതരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.

നിലവിലുള്ള ഇൻടേക്ക് കിണർ പുതിയ പദ്ധതിയ്ക്കും പ്രയോജനപ്പെടുത്താം. ഇൻടേക്ക് കിണറിൽ നിന്നുള്ള വെള്ളം 9 എം.എൽ.ഡി ജല ശുദ്ധീകരണ ശാലയിൽ എത്തിച്ചു ശുദ്ധീകരിക്കുന്നു. നിലവിലുള്ള പദ്ധതിയുടെ ആവശ്യത്തിന് പുറമേയുള്ള ആവശ്യം നിരവേറ്റാൻ ചെന്നീർക്കര പഞ്ചായത്തിൽ 2.60 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതല ജല സംഭരണിയും മെഴുവേലി പഞ്ചായത്തിൽ 4.50 ലക്ഷം ലിറ്റർ കപ്പാസി

റ്റിയുള്ള ഭൂതല ജല സംഭരണിയും പണിയാൻ വിഭാവനം ചെയ്യുന്നു. കാലപ്പഴക്കം മൂലം കേടായ എസി. പൈപ്പുകൾ മാറ്റി പുതിയ വിതരണ ശൃംഖല സ്ഥാപിക്കാനും പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ട്.

6.6.2.5 അരുവാപ്പുലം – കോന്നി (ഭാഗീകം), കലഞ്ഞൂർ (ഭാഗീകം) കുടിവെള്ള പദ്ധതി

അരുവാപ്പുലം, കലഞ്ഞൂർ എന്നീ പഞ്ചായത്തുകളിലും കോന്നി പഞ്ചായത്തിലെ 11 മുതൽ 18 വരെയുള്ള വാർഡുകളിലും ഒരു ശുദ്ധജല വിതരണ പദ്ധതിയും നിലവിലില്ല. കോന്നി അരുവാപ്പുല ശുദ്ധജല പദ്ധതിയും മാളപ്പാറ ശുദ്ധജല വിതരണ പദ്ധതിയും 1980 – ൽ കമ്മീഷൻ ചെയ്തതാണ്. നിലവിൽ ഈ പദ്ധതിയിലുള്ള ശുദ്ധീകരണ പ്രക്രിയ അപര്യാപ്തമാണ്. നിലവിൽ ഈ പദ്ധതിലുള്ള ഉപയോഗ്യമായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി പുതിയ പദ്ധതി വിഭാവനം ചെയ്യുന്നു. പുതിയ പദ്ധതി അരുവാപ്പുലം പഞ്ചായത്തിന് പൂർണ്ണമായും കോന്നി പഞ്ചായത്തിലെ 11 മുതൽ 18 വരെ വാർഡുകൾക്കും കലഞ്ഞൂർ പഞ്ചായത്തിലെ 8, 9 എന്നീ വാർഡുകൾ ഒഴികെയുള്ള എല്ലാ പ്രദേശത്തെയും ജനങ്ങൾക്ക് പ്രയോജനം ചെയ്യും.

കൂടൽ, ഏനാദിമംഗലം പദ്ധതിക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതും നിലവിൽ ഉപയോഗിക്കാതെയുള്ള പുതിയകാവ് ക്ഷേത്ര കടവിനു സമീപമുള്ള 9 മീറ്റർ വ്യാസമുള്ള കിണർ പുതിയ പദ്ധതിയ്ക്കു വേണ്ടി ഉപയോഗിക്കാം. കിണറിന് താഴെയുള്ള തടയിണ കിണറ്റിൽ ജലം സുലഭമായി കിട്ടാൻ സഹായിക്കും. സ്ഥലം കിട്ടുകയാണെങ്കിൽ വെൺമേലിപ്പടിയിൽ 12.50 എം എൽ ഡി ജലശുദ്ധീകരണ ശാലയും അവിടെ നിന്നും ഊട്ടുപ്പാറ, കോന്നി, കലഞ്ഞൂർ എന്നീ പ്രദേശങ്ങളിലേക്ക് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ശുദ്ധജലം എത്തിക്കും. കോന്നിയിലും അരുവാപ്പുലത്തും കലഞ്ഞൂർ പഞ്ചായത്തിലെ ഇഞ്ചപ്പാറയിലും ജല സംഭരണികൾ വിഭാവനം ചെയ്യുന്നു. കോന്നിയിലെയും അരുവാപ്പുലത്തെയും കേടായ എ.സി പൈപ്പുകൾ ഒഴികെയുള്ള വിതരണശൃംഖല പുതിയ പദ്ധതിയിലും ഉപയോഗിക്കാം. കലഞ്ഞൂർ പഞ്ചായത്തിലും, അരുവാപ്പുലം പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗത്തും വിതരണ ശൃംഖല പുതുതായി സ്ഥാപിക്കണം.

6.6.2.6 കുളനട കുടിവെള്ള പദ്ധതി

നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ പ്രഖക്ത ഫിൽറ്റർ വഴിയാണ് വെള്ളം ശുദ്ധീകരിക്കുന്നത്. അച്ചൻ കോവിൽ നദിയിൽ ഉളനാടിനു സമീപത്തുനിന്നും പമ്പ് ചെയ്യുന്ന വെള്ളം കടലികുന്നിലുള്ള ടാങ്കിൽ ശേഖരിച്ച് പ്രഷർ ഫിൽറ്റർ വഴി ശുദ്ധീകരിക്കുന്നു. ജല ശുദ്ധീകരണ ശാല ഇല്ലായെന്നതാണ് ഈ പദ്ധതിയുടെ പോരായ്മ.

8 എം. എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ ശാല നിലവിലുള്ള ഫിൽറ്ററിനു സമീപം വിഭാവനം ചെയ്യുന്നു. ഇൻടേക്ക് കിണറിൽ നിന്നും മറ്റൊരു 300 എം.എം. ഡി.ഐ. യുടെ പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

6.6.2.7 ആറൻമുള കുടിവെള്ള പദ്ധതി

പമ്പാ നദിയിൽ മാലക്കരയിലുള്ള ഇൻടേക്ക് കിണറിലേക്ക് ഇൻഫിൽട്രേഷൻ ഗ്യാലറി വഴി എത്തുന്ന വെള്ളം പമ്പ് ചെയ്ത് 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ എത്തിച്ച് വിതരണം നടത്തുന്നു. ഈ പദ്ധതിയ്ക്കും ജല ശുദ്ധീകരണശാല ഇല്ലായെന്നത് പ്രധാന പോരായ്മയാണ്.

നിലവിലുള്ള പദ്ധതിയുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിന് 8 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ ശാലയും 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജല സംഭരണിയും പുതിയ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

6.6.3 വിഭാഗം – III: പദ്ധതികളുടെ വിപുലീകരണം ആവശ്യമുള്ള ശുദ്ധീകരണ ശാലകളോടു കൂടിയ പദ്ധതികൾ

6.6.3.1 വള്ളിക്കോട്, കൊടുമൺ, അങ്ങാടിക്കൽ കുടിവെള്ള പദ്ധതി

2011–ലെ സെൻസസ് പ്രകാരം വള്ളിക്കോട് പഞ്ചായത്തിൽ 20287ഉം കൊടുമൺ പഞ്ചായത്തിൽ 27700 ഉം ജന സംഖ്യയുണ്ട്. നിലവിലുള്ള വള്ളിക്കോട്, കൊടുമൺ, അങ്ങാടിക്കൽ പദ്ധതി 2002 – ൽ 40 എൽ.പി.സി.ഡി മാനദണ്ഡ പ്രകാരം ആവിഷ്കരിച്ചതാണ്. 2 പഞ്ചായത്തിലേയും ജനങ്ങൾക്ക് ആവശ്യമുള്ള വെള്ളം ലഭിക്കുന്നതിന് താഴൂർകടവിലെ ഇൻടേക്ക് കിണറിൽ നിന്നും നിലവിലുള്ള ജലശുദ്ധീകരണ ശാല വരെ നിലവിലുള്ള റോ വാട്ടർ പമ്പിംഗ് മെയിന് സമാന്തരമായി 300 എം.എം. ഡി.ഐ. പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും 6 എം. എൽ.ഡി ശേഷിയുള്ള ഒരു ശുദ്ധീകരണശാല കൂടി പണിയുക (നിലവിലുള്ളതിന് സമീപം) ഇത് കൂടാതെ 200 മീറ്റർ നീളത്തിൽ പുതിയ ജലശുദ്ധീകരണശാലയിൽ നിന്ന് 250 എം.എം. ഡി.ഐ.ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ച് കൂടുതൽ ശുദ്ധജലം ഇരു പഞ്ചായത്തുകളിലും എത്തിക്കുക. നിലവിലുള്ള പദ്ധതിയും വിവിധ പ്രദേശങ്ങളിലുള്ള 300 എ.സി, 250എം.എം. എ.സി, 200 എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലചോർച്ച ഒഴിവാക്കേണ്ടതായുണ്ട്.

6.6.3.2 കടമ്പനാട്– പള്ളിക്കൽ കുടിവെള്ള പദ്ധതി

പത്തനംതിട്ട ജില്ലയിൽ കല്ലടയാർ സ്രോതസ്സായിട്ടുള്ള ഏക പദ്ധതിയാണ് കടമ്പനാട് പദ്ധതി. പദ്ധതിയുടെ ഇൻടേക്ക് കിണർ സ്ഥിതിചെയ്യുന്നത് മണ്ണടിയിലുള്ള കല്ലട നദിയിലാണ്. ഈ പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയുടെ ശേഷി 4 എം. എൽ.ഡി ആണ്. വർദ്ധിച്ച ആവശ്യം നിർവേറ്റാൻ ഈ പദ്ധതിയ്ക്ക് ആവുന്നില്ല. അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് ഇപ്പോൾ പള്ളിക്കലിൽ ജല വിതരണം നടത്തുന്നത്. അടൂർ പദ്ധതിയുടെ അവസാന ഭാഗമായതിനാൽ അടൂർ പദ്ധതിയിൽ നിന്നും കിട്ടുന്ന വെള്ളം വളരെ കുറവാണ്. ഭൂമി ശാസ്ത്രപരമായി പള്ളിക്കൽ പഞ്ചായത്ത് കടമ്പനാട് പഞ്ചായത്തിനോട് ചേർന്നുകിടക്കുന്നതിനാൽ പള്ളിക്കൽ പഞ്ചായത്ത് കടമ്പനാട് പദ്ധതിയോട് കൂട്ടിച്ചേർത്ത് ശേഷി വർദ്ധിപ്പിക്കുന്നതായിരിക്കും ഉചിതം.

2 പഞ്ചായത്തുകളുടേയും ആവശ്യം കണക്കിലെടുത്ത് 16. 50 എം. എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ ശാല വേണം. ഇതിൽ നിന്നുള്ള ശുദ്ധ ജലം പള്ളിക്കൽ പഞ്ചായത്തിലെ നിലവിലുള്ള വിതരണ ശൃംഖല വഴി നൽകാൻ കഴിയും. (അടൂർ പദ്ധതിയുമായുള്ള ബന്ധം വിച്ഛേദിക്കണം) നിലവിലുള്ള മണ്ണടിയിലെ കിണർ സംയുക്ത പദ്ധതിയ്ക്കും പ്രയോജനപ്പെടുത്താം.

6.6.4 വിഭാഗം – IV: നിർമ്മാണം പുരോഗമിക്കുന്ന കുടിവെള്ള പദ്ധതികളുടെ അടുത്ത ഘട്ടം ആവശ്യമുള്ളവ

6.6.4.1 കൊല്ലമുള കുടിവെള്ള പദ്ധതി

പദ്ധതിയുടെ വിതരണ ശൃംഖല 2–ാം ഘട്ടമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഏകദേശം 90.കി.മി. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട്. 300 എം.എം മുതൽ 100 എം.എം. വരെയുള്ള ഡി.ഐ കെ.9 പൈപ്പുകളും ജല അതോറിറ്റിയുടെ പൈപ്പ് പോളിസി അനുസരിച്ച് പി.വി.സി പൈപ്പുകളും സ്ഥാപിക്കണം.

6.6.4.2 കോഴഞ്ചേരി കുടിവെള്ള പദ്ധതി

ഉദ്ദേശം 53 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കേണ്ടത് 2–ാം ഘട്ടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കെ.ഡബ്ല്യു.എ. പൈപ്പ് പോളിസി അനുസരിച്ച് 250 എം.എം മുതൽ 100 എം.എം. വരെയുള്ള ഡി.ഐ. പൈപ്പും, പി.വി.സി പൈപ്പുകളും സ്ഥാപിക്കണം.

6.6.4.3 നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര കുടിവെള്ള പദ്ധതി

നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല 2–ാം ഘട്ടമായി വിഭാവനം ചെയ്തിരിക്കുന്നു. കെ.ഡബ്ല്യു.എ യുടെ പൈപ്പ് പോളിസി അനുസരിച്ചുള്ള 300 ഡി.ഐ. കെ.7 മുതൽ 100 ഡി.ഐ. കെ.7 വരെയും പി.വിസി. പൈപ്പുകളും സ്ഥാപിക്കണം.

6.6.4.4 മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗീകം) കുടിവെള്ള പദ്ധതി

3 പഞ്ചായത്തുകളിലായി ഉദ്ദേശം 215 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കണം. കെ. ഡബ്ല്യു.എ പൈപ്പ് പോളിസി അനുസരിച്ച് 450 എം.എം. ഡി.ഐ.കെ.9 മുതൽ 100 എം.എം. ഡി.ഐ.കെ.7 വരെയും പി.വിസി പൈപ്പുകളും സ്ഥാപിക്കണം. പ്രസ്തുത പദ്ധതിയുടെ കിണറും ജല ശുദ്ധീകരണ ശാലയും ഒന്നാം ഘട്ടമായും പമ്പിംഗ് മെയിൻ, ജല സംഭരണികൾ, പമ്പ് ഹൗസുകൾ എന്നിവ രണ്ടാം ഘട്ടമായും വിതരണ ശൃംഖല മൂന്നാം ഘട്ടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

6.6.4.5 സീതത്തോട്, നിലയ്ക്കൽ, പ്ലാപ്പള്ളി കുടിവെള്ള പദ്ധതി

ഉദ്ദേശം 150 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതുണ്ട്. കെ. ഡബ്ല്യു. എ പൈപ്പ് പോളിസി പ്രകാരം 450 ഡി.ഐ.കെ.9 മുതൽ 100 ഡി.ഐ,കെ.9 വരെയും പിവി.സി പൈപ്പുകളും സ്ഥാപിക്കണം. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻടേക്ക് കിണർ, ജല ശുദ്ധീകരണ ശാല, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജല സംഭരണികൾ, പമ്പ് ഹൗസുകൾ വിതരണ ശൃംഖല എന്നിവ സ്ഥാപിച്ചാൽ മാത്രമേ പദ്ധതി കൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കൂ.

6.4.5 വിഭാഗം – V: നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ സംയോജനം

6.4.5.1 പന്തളം തെക്കേക്കര – തുമ്പമൺ കുടിവെള്ള പദ്ധതി

പ്രത്യേകം പ്രത്യേകം കുടിവെള്ള പദ്ധതികളായ പന്തളം തെക്കേക്കരയുടേയും, തുമ്പമണ്ണിന്റെയും സ്രോതസ്സ് അച്ചൻകോവിൽ നദിയിൽ അമ്പലക്കടവിലുള്ള ഇൻടേക്ക് കിണറാണ്. ഇൻഫിൽട്രേഷൻ ഗ്യാലറി സംവിധാനം ഉപയോഗിച്ചുള്ള ശുദ്ധീകരണ പ്രക്രിയയാണ് നടത്തുന്നത്. ഇൻടേക്ക് കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് തുമ്പമൺ പഞ്ചായത്തിലുള്ള ഒരു ലക്ഷം ലിറ്റർ ജല സംഭരണിയിലും പന്തളം തെക്കേക്കരയിലുള്ള 50000 ലിറ്റർ ഭൂതല സംഭരണിയിലും ഒരു ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണിയിലും എത്തിച്ച് പ്രത്യേകം പ്രത്യേകം വിതരണ ശൃംഖല വഴി പന്തളം തെക്കേക്കരയിലും, തുമ്പമണ്ണിലും ജല വിതരണം നടത്തുന്നു. ഈ പദ്ധതിയിലൂടെ ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്. ജല ശുദ്ധീകരണ ശാല ഇല്ല എന്നത് മറ്റൊരു പോരായ്മയാണ്.

നിലവിലുള്ള അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ ഏനാദി മംഗലം, ഏഴംകുളം ഏറത്ത് പള്ളിക്കൽ എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയുടെ ശേഷി 12.38 എം. എൽ.ഡി ആണ്. വിഭാഗം 1–ൽ സൂചിപ്പിച്ചിട്ടുള്ള ഏനാദിമംഗലം– ഏഴംകുളം, ഏറത്ത് – കലഞ്ഞൂർ (ഭാഗീകം)പദ്ധതിയും, വിഭാഗം 3–ൽ സൂചിപ്പിച്ചിട്ടുള്ള കടമ്പനാട്– പള്ളിക്കൽ പദ്ധതിയും പ്രാവർത്തികമായാൽ അടൂർ പദ്ധതിയിൽ അധികം വരുന്ന ശുദ്ധീകരിച്ച വെള്ളം സമീപ പഞ്ചായത്തുകളായ പന്തളം തെക്കേക്കരയിലേയും, തുമ്പമണ്ണിലേയും വിതരണ ശൃംഖലയുമായി സംയോജിപ്പിച്ചാൽ നൽകാൻ കഴിയും. ഇതു മൂലം രണ്ട് പഞ്ചായത്തുകളിലേയും ജനങ്ങൾക്ക് കൂടുതൽ ശുദ്ധീകരിച്ച വെള്ളം നൽകാൻ കഴിയും.

8. ഉപസംഗ്രഹം

സ്റ്റേറ്റ് ഫണ്ട്, കിഫ്ബി, നബാർഡ് സഹായത്തോടെയൊ ത്രിതല പഞ്ചായത്തുകളുടെ പ്ലാനുകൾ പ്രകാരമോ പദ്ധതി നിർദ്ദേശങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കാൻ കഴിഞ്ഞാൽ ജില്ലയിലെ എല്ലാ മേഖലയിലേയും ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളം ആവശ്യമായ അളവിൽ എത്തിക്കുവാൻ കഴിയുന്നതാണ്.

ശുചിത്വം

(ഖര ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പടെ)

ആമുഖം

സമ്പൂർണ്ണ മാലിന്യമുക്ത ജില്ല എന്നതാണ് പത്തനംതിട്ട ലക്ഷ്യമിടുന്നത്. അതിലേക്ക് കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തിയിട്ടുള്ള വൈവിധ്യമാർന്ന പരിപാടികൾ പൂർണ്ണമായി എന്ന് അവകാശപ്പെടുന്നില്ലെങ്കിലും ലക്ഷ്യത്തിലേക്ക് അതിവേഗം നടന്നടുക്കുകയാണ്. 2016 നവംബർ 1 ന് സംസ്ഥാനം വെളിയിട വിസർജ്ജ്യമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു. അതിന്റെ മുന്നോടിയായി പത്തനംതിട്ട ജില്ലയിലെ ഗ്രാമപ്രദേശങ്ങൾ 2016 ഒക്ടോബർ 7 നും നഗരപ്രദേശങ്ങൾ 2017 മാർച്ച് 31 നും വെളിയിട വിസർജ്ജ്യമുക്ത കേന്ദ്രങ്ങളായി പ്രഖ്യാപിക്കാൻ കഴിഞ്ഞു. ഈ നേട്ടം കൈവരിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 10,171 കുടുംബങ്ങൾക്കും നഗര പ്രദേശങ്ങളിൽ 1,673 കുടുംബങ്ങൾക്കും വ്യക്തിഗത ഗാർഹിക കക്കൂസ് നൽകി. ഇത്രയും വ്യക്തിഗത ഗാർഹിക കക്കൂസുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായതോടെ ഈ രംഗത്തെ പോരായ്മ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.

ഒ.ഡി.എഫ് സുസ്ഥിരത നിലനിർത്തുന്നതിനായി ബ്ലോക്ക് തലത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫീൽഡുതല പരിശോധനാ ടീം രൂപീകരിക്കും, ബ്ലോക്ക് തലത്തിൽ ജനറൽ എക്സ്റ്റൻഷൻ ആഫീസറുടെ നേതൃത്വത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, വാളന്റിയർ എന്നിവർ ഉൾപ്പെടുന്ന ടീം പ്രധാനമായും ഗ്രാമപഞ്ചായത്തുകളിലെ മാർക്കറ്റ്, പൊതു സ്ഥലങ്ങൾ, ബസ് സ്റ്റാൻഡ്, അംഗനവാടികൾ, സ്കൂൾ തുടങ്ങിയ പൊതു ഇടങ്ങൾ രണ്ടാഴ്ചയിലൊരിക്കൽ പരിശോധിക്കുകയും കുറവുകൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിനായി പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്യും. പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്ന ഫീൽഡുതല പരിശോധനാ ടീമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ഗ്രാമവികസനവകുപ്പ്, പഞ്ചായത്ത് വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യനീതിവകുപ്പ്, എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധനാ ടീം രൂപീകരിക്കും. അവബോധം ആവശ്യമായ പ്രദേശങ്ങളിൽ ജനങ്ങളിൽ ജനങ്ങൾക്കാവശ്യമായ വിവര വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുന്നതാണ്.

എന്നാൽ ജില്ലയുടെ മുഖ്യമായ വെല്ലുവിളി സ്ഥിര താമസക്കാരും മറുനാട്ടിൽ നിന്നും എത്തുന്നവരുമായ ജനങ്ങൾ ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നതാണ്. ആയതിലേക്ക് 12 മേഖലകളിലെ വിഷയങ്ങളാണ് പഠനമാക്കിയിട്ടുള്ളത്. കണ്ടെത്തിയ പ്രശ്നങ്ങളും പരിഹാരങ്ങളും ചുവടെ പ്രതിപാദിക്കുന്നു.

1. ഗാർഹിക മാലിന്യസംസ്കരണ സംവിധാനം

മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുവാൻ വിവിധ തലങ്ങളിലുള്ള ഭരണസംവിധാനം മുഖേന ജില്ലാ ശുചിത്വമിഷൻ ഫലപ്രദമായി ഇടപെടുകയാണിപ്പോൾ. 2017 ആഗസ്റ്റ് 15 ന് നടന്ന മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ഗൃഹതല സർവ്വേ റിപ്പോർട്ടിൽ വീടുകളിൽ അവലംബിക്കുന്ന ജൈവമാലിന്യ സംസ്കരണ രീതിയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ജൈവ മാലിന്യ സംസ്കരണ രീതി (നഗരം)



ജൈവ മാലിന്യ സംസ്കരണ രീതി (ഗ്രാമം)



നഗര പ്രദേശങ്ങളിലെ 54% വീടുകളിലും ഗ്രാമപ്രദേശങ്ങളിൽ 61% വീടുകളിലും ഏതെങ്കിലും തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് സർവ്വേ പഠനം തെളിയിക്കുന്നു. നഗരപ്രദേശങ്ങളിലെ 46% വീടുകളിലും ഗ്രാമപ്രദേശങ്ങളിലെ 39% വീടുകളിലും ജൈവ മാലിന്യം ശാസ്ത്രീയമായി പരിപാലിക്കുന്നതിന് സംവിധാനങ്ങളില്ല. ആയതിനാൽ ഹരിത കർമ്മസേന മുഖേന അവബോധം നടത്തിയും മാലിന്യ സംസ്കരണോപാധികൾ ലഭ്യമാക്കിയും പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

അജൈവ മാലിന്യ സംസ്കരണ രീതി (നഗരം)



അജൈവ മാലിന്യ സംസ്കരണ രീതി (ഗ്രാമം)



നഗര പ്രദേശങ്ങളിലെ 55% വീടുകളിലും ഗ്രാമപ്രദേശങ്ങളിലെ 41% വീടുകളിലും ഏതെങ്കിലും രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. എന്നാൽ നഗരത്തിലെ 45% വീടുകളിലും ഗ്രാമങ്ങളിലെ 59% വീടുകളിലും ശരിയായ രീതിയിലുള്ള അജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല. ഈ പ്രശ്ന പരിഹാരത്തിനായി ഹരിതകർമ്മ സേനയുടെ സഹായത്തോടെ അവബോധം നൽകി അജൈവ മാലിന്യ പരിപാലനം ശേഖരണം തുടങ്ങിയവ ഒരുക്കി എം.സി.എഫ്, ആർ.ആർ.എഫ് തുടങ്ങിയവ വഴി ക്ലീൻ കേരള കമ്പനി/ഏജൻസി മുഖേന നീക്കംചെയ്ത് പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

2. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ

ഹോട്ടലുകൾ വ്യാപകമായുണ്ടെങ്കിലും മിക്കയിടത്തും മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഹോട്ടലുകളിൽ പ്രത്യേക സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പല ഹോട്ടലുകളും ഇക്കാര്യത്തിൽ ഇപ്പോഴും അലംഭാവം കാണിക്കുകയാണ്. ധാരാളം കല്യാണമണ്ഡപങ്ങൾ ജില്ലയിൽ പലയിടത്തുമായി ഉണ്ട്. അവിടങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ഇല തുടങ്ങിയ മാലിന്യം പലരും അലക്ഷ്യമായി ഉപേക്ഷിച്ചു പോവുകയാണ് പതിവ്. ഇത്തരം കല്യണാമണ്ഡപങ്ങളോടു ചേർന്ന് ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് രൂപം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർദ്ദേശം പാലിക്കപ്പെടുമെന്ന് ഉറപ്പാക്കുകയും ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കുകയും ചെയ്യണം.

പട്ടിക. 4.44

ജില്ലയിലെ ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടേയും വിശദാംശങ്ങൾ

സ്ഥാപനം	എണ്ണം	മാലിന്യ സംസ്കരണ സംവിധാനം ഉള്ളത്	മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തത്
റെസ്റ്റോറന്റ് ഗ്രാമം– 851, നഗരം– 194	1045	189 (18%)	856 (82%)
ഹോട്ടലുകൾ ഗ്രാമം– 78, നഗരം– 72	150	33(22%)	117(78%)
ലഘുഭക്ഷണ ശാല ഗ്രാമം– 807, നഗരം– 72	879	63(7%)	816 (93%)
ആകെ	**2074**	285(14%)	1789(86%)

*അവലംബം– എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ*2015

ഈ പട്ടിക സൂചിപ്പിക്കുന്നത് ജൈവ–അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളിലും ഇത്തരം സംവിധാനങ്ങൾ ഉണ്ടെന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പുവരുത്തി മാത്രമേ അനുമതി നൽകാൻ പാടുള്ളു. കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തണം. ജലസ്രോതസിന്റെ ശുദ്ധി ഉറപ്പുവരുത്തണം.

3. തട്ടുകടകൾ

രാവിലെ പ്രവർത്തിക്കുന്നവ	പകൽ മാത്രം പ്രവർത്തിക്കുന്നവ	രാവിലെ മുതൽ രാത്രി വരെ	വൈകുന്നേരങ്ങളിൽ മാത്രം	രാത്രി മുഴുവൻ	ആകെ
നഗരം					
2	27	18	10	56	**113**
ഗ്രാമം					
4	96	35	187	143	**465**
6	123	53	197	199	78

അവലംബം– എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ 2015

2015 എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ റിപ്പോർട്ട് പ്രകാരം ജില്ലയിൽ 578 തട്ടുകടകൾ പ്രവർത്തിക്കുന്നു. ഇവർ അവലംബിക്കുന്ന മാലിന്യസംസ്കരണ രീതി ചുവടെ ചേർക്കുന്നു.

മാലിന്യ സംസ്കരണ രീതി



ഇത് സൂചിപ്പിക്കുന്നത് 12% സ്ഥാപനങ്ങളിൽ മാത്രമേ ഏതെങ്കിലും തരത്തിലുള്ള മാലിന്യസംസ്കരണ സംവിധാനം നിലവിലുള്ളു. 88% തട്ടുകടകളും പ്രാദേശിക സംസ്കരണ രീതിയാണ് പ്രയോഗിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയുന്നു. ഇത് പൊതു ഇടങ്ങളിൽ മാലിന്യം കുമിഞ്ഞുക്കൂടുന്നതിന് കാരണമായിത്തീരുന്നു. ഇത് പരിഹരിക്കുന്നതിനായി തട്ടുകടകൾക്ക് ലൈസൻസ്, സാനിട്ടേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകി ഗ്രേഡിംഗ് നടത്തുക, കൃത്യമായ ഇടവേളകളിൽ പരിശോധന കർക്കശമാക്കുക, പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ ഭക്ഷണ വിതരണത്തിന് നിർബന്ധമാക്കുക, തട്ടുകട തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുക, കുടിവെള്ളശുദ്ധത ഉറപ്പുവരുത്തുക, മാലിന്യസംസ്കരണോപാധികൾ നിർബന്ധമാക്കുക തുടങ്ങിയവ വഴി പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

1. മാർക്കറ്റുകൾ

ജില്ലയിലെ പ്രധാന ചന്തകൾ പറക്കോട്, ഇട്ടിയപ്പാറ, പത്തനംതിട്ട, കോഴഞ്ചേരി, തിരുവല്ല, അടൂർ, കിടങ്ങന്നൂർ, ഇലവുംതിട്ട, കടമ്പനാട് തുടങ്ങിയവയാണ്. ചെറുതും വലുതുമായി ജില്ലയിൽ ആകെ 158 മാർക്കറ്റുകൾ നിലവിലുണ്ട്. ഇവിടെ പലയിടത്തും വ്യക്തമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ല. മിക്കപ്പോഴും മാലിന്യങ്ങൾ തൂത്തുകൂട്ടി ശേഖരിക്കുന്നതാണ് പതിവ്. ചന്തയിലെ മാലിന്യം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിൽ ഉപയോഗിക്കുന്ന സംവിധാനങ്ങൾ കൊടുമൺ, സീതത്തോട്, കോഴഞ്ചേരി, കോന്നി തുടങ്ങിയ സ്ഥലങ്ങളിൽ നിലവിലുണ്ട്. എന്നാൽ ചിലയിടങ്ങളിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദ മായി തുടർന്ന് നടത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇത്തരം പ്ലാന്റുകളുടെ പ്രവർത്തനങ്ങൾ ഫലപ്രദ മായി നടപ്പിലാക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. പൊതു ചന്തകളിലെ ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി തുമ്പൂർമൂഴി മാതൃക പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ പൊതു സ്വകാര്യ ഇടങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിനായി ഹരിതകർമ്മസേനയെ ഉപയോഗപ്പെടുത്താവുന്നതാണ്.

ജില്ലയിലെ മാർക്കറ്റുകൾ

തദ്ദേശ സ്ഥാപന ഉടമസ്ഥതയിൽ	സ്വകാര്യമേഖലയിൽ	ആകെ	ടോയ്‌ലറ്റ് സൗകര്യം
125	33	158	25 (16%)
മാർക്കറ്റുകളിലെ മാലിന്യസംസ്കരണ സംവിധാനം			
ബയോഗ്യാസ്	**തുമ്പൂർമൂഴി**	**ആകെ**	
4	5	**9 (6%)**	

(അവലംബം- എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ 2015, ശുചിത്വമിഷൻ)

മാലിന്യസംസ്കരണ സംവിധാനം 6% മാർക്കറ്റുകളിലും ടോയ്‌ലറ്റ് സൗകര്യം 16% ലും മാത്രമാണ്നിലവിലുള്ളത്. ആയതിനാൽ പൊതു/സ്വകാര്യ മാർക്കറ്റുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പബ്ളിക്/കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ എന്നിവ തദ്ദേശസ്ഥാപനങ്ങൾ, ശുചിത്വമിഷൻ എന്നിവ മുഖേന നടപ്പിലാക്കാവുന്നതാണ്.

2. മാംസവ്യാപാര രീതി

ജില്ലയിലെ മാലിന്യ പ്രശ്നത്തിന് ആക്കം കൂട്ടുന്ന ഘടകങ്ങളാണ് കോഴിമാംസ വില്പന കേന്ദ്ര ങ്ങളും അറവുശാലകളും. തുറസ്സായ സ്ഥലത്ത് വച്ച് ആടുമാടുകളെ വധിച്ച് ഇറച്ചി വില്പന സാധാരണ മാണ്. അവയുടെ അവശിഷ്ടം പുറത്തേക്ക് വലിച്ചെറിയുകയോ നദികളിൽ ഒഴുക്കി വിടുകയോ ചെയ്യുന്ന വരുമുണ്ട്. വ്യാപകമായുള്ള കോഴിക്കടകളിലും അവശിഷ്ടങ്ങൾ സംസ്കരിക്കാൻ നടപടികൾ ഉണ്ടാകേ ണ്ടിയിരിക്കുന്നു. ഇത്തരം വ്യാപാര കേന്ദ്രങ്ങളുടെ ലൈസൻസ് നൽകുമ്പോൾ കർശന പരിശോധനയും നിയന്ത്രണവും ഉണ്ടാകേണ്ടതാണ്. പരിഹാരമായി ഒരു ബ്ലോക്ക് പരിധിയിൽ നാലോ അഞ്ചോ ഗ്രാമപഞ്ചാ യത്തുകൾ ചേർന്ന് ആധുനിക അറവുശാല നിർമ്മിക്കേണ്ടിയിരിക്കുന്നു.

മാംസവ്യാപാര സംവിധാനം	എണ്ണം
അറവ് ശാല	1
ഇറച്ചിക്കട	60
പൗൾട്രി സ്റ്റാൾ	231
പൗൾട്രി & മീറ്റ് സ്റ്റാൾ	33
അറവ് ശാലയും ഇറച്ചിക്കടയും ചേർന്ന്	23
ആകെ	**348**
*അവലംബം- എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ*2015	

മാലിന്യസംസ്കരണ സംവിധാനം

തുറന്ന കുഴികളിൽ	മൂടിയുള്ള കുഴികളിൽ	ട്രീറ്റ്മെന്റ് പ്ലാന്റ്	ഉപോൽപ്പന്ന പ്ലാന്റ്	മറ്റുള്ളവ	ആകെ
26	124	17	12	169	348

44% (153) സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള സംസ്കരണ സംവിധാനം ഉള്ളവയാണ്. എന്നാൽ 56% (195) സ്ഥാപനങ്ങളിലും സംവിധാനം ഇല്ല. ഇവ പരിഹരിക്കുന്നതിനായി എല്ലാ അറവുശാലകൾ /മാംസവ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പുവരുത്തി ലൈസൻസ് നിർബന്ധമാക്കി നൽകേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങൾ, കിഫ്ബി മുഖേന, ബ്ലോക്കുതലം/നഗരസഭതലത്തിൽ ഒന്ന് എന്ന നിലയിൽ ആധുനിക അറവ് ശാല സ്ഥാപിക്കുകയും വളം, കാലിത്തീറ്റ തുടങ്ങിയ ഉപോല്പന്നങ്ങൾ നിർമ്മിച്ചും സംസ്കരണ രീതി അവലംബിക്കാവുന്നതാണ്.

മാലിന്യപരിപാലനത്തിനും സംസ്കരണത്തിനുമായി നിലവിൽ സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ പരിപാലന രീതി തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേനയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ ആസ്തികളുടെ പരിപാലനം ഹരിതകർമ്മ സേന നിർവ്വഹിക്കുന്നതും ആസ്തികളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച വിവരങ്ങൾ കാലാകാലങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കുന്നതുമാണ്. ഇതിനായി ഹരിതകർമ്മ സേനയെ സാങ്കേതികമായി സഹായിക്കുന്നതിന് ഹരിതസഹായ സ്ഥാപനത്തിനും രൂപം നൽകിയിട്ടുണ്ട്. സംരഭകത്വമാതൃകയിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനക്ക് ഹരിതസഹായ സ്ഥാപനത്തിന്റെ സഹായത്തോടെ ഈ മേഖലയിൽ ഉണ്ടാകാൻ ഇടയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതാണ്. ജില്ലയിലെ 57 തദ്ദേശഭരണസ്ഥാപനങ്ങളിൽ (53 ഗ്രാമപഞ്ചായത്ത്, 4 മുനിസിപ്പാലിറ്റി) എല്ലാ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ പരിശീലനം ഘട്ടംഘട്ടമായി നടന്നുവരുന്നു. ജില്ലയിൽ 13 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, 6 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ, 3 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

3. പൊതു ശ്മശാനം

ജില്ല നേരിടുന്ന ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് പൊതു ശ്മശാനങ്ങളുടെ അഭാവം. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം ജില്ലയിൽ ആകെയുള്ള പൊതു ശ്മശാനങ്ങളുടെ എണ്ണം പന്ത്രണ്ടാണ്. പൊതു ശ്മശാനങ്ങളുടെ അഭാവം ഏറ്റവും ഗുരുതരമായി നേരിടേണ്ടിവരുന്നത് മൂന്ന് സെന്റിൽ താഴെ താമസ്സിക്കുന്നവരും കോളനി നിവാസികളുമാണ്. ***(2017 ആഗസ്റ്റ് 15 ലെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' റിപ്പോർട്ട് പ്രകാരം ജില്ലയിൽ 3 സെന്റിൽ താഴെ സ്ഥലമുള്ള കുടുംബങ്ങളുടെ എണ്ണം 38,589)*** കൂടാതെ ഭൂരഹിത ഭവനരഹിതർക്കായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ളാറ്റുകൾ വരുമ്പോൾ പൊതു ശ്മശാനത്തിന്റെ ആവശ്യകത കൂടുതലായി വർദ്ധിക്കുന്നു. പുതുതായി പൊതു ശ്മശാനത്തിന് സ്ഥലം കണ്ടെത്തുക പ്രദേശവാസികളുടെ എതിർപ്പുമൂലം പ്രായോഗികമല്ല. ഒരു ബ്ലോക്ക് പരിധിയിൽ കുറഞ്ഞത് ഒരു ശ്മശാനവും നഗരപ്രദേശത്ത് ഒരു ശ്മശാനവും ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് കുറേയെങ്കിലും പരിഹാരം കാണുവാൻ കഴിയുകയുള്ളൂ. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടെങ്കിൽ അവയെ കിഫ്ബിയുടെ ധനസഹായത്തോടെ ഗ്യാസ് ക്രിമിറ്റോറിയമാക്കി മാറ്റേണ്ടതാണ്. നിലവിൽ മിക്കപ്രദേശങ്ങളിലും സമുദായ സംഘടനകളുടെ വക ശ്മശാനങ്ങളുണ്ട്. ഇവയുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുകയും നടത്തിപ്പ് ചുമതല സമുദായ സംഘടനകൾക്ക് നിലനിർത്തുകയും ചെയ്യാവുന്നതാണ്. അങ്ങനെ ധാരണയിലെത്തുന്ന ശ്മശാനങ്ങളെ പൊതു ശ്മശാനങ്ങളാക്കി അവയെ കിഫ്ബിയുടെ ധനസഹായത്തോടെ ആധുനിക ക്രിമിറ്റോറിയമാക്കി മാറ്റാവുന്നതാണ്. തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ജില്ലയിൽ 2016-17 ൽ നടന്ന ആകെ മരണങ്ങളിൽ 95 എണ്ണം മാത്രമാണ് പൊതു ശ്മശാനങ്ങളിൽ സംസ്കരിച്ചിട്ടുള്ളത്.

4. ഇതരസംസ്ഥാന തൊഴിലാളികൾ: ശുചിത്വപ്രശ്നങ്ങൾ

ജില്ല മുഴുവൻ വെളിയിട വിസർജ്ജ്യ രഹിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ജില്ലയിൽ വ്യാപകമായുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യവും താമസവും ജില്ലയെ മാലിന്യകേന്ദ്രമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു. ജില്ലയുടെ പ്രമുഖ കേന്ദ്രങ്ങളെല്ലാം ഇതരസംസ്ഥാന തൊഴിലാളികളുടെ അധിവാസ കേന്ദ്രങ്ങളാണ്. നിർമ്മാണ-സേവന മേഖലകളിൽ പ്രവർത്തിക്കുന്ന

ഇവർക്ക് താമസിക്കാൻ വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥലങ്ങളിലൊക്കെ ശുചിമുറികളുടെ അഭാവം ഗുരുതരമാണ്.

ജില്ലയിലെ വിവിധ ബ്ലോക്ക് പ്രദേശങ്ങളിൽ താമസിക്കുന്ന **ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം** ചുവടെ ചേർക്കുന്നു.

പട്ടിക.4.45

ക്രമ നം.	ബ്ലോക്ക്	എണ്ണം
1	പുളിക്കീഴ്	4123
2	ഇലന്തൂർ	2545
3	പറക്കോട്	1567
4	കോയിപ്രം	991
5	മല്ലപ്പള്ളി	856
6	കോന്നി	1243
7	പന്തളം	1709
8	റാന്നി	1764
ആകെ		**14798**
അവലംബം- ആരോഗ്യവകുപ്പ്		

മേൽ കണക്കുകൾ പ്രകാരം ജില്ലയിൽ താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം 14798 ആണെങ്കിലും താൽക്കാലികമായി ഒട്ടേറെ ഇതരസംസ്ഥാന തൊഴിലാളികൾ ജില്ലയിലുണ്ട്. വ്യക്തിശുചിത്വം, പരിസര ശുചിത്വം, ശുചിമുറികളുടെ അഭാവം എന്നിവ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. തന്മൂലം ഈ തൊഴിലാളികൾ ഏറെയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് നദീതീരങ്ങളിലോ, മറ്റ് ജലസ്രോതസ്സുകളുടെ സമീപമോ ആണ്. തദ്ദേശസ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ജനമൈത്രി പോലീസ് എന്നിവർ ചേർന്നുള്ള അവബോധ പരിപാടികൾ, കമ്മ്യൂണിറ്റി ശൗചാലയ സംവിധാനം, സ്വന്തമായി സ്ഥലമുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് 'റെന്റ് എ ഹോം' പദ്ധതിയിലൂടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്ന പദ്ധതികൾ പ്രശ്നപരിഹാരമായി നടപ്പാക്കാവുന്നതാണ്.

5. തീർത്ഥാടന ജില്ല : മാലിന്യപ്രശ്നങ്ങൾ

ദേശീയ തീർത്ഥാടന കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ശബരിമല ക്ഷേത്രം നമ്മുടെ ജില്ലയിൽ ആണെന്നുള്ളത് നമുക്ക് ഏറെ അഭിമാനിക്കാവുന്ന വസ്തുതയാണ്. രാജ്യത്തിനകത്തും പുറത്തുനിന്നുമായി തീർത്ഥാടക കാലയളവിൽ അഞ്ചുകോടിയോളം ഭക്തർ എത്തിച്ചേരുന്നുണ്ട്. ഇത് കേരള ജനസംഖ്യയെക്കാൾ അധികമാണ്. ഇവിടുത്തെ അടിസ്ഥാന പരമായ പ്രശ്നം മനുഷ്യവിസർജ്ജ്യ മാലിന്യമാണ്. ഇതിനായി നിരവധി ശുചിമുറികളും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇത് പര്യാപ്തമാകുന്നില്ല. ഇത് പമ്പയിലെ ജലം മലിനപ്പെടുന്നതിന് കാരണമാകുന്നു. (മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2016 മാർച്ചിലെ കണക്ക് പ്രകാരം പമ്പയിലേക്കെത്തുന്ന ഞുണങ്ങാറ്റിലെ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മി.ലി വെള്ളത്തിൽ 3.5 ലക്ഷം ആണ്) കൂടാതെ അന്യസംസ്ഥാന തീർത്ഥാടകർ നിക്ഷേപിക്കുന്ന വസ്ത്രങ്ങൾ, എണ്ണയും സോപ്പും ഉപയോഗിച്ചു പമ്പാസ്നാനം നടത്തുക തുടങ്ങിയവയും നദി മലിനപ്പെടുന്നതിന് ആക്കം കൂട്ടുന്നു. സീസൺ സമയത്ത് ഏകദേശം 16-ൽ അധികം ഹോട്ടലുകളും 150-ൽ പരം വ്യാപാരസ്ഥാപനങ്ങളും പമ്പയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലായി എഴുനൂറോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഇവരുടെ വസ്ത്രങ്ങൾ അലക്കുന്നതിനോ കുളിക്കുന്നതിനോ ആവശ്യമുള്ള സൗകര്യങ്ങൾ നിലവിലില്ല. അതിനുവേണ്ട നടപടികൾ ദേവസ്വം ബോർഡ് സ്വീകരിക്കേണ്ടതായുണ്ട്.

ജില്ലയിൽ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന കൺവൻഷനുകൾ നടക്കുന്നുണ്ട്. മാരാമൺ, ചെറുകോൽപ്പുഴ, കുമ്പനാട്, എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരം കൺവൻഷനുകളിൽ നൂറ്റിയൻപതോളം ചെറുകിട വ്യാപാര സ്റ്റാളുകൾ എല്ലാ വർഷവും സ്ഥാപിക്കാറുണ്ട്. ഈ വ്യാപാരസ്ഥാപനങ്ങളിലായി നാനൂറോളം ആൾക്കാർ പ്രവൃത്തിയെടുക്കുന്നു. ഇവർക്കാവശ്യമായ ടോയ്‌ലറ്റ് സംവിധാനങ്ങൾ കൃത്യതയോടെ ഒരുക്കാത്തതുമൂലം വെളിയിട വിസർജ്ജ്യങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലയിൽ ഏറ്റവും കൂടുതൽ ഉത്സവങ്ങളും വിവാഹങ്ങളുമായി ജനങ്ങൾ ഒത്തുകൂടുന്ന ഒരു കേന്ദ്രമാണ് ആറന്മുള ക്ഷേത്രവും പരിസരവും. ജൂലൈ മുതൽ സെപ്തംബർ ആദ്യവാരംവരെ ഉദ്ദേശം 450 വള്ളസദ്യകളാണ് നടക്കുന്നത്. ഈ ദിവസങ്ങളിൽ ശരാശരി അയ്യായിരത്തോളം പേർ വള്ളസദ്യകളിൽ പങ്കെടുക്കാൻ മാത്രം ക്ഷേത്രത്തിൽ എത്തുന്നു. കൂടെ നൂറോളം വിവാഹങ്ങളും ഈ ക്ഷേത്രത്തിൽ ഒരുവർഷം നടക്കുന്നുണ്ട്. അഷ്ടമിരോഹിണി വള്ളസദ്യ ദിവസം അൻപതിനായിരത്തിലധികം ജനങ്ങൾ വള്ളസദ്യയിൽ പങ്കെടുക്കാറുണ്ട്. പമ്പയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിൽ മാലിന്യജലസംസ്കരണ പ്ലാന്റ് അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്. കൂടാതെ ഭക്ഷണശേഷം ഉണ്ടാകുന്ന വാഴയില സഹിതം ഉള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നൂതന സംരഭക സാധ്യതകൾ മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ ഏറ്റെടുക്കാവുന്നതാണ്.

തീർത്ഥാടന മേഖലയിലെ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങൾ ബന്ധിപ്പിച്ച് കണക്റ്റഡ് ടോയ്‌ലറ്റ് സംവിധാനം, അന്യസംസ്ഥാന ഭക്തർക്ക് മുൻകൂട്ടി അറിവ് നൽകുന്ന ടോയ്‌ലറ്റ് ലൊക്കേറ്റർ മൊബൈൽ ആപ്ലിക്കേഷൻ, ശബരിമലയ്ക്കായി ശാസ്ത്രീയ സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം (സർക്കാർ & ദേവസ്വം ബോർഡ്), കാർബൺ ന്യൂട്രൽ പിൽഗ്രിമെജ് (CNP) എന്ന ആശയം, പദയാത്രമേഖലകൾ ഗ്രീൻ പ്രോട്ടോകോൾ സോൺ പ്രഖ്യാപനം, ആറന്മുള കേന്ദ്രീകരിച്ച് സദ്യയില സംസ്കരിച്ച് ഉപോല്പന്ന നിർമ്മാണ യൂണിറ്റ് എന്നിവ നടപ്പാക്കാവുന്നതാണ്.

6.സ്കൂളുകൾ (ഗവ. എയ്ഡഡ്), അംഗൻവാടികൾ

- ആകെ സ്കൂളുകൾ – 688
- ശുചിമുറി സംവിധാനം(ആൺകുട്ടികൾക്ക്) – 651 (94.02%)
- ശുചിമുറി സംവിധാനം (പെൺകുട്ടികൾക്ക്) – 687 (99.85%)
- ശുചിമുറി സംവിധാനം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക്) –170 (24.71%)
- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ള സ്കൂളുകൾ – 33 (5%)
- നാപ്കിൻ വെന്റിംഗ് & ഡിസ്ട്രോയർ സൗകര്യമുള്ള സ്കൂളുകൾ – 45(7%)
- ആകെ അംഗൻവാടികൾ – 1389
- സ്വന്തമായി കെട്ടിടമുള്ളത് – 742
- ശിശു സൗഹൃദ ടോയ്‌ലറ്റുകൾ – 183(24.66%)

(അവലംബം– ശുചിത്വമിഷൻ, എസ്.എസ്.എ, ഐ.സി.ഡി.എസ് സെൽ പത്തനംതിട്ട)

സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായി ടോയ്‌ലറ്റുകൾ ഉണ്ടെങ്കിലും പരിപാലിക്കുന്നതിൽ സ്കൂൾ അധികൃതരോ പി.ടി.എ–യോ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. തദ്ദേശസ്വയഭരണസ്ഥാപന തലത്തിൽ നിരന്തര പരിശോധനകൾ ആവശ്യമാണ്. കുട്ടികളിൽ മാലിന്യ–ശുചിത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി ജില്ലയിലെ എല്ലാ പ്രധാന അധ്യാപകർക്കും പി.ടി.എ പ്രസിഡന്റുമാർക്കും പരിശീലനം നൽകുകയുണ്ടായി. ഹരിത നിയമാവലി ചട്ടങ്ങൾ പൂർണ്ണതോതിൽ സ്കൂളുകളിൽ നടപ്പാക്കുന്നുണ്ടോ എന്ന കാര്യം വിദ്യാഭ്യാസ അധികൃതരും തദ്ദേശസ്വയംഭരണസ്ഥാപനവും ശുചിത്വമിഷനും സംയുക്തമായി ചേർന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രശ്ന പരിഹാരത്തിനായി എല്ലാ സ്കൂളുകളിലും ഏതെങ്കിലും തരത്തിലുള്ള ജൈവമാലിന്യ പരിപാലന സംവിധാനവും, എം.സി.എഫ് എന്നീ സംവിധാനങ്ങൾ ഉണ്ടാകണം, നാപ്കിൻ വെന്റിംഗ് & ഡിസ്ട്രോയർ യൂണിറ്റുകൾ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കണം, സ്വന്തമായി സ്ഥലമുള്ള എല്ലാ അംഗൻവാടികൾക്കും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ ഉണ്ടാകണം, എല്ലാ സ്കൂളുകളിലും ഹരിതചട്ടം നടപ്പിലാക്കണം, സ്കൂളുകളിൽ സാനിട്ടേഷൻ മോണിട്ടറിംഗ് കമ്മിറ്റികൾ (എസ്.എം.സി) രൂപീകരിച്ച് സ്കൂളുകൾക്ക് ഗ്രേഡിംഗ് നടത്തണം.

7. ഗാർഹിക ശൗചാലയങ്ങൾ

ജില്ലയിലെ ഗ്രാമ പ്രദേശങ്ങളെ വെളിയിട വിസർജ്ജന മുക്തമായി 2016 ഒക്ടോബർ 7 പ്രഖ്യാപിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 10,147 കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ നൽകിയിട്ടുണ്ട്. 2003 മുതൽ 60,000 ത്തിൽപരം വ്യക്തിഗത കക്കൂസുകൾ ശുചിത്വമിഷൻ മുഖേന നൽകിയിട്ടുണ്ട്. ജില്ലയിലെ നഗര പ്രദേശങ്ങളെ വെളിയിട വിസർജ്ജന മുക്തമായി 2017 മാർച്ച് 30 ന് പ്രഖ്യാപിച്ചു. 1673 കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ നൽകി.

എന്നാൽതന്നെയും ഓരോ വർഷവും 5 മുതൽ 10 ശതമാനം വരെ കുടുംബങ്ങൾക്ക് ടോയിലറ്റ് ആവശ്യമായിവരുന്നു. സാനിട്ടറി കക്കൂസുകൾ എന്ന ഗണത്തിൽ 35% മാത്രമേ ഉൾപ്പെടുന്നുള്ളു.100% സാനിട്ടറി ടോയ്‌ലറ്റ് ക്യാമ്പയിൻ, പുതിയ ഭവനങ്ങളിൽ സാനിട്ടറി ടോയ്‌ലറ്റ് എന്നിവ തദ്ദേസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുക വഴി പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

8. പൊതുശൗചാലയങ്ങളുടെ അപര്യാപ്തത

വ്യക്തിഗത ഗാർഹിക ശൗചാലയങ്ങളുടെ അപര്യാപ്തത ഒ.ഡി.എഫ് പ്രഖ്യാപിച്ചതോടെ പരിഹരിക്കപ്പെട്ടുവെങ്കിലും ഇതര സംസ്ഥാന തൊഴിലാളികൾ, തീർത്ഥാടനവുമായി ബന്ധപ്പെട്ട് ജില്ലയിലെത്തുന്ന ഭക്തന്മാർ എന്നിവർക്കാവശ്യമായ ശുചിമുറികളുടെ അപര്യാപ്തത ഗുരുതരമായി ജില്ലയിൽ നിലനിൽക്കുന്നു.

കൂടാതെ സ്വദേശികളും വിദേശികളും വിനോദസഞ്ചാരികളുമായി ധാരാളമാളുകൾ നമ്മുടെ ജില്ല വഴി സഞ്ചരിക്കുന്നുണ്ട്. പക്ഷേ പലപ്പോഴും ഇത്തരക്കാർക്ക് താൽക്കാലികമായി വിശ്രമിക്കാനോ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനോ സൗകര്യങ്ങൾ ഇല്ല. ജില്ലാ ആസ്ഥാനത്തുപോലും ഇത്തരം സംവിധാനത്തിന്റെ അപര്യാപ്ത നിലനിൽക്കുന്നു. ശുചിമുറി സംവിധാനത്തോടുകൂടി പൊതുവിശ്രമകേന്ദ്രങ്ങൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ജില്ലയിലെ നാല് മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള പൊതു ശൗചാലയങ്ങളുടെ എണ്ണം 18 ആണ്. ഇത് സൂചിപ്പിക്കുന്നത് പൊതുശൗചാലയങ്ങളുടെ ഗൗരവതരമായ അപര്യാപ്തയാണ്. നഗരസഭകൾ സ്വച്ഛ് ഭാരത് മിഷൻ(അർബൻ) മുഖേന കൂടുതൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേതാണ്.

9. തോട്ടം മേഖല, വ്യവസായങ്ങൾ

ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ മൂന്ന് റബ്ബർ തോട്ടങ്ങളും ഹാരിസൺ മലയാളം കമ്പനിയുടെ മൂന്ന് റബ്ബർ തോട്ടങ്ങളുമാണ് ഉള്ളത്. കൂടാതെ വൻകിട ഭൂവുടമകളുടെ 100 ഏക്കറിൽ അധികം വരുന്ന റബ്ബർ തോട്ടങ്ങളും 50 സെന്റ് മുതൽ 5 ഏക്കർ വരെ വരുന്ന ചെറുകിട നാമമാത്ര കർഷകരുടെ റബ്ബർ തോട്ടങ്ങളും ജില്ലയിൽ ധാരാളമായുണ്ട്. റബ്ബർ തോട്ടങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളും രാസകീടനാശിനികളും റബ്ബർ പുനർകൃഷിക്ക് മുമ്പായുള്ള കൈതകൃഷിക്ക് ഉപയോഗിക്കുന്ന ഹോർമോൺ പ്രയോഗങ്ങളും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നുണ്ട്. കൂടാതെ ചെറുകിട റബ്ബർ കർഷകരുടെ വീടുകളിലെ റബ്ബർ പാൽ സംസ്കരണത്തിന് ഉപയോഗിക്കുന്ന ഫോർമിക്ക് ആസിഡ് കലർന്ന ജലം പൊതുജലാശയങ്ങളിൽ കലർന്ന് കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നതിന് കാരണമാകുന്നു. കൂടാതെ ചെറുകിട കർഷകർ തങ്ങളുടെ കൃഷിയിടങ്ങളിലെ വ്യാപകമായ രാസവള പ്രയോഗങ്ങളും കീടനാശിനികളുടെ പ്രയോഗവും നിരുത്സാഹപ്പെടുത്തുന്നതിനായി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ കൃഷിവകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനവും ഹരിത കേരള മിഷനും സംയുക്തമായി സംഘടിപ്പിക്കേണ്ടതാണ്. പ്രശ്ന പരിഹാരമെന്ന് നിലയിൽ കർഷകർക്കിടയിൽ ബോധവത്കരണം, ചെറുകിടതോട്ടങ്ങളിൽ ആസിഡ് കലർന്ന പാഴ്ജല സംസ്കരണ സംവിധാനം എന്നിവ ഒരുക്കാവുന്നതാണ്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലയാണ് പത്തനംതിട്ട. എങ്കിലും 37 പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾ പത്തനംതിട്ട ജില്ലയിൽ ഉണ്ട് (അവലംബം: വ്യവസായ വകുപ്പ്, പത്തനംതിട്ട). ഇവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വാട്ടർ ടാങ്ക്, വാട്ടർ പൈപ്പ്, പ്ലാസ്റ്റിക് ഷീറ്റ്, പോളിത്തീൻ ബാഗ്, റീ സൈക്കിൾ ഓഫ് വേസ്റ്റ് പ്ലാന്റ്, മോൾഡഡ് ഗുഡ്സ്, ഇലക്ട്രികണ്ടക്ട് പൈപ്പ് ബുഷസ് & സ്പെയർ പാർട്സ് എന്നിവയാണ്. ഇവക്ക് ആവശ്യമായ ഗ്രാന്യൂൾസ് മറ്റ് ജില്ലകളിൽ നിന്ന് ശേഖരിക്കുന്നു. പത്തനം തിട്ട ജില്ലയിലെ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ശേഖരി ക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് ഈ ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത വസ്തു നൽകാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ ജില്ലയിൽ നൂറിലധികം സർവ്വീസ് സ്റ്റേഷ നുകൾ പ്രവർത്തിക്കുന്നു. ഈ സർവ്വീസ് സ്റ്റേഷനുകളിലെ പാഴ്ജലം യാതൊരുവിധ സംസ്കരണവുമി ല്ലാതെ പൊതുജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മലിനീകരണ നിയ ന്ത്രണ ബോർഡിന്റെ സഹകരണത്തോടെ ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട്.

സമഗ്ര മാലിന്യ സംസ്കരണ പരിപാടിയുടെ ഭാഗമായി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാല യളവിൽ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എറ്റെടുത്തിട്ടുള്ള ശുചിത്വ-മാലിന്യസംസ്ക രണ പ്രോജക്ടുകളുടെ സംക്ഷിപ്ത
വിവരണം

Components	Total No. of GPs	No. of Projects taken up against the components	Total No. of ULBs	No. of projects taken up against the components	Total BPs	No. of projects taken up	Projects taken by District Panchayat
Material Collection Facility (MCF)	53	22	4	3	8	0	0
Plastic shredding Unit		2		1		*	*
Community level Composting (Thumboormuzhi)		10		4		0	0
Community level Biogas Plants		0(9 existing)		0		2	0
Viability Gap Fund (VGF)		24		3		0	0
Information Education and Communication (IEC)		*		*		*	*
HH level Composting		15		2		0	0
HH level Biogas Plant		15		1		0	0
Upgradation of existing plants		1		0		0	0

നവകേരള നിർമ്മിതിയ്ക്കായുള്ള ഹരിത കേരള മിഷന്റെ ഉപമിഷനായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും മാലിന്യസംസ്കരണവുമായി ബന്ധ പ്പെട്ട് സർക്കാർ നിർദ്ദേശത്തിനനുസൃതമായ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള തീവ്ര ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭ രണസ്ഥാപനങ്ങളോടും പദ്ധതി തുകയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കി വെയ്ക്കാൻ നിർദ്ദേശി

ച്ചിരുന്നു. നിലവിൽ 27 തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മാത്രമേ വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിത കർമ്മ സേന രൂപീകരണത്തിനും അവയുടെ പ്രവർത്തനത്തിനുമായി വകയിരുത്തിയിട്ടുള്ളു. 31 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കൂടി ആവശ്യമായ ഫണ്ട് നീക്കിവെച്ച് സമഗ്ര മാലിന്യപരിപാടിയിലേക്ക് വരേണ്ടതുണ്ട്. 25 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 25 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അജൈവ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്. 32 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾകൂടി ഈ മേഖലയിലേക്ക് അടിയന്തിരമായി കടന്നുവരേണ്ടതുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ആർ.ആർ.എഫ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കേണ്ടതുണ്ട്. കൂടാതെ പൊതുമാലിന്യസംസ്കരണമെന്ന നിലയിൽ തുമ്പൂർമൂഴി പ്ലാന്റ് സ്ഥാപിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉറവിട മാലിന്യവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കാത്ത എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ കൊണ്ടുവരേണ്ടതാണ്.

വിഭവ സമാഹരണം

I.വികസനഫണ്ട് (10%, 15% തുക)			
തദ്ദേശ സ്ഥാപനം	**എണ്ണം**	**പ്രോജക്ടുകൾ**	**വകയിരുത്തിയതുക**
ഗ്രാമപഞ്ചായത്ത്	53	311	9,03,20,884
ബ്ലോക്ക് പഞ്ചായത്ത്	8	44	3,81,80,840
ജില്ലാ പഞ്ചായത്ത്	1	31	3,23,00,512
നഗര സഭകൾ	4	65	3,81,41,121
ആകെ	**66**	**451**	**19,89,43,357**

II.

1	സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ)
2	സ്വച്ഛ് ഭാരത് മിഷൻ(അർബൻ)
3	ശുചിത്വമിഷൻ (സംസ്ഥാന വിഹിതം)
4	കിഫ്ബി
5	ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

പൊതു നിർദ്ദേശങ്ങൾ

1) പാഴ് വസ്തുക്കളുടെ ശേഖരണത്തിന് പഞ്ചായത്തുതലത്തിൽ ഹരിതകർമ്മ സേനയെ നിയോഗിക്കുന്നതിനും പുന:രുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിലേക്കായി സ്വാപ് ഷോപ്പുകൾ, റിപ്പയർ ഷോപ്പ് എന്നിവ സ്ഥാപിക്കുന്നതിനും മതിയായ റീസൈക്കിളിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.
2) സെപ്റ്റേജ് ഉൾപ്പടെയുള്ള മാലിന്യങ്ങൾ നാട്ടിൽ നിന്നും നീക്കം ചെയ്യുന്നുണ്ടെങ്കിലും ഇത് കൃത്യമായ രീതിയിൽ സംസ്കരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻകൂട്ടി അനുമതി വങ്ങേണ്ടതും ആയത് മോണിട്ടറിംഗ് നടത്തേണ്ടതുമാണ്. ആയതിന് ജി.പി.എസ് സംവിധാനമുള്ള വാഹനങ്ങൾ സജ്ജീകരിക്കണം. നിയമലംഘനം നടത്തുന്നവരുടെ പേരിൽ കനത്ത പിഴ ഈടാക്കേണ്ടതുണ്ട്.
3) പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും നിയമലംഘകരെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാവുന്നതാണ്.

4) പൊതു-സ്വകാര്യ ഇടങ്ങളിൽ നിന്നും ഇ-വേസ്റ്റ് പോലെയുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ സംഭരിക്കുന്നതിൽ ക്ലീൻ കേരള കമ്പനിയുമായോ മറ്റ് ഏജൻസികളുമായോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടേണ്ടതാണ്.
5) ജില്ലയിൽ വ്യാപകമായി കാണുന്ന തട്ടുകടകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവർ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ ഭക്ഷണ വിതരണത്തിനായി പുന:രുപയോഗ സാധ്യതയുള്ള വസ്തുക്കൾ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
6) ജില്ലയിൽ കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും സൂപ്പർ റിസോഴ് റിക്കവറി ഫെസിലിറ്റി സെന്ററും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.
7) ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ജനങ്ങൾ കൂട്ടമായി എത്തുന്ന പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) ഫണ്ട് കൂടി ഉപയോഗിച്ചുകൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും ഇതിന്റെ മേൽനോട്ട ചുമതല ഹരിത കർമ്മസേനക്ക് നൽകേണ്ടതുമാണ്.
8) ജില്ലയിലെ എല്ലാ കിണറുകളിലേയും ജലസ്രോതസ്സുകളിലേയും ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ശുദ്ധി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ഉണ്ടാകേണ്ടതാണ്.
9) അന്തരീക്ഷത്തിലുണ്ടാകുന്ന പൊടിപടലങ്ങൾ ആസ്തമാ പോലുള്ള ശ്വാസകോശ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ക്വാറികളുടെ പ്രവർത്തനവും റോഡുകളുടെ നിർമ്മാണവും നടത്തേണ്ടതാണ്.
10) ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ശുചിത്വ അവബോധം സൃഷ്ടിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് വകുപ്പ്, ശുചിത്വമിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിവര വിജ്ഞാന പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതും ആയത് തദ്ദേശസ്ഥാപനത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതുമാണ്.
11) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വിവിധ മേഖലകളിൽ കെട്ടികിടക്കുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യശേഖരം നീക്കം ചെയ്യുന്നതിനും സാനിട്ടറി ലാൻഡ്ഫിൽ പോലെയുള്ള ഉപാധികളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
12) പ്ലാസ്റ്റിക് ക്യാരിബഗുകൾക്ക് പകരം ഉപയോഗിക്കാവുന്ന ബദൽ സംവിധാനങ്ങൾ ജനങ്ങളെ ശീലിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇടപെടേണ്ടതായുണ്ട്.
13) പ്രകൃതിസൗഹൃദ ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ (ഉദാ: കരിമ്പിൻ ചണ്ടിയിൽ നിന്ന് പ്ലേറ്റ് നിർമ്മാണം) തദ്ദേശസ്ഥാപനതലത്തിൽ ആരംഭിക്കാവുന്നതാണ്.
14) ബ്ലോക്കു/നഗരസഭതലത്തിൽ GRSപാക്കേജ് (ഗ്യാസ് ക്രിമിറ്റോറിയം., ആർ.ആർ.എഫ്, സ്ലോട്ടർ ഹൗസ്) 13-ാം പദ്ധതി കാലയളവിൽ നടപ്പിലാക്കണം
15) ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് നൽകുമ്പോൾ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
16) ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടനമേഖലയിൽ വായു മലിനീകരണം കുറക്കുന്നതിന് കാർബൺ ന്യൂട്രൽ പിൽഗ്രിമേജ് (CNP)എന്ന ആശയം നടപ്പിലാക്കണം.

4.2.2 പാർപ്പിടം

1. ആമുഖം

മനുഷ്യന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ പ്രഥമസ്ഥാനമാണ് പാർപ്പിടത്തിനുള്ളത്. വാസയോഗ്യമായ ഒരു വീടുണ്ടാവുക എന്നത് ഏവരുടെയും ആഗ്രഹാഭിലാഷങ്ങളിൽ ഒന്നാണ്. എന്നാൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനം ഉണ്ടാക്കുന്നതിന് സാമൂഹിക-സാമ്പത്തിക-സാംസ്ക്കാരികമായ വിവിധങ്ങളായ സാഹചര്യങ്ങൾ കൊണ്ട് കഴിഞ്ഞെന്നും വരില്ല. അടച്ചുറപ്പുള്ള ഒരു വീടുണ്ടാകുകഎന്നത് ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്ന കാര്യമാണ്. എന്നാൽ, മുൻകാലങ്ങളിലെയും, വർത്തമാനകാല സാഹചര്യങ്ങളും പരിശോധിച്ചാൽ വ്യക്തമാകുന്നത് വാസയോഗ്യമായ ഒരു ഭവനം സാധിതമാകുന്നതിന് സാമ്പത്തിക അവസ്ഥക്ക് പരമപ്രധാനമായ ഒരു പങ്കാണ് നിർവ്വഹിക്കുവാനുള്ളതെന്നാണ്.

സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ മൂലമുള്ള ദാരിദ്ര്യം അടച്ചുറപ്പുള്ള ഒരു ചെറിയ ഭവനമെങ്കിലും കരഗതമാക്കുന്നതിന് സമൂഹത്തിലെ ദുർബ്ബലരായ ആളുകൾക്ക് വിഘാതമാണ്. അതിന് സർക്കാർ സംവിധാനമുൾപ്പെടെയുള്ളവർ കൈത്താങ്ങായി പ്രവർത്തിക്കേണ്ടി വരും. കേന്ദ്ര സംസ്ഥാനസർക്കാരുകളും, പ്രാദേശിക സർക്കാരുകളും പഞ്ചവത്സര പദ്ധതി ഘട്ടം മുതൽ തന്നെ ദുർബ്ബല ജനവിഭാ വമാണെങ്കിലും ജനങ്ങൾക്ക് സുരക്ഷിതമായ ഭവനം നിർമ്മിച്ചു കൊടുക്കുന്നതിന് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. മുൻകാല പദ്ധതികളും, വർത്തമാനകാല പദ്ധതികളും പരിശോധിക്കുമ്പോൾ കാലേക്കൂട്ടിയുള്ള ആസൂത്രണ സമീപനത്തിന്റെ അനിവാര്യതയിലേക്കാണ്കാര്യങ്ങൾ എത്തുന്നത്. അടുത്ത 5 വർഷത്തേക്കുള്ള പത്തനംതിട്ട ജില്ലയിലെ ദുർബ്ബല ജനവിഭാഗങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്കുള്ള പൊതുസമീപനമാണ് ഈ രേഖ.

2. ദാരിദ്ര്യവും പാർപ്പിടവും

സാമൂഹികമായ അംഗീകാരത്തിനുള്ള അവശ്യം വേണ്ട പൊതു ജീവിത നിലവാരം ആർജ്ജിക്കാൻ കഴിയാത്ത വിധം ഒരുവന് അതിനുള്ള ശേഷിയും, വിഭവങ്ങളും ഇല്ലാത്ത അവസ്ഥയാണ് ദാരിദ്ര്യം. ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് തന്നിലുള്ള ജീവിത ശേഷികൾ വികസിപ്പിച്ച് മുഖ്യധാരയിലേക്ക് എത്തിപ്പെടുക എന്നത് ശ്രമകരമായ കാര്യമാണ്. ദാരിദ്ര്യാവസ്ഥയിലുള്ളവർക്ക് സാമൂഹികവിലക്കുകൾ, ദുർബ്ബലമായ സാമ്പത്തിക അവസ്ഥ എന്നീ കാരണങ്ങളാൽ ആഗ്രഹിക്കുന്ന ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വിഘാതമാണ്. ഇതിൽ മനുഷ്യന് ഏറ്റവും ആവശ്യവും, അനിവാര്യവുമായ സ്വന്തമായ പാർപ്പിടവും ഉൾപ്പെടുന്നു.

ദേശീയ സംസ്ഥാന സമ്പദ്ഘടനയുടെ വിവിധങ്ങളായ ഘടകങ്ങളുടെ ആകെ പുരോഗതി എല്ലാവർക്കും തുല്യനീതി ലഭ്യമാകുന്ന തരത്തിലുള്ള വികസനമാണെന്ന് പറയാനാവില്ല. സമൂഹത്തിലെ ദരിദ്രരുടെയും, പാർശ്വവൽക്കരിക്കപ്പെട്ട ദുർബ്ബല ജനവിഭാഗങ്ങളുടെയും ജീവിത പുരോഗതി കൂടി ഉറപ്പുവരുത്തിയാൽ മാത്രമേ ഒരു സമൂഹം അല്ലെങ്കിൽ രാഷ്ട്രം വികസിച്ചു എന്ന് പറയാൻ കഴിയൂ. പാർപ്പിടം ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഒരു അഭിവാജ്യ ഘടകമായി മാറേണ്ടതിന്റെ അനിവാര്യതയും ഇവിടെ എടുത്തുപറയേണ്ട വസ്തുതയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതാണ്ട് എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന തൊഴിൽദാന പദ്ധതികളും പാർപ്പിടത്തിന് അർഹിക്കുന്ന പ്രാധാന്യമാണ് നൽകുന്നതെങ്കിലും ആയതിന്റെ നിർവ്വഹണ അവസ്ഥയിലുള്ള പ്രതിസന്ധികളും, പ്രശ്നങ്ങളും കാരണം ഇവയൊക്കെ തന്നെ പൂർണ്ണമായ അർത്ഥത്തിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് പ്രയോജപ്പെടുത്താൻ കഴിയുന്ന സ്ഥിതിയുമല്ല.

3. ദാരിദ്ര്യവും സാമൂഹിക സാമ്പത്തിക ജാതിസെൻസസും

കേന്ദ്രസർക്കാർ 2011-ൽ നടത്തിയ ജാതി സെൻസസ് അനുസരിച്ച് ജില്ലയിൽ 2,83,661 കുടുംബങ്ങളാണുള്ളത്. ഇതിൽ 79,519 പേരും (28.03%) കൂലിവേല ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക – 4.46

ജില്ലയിൽകൂലിവേല ചെയ്ത്
ഉപജീവനം നടത്തുന്നവർ

Code with Tehsil Name	Total Households	households deriving major part of their income from manual casual labour	%
All India	179787454	68974464	38.36%
State Total	6319215	2555549	40.44%
District Total	283661	79519	28.03%
001 - Thiruvalla	44329	12902	29.11%
002 - Mallappally	34411	10144	29.48%
003 - Ranni	50844	14998	29.50%
004 - Kozhenchery	81235	19930	24.53%
005 - Adoor	72842	21545	29.58%

(ഉറവിടം : ജാതി സെൻസസ് – 2011)

4. ദാരിദ്ര്യവും പാർപ്പിടവും : നിലവിലെ അവസ്ഥ

2011–ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. പത്തനംതിട്ട ജില്ലയിലെ ആകെ ജനസംഖ്യ 11,97,412 ആണ്. ജില്ലയിലെ ആകെ കുടുംബങ്ങളുടെ എണ്ണം 3,19,968 ആണ്.

പത്തനംതിട്ട ജില്ല–നിലവിലെ സ്ഥിതി വിവരകണക്കുകൾ

ജനസംഖ്യ	1197412
പുരുഷൻമാർ	561716
സ്ത്രീകൾ	635696
പട്ടികജാതിക്കാർ	164465
പട്ടികവർഗ്ഗക്കാർ	8108
മത്സ്യതൊഴിലാളികൾ	2073

(അവലംബം–സാമ്പത്തിക അവലോകനം 2016)

ദാരിദ്ര്യത്തിന്റെ നിരക്ക് കേരളത്തിൽ വളരെ കുറവാണ്. 2011 –12 ലെ ഔദ്യോഗിക കണക്ക് പ്രകാരം കേരളത്തിലെ സമ്പൂർണ്ണ ദാരിദ്ര്യ അനുപാതം 12 ശതമാനത്തിൽ കുറവാണ്. ഇത് കഴിഞ്ഞ 40 വർഷത്തെ ഏറ്റവും വലിയ കുറവായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പാവപ്പെട്ടവരുടെ എണ്ണത്തിന്റെ അനുപാതത്തിലുണ്ടായ കുറവ് കേരളത്തിലെ ദാരിദ്ര്യ ലഘൂകരണത്തിന്റെ വിജയമാണ് പ്രതിഫലിക്കുന്നത്.

ഭൂപരിഷ്കരണം, ഭവനനിർമ്മാണം, വിദ്യാഭ്യാസത്തിന്റെയും, ആരോഗ്യ സംരക്ഷണത്തിന്റെയും വ്യാപനം, വികേന്ദ്രീകൃതാസൂത്രണം, പെൻഷൻ പദ്ധതികൾ, പൊതുവിതരണ സമ്പ്രദായം, കുടുംബശ്രീ എന്നിവ കേരളത്തിലെ ഗ്രാമനഗര പ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിൽ ഒരു നല്ല പങ്ക് വഹിച്ചിട്ടുണ്ട്.

പട്ടിക – 4.47

ദാരിദ്ര്യത്തിന്റെ തോത്

	ഇൻഡ്യ	കേരളം	കേരളീയ ഗ്രാമം	നഗരം
1973-74	54.88	59.74	59.19	62.74
2011-12	29.5	11.3	7.3	15.3

(അവലംബം – സാമ്പത്തിക അവലോകനം 2018)

5. സർക്കാർ ഭവനപദ്ധതികളുടെ ചരിത്രം

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ അഭയാർത്ഥികളുടെ പുനരധിവാസത്തിനാണ് ആദ്യമായി പൊതുഭവന നിർമ്മാണ പദ്ധതി ആരംഭിച്ചതെങ്കിലും പിന്നീട് അത് ദാരിദ്ര്യനിർമ്മാജ്ജനത്തിനുള്ള പ്രധാനപദ്ധതിയായി മാറി. പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ ഇതിനുള്ള ശ്രമം ചെറിയ തോതിൽ ആരംഭിച്ച് രാജ്യമാകെ വ്യാപിപ്പിക്കുന്ന തരത്തിൽ ഭവനപദ്ധതികൾ മാറി. ഏറ്റവുമൊടുവിൽ പ്രധാൻ മന്ത്രി ആവാസ് യോജനയിൽ (പി.എം.എ.വൈ.) എത്തി നിൽക്കുന്നു ഭവനപദ്ധതികളുടെ ദേശീയ ചരിത്രം. സംസ്ഥാന രൂപീകരണത്തോടെ കേരളത്തിലും ദുർബ്ബല ജനവിഭാഗങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുന്നതിന് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

6. കേന്ദ്ര സംസ്ഥാന പാർപ്പിട പദ്ധതികൾ നാളിതുവരെ

1. 1957 ൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റിന്റെ ഭാഗമായി വ്യക്തികൾക്ക് 5000 രൂപ വായ്പ നൽകികൊണ്ട് ഒരു ഗ്രാമീണ പാർപ്പിടപദ്ധതിയിൽ വില്ലേജ് ഹൗസിങ്ങ് സ്കീം എന്നപേരിൽ ആരംഭിച്ചു
2. 1980 ൽ തൊഴിൽ ദാന പദ്ധതികളായ എൻ.ആർ.ഇ.പി യിലും ആർ.എൽ.ഇ.ജി.പി യിലും പാർപ്പിട പദ്ധതിക്ക് പ്രത്യേക ഊന്നൽ നൽകി.
3. 1985 ൽ ആർ.എൽ.ഇ.ജി.പിയുടെ ഉപപദ്ധതിയായി പട്ടിക ജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മോചിതരായ അടിമവേലക്കാർക്കും വീട് നിർമ്മിക്കുന്നതിനുള്ള ഇന്ദിരാ–ആവാസ് യോജന (ഐ.എ.വൈ) ഒരു സമ്പൂർണ്ണ ഗ്രാമീണ പദ്ധതി ആരംഭിച്ചു. ഇതിനായി ആർ.എൽ.ഇ.ജി.പി യുടെ ഒരു വിഹിതം നീക്കി വച്ചു.
4. 1989 ൽ ജെ.ആർ.വൈ യിൽ ഒരു നിശ്ചിത ശതമാനം തുക ഭവനനിർമ്മാണത്തിന് നീക്കിവച്ചു.
5. 1996 ജനുവരി മുതൽ ഐ.എ.വൈ ഒരു സ്വതന്ത്ര പാർപ്പിട പദ്ധതിയായി മാറി.
6. 1999 ലെ ജനകീയ പാർപ്പിട പദ്ധതി
7. 2009 ലെ ഇ.എം.എസ്സ് ഭവന നിർമ്മാണ പദ്ധതി
8. 2016 ഏപ്രിൽ ഒന്നുമുതൽ ഐ.എ.വൈ പദ്ധതിയെപി.എം.എ.വൈ (ജി),പി.എം.എ.വൈ. (അർബൻ) പദ്ധതിയായി പുനസംഘടിപ്പിച്ചിരിക്കുന്നു.
9. ലൈഫ് മിഷൻ–സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി
10. ബാങ്കുകളിൽ നിന്നും,സഹകരണ സ്ഥാപനങ്ങളിൽനിന്നുമുള്ള ലോൺ ഉൾപ്പെടെയുള്ള ധനസഹായം ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾ

(അവലംബം – വിവിധ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും)

സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്ക് പാർപ്പിടം ഒരുക്കിക്കൊടുക്കുന്നതിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും ഇടപെടൽ നടത്തുന്നുണ്ടെങ്കിലും ഇന്നും സുരക്ഷിതമായ കെട്ടുറപ്പുള്ള വാസയോഗ്യമായ വീട് നല്ലൊരു വിഭാഗം ജനങ്ങൾക്കും സാക്ഷാത്കരിക്കാത്ത സ്വപ്നമായി അവശേഷിച്ചിരിക്കുന്നു

സ്വന്തമായി ഒരു വീടുണ്ടാക്കുക എന്നത് ഇത്തരം ദുർബ്ബലജനവിഭാഗങ്ങൾക്ക് വെല്ലുവിളി തന്നെയാണ്. കേരളത്തിലെ പൊതുസ്ഥിതി പോലെതന്നെ മലയോരജില്ലയായ പത്തനംതിട്ടയിലും പാർപ്പിട പ്രശ്നം രൂക്ഷമായി നിലനിൽക്കുന്നു. ദുർബ്ബല വിഭാഗക്കാരായ പട്ടികജാതി-വർഗ്ഗക്കാർക്കായി സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുകയാണെങ്കിലും സമൂഹത്തിലെ നിരവധി കുടുംബങ്ങൾ ഇപ്പോഴും വാസയോഗ്യമായ ഒരു വീടില്ലാതെ അന്തിയുറങ്ങേണ്ട അവസ്ഥയിലാണ്.

പട്ടിക – 4.48

2011 സെൻസസ് പ്രകാരം പത്തനംതിട്ട ജില്ലയിലെ ഭവനങ്ങളുടെ തരംതിരിച്ചുള്ള പട്ടിക

താത്കാലിക ഭവനത്തിൽ താമസിക്കുന്ന കുടുംബങ്ങൾ	3607
ഒറ്റമുറിവീട്ടിൽ താമസിക്കുന്ന കുടുംബങ്ങൾ	20661
രണ്ട് മുറി വീട്ടിൽ താമസിക്കുന്ന കുടുംബങ്ങൾ	94934
മൂന്ന് മുറി വീട്ടിൽ താമസിക്കുന്ന കുടുംബങ്ങൾ	93606
മൂന്ന് മുറിയിൽ കൂടുതലുള്ള വീട്ടിൽ താമസിക്കുന്ന കുടുംബങ്ങൾ	107160
ആകെ	3,19,968

(അവലംബം- ഡിസ്ട്രിക്ട് ഹാൻഡ് ബുക്ക് ഓഫ് കേരള 2016)

ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ വിവിധ ഭവന പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്നുണ്ട്. ഇതിലൂടെ ഭവനരഹിതരുടെ എണ്ണം കുറച്ചു കൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയുമേറെ സഞ്ചരിക്കുവാനുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പട്ടിക – 4.49

ജില്ലയിൽ ഭവനരഹിതരും ഭൂരഹിതരുമായ കുടുംബങ്ങളുടെ എണ്ണം

(2017 ഡിസംബർ 25 വരെ)

ഭൂരഹിത ഭവനരഹിതർ	8198
ഭൂമിയുള്ള ഭവനരഹിതർ	4662
വിവിധ പദ്ധതികളിൽ അനുവദിച്ച് വീട് പണി പൂർത്തിയാക്കാത്തവർ	1636
ആകെ	**14,496**

(അവലംബം : ലൈഫ് സർവ്വേ)

2012 – 13 മുതൽ 2016 –17 വരെ വിവിധ ഏജൻസികൾ മുഖേന പത്തനംതിട്ട ജില്ലയിൽ അനുവദിച്ച വീടുകളുടെ വിവരങ്ങൾ പട്ടികയിൽ ചുവടെ ചേർക്കുന്നു.

പട്ടിക – 4.50

2012 – 13 മുതൽ 2016 –17 വരെ വിവിധ ഏജൻസികൾ മുഖേന പത്തനംതിട്ട ജില്ലയിൽ അനുവദിച്ച വീടുകളുടെ വിവരങ്ങൾ പട്ടിക

വിവിധ ഏജൻസികൾ	അനുവദിച്ച വീടുകളുടെ എണ്ണം
ബ്ലോക്ക് പഞ്ചായത്തുകൾ	8613
പട്ടികജാതി വികസന വകുപ്പ്	1389
പട്ടികവർഗ്ഗ വികസന വകുപ്പ്	332
ഫിഷറീസ് വകുപ്പ്	21
നഗരസഭകൾ	750
ഗ്രാമ പഞ്ചായത്തുകൾ (19)	820

(അവലംബം– ലൈഫ് സർവേ)

കൂടാതെ, വിവിധ കേന്ദ്രസംസ്ഥാന സർക്കാർ പദ്ധതികളിലും, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളിലും ഭവനനിർമ്മാണത്തിനായി മുൻകാലങ്ങളിൽ ധനസഹായംനൽകിയ ഒട്ടേറെ ഭവനങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ കിടപ്പുണ്ട്. സംസ്ഥാനസർക്കാരിന്റെ ലൈഫ്മിഷൻ പദ്ധതിയിൽപ്പെടുത്തി അവർക്കെല്ലാം അടച്ചുറപ്പുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ നടപ്പു സാമ്പത്തിക വർഷംതന്നെ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ജില്ലയിൽ കണ്ടെത്തിയ അത്തരം കുടുംബങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക – 4.51

ജില്ലയിൽ പൂർത്തീകരിക്കാനുള്ള വീടുകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തുകൾ	178
ബ്ലോക്ക് പഞ്ചായത്തുകൾ (ഐ.എ.വൈ.) ജാതി	697
പട്ടികജാതി വികസന വകുപ്പ്	335
പട്ടികവർഗ്ഗ വികസനവകുപ്പ്	149
നഗരസഭകൾ	277
ആകെ	**1636**

(അവലംബം–ലൈഫ് സർവേ)

ജില്ലയിലെ കിഴക്കൻമേഖലയിലെ നല്ലൊരു ശതമാനം പട്ടികജാതി–വർഗ്ഗ കുടുംബങ്ങൾക്ക് സുരക്ഷിതമായ പാർപ്പിട സൗകര്യം ഇന്നും അന്യമാണ്. ഭവനരഹിതരായ മുഴുവൻ ദുർബലജനവിഭാഗങ്ങൾക്കും പാർപ്പിടം നിർമ്മിച്ചു നൽകുന്നതിന് ബോധപൂർവ്വമായ ഇടപെടൽ നടത്തിയേ മതിയാകൂ.

7. ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന പാർപ്പിട പദ്ധതികൾ

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (അർബൻ)

കേന്ദ്രസർക്കാർ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി 31.03.2016 ൽ നിർത്തലാക്കി. പകരം പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (അർബൻ) – PMAY(G) എന്ന പേരിൽ 01.04.2016 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു. 2022–ാം ആണ്ടോടു കൂടി ഉപ യോഗശൂന്യവും ജീർണ്ണിച്ചതുമായ എല്ലാ വീടുകളും എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തി ക്കൊണ്ടുള്ള പൂർണ്ണഭവനങ്ങളാക്കി മാറ്റുക എന്നതാണ് പി.എം.എ.വൈ യുടെ ലക്ഷ്യം.

പി.എം.എ.വൈ. (ഗ്രാമീൺ)–ഉം വിവിധ പദ്ധതികളുമായുള്ള സംയോജനവും

പി.എം.എ.വൈ (ജി), എം.ജി.എൻ.ആർ.ഇ.ജി.എസ്സ് സംയോജനത്തിന്റെ ഭാഗമായി കിണർ, കക്കൂ സ്, കിണർ റീചാർജ്ജിംഗ്, തൊഴുത്ത് ഭൂവികസനം, മാലിന്യ സംസ്കരണ ഉപാധികൾ തുടങ്ങിയ ഘടക ങ്ങൾ ചേർത്ത് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഓരോ ബ്ലോക്ക് തലത്തിലും മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിലൂടെ പി.എം.എ.വൈ(ജി) ഗുണഭോക്താക്കളായവർക്ക് കെട്ടിട നിർമ്മാണ സാമിഗ്രികൾ (കട്ട,കോൺക്രീറ്റ്, ജനൽ, വാതിൽ മുതലായവ) നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്ന താണ്. ജില്ലയിൽ പന്തളം,പുളിക്കീഴ് ബ്ലോക്കുകളിൽ കട്ട നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

പി.എം.എ.വൈ(ഗ്രാമീൺ) ഭൗതികലക്ഷ്യം

ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതിയാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാ മീൺ). 2016–17, 2017–18 വർഷങ്ങളിലായി ജില്ലയിൽ 8 ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന തിന് ആകെ 1993 വീടുകളാണ് ജില്ലയുടെ ലക്ഷ്യം. എന്നാൽ .പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി നാളി തുവരെ ഭൗതികലക്ഷ്യത്തിന് അനുസരിച്ച് നേട്ടം കൈവരിക്കാൻ വിവിധ കാരണങ്ങളാൽ സാധിച്ചിട്ടില്ല. ടി കാരണങ്ങൾ ഭവന പദ്ധതികളുടെ പ്രശ്നങ്ങൾ വിശദീകരിക്കുന്ന ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

പി.എം.എ.വൈ.(ഗ്രാമീൺ)പദ്ധതിയിൽ 2017 ഡിസംബർ 25വരെയുള്ള പുരോഗതി

വർഷം	ലക്ഷ്യം	അനുവദിച്ച വീടുകൾ	പൂർത്തീക രിച്ചവ	പൂർത്തീകരി ക്കാനുള്ളവ	ഇനി അനുവദിക്കാൻ ബാക്കിയുള്ളത്
2016–17	1529	485	230	255	1044
2017–18	464	102	04	98	362
ആകെ	**1993**	**587**	**234**	**353**	**1406**

(അവലംബം : ആവാസ് സോഫ്റ്റ് റിപ്പോർട്ട്,ഡിസംബർ 25)

പ്രധാനമന്ത്രി ആവാസ് യോജന (നഗരം)– പി.എം.എ.വൈ.(അർബൻ)

2022–ാം ആണ്ടോടെ ഭാരതത്തിന്റെ 75–ാം സ്വാതന്ത്ര്യദിനാഘോഷവേളയിൽ ഭാരതത്തിലെ എല്ലാ വർക്കും ഭവനം ലഭ്യമാകണം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (പിഎംവൈ – നഗരം). നഗര പ്രദേശങ്ങളിൽ ചേരി വികസനം, ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി, അഫോർഡബിൾ ഹൗസിംഗ് സ്കീം, വ്യക്തിഗത ഭവന നിർമ്മാണം, ഫ്ളാറ്റുകൾ എന്നീ വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കു ന്നത്. 2022–ഓടെ നഗരപ്രദേശത്തെ എല്ലാവർക്കും ഭവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ

ലക്ഷ്യം. കേരളത്തിൽ പദ്ധതി നിർവ്വഹണത്തിനായി തെരെഞ്ഞെടുത്തിരിക്കുന്ന നോഡൽ ഏജൻസി അർബ്ബൻ ഹൗസിംഗ് മിഷൻ ആണ്.

ലൈഫ് മിഷൻ (LIFE)

സംസ്ഥാന സർക്കാരിന്റെ പദ്ധതി നവകേരള സൃഷ്ടിക്കായുള്ള കർമ്മപരിപാടിയുടെ ഭാഗമായ നാല് മിഷനുകളിൽ ഒന്നാണ് ലൈഫ് മിഷൻ അല്ലെങ്കിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി. അഞ്ചു വർഷം കൊണ്ട് ഭൂരഹിത ഭവനരഹിതർ, ഭൂമിയുള്ള ഭവനരഹിതർ തുടങ്ങി എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷിത ഭവനം നൽകുക എന്നതാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഭവനം എന്നതിനുപരിയായി ജീവനോപാധികൾ കൂടി നൽകികൊണ്ടാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ജനസാന്ദ്രതയും സ്ഥലലഭ്യതയും കുറവുള്ള കേരളം പോലെയുള്ള സംസ്ഥാനത്ത് പൊതുഭൂമി കണ്ടെത്തുന്നതിന് പൊതുവെ ദുഷ്ക്കരമായ അവസ്ഥയാണുള്ളത്. ഇതു കൂടി പരിഗണിച്ച് ലഭ്യമായ ഭൂമിയിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് ആവശ്യമുള്ളവർക്ക് നൽകുന്നതിനുള്ളസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അടച്ചുറപ്പുള്ള ഭവനങ്ങൾ നൽകുന്നതോടൊപ്പം സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുകയും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യവും കാഴ്ചപ്പാടും ലൈഫ് മിഷൻ മുന്നോട്ട് വെക്കുന്നു.

2017–18 ലെ ലക്ഷ്യം സ്പിൽഓവർ വീടുകളുടെ പൂർത്തീകരണം

വിവിധ സർക്കാർ തദ്ദേശസ്വയഭരണ സ്ഥാപന പദ്ധതികളിൽ 2016 മാർച്ച് 31 വരെ കരാർ വയ്ക്കുകയും നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതുമായ വീടുകളുടെ പൂർത്തീകരണമാണ് 2017–18 സാമ്പത്തികവർഷം ലൈഫ്പദ്ധതിയിൽ ലക്ഷ്യമിടുന്നത്. (പട്ടിക – 6 കാണുക). ലൈഫ് സ്പിൽഓവർ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, നഗരസഭകളിലും ആരംഭിച്ച് നടന്ന് വരുന്നു.

8. പാർപ്പിടം : പ്രശ്നങ്ങൾ

ജില്ലയിലെ ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ മേഖലയിൽ ഒട്ടേറെ ഇടപെടലുകൾ കേന്ദ്രസംസ്ഥാന സർക്കാരുകളും, പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന തദ്ദേശസ്ഥാപനങ്ങളും നടത്തിയിട്ടുണ്ട്. ഭവനത്തിന്റെ ആവശ്യകത ഒരു പരിധിവരെ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേനയും, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, മത സ്ഥാപനങ്ങൾ എന്നിവ വഴിയും നിറവേറ്റാൻ സാധിച്ചുവെങ്കിലും മുൻകാല പാർപ്പിട പദ്ധതികളുടെ നിരന്തരമായ വിലയിരുത്തലിൽ ഒട്ടേറെ പ്രശ്നങ്ങൾ ശ്രദ്ധിക്കപ്പെട്ടു. ഇവയെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പദ്ധതിയുടെ പ്രവർത്തനത്തെ ബാധിച്ചു.

പി.എം.എ.വൈ. നിർവ്വഹണത്തിൽ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ

1. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന ഭവനപദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമീൺ). 2016–17, 2017–18 വർഷങ്ങളിൽ 1993 വീടുകൾ അനുവദിച്ചിട്ടും നാളിതുവരെ നൽകാൻ കഴിഞ്ഞത് 561 വീടുകൾ മാത്രമാണ്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് (SECC - സെക്ക്) പ്രകാരമുള്ള പട്ടികയിൽ നിന്നുമാണ് പി.എം.എ.വൈ. (ഗ്രാമീൺ) ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും വീടുകൾ അനുവദിക്കേണ്ടതും. സെക്ക് പട്ടിക പ്രകാരം ജില്ലയിൽ ഭവനങ്ങൾ അനുവദിക്കുവാൻ നടത്തിയ അർഹതാ പരിശോധനയിൽ ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അർഹരായി കണ്ടെത്തിയ പല കുടുംബങ്ങൾക്കും പിന്നീട് നടന്ന വിശദമായ പരിശോധനയിൽ വീടുകൾ വിവിധ പദ്ധതികളിൽ ലഭ്യമായിട്ടുള്ളവരാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നടത്തിയ വിശദമായ പരിശോധനയുടെ സംഗ്രഹം ചുവടെ പട്ടികയിൽ വിവരിക്കുന്നു

സെക്ക് ലിസ്റ്റു പ്രകാരം ജില്ലയിലെ ഭവനനിർമ്മാണ പുരോഗതി *(2017 ഡിസംബർ 25 വരെ)*

2016– 17 & 2017– 18 ലക്ഷ്യം	അപ് ലേറ്റ് കമ്മിറ്റി പരിശോധന നടത്തി അംഗീകരിച്ച എണ്ണം.	രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം	ജിയോ ടാഗിംങ് നടത്താനായത്	അനുവദിച്ച വീടുകൾ	പണി പൂർത്തിയാക്കിയ വീടുകൾ
1993	3377	**1466**	630	587	234

ഉറവിടം: ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, പത്തനംതിട്ട

അപ്ലേറ്റ് കമ്മിറ്റി അംഗീകരിച്ച 3377 ഗുണഭോക്താക്കളിൽ ഇനിയും 1911 പേരെ രജിസ്റ്റർ ചെയ്യാൻ വിവിധ കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

പി.എം.എ.വൈ പദ്ധതി : സെക്ക് ലിസ്റ്റു പ്രകാരം ജില്ലയിൽ ഭവനനിർമ്മാണ സഹായം നൽകാൻ കഴിയാത്ത കാരണങ്ങൾ

(2017 ഡിസംബർ 25 വരെ)

ലക്ഷ്യവും നേട്ടവും			രജിസ്റ്റർ ചെയ്യാൻ കഴിയാത്തതിന്റെ കാരണം/വീടുകൾ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം				
2016– 17 & 2017– 18 ലക്ഷ്യം	അപ് ലേറ്റ് കമ്മിറ്റി പരിശോധന നടത്തി അംഗീകരിച്ച എണ്ണം.	രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞ ഗുണഭോക്താക്കളുടെ എണ്ണം	നിലവിൽ വീടുള്ളവർ	സ്ഥലം മാറി പോയവർ	ഭൂരഹിതഭവനരഹിതർ/കൈവശരേഖ ഇല്ലാത്തവർ	മരണപ്പെട്ടവരും, നിയമപരമായ അവകാശികൾ ഇല്ലാത്തവരും	മറ്റ് കാരണങ്ങൾ
1993	3377	1466	719	410	698	78	06

ഉറവിടം: ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, പത്തനംതിട്ട

2. ജില്ലയുടെ 2016–17, 2017–18 വർഷത്തെ ആകെ ഭൗതികലക്ഷ്യമായ 1993 വീടുകളിൽ 60 ശതമാനം എസ്.സി/എസ്.റ്റി ഗുണഭോക്താക്കൾക്കാണ് നീക്കിവെച്ചിരിക്കുന്നത്. ജില്ലയിൽ 74 ശതമാനം വീടുകളും എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്. ടി വിഭാഗങ്ങളെ ആവശ്യാനുസരണം ലഭിക്കാതിരിക്കുന്നത് ഭൗതികലക്ഷ്യം പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. പൊതുവിഭാഗങ്ങൾക്ക് 8.4 ശതമാനവും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് 17.5 ശതമാനവും ആണ് വീടുകളുടെ ടാർജറ്റ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് രണ്ട് വർഷമായി നൽകേണ്ടിയിരുന്ന 349 വീടുകളിൽ 121 വീടുകൾ മാത്രമാണ് ഇതുവരെ അനുവദിക്കാനായത്.

3. ഭൂരഹിതരായ കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തിയാണ് സെക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ സ്വന്തമായി രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ള കുടുംബങ്ങളെയാണ് പി.എം.എ.വൈ (ജി) യിൽ ധനസഹായത്തിന് പരിഗണിക്കുന്നത്. പലർക്കും വീട് നൽകുന്നതിനായി ഭൂമിയില്ലാത്ത സ്ഥിതിയാണ്.

4. ഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കുന്നതിനും, കൈവശവകാശ രേഖ ലഭിക്കുന്നതിനുമുള്ള കാലതാമസവും പി.എം.എ.വൈ (ജി) യുടെ ഭൗതികലക്ഷ്യം പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

5. പരമാവധി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം പി.എം.എ.വൈ (ജി) പദ്ധതിയിൽ അനുവദിക്കുന്നതിനും ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനുമാണ് പാർപ്പിടരേഖ സമയബന്ധിതമായി പൂർത്തീകരിക്കുന്നത്.

9. ജില്ലയിലെ പാർപ്പിട മേഖല നേരിടുന്ന പൊതുവായ പ്രധാന പ്രശ്നങ്ങൾ

- ✔ ജില്ലയിലെ ഭൂമിയുടെ ലഭ്യതയിലുള്ള കുറവ്
- ✔ നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തതയും വിലക്കൂടുതലും
- ✔ വീട് നിർമ്മാണത്തിന് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പാവപ്പെട്ട ജനങ്ങളുടെ പരിജ്ഞാനക്കുറവ്
- ✔ വിലകുറഞ്ഞതും ഗുണമേൻമയുള്ളതും പ്രകൃതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ സാമഗ്രികളെക്കുറിച്ചുള്ള അറിവില്ലായ്മയും, ലഭ്യതയുടെ കുറവും
- ✔ വിവിധ പദ്ധതികളുടെ സംയോജനത്തിന്റെ അഭാവം.
- ✔ ഗുണഭോക്താക്കൾക്കുള്ള വായ്പാലഭ്യതക്കുറവ്.
- ✔ ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ബാങ്കുകളുടെ സഹകരണമില്ലായ്മ – സർക്കാർ, തദ്ദേശസ്ഥാപനങ്ങളുടെ ഭവനപദ്ധതികൾക്ക് അനുബന്ധമായി അധിക ധനസഹായം സ്വരൂപിക്കുന്നതിന് ആവശ്യപ്പെടുന്ന ചെറിയ ലോണുകൾക്ക് പോലും അതിസങ്കീർണ്ണമായ നടപടിക്രമങ്ങളും, രേഖകളും ആവശ്യപ്പെടുന്നു.
- ✔ കേന്ദ്ര പദ്ധതികൾ പലതും ഇപ്പോൾ ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വഴിയാണ് മോണിറ്റർ ചെയ്യുന്നതും, ധനസഹായം അനുവദിക്കുന്നതും. രേഖകളുടെ സൂക്ഷിപ്പിനും സുതാര്യതക്കും ഏറെ പ്രയോജപ്പെടുന്ന ഒന്നാണ് എം.ഐ.എസ്. എന്നാൽ, എം.ഐ.എസ്. നിബന്ധനകളുടെ കാർക്കശ്യവും, ഇളവുകളില്ലായ്മയും സമയബന്ധിതമായി ഫണ്ട് ഗുണഭോക്താക്കൾക്ക് നല്കുന്നതിനും തുക വിനിയോഗത്തിനും അത് പലപ്പോഴും തടസ്സമാകുകയും ചെയ്യുന്നു
- ✔ മുൻ ഖണ്ഡികയിൽ പറഞ്ഞ കാര്യങ്ങളോടൊപ്പം ഗുണഭോക്താക്കളുടെ കടുത്ത സാമ്പത്തിക പരാധീനത, വിവിധ രോഗങ്ങൾ, മക്കളുടെ വിവാഹം, കുടുംബപരവും വ്യക്തിപരവുമായ സാമ്പത്തിക ബാദ്ധ്യത വീട്ടുവാൻ ഉള്ള സ്ഥലവും വീടും വിൽക്കേണ്ടി വരുക തുടങ്ങി വിവിധ കാരണങ്ങളാൽ സർക്കാർ തദ്ദേശസ്ഥാപനങ്ങൾ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല.
- ✔ സാമൂഹ്യമായ വിലപേശൽ ശേഷിയുണ്ടെങ്കിലും അനുവദിക്കുന്ന വീടുകളുടെ എണ്ണം കുറവായതിനാൽ പൊതുവിഭാഗങ്ങളിൽപ്പെട്ട ഏറ്റവും ദുർബ്ബല വിഭാഗങ്ങൾക്കു പോലും ഭവന നിർമ്മാണത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നില്ല.
- ✔ ക്ലേശഘടകങ്ങൾ കൂടുതലായ പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ–അഗതി കുടുംബങ്ങൾ എന്നീ വിഭാഗങ്ങളിലെ താഴ്ന്നവരുമാനക്കാരായ ഭവനരഹിതർക്ക് സർക്കാരും തദ്ദേശസ്ഥാപനങ്ങളും ഭവനനിർമ്മാണത്തിനായി സഹായം നൽകിയാലും സ്വന്തം നിലയിൽ ഭവനനിർമ്മാണം നടത്തുന്നതിന് താല്പര്യമില്ലായ്മയും ശേഷിക്കുറവും പ്രകടിപ്പിക്കുന്നു.
- ✔ ധനികരെയും സാമ്പത്തിക ഭദ്രതയുള്ളവരെയും അനുകരിച്ച് സ്വന്തം വിഭവശേഷിക്കും ആവശ്യത്തിനും യോജിക്കാത്ത വലുപ്പത്തിലും ആർഭാട ചെലവ് നടത്തിയും ഭവനനിർമ്മാണം നടത്താനുള്ള പദ്ധതി ഗുണഭോക്താക്കളുടെ ആഗ്രഹം.

10. ജില്ലയിലെ പാർപ്പിട പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

- ✔ ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി കണ്ടെത്തുക. സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും നിയന്ത്രണത്തിലുള്ള പൊതുഭൂമി ലഭ്യമാക്കാൻ കഴിയുന്നത് ലഭ്യമാക്കുവാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുക.

പത്തനംതിട്ട പോലുള്ള അമ്പത്തിനാല് ശതമാനം വനഭൂമിയുള്ള ജില്ലയിൽ ഈ കാര്യത്തിന് കൂടുതൽ പൊതുഭൂമി കണ്ടെത്തുകയെന്നത് അത്ര എളുപ്പമായി കരുതാനാവില്ല. ഭൂമിയുടെ ലഭ്യതക്കുറവ് മൂലം പലപ്പോഴും സ്വകാര്യ ഭൂമി വിലക്ക് വാങ്ങി ഭവനസമുച്ചയം പോലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തേണ്ടി വരും. ഇതിനുള്ള പദ്ധതികൾ ത്രിതലപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും വാർഷികപദ്ധതികളിൽ പ്രാധാന്യം നൽകി ആവശ്യമായ ഫണ്ട് വകയിരുത്തി നടപ്പിലാക്കണം. അധികമായി വേണ്ടി വരുന്ന തുക സന്നദ്ധ സംഘടനകളിലൂടെ ലഭ്യമാക്കണം.

അടുത്ത 5 വർഷത്തിനുള്ളിൽ അർഹരായ എല്ലാവർക്കും വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സംസ്ഥാനസരക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ നടപടികൾ ഏതാണ്ട് പുരോഗതിയിലാണ്. ഇതിന് പിന്തുണയായി കൂടുതൽ തുക വകയിരുത്തുന്നതിന് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണം.

- ✔ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തണം. നിർമ്മാണ സാമഗ്രികൾ ഉദ്പാദിപ്പിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിയിൽ യൂണിറ്റുകൾ ആരംഭിക്കണം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത ഇതിനായി പ്രയോജനപ്പെടുത്തണം.
- ✔ ചിലവുകുറഞ്ഞ രീതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തിനും വിപണനത്തിനും കുടുംബശ്രീ സംരഭകർക്ക് സ്വയം തൊഴിൽ പദ്ധതി അടിസ്ഥാനത്തിൽ പരിശീലനം നൽകി സംരംഭങ്ങൾ വ്യാപകമായി ആരംഭിക്കണം.
- ✔ സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർക്ക് മേസൺ കാർപ്പെന്ററി തുടങ്ങിയ മേഖലയിൽ വ്യാപകമായ പരിശീലനം നൽകണം. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ലഭ്യതയും ഇതിലൂടെ ഉറപ്പുവരുത്തണം. ഇതിനായി നിർമ്മിതി കേന്ദ്രം, ഹാബിറ്റാറ്റ്, റിട്ടയർ ചെയ്ത സന്നദ്ധ മനോഭാവമുള്ള പ്രാദേശികതലത്തിൽ കണ്ടെത്താൻകഴിയുന്ന എഞ്ചിനിയർമാർ എന്നിവരുടെ സഹായവും തേടാവുന്നതാണ്.
- ✔ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി (റ്റി.പി.റ്റി.എ.) ശരിയായ രീതിയിൽ എല്ലാ തദ്ദേശസ്ഥാപനതലത്തിലും രൂപീകരിച്ച് ഭവന നിർമ്മാണത്തിനും അതിന്റെ സമയബന്ധിതമായ പൂർത്തീകരണത്തിനും പ്രയോജനപ്പെടുത്തണം. ഇപ്പോൾ ഇതിന്റെ പ്രവർത്തനം ലൈഫ് മിഷനിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഇതിന്റെ സാദ്ധ്യത ശരിയായ അർത്ഥത്തിൽ ഉപയോഗിക്കുന്നില്ല.
- ✔ വീട് മാത്രം നൽകുന്നതു കൊണ്ട് അടിസ്ഥാന ആവശ്യങ്ങളിൽ ഒരെണ്ണം മാത്രമേ നിറവേറ്റുവാൻ സാധിക്കുന്നുള്ളു. എന്നാൽ വിവിധ ഏജൻസികളെ സംയോജിപ്പിച്ചു കൊണ്ട് പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും നൽകണം. എങ്കിൽ മാത്രമേ അവരെ ദാരിദ്ര്യത്തിൽ നിന്നും വിമുക്തരാക്കുവാൻ സാധിക്കുകയുള്ളു. ഇതിന്റെ പ്രവർത്തനം പി.എം.എ.വൈ(ജി)യിലും, ലൈഫ് മിഷനിലും ആരംഭിച്ചിട്ടുണ്ട്.
- ✔ ചെലവ് കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഭവന നിർമ്മാണത്തിന് ഊന്നൽ നൽകണം. ഇത് ഉറപ്പുവരുത്തുന്നതിന് ജില്ലയിൽ ബ്ലോക്ക് നഗരസഭ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ സമിതികൾ രൂപീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാവിധ പിന്തുണാ സംവിധാനങ്ങളും ഒരുക്കുക.
- ✔ വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുക. പലവിധ രോഗങ്ങൾക്ക് അടിപ്പെട്ടവരും സ്വന്തമായി വീടുകൾ നിർമ്മിക്കുവാൻ കാര്യശേഷി ഇല്ലാത്തവരുമായ നിർദ്ധനർക്ക് സർക്കാരോ തദ്ദേശസ്ഥാപനങ്ങളോ വീട് അനുവദിച്ചു നൽകിയാലും അവർക്ക് സ്വന്തമായി വീട് പണി ചെയ്യിക്കുവാൻ സാധിക്കുന്നില്ല. ഇക്കൂട്ടർക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ച് വീട് സമയബന്ധിതമായി നിർമ്മിച്ചു നൽകണം. ലൈഫ് മിഷനിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് ശരിയായ അർത്ഥത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

- ✔ ഭവനനിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പ് വരുത്തണം. ബ്ലോക്ക് പഞ്ചായത്ത് – നഗരസഭകൾ കേന്ദ്രീകരിച്ച് ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് രണ്ടും നഗരസഭകളിൽ നാലും വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കണം.
- ✔ ഭവന സമുച്ചയങ്ങൾ പ്രവർത്തനക്ഷമമാകുമ്പോൾ അന്തേവാസികളുടെ സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതാനായി ബന്ധപ്പെട്ട വകുപ്പുകൾ തന്നെ മുൻകൈ എടുക്കേണ്ടതും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.
- ✔ ഭവനനിർമ്മാണത്തിന് അധികമായി വരുന്ന തുക സന്നദ്ധ പ്രവർത്തനത്തിലൂടെ കണ്ടെത്തുകയും ഗ്രാമപഞ്ചായത്ത്–നഗരസഭാ തലത്തിൽ ഭവനനിധി രൂപീകരിക്കുകയും ചെയ്യണമെന്ന സർക്കാർ നിർദ്ദേശം അക്ഷരാർത്ഥത്തിൽ പാലിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കണം.
- ✔ പൂർത്തിയാക്കുന്ന ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്.
- ✔ നേരിട്ടുള്ള പരിശോധനയും മോണിറ്ററിംഗും വഴി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കഴിയുന്നുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനും, സുരക്ഷിതമായ ഭവനത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനും ജില്ലാതല ഉദ്യോഗസ്ഥർ, നഗരസഭാ സെക്രട്ടറിമാർ, ബി.ഡി.ഒ മാർ, വിവിധ തലത്തിലുള്ള എഞ്ചിനീയർമാർ, ബ്ലോക്കുകളിലെ ഹൗസിങ്ങ് ഓഫീസർമാർ, ഓരോ പഞ്ചായത്തിൻെറയും ചാർജുള്ള എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ ഗുണഭോക്താക്കളുടെ ഭവനസന്ദർശനം നടത്തണം.

11. 13–ാം പദ്ധതിയിൽ നടപ്പിലാക്കേണ്ട

ഭവനപദ്ധതികൾ : ജില്ലാ പരിപ്രേക്ഷ്യം

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ കുടുംബങ്ങളുടെ എണ്ണം	–	3,19,968
2022 ൽ പ്രതീക്ഷിക്കുന്ന കുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്	–	1,06,656
ഇതിൽ വീട് ആവശ്യമായി വരുന്നവർ *(വർദ്ധനവിന്റെ ഏകദേശം നാലിൽ ഒന്ന്)*	–	26,664
ഇതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിലും താഴ്ന്ന വരുമാന പരിധിയിലുമുള്ളവർ *(ഏകദേശം നാൽപത് ശതമാനം)*	–	10,665
ലൈഫ് സർവ്വേ പ്രകാരം വീട് ആവശ്യമുള്ളവർ	–	14,496
2022 വരെ വീട് ആവശ്യമുള്ളവരായി കണക്കാക്കുന്നത്	**–**	**25,161**

2017 മുതൽ 2022 വരെ വിവിധ ഏജൻസികൾ ഏറ്റെടുത്ത് നിർമ്മാണം നടത്തേണ്ട ഭവനങ്ങളുടെ എണ്ണം പട്ടിക തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു

വർഷം	2017–18	2018–19	2019–20	2020–21	2021–22	ആകെ
എണ്ണം	4609	3940	5612	5500	5500	25161

ഉറവിടം: ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, പത്തനംതിട്ട

പട്ടിക – 4.52

2017–18 സാമ്പത്തികവർഷത്തിൽ വിവിധ ഏജൻസികൾ ഏറ്റെടുത്ത് നിർമ്മാണം നടത്തേണ്ടുന്ന ഭവനങ്ങളുടെ എണ്ണം

വിവിധ വകുപ്പുകൾ	ലക്ഷ്യം
പിഎംഎവൈ (ഗ്രാമീൺ)	1993
ലൈഫ് സ്പിൽഓവർ	1636
പിഎംഎവൈ (അർബൺ)	600
പട്ടികജാതി വികസന വകുപ്പ്	380
ആകെ	**4609**

ഉറവിടം: ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, പത്തനംതിട്ട

2018–19 സാമ്പത്തികവർഷം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് പദ്ധതി പ്രകാരം ജില്ലയിൽ കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതരുടെ എണ്ണം ബ്ലോക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ലയിലെ ഭവനരഹിതരുടെ എണ്ണം

ക്രമ നമ്പർ	ബ്ലോക്ക്	എണ്ണം
1	ഇലന്തൂർ	211
2	കോയിപ്രം	287
3.	കോന്നി	456
4	മല്ലപ്പള്ളി	261
5.	പന്തളം	250
6	പറക്കോട്	1076
7.	പുളിക്കീഴ്	349
8	റാന്നി	1050
	ആകെ	**3940**

ലൈഫ് സ്പിൽ ഓവർ വീടുകളിൽ 2017–18 സാമ്പത്തിക വർഷം പൂർത്തികരിക്കാൻ കഴിയാതിരുന്ന 438 വീടുകൾ കൂടി 2018–19 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ടതുണ്ട്.

12. വിഭവ സ്രോതസുകൾ

പതിമൂന്നാം പദ്ധതിയിൽ ജില്ലയുടെ പാർപ്പിടാവശ്യങ്ങൾ മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്രേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ദാരിദ്ര്യലഘൂകരണ പദ്ധതികളുടേയും ഭവനനിർമ്മാണ പദ്ധതികളുടേയും വിഹിതം കൂടാതെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഫണ്ട് ഇതിനായി വകയിരുത്തി പദ്ധതി ലക്ഷ്യം വളരെ അനായാസകരമായി നേടാൻ കഴിയുമെന്ന് മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. കൂടാതെ, ലൈഫ്മിഷൻ പദ്ധതിയിൽ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം ജില്ലയിലെ എല്ലാ ഭൂരഹിതർക്കും വീടിനായി സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ ജില്ലയിലെ ത്രിതല പഞ്ചായത്ത്-നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനായി തുക വകയിരുത്തണം.

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും സർക്കാരിന്റേയോ തദ്ദേശസ്ഥാപനങ്ങളുടേയോ ധനസഹായം കൊണ്ടുമാത്രം വീടുകളുടെ പൂർത്തീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞന്നുവരില്ല. അതിനായി, സന്നദ്ധ സേവനം കൈമുതലാക്കിയവരുടെ സഹായം തേടേണ്ടിവരും. ഓരോ തദ്ദേശസ്ഥാപനതലത്തിലും അതിന്റെ വാർഡ്തലത്തിലും യഥാക്രമം ചെയർപേഴ്സൺ/വാർഡ് അംഗം എന്നിവരുടെ നേതൃത്വത്തിൽ സഹായ സമിതികൾ രൂപീകരിക്കണം. കേവലം കടലാസ് സമിതികളായി ഇത് മാറാൻ പാടില്ല. ഇതിനായി ശരിയായ അർത്ഥത്തിലുള്ള സഹായ സമിതികളാണ് രൂപീകരിക്കേണ്ടത് സർക്കാർ-തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന ഭവനനിർമ്മാണ സഹായത്തിന് ഉപരിയായി വരുന്ന തുക സന്നദ്ധ പ്രവർത്തനം വഴി കണ്ടെത്തി ഗുണഭോക്താക്കൾക്ക് എത്തിച്ച് നൽകാനും അതുവഴി വീടുകളുടെ പൂർത്തീകരണം സമയബന്ധിതമായി ഉറപ്പുവരുത്താനും കഴിയും.

. **വിഭവ സ്രോതസുകളെ സംബന്ധിച്ച ഡേറ്റ ചുവടെ ചേർക്കുന്നു.**

യൂണിറ്റ് കോസ്റ്റ്	പി.എം.എ. വൈ(ജി) വിഹിതം	ഗ്രാമപഞ്ചായത്ത് വിഹിതം	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	ആകെ (2+3+4+5)
1	2	3	4	5	6
4,00,000	1,20,000	70,000	1,12,000	98,000	4,00,000

2018-19 ജില്ലയിൽ ൽ 3940 വീടുകൾക്ക് ആകെ ആവശ്യമായ തുക

ആകെ വീടുകൾ	പി.എം.എ. വൈ(ജി) വിഹിതം	ഗ്രാമപഞ്ചായത്ത് വിഹിതം	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	ആകെ (2+3+4+5)
1	2	3	4	5	6
3940	4,72,800,000	2,75,800,000	4,41,280,000	3,86,120,000	1,57,600,0000

ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 438 സ്പിൽ ഓവർ വീടുകൾക്കുള്ള തുക വിലയിരുത്തിയിട്ടുണ്ട്

സംഗ്രഹം

2017–18 മുതൽ 2022 വരെയുള്ള അഞ്ചു വർഷം കൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് പത്തനംതിട്ട ജില്ല ലക്ഷ്യമിടുന്നു. ജില്ലയിൽ ഏകദേശം 25,161 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടിവരും. 2017–18 ൽ ആകെ 4609 വീടുകളാണ് പണി പൂർത്തിയാക്കേണ്ടത്. ഇതിൽ 2016 മാർച്ച് 31 വരെ കരാർ വയ്ക്കുകയും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ 1636 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി വീടുകളുടെ പണി പൂർത്തിയാക്കുവാൻ ആവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങൾ ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ നിരക്കായ 4 ലക്ഷം എന്ന യൂണീറ്റ് കോസ്റ്റിൽ ആനുപാതികമായി തുക കണ്ടെത്തുന്നതിനായി ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും നടപടി സ്വീകരിച്ച് വരികയാണ്. തുകയുടെ സമാഹരണം നടന്നു കൊണ്ടിരിക്കുന്നു.

ലൈഫ് മിഷൻ, പി.എം.എ.വൈ പദ്ധതികൾ സമൂഹത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗങ്ങൾക്ക് കേവലം വീടുകൾ നൽകുന്ന പദ്ധതി എന്നതിൽനിന്നുമാറി ഭൂരഹിത–ഭവനരഹിതരുടെ പുനരധിവാസത്തിന് ഒരു മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര പദ്ധതികൾക്ക് പുറമെ പതിമൂന്നാം പദ്ധതിയിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരും വർഷങ്ങളിൽ ഭവനനിർമ്മാണ മേഖലയ്ക്ക് പ്രഥമസ്ഥാനം നൽകി പദ്ധതി വിഹിതത്തിൽ നല്ലൊരു തുക വകയിരുത്തി ജില്ലയുടെ ദുർബല ജനവിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

നിർദേശങ്ങൾ

1. ഭവന നിർമ്മാണത്തിന് തെരഞ്ഞെടുക്കുവാൻ അനുയോജ്യമായി നിശ്ചിതവിസ്തൃതിയിലുള്ളതും ഭൂപ്രദേശങ്ങൾക്ക് അനുസരിച്ചും പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കുന്നതുമായ വ്യത്യസ്ത രൂപ മാതൃകകൾ ലഭ്യമാക്കണം.
2. നിർമ്മാണ ചെലവ് കുറക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും പ്രാപ്തമായ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ സജ്ജമാക്കണം.
3. തെരഞ്ഞെടുക്കുന്ന മാതൃക പ്രകാരം വീട് നിർമ്മിക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ കേന്ദ്രീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടെത്തണം.
4. വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. ഇതിനെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട നിർദേശങ്ങൾ ഉണ്ടാകണം. പല വകുപ്പിൽ നിന്നും തുക കൈപ്പറ്റുന്ന പ്രവണത കുറയ്ക്കാൻ ഇത് സഹായമാകും.
5. പാർപ്പിട മേഖലയിലെ രൂക്ഷമായ പ്രശ്നം.

സാമൂഹ്യക്ഷേമം-സാമൂഹ്യസുരക്ഷിതത്വം

സമൂഹത്തിലെ എല്ലാ രീതിയിലും അവശത അനുഭവിക്കുന്ന വിഭാഗത്തിന് അധികാരികൾ-സർക്കാർ നൽകുന്ന സംരക്ഷണവും പരിഗണനയുമാണ് സാമൂഹ്യ സുരക്ഷിതത്വം. സമൂഹത്തിൽ നീതിയും അവകാശവും നിഷേധിക്കപ്പെടുന്നിടത്തും, അത് ആർജ്ജിക്കുവാൻ കഴിയാതെവരുന്ന സാഹചര്യത്തിലും ആണ് ഈ സഹായഹസ്തം നീട്ടേണ്ടത്.

കേരള സാമൂഹ്യ സുരക്ഷാമിഷൻ സാമൂഹ്യസുരക്ഷിതത്വവുമായി ബന്ധപ്പെട്ടു നൽകുന്ന അനേകം സുരക്ഷാ പദ്ധതികൾ നിലവിലുണ്ട്. സമൂഹത്തിൽ വൈകല്യവും രോഗവും മൂലം അവശത അനുഭവിക്കുന്ന വിഭാഗത്തിനെ ഉദ്ദേശിച്ചാണ് ഇത്തരത്തിലുള്ള സ്കീമുകൾ നടപ്പിലാക്കിവരുന്നത്. എൻഡോസൾഫാൻ ദുരിത ബാധിതരുൾപ്പെടെ ഉള്ളവർക്ക് സോഷ്യൽസെക്യൂരിറ്റി മിഷൻ വഴി വളരെയേറെ സുരക്ഷാ പരിപാടികൾ നടത്തിവരുന്നു.

നിലവിൽ KSSM(Kerala Social Security Mission) ലൂടെ നടപ്പാക്കുന്ന സ്കീമുകൾ

1. വീ കെയർ
2. കാൻസർ സുരക്ഷാ സ്കിം
3. താലോലം
4. ശ്രുതിതരംഗം
5. സ്നേഹപൂർവ്വം
6. സമാശ്വാസം
7. ആശ്വാസകിരണം
8. ഹംഗർ ഫ്രീ സിറ്റി
9. വയോമിത്രം
10. സനേഹ സ്പർശം
11. കാരുണ്യ ഡിപ്പോസിറ്റ് സ്കീം
12. ക്ഷേമസ്ഥാപനങ്ങൾക്ക് കെയർ ഗിവർമാർ
13. സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസലിലിറ്റി
14. പ്രത്യാശ
15. സ്നേഹ സ്വാന്തനം

നിലവിലെ അവസ്ഥ

മേൽ സ്കീമുകൾ എല്ലാം തന്നെ നിലവിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിൽ തന്നെയും ഇനിയും ഇവയുടെ ആനുകൂല്യം ആവശ്യമുള്ള, അർഹതയുള്ള വിഭാഗം അവശേഷിക്കുന്നുണ്ട്. ഇവരെയെല്ലാം തന്നെ സ്കീമിന്റെ പരിധിയിൽ കൊണ്ടുവരികയെന്നതാണ് ഈ മേഖലയിൽ ആവശ്യമുള്ളത്.

തന്ത്രം

1 പ്രദേശത്തെ, വാർഡിലെ മുഴുവൻ ആളുകളുടെയും ഗ്രാമസഭാ പങ്കാളിത്തം, പ്രത്യേകിച്ചും അവശ വിഭാഗത്തിലുള്ള ജനങ്ങളുടെ കുടുംബാംഗം ഗ്രാമസഭയിൽ എത്തുന്നു എന്ന് ഉറപ്പാക്കുക.

2 ജില്ലാതല ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ ഭവന സന്ദർശനം, സേവനം ആവശ്യക്കാരന്റെ അടുത്ത് എത്തിക്കുക. അവർക്കുവേണ്ടി അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായം എത്തിക്കുക. മുൻഗണന പട്ടികയിൽ ഉൾപ്പെടുന്നു എന്നുറപ്പാക്കുക.

3 മാസത്തിൽ വികസന പ്രക്രിയയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഭവനസന്ദർശനം നിർബന്ധമാക്കുക.

4 ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രത്യേക ബോധവൽക്കരണം.

പുതിയ ഇടപെടലുകൾ ആവശ്യമുള്ള മേഖലകൾ

1. എച്ച്.ഐ.വി ബാധിതരായവരും അവരുടെ കുടുംബാംഗങ്ങളും.

എച്ച്.ഐ.വി ബാധിതർക്ക്, അവരുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിച്ചു നൽകുകയും അവരെ സമൂഹത്തിൽ നിന്നും മാറ്റി നിർത്താതെ സാധാരണ ജീവിതത്തിലേക്ക് നയിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. അവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം ഉറപ്പാക്കേണ്ടതും എച്ച്.ഐ.വി ബാധിതരായവർക്ക് സൗജന്യ തുടർ ചികിത്സയും പോഷകാഹാരവും നൽകുന്നതിന് സാധിക്കണം. സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും പ്രത്യേക സ്കിൽ ഡവലപ്പ്മെൻറ് പരിശീലനം നൽകേണ്ടതാണ്. അവർക്കെതിരെ വിവേചനം ഇല്ലാതെ പെരുമാറുന്നതിന് സമൂഹത്തിനു ബോധവൽക്കരണം നൽകേണ്ടതാണ്.

2. ആദിവാസി മേഖലയിലെ സ്ത്രീകളും കുട്ടികളും

ആദിവാസി മേഖലയിൽ അനാവശ്യ ഇടപെടലുകൾ നടത്തിയതിന്റെ ഫലമാകാം അവിടെ മാതൃമരണം, ന്യൂനപോഷണമുള്ള കുട്ടികളുടെ ജനനം എന്നിവ. ഇവരുടെ മേഖലയിൽ ഉള്ള ഇടപെടലുകൾക്ക് പ്രത്യേക തന്ത്രം ഉണ്ടാവേണ്ടതാണ്. അവരെ പരിഷ്കൃത സമൂഹത്തിൻറെ രീതിയിലേക്ക് കൊണ്ടുവരാതെ യഥേഷ്ടം അവരുടെ തന്നെ സാഹചര്യത്തിൽ ഭക്ഷണക്രമവും ആചാരങ്ങളും തുടരുവാൻ അനുവദിക്കുകയും ഒപ്പം ബഹുഭാര്യത്വം, ശൈശവ വിവാഹം, തുടങ്ങിയ ദുരാചാരങ്ങളെ നിരുത്സാഹപ്പെടുത്തുകയും വേണം. കുട്ടികൾക്ക് പോഷകാഹാരം കൊടുക്കുന്നത് തുടരാം. എന്നാൽ അവരുടേതായ ധാന്യങ്ങൾ, കായ്കനികൾ അതൊക്കെ കൃഷിചെയ്യുന്നതിനും, മറ്റും അവരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വീട്ടിലുള്ള പ്രസവം, അടുത്തടുത്തുള്ള പ്രസവം ഇവയൊക്കെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആദിവാസികളെ പരിഷ്കൃത സമൂഹമാക്കുവാൻ ശ്രമിക്കുന്നത് ഒരു തരത്തിൽ അവരുടെ മനുഷ്യാവകാശ ലംഘനം തന്നെയാണ്. അവരുടെ അഭിരുചികളും താൽപര്യങ്ങളും കാടിന്റെ സംസ്ക്കാരത്തിന് അനുയോജ്യമാക്കിയാൽ ഈ സംരക്ഷണത്തിന് വന്യമൃഗസംരക്ഷണം പോലെ തന്നെ ആദിവാസി സംരക്ഷണം അവരുടെതായ ചുറ്റുപാടിൽ അവരുടെ രീതിയിൽ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.

- തടവുകാരുടെ മക്കൾ, കുടുംബാംഗങ്ങൾ

സമൂഹത്തിൽ വിവേചനം അനുഭവിക്കുന്ന മറ്റൊരു വിഭാഗമാണ് തടവുകാരുടെ മക്കൾ. നിലവിൽ സാമൂഹ്യനീതി വകുപ്പ് തടവുകാരുടെ മക്കൾക്കും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. ഇവരുടെ കുടുംബത്തിന്റെ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വത്തിൻറെ ഭാഗമാണ്. ഇവർക്ക്, വീട്, തൊഴിൽ, വിവേചന രഹിതമായ പരിഗണന ഇവയൊക്കെ നൽകുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽ, എം.എൽ.എ, എം.പി ഫണ്ടുകൾ തുടങ്ങിവയൊക്കെ ഇവരുടെ ഉന്നമനത്തിനായി ഉപയോഗിക്കപ്പെടേണ്ടതാണ്.

- അനാഥാലയങ്ങളിലെയും മറ്റു ധർമ്മ സ്ഥാപനങ്ങളിലെയും അന്തേവാസികൾ

അനാഥാലയങ്ങൾ 18 വയസ്സുവരെ മാത്രമുള്ള കുട്ടികൾക്കായി നിലനിന്നു പോരുന്നു. 18 വയസ്സിനു ശേഷം തികച്ചും അനാഥരായവർക്ക് പിന്നീടുള്ള ജീവിതം ചോദ്യചിഹ്നമായി മാറുന്ന സ്ഥിതിവിശേഷം ഉണ്ട്. ഇവരുടെ തുടർ വിദ്യാഭ്യാസവും, തൊഴിൽ, ഭാവി ജീവിതം ഇവയെക്കെതന്നെ സർക്കാരിന്റെ

കടമയാണ്. ആഫ്റ്റർ കെയർ ഹോമുകൾ ഇവർക്കായി സർക്കാരിന്റെ തന്നെ നേതൃത്വത്തിൽ ഉണ്ടാകണം. ജില്ലയിൽ രണ്ട് ആഫ്റ്റർ കെയർ ഹോമുകൾ ആവശ്യമുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും. 18 വയസ്സിനുശേഷം പ്രായമുള്ളവരുടെ തുടർ വിദ്യാഭ്യാസം, തൊഴിലന്വേഷണം, വിവാഹം, കുടുംബം കെട്ടിപ്പടുക്കൽ ഇതെല്ലാം ഓരോ വ്യക്തിക്കും നൽകേണ്ടത് നമ്മുടെ കടമയാണ്. ജില്ലയിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈയ്യെടുത്ത് ഇത് സാധ്യമാക്കാവുന്നതാണ്. പുറംപോക്കു സ്ഥലങ്ങൾ ഇവർക്കായി നൽകി, ഭവനം നൽകി സഹായിക്കാവുന്നതാണ്.

- **ദത്തെടുക്കൽ**

  ദത്തെടുക്കൽ സംവിധാനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകേണ്ടതാണ്.

- **അവിവാഹിതരായ സ്ത്രീകൾ.**
  നിലവിൽ യാതൊരുവിധ പരിഗണനയും ലഭിക്കാത്ത വിഭാഗമാണ് അവിവാഹിതരായ സ്ത്രീകൾ. അവരുടെ ക്ഷേമം, സ്വയം പര്യാപ്തത ഇവയൊക്കെ സാധ്യമാക്കേണ്ടതാണ്. അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ, തൊഴിൽ എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്. അവർക്ക് പാർപ്പിടം നൽകുന്നതിനും പരിഗണന ആവശ്യമാണ്.

- **ഭിക്ഷാടനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ**
  ജില്ലയിൽ ഭിക്ഷാടനത്തിന് ഏർപ്പെട്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ യാചക മന്ദിരങ്ങൾ ആരംഭിക്കേണ്ടതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.
- മനുഷ്യക്കടത്ത്, കുട്ടിക്കടത്ത് (Human Tracking & Child Tracking)
- പ്രവാസി സമൂഹത്തിന്റെ ക്ഷേമം.
- അനാഥാലയങ്ങിൽ നിന്നും മറ്റ് ക്ഷേമസ്ഥാപനങ്ങളിൽ നിന്നും പുറത്തേക്കു പോകുന്നവരുടെ പുനരധിവാസം
- ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം.
- മഹിളാമന്ദിരം, വൃദ്ധസദനങ്ങൾ, സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികളിൽ ബന്ധുക്കളും കുടുംബവും ഉള്ളവരെ സമൂഹത്തിലേക്കും ആ സംവിധാനത്തിലേക്കും പുരധിവസിപ്പിക്കൽ

4.2.3 വിദ്യാഭ്യാസം

ആമുഖം

വിദ്യാഭ്യാസരംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമായ കേരളത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് സവിശേഷമായ ഒരു സ്ഥാനം ഉണ്ട്. ജില്ലയിലെ ഏതാണ്ട് മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി ജില്ലയിലെ സ്കൂളുകൾ അക്കാദമിക തലങ്ങളിലും നോൺ അക്കാദമിക തലങ്ങളിലും മികച്ച പുരോഗതി കൈവരിച്ച് കൊണ്ടിരിക്കുന്നു.

സമ്പന്നമായ ഒരു വിദ്യാഭ്യാസ പാരമ്പര്യം നമ്മുടെ ജില്ലയ്ക്കുണ്ട്. പ്രാചീനകാലം മുതൽക്കേ എഴുത്തു പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. വേദാന്തത്തിലും സംസ്കൃത സാഹിത്യത്തിലും ജ്യോതിഷ ത്തിലും പഠനങ്ങളും ചർച്ചകളും നടന്നിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തോട നുബന്ധിച്ച് ഗുരുകുല രീതിയിൽ വിദ്യാഭ്യാസം നടന്നിരുന്നു. ആയിരം വിദ്യാർത്ഥികൾക്ക് സൗജന്യമായി താമസിച്ചു പഠിക്കുന്നതിന് തിരുവല്ലശാലയിൽ സൗകര്യമുണ്ടായിരുന്നു. 1850 ന് മുൻപ് മണിപ്പുഴ ആശാ ന്മാർ കുട്ടികളെ എഴുത്തും വായനയും കണക്കും പഠിപ്പിച്ചിരുന്നതായി കാണുന്നു. പത്തൊൻപതാം നൂറ്റാ ണ്ടിന്റെ ആദ്യദശകങ്ങളിൽ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സംസ്കൃത പാഠശാലകൾ പ്രവർത്തിച്ചിരു ന്നു. കൊല്ലവർഷം 985 ൽ ഓമല്ലൂരിൽ ആരംഭിച്ച **വിജ്ഞാന സന്തായനി** സംസ്കൃത പാഠശാല ഇവയിൽ പ്രമുഖമായ ഒന്നായിരുന്നു. 1850 കളിൽ ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടെ ജില്ലയിലെ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കമായി.

തിരുവിതാംകൂർ രാജഭരണം സ്വീകരിച്ച നടപടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ഇട യാക്കി. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്കിടയിൽ ഉണ്ടായ ഉണർവും അവകാശ ബോധവും വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള സാമൂഹിക സമ്മർദ്ദത്തിന് വഴിയൊ രുക്കി. അയിത്തം കല്പിച്ച് മാറ്റി നിർത്തിയിരുന്ന ജനവിഭാഗങ്ങൾക്ക് 1914-ൽ സ്കൂൾ പ്രവേശനം നൽകിയത് എതിർപ്പ് ഉണ്ടാക്കി. ശ്രീമൂലം പ്രജാസഭാ മെമ്പർ ആയിരുന്ന വെള്ളിക്കര ചോതിയുടെ ശ്രമഫ ലമായി മൂന്ന് കുട്ടികളെ പുല്ലാട് സർക്കാർ സ്കൂളിൽ പ്രവേശിപ്പിച്ചു. (പിൽക്കാലത്ത് തിരുകൊച്ചി നിയമസ ഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദമലങ്കരിച്ച ടി.ടി. കേശവശാസ്ത്രി പ്രവേശനം ലഭിച്ച മൂന്നുപേരിൽ ഒരാളാ യിരുന്നു.) ഇതിൽ പ്രകോപിതരായ സവർണ്ണർ വിദ്യാലയത്തിൽ നിന്ന് തങ്ങളുടെ കുട്ടികളെ പിൻവലിക്കു കയും സ്ക്കൂൾ അഗ്നിക്കിരയാക്കുകയും ചെയ്തു. ഇത്തരം എതിർപ്പുകൾക്ക് അധഃസ്ഥിതരുടെ മനോ വീര്യം കെടുത്താനായില്ല.

ശ്രീചിത്തിരതിരുനാൾ ദിവാൻ സഭയിൽ അംഗമായിരുന്ന പി.സി. ആദിച്ചൻ നടത്തിയിരുന്ന ഹരിജ നോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കർഷകത്തൊഴിലാളിയായിരുന്ന കല്ലിരിക്കുന്നതിൽ ചന്ദ്രനയ്യ പ്പൻ സംഭാവന ചെയ്ത സ്ഥലത്ത് വിദ്യാലയം ആരംഭിച്ചത്, വിദ്യാഭ്യാസത്തിന്റെ അനിവാര്യത അക്കാ ലത്ത് കർഷക സമൂഹം തിരിച്ചറിഞ്ഞു എന്നതിന് തെളിവാണ്.

ജില്ലയിലെ വിദ്യാഭ്യാസ വളർച്ചയ്ക്ക് പ്രമുഖമായ സംഭാവന ചെയ്ത സാംസ്ക്കാരിക നായകനായി രുന്നു പുലൂർ എസ്. പദ്മനാഭപണിക്കർ. തലച്ചിറ, കുമ്പഴ, റാന്നി-വൈക്കം, പുതുശ്ശേരിമല, വലിയകുള, മെഴുവേലി, പത്തനംതിട്ട, കുറിയന്നൂർ തുടങ്ങിയ പ്രദേശങ്ങളിൽ അദ്ദേഹം വിദ്യാലയങ്ങൾ സ്ഥാപിച്ചു.

ജില്ലയിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ നാട്ടുകാരുടെ സംഘടിത പരിശ്രമമുണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളും അദ്ധ്വാനവും സംഭാവനയായി നൽകിയത് നാട്ടുകാർ തന്നെയായിരുന്നു.

ഔദ്യോഗികവും ജനകീയവുമായ സംവിധാനങ്ങളുടെ കൂട്ടായ്മ തിളക്കമാർന്ന നേട്ടമുണ്ടാക്കി. ആവേശകരമായ ഈ അനുഭവം ഉൾക്കൊണ്ട് ജില്ലാ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ അക്ഷര പുലരി പരിപാടി ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കാദ മിക ഇടപെടലിന്റെ മാതൃകയായി. മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഗ്രാമപഞ്ചായത്തുകൾക്ക് വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുമെന്നതിന്റെ സൂചന നൽകി. ജില്ലാ പഞ്ചായത്ത് ആവി

ഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രമിച്ച സമഗ്ര വിദ്യാഭ്യാസ പരിപാടിയും ഈ രംഗത്തുള്ള ചുവടുവെയ്പ്പ് ആയി മാറി.

അവലോകനം

പത്തനംതിട്ട റവന്യൂ ജില്ലയിൽ രണ്ട് വിദ്യാഭ്യാസജില്ലകളും 11 വിദ്യാഭ്യാസ ഉപജില്ലകളുമാണുള്ളത്. ജില്ലയിൽ 172 ഹൈസ്ക്കൂളുകളും (അംഗീകൃത അൺഎയ്ഡഡ് ഉൾപ്പെടെ)145 യു.പി സ്ക്കൂളുകളും 422 എൽ.പി. സ്കൂളുകളുമുണ്ട്. ജില്ലയുടെ രണ്ടു വിദ്യാഭ്യാസ ജില്ലകളിൽ തിരുവല്ലയിൽ 64 ഹൈസ്കൂളുകളും പത്തനംതിട്ടയിൽ 108 ഹൈസ്കൂളുകളാണുള്ളത്. സ്ഥലത്തിന്റെ വ്യാപ്തിയും സ്വഭാവവും വിദ്യാലയങ്ങളുടെ എണ്ണവും പരിഗണിച്ച് പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയെ രണ്ടായി വിഭജിക്കേണ്ടതുണ്ട്. പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ 313 പ്രൈമറി സ്കൂളുകളും തിരുവല്ല വിദ്യാഭ്യാസജില്ലയിൽ 248 പ്രൈമറിസ്കൂളുകളും ഉണ്ട്. മൂന്ന് സ്പെഷ്യൽ സ്കൂളുകൾ ജില്ലയിലുണ്ട്. സ്വകാര്യമേഖലയിലാണ് ഇവ പ്രവർത്തിക്കുന്നത്. ജില്ലയിലെ ബഹുഭൂരിപക്ഷം സ്കൂളുകളും ഗ്രാമപഞ്ചായത്തുകളിലാണ് സ്ഥിതിചെയ്യുന്നത്. 42 സ്കൂളുകൾ മാത്രമാണ് നഗരപ്രദേശങ്ങളിൽ ഉള്ളത്. 45 ഗവ. ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ ഭരണത്തിൻ കീഴിലാണ് ഉള്ളത്. പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ഉന്നമനത്തിനായി റെസിഡൻഷ്യൽ സ്കൂൾ 1998-99 വർഷം മുതൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പ് ആൺകുട്ടികൾക്കായി 2 ഹോസ്റ്റലുകളും പെൺകുട്ടികൾക്കായി 4 ഹോസ്റ്റലുകളും നടത്തുന്നുണ്ട്. പട്ടികവകുപ്പ് വികസന വകുപ്പ് പെൺകുട്ടികൾക്ക് മാത്രമായി ഒരുഹോസ്റ്റൽ നടത്തുന്നുണ്ട്.

സ്ഥിതിവിവരം

ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാഭ്യാസജില്ല	വിദ്യാഭ്യാസ ഉപജില്ല
പത്തനംതിട്ട	റാന്നി, അടൂർ, പന്തളം,കോഴഞ്ചേരി,കോന്നി,പത്തനംതിട്ട
തിരുവല്ല	പുല്ലാട് വെണ്ണിക്കുളം, മല്ലപ്പള്ളി, തിരുവല്ല, ആറന്മുള

അങ്കണവാടികൾ/പ്രീപ്രൈമറി

പട്ടിക. 4.53

അങ്കണവാടികളുടെ ബ്ലോക്കു തിരിച്ചുള്ള വിവരം

ക്രമനം	ബ്ലോക്ക്	എണ്ണം	അഡീഷണൽ എണ്ണം
1	പറക്കോട്	111	109
2	പന്തളം	110	91
3	പുളിക്കീഴ്	155	
4	ഇലന്തൂർ	118	
5	റാന്നി	119	107
6	കോന്നി	95	107
7	മല്ലപ്പള്ളി	133	
8	കോയിപ്രം	134	

ഉറവിടം : വിദ്യാഭ്യാസ വകുപ്പ്

സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ 1389 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

പ്രവേശനം നേടിയ കുട്ടികൾ	–	11526
പട്ടികവർഗ്ഗ വിഭാഗം	–	64
പട്ടികജാതി വിഭാഗം	–	2393

കെട്ടിടം സംബന്ധിച്ച നിലവിലെ അവസ്ഥ

സ്വന്തം കെട്ടിടം ഉള്ളത്	–	743
വാടക കെട്ടിടം	–	555
സന്നദ്ധസംഘടനകളുടെ സ്ഥലത്തുള്ളവ	–	91
പക്ക കെട്ടിടം	–	1292
സെമി പക്ക	–	70
കച്ച	–	27

കുടിവെള്ളത്തിനുള്ള സ്രോതസ്

വാട്ടർ അതോറിറ്റി	–	594
കിണർ/മറ്റിനം	–	795

ഗ്യാസ് കണക്ഷൻ

ഇല്ലാത്തത്	–	90

ടോയ്‌ലറ്റ് ലഭ്യത

ബേബി സൗഹൃദം	–	187
പിറ്റ് ടൈപ്പ്	–	880
ഫ്ളഷ് സിസ്റ്റം ഉള്ളത്	–	297
ഒരു സൗകര്യവും ഇല്ലാത്തത്	–	47
മറ്റുള്ളവ	–	131

അങ്കണവാടികളിലെ കുട്ടികളുടെ നിലവിലുള്ള സ്ഥിതി

ക്രമ നം	പ്രോജക്ടിന്റെ പേര്	വിഭാഗം						ആകെ തുക
		പട്ടികവർഗ്ഗം		പട്ടികജാതി		മറ്റുള്ളവ		
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
1	പറക്കോട്	0	0	153	187	336	331	1007
2	പറക്കോട് അഡീഷണൽ	0	1	161	133	442	448	1185
3	പന്തളം	0	0	120	135	393	392	1040
4	പന്തളം 1	1	0	123	132	279	319	954
5	പുളിക്കീഴ്	0	0	92	93	535	639	1359
6	ഇലന്തൂർ	2	1	123	112	410	386	1034
7	റാന്നി	17	17	48	43	352	329	806
8	റാന്നി അഡീഷണൽ	5	1	63	73	280	287	709
9	കോന്നി	1	1	62	51	221	237	573
10	കോന്നി അഡീഷണൽ	3	1	60	66	280	263	673
11	മല്ലപ്പള്ളി	5	4	100	107	496	540	1252
12	കോയിപ്രം	1	3	75	81	406	468	1034
	ആകെ	**35**	**29**	**1180**	**1213**	**4430**	**4639**	**11526**

അങ്കണവാടി കെട്ടിടങ്ങളുടെ നിലവിലുള്ള സ്ഥിതി

ക്രമ. നം		സ്വന്തം കെട്ടിടം	വാടക കെട്ടിടം	വാടക/സ്വന്തം കെട്ടിടം	AWWs house	AWHs house	പഞ്ചായത്ത് കെട്ടിടം	പ്രൈമറി സ്കൂൾ	ഏതെങ്കിലും മതപരമായ കേന്ദ്രം	ഏതെങ്കിലും കമ്യൂണിറ്റി കെട്ടിടം	സ്വന്തമായ സ്ഥലം	പട്ടാ
1	പറക്കോട്	75	31	5	0	0	0	2	0	3	0	111
2	പറക്കോട് അഡീഷണൽ	75	27	7	0	0	2	1	1	2	1	109
3	പന്തളം	46	57	7	0	0	2	5	0	0	0	110
4	പന്തളം 2	55	30	6	0	0	2	3	0	1	0	91
5	പുളിക്കീഴ്	62	84	9	0	0	0	7	0	2	0	155
6	ഇലന്തൂർ	63	44	11	0	0	3	7	0	4	0	118
7	റാന്നി	47	61	11	0	0	3	5	0	3	0	96
8	റാന്നി അഡീഷണൽ	64	40	3	1	0	24	0	0	1	0	69
9	കോന്നി	64	27	4	0	0	2	1	0	1	0	95
10	കോന്നി അഡീഷണൽ	59	39	9	0	0	60	3	0	5	0	107
11	മല്ലപ്പള്ളി	83	44	6	0	0	0	4	1	1	0	133
12	കോയിപ്രം	50	71	13	0	0	1	8	0	4	0	98
	Total	**743**	**555**	**91**	**1**	**0**	**99**	**46**	**2**	**27**	**1**	**1292**

പട്ടിക–4.54

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരകണക്ക്

വിഭാഗം	സർക്കാർ	എയ്ഡഡ്	അംഗീകൃത അൺഎയ്ഡഡ്	ആകെ
ഹൈസ്ക്കൂൾ	50	113	9	172
അപ്പർപ്രൈമറി	43	85	17	145
ലോവർപ്രൈമറി	168	233	21	422
ആകെ	261	431	47	739

പ്രൈമറി

എൽ.പി.യു.പി.സ്കൂളുകളുടെ എണ്ണം സബ് ജില്ലാ അടിസ്ഥാനത്തിൽ

എൽ.പി വിഭാഗം						യു.പി വിഭാഗം			
ക്ര. നമ്പർ	സബ്ജില്ലാ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	സർക്കാർ	എയ് ഡഡ്	അൺ എയ് ഡഡ്	ആകെ
1	അടൂർ	41	7	5	53	5	17	2	24
2	കോന്നി	21	11	1	33	2	8	6	16
3	പന്തളം	12	7	3	22	4	3	1	8
4	പത്തനംതിട്ട	18	24	0	42	5	10		16
5	റാന്നി	16	28	0	44	6	7	2	8
6	കോഴഞ്ചേരി	6	26	0	32	3	11	1	15
7	പുല്ലാട്	9	26	0	35	5	9		15
8	ആറന്മുള	11	14	3	28	4	5		14
9	തിരുവല്ല	14	35	5	57	6	7	3	116
10	വെണ്ണിക്കുളം	8	25	0	33	1	6	2	9
11	മല്ലപ്പള്ളി	12	30	4	46	2	2	0	4
	ആകെ	168	233	2	422	43	85	17	145

ഹൈസ്കൂൾ ഉൾപ്പെടെ മൊത്തം സ്കൂളുകൾ

വിദ്യാഭ്യാസജില്ല	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
തിരുവല്ല	16	46	2	64
പത്തനംതിട്ട	34	67	7	108

	ഹൈസ്കൂൾ				യു.പി സ്കൂൾ				എൽ.പി സ്കൂൾ				
	Govt:	Aided	Un Aided	Total	Govt:	Aided	Un Aided	Total	Govt:	Aided	Un Aided	Total	
മുൻസിപ്പാലിറ്റി	6	16	2	24	4	5	5	14	16	21	5	42	80
ഗ്രാമപഞ്ചായത്ത്	44	97	7	148	38	79	14	131	150	222	8	380	659
ആകെ	50	113	9	172	42	84	19	145	166	243	13	422	739

പട്ടിക. 4.55

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് – 2016–17

ഗവ.സ്കൂൾ

GOVERNMENT																		
ക്ലാസ്സ്	എല്ലാ വിഭാഗവും			പട്ടികജാതി			പട്ടികവർഗ്ഗം			ക്രിസ്ത്യൻ വിഭാഗം			മുസ്ലീം വിഭാഗം			മറ്റ് പിന്നോക്ക സമുദായം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	3	3	6							1		1	1	1	2	0	1	1
II	4	3	7	1		1		1	1				1		1			
III	3	2	5							1		1	1		1			
IV	4	1	5					1	1	1		1						
V	0	1	1	0	1	1												
VI	1	1	2	1	1	2												
VII		2	2															
VIII	1	1																
IX																		
X																		
ആകെ	15	14	29	2	2	4		2	2	3		3	3	1	4	0	1	1

എയ്ഡഡ് സ്കൂൾ

AIDED																		
ക്ലാസ്സ്	എല്ലാ വിഭാഗവും			പട്ടികജാതി			പട്ടികവർഗ്ഗം			ക്രിസ്ത്യൻ വിഭാഗം			മുസ്ലീം വിഭാഗം			മറ്റ് പിന്നോക്ക സമുദായം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആ കെ
I	1		1								1	1						
II	1	2	3								1	1						
III																		
IV	1	1	2															
V	3		3							1		1	1		1	1	0	1
VI																		
VII																		
VIII																		
IX	2	2	4	1	0	1				1		1					1	1
X	5	2	7							4		4						
ആകെ	12	7	20	1	0	1				6	2	8	1		1	1	1	2

സ്കൂൾ വിഭാഗങ്ങൾ(അൺ എയ്ഡഡ് സ്കൂളുകൾ ഒഴികെ)

Sl.No	School Category	No of Schools		
		Govt.	Aided	Total
1	Independent LP	168	230	***398***
2	Independant UP	2	58	***60***
3	UP+LP	41	27	***68***
4	Independant HS	1	12	***13***
5	HS+UP	3	36	***39***
6	HS+UP+LP	9	5	***14***
	Total	**224**	**368**	***592***
1	HSS+HS+UP+LP	25	7	***32***
2	HSS+HS+UP	8	43	***51***
3	HSS+HS	4	8	***12***
4	HSS Only	0	1	***1***
	Total	**37**	**59**	***96***
	Grant Total	***261***	***427***	***688***

Enrollment

By Management (All Community) (വിദ്യാർത്ഥികളുടെ പൊതു വിവരങ്ങൾ)						
ക്ലാസ്സ്	**Government**			**Aided**		
	ആൺ	**പെൺ**	**ആകെ**	**ആൺ**	**പെൺ**	**ആകെ**
I	1327	1363	**2690**	1084	1023	**2107**
II	1399	1374	**2773**	1263	1194	**2457**
III	1343	1304	**2647**	1247	1256	**2503**
IV	1384	1323	**2707**	1125	1267	**2392**
V	817	769	**1586**	3049	3094	**6143**
VI	741	701	**1442**	3465	3298	**6763**
VII	782	714	**1496**	3694	3498	**7192**
VIII	753	645	**1398**	4437	4181	**8618**
IX	843	709	**1552**	4732	4437	**9169**
X	895	742	**1637**	5206	4789	**9995**
Total	***10284***	***9644***	***19928***	***29302***	***28037***	***57339***

ക്ലാസ്സ്	Unaided			Total Students		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	773	756	**1529**	3184	3142	**6326**
II	767	780	**1547**	3429	3348	**6777**
III	795	819	**1614**	3385	3379	**6764**
IV	891	915	**1806**	3400	3505	**6905**
V	415	362	**777**	4281	4225	**8506**
VI	363	362	**725**	4569	4361	**8930**
VII	377	364	**741**	4853	4576	**9429**
VIII	252	265	**517**	5442	5091	**10533**
IX	277	267	**544**	5852	5413	**11265**
X	240	251	**491**	6341	5782	**12123**
Total	**5150**	**5141**	**10291**	**4473 6**	**42822**	**87558**

എസ്.എസ്.എൽ.സി.

എസ്.എസ്.എൽ.സി	ആകെ കുട്ടികൾ	പാസ്സായത്	തോറ്റത്	വിജയശതമാനം	Full A+
മാർച്ച് 2016	12438	12318	120	99.04 %	570
മാർച്ച് 2017	11957	11816	141	98.82 %	462

ഭൗതിക സാഹചര്യങ്ങൾ

ജില്ല	ആകെ സ്കൂളുകൾ	ആൺകുട്ടികൾക്കുള്ള ശൗചാലയം	പെൺകുട്ടികൾക്കുള്ള ശൗചാലയം	പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ശൗചാലയം	വൈദ്യുതീകരിച്ച സ്കൂളുകൾ
പത്തനംതിട്ട	688	651	687	170	678
	688	94.62%	99.85%	24.71%	98.55%

കളി സ്ഥലം	റാമ്പ്	ചുറ്റുമതിലുള്ള സ്കൂളുകൾ	ഹാന്റ് റയിൽ സൗകര്യമുള്ള റാമ്പുകൾ	ക്ലാസ്സ് ലൈബ്രറി
462	493	538	385	
67.15%	71.66%	78.20%	55.96%	

കക്കൂസ്/ മൂത്രപ്പുര

ജില്ലയിലെ 739 സ്കൂളുകളിലും ടോയ്‌ലെറ്റ് സൗകര്യം ഉണ്ട്. എന്നാൽ ഇതിൽ 90 സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലെറ്റുകൾ ഇല്ല.

കുടിവെള്ളം

എല്ലാ സ്കൂളുകളിലും കുടിവെള്ള സൗകര്യം ലഭ്യമാണ്. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ചുറ്റുമതിൽ

എല്ലാ സ്കൂളുകളിലും ചുറ്റുമതിൽ കെട്ടി വേർതിരിച്ചിട്ടുണ്ട്.

കളിസ്ഥലം

എല്ലാ സ്കൂളുകൾക്കും വേണ്ടത്ര കളിസ്ഥലങ്ങൾ ഇല്ല.

വൈദ്യുതീകരണം

സ്കൂളുകൾ എല്ലാംതന്നെ നല്ല രീതിയിൽ വൈദ്യുതീകരിച്ചവയാണ്. ചില മേഖലകളിൽ വൈദ്യുത തടസ്സം ഉണ്ടാകാറുണ്ട്.

പട്ടിക. 4.56

പത്തനംതിട്ട ജില്ലയിലെ ഹയർസെക്കന്ററി സീറ്റുകൾ

	No. of School	Merit Seats	Sports Quata	Management	Community	Total
Govt:	32	5121	159			5280
Aided	43	13426	254	2640	1020	10500
Un -Aided	15	1958				1958
						17738

ജില്ലയിലെ വി.എച്ച്.എസ്.സി മേഖല

School	No. of School	2016 - 2017 No.of Students				2017- 2018 No.of Students			
		Plus One		Plus Two		Plus One		Plus Two	
		Boys	Girls	Boys	Girls	Boys	Girls	Boys	Girls
Govt	10	321	240	334	237	291	230	312	240
Aided	17	701	447	710	458	704	426	675	458
Un - Aided									

സ്പെഷ്യൽ സ്കൂളുകൾ

ജില്ലയിലെ സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം : 3 (സ്വകാര്യമേഖല)

പൊതുവിദ്യാഭ്യാസ സംവിധാനങ്ങൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംവിധാനങ്ങൾ

1. ഐ.സി.എസ്.സി
2. സി.ബി.എസ്.ഇ.
3. നവോദയ വിദ്യാലയങ്ങൾ – വെച്ചൂച്ചിറ
4. അൺ എയ്ഡഡ് വിദ്യാലയങ്ങൾ
5. കേന്ദ്രീയ വിദ്യാലയങ്ങൾ – ചെന്നീർക്കര, അടൂർ

സാങ്കേതിക വിദ്യാഭ്യാസം

1. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ (IHRD)അടൂർ
2. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ (IHRD)മല്ലപ്പള്ളി

ആർട്ട്സ് & സയൻസ് കോളേജുകൾ

എയ്ഡഡ്	7
അൺ എയ്ഡഡ്	16

പോളി ടെക്നിക് കോളേജുകൾ

ഗവൺമെന്റ്	3
എയ്ഡഡ്	1

ട്രെയിനിംഗ് കോളേജുകൾ

ഗവൺമെന്റ്	1
എയ്ഡഡ്	2
അൺ എയ്ഡഡ്	8

എം.ബി.എ. കോളേജുകൾ	7
ലോ കോളേജുകൾ	1
നേഴ്സിംഗ് കോളേജുകൾ	9
എഞ്ചിനീയറിംഗ് കോളേജുകൾ	4

പട്ടിക. 4.57

പ്രീസർവ്വീസ് ടീച്ചർ എഡ്യുക്കേഷൻ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സർക്കാർ/ എയ്ഡഡ്	വിദ്യാർത്ഥികളുടെ എണ്ണം		അദ്ധ്യാപകരുടെ എണ്ണം
			S1/S2	S3/S4	
	PSTE ഡയറ്റ്	സർക്കാർ	36	29	6
	PMVITE പെരിങ്ങര	എയ്ഡഡ്	20	10	4
	സെന്റ് തോമസ് ITE തിരുവല്ല	,,	27	27	4
	NSSITE ഓതറ	,,	18	8	3
	NSSITE കവിയൂർ	,,	18	15	4
	NSSITE തടിയൂർ	,,	16	11	4
	NSSITE ചെറുകോൽ	,,	20	12	4
	NSSITE പറക്കോട്	,,		30	4
	പദ്മനാഭോദയം ITE മെഴുവേലി	,,	37	15	4
	SHITE മൈലപ്ര	,,	13	18	4
	MSITE റാന്നി	,,	19	16	4
	AMMITE മാരാമൺ	,,	22	19	4

പൊതുപരീക്ഷയിലെ വിജയം

2016 S1

വിഷയം	ശിശുവികാസവും പഠനവും	പാഠ്യപദ്ധതിയും ബോധന ശാസ്ത്രവും	മലയാളചരിത്ര ഘടന സാമൂഹിക പശ്ചാത്തലം
ആകെ പരീക്ഷ എഴുതിയ കുട്ടികൾ	168	168	168
വിജയിച്ചവർ	156	158	164
വിജയശതമാനം	93	94	98

2016 S2

വിഷയം	ഇംഗ്ലീഷ്	പരിസരം ഒരു പാഠപുസ്തകം	ഗണിതശാസ്ത്ര പഠനവും സമീപനവും
ആകെ പരീക്ഷ എഴുതിയ കുട്ടികൾ	218	218	218
വിജയിച്ചവർ	82	164	178
വിജയശതമാനം	38	75	82

2016 S3

വിഷയം	പഠിതാവും ജ്ഞാനാർജ്ജനവും	വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവും ദാർശനീകവുമായ അടിത്തറ	കലാപരവും പ്രവർത്തന വിദ്യാഭ്യാസവും	ആരോഗ്യ-കായിക വിദ്യാഭ്യാസ വിഷയം	ഭാഷാപഠനവും സാഹിത്യവും
ആകെ പരീക്ഷ എഴുതിയ കുട്ടികൾ	170	170	170	170	170
കുട്ടികൾ വിജയിച്ചവർ	152	155	164	165	164
വിജയശതമാനം	89	91	96	97	96

2016 S4

വിഷയം	ഇംഗ്ലീഷ്	ഓപ്ഷൻ വിജയം		
		ഗണിതശാസ്ത്ര പഠനം	സാമൂഹ്യ ശാസ്ത്രപഠനം	സാമാന്യ ശാസ്ത്രപഠനം
ആകെ പരീക്ഷ എഴുതിയ കുട്ടികൾ	183	39	98	46
വിജയിച്ചവർ	128	24	97	44
വിജയശതമാനം	70	61.5	99	96

സാക്ഷരതാ മിഷൻ

ജില്ലയിൽ 4-ാം തരം തുല്യതാ കോഴ്സ് വിജയിച്ച പഠിതാക്കളുടെ എണ്ണം

ക്രമ നമ്പർ	പരീക്ഷ എഴുതിയ ബാച്ച്	പഠിതാക്കളുടെ എണ്ണം	പരീക്ഷ എഴുതി വിജയിച്ച വർഷം
1.	1-ാം ബാച്ച്	356	2000 ഒക്ടോബർ
	2-ാം ബാച്ച്	276	2003 ഏപ്രിൽ
2.	3-ാം ബാച്ച്	265	2004 ഒക്ടോബർ
3.	4-ാം ബാച്ച്	650	2007 മെയ്
4.	5-ാം ബാച്ച്	118	2008 ഏപ്രിൽ
5.	6-ാം ബാച്ച്	106	2009 ജൂലൈ
6.	7-ാം ബാച്ച്	290	2010 ഡിസംബർ
7.	8-ാം ബാച്ച്	63	2012 ജൂൺ
8.	9-ാം ബാച്ച്	63	2013 ഒക്ടോബർ
9.	അക്ഷരലക്ഷം	330	2014- 2015
	അതുല്യം	3768 2-ാം ഘട്ടം	2014-2015
	അതുല്യം	875-1-ാം ഘട്ടം	

ജില്ലയിൽ 7-ാം തരം തുല്യതാ കോഴ്സ് വിജയിച്ച പഠിതാക്കളുടെ എണ്ണം

ക്രമനമ്പർ	പരീക്ഷ എഴുതിയ ബാച്ച്	പഠിതാക്കളുടെ എണ്ണം	പരീക്ഷ എഴുതി വിജയിച്ച വർഷം
1	1-ാം ബാച്ച്	257	2004-2005 നവംബർ
2	2-ാം ബാച്ച്	106	2003 ഏപ്രിൽ ഒക്ടോബർ
3	3-ാം ബാച്ച്	114	2007-2008 മെയ്
4	4-ാം ബാച്ച്	134	2008-2009 ജൂൺ
5	5-ാം ബാച്ച്	137	2010-2011 മെയ്
6.	6-ാം ബാച്ച്	144	2011-2012 മെയ്
7.	7-ാം ബാച്ച്	81	2012-2013 ആഗസ്റ്റ്
8.	8-ാം ബാച്ച്	64	2013-2014 സെപ്റ്റംബർ
9.	9-ാം ബാച്ച്	54	2014-2015 സെപ്റ്റംബർ
			2015-2016

ജില്ലയിൽ 10-ാം തരം തുല്യതാ കോഴ്സ് പരീക്ഷ എഴുതി വിജയിച്ച പഠിതാക്കളുടെ എണ്ണം

ക്രമനമ്പർ	പരീക്ഷ എഴുതിയ ബാച്ച്	പഠിതാക്കളുടെ എണ്ണം	പരീക്ഷ എഴുതി വിജയിച്ച വർഷം
1.	1-ാം ബാച്ച്	125	2000- 2007
2.	2-ാം ബാച്ച്	333	2007-2008
3.	3-ാം ബാച്ച്	405	2008 -2009
4.	4-ാം ബാച്ച്	397	2009-2010
5.	5-ാം ബാച്ച്	392	2010-2011
6.	6-ാം ബാച്ച്	267	2011-2012
7.	7-ാം ബാച്ച്	325	2012-2013
8.	8-ാം ബാച്ച്	215	2013-2014
9.	9-ാം ബാച്ച്	247	2014-2015
10.	10 -ാം ബാച്ച്	232	2015-2016

ഹയർ സെക്കണ്ടറി 1-ാം വർഷം പരീക്ഷയെഴുതി വിജയിച്ച പഠിതാക്കളുടെ എണ്ണം

ക്രമനമ്പർ	എഴുതിയ ബാച്ച്	പഠിതാക്കളുടെ എണ്ണം
1.	2014-2016 1-ാം ബാച്ച്	353

ദേശീയ പഠനനേട്ട സർവ്വേ 2017
ക്ലാസ് – 3

പരിസരപഠനം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 61 സ്കൂളുകളിലെ 1002 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 501 ആൺകുട്ടികളും 501 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്. 84.53% കുട്ടികൾ ഗ്രാമ പ്രദേശങ്ങളിൽ നിന്നുമാണ് ഉണ്ടായിരുന്നത്. 28.64% കുട്ടികൾ എസ്.സി. വിഭാഗത്തിലും 1.30 കുട്ടികൾ എസ്.റ്റി. വിഭാഗത്തിലും ഉൾപ്പെട്ടവരായിരുന്നു. 37.03% കുട്ടികൾ പൊതുവിഭാഗത്തിൽ നിന്നായിരുന്നു. 1.70% കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്നവരായിരുന്നു.

മൂന്നു തരം അഭിമുഖ ചോദ്യാവലികളാണ് സർവ്വേയിൽ ഉണ്ടായിരുന്നത്. സ്കൂൾ ചോദ്യാവലി (SQ) ടീച്ചർ ചോദ്യാവലി (TQ) കുട്ടികൾക്കുള്ള ചോദ്യാവലി (PQ) ഇവ കൂടാതെ ഭാഷ, പരിസരപഠനം, ഗണിതം വിഷയങ്ങളിലായി OMR മാതൃകയിൽ ഉത്തരമെഴുതേണ്ട 15 വീതം ചോദ്യങ്ങളടങ്ങിയ ടെസ്റ്റ് ഫോം ചോദ്യാവലിയും ഉണ്ടായിരുന്നു. മുൻ ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിനനുയോജ്യമായ ചോദ്യങ്ങളാണ് ടെസ്റ്റ് ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. ടെസ്റ്റ് ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

മൂന്നാം ക്ലാസിലെ പരിസരപഠനത്തിന്റെ പത്തനംതിട്ട ജില്ലയിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരിപ്രകടനം

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
78.06	77.64	78.47	77.02	83.70	78.32	77.71	76.26	63.08	78.13	79.91

മൂന്നാം ക്ലാസിലെ പരിസര പഠനത്തിന്റെ ഓവറോൾ പെർഫോർമൻസ് 78.06% ആണ്. ഇത് മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ഉയർന്ന നിലവാരം പുലർത്തുന്നു.

ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എഴുതുന്നതിൽ കുട്ടികളുടെ പ്രകടനതലം

30%–ൽ കുറവ്		30% – 50%		50% – 75%		75% മുകളിൽ	
എണ്ണം	%	എണ്ണം	%	എണ്ണം	%	എണ്ണം	%
39	3.89	157	15.67	348	34.73	458	45.71

ക്ലാസ് – 3
മലയാളം
കുട്ടികളുടെ ശരാശരിപ്രകടനം (ശതമാനത്തിൽ)

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
72.05	71.18	72.92	71.44	75.40	71.88	72.28	70.57	56.41	72.19	73.62

രണ്ടു പഠനനേട്ടങ്ങളാണ് ടെസ്റ്റ് ഫോമിൽ പരിശോധിച്ചത്. വായനയുമായി ബന്ധപ്പെട്ടതായിരുന്നു രണ്ടു പഠനനേട്ടങ്ങളും.

1. ലഘുവായനാ സാമഗ്രികൾ വായിച്ച് പ്രധാനാശയങ്ങൾ, പൂർവ്വാപരബന്ധം എന്നിവ മനസിലാക്കുകയും ആശയങ്ങൾ സംഗ്രഹിച്ച് നിഗമനത്തിലെത്തുകയും ചെയ്യുന്നു. (70.63%)

2. അച്ചടിച്ച ലഘുവായനാ സാമഗ്രികൾ – കവിതകൾ, കഥകൾ, പോസ്റ്ററുകൾ, ചാർട്ടുകൾ തുടങ്ങിയവ വായിക്കുന്നു. (74.89%)

ഈ രണ്ടു പഠനനേട്ടങ്ങൾ അളക്കുന്നതിനായി 15 ചോദ്യങ്ങളാണ് നൽകിയിരുന്നത്. അവയിൽ ശരിയുത്തരം നൽകിയ കുട്ടികളുടെ എണ്ണം ശതമാനക്കണക്കിൽ താഴെ കൊടുക്കുന്നു.

30%–ൽ കുറവ്		30% – 50%		50% – 75%		75% മുകളിൽ	
	%	എണ്ണം	%	എണ്ണം	%	എണ്ണം	%
	4.09	103	10.28	385	38.42	473	47.21

ക്ലാസ് – 3

ഗണിതം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 61 സ്കൂളുകളിലെ 1002 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 501 ആൺകുട്ടികളും 501 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്. 84.53% കുട്ടികൾ ഗ്രാമ പ്രദേശങ്ങളിൽ നിന്നുമാണ് ഉണ്ടായിരുന്നത്. 28.64% കുട്ടികൾ എസ്.സി. വിഭാഗത്തിലും 1.30 കുട്ടികൾ എസ്.റ്റി. വിഭാഗത്തിലും ഉൾപ്പെട്ടവരായിരുന്നു. 37.03% കുട്ടികൾ പൊതുവിഭാഗത്തിൽ നിന്നായിരുന്നു. 1.70% കുട്ടികൾ പ്രത്യേക പരിഗണന അർഹിക്കുന്നവരായിരുന്നു.

മൂന്നു തരം അഭിമുഖ ചോദ്യാവലികളാണ് സർവ്വേയിൽ ഉണ്ടായിരുന്നത്. സ്കൂൾ ചോദ്യാവലി (SQ) ടീച്ചർ ചോദ്യാവലി (TQ) കുട്ടികൾക്കുള്ള ചോദ്യാവലി (PQ) ഇവ കൂടാതെ ഭാഷ, പരിസരപഠനം, ഗണിതം വിഷയങ്ങളിലായി OMR മാതൃകയിൽ ഉത്തരമെഴുതേണ്ട 15 വീതം ചോദ്യങ്ങളടങ്ങിയ ടെസ്റ്റ് ഫോം ചോദ്യാവലിയും ഉണ്ടായിരുന്നു. മുൻ ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിനനുയോജ്യമായ ചോദ്യങ്ങളാണ് ടെസ്റ്റ് ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. ടെസ്റ്റ് ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

ക്ലാസ് – 3

പത്തനംതിട്ട ജില്ലയിലെ മൂന്നാം ക്ലാസിലെ ഗണിതത്തിന്റെ ശരാശരിപ്രകടനം വിവിധ വിഭാഗങ്ങൾ തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
69.86	70.10	69.62	68.88	75.33	70.33	69.27				

ഗണിതത്തിലെ 12 പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 ബഹു ഉത്തരചോദ്യങ്ങളെ പരിഗണിച്ചപ്പോഴുള്ള 'പ്രകടനതലം' താഴെക്കൊടുക്കുന്നു.

30%–ൽ കുറവ്	30% – 50%	50% – 75%	75% മുകളിൽ
3.89%	15.67%	34.73%	45.71%

ക്ലാസ് –5

മലയാളം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 61 സ്കൂളുകളിലെ 1048 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 545 ആൺകുട്ടികളും 503 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്. 85.31% കുട്ടികൾ ഗ്രാമപ്രദേശത്തും 14.69% കുട്ടികൾ നഗരപ്രദേശത്തും ഉള്ളവരായിരുന്നു. 23.38% കുട്ടികൾ എസ്.സി. വിഭാഗത്തിലും 1.43%

കുട്ടികൾ എസ്.റ്റി. വിഭാഗത്തിലും 34.16% ഒ.ബി.സി. വിഭാഗത്തിലും 41% പൊതുവിഭാഗത്തിലും ഉള്ളവരായിരുന്നു. 4.1% പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളായിരുന്നു.

മൂന്നു തരം അഭിമുഖ ചോദ്യാവലികൾ ആണ് സർവ്വേയിൽ ഉണ്ടായിരുന്നത് സ്കൂൾ ചോദ്യാവലി (SQ) ടീച്ചർ ചോദ്യാവലി (TQ) കുട്ടികൾക്കുള്ള ചോദ്യാവലി (PQ) ഇവ കൂടാതെ ഭാഷ, പരിസരപഠനം, ഗണിതം വിഷയങ്ങളിലായി OMR മാതൃകയിൽ ഉത്തരമെഴുതേണ്ട 15 വീതം ചോദ്യങ്ങളടങ്ങിയ ടെസ്റ്റ് ഫോം ചോദ്യാവലിയും ഉണ്ടായിരുന്നു. മുൻ ക്ലാസിലെ അവസാന ടേമിലെ പഠനനിലവാരത്തിനനുയോജ്യമായ ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെസ്റ്റ് ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 5-ാം ക്ലാസിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
74.64	73.76	75.59	73.19	83.03	76.01	73.45	74.42	61.33	76.00	74.09

ക്ലാസ് -5

ഗണിതം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 61 സ്കൂളുകളിലെ 1048 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 545 ആൺകുട്ടികളും 503 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്. 85.31% കുട്ടികൾ ഗ്രാമ പ്രദേശത്തും 14.69% കുട്ടികൾ നഗരപ്രദേശത്തും ഉള്ളവരായിരുന്നു. 23.38% കുട്ടികൾ എസ്.സി. വിഭാഗത്തിലും 1.43% കുട്ടികൾ എസ്.റ്റി. വിഭാഗത്തിലും 34.16% ഒ.ബി.സി. വിഭാഗത്തിലും 41% പൊതു വിഭാഗത്തിലും ഉള്ളവരായിരുന്നു. 4.1% പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളായിരുന്നു.

മൂന്നു തരം അഭിമുഖ ചോദ്യാവലികൾ ആണ് സർവ്വേയിൽ ഉണ്ടായിരുന്നത് സ്കൂൾ ചോദ്യാവലി (SQ) ടീച്ചർ ചോദ്യാവലി (TQ) കുട്ടികൾക്കുള്ള ചോദ്യാവലി (PQ) ഇവ കൂടാതെ ഭാഷ, പരിസരപഠനം, ഗണിതം വിഷയങ്ങളിലായി OMR മാതൃകയിൽ ഉത്തരമെഴുതേണ്ട 15 വീതം ചോദ്യങ്ങളടങ്ങിയ ടെസ്റ്റ് ഫോം ചോദ്യാവലിയും ഉണ്ടായിരുന്നു. മുൻ ക്ലാസിലെ അവസാന ടേമിലെ പഠന നിലവാരത്തിനനുയോജ്യമായ ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെസ്റ്റ് ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 5-ാം ക്ലാസിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
55.51	54.97	56.09	53.96	64.50	52.38	58.20	54.18	45.78	55.72	56.45

പതിനഞ്ചു പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു സർവ്വേ. ഈ പഠനനേട്ടങ്ങൾ അളക്കുന്നതിനായി 15 ചോദ്യങ്ങളാണ് നൽകിയിരുന്നത്. അവയ്ക്ക് ശരിയുത്തരം നൽകിയ കുട്ടികളുടെ എണ്ണം ശതമാനക്കണക്കിൽ താഴെ കൊടുക്കുന്നു.

30%-ൽ കുറവ്	30% - 50%	50% - 75%	75% മുകളിൽ
10.97	30.44	42.75	15.84

ക്ലാസ് –5
പരിസരപഠനം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 61 സ്കൂളുകളിലെ 1048 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 545 ആൺകുട്ടികളും 503 പെൺകുട്ടികളുമാണ് ഉണ്ടായിരുന്നത്. 85.31% കുട്ടികൾ ഗ്രാമപ്രദേശത്തും 14.69% കുട്ടികൾ നഗരപ്രദേശത്തും ഉള്ളവരായിരുന്നു. 23.38% കുട്ടികൾ എസ്.സി. വിഭാഗത്തിലും 1.43% കുട്ടികൾ എസ്.റ്റി. വിഭാഗത്തിലും 34.16% ഒ.ബി.സി. വിഭാഗത്തിലും 41% പൊതുവിഭാഗത്തിലും ഉള്ളവരായിരുന്നു. 4.1% പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളായിരുന്നു.

മൂന്നു തരം അഭിമുഖ ചോദ്യാവലികൾ ആണ് സർവ്വേയിൽ ഉണ്ടായിരുന്നത് സ്കൂൾ ചോദ്യാവലി (SQ) ടീച്ചർ ചോദ്യാവലി (TQ) കുട്ടികൾക്കുള്ള ചോദ്യാവലി (PQ) ഇവ കൂടാതെ ഭാഷ, പരിസരപഠനം, ഗണിതം വിഷയങ്ങളിലായി OMR മാതൃകയിൽ ഉത്തരമെഴുതേണ്ട 15 വീതം ചോദ്യങ്ങളടങ്ങിയ ടെസ്റ്റ് ഫോം ചോദ്യാവലിയും ഉണ്ടായിരുന്നു. മുൻ ക്ലാസിലെ അവസാന ടേമിലെ പഠനനിലവാരത്തിനനുയോജ്യമായ ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെസ്റ്റ് ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 5–ാം ക്ലാസിലെ പരിസരപഠനത്തിന്റെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
59.26	57.74	60.91	56.75	73.85	58.58	59.85	59.27	48.44	60.74	58.40

അഞ്ചാം ക്ലാസിലെ പരിസരപഠനത്തിന്റെ ഓവറോൾ പെർഫോർമൻസ് 59.26% ആണ്. മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുവാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല.

ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം എഴുതുന്നതിൽ കുട്ടികളുടെ പ്രകടനതലം

30%–ൽ കുറവ്		30% – 50%		50% – 75%		75% മുകളിൽ	
No	%	No	%	No	%	No	%
99	9.45	274	26.15	412	39.31	263	25.10

ക്ലാസ് –8
മലയാളം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 51 സ്കൂളുകളിലെ 1266 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 660 ആൺകുട്ടികളും 600 പെൺകുട്ടികളുമാണ് ഉൾപ്പെടുന്നിരുന്നത്. ഇവരിൽ 77.17% കുട്ടികൾ ഗ്രാമപ്രദേശങ്ങളിൽ നിന്നും 22.83% കുട്ടികൾ നഗരപ്രദേശങ്ങളിൽ നിന്നുമാണ് പങ്കെടുത്തത്. 18.88% കുട്ടികൾ എസ്.സി. വിഭാഗത്തിൽ പെട്ടവരും 1.11% കുട്ടികൾ എസ്.റ്റി. വിഭാഗത്തിൽ നിന്നുള്ളവരും 31.67% ഒ.ബി.സി. വിഭാഗത്തിൽ നിന്നുള്ളവരും 48.34% പൊതുവിഭാഗത്തിൽ നിന്നുള്ളവരുമായിരുന്നു.

സർവ്വേയിൽ മൂന്നു തരം അഭിമുഖ ചോദ്യാവലികളും OMR മാതൃകയിൽ ഉത്തരമെഴുതേണ്ട ഒരു ടെസ്റ്റ് ഫോമുമാണ് ഉണ്ടായിരുന്നത്) ടീച്ചർ ചോദ്യാവലി (TQ), കുട്ടികൾക്കുള്ള ചോദ്യാവലി (PQ), സ്കൂൾ ചോദ്യാവലി (SQ) എന്നിവയാണ് അഭിമുഖത്തിനായി ഉണ്ടായിരുന്നത്. ടെസ്റ്റ് ഫോമിൽ ഭാഷ,

പരിസരപഠനം, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലെ പഠന നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 വീതം ചോദ്യങ്ങളാണ് ടെസ്റ്റ്ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. 7–ാം ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിലുള്ളവയായിരുന്നു ചോദ്യങ്ങൾ. ഈ ടെസ്റ്റ്ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 8–ാം ക്ലാസിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
62.16	59.18	65.48	62.75	60.18	61.59	62.26	57.68	60.95	63.16	63.29

എട്ടാം ക്ലാസിലെ ഭാഷാശേഷികളിൽ ഒരു പഠനനേട്ടമാണ് ദേശീയ പഠനനേട്ട സർവ്വേയിലൂടെ പരിശോധിച്ചത്. വായനയുമായി ബന്ധപ്പെട്ടതാണ് ഈ പഠനനേട്ടം.

അച്ചടിച്ചതോ അല്ലാത്തതോ ആയ വായനാസാമഗ്രികൾ വായിച്ച് ആശയം ഗ്രഹിക്കുകയും, കഥാപാത്രങ്ങൾ, കഥയുടെ വിശദാംശങ്ങൾ, പ്രധാനാശയങ്ങൾ, സംഭവങ്ങളുടെ തുടർച്ച മുതലായവ മനസ്സിലാക്കുകയും ചെയ്യുന്നു.

ഈ പഠനനേട്ടം അളക്കുന്നതിനായി 15 ചോദ്യങ്ങളാണ് നൽകിയിരുന്നത്. അവയ്ക്ക് ശരിയുത്തരം നൽകിയ കുട്ടികളുടെ എണ്ണം ശതമാനക്കണക്കിൽ താഴെ കൊടുക്കുന്നു.

30%–ൽ കുറവ്		30% – 50%		50% – 75%		75% മുകളിൽ	
No	%	No	%	No	%	No	%
98	7.74	248	19.56	582	45.97	338	26.70

ക്ലാസ് – 8
ഗണിതം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 51 സ്കൂളുകളിലെ 1266 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 660 ആൺകുട്ടികളും 600 പെൺകുട്ടികളുമാണ് ഉൾപ്പെടുന്നിരുന്നത്. ഇവരിൽ 77.17% കുട്ടികൾ ഗ്രാമപ്രദേശങ്ങളിൽ നിന്നും 22.83% കുട്ടികൾ നഗരപ്രദേശങ്ങളിൽ നിന്നുമാണ് പങ്കെടുത്തത്. 18.88% കുട്ടികൾ എസ്.സി. വിഭാഗത്തിൽ പെട്ടവരും 1.11% കുട്ടികൾ എസ്.റ്റി. വിഭാഗത്തിൽ നിന്നുള്ളവരും 31.67% ഒ.ബി.സി. വിഭാഗത്തിൽ നിന്നുള്ളവരും 48.34% പൊതുവിഭാഗത്തിൽ നിന്നുള്ളവരുമായിരുന്നു.

സർവ്വേയിൽ മൂന്നു തരം അഭിമുഖ ചോദ്യാവലികളും OMR മാതൃകയിൽ ഉത്തരമെഴുതേണ്ട ഒരു ടെസ്റ്റ് ഫോമുമാണ് ഉണ്ടായിരുന്നത്) ടീച്ചർ ചോദ്യാവലി (TQ), കുട്ടികൾക്കുള്ള ചോദ്യാവലി (PQ), സ്കൂൾ ചോദ്യാവലി (SQ) എന്നിവയാണ് അഭിമുഖത്തിനായി ഉണ്ടായിരുന്നത്. ടെസ്റ്റ് ഫോമിൽ ഭാഷ, പരിസരപഠനം, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 വീതം ചോദ്യങ്ങളാണ് ടെസ്റ്റ്ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. 7–ാം ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിലുള്ളവയായിരുന്നു ചോദ്യങ്ങൾ. ഈ ടെസ്റ്റ്ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

എട്ടാം ക്ലാസിലെ ഗണിതത്തിലെ നാസ് പഠനറിപ്പോർട്ട് വിശകലനം ചെയ്തപ്പോൾ ഓവറോൾ വിജയം 45.49% ആണ്. വിവിധ മേഖലയുമായി ബന്ധപ്പെട്ട വിജയശതമാനം ചുവടെ കൊടുക്കുന്നു,

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
45.49	44.35	46.76	46.42	42.35	44.55	45.65	42.87	41.90	45.70	46.46

ഇരുപത് പഠന നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു സർവ്വേ. ഈ പഠന നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം നൽകിയ കുട്ടികളുടെ ശതമാനം താഴെക്കൊടുത്തിരിക്കുന്നു.

30%-ൽ കുറവ്	30% – 50%	50% – 75%	75% മുകളിൽ
17.06%	47.16%	30.81%	4.98%

ക്ലാസ് –8
സയൻസ്

ആമുഖം

പത്തനംതിട്ട ജില്ലയിലെ 51 സ്കൂളുകളിലെ 1266 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 660 ആൺകുട്ടികളും 600 പെൺകുട്ടികളുമാണ് ഉൾപ്പെടുന്നിരുന്നത്. ഇവരിൽ 77.17% കുട്ടികൾ ഗ്രാമപ്രദേശങ്ങളിൽ നിന്നും 22.83% കുട്ടികൾ നഗരപ്രദേശങ്ങളിൽ നിന്നുമാണ് പങ്കെടുത്തത്. 18.88% കുട്ടികൾ എസ്.സി. വിഭാഗത്തിൽ പെട്ടവരും 1.11% കുട്ടികൾ എസ്.റ്റി. വിഭാഗത്തിൽ നിന്നുള്ളവരും 31.67% ഒ.ബി.സി. വിഭാഗത്തിൽ നിന്നുള്ളവരും 48.34% പൊതുവിഭാഗത്തിൽ നിന്നുള്ളവരുമായിരുന്നു.

സർവ്വേയിൽ മൂന്നു തരം അഭിമുഖ ചോദ്യാവലികളും OMR മാതൃകയിൽ ഉത്തരമെഴുതേണ്ട ഒരു ടെസ്റ്റ് ഫോമുമാണ് ഉണ്ടായിരുന്നത്) ടീച്ചർ ചോദ്യാവലി (TQ), കുട്ടികൾക്കുള്ള ചോദ്യാവലി (PQ), സ്കൂൾ ചോദ്യാവലി (SQ) എന്നിവയാണ് അഭിമുഖത്തിനായി ഉണ്ടായിരുന്നത്. ടെസ്റ്റ് ഫോമിൽ ഭാഷ, പരിസരപഠനം, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 വീതം ചോദ്യങ്ങളാണ് ടെസ്റ്റ്ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. 7-ാം ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിലുള്ളവയായിരുന്നു ചോദ്യങ്ങൾ. ഈ ടെസ്റ്റ്ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 8-ാം ക്ലാസിലെ സയൻസിന്റെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
40.73	39.57	42.02	40.63	41.08	42.73	40.41	37.46	38.10	41.95	41.27

8-ാം ക്ലാസിലെ പരിസരപഠനത്തിന്റെ ഓവറോൾ പെർഫോർമൻസ് 40.73% ആണ്. മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുവാൻ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ലായെന്ന് സർവ്വേഫലം സൂചിപ്പിക്കുന്നു. പഠനനേട്ടങ്ങൾ കുട്ടികളിൽ ഉറയ്ക്കേണ്ടതായിട്ടുണ്ട്. ചോദ്യങ്ങൾക്ക് ശരിയായി ഉത്തരം എഴുതുന്നതിൽ കുട്ടികളുടെ പ്രകടനതലം.

30%-ൽ കുറവ്	30% – 50%	50% – 75%	75% മുകളിൽ
17.06%	47.16%	30.81%	4.98%

ക്ലാസ് –8
സാമൂഹ്യശാസ്ത്രം

ആമുഖം

പത്തനംതിട്ട ജില്ലയിലെ 51 സ്കൂളുകളിലെ 1266 കുട്ടികളെയാണ് പഠന വിധേയമാക്കിയത്. ഇവരിൽ 660 ആൺകുട്ടികളും 600 പെൺകുട്ടികളുമാണ് ഉൾപ്പെടുന്നിരുന്നത്. ഇവരിൽ 77.17% കുട്ടികൾ ഗ്രാമപ്രദേശങ്ങളിൽ നിന്നും 22.83% കുട്ടികൾ നഗരപ്രദേശങ്ങളിൽ നിന്നുമാണ് പങ്കെടുത്തത്. 18.88% കുട്ടികൾ എസ്.സി. വിഭാഗത്തിൽ പെട്ടവരും 1.11% കുട്ടികൾ എസ്.റ്റി. വിഭാഗത്തിൽ നിന്നുള്ളവരും 31.67% ഒ.ബി.സി. വിഭാഗത്തിൽ നിന്നുള്ളവരും 48.34% പൊതുവിഭാഗത്തിൽ നിന്നുള്ളവരുമായിരുന്നു.

സർവ്വേയിൽ മൂന്നു തരം അഭിമുഖ ചോദ്യാവലികളും OMR മാതൃകയിൽ ഉത്തരമെഴുതേണ്ട ഒരു ടെസ്റ്റ് ഫോമുമാണ് ഉണ്ടായിരുന്നത്) ടീച്ചർ ചോദ്യാവലി (TQ), കുട്ടികൾക്കുള്ള ചോദ്യാവലി (PQ), സ്കൂൾ ചോദ്യാവലി (SQ) എന്നിവയാണ് അഭിമുഖത്തിനായി ഉണ്ടായിരുന്നത്. ടെസ്റ്റ് ഫോമിൽ ഭാഷ, പരിസരപഠനം, ഗണിതം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലെ പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള 15 വീതം ചോദ്യങ്ങളാണ് ടെസ്റ്റ്ഫോമിൽ ഉൾപ്പെടുത്തിയിരുന്നത്. 7–ാം ക്ലാസിലെ അവസാന ടേമിലെ നിലവാരത്തിലുള്ളവയായിരുന്നു ചോദ്യങ്ങൾ. ഈ ടെസ്റ്റ്ഫോം റിസൾട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാതല പഠനറിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

പത്തനംതിട്ട ജില്ലയിലെ 8–ാം ക്ലാസിലെ വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളുടെ ശരാശരി പ്രകടനം (%).

Overall	Gender		Area		Management		Social Group			
	Male	Female	Rural	Urban	Govt.	Aided	SC	ST	OBC	General
35.95	34.93	37.07	35.70	36.77	34.36	36.20	33.39	25.71	36.54	36.79

22 പഠനനേട്ടങ്ങളാണ് കുട്ടികളിൽ എത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചത്. അതിൽ ശരിയുത്തരം നൽകിയ കുട്ടികളുടെ എണ്ണം ശതമാനക്കണക്കിൽ താഴെ കൊടുക്കുന്നു.

30%–ൽ കുറവ്	30% – 50%	50% – 75%	75% മുകളിൽ
37.68%	42.34%	19.43%	0.55%

നാഷണൽ അച്ചീവ്മെന്റ് സർവ്വേ (NAS- Cycle -2- SSLC)

ഫെബ്രുവരി മാസം 5 ന് പത്തനംതിട്ട ജില്ലയിലെ തിരഞ്ഞെടുത്ത 81 സ്കൂളിൽവച്ച് N.A.S പരീക്ഷ നടത്തി. ഫീൽഡ് ഇൻവസ്റ്റിഗേറ്റഴ്സായി അദ്ധ്യാപകരെ തിരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം RMSA യുടെ നേതൃത്വത്തിൽ നൽകുകയും ഈ അദ്ധ്യാപകരെ ഉപയോഗിച്ച് പരീക്ഷ നടത്തുകയും ചെയ്തു. 2540 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തുഇവരുടെ റിസൾട്ടുകൾ NCERT ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

വിദ്യാഭ്യാസരംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ

എസ്സ്.എസ്സ്.എ

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, പ്രതിഭാസംഗമം മുതലായ പദ്ധതികൾ നടപ്പാക്കിവരുന്നു.

ആർ.എം.എസ്സ്.എ

വൈകല്യമുള്ള കുട്ടികൾക്ക് റാമ്പ്, റെയിൽ, അഡാപ്റ്റീവ് ടോയിലെറ്റ് എന്നിവയും യാത്ര ചെലവിന് സാമ്പത്തിക സഹായവും പരിചരിക്കുന്നതിന് ആയമാരെ നിയമിക്കുന്നതിനുള്ള സാമ്പത്തികസഹായവും നൽകിവരുന്നു.

ഡയറ്റ്

ജില്ലയിലെ അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാഭ്യാസം

പട്ടികജാതി കുട്ടികൾക്ക് ജില്ലയിലെ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് പട്ടികജാതി കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന പദ്ധതി വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു. ഡയറ്റ് ട്രൈബൽ മേഖലയുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നുണ്ട്. ട്രൈബൽ സ്കൂളുകൾക്ക് സ്വന്തമാക്കി കെട്ടിടമില്ലാത്ത അവസ്ഥ നിലവിലുണ്ട്. റെസിഡൻഷ്യൽ സ്കൂളുകൾ കൂടുതലായി സ്ഥാപിക്കേണ്ടതുണ്ട്. അവധിക്കാലങ്ങളിലും കുട്ടികൾക്ക് താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. സ്ഥിരം അദ്ധ്യാപകരുടെ അപര്യാപ്തത ഉണ്ട്. ഗതാഗത സൗകര്യങ്ങളുടെ കുറവും ഒറ്റപ്പെട്ട സ്ഥലങ്ങളാണെന്നതുമാണ് അദ്ധ്യാപക ക്ഷാമത്തിന് കാരണം. ബദൽ സംവിധാനമായി ട്രൈബൽ വകുപ്പിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ അദ്ധ്യാപക ബാങ്ക് രൂപീകരിക്കാവുന്നതാണ്.

വികസന റിപ്പോർട്ടുകളിലൂടെ

ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളുടേയും 4 മുൻസിപ്പാലിറ്റികളുടേയും വികസന രേഖകളിൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം

അക്കാദമികം

- താഴ്ന്ന ഹയർസെക്കന്ററി വിജയശതമാനം
- ഇംഗ്ലീഷ് ഭാഷാപഠനം ഫലപ്രദമാകുന്നില്ല.
- പരിഹാരബോധന പ്രവർത്തനങ്ങൾ നടക്കുന്നില്ല.
- അക്കാദമിക മോണിട്ടറിംഗ് സംവിധാനമില്ല.
- ലൈബ്രറി ലബോറട്ടറി എന്നിവ പ്രയോജനപ്പെടുന്നില്ല.
- കലാകായിക പ്രവൃത്തിപരിചയ കാര്യങ്ങളിൽ കുട്ടികളുടെകഴിവ് വളർത്താനുള്ള സംവിധാനങ്ങളില്ല.
- സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ആവശ്യത്തിനില്ല.
- അദ്ധ്യാപകരെ യഥാസമയം നിയമിക്കുന്നില്ല.
- പഠനോപകരണങ്ങൾ ആവശ്യത്തിന് ലഭ്യമല്ല.
- ശാസ്ത്രീയമായ പ്രീ–പ്രൈമറി വിദ്യാഭ്യാസം.
- സാദ്ധ്യമായ ദിനങ്ങളുടെ കുറവ്, അദ്ധ്യാപകർ മറ്റ് ഔദ്യോഗിക ചുമതലകൾക്കായി സ്കൂളിൽ നിന്നും വിട്ടുനിൽക്കുന്നത് പഠനത്തെ ബാധിക്കുന്നു.
- സാക്ഷരതാ പരിപാടി തുടരാത്തത് നവസാക്ഷരരെ നിരക്ഷരരാക്കി.
- അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കാൻ ഇതുവരെ സാധിച്ചില്ല.

ഭൗതിക സൗകര്യങ്ങൾ

- കക്കൂസ്, മൂത്രപ്പുര എന്നിവ കുട്ടികളുടെ എണ്ണത്തിനാനുപാതികമായില്ല
- കുടിവെള്ള സൗകര്യമില്ല
- വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.
- ഫർണിച്ചറുകളുടെ അപര്യാപ്തത
- കളിസ്ഥലങ്ങളില്ല.
- എസ്.എം.ഡി.സി/എസ്.എം.ഡി/പി.റ്റി.എ എന്നിവയുടെ പ്രവർത്തനം ശക്തമല്ല.
- രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസത്തിന്റെ അഭാവം

- സ്ക്കൂൾ വികസന സമിതികൾ സജീവമല്ല.
- വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം ലഭിക്കുന്നില്ല.
- ആവശ്യമായ സ്ഥലങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങളില്ല.

വിവിധ പഞ്ചായത്തുകളിലെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളുടെ ലഘു ഗുരുത്വ ചാർട്ട് വിശകലനം ചെയ്തപ്പോൾ കണ്ടെത്തിയ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടം

44 ശതമാനം അധികം പഞ്ചായത്തുകളിൽ കെട്ടിടത്തിന്റെ അവസ്ഥ പരിതാപകരമാണ്.

ഫർണിച്ചർ

12 ശതമാനത്തിലധികം സ്കൂളുകൾ മാത്രമാണ് ഇക്കാര്യത്തിൽ പര്യാപ്തത നേടിയിട്ടുള്ളത്. 40 ശതമാനത്തിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇത് ഒരു പ്രശ്നമാണ്.

മറ്റടിസ്ഥാന സൗകര്യങ്ങൾ

50 ശതമാനത്തിലധികം സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അവസ്ഥയാണ് ജില്ലയിലുള്ളത്. വൈദ്യുതി ലഭ്യത, പാചകപ്പുര എന്നിവയുടെ കാര്യത്തിലും എല്ലാ പഞ്ചായത്തുകളിലും പ്രശ്നങ്ങൾനേരിടുന്നുണ്ട്. കക്കൂസ്, മൂത്രപ്പുര, കുടിവെള്ള സൗകര്യം എന്നിവ മെച്ചപ്പെടുത്തണം. കളിസ്ഥലത്തിന്റെ ദൗർലഭ്യത വ്യക്തമാണ്.

സ്കൂൾ ലൈബ്രറി സൗകര്യങ്ങൾ

83 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്കൂൾ ലൈബ്രറികളുടെ കാര്യക്ഷമതക്കുറവ് ഗുരുതരമായ പ്രശ്നമായി വിലയിരുത്തുന്നു. ലൈബ്രറി ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയാത്തത് പഠന പ്രവർത്തനങ്ങളിൽ സ്കൂൾ ലൈബ്രറി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള അവ്യക്തത, കുട്ടികളുടെ നിലവാരത്തിനും താല്പര്യത്തിനും പഠനാവശ്യങ്ങൾക്കും പറ്റിയ പുസ്തകങ്ങളില്ലാത്തത് തുടങ്ങിയവയാണിതിനു കാരണം.

അദ്ധ്യാപക രക്ഷാകർതൃ സമിതി

ജില്ലയിലെ 18.52% സ്കൂളുകളിൽ മാത്രമാണ് പി.റ്റി.എ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. രക്ഷാകർതൃ സമിതി കൂടേണ്ടതിന്റെ ആവശ്യകത ബോധ്യമാകാത്തതും ക്ലാസ്സടിസ്ഥാനത്തിൽ രക്ഷാകർതൃ യോഗങ്ങൾ കൂടുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യാത്തതും രക്ഷാകർതൃ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും മൂലമാണ് അദ്ധ്യാപക രക്ഷാകർതൃ സമിതി കാര്യക്ഷമമാകാത്തത്.

അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റം

ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നതു കൊണ്ട് കാര്യമായ പ്രശ്നമില്ലാ ത്തത് 5.56 ശതമാനം സ്കൂളുകൾക്ക് മാത്രമാണ്. പൊതുവിദ്യാലയങ്ങളേക്കാൾ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അൺ എയ്ഡഡ് സ്കൂളുകൾ ചെയ്യുന്നതും സമൂഹത്തിന്റെ കാഴ്ചപ്പാട് മാറുന്നതും ഈ മേഖലയിലേക്ക് രക്ഷിതാക്കളെ കൂടുതൽ ആകർഷിക്കുന്നു.

സെക്കന്ററി തലത്തിൽ മാത്രമാണ് സി.ബി.എസ്.സി, ഐസി.എസ്.സി സിലബസുകൾ ഉള്ളത്. എന്നാൽ പ്രൈമറി തലത്തിലും സി.ബി.എസ്.സി, ഐസി.എസ്.സി സിലബസുകൾ ആണ് പിന്തുടരുന്നത് എന്ന് അവകാശപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലധികവും യഥാർത്ഥ വസ്തുത മനസ്സിലാക്കാതെ രക്ഷിതാക്കൾ ഇവിടേക്ക് കുട്ടികളെ വിടുന്നു. പൊതുവിദ്യാലയത്തിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടാത്ത അവസ്ഥ ഇത്തരം വിദ്യാലയങ്ങൾ തുടങ്ങുന്നതിന് ആരുടേയും അനുവാദത്തിന്റെ ആവശ്യമില്ലായ്മ ഇവയൊക്കെ അൺ എയ്ഡഡ് സ്കൂളുകൾ പെരുകുന്നതിനുള്ള മുഖ്യ കാരണങ്ങളാണ്. പൊതുവിദ്യാഭ്യാസരംഗം, ആകർഷകവും കാര്യക്ഷമവുമാക്കിക്കൊണ്ട് മാത്രമേ ഈ പ്രശ്നം നേരിടാനാകൂ.

അദ്ധ്യാപക ഒഴിവുകൾ

അദ്ധ്യാപകരുടെ ഒഴിവുകൾ മൂലം പഠനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാധിക്കാത്ത 24.07 ശതമാനം പഞ്ചായത്തുകളുണ്ട്. ഇത് കൂടാതെ 27.78 ശതമാനം പഞ്ചായത്തുകളിലെ സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവം നേരിടുന്നുണ്ട്. വർഷാരംഭത്തിൽ നിയമനം നടത്താത്തതും നിയമനം നേടുന്ന വർ അവരുടെ സൗകര്യാർത്ഥം സ്ഥലമാറ്റം വാങ്ങി പോകുന്നതും ഉൾപ്രദേശങ്ങളിലുള്ള സ്കൂളുകളിൽ താമസ സൗകര്യം ഇല്ലാത്തതും അദ്ധ്യാപകരുടെ ഒഴിവുകൾ വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്ന കാരണ ങ്ങളാണ്. അദ്ധ്യാപകരുടെ ഒഴിവുകളിൽ വർഷാരംഭത്തിൽ തന്നെ നിയമനം നടത്തുകയും പുതിയതായി നിയമനം ലഭിക്കുമ്പോൾ നിശ്ചിത കാലയളവ് വരെ ആ സ്കൂളിൽ ജോലിചെയ്യുന്നതിനുള്ള സംവിധാന മുണ്ടാക്കിയും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

പരിഹാരബോധനം

പരിഹാര ബോധനം നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യുന്നതിന് ബഹുഭൂരിപക്ഷം പഞ്ചായത്തു കൾക്കും കഴിയുന്നില്ല. പരിഹാരബോധനം വേണ്ടവിധത്തിൽ നടക്കാത്തത് കുട്ടിയുടെ പഠനത്തെ ബാധി ക്കുന്നുണ്ട്. നിരന്തരമൂല്യനിർണ്ണയം പ്രായോഗികമാക്കാത്തത് നിരന്തര മൂല്യനിർണ്ണയം നടത്തി മെച്ചടു ത്താനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള അവ്യക്തത പ്രശ്നം നേരിടുന്ന മേഖലകളിൽ ഗവേ ഷണം (Action Research) നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു ന്നതിൽ വൈദഗ്ദ്ധ്യക്കുറവ്, കാര്യക്ഷമമായ മോണിട്ടറിംഗിന്റെ അപര്യാപ്തത തുടങ്ങിയവ ഈ പ്രശ്ന ത്തിനുള്ള കാരണങ്ങളാണ്.

പഠനോപകരണങ്ങൾ

ജില്ലയിലെ ഒരു സ്കൂളും പഠനോപകരണങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയിട്ടില്ല. പ്രൈമ റി, അപ്പർപ്രൈമറി, സെക്കന്ററി തലങ്ങളിൽ ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തികവും ലഭ്യമാക്കേണ്ട സാധനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും കാഴ്ച്ചപ്പാടുമില്ലാത്തതും മൂലം അത്യാവശ്യ പഠനോപകരണങ്ങൾ പോലും ഒരു സ്ക്കൂളിലും ലഭ്യമല്ല.

പഞ്ചായത്ത് വിദ്യാഭ്യാസ സമിതി

പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്ന തിന് നേതൃത്വം വഹിക്കേണ്ട പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ജില്ലയിലെ 18.52ശതമാനം പഞ്ചായത്തുക ളിൽ മാത്രമാണ് കാര്യമായി പ്രവർത്തിക്കുന്നത്. പഞ്ചായത്തുകൾക്ക് വിദ്യാഭ്യാസത്തിന്റെ ചുമതല ലഭിച്ച തോടുകൂടി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുള്ള സംവിധാനങ്ങൾ ആവശ്യമായി ഉണ്ടാകേണ്ടതായിരുന്നു. മുൻ അനുഭവങ്ങളുടെ അഭാവമാണ് പഞ്ചായത്ത് വിദ്യാ ഭ്യാസസമിതി പ്രവർത്തിക്കുന്നതിൽ തടസ്സമായി നിൽക്കുന്നത്.

അക്കാദമിക ലക്ഷ്യങ്ങളുടെ സംഗ്രഹം

- 80 ശതമാനം കുട്ടികളെങ്കിലും നേടേണ്ട പ്രാപ്തികൾ ആർജ്ജിച്ചുകൊണ്ട് സെക്കന്ററി വിദ്യാ ഭ്യാസം പൂർത്തിയാക്കിയാൽ ഇതിൽത്തന്നെ മൂല്യനിർണയത്തിൽ (കുട്ടികളുടെ വിവിധങ്ങളായ കഴിവ് വിലയിരുത്തുന്ന) 60 ശതമാനം പേർ ഒന്നാംക്ലാസ്സിന് സമാനമായ വിജയം നേടൽ.
- സമഗ്രമായ തരത്തിൽ രക്ഷകർത്തൃവിദ്യാഭ്യാസം ആവിഷ്ക്കരിച്ച് സ്ഥായിയായി അവ നടക്കുന്നു വെന്ന് ഉറപ്പുവരുത്തുക. ഇതിലൂടെ സ്കൂൾ– രക്ഷകർത്തൃ ബന്ധം ശക്തമാക്കുക.
- പ്രാദേശികമായ വൈദഗ്ധ്യത്തെ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ അക്കാദമിക ഗുണനിലവാരം വർദ്ധിപ്പിക്കുക.
- നാടിനുചേർന്നതും ആവശ്യമായതുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുവാനും വികസിച്ചവ ഉൾക്കൊള്ളാനും പ്രാപ്തരാകുക.
- ഫലപ്രദമായ അക്കാദമിക മോണറ്ററിംഗ് സംവിധാനം വികസിപ്പിച്ചെടുക്കുക.
- പ്രാദേശിക സാദ്ധ്യതകൾ, പരിമിതികൾ, ഇവ പരിഗണിച്ചുകൊണ്ട് പഠനബോധന സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുക.

- വിദ്യാഭ്യാസ കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയത്തക്ക വിധത്തിൽ പഞ്ചായത്തംഗങ്ങൾക്കും സന്നദ്ധപ്രവർത്തകർക്കും ആവശ്യമായ വിദഗ്ദ്ധ പരിശീലനം ഉറപ്പാക്കുക.

മറ്റ് കാര്യങ്ങൾ

- വിദ്യാഭ്യാസരംഗത്തെ പദ്ധതികൾ ആവിഷ്ക്കരിക്കുവാനും നടപ്പാക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഉപജില്ലാ വിദ്യാഭ്യാസ സമിതി, ജില്ലാ വിദ്യഭ്യാസ സമിതി എന്നിവയെ പ്രവർത്തനക്ഷമമാക്കുക.
- സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ അദ്ധ്യാപകരുടെ ലഭ്യത ഉറപ്പുവരുത്തുകയും അവശ്യമായ പഠന ബോധന സാമഗ്രികൾ സ്കൂളുകളിൽ ലഭ്യമാക്കുകയും ചെയ്യുക.
- സ്ക്കൂൾ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടാൻ കഴിയുന്ന വിധത്തിൽ സമൂഹത്തെ സജ്ജമാക്കുകയും ആവശ്യമായ തരത്തിലുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.
- സ്ക്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളും സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളുടേയും കലാപരവും കായികപരവുമായ വളർച്ച ലക്ഷ്യമാക്കി പ്രാദേശിക സാദ്ധ്യതകളേയും തനിമകളേയും നിലനിർത്തി മേളകൾ പുനരാവിഷ്ക്കരിക്കുക.
- ഉച്ചക്കഞ്ഞി വിതരണം കൂടുതൽ ഫലപ്രദമാക്കി അതിനെ സ്കൂൾ കാർഷികപദ്ധതി ആരോഗ്യ പദ്ധതി എന്നിവയുമായി ബന്ധിപ്പിക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക.
- പ്രാദേശികമായി ലഭ്യമാകുന്ന മനുഷ്യ- ഭൗതീക വിഭവശേഷി വിദ്യാലയ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന തരത്തിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കുക.
- വ്യത്യസ്ത തരത്തിൽ പഠനവൈകല്യമുള്ള കുട്ടികൾ, വികലാംഗരായ കുട്ടികൾ ഇവരുടെ ആവശ്യകതയ്ക്കനുസരിച്ച് പഠനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക.
- പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വികസനത്തിന് ഫലപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- മലയോര പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പൊതുവെയും പ്രത്യേകമായും കണ്ടെത്തി പരിഹരിക്കുക.
- ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പഠനബോധനരംഗത്ത് പ്രയോഗിക്കുവാൻ സ്ഥാപനങ്ങളെ സഹായിക്കുക. ഇത്തരം സൗകര്യങ്ങൾ സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയുക.

ഗ്രാമപഞ്ചായത്തുകൾ

വിദ്യാഭ്യാസ പ്രോജക്ടുകളുടെ അടിസ്ഥാന പ്രവർത്തന ഘടകം പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ ആയിരിക്കണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിലാവണം പ്രോജക്ടുകളുടെ നടത്തിപ്പ്. 10–12 പേർ അടങ്ങിയ റിസോഴ്സ് ഗ്രൂപ്പുകൾ ഈ സമിതിയുടെ ഉപഘടകമായി വർത്തിക്കുകയും അദ്ധ്യാപക പരിശീലനങ്ങൾ മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണം ഗുണമേന്മ വർദ്ധിപ്പിക്കുവാനുള്ള പരിശീലന പരിപാടികളുടെ നടത്തിപ്പ് പ്രൈമറി ക്ലാസ്സുകളിലെ മൂല്യനിർണ്ണയ ഉപാധി, മോണിറ്ററിംഗ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ/മുൻസിപ്പാലിറ്റിയുടെ ചുമതലയാവണം.

ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി തലത്തിൽ കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലാവണം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്. ഓരോ വിദ്യാലയങ്ങളുടേയും ആവശ്യങ്ങൾ കണ്ടെത്തുന്ന സ്കൂൾ പ്ലാനും അവ ക്രോഡീകരിച്ച് പഞ്ചായത്ത് മുൻസിപ്പൽ പ്ലാനും ഉണ്ടാവണം.

ബ്ലോക്കു പഞ്ചായത്തുകൾ

പഞ്ചായത്ത്രാജ് നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിയതമായ ഉത്തരവാദിത്വങ്ങളില്ലെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതിക സഹായ കേന്ദ്രങ്ങളായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാനാകും.

വിദ്യാഭ്യാസ ഉപജില്ലകളും ബ്ലോക്കും സ്വാഭാവികമായി ഒന്നല്ല. ഉപജില്ലാ തലത്തിൽ വിദ്യാഭ്യാസസമിതി രൂപീകരിക്കേണ്ടതുണ്ട്. ഉപജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങൾ കോ-ഓഡിനേറ്റ് ചെയ്യേണ്ട ചുമതല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാകാം. ഓരോ ബ്ലോക്കിലേയും വിദ്യാഭ്യാസ സമിതികൾ ഏതേതു വിദ്യാഭ്യാസ ഉപജില്ലകളിൽ വരുന്നുവോ ആ വിദ്യാഭ്യാസ ഉപജില്ലാ സമിതികളിൽ ബ്ലോക്ക് പഞ്ചായത്ത് നേതൃത്വപരമായ പങ്ക് വഹിക്കണം. ക്രമേണ ബ്ലോക്കിന്റെയും ഉപജില്ലയുടെയും അതിർത്തികൾ ഒന്നാക്കാനുള്ള നിർദ്ദേശം ഉണ്ടാവണം.

എല്ലാ തലത്തിലുമുള്ള അദ്ധ്യാപക പരിശീലനം, പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഭവ സഹായം, ഹൈസ്ക്കൂളുകൾക്ക് മൂല്യനിർണ്ണയത്തിനായി ഉപാധികൾ തയ്യാറാക്കുക, അക്കാദമിക മോണിറ്ററിംഗ് എന്നിവയൊക്കെ നടത്തേണ്ട ചുമതല ഉപജില്ലാ റിസോഴ്സ് സെന്ററുകൾക്കാവണം. ഡയറ്റുകളുടെ പ്രവർത്തനം ഇതിനനുയോജ്യമായ വിധത്തിൽ പുനർക്രമീകരിക്കാം. കേരളീയ സാഹചര്യത്തിൽ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായുള്ള സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അക്കാദമികമായി സഹായിക്കുക എന്ന ദൗത്യമാണ് ഡയറ്റുകൾക്കുള്ളത്.

ജില്ലാ അടിസ്ഥാനത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി വിവിധ ഏജൻസികൾ നടത്തുന്ന ശ്രമങ്ങൾക്ക് ഏകീകൃതസ്വഭാവം ഉണ്ടാകണം. വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, എസ്.സി.ഇ.ആർ.ടി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചയാത്ത്, ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി ഇവ നടത്തുന്ന പരിപാടികളെ ജില്ലാപഞ്ചായത്ത് നേതൃത്വം നൽകുന്ന ജില്ലാ വിദ്യാഭ്യാസ സമിതി ഏകോപിപ്പിക്കേണ്ടതുണ്ട്.

ജില്ലാ തലത്തിൽ റിസോഴ്സ് ഗ്രൂപ്പിനെ തയ്യാറാക്കി പരിശീലിപ്പിച്ചെടുക്കും എന്ന ഉത്തരവാദിത്വം ജില്ലാപഞ്ചായത്ത് ഏറ്റെടുക്കണം. ജില്ലയിലെ മുഴുവൻ വിദ്യലയങ്ങളുടേയും ഗുണനിലവാരം ഉയർത്തുന്നതിനായി ഓരോ വിഷയത്തിനും ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൻമാർ ഡയറ്റ്, എസ്.സി.ഇ.ആർ.റ്റി എന്നിവയുടെ സഹകരണത്തോടെ പരിശീലനം നടത്തേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശീലന മൊഡ്യൂൾ, കൈപുസ്തകങ്ങൾ പഠനസഹായികൾ എന്നിവ ലഭ്യമാക്കലും റിസോഴ്സ് പേഴ്സൺസിനെ നിരന്തരമായി ശക്തിപ്പെടുത്തലും വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടെ ജില്ലാപഞ്ചായത്ത് ചെയ്യേണ്ടതാണ്. അദ്ധ്യാപകർക്ക് ക്ലാസ്സ് തലത്തിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് ആവശ്യാധിഷ്ഠിത പരിശീലനപരിപാടികൾ നൽകേണ്ടത് റിസോഴ്സ് പേഴ്സണുകളാണ്.

ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ട ചുമതല ജില്ലാപഞ്ചായത്തിനാണ്. ഹയർസെക്കന്ററി അദ്ധ്യാകരുടെ പരിശീലനത്തിനായി ജില്ലാ അടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാകണം. റിസോഴ്സ് പേഴ്സണുകളെ പരിശീലിപ്പിക്കുവാൻ എസ്.സി.ഇ.ആർ.ടി, കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തണം.

പുതുതായി ഹയർസെക്കന്ററി സ്ക്കൂളുകൾ അനുവദിക്കേണ്ടിവരുമ്പോൾ കൃത്യമായ മാപ്പിംഗ് നടത്തി ജില്ലാ പഞ്ചായത്ത് ശുപാർശ ചെയ്യേണ്ടതുണ്ട്. പാഠപുസ്തകങ്ങളും പഠനോപാധികളും കൃത്യസമയത്ത് ലഭിക്കാത്തത് പരിഹരിക്കേണ്ടതുണ്ട്. ഇതിനായി ജില്ലാപഞ്ചായത്തിന് അതിന്റേതായ ഉത്തരവാദിത്വമുണ്ട്. എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്ന പുസ്തക സ്ക്രിപ്റ്റുകൾ അച്ചടിച്ച് വിതരണം ചെയ്യാനുള്ള ഉത്തരവാദിത്വം ജില്ലാപഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്. ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ സംവിധാനങ്ങൾക്ക് ജില്ലാപഞ്ചായത്ത് നേതൃത്വം നൽകണം.

ജില്ലാപദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്രമായ സ്ക്കൂൾപ്ലാനും പഞ്ചായത്തുപ്ലാനും തയ്യാറാക്കേണ്ടതുണ്ട്. അതനുസരിച്ചാവണം ദീർഘകാലാസൂത്രണം

ഈ രംഗത്ത് നടത്തേണ്ടത്. ഇതിന് നേതൃത്വപരമായ ചുമതല ജില്ലാപഞ്ചായത്ത് വഹിക്കേണ്ടതുണ്ട്.

ഏകോപനസാധ്യതകൾ

സ്ക്കൂൾ വിദ്യാഭ്യാസപ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വികേന്ദ്രീകരിക്കുകയും ജനകീയമായ വിദ്യാഭ്യാസ പഠനം അത്യന്താപേക്ഷിതമാണ്.

1 സ്ക്കൂൾ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്ക് വേദിയൊരുങ്ങുകയും ചെയ്യുമ്പോൾ വിവിധതലങ്ങളുടെ ഏകോപനം സ്വാഭാവികമായും ഉരുത്തിരിഞ്ഞുവരേണ്ടതുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾക്ക് ഈ ഏകോപന വിദ്യാഭ്യാസ വികസനപദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നതിന് സാധ്യതകളുണ്ട്. പ്രീസ്ക്കൂൾ മുതൽ ഹയർസെക്കന്ററി വരെയുള്ള എല്ലാതലങ്ങളിലും ഈ ഏകോപനം സാധ്യമാണ്.

2. എല്ലാതലത്തിലുമുള്ള (ഹൈസ്ക്കൂൾ അടക്കം) അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ട ഉത്തരവാദിത്വം ഉപജില്ലാടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെടേണ്ടിവരും.

3. അദ്ധ്യാപക പരിശീലനത്തിനും പാഠ്യപദ്ധതി നവീകരണത്തിനും ആവശ്യമായ റിസോഴ്സ് ഗ്രൂപ്പിനെ തയ്യാറാക്കുന്നതിന് അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ ആസൂത്രണം ചെയ്യുന്നതിനാവണം സംസ്ഥാനജില്ലാതലങ്ങളിലെ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടത്.

4. പുതിയകെട്ടിടങ്ങളുടെ നിർമ്മാണം ഒരു തലത്തിൽമാത്രം പൂർത്തിയാക്കാൻ പലപ്പോഴും കഴിഞ്ഞെന്നുവരില്ല. ഇത്തരം സന്ദർഭങ്ങളിൽ വിവിധ തലങ്ങളുടെ വിഭവങ്ങൾ ഏകോപിതമായി ഉപയോഗിക്കാനുള്ള ശ്രമങ്ങളുണ്ടാവണം.

5. വിദ്യാലയങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതും എല്ലാവിധ വികസന പ്രവർത്തനങ്ങളുടെയും അടിസ്ഥാനഘടകം വിദ്യാലയ വികസനസമിതി ആയിരിക്കണം.



പ്രീസ്ക്കൂൾ

3 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾക്കും പ്രീസ്ക്കൂൾ സൗകര്യം ഉണ്ടാവണം. നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റികൾക്കാണ്. ശിശു വിദ്യാഭ്യാസരംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, അങ്കണവാടികൾ, ബാലവാടികൾ, നെഴ്സറി സ്ക്കൂളുകൾ, പ്രീപ്രൈമറി വിഭാഗം

നിലത്തെഴുത്ത് കളരികൾ എന്നിവയ്ക്ക് ഒരു പൊതു പ്രവർത്തന പദ്ധതി കലണ്ടറുമുണ്ടാകണം. ഈ സ്ഥാപനങ്ങളെല്ലാം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രീസ്ക്കൂളുകളുടെ നടത്തിപ്പ് ചുമതല അയൽക്കൂട്ടങ്ങൾക്ക് നൽകാവുന്നതാണ്. 200–250 വീടുകൾക്ക് ഒന്ന് എന്ന നിലയിൽ കുട്ടികളെല്ലാം എത്താവുന്ന സൗകര്യമുള്ള സ്ഥലമാവണം പ്രീസ്ക്കൂളിനായി തിരഞ്ഞെടുക്കേണ്ടത്. ഇതിനനുസരിച്ച് നിലവിലുള്ളവ പുന:ക്രമീകരിക്കാം. കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ സമഗ്രവികസനത്തിന് ഉദകും വിധം പ്രീസ്ക്കൂൾ പ്രവർത്തനങ്ങൾ പുന:സംവിധാനം ചെയ്യേണ്ടതുണ്ട്.

ഉദ്ദേശങ്ങൾ

1. രസകരമായ പ്രവർത്തനങ്ങൾ, കളി, വ്യായാമം, വിശ്രമം, പോഷകാഹാരം, ആരോഗ്യപരിപാലനം ഇവയിലൂടെ ഉണ്ടാകുന്ന ശാരീരികവികാസം
2. കുട്ടികളെ മനസ്സിലാക്കാൻ കഴിവുള്ള മുതിർന്നവരുമായുള്ള സമ്പർക്കത്തിലൂടെയും മറ്റ് കുഞ്ഞുങ്ങളുമായുള്ള ഇടപഴകലിലൂടെയും ഉണ്ടാകുന്ന മാനസികവികാസം.
3. പരിസരവുമായി ഇടപെടുന്നതിലൂടെ കിട്ടുന്ന അനുഭവങ്ങളിലൂടെയും വീട്ടിലെയും സമൂഹത്തിലെയും അംഗങ്ങളുമായുള്ള സഹവാസത്തിലൂടെയും ഉണ്ടായി വരുന്ന സാമൂഹികവികാസം
4. കൂട്ടായ പ്രവർത്തനം, കളി ഇവയിലൂടെ ഉണ്ടാകുന്ന ഭാഷാപരമായ വികാസം.
5. കളി, പ്രവർത്തനം, പ്രശ്ന നിർദ്ദാരണം തുടങ്ങിയവയിലൂടെ കിട്ടുന്ന ബുദ്ധിപരമായ വികാസം.
6. ചുറ്റുപാടുകളുമായി ഇടപെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ കളി നിരീക്ഷണം ഇവയിലൂടെ ഉണ്ടാകുന്ന വൈകാരിക വികസനം.
7. ആവശ്യമായ പശ്ചാത്തല അനുഭവങ്ങളുടെ സമ്പാദനത്തിലൂടെ ഔപചാരിക വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പ്.

സമീപനം

- കുട്ടികളെല്ലാം കളികൾ ഇഷ്ടപ്പെടുന്നവരായത്കൊണ്ട് അവരുടെ ആ സ്വാഭാവികരീതിയനുസരിച്ച് പഠനത്തിനുള്ള മാധ്യമം കളിതന്നെയാവണം.
- മാതൃഭാഷയല്ലാതെ മറ്റ് ഭാഷകൾ ആശയ വിനിമയത്തിന് ഉപയോഗിക്കുവാൻ പാടില്ല.
- ഔപചാരികബോധത്തിനുള്ള ശ്രമങ്ങൾ ഉപേക്ഷിച്ച് അനൗപചാരിക രീതികൾക്കാണ് പ്രാധാന്യം നൽകേണ്ടത്.
- ചുറ്റുപാടുമുള്ള മനുഷ്യ/പ്രകൃതി വിഭവങ്ങളെ അനുയോജ്യമായി ഉപോയഗപ്പെടുത്തണം
- പഞ്ചായത്തിലെ പ്രത്യേകതകൾ കണക്കിലെടുത്തുവേണം പാഠ്യപ്രവർത്തനങ്ങൾ തയ്യാറാക്കേണ്ടത്. പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ചിലവ് കുറഞ്ഞതും കുട്ടികൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതുമായ പഠന കളിക്കോപ്പുകൾ തയ്യാറാക്കുന്നതിനുള്ള വർക്ഷോപ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.
- പ്രീസ്ക്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം, ലഘുഭക്ഷണം, ആരോഗ്യപരിരക്ഷ ഇവ നൽകുന്നതിനുള്ള ഉത്തരവാദിത്തം പ്രാദേശിക ഭരണകൂടത്തിനും സമൂഹത്തിനുമാണ്.
- പ്രീസ്ക്കൂളുകൾക്ക് 5 പ്രവൃത്തി ദിവസം മതിയാകും. ആഴ്ചയിൽ ഒരുദിവസം അദ്ധ്യാപികമാർക്കും ആയമാർക്കും ഭവനസന്ദർശനത്തിനും പരിശീലനത്തിനുമുള്ള ദിവസമായി ക്രമീകരിക്കാവുന്നതാണ്.
- പ്രീസ്ക്കൂൾ അദ്ധ്യാപക പരിശീലനത്തിന് ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ സ്ഥിരമായ സംവിധാനം വികസിപ്പിക്കേണ്ടതാണ്.
- പ്രീസ്ക്കൂളുകളുടെ ഭൗതീകസൗകര്യങ്ങൾ കളിസ്ഥലങ്ങൾ, കളിക്കോപ്പുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകണം. ഇവ ഒരുക്കുന്നതിനുള്ള ചുമതല ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്കും പരിപാലിക്കുന്നതിനുള്ള ചുമതല അയൽക്കൂട്ടങ്ങൾക്കുമാകണം. പഞ്ചായത്ത് മുൻസിപ്പാലിറ്റിയിലെ അദ്ധ്യാപകരുടെ പ്രതിമാസ സംഗമങ്ങൾ സംഘടിപ്പിക്കണം. ആ മാസം നടക്കേണ്ട പ്രവർത്തനങ്ങൾ ഈ വർക്ക്ഷോപ്പിൽ തയ്യാറാക്കാം.

ഒരു വർഷത്തിൽ ഒന്നോ രണ്ടോ തവണയെങ്കിലും പഞ്ചായത്തിലെ എല്ലാ പ്രീസ്ക്കൂൾ വിദ്യാർത്ഥികളേയും ഒരു കേന്ദ്രത്തിൽ ഒരുമിച്ച് ചേർത്ത് ശിശുസംഗമം ആസൂത്രണം ചെയ്യാം. ഇതിനോടനുബന്ധിച്ച് തന്നെ രക്ഷിതാക്കൾക്കുള്ള ക്ലാസ്സ് സംഘടിപ്പിക്കാം.

തുടർവിദ്യാഭ്യാസം

1991 ൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിൽ സാക്ഷരതായജ്ഞത്തിന്റെ രണ്ടാംഘട്ടമായി സാക്ഷരതാനന്തര പരിപാടികൾക്കു തുടക്കം കുറിച്ചെങ്കിലും അവ വേണ്ടത്ര ഫലപ്രദമായില്ല. ഈ സാഹചര്യം കൊണ്ടാണ് സാക്ഷരതയോടൊപ്പം തൊഴിലിനും വരുമാനദായക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്ത് സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ തുടർവിദ്യാഭ്യാസ പരിപാടികൾ രൂപം നൽകിയത്.

പ്രാദേശിക വികസന പ്രശ്നങ്ങളേയും ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളേയും വികസന പരിപാടികളേയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ സമീപനമായിരിക്കും തുടർവിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി സ്വീകരിക്കേണ്ടിവരിക. അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംയോജിപ്പിച്ചു കൊണ്ടുമാത്രമേ ഇതുനേടാനാവൂ. ഈ സംയോജനം ഉറപ്പുവരുത്തുവാൻ ആവശ്യമായ സമീപനവും ഘടനയും തുടർവിദ്യാഭ്യാസ പദ്ധതിയിൽ സ്വീകരിക്കേണ്ടിവരും. ഈ രൂപത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരവരുടേതായ തുടർവിദ്യഭ്യാസ സംഗമം പദ്ധതി ഉണ്ടായിരിക്കണം.

ലക്ഷ്യങ്ങൾ

- നേടിയെടുത്ത അടിസ്ഥാന സാക്ഷരത നിലനിർത്തുകയും തുടർന്ന് പഠിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്യുക. സാക്ഷരത ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അവസരമുണ്ടാക്കുകയും ചെയ്യുക.
- വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നൽകുക. പരമ്പരാഗതമായും, സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ക്ഷേമ പരിപാടികളിൽ സജീവമായി പങ്കെടുപ്പിച്ച് അവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുക.
- ദേശീയ ഐക്യം, പരിസ്ഥിതിസംരക്ഷണം, സ്ത്രീസമത്വം, ആരോഗ്യം തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക.
- വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിച്ച് വിജ്ഞാന സമ്പാദനത്തിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.
- കലാസംസ്ക്കാരവിനോദ പരിപാടികൾ സംഘടിപ്പിക്കുക അതിൽതന്നെ തനത്കലകൾക്കും വേറിട്ട അറിവുകൾക്കും മുൻഗണന നൽകുക.
- സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനതല വികസനപദ്ധതികൾ, സമ്പൂർണ്ണ ശുചിത്വം, കുടുംബശ്രീ, ജനകീയാസൂത്രണം എന്നിവയിലെ ബഹുജന വിദ്യാഭ്യാസഘടകങ്ങൾ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറ്റുക.
- തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്ക്കാരിക വികസനത്തിന് സഹായകരമായ വിധത്തിൽ അവിടുത്തെ നൈപുണ്യവികസനത്തിന് ആവശ്യമായ പരിശീലനപരിപാടികൾ ആവിഷ്ക്കരിക്കുക.
- തുടർവിദ്യാഭ്യാസ പരിപാടി അതത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വികസന പ്ലാനിന്റെ ഭാഗമായി മാറ്റുക.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിത്തന്നെ അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തല പൗരബോധനംകൂടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിന് വേണ്ടി പഞ്ചായത്ത് അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും ശക്തിപ്പെടുത്തുക.

തുടർ വിദ്യാകേന്ദ്രങ്ങൾ

- നിലവിലുള്ളതും നടപ്പിലാക്കപ്പെടുന്നതുമായ എല്ലാ വികസനയജ്ഞങ്ങൾക്കും ആവശ്യമായ വിദ്യാഭ്യാസ ഘടകം തുടർ വിദ്യാഭ്യാസകേന്ദ്രങ്ങൾ (സി.ഇ.സി) വഴി നടപ്പാക്കേണ്ടതാണ്.
- രക്ഷകർതൃവിദ്യാഭ്യാസം ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള അയൽക്കൂട്ടം ഗ്രാമസഭയെ ശക്തിപ്പെടുത്തുക.
- സമ്പൂർണ്ണ ശുചിത്വ ആരോഗ്യ പരിപാടി കുടുംബശ്രീ എന്നിവയുടെ നടത്തിപ്പിന് വേണ്ട അറിവ് നൽകുക മുതലായ ചുമതലകൾ നിർവ്വഹിക്കുവാൻ സി.ഇ.സി കൾ നിർണ്ണായക പങ്ക് വഹിക്കേണ്ടതുണ്ട്.
- പഞ്ചായത്ത് മുൻസിപ്പൽ/ കോർപ്പറേഷൻ തലത്തിൽ ഓരോ തുടർ വിദ്യാഭ്യാസകേന്ദ്രങ്ങളും ഒരു നല്ല വിവരവിനിമയ കേന്ദ്രങ്ങളായി മാറണം. പ്രാദേശിക വിവരങ്ങൾ കേന്ദ്രങ്ങളിൽ ശേഖരിച്ച് വെക്കേണ്ടതുണ്ട്. പഞ്ചായത്ത് ജനസംഖ്യ, സാക്ഷരതാ സാമൂഹിക പശ്ചാത്തലം, ചരിത്ര പശ്ചാത്തലം, വിവിധ ജനവിഭാഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, തൊഴിൽ മേഖലകൾ, പരമ്പരാഗത തൊഴിലുകൾ, നാട്ടറിവുകൾ തുടങ്ങി ജനങ്ങളേ സംബന്ധിക്കുന്ന അവർക്കുപകരിക്കുന്ന വിവരങ്ങളുടെ ലഭ്യത കേന്ദ്രത്തിൽ ഉണ്ടാവേണ്ടതുണ്ട്. ഓരോ പ്രവർത്തനത്തിന്റെയും സ്വഭാവം അനുസരിച്ച് അവിടെ പരിശീലനപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. ബോധവൽക്കരണ ക്ലാസ്സുകൾ ചർച്ചാവേദികൾ തൊഴിൽ പരിശീലനങ്ങൾ സാംസ്ക്കാരിക വിനോദപരിപാടികൾ പ്രദേശത്തിന്റെ തനതു കൈത്തൊഴിലുകളുടെ സംരക്ഷണം എന്നിങ്ങനെയുള്ള പരിപാടി ആകാം.

ബ്ലോക്ക് തലത്തിൽ

- പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാൻ കഴിവില്ലാത്ത ഉന്നത സാങ്കേതിക വിദ്യ ആവശ്യമായ കോഴ്സുകൾ ബ്ലോക്ക്തലത്തിൽ തീരുമാനിച്ചു നടപ്പാക്കുക.
- റിസോഴ്സ് പേഴ്സൺസിന്റെ അഭാവമുള്ള പഞ്ചായത്തുകളിൽ അതാത് കോഴ്സിന് വേണ്ട റിസോഴ്സ് പരിശീലനം ബ്ലോക്ക് തലത്തിൽ നടപ്പാക്കാം.
- ബ്ലോക്കിന്റെ പരിധിയിൽ വരുന്ന മുഴുവൻ പഞ്ചായത്ത് തുടർ വിദ്യാകേന്ദ്രങ്ങളുടേയും മോണിറ്ററിംഗ്.

ജില്ലാതലത്തിൽ

റിസോഴ്സ് പേഴ്സൺസ്, പ്രേരക് പരിശീലനം, ടെക്നിക്കൽ വൊക്കേഷണൽ പരിശീലനം, ജില്ലയിലെ മുഴുവൻ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടേയും മോണിട്ടറിംഗ്, ഇവാല്യൂവേഷൻ, പഞ്ചായത്ത് മുൻസിപ്പൽ തലത്തിന്റെ തനതായ പരിശീലന പരിപാടികൾ തയ്യാറാക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക എന്നിങ്ങനെയുള്ള പരിപാടികൾ ജില്ലാതലത്തിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. തുടർവിദ്യാഭ്യാസ പദ്ധതി വിജയിപ്പിക്കുവാൻ ആവശ്യമായ ജനകീയ സമിതികൾ ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാതലം നേതൃത്വപരമായ പങ്ക് വഹിക്കണം.

ജനകീയാസൂത്രണവും തുടർവിദ്യാഭ്യാസവും ചില നിർദ്ദേശങ്ങളും

- ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളനുസരിച്ച് തുടർവിദ്യാഭ്യാസ പരിപാടികൾ എങ്ങനെ സംഘടിപ്പിക്കണമെന്ന് ഗ്രാമസഭാ യോഗങ്ങളിലും മറ്റ് വേദികളിലും ചർച്ചചെയ്യണം. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതികൾക്ക് രൂപം നൽകുവാനായി രൂപീകരിക്കുന്ന കർമ്മ സമതികളിൽ പ്രേരക്മാരേയും മറ്റ് സാക്ഷരതാപ്രവർത്തകരേയും ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

- തുടർ വിദ്യാഭ്യാസ പദ്ധതികൾക്ക് രൂപം നൽകുമ്പോൾ സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കുന്ന ഫണ്ട് കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ഉൾപ്പെടുത്താവുന്നതാണ്.
- വിദ്യാകേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രവുമായി ബന്ധപ്പെട്ട വൈവിദ്ധ്യ മാർന്ന പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ ആവിഷ്ക്കരിക്കുന്നതിനുമായി പഞ്ചായത്തുകളുടെ തനതു ഫണ്ടും പ്ലാൻ ഫണ്ടും പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതുമാണ്.
- പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വിവിധ പ്രോജക്ടുകളിൽ സന്നദ്ധസേവനത്തിനായി സാക്ഷരത തുടർ വിദ്യാഭ്യാസ പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പ് വരുത്താവുന്നതാണ്.

പഞ്ചായത്ത് – നഗരപാലിക ആക്ട്പ്രകാരം സാക്ഷരതാ – തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവയുടെ നിർവ്വഹണത്തിൽ സഹായിക്കുകയും ചെയ്യാവുന്നതാണ്. ഇത് ഗ്രാമസഭകളുടേയും വാർഡ് സഭകളുടേയും ചുമതലയാണ്. വികസന വിദ്യാ കേന്ദ്രങ്ങളേയും വിദ്യാകേന്ദ്രങ്ങളേയും ബന്ധപ്പെടുത്തിക്കൊണ്ട് വിവിധതൊഴിൽ പരിശീലന കോഴ്സുകളും പരിപാടികളും ജില്ല – ബ്ലോക്ക് – ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായി സംഘടിപ്പിക്കു ന്നതും നന്നായിരിക്കും.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടപരിപാടികൾ സംഘടിപ്പിക്കുന്ന കൂട്ടത്തിൽ തുടർവിദ്യാ ഭ്യാസ കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിഭവ സമാഹരണത്തിൽ സഹായിക്കുകയും ആവശ്യമായ മറ്റ് റിസോഴ്സ് സപ്പോർട്ട് നൽകുകയും ചെയ്യാവുന്നതാണ്.

വിവിധ സർക്കാർ – സർക്കാരേതര ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും തുടർവി ദ്യാകേന്ദ്രങ്ങളിൽ കൂടി ഇവയിൽ കുറേയൊക്കെ നടപ്പിലാക്കുവാനും ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാക്ഷരതാകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാക്ഷരതാസമിതികൾ ശക്തമായിപ്രവർത്തിക്കണം.

പട്ടിക. 4.58

UNECONOMIC SCHOOL DURING THE YEAR 2017- 2018

Section	Class	Number of Schools			Number of students			Teaching Staff			Non Teaching Staff		
		Govt	Aided	Total	Govt	Aided	Total	Govt	Aided	Total	Govt	Aided	Total
LP	I-IV	136	205	341	4245	4512	8757	428	591	1019	124	8	132
	I-V	14	8	22	741	336	1077	71	34	105	13	0	13
	Total	150	213	363	4986	4848	9834	499	625	1124	137	8	145
UP	I-VII	35	28	63	1767	1652	3419	334	221	555	62	22	84
	V-VI	1	30	31	63	948	1011	8	129	137	2	21	23
	Total	36	58	94	1830	2600	4430	342	350	692	64	43	107
HS	I-X	26	3	29	2200	181	2381	220	23	243	73	6	79
	V-X	4	11	15	133	1052	1185	15	91	106	10	31	41
	VIII-X	2	4	6	84	136	220	10	23	33	10	13	23
	Total	32	18	50	2417	1369	3786	245	137	382	93	50	143
	Total	218	289	507	9233	8817	1809	1086	1112	2198	294	101	395

ജില്ലയിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന തനത് പ്രശ്നങ്ങൾ

പത്തനംതിട്ട ജില്ലയുടെ മലയോര പ്രദേശങ്ങളായ കൊക്കാത്തോട്, തണ്ണിത്തോട്, കിസിമം, വെച്ചൂച്ചിറ, തേക്കുതോട് മുതലായ സ്ഥലങ്ങളിലെ വിദ്യാലയങ്ങളിൽ അദ്ധ്യാപകക്ഷാമം അനുഭവപ്പെടാറുണ്ട്. നിയമനം കിട്ടിയാൽതന്നെ അധികം വൈകാതെ മറ്റിടങ്ങളിലേക്ക് സ്ഥലംമാറ്റം വാങ്ങിപ്പോകുകയോ ദീർഘകാല അവധിയെടുക്കുകയോ ചെയ്യുന്നു. താമസസൗകര്യങ്ങളും അവിടെ

എത്തുന്നതിനുള്ള ഗതാഗത അസൗകര്യങ്ങളുമാണ് ഇതിന് കാരണം. ഗിരിവർഗ്ഗകോളനികളിലെ കുട്ടികൾക്ക് വാസസ്ഥലത്തിനടുത്ത് വിദ്യാലയങ്ങളുടെ കുറവും മറ്റൊരു പ്രശ്നമാണ്.

പൊതുവായ പ്രശ്നങ്ങൾ

1. **അങ്കണവാടികൾ** : 1. സ്വന്തമായ കെട്ടിടങ്ങൾ, (559, വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്), ആധുനിക ടോയ്‌ലറ്റ് സൗകര്യങ്ങൾ, കുടിവെള്ള ലഭ്യത, ഗ്യാസ് കണക്ഷൻ എന്നിവ എല്ലാ അങ്കണവാടികളിലും ഇല്ല.

2. പട്ടികവർഗ്ഗ ഊരുകളിലെ എല്ലാ കുട്ടികളും അങ്കണവാടികളിലെത്തുന്നില്ല.

3. ജില്ലയിലെ ഗവ/എയിഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി (എൽ.കെ.ജി & യു.കെ.ജി) വിഭാഗങ്ങൾക്കെല്ലാം അംഗീകാരം നൽകുകയോ, അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയോ, അധ്യാപികമാർക്ക് മതിയായ വേതനം നൽകുകയോ ചെയ്യുന്നില്ല.

4. പ്രൈമറി-അപ്പർപ്രൈമറി തലങ്ങളിൽ അനുഭവപ്പെടുന്ന പൊതുവായ പ്രശ്നങ്ങൾ.

4.1 മാതൃഭാഷാ പഠനത്തിൽ ന്യൂനത നിലനിൽക്കുന്നു.

4.2 ഇംഗ്ലീഷ് ഭാഷ ശരിയായി പഠിപ്പിക്കപ്പെടുന്നില്ല.

4.3 ഇംഗ്ലീഷ് മാധ്യമമെന്ന അശാസ്ത്രീയ അധ്യയന അധ്യാപനരീതി വ്യാപകമാക്കുന്നു.

4.4 ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള അധ്യയന-അധ്യാപനസൗകര്യങ്ങൾ എല്ലായ്പ്പോഴും ലഭ്യമല്ല.

4.5 ലാബ്-ലൈബ്രറി സൗകര്യം അപര്യാപ്തം

4.6 കായികാരോഗ്യ വിദ്യാഭ്യാസത്തിനുള്ള അവസരം കുറവ്-കളിസ്ഥലങ്ങളും, കായികവിനോദോപാധികളും മതിയായ നിലയിലല്ല.

4.7 ക്ലാസ്സുമുറികളിൽ ലൈബ്രറികളില്ല. പുസ്തകങ്ങൾ കുട്ടികൾക്ക് യഥേഷ്ടം ഉപയോഗിക്കാനാവുന്നില്ല.

4.8 ക്ലാസ്സുമുറികൾ ആധുനികവത്കരിക്കണം-ഡിജിറ്റലൈസ് ചെയ്യണം.

4.9 ഐ.റ്റി. വിദ്യാഭ്യാസം എല്ലാവർക്കും നൽകാനാവുന്നില്ല. ഗണിതപഠനത്തിലും നിലവാരത്തിലുംകുറവുകൾ നിലനിൽക്കുന്നു.

4.10 വൃത്തിയും വെടിപ്പുമുള്ള ക്ലാസ്സുമുറികൾ, ടോയിലറ്റ് സൗകര്യങ്ങൾ, ആധുനിക അടുക്കളകൾ, ഡൈനിംഗ്ഹാളുകൾ, പോഷകസമൃദ്ധമായ ആഹാരം എല്ലായിടത്തും ലഭ്യമാക്കാനായിട്ടില്ല.

4.11 ശിശു സൗഹൃദപരമായ ഇരിപ്പിടങ്ങൾ ഇല്ല

4.12 പരിസ്ഥിതി വിദ്യാഭ്യാസം പഠനത്തിന്റെ ഭാഗമാക്കാനായിട്ടില്ല. ജൈവവൈവിധ്യം വളർത്തുകയുംനിലനിർത്തുകയും ചെയ്യുന്നതിനായിട്ടില്ല.

4.13 കുട്ടികളെ ശാരീരികവും മാനസികവുമായ ആരോഗ്യനിലവാരം തുടർച്ചയായി മോണിട്ടർ ചെയ്യപ്പെടുന്നില്ല.

4.14 പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും മതിയായ ശ്രദ്ധ നൽകാൻ സാധിക്കുന്നില്ല.

4.15 സമൂഹത്തിന്റെയും രക്ഷിതാക്കളുടെയും-പ്രത്യേകിച്ച് പിതാക്കന്മാരുടെ-പങ്കാളിത്തം സ്കൂൾ നടത്തിപ്പിൽ ഉണ്ടാകുന്നില്ല.

5. ഹൈസ്കൂൾ തലത്തിലെ പ്രശ്നങ്ങൾ

5.1 മികച്ച ഗുണനിലവാരത്തോടുകൂടിയ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും എല്ലാ വിഷയത്തിലും നൽകാൻ കഴിയുന്നില്ല.

5.2 മാതൃഭാഷയിലും ഇംഗ്ലീഷിലും ഹിന്ദിയിലും ആത്മവിശ്വാസത്തോടുകൂടി ആശയവിനിമയം നടത്താൻ എല്ലാ കുട്ടികൾക്കും കഴിയുന്നില്ല.

5.3 ഇംഗ്ലീഷാ ഭാഷാപഠനത്തിലെ കുറവ് ഇംഗ്ലീഷ് മാധ്യമംകൊണ്ട് പരിഹരിക്കാമെന്ന ധാരണ രക്ഷിതാക്കളിലും ഒരുവിഭാഗം അധ്യാപകരിലും നിലനിൽക്കുന്നു.

5.4 എല്ലാ ഹൈസ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപനത്തിൽ പ്രത്യേക പ്രാവീണ്യം നേടിയ അധ്യാപകരില്ല.

5.6 ക്ലാസ്സ്മുറികൾ വിദ്യാർത്ഥിസൗഹൃദപരമാകുന്നില്ല. ക്ലാസ്സ്മുറികളിൽ ലൈബ്രറികൾ, പഠനോപകരണങ്ങൾ ലഭ്യമല്ല.

5.7 കൗമാരപ്രായക്കാരുടെ ശാരീരികവും മാനസികവുമായ വളർച്ചയുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല. പോഷകാഹാരം രണ്ടുനേരം നൽകാൻ കഴിയുന്നില്ല.

5.8 പാഠ്യേതര കലാകായിക പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ കുറവാണ്.

5.9 കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ, അടുക്കള, ഭക്ഷണശാല എന്നിവ ആധുനികവും സൗകര്യപ്രദവുമാകണം.

5.10 ഐ.റ്റി. വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ കഴിയുന്നില്ല.

5.11 അടിസ്ഥാനശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾക്ക് പരീക്ഷണ-നിരീക്ഷണ-പഠനപ്രവർത്തനങ്ങൾ നടത്താനുള്ള സൗകര്യം ലഭിക്കുന്നില്ല.

5.12 പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം അവരുടെ സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥയാൽ പരിമിതപ്പെടുത്തുന്ന അവസ്ഥ ഇപ്പോഴും തുടരുന്നു.

6. ഹയർ സെക്കണ്ടറി

6.1 ഹയർസെക്കണ്ടറി തലത്തിൽ ഹൈസ്കൂളിലേതിന് സമാനമായ വിജയശതമാനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അക്കാദമികവും ഭരണപരവും ഭൗതികവുമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്നതാണ് പ്രധാനകാരണം. പഴയ പ്രീഡിഗ്രി സംവിധാനത്തെ സ്കൂൾതലത്തിലേക്ക് വിന്യസിച്ചുകൊണ്ട് എൻ.സി.ഇ.ആർ.റ്റി-യുടേയും സി.ബി.എസ്.ഇ-യുടേയും പാഠ്യപദ്ധതിയും സിലബസും അനുസരിച്ച് പഠനപ്രവർത്തനങ്ങൾ നടത്തുന്നതാണ് ഇതിന് കാരണം. സിലബസിന്റെ അമിതഭാരം വിദ്യാർത്ഥികൾക്ക് കടുത്ത മാനസികസമ്മർദ്ദം ഉണ്ടാക്കുന്നു. ശാസ്ത്രവിഷയങ്ങൾ പഠിക്കുന്നതും പഠിപ്പിക്കുന്നതും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള പ്രവേശനപരീക്ഷകൾ പാസ്സാകുന്നതിനുള്ള തയ്യാറെടുപ്പായിട്ടുമാത്രമാണ്. വിമർശനാത്മക-വിജ്ഞാനസൃഷ്ടിക്കായുള്ള അവസരമായി ഹയർസെക്കണ്ടറിതലം മാറുന്നില്ല. ഹയർസെക്കണ്ടറി തലത്തിലെത്തുന്ന വിദ്യാർത്ഥികളിൽ നല്ലയൊരു ശതമാനത്തിനും മാതൃഭാഷയിലും ഇംഗ്ലീഷിലും അടിസ്ഥാന അവഗാഹം പോലുമില്ല. മിക്ക ഹയർസെക്കണ്ടറി സ്കൂളുകളിലും ലൈബ്രറികളില്ല. ക്ലാസ്സുമുറികൾ ആധുനികവത്ക്കരിക്കപ്പെട്ടിട്ടില്ല. ഐ.റ്റി. വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനാകുന്നില്ല. അധ്യാപകരുടെ കുറവും ഗസ്റ്റ് അധ്യാപകരുടെ ആധിക്യവും വിദ്യാഭ്യാസനിലവാരത്തെ ബാധിക്കുന്നു. ഹയർസെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരില്ലാത്തത് പ്രിൻസിപ്പലിന്റെ അധ്യാപകരുടേയും ജോലിഭാരം വർദ്ധിപ്പിക്കുന്നു. അക്കാദമികപ്രവർത്തനങ്ങളിൽ പൂർണ്ണസമയ ശ്രദ്ധപതിപ്പിക്കാൻ അവർക്ക് ആകാതെവരുന്നു. കലാ-കായിക പ്രവർത്തനങ്ങളിൽ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഇല്ല. അദ്ധ്യയനമാധ്യമം മാതൃഭാഷയല്ലാത്തത് വിഷയാധിഷ്ഠിത ആശയപ്രകാശനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഹയർസെക്കണ്ടറി തലത്തിലെ നാഷണൽ സർവ്വീസ് സ്കീമിൽ അംഗങ്ങളായ വിദ്യാർത്ഥികളുടെ അധ്വാനസന്നദ്ധതയെ പ്രാദേശികവികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താനാവുന്നില്ല.

7. ഉന്നതവിദ്യാഭ്യാസം

സംസ്ഥാനനിലവാരത്തിനോടൊപ്പം നിൽക്കുന്നതാണ് പത്തനംതിട്ട ജില്ലയുടെ ഉന്നതവിദ്യാഭ്യാസനിലവാരമെങ്കിലും, അടിസ്ഥാന ഗവേഷണത്തിനും വിജ്ഞാനോത്പാദനത്തിലും ഗണ്യമായ സംഭാവന നൽകാൻ പത്തനംതിട്ടയ്ക്കായില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയ്ക്ക് ആധിപത്യമുള്ളതിനാൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് അർഹമായ പരിഗണന കിട്ടിയിട്ടില്ല. ഒരു ആർട്സ് & സയൻസ് കോളേജും 2 ടെക്നി

ക്കൽ ഹയർസെക്കണ്ടറി കോളേജും അധ്യാപക പരിശീലന കേന്ദ്രവും ഒരു മെഡിക്കൽ കോളേജും മൂന്നു ഗവൺമെന്റ് പോളിടെക്നിക്കുകളും ഒഴിച്ചാൽ സർക്കാർ ഉടമസ്ഥതയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലയിൽ കുറവാണ്. ആർട്സ് സയൻസ് വിഭാഗത്തിൽ 7 എയ്ഡഡ് കോളേജുകളും 16 അൺ-എയിഡഡ് കോളേജുകളും 4 എഞ്ചിനീയറിംഗ് കോളേജുകളും 8 അൺ-എയിഡഡ് ട്രെയിനിംഗ് കോളേജുകളും 8 സ്വകാര്യ മെഡിക്കൽ കോളേജുകളും സ്വകാര്യ പോളിടെക്നിക്കും 7 എം.ബി.എ. കോളേജുകളും 1 ലോകോളേജുമാണ് പത്തനംതിട്ട ജില്ലയിലുള്ളത്.

7.1 ശാസ്ത്ര-സാങ്കേതിക രംഗത്ത് മൗലികഗവേഷണം നടത്തുന്ന സ്ഥാപനങ്ങൾ ഒന്നും ജില്ലയിലില്ല.

7.2 50% ശതമാനത്തിലധികം വനപ്രദേശമുള്ള ജില്ലയാണെങ്കിലും ഹൈറേഞ്ചിനെ സംബന്ധിച്ചോ വനപ്രദേശത്തിന്റെ ജൈവസവിശേഷതകൾ സംബന്ധിച്ചോ പഠനം നടത്തുന്നതിനുള്ള സ്ഥാപനം ജില്ലയിലില്ല.

7.3 ജനസംഖ്യാവർദ്ധന ന്യൂനമായിക്കൊണ്ടിരിക്കുന്ന പത്തനംതിട്ട ജില്ലയിലെ ഡെമോഗ്രാഫിക് ഗവേഷണവിധേയമായിട്ടില്ല.

7.4 പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ കച്ചവടതാത്പര്യം നിലനിൽക്കുന്നു. സർക്കാർ കോളേജുകൾ കുറവാണ്.

7.5 ഉന്നതവിദ്യാഭ്യാസരംഗത്തുള്ള വിദ്യാർത്ഥികൾക്ക് മാതൃഭാഷയും ഇംഗ്ലീഷും ആത്മവിശ്വാസത്തോടെ ഉപയോഗിക്കാൻ സാധിക്കുന്നില്ല.

7.6 ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർക്ക് സാമൂഹികപ്രതിബദ്ധത പൊതുവേ കുറവാണ്.

7.7 ആട്, കോഴി, താറാവ്, കന്നുകാലികൾ എന്നിവയെ വളർത്തി ജീവിക്കുന്ന ജനങ്ങൾ ധാരാളമുള്ള പത്തനംതിട്ടയിൽ ഒരു വെറ്ററിനറി കോളേജിന്റെ കുറവുണ്ട്.

7.8 ശുദ്ധജല മത്സ്യകൃഷിക്ക് സാധ്യതയുള്ള അനേകം കുളങ്ങളും, തടാകങ്ങളും പത്തനംതിട്ട ജില്ലയിൽ ഉണ്ട്. അവ പരമാവധി വികസിപ്പിക്കുന്നതിനും ആവശ്യമായ മത്സ്യോത്പാദകരെ പരിശീലിപ്പിച്ചെടുക്കുന്നതിനുമായി ഒരു ഇൻലാൻഡ് ഫ്രഷ് വാട്ടർ ഫിഷറീസ് കോളേജ് & ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാകേണ്ടതാണ്.

7.9 പത്തനംതിട്ട ജില്ലയിലെ ചില കോളേജുകളിലെങ്കിലും അടിസ്ഥാനസൗകര്യങ്ങളില്ല. (കോന്നി എൻ.എസ്.എസ്. കോളേജ്)

7.10 കോളേജുകളിൽ പ്ലേസ്മെന്റ് സെല്ലുകൾ പ്രവർത്തിക്കുന്നില്ല.

7.11 പരമ്പരാഗത കോഴ്സുകൾക്കാണ് മുൻഗണന. സൈക്കോളജി, ആന്ത്രോപ്പോളജി, ഡെമോഗ്രഫി, സോഷ്യോളജി, എക്കണോമെട്രിക്സ് തുടങ്ങിയ കോഴ്സുകൾ ഇപ്പോഴും ജില്ലയിലില്ല.

7.12 കുറഞ്ഞ ചെലവിൽ ബി.ബി.എ/എം.ബി.എ പഠിക്കുന്നതിനുള്ള സൗകര്യം ജില്ലയിലില്ല.

7.13 മത-സാമുദായികസംഘടനകളുടെ ദുസ്വാധീനം വിദ്യാർത്ഥികളുടെ മതേതര മനോഭാവത്തോടു കൂടിയ വളർച്ചയെ തളർത്തുന്നു.

7.14 സ്ത്രീസൗഹൃദപരമായ അന്തരീക്ഷമില്ല. പൊതു ഇടങ്ങൾ ഇല്ല.

7.15 പല കോളേജുകളിലും ഗസ്റ്റ് ഫാക്കൽറ്റിയാണ് അധ്യാപനത്തിന്റെ ഭാരം ചുമക്കുന്നത്. എന്നും അവരുടെ നിയമനത്തിനും നിയോഗത്തിനും തുടർച്ചയില്ല. ഗസ്റ്റ് ലക്ചറർമാർക്ക് യഥാസമയം ശമ്പളം നൽകാറില്ല.

7.16 പരാതിപരിഹാര സെല്ലുകൾ പല കോളേജുകളിലും പ്രവർത്തിക്കുന്നില്ല.

7.17 സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ പ്രവർത്തനം കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും മോണിറ്റ് ചെയ്യുന്നതിനും ജില്ലാതല സംവിധാനം ഇല്ല.

8. പ്രീസർവ്വീസ് ടീച്ചർ എജ്യുക്കേഷൻ

NCTE (National Council for Teacher Education, Southern Region, Bengalooru) യുടെ നിർദ്ദേശപ്രകാരമുള്ള ക്ലാസ്സ്മുറികൾ, ലൈബ്രറി, വിശ്രമമുറി, ശുചിമുറികൾ, ലാബ് (ശാസ്ത്ര ലാബ്, മനഃശാസ്ത്ര ലാബ്, കമ്പ്യൂട്ടർ ലാബ്, ഭാഷാലാബ്) എന്നിവ നിലവിൽ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും ഇല്ല.

8.2 ക്ലാസ്സ് റൂം പ്രയോഗങ്ങൾ പരിശീലിക്കുന്നതിനാവശ്യമായ ലാബ്, സ്കൂൾ സൗകര്യങ്ങൾ, കുട്ടികളുടെ കുറവുമൂലം പല ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലും ലഭ്യമല്ല. അതുകൊണ്ട് മൈക്രോ ടീച്ചിംഗ്, ട്രൈ ഔട്ടുകൾ, വിശകലനക്ലാസ്സുകൾ എന്നിവയെല്ലാം കൃത്യതയോടെ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. അതിന്റെ ഫലമായി ടീച്ചിംഗ് പ്രാക്ടീസ് നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നതിൽ അദ്ധ്യാപക വിദ്യാർത്ഥികൾ പിന്നോട്ട് പോകുന്നു.

9. സാക്ഷരതാ മിഷൻ

9.1. തുടർവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.
9.2. ആവശ്യമായ ഫർണിച്ചറുകൾ ഇല്ല
9.3. ആവശ്യമായ രജിസ്റ്ററുകൾ ഇല്ല.
9.4. പഠിതാക്കളുടെ കൊഴിഞ്ഞുപോക്ക്.
9.5. ഡോക്യുമെന്റേഷൻ സൗകര്യങ്ങളുടെ കുറവ്.
9.6. ഫീസ് ഈടാക്കി തുല്യതാ കോഴ്സ് നടത്തുന്നു.
9.7. വിവിധ പരീശീലനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾക്കും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത.
9.8. എസ്.സി., എസ്.റ്റി. വിഭാഗങ്ങളിൽ നിന്ന് കൊഴിഞ്ഞു പോക്ക്.

സാംസ്ക്കാരികം

1. കേരളം സാമ്പത്തിക വളർച്ചയുടെയും, വികസനത്തിന്റെയും വഴിയിൽ മുന്നേറുമ്പോൾ സാംസ്ക്കാരിക രംഗത്തിന് മുമ്പില്ലാത്ത പ്രാധാന്യം കൈവന്നിട്ടുണ്ട്. വിനോദ വ്യവസായങ്ങളുടെ വളർച്ചയും സാസ്ക്കാരിക ഉല്പന്നങ്ങളുടെ ചോദനത്തിലും ഉപഭോഗത്തിലും ഉണ്ടാകുന്ന വൻ കുതിച്ചു ചാട്ടവും ഇതിന് തെളിവാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഒരു നിർണ്ണായക ചാലക ശക്തിയാക്കാനുള്ള സാംസ്ക്കാരിക മേഖലയുടെ സാധ്യതയെ പരമാവധി പ്രയോജനപ്പെടുത്താൻ തയ്യാറെടുക്കുക്കേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് സാംസ്ക്കാരിക മേഖലയ്ക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിരിക്കുന്നത്.

2. സാർവ്വലൗകീകമായ അംഗീകാരം നേടിയതാണ് കേരളീയ സംസ്കൃതി. ക്ലാസിക്കൽ, അനുഷ്ഠാന, നാടോടി കലാരൂപങ്ങൾ കൂടാതെ സാഹിത്യം, സംഗീതം, വാസ്തു വിദ്യ എന്നിവയും അതിനെ സമ്പന്നമാക്കുന്നുണ്ട്. ലോകോത്തര പൈതൃകമായി യുണസ്കോ അംഗീകരിച്ച കൂടിയാട്ടവും അനുഷ്ഠാന കലാ രൂപമായ മുടിയേറ്റും , കഥകളിയും പടയണിയും ചവിട്ടുനാടകവും, ഒപ്പന തുടങ്ങി എണ്ണമറ്റ കലാ രൂപങ്ങൾ നാടിന്റെ സംസ്കൃതിയിയുടെ, ദേശത്തിന്റെ സംഘചേതനയുടെ പ്രത്യക്ഷ പ്രകടനങ്ങളാണ്. നമ്മുടെ സർഗ്ഗാത്മക,സാംസ്കാരിക ഉദ്യമങ്ങളെ പിന്നാമ്പുറത്തിൽ നിന്നും വീണ്ടെടുത്ത് സംരക്ഷിക്കുകയും അരങ്ങുകളിലേക്ക് എത്തിക്കേണ്ടതുമാണ്. ജില്ലയുടെ തനത് സാസ്കാരിക പൈതൃകത്തിനെ സംരക്ഷിക്കാനും മൺമറയുന്ന നിരവധി സാസ്കാരിക ചിഹ്നങ്ങളെ പരിരക്ഷിക്കാനും പദ്ധതി ആവശ്യമാണ്. നാടിന്റെ സംസ്കൃതിയുടെ സമ്പന്നതയെ പരിപോഷിപ്പിക്കുന്നതിനും അവയെ ഒരു സാംസ്കാരിക ഉല്പന്നമെന്ന നിലയിൽ സജ്ജമാക്കുന്നതിനും പദ്ധതികൾ വേണ്ടതാണ്.

3. പത്തനംതിട്ട ജില്ലയിലെ സാംസ്കാരിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാംസ്കാരിക പൊതു ഇടങ്ങളുടെ നിർമ്മിതി

ജനകീയ സാംസ്കാരിക പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ താരതമ്യേന കുറഞ്ഞുവരികയാണ്. ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾ നടത്താൻ സഹായകരമായ ഓപ്പൺ എയർതിയറ്റർ, ചിത്ര പ്രവർത്തനശാലകൾ, കലാകാരന്മാരുടെ വിശ്രമ മുറികൾ എന്നീ സൗകര്യങ്ങളുള്ള ചെറു സാംസ്കാരിക സങ്കേതങ്ങൾ നിർമ്മിച്ച് അവിടേക്ക് കലാസംഘങ്ങളെ എത്തിച്ച്

അവതരണങ്ങൾ നടത്താനുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. തനത് ഫണ്ടിനൊപ്പം ജനപ്രതിനിധികൾ, കോർപ്പറേറ്റ് ഫണ്ടുകൾ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ഇതിനായി ഉപയോഗിക്കാവുന്നതാണ്. തിരുവനന്തപുരത്തെ മാനവീയം വീഥിപോലെയുള്ള സാംസ്കാരിക ഇടനാഴികൾ സാധ്യമായ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കാൻ പദ്ധതികൾ ആവശ്യമാണ്. സംസ്ഥാന സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള നാട്ടരങ്ങ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്.

2. മതസഹിഷ്ണുതാ പാരമ്പര്യ വിളംബരം

ജില്ലയുടെ മതസഹിഷ്ണുതാ പാരമ്പര്യം പുകൾപെറ്റതാണ്. ദേശീയ പ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രമായ ശബരിമല സന്നിധാനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന വാവർ സ്വാമി ആരാധനാകേന്ദ്രം നൂറ്റാണ്ടുകളായി കേരളത്തിൽ നിലനിൽക്കുന്ന ഹിന്ദു-മുസ്ലീം മൈത്രിയുടെ വിളംബരമാണ്. ശബരിമല തീർത്ഥാടന മാർഗ്ഗത്തിലുള്ള എരുമേലിയിലെ ഹിന്ദു-മുസ്ലീം ദേവാലയങ്ങളുടെ പാരസ്പര്യവും സഹകരണവും ലോകമെമ്പാടും പ്രചരിപ്പിക്കേണ്ടതാണ്. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

3. പുരാവസ്തു ഗണത്തിൽപ്പെടാത്ത പൈതൃക സമ്പത്തിനെ സംരക്ഷിക്കുക

പുരാവസ്തു ഗണത്തിൽപ്പെടാത്തതും എന്നാൽ നാശോന്മുഖമായ കേരള സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും അടയാളമായി നിൽക്കുന്ന നിർമ്മിതികൾ നിരവധിയാണ്. പെരുവഴിയമ്പലങ്ങളിൽ, ചുമട് താങ്ങികൾ, എണ്ണച്ചക്കുകൾ, പൊതു ഇടങ്ങളിലെ ആൽത്തറകൾ, കൽക്കുളങ്ങൾ, വൻകിണറുകൾ എന്നിങ്ങനെയുള്ള നിരവധി നിർമ്മിതികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

4. പൈതൃക ടൂറിസം പദ്ധതി.

പത്തനംതിട്ട ജില്ലയിൽ പൈതൃക ടൂറിസം പദ്ധതിക്ക് വമ്പിച്ച സാധ്യതകളാണുള്ളത്. ഉത്രട്ടാതിവള്ളംകളി, പാർത്ഥസാരഥി ക്ഷേത്രം, ആറന്മുള കണ്ണാടി, വാസ്തുവിദ്യാ ഗുരുകുലം എന്നിവയാൽ ഒരു പൈതൃക പദവി ആർജ്ജിച്ചിരിക്കുകയാണ് ആറന്മുള ഗ്രാമം. സരസ കവി മുലൂർ സ്മാരകം ഉൾപ്പെടെയുള്ള നിരവധി സമാന കേന്ദ്രങ്ങൾ ജില്ലയിൽ നിലവിലുണ്ട്. ഏറെ പ്രചാരത്തിലെത്തിയ ഇക്കോ-ടൂറിസം പദ്ധതികളായ പെരുന്തേനരുവി, ഗവി ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളുമായി ജില്ലയിലെ സാംസ്ക്കാരിക കേന്ദ്രങ്ങളെ സംയോജിപ്പിച്ച് പുതിയ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

5. സാംസ്കാരിക സമുച്ചയ നിർമ്മിതി

നവോത്ഥാന നായകരുടെ പേരിൽ എല്ലാ ജില്ലയിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ഒരു സമുച്ചയത്തിനായി 50 കോടിയോളം രൂപ ചെലവഴിക്കുന്ന ഈ പദ്ധതിക്ക് 3.50 ഏക്കർ മുതൽ 5.00 ഏക്കർ വരെ ഭൂമി ആവശ്യമുണ്ട്. പത്തനംതിട്ട ജില്ലയിൽ ആറന്മുളയിലുള്ള വാസ്തുവിദ്യാ ഗുരുകുലം വക 4 ഏക്കർ ഭൂമി ഇതിനായി കണ്ടെത്തിയെങ്കിലും പ്രസ്തുത ഭൂമി തണ്ണീർത്തടമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അവിടെ പദ്ധതി നിർവ്വഹണം തടസ്സപ്പെടാൻ സാധ്യതയുണ്ട്. പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തി ആയതിന്റെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറിയാൽ ജില്ലയിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു സവിശേഷമായ ഇടം കണ്ടെത്താനാകുന്നതാണ്. ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി 5.00 ഏക്കർ ഭൂമി കണ്ടെത്തുന്നത് ഉചിതമായിരിക്കും.

6. പൈതൃകോത്സവങ്ങൾ സംഘടിപ്പിക്കുക

സാമുദായിക മൈത്രി ഊട്ടിയുറപ്പിക്കാൻ ഒരു ക്രിയാത്മകമായ മാർഗ്ഗം മതേതരമായി ഉത്സവങ്ങൾ സംഘടിപ്പിക്കൽ ആണ്. ചിത്രശില്പ കലയ്ക്ക് ബിനാലെയും, സിനിമയ്ക്ക് അന്തർദേശീയ ചലച്ചിത്രോത്സവവും, നാടകങ്ങൾക്ക് നാടകോത്സവവും ഉണ്ട്. ദേശീയരും വിദേശീയരുമായ സാഹിത്യകാരൻമാരെ പങ്കെടുപ്പിച്ച് സാഹിത്യോത്സവം സംഘടിപ്പിക്കാവുന്നതാണ്. ഇതിനായി കേരള സംഗീത, സാഹിത്യ അക്കാദമികളുടെ പങ്കാളിത്തം തേടാവുന്നതാണ്. അനുബന്ധമായി കലാവിരുന്നുകൾ സംഘടിപ്പിക്കാവുന്നതും ഇതിനായി കേരള ഫോക് ലോർ അക്കാദമി, കേരള ഭാരത് ഭവൻ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം തേടാവുന്നതാണ്.

ഗ്രന്ഥശാലാ വികസനം

പത്തനംതിട്ട ജില്ലയിൽ കേരളഗ്രന്ഥശാലാ സംഘത്തോട് അഫിലിയേറ്റ് ചെയ്ത 271 ഗ്രന്ഥ ശാലകൾ ഉണ്ട്. അവയെ അംഗങ്ങളുടെയും പുസ്തകങ്ങളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗ്രേഡുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. താലൂക്കടിസ്ഥാനത്തിലുള്ള അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക. 4.59
ഗ്രന്ഥശാലകളുടെ ഗ്രേഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ
ഗ്രേഡ്

താലൂക്ക്	A	B	C	D	E	F	ആകെ
തിരുവല്ല	13	7	3	2	8	17	50
റാന്നി	15	12	4	1	1	2	35
മല്ലപ്പള്ളി	8	5	0	5	3	4	25
കോന്നി	16	6	2	0	9	3	36
കോഴഞ്ചേരി	23	11	3	7	2	6	52
അടൂർ	29	20	7	6	2	9	73
ആകെ							**271**

പ്രധാന പ്രശ്നങ്ങൾ

1. ഗ്രന്ഥാലയങ്ങൾക്ക് ആധുനിക അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും ഇല്ല.
2 ജില്ലാ ആസ്ഥാനത്തും താലൂക്ക് ആസ്ഥാനങ്ങളിലും പബ്ലിക്ക് ലൈബ്രറികൾ ഇല്ല.
3. പത്രമാസികകൾ വരുത്തുന്നതിന് സാമ്പത്തികം അംഗങ്ങളിലൂടെ മാസവരിയിലൂടെ മാത്രം കണ്ടെത്താനാവുന്നില്ല.
4. സാംസ്കാരിക പരിപാടികൾ കൃത്യമായി നടക്കുന്നില്ല.

നിർദ്ദേശങ്ങൾ

- കെട്ടിട സൗകര്യങ്ങളില്ലാത്ത ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് സഹായം നൽകുക.
- ലൈബ്രറികൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും നെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- ജില്ലാ ആസ്ഥാനത്ത് പബ്ലിക്ക് ലൈബ്രറികൾ സ്ഥാപിക്കുക.
- എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ലൈബ്രറികൾ സ്ഥാപിക്കുക.
- എല്ലാ ഗ്രന്ഥശാലകൾക്കും 2 മലയാളം ദിനപ്പത്രങ്ങൾ, ഇംഗ്ലീഷ് ദിനപ്പത്രം, പ്രധാന മലയാളം വാരികകൾ എന്നിവ വരുത്താനുള്ള സാമ്പത്തികസഹായം നൽകുക.
- ശാസ്ത്രാവബോധം, പരിസ്ഥിതി, സുസ്ഥിര വികസനം എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകൾ സാംസ്കാരിക പരിപാടിയുടെ ഭാഗമാക്കുക.
- വായനശാലകളിൽ മഹിളാക്ഷേമം യുവജനക്ഷേമം, വയോജനക്ഷേമം എന്നിവ മുൻനിർത്തിയുള്ള പരിപാടികളും സൗകര്യങ്ങളും ഒരുക്കുക.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈറെയ്ഞ്ച് സ്റ്റഡിസ് പത്തനംതിട്ട

നിബിഡമായ വനപ്രദേശമുള്ള ജില്ലയാണ് പത്തനംതിട്ട. ഇവിടുത്തെ ഭൂപ്രകൃതി, മരങ്ങൾ, സസ്യ ജാലങ്ങൾ, നദികൾ, മൃഗസമ്പത്ത് സവിശേഷ സംരക്ഷണം ആവശ്യപ്പെടുന്നു. അവയെ സംബന്ധിച്ച ശാസ്ത്രീയ പഠനവും നടക്കേണ്ടതാണ്. അതിനായി ജില്ലയുടെ വനമേഖലയോടടുത്ത പ്രദേശത്ത് ഹൈറേഞ്ച് ആവാസ വ്യവസ്ഥയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് ഒരു അക്കാദമിക് സ്ഥാപനം ഉണ്ടാകണം.

4.2.4 കായികം, യുവജനകാര്യം

കായികം

ആമുഖം

പഞ്ചായത്ത് – നഗര പാലിക നിയമത്തിൽ കായിക വികസനം വളരെ ലഘൂകരിച്ചാണ് മുൻപ് കണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ആ അവസ്ഥയ്ക്ക് ഗവൺമെന്റ് തലത്തിൽ തന്നെ മാറ്റം വരുത്തിയിരിക്കുന്നത് ഏറെ സ്വാഗതാർഹം തന്നെ. ഇതിന് പ്ലാനിംഗ് ബോർഡിന്റെ മേൽനോട്ടവും വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹകരണവും കൂടി ലഭിക്കുമ്പോൾ കായിക ചരിത്രം തന്നെ ഉന്നതിയിലെത്തുമെന്നതിൽ സംശയമില്ല. സ്ഥലപരമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലും, ദീർഘകാലാടിസ്ഥാനത്തിലും കേന്ദ്ര സംസ്ഥാന–പ്രാദേശിക സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് സ്പോർട്സ് വികസന പരിപ്രേക്ഷ്യം രൂപീകരിക്കുവാനാണ് ഇവിടെ എളിയ ശ്രമം നടത്തിയിരിക്കുന്നത്.

ജനകീയാസൂത്രണം
മേഖലാതല സ്പോർട്സ് വികസനം പത്തനംതിട്ട ജില്ല

തദ്ദേശ ഭരണ സ്ഥാപനതല കായിക വികസനം ഉപസമിതി കൈകാര്യം ചെയ്തവിഷയങ്ങൾ

സ്പോർട്സ് ഭാഗം–1	ജീവിത ശൈലീരോഗങ്ങളുടെ ക്രമാതീതമായ വർദ്ധന പോഷകാഹാരകുറവ് അന്യം നിന്നു പോകുന്ന പരമ്പരാഗത കളികൾ മുതിർന്നവർക്കുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങൾ സ്ത്രീസുരക്ഷാ കായിക പരിപാടികൾ ഭിന്നശേഷി, ഭിന്നലിംഗ പ്രത്യേക കായിക വികസനം പൊതുകായിക സംസ്കാരത്തിന്റെ വളർച്ചാ ഇടപെടലുകൾ വിവര വിജ്ഞാന വ്യാപന പരിപാടികൾ പുതുതലമുറയുടെ കായിക തൽപ്പരതാ കുറവ്
സ്പോർട്സ് ഭാഗം–2 ലക്ഷ്യാധിഷ്ഠിത കായിക വികസനം	ക്യാച്ച് ദെം യംഗ് അടിസ്ഥാന സൗകര്യ വികസനം വിദ്യാലയതല കായിക പ്രവർത്തനങ്ങൾ വിദ്യാലയേതര കായിക പ്രവർത്തനങ്ങൾ പരിശീലന സ്ഥാപനങ്ങൾ പട്ടികവർഗ്ഗ മലയോര മേഖലാ കായിക പ്രവർത്തനം പ്രൊഫഷണലിസം മത്സര കലണ്ടർ
ഉള്ളടക്കം : സ്പോർട്സ് ഭാഗം –1, ഭാഗം 2 സംബന്ധിച്ച് നടത്തിയ പഠനങ്ങൾക്കനുസൃതമായി ശ്രദ്ധയിൽപ്പെട്ട ന്യൂനതകളും നിർദ്ദേശിക്കുന്ന പരിഹാരങ്ങളും.	

ജീവിതശൈലീ രോഗങ്ങൾ

ജീവിത ശൈലീരോഗ പ്രതിരോധ നിയന്ത്രണ വിഭാഗം ജില്ലയിൽ നടപ്പിലാകുന്ന സ്ക്രീനിംഗ് ക്യാമ്പുകളിൽ പുതിയതായി ധാരാളം രോഗ ബാധിതരെ കണ്ടെത്തുന്നുണ്ട്. അമിത രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, പക്ഷാഘാതം, അമിത വണ്ണം, ക്യാൻസർ, COPD-Chronic Obstructive Pulmonary disease എന്നീ രോഗങ്ങൾ ജീവിതശൈലീ രോഗങ്ങൾ ആണ്. തെറ്റായ ജീവിത ശൈലീയാണ് എല്ലാ ത്തരം ജീവിത ശൈലീ രോഗങ്ങൾക്കും പ്രധാനകാരണം.

ജീവിതശൈലീയിൽ മാറ്റം വരുത്തേണ്ടത് രോഗം വന്നതിനു ശേഷമല്ല. രോഗം വരുന്നതിന് മുമ്പ് ആരോഗ്യമായിരിക്കുമ്പോഴാണ്. എല്ലാ പ്രായത്തിൽപ്പെട്ടവരും വ്യായമം ശീലമാക്കിയാൽ, മാനസിക സംഘർഷങ്ങൾ ലഘുകരിക്കുന്നതിന് യോഗ പോലുള്ള Relaxation techniqueകൾ ഫലപ്രദമാണ്.

ജീവിതശൈലീ രോഗങ്ങളുടെ ക്രമാതിതമായ വർദ്ധന

അമിത രക്തസമ്മർദം, പ്രമേഹം, Over weight(അമിതവണ്ണം), Obesity(പൊണ്ണത്തടി) ക്യൻസർ ഇവ Screening Camp കളിൽ കൂടുതലായി കണ്ടെത്തുന്നുണ്ട്.

വ്യായാമത്തിന് പ്രാധാന്യം നൽകി ദിവസേന ഒരു മണിക്കൂർ സമയമെങ്കിലും വിനോദങ്ങളിൽ ഏർപ്പെടുന്നത് ശാരീരിക ക്ഷമത വർദ്ധിപ്പിക്കുകയും, മാനസ്സിക സംഘർഷങ്ങളെ ലഘൂകരിക്കുകയും തൻമൂലം ഭാവിയിൽ ജീവിതശൈലീ രോഗങ്ങളുണ്ടാകുന്നത് തടയുകയും ചെയ്യും.

1. കുട്ടികൾക്ക് കായിക മത്സരങ്ങൾ –എല്ലാ ക്ലാസ്സുകളിലും, 2.കായിക പ്രവർത്തനത്തിന് സ്ഥലസൗകര്യം, 3.പഞ്ചായത്തിൽ വ്യായമത്തിനുള്ള ഗ്രൗണ്ടുകൾ നിർമ്മിക്കണം, 4.വ്യായമ ക്ലാസ്സുകൾ ആരംഭിക്കുക., 5. യോഗ പരിശീലനത്തിനുള്ള സൗകര്യം, 6.ദിനാചരണങ്ങൾ വിപുലമാക്കുക–ഹൃദയദിനം, പ്രമേഹദിനം, ക്യൻസർ ദിനം Stroke day et., 7.കുട്ടികളുമായി ചേർന്ന് പച്ചക്കറിതോട്ടം നിർമ്മിക്കുക., 8.സൈക്കിൾ ഉപ യോഗിക്കുന്നതിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുക., 9.സൈക്കിൾ ഉപ യോഗിക്കാൻ പ്രോത്സാഹിപ്പിക്കുക., 10. നൃത്തം പരിശീലിപ്പിക്കുക. കളിക്കുവാൻ പ്രോത്സാഹിപ്പിക്കുക., 11. വീട്ടിലെ ചെറിയ ജോലികൾ ചെയ്യാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക., 12. Aerobics എല്ലാവർക്കും പരിശീലനംകൊടുക്കണം, 13. യോഗ എല്ലാവർക്കും പരിശീലനം കൊടുക്കണം 14 സ്കൂൾ വിദ്യാർത്ഥി കൾക്ക് മുൻകാലങ്ങളിൽ ലഭിച്ചിരുന്ന ഫിസിക്കൽ ടെയ്നിംഗ് (പി.റ്റി) തുടർന്നും ലഭ്യമാക്കണം.

അന്യം നിന്ന് പോകുന്ന പരമ്പരാഗത പ്രാദേശിക കളി ഇനങ്ങൾ

പരമ്പരാഗത കളി ഇനങ്ങൾ അതിന്റെ ഉൽഭവ സ്ഥലങ്ങളിൽ അതിന്റെ പാരമ്പര്യ ശൈലി നില നിർത്തി പോകുന്നു. പ്രധാനമായി കളിച്ചുപോന്ന കളി ഇനങ്ങൾ താഴെപറയുന്നു.

1. ഗോലി കളി, 2. കുട്ടിയും കോലും, 3.ഓലപ്പന്ത്, 4. കൊന്നി കളി, 5. തലപ്പന്ത് കളി (Calicut like Criket), 6. ഏഴ് കല്ല്/കട്ട/ലഗോരി/ഭികോരി/ടബ്ബകളി, 7. കിളിത്തട്ട്, 8. നാടൻ പന്ത് കളി, 9. കള്ളനും പോലീസും, 10.മഞ്ചാടിക്കുരു മാന്തി (കുഴിമാന്തി), 11. സാറ്റ് കളി, 12. ഒളിച്ചുകളി, 13. ഈക്കിഈക്കിതമ്പലം, 14. അടിച്ചേ പിടിച്ചേ, 15. ചെക്ക് കളി, 16. അടിച്ചോട്ടം, 17.കല്ല് കളി.

ഇന്നലത്തെ ഈ കളികൾ മിക്കതും മൺമറഞ്ഞിരിക്കുന്നു. അതിനുള്ള കാരണം സ്ഥലക്കുറവും പട്ടണത്തിലേക്കുള്ള ചേക്കേറലുമാണ്. ഒത്തൊരുമ, ഒത്തുകൂടൽ എന്നിവ അന്യം നിന്ന് കൊണ്ടിരി യ്ക്കുകയാണ്. പരമ്പരാഗത കളികൾക്ക് അതാത് സ്ഥലങ്ങളിൽ വ്യത്യാസ്തമായ പേരുകളും നിയമ ങ്ങളും നിശ്ചിയിയ്ക്കപ്പെട്ടിരിക്കുന്നു. പരസ്പരം കാണാനും ആശയവിനിമയത്തിനും പ്രശ്നങ്ങൾ ബുദ്ധി മുട്ടുകൾ അവതരിപ്പിക്കുന്നതിനും അവസരം ഒരുക്കുക. മുതിർന്ന പൗരൻമാരെ പരിഗണിക്കുക. മുതിർന്ന പൗരന്മാർക്ക് പഞ്ചായത്തുകളിൽ/മുനിസിപ്പാലിറ്റികളിൽ പകൽ വീട്. പകൽസമയം ഉല്ലാസത്തിനും വിനോദത്തിനും മുതിർന്ന പൗരമ്മാരെ വെറ്ററൻസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

സ്ത്രീ സുരക്ഷ

സ്ത്രീകൾ ഇന്നു സമൂഹത്തിൽ ഏറെ വെല്ലുവിളികൾ നേരിടുന്നു. സ്ത്രീ സുരക്ഷ ഉറപ്പാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. കരാട്ടെ, കുങ്ഫു, ജൂഡോ, ബോക്സിംഗ്, കളരിപ്പയറ്റ് എന്നിവ വുഷു, തായ്ക്കോണ്ടോ, ഫെൻസിംഗ് സ്കൂൾ തലത്തിൽ പരിശീലിപ്പിക്കുക. പ്രത്യേകിച്ച് പെൺകുട്ടികൾക്ക്, **2.**ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക., **3.** ഗ്രാമപഞ്ചായത്ത് തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക., **4.** ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്കൂൾ വിദ്യാർത്ഥിനികൾക്ക് മത്സരം സംഘടിപ്പിക്കുകയും ബ്ലോക്ക് തല ടീം ഉണ്ടാക്കുകയും ചെയ്യുക., **5.** ജില്ലാ പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് ടീമുകൾക്ക് മത്സരം സംഘടിപ്പിക്കുക., **6.** ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതിനാവശ്യമായ കായിക ഉപകരണങ്ങൾ നൽകുക.

ഭിന്നശേഷി, ഭിന്നലിംഗ പ്രത്യേക കായിക വികസനം

ഭിന്നശേഷിക്കാർക്ക് സ്പെഷ്യൽ ഒളിമ്പിക്സ് നടന്നു വരുന്നുണ്ട്. നമ്മുടെ ജില്ലയിലും പഞ്ചായത്ത്, ബ്ലോക്ക് ജില്ലതലത്തിൽ ഇത്തരക്കരെ കണ്ടെത്തി ട്രെയിനിംഗുകൾ സംഘടിപ്പിക്കേണ്ടതാണ്. സ്റ്റേഡിയങ്ങളിലും കളിസ്ഥലങ്ങളിലും ഇവർക്കു കൂടി ഉപയോഗിക്കാവുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ചെയ്യാവുന്നതാണ്.

പുതുതലമുറയുടെ കായിക താൽപ്പര്യക്കുറവ്

ടി.വി., മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയിലെ കുട്ടികളുടെ അമിത താൽപ്പര്യം ഇതിനൊരു കാരണമാണ്. അണുകുടുംബം വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുമ്പോൾ കായിക ശേഷിയെ അവഗണിക്കുന്നു. കളിസ്ഥലങ്ങൾ ഇല്ലാതാകുന്നതും, നാടൻ കളികളിൽ പങ്കെടുക്കുവാനുള്ള സാദ്ധ്യത കുറയുന്നതും ഇതിനു കാരണമാണ്.

പൊതുകായിക സംസ്കാരം

"Modern Machine Age"ൽ എത്തുവാൻ ശാസ്ത്ര സാങ്കേതിക രംഗത്തെ കുതിച്ചു ചാട്ടം നടത്തുമ്പോൾ നമുക്ക് ഇന്ന് കായിക സംസ്കാരം നഷ്ടമാകുന്നു. ഒരുവശത്ത് സാങ്കേതിക രംഗത്ത് കുതിച്ചു ചാട്ടം നടത്തുമ്പോൾ മറുവശത്ത് ആരോഗ്യത്തിൽ നിന്ന് അനാരോഗ്യത്തിലേയ്ക്കുള്ള "ട്രാൻസിഷൻ" നമ്മൾ കാണുന്നില്ല.

ഇത് തികച്ചും പരിഹരിക്കപ്പെടേണ്ടതാണ്. Fast Food ഉപേക്ഷിച്ച്, വിദ്യാഭ്യാസം നേടുന്നതിനോടൊപ്പം കായിക സംസ്കാരം കൂടി നേടിയെടുക്കുവാൻ ആവശ്യമായ ബോധവൽക്കരണം നൽകേണ്ടതാണ്.

Catch them Young

"മികവ് തെളിയിക്കുന്നവരെ ചെറുപ്പത്തിലെ പിടി കൂടുക" എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാന സ്പോർട്സ് കൗൺസിലും വിദ്യാഭ്യാസ വകുപ്പും അഞ്ച് വർഷം മുൻപ് നടത്തിയ Total Physcial Fitness Programme (TPFP)നൽകിയ ഫലം ഞെട്ടൽ ഉളവാക്കുന്നതാണ്. 13% കുട്ടികൾക്ക് മാത്രമാണ് അന്ന് Fitness തെളിയിക്കുവാൻ സാധിച്ചത്. പ്രോഗ്രാം നടപ്പിലാക്കുന്നതിലെ വീഴ്ചയും, നവമാധ്യമങ്ങളുടെ സ്വാധീനവും, ജങ്ക് ഫുഡ്കളുടെ അതിപ്രസരവും ഇതിന് ഒരു പരിധിവരെ കാരണം ആയിട്ടുണ്ട്.

പത്തനംതിട്ടയെ സംബന്ധിച്ചിടത്തോളം 53 പഞ്ചായത്തുകളും 4 മുൻസിപ്പാലിറ്റികളിലും ആയി 423 എൽ.പി.സ്കൂളുകളും, 76 എൽ.പി. Attached യു.പി.സ്കൂളുകളും 47 എൽ.പി. Attached ഹൈസ്കൂളുകളും 165 ൽ പരം ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളുകളും ഈ ജില്ലയിൽ ഉണ്ട്. ഇത്രയും സ്കൂളു

കളിൽ ആകെ 70 കായികാദ്ധ്യാപകർ മാത്രമാണ് ഉള്ളത്. നമ്മുടെ ജില്ലയിലെ വിദ്യാർത്ഥികളുടെ ആരോഗ്യ സംബന്ധമായ കായിക ക്ഷമത വർദ്ധിപ്പിക്കുകയും മികച്ച കുട്ടികളെ കണ്ടെത്തി വൈവിധ്യ മാർന്ന പരിശീലനം നൽകി ജില്ലയുടെ യശസ് ഉയർത്തി പിടിക്കുന്ന കായിക താരങ്ങൾ ആക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ് ഇതിലേക്കായി **"Catch them Young''**എന്ന പദ്ധതിയുമായി നമുക്ക് ഒരുമിച്ച് മുന്നേറാം.

പദ്ധതി നടപ്പാക്കൽ: ജില്ലയിലെ 6 മുതൽ 12 വയസ് വരെപ്രായമുള്ള കുട്ടികൾക്ക് ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന രീതിയിലുള്ള പദ്ധതിയാണ് ഇതിലൂടെ ആസൂത്രണം ചെയ്യുന്നത്.

1. പഞ്ചായത്ത് തലത്തിൽ 5-ാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികളെ കുറഞ്ഞത് 3 ഗയിമിലെങ്കിലും സെലക്ട ചെയ്ത് പ്രൊഫഷണൽ പ്രാക്ടീസ് നൽകുക. അതിനുള്ള അടിസ്ഥാന സൗകര്യം പഞ്ചായത്തുകൾ ക്രമീകരിക്കേണ്ടതാണ്., **2.** പഞ്ചായത്ത് തല ടീമുകൾ തമ്മിൽ മത്സരം സംഘടിപ്പിക്കാ വുന്നതാണ്., **3.** നീന്തൽ :- നമ്മുടെ ജില്ലയിലെ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റി കളിലും സുരക്ഷിതമായ നീന്തൽ കുളങ്ങൾ നിർമ്മിക്കുവാനുള്ള സാഹചര്യം ഉണ്ട്. അതാത് പഞ്ചായത്തിലെ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിലൂടെ സുരക്ഷതത്വവും കായിക ക്ഷമതയും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം., **4.** ജിംനാസ്റ്റിക് : ഇതും ചെറുപ്പത്തിലെ പരിശീലിപ്പിക്കാവുന്ന ഒരു ഇനം., **5.**ഫൺഗെയിംസ് : കൊച്ചു കുട്ടികൾക്ക് വിരസത ഉളവാക്കാത്ത എന്നാൽ കുട്ടികളുടെ കായിക ക്ഷമത വർഡിപ്പിക്കുന്ന രീതിയിലുള്ള മൈനർ ഗെയിംസ് പരിശീലിപ്പിക്കുകയും ചെയ്യുക., **6.** കിഡ്സ് അത്ലറ്റിക്സ്: കൊച്ചു കുട്ടികളെ മാത്രം കണക്കിലെടുത്തുകൊണ്ട് IAA നടപ്പിലാക്കികൊണ്ടിരിക്കുന്ന ചെറിയ അത്ലറ്റിക്സ് മത്സരങ്ങൾ ആണ് ഇത്., **7.** ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിംഗ്: കൊച്ചു കുട്ടിക ളുടെ പ്രായത്തിന് അനുസരിച്ചുള്ള ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിംഗ് നൽകുക., **8.**ചെസ്സ് പഠിപ്പിക്കുന്നത് ബൗദ്ധിക നിലവാരം ഉയർത്തുന്നതിനു കൂടി പര്യാപ്തമാണ്.ഈ പരിപാടികൾ പുതുമയോടു കൂടി സ്കൂളുകളിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം.

ഈ വർഷം നടപ്പിലാക്കേണ്ടത്

ബോധവത്കരണവും വിശദീകരണ ക്ലാസ്സുകളും സ്കൂളുകളിൽ നടത്തുന്നതിന് റിസോഴ്സ്പേഴ്സണെ ഏല്പിക്കാവുന്നതാണ്. പൊതു ജനങ്ങളിൽ ഈ പരിപാടിയുടെ ആവശ്യകതയെ പ്പറ്റി പത്രമാധ്യമങ്ങളിൽ കൂടിയും മറ്റും ബോധവത്കരണം നടത്തേണ്ടതാണ്.

ദീർഘകാല പദ്ധതി

മുകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്ന് മികച്ച കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ഉയർന്ന ഭൗതിക സാഹചര്യത്തിൽ നൽകുക.

ഈ പദ്ധതികൾ എങ്ങനെ നടപ്പിലാക്കാം.

1. ഫണ്ട്: ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തികൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് ഓൺ ഫണ്ട് ഇവ ഉപയോഗപ്പെടുത്തികൊണ്ട് നടപ്പിലാക്കുവാൻ സാധിക്കും.
2. ട്രെയിനേഴ്സ് & ട്രെയിനിംഗ് : പഞ്ചായത്തുകളിലെ കായികാദ്ധ്യാപകർ, കായിക താരങ്ങൾ എന്നി വരെ ഉൾപ്പെടുത്തി എല്ലാ സ്കൂളുകളിലും ഈ പരിശീലനം നടപ്പിലാകുവാൻ വേണ്ട ക്രമീകരണം ചെയ്യുക.
3. ട്രെയിനിംഗ് ഫോർ ട്രെയിനേഴ്സ്: ഇത്തരം പദ്ധതി നടപ്പിലാക്കുവാൻ പരിശീലകർക്ക് Advanced Training അതിവാശ്യമാണ്. സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ പരിശീലകർ എന്നിവർക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന Advanced Trainingനൽകേണ്ടതാണ്.

ദീർഘകാല പരിശീലന പരിപാടി (തെരഞ്ഞെടുത്ത കുട്ടികൾ)

- ഒരു പഞ്ചായത്തിൽ രണ്ടു മുതൽ നാല് വരെ പരിശീലന കേന്ദ്രങ്ങൾ

- ഓരോ പരിശീലന കേന്ദ്രത്തിലും ആവശ്യമായ പരിശീലകർ
- മികച്ച ഭൗതിക സാഹചര്യം ഒരുക്കൽ

നടപ്പിലാക്കുന്ന കമ്മിറ്റി

- പഞ്ചായത്ത്/മുൻസിപ്പൽ തല സ്പോർട്സ് കൗൺസിലുകൾ സജീവമാകണം
- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കൺവീനർ ആയുള്ള കമ്മിറ്റി.
- കായികാദ്ധ്യാപകർ, കായിക താരങ്ങൾ അഭ്യുതയ കാംഷികൾ എന്നിവർ ഉൾപ്പെടെയുള്ള 12 അംഗ കമ്മിറ്റി
- പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പാലിറ്റി ചെയർമാൻ എന്നിവർ പദ്ധതിയുടെ ചെയർമാൻമാരായി ചുമതലവഹിക്കും.

മോണിറ്ററിംഗ്:

മുകളിൽ പറഞ്ഞ കമ്മിറ്റി എല്ലാ സ്കൂളുകളിലും പ്രവർത്തനം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയുക.

അടിസ്ഥാന സൗകര്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും മേൽ നോട്ടത്തിനുള്ള കളിസ്ഥലങ്ങൾ കേരളത്തിൽ നിലവിലുണ്ട്. എന്നാൽ കാര്യക്ഷമമായി പരിപാലിക്കുന്നില്ല എന്നതും അവ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നുവെന്നതും സാമൂഹികാരോഗ്യത്തേയും കായിക സംസ്കാരത്തെയും വികസനത്തെയും കാര്യമായി ബാധിക്കുന്നുമെന്നതും വസ്തുതയാണ്.

അടിസ്ഥാന സൗകര്യ വികസനം മികവുറ്റ കളിസ്ഥലം, ഉപകരണങ്ങൾ ശരിയായ സംഘാടനം നല്ല പരിശീലകർ എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

മികവുറ്റ കളിസ്ഥലം, നല്ലതും വൃത്തിയുള്ളതും അപകടരഹിതമുമായ കളിസ്ഥലം സാങ്കേതിക വിദ്യകളിലൂടെ ആയാസരഹിതമായി പ്രവർത്തിക്കാൻ കഴിയുന്നത്

ഉപകരണങ്ങൾ: പ്രാദേശിക അവസ്ഥക്കും അഭിരൂചിക്കുമനുസരിച്ച് ഒരു പ്രവർത്തനം രൂപപ്പെടുത്തുന്നതിന് നിലവാരമുള്ള ഉപകരണങ്ങൾ, വ്യക്തികൾക്ക് താങ്ങാവുന്നതരത്തിൽ ലഭ്യമാക്കണം.

മികവുറ്റസംഘാടനം: ഗ്രാമ നഗര പ്രദേശങ്ങളിൽ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ എന്നിവ രൂപീകരിച്ച് പ്രവത്തിക്കുന്നതിന് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ അസ്സോസിയേഷനുകൾ തയ്യാറാകണം പ്രവർത്തനം ത്വരിതപ്പെടുത്തണം.

അടിസ്ഥാന സൗകര്യ പരിമിതികൾ

1. മികവുറ്റ സ്റ്റേഡിയങ്ങൾ കളിസ്ഥലങ്ങൾ ജില്ലക്കില്ല. ജില്ലാ സ്റ്റേഡിയം ആധുനിക രീതിയിൽ നിർമ്മിക്കുക.

2. ഉള്ളതായ സ്റ്റേഡിയങ്ങൾ എല്ലാ സമയങ്ങളിലും പരിപാലിക്കപ്പെടുന്നില്ല.

3. ഗ്രാമപഞ്ചായത്തു കളിസ്ഥലങ്ങൾ കാട് കയറി മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി തീർന്നിരിക്കുന്നു.

4. സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ മുഖാന്തിരം നൽകിയിട്ടുള്ളതും ലഭിച്ചിട്ടുള്ളതുമായ ഫണ്ടിൽ നിന്ന് നിർമ്മിച്ചിട്ടുള്ള കളിസ്ഥലങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല, തുടർ പരിപാലനം നടക്കുന്നില്ല.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കളിസ്ഥലം ഇല്ലാത്തതും ഉള്ളതു മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നതും നില നിർത്തുന്നതിനും പരിപാലിക്കുന്നതിന് താൽപ്പര്യമില്ലാത്തതും

6. നീന്തൽ പരിശീലനത്തിനുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടാത്ത അവസ്ഥ.

7. സാമൂഹികാരോഗ്യം, കായിക വികസനം എന്നിവയുടെ അടിസ്ഥാനമായി കായിക സംസ്കാരം പ്രവർത്തനം എന്നിവയുടെ അഭാവം, അറിവില്ലായ്മ.

8. ഗ്രാമനഗര പ്രദേശങ്ങളിലേയും അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലമില്ലായ്മ. ഉള്ളതിന്റെ ഗുണമേന്മയില്ലാത്തതും ആ സ്ഥലത്തിന്റെയോ സ്ഥാപനത്തിന്റെയോ സാഹചര്യത്തിന നുസരിച്ചോ സംസ്കാരത്തിനനുസരിച്ചോ അല്ലാത്ത നിർമ്മാണം.

പരിഹാരങ്ങൾ:

1. ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കുറഞ്ഞത് ഒരു സ്റ്റേഡിയം നിർമ്മിക്കുക.

2. നിലവിലുള്ള സ്റ്റേഡിയങ്ങൾ കളിസ്ഥലങ്ങൾ ഏതുകാലത്തും ഉപയോഗിക്കത്തക്ക രീതിയിൽ പുതുക്കി നിയന്ത്രണ വിധേയമായി എല്ലാവർക്കും ആരോഗ്യകായിക പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കുക.

3. പഞ്ചായത്തു സ്റ്റേഡിയങ്ങൾ നാടിന്റെ അഭിരുചിക്കും പ്രാദേശിക സംസ്കാരത്തിനും സാഹചര്യത്തിനും ചേർന്ന വിധത്തിലുള്ള കളിക്കളങ്ങളായി വികസിക്കുക. പരിപാലിച്ച് നില നിർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

4. സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം നൽകിയിട്ടുള്ളതും ലഭിച്ചിട്ടുള്ളതു മായ ഫണ്ടിന്റെ വിനയോഗം ശരിയായി നടന്നിട്ടുണ്ടെന്ന് ഉറപ്പാക്കുക.

5. സ്കൂളുകളിൽ കളിസ്ഥലം നിർബന്ധമാക്കുക സ്കൂൾ അനുവദിക്കുന്നതിനായി സമർപ്പിച്ച കളിസ്ഥലം നിലനിർത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ലൊക്കേഷനും കെട്ടിടത്തിന്റെ മാപ്പും സമർപ്പിക്കുന്നതോടൊപ്പം കളി സ്ഥലത്തിന്റെ മാപ്പും ആവശ്യപ്പെടുക. പരിശോധിച്ച് നിജപ്പെടുത്തിയതിനുശേഷം ഫിറ്റ്നസ് നൽകുക

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുളങ്ങൾ ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കി എല്ലാ ആളുകളുടെ ജീവനന്റെ സംരക്ഷണത്തിനും ആരോഗ്യ സംബന്ധമായ കായിക പ്രവർത്തനത്തിനു സജ്ജമാക്കുക.

8. ആരോഗ്യം ഏറ്റവും വലിയ സമ്പത്ത് അതു നഷ്ടപെടാതിരിക്കാൻ ചെറു പ്രായത്തിൽ തന്നെ ആരോ ഗ്യശീലങ്ങൾ, കായിക പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചുള്ള അറിവ് ഉണ്ടാകണം എൽ.പി.തലം മുതൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുവാൻ പാഠ്യ പദ്ധതിയിലൂടെയും കായിക പ്രവർത്തനങ്ങളിലൂടെയും സജ്ജമാക്കണം.

9. പഞ്ചായത്തു സ്റ്റേഡിയം കുറേ നിലം നികത്തിയും സർക്കാർ ഭൂമി കൈവശപ്പെടുത്തി സ്റ്റേഡിയം എന്ന പേര് ഇട്ടിരിക്കുന്ന അവസ്ഥയാണ്. നിലനിൽക്കുന്ന കളി സ്ഥലം നാടിന്റെ സംസ്കാരത്തിനും പ്രാദേ ശിക അഭിരുചിക്കും സാഹചര്യത്തിനും ഗുണഭോക്താകളുടെ ലഭ്യതക്കനുസരിച്ചുള്ള കളിസ്ഥലങ്ങ ളായി മാറ്റിയെടുക്കുക, ഭൂമിയുടെ ലഭ്യതയനുസരിച്ചുള്ള കളിസ്ഥലങ്ങൾക്ക് രൂപം നൽകി ഉപയുക്തമാ ക്കുക.

10. നിലവിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായിക പരിശീലന സൗകര്യങ്ങൾ

സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ

1. തിരുവല്ല എസ്.സി.എസ്.സ്കൂൾ – ഫുട്ബോൾ 18 ആൺകുട്ടികൾ വാർഡൻ –1
അത്‌ലറ്റിക്സ് 10 ആൺകുട്ടികൾകോച്ച് – 2
പാചകകാർ –2 സ്വീപ്പർ–1

2. വോളിബോൾ അക്കാഡമി വെട്ടിപ്പുറം – വോളിബോൾ 13 ആൺകുട്ടികൾ വാർഡൻ –1
കോച്ച് – 1, പാചകകാരൻ –1, സ്വീപ്പർ–1

3. സെന്റ്.തോമസ് കോളേജ്,കോഴഞ്ചേരി – വോളിബോൾ 7 ആൺകുട്ടികൾ സ്വീപ്പർ–1

കോളേജ് ഹോസ്റ്റൽ

1. കാതേലിക്കറ്റ് കോളേജ്, പത്തനംതിട്ട – സോഫ്റ്റ്ബോൾ **(Boys & Girls)** കോച്ച് – 1

2. മാർത്തോമ കോളേജ്, തിരുവല്ല – ഹോക്കി & ഫുട്ബോൾ കോച്ച് –1
(Boys & Girls)

സ്കൂൾ ഹോസ്റ്റൽ

എം.റ്റി.എച്ച്.എസ്, കുറിയന്നൂർ – ബാസ്ക്കറ്റ്ബോൾ 13 കോച്ച് –1

വിദ്യാലയതല കായിക പ്രവർത്തനങ്ങൾ
സ്കൂൾതല ഭരണ സംവിധാനം

റവന്യൂ ജില്ല

വിദ്യാ.ജില്ലകൾ

1. പത്തനംതിട്ട 2. തിരുവല്ല

വിദ്യാഭ്യാസ ഉപജില്ലകൾ

1. അടൂർ
2. കോന്നി
3. പന്തളം
4. പത്തനംതിട്ട
5. കോഴഞ്ചേരി
6. റാന്നി
7 ആറന്മുള
8. തിരുവല്ല
9. പുല്ലാട്
10. വെണ്ണികുളം
11. മല്ലപ്പള്ളി

വിദ്യാഭ്യാസ ജില്ലകൾ–2, വിദ്യാഭ്യാസ ഉപജില്ലകൾ–11, ഹൈസ്കൂളുകൾ–172, യു.പി. സ്കൂളുകൾ–162, എൽ.പി.സ്കൂളുകൾ–448

നിലവിലുള്ള കായിക പ്രവർത്തനം ന്യൂനതകളും പരിഹാരങ്ങളും (റവന്യൂ ജില്ല)

ക്രമ നമ്പർ	ന്യൂനതകൾ	പരിഹാരം
1	സ്കൂളുകളിൽ കളിസ്ഥലത്തിന്റെ അഭാവം	അംഗീകാരം ലഭിക്കുവാൻ രേഖകളിൽ കാണിച്ചിട്ടുള്ള കളിസ്ഥലം കർശനമായി കളിസ്ഥലമായി നില നിർത്തുക. കളിസ്ഥലങ്ങളിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ അനുവാദം നൽകരുത്.
2	കായികാദ്ധ്യപകരുടെ അഭാവം	പ്രൈമറി തലം മുതൽ കായികാദ്ധ്യാപകരുടെ സേവനം നിർബന്ധമാക്കുക. യോഗ്യതയില്ലാത്ത പരിശീലകരുടെ പരിശീലന മുറകൾ അശാസ്ത്രീയവും കുട്ടികളിൽ ശാരീരിക വൈകല്യങ്ങൾക്ക് കാരണമാവുകയും ചെയ്യും.
3	പരിശീലനത്തിനും മത്സരങ്ങൾക്കും ഉപയോഗിക്കുന്ന ഉപകരണങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കാറില്ല. അപകടരഹിതമായ പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ, മാറ്റുകൾ– കബഡി ജംപിംഗ്, പിറ്റിൽ ആവശ്യത്തിനു മണൽ	കുട്ടികൾക്ക് മത്സരങ്ങളിലും പരിശീലനങ്ങൾക്കും നൽകുന്ന ഉപകരണങ്ങളുടെ കാലപ്പഴക്കമോ ഗുണമേന്മയോ സാങ്കേതികമായി പരിശോധനയ്ക്ക് വിധേയമാക്കുകയും മാനഭണ്ഡങ്ങൾ പാലിക്കുകയും വേണം. കുട്ടികൾക്കുള്ളപരിശീലനവും പ്രവർത്തനങ്ങളും അവരുടെ പ്രായത്തിനും ശാരീരിക ഘടനയ്ക്കും അനുസൃതവും ശാസ്ത്രീയവുമായിരിക്കണം

4	പരിശീലകർക്കുള്ള പഠനാനന്തര പരിശീലനത്തിന്റെ അഭാവം	വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ കാലാനുസൃതമായി വരുന്ന മാറ്റങ്ങളും നിർദ്ദേശങ്ങളും പരിശീലകരിലെത്തുവാൻ ക്രമമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്. എല്ലാ സ്കൂളിലും ഏകീകൃതമായ പരിശീലന പ്രവർത്തനങ്ങൾ നൽകണം. വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ഓരോ വിഭാഗം കുട്ടികൾക്കും ഒരോ മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം നടപ്പിലാക്കണം എല്ലാ മാസവും ഒന്നോ രണ്ടോ തവണ പരിശീലകരുടെ അവലോകന യോഗം കൂടുകയും മാറ്റം വരുന്ന നിയമങ്ങളെക്കുറിച്ചും പരിശീലന രീതിയെ ക്കുറിച്ചും വ്യക്തമായ അറിവു നൽകുക. പരിശീലനം ലഭിച്ച കുട്ടികൾക്ക് മത്സര സമയങ്ങളിൽ തെറ്റുകൾ സംഭവിക്കാതിരിക്കുവാൻ ഇത് സഹായകമാകും. ഓരോ കുട്ടിക്കും പരിശീലനം നൽകുമ്പോൾ പ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ തന്ത്രങ്ങൾ മനസ്സിലാക്കുവാനും നൈപുണി വളർത്തുവാനും വിദഗ്ദരുടെ സേവനം സാദ്ധ്യമാക്കണം സാങ്കേതിക പരിജ്ഞാനമുള്ള ആളുകളായിരിക്കണം പരിശീലകർ. പരിശീലകരില്ലാത്ത സ്കൂളുകളിൽ യോഗ്യരായ പരിശീലകരുടെ സേവനം ലഭ്യമാക്കണം.

		ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക കായിക പരിശീലന പദ്ധതി രൂപീകരിക്കുകയും സജീവമായ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.
5	പരിശീലകരുടെ അഭാവത്താലോ ശരിയായ പരിശീലനത്തിന്റെ അഭാവത്താലോ മത്സരങ്ങളിൽ ഉപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല.	മത്സരങ്ങളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ എങ്ങിനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് വിദ്ഗദരായ പരിശീലകരിൽ നിന്നും കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. മികച്ച പരിശീലനം നൽകുകയും മത്സരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യണം മത്സരങ്ങളുടെ നടത്തിപ്പിന് കർശനമായ നിരീക്ഷണം ഏപ്പെടുത്തുകയും നിർദ്ദേശം നൽകുകയും വേണം. മത്സരങ്ങളെ മുന്നിൽ കണ്ടു കൊണ്ടുള്ള താൽക്കാലിക പരിശീലനത്തിനപ്പുറം സ്ഥിരമായ കായിക പരിശീലനവും കുട്ടികൾക്ക് ലഭ്യമാക്കണം. എല്ലാ സ്കൂളുകളിലും കുറഞ്ഞത് അഞ്ചു കുട്ടികൾക്കെങ്കിലും സ്ഥിരമായി വിദഗ്ദ പരിശീലനം നൽകണം.
6	കായിക വിദ്യാഭ്യാസത്തിനും തുല്യ പ്രാധാന്യം നൽക്കുക.	എല്ലാ സ്കൂളുകളിലും എല്ലാ അദ്ധ്യാപകരും കുട്ടികളുടെകായികപരിശീലനത്തിനുംകായിക പ്രവർത്തനത്തിനും പ്രോത്സാഹനം നൽകേണ്ടതാണ്. അതിനുള്ള പ്രത്യേക സമിതികൾ സ്കൂൾ തലത്തിൽ രൂപീകരിക്കണം.

7	കുട്ടികളുടെ പരിശീലന വേളയിൽ രക്ഷകർത്താക്കളുടെ താൽപ്പര്യക്കുറവ്	പ്രത്യേക പരിശീലന സമയങ്ങളിൽ രക്ഷകർത്താക്കളെ ക്ഷണിക്കുകയും അവരുടെ സാന്നിദ്ധ്യമുറപ്പാക്കുകയും വേണം. അതിനായി സ്കൂളുകളിൽ "സ്കൂൾ സ്പോർട്സ് കൗൺസിലുകൾ'' രൂപീകരിക്കണം
8	വിദ്യാഭ്യാസവകുപ്പുനടത്തുന്ന മത്സരങ്ങളിലും മേളകളിലുമല്ലാതെ കുട്ടികൾക്ക് ഒരു വിധമായ മത്സരങ്ങൾക്കും അവസരമില്ല.	ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള സ്കൂളുകൾ തമ്മിൽ മത്സരങ്ങൾ നടത്തുകയും പഞ്ചായത്തുതലത്തിൽ പരിശീലനം സംഘടിപ്പിക്കുകയും വേണം. പഞ്ചായത്ത് "സ്പോർട്സ് കൗൺസിലുകൾ'' രൂപീകരിച്ച് ഇത്തരം മത്സരങ്ങളും പരിശീലനങ്ങളും നടത്തേണ്ടതാണ്.
9	കായികമേഖലയുടെപുരോഗതിക്കു സഹായകരമാകേണ്ടസംഘടനകളോ സർക്കാർ സംവിധാനങ്ങളോസ്കൂൾ കായിക രംഗത്ത് പ്രയോജനപ്പെടുന്നില്ല.	സ്പോർട്സ് രംഗത്ത് സ്പോർട്സ് കൗൺസിൽ പോലെ സർക്കാർ മിഷനറികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സ്കൂൾ കായിക രംഗത്തിന് മേൽ മിഷനറികളുടെ പ്രവർത്തനം ഉറപ്പു വരുത്തുകയും വേണം.

10	പ്രൈമറി തലത്തിലുള്ള കുട്ടികൾ കായിക പരിശീലനത്തിൽ നിന്നും മത്സരങ്ങളിൽ നിന്നും തഴയപ്പെടുന്നു	സ്കൂൾകായിക രംഗത്ത് ഏറ്റവും പ്രാധാന്യം നൽകേണ്ടതു പ്രൈമറി തലത്തിലുള്ള കുട്ടികൾക്കാണ്. പ്രാദേശികതലത്തിലും അന്താരാഷ്ട്ര തലത്തിലും നടന്നിട്ടുള്ള മത്സരങ്ങളുടെ വീഡിയോ ചിത്രങ്ങൾ പ്രദേശിപ്പിക്കുകയും ഇതു കുട്ടികൾക്ക് ആവേശമുണർത്തുന്നതും രസകരവുമായ മത്സരങ്ങളുടെ വീഡിയോ ക്ലിപ്പുകൾ കാണിക്കുകയും വേണം. സമീപപ്രദേശങ്ങളിൽ നടക്കുന്ന ഏതെങ്കിലും കായിക മത്സരങ്ങൾ കുട്ടികളെ നേരിട്ടു കാണിക്കുകയും വേണം.
		ഹയർസെക്കൻഡറി തലത്തിലുള്ള കുട്ടികൾ വരെയാണ് ഇപ്പോൾ ക്രമമായ മത്സരങ്ങളിൽ പങ്കെടുക്കുന്നത്. സ്കൂൾ, സബ് ജില്ല, റവന്യൂ ജില്ല, സോണൽ, സംസ്ഥാനതലം, നാഷണൽ മത്സരങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കാറുള്ളത്. ഈ മത്സരങ്ങൾ കഴിഞ്ഞാൽ കോളേജ്, പ്രൊഫ.കോളേജ്, സാങ്കേതിക വിദ്യാഭ്യാസം മറ്റ് തൊഴിലധിഷ്ടിത കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സർവ്വകലാശാലാ മത്സരങ്ങളാണ് നിലവിലുള്ളത്. ഇതിനു മാറ്റം വരണം. ഒരു ജില്ലയിലുള്ള ഇത്തരം കോളേജുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ജില്ലാതല മത്സരങ്ങളോ, സോൺ അടിസ്ഥാനത്തിലോ മത്സരങ്ങൾ നടത്തണം. സർവ്വകലാശാല എന്ന മാനദണ്ഡം മാറ്റി ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുകയും അവരുടെ കായികമേളകളുടെ ഘടനയ്ക്ക് മാറ്റം വരുത്തുകയും വേണം. ജില്ലയിലെ കായിക സംസ്കാരം എത്രയാണോ അതിന്റെ അടിസ്ഥാനത്തിലാണ് കായിക മേഖലയുടെ വളർച്ചയും. പ്രൈമറി സ്കൂൾ തലം മുതൽ അതിനുള്ള പ്രവർത്തനം തുടങ്ങണം. ഒരു പ്രത്യേക പദ്ധതിയിലൂടെ മാത്രമേ അതു സാധ്യമാവുകയുള്ളു. ആ ലക്ഷ്യം മുന്നിൽ കണ്ടു പരിപാടികൾ ദ്രുതഗതിയിൽ നടപ്പാക്കണം. സ്കൂളുകളിൽ സ്പോർട്സ് ലാബുകൾ സ്ഥാപിക്കണം. പി.റ്റി.അദ്ധ്യപകർ ഇല്ലാത്ത സ്കൂളുകളിൽ കായിക പരിശീലനത്തിന് താൽപര്യമുള്ള, മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഫിസിക്കൽ ടെയ്നിംഗിന് ഉപയോഗപ്പെടുത്തുക

സ്കൂൾ സ്പോർട്സ് വികസനം

1) തുടർച്ചയായ അദ്ധ്യാപക പരിശീലനം
2) കുട്ടികളെ ഉൾപ്പെടുത്തുക
3) നേതൃത്വഗുണം വളർത്തുക
4) സ്കൂൾ തല വെബ്സൈറ്റ്
5) വിദഗ്ദ പരിശീലനം
6) സ്കൂൾ സ്പോർട്സ് ക്ലബ്ബ്
7) മത്സരങ്ങൾ– പദ്ധതി
8)ആരോഗ്യമുള്ള ജീവിതശൈലി

വിദ്യാലയേതര കായിക പ്രവർത്തനം

കായിക രംഗത്തെ വളർച്ചയ്ക്ക് വിദ്യാലയേതര കായിക പ്രവർത്തനത്തിന് വളരെ വലിയ പങ്കുണ്ട്. ഇത് ഇന്ന് പരിഷ്കൃത കായിക സംസ്കാരത്തിന്റെ അളവുകോലുകൂടിയാണ്.

കായിക അസ്സോസിയേഷനുകൾ:

ജില്ലാ സ്പോർട്സ് കൗൺസിലിനു കീഴിൽ നാൽപതോളം അംഗീകാരമുള്ള കായിക അസ്സോസിയേഷനുകൾ ഉണ്ട്. ഓരോ അസ്സോസിയേഷനും എല്ലാവർഷവും സബ് ജൂനയർ, ജൂനിയർ, സീനിയർ ചാമ്പ്യൻഷിപ്പുകൾ നടത്തുകയും ജില്ലാതലത്തിൽ സെലക്ഷൻ നടത്തി സംസ്ഥാന, നാഷണൽ മത്സരങ്ങളിൽ കായിക താരങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്തുവരുന്നു. എന്നാൽ ഇവ പലപ്പോഴും ചില പ്രദേശങ്ങളിൽ ഒതുങ്ങിപ്പോകുന്നതായി കാണുന്നു. ജില്ല മുഴുവൻ കേന്ദ്രീകരിച്ച് കായിക പ്രവർത്തനം വിശാലമാക്കേണ്ടതായിട്ടുണ്ട്.

വെറ്ററൻസ്

നല്ല കായിക സംസ്കാരം വളർത്തുന്നതിലും, യുവജനങ്ങളെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും, ജീവിതശൈലീ രോഗവസ്ഥ അകറ്റി നിർത്തുന്നതിനും വെറ്ററൻസ് മീറ്റുകൾ ഏറെ സഹായിക്കുന്നു. സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ വരെ പങ്കെടുക്കുന്ന കായിക പ്രതിഭകളെ മത്സരത്തിന് പങ്കെടുക്കുന്നതിനും സമ്മാനാർഹരെ പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാ പഞ്ചായത്ത് തലത്തിൽ നിയമ നിർമ്മാണം നടത്താവുന്നതാണ്.

യൂത്ത് കായിക ക്ലബ്ബുകൾ

യുവജനക്ഷേമ ബോർഡ്, നെഹ്രു യുവകേന്ദ്ര എന്നിവയുടെ സഹകരണത്തോടെ യൂത്ത് കായിക ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാവുന്നതാണ്. യുവജന ക്ഷേമ ബോർഡ്, നെഹ്രുയുവകേന്ദ്ര, ജില്ലാ സ്പോർട്സ് കൗൺസിൽ എന്നിവയിൽ അഫിലിയേറ്റ് ചെയ്തു സജീവമായി കായിക രംഗത്ത് പ്രവർത്തിച്ചു വരുന്ന യൂത്ത് കായിക ക്ലബ്ബുകൾക്ക് ഗ്രാൻഡ് നൽകേണ്ടത് വളരെ അത്യാവശ്യമാണ്. ക്ലബ്ബുകളെ പങ്കെടുപ്പിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതും പഞ്ചായത്ത് തല ടീം കായിക മത്സരങ്ങൾക്കായി സജ്ജമാക്കാവുന്നതുമാണ്.

വാർഡ്തല മത്സരങ്ങളും, ഗ്രാമപഞ്ചായത്ത് തല ടീം രൂപീകരണവും

ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും, ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ വാർഡുകളിൽ നിന്ന് വിജയിച്ചവർക്കായുള്ള പഞ്ചായത്ത്തല മത്സരങ്ങൾക്കുള്ള ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

പരിശീലന കേന്ദ്രങ്ങൾ

നിർദ്ദേശങ്ങൾ

1. ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, മുതലായവ തെരഞ്ഞെടുക്കുബോൾ, ഓരോ പ്രദേശത്ത് അനുയോജ്യമായി നിലനിന്നു വരുന്ന കളികൾക്ക് പ്രാധാന്യം കൊടുക്കുക.

2. ഓരോ പഞ്ചായത്തിലും നഗരസഭകളിലും കുറഞ്ഞതു മൂന്ന് ഇനങ്ങളിൽ ഡേ-ബോർഡിംഗ് സെന്ററുകൾ ആരംഭിക്കുക.

3. എൽ.പി, യു.പി-ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് എന്നിങ്ങനെ രണ്ട് കാറ്റഗറി തിരിച്ച് പരിശീലന പദ്ധതികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കുക.

4. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വിവിധോദ്ദേശ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സ്റ്റേഡിയങ്ങൾ പത്തനംതിട്ട ജില്ലയിൽ

അയിരൂർ, ചെന്നീർക്കര, ചെറുകോൽ, ഇലന്തൂർ, ഏനാദിമംഗലം, ഏനത്ത്, ഏഴംകുളം, എഴുമറ്റൂർ, കടമ്പനാട്, കലഞ്ഞൂർ, കവിയൂർ, കൊടുമൺ, കോയിപ്രം, കൊറ്റനാട്, കോട്ടാങ്ങൽ, കോഴഞ്ചേരി, കുന്നന്താനം, കുറ്റൂർ, മല്ലപ്പള്ളി, മെഴുവേലി, നെടുമ്പ്രം, ഓമ്മൂർ, പന്തളം-തെക്കേക്കര, പള്ളിക്കൽ, പ്രമാടം, പുറമറ്റം, പെരിങ്ങര, റാന്നി-പഴവങ്ങാടി, സീതത്തോട്, വടശ്ശേരിക്കര, വള്ളിക്കോട്, തണ്ണിത്തോട് (32)

5. പത്തനംതിട്ട, തിരുവല്ല സ്റ്റേഡിയങ്ങളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുക.

6. ബ്ലോക്ക്തലത്തിൽ നീന്തൽ കുളങ്ങൾ നിർമ്മിക്കുകയും എല്ലാ എൽ.പി., യു.പി വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം ഉറപ്പ് വരുത്തകയും ചെയ്യുക.

7. ജില്ലാ സ്റ്റേഡിയത്തിലെ വോളിബോൾ കോർട്ട് മുകൾവശം മേൽകൂര നിർമ്മിച്ച് നവീകരിക്കുക, മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുക.

8. എല്ലാ കായിക അസ്സോസിയേഷന്റെയും നേതൃത്വത്തിൽ അക്കാഡമികൾ ആരംഭിക്കുക.
9. ആസ്ട്രോടർഫ് ഉള്ള ഹോക്കി സ്റ്റേഡിയം നിർമ്മിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ

കായിക വികസനം - ജില്ലയിൽ

1. പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം (ജില്ലയിൽ) 19858
2. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലയിൽ സംവരണം ചെയ്ത സ്കൂളുകളുടെ എണ്ണം — 1. Model ResidentialSchool, Vadasserikara
3. ആൺകുട്ടികൾ - 10142
4. പെൺകുട്ടികൾ - 9716

ബി.പട്ടികജാതി/പട്ടിവർഗ്ഗ വിദ്യാർത്ഥിയുടെ കായിക ക്ഷമത

കായിക ക്ഷമതയുടെ കാര്യത്തിൽ മറ്റു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെക്കാൾ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ വളരെ മുന്നിലാണ് എന്നിരുന്നാലും കായിക രംഗത്ത് ഇവർക്ക് ജില്ലയിൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുന്നില്ല.

സി.പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കായിക രംഗത്ത് പിന്നോക്കംപോകുവാനുള്ള കാരണം

1. കായിക അദ്ധ്യാപകരുടെ കുറവ്
2. പരിശീലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തത്
3. പത്തനംതിട്ട ജില്ലയിലെ കുട്ടികൾക്ക് ഈ വിദ്യാലയങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
4. ശരിയായ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അഭാവം
5. വിദ്യാർത്ഥികളിലധികം പേരും പഠനം പൂർത്തീകരിയ്ക്കുന്നില്ല.

1. ജില്ലയിലെ സർക്കാർ – മാനേജ്മെന്റ് സ്കൂളുകളിലെ പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായിക ക്ഷമത.

കായിക ക്ഷമതയുടെ കാര്യത്തിൽ ഇവർ മുന്നിലാണെങ്കിലും സർക്കാർ മാനേജ്മെന്റ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടത്ര നേട്ടങ്ങൾ കൊയ്യാൻ കഴിയുന്നില്ല.

കാരണങ്ങൾ:

1. സാമ്പത്തിക പിന്നോക്കാവസ്ഥ ഒരു പ്രധാനകാരണമാണ്.
2. സാമുദായികമായ അപകർഷതാബോധം
3. വേണ്ടത്ര പരിഗണന ലഭിക്കാതിരിക്കുന്നത്
4. കായിക അദ്ധ്യാപകരുടെ കുറവ്
5. കായികരംഗത്ത് ലഭിക്കുന്ന നേട്ടത്തെക്കുറിച്ചുള്ള അറിവില്ലായ്മ

നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് കായിക രംഗത്ത് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കുറവ്

പരിഹാരങ്ങൾ

1. പട്ടികജാതി/പട്ടികവർഗ്ഗ കായിക വികസനത്തിനു വേണ്ടി സ്പോർട്സ് കൗൺസിലിനു കീഴിൽ കളക്ടർ ചെയർമാനായും സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കൺവീനറായും ഒരു കമ്മിറ്റി ഉണ്ടാവണം.

2. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായികക്ഷമത വിലയിരുത്തി അവർ ഏതിനത്തിലാണ് താൽപ്പര്യം എന്ന് മനസിലാക്കുകയും ആ വിഭാഗത്തിൽ പ്രത്യേക പരിശീലനം നൽകുന്നതിന് പരിപാടികൾ ആവിഷ്കരിക്കുകയും വേണം. ഇതിനായി സ്പോർട്സ് കൗൺസിലിന് കീഴിലെ അംഗീകൃത അസ്സോസിയേഷനുകളുടെ സഹായം തേടാവുന്നതാണ്.

3. പരിശീലനത്തിനായി കളിസ്ഥലങ്ങളുടെ അപര്യാപ്തത ഉള്ളതിനാൽ പഞ്ചായത്ത്/ജില്ലാ സ്റ്റേഡിയങ്ങൾ പരിശീലനത്തിനായി ഉപയോഗിക്കാവുന്നതാണ്.

4. പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ/സാമഗ്രികൾ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് മുഖേന ഫണ്ട് സ്വരൂപീക്കാവുന്നതാണ്.

5. പട്ടികജാതി വികസന കോർപ്പറേഷൻ നിലവിൽ ഉപരിപഠന സ്ക്കോളർഷിപ്പുകൾ നൽകിവരുന്നതും. കോർപ്പറേഷനുമായി സഹകരിച്ച് കായിക മേഖലയിലെ ഉന്നമനത്തിന് സ്കോളർഷിപ്പ്/ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കണം.

6. ഇപ്പോൾ നിലവിലുള്ള പ്രീമെട്രിക് സ്കൂളുകളിൽ കായിക അദ്ധ്യാപകരെ നിയമിക്കണം.

7. ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കായികക്ഷമതയുള്ള കുട്ടികൾക്ക് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു ജില്ലാ സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കാവുന്നതാണ്.

8. പ്രസ്തുത ഹോസറ്റലിൽ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരെ നിയോഗിക്കാവുന്നതും ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ സ്പോർട്സ് കൗൺസിൽ വിലയിരുത്താവുന്നതും ജില്ലാ– സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് ഇതിനായി വിനിയോഗിക്കാവുന്നതുമാണ്.

9. സ്പോർട്സ് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ, എം.പി ഫണ്ടുകൾ ഉപയോഗിക്കാവുന്ന താണ്.

മലയോര മേഖലയിലെ കായിക വികസനം

പത്തനംതിട്ട ജില്ലയിലെ സീതത്തോട്, ചിറ്റാർ, വയ്യാറ്റുപ്പുഴ, റാന്നി എന്നീമേഖലകൾ കേന്ദ്രീകരിച്ച് ആയിരിക്കണം മലയോര മേഖലാ കായിക വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ.

ഈ മേഖലകളിൽ ധാരാളം സ്കൂളുകൾ ഉണ്ട്. കായിക അദ്ധ്യാപകരുടെ അഭാവം കായിക പുരോഗതിയ്ക്ക് തടസ്സമായി നിൽക്കുന്നു.

കായിക പരിശീലനത്തിനായി സാമ്പത്തിക പിന്നോക്കാവസ്ഥ തടസ്സമാവുന്നു.

പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മറ്റൊരു ഘടകമാണ്.

കായികക്ഷമതയുടെ കാര്യത്തിൽ മലയോര മേഖലയിലെ കുട്ടികൾ ഏറെ മുന്നിലാണ് ഉദാഹരണത്തിന് കേരള സർക്കാർ ഒളിമ്പിക്സിൽ ഒരു മെഡൽ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയിൽ സൈക്കിളിംഗ് വിഭാഗത്തിലെ സെലക്ഷൻ ജില്ലാ സ്റ്റേഡിയത്തിൽ നടത്തിയപ്പോൾ, സംസ്ഥാനമൊട്ടാകെ തിരഞ്ഞെടുക്കപ്പെട്ട 52 കുട്ടികളിൽ 28 പേർ മലയോരമേഖലയിൽ നിന്നുമായിരുന്നു.

മലയോര മേഖലയിലെ കുട്ടികളിൽ ഒരു പഠനം നടത്തിയപ്പോൾ, അത്‌ലറ്റിക്സ്, വോളിബോൾ, ഫുട്ബോൾ, ആർച്ചറി, സൈക്കിളിംഗ് എന്നീ ഇനങ്ങളിലാണ് കുട്ടികൾ കൂടുതൽ താൽപ്പര്യം പ്രകടിപ്പിയ്ക്കുന്നത് എന്നു കണ്ടെത്തി.

ചിറ്റാർ, കിസുമം ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികൾ കായികക്ഷമതയിൽ മികവുപുലർത്തുന്നു.

ഈ മേഖലയിൽ കുട്ടികൾക്ക് പരിശീലനത്തിനായി ആവശ്യമുള്ള കായിക ഉപകരണങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ അപര്യാപ്തത കുട്ടികളെ പിന്നോക്കം നിർത്തുന്നു.

കായിക പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികളിൽ പോഷകാഹാരക്കുറവ് കണ്ടുവരുന്നു.

പരിഹാരങ്ങൾ

1. മലയോര മേഖലയ്ക്കായി മികച്ച പരിശീലകരും അടിസ്ഥാന സൗകര്യങ്ങളുമുള്ള ഒരു സ്പോർട്സ് അക്കാഡമി രൂപീകരിയ്ക്കണം.
2. ചിറ്റാർ, കിസുമം ഗവൺമെന്റ് സ്കൂളുകൾ കേന്ദ്രീകരിച്ച് Day Boarding സ്ക്കീമിലുള്ള ഒരു സ്പോർട്സ് സെന്റർ രൂപീകരിയ്ക്കണം. ആവശ്യത്തിനു പരിശീലകരെയും ലഭ്യമാക്കണം.

പ്രഫഷണലിസവും സാങ്കേതിക മികവും

നമ്മുടെ നാട്ടിലെ കായികതാരങ്ങളെ വളർത്തി എടുക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ചുമതലയാണ് ഭാവിയിലെ ഒളിമ്പിക്സുകളിൽ നമ്മുടെ നാട്ടിൽ നിന്നുള്ള കായിക താരങ്ങളുടെ പങ്കാളിത്തവും വിജയവും നമ്മൾ ഉറപ്പുവരുത്തേണ്ടതാണ്. അതിനായി എല്ലാ സൗകര്യങ്ങളും ട്രെയിനിംഗും നൽകേണ്ടതാണ്. നമ്മുടെ നാട്ടിൽ കായിക രംഗത്ത് വിപ്ലവകരമായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്.

അത്യാധുനിക രീതിയിലുള്ള സൗകര്യങ്ങൾ നൽകാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും പ്രാഥമികമായ സൗകര്യങ്ങൾ നൽകേണ്ടതാണ്. നല്ല മൈതാനം, കായികോപകരണങ്ങൾ, മികച്ച പരിശീലകർ എന്നിവ ഉറപ്പുവരുത്തണം. കായിക താരങ്ങളെ അവരുടെ കഴിവിനനുസരിച്ച് വളർത്തി എടുക്കുവാനും മുൻനിരയിലേക്ക് കൊണ്ടുവരാനും സഹായകമാകുന്ന ചില നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. കായികാദ്ധ്യാപകർക്കും മുതിർന്ന കായിക താരങ്ങൾക്കും ദേശീയ അന്തർദേശീയ തലത്തിലുള്ള പരിശീലകരിൽ നിന്നും പരിശീലനം ലഭിക്കാനുള്ള സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.
2. ദേശീയ കായിക താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക.

3. പഞ്ചായത്ത്, സ്കൂൾ തലത്തിൽ കായിക പരിശീലനവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുക.
4. എല്ലാ പഞ്ചായത്തിലും കായികാദ്ധ്യാപകരുടെയും കായിക താരങ്ങളുടെയും ഉൾകൊള്ളിച്ച് Sports bank രൂപീകരിക്കുക.
5. എല്ലാ പഞ്ചായത്തുകളിലും ഒരു മിനി സ്റ്റേഡിയമെങ്കിലും പണിയേണ്ടതാണ്.
6. ഗ്രാമപ്രദേശങ്ങളിലെ കുട്ടികളെ അവരുടെ സംസ്കാരവുമായി ബന്ധപ്പെട്ട കായിക ഇനങ്ങൾ ഉദാഹരണത്തിന് Archeryയിൽ അവർക്ക് മികച്ച പരിശീലനം ആധുനിക ഉപകരണങ്ങൾ പരിജയപ്പെടുത്തി പരിശീലനം നൽകുക.
7. ഓരോ ഗ്രാമത്തിലും പ്രചാരത്തിലുള്ള കായിക ഇനങ്ങൾ ഉൾകൊള്ളിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുക.

പ്രഫഷണലിസം സാങ്കേതിക മികവ് എന്ന കമ്മിറ്റിയുടെ കണ്ടെത്തലുകൾ. പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ, മല്ലപ്പള്ളി, കടമ്മനിട്ട, മൈലപ്ര, അങ്ങാടിക്കൽ എന്നിവിടങ്ങളിൽ വളരെ മികച്ച രീതിയിലുള്ള വോളിബോൾ കളിക്കാർഉണ്ടായിരുന്നു. നിലവിൽ ഇവിടെ കളിക്കാർ ഉണ്ടെങ്കിലും പരിശീലന കുറവു മൂലം പ്രഫഷണൽ കളിക്കാർആകുന്നില്ല. ആർ.രാജീവിനെ പ്പോലെയുള്ള ഇന്ത്യൻ താരങ്ങൾ ഉണ്ടായ പത്തനംതിട്ടയിൽ ഇപ്പോൾ പ്രൊഫഷണൽ കളിക്കാർ ഇല്ലാതായിരിക്കുന്നു. മുകളിൽ പറഞ്ഞ സ്ഥലങ്ങളിൽ വോളിബോളിനെ വേണ്ടത്ര രീതിയിൽ പരിശീലനം നടത്തി മികച്ച താരങ്ങളെ വാർത്തെടുാൻ സാധിക്കും.

മലയാലപ്പുഴ, തിരുവല്ല, കലഞ്ഞൂർ എന്നിവിടങ്ങളിൽ മികച്ച ഹോക്കി താരങ്ങൾ ഉണ്ടായിരുന്നു. പിൻകാലത്ത് ഇവരുടെ എണ്ണം ശോചനീമായി.

പത്തനംതിട്ട മേഖയിലെ മലയോര പ്രദേശങ്ങളിലായ തണ്ണിതോട്, അങ്ങമുഴി, സീതത്തോട്, ചിറ്റാർ എന്നിവിടങ്ങളിൽ മികച്ച അത്ലറ്റിക്സുകൾ ഉണ്ട് അവർക്ക് മികച്ച പരിശീലനം നൽകുകയാണെങ്കിൽ ഇന്ത്യയ്ക്ക് തന്നെ ഇവർ മുതൽകൂട്ടാകും.

സ്പോർട്സ് കലണ്ടർ
അടിസ്ഥാന ഘടകങ്ങൾ

- ജില്ല രൂപീകൃതമായത് – 1982 നവംബർ 1
- ജില്ലയുടെ വ്യാപ്തി – 2652 Sq.K.M
- ജനസംഖ്യ – 11,97,412
- ആൺ – 46.91%
- പെൺ – 53.09%
- അസംബ്ലി നിയോജക മണ്ഡലങ്ങൾ – 5
- താലൂക്കുകൾ – 6
- വില്ലേജുകൾ – 68

പ്രൈമറി ഫാക്ടേർസ്

- മുനിസിപ്പാലിറ്റികൾ – 4
- ബ്ലോക്ക് പഞ്ചായത്തുകൾ – 8

1. ഇലന്തൂർ – 7 പഞ്ചായത്തുകൾ
2. കോയിപ്രം – 6 പഞ്ചായത്തുകൾ
3. കോന്നി – 7 പഞ്ചായത്തുകൾ
4. മല്ലപ്പള്ളി – 7 പഞ്ചായത്തുകൾ
5. പന്തളം – 5 പഞ്ചായത്തുകൾ
6. പറക്കോട് – 7 പഞ്ചായത്തുകൾ

7. പുളിക്കീഴ് – 5 പഞ്ചായത്തുകൾ
8. റാന്നി – 9 പഞ്ചായത്തുകൾ
ഗ്രാമപഞ്ചായത്തുകൾ – 53

- തുടക്കം പഞ്ചായത്ത് മേള
- വിജയികൾക്ക് ബ്ലോക്ക്ലവൽ മത്സരങ്ങൾ
- വിജയികൾ ജില്ലാതല മത്സരങ്ങളിലേക്ക്
- വിജയികൾ സംസ്ഥാനതല മത്സരങ്ങളിലേക്ക്

സ്പോർട്സ് കലണ്ടർ

OUTLOOK TO THE PRESENT CENERIO

D/M	APRIL	MAY	JUNE	JULY	AUG	SEPT	OCT	NOV	DEC	JAN	FEB	MAR	M/D
1		MAYDAY	SCHOOL COLLEGE RE- OPENING		CIVIL SERVICE SPORTS	ONAM	PAN	UNI		HOLI			1
2	MID SUMMER					H	CHAYAT	VERRISTY		DAYS		V-IX	2
3	HOLIDAYS					O	LEVEL	FIRST					3
4						L	CAMP	SEM					4
5	SPORTS HOSTEL					I	5 DAYS	E				EXAM	5
6	SELECTIONS					D		X					6
7						A		A					7
8	FAMILY					Y		M				SSLC	8
9						S		I				&	9
10	SUMMER CAMPS							N				PLUS	10
11								A		DISTRICT	SSLC	TWO	11
12	UNIVERSITY				ONAM			T		CAMP	MODEL	PUBLIC	12
13								I			E	E	13
14	EXAMS				EXAM			O	X`MAS	10 DAYS	X	X	14
15								N	E		A	A	15
16						PAN			X		M	M	16
17						CHAYAT			A		I	I	17
18						LEVEL			M		N	N	18
19						CAMP			I		A	A	19
20								BLOCK	N		T	T	20
21								MUN	A		I	I	21
22								CIPAL	TION	STATE	O	O	22

23						15 DAYS		LEVEL		CAMP	N	N	23
24									X`MAS	GAMES			24
25									H	GAMES			25
26								COMP	O	GAMES			26
27								ETITION	L	6 DAYS		V-IX	27
28								10	I			RE-	28
29								WORKING	D	ATHELE		MAINING	29
30								DAYS	A	TICS		EXAM	30
31									Y	3 DAYS			31
D/M	APRIL	MAY	JUNE	JULY	AUG	SEPT	OCT	NOV	DEC	JAN	FEB	MAR	M/D

യുവജനക്ഷേമം

1.2.2.1 യുവജന ക്ഷേമം നിലവിലുള്ള പദ്ധതികൾ

പദ്ധതികൾ

കലാ കായിക മത്സരങ്ങൾ (കേരളോത്സവം), 2. നീന്തൽ പരിശീലനം, 3. പി.എസ്.സി.പരീക്ഷ പരിശീലനം, 4. യുവ ക്ലബ്ബ് രൂപീകരണം, പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആർട്സ് ആന്റ് സ്പോർട്സ്, 5. സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം, 6. ക്യാമ്പുകൾ, 7. സംരംഭകത്വ വികസന പരിശീലനം, 8. സ്വയം തൊഴിൽ വായ്പ, 9. സ്വയം തൊഴിൽ പരിശീലനം, 10. മയക്കു മരുന്ന് ബോധവൽക്കരണ പ്രവർത്തനം, 11. യുവജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ, (ജൈവ കൃഷി, പാലിയേറ്റീവ് കെയർ, കുളം, നദി, തോട് സംരംക്ഷണം, വർക്ക് ക്യാമ്പ്), 12. ഫുട്ബോൾ, വോളിബോൾ, കബഡി, വടംവലി ടൂർണ്ണമെന്റുകൾ, 13. വ്യക്തിത്വ വികസന ക്യാമ്പ്, 14. അഡ്വഞ്ചർ സ്പോർട്സ്, 15. സ്പോർട്സ് കിറ്റ് നൽകൽ.

യുവജന ക്ഷേമം

യുവജന ക്ഷേമ പ്രവർത്തനങ്ങളിലേറെയും നടത്തുന്നത് യുവജന കൂട്ടായ്മകളായ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളാണ്. ആർട്സ് അന്റ് സ്പോർട്സ് ക്ലബ്ബുകൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക കായിക മേഖലകളിൽ മതേതരത്വം നില നിർത്തുന്നതിനും വലിയ സംഭാവനകൾ നൽകുന്നവയാണ്.

യുവജനങ്ങളുടെ കലാ-കായിക മികവ് തെളിയിക്കുന്നതിനുള്ള കേരളോത്സവങ്ങൾ നടക്കുന്നുണ്ടെങ്കിലും കലാ-കായിക പരിശീലനങ്ങൾക്കുള്ള സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് മുൻസിപ്പൽ തലങ്ങളിൽ നിലവിലില്ല. പണം കൊടുത്ത് പഠിക്കാൻ കഴിയുന്നവർക്ക് മാത്രമായി ഇത്തരം പരിശീലനങ്ങൾ ഒതുങ്ങി പോകുന്നു. ഗ്രാമ മുൻസിപ്പൽ തല കേരളോത്സവത്തിന് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ തമ്മിലുള്ള മത്സരങ്ങളായ് മാറാൻ കഴിഞ്ഞിട്ടില്ല.

ജില്ലയിലെ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ അവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ എ, ബി, സി ഗ്രേഡുകളാക്കി തിരിച്ച് വിവിധ സർക്കാർ ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം ലഭ്യമാക്കും.

ഗ്രാമതല കേരളോത്സവങ്ങൾ ഓണാഘോഷത്തിന്റെ ഭാഗമായിനടത്തും. കേരളോത്സവ മത്സരങ്ങൾ ക്ലബ്ബുകൾ തമ്മിലുള്ള മത്സരമാക്കി മാറ്റുകയും യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും.ഇതിനാവശ്യമായ രീതിയിൽ കേരളോത്സവ സംഘാടക സമിതിയിൽ മാറ്റം വരുത്തണം.

കേരളോത്സവങ്ങൾക്ക് മുന്നോടിയായി ക്ലബ്ബുകൾക്ക് പരിശീലനങ്ങൾക്കായുള്ള സൗകര്യം നൽകും. കേരളോത്സവ വിജയികൾക്ക് പരിശീലത്തിനുള്ള സൗകര്യം ഏർപ്പെടുത്തും.

മദ്യം മയക്കുമരുന്ന് എന്നിവക്കെതിരെയുള്ള ബോധവൽക്കരണം നടത്തണം.

യുവജനകാര്യം

യുവജനങ്ങൾക്കാവശ്യമായ താഴെപറയുന്ന സേവനങ്ങൾ ഗ്രാമതലത്തിൽ നൽകുക.

- തൊഴിൽ – വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം
- സ്കിൽ ഡവലപ്മെന്റ്
- മത്സര പരീക്ഷാ പരിശീലനം
- കൗൺസിലിംഗ്
- വിവാഹ പൂർവ്വ കൗൺസിലിംഗ്
- വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ
- കലാ–കായിക പരിശീലനം
- വിവിധ വകുപ്പുകളുടെ യുവജനക്ഷേമ പദ്ധതികളെ കുറിച്ചുള്ള ഇൻഫർമേഷൻ സെന്റർ
- അപേക്ഷകൾ അയക്കാനും റിസൽട്ട് അറിയാനും വിവരശേഖരത്തിനും ഓൺ ലൈൻ സൗകര്യം
- സ്വയം തൊഴിൽ സംബന്ധിച്ച വിവരങ്ങളും സഹായവും

സാമൂഹ്യ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾക്ക് ഊന്നൽ നൽകുക.

- പാലിയേറ്റീവ് കെയർ
- പൊതു വിദ്യാഭ്യാസ സംരക്ഷണം
- പരിസ്ഥിതി സംരക്ഷണം
- ലഹരി വരുദ്ധ പ്രവർത്തനങ്ങൾ
- ആരോഗ്യ സംരക്ഷണത്തിനും ജീവതശൈലീ രോഗങ്ങൾക്കെതിരെയും യുവജനങ്ങളെ പ്രവർത്തന നിരതരാക്കുന്നതിനായുള്ള പദ്ധതികൾ
- ഗ്രാമീണ കായിക ഇനങ്ങൾ (കിളിത്തട്ട്, കബഡി) തുടങ്ങിയ പ്രചരിപ്പിക്കുക
- ഗ്രാമതലങ്ങളിൽ ടൂർണ്ണമെന്റുകൾ
- കളരിപ്പയറ്റ്, കരാട്ടെ തുടങ്ങിയവയുടെ പ്രോൽസാഹനം
- ശ്രമദാന പ്രവർത്തനങ്ങളുടെ പ്രോൽസാഹനം
- സാഹസിക കായിക ഇനങ്ങളുടെ പ്രോൽസാഹനം
- കായിക മത്സരങ്ങളുടെ പരിശീലനം

യുവക്ഷേമ പ്രവർത്തനങ്ങൽ ശക്തിപ്പെടുത്തുക.

- കേരളോത്സവം ശക്തിപ്പെടുത്തുക.
- ഗ്രാമ തലത്തിൽ കായിക പരിശീലനം നടത്തുക.
- ക്ലബ്ബ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.
- ഒരു പഞ്ചായത്തിൽ രണ്ട് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളെ വീതം ഗ്രേഡ് ആക്കി ഉയർത്തുക.

4.2.5 ധനകാര്യം, സഹകരണം

ധനകാര്യം

ആമുഖം

ജില്ലയുടെ സമഗ്ര സാമ്പത്തിക വികസനമെന്നത് ജില്ലയുടെ മുഴുവൻ കുടുംബങ്ങളുടെയും വരുമാനം വർദ്ധിക്കുന്ന സാഹചര്യത്തിൽ നിന്നും നിഷ്പന്നമാണ്. പ്രായോഗികമായി, ജില്ലയുടെ മൊത്ത വരുമാനം, പ്രത്യുത പാവപ്പെട്ട കുടുംബങ്ങളുടെ വരുമാനം, സാമാന്യമായി വർദ്ധിക്കുക എന്നതാണ്.

മനുഷ്യൻ വരുമാനമുണ്ടാക്കുന്നത് തന്താങ്ങൾക്ക് അനുയോജ്യമെന്നു കരുതുന്ന പ്രവൃത്തികളിലേർപ്പെട്ടാണ്. അലസരും പ്രയത്നോന്മുഖരല്ലാത്തവരും ധാരാളമുണ്ട്. ഇവരിൽ ഉല്പതിഷ്ണുത്വം അങ്കുരിപ്പിച്ച് പ്രവർത്തനോന്മുഖരാക്കുക അല്പ പ്രയത്നത്താൽ സുസാധ്യമാണ്. ഉപരിയായി, ഏവർക്കും സാമ്പത്തിക സാക്ഷരത പ്രദാനം ചെയ്താൽ ഉല്പതിഷണുക്കളും പ്രയത്ന രുചികളുമായവർക്ക് തന്താങ്ങളുടെ ജീവിത സാഹചര്യത്തിൽ നിലവിലുള്ള സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി തങ്ങൾക്കേറ്റവും പ്രയോജനപ്രദമായ പ്രവൃത്തികളെ കണ്ടറിഞ്ഞ് വേണ്ടബാഹ്യ സഹായത്തോടെ അവകളിലേർപ്പെട്ട് വരുമാനം വർദ്ധിപ്പിച്ച് തന്റെയും കുടുംബത്തിന്റെയും സാമ്പത്തിക ശ്രേയസ്സ് വളർത്താൻ കഴിയുമാറാകും.

വികസന പരിപ്രേക്ഷ്യം

ധനവിഭവശേഷിയിൽ ജില്ല സമുന്നത സ്ഥാനത്താണ്. 31.3.2017 ൽ ഷെഡ്യൂൾഡ്/കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ നിക്ഷേപം 39251 കോടി രൂപയായിരിക്കുമ്പോൾ വായ്പയിനത്തിലെ വിനിയോഗം 12953 കോടിയും. മിച്ച വിഭവശേഷിയിൽ ജില്ല രാജ്യത്തുതന്നെ മുൻനിരയിലാണ്. ജില്ലയിൽ ഉപയോഗം കാത്തിരിക്കുന്ന മനുഷ്യ വിഭവശേഷിയും വലുതാണ്. ജില്ലയിലെ ജനസംഖ്യയിലെ ചെറു ന്യൂനപക്ഷമൊഴികെ ബാക്കി ഇടത്തരം വരുമാനക്കാരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമാണ്. സാക്ഷരതയിലും ബുദ്ധിശക്തിയിലും ഇവർക്കു കേമത്തമുണ്ടെങ്കിലും അലസത, മാന്ദ്യം ഇവ രാജ്യത്തെ മറ്റേതിടങ്ങളിലെ ജനതയേയും പോലെ ഇവരെയും ഗ്രസിച്ചിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജനങ്ങളെ പ്രവൃത്യോന്മുഖരാക്കി അവരുടെ സാമ്പത്തിക നില മെച്ചപ്പെടുമാറുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. സാമ്പത്തിക സാക്ഷരതയിലൂടെ ജനങ്ങളിൽ പരിശ്രമ ശീലവും സമ്പാദ്യശീലവും വളർത്തിയും ദുർചെലവുകളും അനാവശ്യ ചെലവുകളും നിയന്ത്രിച്ചും ഉൽക്കർഷേച്ഛ വളർത്തിയും അവരിലെ നൈസർഗ്ഗികമായ സംരംഭകത്വ ആശയം വെളിവാക്കി, മികച്ച സംരംഭകത്വ പരിശീലനം കൊണ്ടു പോഷിപ്പിച്ച് മതിയായ വായ്പകൾ, സമയനിഷ്ഠമായി ഉദാരവ്യവസ്ഥയിൽ ചെറുപലിശയ്ക്കു ലഭ്യമാക്കി, ആദായ സാദ്ധ്യതയുള്ള സംരംഭങ്ങളുടെ സമൃദ്ധി ജില്ലയിലുടനീളം ഉളവാക്കി, ഗുണമേന്മയുള്ള ഉല്പന്നങ്ങളും സേവനങ്ങളും കുറഞ്ഞ ചെലവിൽ ഉൽപ്പാദിപ്പിച്ച് മാത്സര്യ വിലയിൽ ലഭ്യമാക്കി ഉല്പാദകനും ഉപഭോക്താവിനും ഒരു പോലെ സംതൃപ്തിയും സംരംഭക കുടുംബങ്ങൾക്ക് കാമ്യമായ വരുമാനവും സാമ്പത്തിക ശ്രേയസ്സും ഉണ്ടാകുന്നതിനനുരൂപമായി ജില്ലയാകെ പ്രവൃത്തി മുഖരിതവും തന്മൂലം വികസന വിധേയവുമാക്കുക.

ഇപ്പോഴത്തെ അവസ്ഥ

1. ജില്ലയിൽ വേണ്ടത്ര ധനവിഭവമുണ്ട്. ജില്ലയിലെ 538 ബാങ്കു ശാഖകളിലെ 31.3.2017 ലെ നിക്ഷേപം 39,251 കോടി രൂപയാണ്. ഇതിൽ ജില്ലയിലെ വിനിയോഗം 12,953 കോടി രൂപ മാത്രമാണ്. ബാക്കി സംഖ്യകൂടി പ്രയോജനക്ഷമമായ സംരംഭങ്ങളിൽ വിനിയോഗിക്കാൻ സൗകര്യമുണ്ട്.

2. ജില്ലയിലെ ജനത ബുദ്ധിയിലും കർമ്മകുശലതയിലും ഉന്നത ശ്രേണിയിലുള്ളവരാണ്. സംരംഭകത്വത്തിലേക്ക് നയിക്കപ്പെടാൻ സർവ്വഥാ യോഗ്യരാണ്.

3. ജില്ലയിൽ 31.3.2016ന് ഉദ്ദേശം 11,27,412 ജനസംഖ്യയുള്ളതിൽ 40.7% (5,17,100) ദാരിദ്ര്യരേഖയിൽ താഴെയുള്ളവരാണ്. അക്കാരണം കൊണ്ടുതന്നെ അവർ ദുഃഖികളുമാണ്. ഐശ്വര്യ പ്രാപ്തിക്ക് ദുഃഖവും ദാരിദ്ര്യവും പോലെ യോഗ്യനായ ഗുരു വേറെയില്ലന്ന് ഭാരതീയ ചിന്തകൾ സമർത്ഥിക്കുന്നു.

4. എല്ലാ വിഭാഗത്തിലും പ്രയത്നശീലരും സംരംഭകത്വ സംസ്ക്കാരമുള്ളവർ പോലും തങ്ങളുടെ സംരംഭ പരിശ്രമങ്ങളെ സഹായിക്കാൻ ബാങ്ക് വായ്പ ഉദാര വ്യവസ്ഥയിൽ സമയബന്ധിതമായി കിട്ടുന്നില്ലെന്നു വിഷമിക്കുന്നവരാണ്. അതിനാൽ ഇവരും സമൂഹത്തിലെ ഇതരരും നിരുത്സാഹരാണ്.

5. ബാങ്കുകൾ വായ്പ വിതരണത്തിനു സന്നദ്ധരാണ്. ജില്ലയിൽ ആവശ്യാനുസരണം വായ്പ വിതരണം ചെയ്തു കൊള്ളുമെന്ന് ബാങ്കുകളുടെ ഉന്നതാധികാരികൾ ഉറപ്പു പറയുന്നുണ്ട്. ഈ വൈരുദ്ധ്യത്തിന്റെ കാരണം കണ്ടെത്തി ദൂരീകരിച്ചാൽ ഇവിടെ സംരംഭകത്വ സംസ്ക്കാരം തളിർക്കും.

വികസന വിടവ്

ബാങ്കുകൾ വായ്പ നിഷേധിക്കുന്നതിന് ഒന്നിലേറെ കാരണങ്ങളുണ്ട്.

1. വിഭവശേഷിക്കുറവ്, ധനവിഭവം അന്യത്ര കൊടുത്തു തീർത്ത് നിലവിൽ വിഭവമില്ലായ്മ.

2. നിഷ്ക്രിയ ആസ്തി ക്രമാതീതമായി വർദ്ധിച്ച്, ഭാവി വായ്പകളിൽ റിസർബാങ്കിന്റെ കർശന നിയന്ത്രണം.

3. വായ്പ കൊടുത്താൽ തിരികെ കിട്ടുമോ എന്നുള്ള ബാങ്കുദ്യോഗസ്ഥരുടെ വായ്പ പേടി. ഉറച്ച ഈടോടെയല്ലാതെയുള്ളവ കൊടുക്കാതിരുന്നാൽ സുരക്ഷിതമാണെന്ന ഉദ്യോഗസ്ഥരുടെ സമീപനം.

4. ഉറച്ച ബിസിനസ് ആശയം, അതെങ്ങനെ ആദായ സാദ്ധ്യതയോടെ നടപ്പാക്കാമെന്ന ബിസിനസ് പ്ലാനിങ്, മതിയായ ഗൃഹപാഠത്തോടെ സ്വന്തമായി ഒരു പ്രോജക്ട് റിപ്പോർട്ട് രൂപപ്പെടുത്തൽ, തന്താങ്ങൾ നടത്താൻ പോകുന്ന സംരംഭത്തിന്റെ ആദായ സാദ്ധ്യതയെപ്പറ്റി ആത്മവിശ്വാസം, ഗവൺമെന്റിൽ നിന്നും ലഭ്യമാവുന്ന കൈത്താങ്ങിനെപ്പറ്റി അറിവ് ഇവയില്ലാതെ ബാങ്കുകളിൽ നിന്നും വായ്പയ്ക്കു ശ്രമിക്കൽ. വായ്പതരപ്പെട്ടാൽ സംരംഭം പരാജയമായി വായ്പ നിഷ്ക്രിയമാകൽ.

5. ബാങ്കുകൾക്ക് വഹിക്കാവുന്ന നിഷ്ക്രിയ ആസ്തി ആകെ വായ്പയുടെ 2–3% ആണന്നിരിക്കെ ബാങ്കുകൾക്കു പൊതുവെ നിലവിലിത് 10% ന് അടുത്താണ്. ചില ബാങ്കുകൾക്ക് അതിലും വളരെ കൂടുതൽ. പുതുതായി കൊടുക്കുന്ന വായ്പകൾ സക്രിയമായവയാണെന്ന് ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഒപ്പം, ഇപ്പോഴുള്ള നിഷ്ക്രിയാസ്തികൾ എങ്ങനെയും ആവുന്നത്ര വേഗേന വസൂലാക്കേണ്ടിയു മിരിക്കുന്നു.

6. 2005 ൽ ജില്ലയിൽ 256 ഷെഡ്യൂൾഡ് ബാങ്ക് ശാഖകളുണ്ട് സഹകരണ ബാങ്കുകളും ചേർത്ത് ആകെ 415. രജിസ്ട്രേഷനില്ലാത്ത 229 സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും 94 ചിട്ടി സ്ഥാപനങ്ങളും ചേർത്ത് 323 അത്തരം സ്ഥാപനങ്ങൾ. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും അവരുടെ സ്ഥാവര ജംഗമ ആസ്തികളുടെ ഈടിന്മേൽ അമിത പലിശയ്ക്ക് കടം കൊടുക്കുന്നു. മുന്നാലോചനയില്ലാതെ പാവങ്ങൾ കടം കൊള്ളുകയും തിരിച്ചടവിനു വഴി കാണാതെ കടക്കെണിയിലും തുടർന്ന് ഈടുവെച്ച ആസ്തികളും നഷ്ടപ്പെട്ട് കൂടുതൽ ദാരിദ്ര്യത്തിലേക്ക് മൂക്കുകുത്തുന്ന അവസ്ഥ സർവ്വത്ര. പോകപ്പോകെ ഇത്തരം സ്ഥാപനങ്ങൾ, നന്നായി പ്രവർത്തിച്ച് ഐശ്വര്യത്തിലേക്ക് നീങ്ങുന്ന സ്വയം സഹായ സംഘങ്ങളെ പ്രലോഭിപ്പിച്ച് തങ്ങളുടെ വായ്പയുമെടുപ്പിച്ച് അവരെ പുറകോട്ടടിപ്പിക്കുന്നതും കണ്ടുവരുന്നു.

7. ജില്ലയിൽ സംരംഭങ്ങൾ നടത്തുന്നതിനു വേണ്ട വിവിധ അനുമതികൾക്കു കാലതാമസം. ഇതു സംസ്ഥാനത്താകെയുള്ള സ്ഥിതിയാണ്. നീതി അയോഗ് റിപ്പോർട്ടു പ്രകാരം വ്യവസായ

അനുമതികൾക്ക് 214 ദിവസം. ആസാമിനൊപ്പം ഏറ്റവും പിന്നിലാണു സംസ്ഥാനം. ഏതു തരത്തിലുള്ള അനുമതിക്കും അനാവശ്യകാലതാമസവും ദുർചെലവുകളും വേണ്ടി വരുന്നത് ഭീദിതമാണ്.

ഈ വികസന വിടവുകൾ പരിഹരിച്ച് ജില്ലയുടെ സാമ്പത്തിക വികസന ലക്ഷ്യപ്രാപ്തിയ്ക്ക് നിർദ്ദേശങ്ങൾ ക്രമത്തിൽ ചുവടെ:

1.&2. നിയന്ത്രിച്ചാണെങ്കിലും കൊടുത്തു കൊണ്ടിരിക്കും. പത്തനംതിട്ട ജില്ലയിൽ വിഭവ ദാരിദ്ര്യവും നിഷ്ക്രിയ ആസ്തിപ്പെരുപ്പവും കാരണം ചില ബാങ്കുകൾക്കു വായ്പ വിതരണം നിയന്ത്രിക്കപ്പെടാറുണ്ടെങ്കിലും ബാങ്കുകളുടെ പ്രധാന പ്രവൃത്തി വായ്പ കൊടുക്കലും തിരിച്ചു വാങ്ങലുമായതുകൊണ്ട് അവരും വായ്പകൾ വിവിധ ബാങ്കുകളുടെ ശാഖകൾ ഇതര ജില്ലകളെയപേക്ഷിച്ചു കൂടുതലാണ്. ഒരു ബാങ്കിൽ നിയന്ത്രണമുള്ളപ്പോൾ മറ്റൊരു ബാങ്കിൽ നിന്നും വായ്പ നേടാൻ കഴിയും. കൂടാതെ ജില്ലയിലെ വായ്പാനുപാതം വല്ലാതെ താഴ്ന്ന് 33% ആയിരിക്കുന്നതിനെ കൂടുതൽ വായ്പ കൊടുത്തുയർത്തി 60% ലെത്തിക്കാനുള്ള പരിശ്രമത്തിലാണു ബാങ്കുകൾ. അതുകൊണ്ടു ജില്ലയെ നിയന്ത്രണത്തിൽ നിന്നും വിടുവിക്കാൻ കഴിയും. അതിനുള്ള അനുശാസനത്തിനായി ബാങ്കുകളുടെ ഉന്നത ഓഫീസുകളിലും റിസർവ് ബാങ്കിലും ബന്ധപ്പെടണം.

ആദായ സാദ്ധ്യത നിർണ്ണയിച്ചു വേണം ബാങ്കുകൾ വായ്പാ അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടത്. ഇത് പലകുറി റിസർവ് ബാങ്ക് ബാങ്കുകളെ ഓർമ്മപ്പെടുത്തിക്കൊണ്ടുമിരിക്കുന്നുണ്ട്. ആദായ സാദ്ധ്യതയെന്നാൽ, സംരംഭത്തിൽ നിന്നു ലഭിക്കുമെന്നു നിർണ്ണയിക്കപ്പെടുന്ന വരുമാനം കൊണ്ട് അതിന്റെ നടത്തിപ്പു ചെലവും സംരംഭകന്റെ കുടുംബാവശ്യങ്ങളും നിറവേറ്റി പലിശയും മുതലുമടക്കം ബാങ്കിനു ചെല്ലേ വാർഷിക ഇൻസ്റ്റാൾമെന്റുകൾ സ്വസ്ഥമായി അടഞ്ഞു മാറുമെന്നുള്ള കണക്കുകൂട്ടൽ. ഇതിനു വേണ്ട പ്രാഗത്ഭ്യം ബാങ്കുകൾക്കു കൈവന്നിട്ടുണ്ടെന്ന് റിസർവ്ബാങ്ക് 1990 കളിൽ തന്നെ നിർണ്ണയിച്ചിട്ടുണ്ട്. ബാങ്കുകൾക്കുള്ള ഈ പ്രാഗത്ഭ്യം, മാറി മാറി വരുന്ന ഉദ്യോഗസ്ഥർക്കു കരഗതമാകുന്നുവെന്നുറപ്പാക്കേണ്ട ഉത്തരവാദിത്വം അതതു ബാങ്കുകൾക്കാണ്, പരിശീലനവും മനോനില രൂപപ്പെടുത്തലും വഴി. 10 ലക്ഷം രൂപ വരെയുള്ള വ്യവസായ വായ്പകൾക്ക് മേലീടുകളോ പുറം ജാമ്യമോ പാടില്ലന്ന് ദശാബ്ദങ്ങൾക്കു മുമ്പേ റിസർവ് ബാങ്കിന്റെ അനുശാസനമുണ്ട്. അതുപോലെ മറ്റുതരം വായ്പകൾക്കും തരാതരമായി വ്യവസ്ഥയുണ്ട്. ആദായ സാദ്ധ്യതയുണ്ടെങ്കിൽ തിരിച്ചടവിനു കഴിവും ഐശ്വര്യവും, അതില്ലെങ്കിൽ മറ്റെന്തുങ്കെിലും സാമ്പത്തിക പരാധീനതയും ഫലം.

ഈ അടിസ്ഥാനത്തിൽ ബാങ്കുദ്യോഗസ്ഥർക്ക് വായ്പ നിർണ്ണയത്തിലും വായ്പ നിർവ്വഹണത്തിലും തുടർച്ചയായി പരിശീലനം നടത്തപ്പെടുന്നതിനു ബാങ്കുകളുടെ മേൽ സമ്മർദ്ദമുണ്ടാക്കണം. മറുവശത്ത് ഇവിടുത്തെ കഴിവുള്ള പ്രതിഭകൾക്ക് (ഈ രാജ്യം പ്രതിഭാ സമൃദ്ധമാണ്) ഗുണമേന്മയുള്ള ഉല്പന്നങ്ങളും സേവനങ്ങളും കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കാനുള്ള നിർലോഭമായ സൗകര്യം ഒരുക്കുന്നതിലൂടെയാണു രാജ്യ പുരോഗതി സംഭവിക്കുക എന്ന ബോധം പരിശീലനത്തിലൂടെയും കൂടികാഴ്ചകളിലൂടെയും ഉദ്യോഗസ്ഥരെ അവബോധപ്പെടുത്തണം ബാങ്കുകൾ.

ഇത്തരത്തിലുള്ള പല അനുശാസനങ്ങളും ഓരോ ബാങ്കും വിവിധ കാലയളവിൽ ഉദ്യോഗസ്ഥർക്കു സർക്കുലറുകൾ വഴി നൽകിയിട്ടുമുണ്ട്. അവയിൽ പ്രസക്തമായവ ഉദ്യോഗസ്ഥർക്ക് പുനഃപ്രേഷണത്തിനു ബാങ്കുകളെ പ്രേരിപ്പിക്കണം. കൂടാതെ, ബാങ്കിന്റെ നിലവിലെ വായ്പ നിർണ്ണയ അനുശാസനങ്ങൾ അനുസരിച്ച് പാസ്സാക്കുന്ന വായ്പകളിൽ സംഭവ്യമായ നഷ്ടത്തിന് ഉദ്യോഗസ്ഥരിൽ പഴിയുണ്ടാകില്ലന്ന വ്യവസ്ഥയും വെളിവാക്കി ഇത്തരത്തിലുള്ള വായ്പകളിൽ സമയബന്ധിതമായി തീരുമാനമെടുക്കാനുള്ള മനോനില വ്യതിയാനം ഉദ്യോഗസ്ഥരിൽ വളർത്താൻ ബാങ്കുകളെ പ്രചോദിപ്പിക്കണം.

തന്റെ സംരംഭം പരാജയപ്പെടുമെന്ന ധാരണയിലല്ല സംരംഭകൻ പരിശ്രമിക്കുന്നത്. മതിയായ യോഗ്യത, കർമ്മകുശലത, സാമ്പത്തിക സാക്ഷരത, സർക്കാരേർപ്പെടുത്തിയിരിക്കുന്ന കൈത്താങ്ങുകൾ, അവശ്യം വേണ്ട പരിശീലനം, മതിയായ ഗൃഹപാഠം ഇവയുടെ പിൻബലത്തോടെയുള്ള സംരംഭങ്ങൾക്ക് സാധാരണ ബിസിനസ് ചേതസാദ്ധ്യത മാത്രമേയുള്ളു. ഈ വകുപ്പുകളിൽ വേണ്ടത്ര അവബോധം ഏതൊരാൾക്കും ലഭ്യമാക്കുന്നതിലേക്ക് ബ്ലോക്കുകൾ തോറും റിസർവ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ

സാമ്പത്തിക സാക്ഷരത കേന്ദ്രങ്ങൾ ഒരു സാമ്പത്തിക സാക്ഷരത വിദഗ്ദ്ധൻ കൗൺസിലറായി പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം പ്രദാനം ചെയ്യുന്നതിലേക്ക് സാമ്പത്തിക സാക്ഷരത കേന്ദ്രങ്ങൾ പ്രവർത്തനത്തെ ഏകോപിപ്പിക്കണം.

ദീർഘകാലാടിസ്ഥാനത്തിൽ, ചെറിയ കുട്ടികളെയുൾപ്പെടെ വിഭവങ്ങളുടെ ദുരുപയോഗം, അനാവശ്യ ഉപയോഗം, ഇവയുടെ ദൂഷ്യഫലങ്ങൾ ബോധപ്പെടുത്തി വിഭവ സമ്പാദ്യ ശീലരാക്കുക, വിവേചിച്ചു ചെലവാക്കാനുള്ള കഴിവും മനോഭാവവും വളർത്തുക, ജീവിതത്തിൽ സാമ്പത്തിക അച്ചടക്കം നേടുന്നതിന് സാമ്പത്തിക ആസൂത്രണം പരിശീലിപ്പിക്കുക, ഉത്തരവാദിത്വബോധത്തോടെ വായ്പ കൊള്ളുക, അത് ന്യായമായ ചെലവിൽ ലഭ്യമാക്കുന്ന റിസർവ് ബാങ്കിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നു മാത്രം കൊള്ളുക ഇത്യാദി വിഷയങ്ങളിലാണ് സാമ്പത്തിക സാക്ഷരത.

3. സാമ്പത്തിക സാക്ഷരത പരിശ്രമങ്ങൾ മറ്റു രാജ്യങ്ങളിലും നല്ല വിജയം കണ്ട അനുഭവത്തിന്റെ വെളിച്ചത്തിൽ ഇപ്പോൾ രാജ്യമാകെ വ്യാപിക്കുന്ന സാമ്പത്തിക സാക്ഷരത അവബോധവൽക്കരണത്തിന് കേന്ദ്ര ഗവൺമെന്റ് പദ്ധതിയിട്ടു നടപ്പാക്കി വരുന്നു. ദേശീയതലത്തിൽ അതിനു പരിശീലനം നടന്നു വരുന്നു. പത്തനംതിട്ടയുൾപ്പെടെ കേരളത്തിലെ തെരഞ്ഞെടുത്ത 13 ജില്ലകളിലെ 4 വീതം പരിശീലക പരിശീലനകർക്കു പരിശീലനം കിട്ടിക്കഴിഞ്ഞു. ഇവർ ഇനി ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള എല്ലാ സ്വയം സഹായ സംഘാംഗങ്ങൾക്കു പരിശീലനം നൽകേണ്ട പരിശീലകർക്കു പരിശീലനം നൽകി, തൽശേഷം BPL സംഘാംഗങ്ങളെയും പ്രശിക്ഷിതരാക്കുന്നതാണു പദ്ധതി. കുടുംബത്തിന്റെ സാമ്പത്തികാ സൂത്രണം, ബുദ്ധിപൂർവ്വം ചെലവിടൽ, സമ്പാദ്യ മികവ്, സാമ്പത്തിക സുരക്ഷ ഇൻഷ്വറൻസുകളും പെൻഷനും, പക്വമായി വായ്പ കൊള്ളൽ ഇവയിലാണു പരിശീലനം.

4. സമ്പാദ്യം ശീലമായാൽ ബുദ്ധിതീഷ്ണമാകുകയും പുരോഗമനോന്മുഖമായ വൃത്തികളോടാഭിമുഖ്യം, നാശോന്മുഖമായവയോടു വൈമുഖ്യം, കുട്ടികൾക്കു പഠനത്തിലുൾപ്പെടെയുള്ള ജീവിത വ്യാപാരങ്ങളിൽ ബുദ്ധി തീഷ്ണത, നല്ല നല്ല ബിസിനസ് ആശയങ്ങൾ രൂപപ്പെട്ടുവരൽ ഇവയൊക്കെ പാർശ്വനേട്ടങ്ങളാണ്. അങ്ങനെ, സാമ്പത്തിക സാക്ഷരത അവബോധത്തിനു ക്രമാനുഗതമായി ഗുണമേന്മയുള്ള സമൂഹവും അവരിൽ നിന്ന് ഉറപ്പുള്ള സംരംഭകത്വ ആശയങ്ങളും ഉല്പന്നമാകും. അതിനെ ബിസിനസ് പ്ലാനിങ് എന്ന ചിന്താ വൃത്തിയിലൂടെ പരിപോഷിപ്പിച്ച് ആദായ സാദ്ധ്യതയുണ്ടെന്നു കാണുന്നതിന്റെ പ്രോജക്ട് റിപ്പോർട്ട് സ്വയം തയാറാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശം സാമ്പത്തിക സാക്ഷരത കേന്ദ്രം, വ്യവസായ വികസന ആഫീസർമാർ, MSMETI പോലുള്ള പരിശീലന സ്ഥാപനങ്ങൾ ഇവയിൽ നിന്നും ലഭ്യമാവും. അത്രയും ഗൃഹപാഠാനന്തരം ആദായ സാദ്ധ്യതയിൽ ആത്മവിശ്വാസം ജാതമാകുന്ന സംരംഭകന് അത് വായ്പക്കപേക്ഷിക്കുന്ന ബാങ്കിനെ സമർത്ഥിക്കാനുമാകും. സംരംഭത്തിന്റെ ആദായ സാദ്ധ്യതയെ സംബന്ധിച്ചു ബാങ്കിനും സംരംഭകനും ഐക്യ ധാരണയായാൽ ബാങ്കിന്റെ നിബന്ധനപ്രകാരം വായ്പാപേക്ഷ വിശകലനം ചെയ്തു തീർപ്പാക്കി, പാസാക്കുന്ന അപേക്ഷകളുടെ മുഴുവൻ നിബന്ധനകളും ഉൾക്കൊള്ളിച്ചുള്ള വായാപാ അനുമതിപത്രം സമയബന്ധിതമായി നൽകാൻ കഴിയും. അതിന്റെ ബലത്തിൽ അപേക്ഷകന് തന്റെ സംരംഭം നിശ്ചിത രൂപത്തിൽ നടപ്പാക്കാൻ കഴിയും. പ്രശ്നങ്ങളില്ല, ബുദ്ധിമുട്ടില്ല, കാലതാമസമില്ല, ബാങ്കിൽ കയറിയിറങ്ങി സമയം വ്യർത്ഥമാക്കേണ്ടി വരില്ല. ഈ സംരംഭകന്റെ സംതൃപ്തി സമൂഹത്തിൽ തനിയെ പകർന്ന് മറ്റുള്ളവർക്ക് സംരംഭകത്വാഭിമുഖ്യവും നവമായ സംരംഭകത്വ സംസ്ക്കാരവും സംജാതമാകും.

അങ്ങനെ സാമ്പത്തിക സാക്ഷരതാ അവബോധം വിവിധങ്ങളായ ബാങ്കിങ്ങ് ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യകത വർദ്ധിപ്പിക്കും. അചിരേണ സമൂഹം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ വരുതിയിൽ നിന്നു മുക്തമായി ജനശ്രേയസ്സിനു കൈത്താങ്ങായി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കുകളുമായുള്ള ഇടപാടുകളിൽ അഭിരമിച്ച് ഉല്കർഷമുണ്ടാക്കും.

തൊട്ടുമേലെ നാലാമനുഛേദത്തിൽ പ്രസ്താവിച്ച രീതിയിൽ അവധാനതയോടെ ബാങ്കുകൾ വായ്പാപേക്ഷകൾ കൈകാര്യം ചെയ്യുകയും മേൽഖണ്ഡികയിൽ പ്രസ്താവിച്ച പടി ജനത സാമ്പത്തിക സാക്ഷരത അവബോധം കൊണ്ടു നേടിയ 'ഉത്തരവാദിത്വബോധത്തോടെ വായ്പ കൊള്ളുക' ഇവ വഴി പുതുതായി നല്കുന്ന വായ്പകൾ നിഷ്ക്രിയാസ്തിയാകാനുള്ള സാദ്ധ്യതയില്ല തന്നെ. ഉണ്ടെ

ങ്കിൽത്തന്നെ വിരളമായിരിക്കും. സംരംഭകൻ, ലഭിച്ച വായ്പകൾ വായ്പാ അനുമതി പത്രപ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്നു ബാങ്കുകൾ മേൽനോട്ടം (Oversee) നടത്തുകയും എന്തെങ്കിലും പരിക്ഷീണത വന്നാൽ സംരംഭകന്റെ കൂടെയുണ്ടെന്ന പ്രതീതി (handholding support), ബാങ്കിന്റെ നിർദ്ദേശങ്ങൾക്കു വിധേയമായി, ഉളവാക്കി ആ അവസ്ഥയെ ത്രാണനം ചെയ്യാൻ സഹായിക്കണം. സംരംഭകർക്കു കർമ്മകുശലത ഉറപ്പാക്കുന്നതിന് സർക്കാരിന്റെ നിർദ്ദേശാനുസരണം ഉപലബ്ധമാക്കുന്ന വിവിധതരം പരിശീലനങ്ങളെപ്പറ്റിയുള്ള കൈപുസ്തകങ്ങളുണ്ടാക്കി പ്രചരിപ്പിക്കേണ്ടതും ആവശ്യം തന്നെ.

5. മേലെ നാലാമനുച്ഛേദത്തിൽ പ്രസ്താവിച്ച പ്രകാരം ഭാവിയിൽ നല്കപ്പെടുന്ന വായ്പകൾ സക്രിയാസ്തികളായി തുടരുന്ന അവസ്ഥയിലും പഴയ നിഷ്ക്രിയാസ്തികളിൽ കഴിയുന്നത്ര നിലവിലെ സംവിധാനങ്ങളിലൂടെ പിരിച്ചെടുത്തും പുതുതായി നിഷ്ക്രിയമായേക്കാവുന്ന ചുരുക്കം വായ്പകളും താമസംവിന പിരിച്ചെടുത്തും നിഷ്ക്രിയാസ്തികളുടെ പെരുപ്പം കുറച്ചു കൊണ്ടുവരേണ്ടതാണ്. നമ്മുടെ ജില്ലയിൽ താരതമ്യേന ചെറുചെറു വായ്പകൾക്കാണു സാദ്ധ്യത. 10 ലക്ഷം രൂപാ വരെയുള്ള എല്ലാ മുൻഗണനാ വിഭാഗ വായ്പകളും ഇപ്പോൾ 'മുദ്ര' സ്കീമിൽ കൊടുക്കാൻ സാധിക്കുക വഴി അവയിലെ നിഷ്ക്രിയാസ്തികൾക്ക് നിശ്ചിത ശതമാനം വരെ വായ്പ ഇൻഷ്വറൻസിൽ നിന്നും ബാങ്കുകൾക്ക് ലഭ്യമാവുന്നത് വാങ്ങിയെടുക്കണം. കൂടാതെ ഒരു കോടി രൂപ വരെയുള്ള സ്റ്റാൻഡ് അപ് ഇൻഡ്യാ സ്കീമിലുള്ള വായ്പകൾക്കും 200 ലക്ഷം രൂപ വരെയുള്ള വ്യവസായ വായ്പകൾക്കും ഇത്തരം വായ്പ ഇൻഷ്വറൻസ് സുലഭമാണ്. ബാങ്കുകൾ ഇവയെല്ലാം തങ്ങളുടെ വായ്പ സുരക്ഷയ്ക്കായി പ്രയോജനപ്പെടുത്തി വായ്പാ നഷ്ടം ഒഴിവാക്കുകയോ കുറയ്ക്കുകയോ വേണം.

6. NBFC കളുടെ ദൂഷണ പ്രവണതകൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. ഇതിന് പൊതുജന ബോധവൽക്കരണം തന്നെയാണു ഫലപ്രദമായ പോംവഴി. റിസർവ് ബാങ്കിന്റെ NBFC വിഭാഗം ജില്ലയിൽ ചില ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുമുണ്ട്. റിസർവ് ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള നിലവിലെ സാമ്പത്തിക സാക്ഷരത കേന്ദ്രം വഴിയുള്ള ബോധവൽക്കരണ ശ്രമങ്ങൾ ഊർജ്ജിതമാക്കുക, നടപ്പാക്കാനിരിക്കുന്ന സ്വാശ്രയ സംഘാംഗങ്ങൾക്കു വേണ്ടിയുള്ള സാമ്പത്തിക സാക്ഷരത ക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിക്കുക. സ്വാശ്രയ ഗ്രൂപ്പുകൾ സംഘടിപ്പിക്കയും അവയുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്തു കൊണ്ടിരിക്കുന്ന കുടുംബശ്രീ, മൈക്രോഫൈനാൻസ് തങ്ങളുടെ നിയന്ത്രണത്തിലുള്ള സംഘാംഗങ്ങൾ ഒന്നിലേറെയിടത്തു നിന്നും കടം കൊള്ളൽ നടത്തുന്നതിനെതിരെ ഇടപെടുകയും ബോധവൽക്കരിക്കുകയും ചെയ്യുക, റിസർവ് ബാങ്കിനോട് സ്വാശ്രയ ഗ്രൂപ്പുകൾ ഒന്നിലേറെയിടത്തു നിന്നും കടം കൊള്ളൽ ദുഷ്പ്രവണ ഒഴിവാക്കാൻ നിർദ്ദേശം നല്കാനാവശ്യപ്പെടുക, റിസർവ് ബാങ്കിന്റെ പൊതുജനബോധവൽക്കരണ പരിപാടി കൂടുതലായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ തുടരാൻ ആവശ്യപ്പെടുക എന്നിവയാണ്.

7. ഓരോതരം സംരംഭങ്ങൾക്കാവശ്യമായ അനുമതികളേതെന്ന വിവരം എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, താലൂക്ക്, കളക്ട്രേറ്റ് എന്നിവിടങ്ങളിൽ നിന്നും ആദ്യ സന്ദർഭത്തിൽ പൊതുജനത്തിനു ലഭ്യമാവണം. അതുപ്രകാരമുള്ള അപേക്ഷകളിൽ ഓരോ അനുമതിയും ലഭ്യമാവുന്നതിനു കാലതാമസം വരികയില്ല.

നിർദ്ദേശങ്ങൾ – ദീർഘകാലാടിസ്ഥാനത്തിൽ

1. ജില്ലയിലെ ബാങ്കുശാഖകൾ ആദായ സാദ്ധ്യതയുള്ള എല്ലാ ജീവനോപായ വായ്പാപേക്ഷകളും, ജില്ലയുടെ വായ്പാനുപാതം ഉയർത്തേണ്ടതിന്റെ ആവശ്യം പരിഗണിച്ച് വായ്പാ നിയന്ത്രണമില്ലാതെ പരിഗണിക്കണമെന്ന നിർദ്ദേശം ബാങ്കുകൾ ശാഖകൾക്കു നല്കുക.

2. ബാങ്കു ശാഖകളിലെ വായ്പാ ഉദ്യോഗസ്ഥർക്കെല്ലാം അതതു ബാങ്കുകൾ നല്കുന്ന തുടർ പരിശീലനങ്ങളിൽ വായ്പ നിർണ്ണയത്തിനുന്നൽ നൽകി പരിശീലന ഷെഡ്യൂൾ നിശ്ചയിക്കാൻ ബാങ്കുകളോടാവശ്യപ്പെടണം. തുടർന്ന് നിഷ്ക്രിയ ആസ്തികാര്യ കർത്തൃത്വത്തിനുന്നൽ നൽകിയുള്ള വായ്പാ നിർവ്വഹണ പരിശീലന പദ്ധതികളും നടത്തണം. ഇതിന് ബാങ്ക് ഉന്നത തലങ്ങളിൽ ഇടപെടണം.

3. ജില്ലയിലെ മുഴുവൻ വ്യക്തികൾക്കും സാമ്പത്തിക സാക്ഷരതാവബോധം സൃഷ്ടിക്കേതിലേയ്ക്ക് റിസർവ് ബാങ്കിന്റെ മേൽനോട്ടത്തിൽ ബ്ലോക്കുകൾ തോറും പ്രവർത്തിക്കേണ്ട സാമ്പത്തിക സാക്ഷരത കേന്ദ്രങ്ങൾ നിശ്ചിത മികവോടെ പ്രവർത്തിക്കുന്നെന്ന് റിസർവ് ബാങ്ക് ഉറപ്പാക്കണം. ഇപ്പോൾ പല ബ്ലോക്കുകളിലും കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല. പ്രവൃത്തിക്കുന്നവയിൽ പലതും നിശ്ചിത യോഗ്യതയും മനോനിലയുമുള്ള സാമ്പത്തിക കാര്യവിദഗ്ധരല്ല നടത്തപ്പെടുന്നത്. ഈ ദൗർബ്ബല്യങ്ങൾ പരിഹരിച്ച് അവ ലക്ഷ്യപ്രാപ്തിക്കു സജ്ജമാണെന്ന് റിസർവ് ബാങ്ക് ഉറപ്പാക്കുകയും നിശ്ചിത ഇടവേളകളിൽ FLC ശില്പശാലകൾ സംഘടിപ്പിച്ച് പ്രവർത്തനാവലോകനവും അഭിന്നമായ പുതുമാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കി FLC പ്രവർത്തനം ലക്ഷ്യവേധിയാക്കി നിലനിർത്തണം.

4. സംരംഭപ്രത്യാശികൾക്ക് സംരംഭങ്ങളുടെ ഗുണപരമായ നിർവ്വഹണത്തിന് പരിശീലന വിടവ് ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതിലേയ്ക്ക് ഇപ്പോൾതന്നെ RSETI, വ്യവസായ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, ക്ഷീരവികസന വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, ആദിയായ സ്ഥാപനങ്ങൾ പരിശ്രമിച്ചു വരുന്നു. നൈപുണ്യ വികസന പരിശീലനത്തിനുതകുന്ന ITI, പോളിടെക്നിക്കുകൾ, നന്നായി നടന്നു പോരുന്ന സംരംഭങ്ങൾ ഇവയൊക്കെയുണ്ട് ഇവിടങ്ങളിൽ നിന്നു പരിശീലനം നേടുന്നതിനൊരു സമഗ്രമായ രൂപരേഖ തയാറാക്കി പൊതുജന സമക്ഷം വയ്ക്കുന്നതിനു നടപടി സ്വീകരിക്കണം. സംസ്ഥാന തലത്തിൽ ഇതിനു രൂപരേഖ ഉണ്ടാക്കുന്നതിന് വ്യവസായ വകുപ്പിനെ ഭരമേൽപ്പിക്കണം.

5. രാജ്യത്ത് സംരംഭക സംസ്ക്കാരം വളരേണ്ടതിന്, സംരംഭകർക്കു മികച്ച ആവശ്യാധിഷ്ടിത പരിശീലനം ലഭ്യമാക്കുന്നതിലേക്ക് ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ അതിന്റെ പ്രവർത്തനം ഊർജ്ജിതമായി വ്യാപിപ്പിച്ചു വരുന്നു. അതിന്റെ പ്രവർത്തനം ജില്ലയിൽ കാര്യമാത്രമായി ഒരുക്കുന്നതിന് ഇടപെടൽ.

നിർദ്ദേശങ്ങൾ – ഹ്രസ്വകാല സംബന്ധം

1. ജീവനോപായ വായ്പാന്വേഷികളെയെല്ലാം ശാഖകൾ അഭിമുഖം നടത്തി തല്പരർ എന്നു തോന്നുവർക്കെല്ലാം അപേക്ഷ കൊടുക്കുക. കാര്യവിവര വിടവ് ഉണ്ടന്നു കരുതുന്നവരെ സാമ്പത്തിക സാക്ഷരത കേന്ദ്രത്തിലേക്കയയ്ക്കുക. അപേക്ഷാർത്ഥിക്ക് കൂടെ സമർപ്പിക്കേണ്ടത് എന്തൊക്കെയാണെന്ന് സൂചന നല്കുക. തിരികെ കിട്ടുന്ന അപേക്ഷകൾ പൂർണ്ണമെന്നു പരിശോധിച്ചുറപ്പാക്കുക. അപേക്ഷ സ്വീകരിക്കുമ്പോൾ എന്നത്തേക്കു തീർപ്പാക്കുമെന്നു രേഖപ്പെടുത്തി അതിന് നിർദ്ദേശം കൊടുക്കുക.

2. മുൻഗണനാ വിഭാഗ വായ്പാപേക്ഷയിന്മേൽ ശാഖകൾ തീരുമാനമെടുത്തറിയിക്കാൻ റിസർവ് ബാങ്കനുശാസിക്കുന്ന കാലപരിധി 5 ലക്ഷം രൂപ 2 ആഴ്ചയും, 25 ലക്ഷം രൂപ 3 ആഴ്ചയും, അതിന്മേലുള്ള വായ്പയ്ക്ക് 6 ആഴ്ചയുമാണെന്ന് എല്ലാ ബാങ്കു ശാഖകളിലും പ്രദർശിപ്പിക്കാൻ ബ്രാഞ്ചുകൾക്ക് നിർദ്ദേശം കൊടുക്കാനിടപെടുക. ഇത് റിസർവ് ബാങ്ക്, പരിശോധനയിലൂടെ ഉറപ്പാക്കുക.

3. ജീവനോപായ വായ്പകൾ 5 ലക്ഷം രൂപ വരെയുള്ളതു പാസ്സാക്കാനുള്ള അധികാരം എല്ലാ ശാഖാ മാനേജർമാർക്കും അനുവദിക്കുന്നതിനു ബാങ്കുകളിൽ ഇടപെടൽ നടത്തുക.

4. വിവിധ വായ്പകൾക്കു റിസർവ് ബാങ്കനുശാസനപ്രകാരം ബാങ്കുകൾ അംഗീകരിച്ചു തങ്ങളുടെ ശാഖകളോടു നിർദ്ദേശിച്ചുള്ള മാർജിൻ/ഈടുവ്യവസ്ഥകൾക്കു വിരുദ്ധമായവ, ശാഖകൾ വായ്പാന്വേഷികളോടു നിർദ്ദേശിച്ചു വരുന്നുണ്ട്. അപ്രകാരം കാലാകാലങ്ങളിൽ ശാഖകളെ തെര്യപ്പെടുത്തിയിരിക്കുന്ന ബാങ്കിന്റെ നിബന്ധനകളിൽ ജീവനോപായ വായ്പയ്ക്കുള്ളവയെ ക്രോഡീകരിച്ചു ശാഖകളിൽ പുനഃപ്രേഷണം ചെയ്യാൻ ഇടപെടുക.

5. ബാങ്കുകളുടെ വായ്പ അനുമതിപത്രം വായ്പയുടെയും സംരംഭത്തിന്റെയും സുരക്ഷാ സംബന്ധമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ്. ഇത് കിട്ടി ബോധിക്കുക വഴി നിബന്ധനകൾ തനിക്കു പാലിക്കാനാവുന്നതാണന്നു സംരംഭകനു മനസ്സിലാവുകയും പ്രശ്ന നിബന്ധനകളെന്നു നിർണ്ണയിക്കുന്നവയെ കാര്യകാരണബദ്ധമായി, ബാങ്കിനെ സമീപിച്ച് വായ്പ എടുത്തു തുടങ്ങുന്നതിനു മുമ്പുതന്നെ മാറ്റങ്ങൾ വരുത്തി വാങ്ങേണ്ടതുമാണ്. വായ്പാനുമതി ഇപ്രകാരം വായ്പക്കാരനെ അറിയുക്കകയും അതിന്റെ കോപ്പി അപേക്ഷകന്റെ കൈയൊപ്പോടുകൂടി രേഖകളിൽ സൂക്ഷിക്കയും വേണമെന്ന നിർദ്ദേശം നടപ്പാവുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കണം. അനുമതി പത്രത്തിന്റെ പകർപ്പ് വായ്പക്കാരനു കൊടുക്കണമെന്നു ശാഖകളോടു കർശനമായി അനുശാസിക്കാൻ ബാങ്കുകളിന്മേൽ ഇടപെടൽ ഉണ്ടാകണം.

6. ബാങ്കുകൾ തങ്ങളുടെ വായ്പ നിർണ്ണയ സങ്കേതം (Credit appraisal technique) ഉദ്യോഗസ്ഥരെ പഠിപ്പിച്ച് ആ സമ്പ്രദായത്തിൽ വിജ്ഞരാക്കിയാണ് വായ്പാ ഉദ്യോഗസ്ഥരും മാനേജരുമായി നിശ്ചയിക്കാറ്. അതനുവർത്തിച്ച് ഉത്തമ ബോധ്യത്തോടെ കാര്യകാരണസഹിതം തയ്യാറാക്കുന്ന വായ്പാനിർണ്ണയ/അനുവാദകുറിപ്പിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന വായ്പയിൽ വന്നേക്കാവുന്ന നഷ്ടത്തിനു ഉദ്യോഗസ്ഥർക്കു പഴി വരില്ലെന്നുറപ്പും, ഈ നിയമേന വായ്പകളനുവദിക്കാനുള്ള പ്രേരണയും ബാങ്കുകളുടെ ഉന്നതാധികാരികൾ മാനേജേഴ്സ് മീറ്റിംഗുകളിലും മറ്റും നൽകണം.

7. ഏതു സംരംഭത്തിന്റെയും വിജയസാദ്ധ്യത നിർണ്ണയിക്കുന്നതിന് നല്ല ഗൃഹപാഠത്തോടെ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ പ്രധാന സഹായിയാണ്. തുച്ഛമായതൊഴികെയുള്ള ഏതു സംരംഭ വായ്പയ്ക്കും ബാങ്കുകൾ പ്രോജക്ട് റിപ്പോർട്ടാവശ്യപ്പെടും. ഇവ തയ്യാറാക്കി കൊടുക്കാൻ സ്ഥാപനങ്ങളുമുണ്ട് ചെലവേറുമെന്നു മാത്രം. നല്ല ഗൃഹപാഠം ചെയ്ത സംരംഭകന് ഒരു മാർഗ്ഗനിർദ്ദേശം ലഭിച്ചാൽ പ്രോജക്ട് റിപ്പോർട്ട് സ്വയം തയ്യാറാക്കാൻ കഴിയും. മാർഗ്ഗ നിർദ്ദേശത്തിന് വെബ്സൈറ്റുകളിൽ വിവിധ തരത്തിലുള്ള പ്രോജക്ട് റിപ്പോർട്ടുകൾ സർക്കാർ തയ്യാറാക്കി ചേർത്തിട്ടുണ്ട് FLC ഉൾപ്പെടെയുള്ള പല സർക്കാർ സംവിധാനങ്ങളും സംരംഭകനു മാർഗ്ഗനിർദ്ദേശം നല്കുന്നുണ്ട് ഇപ്രകാരം അപേക്ഷകൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ പല ശാഖകളും നിരാകരിച്ച് അവരെ വൃഥാ വ്യയത്തിനിടയാക്കുന്നു. അപേക്ഷകൻ സ്വയം തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ – അല്പമാത്ര കുറവുകളുണ്ടെങ്കിലും – പ്രാമുഖ്യം കൊടുത്തു സ്വീകരിക്കണമെന്നു ബാങ്കുകൾ തന്താങ്ങളുടെ ശാഖകൾക്കു നിർദ്ദേശം നല്കണം.

8. ജില്ലയിൽ പൊതുവെ ചെറുസംരംഭങ്ങൾക്കും ചെറുവായ്പകൾക്കുമാണു സാദ്ധ്യതയും ആവശ്യവും. 10 ലക്ഷം രൂപ വരെ വായ്പാവശ്യമുള്ള ജീവനോപായ സംരംഭങ്ങളും 'മുദ്ര' പദ്ധതി പരിധിയിൽ വരും. ഓരോ ബാങ്കിന്റെയും ഏറ്റവും കുറഞ്ഞ പലിശയ്ക്ക് സംരംഭകനു വായ്പ കിട്ടാൻ പാകത്തിൽ മുദ്രബാങ്ക് തുഛമായ പലിശയ്ക്ക് ബാങ്കുകൾക്കു പുനർവായ്പ നല്കുന്നുണ്ട്. മേലീടുകളോ പുറം ജാമ്യമോ പാടില്ലന്നതു കൊണ്ട് വായ്പാ നഷ്ടസാദ്ധ്യത നിശ്ചിത തോതിൽ ബാങ്കുകൾക്ക് നികത്തി കൊടുക്കുവാൻ വായ്പ ഇൻഷ്വറൻസും നിലവിലുണ്ട്. ഇൻഷ്വറൻസ് പ്രീമിയം വായ്പക്കാരൻ വഹിക്കും. അങ്ങനെ ചെറുചെലവിൽ കാലവിളംബമോ ബുദ്ധിമുട്ടോ ഇല്ലാതെ പെട്ടന്ന് യോഗ്യനായ സംരംഭകനു ലഭ്യമാക്കേതാണ് 'മുദ്രാ' വായ്പകൾ. ഇതിനു സർവ്വീസ് ഏരിയ നിബന്ധനകളില്ല. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ കുറഞ്ഞ ചെലവിൽ സമൂഹത്തിലെത്തിക്കാൻ കെൽപ്പുള്ള ഈ വായ്പാ സംവിധാനത്തോടു തികഞ്ഞ വിരക്തി പലബാങ്കുകളും കാണിക്കുന്നു, ഞങ്ങളുടെ പ്രദേശം അല്ല, പലിശ കൂടുതലാണ്, വസ്തു ഈടുവേണം, വായ്പ ലക്ഷ്യം കഴിഞ്ഞു എന്നിങ്ങനെ. പുനർവായ്പ സ്വീകരിച്ച്, അടിസ്ഥാന പലിശയിൽതന്നെ, മേലിടില്ലാതെ വായ്പ അനുവദിക്കാനുള്ള നയം ബാങ്കുകൾ രൂപീകരിച്ച്, ശാഖകൾക്ക് അനുശാസനം നല്കണം. തൽസമാനമായ സ്റ്റാൻഡ് അപ് ഇൻഡ്യാ (10 ലക്ഷത്തിനുമേൽ 100 ലക്ഷം വരെ), 200 ലക്ഷം വരെയുള്ള പരിധിയിൽ വരുന്ന വ്യവസായ വായ്പ ഇവകൾക്കും സമാനമായ അനുശാസനം ഉണ്ടാകണം.

9. NBFCകൾ, ഊർജ്ജിതമായി പ്രവർത്തിച്ചു സാമ്പത്തിക ശ്രേയസ്സിലേക്കു മുന്നേറുന്ന സ്വാശ്രയ സംഘാംഗങ്ങളെ പ്രേരിപ്പിച്ചു ബഹുതല വായ്പ നല്കി അവരെ പുറകോട്ടടിക്കുന്ന

പ്രവണതയ്ക്കെതിരെ വിഭാഗം ജില്ലയിൽ കൂടുതൽ ജനജാഗരണം നിർവ്വഹിക്കണം. നിലവിലെ സാമ്പത്തിക സാക്ഷരത സംവിധാനത്തെ ദൃഷ്ടീകൃതമായി സജ്ജമാക്കുക.

10. സംരംഭങ്ങൾക്കു നിയമേന വേണ്ട അനുമതികൾക്കുള്ള കാലതാമസം പരിഹരിക്കുക. സംരംഭങ്ങൾക്കാവശ്യമായ അനുമതികളേതേതെന്ന വിവരം എല്ലാ പൊതുജന സമ്പർക്ക സാദ്ധ്യതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും താലൂക്ക്, കളക്ട്രേറ്റ് എന്നിവിടങ്ങളിലും പ്രദർശിപ്പിക്കണം, അതിന്റെ സമയപരിധിയും അപേക്ഷിക്കേണ്ട ഇടവുമുൾപ്പെടെ.

പട്ടിക-4.60

BANKING STATISTICS – PATHANAMTHITTA DISTRICT AS ON 31.03.2017Amount Rs. Crores)

Bank	No. of branches	Deposit	NRI deposit	Advances	Of which Priority sector	Agriculture And allied	MSME	CD ratio
State bank of India	90	12839	6926	3247	2020	568	289	25.29
Other public sector banks	152	8541	3037	3533	2483	1006	423	41.37
Private sector banks	141	14596	8444	2910	1289	613	365	19.94
Co-operative sector banks	167	3275		3081	756	108	65	94.08
Kerala Financial Corporation	1			182	99		99	
Organized banking sector	551	39251	18407	12953	6647	2295	1241	33.00

Benchmark stipulated by RBI

Benchmark	Stipulation	District's position
CD Ratio	40 %	33 %
Priority sector advances	40%	51.32
Agriculture advances	18%	14.43%

DISTRICT CREDIT PLAN 2016–17 TARGET AND ACHIEVEMENTS
(Amount Rs. Crores)

Bank	Agriculture		Allied activities		Non-farm sector		Other Priority Sector		Total Credit Plan		Non-priority sector	
	Target	Ach'ment	Target	Ach'ment	Target	Ach'ment	Target	Ach'ment	Target	Ach'ment	Target	Ach'ment
State bank of India	685	470	40	45	172	118	353	368	1252	1001	420	925
Other public sector banks	854	640	48	32	304	128	427	308	1634	1108	489	175
Private sector banks	682	393	35	13	232	117	408	229	1355	752	515	546
Co-operative sector banks	421	247	36	28	245	422	505	714	1207	1412	517	345
Kerala Financial Corporation					28	50			28	50	11	14
Organized banking sector	2642	1750	159	118	981	835	1693	1619	5476	4323	1952	2005

സഹകരണം

ആമുഖം

"Each for all and all for each' എന്ന മുദ്രാവാക്യത്തിലധിഷ്ഠിതവും ശക്തമായ ജനാധിപത്യ അടിത്തറ യുള്ളതും ജനകീയവുമാണ് സഹകരണ പ്രസ്ഥാനം. സഹകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ മുറുകെ പിടിച്ച് കാലോചിതവും വികസനോൻമുഖവുമായ മാറ്റങ്ങൾ നടപ്പിലാക്കി നാടിന്റെ മൊത്തമായ വികസനത്തിന് കൈത്താങ്ങായി സഹകരണ സ്ഥാപനങ്ങൾ നാനാവിധ മേഖലകളിൽ ഇന്ന് പ്രവർത്തി ക്കുന്നു.

പ്രാഥമിക സ്ഥിതിവിവര കണക്കുകൾ

ജില്ലയിൽ വിവിധ സ്വഭാവത്തിലുള്ള 648 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണ്. സഹകരണ മേഖല കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നതും കാർഷിക രംഗത്താണ്. കാർഷിക രംഗത്ത് വായ്പാ സഹകരണ സംഘ ങ്ങളും വായ്പേതര സഹകരണ സംഘങ്ങളും ശക്തമായി പ്രവർത്തിച്ചുവരുന്നു.

കാർഷിക സഹകരണ സംഘങ്ങൾ

(എ) വായ്പാ സഹകരണ സംഘങ്ങൾ

(1) ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ

കൃഷിക്കാരുടെ കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും, കാർഷികോദ്പാദനം കൂടുതൽ മെച്ച പ്പെടുത്തുന്നതിലേക്കുമായി ഹ്രസ്വകാല മദ്ധ്യകാല വായ്പാ വിതരണം നടത്തുന്ന നിരവധിയായ സംഘ ങ്ങൾ/ബാങ്കുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

പട്ടിക 4.61

ഹ്രസ്വകാല മദ്ധ്യകാല കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ

ക്രമ നമ്പർ	സംഘം	എണ്ണം	ശാഖകൾ
1	ജില്ലാ സഹകരണ ബാങ്ക്	1	60
2	പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘ ങ്ങൾ/ബാങ്കുകൾ	105	102
3	ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്	1	4
	ആകെ	107	166

ഹ്രസ്വകാല മദ്ധ്യകാല വായ്പാ സംഘങ്ങളെ സഹായിക്കാൻ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു.

(2) ദീർഘകാല കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ

കാർഷിക മേഖലയുടെ ദീർഘകാല സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ദീർഘകാല വായ്പ അനുവദിക്കുന്ന സഹകരണ സംഘങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു.

ക്രമനമ്പർ	സംഘം	എണ്ണം	ശാഖകൾ
1	പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ/ ഭൂപണയ ബാങ്ക്	6	1
	ആകെ	6	1

സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ഒരു റീജിയണൽ ആഫീസും ജില്ലയിൽ പ്രവർത്തിക്കുന്നു.

(ബി) വായ്പേതര കാർഷിക സഹകരണ സംഘങ്ങൾ–

കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന പ്രധാന വായ്പേതര സഹകരണ സംഘങ്ങൾ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളാണ്. മലയോര ജില്ലയുടെ ഭൂപ്രകൃതിക്ക് അനുയോജ്യമായ കാർഷിക വിളകളുടേയും, നാണ്യ വിളകളുടേയും സംഭരണം, വിപണനം എന്നിവ ജില്ലയിലെ വിവിധങ്ങളായ മാർക്കറ്റിംഗ് സംഘങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്തു വരുന്നു. നിരവധിയായ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, വിത്ത്, വളം, കാർഷികോപകരണങ്ങളുടെ വിതരണം എന്നിവയും ടി സംഘങ്ങൾ നടത്തിവരുന്നു.

ക്രമനമ്പർ	സംഘം	എണ്ണം	ശാഖകൾ
1	ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	29	6
2	റബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	4	2
	ആകെ	33	8

കാർഷികേതര സഹകരണ സംഘങ്ങൾ

കാർഷിക മേഖലയ്ക്കു പുറത്തുള്ള സഹകരണ സംഘങ്ങളുടെ ശക്തമായ സാന്നിദ്ധ്യം ജില്ലയിലുണ്ട്. കാർഷികേതര സഹകരണ സംഘങ്ങൾ കാർഷികേതര വായ്പാ മേഖലയിലും പ്രവർത്തിക്കുന്നു.

(1) കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ

കാർഷികേതര വായ്പ പ്രവർത്തനം മുഖ്യ ലക്ഷ്യമാക്കി വിവിധങ്ങളായ ആവശ്യങ്ങൾക്കുള്ള വായ്പകൾ വിതരണം ചെയ്യുന്ന നിരവധിയായ സഹകരണ സംഘങ്ങൾ ജില്ലയിൽ ശക്തമായി പ്രവർത്തിക്കുന്നു.

ക്രമ നമ്പർ	സംഘം	എണ്ണം	ശാഖകൾ
1	അർബൻ സഹകരണ ബാങ്കുകൾ	3	22
2	അർബൻ സഹകരണ സംഘങ്ങൾ	1	0
3	ജീവനക്കാരുടെ സഹകരണ സംഘങ്ങൾ	41	8
4	പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ	6	0
5	എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ	39	0

(2) കാർഷികേതര വായ്പേതര സഹകരണ സംഘങ്ങൾ

കാർഷികേതര പ്രവർത്തനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംഘങ്ങൾ ജില്ലയിലുണ്ട്.

ക്രമ നമ്പർ	സംഘം	എണ്ണം	ശാഖകൾ
1	പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ	11	0
2	ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ	24	0
3	വനിത സഹകരണ സംഘങ്ങൾ	19	0
4	വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ	3	0
5	ആശുപത്രി സഹകരണ സംഘങ്ങൾ	2	0
6	സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ	242	0
7	മോട്ടാർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ	1	0
8	പലവക സംഘങ്ങൾ	38	0
9	ടൂറിസം സഹകരണ സംഘങ്ങൾ	12	0
	ആകെ	**352**	**0**

വിഭവ ലഭ്യത

ജില്ലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ എല്ലാം ഒരുപോലെ കരുത്തു നേടിയിട്ടുള്ളതല്ല. ഓരോ തരത്തിലുള്ള സഹകരണ സംഘങ്ങൾ വ്യത്യസ്തങ്ങളായ പ്രകടനങ്ങളാണ് കാഴ്ച വച്ചിട്ടുള്ളത്. വായ്പാ സംഘങ്ങൾ ജില്ലയിൽ പൊതുവെ ശക്തമായ പ്രകടനമാണ് നടത്തി വരുന്നത്. ടി സംഘങ്ങൾക്ക് പ്രവർത്തനപരിധി സാധാരണ ഗതിയിൽ ഒരു പഞ്ചായത്ത് പ്രദേശമോ പഞ്ചായത്തിലെ കുറച്ചു വാർഡുകൾ മാത്രമോ ആയിരിക്കുമെങ്കിലും വിഭവശേഷി ഇത്തരം സംഘങ്ങൾ നന്നായി ഉപയോഗിക്കുന്നുണ്ട്. വായ്പാ സഹകരണ സംഘങ്ങൾ അവരുടെ പ്രവർത്തിനാവശ്യമായ സാമ്പത്തിക സമാഹരണം പ്രവർത്തന മേഖലയ്ക്കകത്തുതന്നെ കണ്ടെത്തുന്നു എന്നത് അഭിമാനകരമാണ്.

വായ്പേതര സഹകരണ സംഘങ്ങൾ വിഭവശേഷി ഉപയോഗിക്കുന്നതിൽ പിന്നോക്കമാണ്. ജില്ലയിലെ ഭൂരിഭാഗം വായ്പേതര സംഘങ്ങളുടേയും പ്രവർത്തനം ഇനിയും മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഇത്തരം സംഘങ്ങൾക്ക് പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക മൂലധനത്തിന്റെ അപര്യാപ്തതയും ടി സംഘങ്ങളുടെ നിലവിലെ അവസ്ഥയ്ക്ക് കാരണമാണ്.

സഹകരണമേഖല അവസ്ഥയും, പരിപ്രേക്ഷ്യവും

ജില്ലയുടെ എല്ലാ ഭാഗത്തും സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പാ സംഘങ്ങൾ

സഹകരണ മേഖലയിൽ ജില്ലയിൽ ഏറ്റവും കരുത്തോടെയും ജനകീയമായും പ്രവർത്തിക്കുന്നത് വായ്പാ സഹകരണ സംഘങ്ങളാണ്. കാർഷിക, കാർഷികേതര വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന 200 സംഘങ്ങളും അവയുടെ 203 ശാഖകളും ചേർന്ന ശക്തമായ ശൃംഖല ജില്ലയിലുണ്ട്. വായ്പാ സഹകരണ സംഘങ്ങളിലെ അംഗത്വം, മൂലധനം, നിക്ഷേപം, വായ്പാ ബാക്കിനിൽപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

ക്രമനമ്പർ	സംഘം	എണ്ണം	ശാഖകൾ	അംഗങ്ങൾ	ഓഹരി മൂലധനം	നിക്ഷേപം	വായ്പ
1	ജില്ലാ സഹകരണ ബാങ്ക്	1	60	534	59.13	2245.59	1292.66
2	പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ	105	102	711385	79.25	1895.43	1212.02
3	ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്	1	4	12118	0.72	46.17	39.01
4	പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ/ഭൂപണയ ബാങ്ക്	6	7	46170	10.9	4.5	162.72
5	അർബൻ സഹകരണ ബാങ്കുകൾ	5	22	85110	10.75	335.16	183.80
6	അർബൻ സഹകരണ സംഘങ്ങൾ	1		3178	0.04	4.9	2.2
7	ജീവനക്കാരുടെ സഹകരണ സംഘങ്ങൾ	41	8	37616	5.16	168.17	112.65
8	പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങൾ	6	--	18017	0.76	3.6	50.3
9	എസ്.സി/എസ്.റ്റി സഹകരണസംഘങ്ങൾ	34	--	26112	0.06	1.2	0.27

വായ്പാ സഹകരണ സംഘങ്ങൾ ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾ നിലവിൽ നേരിടുന്നു.

(1) നിക്ഷേപത്തിനനുസൃതമായി വായ്പാ വിതരണം നടത്താൻ കഴിയാതിരിക്കുക
(2) കൂടിയ എൻ.പി.എ/കുടിശ്ശിക നിരക്ക്
(3) ആധുനിക ബാങ്കിംഗ് സംവിധാനങ്ങളുടെ അപര്യാപ്തത
(4) വർദ്ധിച്ച നിക്ഷേപ ആസ്തി മിച്ച ഫണ്ട്

വികസന മേഖലയിൽ വായ്പാ സഹകരണ സംഘങ്ങളുടെ പങ്കാളിത്തം

നിർദ്ദേശങ്ങൾ

നിലവിൽ വായ്പാ സഹകരണ സംഘങ്ങളിൽ വായ്പാ പ്രവർത്തനം മാത്രമാണ് കാര്യക്ഷമമായി നടക്കുന്നത്. ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപത്തിൽനിന്ന് വായ്പാവിതരണം നടത്തിയതിനു ശേഷമുള്ള മിച്ച ഫണ്ട് ഏകദേശം 960 കോടി രൂപയാണ്. ആയത് വ്യക്തമായ ആസൂത്രണത്തോടെ കൂടുതൽ മേഖലകളിലേക്ക് നിക്ഷേപിക്കുക വഴി വികസന മേഖലയിൽ മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ ജില്ലയ്ക്ക് സാധിക്കുന്നതാണ്.

നിർദ്ദേശങ്ങൾ

(1) നബാർഡ്-ൽ നിന്നുള്ള കൂടുതൽ സാമ്പത്തിക സഹായത്തോടെ വഴി കാർഷികരംഗത്ത് ഇപ്പോൾ നൽകുന്ന സഹായങ്ങൾ കൂടുതൽ വിപുലപ്പെടുത്തി കാർഷിക വായ്പാ പ്രവർത്തനം മെച്ചപ്പെടുത്തുക.

(2) ആധുനിക ബാങ്കിംഗ് രീതികൾ സ്വായത്തമാക്കി കൂടുതൽ നിക്ഷേപം പ്രവാസി മേഖലയിൽനിന്നും സ്വരൂപിക്കുക.

(3) സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യത്തിന് രൂപം നൽകി ലാഭകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(4) ഒന്നിലധികം സഹകരണ സ്ഥാപനങ്ങളുടെ കൂട്ടു സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക.

വായ്പേതര സഹകരണ സംഘങ്ങൾ

വായ്പേതര സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലവിൽ അത്ര ശക്തമല്ല. നാമമാത്രമായ ഇടപെടലുകൾ മാത്രമാണ് ടി സംഘങ്ങൾ നടത്തുന്നത്. ടി സംഘങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി മൂലധന പര്യാപ്തതക്കുറവാണ്. കാർഷിക, കാർഷികേതര മേഖലകളിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾ കൂടുതൽ കരുത്തുറ്റതാകയാൽ വിവിധങ്ങളായ മേഖലകളിൽ സ്വാധീനമുണ്ടാക്കാൻ ടി സംഘങ്ങൾക്ക് കഴിയുന്നതാണ്.

(തുക കോടിയിൽ)

ക്രമ നമ്പർ	സംഘം	എണ്ണം	ശാഖകൾ	അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം
1	ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	29	6	32143	3.75	9.27
2	റബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ	4	2	12462	0.65	1.3
3	പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ	11	0	6352	0.72	1.2

4	ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ	24	0	2210	0.08	0.12
5	വനിത സഹകരണ സംഘങ്ങൾ	15	0	8068	0.27	0.86
6	വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ	3	0	2456	0.27	0.65
7	ആശുപത്രി സഹകരണ സംഘങ്ങൾ	2	0	1940	0.18	1.2
8	സ്കൂൾ കോളേജ് സഹകരണ സംഘങ്ങൾ	242	0	62072	0.91	1.7
9	മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ	1	0	270	0.006	0.006
10	പലവക സഹകരണ സംഘങ്ങൾ	38	0	46182	1.2	2.6
11	ടൂറിസം സഹകരണ സംഘങ്ങൾ	12	0	7619	0.13	0.21

വായ്പേതര സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

1. പ്രവർത്തനമൂലധന പര്യാപ്തതക്കുറവ്
2. സ്വന്തമായി ഗോഡൗണുകൾ, ആഫീസുകൾ, ആധുനിക സാങ്കേതിക വിദ്യകൾ എന്നിവയുടെ അഭാവം
3. ദുർബലമായ ഭരണസംവിധാനം
4. ജീവനക്കാരുടെ കുറവ്

1. വികസന മേഖലയിൽ വായ്പേതര സഹകരണ സംഘങ്ങളുടെ പങ്കാളിത്തം

നിർദ്ദേശങ്ങൾ

വായ്പേതര സംഘങ്ങൾക്ക് വിവിധങ്ങളായ പ്രവർത്തന സാദ്ധ്യതകളാണ് നിലവിലുള്ളത്. ആയത് പൂർണ്ണമായി ഉപയോഗിക്കാൻ ഇത്തരം സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഭരണസംവിധാനം കാര്യക്ഷമമാക്കിയും പ്രവർത്തനം വിപുലപ്പെടുത്തിയും ഇത്തരം സംഘങ്ങൾക്ക് വികസന പ്രവർത്തനത്തിൽ കൂടുതൽ ഇടപെടുവാൻ കഴിയും.

(1) സഹകരണ സ്ഥാപനങ്ങൾ സർക്കാർ, സർക്കാർ ഏജൻസികൾ എന്നിവയിൽ നിന്നും കൂടുതൽ ധനസഹായം സ്വീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തുക.

(2) വിനോദ സഞ്ചാരമേഖല, സേവന മേഖല എന്നിവിടങ്ങളിൽ ജില്ലയുടെ വികസന സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ വായ്പേതര സംഘങ്ങൾക്ക് സാധിക്കും വിധം പദ്ധതികൾ നടപ്പാക്കുക.

(3) സാങ്കേതിക വൈദഗ്ധ്യം ഉള്ള കൂടുതൽ ജീവനക്കാരെ ഉപയോഗപ്പെടുത്തി കാലാനുസൃതമായ മാറ്റങ്ങൾക്ക് അനുസൃതമായി പ്രവർത്തനം മെച്ചപ്പെടുത്തുക.

(4) ർക്കാർ സഹായത്തോടെ കൂടുതൽ സംഭരണ, വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചു പ്രവർത്തിപ്പിക്കുക.

2. ഉത്പാദന മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തം–നിർദ്ദേശങ്ങൾ

സഹകരണ സ്ഥാപനങ്ങൾ ഉദ്പാദന മേഖലയിൽ നാമമാത്രമായ ശ്രദ്ധ മാത്രമാണ് പതിപ്പിച്ചിട്ടുള്ളത്. ജില്ലയിൽ ഏതാനും സംഘങ്ങൾ മാത്രമാണ് നിലവിൽ ഉദ്പാദന മേഖലയിൽ പ്രവർത്തിക്കുന്നത്.

1 സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത്, അത്തരത്തിലുള്ള സ്വാശ്രയഗ്രൂപ്പുകൾക്ക് വായ്പ നൽകി കാർഷികോത്പാദനം കാര്യക്ഷമമായി നടത്തുക. തരിശുഭൂമിയിലെ കൃഷി, ജൈവക്കൃഷി, അടുക്കളതോട്ടങ്ങൾ എന്നിവയ്ക്ക് സർക്കാർ ധനസഹായത്തോടെ നാമമാത്ര പലിശ ഈടാക്കി വായ്പകൾ നൽകുക.

2 കുടുംബശ്രീ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് കാർഷികോപകരണങ്ങൾ, യന്ത്രമാസഗ്രികൾ എന്നിവ വാങ്ങാൻ വായ്പ നൽകുക

3 കാർഷികോത്പന്നങ്ങൾ കർഷകർക്കാവശ്യമായ വിത്തുകൾ, വളം എന്നിവ സംഭരണം നടത്തുന്നതിനും വിതരണം നടത്തുന്നതിനുമുള്ള കേന്ദ്രങ്ങൾ ജില്ലയുടെ പ്രധാന ഭാഗങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കുക.

4 റബ്ബറിന്റെ വിലക്കുറവ് റബർ കൃഷിയെ തളർത്തിയിരിക്കുകയാണ്. റബ്ബർ കൃഷി വ്യാപകമായുള്ള റാന്നി ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ, പുതിയ സംഘങ്ങൾ ആരംഭിച്ചോ കർഷകരിൽനിന്നും റബ്ബർ സംഭരിച്ച് റബർ ഉദ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ചെറുകിട യൂണിറ്റുകൾ/ഫാക്ടറികൾ സ്ഥാപിക്കുക.

5 കുടുംബശ്രി യൂണിറ്റുകളിലെ വനിതകളുടെ പങ്കാളിത്തത്തോടെ പൗൾട്രി മേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിച്ച് ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയുടെ ഉത്പാദന വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക

6 കന്നുകാലി ഫാമുകൾ ആരംഭിക്കുന്നതിനായി വ്യക്തികൾ, സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ സബ്സിഡി, ഗ്രാന്റ് എന്നിവയോടുകൂടി സഹകരണ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പകൾ അനുവദിക്കുക.

7 സഹകരണ സംഘങ്ങളുടെ നേരിട്ടുള്ള ഉടമസ്ഥതയിൽ കന്നുകാലി ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിച്ചു നടത്തുക.

8 മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, വനിത സഹകരണ സംഘങ്ങൾ, എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ പൊതുകുളങ്ങൾ, ഖനനം അവസാനിപ്പിച്ച ക്വാറികളിലെ കുളങ്ങൾ എന്നിവ ഏറ്റെടുത്ത് മത്സ്യക്കൃഷി ആരംഭിക്കുന്നതിലേക്ക് സർക്കാർ സബ്സിഡി, ഗ്രാന്റ് എന്നിവയോടുകൂടി കുറഞ്ഞ നിരക്കിൽ വായ്പകൾ അനുവദിക്കുക.

9 ജില്ലയിൽ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ പ്രത്യേക ബ്രാൻഡ് പേരിൽ സൂപ്പർ മാർക്കറ്റ്/ഹൈപ്പർ മാർക്കറ്റ് എന്നിവയുടെ ശൃംഖല സ്ഥാപിച്ച് വാണിജ്യ മേഖലയിൽ കൂടുതൽ ഇടപെടലുകൾ നടത്തുക.

10 സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരിശീലനം നൽകുകയും സ്വയംതൊഴിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സർക്കാർ സബ്സിഡി ഗ്രാന്റ് എന്നിവയോടുകടി ബാങ്കുകൾ വായ്പ അനുവദിക്കാവുന്നതാണ്.

11 വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം വകുപ്പ് എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് അനുവാദം നൽകിയാൽ വനവിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനാവശ്യമായ സംസ്കരണ കേന്ദ്രങ്ങൾ, വിതരണ സ്റ്റാളുകൾ എന്നിവ ആരംഭിച്ച് നടത്തുക.

12 ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും കൂട്ടു സംരംഭമായി ഇവ സ്ഥാപിക്കുകയും മുതൽമുടക്കും പലിശയും ഈടായ ശേഷം സർക്കാരിന് വിട്ട് നൽകുകയും ചെയ്യുക.

3. സേവനമേഖല

സഹകരണ സംഘങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത് സേവന മേഖലയിലാണ്. ബാങ്കിംഗ്, കൺസ്യൂമർ, നീതി മെഡിക്കൽ സ്റ്റോർ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലൂടെ അതിന്റെ സേവന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാവുന്നതാണ്.

(1) ബാങ്കിംഗ് രംഗം ആധുനികവത്ക്കരിച്ച്, കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക

(2) ഐ.റ്റി അധിഷ്ഠിത സ്ഥാപനങ്ങൾ ആരംഭിച്ച് ഐ.റ്റി മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക.

(3) ആശുപത്രികളുടെ അഭാവമുള്ള പഞ്ചായത്തുകളിൽ സഹകരണ ആശുപത്രികൾ ആരംഭിച്ച് ആതുരസേവന രംഗത്ത് കൂടുതൽ ഇടപെടുക.

(4) വൃദ്ധസദനങ്ങൾ, ഡേകെയർ സെന്ററുകൾ എന്നിവ ആരംഭിക്കുക

(5) ഹോട്ടൽ, കാന്റീൻ എന്നിവ സഹകരണ സ്ഥാപനങ്ങൾ പ്രത്യേക ബ്രാൻഡിൽ പൊതു സംരംഭമായോ ഒറ്റക്കോ ആരംഭിക്കുകയോ, നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയോ ചെയ്യുക.

(6) വിദ്യാഭ്യാസരംഗത്ത് എയ്ഡഡ്, അൺ എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

(7) നീതി മെഡിക്കൽസ്റ്റോർ, ആധുനിക ലബോറട്ടറികൾ എന്നിവ ജില്ലയിൽ എല്ലാ പഞ്ചായത്തിലും ആരംഭിച്ചു നടത്തുക.

(8) മോട്ടാർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ, മോട്ടാർ വർക്ക്ഷോപ്പ് സഹകരണ സംഘങ്ങൾ എന്നിവ ആരംഭിക്കുക

(9) ഇൻഷ്വറൻസ് സഹകരണ സംഘങ്ങൾ ആരംഭിച്ച് വിവിധ ഇൻഷ്വറൻസ് സേവനങ്ങൾ ആരംഭിക്കുക

(10) സർക്കാർ ആശുപത്രികളോനുബന്ധിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന പേവാർഡുകൾ നിർമ്മിച്ച് ആയതിന്റെ നടത്തിപ്പ് സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

(11) മെഡിക്കൽ ലാബ്, എക്സ്റേ, സ്കാനിംഗ് സൗകര്യങ്ങൾ എന്നിവ നിലവിലില്ലാത്ത സർക്കാർ ആശുപത്രികളോനുബന്ധിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന ആരംഭിച്ച് ആയതിന്റെ നടത്തിപ്പ് സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

(12) കുടിവെള്ള വിതരണ പദ്ധതികൾ ആരംഭിക്കുന്നതിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് നിക്ഷേപം നടത്തുക.

(13) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സഹകരണ ബാങ്കുകൾ മുഖേന സ്മാർട്ട് ക്ലാസ്റൂം, കളിസ്ഥലങ്ങൾ തുടങ്ങിയവ നിർമ്മിക്കുക.

(14) കുട്ടികൾക്ക്വേണ്ട പഠനോപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള യൂണിറ്റുകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്ക്/ജില്ലാ തലത്തിൽ ആരംഭിച്ച് നടത്തുക. വിദ്യാർത്ഥികളും രക്ഷിതാക്കളും ഉല്പ്പന്നങ്ങൾ വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(15) സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴ സംഭരണികൾ ആരംഭിക്കുക, മഴക്കാലത്ത് ഉപയോഗശേഷം അധികമായിവരുന്ന ജലം വ്യാവസായിക അടിസ്ഥാനത്തിൽ നൽകുക.

4. പശ്ചാത്തലമേഖല

പശ്ചാത്തല മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ പരിമിതമാണ്. സംഘങ്ങളുടെ മിച്ച ഫണ്ടുകൾ പശ്ചാത്തല മേഖലയിൽ നിക്ഷേപിച്ച് വികസന പ്രക്രിയ ത്വരിതപ്പെടുത്താവുന്നതാണ്.

(1) മരാമത്തു പണികൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ (പ്രത്യേകിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം(ക്ലിപ്തം)മാതൃകയിൽ) ഏറ്റെടുത്തു നടത്തുക

(2) സർക്കാർ ആഫീസ് സമുച്ചയങ്ങൾ ഇല്ലാത്ത പ്രദേശത്ത് സഹകരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ കെട്ടിടങ്ങൾ നിർമ്മിച്ച് സർക്കാർ വകുപ്പുകൾക്ക് ആഫീസ് മുറികൾ വാടകയ്ക്ക് നൽകുക.

(3) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ കെട്ടിടങ്ങൾ, അനുബന്ധ നിർമ്മാണങ്ങൾ എന്നിവ നടത്താനും ആയതിന്റെ ചുമതലയും സഹകരണ സംഘങ്ങൾക്ക് കൈമാറുക.

(4) ചെറുകിട വൈദ്യുതോത്പാദനം നടത്തുന്നതിലേക്കായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് നിക്ഷേപം നടത്തുക.

(5) സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതോത്പാദനം നടത്തുന്നതിലേക്കായി സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സർക്കാർ സബ്സിഡി/ഗ്രാന്റോടുകൂടി വായ്പ അനുവദിക്കുക.

(6) മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ആരംഭിച്ച് ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ പ്രദേശങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കുക, ടൂർ ഓപ്പറേഷനുകൾ, അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ എന്നിവ ആരംഭിക്കുക.

പ്രത്യേകം പരിഗണന അർഹിക്കുന്ന സംഘങ്ങൾ

എസ്.സി/എസ്.റ്റി സംഘങ്ങൾ

ജില്ലയിൽ 39 എസ്.സി/എസ്.റ്റി സംഘങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ മൂലധന അപര്യാപ്തത മൂലം സംഘങ്ങളുടെ പ്രവർത്തനം നാമമാത്രമാണ്.

(1) എസ്.സി/എസ്.റ്റി സംഘങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക

(2) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക

(3) പരമ്പരാഗത തൊഴിൽ മേഖലകൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

വനിത സംഘങ്ങൾ

കൂടുതൽ വനിത സംഘങ്ങൾ ആരംഭിച്ച് വനിതാ ശാക്തീകരണം കൂടുതൽ കാര്യക്ഷമമാക്കുക.

(1) വനിത സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കാന്റീൻ ആരംഭിക്കുക

(2) വൃദ്ധസദനങ്ങൾ/ഡേകെയർ യൂണിറ്റുകൾ ആരംഭിക്കുക

(3) കറി പൗഡർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക

(4) സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു നടത്തുക

സീനിയർ സിറ്റിസൺസ് സഹകരണ സംഘങ്ങൾ

വയോജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി സീനിയർ സിറ്റിസൺ സഹകരണ സംഘങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക, സംഘങ്ങളുടെ നേതൃത്വത്തിൽ വൃദ്ധസദനങ്ങൾ ആരംഭിക്കുക.

സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കൽ

നിക്ഷേപ പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിലെ എല്ലാ അംഗങ്ങളേയും ഉൾപ്പെടുത്തി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുക.

പശ്ചാത്തല മേഖല

4.3.1 ഊർജ്ജം

ഊർജ്ജം അമൂല്യമാണ്. അത് പാഴാക്കരുത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗവും, ക്ഷയിച്ചുവരുന്ന പരമ്പരാഗത ഊർജ്ജ ഉറവിടങ്ങളും നമ്മെ ഊർജ്ജപ്രതിസന്ധിയുടെ അഴിമുഖത്തേക്കു നയിക്കുകയാണ്. ഏത് രാജ്യത്തിന്റെയും വികസനം ഊർജ്ജത്തിൽ അധിഷ്ഠിതമാണ്. എണ്ണപ്പാടങ്ങൾ, കൽക്കരി ഖനികൾ, തുടങ്ങിയ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ നെടുനാൾ നിലനിൽക്കുകയില്ല എന്ന അറിവ് ഇന്ന് പലർക്കും അന്യമാണ്. ഭാവിതലമുറയെ ഇരുട്ടിലാക്കത്തക്ക നിലയിലാണ് ഇന്നത്തെ ഊർജ്ജ ഉപഭോഗം. വൈദ്യുതി, എണ്ണ, പ്രകൃതിവാതകം, കൽക്കരി തുടങ്ങിയ എല്ലാത്തരം ഊർജ്ജസ്രോതസ്സുകളെയും സംരക്ഷിക്കേണ്ട അനിവാര്യതയെ ഈ വസ്തുത ചൂണ്ടിക്കാണിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഊർജ്ജസ്രോതസ്സുകളെ ബുദ്ധിപൂർവ്വമായി ആസൂത്രണം ചെയ്തു ഉപയോഗിക്കണം.

മുൻകാലങ്ങളിൽ നമ്മുടെ ഊർജ്ജമേഖലയിലെ ഭൗതികനേട്ടങ്ങളും ഉല്പാദന ശേഷി വർദ്ധിപ്പിക്കലും, ആവശ്യകതയെക്കാൾ വളരെ കുറവായിരുന്നു. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിലും കമ്മീഷൻ ചെയ്യലിലും വരുന്ന കാലവിളംബരം ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വിടവ് അധികമാക്കി. നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യങ്ങൾക്കു ആശ്രയിക്കാവുന്ന ഏറ്റവും നല്ല ഊർജ്ജവിഭവ സ്രോതസ്സ് ജലവൈദ്യുത പദ്ധതികളാണ്. അടുത്തകാലം വരെ ജലവൈദ്യുതപദ്ധതികൾ മാത്രമാണ് നമ്മൾ ആശ്രയിച്ചിരുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജോപഭോഗത്തിന്റെ ഫലമായി കടുത്ത ഊർജ്ജ പ്രതിസന്ധിയിൽ നമ്മൾ എത്തിച്ചേർന്നു. ഈ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെയെങ്കിലും തരണം ചെയ്യുന്നതിനു നമ്മൾ കേന്ദ്രവൈദ്യുത ഉല്പാദന കേന്ദ്രങ്ങളായ താപോർജ് കോർപ്പറേഷൻ (എൻ.റ്റി.പി.സി), നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ (എൻ.എൽ.സി), ആണവ ഊർജ്ജ കോർപ്പറേഷൻ (എൽ.പി.സി)എന്നിവയിൽ നിന്നും ലഭിക്കുന്ന വൈദ്യുതി വിഹിതത്തെയാണ് ആശ്രയിക്കുന്നത്. വിദ്യുച്ഛക്തി മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. വരും വർഷങ്ങളിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിൽ ഗണ്യമായ പുരോഗതിയാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ പിന്നോക്ക ജില്ലയാണ് പത്തനംതിട്ട. നമ്മുടെ ജില്ലയിലെ ശബരിഗിരി ജലവൈദ്യുത പദ്ധതി സംസ്ഥാനത്തെ രണ്ടാമത്തെ ഏറ്റവും കൂടുതൽ സ്ഥാപിതശേഷിയുള്ള പദ്ധതിയാണ്. അടുത്ത കാലത്ത് കമ്മീഷൻ ചെയ്ത പെരുന്തേനരുവി പദ്ധതി ഈ ജില്ലയിലെ നാലാമത്തെ ജലവൈദ്യുത പദ്ധതിയാണ്. കൂടാതെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ജലവൈദ്യുത പദ്ധതിയും ഈ ജില്ലയിലാണ്. ഒട്ടനവധി ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനുള്ള ഊർജ്ജവിഭവ സ്രോതസ്സുകൾ ഈ ജില്ലയിൽ സുലഭമാണ്.

കേരളം വൈദ്യുതി സമ്പന്ന സംസ്ഥാനമായിരിക്കുന്നത് എന്ന് 1970 കളിലെ അവസാനം വരെ മിഥ്യാധാരണ ഉണ്ടായിരുന്നു. പളളിവാസൽ കമ്മീഷൻ ചെയ്തതോടെ കേരള സർക്കാരും ഊർജ്ജ സാന്ദ്രതയുടെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചു. ഇടുക്കിയ്ക്ക് ശേഷം കേരളം അധികം വൈദ്യുതി അയൽ സംസ്ഥാനത്തേക്ക് കയറ്റി അയയ്ക്കുകയും ചെയ്തു. വ്യവസായം പിന്നോക്കാവസ്ഥമൂലമാണ് ഈ അവസ്ഥ ഉണ്ടായത്. 90 കളിൽ കേരളം അതീവ ഗുരുതരമായ വൈദ്യുതി ക്ഷാമം നേരിടേണ്ടി വന്നു. 1996–2001 കാലത്ത് വൈദ്യുതിയുടെ ഉല്പാദനശേഷി 1508 മെഗാവാട്ടിൽ നിന്നും 2542 മെഗാവാട്ടായി ഉയർത്താൻ കഴിഞ്ഞതാണ് വൈദ്യുതി പിന്നോക്കാവസ്ഥയ്ക്ക് പ്രതികൂലമായി കണ്ടത്. ഇത് ഊർജ്ജ പ്രതിസന്ധിക്ക് താൽക്കാലിക ശമനം മാത്രമേ ഉണ്ടാക്കിയുള്ളൂ. പ്രതിസന്ധി ഒഴിവാക്കാൻ കൂടുതൽ വൈദ്യുതി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങേണ്ട ദുർസ്ഥിതിയിലാണ് സംസ്ഥാനം.

2009–10–ൽ ദേശീയ പ്രതിശീർഷ വൈദ്യുതി ഉപഭോഗം 778 യൂണിറ്റ് ആയിരിക്കുമ്പോൾ കേരളത്തിലേത് 525 യൂണിറ്റ് മാത്രമാണ്. തമിഴ്നാട്ടിൽ ഇത് 1118 യൂണിറ്റ് ആണ്. ചൈനയിലെ ഉപഭോഗം 2410 യൂണിറ്റും അമേരിക്കയുടേത് 13460 യൂണിറ്റും ആണ്. സംസ്ഥാനത്തെ ത്വരിതഗതിയിലുള്ള വ്യവ

സായവത്ക്കരണത്തിന് മുഖ്യ പ്രതിബന്ധങ്ങളിൽ ഒന്ന് ആവശ്യമായ അളവിലും ഗുണത്തിലും വൈദ്യുതി ലഭിക്കുന്നില്ല എന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി നഗര ഗ്രാമ വ്യത്യാസമില്ലാതെയും വൈദ്യുതി വിതരണത്തിലെ ഗുണനിലവാര പ്രശ്നം ഉണ്ടെങ്കിൽ പോലും ലോഡ്ഷെഡിംഗും പവർകട്ടും നിരന്തരമായി ഏർപ്പെടുത്താതെയും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി നൽകാൻ കഴിയുന്നുണ്ട്. അതേസമയം ഉയർന്ന ജീവിത നിലവാരവും അല്പ വികസിതവുമായ ഉത്പാദന മേഖലയുമെന്ന കേരളത്തിന്റെ വികസന വൈരുദ്ധ്യം വൈദ്യുതി മേഖലയിൽ ഗൗരവമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഒരു വശത്ത് ഗാർഹിക പ്രധാനമായ ഉപഭോഗസമ്പ്രദായം, മറുവശത്ത് വർദ്ധിക്കുന്ന വൈദ്യുത കമ്മിയും, തൽഫലമായി വർഷംതോറും വർദ്ധിക്കുന്ന ഭീമമായ വൈദ്യുതി ഇറക്കുമതിയും കേരളത്തിലെ സവിശേഷത ആയിരിക്കുന്നു.

കേരളത്തിന്റെ ഗാർഹിക മേഖലയിലെ വൈദ്യുതി ഉപയോഗം ആകെ വൈദ്യുതിയുടെ പകുതിയിലധികമാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേയും വികസിത സമ്പദ്ഘടനകളിലും ഇത് 25.35% ത്തിന് ഇടയിൽ മാത്രമാണ്. ആകെ ഉപഭോഗത്തിൽ വ്യവസായ ഉപഭോഗത്തിന്റെ പങ്ക് കേരളത്തിൽ തുടർച്ചയായി കുറഞ്ഞു വന്ന് ഇന്ന് 25 ശതമാനത്തിൽ താഴെ ആയിരിക്കുന്നു. ലോകരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഇത് 20 മുതൽ 40 ശതമാനം വരെയാണ്. ത്രിതീയ മേഖലയിൽപ്പെട്ട വിവര സാങ്കേതിക മേഖലയിലെ വൈദ്യുതി ഉപയോഗം ഒഴിവാക്കിയാൽ കേരളത്തിലെ വ്യാവസായിക ഉപഭോഗത്തിന്റെ അസാധാരണമായ ഇടിവ് കൂടുതൽ പ്രകടമാകും. കൃഷി അടക്കമുള്ള പ്രാഥമിക ഉത്പാദന മേഖലയിലെ വൈദ്യുതി ഉപയോഗം കേവലം 2 ശതമാനത്തിലും താഴെ ആണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് 25 ശതമാനം മുതൽ 30 ശതമാനം വരെയാണ്. ഗാർഹിക മേഖല കഴിഞ്ഞാൽ ഗണ്യമായ ഉപഭോഗവർദ്ധനവ് രേഖപ്പെടുത്തുന്ന മേഖല വാണിജ്യസംരംഭങ്ങൾ ഉൾപ്പെടുന്ന ത്രിതീയ മേഖലയാണ്.

ഇന്ന് നാം കമ്മിനികത്താൻ വൈദ്യുതി പുറത്തുനിന്നും വാങ്ങുകയാണ്. യൂണിറ്റിന് 12 രൂപവരെ വിലകൊടുക്കേണ്ടിവരുന്നു. ഈ വിലയ്ക്ക് ഭാവിയിൽ വരുന്ന കമ്മി വൈദ്യുതി വാങ്ങേണ്ടി വന്നാൽ ഈ പതിറ്റാണ്ട് അവസാനിക്കുന്നതിനും മുമ്പ് നമ്മുടെ വൈദ്യുതി ചാർജ്ജ് ഇരട്ടിയെങ്കിലും ഉയർത്തേണ്ടി വരും. ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ പരിമിതമാണ്. വൻകിട രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ സൗരോർജ്ജം ലഭ്യമാക്കേണ്ടതുണ്ട്.

ഊർജ്ജ മേഖല മൂന്നായി തരംതിരിക്കാം.

1. ഉല്പാദനമേഖല
2. പ്രസരണമേഖല
3. വിതരണമേഖല

1. **ഉൽപാദനമേഖല**

നമ്മുടെ സംസ്ഥാനം വൈദ്യുതിക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ്. ഏറ്റവും പുതിയ പവ്വർ സർവ്വേ റിപ്പോർട്ട് സൂചിപ്പിക്കുന്നത് 2030-ാമാണ്ടോടെ കേരളത്തിൽ വൈദ്യുതോല്പാദനവും ആവശ്യകതയും തമ്മിലുള്ള വിടവ് ഗണ്യമായിരിക്കുമെന്നാണ്. ഇത് നികത്തുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഈ പരിശ്രമത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ 2017-2018 വാർഷിക പദ്ധതിക്കാലത്ത് പെരുന്തേനരുവി ജലവൈദ്യുതപദ്ധതി കമ്മീഷൻ ചെയ്യുകയുണ്ടായി. കൂടാതെ മറ്റ് ചെറുകിട ജലവൈദ്യുതി പദ്ധതികൾക്കായുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

പത്തനംതിട്ട ജില്ലയിലെ ഉത്പാദന മേഖലയുടെ നിലവിലെ സ്ഥിതിവിവരകണക്ക്

1.	ശബരിഗിരി	–	340	മെഗാവാട്ട്
2.	കക്കാട്	–	50	,,
3.	റാന്നി – പെരുനാട്	–	4	,,
4.	പെരുന്തേനരുവി	–	6	,,
5.	മണിയാർ	–	12	,,

6.	ഉള്ളുങ്കൽ	–	7	,,
7.	കാരിക്കയം	–	10.5	,,
	ആകെ		**429.5**	**മെഗാവാട്ട്**

ചെറുകിട ജലവൈദ്യുതപദ്ധതികൾ

സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളെപ്പറ്റി സാധ്യതാ പഠനം നടത്തിവരുന്നു. അനേകം ചെറുകിട ജലവൈദ്യുതപദ്ധതികൾ തുടങ്ങുവാൻ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുവാൻ ശ്രമിച്ചുവരികയാണ്. ഈ പദ്ധതികൾ മൂലം വൈദ്യുതി ഉല്പാദിപ്പിക്കുകയും ഒപ്പംതന്നെ ഇതിൽനിന്നു പുറത്തുവിടുന്ന ജലം കാർഷിക മേഖലയ്ക്കും മറ്റും പ്രയോജനകരവുമാണ്. കൂടാതെ ടൂറിസവികസനത്തിന് പറ്റിയ തരത്തിലാണ് നമ്മുടെ പദ്ധതിപ്രദേശങ്ങൾ എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. പെരുന്തേനരുവി ഇതിന് മകുടോദാഹരണമാണ്. ഇതിന്റെ ഭാഗമായി നമ്മുടെ ജില്ലയിലും പഠനം നടത്തി അനവധി ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പുതിയ വൈദ്യുതി പദ്ധതികളുടെ സാധ്യതകൾ

താഴെ പറയുന്ന പദ്ധതികളിൽ നിന്ന് 82.5666 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ ഉള്ള സാധ്യത കണ്ടെത്തിയിട്ടുണ്ട്.

1.	അരുവിക്കുഴി	–	80	കിലോവാട്ട്
2.	കൊക്കാത്തോട്	–	630	കിലോവാട്ട്
3.	മീൻമുട്ടുപാറത്തോട്	–	330	കിലോവാട്ട്
4.	പാറത്തോട്	–	230	കിലോവാട്ട്
5.	തോക്കുതോട്	–	510	കിലോവാട്ട്
6.	ചെന്താമരകൊക്ക	–	3.25	മെഗാവാട്ട്
7.	മുണ്ടാമൂഴി	–	4	മെഗാവാട്ട്
8.	പാലക്കുഴി	–	6	മെഗാവാട്ട്
9.	പെങ്കി	–	4	മെഗാവാട്ട്
10.	നിലക്കൽ	–	5	കിലോവാട്ട്
11.	ടിൻകല്ലാർ	–	60	മെഗാവാട്ട്
12.	പനംകുടന്ത	–	830	കിലോവാട്ട്
13.	കുറുമ്പെട്ടി	–	2.7	മെഗാവാട്ട്

(സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ അനുമതി കൊടുത്തിട്ടുണ്ട്)

ആകെ **82.566 മെഗാവാട്ട്**

ഹൈഡൽ ടൂറിസം

ജലവൈദ്യുതി പദ്ധതികളാൽ സമൃദ്ധമായ ജില്ലയിൽ ഹൈഡൽ ടൂറിസത്തിൽ വളരെയേറെ സാധ്യതയാണുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടത്തി കൊണ്ടിരിക്കുന്ന പദ്ധതികളിൽ ഒന്നായ ഹൈഡൽ ടൂറിസം പദ്ധതി മൂഴിയാർ, കക്കി, പമ്പ, ഗവി ഡാമുകളിൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിൽ കുട്ടവഞ്ചി സവാരിയും ബോട്ടിംഗും ഏർപ്പെടുത്തുകയും വിനോദസഞ്ചാരികൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങളും ഒരുക്കുകയും ജില്ലയിലെ വന മേഖലേകളിലൂടെയുള്ള യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്താൽ ഈ പദ്ധതി ജില്ലയ്ക്ക് വളരെയേറെ പ്രയോജനം

ചെയ്യുന്നതുമാണ്. പെരുന്തേനരുവി പദ്ധതിയിൽ ബോട്ടിംഗും കുട്ടവഞ്ചി സവാരിയും ഹൈഡൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ പത്തനംതിട്ട ജില്ലയിലെ ടൂറിസം മേഖലയിൽ വളരെയേറെ ഗുണകരമായിരിക്കും.

പ്രസരണമേഖല

പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രാൻസ്ഗ്രിഡ് സ്കീമിൽ കിഫ്ബിയുമായി ചേർന്ന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിലേയ്ക്കുള്ള കുറ്റമറ്റ പ്രസരണ സംവിധാനം ആസൂത്രണം ചെയ്യേണ്ടതാണ്. വരും വർഷങ്ങളിലെ വൈദ്യുതി ആവശ്യത്തെക്കുറിച്ച് കേന്ദ്രവൈദ്യുത അതോറിറ്റി (CEA) യുടെ കണക്കുകൂട്ടലുകളും നിഗമനങ്ങളും കഴിഞ്ഞകാല ഉല്പാദന-ഉപഭോഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുട്ടുള്ളതാണ്. ഈ രംഗത്ത് ശാസ്ത്രീയ രീതിയിലുള്ള ഒരു പഠന ദൗത്യം ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക സാമൂഹിക ചുറ്റുപാടുകളിലെ മാറ്റങ്ങൾ, വികസനം, ആധുനിക സംവിധാനങ്ങളുടെ ലഭ്യത, വാണിജ്യ വ്യവസായ രംഗത്തെ പുതിയ ചലനങ്ങൾ, ഗാർഹിക ഉപഭോഗ രീതിയിലുണ്ടാകുന്ന മാറ്റങ്ങൾ, വൈദ്യുതിയാവശ്യത്തിന്റെ സ്വാഭാവവും ഈടാക്കുന്ന നിരക്കും തമ്മിൽ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത, തുടങ്ങിയ കാര്യങ്ങൾ ഈ പഠനത്തിൽ പരിശോധനാവിധേയമാക്കും. എത്ര വൈദ്യുതി, എവിടെ ഏതു രീതിയിൽ ഉല്പാദിപ്പിക്കണമെന്നും പ്രസരണം ചെയ്യണമെന്നും കൃത്യതയോടെ നിശ്ചയിക്കാൻ ഇത്തരത്തിലുള്ള പഠനം സഹായകമാകും.

പത്തനംതിട്ട ജില്ലയിലെ വൈദ്യുത പ്രസരണ ലൈനുകളുടെ നീളം ചുവടെ ചേർക്കുന്നു.

220 കെ.വി.ലൈൻ – 158.50 സർക്യൂട്ട് കി.മീ.

110 കെ.വി ലൈൻ – 69 സർക്യൂട്ട് കി.മീ.

66 കെ.വി.ലൈൻ – 85 സർക്യൂട് കി.മീ.

പട്ടിക-4.62

പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള സബ് സ്റ്റേഷനുകൾ

ക്രമ.നം	സബ്സ്റ്റേഷന്റെ പേര്	വോൾട്ടേജ് റേഷ്യോ	എം.വി.എ
1	കോഴഞ്ചേരി	110/11	22.5
2	പത്തനംതിട്ട	110/11	69.5
3	മല്ലപ്പള്ളി	110/11	38.5
4	കൂടൽ	110/11	25
5	റാന്നി	110/11	25
6	കക്കാട്	110/11	25
7	തിരുവല്ല	66/11	20
8	അടൂർ	66/11	20
9	ചുമത്ര	66/11	16.3
10	ത്രിവേണി	66/11	8
11	കൊച്ചുപമ്പ	66/11	8
12	കോന്നി	33/11	10
13	കടപ്ര	33/11	10
14	റാന്നി-പെരുനാട്	33/11	5
15	കുമ്പനാട്	33/11	10

പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സബ് സ്റ്റേഷനുകളും ലൈനുകളും

1. പെരുന്തേനരുവി 33 കെ.വി സബ് സ്റ്റേഷൻ
2. പന്തളം 33 കെ.വി സബ് സ്റ്റേഷൻ
3. 110 കെ.വി സബ് സ്റ്റേഷന്റെ നിലവാരത്തിൽ നിർമ്മിക്കുന്ന ഏനാത്തിലെ 66 കെ.വി സബ്സ്റ്റേഷൻ
4. ഇടപ്പോൺ സബ് സ്റ്റേഷനിൽ നിന്നും പന്തളം സബ് സ്റ്റേഷനിലേക്ക് വലിക്കുന്ന 6.5 കി.മീ. 33 കെ.വി ലൈൻ.
5. 110 കെ.വി ലൈനിന്റെ നിലവാരത്തിൽ അടൂരിൽ നിന്നും ഏനാത്ത് സബ് സ്റ്റേഷനിലേക്ക് വലിക്കുന്ന 11.04 കി.മീ 66 കെ.വി ലൈൻ.

ജില്ലയിലെ വൈദ്യുതി പ്രസരണത്തിനായി ഇപ്പോൾ ആലപ്പുഴ ജില്ലയിലെ ഇടപ്പോൺ 220 കെ.വി സബ് സ്റ്റേഷനിൽ നിന്നുമുള്ള പത്തനംതിട്ട 110 കെ.വി 1 ഉം 2 ഉം ഫീഡറുകളെയാണ് ആശ്രയിക്കുന്നത്. ഇടപ്പോൺ സബ്സ്റ്റേഷനിൽ എന്തെങ്കിലും സാങ്കേതിക തകരാറുകൾ സംഭവിച്ചാൽ പത്തനംതിട്ട ജില്ല മുഴുവനും ഇരുട്ടിലാകുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ഇതിനൊരു പരിഹാരമായി കൂടൽ പത്തനംതിട്ട 66 കെ.വി ലൈൻ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി.ലൈൻ ആക്കുകയോ, ഇടപ്പോൺ കോഴഞ്ചേരി 66.കെ.വി ലൈൻ അപ്ഗ്രേഡ് ചെയ്ത് 110 കെ.വി ലൈൻ ആയി മാറ്റുന്ന പ്രവൃത്തികൾ അടിയന്തിരമായി ചേയ്യേണ്ടതാണ്.

ട്രാൻസ്ഗ്രിഡ്

കേരളത്തിലെ വൈദ്യുതി ഉൽപാദന നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി ഫലപ്രദമായി പ്രസരണം നടത്തുന്നതിനും സംസ്ഥാനത്തിനു പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനും സംസ്ഥാനത്ത് ഭാവിയിൽ വരാൻ സാദ്ധ്യതയുള്ള വിവിധ തരം ഊർജ്ജ ഉത്പാദന കേന്ദ്രങ്ങളെ ഗ്രിഡുമായി ബന്ധിപ്പിക്കുവാനും വേണ്ടി കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്.

പത്തനംതിട്ട ജില്ലയിൽ ട്രാൻസ്ഗ്രിഡിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

1. കക്കാട് 220 കെ.വി സബ് സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം
2. പത്തനംതിട്ട 220 കെ.വി സബ്സ്റ്റേഷൻ
3. 220 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ശബരിഗിരി–ഇടമൺ ലൈൻ പാടത്തുനിന്നും ടാപ്പ് ചെയ്ത് കൂടൽ സബ്സ്റ്റേഷൻ എത്തിച്ച് കൂടലിൽ നിന്നും പത്തനംതിട്ടയ്ക്ക് 220/110 കെ.വി മൾട്ടി സർക്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ
4. ഇടപ്പോണിൽ നിന്നും അടൂർ സബ് സ്റ്റേഷൻ വഴി പത്തനംതിട്ടയ്ക്ക് 220/110കെ.വി മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണം.

പ്രസരണമേഖലയിലെ പ്രശ്നങ്ങൾ

5. കേരളത്തിലെ വർദ്ധിച്ചു വരുന്ന വൈദ്യുതി തടസ്സങ്ങളില്ലാതാക്കാൻ അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കണ്ണികൾ ഇനിയും ആവശ്യമാണ്. പ്രധാനപ്പെട്ട അന്തർ സംസ്ഥാന പ്രസരണ ഇടനാഴികൾ 400 കെ.വി വോൾട്ടേജുമായിട്ടുള്ളതാണ്. ഇതോടൊപ്പം 220 കെ.വി വോൾട്ടേജുള്ള ഇടമൺ, കണിയാംപറ്റ എന്നിവിടങ്ങളിലുള്ള കണ്ണികളും ചില 110 കെ.വി വോൾട്ടേജിലുള്ളതായ ദുർബലമായ കണ്ണികളുമുണ്ട്. പത്തനംതിട്ട ജില്ലയിൽകൂടി കടന്നുപോകുന്ന തിരുന്നൽവേലി –

ഇടമൺ – കൊച്ചി 400 കെ.വി പ്രസരണ ഇടനാഴിയുടെ നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുകയാണ്. പുറത്തുനിന്നും ആവശ്യാനുസരണം വൈദ്യുതി കൊണ്ടുവരുന്നതിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ കേരളത്തിൽ ഉടനീളം പ്രസരണ ശേഷി വർദ്ധിപ്പിക്കേണ്ടതായി ചെയ്യേണ്ടതുണ്ട്.

6. കേരളത്തിന്റെ വൈദ്യുതി ഉപയോഗത്തിൽ 70 ശതമാനം ഗാർഹിക ഉപഭോക്തൃ മേഖലകളിൽ ആണെന്നതിനാൽ വൈകിട്ട് 6 മണിമുതൽ 10 വരെയും രാവിലെ 7 മണി മുതൽ 10 മണിവരെയും മറ്റ് സമയങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന വൈദ്യുതി ആവശ്യം നമ്മുക്കുണ്ട്. കേരളത്തിന്റെ ഭാവി വൈദ്യുത ഉത്പാദന സ്രോതസ്സുകളും വിതരണ ശൃംഖലയും ആസൂത്രണം ചെയ്യുമ്പോൾ ഈ പ്രത്യേകതയും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

7. എയർകണ്ടീഷൻ, ഫാൻ, ഫ്രിഡ്ജ് തുടങ്ങിയ സുഖസൗകര്യ ഉപകരണങ്ങളുടെ ഉപയോഗം ഈ സമയങ്ങളിൽ കുറവ് വരുത്തിയാൽ ഏകദേശം 500 മെഗാവാട്ട് വരെ ഉപയോഗം കുറവ് വരുത്താവുന്നതാണ്. ദിവസത്തിന്റെ ഭൂരിഭാഗം സമയത്തും വർഷത്തിലെ ഭൂരിഭാഗം മാസങ്ങളിലും ഇത് മൂലം പ്രസരണ വിതരണ ശേഷിയുടെ അളവിന്റെ ചെറിയ ശതമാനം മാത്രമേ ഉപയോഗപ്പെടുന്നുള്ളൂ.

8. കേരളത്തിൽ കൽക്കരി വൈദ്യുതി നിലയത്തിന്റെ സാധ്യതകൾ പഠിക്കുമ്പോൾ, തദ്ദേശിയ കൽക്കരി, വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുന്ന സാധ്യതകൾ, ചാരം ഉപയോഗപ്പെടുത്താനുള്ള ആവശ്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. വിദേശ കൽക്കരി പൊതുവിൽ കുറഞ്ഞ ചാരത്തിന്റെ അളവും ഉയർന്ന ഊർജ്ജ ക്ഷമതയും പ്രദാനം ചെയ്യുന്നതാണ്.

9. പശ്ചിമഘട്ട മലനിരകളുടെ പാരിസ്ഥിതിക പ്രാധാന്യത്തിന്റെ പശ്ചാതലത്തിൽ ജലവൈദ്യുതിയുടെ വികസനം അങ്ങേയറ്റം പ്രയാസം നേരിടുകയാണ്. എന്നാൽ ഇതിനകം അനുമതി ലഭിച്ച് കഴിഞ്ഞ ഇടത്തരം ജലവൈദ്യുത പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും പുതുക്കാവുന്ന ഈ ഊർജ്ജ രൂപം കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിൽ നിർണ്ണായകമാണെന്ന് ഐ.പി.സി.സി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ജലവൈദ്യുതി പദ്ധതികൾ ഏറ്റവും കുറവ് ഹരിതഗ്രഹ വാതകം പുറന്തള്ളൽ മാത്രമാണ് നടത്തുന്നത് എന്ന് ഐ.പി.സി.സി അംഗീകരിക്കുന്നുണ്ട്. മറ്റ് പുനരുപയോഗം സ്രോതസ്സായ സൗരോർജ്ജം, കാറ്റ് എന്നിവയെക്കാളും കുറവാണ്.

10. പശ്ചിമഘട്ട മലനിരകളിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ച കാറ്റാടി പാടങ്ങളും, ഉദ്ദേശനിലയിൽ മുന്നോട്ട് പോയിട്ടില്ല. ചെറുകിട ജലവൈദ്യുത പദ്ധതികൾ പശ്ചിമഘട്ടത്തിൽ സ്ഥാപിക്കണം എന്നതിലപ്പുറം ചെലവേറി വരുന്നുവെന്ന പ്രയാസം കൂടി അഭിമുഖീകരിക്കേണ്ടതുണ്ട്. ചിലവ് ചുരുക്കത്തിന് മികച്ച രൂപകൽപ്പനകളും ഉപകരണങ്ങളുടെ സെലക്ഷനും വഴി കഴിയണം. സൗരോർജ്ജ മേഖലയുടെ വളർച്ച മികച്ച സാധ്യതകൾ തുറക്കുന്നുണ്ടെങ്കിലും കേരളത്തിലെ സ്ഥലപരിമിതികളുടെ പശ്ചാതലത്തിൽ വിവേന്ദ്രീകരവും ഉപഭോഗ ചുറ്റുപ്പാടുകളിലോ പുരപ്പുറത്തോ ഉള്ള സാധ്യതകളാണ് ഉള്ളത്. സൗരോർജ്ജം ഒഴികെയുള്ള പുനരുപയോഗ സ്രോതസ്സുകളുടെ എല്ലാം ചിലവ് ഗണ്യമായി വർദ്ധിച്ചു വരികയാണെന്ന് കണക്കിലെടുക്കണം.

11. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഊർജ്ജ സാന്ദ്രതയേറിയ തോറിയം ഉൽപന്നങ്ങൽ സമ്പുഷ്ടമാണെങ്കിലും ഇന്ത്യയുടെ മൂന്നാംഘട്ട ആണവ പരിപാടി പ്രവർത്തനക്ഷമമാക്കുന്ന മുറയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയൂ. മാത്രമല്ല ജനസാന്ദ്രതയേറിയ കേരളത്തിൽ ആണവ നിലയങ്ങൾ സ്ഥാപിക്കുന്നതിന് മുൻകരുതലുകൾ തത്ത്വമനുസരിച്ച് ശക്തമായ എതിർപ്പും സംസ്ഥാനത്ത് ഉണ്ടാകും.

12. ഉടനടിയുള്ളതും ഇടക്കാലത്തേക്കുമുള്ളതുമായ വൈദ്യതോർജ്ജങ്ങളുടെ ആവശ്യകത സാമ്പ്രദായക ഊർജ്ജ രൂപങ്ങളായ കൽക്കരി, പ്രകൃതി വാതകം, ജലം എന്നിവയുടെ വർദ്ധിച്ച ഉപയോഗം വഴിയും, സൗരോർജ്ജം, കാറ്റാടി നിലയങ്ങൾ എന്നിവ ദ്രുതഗതിയിൽ വികസിപ്പിച്ചും നിറവേറ്റേണ്ടതുണ്ട്. ഏതാണ്ട് 600 കീ.മീ കടൽ തീരമുള്ള കേരളത്തിന് തീരത്തോട് അടുത്ത് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. രാത്രിയിലും ഇതിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്നതാണ്. രാത്രികാലത്തേക്കുള്ള അധിക വൈദ്യുതി ഇതിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. സാങ്കേതിക വിദ്യയുടെ വികാസം ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കാവുന്ന ഊർജ്ജ രൂപങ്ങളിലേക്ക് ദീർഘകാലാടിസ്ഥാനത്തിൽ മാറാൻ ആവശ്യമായ അടിത്തറയും ഇപ്പോൾ തന്നെ ഒരുക്കണം.

13. ഊർജ്ജ ക്ഷമതയേറിയ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് പരിമിതമായ വിഭവങ്ങൾ കൊണ്ട് ആവശ്യകത പൂർണ്ണമായി നിറവേറ്റാനുള്ള പരിശ്രമത്തിൽ മുഖ്യപങ്ക് വഹിക്കേണ്ട കർമ്മ പരി

പാടിയാണ്. മെച്ചപ്പെട്ട ക്ഷമതയുള്ള സി.എഫ്.എൽ – കളുടെ പ്രോത്സാഹനം 2010–ൽ ഈ ദിശയിലുള്ള മികച്ച കാൽവെയ്പ്പായിരുന്നു. ഇപ്പോഴാകട്ടെ അടുത്തഘട്ടമായി എൽ.ഇ.ഡി ബൾബുകളിലേക്ക് വൻതോതിൽ മാറാൻ കഴിയുന്നനിലയിൽ സാങ്കേതിക വിദ്യ പക്വമായിരിക്കുന്നു. ഇത് തുല്യ പ്രാധാന്യത്തോടെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. വാട്ടർ പമ്പുകൾ, ഫാനുകൾ എയർകണ്ടീഷണറുകൾ, റഫറിജേറ്ററുകൾ എന്നിവയുടെ ക്ഷമത കൂടിയവയിലേക്കുള്ള മാറ്റം, വ്യവസായിക കാർഷിക മേഖലകളിലും ഊർജ്ജക്ഷമതയേറിയ ഉപകരണങ്ങളുടെ ഉപയോഗം നിർബ്ബന്ധമാക്കേണ്ടതുണ്ട്.

വിതരണമേഖ

സംസ്ഥാനത്തെ പ്രസരണ വിതരണ നഷ്ടം 12% ആണ്. ഇതിൽ സിംഹഭാഗവും വിതരണ മേഖലയിലാണ്. ഈ നഷ്ടം കുറച്ച് ഉദ്ദേശം 10 ശതമാനത്തിൽ താഴെ എത്തിക്കാൻ ഊർജ്ജിതശ്രമം നടത്തുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഹൈടെൻഷൻ ലോടെൻഷൻ ലൈനുകളുടെ അനുപാതം 1:5 ആണ്. പ്രസരണ നഷ്ടത്തിന്റെ വർദ്ധമാനമായ അളവിന് ഒരു പ്രധാന കാരണം ഈ അനുപാതമാണ്. യഥാർത്ഥത്തിൽ വികസിത രാജ്യങ്ങളിലെല്ലാം ഈ അനുപാതം 1:1 ഓ അതിനടുത്തോ ആണ്. പുതിയ 11 കെ.വി ലൈനുകൾ സ്ഥാപിച്ചും നിലവിലുള്ളവ പുന:ക്രമീകരിച്ചും വിതരണ ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിച്ചും വിതരണ സാങ്കേതിക സംവിധാനത്തിന്റെ നിലവാരം ഉയർത്തിയും വൈദ്യുതി നഷ്ടം പടിപടിയായി കുറച്ചുകൊണ്ടുവരികയാണ്. ആത്യന്തികമായി പ്രാരംഭഘട്ടത്തിൽ കൂടുതൽ 11 കെ.വി ലൈനുകൾ സ്ഥാപിച്ച് ചുരുങ്ങിയ ദൂരപരിധിക്കുള്ളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം ലളിതവും കാര്യക്ഷമവുമാക്കാൻ പദ്ധതികൾ തയ്യാറായിക്കഴിഞ്ഞു. (കേടായവ മാറ്റിവയ്ക്കൽ, അറ്റകുറ്റപ്പണികൾ തുടങ്ങിയവ ലളിതമാക്കാൻ ഈ പ്രക്രിയ സഹായകമാണ്.)

തടസ്സമില്ലാത്തതും ഗുണനിലവാരമുള്ളതുമായ വൈദ്യുതി ലഭ്യമാകുവാൻ പട്ടണങ്ങളിലും, മറ്റു പ്രധാന സ്ഥലങ്ങളിലും നിലവിലുള്ള 11 കെ.വി ലൈനുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് റിങ്ങ്മെയിൻ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

വൈദ്യുതി പദ്ധതി – 2017–2022– ആമുഖം

സംസ്ഥാന ഗവൺമെന്റിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി വളരെ വിജയകരമായി ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. 5613 കണക്ഷനുകൾ ഈ പദ്ധതിയിൽ നൽകുകയുണ്ടായി. ജില്ലയിലെ 5 നിയമസഭാ മണ്ഡലങ്ങളിലായി ടി പദ്ധതി നടപ്പിലാക്കുന്നതിന് 5.39 കോടി രൂപ ചെലവായിട്ടുണ്ട്. ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം നേടിയതിന്റെ പ്രഖ്യാപനം 06.05.2017–ാം തീയതി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണി അവറുകൾ നടത്തുകയുണ്ടായി. ജില്ലയിലെ ബഹുമാനപ്പെട്ട എം.പി.മാർ, എം.എൽ.എ മാർ., ജനപ്രതിനിധികൾ, റവന്യൂ അധികാരികൾ മറ്റ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ എന്നിവരുടെ കൂട്ടായ പ്രവർത്തന ഫലമായാണ് ടി പദ്ധതി വിജയകരമായത്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തിയായതോടുകൂടി കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തിയാക്കി. ഈ ലക്ഷ്യത്തിലെത്തുന്ന ഭാരതത്തിലെ ആദ്യത്തെ വൈദ്യുതി വിതരണ കമ്പനി എന്ന അഭിമാനകരമായ നേട്ടം കൈവരിക്കാൻ കേരള സംസ്ഥാന ഇലക്ട്രിസിറ്റ് ബോർഡ് ലിമിറ്റഡിന് സാധിച്ചു. വൈദ്യുത പദ്ധതികളുടെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിജയമായി വിലയിരുത്തപ്പെടുന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ വിജയം. എന്നാൽ, എല്ലാവർക്കും വൈദ്യുതി നൽകുക എന്ന കേവലമായ ലക്ഷ്യത്തിനപ്പുറം വൈദ്യുതി ഉന്നതമായ ഗുണ നിലവാരത്തോടെ, തടസ്സമില്ലാതെ, മികച്ച സേവനം വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുക എന്ന പ്രധാനപ്പെട്ട ലക്ഷ്യത്തിലേക്ക് എത്താനുള്ള ആസൂത്രണ പരിപാടികളാണ് വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പോകുന്നത്. എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരത്തിലും സേവനത്തിലും ഇനിയും വളരെയേറെ മുന്നേറേണ്ടതായിട്ടുണ്ട്. ഇതിനായി കൂടുതൽ വൈദ്യുതി പ്രസരണ വിതരണ സംവിധാനങ്ങൾ കൂട്ടി ചേർക്കുന്നതിനോടൊപ്പം നിലവിൽ ഉള്ള വൈദ്യുതി പ്രസരണ വിതരണ സംവിധാനത്തിന്റെ പരിപാലനം കാര്യക്ഷമവും കുറ്റമറ്റതും ആക്കാനുള്ള പദ്ധതികളാണ് കൂടുതലായി വിഭാവനം ചെയ്യേണ്ടത്. ചെറിയ അതിർത്തി കേന്ദ്രീകൃതമായ വികസന ആസൂത്രണം എന്ന പഴയ രീതി ഉപേക്ഷിച്ച് വൈദ്യുതി വികസനത്തിന്റെ വിശാല ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ വൈദ്യുത സർക്കിളുകൾ കേന്ദ്രീകരിച്ച്

സാങ്കേതിക വിദഗ്ദരുടെ പ്രത്യേക സമതി (Project Management Unit) രൂപവത്കരിക്കുകയും വൈദ്യുത വികസന പദ്ധതികളുടെ രൂപവത്കരണം മുതൽ പൂർത്തിയാക്കൽ വരെയുള്ള എല്ലാ ഘട്ടങ്ങളിലും സൂക്ഷമമായ മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്യും.

വൈദ്യുതി വിതരണ ഗുണമേന്മയിൽ നഗരങ്ങൾക്ക് തുല്യമായ അവസ്ഥയിലേക്ക് ഗ്രാമ പ്രദേശങ്ങളെയും എത്തിക്കുക എന്ന പദ്ധതി ആസുത്രണത്തിന്റെ പ്രധാന ലക്ഷ്യമാണ്. വൈദ്യുത പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, കുറ്റമറ്റ വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുക, പാരമ്പര്യേതര ഊർജ്ജസ്രോതസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കൊപ്പം സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകൃതമായി തന്നെ തുടരുന്നു എന്ന് ഉറപ്പുവരുത്തുക എന്നിവയും 2018 മുതൽ 2022 വരെയുള്ള പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 19-ാം പവർ സർവേയിൽ കണ്ടെത്തിയ 2022 ലെ ഉത്പാദന ലക്ഷ്യമായ 5363 മെഗാവാട്ട് വൈദ്യുതി എന്ന ലക്ഷ്യത്തിലെത്താൻ വേണ്ട ആസുത്രണവും പദ്ധതികളുടെ നടത്തിപ്പും സന്നിവേശവും ഉൽപ്പെടെയുള്ള വിശാല ലക്ഷ്യങ്ങൾ ബൃഹത്തായ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി ശ്രൃംഖല ആസൂത്രണ സമിതി

വൈദ്യുതി വിതരണ സർക്കിളുകൾ തന്നെ വൈദ്യുത വികസന പദ്ധതികളുടെ അടിസ്ഥാന മേഖലയായി നിർവചിച്ചുകൊണ്ടുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുമ്പോൾ വികസന പദ്ധികളുടെ നേതൃത്വം അതിനായി സമർപ്പണം ചെയ്യപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിലുള്ള സമിതി മുഖേന നടപ്പിലാക്കുന്നതാകുന്നു.

പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായുള്ള കർമ്മ പദ്ധതി

1. നിലവിലുള്ള 11/22 കെ.വി. നിലവാരത്തിലെ പ്രസരണികളുടെ ഭൗമതല വിവരശേഖരണം അതിനായി തയ്യാറാക്കിയ ജിപിഎസ് ൽ അടിസ്ഥനമാക്കിയ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഉപയോഗിച്ച് ചെയ്യുന്നതാണ്.

2. മാപ്പ് ചെയ്യപ്പെട്ട പ്രസരണ വിതരണ ലൈനുകളിലെ ലോഡ് സെന്ററുകളെ തിരിച്ചറിയുകയും ലോഡ്സെന്ററുകളിലേക്ക് ഒന്നിലധികം സബ്സ്റ്റേഷനുകളിൽ നിന്ന് ഒന്നിലധികം ഫീഡറുകൾ വൈദ്യുതി എത്തിക്കത്തക്കവിധം ശ്രൃംഖല ആസൂത്രണം ചെയ്യുകയും ചെയ്യണം(100% feeder redundancy)
3. വൈദ്യുത തടസ്സങ്ങളുടെ സ്ഥിതി വിവരകണക്കുകൾ പഠിക്കുകയും കൂടുതൽ തടസമുള്ള മേഖലകൾ തിരിച്ചറിയുകയും വൈദ്യുത തടസ്സം ഇല്ലാതെയാക്കുവാനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം.
4. വൈദ്യുത ശ്രൃംഖലയിലെ ശക്തിക്ഷയ മേഖലകൾ മനസ്സിലാക്കി പ്രസ്തുത മേഖലകളെ ശാക്തീകരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കണം.
5. വൈദ്യുത മേഖല ശാക്തീകരണ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായ തടസരഹിതമായ ഗുണമേന്മയോട് കൂടിയുള്ള വൈദ്യുതി ഉപഭോക്താക്കൾക്കു നൽകത്തക്കവിധം വൈദ്യുത പ്രസരണ വിതരണ സംവിധാനം ആസൂത്രണം ചെയ്യേണ്ടത്. ഉന്നത വോൾട്ടേജ് ലൈൻ കടന്നു പോകുന്ന ഏത് മേഖലയിലും ഒന്നിലധികം ഫീഡിംഗുകൾ ഉറപ്പു വരുത്തണം. സബ്സ്റ്റേഷനുകളുമായുള്ള കണക്ടിവിറ്റി ഉണ്ടാക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യണം.
6. വൈദ്യുതി നഷ്ടം കുറയ്ക്കാനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, UDAY, PAT തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നയരേഖയുടെ അടിസ്ഥാനത്തിൽ രൂപികരിക്കുകയും മാർഗരേഖകൾ അനുസരിച്ചു തന്നെ പൂർത്തിയാക്കുകയും വേണം.
7. വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുകയും നിലവിലുള്ള സുരക്ഷാ പദ്ധതികളിലെ പാളിച്ചകൾ കണ്ടെത്തി അവ ആവർത്തിക്കാതിരിക്കാനുള്ള പഴുതടച്ചുള്ള സുരക്ഷാരീതികൾ അവലംബിക്കുകയും വേണം.

പത്തനംതിട്ട ജില്ലയിലെ വിതരണ മേഖലയിലെ നിലവിലെ സ്ഥിതി

ഇലക്ട്രിക്കൽ സെക്ഷനുകൾ		–	31 എണ്ണം
ആകെ ഉപഭോക്താക്കൾ	എൽ.ടി	–	452840
	എച്ച്.ടി	–	166
11 കെ.വി ലൈൻ		–	3359.44 കി.മീ
എൽ.ടി ലൈൻ		–	20847.7 കി.മീ
ട്രാൻസ്ഫോർമറുകൾ		–	3281 എണ്ണം
ശരാശരി മാസം വൈദ്യുത ഉപഭോഗം		–	51 മില്യൺ യൂണിറ്റ്
ആകെ കണക്ടഡ് ലോഡ്		–	1088.06 മെഗാവാട്ട്
ശരാശരി മാസ റവന്യൂ വരവ്		–	2162.34 ലക്ഷം

നിലവിലുള്ള വൈദ്യുത വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ് എന്നിവയിൽപ്പെടുത്തി നിരവധി പ്രവൃത്തികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

ദീനദയാൽ ഉപോദ്യായ ഗ്രാമീണജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)

വൈദ്യുത കണക്ഷനുകൾ	–	6849 എണ്ണം
11 കെ.വി ലൈൻ	–	80.25 കി.മീ
എൽ.ടി ലൈൻ	–	155.82 കി.മീ
എൽ.ടി എ.ബി.സി	–	412.38 കി.മീ
എൽ.ടി മീറ്ററിംഗ്	–	17633 എണ്ണം
മീറ്റർ ഷിഫ്റ്റിംഗ്	–	9520 എണ്ണം

എന്നിവ ഉൾപ്പെടെ 2295.333 ലക്ഷം രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഐ.പി.ഡി.എസ്

പുതിയ 100 കെ.വി ട്രാൻസ്ഫോർമറുകൾ	–	23 എണ്ണം
എൽ. ടി ലൈൻ കൺവർഷൻ	–	5 കി.മീ
11 കെ.വി എ.ബി.സി ലൈൻ	–	59.425കി.മീ
11 കെ.വി ലൈൻ റികണ്ടക്റ്ററിംഗ്	–	5 കി.മീ
എച്ച്.വി.ഡി.എസ്	–	99 എണ്ണം

എന്നിവ ഉൾപ്പെടെ 2472.281 ലക്ഷം രൂപയുടെ പദ്ധതികളാണ് വിതരണ മേഖലയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

വൈദ്യുതി വിതരണ മേഖലയുടെ പത്തനംതിട്ട ജില്ലാതല ആസൂത്രണ സമിതിയായ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നടത്തിയ പഠനത്തിൽ നിന്നും ജില്ലയിൽ 2018–19 മുതൽ 2021–22 വരെ ഊർജ്ജ മേഖലയിൽ ചേയ്യേണ്ടതായ പ്രധാനപ്പെട്ട ജോലികളുടെ വിവരങ്ങൾ താഴെ പറയുന്നവയാണ്.

1. 11 കെ.വി ഓവർ ഹെഡ് ലൈനുകളുടെ നിർമ്മാണം 385 കി.മീ.
2. 11 കെ.വി ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി) ലൈൻ നിർമ്മാണം 117 കി.മീ
3. 11 കെ.വി ഭൂഗർഭ കേബിൾ നിർമ്മാണം (യു.ജി.സി) 11 കി.മീ
4. വിതരണ ട്രാൻസ്ഫോർമറുകളുടെ പ്രതിഷ്ഠാപനം 58 എണ്ണം
5. 11 കെ.വി ലൈനുകളിലെ പഴയകമ്പികൾ മാറ്റി പുതിയകമ്പികൾ സ്ഥാപിക്കുന്ന ജോലികൾ 156കി.മീ.
6. ലോ ടെൻഷൻ ലൈനുകളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകളുടെ പ്രതിഷ്ഠാപനം 20കി.മീ

7. ലോ ടെൻഷൻ ലൈനുകളിലെ പഴയ കമ്പികൾ മാറ്റി പുതിയ കമ്പികൾ സ്ഥാപിക്കുന്ന ജോലികൾ 9286കി.മീ.
8. ലോ ടെൻഷൻ ലൈനുകളിലെ ഒരു ഫേസ് മൂന്ന് ഫേസ് ആക്കി മാറ്റുന്ന ജോലികൾ 875കി.മീ
9. ലോ ടെൻഷൻ ത്രീ ഫേസ് ലൈൻ നിർമ്മാണം 130 കി.മീ

മുകളിൽ പറഞ്ഞിരിക്കുന്ന ജോലികളുടെ പൂർത്തീകരണത്തിന് ഏകദേശം 174 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത അപകട നിവാരണവും ഒരു നിരീക്ഷണ സെന്ററും സ്ഥാപിക്കുന്നത് സംബന്ധിച്ച്.

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു വൈദ്യുതീകരണവും വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗവും. അതേസമയം ഇത് സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ ജീവനും സ്വത്തിനും അപകടങ്ങൾ ഏറെയാണ്. ആയതിനാൽ വൈദ്യുത സുരക്ഷ വളരെ അധികം പ്രാധാന്യം അർഹിക്കുന്നു.

നിലവിൽ സുരക്ഷാ നിയമങ്ങൾ ഉണ്ടെങ്കിലും വൈദ്യുത അപകടങ്ങൾ ദിനംപ്രതി വർദ്ധിച്ച് വരുന്നു. 2013-14 കാലയളവിൽ ഏകദേശം 4000 മാരകമായ വൈദ്യുത അപകടങ്ങൾ ഇന്ത്യയിൽ സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇതിൽ 300 വൈദ്യുത അപകടങ്ങൾ കേരളത്തിൽ തന്നെ സംഭവിച്ചവയാണ്. കൂടാതെ ഇത്രയും തന്നെ, മാരകമല്ലാത്ത വൈദ്യുത അപകടങ്ങളും, 2016-17 കാലയളവിൽ പത്തനംതിട്ട ജില്ലയിൽ 4 fatal ആക്സിഡന്റും ഒരു Non fatal ആക്സിഡന്റും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി വൈദ്യുത സുരക്ഷാ അവബോധവും പരിശീലനവും ജനങ്ങൾക്ക് അടിയന്തിരമായി നൽകേണ്ടതുണ്ട്. വൈദ്യുതി സുരക്ഷയുടെ ഭാഗമായി ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവർക്ക് സൗജന്യമായി ഇ.എൽ.സി.ബി (എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ) സ്ഥാപിക്കുന്നതിനുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ളൈ) 2010 ലെ റെഗുലേഷൻ 6(4), 7(4) പ്രകാരം, എല്ലാ തെർമൽ പവ്വർ ജനറേറ്റിംഗ് സ്റ്റേഷനിലെയും ഹൈഡ്രോ പവ്വർ പ്ളാന്റും അനുബന്ധ സബ്സ്റ്റേഷനുകളും അവരുടെ ഓപ്പറേഷനിലേയും മെയിന്റനൻസിലേയും ജീവനക്കാർക്ക് കേന്ദ്ര ഗവൺമെന്റിന്റേയോ സംസ്ഥാന ഗവൺമെന്റിന്റേയോ അംഗീകാരമുള്ള സ്ഥാപനത്തിലോ സ്വന്തം സ്ഥാപനത്തിലോ പരിശീലം നൽകേണ്ടതാണ്.

ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ടും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സുരക്ഷാ റെഗുലേഷനുകളും നടപ്പാക്കേണ്ടത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പായതിനാൽ വൈദ്യുത അപകട നിവാരണ നിരീക്ഷണ സെന്റർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിയോടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കാവുന്നതാണ്.

ഇന്ത്യയിൽ തന്നെ ഇങ്ങനെയൊരു സെന്റർ ആദ്യമായി തുടങ്ങുന്നതിനാൽ പ്രത്യേകതകൾ ഏറെയാണ്. ഈ സെന്ററിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ എസ് ഇ ബി/ലൈസൻസികൾ, പി ഡബ്ളിയു ഡി, ജനറേറ്റിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ സ്റ്റാഫുകൾ, ടെക്നിക്കൽ ടീച്ചേഴ്സ്, ടെക്നീഷ്യൻസ്, ഇൻഡസ്ട്രിയൽ ജീവനക്കാർ, വയർമെൻ, സൂപ്പർവൈസർമാർ, ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് വൈദ്യുത സുരക്ഷാ അവബോധം നൽകാവുന്നതാണ്.

പ്രസിദ്ധീകരണങ്ങളും ഹ്യസ്വ ചിത്രങ്ങളും

പരിശീലന ആവശ്യങ്ങൾക്കും സുരക്ഷയെപ്പറ്റി അവബോധമുണ്ടാക്കുന്നതിനും വേണ്ടി ലഘുലേഖയും ചലച്ചിത്രങ്ങളും സമൂഹമാധ്യമങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനു വേണ്ടി ഒരു ഇലക്ട്രിക്കൽ സേഫ്ടി മാന്വൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

അനെർട്ടിന്റെ പ്രവർത്തനങ്ങൾ

അനെർട്ടിന്റെ വിവിധ സബ്സിഡി പദ്ധതികളിൽ രജിസ്റ്റർ ചെയ്ത് സബ്സിഡിയോടെ സ്ഥാപിച്ച സിസ്റ്റങ്ങളുടെ വിവരങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സബ്സിഡി സ്വീകരിക്കാതെ സ്ഥാപിച്ച സിസ്റ്റങ്ങളെ സംബന്ധിച്ച് വിശദമായ വിവരശേഖരണം ആവശ്യമാണ്.

സോളാർ ഓഫ്ഗ്രിഡ് പവർ പ്ലാന്റ്

സബ്സിഡി നിരക്കിൽ അനെർട്ടിന്റെ സ്കീമുകളിൽ ഉൾപ്പെടുത്തി ബാറ്ററിയോട് കൂടിയ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Scheme	Total Number of Plants Installed	Total Capacity Installed (KW)
10000 Solar Roof top Programme (2012-2016)	404	404
Solar Roof top Programme 2016-17	65	116

ഊർജ്ജ ഉപസമിതിയുടെ 20.10.2017 ലെ യോഗത്തിലെ തീരുമാനത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ സോളാർ ഓഫ്ഗ്രിഡ് പവർ പ്ലാന്റ്, ബയോഗ്യാസ്സ് പ്ലാന്റുകൾ വിറകടുപ്പുകൾ എന്നിവയുടെ വിവരശേഖരണം നടത്താൻ തീരുമാനിച്ചിരുന്നു. അനെർട്ടിന്റെ പത്തനംതിട്ട ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

ബയോഗ്യാസ് പ്ലാന്റുകൾ

സബ്സിഡി നിരക്കിൽ അനെർട്ടിന്റെ സ്കീമുകളിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Scheme	Total Number of Plants Installed
2012–13	141
2013–14	10
2014–15	242
2015–16	245
2016–17	121

മെച്ചപ്പെട്ട വിറകടുപ്പുകൾ

അനെർട്ട് സബ്സിഡി നിരക്കിൽ സ്കൂളുകളിലേക്കും മറ്റ് പൊതു സ്ഥാപനങ്ങളിലേക്കും കമ്മ്യൂണിറ്റി അടുപ്പുകളും, വീടുകളിലേക്ക് ഗാർഹിക അടുപ്പുകളും നിർമ്മിച്ച് നൽകിയിരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Scheme	Total Number of Domestic Chulha Installed	Total Number of Community Chulha Installed
2012-13	412	65
2013-14	92	60
2014-15	13	28
2015-16	14	30
2016-17	1	6

2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ എസ്.സി, എസ്.റ്റി, ഹൗസ്സിംഗ് സ്കീം എന്നീ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് മാത്രമേ സബ്സിഡി ലഭ്യമായിരുന്നുള്ളൂ.

അക്ഷയ ഊർജ്ജോത്പാദന പ്രോജക്ടുകൾ

സാങ്കേതിക വിശദാംശങ്ങളും, പദ്ധതി നടത്തിപ്പിന് സഹായകരമായ വിവരങ്ങളും

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(എം.എസ്)നമ്പർ 80/2017/തസഭവ തീയതി 03.04.2017 ഉത്തരവിൽ അക്ഷയ ഊർജ്ജോത്പാദന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും ഉൾപ്പെടുത്തിയിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ അക്ഷയ ഊർജ്ജോത്പാദന പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹായകരമായ വിശദവിവരങ്ങൾ താഴെ നൽകുന്നു.

1. ബയോഗ്യാസ് പ്ലാന്റുകൾ (Biogas Plants)

കേരളത്തിൽ ഇന്ന് ഒരു സാമൂഹികാരോഗ്യ പ്രശ്നം തന്നെയായി മാറിയിരിക്കുന്ന, ചീഞ്ഞളിയുന്ന ജൈവമാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും, അതോടൊപ്പം അതിൽ നിന്നും വിലപ്പെട്ട പാചകഇന്ധനമായ ജൈവവാതകം ഉത്പാദിപ്പിക്കാനും സഹായകരമായ ഉപകരണ സംവിധാനമാണ് ബയോഗ്യാസ് പ്ലാന്റുകൾ.

എഫ്.ആർ.പി നിർമ്മിതമായ പോർട്ടബിൾ മാതൃക, ജൈവവാതകം നിറയുന്നതുസരിച്ച് ഉയർന്നുതാഴുന്ന വാതകസംഭരണിയുള്ള ഫ്ളോട്ടിംഗ് മാതൃക പൂർണ്ണമായും ഇഷ്ടികയും കോൺക്രീറ്റും ഉപയോഗിച്ചു നിർമ്മിക്കുന്ന ഫിക്സഡ് ഡോം മാതൃക എന്നിങ്ങനെ ബയോഗ്യാസ് പ്ലാന്റുകൾ പലവിധത്തിലുണ്ട്. ലഭ്യമായ ജൈവമാലിന്യത്തിന്റെ അളവും തരവും അനുസരിച്ചാണ് ഏതുതരത്തിലും വലിപ്പത്തിലുമുള്ള പ്ലാന്റാണ് സ്ഥാപിക്കേണ്ടതെന്നു തീരുമാനിക്കുന്നത്.

0.65, 0.75, 1 എന്നീ ഘനമീറ്റർ പ്രതിദിന ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളും 1 മുതൽ 6 വരെ ഘനമീറ്റർ പ്രതിദിന ശേഷിയുള്ള ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജനകീയാസൂത്രണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കാം. പ്രതിദിനം ഉത്പാദിപ്പിക്കുന്ന ഗ്യാസിന്റെ അളവ് അനുസരിച്ചാണ് പ്രതിദിന ഘനമീറ്റർ ശേഷി കണക്കാക്കിയിരിക്കുന്നത്.

ബയോഗ്യാസ് പ്ലാന്റുകൾ ഊർജ്ജോത്പാദന പ്രോജക്ടായതിനാൽ ഉത്പാദന മേഖലയലിൽ ഉൾപ്പെടുത്താം. വ്യക്തിഗത ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പോർട്ടബിൾ ബയോ

ഗ്യാസ് പ്ലാന്റുകൾക്ക് 50 ശതമാനവും, ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകൾക്ക് 10 ശതമാനവും സബ്സിഡി നൽകാവുന്നതാണ്.

മോഡൽ നമ്പർ	പ്രതിദിന ശേഷി (ഘന മീറ്റർ)	പരമാവധി വില* (രൂപ)	പ്രതിദിനം ആവശ്യമായ ജൈവമാലിന്യം (കിലോ ഗ്രാം)
1	0.65	12,500	3
2	0.75	16000	4
3	1	18000	

മോഡൽ നമ്പർ	പ്രതിദിന ശേഷി (ഘന മീറ്റർ)	മോഡൽ	ഏകദേശ ചെലവ് (രൂപ)	പ്രതിദിനം ആവശ്യമായ ജൈവ മാലിന്യം (കിലോ ഗ്രാം)
1	1	KVIC	23,000	10
2		ദീനബന്ധു ഫെറോ സിമന്റ്	27,000	10
3	2	ദീനബന്ധു ഫെറോ സിമന്റ്	35,000	20
4	3	ദീനബന്ധു ഫെറോ സിമന്റ്	45,000	30
5	4	ദീനബന്ധു ഫെറോ സിമന്റ്	75,000	40
6	6	ദീനബന്ധു ഫെറോ സിമന്റ്	100,000	60

1. അനെർട്ട് ജില്ലാതലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകുന്നവരെ എംപാനൽ ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.
2. നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം തിട്ടപ്പെടുത്തി ഈ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ടിത ടെണ്ടറുകൾ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ട് പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.
3. പ്രാദേശിക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഇതു ലഭ്യമാക്കാൻ അനർട്ട് നടപടി സ്വീകരിക്കുകയാണെങ്കിൽ അവർക്ക് മുൻഗണന നൽകാവുന്നതാണ്.
4. ബയോഗ്യാസ് പ്ലാന്റുകളുടെ സാങ്കേതിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് അനർട്ടിന്റെ സഹായം ലഭ്യമാക്കുന്നതാണ്.
5. ഗുണഭോക്താവിന് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ബാക്ക് എൻഡഡ് സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി ബാങ്ക് വായ്പ അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.
6. ഫിക്സഡ് ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം ഗുണഭോക്താവിന് അനെർട്ട് ലഭ്യമാക്കുന്നതാണ്.

2. മെച്ചപ്പെട്ട വിറകടുപ്പുകൾ (Improved Firewood Cook Stores)

എൽ.പി.ജി അടുപ്പുകളും, ഇൻഡക്ഷൻ അടുപ്പുകളും ഏറെ പ്രചാരത്തിൽ വന്നുകഴിഞ്ഞെങ്കിലും ഇപ്പോഴും കേരളത്തിൽ പാചക ഇന്ധനമായി വിറക് കൂടുതലായി ഉപയോഗിക്കപ്പെടുന്നുണ്ട്. അടുപ്പിൽ കത്തുന്ന വിറകിന്റെ ചൂട് പാഴാക്കാതെ സൂക്ഷിക്കുന്നതിലൂടെ വിറകു ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന സംവിധാനങ്ങളാണ് മെച്ചപ്പെട്ട വിറകടുപ്പുകൾ. ഇവ വിറക് ചെലവ് കുറയ്ക്കുക മാത്രമല്ല പുക അടുക്കളയിൽ പരക്കാതെ പുകക്കുഴലിലൂടെ പുറത്ത് വിടുന്നതിനാൽ പാചകം ചെയ്യുന്നവരുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുന്നു.

ബി.പി.എൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും, സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്കും മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്നതിന് 90% തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സബ്സിഡി നൽകാവുന്നതാണ്. ഒരു അടുപ്പിന്റെ അടിസ്ഥാന വില 3,000 രൂപയാണ്.

- അനെർട്ട് ജില്ലാതലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിച്ചു നൽകുന്നവരെ എംപാനൽ ചെയ്ത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.
- ഈ ലിസ്റ്റിൽ നിന്നുള്ളവർ മുഖേന കരാറിൽ ഏർപ്പെട്ട് അടുപ്പുകൾ സ്ഥാപിക്കാവുന്നതാണ്.

മെച്ചപ്പെട്ട വിറകടുപ്പുകളുടെ സാങ്കേതിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് അനർട്ടിന്റെ സഹായം ലഭ്യമാക്കുന്നതാണ്.

3. സോളാർ വാട്ടർ ഹീറ്റർ (Solar Water Heater)

വീടുകളിലും, ആതുരാലയങ്ങളിലും, ഹോട്ടലുകളിലുമൊക്കെ ഉയർന്ന തോതിൽ വൈദ്യുതിയോ, പാചക ഇന്ധനമോ ചെലവാക്കേണ്ടി വരുന്ന ഒരു ആവശ്യമാണ് വെള്ളം ചൂടാക്കൽ. എന്നാൽ വർഷത്തിൽ മുന്നൂറു ദിവസത്തോളം വെയിൽ കിട്ടുന്ന കേരളത്തിൽ, വളരെ എളുപ്പത്തിൽ ഈ ആവശ്യത്തിനു സൂര്യതാപം ഉപയോഗിക്കാനും അതുവഴി വിലയേറിയ മറ്റ് ഊർജ്ജരൂപങ്ങൾ ലാഭിക്കാനും കഴിയും.

സൂര്യതാപം ഉപയോഗപ്പെടുത്തി വെള്ളം ചൂടാക്കാൻ സഹായിക്കുന്ന ഉപകരണ സംവിധാനമാണ് സോളാർ വാട്ടർ ഹീറ്റർ. നേരിട്ടു വെയിൽ കിട്ടുന്ന മേൽക്കൂരകളിൽ ഇവ സ്ഥാപിക്കാവുന്നതാണ്. സൂര്യതാപം ആഗിരണം ചെയ്യുന്നതിനുള്ള സോളാർ കളക്ടറും ചൂടായ വെള്ളം സൂക്ഷിക്കുന്ന താപരോധിത സംഭരണ ടാങ്കുമാണ് ഇതിന്റെ പ്രധാന ഭാഗങ്ങൾ. ഇതിലേക്ക് ചൂടാക്കാനുള്ള വെള്ളം നൽകുന്ന ടാങ്ക്, സൗരജനതാപിനിയുടെ താപരോധിത സംഭരണ ടാങ്കിനെക്കാൾ ഉയരത്തിലായിരിക്കണം സ്ഥാപിച്ചിരിക്കേണ്ടത്. ഫ്ളാറ്റ് പ്ലേറ്റ് കളക്ടർ (എഫ്.പി.സി), ഇവാക്യൂവേറ്റഡ് ട്യൂബ് കളക്ടർ (ഇ.റ്റി.സി) എന്നിങ്ങനെ രണ്ടു തരത്തിലുള്ള സോളാർകളക്ടറോട് കൂടിയ സോളാർ വാട്ടർ ഹീറ്റർ ലഭ്യമാണ്.

മോഡൽ നമ്പർ	മോഡൽ	അടിസ്ഥാന വില 100 ലിററ്ററിന് (രൂപ)
1	ഫ്ളാറ്റ് പ്ലേറ്റ് കളക്ടർ (എഫ്.പി.സി)	28,000
2	ഇവാക്യൂവേറ്റഡ് ട്യൂബ് കളക്ടർ (ഇ.റ്റി.സി)	18,000

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ ആവശ്യമായിവരുന്ന വാട്ടർ ടാങ്ക്, പ്ലംബിങ് എന്നിവയുടെ ചെലവും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

- അനർട്ട് സംസ്ഥാനതലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചുനൽകുന്നതുവരെ എംപാനൽ ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.
- വ്യക്തിഗത ഗുണഭോക്താവിന് ഈ ലിസ്റ്റിൽ നിന്നും കരാറിൽ ഏർപ്പെട്ട് വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കാവുന്നതാണ്.

4. സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ (Solar Roof top Power Plants)

വീടുകളുടെയും, സ്ഥാപനങ്ങളുടെയും മേൽക്കൂരയിൽ ലഭിക്കുന്ന സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളാണ് സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ. ഈ പദ്ധതി സ്ഥാപിക്കുന്നതിന് ഒരു കിലോ വാട്ട് ശേഷിക്ക് 10 ചതുരശ്ര മീറ്റർ എന്ന നിരക്കിൽ നിഴൽ വീഴാത്തതും ഉറപ്പുള്ളതുമായ മേൽക്കൂര ആവശ്യമാണ്. രണ്ടു തരത്തിലുള്ള സൗരമേൽക്കൂര വൈദ്യുത നിലയ പദ്ധതികളാണ് നടപ്പാക്കുന്നത്. ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുതനിലയ പദ്ധതിയും, ശൃംഖലാബന്ധതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയപദ്ധതിയും.

സൗര വൈദ്യുത നിലയങ്ങൾ (Solar Power Plants)

വീടുകളുടേയും, സ്ഥാപനങ്ങളുടേയും മേൽക്കൂരകളിലും നിഴൽ വീഴാത്ത സ്ഥലങ്ങളിലും സൗര വൈദ്യുത നിലയം സ്ഥാപിക്കാവുന്നതാണ്. കിലോ വാട്ടിന് 10 ചതുരശ്ര മീറ്റർ എന്ന നിരക്കിൽ നിഴൽ വീഴാത്തതും ഉറപ്പുള്ളതുമായ മേൽക്കൂരയോ സ്ഥലമോ ഇതിനായി ആവശ്യമാണ്. സോളാർ പാനൽ സ്ഥാപിച്ചിരിക്കുന്ന മേൽക്കൂരയിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യവും പാനൽ കഴുകി വൃത്തിയാക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണം.

6. ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ
(On Grid Connected Solar Roof top Power Plants)

ഇത്തരം സൗര വൈദ്യുത നിലയങ്ങളെ നിലവിലുള്ള സംസ്ഥാന വൈദ്യുതി വിതരണശൃംഖലയുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി, സംസ്ഥാന വൈദ്യുതി വിതരണ ശൃംഖലയിലേക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉത്പാദിപ്പിച്ചു സംസ്ഥാന ശൃംഖയിലേക്ക് നൽകുന്ന വൈദ്യുതിയുടെ വില ഗുണഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്തു കിട്ടുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവയുടെ ഘടക സ്ഥാപനങ്ങളുടെ ഓഫീസുകളിലും സ്ഥല ലഭ്യതയും, ആവശ്യവും പരിഗണിച്ച് ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഒരു കിലോ വാട്ടിൽ നിന്ന് പ്രതിദിനം ഏകദേശം 3 മുതൽ 4 വരെ യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. 5 കിലോ വാട്ട് ശേഷി മുതൽ ത്രീഫേസ് കണക്ഷൻ ഉണ്ടായിരിക്കണം.

കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ (തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും, അവയുടെ ഘടക സ്ഥാപനങ്ങളുടെ ഓഫീസുകൾക്കും)

ക്രമ നമ്പർ	സൗര വൈദ്യുത നിലയത്തിന്റെ ശേഷി (കിലോവാട്ട്)	കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം (എം.എൻ.കെ.ഇ) നിശ്ചയിച്ച ബെഞ്ച് മാർക്ക് വില (രൂപ)
1	2 മുതൽ 10 വരെ	കിലോവാട്ടിന് 70,000 രൂപ
2	10 മുതൽ 100 വരെ	കിലോവാട്ടിന് 6,6000 രൂപ

നെറ്റ് മീറ്ററിന്റെ വില കെ.എസ്.ഇ.ബി എൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയിൽ അടയ്ക്കേണ്ട ഫീസുകൾ എന്നിവ ബഞ്ച് മാർക്ക് വിലയിൽ ഉൾപ്പെടുന്നില്ല.

മേൽക്കൂര ഫ്ളാറ്റായ സ്ഥലത്തിനു വേണ്ടിയുള്ള ബെഞ്ച് മാർക്ക് വിലയാണ് നൽകിയിരിക്കുന്നത്. മേൽക്കൂര ഫ്ളാറ്റ് അല്ലെങ്കിൽ വേണ്ടിവരുന്ന അധിക സ്ട്രക്ച്ചറിനുള്ള ചെലവും, അധിക വയറിംഗ് വേണ്ടി വരുകയാണെങ്കിൽ അതിനുള്ള തുകയും പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

7. ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ (Off-Grid solar Roof top Power Plants)

വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിനുള്ള വൈദ്യുതോത്പ്പാദനം മാത്രം ലഭ്യമാക്കുന്ന വീടുകൾക്കും അനുയോജ്യമായ ബാറ്ററി സംഭരണിയോടുകൂടിയുള്ള സൗര വൈദ്യുതോത്പ്പാദന നിലയങ്ങളാണ് ഇവ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, അവയുടെ ഘടക സ്ഥാപനങ്ങളുടെ ഓഫീസുകളിലും സ്ഥല ലഭ്യതയും, ആവശ്യവും പരിഗണിച്ച് ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഒരു കിലോവാട്ടിൽ നിന്ന് പ്രതിദിനം ഏകദേശം 3 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്.

ശൃംഖലബന്ധിതമല്ലാത്ത സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, അവയുടെ ഘടക സ്ഥാപനങ്ങളുടെ ഓഫീസുകൾക്കും)		
ക്രമ നമ്പർ	സൗര വൈദ്യുത നിലയത്തിന്റെ ശേഷി (കിലോവാട്ട്)	കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം (എം.എൻ.കെ.ഇ) നിശ്ചയിച്ച ബെഞ്ച് മാർക്ക് വില (രൂപ)
1	1 മുതൽ 10 വരെ (ബാറ്ററി, 7,200 wh/kh)	കിലോവാട്ടിന് 1,35,000 രൂപ,
2	1 മുതൽ 10 വരെ (ബാറ്ററി, 3,600 wh/kh)	കിലോവാട്ടിന് 1,08,000 രൂപ
3	1 മുതൽ 10 വരെ (ബാറ്ററി, 1,200 wh/kh)	കിലോവാട്ടിന് 90,000 രൂപ

ബാറ്ററിയുടെ ശേഷിക്കനുസരിച്ച് വിലയിൽ വ്യത്യാസമുണ്ട്. ആവശ്യം പരിഗണിച്ച് ബാറ്ററിയുടെ ശേഷി നിശ്ചയിക്കാവുന്നതാണ്. രാത്രി ഉപയോഗം കുറവുള്ള സ്ഥലങ്ങളിൽ കുറഞ്ഞ ബാറ്ററി ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ചാൽ മതിയാകും.

മേൽക്കൂര ഫ്ളാറ്റായ സ്ഥലത്തിനുവേണ്ടിയുള്ള ബെഞ്ച് മാർക്ക് വിലയാണ് നൽകിയിരിക്കുന്നത്. മേൽക്കൂര ഫ്ളാറ്റ് അല്ലെങ്കിൽ വേണ്ടിവരുന്ന അധിക സ്ട്രക്ച്ചറിനുള്ള ചെലവും, അധിക വയറിംങ് വേണ്ടി വരുകയാണെങ്കിൽ അതിനുള്ള തുകയം പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. അനെർട്ടിന്റെ സബസിഡി സ്ക്കീമിൽപ്പെടുത്തി ശൃംഖലാബന്ധിതമല്ലാത്ത സൗരവൈദ്യുത നിലയങ്ങൾ 520 kW ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്.

സോളാർ സ്ട്രീറ്റ് ലൈറ്റ് (Solar Street Light)

സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, തെക്ക് ഭാഗങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണിവരെ മരങ്ങളുടെയോ, മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ പതിക്കാൻ പാടില്ല.

മോഡൽ നമ്പർ	ഇനം	സോളാർ പാനൽ	ബാറ്ററി (മിനിമം ശേഷി +20% അനുവദനീയം)	ല്യൂമിനറി (+25& അനുവദീയം)	പോസ്റ്റിന്റെ ഉയരം	അടിസ്ഥാനവില (5 വർഷത്തെ വാറണ്ടി ഉൾപ്പെടെ)
മോഡൽ 1	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 വാട്ട്	250 wh Lithium Ferro phosphate	8w	Height 4m Dia -3inch	35, 625 രൂപ
മോഡൽ 2	സോളാർ സ്ട്രീറ്റ് ലൈറ്റ്	75 വാട്ട്	768 wh Lithium Ferro phosphate	20w	Height 4m Dia -4 inch	71,250 രൂപ
മോഡൽ 3	സോളാർ സ്ട്രീറ്റ് ലൈറ്റ്	200 വാട്ട്	1152 wh Lithium Ferro phosphate	36w	Height 5m Dia -4inch	95,000 രൂപ
മോഡൽ 4	സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ്	600 വാട്ട്	3072 wh Lithium Ferro phosphate	24w	Octtagonal Height 6m	2,85,000 രൂപ

സോളാർ വിളക്ക് (Solar Lantern)

സൗര പാനൽ	ബാറ്ററി	ല്യൂമിനറി	അടിസ്ഥാനവില
12 വാട്ട്	75 wh Lithium Ferro phosphate (+20% അനുവദനീയം)	4w LED (+25% അനുവദനീയം)	3,500 രൂപ

സൗര ഗാർഹിക വിളക്ക് സംവിധാനം (Solar Home Lighting System)

100W -DC

ഇനം	സൗര പാനൽ	ബാറ്ററി	ല്യൂമിനറി	ഫാൻ	അടിസ്ഥാനവില
100 100W -DC സോളാർ സിസ്റ്റം	100 100 6	Flooded, Tubular, Lead acid 900 watt	3w LED – 3 F®w6w LED – 2 F®w	20 W -DC	20,000 രൂപ

AC-300W & 500W

ഇനം	സൗര പാനൽ	ബാറ്ററി	ഇൻവേർട്ടർ	അടിസ്ഥാനവില
100 300W AC സോളാർ സിസ്റ്റം	100 300 വാട്ട്	Flooded, Tubular, Lead acid 2880 watt	300 VA	60,000 രൂപ
100 500W AC സോളാർ സിസ്റ്റം	500 വാട്ട്	Flooded, Tubular, Lead acid 3600 watt	600VA (850 VA	70,000 രൂപ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം

ഗ്രാമ നഗര വ്യത്യാസമില്ലാതെ നൂറു ശതമാനം ജനതയ്ക്കും തടസമില്ലാതെ ഗുണമേന്മയോടുകൂടിയും സുരക്ഷയോടുകൂടിയും വൈദ്യുതി നൽകുക എന്നതാണ് വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ 2021–22 വരെയുള്ള പദ്ധതികളുടെ പ്രധാന ലക്ഷ്യം. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ വിജയത്തിന് എന്നതു പോലെ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ സഹായവും പങ്കാളിത്തവും ഈ ലക്ഷ്യം നേടുന്നതിന് ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരവരുടെ അധികാര പരിധിയിലെ വൈദ്യുത വിതരണ സംവിധാനങ്ങളുടെ അപര്യാപ്തതയും ഗുണനിലവാരമില്ലായ്മയും സബ് ഡിവിഷൻ തലത്തിലും സർക്കിൾ തലത്തിലും രൂപികരിക്കുന്ന പദ്ധതി നിരീക്ഷണ സമിതിയെ അറിയിക്കേണ്ടതും പോരായ്മകൾ പരിഹരിക്കാനുള്ള പദ്ധതികളുടെ ഭാഗം അകാവുന്നതും ആകുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള ജോലികൾ വൈദ്യുത വിതരണ ശൃംഖലകളുടെ ശക്തിപ്പെടുത്തലും സ്ഥാപനവും, ട്രാൻസ്ഫോർമർ സ്ഥാപനം, കേബിളുകൾ സ്ഥാപിക്കുക തുടങ്ങിയ ജോലികൾക്ക് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികമായി തന്നെ കെ.എസ്.ഇ.ബി ലിമിറ്റഡിനെ സഹായിക്കാവുന്നതാണ്. വൈദ്യുത പ്രസരണ വിതരണ ലൈനുകളുടെ നിർമ്മാണഘട്ടത്തിലെ തർക്കങ്ങൾ പരിഹരിക്കുന്നതിനും വൈദ്യുത തടസം ഉണ്ടാകുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുന്ന പ്രവൃത്തികളും മറ്റും പഞ്ചായത്ത്/മുൻസിപാലിറ്റിയുടെ സഹകരണത്തോട് കൂടി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കും. വൈദ്യുത മേഖലയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കു വേണ്ടിയുള്ള പദ്ധതികൾക്ക് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ അവശ്യം വേണ്ടതാണ്.

പുനരുപയോഗ ഊർജ്ജ പദ്ധതികൾ

സൗരോർജ്ജ പദ്ധതികൾ

കേരളത്തിന്റെ സ്ഥലമാന പ്രത്യേകതകൾ കൊണ്ടും ജനസാന്ദ്രത കൂടുതൽ ഉള്ളതു കൊണ്ടും വലിയ ശേഷിയുള്ള ശൃംഖലബന്ധിത സൗരോർജ്ജ പദ്ധതി നടപ്പിലാക്കാൻ ചില സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്. എന്നിരുന്നാലും ഊർജ്ജ വകുപ്പും കെ.എസ്.ഇ ബോർഡ് ലിമിറ്റഡും താൽപര്യമുള്ള സ്വകാര്യ നിക്ഷേപകരിൽ നിന്നും പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ഊർജ്ജവകുപ്പ് നിക്ഷേപകരിൽ നിന്നോ സർക്കാരിൽ നിന്നോ സ്ഥലം ലീസിനെടുത്ത് നൽകാനുള്ള നടപടികളും ആവിഷ്ക്കരിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മറ്റ് ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സൗരോർജ്ജ പദ്ധതികൾ 3000 സ്ക്വയർ ഫീറ്റ്-ന് മുകളിൽ സ്ഥല വിസ്തീർണ്ണമുള്ള വീടുകൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യവസായസ്ഥാപനങ്ങൾക്കും ബഹുനില കോപ്ലക്സുകൾകും നിർബന്ധമാക്കാവുന്നതാണ്. സർക്കാർ കെട്ടിടങ്ങൾക്കും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾ എന്നിവ ശൃംഖലബന്ധിത സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ (On Grid Connected Solar Roof Top Power Plant) സ്ഥാപിക്കാവുന്നതാണ് .

ഇതിലേക്കായി കെ.എസ്.ഇ.ബി ലിമിറ്റഡ് അനർട്ട്, മറ്റ് സർക്കാർ സ്ഥാപന കോർപ്പറേഷനുകൾ, സർവ്വകലാശാലകൾ തുടങ്ങിയവർ സാങ്കേതിക പരിജ്ഞാന പരിശീലനം നൽകുവാനും കെ.എസ്.ഐ ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ് ഇ, സർവ്വീസ് സഹകരണ ബാങ്കുകളും മറ്റു വാണിജ്യബാങ്കുകളും സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വായ്പ നൽകുന്നതിനുള്ള നടപടികൾ ചെയ്യാവുന്നതാണ്.

പത്തനംതിട്ട ജില്ലയുടെ ജലസ്രോതസ്സുകളുടെ ലഭ്യതമൂലം വൈദ്യുത ബോർഡിന്റെ ജലസംഭരണികളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുതശൃംഖലയിലേക്ക് നൽകാവുന്നതാണ്.

ഇതുകൂടാതെ കടൽ തീരത്ത് പഠനം നടത്തി കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ഇതിനെല്ലാം 'പവ്വർ ഇവ്വാക്കേഷൻ' നടത്തണമെങ്കിൽ നമ്മുടെ പ്രസരണശൃംഖല സെൻട്രൽ ഗ്രിഡ് ശക്തിപ്പെടുത്തേണ്ടതുണ്ട്.

ആയതിലേക്ക് ഇടമൺ-കൊച്ചി 400 കെ വി ലൈൻ - (പത്തനംതിട്ട ജില്ലയിൽ കൂടി കടന്നുപോകുന്നത്) തടസ്സങ്ങൾ മാറ്റാൻ സംസ്ഥാന സർക്കാരും എം.പി, എം.എൽ.എ തുടങ്ങിയ ജനപ്രതിനിധികളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും കൂടുതൽ പ്രാധാന്യം നൽകികൊണ്ട് പദ്ധതി നടപ്പാക്കാൻ ഉത്സാഹിക്കാവുന്നതാണ്.

ചെറുകിട ജലവൈദ്യുതപദ്ധതിൾക്ക് വളരെയേറെ സാദ്ധ്യതയുള്ള പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടു കൂടി പാലക്കാട് ജില്ലയിൽ മീൻമുട്ടി പ്രോജക്ട് നടപ്പാക്കിയതുപോലെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

പത്തനംതിട്ട ജില്ലയുടെ ഏകദേശം 50% ത്തോളം വനഭൂമിയാണ്. മാത്രമല്ല ഇതിൽ ഭൂരിഭാഗവും പാരിസ്ഥിതിക ദുർബ്ബല പ്രദേശമായി പരിഗണിച്ചിട്ടുള്ളതാണ്. ആയതിനാൽ വനഭൂമി ആവശ്യമുള്ള ചെറുകിട പദ്ധതികൾക്ക് പോലും പാരിസ്ഥിതിക അനുമതി കിട്ടാൻ സാധ്യത കുറവാണ്. ഈ സാഹചര്യത്തിൽ ചെറുകിട പദ്ധതി വഴി 82.56 മെഗാവാട്ട് ഉൽപാദിപ്പിക്കാമെന്ന പ്രതീക്ഷ പൂർണ്ണമായും നടപ്പാക്കാൻ കഴിയുമോ എന്നതിൽ സംശയം ഉണ്ട്. അതിനാൽ പത്തനംതിട്ട ജില്ലയുടെ സപ്ലൈ സബ് സ്റ്റേഷൻ ആയ 220 കെ.വി ഇടപ്പോൺ സബ് സ്റ്റേഷനുമായി ബന്ധിപ്പിച്ചിരിക്കുന്ന എൻ.റ്റി.പി.സി.യുടെ കായംകുളം നിലയം കേരള സർക്കാർ ഏറ്റെടുത്ത് എൽ.എൻ.ജി/നാച്ച്യുറൽ ഗ്യാസ് ഉപയോഗിച്ച് 1000 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. കൂടാതെ കേരളത്തിന്റെ 600 കി.മീ തീരപ്രദേശത്ത് കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ലാഭകരമായി ഉത്പാദിപ്പിക്കാൻ കഴിയുമോ എന്നുള്ള പഠനം നടത്തേണ്ടതാണ്.

സർക്കാർ സ്ഥാപനങ്ങളിലും കേരള വാട്ടർ അതോറിറ്റി പോലെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും എനർജി ഓഡിറ്റ് നടത്തുകയും, ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ സ്ഥീകരിക്കുകയും വേണം. ഉദാഹരണമായി നക്ഷത്ര അടയാളങ്ങൾ ഉള്ള ഉപകരണങ്ങൾ ഉപയോഗിക്കുകയും ഊർജ്ജ നഷ്ടം കുറവുള്ള വൈദ്യുതി മോട്ടോറുകൾ ഉപയോഗിക്കുകയും ചെയ്യുക. ഈ എനർജി ഓഡിറ്റിംഗിന് എനർജി ഓഡിറ്റേഴ്സിനെ ചുമതലപ്പെടുത്താവുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ വഴി ഉത്പാദനം കൂട്ടാതെ നിലവിലുള്ള ഉത്പാദന ക്ഷമത കൊണ്ട് തന്നെ ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കാവുന്നതാണ്.

പ്രസരണ മേഖലയിൽ പത്തനംതിട്ട ജില്ലയിൽ കൂടി കടന്നുപോകുന്ന തിരുനൽവേലി - ഇടമൺ -കൊച്ചി 400 കെ.വി പ്രസരണ ഇടനാഴിയുടെ നിർമ്മാണം തടസ്സം സൃഷ്ടിക്കാതെ പൂർത്തിയാക്കേണ്ടത്

കേരളത്തിന്റെ ഭാവിയ്ക്ക് വളരെ അത്യന്താപേക്ഷിതമാണ്. കാരണം കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ 80%വും കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവരേണ്ട അവസ്ഥയാണ് നിലവിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഉള്ളത്. ഇങ്ങനെ വാങ്ങി വിൽക്കുന്ന വൈദ്യുതിയുടെ വില പല പൊതുമേഖലാ സ്ഥാപനങ്ങളും (കേരള വാട്ടർ അതോറിറ്റി) കെ.എസ്.ഇ.ബി.യ്ക്ക് നൽകാനുള്ളത് സ്ഥാപനത്തിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും അത് പവർ സിസ്റ്റം ഡവലപ്പ്മെന്റിന് കാര്യമായ തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമാണ്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കൂടുതലായി വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് സിസ്റ്റം സ്റ്റഡിയിലൂടെ വിതരണ നഷ്ടം 12% ത്തിൽ നിന്നും 10% മായി കുറച്ച് അടുത്ത നാല് വർഷം കൊണ്ട് കേരളത്തിലെ ഊർജ്ജ മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

4.3.2 ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

ഗതാഗതം

ആമുഖം

ഏതൊരു രാജ്യത്തിന്റെയും അഥവാ പ്രദേശത്തിന്റെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കും വികസനത്തിനും ഗതാഗത മാർഗ്ഗങ്ങൾ പ്രധാന പങ്കുവഹിക്കുന്നു – റോഡ്, റെയിൽവേ, ജലം, വായു എന്നിവയാണ്. ഇവ വിപുലീകരിക്കുകയും ഗുണമേന്മയുള്ളതാക്കുകയും ചെയ്യേണ്ടത് ഏതൊരു പ്രദേശത്തിന്റേയും അടിസ്ഥാന പരമായ ആവശ്യമാണ്.

റോഡു ഗതാഗതം കൊണ്ട് പട്ടണ പ്രദേശത്തെയും, ഗ്രാമ പ്രദേശത്തേയും അതുപോലെ എല്ലാ വീടുകൾക്കും ജനങ്ങൾക്കും ആവശ്യമായ സഞ്ചാരസൗകര്യം ലഭിക്കുന്നു. റെയിൽ ഗതാഗതംകൊണ്ട് ചെറുതും വലുതുമായ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ചരക്കുഗതാഗതത്തിന് റെയിൽ ഗതാഗതം വളരെയധികം പ്രയോജനപ്പെടുന്നു. കായൽ, തോട് എന്നിവയാൽ അനുഗൃഹീതമായ പ്രദേശങ്ങളെമാത്രം ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ് ജലഗതാഗതം. വൻകിട പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് വായുഗതാഗതം. ഇവയിൽ ഏറ്റവും ആവശ്യമുള്ളതും സാധാരണവുമായത് റോഡു ഗതാഗതമാണ്. ഇക്കാരണത്താൽ റോഡ് ഗതാഗത വികസനത്തിന് വളരെയധികം പ്രാധാന്യമുണ്ട്

റോഡ് ഗതാഗത വികസനത്തിന് നേതൃത്വം നൽകാൻ നിലവിൽ ദേശീയ തലത്തിലും സംസ്ഥാന തലങ്ങളിലും ഔദ്യോഗിക സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇൻഡ്യൻ റോഡ് കോൺഗ്രസ് (ഐ ആർ സി) റോഡ് ഗതാഗത മന്ത്രാലയം (മോർത്ത്) എന്നിവയാണ് ദേശീയ തലത്തിൽ റോഡ് വികസന രംഗത്തുള്ള ഏജൻസികൾ. സംസ്ഥാനത്തെ റോഡ് 528.8 കി.മീ/ ച.കീ മീറ്ററാണ്. ഇത് ദേശീയ ശരാശരി (387 കി.മീ/100 ച.കി.മീ) നേക്കാൾ വളരെ കൂടുതലാണ്. മിക്കവാറും 90 ശതമാനം റോഡുകളും ഒറ്റവരിപാതകളാണ്.

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പാണ് പ്രധാനമായും സംസ്ഥാനങ്ങളിലെ റോഡുവികസനത്തിന്റെ പ്ലാനിംഗ്, നിർമ്മാണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവ നടത്തുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റും കാര്യമായി പ്രവൃത്തിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അവയുടെ പരിധിയിലും നിയന്ത്രണത്തിലും ഉള്ള റോഡുകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. സംസ്ഥാനത്തുള്ള ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ പരിധിയിൽപ്പെടുന്നു.

സംസ്ഥാനത്തെ റോഡുകളെ താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു.

1. ദേശീയപാത.
2. സംസ്ഥാനപാത.
3. പ്രധാന ജില്ലാ റോഡുകൾ
4. മറ്റ് ജില്ലാ റോഡുകൾ
5. ഗ്രാമീണ റോഡുകൾ.

ജില്ലയിൽ മൊത്തം 10594.819 കി.മീ റോഡ് ആണ് ഉള്ളത്. ഇതിൽ 2832.819 കി.മീ പൊതുമരാമത്ത് വകുപ്പിന്റേതും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആകുന്നു. നമ്മുടെ ജില്ലയിൽ ദേശീയപാത കടന്നു പോകുന്നില്ല. പത്തനംതിട്ട ജില്ലയിലെ റോഡുകളുടെ ശരാശരി ദൈർഘ്യം 310 km/100 km^2 ആണ്. ഇത് ദേശീയ, കേരള ശരാശരിയേക്കാൾ കുറവാണ്. ജില്ലയുടെ ഭൂവിസ്തൃതിയിൽ ഏകദേശം 54% വനമേഖലയും ഏതാണ്ട് 6 ശതമാനത്തോളം കുട്ടനാട് പാടശേഖരവുമാണ്. എങ്കിലും അവശേഷിക്കുന്ന ഭൂവിസ്തൃതി കണക്കാക്കിയാൽ ജില്ലയിലെ റോഡ് കണക്റ്റിവിറ്റി തൃപ്തീകരമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ
റോഡുകളുടെ എണ്ണം

- ആകെ റോഡുകൾ – 412 എണ്ണം
- സ്റ്റേറ്റ് ഹൈവേ – 13 എണ്ണം
- മേജർ ജില്ലാ റോഡ് – 399 എണ്ണം
- ബിഎം & ബി സി ചെയ്ത റോഡുകൾ – 19 എണ്ണം
- പാലങ്ങളുടെ എണ്ണം – 165 എണ്ണം

ആകെ 412 എണ്ണം

എം.ഡി.ആർ – 399 എസ്.എച്ച് – 13

റോഡുകളുടെ നീളം

- സംസ്ഥാനപാത – 249.194 കി.മീ
- ജില്ലാ റോഡുകൾ – 1837.905 കി.മീ
- മറ്റു ജില്ലാ റോഡുകൾ – 745.72 കി.മീ

ആകെ നീളം – 2832.819

എസ്.എച്ച്	എം.ഡി.ആർ	ഒ.ഡി.ആർ
249.194 കി.മീ	1837.905 കി.മീ	745.72 കി.മീ

മൂന്നു പ്രധാന സംസ്ഥാനപാതകളായ എം.സി റോഡ്, മൂവാറ്റുപുഴ – പുനലൂർ റോഡ് (SH -8), റ്റി.കെ റോഡ് (SH -7) എന്നിവ ജില്ലയിൽ കൂടി കടന്നുപോകുന്നു. ഭാരതത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ശബരിമല ഈ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. റോഡുവികസന പ്രക്രിയയിൽ പ്രധാനമായും വേണ്ടത് നിലവിലുള്ള റോഡുകളുടെ വികസനമാണ്. ശബരിമലയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. സീസൺ കാലത്ത് ശബരിമല റോഡിലുണ്ടാകുന്ന ഗതാഗതകുരുക്ക് ലഘൂകരിക്കാനാവശ്യമായ സംവിധാനം ഉണ്ടാകണം. കേന്ദ്രസർക്കാരും, സംസ്ഥാന സർക്കാരും, തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്ന് ഇക്കാര്യത്തിൽ ഗൗരവമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള ഗ്രാമീണറോഡുകളുടെ ആകെ നീളം 7762 കി.മീ ആണ്.

ഗ്രാമീണ റോഡുകൾ –7762 കി.മീ

മൺറോഡ്	മെറ്റൽ റോഡ്	കോൺക്രീറ്റ് റോഡ്	ടാർ റോഡ്
3484 കി.മീ	37കി.മീ	1943 കി.മീ	2298 കി.മീ

പത്തനംതിട്ട ജില്ലയിൽ അകത്തും പുറത്തുമായി കെ.എസ്.ആർ.റ്റി.സി, പ്രൈവറ്റ് ബസ്, ലക്ഷ്വറി ബസ് ഇവ നല്ല രീതിയിൽ സർവ്വീസുകൾ നടത്തിവരുന്നു. പത്തനംതിട്ട ജില്ലയിലെ പ്രധാന കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റേഷനുകൾ പത്തനംതിട്ട, തിരുവല്ല, അടൂർ, പന്തളം, മല്ലപ്പള്ളി, റാന്നി, പമ്പ എന്നിവയാണ്.

പത്തനംതിട്ടയിൽ നിന്നും പ്രധാന സ്ഥലങ്ങളിലേക്കുള്ള ദൂരം

റാന്നി – 15 കി.മീ	തിരുവല്ല – 30.7 കി.മീ
പന്തളം – 15 കി.മീ	ശബരിമല – 65 കി.മീ
അടൂർ – 18 കി.മീ	

പൊതുമരാമത്ത് നിരത്ത് വിഭാഗം കഴിഞ്ഞ കാലങ്ങളിൽ പൂർത്തീകരിച്ച പദ്ധതികൾ

1. തിരുവല്ല – കുമ്പഴ റോഡ് (ബി.എം & ബി.സി)
2. കടയ്ക്കാട് – കൈപ്പട്ടൂർ റോഡ്
3. മണ്ണാറകുളഞ്ഞി – പമ്പാ റോഡ് (ശബരിമല പ്രോജക്ട്)
4. മാവേലിക്കര – കോഴഞ്ചേരി റോഡ് ഓട നിർമ്മാണം.
5. എം.സി റോഡ് (അടൂർ)
6. മണ്ണാറകുളഞ്ഞി – പമ്പാ റോഡ് (Crash Barriers)

നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

പ്ലാപ്പള്ളി– ആങ്ങമൂഴി – ചിറ്റാർ – വടശ്ശേരിക്കര (ഏഴ് പദ്ധതികൾ)

ഭരണാനുമതി ലഭിച്ച ശബരിമല പ്രോജക്ടുകൾ

1. എരുമേലി –മുക്കൂട്ടുതറ– പമ്പാവാലി – കണമല – തുലാപ്പള്ളി– പ്ലാപ്പള്ളി റോഡ്
2. എരുമേലി – മുക്കട– ഇടമൺ– അത്തിക്കയം– പൂവത്തുംമൂട് റോഡ്
3. റാന്നി – ചെത്തോങ്കര – അത്തിക്കയം റോഡ്
4. റാന്നി – മന്ദിരം പടി – വടശ്ശേരിക്കര റോഡ്
5. കോഴഞ്ചേരി– റാന്നി റോഡ്

പുതിയതായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ

1. അടൂർ – തട്ട– കൈപ്പട്ടൂർ റോഡ്
2. കൈപ്പട്ടൂർ– പത്തനംതിട്ട റോഡ്
3. തിരുവല്ല റിംഗ് റോഡ് നിർമ്മാണം
4. മല്ലപ്പള്ളി റിംഗ് റോഡ് നിർമ്മാണം.

ബഡ്ജറ്റ് പ്രോപ്പോസലുകൾ

1. അത്തിക്കയം – വെച്ചൂച്ചിറ റോഡ് ചേത്തക്കൽ റോഡ്
2. കുമ്പനാട് – പുറമറ്റം പുതുശ്ശേരി റോഡ്
3. തിരുവല്ല എം.സി റോഡ്
4. വകയാർ – വള്ളിക്കോട് കൈപ്പട്ടൂർ റോഡ്
5. അരുവാപ്പുലം – വകയാർ റോഡ്
6. കാവുംഭാഗം – മുത്തൂർ – കുറ്റപ്പുഴ റോഡ്
7. ഓമല്ലൂർ – പരിയാരം റോഡ്
8. കുമ്പനാട് – ആറാട്ടുപുഴ റോഡ്
9. ഇ.വി റോഡ് (ചേന്നമ്പള്ളിൽ – നെല്ലിമുകൾ റോഡ്)
10. കരുവാറ്റ – തട്ട – മാമ്മൂട് റോഡ്
11. പട്ടംതറ – ഒറ്റതേക്ക് റോഡ്
12. പുതുശ്ശേരി ഭാഗം – തട്ടാരുപടി റോഡ്
13. ഏറത്ത് – വയലാ റോഡ്
14. തൂവയൂർ – നിലമേൽ റോഡ്
15. പറക്കോട് – ഐവർകാലാ റോഡ്
16. അടൂർ – പട്ടാഴി റോഡ്

കിഫ്ബി 2017–18 പദ്ധതികൾ

1. തെള്ളിയൂർ – വലിയകാവ് റോഡ്
2. കുമ്പളംന്താനം – മണിയാർ റോഡ്
3. ആറന്മുള നിയോജകമണ്ഡലം
4. അടൂർ – തുമ്പമൺ കോഴഞ്ചേരി റോഡ്
5. പത്തനംതിട്ട – അബാൻ ജംഗ്ഷൻ ഓവർ ബ്രിഡ്ജ്
6. അച്ചൻകോവിൽ – പ്ലാപ്പള്ളി റോഡ്
7. കൊമ്പൻകേരി – വെട്ടിത്തുരുത്ത് റോഡ്
8. ചാത്തൻകേരി കോൺകോഡ് ബ്രിഡ്ജ്
9. ഏഴംകുളം – കൈപ്പട്ടൂർ റോഡ്
10. അടൂർ റിംഗ് റോഡ്
11. പുതുവൽ – മങ്ങാട് റോഡ്

ജില്ലയിലെ പൊതുമരാമത്ത് നേരിടുന്ന പ്രശ്നങ്ങൾ

1. ജില്ലയിലെ വിവിധ റോഡുകളുടെ വശങ്ങളിലും ഓടകളിലും അടിഞ്ഞു കൂടുന്ന മണ്ണ് സമയ ബന്ധിതമായി നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രവൃത്തി ചെയ്യാവുന്നതാണ്.
2. പാതയുടെ വശങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളുടെ ചില്ലകൾ തക്ക സമയത്ത് ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് മുറിച്ചു മാറ്റേണ്ടതാണ്. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ദുരന്ത നിവാരണ നിയമം അനുസരിച്ച് ഇളവുകൾ അനുവദിക്കേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾക്ക് ശേഷം അവശേഷിക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിന് കരാറുകാരെ ചുമതലപ്പെടുത്തേണ്ടതും ആയതിന് നിലവിലുള്ള നിയമങ്ങളിൽ ഇളവ് വരുത്തേണ്ടതുമാണ്.

പാലങ്ങൾ

ജില്ലയിലെ നിലവിലുള്ള പ്രധാനപ്പെട്ട പാലങ്ങൾ

1. കോഴഞ്ചേരി
2. റാന്നി
3. മല്ലപ്പള്ളി
4. വള്ളംകുളം
5. ആറാട്ടുപുഴ
6. പുളിക്കീഴ്
7. പന്നായി
8. പരുമല
9. കുമ്പഴ
10. കോമളം
11. പെരുനാട്
12. കറുത്ത വടശ്ശേരിക്കടവ്
13. പന്തളം

ഈ മേഖലയിൽ ഏറ്റവും പ്രധാനവും മുൻഗണനയും നൽകി ചെയ്യേണ്ടത് നിലവിലുള്ള പാലങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങളാണ്. നദികളിലെ മണൽ വാരൽ ക്രമാതീതമായി വർദ്ധിച്ചതിന്റെ ഫലമായി നദികളുടെ ഉപരിതല നിരപ്പ് വളരെയധികം താണുകൊണ്ടിരിക്കുന്നു. ഈ കാരണത്താൽ പാലങ്ങളുടെ തൂണുകളുടെ സമീപമുള്ള നിരപ്പും താണിരിക്കുന്നു. ഇത് പാലങ്ങളുടെ സുരക്ഷിതത്വത്തിനെ തന്നെ ബാധിക്കുന്നു. ആയതിനാൽ ഈ സ്ഥിതിവിശേഷത്തിൽ നിന്നും പാലങ്ങളെ സംരക്ഷിക്കുവാൻ ഒരു അടിയന്തിര നടപടി ഉണ്ടാകണം ഇതോടൊപ്പം പാലങ്ങളുടെ മറ്റു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം.

പുതിയ പാലങ്ങൾ ആവശ്യമുള്ള സ്ഥലങ്ങൾ

1. ബംഗ്ലാംകടവ്
2. പേരുച്ചാൽ
3. പത്തനാപുരം പി.എം റോഡിൽ കടയ്ക്കാമൺ പാലം
4. മണിമലയാറ്റിൽ മാന്തുക ഭാഗത്ത് പാലം
5. അച്ചൻകോവിലാറ്റിൽ വയ്യാറ്റുപുഴ കടവ് പാലം
6. തുമ്പമൺ പോളിടെക്നിക്ക്– കുരമ്പാല റോഡിൽ വലിയതോട്ടിൽ പാലം
7. മണിമലയാറിന് കുറുകെ കാവനാൽ കടവ് പാലം

പുതുക്കി പണിയേണ്ട ഏതാനും പാലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. മന്ദിരം പടി – വടശ്ശേരിക്കര റോഡിൽ പ്രവേശിക്കുന്നിടത്തുള്ള ഇടുങ്ങിയ പാലം
2. ആറാട്ടുകടവ് – മുണ്ടിടിചിറ റോഡിൽ കോയിക്കൽ പുളിമൂട്ടിൽ തോടിന് കുറുകെയുള്ള പാലം
3. തിരുവല്ല – മാവേലിക്കര റോഡിൽ മനയ്ക്കൽ ചിറ പാലം
4. തിരുവല്ല – മാവേലിക്കര റോഡിൽ മണിപ്പുഴ പാലം
5. കോഴഞ്ചേരി റാന്നി റോഡിൽ കാട്ടൂർ പാലം.

റെയിൽ ഗതാഗതം

എറണാകുളം – കോട്ടയം – തിരുവനന്തപുരം റെയിൽ പാതയുടെ കുറച്ചുഭാഗം മാത്രമാണ് ജില്ലയിൽ കൂടി കടന്നു പോകുന്നത്. നിർദ്ദിഷ്ട ശബരി റെയിൽപാത ജില്ലയിൽ കൂടി കടന്നുപോകും. ഈ ലൈൻ പൂനലൂർ വരെ ദീർഘിപ്പിക്കുകയും, ആലപ്പുഴയിൽ നിന്നും തകഴി – തിരുവല്ല വഴി ശബരി റെയിൽപാതയുമായി പത്തനംതിട്ടയിൽ ബന്ധിപ്പിക്കാവുന്നതാണ്. ഇത് ജില്ലയുടെ സമഗ്രവികസനത്തിന് ഉപയുക്തമാകും എന്ന കാര്യത്തിൽ തർക്കമില്ല. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ നിന്നും പന്തളം – അടൂർ – കൊട്ടാരക്കര വഴി തിരുവനന്തപുരത്തിന് എം.സി റോഡിനു സമാന്തരമായി റെയിൽ ഗതാഗതം ആരംഭിച്ചാൽ അത് ജില്ലയ്ക്ക് വളരെ ഉപകാരപ്രദമായിരിക്കും.

ജലഗതാഗതം

ജില്ലയുടെ പടിഞ്ഞാറൻ പ്രദേശം തോടുകളാൽ സമൃദ്ധമാണ്. ഇവിടെ ജലഗതാഗത മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുകയും ഇവ മെച്ചപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കാനും കഴിയും.

വ്യോമഗതാഗതം

ജില്ലയിൽ നിലവിൽ വ്യോമഗതാഗതം ഇല്ല. തിരുവനന്തപുരം, നെടുമ്പാശ്ശേരി, ശബരിമല കേന്ദ്രീകരിച്ച് എയർ ടാക്സി സംവിധാനം ഏർപ്പെടുത്തിയാൽ തദ്ദേശിയരും, വിദേശിയരുമായ യാത്രക്കാർക്ക് വളരെ ഉപകാരപ്രദമായിരിക്കും.

പ്രധാന വെല്ലുവിളികൾ

1. വർദ്ധിച്ചുവരുന്ന വാഹന ഗതാഗതത്തെ ഉൾക്കൊള്ളുവാനുള്ള നിലവിലുള്ള റോഡുകളുടെ അപര്യാപ്തത.
2. നിലവിലുള്ള റോഡുകളുടെ വീതി വർദ്ധിപ്പിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ.
3. ആവശ്യമായ കലുങ്കുകൾ, ഓടകൾ തുടങ്ങിയവ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാതിരിക്കുക.
4. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉപരിതലം ബലപ്പെടുത്തുവാനുള്ള ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ.
5. അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ.
6. ശബരിമല റോഡ് വികസനത്തിന് വനം വകുപ്പിൽ നിന്ന് സ്ഥലം വിട്ടുകിട്ടുവാനുള്ള തടസ്സങ്ങൾ.

വാർത്താവിനിമയം

മാധ്യമ പദ്ധതി

സർക്കാർ ഓഫീസുകൾ വാർത്തകൾ നൽകേണ്ട വിധം

തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട വികസന വാർത്തകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയാണ് മാധ്യമങ്ങളിലേക്കും അതുവഴി ജനങ്ങളിലേക്കും എത്തേണ്ടത്. എന്നാൽ, പല വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഇത് പാലിക്കാറില്ല. പലരും നേരിട്ട് മാധ്യമങ്ങൾക്ക് വാർത്തകളും പത്രക്കുറിപ്പുകളും നൽകുകയും നേരിട്ട് അഭിപ്രായങ്ങളും വിവരങ്ങളും നൽകുകയും ചെയ്യുന്നണ്ട്. ഇതു പലപ്പോഴും വിവാദങ്ങൾക്ക് കാരണമാകാറുണ്ട് സർക്കാരിന്റെ വികസന കാഴ്ചപ്പാടും താല്പര്യവും സംരക്ഷിക്കുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പത്രക്കുറിപ്പുകൾ മാധ്യമങ്ങൾക്ക് നൽകുന്നതാണ് ഉചിതം.

ടെലികോം രംഗം

വാർത്താവിനിമയ രംഗത്ത് പത്തനംതിട്ട ജില്ല നിലവിൽ മികച്ച നിലയിലാണ്. പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ, സ്വകാര്യ ടെലികോം സേവന ദാതാക്കളായ ഐഡിയ, എയർടെൽ, റിലയൻസ്, വൊഡാഫോൺ, ഏഷ്യാനെറ്റ് ബ്രോഡ്ബാന്റ് തുടങ്ങിയ സേവന ദാതാക്കളാണ് വാർത്താ വിനിമയ രംഗത്തിന് കരുത്ത് പകരുന്നത്. ജില്ലയുടെ എല്ലാ പ്രദേശങ്ങളിലും മേൽപ്പറഞ്ഞ സേവനദാതാക്കൾ ഫോൺ, മൊബൈൽ ഫോൺ, ബ്രോഡ്ബാന്റ്, മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കി വരുന്നു. വാർത്താ വിനിമയ രംഗത്ത് മത്സരം മുറുകിയതോടെ വളരെ മിതമായ നിരക്കിലാണ് ഫോൺ, ബ്രോഡ്ബാൻഡ്, ഇന്റർനെറ്റ് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നത്. നിലവിൽ മൊബൈൽ ഫോൺ സേവനവുമായി ബന്ധപ്പെട്ട് ഫോർജി സേവനം ജില്ലയിൽ ലഭ്യമാണ്. സ്വകാര്യ സേവനദാതാക്കളായ റിലയൻസ്, ജിയോ, ഐഡിയ എന്നീ കമ്പനികളാണ് ഫോർജി സേവനം ലഭ്യമാക്കുന്നത്. മൊബൈൽ ഫോണിൽ മികച്ച ശബ്ദ വ്യക്തതയും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാൻ ഫോർ ജി സേവനത്തിലൂടെ കഴിയുന്നുണ്ട്.

ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എല്ലിന്റെ ഫോർ ജി സേവനം അടുത്ത വർഷത്തേക്ക് ആരംഭിക്കും.

സ്വകാര്യ ടെലികോം കമ്പനികൾ നമ്മുടെ ജില്ലയിൽ ടെലിഫോൺ, മൊബൈൽ, ബ്രോഡ്ബാൻഡ്, സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് റോഡുകൾ ഉൾപ്പെടെ വ്യാപകമായി ഒപ്ടിക്ൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചു വരുകയാണ്. മൊബൈൽ സേവന രംഗത്ത് 5ജി സേവനം ലഭ്യമാക്കുന്നതിനുള്ള തയാറെടുപ്പിലാണ് സ്വകാര്യ ടെലികോം കമ്പനികൾ.

കേബിൾ ടിവി

കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു 1990 വരെ ദൂരദർശൻ ടെലിവിഷൻ സംപ്രേക്ഷണം. സ്റ്റാർ ടിവിയുടെ കടന്നു വരവോടെ ദൂരദർശന്റെ സ്വാധീനത്തിന് ഇടിവു സംഭവിച്ചു. ആദ്യഘട്ടത്തിൽ വലിയ ഡിഷ് സ്ഥാപിച്ചാണ് ഉപഗ്രഹ ചാനലുകളുടെ സിഗ്നലുകൾ സ്വീകരിച്ചിരുന്നത്. ഇതിനു ചെലവും ഏറെയായിരുന്നു. കേബിൾ ടിവിയുടെ കടന്നുവരവോടെ ഉപഗ്രഹ ടെലിവിഷൻ ചാനലുകളും ദൂരദർശൻ ചാനലുകളും കേബിൾ മുഖേന നേരിട്ട് എല്ലാ വീടുകളിലെയും സ്വീകരണമുറികളിലെത്തി. കേബിൾ ടിവിയുടെ വരവോടെ ദൂരദർശന്റെ ഭൂതല സംപ്രേക്ഷണം വിസ്മൃതിയിലായി. കേബിൾ ടിവി രംഗത്ത് ജില്ലയിൽ വൻകിട കമ്പനികളുടെ കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. ഏഷ്യാനെറ്റ് (എസിവി), കേരളവിഷൻ, ഡെൻ എന്നീ വൻകിട കേബിൾ നെറ്റ് വർക്കുകളാണ് ജില്ലയിൽ കേബിൾ ടിവി മുഖേന സേവനം നൽകുന്നത്. എസിവി, പിടിഎ ന്യൂസ്, എംസി ടിവി, മലനാട്, സംസ്കൃതി, ഗാലക്സി, വേണാട്, മെട്രോ, സിറ്റി ടിവി, ദൃശ്യ തുടങ്ങിയ പ്രാദേശിക കേബിൾ ചാനലുകൾ നമ്മുടെ ജില്ലയിൽ സേവനം നൽകുന്നുണ്ട്. നമ്മുടെ ജില്ലയിലെ പ്രാദേശിക സംഭവ വികാസങ്ങൾ മികച്ച നിലവാരത്തിൽ വാർത്താ ബുള്ളറ്റുകളായും വിവിധ പരിപാടികളായും ജനങ്ങളിലേക്ക് എത്തിക്കാൻ ഈ ചാനലുകൾക്ക് സാധിക്കുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വികസന നേട്ടങ്ങൾ അതത് സമയം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രാദേശിക കേബിൾ ചാനലുകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

ഡിടിഎച്ച്

ആവശ്യമുള്ള ഉപഗ്രഹ ചാനലുകൾ മാത്രം ഉപയോക്താവിന് തിരഞ്ഞെടുത്ത് ഉപയോഗിക്കാൻ അവസരം നൽകുന്ന ഡയറക്ടു ഹോം (ഡിടിഎച്ച്) സംവിധാനം ജില്ലയിൽ വ്യാപകമായി വരുന്നുണ്ട്. വീഡിയോകോൺ, എയർടെൽ, സൺ, ഡിഷ് ടിവി തുടങ്ങിയ കമ്പനികളാണ് ഡിടിഎച്ച് സേവനം ലഭ്യമാക്കുന്നത്.

റേഡിയോ

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ആകാശവാണിയുടെ സംപ്രേക്ഷണം ജില്ലയിൽ ലഭിക്കുന്നുണ്ട്. ടെലിവിഷൻ, മൊബൈൽ ഫോൺ എന്നിവയുടെ കടന്നു വരവോടെ ആകാശവാണിയുടെ സ്വാധീനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. യുവതലമുറയെ ആകർഷിക്കുന്നതിന് ആകാശവാണിക്ക് കഴിയുന്നില്ലെന്ന് ആക്ഷേപമുണ്ട്. മൊബൈൽ ഫോണിന്റെ ആവിർഭാവത്തോടെ സ്വകാര്യ എഫ് എം സ്റ്റേഷനുകളുടെ ആപ്പുകൾ മുഖേന റേഡിയോ സേവനം യുവതലമുറ കാര്യമായി ഉപയോഗിക്കുന്നുണ്ട്. സ്വകാര്യ എഫ്.എം സ്റ്റേഷനുകൾ സിനിമ അധിഷ്ഠിതമായ പരിപാടികളാണ് കൂടുതലും പ്രക്ഷേപണം ചെയ്യുന്നത്. റേഡിയോ മാംഗോ, ക്ലബ് എഫ്എം, റെഡ് എഫ്എം തുടങ്ങിയ നിരവധി സ്റ്റേഷനുകളുടെ ആപ്പുകൾ പ്ലേ സ്റ്റോറിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്ത് യുവജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ ഏക എഫ്എം സ്റ്റേഷനായ മാക്ഫാസ്റ്റ് എന്ന സ്വകാര്യ കമ്മ്യൂണിറ്റി റേഡിയോ 2009 നവംബർ മുതൽ തിരുവല്ലയിൽ നിന്നു പ്രക്ഷേപണം ചെയ്തു വരുന്നു.

നിർദ്ദേശങ്ങൾ

1. ലഘുലേഖകൾ

തദ്ദേശസ്ഥാപനങ്ങളും വകുപ്പുകളും നടപ്പാക്കുന്ന എല്ലാ പദ്ധതികളുടേയും സവിശേഷതകൾ സംബന്ധിച്ച് അതത് സമയങ്ങളിൽ ലഘുലേഖകൾ തയ്യാറാക്കി തദ്ദേശസ്ഥാപന പരിധിയിലെ എല്ലാ വീടുകളിലും എത്തിക്കുന്നത് നന്നായിരിക്കും. ചിത്രങ്ങളും പദ്ധതികളുടെ വിവരങ്ങളും ലഘുലേഖയിൽ ഉൾപ്പെടുത്തണം. ലഘുലേഖകൾ അതത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ തയ്യാറാക്കണം. വാർഡ് മെമ്പറുമാരുടെ മേൽനോട്ടത്തിൽ ലഘുലേഖ വിതരണം നടത്തിയാൽ വളരെ ഫലപ്രദമായിരിക്കും. ധനദുർവിനിയോഗം ഉണ്ടാകില്ലെന്ന് ഉറപ്പാക്കി ചെലവ് കുറച്ച് ജനസംഖ്യാനുപാതികമായി ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്യുന്നെന്ന് തദ്ദേശസ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കണം.

2. ഇ-ഗവേണൻസ് ഊർജ്ജിതമാക്കണം

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് എല്ലാ രംഗത്തും കംപ്യൂട്ടറൈസേഷൻ നടപ്പാക്കണം. എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കണം. ഇതിലൂടെ നടപടികൾക്ക് സുതാര്യത ഉറപ്പാക്കാനും അഴിമതിക്ക് തടയിടാനും കഴിയും. ഇ-ഗവേണൻസ് സേവനങ്ങൾ പൂർണ തയിലെത്തിക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും മുൻഗണന നൽകണം.

3. കുടുംബശ്രീയുടെ സേവനങ്ങൾക്ക് ആപ്പ്

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ ലഭ്യമാക്കിയിട്ടുള്ള വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് അപ്ലിക്കേഷൻ വികസിപ്പിക്കണം. കുടുംബശ്രീയുടെ സേവനങ്ങൾ കൂടുതൽ പേരിലേക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് ആപ്പ് വഴിയൊരുക്കും. കുടുംബശ്രീയുടെ ഭക്ഷണ ശാലകളുടെ വിവരം, വീടുകളിൽ ജോലി ചെയ്യുന്നതിനും പ്രായമായവരെയും രോഗികളെയും നോക്കുന്നതിന് സന്നദ്ധരായവരെ ലഭ്യമാക്കുന്നതിനുള്ള സംവിധാനം, കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിച്ച ഭക്ഷ്യവസ്തുക്കൾ, കാർഷികോത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ആപ്പിൽ ഒരുക്കണം.

4. ജില്ലാതല ഉദ്യോഗസ്ഥരെ ബന്ധപ്പെടാൻ ആപ്പ്

ജില്ലയിലെ എല്ലാ സർക്കാർ ഉദ്യോഗസ്ഥരെയും പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് ആപ്ലിക്കേഷൻ വികസിപ്പിക്കണം. ഇതുവഴി ഫോൺ കോൾ, ഇന്റർനെറ്റ് കോൾ, ഇ-മെയിൽ, വാട്സാപ്പ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. എല്ലാ ഉദ്യോഗസ്ഥരുടെയും പേര്, തസ്തിക, ഓഫീസ് വിലാസം, ഇ-മെയിൽ വിലാസം തുടങ്ങിയവയും, ഓരോ ഓഫീസിൽ നിന്നും ലഭ്യമായ സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ ആപ്ലിക്കേഷനിൽ ലഭ്യമാക്കണം.

ഐടി രംഗത്ത് മികവുറ്റ നേട്ടങ്ങളുമായി അക്ഷയ

- വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് ലഭ്യമാകുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച അക്ഷയപദ്ധതിയുടെ ഭാഗമായി ജില്ലയിലെ 53 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലുമായി 122 അക്ഷയ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കുന്നു
- ആധാർ എൻറോൾമെന്റിലും സംസ്ഥാനത്തെ മികച്ച ജില്ലയ്ക്കുള്ള പുരസ്കാരം പത്തനംതിട്ടയ്ക്ക് ലഭിച്ചു. സർക്കാർ സേവനങ്ങളും, സർട്ടിഫിക്കറ്റുകളും അക്ഷയ കേന്ദ്രങ്ങളിലൂടെ ഓൺലൈനായി ലഭിക്കുന്ന ഇ-ജില്ലാ പദ്ധതിയിലും ജില്ല മാതൃകയായി.

വിവര സാങ്കേതിക വിദ്യ–സാധ്യതകൾ

ഫേയ്സ്ബുക്ക് പേജ്

- ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഫേയ്സ് ബുക്ക് പേജ് ആരംഭിക്കണം. അതത് സ്ഥാപനത്തിലെ പ്രസിഡന്റിന്റെ അനുമതിയോടെ സെക്രട്ടറിയുടെ ചുമതലയിലായിരിക്കണം. ജനങ്ങൾ അറിയേണ്ട വിവരങ്ങളാണ് ഫേയ്സ്ബുക്ക് പേജിൽ അപ്ഡേറ്റ് ചെയ്യേണ്ടത്. ഇന്റർനെറ്റ് ഉപയോഗം വ്യാപകമായിട്ടുള്ള സാഹചര്യത്തിൽ ഫേയ്സ്ബുക്ക് പേജിലൂടെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നത് ഈ രംഗത്ത് സുതാര്യതയും ഭരണനേട്ടവും കൈവരിക്കുന്നതിനും ഇ ഗവേണൻസ് കാര്യക്ഷമമാക്കുന്നതിനും വഴിയൊരുക്കും.
- **ജില്ലയുടെ ടൂറിസം വികസനത്തിന് ആപ്പ്**

  ജില്ലയുടെ ടൂറിസം വികസനത്തിനായി എല്ലാ സംവിധാനങ്ങളുമുള്ള ആപ്പ് വികസിപ്പിക്കണം. വിദേശത്തും സ്വദേശത്തുമുള്ളവർക്ക് പത്തനംതിട്ട ജില്ലയിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിമാനത്താവളത്തിൽ നിന്നും റെയിൽവേ സ്റ്റേഷനുകളിൽനിന്നുമുള്ള ദൂരം, താമസ സൗകര്യം, ലഭ്യമായ സേവനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ആപ്പിലൂടെ ലഭ്യമാക്കാം. നിലവിൽ ലോകത്തിന്റെ ഏതു കോണിലിരുന്നും പത്തനംതിട്ടയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെപ്പറ്റി അറിയുന്നതിനും ഇവിടേക്ക് വരുന്നതിനും സുരക്ഷിതവും ആസ്വാദ്യകരവുമായി മടങ്ങുന്നതിനും ടൂറിസം ആപ്പ് ഉപകരിക്കും.
- **സ്കൂളുകളിൽ സിസിടിവി സംവിധാനം**

  കുട്ടികൾക്കെതിരായ അക്രമങ്ങൾ വർധിക്കുന്നതു കണക്കിലെടുത്ത് മുൻകരുതൽ എന്ന നിലയിൽ ജില്ലയിലെ എല്ലാ സ്കൂളുകളിലും സർക്കാർ ചെലവിൽ സിസിടിവി നിരീക്ഷണ സംവിധാനം ഒരുക്കണം. ലഹരിവസ്തുക്കളുടെ ഉപയോഗം വിദ്യാർഥികളുടെ ഇടയിൽ വർധിച്ചു വരുന്നതും അതിക്രമങ്ങൾ ഉണ്ടാകുന്നതും കണക്കിലെടുത്ത് സിസിടിവി നിരീക്ഷണം നടപ്പാക്കണം. സ്കൂളുകളിൽ അച്ചടക്കം നിലനിർത്തുന്നതിനും അതുവഴി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയും.

നേട്ടങ്ങൾ, പ്രയോജനങ്ങൾ

- പത്തനംതിട്ട ജില്ലയുടെ നൂതന ആശയമായ സാർവത്രിക ആരോഗ്യ ഇൻഷുറൻസ് പദ്ധതി ന്യൂ ഇന്ത്യ അഷ്വറൻസുമായി ചേർന്ന് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുയും പിന്നീട് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുകയും സാധാരണ ജനങ്ങൾക്ക് വിവിധ ഇൻഷുറൻസ് സേവനങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തു.
- ബാങ്കിങ്ങ് സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിയതിന്റെ ഭാഗമായി ആരംഭിച്ച ബാങ്കിങ്ങ് കീയോസ്കുകളുടെ നടത്തിപ്പിലും ജില്ലയ്ക്ക് മികച്ച നേട്ടം കൈവരിക്കാനായി. ജില്ലയിലെ 44 അക്ഷയ കേന്ദ്രങ്ങൾ കീയോസ്കുകളായി പ്രവർത്തിക്കുന്നു. 23 കേന്ദ്രങ്ങൾ കൂടി കീയോസ്കുകളായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ബാങ്കിങ്ങ് സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പാക്കിയതിന്റെ ഭാഗമായി ആരംഭിച്ച ബാങ്കിങ്ങ് കീയോസ്കുകളുടെ നടത്തിപ്പിലും ജില്ലയ്ക്ക് മികച്ച നേട്ടം കൈവരിക്കാനായി.ജില്ലയിലെ 44 അക്ഷയ കേന്ദ്രങ്ങൾ കീയോസ്കുകളായി പ്രവർത്തിക്കുന്നു. 23 കേന്ദ്രങ്ങൾ കൂടി കീയോസ്കുകളായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പൊതുജന സമ്പർക്ക പരിപാടി, ഓൺലൈൻ പോക്കുവരവ്, ഇലക്ഷൻ വെബ്കാസ്റ്റിംഗ്, ഓൺലൈൻ റേഷൻകാർഡ് ഡാറ്റാ എൻട്രി, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, എന്നിവയെല്ലാം നടപ്പാക്കി വിജയിപ്പിക്കാൻ അക്ഷയയ്ക്കു സാധിച്ചു.
- എല്ലാ കേന്ദ്രങ്ങളിലും ആധാർ സേവന സംവിധാനം.
- എല്ലാ അക്ഷയ കേന്ദ്രങ്ങളും നൂതനമായ സാങ്കേതിക വിദ്യയും ഫ്രണ്ട് - ഡെസ്ക് സംവിധാനം കൊണ്ട് ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കണം.

- അക്ഷയയുടെ നേതൃത്വത്തിൽ ഡിജിറ്റൽ ബോധവൽക്കരണ പരിപാടികൾ, കറൻസി രഹിത സാമ്പത്തിക ഇടപാടുകൾ എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് ജില്ലയിൽ വിവിധ പരിശീലനപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
- ജില്ലയെ ഒരു ജില്ലാ ഇ ഗവേണൻസ് സൊസൈറ്റി ശക്തമാക്കുകയും വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റു കളുടെ പങ്കാളിത്തത്തോടെ ഐ ടി മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളായ NIC, KSITM, CDIT, IKM തുടങ്ങിയവർ ചേർന്നു ഏകീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. വിവിധ വകുപ്പുകൾ സംയുക്തമായി വരുന്ന സേവങ്ങൾ ഓൺലൈൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഏകീകരിക്കാനും DeGs (District e-Governance Society) ന്റെ ആവശ്യം അത്യന്താപേക്ഷിതമാണ്

ഐ.ടി രംഗത്തെ സാദ്ധ്യതകൾ

ജില്ലയിൽ ഒരു ഐ.ടി. പാർക്ക്.

- അഭ്യസ്ഥവിദ്യരായ യുവജനങ്ങൾ ജില്ലയുടെ അഭിമാനിക്കാവുന്ന നേട്ടമാണ്. എന്നാൽ അഭ്യസ്ഥവിദ്യ രായ തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താനുള്ള സാദ്ധ്യതകൾ ജില്ലയിൽ കുറവാണ്. ഒരു ഐ.ടി. പാർക്കിന് ആവശ്യമായ സ്ഥലവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളാലും ജില്ല സമ്പന്നമാണ്. ഈ സാധ്യതകൾ വിനിയോഗിച്ച് ജില്ലയിൽ ഐ.ടി.പാർക്ക് തുടങ്ങിയാൽ ഏറെ പ്രയോജനം ചെയ്യും. ഇത് സാങ്കേതിക വികസനത്തിനു വഴി തെളിക്കും.
- ജില്ലയിൽ നിലവിൽ FM സ്റ്റേഷനുകൾ ഇല്ലാത്തതിനാൽ, പുതിയ FM സ്റ്റേഷൻ ആരംഭിക്കുന്നത് വാർത്താവിനിമയ രംഗത്ത് വിപ്ലവം സൃഷ്ടിക്കും.

കെ ഫോൺ

- സംസ്ഥാന വ്യാപകമായി ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് സംവിധാനം ഉപയോഗിച്ചു ദ്രുത വേഗത്തിൽ കണക്റ്റിവിറ്റി എല്ലാ ഗവണ്മെന്റ് വിദ്യാഭാസം സ്ഥാപനങ്ങളിലേക്കും എത്തിക്കുന്ന പദ്ധതി.
- 10 മുതൽ 100 mbps പരിധിവരെ എല്ലാ ഗവണ്മെന്റ്, വിദ്യാഭാസ സ്ഥാപനങ്ങളിലും പിന്നീട ഗ്രാമ നഗര ഭേദമെന്യേ എല്ലാ വീടുകളിലേക്കും ഇന്റർനെറ്റ് സേവനം നൽകുന്ന പദ്ധതിയാണ് ഇത്.

പബ്ലിക് വൈഫൈ

- പബ്ലിക് വൈഫൈ പദ്ധതിയുമായി ബന്ധപെട്ടു ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ, പാർക്കുകൾ, ടൂറിസ്റ്റ് ഇടങ്ങൾ ഉൾപ്പെടുന്ന 150 പൊതു ഇടങ്ങളിൽ പബ്ലിക് വൈഫൈ സംവിധാനം.
- ജനങ്ങൾക്ക് ഉപയോഗപ്രദമായി 300 MB വരെ സൗജന്യമായി നൽകണം.

വിനോദസഞ്ചാരം

ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ വനങ്ങളാലും, പടിഞ്ഞാറൻ പ്രദേശങ്ങൾ തോടുകളാലും സമൃദ്ധ മാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജലവൈദ്യുതി അണക്കെട്ടുകൾ ഈ ജില്ലയിലാണുള്ളത്. മാത്രവുമല്ല, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ശുദ്ധവായു ലഭിക്കുന്ന ജില്ലയുമാണ്. അതിനാൽതന്നെ വിനോദസഞ്ചാരത്തിനുള്ള അനന്തസാദ്ധ്യതകളാണുള്ളത്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, ശുചിത്വ മാലിന്യ പ്രശ്നങ്ങൾ തുടങ്ങിയവ വിനോദസഞ്ചാര വികസനത്തിന് വിഘാതമായി നിൽക്കുന്നു. മാത്രവുമല്ല വേണ്ടത്ര പ്രചാരണവും ലഭിക്കുന്നില്ല. വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് ടൂറിസ്റ്റ് പാക്കേജ് നടപ്പാക്കണം.

ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ

1. ഗവി
2. കോന്നി അടവി ഇക്കോ ടൂറിസം

3. പെരിന്തേനരുവി വിനോദ സഞ്ചാര കേന്ദ്രം
4. ആറന്മുള ടൂറിസം കേന്ദ്രം
5. പടയണി ഗ്രാമം – കടമ്മനിട്ട.

1. ഗവി

ജില്ലയിലെ സീതത്തോട് പഞ്ചായത്തിലെ ഗവിയിലേക്കുള്ള യാത്ര വന മദ്ധ്യത്തിലൂടെയാണ്. മൂഴിയാർ ജല വൈദ്യുത പദ്ധതി ഗവി വനമേഖലയിലാണ്. യാത്രാ സൗകര്യങ്ങളുടെ അഭാവവും, അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ഈ വിനോദ സഞ്ചാര കേന്ദ്രം നേരിടുന്ന പ്രശ്നങ്ങളാണ്. ഇതു പരിഹരിച്ച് വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാവുന്നതാണ്.

2. കോന്നി അടവി ഇക്കോ ടൂറിസം

ചിത്രം 4.13

അടവി കുട്ടവഞ്ചി സവാരി

കോന്നി ആനക്കൂട്

പത്തനംതിട്ട ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രങ്ങളായ കോന്നി, അടവി എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം പദ്ധതികൾ ആവിഷ്കരിക്കണം. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതോടെ അടവിയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ ശുചിമുറികൾ, റസ്റ്റോറന്റ്, സെക്യൂരിറ്റി മുറി, ഇക്കോ ഷോപ്പ്, ടിക്കറ്റ് കൗണ്ടർ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. കൂടാതെ നിലവിലെ എലിഫന്റ് മ്യൂസിയം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പൂർത്തിയാക്കണം. ഈ പദ്ധതി തെന്മല ഇക്കോ ടൂറിസമായി ബന്ധിപ്പിക്കണം.

3. പെരിന്തേനരുവി വിനോദ സഞ്ചാര കേന്ദ്രം

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ സ്ഥിതി ചെയ്യുന്ന മലമ്പ്രദേശമായ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച പെരുന്തേനരുവി വെള്ളച്ചാട്ടം ഇന്ന് ജില്ലയിലെ പ്രസിദ്ധമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്. ഈ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. കോട്ടേജുകൾ, റസ്റ്റോറന്റ്, ശുചി മുറികൾ, നടപ്പാതകൾ, കൈവരികൾ എന്നിവ നിർമ്മിക്കണം.

വികലാംഗർക്കുള്ള സൗഹൃദ ശുചി മുറികൾ കുട്ടികൾക്കുള്ള കളിസ്ഥലം, അമിനിറ്റി സെന്റർ, ഡോർമെറ്ററി, കൺവെൻഷൻ സെന്റർ, പാർക്കിംഗ് ഏരിയ, നടപ്പാത, ഏണിപ്പടികൾ എന്നിവയുടെ നിർമ്മാണവും പരിഗണിക്കണം.

4. ആറന്മുള ടൂറിസം കേന്ദ്രം.

5. ആറമുള ക്ഷേത്രം– ആറമുള വള്ളംകളി

ആറന്മുള കണ്ണാടി

ജില്ലയ്ക്ക് പൈതൃകമായി പരമ്പരാഗതമായി കൈമാറി കിട്ടിയ ആറന്മുള കണ്ണാടിയുടെ പ്രാധാന്യം ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് എത്തേണ്ടതുണ്ട്. തനത് നിർമ്മാണ രീതികൾ അവലംബിച്ചുകൊണ്ട് വ്യാവസായിക അടിസ്ഥാനത്തിൽ ആറന്മുള കണ്ണാടി നിർമ്മിച്ച് പ്രചരിപ്പിക്കേണ്ടതാണ്.

ജില്ലയിലെ പൈതൃക ഗ്രാമമായ ആറന്മുളയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം, വള്ളംകളി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

പടേനി ഗ്രാമം – കടമ്മനിട്ട.

ജില്ലയിലെ ഗ്രാമീണ പ്രാചീന കലകളിൽ പ്രാമുഖ്യമുള്ള പടയണി സംരക്ഷിക്കാൻ വേണ്ടിയും ബന്ധപ്പെട്ട കലാകാരൻമാർക്ക് പ്രോത്സാഹനം നൽകുവാനും വേണ്ടിയും ടൂറിസം വകുപ്പ് കടമ്മനിട്ടയെ പടയണി ഗ്രാമം എന്ന പേരു നൽകി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പത്തനംതിട്ടയിൽ വരുന്ന 5 വർഷം കൊണ്ട് പുതിയ 10 ടൂറിസ്റ്റ് കേന്ദ്രങ്ങൾ

അധികമാരും അറിയാത്തതും എന്നാൽ അനന്തമായ ടൂറിസം സാധ്യതകൾ ഒളിഞ്ഞു കിടക്കുന്ന പൂച്ചക്കുളം, മല്ലപ്പള്ളി – മീൻമുട്ടി വെള്ളച്ചാട്ടം, ചെറുകോൽപ്പുഴ, കവിയൂർ ഗുഹാക്ഷേത്രം, അരുവിക്കുഴി വെള്ളച്ചാട്ടം, ആലുവാംകുടി ക്ഷേത്രം, സീതത്തോട്, ചിറമുടി, മണ്ണീറ വെള്ളച്ചാട്ടം, പ്രമാടം, കോട്ടാങ്കൽ എന്നീ സ്ഥലങ്ങൾ വിനോദ സഞ്ചാരത്തിന് വികസിപ്പിക്കാൻ കഴിയുന്നവയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം സഞ്ചാരികൾക്ക് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നുണ്ട് . ഇതു പരിഹരിക്കുവാനും പ്രകൃതി രമണീയമായ ഈ പ്രദേശങ്ങൾ ലോകത്തിനുമുന്നിൽ തുറന്നു കാണിക്കുവാനും പുതിയ ടൂറിസം പദ്ധതികൾ അനിവാര്യമാണ്.

വിനോദസഞ്ചാരികൾക്ക് പത്തനംതിട്ടയിൽ എത്തിച്ചേരാൻ വിവിധ മാർഗ്ഗങ്ങൾ

വിമാനത്താവളം – തിരുവനന്തപുരം.
റെയിൽവേ സ്റ്റേഷൻ – ചെങ്ങന്നൂർ

ചിത്രം 4.14



കേന്ദ്രാവിഷ്കൃത ടൂറിസം പദ്ധതികൾ സ്വദേശ്ദർശൻ ഗവി – കടമ്മനിട്ട (ഇക്കോ ടൂറിസം സർക്യൂട്ട്)

ജില്ലയിൽ ടൂറിസം മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ

1. സർക്കാർ മേഖലയിൽ ടൂറിസം പദ്ധതികൾക്കാവശ്യമായ ഭൂമി ലഭ്യതക്കുറവ്.
2. പൊതു റോഡുകളുടെയും അടിസ്ഥാന സൗകര്യങ്ങളായ തെരുവുവിളക്കുകൾ, ദിശാ ബോർഡുകൾ എന്നിവയുടെ അപര്യാപ്തത
3. മാലിന്യ, മലിനീകരണ പ്രശ്നങ്ങൾ.
4. വന നിയമങ്ങൾ പാലിക്കുന്നത് മൂലമുള്ള പരിമിതികൾ.
5. ശുദ്ധ ജലവും ആഹാരവും.
6. കാലാവസ്ഥാ വ്യതിയാനം.
7. അപകടങ്ങളിൽ ക്രൈസിസ് മാനേജ്മന്റിന്റെ അഭാവം.

പുതുതായി വികസിപ്പിക്കേണ്ടവിനോദ സഞ്ചാര കേന്ദ്രങ്ങൾ

1. കോന്നി – അടവി, മണ്ണീറ, പൂച്ചക്കുളം
2. കോട്ടങ്ങൽ പടയണി കേന്ദ്രം
3. പെരുന്തേനരുവി
4. പന്തളം വലിയകോയിക്കൽ കൊട്ടാരം .
5. വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്താനുള്ള യാത്ര സൗകര്യം

1. **സാഹസിക വിനോദസഞ്ചാരം**

അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന സഹ്യപർവ്വതം കേരളത്തിന്റെ ഭൂപ്രകൃതിയിൽ പകരം വെയ്ക്കാനാവാത്ത സംഭാവനയാണ് നൽകിയിരിക്കുന്നത്. വിശാലമായ കടർത്തീരവും പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമാണ്.

സാഹസിക വിനോദ സഞ്ചാര മേഖലയിൽ പരിചയ സമ്പത്ത് തെളിയിച്ച വിവിധ സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട് ഇവരെയൊക്കെ കേന്ദ്രീകരിച്ച് ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാരകേന്ദ്രം പ്രവർത്തിക്കാവുന്നതാണ്. കൂടാതെ സ്ഥലലഭ്യത അനുസരിച്ച് ഒരു അഡ്വഞ്ചർ പാർക്ക് നിർമ്മിക്കാവുന്നതുമാകുന്നു. കൂടുതൽ യുവാക്കളെ ടൂറിസത്തിൽ ആകർഷിക്കുന്നതിന് സാഹസിക ടൂറിസം യുവാക്കൾക്ക് പ്രചോദനമേകും.

ഇതിനായി ബൈക്ക് ചലഞ്ച് റാലികളും, സൈക്കിൾ റാലികളും സാഹസിക മേഖലകളിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ സാങ്കേതിക സഹകരണത്തോടെ നടത്താവുന്നതാണ്.

ഭാവിയിൽ കയാക്കിംങ്ങ്, പാരാഗ്ലൈഡിംസ് എന്നീ സാഹസിക പ്രവർത്തികൾ പരിശീലിപ്പിക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതിയും ആവശ്യമാണ്. കൂടാതെ ട്രെക്കിംഗിനും, റോക്ക് ക്ലൈംബിംഗിനും പറ്റിയ ഒട്ടേറേ സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ഗവി, കൊച്ചുപമ്പ, ചുട്ടിപ്പാറ, നെടുങ്കുന്നുമല, പെരുന്തേനരുവി, കോന്നി തണ്ണിത്തോട് തുടങ്ങിയ സ്ഥാപനങ്ങൾ ഏറെയും ട്രക്കിങ്ങിന് പറ്റിയ മേഖലകളാണ്. ഇത്തരം സാഹസിക വിനോദങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിക്കണം.

2. **ആറന്മുളയിൽ ക്രാഫ്റ്റ് വില്ലേജ്, ആധുനിക ഇൻഫർമേഷൻ സെന്റർ**

അനസുയമായ ആറന്മുള കണ്ണാടിയുടെ പ്രചാരണവും, മാർക്കറ്റിംഗും, വിനോദ സഞ്ചാര പരിപാടി യുടെ ഭാഗമായി ആവിഷ്കരിക്കണം.

3. പ്രകൃതി സംരക്ഷിത ടൂറിസം പദ്ധതികൾ

വിനോദ സഞ്ചാര മേഖലയിലെ പുതിയൊരു സങ്കല്പമാണ്. ഇക്കോ ടൂറിസം പരിസ്ഥിതിയുടെ പ്രാധാന്യവും അതിലൂടെയുള്ള സംസ്ക്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകൃതിയിൽ ഏറ്റവും കുറഞ്ഞ തോതിലുള്ള കൈകടത്തലുകൾ മാത്രം നടത്തി പ്രാദേശിക ഭൂപ്രകൃതി, സസ്യജൈവജാല സമ്പത്ത്, സാംസ്കാരിക പൈതൃകം എന്നിവയെ സംരക്ഷിക്കുന്നതും വിദ്യാഭ്യാസവും വിവരസമാഹാരണവും ലക്ഷ്യം വെച്ചുള്ളതും പ്രാദേശിക ജനതയ്ക്ക് ഗുണം ചെയ്യുന്നതുമായ ഇക്കോടൂറിസം പദ്ധതി വികസിപ്പിക്കണം.

4. ഉത്തരവാദിത്വടൂറിസം പദ്ധതി

ടൂറിസം മേഖലയുടെ ഗുണഫലങ്ങൾ തദ്ദേശീയ വാസികൾക്കുകൂടി ലഭ്യമാക്കുക എന്ന സമഗ്ര സമീപനമാണ് ഉത്തരവാദിത്വ ടൂറിസത്തിനുള്ളത്. ഗ്രാമീണ ജീവിതം അടുത്തറിയുവാനും തനത് നാടൻ കലകൾ പരിചയപ്പെടുത്തുവാനും പ്രാദേശിക ഉല്പന്നങ്ങളും കരകൗശല സാമഗ്രികളും ഇടനിലക്കാരില്ലാതെ ടൂറിസ്റ്റുകൾക്ക് വിൽക്കുന്നതിനുമൊക്കെ ഉത്തരവാദിത്വ ടൂറിസത്തിലൂടെ സാധിക്കും. പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക, അതുപോലെ അനുഷ്ഠാന ശാസ്ത്രീയ കലകളെയും വിനോദ സഞ്ചാരത്തിന്റെ ഭാഗമാക്കുന്നത് വഴി തദ്ദേശീയർക്ക് കൂടുതൽ വരുമാനം ഉറപ്പ് നൽകാനുള്ള പ്രവർത്തനം ഉത്തരവാദിത്വ ടൂറിസം വഴി കഴിയും.

ആറന്മുളയിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെടുത്തി ദീർഘവീഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുക പെരുന്തേനരുവി അടുത്തഘട്ട വികസനം ഒരു സമ്പൂർണ്ണതിയിലെത്തിക്കുക, രണ്ട് സ്റ്റേറ്റ് ഹൈവേകൾ (എം.സി റോഡ്, കെ.പി. റോഡ്) സംഗമിക്കുന്ന അടൂർ പുതിയകാവിൽ ചിറയിൽ ഒരു മെഗാ ടൂറിസം പദ്ധതിനടപ്പിലാക്കുക. കോന്നിയിലും, തിരുവല്ലയിലും നിലവിലുള്ള പദ്ധതികൾക്കായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക. ശബരിമല തീർത്ഥാടകരെ ഉൾപ്പെടുത്തി ആറന്മുള – ശബരിമല പിൽഗ്രീം ടൂറിസത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക. ഗവിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നവീനങ്ങളായ പദ്ധതികൾ കൊണ്ടുവരുക. ചരിത്ര പ്രാധാന്യമുള്ള മണ്ണടി അരവക്കച്ചാണി ഗുഹ, മണ്ണടി വേലുത്തമ്പി സ്മാരകം, പന്തളം കൊട്ടാരം, മൂലൂർ സ്മാരകം, ആറന്മുള വാസ്തു വിദ്യാ ഗുരുകുലം, കവിയൂർ ഗുഹ ക്ഷേത്രം, ഐക്കാട് ശക്തി ഭദ്രൻ സ്മാരകം എന്നിവ കോർത്തിണക്കി ജില്ലയിലെ സ്ക്കൂൾ കുട്ടികൾക്കായി ഒരു പൈതൃക പര്യടനം പ്രാവർത്തികമാക്കുക. കഥകളി എന്ന പൈതൃക കലയെ പ്രോൽസാഹിപ്പിക്കേണ്ടത് ടൂറിസം വികസനത്തിന് അത്യന്താപേക്ഷിതമാണ്. കുളനടയിൽ കാടു കയറി കിടക്കുന്ന ഡി.റ്റി.പി.സി യുടെ അമിനിറ്റി സെന്റർ ഏറ്റെടുത്ത് ശബരിമല തീർത്ഥാടകർക്കും കൂടി പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തിച്ച് തുടങ്ങുക. പുതിയതായി കണ്ടെത്തിയിട്ടുള്ള ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികളെയും കോർത്തിണക്കി കൊണ്ടുള്ള ബൃഹത്തായ ഒരു ടൂറിസം സംസ്ക്കാരവും പുതിയ ഒരു വിനോദസഞ്ചാര മാതൃക സൃഷ്ടിക്കുവാൻ കഴിയണം. ജില്ലയിലെ ടൂറിസം പ്രമോഷൻ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ളത്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.4.1 പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതി വികസനം

ആമുഖം

പത്തനംതിട്ട ജില്ലയിലെ ആകെ ജനസംഖ്യ 1197412 ഇതിൽ 164465 പട്ടികജാതി ജനസംഖ്യയാണ്. 78942 പുരുഷൻമാരും 85523 സ്ത്രീകളും അടങ്ങുന്നതാണ് പട്ടികജാതി ജനസംഖ്യ. സാധാരണയായി കണ്ടുവരുന്നത്. 21612 കുടുംബങ്ങൾ സങ്കേതങ്ങളിൽ താമസിച്ചു വരുന്നു. മറ്റുള്ള 8384 കുടുംബങ്ങൾ ഒറ്റപ്പെട്ടു താമസിക്കുന്നു. പട്ടികജാതിക്കാർ പൊതുവെ കൃഷിയും അനുബന്ധ തൊഴിലിലും ആശ്രയിച്ചു കഴിയുന്ന വിഭാഗമാണ്. 39001 പേർ തൊഴിൽ ചെയ്തു ജീവിക്കുന്നു. ഇതിൽ സർക്കാർ അർദ്ധസർക്കാർ സർവ്വീസിലുള്ളവർ 2067 മാത്രമാണ്. വിദ്യാഭ്യാസപരമായി ഉയർച്ച ഉണ്ടെങ്കിലും തൊഴിൽ നേടുന്നതിൽ വേണ്ടത്ര പ്രാവീണ്യം കാണുന്നില്ല. അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകരുടെ എണ്ണം 46350 ആണ്. പ്രധാന വിഷയങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

പട്ടിക. 4.63

പ്രധാന സമുദായങ്ങൾ

സമുദായങ്ങൾ	കുടുംബങ്ങൾ	ആൺ	പെൺ	ആകെ
ഭരതൻ	14	27	27	54
ചക്ലിയൻ	26	59	45	104
ചെറുമൻ	1	2	1	3
കാക്കാലൻ	113	349	349	698
കുറവൻ	12211	26718	29803	56521
മലയൻ	2	5	5	10
മണ്ണാൻ	2114	6236	6269	12505
പളളൻ	143	391	389	780
പുളളുവൻ	6	13	16	29
പാണൻ	300	710	787	1497
പറയൻ	3711	12202	12652	24854
പുലയൻ	11711	28891	30807	59698
തണ്ടാൻ	603	1250	1374	2624
ചെമ്മാൻ	1	2	1	3
വളളുവൻ	1	1	4	5
വേടൻ	35	65	77	142
വണ്ണാൻ	919	2021	2917	4938
	31911	**78942**	**85523**	**164465**

മേൽ വിവരിച്ച പട്ടികയിൽ നിന്നും പുലയ, കുറവ, പറയ, മണ്ണാൻ എനിവയാണ് ജില്ലയിലെ പ്രബല പട്ടിക ജാതി സമുദായങ്ങൾ

പ്രായത്തിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യാ വിന്യാസം (ശതമാനക്കണക്കിൽ)	
0–5	7.019
6–14	13.97
15–17	4.38
18–21	6.65
22–25	7.78
26–29	7.6
30–44	25.21
45–59	17.24
60–64	3.54
65 ന് മുകളിൽ	6.45

I. ഭവനം

ജില്ലയിൽ 850 ഭവനരഹിതരാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ഇവയിൽ 300 വീടുകൾക്കുള്ള ധന സഹായം വകുപ്പിൽ നിന്നും നൽകുന്നു. മിച്ചമുള്ള 550 വീടുകളിൽ 200 വീടുകൾ IAY മുഖാന്തിരം നൽകി വരുന്നു. ഒരു വർഷം 350 വീടുകൾ നൽകേണ്ടതായി വരുന്നുണ്ട്. ഇതുകൂടാതെ ഉപകുടുംബങ്ങൾ പഞ്ചായത്ത് തലത്തിൽ 1060 വീടുകളും, മുൻസിപ്പാലിറ്റികളിൽ 200 ഭവനരഹിതരും ഉണ്ട്. മൊത്തം 2760 വീടുകൾ 5 വർഷംകൊണ്ട് നൽകേണ്ടതായുണ്ട്. എന്നാൽ നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേനയും PMAY മുഖേനയും മാത്രമേ വീട് നൽകുന്നുള്ളൂ. ത്രിതല പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതം ഭവന നിർമ്മാണത്തിനായി മാറ്റിവയ്ക്കണം. ഈ തുക ഗ്രാമപഞ്ചായത്ത് 50% ബ്ലോക്ക് പഞ്ചായത്ത് 30% ജില്ലാ പഞ്ചായത്ത് 20% എന്നീ അനുപാതത്തിൽ വീടുകൾ നൽകിയാൽ ഏകദേശം 600 വീടുകൾ വാർഷികമായി നൽകാൻ സാധിക്കും.

II. ഭൂരഹിതർ

ഏകദേശം 825 കുടുംബങ്ങളാണ് ഭൂരഹിതരായ പട്ടിക വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവർ ഉള്ളത്. നിലവിൽ 267 കുടുംബങ്ങൾക്കാണ് വകുപ്പ് മുഖേന ധനസഹായം നൽകുന്നത്. 558 കുടുംബങ്ങൾ ഭൂരഹിതരാണ്. 5 വർഷത്തെ കണക്ക് നോക്കുമ്പോൾ 2925 കുടുംബങ്ങൾ ഭൂരഹിതരാണ്. ഉപകുടുംബങ്ങളുടെ വാർഷിക കണക്ക് നോക്കുമ്പോൾ 600 കുടുംബങ്ങൾ ഭൂരഹിതരാണ്. 5 വർഷമാകുമ്പോൾ 3000 പേരാണ്. മൊത്തം 5925 പേരാണ് 5 വർഷമാകുമ്പോൾ ഭൂരഹിതരായി ജില്ലയിൽ അവശേഷിക്കുന്നത്. നിലവിൽ പട്ടികജാതി വികസന വകുപ്പ് മാത്രമേ ഈ മേഖലയ്ക്ക് ധനസഹായം അനുവദിക്കുന്നുള്ളൂ. ത്രിതലപഞ്ചായത്ത് അതീവ പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട മേഖലയാണിത്. കേന്ദ്ര സംസ്ഥാന പദ്ധതി സംയോജിച്ച് നടപ്പാക്കിയാൽ മാത്രമേ പദ്ധതി വിജയിക്കുകയുള്ളൂ. ഈ വിഷയത്തിൽ കോളനിവത്കരണം സാധ്യമല്ല.

കൈവശ ഭൂമിയുടെ അളവ്

01–05 സെന്റ്	–	11998
06–10 സെന്റ്	–	5999
11–20 സെന്റ്	–	4499
21–50 സെന്റ്	–	2999
50 സെന്റിന് മുകളിൽ	–	4501

Average land holding - 10.60 cents.

III. തൊഴിൽ

പട്ടികജാതി വിഭാഗത്തിൽ സ്ഥിരം തൊഴിൽ നേടിയവരായി 2067 പേർ മാത്രമാണ്. അഭ്യസ്ഥവിദ്യരായ 46350 പേർ ഉണ്ട്. തൊഴിൽ വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിൽ മാത്രമേ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ. നാമമാത്ര ഭൂ ഉടമകളായതിനാൽ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാറില്ല.

ചെറുകിട സംരംഭങ്ങൾ SC മേഖലയിൽ തന്നെ കുറവാണ്. ആരംഭിച്ചവയിൽ പലതും പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ടു. സംരംഭകത്വശേഷിയുടെ അഭാവം എടുത്തുപറയേണ്ടതാണ്. വ്യക്തിത്വ വികസനം, നൈപുണ്യ വികസനം, മത്സര പരീക്ഷകളിൽ മികവ്, ഇന്റർവ്യൂകളിൽ മികവ് എന്നിവ പ്രദാനം ചെയ്യുന്ന പദ്ധതികൾ ഗ്രാമപഞ്ചായത്തുകളുമായി സംയോജിച്ച് ആവിഷ്ക്കരിക്കണം.

തൊഴിൽ വിന്യാസം

സ്ഥിരം ജോലിക്കാർ	–	5.01.%
പ്രൊവിഷണൽ	–	5.33 %
സ്വയം തൊഴിൽ	–	3.16%
കർഷക തൊഴിലാളികൾ (കൃഷി അനുബന്ധം)	–	39.26%
മറ്റ് തൊഴിലാളികൾ	–	41.10%
വിദേശം (കമ്പനി)	–	6.14%

ഓരോ വർഷവും രൂക്ഷമായി അനുഭവപ്പെടുന്ന ഒന്നാണ് കുടിവെള്ളക്ഷാമം. ആകെ 29996 കുടുംബങ്ങൾ ഉള്ളതിൽ 21612 കുടുംബങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള കുടിവെള്ള സാദ്ധ്യത ഉള്ളൂ. 62.06% കുടുംബങ്ങളും കുടിവെള്ളക്ഷാമം നേരിടുന്നവരാണ്. സ്വന്തമായി കിണർ ഉള്ളത് 9974 കുടുംബങ്ങൾക്കുമാത്രമാണ്. ഇതിൽ യഥേഷ്ടം വെള്ളം കിട്ടുന്നവർ 50% ൽ താഴെയാണ്. വൻകിട കുടിവെള്ള പദ്ധതികളേക്കാൾ കോളനി കേന്ദ്രീകരിച്ചുള്ള ചെറിയ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ 5 വർഷം കൊണ്ട് കുടിവെള്ള ക്ഷാമം പരിഹരിക്കാനാകും. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.

പൈപ്പ് കണക്ഷൻ ഉള്ളവ	–	2003/21612 കുടുംബങ്ങൾ
ജല സ്രോതസ്സുകൾ		
കിണറുകൾ	–	68.35 %
പൈപ്പ് ജലം	–	29.52 %
മറ്റ് സ്രോതസ്സുകൾ	–	1.83 %
കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കുടുംബങ്ങൾ (വർഷത്തിൽ 6 മാസത്തിലേറെ)	–	62.06%

ആരോഗ്യം

ആരോഗ്യമേഖലയിൽ ഉദ്ദേശിച്ച ഉണർവ് കാണുന്നില്ല. സാംക്രമിക രോഗങ്ങൾ, ജീവിത ശൈലീരോഗങ്ങൾ എന്നിവ തടയുന്നതിന് ഫലപ്രദമായ പദ്ധതികൾ സംയുക്തമായി നടപ്പാക്കണം.

ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, സന്ധിവാതം, ആസ്ത്മ എന്നിവയാണ് പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ കാണുന്ന പ്രധാന രോഗങ്ങൾ. ജീവിതശൈലീ രോഗങ്ങൾ, മാരകമായ അസുഖങ്ങൾ പട്ടികജാതി വിഭാഗക്കാർക്കിടയിൽ വർദ്ധിച്ചുവരുന്നു. മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ സെമിനാറുകൾ, പരിസര ശുചീകരണം എന്നിവയിലൂടെ ഇത് ഒരു പരിധി വരെ നിയന്ത്രിക്കാം.

വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. പോയ വർഷം 7 കോടി രൂപ ചികിത്സാ ധനസഹായമായി ചെലവഴിച്ചു. എന്നിരുന്നാലും പകർച്ച വ്യാധിയുടേയും മാരക രോഗങ്ങളുടേയും വ്യാപനം കോളനികളിൽ ശ്രദ്ധേയമാണ്.

2030 ആകുമ്പോഴേക്കും സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും പട്ടികജാതി സമൂഹം പൊതു സാമൂഹത്തിന് ഒപ്പം എത്തണം എന്നത് പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

സ്ഥാപനങ്ങൾ

പട്ടിക. 4.64

ജില്ലാ പട്ടികജാതി വികസന ആഫീസിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ

ക്രമ നം	ബ്ലോക്കിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	ഇലന്തൂർ ബ്ലോക്ക്	3
2	തിരുവല്ല മുനിസിപ്പാലിറ്റി	2
3	മല്ലപ്പള്ളി ബ്ലോക്ക്	3
4	കോയിപ്രം ബ്ലോക്ക്	2
5	പുളിക്കീഴ് ബ്ലോക്ക്	1
6	റാന്നി ബ്ലോക്ക്	3
7	കോന്നി ബ്ലോക്ക്	2
8	പന്തളം ബ്ലോക്ക്	3
9	പറക്കോട് ബ്ലോക്ക്	3

പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

ക്രമ നം	ബ്ലോക്കിന്റെ പേര്	ആൺ/പെൺ	കുട്ടികളുടെ എണ്ണം
1	പ്രീമെട്രിക്ക് ഹോസ്റ്റൽ പത്തനംതിട്ട	ആൺ	18
2	തിരുവല്ല പ്രീമെട്രിക്ക് ഹോസ്റ്റൽ	പെൺ	26
3	റാന്നി പ്രീമെട്രിക്ക് ഹോസ്റ്റൽ	ആൺ	31
4	പന്തളം പ്രീമെട്രിക്ക് ഹോസ്റ്റൽ	പെൺ	26
5	പറക്കോട് പ്രീമെട്രിക്ക് ഹോസ്റ്റൽ	പെൺ	16
6	മല്ലപ്പള്ളി പ്രീമെട്രിക്ക് ഹോസ്റ്റൽ	നിലവിൽ പ്രവർത്തിക്കുന്നില്ല	0

നഴ്സറി സ്കൂൾ / ബാലവാടി കൺവർട്ടഡ് നഴ്സറി സ്കൂൾ

ക്രമ നം	ബ്ലോക്കിന്റെ പേര്	കുട്ടികളുടെ എണ്ണം
1	അന്താലിമൺ കോയിപ്രം	7
2	മുണ്ടുകോട്ടയ്ക്കൽ ഇലന്തൂർ	15
3	വാളുവെട്ടുംപാറ (വല്യന്തി)	15
4	കുന്നന്താനം മല്ലപ്പള്ളി	12
5	എഴിക്കാട്, പന്തളം	24
6	ചേരിക്കൽ (പുതിയത്)	12
7	ചേരിക്കൽ (പഴയത്)	16
8	മുട്ടം, തുമ്പമൺ	1

ഗവ – ഐ ടി ഐ

ക്രമ നം	ബ്ലോക്കിന്റെ പേര്	ട്രേഡുകൾ	കുട്ടികളുടെ എണ്ണം
1	ചേരിക്കൽ – പന്തളം	പ്ലംബിംഗ്	21
		മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ	37
		ഇലക്ട്രീഷ്യൻ	34
2	ഐക്കാട്, കൊടുമൺ	ഇലക്ട്രീഷ്യൻ	31
		ഡി– സിവിൽ	35

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

വിദ്യാഭ്യാസ പരിപാടികൾ

നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു.

പ്രീമെട്രിക് വിദ്യാഭ്യാസം (10–ാം ക്ലാസ്സ് വരെ)

എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനദ്ധ്യാപകർ മുഖേന ലംപ്സംഗ്രാന്റ് നൽകുന്നു.

- വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നല്കുന്നു.
- 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ഗ്രാന്റും നൽകുന്ന പദ്ധതി

വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

- ജാതി മത പരിഗണന കൂടാതെ ഈ ആനുകൂല്യം അനുവദിക്കുന്നു.

അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് നൽകുന്നു.

ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

- 4,7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10–ാം ക്ലാസ്സ് വരെ പ്രതിവർഷം 4,500/– രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

പ്രീ മെട്രിക് ഹോസ്റ്റലുകൾ

- ജില്ലയിൽ നിലവിൽ 5 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

1. റാന്നി പ്രീമെട്രിക്ക് ഹോസ്റ്റൽ – ആൺ
2. പത്തനംതിട്ട പ്രീമെട്രിക്ക് ഹോസ്റ്റൽ – ആൺ
3. പന്തളം പ്രീമെട്രിക്ക് ഹോസ്റ്റൽ – ആൺ
4. തിരുവല്ല പ്രീമെട്രിക്ക് ഹോസ്റ്റൽ – ആൺ
5. അടൂർ പ്രീമെട്രിക്ക് ഹോസ്റ്റൽ – ആൺ

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10–ാം ക്ലാസ്സിനു ശേഷം)

- പ്ലസ് വൺ മുതൽ പഠനം നടത്തുന്നവർക്ക് ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും നൽകുന്നു.

അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

- ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/– രൂപ നൽകുന്നു.

പ്രത്യേക പ്രോത്സാഹന സമ്മാനം

- വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

- എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000/– രൂപ വരെ ധനസഹായം നൽകുന്നു.

സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

- വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു.

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് അനുവദിക്കുന്നു.

പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

- 1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്,കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000/– രൂപ നല്കുന്നു.

ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

- പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

സ്റ്റെതസ്കോപ്പ് വിതരണം

- 1–ാം വർഷ എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

- ഇഗ്രാന്റ്സിന് അർഹതയില്ലാത്തതും, 2,50,000/– രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം നൽകുന്നു. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം നൽകുന്നു.

- ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ കൾ)
- വകുപ്പിന് കീഴിൽ ജില്ലയിൽ 2 ഐ.റ്റി.ഐ കളിലായി എൻ.സി.വി.റ്റി/ എസ്.സി.വി.റ്റി നിലവാരമുള്ള ട്രേഡുകളിൽ പരിശീലനം നൽകുന്നു.

ബുക്ക് ബാങ്ക് പദ്ധതി

- പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
- പഠനയാത്ര പര്യടന പരിപാടിയ്ക്ക് 4000 രൂപ നൽകുന്നു.

സാമ്പത്തിക വികസന പദ്ധതികൾ

1. സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പത്തുകയുടെ 1/3 സബ്സിഡി നൽകുന്നു.
2. വക്കീലൻമാർക്ക് ധനസഹായം ആദ്യത്തെ മൂന്നു വർഷത്തേക്ക് നൽകുന്നു.
3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് നൽകി വരുന്നു
4. സ്വയംപര്യാപ്തഗ്രാമങ്ങൾ എന്ന പദ്ധതിയിൽ 1 കോടി രൂപയുടെ വികസന പ്രവർത്തന ങ്ങൾ നടത്തുന്നു.

സാമൂഹ്യക്ഷേമ പരിപാടികൾ

1. വിവാഹധനസഹായമായി 75,000/– രൂപ നൽകുന്നു.
2. മിശ്രവിവാഹധനസഹായമായി 75,000/– രൂപ നൽകുന്നു.
3. ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ / കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുനിസിപ്പൽ/ കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/–, 4,50,000/–, 6,00,000/– രൂപ ഗ്രാന്റായി അനുവദിക്കുന്നു.
4. ഭവന നിർമ്മാണ ധനസഹായം – 2014–15 സാമ്പത്തിക വർഷം മുതൽ 3,00,000/– രൂപ ഭവന നിർമ്മാണ ധനസഹായം ആയി നൽകുന്നു. 45,000/–, 90,000/–, 1,20,000/–, 45,000/– എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.
5. ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു.
6. പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസനിധി – മാരകമായ രോഗം ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 50,000/– രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 50,000/–വരെ ചികിത്സാധനസഹായമായി അനുവദിക്കുന്നു. ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000/– രൂപ വരെ നൽകുന്നു.
7. ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായംപദ്ധതി പ്രകാരം 1 00,000/– രൂപ നൽകുന്നു.
8. വിജ്ഞാൻവാടി – പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൺ അപേക്ഷകൾ സമർപ്പിക്കുന്നതിനും വിജ്ഞാൻവാടികൾ ആരംഭിച്ചു.
9. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായമായി 1,00,000/–രൂപ വരെ .അനുവദിക്കുന്നു.
10. പെൺകുട്ടികൾക്ക് ആയി വാത്സല്യനിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചു. 1,00,000/– രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 01.04.2017 മുതൽ പ്രാബല്യം. കുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/– രൂപ ലഭിക്കും.

കോർപ്പസ് ഫണ്ട് പ്രവർത്തികൾ

പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത, കുടിവെള്ളം, വൈദ്യുതി മുതലായവ എത്തിക്കുന്നതിനുള്ള പദ്ധതിയാണ്. ഇത് ജില്ലയിൽ ഫലപ്രദമായി നടന്നുവരുന്നു.

വകുപ്പിലൂടെ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവലോകനം.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ– ഭവന നിർമ്മാണം, ഭൂരഹിത പുനരധിവാസം, വിവാഹ ധനസഹായം, സ്വയം തൊഴിൽ ധനസഹായം, ചികിത്സാ ധനസഹായം,വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, എന്നിവയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ– ബുക്ക് ബാങ്ക്, ഹോസ്റ്റൽ നിർമ്മാണം, മിശ്ര വിവാഹം , അതിക്രമങ്ങൾ തടയൽ SCA to SCP എന്നിവയുമാണ്.

വർഷം	സംസ്ഥാനാവിഷ്കൃതം (in lakhs)			കേന്ദ്രാവിഷ്കൃതം (in lakhs)		
	Allotment	Expenditure	%	Allotment	Expenditure	%
2012-13	1838	1836	99.9	16.18	16.18	100%
2013-14	1448	1427	98.5	22.30	22.4	100%
2014-15	1908	1876	98.3	32.27	32.26	100%
2015-16	3051	2850	93.4	14.17	10.77	76%
2016-17	3256	3233	99.3	79.17	79.17	100%

ടി വർഷങ്ങളിൽ ചെലവിന്റെ ശതമാനം 99% വരെ ആകുന്നതിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ തിടുക്കപ്പെട്ട് തുക ചിലവഴിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള അനുമതി കാലേകൂട്ടി ലഭിച്ചാൽ 100% തുക ചിലവഴിക്കാനാകും. വകുപ്പിലൂടെയുള്ള കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ ജനകീയാസൂത്രണ പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതാണ്.

പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ പുരോഗതി റിപ്പോർട്ട്

2012–13

ക്രമ നം	പദ്ധതികൾ	യൂണിറ്റ്	ചെലവ്
1.	ഭവന നിർമ്മാണ ധനസഹായം	187	5,60,00,000.00
2.	ഭൂരഹിത പുനരധിവാസ പദ്ധതി	190	8,46,47,250.00
3.	ദുർബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി	3	7,00,000.00
4.	വിവാഹ ധനസഹായം	123	61,90,000.00
5.	മിശ്ര വിവാഹ ധനസഹായം	400	20,00,000.00
6.	ചികിത്സാധനസഹായം	1380	30,00,000.00

പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ പുരോഗതി റിപ്പോർട്ട്

2013–14

ക്രമ.നം	പദ്ധതികൾ	യൂണിറ്റ്	ചെലവ്
1	ഭവന നിർമ്മാണ ധനസഹായം	178	5,34,00,000.00
2	ഭൂരഹിത പുനരധിവാസ പദ്ധതി	109	3,81,00,000.00
3	വിവാഹ ധനസഹായം	609	3,04,40,000.00
4	മിശ്ര വിവാഹ ധനസഹായം	58	29,00,000.00
5	ചികിത്സാധനസഹായം	3780	90,00,000.00

ജനകീയാസൂത്രണത്തിലെ പ്രത്യേക ഘടക പദ്ധതിയുടെ സ്വാധീനം

ഇൻഡ്യൻ ഭരണ ഘടനയിലെ അർട്ടിക്കിൾ 48 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നതിയ്ക്കായി രൂപകല്പന ചെയ്തതാണ് പ്രത്യേക ഘടക പദ്ധതിയും, പട്ടികവർഗ്ഗ ഉപപദ്ധതിയും. പാർപ്പിടം, തൊഴിൽ, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ പൊതുസമൂഹത്തിൽ നിന്നും അന്തരം കുറയ്ക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജനസംഖ്യ ആനുപാതികമായിട്ടാണ് ഈ തുക വകയിരുത്തുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പദ്ധതികളും, പൊതുവെ പ്രയോജനം ചെയ്യുന്ന പദ്ധതികളും എന്നീ തരത്തിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ജനറൽ പദ്ധതി നിർവ്വഹണത്തിലുള്ള താത്പര്യം SCP, TSP മേഖലയിൽ കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്. നൂതന ആശങ്ങളുടെ കുറവ്, ഗ്രാമസഭയിലെ പങ്കാളിത്തമില്ലായ്മ, സബ്സിഡി നിരക്കുകളിലെ അപ്രായോഗികത എന്നിവ ഇതിന് കാരണമാകുന്നു. പദ്ധതി തുക ചെലവഴിച്ചു എന്നത് മാത്രമാകരുത് മാനദണ്ഡം. മറിച്ച് അതിന്റെ ദീർഘകാല പ്രയോജനം വിലയിരുത്തേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങലിലെ SCP, TSP വകയിരുത്തൽ
(തുക ലക്ഷത്തിൽ)

വർഷം	SCP		TSP	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്
2012-13	739.46	661.58	110.98	99.65
2013-14	828.2	882.49	124.50	136.89
2014-15	927.58	811.56	139.21	121.61
2015-16	927.58	857.03	139.21	149.77

മുൻബാക്കി ഉൾപ്പെടെയുള്ള കണക്കാണ്.

ജനകീയാസൂത്രണ പ്രക്രിയയിൽ മാറ്റങ്ങൾ അനിവാര്യമാണ്. അവ ചുവടെ പ്രതിപാദിക്കുന്നു.

- വികേന്ദ്രീകൃതാസൂത്രണം എന്നത് ഇന്നും കൈവരിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ രാഷ്ട്രീയമായ ഇടപെടൽ കൂടിവരുന്നത് ഒഴിവാക്കണം.
- ഗ്രാമസഭകളിലെ പങ്കാളിത്തം ഉറപ്പുവരുത്തണം.
- സമ്മതിദാനാവകാശം പോലെയുള്ള കർത്തവ്യമായി ഇതിനെ കാണണം.
- കർമ്മസമിതികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പദ്ധതികളായി പരിണമിക്കുന്നില്ല. ഭരണ സമിതി തീരുമാനിക്കുന്ന പദ്ധതിയാണ് രൂപം കൊള്ളുന്നത്.
- ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ കാലതാമസം അനുഭവപ്പെടുന്നു. അത് സുതാര്യവുമല്ല. ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും, തടസ്സങ്ങൾ പരിഹരിക്കുകയും വേണം.
- സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ തുക കൈവശം വെച്ചുകൊണ്ടിരിക്കുന്ന പ്രവണതയുണ്ട്. ഒഴിവാക്കണം.
- ത്രിതല പഞ്ചായത്തുകളുടെ ഏകോപനം മേൽത്തട്ട്, കീഴ്ത്തട്ട് നിർദ്ദേശങ്ങൾ പരിഗണിക്കൽ എന്നിവ വേണം.

നടപ്പുവർഷത്തെ പദ്ധതി പ്രവർത്തന അവലോകനം

പട്ടിക. 4.65

Local Self Government Department -Plan Progress (2017-2018)

(Amount in Lakhs)

Sl. No.	LB type	Total Allocation (OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	6858.19	3189.42	187.07	10234.68	2088.03	669.59	53.41	2811.03
2	Block Panchayat	2598.00	1116.60	62.33	3776.93	835.36	270.63	17.58	1123.57
3	Municipality	1474.77	591.74	0.00	2066.51	471.13	102.14	0.00	573.27
4	District Panchayat	2600.89	1116.63	62.34	3779.86	312.23	454.52	26.69	793.44

(അവലംബം – പ്ലാനിംഗ് ആഫീസ് പത്തനംതിട്ട)

പതിമൂന്നാം പഞ്ചവത്സരപദ്ധതി Quantitative ആകുന്നതിലുപരി Qualitative ആകണം. ദീർഘകാല വികസന പരിപ്രേക്ഷ്യം ആവശ്യമാണ്. അവ ചുവടെ പ്രതിപാദിക്കുന്നു.

പട്ടികജാതി ക്ഷേമം – പ്രശ്നങ്ങൾ

- ഭൂരഹിത ഭവനരഹിതർ – പ്രതി വർഷം 825 പേർക്ക് ഭൂരഹിത ഭവന രഹിത ആനുകൂല്യം നൽകേണ്ടതുണ്ട്. വകുപ്പിലൂടെ 267 പേർക്ക് മാത്രമേ പ്രതിവർഷം ആനുകൂല്യം നൽകാൻ കഴിയുന്നുള്ളു.
- ഭവന രഹിതർ – പ്രതിവർഷം 850 പേർക്ക് ധനസഹായം നൽകേണ്ടതുണ്ട്. വകുപ്പിലൂടെ 300 പേർക്ക് മാത്രം പ്രതിവർഷം ആനുകൂല്യം നൽകാൻ കഴിയുന്നുള്ളു.
- ഭവന പുനരുദ്ധാരണം – പ്രതിവർഷം ആയിരത്തി അറുനൂറ് അപേക്ഷകർ വരുന്നതിൽ 360 പേർക്ക് മാത്രമേ വകുപ്പിലൂടെ ധനസഹായം നൽകാൻ കഴിയുന്നുള്ളു.
- കുടിവെള്ള ക്ഷാമം – 67% പട്ടികജാതി ഭവനങ്ങൾക്ക് മാത്രമേ സുലഭമായി ജലം ലഭിക്കുന്നുള്ളു. അതും 6 മാസം മാത്രം.
- മാലിന്യ നിർമ്മാർജ്ജനം – കോളനികളിൽ പ്ലാസ്റ്റിക്/പ്ലാസ്റ്റിക്കിതര മാലിന്യങ്ങളാൽ പകർച്ച വ്യാധികളുടെ തോത് വളരെ കൂടുതലാണ്.
- ഒറ്റ മുറി വീടുകൾ – പട്ടികജാതി വിഭാഗത്തിലെ 10% വീടുകൾ ഒറ്റ മുറി വീടുകളാണ്.
- സ്പിൽ ഓവർ വീടുകൾ– 1038 വീടുകൾ വിവിധ ഘട്ടങ്ങളിലായി പണി പൂർത്തികരിക്കാതെ അവശേഷിക്കുന്നു.
- പട്ടികജാതി സഹകരണ സംഘങ്ങൾ– ഭൂരിഭാഗം സംഘങ്ങളും പ്രവർത്തനം നിലച്ചവയാണ്.
- പകർച്ച വ്യാധികൾ–പകർച്ച വ്യാധി, ജീവിത ശൈലീ രോഗങ്ങൾ, മാരകമായ അസുഖങ്ങൾ എന്നിവ വൻതോതിൽ കാണപ്പെടുന്നു.
- വൃദ്ധജന പരിപാലനം – വൃദ്ധ സദനങ്ങൾ നിർമ്മിച്ചവ ഉപയോഗശൂന്യമായി കാണപ്പെടുന്നു.
- ശ്മശാനങ്ങളുടെ അഭാവം – നിലവിലുള്ള വീടിന്റെ അടിത്തറ ഇളക്കി ജഡം മറവുചെയ്യേണ്ടുന്ന അവസ്ഥ
- മണ്ണ് ജല സംരക്ഷണം – മിക്ക കോളനികളും മണ്ണിടിച്ചിൽ ഭീഷണിയിലാണ്.
- ഉപജീവനത്തിനുള്ള തത്രപ്പാട്–പ്രധാന ജീവനോപാധിയായ കൃഷി അനുബന്ധ മേഖലകൾ വരുമാനദായകമല്ല. വനിതകൾ അസംഘടിത മേഖലയിൽ ജോലി ചെയ്തു വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2012–13 മുതൽ 2016–17 പദ്ധതികൾ അവലോകനം

Local Self Government Department -Plan Progress (2012-2013)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	3094.76	2852.86	154.12	6101.74	2889.00	2028.97	97.78	5015.75
2	Block Panchayat	1124.63	849.16	43.20	2016.99	1003.78	755.41	38.75	1797.94
3	Municipality	618.49	360.79	0.00	979.28	574.49	197.41	0.00	771.90
4	District Panchayat	1402.96	809.21	45.44	2257.62	923.35	615.51	30.23	1569.08



Local Self Government Department -Plan Progress (2013-2014)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	4544.79	3189.33	183.73	7917.85	4221.03	2754.07	143.19	7118.29
2	Block Panchayat	1845.22	902.58	46.28	2794.08	1770.12	879.31	41.84	2691.27
3	Municipality	802.19	467.96	0.00	1270.15	658.57	272.43	0.00	931.00
4	District Panchayat	1956.57	1002.58	57.05	3016.20	1468.76	681.44	42.25	2192.45



Local Self Government Department -Plan Progress (2014-2015)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	5096.19	3086.44	188.55	8371.18	4157.72	2252.56	113.78	6524.06
2	Block Panchayat	2113.03	906.98	53.75	3073.76	1860.77	795.50	52.11	2708.38
3	Municipality	1126.36	536.85	0.00	1663.21	746.04	252.13	0.00	998.17
4	District Panchayat	2526.56	1204.91	64.11	3795.58	1701.85	816.63	50.15	2568.63



Local Self Government Department -Plan Progress (2015-2016)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	5493.61	3323.63	225.62	9042.86	4563.03	2295.59	137.55	6996.17
2	Block Panchayat	2291.70	985.99	50.95	3328.64	1953.24	806.21	33.67	2793.12
3	Municipality	1535.01	796.80	0.00	2331.81	1172.57	376.61	0.00	1549.18
4	District Panchayat	2863.46	1272.00	63.27	4198.73	2407.37	852.61	29.89	3289.87



Local Self Government Department -Plan Progress (2016-2017)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	5538.02	2827.08	165.82	8530.92	4686.55	1995.91	76.26	6758.72
2	Block Panchayat	2097.89	989.77	55.25	3142.91	1453.30	806.83	39.69	2299.82
3	Municipality	1200.15	524.51	0.00	1724.66	845.73	405.35	0.00	1251.08
4	District Panchayat	2100.22	989.77	55.25	3145.24	1730.26	839.31	55.25	2624.82



Local Self Government Department -Plan Progress (2017-2018)

(Amount in Lakhs)

Sl.No.	LB type	Total Allocation(OB+BP)				Expenditure			
		Gen	SCP	TSP	Total	Gen	SCP	TSP	Total
1	Grama Panchayat	6858.19	3189.42	187.07	10234.68	2088.03	669.59	53.41	2811.03
2	Block Panchayat	2598.00	1116.60	62.33	3776.93	835.36	270.63	17.58	1123.57
3	Municipality	1474.77	591.74	0.00	2066.51	471.13	102.14	0.00	573.27
4	District Panchayat	2600.89	1116.63	62.34	3779.86	312.23	454.52	26.69	793.44



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തികളുടെ അവലോകനം

മേൽ വിവരിച്ച കണക്കുകളിൽ നിന്നും SC SP വിഹിതം കണക്കാക്കിയതിൽ 70% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയത് ജനറൽ ഫണ്ട് വിനിയോഗവുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ് എന്ന് കാണാം.

തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ പ്രധാനമായി ഊന്നൽ കൊടുത്ത പദ്ധതികൾ പശ്ചാത്തല സേവന മേഖലകളാണ്. സർക്കാരിന്റെ വിവിധ നിയന്ത്രണങ്ങൾ മൂലം ആഗ്രഹിച്ച പല പദ്ധതികളും ഏറ്റെടുക്കാൻ ആയില്ല എന്നത് വസ്തുതയാണ്. വിവിധ സബ്സിഡികളിൽ കാലോചിതമായ മാറ്റം അനിവാര്യമാണ്. സാമ്പത്തിക ഉന്നമനത്തിനും, തൊഴിൽ വർദ്ധനവിനും ഉതകുന്ന പദ്ധതികൾ പട്ടികജാതിക്കാർക്കായി ആവിഷ്ക്കരിക്കേണ്ടതുണ്ട്. കാർഷിക വൃത്തി ഒരു ജീവിത വൃതമായി സ്വീകരിച്ച ഈ വിഭാഗത്തിനായി പാട്ടകൃഷി വിഭാവനം ചെയ്യുന്നതും, ചെറുകിട വ്യവസായ യുണിറ്റുകൾ, വർക്ക്ഷോപ്പുകൾ, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവ ആരംഭിച്ച് ജീവിത മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അവലോകനം ചെയ്യുമ്പോൾ പശ്ചാത്തല മേഖലയ്ക്കും, സേവന മേഖലയ്ക്കുമാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ നിന്നും അവലോകനം ചെയ്യുമ്പോൾ ബ്ലോക്ക്/മുനിസിപ്പാലിറ്റിയെയാണ് യൂണിറ്റായി കണക്കാക്കുന്നത്. സേവന മേഖലയിൽ തന്നെ കുടിവെള്ളം, വൈദ്യുതി, പാർപ്പിടം എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. പശ്ചത്തല മേഖലയിൽ റോഡിനാണ് മുഴുവൻ തുകയും നീക്കിവച്ചിട്ടുള്ളത്. ഉൽപാദന മേഖലയെ വേണ്ടത്ര പരിഗണിച്ചതായി കാണുന്നില്ല.

പട്ടികജാതി പ്രത്യേക ഘടക പദ്ധതിയിൽ നൂതന ആശയങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ട്. തനിയാവർത്തനം പോലെയുള്ള പദ്ധതികൾ ഒഴിവാക്കേണ്ടവയാണ്. ഇനിയും പരിഹൃതമാകാത്ത മേഖലകൾ കണ്ടെത്തുകയും അവയ്ക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം. ഭവനം, ഭൂരഹിതം, സ്പിൽഓവർ വീടുകളുടെ പൂർത്തീകരണം എന്നിവക്കൊപ്പം ഹരിതവിഷനുമായി ബന്ധപ്പെട്ട് കാർഷിക വൃത്തയിൽ നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കണം.

മേൽ പ്രസ്താവന ഉദാഹരിക്കുന്നതിനായി 17-18 ലെ പദ്ധതികളുടെ ലിസ്റ്റിന്റെ ഏതാനും കോപ്പികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയിലൂടെ പട്ടികജാതി ക്ഷേമത്തിനായി ധാരാളം പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

	പ്രവർത്തി	മേഖല
1	ഭവന നിർമ്മാണം	സേവനം
2	വൈദ്യുതി	സേവനം
3	കുടിവെള്ളം	സേവനം
4	വിദ്യാഭ്യാസം	സേവനം
5	വയോജനങ്ങൾക്ക് കട്ടിലും, കിടക്കയും	സേവനം
6	അംഗനവാടി കെട്ടിടം	സേവനം
7	മുച്ചക്രവാഹനം	സേവനം
8	റോഡ് നിർമ്മാണം	പശ്ചാത്തലം
9	കമ്മ്യൂണിറ്റി ഹാൾ	പശ്ചാത്തലം
10	സംരക്ഷണ ഭിത്തി നിർമ്മാണം	പശ്ചാത്തലം
11	ആട്, കോഴി വിതരണം	ഉത്പാദനം
12	വിദേശ തൊഴിൽ	സേവനം
13	ജൈവപച്ചക്കറി	ഉത്പാദനം
14	തൈകൾ വിതരണം	ഉത്പാദനം

മേൽ വിവരിച്ച പ്രധാന പദ്ധതികളിൽ ഏറിയ തുകയും ചെലവഴിക്കപ്പെടുന്നത് പശ്ചാത്തല മേഖലയിലാണ്. തൊട്ടു പിന്നാലെ സേവന മേഖല രണ്ടാം സ്ഥാനം പങ്കിടുന്നു. (ഈ റിപ്പോർട്ടിനെ സാധൂകരിക്കാനായി അനുബന്ധം ഉൾക്കൊള്ളിച്ചിരി ക്കുന്നത് ശ്രദ്ധിച്ചാലും)

സബ്സിഡി മാനദണ്ഡങ്ങളിൽ കാതലായ മാറ്റം അനിവാര്യമാണ്. പല പദ്ധതികളും ഗുണ വിഹിതം അടയ്ക്കാത്തതിനാലും സബ്സിഡി തുക അപര്യാപ്തമായതിനാലും ഉപേക്ഷിക്കപ്പെടേണ്ടി വരുന്നു. സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം അനിവാര്യമാണ്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

I. നിലവിലുള്ള പദ്ധതി – സബ്സീഡി, ധനസഹായം എന്നിവ സംബന്ധിച്ച വിവരങ്ങൾ.

പദ്ധതി	സബ്സിഡി	ധനസഹായം സംബന്ധിച്ച വിവരം
സ്വയംതൊഴിൽ വായ്പാ പദ്ധതി	1/3rd project Subsidy maximum Rs. 1,00,000	3 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കായി 1/3rd സബ്സിഡി പരമാവധി 1,00,000. ഗുണ ഭോക്താവ് നൽകുന്ന ബാങ്കിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
സ്വയംസഹായ സംഘം ധനസ ഹായ പദ്ധതി	75% of project . Project cost shall not exeed Rs. 15 lakh	15 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കായി 75% സബ്സിഡി നൽകുന്നത്. SHG കൾക്കാണ് ധനസഹായം നൽകുന്നത്.

കൂടാതെ താഴെ വിവരിക്കുന്ന പദ്ധതികളെ കൂടി സബ്സിഡി പദ്ധതിയായി കണക്കാക്കാം. അവ ഗ്രാന്റായി നൽകുന്നു എങ്കിലും.

പദ്ധതി	സബ്സിഡി	ധനസഹായം സംബന്ധിച്ച വിവരം
1.ഭവന നിർമ്മാണം	up to Rs. 3,00,000	വ്യക്തിഗതം – ഭവന രഹിതർക്ക്.
2. ഭൂരഹിതം	up to 3,7500, 4,50,000, 6,00,000 എന്നീ ക്രമ ത്തിൽ	ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങു ന്നതിന് 3,75,000/–, നഗര പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/–, കോർപ്പറേഷൻ പരിധിയിൽ 6 ലക്ഷം രൂപയും നൽകുന്നു.
3. ദുർബല വിഭാഗ ങ്ങളുടെ പുനരധി വാസം	ഭൂമി – 3.75 ലക്ഷം വീട് – 3.50 ലക്ഷം	ദുർബല വിഭാഗത്തിൽപ്പെടുന്ന 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം, വീട് നിർമ്മിക്കു ന്നതിന് 3.5 ലക്ഷം
4. ഭവന പുനരുദ്ധാ രണം	1,00,000/–രൂപ ക്രമത്തിൽ നൽകണം.	വീടിന്റെപുനരുദ്ധാരണത്തിനും, അഡീഷണൽ മുറി നിർമ്മിക്കുന്നതിനും ആയി 50,000/– രൂപ നൽകുന്നു.
5.വിദേശ തൊഴിൽ സഹായം	നിലവിൽ 1 ലക്ഷം രൂപ വരെ നൽകുന്നു.	വിദേശ തൊഴിൽ തേടുന്നതിനായി Rs. 1,00,000 രണ്ട് ഗഡുക്കളായി നൽകുന്നു.
6.ലാപ്ടോപ്പ് വിതരണം	എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് (സാങ്കേതികവിദ്യഭ്യാസം) Rs.0.25 ലക്ഷം നൽകുന്നു	കോളേജ് പ്രിൻസിപ്പാളിൽ നിന്നും ലഭി ക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരമാ വധി Rs 0.25 ലക്ഷം നൽകുന്നു.
7. വിവാഹധനസ ഹായം	നിലവിൽ Rs.0.75 ലക്ഷം രൂപ നൽകുന്നു.	പാവപ്പെട്ട പട്ടികജാതി യുവതികളുടെ വിവാ ഹത്തിനായി Rs. 0.75 ലക്ഷം നൽകുന്നു.
8. മിശ്ര വിവാഹ ധനസഹായം	നിലവിൽ Rs. 0.75 ലക്ഷം രൂപ നൽകുന്നു.	മിശ്രവിവാഹം മൂലം ക്ലേശം അനുഭവി ക്കുന്ന ദമ്പതികൾക്ക് Rs. 0.75 ലക്ഷം നൽകു ന്നു.
9. പഠനമുറി	ഈ വർഷം വകുപ്പ് നട പ്പിലാക്കുവാൻ ഉദ്ദേശി ക്കുന്ന പദ്ധതിയാണ് Rs.2,00,000/ നൽകുന്നു.	വീടിനോട് ചേർന്ന് ഒരു പുതിയ മുറി. കംപ്യൂട്ടർ, അലമാര, മേശ, കസേര, ഫാൻ എന്നിവ സഹിതം Rs.2,00,000/ നൽകുന്നു.

മറ്റ് പദ്ധതികൾ സമാശ്വാസ പദ്ധതികളാണ്. അവ തികച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ളവയാണ്. സബ്സിഡി എന്ന് വിവക്ഷിക്കാൻ തരമില്ല

പദ്ധതി		നിലവിലുള്ള സബ്സിഡി	നിർദ്ദേശം
1	ഭവന നിർമ്മാണം	3 ലക്ഷം	4 ലക്ഷം ആക്കണം
2	ഭൂരഹിതം	3.75 പഞ്ചായത്ത്	5 ലക്ഷം
		4.5 മുനിസിപ്പാലിറ്റി	6 ലക്ഷം യഥാക്രമം
3	വീട് മെയിന്റനൻസ്	100000/-	2 ലക്ഷം
4	പഠനമുറി	1 ലക്ഷം	2 ലക്ഷം
5	വിദേശതൊഴിൽ	100000/-	2 ലക്ഷം
6	സ്വയംതൊഴിൽ വായ്പാ പദ്ധതി	1/3 Project cost	1/2 ആക്കണം
7	കട്ടിൽ (വൃദ്ധജനങ്ങൾക്ക്)	0.04	0.07
8	സൈക്കിൾ	0.04	0.05
9	ടോയ്‌ലറ്റ്	0.125	0.25
10	കിണർ നിർമ്മാണം	0.10	0.20

ജില്ലാതലങ്ങളിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് പരിശോധിച്ച് മെച്ചപ്പെടുത്താൻ നൽകുന്ന നിർദ്ദേശങ്ങൾ.

- പലപ്പോഴും യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുവടുപിടിച്ചാണ്. ആ രീതി മാറണം.
- സംസ്ഥാനത്തിന്റെ പ്രത്യേക അവസ്ഥ. സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ്. ജീവിത സാഹചര്യങ്ങളുടെ മാറ്റം. ഇവ ഒരിക്കൽ തയ്യാറാക്കിയ യൂണിറ്റ് കോസ്റ്റിൽ ഫലിക്കുന്നില്ല. കാലോചിതമായ മാറ്റം വേണം. (ഉദാ. ഒരു കിടാരിക്ക്/അതിന് നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്- ഒരു തൊഴുത്തിനുള്ള യൂണിറ്റ് കോസ്റ്റ് ഈ കാലഘട്ടവുമായി പൊരുത്തപ്പെടുന്നില്ല.)
- Stake holders മായി ആലോചിച്ചിട്ടല്ല ഒരിക്കലും യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത്. ഇനി മുതൽ Stake holders മായി ചർച്ച ചെയ്തതിനു ശേഷം യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാൻ പാടുള്ളൂ.
- Standardisation എന്നതാണ് യൂണിറ്റ് കോസ്റ്റിന്റെ പ്രത്യേകത. ഉദാഹരണം 4 പെൺ ആട്, 1 ആൺ ആട്, ഒരു കൂട്, അല്ലെങ്കിൽ 5 കോഴി, ഒരു കൂട്. ഇത് ഗുണഭോക്താവിന്റെ അഭിരുചിക്കനുസരിച്ചല്ല തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും മാറി ചിന്തിക്കണം.
- ഒരു പദ്ധതിതന്നെ വിവിധ ഏജൻസികൾ ചെയ്യുന്നു. അവയിൽ സബ്സിഡിയിൽ ഏകീകരണമില്ല. ഏകീകരണം ആവശ്യമാണ്.

2017-18 ലെ സബ്സിഡി മാർഗ്ഗരേഖയിൽ ഭേദഗതി ആവശ്യമുണ്ടെങ്കിൽ അവയെ സംബന്ധിച്ച വിവരം.

ഈ വിഷയം വിവിധ വകുപ്പുകളിൽ നിന്നുന്നയിക്കേണ്ടതാണ്. എന്നിരുന്നാലും ചില വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസ പദ്ധതി – സ്കൂൾ കുട്ടികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി
- യൂണിഫോം – സ്കൂൾ കുട്ടികൾ – അംഗനവാടി എന്നിവ

- വിദേശതൊഴിൽ പദ്ധതി
- പട്ടികജാതി വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതി
- ഭവന നിർമ്മാണം – SCDD,PMGM
- ആട്ടോ, പിക്കപ്പ്വാൻ
- ലാപ്ടോപ്പ് വിതരണം
- കിണർ നിർമ്മാണം

തുടങ്ങിയ പദ്ധതികളിൽ ഭേദഗതി ആവശ്യമാണ്. ആയതിന് ബന്ധപ്പെട്ട വിഷയ സമിതികൾ ഗുണഭോക്താവിന്റെ ആഗ്രഹത്തിനനുസരിച്ച് സബ്സിഡിയിൽ മാറ്റങ്ങൾ വരുത്തണം.

2018-19 തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതികളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ട പുതിയ നിർദ്ദേശങ്ങൾ.

12-ാം പദ്ധതി മാർഗ്ഗരേഖയിൽ നിന്നും കാതലായ മാറ്റം അനിവാര്യമാണ്.

- കൃഷി,മൃഗസംരക്ഷണം,ഡയറി എന്നീ വിഷയസമിതികളിൽ നിന്നും എസ്.സി വിഭാഗത്തിനുള്ള സബ്സിഡി ഉയർത്തേണ്ടത് അനിവാര്യമാണ്.
- പല പദ്ധതികളും സ്പിൽഓവർ ആക്കുന്നതിനോ, ഉപേക്ഷിക്കപ്പെടുന്നതിനോ ഇടയാകുന്നത് സബ്സിഡി യാഥാർത്ഥ്യ ബോധത്തോടെ നിശ്ചയിക്കപ്പെട്ടതല്ല എന്നതുകൊണ്ടാണ്. ആയതിനാൽ സബ്സിഡി മാനദണ്ഡം മാറണം.
- സബ്സിഡി ക്യാഷ് ആയി നൽകുന്നതിനുപരി വർക്കിംഗ് ക്യാപ്പിറ്റൽ ആയി നൽകുന്നതാണ് ഉചിതം. സബ്സിഡിക്കുവേണ്ടി മാത്രം പദ്ധതി ഏറ്റെടുക്കുന്ന പ്രവണത തന്മൂലം ഒഴിവാകും.
- വ്യവസായ പദ്ധതികളിലും സബ്സിഡി ആസ്തികൾ സൃഷ്ടിക്കുന്നതിന് അനുസൃതമായി നൽകുന്നതാണ് ഉചിതം. അതായത് ഘട്ടം ഘട്ടമായി നൽകുന്നത് (Backend subsidy ഒഴിവാക്കുക)
- വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡിയേക്കാൾ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് കൂടുതൽ സബ്സിഡി നൽകണം.
- വിവിധ പദ്ധതികളുടെ സബ്സിഡി ഏകീകരിക്കണം.
- വകുപ്പുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലുടെ സമാന പദ്ധതികൾക്കായി നൽകുന്ന സബ്സിഡി ക്രോസ്സ് ചെക്ക് ചെയ്യണം. ആവർത്തനം അനുവദിക്കാൻ പാടില്ല.
- കൃത്യമായ മോണിറ്ററിംഗ് സംവിധാനം വേണം.

പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ പുരോഗതി റിപ്പോർട്ട്

2014–15

ക്രമ. നം	പദ്ധതികൾ	യൂണിറ്റ്	ചെലവ്
1	ഭവന നിർമ്മാണ ധനസഹായം	180	54220000.00
2	ഭൂരഹിത പുനരധിവാസ പദ്ധതി	150	52468370.00
3	ദുർബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി	2	470000.00
4	വിവാഹ ധനസഹായം	314	15680000.00
5	മിശ്ര വിവാഹ ധനസഹായം	52	2620000.00
6	ചികിത്സാധനസഹായം	2750	11500000.00

പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ പുരോഗതി റിപ്പോർട്ട്

2015–16

ക്രമ.നം	പദ്ധതികൾ	യൂണിറ്റ്	ചെലവ്
1	ഭവന നിർമ്മാണ ധനസഹായം	295	8,85,80,000.00
2	ഭൂരഹിത പുനരധിവാസ പദ്ധതി	180	7,00,14,250.00
3	ദുർബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി	4	13,20,000.00
4	വിവാഹ ധനസഹായം	36	17,80,000.00
5	മിശ്ര വിവാഹ ധനസഹായം	49	24,60,000.00
6	ചികിത്സാധനസഹായം	1245	3,20,50,000.00

പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ പുരോഗതി റിപ്പോർട്ട്

2016–17

ക്രമ.നം	പദ്ധതികൾ	യൂണിറ്റ്	ചെലവ്
1	ഭവന നിർമ്മാണ ധനസഹായം	415	12,38,55,000.00
2	ഭൂരഹിത പുനരധിവാസ പദ്ധതി	225	9,72,08,000.00
3	ദുർബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി	7	21,37,500.00
4	വിവാഹ ധനസഹായം	545	2,72,50,000.00
5	മിശ്ര വിവാഹ ധനസഹായം	35	17,50,000.00
6	ചികിത്സാധനസഹായം	1140	2,76,93,500.00

ജില്ലയിൽ 53 പഞ്ചായത്തുകളിലായി 53 പ്രൊമോട്ടർമാരും 4 മുനിസിപ്പാലിറ്റികളിലായി 12 പ്രൊമോട്ടർമാരും ചേർത്ത് 65 പ്രൊമോട്ടർമാർ സേവനമനുഷ്ഠിച്ചു വരുന്നു. വിവിധ ക്ഷേമപദ്ധതികൾ പട്ടിക ജാതി വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ആനുകൂല്യങ്ങൾ കൃത്യമായി അവരിൽ എത്തിക്കുന്നതിനും പ്രൊമോട്ടർമാരുടെ സേവനം അനിവാര്യമാണ്.

പട്ടിക 4.66

ബ്ലോക്ക്തിരിച്ചുള്ള പട്ടികജാതി കുടുംബങ്ങളുടെ എണ്ണം

ബ്ലോക്ക്/ മുനിസിപ്പാലിറ്റി	കോളനികളുടെ എണ്ണം	കുടുംബങ്ങൾ	പുരുഷൻ	സ്ത്രീ	ആകെ	ഒറ്റപ്പെട്ട കുടുംബങ്ങൾ	പുരുഷൻ	സ്ത്രീ	ആകെ	മൊത്തം
Mallapplly	142	1615	3407	3556	6963	840	1732	1853	3585	10548
Pulikeezhu	85	887	1872	1894	3766	770	1671	1702	3373	7139
Koipuram	158	1719	3522	3779	7301	1037	2074	2187	4261	11562
Elanthoor	168	2158	4480	4755	9235	735	1562	1707	3269	12504
Ranni	163	2236	4177	4452	8629	1006	1842	1979	3821	12450
Konni	199	2118	3872	4329	8201	821	1553	1761	3314	11515
Parakkode	383	5340	10543	11312	21855	1444	2804	2987	5791	27646
Pandalam	223	2822	5628	6198	11826	866	1705	1931	3636	15462
Thiruvalla Mun	37	340	730	768	1498	394	811	874	1685	3183
Pandalam Mun.	69	1352	2628	2823	5451	149	282	310	592	6043
Adoor Mun.	47	501	994	1068	2062	224	444	466	910	2972
Pathanamthitta Mun.	38	523	1051	1099	2150	98	190	186	376	2526
	1712	**21611**	**42904**	**46033**	**88937**	**8384**	**16670**	**17943**	**34613**	**123550**

Details of Scheduled Castes/Scheduled Tribe Employees in Government Service as on 01.01.2012 to 01.01.2016

Categoy	2012 (Review of 73/82 Dept's completed)			2013 (Review of 73/82 Dept's completed)			2014(Review of 73/82 Dept's completed)			2015 (Review of 73/82 Dept's completed)			2016 (Review of 73/82 Dept's completed)		
	Total	SC	ST	Total	SC	ST	Total	SC	ST	Total	SC	ST	Total	SC	ST
1	2	3	4	5	6	7	8	9	10	11	12	13	14	15	16
1.Gaztted	34583	3223	610	26158	2747	589	26333	2653	578	9268	1045	203	701	72	11
2. Non- Gazatted (Excluding Last Grade)	112190	10353	2769	87366	8510	2258	89507	89507	2300	50020	4604	1354	5578	547	169
3.Last Grade	27077	3345	738	17304	2278	466	16476	16476	1124	10166	1013	981	917	130	17
Total	170850	16921	4117	13828	13535	3313	132316	132316	4002	13193	6662	2538	7196	749	197

Year wise SCSP/TSP outlay from 2012-13 to 2016-17 (Rs. in crore)

year	SCSP	TSP
2012-13	1289.21	312.41
2013-14	1667.7	389.85
2014-15	1962	600
2015-16	1968.5	604.5
2016-17	2354.4	682.8

Distribution of Main Workers 2001-2011 (in percentage)

SI NO	Category	Total		Scheduled castes		Scheduled tribe	
		2001	2011	2001	2011	2001	2011
1	Main workers	25.87	27.93	29.75	32.93	30.17	33.29
2	Male main Workers	41.77	44.8	41.54	47.03	40.66	44.24
3	Female main Workers	10.85	12.37	18.51	19.59	19.9	22.71
4	Percentege of Cultivators to Main Workers	7.12	7.18	1.61	2.28	13.67	12.94
5	Percentage of agricultural Laboures to Main workers	12.4	14.18	29.48	29.9	41.12	59.49
6	Percentage of main workers engaged in Household Industry	3.35	2.93	2.6	2.07	2.57	1.74
7	Percentage of main workers engaged in other sevices	77.13	75.71	66.31	65.75	42.65	25.83
8	Marginal Workers	6.43	6.85	10.63	10.09	16.18	14.2
9	Work Participation Rate	32.3	34.78	40.38	43.83	43.65	47.49

സംഗ്രഹം

പട്ടികജാതി ക്ഷേമ മേഖലയിൽ വൻ കുതിച്ചു കയറ്റമാണ് ദർശിക്കാൻ കഴിയുന്നത്. പ്രശ്നങ്ങൾ പാടേ പരിഹരിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നില്ല. പക്ഷെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ സ്ഥിതിഗതികൾ വളരെ മെച്ചമാണ്. ചില സൂചികകളിലൂടെ അവ സമർത്ഥിക്കാം.

പ്രീപ്രൈമറി വിദ്യാഭ്യാസം മുതൽ Ph.D,Engineering, Medical എന്നീ കോഴ്സുകളിൽപഠിക്കുന്ന വിദ്യാർത്ഥികളക്ക് വിദ്യാഭ്യാസാനുകൂല്യം.

വിദ്യാഭ്യാസ മേഖലയിൽ കൊഴിഞ്ഞുപോക്ക് തീരെയില്ല. വിദേശ പഠനത്തിന് ധനസഹായം നൽകുന്നു.

വീട്, ഭൂമി,പഠനമുറി എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാവപ്പെട്ട പെൺകുട്ടികൾക്കായി വാത്സ്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് പരിരക്ഷ.

സാമൂഹ്യ സുരക്ഷിതത്വത്തിൽ വിവിധ ക്ഷേമ പദ്ധതികൾ ഇവയെല്ലാം പുത്തൻ ഉണർവിന്റെ പ്രതീകങ്ങളാണ്.

ആളോഹരി വരുമാനത്തിൽ സംസ്ഥാനം പ്രത്യേകിച്ചും പത്തനംതിട്ട ജില്ല ഒട്ടും പിന്നിലല്ല. എന്നിരുന്നാലും തൊഴിലില്ലായ്മ, തൊഴിലിലെ അസ്ഥിരത, കാർഷിക മേഖലയിലെ വിലയിടിവ് വിദേശ തൊഴിൽ അവസരങ്ങളുടെ കുറവ് പട്ടികജാതി സമൂഹത്തേയും ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയം തന്നെ. തുടർന്നും നവീനമായ ആശയങ്ങളിലൂടെ, പദ്ധതികളിലൂടെ പുതിയ മാനങ്ങൾ കണ്ടെത്താനാകും.

പട്ടികവർഗ്ഗ വികസനം

ആമുഖം

കേരള സംസ്ഥാനത്തിന്റെ ഭാഗമായി 1982 ൽ രൂപീകരിക്കപ്പെട്ട പത്തനംതിട്ട ജില്ലയിൽ 2011 ലെ കാനേഷുമാരി കണക്കു പ്രകാരം ആകെ ജനസംഖ്യ11,97,412/- ആണ്. ഇതിൽ പട്ടികവർഗ്ഗ വിഭഗങ്ങളിൽ 41 കോളനികളിലും മറ്റ് ഒറ്റപ്പെട്ടു താമസിക്കുന്നവരുമായി 2059/- കുടുംബങ്ങളിലായി 4161/- സ്ത്രീകളും 3947 പുരുഷന്മാരും ചേർത്ത് 8108 പേരാണ് ആകെയുള്ളത് . ഇത് ജില്ലയിലെ ആകെ ജനസംഖ്യയുടെ 6.77% മാത്രമാണ്. ഇവരിൽ ഭൂരിഭാഗം ജനങ്ങളും ജില്ലയുടെ കിഴക്കൻ മേഖലയിലുള്ള റാന്നി, കോന്നി, കോഴഞ്ചേരി എന്നീ താലൂക്കുകളിലായി അധിവസിക്കുന്നു. കൂടാതെ അടൂർ, തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിലും പട്ടികവർഗ്ഗക്കാർ ഒറ്റപ്പെട്ടു താമസിക്കുന്നു. പ്രധാനമായും മല അരയാൻ, മലവേടൻ, മലമ്പണ്ടാരം, ഉള്ളാടൻ എന്നീ വിഭാഗത്തിൽപ്പെട്ടവരാണ് കാണപ്പെടുന്നത്. ഊരാളി, മന്നാൻ, മുതുവാൻ, പണിയൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട ചുരുക്കം കുടുംബങ്ങളും താമസ്സിച്ചുവരുന്നു. ജില്ലയിൽ പട്ടികവർഗ്ഗത്തിൽ ഉള്ളാടർ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് കൂടുതലായി അധിവസിക്കുന്നത്.

പത്തനംതിട്ട ജില്ലയിൽ ഏഴു വിഭാഗങ്ങളിൽപ്പെട്ട പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഉള്ളാടൻ, മലവേടൻ, മല അരയൻ, മലപണ്ടാരം എന്നീ വിഭാഗത്തിൽപ്പെട്ടവരാണ് കുടുതലായി കണ്ടുവരുന്നത്. ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യയുടെ 93.38% ഈ വിഭാഗങ്ങളിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളാണ്. മലയൻ, മുഡുഗർ, കാണിക്കാരൻ എന്നീ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബങ്ങൾ യഥാക്രമം ചിറ്റാർ, കൊടുമൺ, നാറാണംമൂഴി എന്നീ പഞ്ചായത്തുകളിൽ കണ്ടെത്തിയിട്ടുള്ളതുമാത്രമാണ് മറ്റു വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളായി പത്തനംതിട്ട ജില്ലയിൽ നിലവിലുള്ളത്. പട്ടികേതര വിഭാഗത്തിൽപ്പെട്ട 409 പേർ പട്ടികവർഗ്ഗ കുടുംബാംങ്ങളായി ജില്ലയിൽ ഉള്ളതിനാൽ ഇവരുടെ പ്രാതിനിധ്യം ആകെ പട്ടികവർഗ്ഗ ജനസംഖയുടെ 6.41 ശതമാനമാണ്

2008 വർഷം കില മുഖേന പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക.4.67

പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ്ഗക്കാർ

ക്രമം	സമുദായം	കുടുംബം	ശതമാനം	ജനസംഖ്യ	ശതമാനം
(1)	(2)	(3)	(4)	(5)	(6)
1.	കാണിക്കാരൻ	2	0.11	5	0.07
2.	മല അരയൻ	299	16.69	958	15.01
3.	മലപണ്ടാരം	182	10.16	554	8.68
4.	മലവേടൻ	632	35.28	2161	33.87
5.	മലയൻ	1	0.05	3	0.04
6.	മുഡുഗർ	1	0.05	4	0.06
7.	ഉള്ളാടൻ	674	37.63	2285	35.82
	പട്ടികവർഗ്ഗക്കാർ ആകെ	1791	100	5970	93.59
8.	മറ്റുള്ളവർ	-	-	409	6.41
	ആകെ	**1791**	**100**	**6379**	**100**

ടി ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗം ഭൂരിഭാഗവും വനമേഖലയിലാണ് അധിവസിച്ചുവരുന്നത്. ടി ജനവിഭാഗത്തിന്റെ മുഖ്യതൊഴിൽ കൃഷി അനുബന്ധ മേഖലയും വനസമ്പത്തു ശേഖരണവുമാണ്. ഇഞ്ചി, വാഴ, റബ്ബർ, കപ്പ എന്നിവയാണ് മുഖ്യ കൃഷി ഇവരിൽ 1812 കുടുംബങ്ങൾക്ക് 5 സെന്റു മുതൽ 2 ഏക്കർ വരെ സ്വന്തമായി ഭൂമിയുള്ളവരാണ്. ജില്ലയിൽ 146 കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമിയില്ലാത്തത്. സ്വന്തമായി ഭൂമിയുായിട്ടും 153 കുടുംബങ്ങൾ ഭവനരഹിതരാണ്. പത്തനംതിട്ട ജില്ലയിലെ ആകെ ജനസംഖ്യയിൽ 96.93% ന് സാക്ഷരതയുങ്കെിലും പട്ടികവർഗ്ഗ വിഭാഗത്തിൽ ഇത് 88% മാത്രമാണ്. ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ എസ്.എസ്.എൽ.സി വരെ – 762, പ്ലസ് ടു – 293, ബിരുദം–98, ബിരുദാനന്തര ബിരുദം–21 ആണ് നിലവിലെ വിദ്യാഭ്യാസം നേടിയവരുടെ കണക്ക്. ജില്ലയിൽ 167 പട്ടികവർഗ്ഗക്കാർ കേരള സർക്കാർ സർവ്വീസിലും, 31 പേർ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും, 18 പേർ കേന്ദ്രസർക്കാർ സർവ്വീസിലും ജോലി ചെയ്തുവരുന്നു. നിലവിൽ എം.ബി.ബി.എസ്, എഞ്ചിനീയറിങ്ങ്, മെഡിക്കൽ പി. ജി വിഭാഗങ്ങളിൽ യഥാക്രമം 7, 4, 1 എണ്ണം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭ്യമായി ഉപരിപഠനം നടത്തിവരുന്നു. നിലവിൽ ജില്ലയിൽ 2 പ്രി മെട്രിക് ഹോസ്റ്റലുകളും, ഒരു മോഡൽ റസിഡെൻഷ്യൽ സ്കൂളും പ്രവർത്തിച്ചുവരുന്നു.

ജില്ലയിലെ ആവണിപ്പാറ ഒഴികെ എല്ലാ പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിച്ചതാണ്. സർക്കാർ ഏജൻസികൾ മുഖേന ലഭ്യമാക്കിയിട്ടുള്ള അടച്ചുറപ്പുള്ള എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ഉണ്ട്. പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നത് മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 81 കുടുംബങ്ങൾ ശബരിമല വനമേഖലയിൽ ചാലക്കയം, മൂഴിയാർ, ഗവി പ്രദേശങ്ങളിലായി വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി മാറിമാറി താമസ്സിക്കുന്നവരാണ്. ഈ സ്വഭാവം ഉള്ളതുകൊണ്ട് ഇവർക്ക് ഭൂമിയോ വീടോ അനുവദിച്ചു നൽകുവാൻ ഡിപ്പാർട്ട്മെന്റിന് സാധിക്കുന്നില്ല. ജില്ലയിൽ അവിവാഹിതരായ അമ്മമാരായി 25 പേരാണുള്ളത്. ഇവരിൽ വീടില്ലാത്ത 4 പേർക്കും വീട് അനുവദിക്കുകയും ഉപജീവനത്തിനായി സ്വയംതൊഴിൽ തുടങ്ങുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഇവർക്ക് ഡിപാർമെന്റിൽ നിന്നും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. ജില്ലയിൽ ശാരീരിക വൈകല്യം ബാധിച്ചവരായി വിവിധ കോളനികളിലായി 272 പേരാണുള്ളത്. അംഗപരിമിതർക്കായി വിവിധ പദ്ധതികളിലായി തുക ചെലവഴിച്ച് അവരുടെ അഭിവൃദ്ധിക്കായി പ്രവർത്തിച്ചുവരുന്നു. കോളനികളിൽ മദ്യ, ലഹരി ഉപയോഗം കൂടി വരുന്നതായും അതുമൂലമുണ്ടാകുന്ന ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ കൂടി വരുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിനായി ആരോഗ്യം, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളും പട്ടികവർഗ്ഗ വികസന വകുപ്പുമായി യോജിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പും തൃതല പഞ്ചായത്തും സംയുക്തമായി ജില്ലയിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ അടുത്ത 5 വർഷത്തെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പക്ഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇപ്പോഴത്തെ പിന്നോക്കാവസ്ഥ ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധിക്കും.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവസ്ഥാവിശകലനം

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ പ്രബലമായ നാലു വിഭാഗങ്ങളാണുള്ളത്; ഉള്ളാടൻ, മലയരയ, മലവേടൻ, മലമ്പണ്ടാരം എന്നിവയാണ്.

ഉള്ളാടൻ: ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യയിൽ മുന്നിൽ ഉള്ളാട വിഭാഗമാണ്. ഇവർ വിദ്യാഭ്യാസ പരമായും സാമ്പത്തികമായും കുറച്ച് മുൻപന്തിയിലാണ്. ഈ വിഭാഗത്തിൽ നിന്നും രണ്ട് പേർ എംബിബി എസ് പാസായി സേവനം നടത്തുന്നുണ്ട്. എഞ്ചിനിയറിംഗ് ഉൾപ്പെടെ മറ്റ് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവരുമുണ്ട്. ഫോറസ്റ്റ്, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ വകുപ്പുകളിൽ ജോലിയുള്ളവരും ഈ വിഭാഗത്തിലുണ്ട്. ഉള്ളാട വിഭാഗക്കാർ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നവരാണ്.

മലയരയൻ: ജില്ലയിലെ രണ്ടാമത്തെ വലിയ പട്ടിക വർഗ്ഗ വിഭാഗമായ ഇവർ സാമ്പത്തിക, സാമൂഹ്യ, വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ മികച്ച് നിൽക്കുന്നു. എം.ബി.ബി.എസ് ഡിഗ്രി നേടിയ ഒരാൾ ഈ

വിഭാഗത്തിലുണ്ട്. എം.ബി.എ, എഞ്ചിനിയറിംഗ് നേടിയവരും പ്രൊഫഷണൽ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നവരും ഈക്കുട്ടരിലുണ്ട്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ കൂടുതലും മലയരയ വിഭാഗത്തിൽപ്പെട്ടതാണ്. സർക്കാർ മേഖലയിൽ തൊഴിൽ നേടാം എന്ന ഉദ്ദേശ്യത്തോടെ മക്കളെ നല്ല നിലയിൽ പഠിപ്പിക്കുന്നതിന് ഈ വിഭാഗം പ്രത്യേക ശ്രദ്ധ നൽകുന്നു.

മലവേടൻ: പിന്നോക്കാവസ്ഥയിൽ തുടരുന്ന ഈ ജന വിഭാഗം ജില്ലയിൽ റാന്നി താലൂക്കിലും, തിരുവല്ല താലൂക്കിലും താമസിച്ചുവരുന്നു. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളിൽ തുടർ പഠനം ഉപേക്ഷിക്കുന്നവരിൽ കൂടുതലും ഈ വിഭാഗത്തിൽപെടുന്നുവെങ്കിലും സംസ്ഥാനത്തുതന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽ എം.ബി.ബിഎസ് നേടുന്ന ആദ്യത്തെയാൾ പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ സങ്കേതത്തിലെ ഇളപ്പുപാറ പാലനിൽക്കുന്നതിൽ വീട്ടിൽ പൊടിയൻ മകൾ രമണിയാണ്. ഡോ.രമണി നിലവിൽ തൃശ്ശൂർ ജില്ലയിൽ സേവനം നടത്തുന്നു. കൂലിപണിയെടുത്താണ് മിക്ക കുടുംബങ്ങളും നിത്യചെലവ് വഹിക്കുന്നത്

മലമ്പണ്ടാരം: ജില്ലയിലെ എറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടിക വർഗ്ഗ വിഭാഗമാണ്. ഇവരിൽ നൊമാഡിക് ജീവിത രീതി പിൻതുടരുന്ന 81 കുടുംബങ്ങളുണ്ട്. ഇവർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമാണ്. വകുപ്പിന്റെ സേവനങ്ങൾ ഇവരിലെത്തിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുള്ളത് ഇവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഏറ്റവും പ്രതിബന്ധമായി തുടരുന്നു. സ്ഥിരമായി ടി കുടുംബങ്ങളെ ഒരിടത്തു താമസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ വനം വകുപ്പുമായി സഹകരിച്ചു വകുപ്പ് സ്വീകരിച്ചുവരുന്നു. കുട്ടികളെ സ്കൂളിൽ വിടുന്നതിന് വിമുഖത കാണിക്കുന്ന ഇവർ കൂടുതലും വനാന്തർഭാഗങ്ങളിൽ താമസിക്കുന്നതിനാണ് ഇഷ്ടപ്പെടുന്നത്. അതിനാൽ കുട്ടികൾ രക്ഷിതാക്കളോടൊപ്പം കാട്ടിലേക്ക് പോകുന്നത് വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് തടസ്സമാണ്.

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, റാന്നി

ഈ ഓഫീസിന്റെ കീഴിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും 34 എസ്.റ്റി പ്രൊമോട്ടർമാരും 13 ഹെൽത്ത് പ്രൊമോട്ടർമാരും ജോലിചെയ്യുന്നുണ്ട്

മോഡൽ റസിഡെൻഷ്യൽ സ്കൂൾ വടശ്ശേരിക്കര.

5 മുതൽ +2 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ ആൺകുട്ടികൾ താമസ്സിച്ചു പഠിക്കുന്ന ഒരു മോഡൽ റസിഡെൻഷ്യൽ സ്കൂൾ 1998 മുതൽ വടശ്ശേരിക്കര ബൗണ്ടറി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു. ഈ സ്കൂളിൽ 214 ആൺകുട്ടികൾ താമസ്സിച്ച് പഠനം നടത്തിവരുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് 5-ാം ക്ലാസ്സിൽ പ്രവേശനം നൽകുന്നത്. കുട്ടികളുടെ താമസം മുതൽ കുട്ടികൾക്കാവശ്യമായ എല്ലാകാര്യങ്ങളും സൗജന്യമായി നൽകുന്നു. കല, കായികം, ശാസ്ത്ര സംബന്ധമായ പാഠ്യേതര പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽകുന്നു. എസ്.പി.സി, എൻ.എസ്.എസ് തുടങ്ങിയവയുടെ യൂണിറ്റുകളും ടി സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ആദ്യബാച്ചു മുതൽ എസ്.എസ്.എൽ.സിക്ക് 100% വിജയം തുടരുന്നു. മികച്ച അദ്ധ്യാപകരുടെ സേവനം, ക്ലാസ്സ് സമയം കഴിഞ്ഞുള്ള പഠനത്തിന് റസിഡെന്റ് ട്യൂട്ടറുടെ സഹായം, സ്മാർട്ട് ക്ലാസ്സ് റൂമുകൾ, വിപുലമായ കമ്പ്യൂട്ടർ ലാബ്, സി.സി.ടി.വി, സോളാർ വൈദ്യുതി, ബാസ്കറ്റ് ബോൾ കോർട്ട് ഉൾപ്പെടെ ഇന്റർനാഷണൽ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും എം.ആർ.എസ്സിൽ ഉണ്ട്.

പ്രിമെട്രിക് ഹോസ്റ്റലുകൾ,

ഈ ഓഫീസിനു കീഴിൽ ചിറ്റാർ, കടുമീൻചിറ എന്നിവിടങ്ങളിൽ ഓരോ പ്രി മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. പെൺകുട്ടികൾക്കായുള്ള ചിറ്റാർ പ്രി മെട്രിക് ഹോസ്റ്റലിൽ 59 അന്തേവാസികളും, കടുമീൻചിറയിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റലിൽ 23 അന്തേവാസികളും താമസ്സിച്ചു പഠിക്കുന്നു. ഈ രണ്ടു ഹോസ്റ്റലുകളും സർക്കാർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കടുമീൻചിറ പ്രി മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം പണിയുന്നതിന് 2 കോടി

രൂപ 2017–18 വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചിറ്റാർ പ്രി മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന് അധിക സൗകര്യങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

തയ്യൽ പരിശീലനകേന്ദ്രം

പട്ടികവർഗ്ഗ യുവതികൾക്ക് തയ്യൽ പരിശീലനം നൽകുന്നതിനായി റാന്നി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ടെയിലറിങ്ങ് സെന്ററിൽ 08 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ദ്വിവത്സര പരിശീലനം നൽകിവരുന്നു. പഠനം പൂർത്തീകരിക്കുന്നവർക്ക് വ്യക്തിഗതമായോ കൂട്ടായോ തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് വകുപ്പ് മുഖേന തയ്യൽമെഷീനും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നു.

ഗവ. ട്രൈബൽ ഡിസ്പെൻസറി നാറാണംമൂഴി

നാറാണംമൂഴി പഞ്ചായത്തിൽ അടിച്ചിപ്പുഴ കോളനിയിൽ ഒരു ഗവ.ആയുർവേദ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. കോളനികളിൽ കൃത്യമായ ഇടവേളകളിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് ടി ഡിസ്പെൻസറിയുടെ ആഭിമുഖ്യത്തിൽ നടത്തി ആവശ്യമായ മരുന്നുകൾ വിതരണം ചെയ്തുവരുന്നു. വകുപ്പിന്റെ എം.ആർ.എസ്സിലും ഹോസ്റ്റലുകളും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്.

ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം – റ്റി.ആർ.ഡി.എം മുഖേന.

2003 ൽ നടത്തിയ കണക്കെടുപ്പു പ്രകാരം ജില്ലയിൽ 128 ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഉള്ളതായി ട്രൈബൽ മിഷൻ അംഗീകരിച്ചിട്ടുണ്ട്. അതിൽ 19 കടുംബങ്ങൾക്കുള്ള ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഭൂരഹിതരായ 14 മലവേടർ കുടുംബങ്ങൾക്ക് 80 സെന്റ് വീതം ഏകദേശം 10 ഏക്കർ ഭൂമി വടശ്ശേരിക്കര താമരപ്പള്ളി എസ്റ്റേറ്റിൽ കണ്ടെത്തുകയും ഇവർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. 5 പേർക്ക് ഏനാദിമംഗലം പഞ്ചായത്തിൽ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ടി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും കൃഷിക്കും ആവശ്യമായ ഫണ്ട് ലഭ്യമാണെങ്കിലും ടി കുടുംബങ്ങൾ ലഭ്യമായ ഭൂമിയിൽ സ്ഥിരമായി താമസ്സിക്കാത്തത് പുനരധിവാസ പ്രവർത്തങ്ങൾക്ക് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. വേളിമല എസ്റ്റേറ്റിൽ ഭൂമി അന്യാധീനപ്പെട്ട 18 പേർക്ക് ഭൂമി നൽകിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ സാഹചര്യം നിലനിൽക്കുന്നു. എങ്കിലും 2017–18 സാമ്പത്തിക വർഷത്തെ ലൈഫ് മിഷൻ ലിസ്റ്റിൽ 2007–08 മുതൽ 2016–17 വരെ ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള 117 പേരുടെ വിവരങ്ങൾ ഉണ്ട്. ഇവരുടെ ഭവന പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് വകുപ്പ് വകയിരുത്തിയിട്ടുണ്ട്.

പട്ടിക.4.68

ജില്ലയിലെ ഭൂരഹിതരും ഭവനരഹിതരുമായവരുടെ വിവരങ്ങൾ

ക്രമ. നം.	പഞ്ചായത്ത്	സ്വന്തമായി ഭൂമി ഉണ്ടായിട്ടും ഭവനമില്ലാത്തവർ	ഭൂരഹിത ഭവനരഹിതർ	ആകെ
1	നാറാണംമൂഴി	48	14	62
2	റാന്നി പെരുനാട്	21	38	59
3	വെച്ചൂച്ചിറ	18	14	32
4	വടശ്ശേരിക്കര	1	1	2
5	പ്രമാടം	7	3	10
6	പള്ളിയ്ക്കൽ	7	9	16
7	മല്ലപ്പള്ളി	7	0	7
8	തിരുവല്ല മുനിസിപ്പാലിറ്റി	3	5	8

9	നാരങ്ങാനം	5	4	9
10	റാന്നി	2	1	3
11	ചിറ്റാർ	15	3	18
12	റാന്നി പഴവങ്ങാടി	5	3	8
13	അരുവാപ്പുലം	12	11	23
14	തണ്ണിത്തോട്	2	12	14
15	സീതത്തോട്	0	28	28
	ആകെ	**153**	**146**	**299**

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ ഇതുവരെ 63 ഗുണഭോക്താക്കൾക്കായി 15.47 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ രൂപീകരിക്കുന്ന ലാൻഡ് ബാങ്കിൽ നിന്നാണ് ഇനി മുതൽ ഈ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നത്.

ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഭൂമിയുടെ ലഭ്യത സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 07/08/2003 തീയതിയിലെ ആർ.റ്റി-640/2003 നം ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ ഭൂമി പതിച്ചു നൽകാനുള്ള ശുപാർശകളിൽ താഴെക്കൊടുത്തിരിക്കുന്നവ അംഗീകരിച്ചിട്ടുണ്ട്.

(എ) റവന്യൂ ഭൂമി പാട്ടത്തിനു നൽകിയത് - 296.26 ഏക്കർ

(ബി) വിലയ്ക്ക് വാങ്ങാവുന്ന ഭൂമി - 1000 ഏക്കർ

എസ്.സി.എ ടു റ്റി.എസ്.പി

കാലാകാലങ്ങളിൽ കേന്ദ്ര ഗവണ്മെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയംസഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് വരുമാന വർദ്ധന ഉളവാക്കുന്ന തൊഴിൽ ഏറ്റെടുത്തു നടത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ശ്രമിക്കുന്നത്. ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉത്പ്പാദനം, മൂല്യ വർദ്ധനവ് എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്. നീർത്തട വികസനം, ചെറുകിട ജലസേചനം, ഉദ്യാനകൃഷി, ഭക്ഷ്യസംസ്കരണം, ചെറുകിട വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിപാടികൾ, ഔഷധ ചെടികളുടെ സംരക്ഷണം മുതലായവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതാണ്.

കോർപ്പസ് ഫണ്ട്

പ്രോജക്ടാധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. സ്വയംതൊഴിൽ, നൈപുണ്യ വികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം, നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതിക വിദ്യാകൈമാറ്റവും വിവരങ്ങൾ നൽകുന്നതിനുമായി ബന്ധപ്പെട്ട പ്രോജക്ടുകളും, വാർത്തവിനിമയവും, വിദ്യാഭ്യസവും, ആരോഗ്യ-ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിൽ അധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഇന്റർനെറ്റ്, ഡി.റ്റി.പി, ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പട്ടികവർഗ്ഗ ഉപസമിതിയിലെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവുനികത്തൽ, അംഗീകൃത സർക്കാർ ഇതര ഏജൻസികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ ഒരു വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതു കൂടാതെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശിയതലത്തിലും അന്തർദേശീയ തലത്തിലും മികവുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും വിദേശത്ത് ജോലിക്കായുള്ള അവസരം അന്വേഷിക്കുന്ന പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം ചെയ്യുക എന്നിവ പരിഗണിക്കുന്നു. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സൂക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളേയും പരിഗണിക്കും. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷിക്കാർക്ക് അവർ പാട്ടത്തിനെടുത്തിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ടത്തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ട്രൈബൽ മേഖലകളിൽ കുടുംബശ്രീ യൂണിറ്റ് തുടങ്ങുകയും നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണവും, പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായവും നൽകുന്നതാണ്.

പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗം ജില്ലാതലത്തിലേക്ക് നീക്കിവച്ചിരിക്കുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്ക് പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റികൾക്ക് ജില്ലകളിൽ ഭരണാനുമതി നൽകുന്നതാണ്. ജില്ലകൾക്കനുവദിക്കുന്ന തുക റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാൻ പാടില്ല. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാതല വർക്കിങ്ങ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിങ്ങ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു.

വനാവകാശ നിയമം

ജില്ലയിൽ നിലവിൽ 22 വനാവകാശ കമ്മിറ്റികൾ ഉണ്ട്. ഇതുവരെ ലഭ്യമായ 1130 വ്യക്തിഗത അപേക്ഷകളിൽ 940 എണ്ണം ഡി.എൽ.സി അംഗീകരിക്കുകയും ടൈറ്റിലുകൾ (ആർ.ഒ.ആർ) വിതരണം ചെയ്യുകയും ചെയ്തു.

പട്ടികവർഗ്ഗക്കാരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്ന പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഈ ഓഫീസിൽ ലഭിച്ച 263 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വായ്പ ഇനത്തിലുള്ള 35,25,142/- രൂപ (മുപ്പത്തിയഞ്ചു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഒരുനൂറ്റി നാൽപ്പത്തി രണ്ടു രൂപ മാത്രം) എഴുതിത്തള്ളുന്നതിന് പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ അനുമതിയും എസ്.സി.എസ്.റ്റി കോർപ്പറേഷൻ മുഖേന ഫണ്ടും ലഭ്യമാവുകയും തുടർന്ന് എസ്.ബി.ഐ റാന്നി തോട്ടമൺ, സർവ്വീസ് സഹകരണ ബാങ്ക് പമ്പാവാലി, സർവ്വീസ് സഹകരണ ബാങ്ക് നാറാണംമൂഴി, സർവ്വീസ് സഹകരണ ബാങ്ക് പെരുനാട്, ജില്ലാ വ്യവസായ കേന്ദ്രം കോഴഞ്ചേരി എന്നിവർക്ക് ചെക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2006 ഏപ്രിൽ മുതൽ 2014 മാർച്ച് 31 വരെ കുടിശ്ശികയായിട്ടുള്ള ഒരുലക്ഷം രൂപ വരെയുള്ള ദേശസാൽകൃത സഹകരണ ബാങ്കുകളിലെ പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യസഹായ പദ്ധതി (ഫുഡ് സപ്പോർട്ട് പ്രോഗ്രാം)

ഭക്ഷ്യസഹായ പദ്ധതിക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് വർഷകാലത്ത് വനത്തിൽപ്പോയി വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ജില്ലയിൽ നൊമഡിക് മലമ്പാണ്ടാര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വർഷം മുഴുവൻ മാസത്തിലൊരിക്കൽ 16 കി.ഗ്രാം അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. കിടപ്പുരോഗികളോ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്കും ആവശ്യകത അനുസരിച്ചും, കെടുതികൾ ഉണ്ടാകുന്ന സമയത്ത് ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭക്ഷ്യസഹായ വിതരണം നടത്താറുണ്ട്. എല്ലാ വർഷവും ഓണത്തോടനുബന്ധിച്ച് 16 ഇനം സാധനങ്ങൾ ഉൾപ്പെട്ട ഓണക്കിറ്റും 60 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീപുരുഷന്മാർക്ക് ഓണക്കോടിയും വിതരണം ചെയ്തുവരുന്നു.

കൈത്താങ്ങ് പദ്ധതി

സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് അവരെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് കൈത്താങ്ങ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലയിലെ 16 ഗുണഭോക്താക്കൾക്കായി തുക വിതരണം ചെയ്തുവരുന്നു.

ജനനി ജന്മരക്ഷ

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ച് പ്രധാന ഉത്കണ്ഠ അമ്മയുടെയും കുട്ടിയുടെയും പോഷകാഹാരത്തെക്കുറിച്ചുള്ളതാണ്. യഥാസമയം സാമ്പത്തിക സഹായം ലഭിക്കാത്തത് പ്രസവത്തിനു മുമ്പും പിൻപും ഇവർക്ക് വേണ്ടത്ര പരിചരണം കിട്ടുന്നതിന് തടസ്സമാകുന്നു. ആയതിനാൽ ഗർഭിണിയായതിനു ശേഷമുള്ള 3 മാസം മുതൽ 18 മാസം കാലയളവിൽ കുഞ്ഞിന് 1 വയസ്സ് തികയുന്നതുവരെ 1000/- രൂപ വീതം ഓരോ മാസവും സഹായധനം നൽകുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. ആകസ്മികമായി കുഞ്ഞ് നഷ്ടപ്പെട്ടാലും പരാമർശിത കാലയളവിൽ ധനസഹായം അനുവദിക്കുന്നതാണ്.

ഗോത്രസാരഥി

സ്കൂളിൽ എത്തുന്നതിന് വാഹന സൗകര്യം ഇല്ലാത്ത വനാന്തരങ്ങളിലുള്ള പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ വന്നുപോകുന്നതിന് വകുപ്പ് മുഖേന വാഹന വാടക അനുവദിക്കുന്ന ടി പദ്ധതിയിൽ ജില്ലയിലെ മൂഴിയാർ ഗവ. യു.പി. സ്കൂൾ, അട്ടത്തോട് ഗവ. ട്രൈബൽ സ്കൂൾ, കിസ്സുമം ഗവ. ഹയർ സെക്കന്ററി സ്കൂൾ, എം.റ്റി.എൽ.പി.എസ് നാറാണംമൂഴി, ജി.എൽ.പി.എസ് മാടമൺ നോർത്ത് എന്നീ സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി 05 സ്കൂളുകളിലുമായി പഠനം നടത്തുന്ന 136 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

വിവാഹ ധനസഹായം

മക്കളെ വിവാഹം ചെയ്ത് അയയ്ക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും വിധവകളുടെ മക്കൾക്കും അസുഖബാധിതരായവരുടെ മക്കൾക്കും പരമാവധി 100000/- രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകിവരുന്നു.

ആർട്ടിക്കിൾ 275(1) പദ്ധതി

വിദ്യാഭ്യാസ വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവവിഭവ ശേഷി വികസനം, കായിക വികസനം, സ്കൂളുകളുടെ പരിപാലനം തുടങ്ങിയ മാനവവികസന സൂചനകളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കുന്നതാണ്. ഇതുകൂടാതെ താഴെപ്പറയുന്ന പ്രവർത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താം:

1. പട്ടികവർഗ്ഗ കലാകായിക ക്ലബ്ബുകൾക്ക് നടത്തിപ്പിനും രജിസ്ട്രേഷനുമായുള്ള സഹായം.
2. പട്ടികവർഗ്ഗ കലകളുടെ പ്രദർശനവും, പട്ടികവർഗ്ഗ കലാകാരന്മാർക്ക് പ്രസ്തുത മേഖലയിൽ തുടരുവാനുള്ള സഹായവും.

ഈ വിഹിതം ജനസംഖ്യാനുപാതികമായി എല്ലാ പ്രോജക്ട് ഓഫീസർമാർക്കും പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കും വിഭജിച്ചു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ജില്ലാതല വർക്കിങ്ങ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ സംസ്ഥാനതല വർക്കിങ്ങ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡയറക്ടറേറ്റിലേക്ക് അയയ്ക്കുന്നു. ടി പ്രോജക്ടുകൾ പട്ടികവർഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലവനായുള്ള

സംസ്ഥനതല വർക്കിങ്ങ് ഗ്രൂപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകേണ്ട താണ്.

ഹാംലെറ്റ് വികസന പദ്ധതി

2013–14 സാമ്പത്തികവർഷം കുരുമ്പൻമൂഴി, മണക്കയം പട്ടികവർഗ്ഗ കോളനികളിലും 2014–15 സാമ്പത്തികവർഷം തെറ്റുപാറ പട്ടികവർഗ്ഗ കോളനിയിലും 2015–16 സാമ്പത്തികവർഷം കൊടുമുടി പട്ടികവർഗ്ഗ കോളനിയിലും ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദവിവരങ്ങൾ അനുബന്ധം.4 ആയി ചേർത്തിരിക്കുന്നു. നടപ്പു സാമ്പത്തികവർഷം ടി പദ്ധതിയുടെ പേര് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി റാന്നി താലൂക്കിലെ കരികുളം, കോന്നി താലൂക്കിലെ കൈതക്കര കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്

സ്വയംതൊഴിൽ പദ്ധതി

ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്കായി ധനസഹായം അനുവദിക്കുന്നുണ്ട്

പ്രത്യേക കേന്ദ്രസഹായ പദ്ധതി

കൃഷി, സ്വയംതൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം.സ്ത്രീ ശാക്തീകരണം തുടങ്ങിയ പദ്ധതികൾ വഴി സാമ്പത്തിക ഉന്നമനം നേടുന്നതിനു ധനസഹായം നൽകുന്ന പദ്ധതി.

പ്രി മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് വിതരണം

ജില്ലയിലെ 170 സ്കൂളുകളിലായി പഠനം നടത്തുന്ന 864 കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

ഇ–ഗ്രാന്റ്

ജില്ലയിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. ഇതിനായി പ്രോജക്ട് കോർഡിനേറ്ററായ സൈബർശ്രീ മുഖേന സപ്പോർട്ടിങ്ങ് എഞ്ചിനീയരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ് വിതരണം

ഇ–ഗ്രാന്റ് സൗകര്യമില്ലാത്ത ഐ.റ്റി.ഐ പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപസം ഗ്രാന്റ്/സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു.

പട്ടികവർഗ്ഗക്കാർക്കുള്ള ഓണക്കിറ്റ് വിതരണം

ഓണത്തോടനുബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 15 കി. ഗ്രാം അരിയും മറ്റ് 8 ഇനം ഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകളും കുടുംബങ്ങളിലെ 60 വയസ്സു മുതൽ പ്രായമുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കും ഓണക്കോടിയും വിതരണം ചെയ്യുന്നു.

ഭവനനിർമ്മാണ ധനസഹായം

പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജനറൽ ഹൗസിങ്ങ്, എ.റ്റി.എസ്.പി, ഹഡ്കോ എന്നീ പദ്ധതികൾ മുഖേന ഭവനനിർമ്മാണ ധനസഹായം നൽകിവരുന്നു. ടി പദ്ധതി മുഖേന നാളിതുവരെ 396 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ വാസയോഗ്യമല്ലാത്തതും ഭാഗീകമായി മാത്രം വാസയോഗ്യവുമായ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഒരു ഗുണഭോക്താവിന് പരമാവധി 1.5 ലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ട്.

സമഗ്ര ആരോഗ്യ സുരക്ഷ(പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി)

ചികിത്സാ സംബന്ധമായ ചെലവുകൾക്കും പുനരധിവാസത്തിനും 5000/- രൂപ വരെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ധനസഹായം നൽകുന്നു 5000/- രൂപയിൽ കൂടുതലുള്ള തുക മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നു. അസുഖബാധിതരായ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സയും വാഹന സൗകര്യവും മറ്റ് ചെലവുകളും ഇതിൽ നിന്നും വഹിക്കുന്നു.

പട്ടികവർഗ്ഗ അതിക്രമം തടയൽ

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടെന്ന് തീർപ്പുകൽപ്പിക്കുന്നതിനായി എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാനുള്ളത്.

1. അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ.
2. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ.
3. സാക്ഷികൾക്ക് പ്രത്യേക കോടതി സ്ഥാപിക്കൽ.

ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

നൊമാഡിക് മലമ്പാണ്ടാരങ്ങളുടെ പുനരധിവാസം

ജില്ലയിലെ ഉൾവനത്തിൽ ചാലക്കയം, ഗവി, മൂഴിയാർ 40, കൊച്ചുകൃഷി, പാലത്തടിയാർ, കൊക്കാത്തോട്, തേക്കുതോട് എന്നിവിടങ്ങളിലായി 81 നൊമാഡിക് മലമ്പാണ്ടാര സമുദായത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നുണ്ട്.. വനവിഭവ ശേഖരണാർത്ഥം കൂടെക്കൂടെ വാസസ്ഥലം മാറിക്കൊണ്ടിരിക്കുന്ന ഇവരെ നേരിൽക്കണ്ട് ആവശ്യമായ സഹായങ്ങൾ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥർക്കും ട്രൈബൽ പ്രൊമോട്ടർമാർക്കും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സ്വന്തമായി ഭൂമി ഇല്ലാത്ത ഇവർ ഉൾവനത്തിൽ പലസ്ഥലത്തായി താൽക്കാലിക ഷെഡ്ഡുകളിലാണ് താമസിക്കുന്നത്. മറ്റ് പട്ടികവർഗ്ഗ സമുദായങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവർ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നിലാണ്. ഇവരെ സമൂഹത്തിന്റെ പൊതുധാരയിൽ എത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വനത്തിൽ നിന്നും പുറത്തുവന്ന് ജീവിക്കുന്നതിന് വിമുഖത ഉള്ള ഇവർക്ക് വനവിഭവങ്ങൾ ശേഖരിച്ചുതന്നെ ഉപജീവനം തുടരുന്നതിന് വനത്തോടു ചേർന്നുതന്നെ വനാവകാശ നിയമ പ്രകാരമുള്ള ഭൂമി ലഭ്യമാക്കി പാർപ്പിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകി ഇവരെ പുനരധിവസിപ്പിക്കേതുണ്ട്.

മോഡൽ കോളനി

പത്തനംതിട്ട ജില്ലയിലെ മൂഴിയാർ, ചാലക്കയം മേഖലകളിൽ വനാന്തർഭാഗത്ത് വസിക്കുന്നവരും നോമാഡിക് ജീവിതശൈലി സ്വീകരിച്ചിട്ടുള്ളവരുമായ 37 മലപണ്ടാര കുടുംബങ്ങൾ ഉണ്ട്. ഇതിൽ 25 കുടുംബങ്ങളെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി പുനരധിവസിപ്പിക്കുന്ന മോഡൽ കോളനി പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വനവിഭവ ശേഖരണത്തിനായി കൂടെക്കൂടെ വാസസ്ഥലം മാറുന്ന ഇവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. നിർദ്ദിഷ്ട മോഡൽ കോളനിയിൽ മലമ്പണ്ടാര സമുദായത്തിൽപ്പെട്ട 25 കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള വീടുകളും, ടാറിട്ട റോഡും, വൈദ്യുതി, കുടിവെള്ളം, കൃഷിസ്ഥലം, കമ്മ്യൂണിറ്റിഹാൾ, അംഗൻവാടി, സൊസൈറ്റി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ രാജാമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള മഞ്ഞത്തോട് എന്നസ്ഥലത്ത് വനംവകുപ്പിന്റെ അധീനതയിലുള്ള 4 ഹെക്ടർസ്ഥലം സർവ്വേ ചെയ്തിട്ടുണ്ട്. ടി 4 ഹെക്ടർ ഭൂമിയിൽ വീടുകൾ വെച്ചു നൽകുന്നതിന് വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ 25 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക (133 ലക്ഷം രൂപ) കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനംവകുപ്പിൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കൽ

റാന്നി പെരുനാട് പഞ്ചായത്തിലെ അട്ടത്തോട് പട്ടികവർഗ്ഗ കോളനിയിൽ കിഴക്കേക്കര, പടിഞ്ഞാറേക്കര ഭാഗങ്ങളിലായി 250 കുടുബങ്ങൾ അധിവസിക്കുന്നു. കൂടാതെ രാജാമ്പാറ മുതൽ കുന്നാർ വരെ വിവിധ ഭാഗങ്ങളിലായി നൊമാഡിക് ജീവിതശൈലി പിൻതുടരുന്ന 39 കുടുംബങ്ങളും താമസ്സിച്ചുവരുന്നു. കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ പരിമിത സൗകര്യത്തിൽ പ്രവർത്തിക്കുന്ന അട്ടത്തോട് ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ 59 കുട്ടികൾ പഠിക്കുന്നുണ്ട്. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടർക്ക് 1.23 ഏക്കർ വനഭൂമി കൈമാറിയിട്ടുണ്ട്. ടി സ്ഥലത്ത് എം.പി/എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ നിർമ്മിക്കേണ്ടത് അടിയന്തിരമായി പരിഗണിക്കേതാണ്.

ആരോഗ്യപരിപാലനം

പട്ടികവർഗ്ഗവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് നേരിട്ട് ഫണ്ട് ലഭ്യമാക്കിവരുന്നു. രോഗബാധിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്കായാണ് ടി തുക വിനിയോഗിച്ചു വരുന്നത്. എന്നാൽ പട്ടികവർഗ്ഗ ക്കാർക്കിടയിലുള്ള ജീവിതശൈലീ രോഗം മുൻകൂട്ടി കണ്ടെത്തുവാനും ആയത് പ്രതിരോധിക്കുവാനും കഴിഞ്ഞാൽ ഈ വിഭാഗക്കാരുടെ ഇടയിലെ രോഗബാധിതരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. ഈ ലക്ഷ്യം മുൻനിർത്തി ടി തുക ഉപയോഗിച്ച് കോളനികളിൽ നിശ്ചിത ഇടവേളകളിൽ രോഗപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ച് രോഗം ബാധിക്കാൻ സാധ്യതയുള്ളവർക്ക് ആയത് പ്രതിരോധിക്കാനാവശ്യമായ ബോധവത്ക്കരണവും രോഗ ബാധിതരായവർക്ക് തുടർചികിത്സയും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

പട്ടികവർഗ്ഗക്കാരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിൽ ആളോഹരി വരുമാനം വളരെ കുറവാണ്. ഇവർ പരിശീലിച്ചിട്ടുള്ള തൊഴിലുകൾ ഒരു പ്രത്യേക സീസണിൽ മാത്രം ലഭിക്കുന്നതിനാൽ ഇവർക്കു സാമ്പത്തീകാഭിവൃദ്ധി ഉണ്ടാകുന്നില്ല. ഈ വിഭാഗക്കാർക്ക് സമ്പാദ്യ, മിതവ്യയ ശീലം ഇല്ലാത്തതും സ്വയംതൊഴിൽ തുടങ്ങുവാനാവശ്യമായ സംരംഭകത്വം ഇല്ലാത്തതുമൂലം ബാങ്ക് വായ്പ തുടങ്ങിയവ ലഭ്യമാകാത്തത് ഇവരുടെ സാമ്പത്തിക ഉന്നമനത്തിന് വിഘാതമായി നിലനിൽക്കുന്നു. വർക്ക്ഷോപ്പ്, ഡ്രൈവിങ്ങ്, തയ്യൽ, ഇഷ്ടിക നിർമ്മാണം തുടങ്ങിയ അസംഘടിത മേഖലയിൽ നാട്ടിൽ ധാരാളം തൊഴിലവസരങ്ങളുങ്കെിലും പട്ടികവർഗ്ഗക്കാർ ആയത് പ്രയോജനപ്പെടുത്തുന്നില്ല. ഈ സാഹചര്യത്തിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് അവർ പ്രാവീണ്യം നേടിയിട്ടുള്ള മേഖലകളിൽ Need Based ആനുകൂല്യങ്ങൾ നൽകുന്നത് ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കും.

സാംസ്കാരിക അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ

ജില്ലയിലെ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിലവിലുള്ള കളിസ്ഥലങ്ങൾ, കാവുകൾ, എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഈ സ്ഥലങ്ങളിൽ ഇവർക്ക് ഒത്തുകൂടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥലസൗകര്യങ്ങളുള്ള കോളനികളിൽ ലൈബ്രറി, പത്രം, ടി.വി, സാമ്യൂഹ്യപഠനമുറി എന്നീ സൗകര്യങ്ങളുള്ള കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയിൽ ഈ വക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് ഇവരുടെ സാംസ്കാരിക ഉന്നമനത്തിന് പ്രയോജനകരമാണ്. ഗ്രാമ, ജില്ലാ പഞ്ചായത്ത് ഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കാവു ന്നതാണ്.

കുടിവെള്ളം

സമുദ്രനിരപ്പിൽ നിന്നും വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലയിലെ പല സങ്കേതങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത്തരം കോളനികളിൽ കിണർ കുഴിക്കുന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ സമീപ പ്രദേശത്തുള്ള ഏതെങ്കിലും ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നത് ആശാസ്യമാണ്. ഇതിലേക്കായി ത്രിതല പഞ്ചായത്ത്, മുൻസിപ്പാലിറ്റികളുടെ സംയുക്ത പ്രോജക്ട് തയ്യാറാക്കി 2022 വർഷത്തേക്ക് ഇത്തരം കോളനികൾ ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

ശൈശവവിവാഹം

പത്തനംതിട്ട ജില്ലയിൽ നൊമാഡിക് ജീവിതശൈലി പിൻതുടരുന്ന 81 മലമ്പണ്ടാര കുടുംബങ്ങളുണ്ട്. ഇവരുടെ ആചാര പ്രകാരം പെൺകുട്ടികൾക്ക് പ്രായ പൂർത്തിയാകുമ്പോൾത്തന്നെ വിവാഹ ബന്ധത്തിലേർപ്പെടുന്നുണ്ട്. 18 വയസ്സിനു താഴെ പ്രായത്തിൽത്തന്നെ പെൺകുട്ടികൾ അമ്മമാരായിത്തിരുന്ന അവസ്ഥ നിലവിലുണ്ട്. ആൺകുട്ടികളും 21 വയസ്സിനു താഴെയുള്ളവരായിരിക്കും. നിയമവ്യവസ്ഥയ്ക്ക് എതിരാണെന്ന് മനസ്സിലാക്കിയിട്ടും ഇവർ ജോടികളായി കഴിയുകയും മറ്റുള്ളവരുടെ കണ്ണിൽപ്പെടാതെ വനത്തിനുള്ളിലോ അയൽസംസ്ഥാനമായ തമിഴ് നാട്ടിലോ താമസ്സിക്കുകയും ചെയ്തുവരുന്നു. ചെറിയ പ്രായത്തിലെ ഗർഭാവസ്ഥയും പ്രസവവും മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പലപ്പോഴും വലിയ മാധ്യമ വാർത്തകളാകുകയും വകുപ്പിനു കളങ്കം ചാർത്തുന്ന രീതിയിലുള്ള ആക്ഷേപം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഈ കാര്യത്തിൽ യഥാസമയത്ത് വേണ്ട ഇടപെടലുകൾ നടത്തുന്നതിന് പരിമിതികളുണ്ട് എന്നത് പൊതുസമൂഹവും മനസ്സിലാക്കേണ്ടതുണ്ട്. ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ പെൺകുട്ടികൾക്ക് യഥാസമയം വേണ്ടത്ര ചികിത്സയും ആരോഗ്യ സംരക്ഷണത്തിനാവശ്യമായ തുടർനടപടികളും സ്വീകരിക്കാറുണ്ട്. ഇത്തരം പ്രവണതകൾക്കെതിരെ കുട്ടികളുടെ മാതാപിതാക്കൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുന്നതിന് നടപ്പുവർഷം ഒരു കമ്മിറ്റഡ് സോഷ്യൽ വർക്കറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ശിശുമരണനിരക്ക്

പൊതുവെ പട്ടികവർഗ്ഗക്കാരുടെ ഇടയിൽ കുട്ടികളുടെ മരണനിരക്ക് പൊതു സമൂഹത്തിലേതിന് സമാനമാണ്. അപൂർവ്വമായി ഉണ്ടായിട്ടുള്ള ശിശുമരണങ്ങൾക്ക് പ്രായപൂർത്തിയെത്തുന്നതിനുമുമ്പുള്ള വിവാഹ ബന്ധങ്ങൾ ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടാനാവും. എന്നിരുന്നാലും ജില്ലയിലെ നൊമാഡിക് മലമ്പണ്ടാര കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ നൽകുന്നതോടൊപ്പം ഈ കുടുംബങ്ങളിലെ ശിശുക്കൾക്ക് പോഷകപൂരകങ്ങളായ ഭക്ഷ്യവസ്തുക്കൾക്കൂടി നൽകുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തി ആയത് കൃത്യമായ ഇടവേളകളിൽ നൽകുന്നത് ശിശുക്കളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായകരമാവും.

ലഹരി മരുന്നുകളുടെ ഉപയോഗം

പട്ടികവർഗ്ഗക്കാർക്കിടയിൽ ലഹരി ഉപയോഗവും മദ്യപാനശീലവും വളരെക്കൂടുതലാണ്. വകുപ്പിന്റെ നേതൃത്വത്തിൽ പോലീസ്, എക്സൈസ് സഹായത്തോടെ വിപുലമായ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇവർക്കിടയിലെ വ്യാജവാറ്റ് ഒഴിവാക്കുന്നതിന് എക്സൈസ് ഒരു പരിധിവരെ വിജയിച്ചിട്ടുമുണ്ട്. അട്ടത്തോട് പോലുള്ള പ്രദേശങ്ങളിൽ വ്യാജവാറ്റ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിൽരാഹിത്യമാണ് ഇവരെ വ്യാജവാറ്റിലേക്കും ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലേക്കും വിപണനത്തിലേക്കും തള്ളിവിടുന്നത്. ഇവർക്ക് പകൽ സമയം നിത്യവൃത്തി കഴിയുന്നതിനുള്ള എന്തെങ്കിലും തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടായാൽ ഇത്തരം പ്രവണതകളിൽ നിന്നും ഇവർ പിൻതിരിയും. വനം, ദേവസ്വം, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിൽ പുറത്തുനിന്നുള്ള തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കുന്ന Unskilled തൊഴിലുകൾ സമീപവാസികളായ പട്ടികവർഗ്ഗകാർക്ക് ലഭ്യമാക്കുന്നതിനുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിക്കുന്നത് കൂടുതൽ ആശാസ്യമാണ്. അതോടൊപ്പം നിലവിലുള്ള അബ്കാരി നിയമങ്ങൾ

കർശനമായി പാലിച്ചുകൊണ്ട് വ്യാജവാറ്റും മറ്റ് ലഹരിവസ്തുക്കളുടെ വിപണനവും നടത്തുന്ന പട്ടികവർഗ്ഗക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും പോലീസ്, എക്സൈസ് വകുപ്പുകൾ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെ സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും അതോടൊപ്പം അമിതമായി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരെ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി പോലീസ്, എക്സൈസ് അധികാരിളെ അറിയിക്കുവാനുള്ള സംവിധാനവും ഉണ്ടാകുന്ന പക്ഷം ഇവയുടെ ഉപഭോഗം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും.

പാരമ്പര്യ വൈദ്യം

ജില്ലയിൽ കിർത്താഡ്സ് അംഗീകരിച്ച പാരമ്പര്യ വൈദ്യൻമാരുണ്ട്. പ്രതിവർഷം 10000/- രൂപ കിർത്താഡ്സ് വഴി ടിയാളുകൾക്ക് ലഭ്യമാകുന്നുണ്ട്. കൂടാതെ എസ്.സി.എ ടു ടി.എസ്.പി വഴി ഔഷധകൃഷി നടത്തുന്നതിനുള്ള ധനസഹായവും ലഭ്യമാക്കുന്നുണ്ട്. ഇത്തരം പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യന്മാരെ പാരമ്പര്യ വൈദ്യത്തിൽ കൂടുതൽ അറിവ് പകർന്നുകൊടുക്കാൻ പ്രാപ്തരായ സംസ്ഥാനത്തെ മുതിർന്ന ആദിവാസി പാരമ്പര്യ വൈദ്യന്മാരുടെ അടുത്ത് പരിശീലനത്തിന് അയച്ചാൽ ഇവർക്ക് ഇക്കാര്യത്തിൽ കൂടുതൽ അറിവ് നേടുവാനും അത് വരും തലമുറകൾക്ക് പകർന്നു നൽകി ഈ പാരമ്പര്യം നശിക്കാതെ കാത്തു സൂക്ഷിക്കുവാനും സാധിക്കും. കൂടാതെ പട്ടികവർഗ്ഗ മേഖലകളിൽ പച്ചമരുന്ന് കൃഷി ചെയ്യുന്നതിന് ആയുർവേദ വകുപ്പ്, വനംവകുപ്പ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

സാമൂഹ്യ പഠനമുറി

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ട്യൂഷൻ സംമ്പ്രദായത്തോടെ സാമൂഹ്യ പഠനമുറി ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം പദ്ധതി വഴി ഒരുക്കുന്നു. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15000/-രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. ഹാംലറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാ സാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുകളിൽ മാറ്റം വരും. കുട്ടികൾക്കായുള്ള ലഘുഭക്ഷണത്തിനുള്ള തുക കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിംഗനിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ 50% തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കുന്നു.

വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങൾ

സാധാരണ ജനവിഭാഗത്തെപ്പോലെ പട്ടികവർഗ്ഗക്കാരായ രക്ഷിതാക്കളുടെ മതിയായ പിന്തുണ അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ കാര്യത്തിൽ ലഭിക്കുന്നില്ല - രക്ഷിതാക്കളുടെ നിരക്ഷരതയും സ്ഥായിയായ വരുമാനമില്ലായ്മ, സാമ്പത്തിക പിന്നോക്കാവസ്ഥയും ഇതിനു കാരണമാണ്

സങ്കേതത്തിൽ ഒത്തുചേർന്ന മുതിർന്ന കുട്ടികളുമായി ആശയവിനിമയവും സംശയ നിവാരണവും നടത്തി പഠനം നടത്തുന്നതിനു കഴിയുന്നില്ല. വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനും സ്ഥല സൗകര്യമില്ല. വിദ്യാഭ്യാസ സ്ഥാപനവും വീടുമായുമുള്ള ദൂരക്കൂടുതൽ നിത്യവും സ്കൂളിൽ പോകുന്നതിനു തടസ്സമാകുന്നു. രാവിലെ വീട്ടിൽ നിന്നും പ്രാതൽ കഴിച്ചു പോകുവാനുള്ള സൗകര്യമില്ലാത്ത പട്ടികവർഗ്ഗ കുട്ടികൾ ജില്ലയിലുണ്ട്.. സങ്കേതത്തിൽ ഒത്തുചേർന്ന മുതിർന്ന കുട്ടികളുമായി ആശയവിനിമയവും സംശയ നിവാരണവും നടത്തി പഠനം നടത്തുന്നതിനു കഴിയുന്നില്ല. വീട്ടിൽ സ്വതന്ത്രമായി ഇരുന്നു പഠിക്കുന്നതിനും സ്ഥല സൗകര്യമില്ല. വിദ്യാഭ്യാസ സ്ഥാപനവും വീടുമായുമുള്ള ദൂരക്കൂടുതൽ നിത്യവും സ്കൂളിൽ പോകുന്നതിനു തടസ്സമാകുന്നു. രാവിലെ വീട്ടിൽ നിന്നും പ്രാതൽ കഴിച്ചു പോകുവാനുള്ള സൗകര്യമില്ലാത്ത പട്ടികവർഗ്ഗ കുട്ടികൾ ജില്ലയിലുണ്ട്. ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങളും വീട് സ്ഥിതി ചെയ്യുന്ന സങ്കേതം ഉൾപ്പെടുന്ന സ്ഥലവുമായുള്ള ദൂരക്കൂടുതൽ, പ്രവേശനം ലഭിക്കുന്ന സ്ഥാപനത്തിനടുത്ത് താമസസൗകര്യം ലഭ്യമല്ലാത്തത്, ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുമ്പോൾ വേണ്ടി വരുന്ന പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനുള്ള സാമ്പത്തിക പ്രയാസം, സ്കൂൾ വിദ്യാഭ്യാസത്തിലെ അദ്ധ്യയന നിലവാരക്കുറവ് മൂലം ഉന്നതവിദ്യാഭ്യാസ കോഴ്സുകളുമായി സമരസപ്പെടുന്നതിനുള്ള പ്രയാസം, പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെ അഭാവവും, ഐ.ടി.ഐ, പോളിടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള അവബോധക്കുറവ്, അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തത്, വീടു വിട്ടുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കു നൽകിവരുന്ന ഉയർന്ന സ്റ്റൈപ്പന്റായ 5,000/ രൂപ താമസവും ഭക്ഷണവും മറ്റു പഠന ചെലവിനും മതിയാകാതെ വരുന്ന സാഹചര്യം, പ്രൊഫഷണൽ കൊഴ്സുകളെ കുറിച്ചുള്ള അവബോധക്കുറവും, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലനത്തിന്റെയും തയ്യാറെടുപ്പിന്റെയും അഭാവം. പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ അദ്ധ്യയന വർഷം മുഴുവൻ അദ്ധ്യാപകരുടെ സേവനം പൂർണ്ണയമായും ലഭിക്കാത്തതു അദ്ധ്യയനത്തെ ദോഷകരമായിബാധിക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ കല, സംസ്കാരം, ഭാഷ ജീവിതരീതി ഇവയെക്കുറിച്ചുള്ള അവബോധക്കുറവ് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സൗഹൃദപരമാകുന്നില്ല.

- ടെക്നിക്കൽ ഹൈസ്കൂൾ, ഐ.ടി.ഐ പോളി ടെക്നിക് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ കുറിച്ചുള്ള അവബോധക്കുറവും അവയുടെ സമീപം താമസ സൗകര്യം ലഭിക്കാത്തതും,
- കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയ വിദ്യാലയം, സൈനിക സ്കൂൾ എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നതിനുള്ള ധാരണയില്ലായ്മയും പ്രോത്സാഹനക്കുറവും.
- സ്കൂൾ യുവജനോത്സവം, സ്പോർട്ട്സ് മീറ്റ്, ശാസ്ത്രമേള, ക്രാഫറ്റ് മത്സരം, ക്വിസ് മത്സരം, എൽ.എസ്.എസ്, യു.എസ്.എസ്., എൻ.റ്റി.എസ്.ഇ തുടങ്ങി മത്സര സ്വഭാവമുള്ളവയ്ക്ക് ചേരുന്നതിനുള്ള പ്രോത്സാഹനക്കുറവ്.
- പഠനം ഉപേക്ഷിക്കുന്നവരെ കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ചു തിരിച്ചു സ്കൂളിൽ എത്തിക്കുന്നതിനുള്ള പരിപാടിയുടെ അഭാവം.
- അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പട്ടികവർഗ്ഗക്കാരിൽ ഏറിയ പങ്കും കാർഷിക അനുബന്ധമേഖലകളിൽ പണിയെടുക്കുന്നവരാണ്. തൊഴിലെടുക്കാൻ ശേഷിയുള്ളവരിൽ ഏറെയും തൊഴിൽരഹിതരാണ്

പ്രശ്ന പരിഹാരത്തിനുള്ള നിർദേശങ്ങൾ

- അംഗനവാടികൾ നിലവിലില്ലാത്ത എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും മാതൃകാ കിന്റർഗാർട്ടനുകൾ സ്ഥാപിക്കുക.
- മലപ്പണ്ടാരം, മലവേടർ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിന് കൂടുതൽ ഹോസ്റ്റലുകൾ ആരംഭിക്കുക. ഗോത്ര കുടുംബങ്ങളിൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്ക്കരിക്കുക.
- സാമൂഹ്യ പഠനകേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായനാ ഗ്രന്ഥശാല, ഐ.റ്റി.കണക്ടിവിറ്റി, കമ്പ്യൂട്ടർ, ഫെസിലിറ്റേഷൻ സംവിധാനങ്ങളോടുക കൂടിയ) എല്ലാ ഊരുകളിലും ആരംഭിക്കുക.

തൊഴിൽ/ഉപജീവനം

ജില്ലയിൽ 167 പട്ടികവർഗ്ഗക്കാർ കേരള സർക്കാർ സർവ്വീസിലും, 31 പേർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും, 18 പേർ കേന്ദ്രസർക്കാർ സർവ്വീസിലും ജോലി ചെയ്തുവരുന്നു.

കൃഷി, പരമ്പരാഗത ഉല്പന്നങ്ങളുടെ നിർമ്മാണം, മൃഗപരിപാലനം, ചെറുകിട കച്ചവടം, പച്ചമരുന്ന് ശേഖരണം തുടങ്ങിയ മേഖലകളിൽ കൂടുതൽ ആളുകളെ ആകർഷിക്കത്തക്ക രീതിയിലുള്ള പരിപാടികൾ നടപ്പാക്കേണ്ടതാണ്. പ്രായേണ ദുർബല വിഭാഗത്തിൽപ്പെട്ട മലമ്പണ്ടാരം, ഉള്ളാടൻ, മലവേടൻ സമുദായങ്ങളിലും, താരതമ്യേന മെച്ചപ്പെട്ട ജീവിത സൗകര്യമുള്ള മലഅരയൻ സമുദായത്തിലും തൊഴിൽരഹിതർ കൂടുതലാണ്. വന മേഖലയോടനുബന്ധിച്ച പ്രദേശങ്ങളിൽ റബ്ബർ കൃഷിമാത്രമേ സാദ്ധ്യമാവുന്നുള്ളു.

വന്യ മൃഗങ്ങളുടെ ശല്യം, വേനൽക്കാലത്ത് ജലദൗർലഭ്യം കാർഷിക ഉല്പ്പന്നങ്ങള് വിപണിയിൽ എത്തിക്കുന്നതിനുള്ള യാത്രാ സൗകര്യങ്ങളുടെ അഭാവം എന്നിവ മൂലം മറ്റുള്ള കൃഷികൾ പരിമിതമാണ്. റബ്ബറിന്റെ വിലയിടിവ് പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും കൂടുതൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഭൂരിഭാഗം റബ്ബർ കർഷകരും സ്വന്തം നിലയിൽ റബ്ബർ ടാപ്പ് ചെയ്യുന്നതിനാലാണ് റബ്ബർ കൃഷി ഇപ്പോഴും ഏറെക്കുറെ ആദായകരമായി നിലനില്ക്കുന്നത്. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക കൂടി ചെയ്തെങ്കിൽ മാത്രമേ പട്ടികവർഗ്ഗ വിഭാഗങ്ങളെ സാമൂഹികമായും, സാമ്പത്തികമായും ഉയർത്തി കൊണ്ടു വരുവാൻ കഴിയുകയുള്ളൂ. നൈപുണ്യ വികസന പരിപാടികൾ, മൂല്യവർദ്ധന സംരംഭങ്ങൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയവ പരിഗണിക്കാവുന്നതാണ്. യുവജനക്ഷേമം തനത് പാരമ്പര്യ നൈപുണ്യങ്ങളിൽ നിന്നുള്ള പിൻമാറ്റങ്ങൾ ഉയർന്ന/സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം സ്വയംതൊഴിൽ/ജീവനോപാധി പദ്ധതികളുടെ അഭാവം മത്സര തൊഴിൽ പരീക്ഷ പരിശീലനത്തിന്റെ അഭാവം തൊഴിലെടുക്കാൻ ശേഷിയുള്ളവരിലെ തൊഴിൽ രാഹിത്യം കാലാനുസൃത സ്റ്റാർട്ടപ്പുകളെ കുറിച്ചുള്ള അജ്ഞത.

പ്രശ്ന പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ

അതതു പ്രദേശത്തു സാദ്ധ്യതയുള്ള മേഖലകളിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുക. അഭ്യസ്തവിദ്യരുടെ തൊഴിൽ ശേഷി വളർത്തുന്നതിനു ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം മേഖല, ഫുഡ് പ്രോസസിംഗ് എന്നീ മേഖലകളിലും നെട്ടൂർ ടെക്നിക്കലേ ട്രെയിനിംഗ് ഫൗണ്ടേഷൻ, കമ്മ്യൂണിറ്റി പോളിടെക്നിക്, അസാപ് ഇവ മുഖേനയും പരിശീലനം നല്കണ്ടേ തൊഴിൽ ലഭ്യമാക്കുക പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളായ കുട്ടികളെ കണ്ടെത്തി സായ് (SAI)ജില്ലാ സ്പോർട്സ് കൗൺസിൽ, ജി.വി.രാജ.സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടു കൂടി അവരുടെ കഴിവു വർദ്ധിപ്പിക്കുന്നതിനു അവസരം ലഭ്യമാക്കുക.

പട്ടികവർഗ്ഗത്തിലെ കലാ അഭിരുചിയുള്ളവർക്കുള്ള മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

പട്ടികവർഗ്ഗ കുട്ടികളുടെ കലാ–കായിക ശേഷി വികസിപ്പിക്കുന്നതിനു പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതു സൗകര്യങ്ങൾ വികസിപ്പിക്കണം പട്ടികവർഗ്ഗ യുവതീ യുവാക്കളെ സംഘടിപ്പിച്ചു യൂത്തു ക്ലബ്ബുകളും രൂപീകരിച്ചു അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ലൈബ്രറി, ദിനപത്രം, ആനുകാലികങ്ങൾ ഇവ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൗകര്യം ഇവ ഏർപ്പെടുത്തണം.

കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നൂതന–സമഗ്ര– സംയോജന സാദ്ധ്യതകൾ അവസ്ഥാ വിശകലനത്തിന്റേകയും പരിപ്രേക്ഷ്യത്തിന്റെതയും അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന നിർദ്ദേശങ്ങളിൽ ഉയർന്നു വരുന്ന മേൽത്തട്ടു നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രോജക്ടുകൾ യഥാസമയം തയ്യാറാക്കി നല്കുന്നതിനു നിലവിൽ സംസ്ഥാന തലത്തിൽ കഴിയുന്നില്ല. 2018–19 ലെ ജില്ലാതല പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന മേൽത്തട്ടു നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ പ്രായോഗികവും ഫലപ്രദവുമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനു കഴിയുന്നതാണ്. സമഗ്ര സംയോജിത പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാരുടെ വികസനമാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ കാതൽ. പട്ടികവർഗ്ഗ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങളുടെ അഭിവൃദ്ധി, പട്ടികവർഗ്ഗ മേഖലയിലുള്ള പൊതു സേവന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ വിദ്യാഭ്യാസ, ഉപജീവന മേഖലകളുടെ പരിപോഷണം ഇവയ്ക്ക്

ആവശ്യമായ നിർദ്ദേശങ്ങൾ ഉയർന്നു വരികയും അതിനനുസൃതമായ സമഗ്ര പദ്ധതികൾ സംയോജന സാദ്ധ്യതകൾ ഉൾക്കൊണ്ട് പദ്ധതി ആസൂത്രണ നിർവ്വഹണം നടക്കണം.

അടിസ്ഥാന സൗകര്യം പട്ടികവർഗ്ഗക്കാർക്കു അനുവദിക്കുന്ന വീടുകൾ വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ശുചിത്വ സംവിധാനം ഇവയോടു കൂടി യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തണം. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ ഓപ്പറേറ്റിംഗ് ഭവന പുനരുദ്ധാരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ ഉൾപ്പെടെ ഇത്തരം പ്രവർത്ത നങ്ങൾ ലൈഫ് പ്രോജക്ടുമായി സംയോജിപ്പിച്ചു നടപ്പാക്കുന്നതിനു കഴിയണം.

1.1 **വിദ്യാഭ്യാസം** –പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം സ്മാർട്ട് ക്ലാസ്സ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഉറപ്പുവരുത്തി അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ട സംയോജിത പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. നിർദ്ധനരായ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം, പഠനം പിന്നോക്കം നിൽക്കുന്നവർക്കു ട്യൂഷൻ, സ്പോർട്സ് കിറ്റുകൾ, മാനസിക വളർച്ചക്കു ആവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ കൂടി സംയോജന സാദ്ധ്യതയിൽ ഉൾപ്പെടുത്തി അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാനാകും വിധം ആവിഷ്ക്കരിക്കണം.

2.1 **പ്രീ–പ്രൈമറി** സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സംയോജിത ശിശുവികസന പ്രോജക്ടിനു കീഴിൽ മാനദണ്ഡമനുസരിച്ചു അംഗനവാടികൾ ആരംഭിക്കാനാവില്ലെങ്കിൽ നിലവിലുള്ള വിടവു പരിഹരിക്കുന്നതിനു പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം കിന്റർ ഗാർട്ടൻ/ബാലവാടി ആരംഭിക്കുന്നതിനും മോഡൽ റസിഡന്ല്യുന് സ്കൂൾ കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനം ലഭ്യമാക്കുന്നതിനു പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ പ്രവർത്തനം ആവിഷ്ക്കരിക്കേണ്ടതാണ്. അതിനുപരി 0–6 പ്രായത്തിലുള്ളവർക്കും കൗമാരപ്രായക്കാർക്കും 60 വയസ്സിനു മേൽ പ്രായമുള്ളവർക്കും പോഷകാഹാരം ലഭിക്കുന്നതിനു പ്രത്യേക പൂരക ഭക്ഷണ പരിപാടി ടി സ്ഥാപനങ്ങൾ വഴി നല്കേണ്ടതുമാണ്. ഇതും ഒരു സംയോജന സാദ്ധ്യതയാണ്.

2.2 **പട്ടികവർഗ്ഗ വികസന** വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കരിക്കുലർ കോ–കരിക്കുലർ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റികൾ അനുയോജ്യമായി പരിഷ്ക്കരിച്ചു അന്താരാഷ്ട്ര നിലവാരത്തിലേക്കു ഉയർത്തണം. അവിടെ പഠിച്ച എസ്.എസ്.എൽ.സി.പാസ്സാകുന്നവർ ഉന്നത നിലവാരം പുലർത്തുന്ന ശാസ്ത്ര സാങ്കേതിക,പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ചേർന്നു പഠിച്ച മികവുറ്റ പൗരന്മാരായി വളർന്നു വരത്തക്ക വിധം സംയോജിത പദ്ധതികൾ ആവിഷ്ക്കരിക്കണം. (കിഷോർ വൈജ്ഞാനിക് പ്രോത്സാഹന യോജന) (KVPY)

2.3 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെ ചെയർമാൻ ജില്ലാ കളക്ടർ ആണ്. സമയബന്ധിതമായി ടി കമ്മിറ്റി സ്കൂളിൽ വച്ച് കൂടിയാൽ സ്കൂളിന്റെ എല്ലാത്തരം പരിമിതികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയും. ടി സ്കൂളുകളുടെ ഉപദേശക സമിതിയും യഥാസമയം കൂടേണ്ടതുണ്ട്.

2.4 നാലാം ക്ലാസ്സു വിദ്യാർത്ഥികൾക്കുമള്ള എൽ.എസ്.എസ്.പരീക്ഷയ്ക്കു പരിശീലനം നൽകുന്നതോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നടപ്പാക്കുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ്ഡ് സെർച്ച് ഡവലപ്മെന്റ് സ്കീമിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്കു കൂടി പരിശീലനം നല്കേലണ്ടതാണ്. അതുപോലെ യു.എസ്.എസ്, എൻ.റ്റി.എസ്.ഇ., കെ.വി.പി.വൈ തുടങ്ങി സ്കൂൾ വിദ്യാഭ്യാസ കാലയളവിലെ മത്സര പരീക്ഷകൾക്കു പട്ടികവർഗ്ഗത വിദ്യാർത്ഥികൾക്കു പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്. ഈ വിധത്തിൽ പരിശീലനം നടത്തുന്നതിനും പരിശീലനാർത്ഥികൾക്കും ലൈറ്റ് റിഫ്രഷ്മെന്റ് നൽകുന്നതടക്കമുള്ള സംയോജിത പ്രോജക്ടുകൾ ആവിഷക്കരിക്കണം.

2.5 ഉന്നതവിദ്യാഭ്യാസ മേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിമിതമാണ്. വിശേഷിച്ചു സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനും താമസസ്ഥലത്തു നിന്നും പോയിവരാനാകാത്ത സ്ഥലത്ത് ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ ചേർന്നു പഠിക്കാനാകാത്തതും പഠന ചെലവു വഹിക്കുന്നതിനു സാമ്പത്തിക പ്രയാസം നേരിടന്നതുമാണ്. പ്രധാനമായും ഈ രംഗത്തു പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്കു പരിശീലനം ലഭിക്കാത്തതും ആ രംഗത്തെ പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ അധ്യായന നിലവാരക്കുറവു പരിഹരിക്കുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമർത്ഥയരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അതിനു പുറമേ വേണ്ടുന്ന സാമ്പത്തിക സഹായം ഇവ സംയോജിത പ്രോജക്ടായി രൂപപ്പെടുത്തണം. പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം–2008

പട്ടിക.4.69

വിദ്യാഭ്യാസ നിലവാരം – പ്രായാടിസ്ഥാനത്തിൽ

ക്രമ നമ്പർ	പ്രായം (വയസ്)	വിദ്യാഭ്യാസ നിലവാരം പ്രായത്തിന്റെ അടിസ്ഥാനത്തിൽ (എണ്ണം)										
		നിരക്ഷരർ	നവ സാക്ഷരർ	പ്രൈമറി	എസ്.എസ്.എൽ.സി-ക്ക് താഴെ	എസ്.എസ്.എൽ.സി.	പ്രീഡിഗ്രി/ പ്ലസ്ടു, തത്തുല്യം	ബിരുദം	ബിരുദാനന്തര ബിരുദം	മറ്റുള്ളവർ	ആകെ	സാക്ഷരതാ നിരക്ക് (ശതമാനം)
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
1	06 14	43	17	685	281	1	0	0	0	0	1027	95.81
2	15 17	10	0	12	108	94	36	0	0	1	261	96.17
3	18 21	18	3	31	95	99	106	16	0	0	368	95.11
4	22 29	76	6	127	520	195	77	50	15	1	1067	92.88
5	30 44	135	31	373	722	216	64	26	5	2	1574	91.42
6	45 59	168	46	398	261	58	10	6	1	0	948	82.28
7	60 65	72	24	96	35	10	0	0	0	0	237	69.62
8	66 74	70	11	75	14	3	0	0	0	0	173	59.54
9	75 99	74	12	45	6	0	0	0	0	0	137	45.99
	ആകെ	**666**	**150**	**1842**	**2042**	**676**	**293**	**98**	**21**	**4**	**5792**	**88.5**

തൊഴിൽ, ഉപജീവനം

പട്ടികവർഗ്ഗ ക്കാർക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മയും രൂക്ഷമാണ്.

1. പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ കരകൗശല കഴിവു വികസിപ്പിച്ചു മൂല്യവർദ്ധിക ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം.
2. കുളത്തൂപ്പുഴയിൽ വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന കൈത്തറി നെയ്ത്തു വ്യവസായ സഹകരണസംഘം പട്ടികവർഗ്ഗ വികസന വകുപ്പിലെ കോർപ്പസ്/പൂൾഡു ഫണ്ടു കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചു കൈത്തറി നെയ്ത്തിനു പുറമേ ഗാർമെന്റ് മേക്കിംഗ് കൂടി ആരംഭിക്കുന്നതിനും സ്കൂളുകൾക്കും ആശുപത്രികൾക്കും ആവശ്യമായ യൂണിഫോം മറ്റ് തുണിത്തരങ്ങൾ ഇവ ഉത്പാദിപ്പിച്ചു പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കു തൊഴിൽ നൽകുന്ന തരത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

3. പട്ടികവർഗ്ഗക്കാരുടെ കലാസാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും, ശിങ്കാരിമേളം, ചെണ്ടമേളം, വിൽപാട്ട്, കാക്കാരിശ്ശിനാടകം തുടങ്ങിയ കലാരൂപങ്ങൾ, പാരമ്പര്യ ഭക്ഷണം, പാരമ്പര്യവൈദ്യം ഇവ ഉപജീവന മാർഗ്ഗമാക്കി വികസിപ്പിക്കൽ.
4. ഹോട്ടൽ മാനേജ്മെന്റും ഫുഡ്ക്രാഫ്റ്റ്, ഫ്രണ്ട് ഓഫീസ്, ടൂറിസ്റ്റുഗൈഡ് തുടങ്ങി തൊഴിൽ സാദ്ധ്യതയുള്ള രംഗങ്ങളിൽ പരിശീലനവും പ്ലേസ്മെന്റും.
5. വ്യവസായ സ്ഥാപനങ്ങളിലെ തൊഴിൽ സാദ്ധ്യതയ്ക്കു അനുയോജ്യമായ പരിശീലനവും പ്ലേസ്മെന്റും.
6. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി, തരിശായി കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സഹകരണത്തോടെ ചെറുകിട വ്യവസായ സംരംഭങ്ങൾ
7. വന്യമൃഗശല്യത്തെ പ്രതിരോധിച്ചു കാർഷിക അഭിവൃദ്ധിയുള്ള പ്രോജക്ടുകൾ
8. ഭക്ഷ്യസുരക്ഷയ്ക്കായി പരമ്പരാഗത കൃഷി, ജൈവകൃഷി ഇവ പ്രോത്സാഹിപ്പിക്കുക.
9. തരിശുഭൂമി, വനാവകാശമനുസരിച്ചു ലഭിച്ച കൈവശഭൂമി ഇവ ആദായകരമായി കൃഷി ചെയ്യൽ
10. ക്ഷീരവികസന വകുപ്പും, പാൽസൊസൈറ്റി ഇവയുമായി ബന്ധപ്പെടുത്തി ക്ഷീരവികസന പ്രോജക്ടുകൾ നടപ്പാക്കുക
11. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെടുത്തി, പോത്തുക്കുട്ടി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ
12. ആശാരിപണി, കൽപ്പണി, വയറിംഗ്, പ്ലംബിംഗ്, ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ ഇവയ്ക്കു കമ്മ്യൂണിറ്റി പോളിടെക്നിക്/IGNOU വിന്റെ കമ്മ്യൂണിറ്റി കോളേജ് പ്രോജക്ട്/CMD ഇവ മുഖേന പരിശീലനവും സർട്ടിഫിക്കേഷനും നടത്തി തൊഴിൽ ഉറപ്പാക്കൽ.
13 ഐ.ടി.മേഖലയിലെ ഉയർന്നു വരുന്ന തൊഴിൽ സാധ്യതയ്ക്കു അനുരോധമായ പരിശീലനം
14. അപ്പാരൽ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശീലനം

ഇത്തരത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ്ഫണ്ട്/പൂൾഡ് ഫണ്ട്, അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം, പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതി ഇവയുമായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ ഇവയുടെ പദ്ധതി വിഹിതം സംയോജിപ്പിച്ചു ആവിഷ്കരിക്കാവുന്നതാണ്.

ആരോഗ്യം

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 0–6 പ്രായത്തിലുള്ളവർക്കും കൗമാരപ്രായക്കാർക്കും ന്യൂനപോഷണം പരിഹരിക്കുന്നതിനും സംയോജിത ശിശുവികസന പ്രോജക്ടു വഴിയുള്ള പൂരക ഭക്ഷണ പദ്ധതി എല്ലാവർക്കും കിട്ടുന്നില്ല. ഇതു പരിഹരിക്കുന്നതിനു ഐ.സി.ഡി.എസ് വഴിയുള്ള പൂരകഭക്ഷണ പദ്ധതിയും ഉപരിയായി 0–6 പ്രായത്തിലുള്ളവർക്കും കൗമാര പ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പയർ, കടല, കശുവണ്ടി പരിപ്പു തുടങ്ങി പോഷകമൂല്യമുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിന് സംയോജിത പദ്ധതി ആവിഷ്ക്കരിക്കണം. 60 വയസ്സിനു മേൽ പ്രായമുള്ളവർക്ക് ന്യൂനപോഷണ പരിഹാരത്തിനുള്ള സംയോജിത പ്രോജക്ടുകളും ആവശ്യമാണ്.

വയോജനം:– 1. സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കാത്ത നല്ലൊരു ശതമാനം വയോജനങ്ങൾക്കും പ്രത്യേക കാമ്പയിൻ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ അർഹാമായ പെൻഷൻ ലഭ്യമാക്കുക.
2. അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുക.

4. പശ്ചാത്തല സൗകര്യം

പട്ടികവർഗ്ഗ കേന്ദ്രങ്ങളിലേയ്ക്കു സഞ്ചാരയോഗ്യമായ റോഡുകളില്ലാത്തതു കുട്ടികൾക്കു സ്കൂളിൽ പോയി വരുന്നതിനും മുതിർന്നവർക്ക് അവരുൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തിച്ചു വിപണനം ചെയ്യുന്നതിനും അവർക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വാങ്ങി വരുന്നതിനും രോഗബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കു സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനും വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പശ്ചാത്തല മേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിനുസമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. MPLAD,MLA മാരുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല മേഖലയുടെ വികസന ഫണ്ട് (RIDF) പട്ടികവർഗ്ഗ വികസന വകുപ്പിലെ കോർപ്പസ്/പൂൾഡ് ഫണ്ട് ഇവയുമായി സംയോജിപ്പിച്ചു ബൃഹത് പദ്ധതി ആവിഷ്ക്കരിക്കണം.

സംരക്ഷിത നിയമങ്ങളുടെ നടത്തിപ്പ്

1999 കേരള പട്ടികവർഗ്ഗ ഭൂമി അന്യാധീനപ്പെടുത്തുന്നത് നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്തു നൽകൽ നിയമം, 1989 ലെ പട്ടികജാതി–പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (2016 ഭേദഗതി ചെയ്തത്), 2006 ലെ വനാവകാശ നിയമം (2012 ഭേദഗതി ചെയ്തത്), എന്നീ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കണം. ഇതു നടപ്പാക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തു അടിസ്ഥാനത്തിൽ ഊരുമൂപ്പന്മാർ, പ്രൊമോട്ടർമാർ, പട്ടികവർഗ്ഗ ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ,പട്ടികവർഗ്ഗ വികസന വകുപ്പു പ്രതിനിധി ഇവരെ ഉൾപ്പെടുത്തി ജാഗ്രത സംവിധാനം ഏർപ്പെടുത്തണം.

ത്രിതല പഞ്ചായത്തുകൾ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

2015–16, 2016–17 വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളാണ് വിലയിരുത്തപ്പെടുന്നത്. കൃഷി, മൃഗസംരക്ഷണം, തൊഴിൽ, ആരോഗ്യം മുതലായ മേഖലകളിൽ മതിയായ പരിഗണനകൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ചിട്ടുള്ള തുക മുഖ്യമായും ചെലവഴിച്ചിട്ടുള്ളത് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥികൾക്കുള്ള പഠന സഹായി എന്ന നിലയിൽ ഫർണിച്ചർ വിതരണം ചെയ്യുന്നതിനുമാണ്.

ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പ്രോജക്ടുകൾ വിലയിരുത്തി പ്രധാന പ്രോജക്ടുകൾ താഴെ വിവരിക്കുന്നു.

1. ഭവന നിർമ്മാണം (PMAY /IAY)വിഹിതം ഉൾപ്പടെ
2. ഭവന പുനരുദ്ധാരണം
3. കിണർ നിർമ്മാണം/പുനരുദ്ധാരണം/തോടുസംരക്ഷണം/പൈപ്പ് ലൈൻ നീട്ടൽ
4. വീട് വയറിംഗ്/സമ്പൂർണ്ണ ശൗചാലയം
5. സൈക്കിൾ വിതരണം
6. കമ്പ്യൂട്ടർ/ലാപ്ടോപ് വിതരണം
7 ഫർണിച്ചർ/പഠനോപകരണ വിതരണം, അംഗൻവാടിയ്ക്ക്ചുറ്റുമതിൽ
8. ആട് വളർത്തൽ, കാലിത്തൊഴുത്ത് നിർമ്മാണം,പശുവളർത്തൽ
9. മെഡിക്കൽ ക്യാമ്പ്, വയോജനങ്ങൾക്ക് കട്ടിൽ
10. അംഗൻവാടി പോഷകാഹാരം/കിഡ്സ്പാർക്ക്
11. ഓട്ടോറിക്ഷാ വിതരണം
12. ഭൂരിഹിതർക്ക് ഭൂമിവാങ്ങൽ
13. സ്വയം തൊഴിലിന് ഇരുചക്രവാഹനം

14. വിവാഹധനസഹായം
15. കല/സംസ്കാരം

ഈ പ്രോജക്ടുകൾ അവലോകനം നടത്തി വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, വയറിംഗ് ശൗചാലയം, കിണർ നിർമ്മാണം, കിണർ പുനരുദ്ധാരണം, പൊതുകുളം സംരക്ഷിക്കൽ, പൈപ്പു ലൈൻ നീട്ടൽ തുടങ്ങിയ പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തുന്നില്ല.
2. തെരുവു വിളക്ക്, മിനി ഹൈമാസ്റ്റ് ഇവയ്ക്ക് പട്ടികവർഗ്ഗ ഉപസമിതിയിൽ നിന്നും തുക വകയിരുത്തുന്നത് അഭികാമ്യമല്ല. പുറമേ ഹൈമാസ്ക്ക്ലൈറ്റ് വനത്തിനകത്തോ, വനത്തിനടുത്തോ സ്ഥിതി ചെയ്യുന്ന പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.
3 പട്ടിക വർഗ്ഗ മേഖലകൾ വീടുകൾ ഇവ മതിയായ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ പൊതുവായി സൈക്കിൾ വിതരണം ചെയ്യുന്നത് ഗുണം ചെയ്യില്ല.
4. പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും പ്രൊഫഷണൽ കോഴ്സ്, പി.ജി.എൽ.എൽ.ബി എന്നീ കോഴ്സുകൾക്കു പഠിക്കുന്നവർക്ക് ലാപടോപ്പ് നൽകുന്നു. ടി സഹായം നൽകുന്ന അവസരത്തിൽ ഒരാൾക്ക് രണ്ടിടത്ത് നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നു ഉറപ്പു വരുത്തണം
4. യൂണിഫോം, ഫർണിച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നൽകുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിന് സഹായം ലഭിക്കുന്നില്ല എന്നു ഉറപ്പു വരുത്തണം. വിദ്യാഭ്യാസ സംബന്ധിച്ച ടി സഹായങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നൽകണം. 2017–18 വർഷം ഇത്തരത്തിൽ ഒരു പദ്ധതിയും ഇതു വരെ നടപ്പാക്കിയിട്ടില്ല
5. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പട്ടിക വർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ടു ഇരട്ടിപ്പു വരാത്തവിധം നിർവ്വഹിക്കണം
6. സ്വയംതൊഴിലിന് ഇരുചക്രവാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തണം
7. മുട്ടക്കോഴി വളർത്തൽ, ആടുവളർത്തൽ, കറവ പശുവളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽക്ക് സൊസൈറ്റികൾ, കുടുംബശ്രീ ഇവയുമായി സംയോജിപ്പിച്ചു ടി പദ്ധതികൾ സുസ്ഥിരമായ വരുമാനദായകമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികൾക്കു ഗുണഭോകതൃ വിഹിതം ഒഴിവാക്കണം.
8. കൃഷി വികസനത്തിന് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. ജില്ലയിലെ പട്ടികവർഗ്ഗക്കാർ താരതമ്യേന കൈവശഭൂമിയുള്ളവരാണ്. വന മേഖലയിലാണ് അധികം സങ്കതേങ്ങളും എന്നതിനാൽ വരുമാനദായകമായ നിലയിൽ മുഴുവൻ ഭൂമിയും കൃഷി യോഗ്യമാക്കുക എന്നത് ദുഷ്കരമാണ്.
9. തദ്ദേശഭരണസ്ഥാപനങ്ങൾ ടി.എസ്.പി, ഫണ്ട് ഐ.എ.വൈ.ഹൗസിംഗ് പദ്ധതിയ്ക്കാണ് വകയിരുത്തുന്നത്. അനുവദിക്കുന്ന വീടുകൾ അതാത് വർഷകങ്ങളിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതിനാൽ എല്ലാ ഗഡുക്കളും അതത് വർഷം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി. തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെവരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് ടി.എസ്.പി.വിഹിതം വകയിരുത്തി കാണുന്നത്. 2017–18ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശീയ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ 13–ാം പദ്ധതിയിലും തൽസ്ഥിതി തുടരുന്നതായി കാണാം. വികസനത്തിലുള്ള നിർണ്ണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്പ്) പരിഹരിക്കുന്നതിനായിട്ടുള്ള ജീവനോപാധി ഉറപ്പുവരുത്തുന്നതു പോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ടി.എസ്.പി.നിർവ്വഹണത്തിനായി ഊര് അടിസ്ഥാനത്തിൽ മൈക്രോ പ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും
10. വൈദ്യുതി, കുടിവെള്ളം, എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% ൽ അധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ മാത്രമേ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വകയിരുത്താവു. ഈ മാനദണ്ഡം പലപ്പോഴും പ്രസ്തുത ശതമാനത്തിൽ താഴെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന

പ്രവർത്തികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഇത് പരിഹരിച്ച് പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ജനറൽ ഫണ്ട് വകയിരുത്തുന്നത് നന്നായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി
ഏകോപന-സംയോജന സാധ്യതകൾ-നിലവിലുള്ള പദ്ധതികളിൽ

1. വ്യക്തിഗത പഠനോപകരണ സഹായ പദ്ധതി	–	ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം
2. സാമൂഹ്യപഠന മുറി	–	പട്ടികർഗ്ഗ വികസന വകുപ്പിന്റെയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്തപ്രോജക്ടായി മാറ്റാവുന്നതാണ്
3. കുടുംബ പഠനമുറി	–	ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി മാത്രം ഉൾപ്പെടുത്താവുന്നതാണ്
4 സൈക്കിൾ വിതരണം	–	പ്രാദേശികമായി ഉപയോഗ സാധ്യത പരിഗണിച്ച് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടാക്കി മാറ്റണം
5. ലാപ്ടോപ് വിതരണം	–	പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേക സ്ഥാപനങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളുടെ ഏകീകരണം
6. എം.ജി.എൽ.സി	–	വിദ്യാഭ്യാസവകുപ്പിൽ നിന്നും മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ) – പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുന്ന പ്രോജക്ടായി മാറ്റണം.
7. പി.കെ.കാളൻ കുടുംബക്ഷേമ പദ്ധതി	–	ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ക്ഷേമം ഗ്രാമ പഞ്ചായത്ത്/മുൻസിപ്പൽ കോർപ്പറേഷന്റെ പദ്ധതിയാക്കി മാറ്റണം.
8. പെട്ടിക്കട/സ്വയംതൊഴിൽ പദ്ധതി	–	പട്ടികവർഗ്ഗ വികസന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങളുടെ ഏകീകരണം ജീവനോപാധി പദ്ധതികൾ-സംയുക്ത പ്രോജക്ടാക്കി മാറ്റണം

പ്രശ്നവിശകലനവും വികസന കാഴ്ച്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ പദ്ധതി നിർദ്ദേശങ്ങൾ

ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 5 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനം, ആരോഗ്യം, അടിസ്ഥാന സൗകര്യം, സാമൂഹ്യ സുരക്ഷിതത്വം) തിരിച്ച് ലഭ്യമായ സ്ഥിതി വിവരകണക്കിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ അപഗ്രഥിച്ച് തയ്യാറാക്കിയ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന നേട്ടങ്ങളുടെയും സംഗ്രഹമാണ് ചുവടെ വിശദീകരിച്ചിരിക്കുന്നത്.

വിദ്യാഭ്യാസമേഖല

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം-2008

പട്ടിക. 4.70

പട്ടികവർഗ വിഭാഗങ്ങളുടെ പൊതുവിദ്യാഭ്യാസ നിലവാരം

ക്രമ നമ്പർ	പട്ടികവർഗ വിഭാഗം	പൊതുവിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ വിഭാഗങ്ങൾ (എണ്ണം)									
		നിരക്ഷരർ	നവസാക്ഷരർ	പ്രൈമറി	എസ്.എസ്.എൽ.സി-ക്ക് താഴെ	എസ്.എസ്.എൽ.സി.	പ്രീഡിഗ്രി/ പ്ലസ്ടു, തത്തുല്യം	ബിരുദം	ബിരുദാനന്തര ബിരുദം	മറ്റുള്ളവർ	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1	കാണിക്കാരൻ	1	1	0	0	1	2	0	0	0	5
2	മലഅരയൻ	14	14	314	268	135	91	35	4	3	878
3	മലൈ പണ്ടാരം	263	10	120	43	15	6	0	0	0	457
4	മലവേടൻ	199	51	647	661	272	71	21	9	0	1931
5	മലയൻ	0	0	1	1	0	0	0	0	0	2
6	മുഡുഗർ	1	0	0	1	1	1	0	0	0	4
7	ഉള്ളാടൻ	164	66	666	876	195	100	31	7	1	2106
8	പട്ടികജാതി	12	5	25	67	18	7	5	0	0	139
9	മററുള്ളവർ	12	3	69	125	39	15	6	1	0	270
	ആകെ	**666**	**150**	**1842**	**2042**	**676**	**293**	**98**	**21**	**4**	**5792**

മുഖ്യ പ്രശ്നം	**പഠനം നിർത്തൽ**
കാരണം	പ്രശ്നപരിഹാരം നിർദ്ദേശങ്ങൾ
സാമ്പത്തിക ബുദ്ധിമുട്ട്	സ്വയംതൊഴിലിനുള്ള പരിശീലനം കൊടുക്കണം
	എസ്.എസ്.എൽ.സി കഴിഞ്ഞ് പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന് ധനസഹായം അനുവദിക്കുക.
	4,7,10 തുല്യതാ ക്ലാസ്സുകൾ സങ്കേതങ്ങളിൽ വ്യാപിപ്പിക്കുക
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസ്സ് നടത്തുക. ഒപ്പം തന്നെ അവർക്ക് വരുമാനത്തിന് വേണ്ടിയുള്ള തൊഴിൽ അവസരങ്ങളും സൃഷ്ടിക്കണം.
സീസണൽ ജോലിക്കു പോകുന്നതിനാൽ സ്കൂളുകളിൽ കൃത്യമായി പോകുന്നില്ല.	സീസണൽ ജോലികളിൽ ഏർപ്പെടുത്തുന്നത് നിയന്ത്രിക്കണം.
	ഊരുകൾക്കുള്ളിലും സ്കൂളിലും ലഹരി പദാർത്ഥങ്ങളുടെ ലഭ്യത നിയന്ത്രിക്കണം. നിരന്തരം ബോധവത്ക്കരണ പരിപാടികൾ നടത്തണം.
വാഹനസൗകര്യം കുറവ്	അതിനു വേണ്ടത്ര ഫണ്ട് അനുവദിക്കുക, ഹോസ്റ്റൽ സൗകര്യവും വർദ്ധിപ്പിക്കുക.
മദ്യപാനം ഊരിൽ	ബോധവൽക്കരണ ക്ലാസ്സ് നടത്തണം
	എക്സൈസ്, പോലീസ്, സന്നദ്ധ പ്രവർത്തകരുടെയും വർദ്ധിച്ച സഹകരണത്തോടെ ശക്തമായ ഇടപെടലുകൾ സങ്കേതങ്ങളിൽ വേണം.
വാസസ്ഥലത്തിന്റെ ശോചനീയമായ അവസ്ഥ, പഠന സൗകര്യത്തിന്റെ കുറവ്	പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റിവെക്കുക. അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകണം.

വന്യ മൃഗങ്ങളുടെ ശല്യം കാരണം കുട്ടികൾ വിദ്യാലയത്തിൽ എത്തിപ്പെടുന്നില്ല.	ഹോസ്റ്റലുകളിൽ നിർത്തി പഠിപ്പിക്കാൻ സൗകര്യം ഏർപ്പാടാക്കുക. ആവശ്യങ്ങൾ വിലയിരുത്തി പുതിയ ഹോസ്റ്റലുകൾ സ്ഥാപിക്കുക.
ഇടയ്ക്ക് വെച്ച് പരാജയപ്പെട്ടാൽ പഠനം നിർത്തുന്ന ശീലം	സ്കൂൾ അദ്ധ്യാപകർ വഴി പ്രോത്സാഹനവും ബോധവത്ക്കരണവും നല്കി പഠനം തുടരുവാൻ ശ്രമം നടത്തുക. മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തി ഉടനടി പരിഹാരം കാണുക.

മുഖ്യ പ്രശ്നം നിരക്ഷരർ	**കൊഴിഞ്ഞ് പോക്ക്**
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
മാതാപിതാക്കളുടെ അറിവില്ലായ്മയും നിരക്ഷരതയും	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കണം. 4,7,10 +2 തുല്യതാ ക്ലാസ്സുകൾ നടത്തുക.
	സാക്ഷരതാ പ്രേരക്മാരെ ഊരിലേക്ക് അയയ്ക്കുക
സ്കൂളിൽ പോകുവാൻ കുട്ടികൾക്ക് മടി	വാഹനസൗകര്യം ഏർപ്പെടുത്തുക ബോധവത്ക്കരണം നടത്തുക.
ട്യൂഷൻ സംവിധാനം	ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നല്കുക.
തൊഴിലധിഷ്ഠിത കോഴ്സുകളുടെ അപര്യാപ്തത	തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുക
	ആവശ്യാനുസരണം ഹോസ്റ്റലുകൾ ആരംഭിക്കുക.
വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള ദൂരം	സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ഏർപ്പെടുത്തുക.
	ഊരുകൂട്ടത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കണം. ധനസഹായങ്ങളും അർഹമായ സ്ഥാനങ്ങളും നൽകി വിജയികളെ പ്രോത്സാഹിപ്പിക്കുക.
വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ 5 കി.മീ. പരിധിയിൽ ഇല്ലാത്തത് .	ഇതിനുവേണ്ട ആവശ്യമായ വാഹന സൗകര്യം പഞ്ചായത്ത് നല്കുക.
	യഥാസമയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഏർപ്പാടാക്കുക
	പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ലഹരിവിരുദ്ധ കമ്മിറ്റി രൂപീകരിച്ച് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി ഉപയോഗം തടയുക
	പഞ്ചായത്ത് മെമ്പർ നേതൃത്വം വഹിച്ച് സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ് ഉണ്ടാക്കണം

പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിൽ അദ്ധ്യാപകരുടെ അപര്യാപ്തത	പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിലെ ഒഴിവുകൾ യഥാസമയം നികത്തി, വിദൂര മേഖലകളിൽ ക്വാർട്ടേഴ്സുകൾ ലഭ്യമാക്കി അദ്ധ്യയനവർഷം മുഴുവൻ അവരുടെ സേവനം ഉറപ്പുവരത്തുക.
പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ	പട്ടികവർഗ്ഗ മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പട്ടികവർഗ്ഗ സൗഹാർദ്ദ നിലപാടിലേയ്ക്ക് നയിക്കുന്നതിനു പട്ടികവർഗ്ഗക്കാരുടെ ഭാഷ, കല, സംസ്കാരം, ജീവിതരീതി ഇവ പരിചയപ്പെടുത്തുന്ന പരിശീലനങ്ങൾ നടത്തണം.

മുഖ്യ പ്രശ്നം	**ഉന്നത വിദ്യാഭ്യാസത്തിന്റെ കുറവ്**
കാരണം	പ്രശ്നപരിഹാര നിർദ്ദശങ്ങൾ
സാമ്പത്തിക പിന്നോക്കാവസ്ഥ	ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കുക, പഠനോപകരണങ്ങൾ അനുവദിക്കുക.
	ഊരുകൂട്ടം മുഖേന ബോധവല്ക്ക രണം
കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യകുറവ്	പ്രധാന സങ്കേതങ്ങളിൽ ഇന്റർനെറ്റ് സൗകര്യത്തോടുകൂടി ലൈബ്രറി ആരംഭിക്കുക.
വിദ്യാഭ്യാസ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ	ബോധവൽക്കരണത്തിന് ഊരുകൂട്ടങ്ങൾക്ക് ധനസഹായം നല്കുക.
അംഗവൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനമില്ലായ്മ	വൈകല്യത്തിനനുസരിച്ചു മൊബിലറ്റി ലഭിക്കുന്നതിനു ഉപകരണങ്ങൾ നൽകുക
	പഠന ഉപകരണങ്ങൾ നല്കുക.
സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് പ്രത്യേക പാക്കേജ് ഇല്ല	പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ ക്ലാസ്സുകൾ മുതൽ കുട്ടികളുടെ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
	മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക.
ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കുറവ്/ പ്രൊഫഷണൽ കോഴ്സുകൾ ഉള്ള സർക്കർ കോളജുകൾ ഹോസ്റ്റൽ സൗകര്യത്തോട് കൂടി നവീന രീതിയിൽ ഉള്ള കോഴ്സുകൾ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയുടെ കുറവ്	പ്രൊഫഷണൽ കോഴ്സുകളെ കുറിച്ചു അവബോധം വളർത്തണം
	താൽപ്പര്യമുള്ള യോഗ്യരായവർക്കു പ്രവേശന പരീക്ഷ എഴുതുന്നതിനു പരിശീലനം നല്കണം.
	പ്രവേശനം നേടുന്നവർക്കു പ്രാഥമിക ചിലവു വഹിക്കുന്നതിനും താമസ– ഭക്ഷണ ചിലവും– പഠന ചിലവും വഹിക്കുന്നതിനു സാമ്പത്തിക സഹായം നല്കണം.
	ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്ന വിദ്യാർത്ഥി കൾക്ക് ആവശ്യമായ പിന്തുണ സംവിധാനം ഏർപ്പെ ടുത്തുക.
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുക. അതുവരെ സ്ഥാപനത്തിനടുത്ത് താമസിച്ചു പഠിക്കുന്നതിന് ധനസഹായം നല്കുക.
തൊഴിൽ പരിശീലനങ്ങൾ	കമ്പ്യൂട്ടർ പരിശീലനം പത്താംക്ലാസ്സ് പാസ്സായ

	എല്ലാവർക്കും നല്കുവാനുള്ള പദ്ധതികൾ ഉദാ: അക്ഷയ കേന്ദ്രം വഴി കമ്പ്യൂട്ടർ പരിശീലനത്തോടൊപ്പം തൊഴിൽ, പരിശീലനങ്ങളും നല്കുക. ഊരിൽ വിദ്യാഭ്യാസം ലഭിച്ചവർക്കായി അക്ഷയ കേന്ദ്രങ്ങളിലൂടെ പ്ലേസ്മെന്റ് വഴി തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം ലഭ്യമാക്കുക.
മദ്യപാനം	സങ്കേതങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ ജലലഭ്യത നിയന്ത്രിക്കണം.
	ബോധവത്ക്കരണസൗകര്യം ഏർപ്പെടുത്തണം
	വ്യാജവാറ്റുകൾക്കെതിരെ പഞ്ചായത്ത് കുടുംബശ്രീ, സി.ഡി.എസ് മുഖേന നടപടിയെടുക്കണം.
+2 പാസ്സായ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു അകലെയുള്ള കോളേജുകളിൽ ചേരാതെ കൂലിപ്പണിക്ക് പോകുന്നു. കോളേജിൽ ചേർക്കാനോ യാത്രയ്ക്കോ അവരുടെ കയ്യിൽ പണമില്ല.	കരിയർ ഗൈഡൻസ്സ് ക്ലാസ്സ് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ നടത്തി (ഐ.സി.ഡി.എസ്.വഴി) ഒപ്പം വിവിധ സ്കോളർഷിപ്പുകളെ കുറിച്ചും, സേവനങ്ങളും ക്ലാസ്സിൽ ഉൾപ്പെടുത്തി ഉന്നത പഠനത്തെ കുറിച്ചും, കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ പറ്റിയുള്ള ബോധവത്ക്കരണ ക്ലാസ്സ് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുക. ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥി കൾക്ക് സൗജന്യമായി ലാപ്ടോപ്പ് നല്കുക. മേശ, കസേര, എന്നിവ നല്കുക. അവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യം അവരിൽ എത്തിക്കാൻ നടപടി സ്വീകരിക്കുക. താമസിച്ചു പഠിക്കുന്നതിന് സഹായം നല്കുക.
ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യ കുറവ്	ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ നല്കുക. ഊരിലെ കൗമാര പ്രായക്കാരായ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ച് കൊണ്ട് (അഡോളസെന്റ് ക്ലബ്ബ്) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രായോഗിക ക്ലാസ്സുകൾ ഊരിൽ തന്നെ നല്കുക.

മുഖ്യ പ്രശ്നം	**പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്**
കാരണം	പ്രശ്നപരിഹാര നിർദ്ദശങ്ങൾ
അങ്കണവാടിയുടെ ഗുണനിലവാര കുറവ്	ആകർഷലണീയമായ അങ്കണവാടികൾ ഒരുക്കുക. ദൂരക്കൂടതൽ മൂലം സങ്കേതങ്ങളിൽ നിന്നും എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വാഹനസൗകര്യം നല്കുക. സ്പോൺസർ ഷിപ്പിലൂടെ അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾ സ്ഥാപിക്കുക. ഇവയിലൂടെ കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുക, പ്രത്യേകിച്ചും ആരോഗ്യ മേഖലയിൽ.

അംഗനവാടികളുടെ അപര്യാപ്തത	അംഗനവാടികൾ സങ്കേതങ്ങൾക്കു സമീപം ഇല്ലാത്ത സ്ഥങ്ങളിൽ കിന്റർഗാർട്ടൻ/ബാലവാടി, കുടുംബങ്ങളുടെയും കുട്ടികളുടെയും എണ്ണം നോക്കാതെ ആരംഭിച്ചു, പ്രീ-പ്രൈമറി വിദ്യാഭ്യാസവും പൂരക പോഷക പരിപാടിയും നടപ്പാക്കുക.

മുഖ്യ പ്രശ്നം	**സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കുറവ്**
കാരണം	പ്രശ്നപരിഹാര നിർദ്ദേശങ്ങൾ
സാങ്കേതിക വിദ്യാഭ്യാസത്തെ കുറിച്ചുള്ള അവബോധം ഇല്ലായ്മ (വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും)	പഠനവീട് എല്ലാ സങ്കേതങ്ങളിലും ആരംഭിക്കുക. പ്രോത്സാഹനത്തിന് ഓരോ മാസവും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
	കംപ്യൂട്ടർ നല്കുക സംസ്കാരിക നിലയങ്ങൾ വഴി, കസേര-മേശ എന്നിവ നല്കുക.
	ഉന്നത വിദ്യാഭ്യാസം ഉള്ള അദ്ധ്യാപകരെ ഊരിൽ അയച്ച് ബോധവത്ക്കരണം നല്കുക.
	പഠന ഉപകരണം വാങ്ങുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കുക.
സങ്കേതങ്ങളിൽ നിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്താനുള്ള യാത്രാക്ലേശങ്ങളും സാമ്പത്തിക വികസന പ്രശ്നങ്ങളും	ജനറൽ ഫണ്ടിൽ നിന്നും തുക അനുവദിച്ച് സഞ്ചാരയോഗ്യമായ റോഡുകൾ സ്ഥാപിക്കുക.
	പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് ഈ അഭിപ്രായം മുഖവിലക്കെടുത്ത് തീരുമാനങ്ങൾ നടപ്പിലാക്കുക.
	യൂണിഫോം, പുസ്തകങ്ങൾ, കുട എന്നിവ ജൂൺ മാസം തന്നെ ലഭ്യമാക്കണം. കുടുംബശ്രീ കൗമാര ക്ലബ്ബുകൾ തുടങ്ങിയവരുടെ സഹായത്തോടെ ഊരിൽ തന്നെ കുട നിർമ്മാണം, നോട്ട് പുസ്തക നിർമ്മാണം തുടങ്ങിയ പരിശീലനങ്ങൾ നൽകുക.
	വിദഗ്ധരെ കൊണ്ട് ക്ലാസ്സ് നടത്തുന്നതിന് ഫണ്ട് അനുവദിക്കുക.
	ഊരുകളിലെ മാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
	13-ാം പദ്ധതിയിൽ ഉപരിപഠനത്തിന് പ്രത്യേക പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കുക.
	തൊഴിൽവാർത്ത/തൊഴിൽവീഥി പോലുള്ള പ്രസിദ്ധീകരണങ്ങൾ സങ്കേതങ്ങളിൽ ലഭ്യമാക്കുക.
കോച്ചിംഗ്, ട്രെയിനിംഗുകളുടെ അഭാവം.	പി.എസ്.സി പരിശീലനം, കമ്പ്യൂട്ടർ ട്രെയിനിംഗ്, മറ്റ് ട്രെയിനിംഗ് എന്നി നൽകുന്നതിന് ധനസഹായം നൽകുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ വിദ്യാഭ്യാസ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ദീർഘകാല ലക്ഷ്യങ്ങൾ

- ലക്ഷ്യസ്ഥാനം1 – നിരക്ഷരത തുടച്ചു നീക്കുക.
- നടപടികൾ/പ്രവർത്തനം
- സാക്ഷരതാ പ്രേരക്മാരുടെ പ്രവർത്തനം ഉറപ്പുവരുത്തുക
- 2020–ാം വർഷം ആകുമ്പോഴേക്കും നിരക്ഷരത പൂർണ്ണമായും ഇല്ലാതാക്കുക.
- പഠിയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക.
- ദാരിദ്ര്യമുള്ള കുടുംബങ്ങളെ വേർതിരിച്ച് സഹായിക്കുക.
- 2020 ൽ 947 പേരുടെ നിരക്ഷരത ഇല്ലായ്മ ചെയ്യുക.
- സങ്കേതങ്ങളിൽ വിദ്യാസമ്പന്നരായ കുട്ടികളെ കണ്ടെത്തി ആ സങ്കേതത്തിലെ നിരക്ഷരത ഒഴിവാക്കുന്നതിന് പഠിപ്പിക്കുന്ന കുട്ടികൾക്ക് ഓണറേറിയം ഉൾപ്പെടുത്തി കൊടുക്കാൻ പഞ്ചായത്തിൽ സമ്മർദ്ദം ചെലുത്തുക.
- 4, 7, 10, +2 തുല്യതാ പരീക്ഷ എഴുതന്നതിന് നടപടികൾ ആരംഭിക്കുക. 18 മുതൽ 44 വയസ്സ് വരെയുള്ളവരെ ഇതിന് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.
- പഞ്ചായത്ത് മുഖാന്തിരം ശക്തമായ ഇടപെടലുകൾ നടത്തി ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ട്യൂഷൻ നല്കുന്നത് മൂലം പഠന നിലവാരം കൂട്ടാൻ സാധിക്കും

ലക്ഷ്യസ്ഥാനം 2 – പ്രാഥമിക വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഉറപ്പ് വരുത്തുക

നടപടികൾ/പ്രവർത്തനം

- സങ്കേതങ്ങളിൽ ഇന്റർനെറ്റ് അടക്കമുള്ള ട്യൂഷൻ സെന്റർ തുടങ്ങുക
- സെക്കന്ററി വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളെ കണ്ടെത്തി അവരെ തുടർന്ന് പഠിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഡിപ്പാർട്ട്മെന്റിലേയ്ക്ക് ശുപാർശന ചെയ്യുക.
- തോല്ക്കുന്ന വിഷയങ്ങൾ വീണ്ടും എഴുതുന്നതിന് പരീക്ഷാ ഫീസ് നല്കുക.
- പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക.
- ഉന്നത വിദ്യാഭ്യാസ സൗകര്യം ചെയ്തുകൊടുക്കുക.
- ഉയർന്ന വിദ്യാഭ്യാസത്തിൽ പ്രവേശനം ലഭിക്കുന്നവർക്ക് സ്ഥാപനത്തിനടുത്ത് മതിയായ ഹോസ്റ്റൽ സൗകര്യവും ലഭ്യമാക്കുക.
- ട്യൂഷൻ ഫീസ്, എക്സാം ഫീസ് നല്കുക.
- ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പ്രോജക്ടുകൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്ക്കരിക്കുക.
- വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് അപ്പോൾ പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഒരുക്കുക.

ആരോഗ്യമേഖല

പ്രശ്നങ്ങൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ

ആരോഗ്യ മേഖലയിലെ നിലനില്ക്കുന്ന പ്രശ്നങ്ങളും കാരണങ്ങളും ലഭിച്ച നിർദ്ദേശങ്ങളും പ്രൊമോട്ടറുടെയും ഊരുമൂപ്പന്റെയും അഭിപ്രായത്തിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

മുഖ്യപ്രശ്നം 1 – സേവന ലഭ്യതയുടെ പോരായ്മകൾ.	
കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
ഊരും ആരോഗ്യ സ്ഥാപനങ്ങളും തമ്മിലുള്ള ദൂരക്കൂടുതൽ	ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 2 വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. ഉച്ചതിരിഞ്ഞു ബോധവത്ക്കരണ ക്ലാസ്സു നടത്തുക. പങ്കെടുക്കുന്നവർക്കു ഭക്ഷണം ഒരുക്കുക.
പട്ടികവർഗ്ഗത്തിൽ നിന്ന് ആശാവർക്കർമാരെ തിരഞ്ഞെടുക്കുക.	പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗത്തിൽ നിന്നുള്ള ആശാവർക്കർമാരെ നിയോഗിക്കുക.
മാരകരോഗങ്ങൾക്ക് വിദഗ്ധ ചികിത്സയും മരുന്നും ഇല്ലായ്മ	മൊബൈൽ യൂണിറ്റുകൾ ഏർപ്പെടുത്തുക.
	ഡോക്ടറും മരുന്നും എപ്പോഴും ഉണ്ടെന്ന് ഉറപ്പ് വരുത്തുക. വിദഗ്ധ ചികിത്സ ലഭ്യമാക്കുക.
ആശുപത്രിയുണ്ടെങ്കിലും ആവശ്യത്തിന് ജീവനക്കാരില്ല.	ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിന്റെ സഹകരണം ഉറപ്പുവരുത്തുക.
അസുഖം വരുന്നതിന് മുമ്പ് രോഗ പ്രതിരോധത്തിനുള്ള മുൻഗണനയില്ല.	മതിയായ ഫീൽഡ് ഉദ്യോഗസ്ഥരെ, മാനദണ്ഡങ്ങൾ ഇളവ് ചെയ്തു ആരോഗ്യവകുപ്പിൽ നിന്നും പട്ടികവർഗ്ഗ മേഖലകളിനൽ നിയോഗിക്കണം.

മുഖ്യപ്രശ്നം 2 ഭിന്നശേഷി.	
കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
വൈവാഹിക ജീവതത്തിലെ തകർച്ച മൂലം മൗനം പാലിച്ചു ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന സ്ത്രീകൾ.	ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 2 വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. ഉച്ചതിരിഞ്ഞു ബോധവത്ക്കരണ ക്ലാസ്സു നടത്തുക. പങ്കെടുക്കുന്നവർക്കു ഭക്ഷണം ഒരുക്കുക.
അടുത്തടുത്തുള്ള പ്രസവം, 2 ൽ കൂടുതൽ കുട്ടികൾ.	കൗമാര ക്ലബ്ബുകൾ രൂപീകരിക്കുക, ആരോഗ്യ ബോധവത്ക്കരണം നൽകുക.
	ഭിന്നശേഷിയുള്ളവരുടെ ഹെൽത്ത് കാർഡ് നൽകി ചികിത്സയും ഉപരണങ്ങളും യഥാസമയത്ത് നൽകുക.
	ഇത്തരത്തിലുള്ളവർക്ക് ബോധവൽക്കരണവും സംരക്ഷണവും നല്കുക.
പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ	ചൂഷണം ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് തല ജാഗ്രത സമിതി ഉണർന്ന് പ്രവർത്തിക്കണം.
	അതിക്രമങ്ങൾ നടക്കുന്ന അവസരത്തിൽ തന്നെ പി.ഒ.ആക്ട് 1989(2016) പ്രകാരം കേസ് രജിസ്റ്റർ ചെയ്യുക
	മൊഴി തിരുത്തി പറയുന്നവരുടെ മേൽ നടപടി സ്വീകരിക്കുക.

മുഖ്യപ്രശ്നം 3 സ്ഥിരം രോഗി	
കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
പാരമ്പര്യമായ ചികിത്സ കാരണം ആധുനിക ചികിത്സയോടു മടി കാണിക്കുന്നു.	ദൂരക്കൂടുതലുള്ള ഊരുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 2 വരെ മെഡിക്കൽ ക്യാമ്പുകൾ നടത്തുക. ഉച്ചതിരിഞ്ഞു ബോധവത്ക്കരണ ക്ലാസ്സു നടത്തുക. പങ്കെടുക്കുന്നവർക്കു ഭക്ഷണം ഒരുക്കുക.
	പട്ടികവർഗ്ഗത്തിൽ നിന്ന് ആശാവർക്കർ മാരെ നിയോഗിച്ചു എപ്പോഴും അവരെ ശ്രദ്ധിക്കാൻ ഊരുകളിൽ ഏർപ്പാട് ഉണ്ടാക്കുക.
	അവരുടെ ജീവിതസൗകര്യങ്ങൾ വർദ്ധിജപ്പിക്കാൻ സഹായം നല്കുക.
അറിവില്ലായ്മ,ലഹരിവസ്തുക്കൾ ഉപയോഗം	ഊരുകളിൽ ലഹരിവസ്തുക്കളുടെ ലഭ്യത നിർത്തലാക്കുന്നതിന് കർശന നടപടികൾ തുടരുക.

പോഷാകാഹാരമില്ലായ്മ	അങ്കണവാടികൾ വഴി പോഷകാഹാരം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക
ശുചിത്വമില്ലായ്മ, ശുദ്ധമായ കുടിവെള്ളമില്ലായ്മ	ഹെൽത്ത് ഇൻസ്പെക്ടർ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കി വേണ്ട നിർദ്ദേശം നല്കുക.
കൃത്യമായി ആരോഗ്യ പരിചരണത്തിൽ ശ്രദ്ധയില്ലായ്മ	മെഡിക്കൽ ക്യാമ്പ്, വയോമിത്രങ്ങൾക്ക് വീടുകളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുക.
	ശുചീകരണ പ്രവർത്തനം, ആരോഗ്യപരിചരണം ഇവയിൽ പഞ്ചായത്ത് ഇടപെടുക.
പരിസരമലിനീകരണം	ബോധവൽക്കരണ ക്ലാസ്സ് നടത്തുക. ഊര് കമ്മിറ്റികൾക്ക് ചുമതലകളും നൽകുക.
ദൈവികമായ അന്ധവിശ്വാസം മൂലം ആശുപത്രികളിൽ പോകാതിരിക്കൽ, രോഗം പകരുന്നത്.	പട്ടികവർഗ്ഗത്തിൽപ്പെട്ട ആശാവർക്കർമാരുടെ ഇടപെടൽ, പി.എച്ച്.സി.കളുടെ ഇടപെടൽ, അന്ധവിശ്വാസങ്ങളുടെ അശാസ്ത്രീയത ബോദ്ധ്യപ്പെടുത്തൽ. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം ഇവയിലൂടെ പ്രശ്ന പരിഹാരത്തിനു ശ്രമിക്കുക.

മുഖ്യപ്രശ്നം 4 –ആരോഗ്യ പരിചരണത്തിന്റെ കുറവും പോഷണക്കുറവും ആയുർ ദൈർഘ്യത്തിന്റെ. കുറവും	
കാരണം	പശ്നപരിഹാര നിർദ്ദേശങ്ങൾ
ശരിയല്ലാത്ത ഭക്ഷണക്രമം	കിഴങ്ങ്, ഇലക്കറികൾ എന്നിവ കൃഷി ചെയ്ത് ഉപയോഗിക്കുവാനുള്ള പദ്ധതികൾ
മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം പലരും മരണത്തിന് കീഴടങ്ങുന്നു.	ബോധവൽക്കരണ ക്ലാസ്സ് നടത്തുക
	കുടുംബശ്രീ മുഖേന ഊരുകളിൽ മദ്യവില്പ്പന തടയുക.
	നല്ല മാതൃകാ കുടുംബങ്ങളെ ആദരിക്കൽ
	തൊഴിലുറപ്പ് മുഖേനെ ഊരുകൾ ശുചീകരിക്കുന്ന പ്രവൃത്തി ചെയ്യാൻ
	ജനമൈത്രി പോലീസിന്റെ സഹായം തേടുക
	പഞ്ചായത്ത് തലത്തിൽ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ എന്നിവ മുഖേന പാലിയേറ്റീവ് സഹായം ലഭ്യമാക്കുക.
0–6, കൗമാര പ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മാർ, 60 വയസ്സിനു മേൽ പ്രായമുള്ളവർ ഇവരുടെ പോഷകാഹാര ക്കുറവ്	അങ്കണവാടി/ആരോഗ്യകേന്ദ്രം വഴി പോഷകാഹാരം എത്തിക്കാനുള്ള സംവിധാനം, പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട പ്രോത്സാഹനം നല്കുക.
	ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മാർക്കും നല്കുന്നതുപോലെ മറ്റുള്ളവർക്കും പോഷാകാഹാരം അടങ്ങിയ ആഹാര കിറ്റുകൾ പ്രാദേശിക സർക്കാരുകൾ മുഖേന നല്കുക.
	പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വാക്സിനേഷൻ, മരുന്നുകൾ എന്നിവ ഹെൽത്ത് സെന്റർ മുഖേന നല്കുക
ആഹാരപദാർത്ഥങ്ങളിൽ അമിതമായ കീടനാശിനി, വള പ്രയോഗം	കൃഷിഭവൻ മുഖേന ജൈവവളങ്ങൾ നല്കുക. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ബോധവൽക്കരണം നടത്തുക.
	ത്രിതല പഞ്ചായത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, എം.എൽ.എ. എം.പി.ഫണ്ട് എന്നിവ സംയോജിപ്പിച്ച്

	കൊണ്ട് പരിഹാര നടപടി സ്വീകരിക്കണം.
ആധുനിക ചികിത്സാ സംവിധാനം, സാമ്പത്തിക പരാധീനത മൂലം ലഭ്യമല്ല..	ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ നൽകുക. ചെലവേറിയ ചികിത്സക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. .

മുഖ്യപ്രശ്നം 4 – അമിത മദ്യപാനം	
കാരണം	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
കൂലിപ്പണിക്കു പോകുന്നവർ പണി കഴിഞ്ഞു ഊരിലേക്ക് വരുമ്പോൾ മദ്യം വാങ്ങിക്കൊണ്ടു വന്നു കുടിക്കുകയും മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യുന്നു.	മദ്യപാനത്തിന്റെ ദുഷ്യഫലങ്ങളെക്കുറിച്ച് ഡോക്ടർമാർ, എക്സൈസ്/പോലീസ് അധികാരികൾ മുഖേന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണം. വ്യാജമദ്യം ഉത്പാദിപ്പിച്ചു വിപണനം ചെയ്യുന്നതും അനധികൃത മദ്യവിൽപ്പനയും തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കണം. മദ്യപാനത്തിൽ അടങ്ങിയ ചൂഷണ ലക്ഷ്യങ്ങളെ തിരിച്ചറിഞ്ഞ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

ദീർഘകാല ലക്ഷ്യങ്ങൾ

പരിഹാര നടപടികളിലൂടെ ആരോഗ്യ മേഖലയിൽ നേടാനാവുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

ലക്ഷ്യസ്ഥാനം 1 – സ്ഥിരം രോഗാവസ്ഥയിൽ നിന്ന് മോചനം
നടപടികൾ/പ്രവർത്തനം

- ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണം
- ഊരുകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പ്
- ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണവും ക്രിയാത്മക പ്രവർത്തനവും
- ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ പരിശീലനം നല്കുക.
- ഭിന്നശേഷിയുള്ളവരുടെ പരിചരണവും സംരക്ഷണവും
- ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്ന കുടുംബങ്ങൾക്ക് സഹായം
- ഭിന്നശേഷിയുള്ളവരെ പൊതു സമൂഹത്തിൽ എത്തിക്കുന്നതിന് ഇവരുടെ കഴിവ് മനസ്സിലാക്കി, പഞ്ചായത്ത് അധികൃതരെ പ്രൊമോട്ടർ വിവരങ്ങൾ ധരിപ്പിക്കുക.
- ഊര് കേന്ദ്രീകരിച്ച് രോഗനിർണ്ണയ ക്യാമ്പ്
- പാലിയേറ്റീവ് കെയർ വഴി മരുന്ന എത്തിക്കുന്നതിനും പരിചരണം ചെയ്യുന്നതിനും ശ്രമിക്കുക.
- സ്ഥിരരോഗികൾക്ക് മരുന്നും പോഷകാഹാര കിറ്റും വിതരണം
- മദ്യവും മയക്കുമരുന്നും ഉപയോഗം നിർത്തുന്നതിന് ബോധവത്ക്കരണം
- മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത ഇല്ലാതാക്കൽ

ലക്ഷ്യസ്ഥാനം 1– മെച്ചപ്പെട്ട ചികിത്സാ സൗകര്യം

നടപടികൾ/പ്രവർത്തനം

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം
- പോഷകാഹാര കിറ്റ് വിതരണം ഊരുകളിൽ, പാരമ്പര്യ ജൈവ കൃഷിയ്ക്ക് പ്രോത്സാഹാനം നൽകൽ.
- പ്രതിരോധ കുത്തിവെയ്പ് ഗർഭിണികൾക്കും കുട്ടികൾക്കും
- സൗജന്യ മരുന്ന് വിതരണം
- ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ച് ബോധവത്ക്കരണം
- ഊരുകളോട് ചേർന്ന് കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുക.
- ആശുപത്രികളിൽ കൂടുതൽ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക.
- ചെലവേറിയ ചികിത്സയ്ക്ക് ധനസഹായം സമയബന്ധിതമായി എത്തിക്കാൻ നടപടി സ്വീകരിക്കുക.
- എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനും ശരിതെറ്റുകളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുവാനുള്ള മോണിറ്ററിംഗ് സംവിധാനം എല്ലാതലങ്ങളിലും ഏർപ്പെടുത്തണം
- പാരമ്പര്യ ചികിത്സ പ്രോത്സാഹിപ്പിക്കുക/പാരമ്പര്യ ചികിത്സ നടത്തുന്നവർക്കുള്ള ഔഷധകൃഷി പ്രോത്സാഹിപ്പിക്കുക.

ജില്ലയിൽ പട്ടിക വർഗ്ഗ മേഖലയിലേക്ക് വകയിരുത്തേണ്ട എം.പി ഫണ്ട് വിതരണം കൃത്യമായി ലഭ്യമാക്കുന്നതു ഉറപ്പുവരുത്തുന്നത് ടി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവികസനം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, മനുഷ്യവിഭവശേഷി വികസനം എന്നിവയിൽ വമ്പിച്ച മാറ്റങ്ങൾക്ക് വഴിയൊരുക്കാൻ സഹായിക്കുമെന്ന് വിലയിരുത്തുന്നു.

4.4.2 സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ, മറ്റുശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവർ

ആമുഖം

ജനസംഖ്യയുടെ കാര്യത്തിലായാലും, ജനസാന്ദ്രതയുടെ കാര്യത്തിലായാലും ജില്ല വയനാടിനും ഇടുക്കിക്കും ശേഷം കുറവിൽ മൂന്നാം സ്ഥാനത്ത് നിലകൊള്ളുന്നു. താമസയോഗ്യമായ പ്രദേശം ജില്ലയിൽ താരതമ്യേന കുറവായതുകൊണ്ടാണിത്. അവശ വിഭാഗത്തിലുള്ള ജനങ്ങളുടെ നിലവിലെ അവസ്ഥ വിശകലനം ചെയ്താൽ പുനഃരധിവാസം ആവശ്യമുള്ളവരുടെ എണ്ണം, അഭയകേന്ദ്രങ്ങളിൽ ഉള്ളവരുടെ എണ്ണത്തേക്കാൾ എത്രയോ മടങ്ങാണെന്നു മനസ്സിലാക്കുവാൻ സാധിക്കും. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളും സംസ്ഥാന, കേന്ദ്രപദ്ധതികളും പലപ്പോഴും ഉപയുക്തമാക്കുവാൻ കഴിയാത്തതിന് ഒരു പ്രധാനകാരണം ഒരു പക്ഷെ ഭൂമിശാസ്ത്രപരമായ ജില്ലയുടെ പ്രത്യേകത തന്നെയാണെന്ന് മനസ്സിലാക്കാം.

ആറു താലൂക്കുകളും 12 സിഡി ബ്ലോക്കുകളും 70 വില്ലേജുകളും 4 നഗരസഭകളും ഉൾപ്പെടുന്നതാണ് പത്തനംതിട്ട ജില്ല. ജില്ലയുടെ ആകെ ജനസംഖ്യ 1125611. അതിൽ 694927 (51%) കൗമാരപ്രായക്കാർ 64125(4.69%) ഭിന്നശേഷിക്കാർ 29891 (2.18%) ട്രാൻസ്ജെൻഡർ 103, വയോജനങ്ങൾ 187833 (15.5%), സ്ത്രീകൾ 694627 (50.8%) എന്നിവരാണ് പത്തനംതിട്ട ജില്ലയിൽ സാമൂഹ്യസുരക്ഷിതത്വം ആവശ്യമുള്ള ജനവിഭാഗം.

പത്തനംതിട്ട ജില്ല

ആകെ ജനസംഖ്യ - 1125611

സ്ത്രീകൾ - 694627

ശതമാനം - 50.8%

പട്ടിക.4.71
ആകെ ജനസംഖ്യ (ശിശുവികസന ബ്ലോക്ക് തലത്തിൽ)

ക്രമ നം.	പ്രോജക്ടിന്റെ പേര്	ആകെ ജനസംഖ്യ
1	ഇലന്തൂർ	106707
2	കോയിപ്രം	130110
3	കോന്നി	64062
4	കോന്നി II	85503
5	പന്തളം	109548
6	പന്തളം II	74831
7	പറക്കോട്	128858
8	പറക്കോട് II	126004
9	മല്ലപ്പള്ളി	125965
10	റാന്നി	95441
11	റാന്നി II	78582
	ആകെ	**1125611**

അവലംബം ഐ.സി.ഡി.എസ്. വാർഷിക സർവ്വേ –2016

വിഭാഗങ്ങൾ	എണ്ണം	ശതമാനം	ആകെ ജനസംഖ്യ
06 പ്രായമുള്ള കുട്ടികൾ	67987	5	1125611
കൗമാരപ്രായമുള്ള പെൺകുട്ടികൾ	64125	4.69	
ഭിന്നശേഷിക്കാർ	29891	2.18	
ട്രാൻസ്ജെൻഡർ	103		

അവലംബം : സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിയും ക്ഷേമരാജ്യം ലക്ഷ്യമാക്കിയും പ്രവർത്തിക്കുന്ന സാമൂഹ്യനീതി വകുപ്പ്, കുട്ടികൾ, സ്ത്രീകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, അമ്മയും കുഞ്ഞും, കൗമാരപ്രായക്കാരായ കുട്ടികൾ, ഭിന്നലിംഗക്കാർ, ജയിൽ വിമോചിതർ, തടവുകാർ എന്നിവരെ സാമൂഹ്യമായും സാമ്പത്തികമായും സംരക്ഷിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചുവരുന്നു.

ഈ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സാമൂഹ്യനീതി വകുപ്പിൻ കീഴിലെ സ്ഥാപനങ്ങൾ

ജില്ലാതലം

1. ജില്ലാ സാമൂഹ്യനീതി ഓഫീസ്
2. ജില്ലാതല ഐ.സി.ഡി.എസ്. സെൽ
3. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്
4. ജില്ലാ വിമെൻ പ്രൊട്ടക്ഷൻ ഓഫീസ്
5. ജില്ലാ പ്രൊബേഷൻ ഓഫീസ്
6. ഗവ. ഓൾഡ് ഏജ് ഹോം
7. ചിൽഡ്രൻസ് ഹോം
8. മഹിളാ മന്ദിരം

ബ്ലോക്ക് തലം

1. ശിശു വികസന പദ്ധതി ഓഫീസുകൾ

പഞ്ചായത്ത് തലം

1. അങ്കണവാടികൾ

വനിതകൾ

2011 ലെ സെൻസസ് പ്രകാരം പത്തനംതിട്ട ജില്ലയിലെ സ്ത്രീകളുടെ ജനസംഖ്യ 635696 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 53% ആണ്. (സ്ത്രീ പുരുഷ അനുപാതം 1000 : 1132) ജില്ലയിലെ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 95.83%വും പുരുഷന്മാരുടേത് 97.36%വും ആണ്. ആകെ ജനസംഖ്യയുടെ 1,31,613 പേർ നഗര പ്രദേശത്തും 10,65,799 പേർ ഗ്രാമ പ്രദേശത്തും താമസിക്കുന്നവരാണ്. ഗ്രാമ പ്രദേശത്തെ ജനസംഖ്യയുടെ 5,65,979 പേർ സ്ത്രീകളാണ്

I. a) സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

പട്ടിക.4.72

ക്രമ.നം	അതിക്രമം	കേരളം	പത്തനംതിട്ട
1.	ബലാത്സംഗം	1848	62
2.	തട്ടിക്കൊണ്ടു പോകൽ	297	7
3.	സ്ത്രീധന മരണം	13	2
4.	അപമാനിക്കൽ (molestation)	6237	178
5.	ലൈംഗികാതിക്രമം	396	8
6.	ഭർത്താവിൽ നിന്നുള്ള പീഡനം	5532	75
7.	പെൺകുട്ടികളെ കടത്തൽ	0	0
8.	സ്ത്രീകളെ മോശമായി ചിത്രീകരിക്കൽ	6	0
9.	സ്ത്രീധന നിരോധന നിയമപ്രകാരമുള്ള കേസ്	7	0
10.	അസന്മാർഗ്ഗിക പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ	259	0

അവലംബം ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

)b). ഗാർഹികാതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005

വർഷം	ആകെ പരാതികൾ	ഗാർഹിക സംഭവ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്.
2007	112	98
2008	174	120
2009	338	120
2010	166	99
2011	169	159
2012	138	118
2013	142	112
2014	156	110
2015	133	107

2016	139	103
2017	220	99

അവലംബം : വനിതാ പ്രൊട്ടക്ഷൻ ആഫീസ്, പത്തനംതിട്ട

c) ജില്ലയിലെ കുടുംബക്കോടതിയിലെ വിവാഹമോചന കേസുകൾ (2016-17)

കുടുംബകോടതിയുടെ പേര്	കേസുകളുടെ എണ്ണം
പത്തനംതിട്ട	553
തിരുവല്ല	583

അവലംബം:ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

❖ **തൊഴിൽ പങ്കാളിത്തം**

a). അസംഘടിത മേഖല

തൊഴിൽ മേഖല	എണ്ണം
സ്വയം തൊഴിൽ	715
സ്ഥിരം വേതനം	657
കാഷ്വൽ ലേബർ	627

അവലംബം: ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

b). സംഘടിത മേഖല

സ്ഥാപനം	സ്ത്രി തൊഴിലാളികളുടെ എണ്ണം
കേന്ദ്ര സർക്കാർ	639
സംസ്ഥാന സർക്കാർ	5482
അർദ്ധ കേന്ദ്രസർക്കാർ	664
അർദ്ധ സ്റ്റേറ്റ് സർക്കാർ	1843
തദ്ദേശസ്വയം ഭരണ സ്ഥാപനം	552

അവലംബം: ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

II. കുടുംബശ്രീ

വിശദാംശങ്ങൾ	കേരളം	പത്തനംതിട്ട
ആകെ കുടുംബശ്രീകളുടെ എണ്ണം	182797	7909
പ്രോജക്ടുകളുടെ എണ്ണം	2015	73
സി.ഡി.എസ് എണ്ണം	3481	229
എ.ഡി.എ എണ്ണം	21195	763
അയൽക്കൂട്ടം	217826	10857
സ്വയം സഹായ സംഘം	154089 സ്ത്രീ	13,463 സ്ത്രീ
സ്വയം സഹായ സംഘം	3606 പുരുഷൻ	73 പുരുഷൻ

അവലംബം:ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

III. സാക്ഷരത

സംസ്ഥാനം/ജില്ല	സാക്ഷരർ		നിരക്ഷരർ		സാക്ഷരതാ നിരക്ക്	
	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ
കേരളം	14430921	13704903	2947728	2322509	92.07%	96.11%
പത്തനംതിട്ട	563372	499181	72324	62535	95.83 %	97.36%

അവലംബം:ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

1V. ജനസംഖ്യ(2011 സെൻസസ് പ്രകാരം)

സംസ്ഥാനം/ജില്ല	ആകെ ജനസംഖ്യ	സ്ത്രീ	പുരുഷന്മാർ	ശതമാനം	
				ഗ്രാമം	നഗരം
കേരളം	33406061	17378649	16027412	51.87	52.18
പത്തനംതിട്ട	1197412	635696	561716	53.10	52.9

അവലംബം ജെൻഡർ സ്റ്റാറ്റിസ്റ്റിക്സ് 2015-16 പ്രകാരം

വിടവ്

ആരോഗ്യ മേഖലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി സർക്കാർ ആശുപത്രിയില്ല. ജനമൈത്രി പോലീസ് സ്റ്റേഷനുകളുണ്ടെങ്കിലും സ്ത്രീസൗഹൃദ സ്റ്റേഷനുകളില്ല. സ്ത്രീ ജനസംഖ്യയിൽ അധികം പേരും ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്നുണ്ടെങ്കിലും ഒരു റൂറൽ വനിതാ സെൽ നിലവിലില്ല. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ കൂടുതലും കുടുംബത്തിനുള്ളിലാണ് നടക്കുന്നതെന്ന് വിവരശേഖരണത്തിൽ കാണുന്നു. എന്നാൽ താഴെത്തട്ടിലുള്ള ഇടപെടൽ സംവിധാനമായ ജാഗ്രതാസമിതി തീർത്തും നാമമാത്രമാണ്.

വയോജനങ്ങൾ

സ്ഥിതി വിവരം

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ മുതിർന്നവരുടെ സംഖ്യ ത്വരിതഗതിയിൽ വർദ്ധിച്ചുവരുന്നു. 25 വർഷം കൊണ്ട് വർദ്ധനാ നിരക്ക് ഇരട്ടിയ്ക്കുന്നുവെന്നു കാണാം

പട്ടിക.4.73

ജില്ലയിലെ വയോജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം..	പ്രോജക്ടിൻറെ പേര്	60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾ		60- 70 വയസ്സ്	70-80 വയസ്	80 വയസ്സിനു മുകളിൽ	
		പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
1.	ഇലന്തൂർ	11379	11781	10804	7280	1692	3384
2.	കോയിപ്രം	13376	13848	13344	9700	1910	2264
3.	കോന്നി	5078	5620	5896	3446	567	789
4.	കോന്നി II	7486	8660	10153	3572	1364	1071
5.	പന്തളം	9529	9912	8057	7926	1603	1855
6.	പന്തളം II	5727	7006	6765	4131	825	1012
7.	പറക്കോട്	3185	3299	2851	2783	402	448
8.	പറക്കോട് II	11679	12774	5914	3585	2004	2250
9.	മല്ലപ്പള്ളി	11903	14549	13226	9084	2116	3175
10.	റാന്നി	8422	9013	9324	7268	1411	1839
11.	റാന്നി II	5557	6137	5613	4806	800	1183
12.	പുളിക്കീഴ്	12581	13115	18106	18106	2011	3073

(അവലംബം - ഐ.സി.ഡി.എസ് സർവ്വെ 2016)



ആധുനിക കേരളത്തിലെ സാമാന്യ അഭിവൃദ്ധിനേടിയ ജില്ല എന്ന നിലയിൽ പത്തനംതിട്ട ജില്ലയിൽ നടത്തിയ പഠനത്തെ ആസ്പദമാക്കി ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനം/ജില്ല	ആൺ	പെൺ	ആകെ	ആൺ ശതമാനം	പെൺ ശതമാനം	ആകെ
പത്തനംതിട്ട	102108	85725	187833	17.5	13.6	15.5
കേരളം	1632710	1764805	3397515	10.7	11.0	10.9

അവലംബം : സാമൂഹ്യനീതി വകുപ്പ് പത്തനംതിട്ട

ജില്ലയിൽ നിലവിൽ 30 വയോജന കേന്ദ്രങ്ങളുണ്ട്. ഇതിൽ 5 എണ്ണം സർക്കാർ ഗ്രാൻറോടുകൂടി പ്രവർത്തിക്കുന്നു. ഒരെണ്ണം സർക്കാർ ഉടമസ്ഥതയിൽ ഉള്ളതാണ്. ഈ സ്ഥാപനങ്ങളിലായി ആകെ 885 അന്തേവാസികൾ താമസിച്ചു വരുന്നു. സ്ത്രീകൾ 570, പുരുഷന്മാർ 315. സ്ത്രീകളാണ് കൂടുതലെന്നു കാണാം.

വികസന പ്രശ്നങ്ങൾ

1. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനും വിശ്രമത്തിനും വയോജന പരിപാലന കേന്ദ്രങ്ങളുടെ അഭാവം.
2. വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ
3. വീടുകളിൽ നിന്നും നേരിടുന്ന ഒറ്റപ്പെടൽ
4. ട്രൈബൽ ഏരിയായിലും, ദാരിദ്ര്യരേഖയിൽ താഴെയുള്ളതുമായ വയോജനങ്ങൾ നേരിടുന്ന പോഷകാഹാരക്കുറവ്.
5. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വയോജനങ്ങളുടെ ക്ഷേമത്തിനുള്ള പങ്ക് 5% നീക്കി വയ്ക്കുന്നുണ്ടെങ്കിലും വിനിയോഗിക്കപ്പെടുന്നില്ല.
6. സൗജന്യ ആരോഗ്യ പരിശോധന, മരുന്ന് വിതരണം, കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുവാനുള്ള വയോമിത്രം പദ്ധതി പഞ്ചായത്ത് തലങ്ങളിൽ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ.

വികസന സാധ്യതകൾ

1) എല്ലാ പഞ്ചായത്തുകളിലും വയോജന പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2) എല്ലാ പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതിലൂടെ മരുന്നുകളും ആരോഗ്യപരിശോധന ക്യാമ്പുകളും കൗൺസിലിംഗ് സേവനങ്ങളും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

3) ബാലസഭയുടെ കുട്ടികളെ ഇണക്കിച്ചേർത്തുകൊണ്ട് മാസത്തിൽ ഒരുതവണയെങ്കിലും വയോജനങ്ങളുടെ ഒത്തുചേരൽ സാധ്യമാക്കുകയാണെങ്കിൽ അവർ നേരിടുന്ന ഒറ്റപ്പെടൽ പരിഹരിക്കുവാൻ സാധിക്കും.

4) എല്ലാ വയോജന ക്ലബ്ബുകളിലും യോഗ ക്ലാസ്സുകൾ, ലാഫിംഗ് ക്ലബ്ബുകൾ എന്നിവ പ്രവർത്തിപ്പിക്കുക.

5) അങ്കണവാടികൾ വഴി റോഫുഡ് നൽകാനുള്ള സംവിധാനം നടപ്പിലാക്കാവുന്നതാണ്.

നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ

- വയോമിത്രം.
- മന്ദഹാസം
- വയോമിത്രം
- ഐ.പി.ഒ.പി (Integrated Programme for old age people)
- സ്വയംപ്രഭ വീടുകൾ

മാതാപിതാക്കളുടെയും മുതിർന്ന പൌരന്മാരുടെയും അവകാശ സംരക്ഷണ നിയമം–2007 ആക്ട് നിലവിൽ വന്നതിനുശേഷം ജില്ലയിൽ ആകെ രണ്ട് റവന്യൂ ഡിവിഷനുകളിലായി 1448 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അടൂർ	–	823
തിരുവല്ല	–	625
ആകെ	–	1448

വിടവ്

നിലവിലുള്ള പദ്ധതികൾ സമൂഹത്തിലെ കഷ്ടതയനുഭവിക്കുന്ന ചെറിയ വിഭാഗം വയോജന വിഭാഗത്തിനെ മാത്രം ഉദ്ദേശിച്ച് നടപ്പിലാക്കുന്നതാണ് എന്നാൽ ജില്ലയിലെ മുഴുവൻ വയോജന വിഭാഗങ്ങൾക്കും പ്രയോജനപ്രദമാകുന്നതും സേവനം ലഭ്യമാകുന്നതുമായ തരത്തിൽ ഈ പദ്ധതികളെ വിപുലപ്പെടുത്തേണ്ടതാണ്.

ദീർഘകാല ലക്ഷ്യം

എല്ലാ വയോജനങ്ങൾക്കും സ്വഭവനങ്ങളിൽ കുടുംബാംഗങ്ങൾക്കൊപ്പം സന്തുഷ്ടമായി ജീവിക്കുന്നതിന് അവസരം ഒരുക്കുക. ഇതിനായി കുട്ടികൾക്കും യുവജനങ്ങൾക്കും സാമൂഹികാവബോധം നൽകുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

1.പകൽ വീട്

പകൽ വീടുകൾ പലപ്പോഴും വയോജന സൗഹൃദമായല്ല നിർമ്മിക്കുന്നത്. ഇതിന് മാറ്റം വരുത്തേണ്ടതാണ് ആവശ്യമായ വിനോദോപാധികൾ ലളിതമായ വ്യായാമ ഉപാധികൾ, ലൈബ്രററി, പാർക്ക് എന്നിവ പകൽ വീടുകളിൽ ഉണ്ടാകേണ്ടതാണ്.

2.വയോമിത്രം

വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലു വ്യാപിപ്പിക്കുകയും, ഗ്രാമപഞ്ചായത്ത് വിഹിതം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ബാലസഭാ പ്രവർത്തനം കാര്യക്ഷമമാക്കൽ

3.വയോജന ക്ലബ്ബുകൾ

എല്ലാ അംഗനവാടികളിലും വയോജന ക്ലബ്ബുകൾ രൂപീകരിക്കുകയും, ആഴ്ചയിൽ ഒരിക്കൽ കമ്മറ്റി അംഗങ്ങളുടെ യോഗം ചേരുകയും വേണം. ഇത്തരത്തിൽ, ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

ഭിന്നശേഷിക്കാർ

ആമുഖം

സാമൂഹ്യനീതി വകുപ്പ് 2015 ൽ ഭിന്നശേഷിക്കാരുടെ സെൻസസ് നടത്തിയിട്ടുണ്ട്. ജില്ലയിൽ ആകെ ജനസംഖ്യയുടെ 2.5% ഭിന്നശേഷിയുള്ളവരെ കണ്ടെത്തിയിട്ടുണ്ട്. ഇത് കേരള ശരാശരിയുടെ തുല്യമാണ്. Rights of Persons with Disabilities Act2016 പ്രകാരം 21 തരം ഭിന്നശേഷികൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്.

ജില്ലയിൽ വിവിധയിനം വൈകല്യമുള്ളവർ

- ലോക്കോമോട്ടോർ 5530
- അന്ധത 1003
- ബധിരത 1488
- ബഹു വൈകല്യം 1935
- മാനസിക വൈകല്യം 2365
- ബുദ്ധി വൈകല്യം 3107
- മറവിരോഗം 1172

വിശകലനം – വിടവ്

ധനസഹായ രൂപത്തിലും ഉപകരണത്തിൻറെ രൂപത്തിലും, പുനരധിവാസത്തിൻറെ രൂപത്തിനും നിരവധി പദ്ധതികളുണ്ടെങ്കിലും ഭിന്നശേഷിക്കാരെ ശാക്തീകരിക്കുന്നതിനും മുഖ്യധാരയിലെത്തിക്കുന്നതിനും ഇനിയും കഴിഞ്ഞിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ ഏറ്റവും ആവശ്യം തടസ്സരഹിത സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കാനായി എല്ലാ പൊതു സ്ഥലങ്ങളും സർക്കാർ ആഫീസുകളും ഭിന്നശേഷിക്കാർക്ക് പ്രയോജനക്ഷമമാക്കാൻ റാമ്പുകളും കൈവരികളും നിർമ്മിക്കാവുന്നതാണ്. ഇത്തരത്തിൽ ജില്ലയെ ഭിന്നശേഷി സൌഹൃദ ജില്ലയാക്കാൻ സാധിക്കുന്നതാണ്.

വികസന പ്രശ്നങ്ങൾ

1) UDID - ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വിവരശേഖരണത്തിനാവശ്യമായ ആധാർ, റേഷൻകാർഡ് എന്നിവ ചിലരുടെ കൈയിൽ എങ്കിലും ഇല്ല എന്നതാണ്.

2) ഭിന്നശേഷിയുള്ള ആളുകൾക്ക് അവരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും അറിയുന്നതിലേക്ക് ജില്ലയിൽ ഭിന്നശേഷിയുള്ളവരുടെയും, ഭിന്നശേഷി ഉള്ള കുട്ടികളുടെ മാതാപിതാക്കളുടെയും സംഘടനകളുടെ ഫലപ്രദമായ സമീപനമില്ലായ്മ.

3) 18 വയസ്സിന് താഴെയുള്ള കിടപ്പിലായ ഇത്തരത്തിലുള്ള മുഴുവൻ കുട്ടികൾക്കും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല.

4) ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ രൂപീകരണത്തിനു മുന്നോടിയായി വികലാംഗ ഗ്രാമസഭകൾ നടത്തുന്നുണ്ടെങ്കിലും എത്രത്തോളം പദ്ധതികൾ പ്രാബല്യത്തിൽ വരുന്നു എന്നുള്ളത് സംബന്ധിച്ച അവ്യക്തത.

5) ഭിന്നശേഷിക്കാരുടെ പ്രത്യേകത മനസ്സിലാക്കി വിദ്യാഭ്യാസം/അഭിരുചി ഇവയെല്ലാം പരിപോഷിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിലുള്ള അഭാവം.

6) ഭിന്നശേഷിക്കാരെ പൊതുസമൂഹത്തിനോടൊപ്പം മുഖ്യധാരയിലേക്ക് എത്തിക്കാൻ വേണ്ടിയുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കാൻ ഇതുവരെ സാധ്യമായിട്ടില്ല.

7) പദ്ധതികൾക്കായി പലതലങ്ങളിൽ വിഭവ സമാഹരണം നടത്താൻ ആവുമെങ്കിലും ആ സാധ്യത വേണ്ടത്ര ഉപയോഗിച്ച് കാണുന്നില്ല.

8) ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾ നേരിടുന്ന മാനസിക സംഘർഷങ്ങൾക്കുള്ള പ്രതിവിധിയോ അത് തരണം ചെയ്യാനുള്ള കരുത്ത് നൽകുവാനോ കഴിയുന്നില്ല.

9) ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ നൽകുന്നതിനു പുറമെ അസ്സിസ്റ്റീവ് ടെക്നോളജിയിൽ പഠന സാധ്യതകൾക്കുള്ള മുൻതൂക്കം നൽകുന്നില്ല.

10) ജനനത്തിനു മുൻപ് തന്നെ വൈകല്യങ്ങൾ നിർണ്ണയിക്കാൻ ഉള്ള നൂതനവും സാങ്കേതികവുമായ ഉപകരണങ്ങൾ പ്രൈവറ്റ് ആശുപത്രികളിൽ നിലവിലുണ്ടെങ്കിലും സാധാരണക്കാർ എത്തുന്ന ഗവ. ആശുപത്രികളിൽ ആയത് ലഭ്യമല്ല.

11) കായിക ശേഷി വികസനം, കല, സർഗാത്മകത എന്നിവ ഓരോരുത്തരുടെയും കഴിവനുസരിച്ച് വികസിപ്പിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു.

വികസന സാധ്യതകൾ

- ആധാർ കാർഡ്, റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ക്യാമ്പുകൾ സംഘടിപ്പിക്കുക.

- ഭിന്നശേഷിക്കാരുടെയും മാതാപിതാക്കളുടെയും ക്ലബ്ബുകൾ രൂപീകരിക്കുകയും അവർക്ക് ബോധവത്ക്കരണ ക്ലാസുകൾ നൽകുകയും ചെയ്യണം.

- ത്രിതല പഞ്ചായത്ത് വഴി സ്കൂളുകളിലും ഗ്രാമസഭകളിലും ബോധവത്ക്കരണം സംഘടിപ്പിക്കുക.

- ത്രിതല പഞ്ചായത്ത് ഗ്രാമസഭകളിൽ ഭിന്നശേഷിക്കാരുടെ ഫണ്ടുകൾക്കുള്ള അഭാവം നികത്തുകയും പദ്ധതികൾ രൂപീകരിക്കുമ്പോൾ അവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

- ഭിന്നശേഷിക്കാരുടെ മാനസിക-വൈകാരിക ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് അവരുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും മാതാപിതാക്കൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാം.
- വിഭവ സംഭരണത്തിനായി എൻ.ജി.ഒമാരുടെ സഹായം ലഭ്യമാക്കുക.

- പൊതുസ്ഥലങ്ങളും സർക്കാർ ഓഫീസുകളും ഭിന്നശേഷിസൗഹൃദമാക്കുക. (Disabled friendly)

- ഭിന്നശേഷിക്കാരായ കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടിയുള്ള പരിശീലനങ്ങൾ നൽകുകയും സ്വയംതൊഴിൽ അഭ്യസിപ്പിക്കുകയും ചെയ്യാവുന്നതാണ്.

- ഭിന്നശേഷിക്കാർക്ക് ബ്ലോക്ക്തല വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുക.

- വീട്ടിൽ നിന്ന് പുറത്തേക്കു പോകാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് മൊബൈൽ യൂണിറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി പരിശൈലനങ്ങളും, ആരോഗ്യപരിചരണവും നൽകാവുന്നതാണ്.

- ജനിതക പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനും മുൻകരുതലുകൾ എടുക്കുന്നതിനും ജില്ലാതലതലത്തിൽ സെന്ററുകൾ ആരംഭിക്കുക.

- പഞ്ചായത്ത് തലത്തിൽ വർഷത്തിൽ ഒരിക്കൽ ഭിന്നശേഷിയുള്ള കുട്ടികളുടെ കലാകായിക മത്സരങ്ങൾ നടത്തുക. ഫൈൻ ആർട്സ് പരിശീലനം നൽകുക.

- മാനസിക-വൈകാരിക വികാസം സാധ്യമാക്കുന്നതിനായി കൗൺസിലിംഗ് സേവനങ്ങൾ നടപ്പിലാക്കുക.

- ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി പൊതു സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- രാപകൽ പരിപാലന കേന്ദ്രം/ബഡ്സ് സ്കൂൾ പദ്ധതികൾ നടപ്പിലാക്കുക.

വികസന പരിപ്രേക്ഷ്യം (ഹ്രസ്വകാലം)

- സുരക്ഷിതത്വം.
- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
- പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- സ്വയം തൊഴിൽ പരിശീലനം നൽകുന്നതിലൂടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക.
- പൊതു സ്ഥലങ്ങളും സർക്കാർ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുക.

ദീർഘകാല വികസന പരിപ്രേക്ഷ്യം

- എല്ലാ മേഖലകളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- വിവേചന രഹിതമായ സമൂഹം സൃഷ്ടിക്കുക.

2017–18 വർഷം ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

- മുച്ചക്ര സ്ക്കൂട്ടർ
- സ്ക്കോളർ ഷിപ്പ്
- പെട്ടിക്കട
- സ്വയം തൊഴിൽ പരിശീലനം
- സൈക്കോ സോഷ്യൽ അസിസ്റ്റൻസ് – പുനരധിവാസ സ്ഥാപനങ്ങൾക്കും, സഹായവൈകല്യമുള്ളവർക്കും.
- സഹായ ഉപകരണങ്ങൾ

കുട്ടികൾ

ഐ.സി.ഡി.എസ് പദ്ധതി

ആമുഖം

സംയോജിത ശിശു വികസന സേവന പദ്ധതി കേരളത്തിൽ ആദ്യമായി ആരംഭിച്ചത് 1975 ഒക്ടോബർ 2ന് മഹാത്മാഗാന്ധിയുടെ 106–ാം ജന്മദിനത്തിൽ മലപ്പുറം ജില്ലയിലെ വേങ്ങരയിലാണ് 6 വയസ്സുവരെയുള്ള കുട്ടികളുടെ അടിസ്ഥാന അവകാശങ്ങൾ നിറവേറ്റുക എന്നത് ലിഖിത ഭരണഘടയുള്ള ഏതൊരു ജനാധിപത്യ രാജ്യത്തിൻെറയും കൂട്ടായ ഉത്തരവാദിത്വമാണ്. ആയതിനായി ഭാരതസർക്കാർ സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്ര വികസനത്തിനായി ആവിഷ്ക്കരിച്ച ഏറ്റവും, ബൃഹത്തായ പദ്ധതിയാണ് സംയോജിത ശിശുസേവന പദ്ധതി. ഏകദേശം 34 ദശലക്ഷം കുട്ടികൾക്കും 7 ദശലക്ഷം ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കുമായി ഈ സേവനം ലഭ്യമാകുന്നു ഒരു ക്ഷേമപദ്ധതി എന്നതിന് ഉപരിയായി കട്ടികളുടെ അവകാശാധിഷ്ഠിത ഉടമ്പടിയിൽ പ്രതിപാദിക്കുക അടിസ്ഥാന അവകാശങ്ങളായ ആഹാരം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ ഈ പദ്ധതിയിലൂടെ ഓരോ കുട്ടിക്കും ഉറപ്പുവരുത്തുന്നു അങ്കണവാടി കേന്ദ്രങ്ങളാണ് അവകാശാധിഷ്ഠിത സേവനദാതാക്കളായി ഇന്ത്യയിൽ ഒട്ടാകെ പ്രവർത്തിക്കുന്നത്.

ജനസംഖ്യ	ആൺ	പെൺ	6 മാസംമുതൽ 3 വയസ്സുവരെ	3 വയസ്സു മുതൽ 6 വയസ്സുവരെ	ഗർഭിണികൾ	പാലൂട്ടുന്ന അമ്മമാർ	കൗമാരപ്രായക്കാർ
600095	296810	303285	27802	19450	5624	4998	61152

അവലംബം : സാമൂഹ്യനീതി വകുപ്പ് പത്തനംതിട്ട

ജനസംഖ്യക്ക് 1384 അങ്കണവാടികളും 5 മിനി അങ്കണവാടികളും പ്രവർത്തിക്കുന്നു. ഇലന്തൂർ, മല്ലപ്പള്ളി, പുളിക്കീഴ്, കോയിപ്രം എന്നീ ബ്ളോക്കുകളിലായി ഓരോ ശിശുവികസന പദ്ധതി ആഫീസുകളും റാന്നി, കോന്നി, പറക്കോട്, പന്തളം എന്നീ ബ്ളോക്കുകളിലായി 2 വീതം ശിശുവികസന പദ്ധതി ആഫീസുകളും പ്രവർത്തിച്ചുവരുന്നു. ഇലന്തൂർ, റാന്നി എന്നീ ശിശു വികസന സേവനപദ്ധതി ആഫീസുകൾ ഒഴികെ മറ്റ് ആഫീസുകളിൽ എല്ലാം തന്നെ ബ്ളോക്ക്/ഗ്രാമപഞ്ചായത്തുകൾ പ്രവർത്തന സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഐ.സി.ഡി.എസ് പദ്ധതിയുടെലക്ഷ്യങ്ങൾ.

- 0 മുതൽ 6 വയസ്സു വരെയുള്ള കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.
- കുട്ടികളുടെ മാനസിക വികാസത്തിന് ആവശ്യമായ അടിത്തറ പാകുക.
- ശിശുമരണ നിരക്ക്, രോഗതുരത, പോഷകാഹാരക്കുറവ്, സ്ക്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് എന്നിവ കുറയ്ക്കുക.
- കുട്ടികളുടേയും, സ്ത്രീകളുടേയും സമഗ്ര വികസനത്തിന് ആവശ്യമായ പദ്ധതികൾ മറ്റ്
- വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുക.
- കുട്ടികളുടെ ശരിയായ വളർച്ചയും ആരോഗ്യവും, പോഷണവും ഉറപ്പുവരുത്തുന്നതിന് അമ്മമാർക്ക്
- ആവശ്യമായ ബോധനവൽക്കരണ ക്ളാസുകൾ നൽകുക എന്നിവയാണ് വകുപ്പ് വിഭാവനം ചെയ്യുന്നത്.

ശിശുവികസന പദ്ധതി ദൗത്യക്രമം

- ശൈശവപൂർവകാല സംരക്ഷണം, വിദ്യാഭ്യാസം, വികസനം
- ശരിയായ പരിചരണം, പോഷകാഹാരം കഴിക്കേണ്ട ആവശ്യകതയെക്കുറിച്ച് അമ്മമാരെ ബോധ്യപ്പെടുത്തുന്നു.
- ആരോഗ്യ സേവനങ്ങൾ.പൊതു പങ്കാളിത്തം, ബോധവൽക്കരണം, ശുപാർശ, വിവരവിനിമയ വിദ്യാഭ്യാസം. എന്നീ ഘടകങ്ങളിൽ ഊന്നികൊണ്ട് അങ്കണവാടി പ്രദേശത്തെ ഗുണഭോക്കളായ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, രോഗപ്രതിരോധ കുത്തിവയ്പ്പ്, പരാമർശസേവനം എന്നിവ ഉറപ്പുവരുത്തുന്നു. 3 വയസ്സുമുതൽ 6 വയസ്സുവരെ അനുപൂരക പോഷകാഹാരം
- അനൗപചാരിക പ്രീസ്ക്കൂൾ വിദ്യാഭ്യാസം

  → വളർച്ചാ നിരീക്ഷണം.

  → വളർച്ചയുടെ നാഴികകല്ലുകളുടെ പരിശോധന.

  → രോഗപ്രതിരോധ കുത്തിവയ്പ്പ്.

ഗർഭിണികളായ അമ്മമാർ

- അനുപൂരക പോഷകാഹാരം
- ഗർഭംവളരെ നേരത്തെ തന്നെ രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കൽ.
- ശരീരഭാരം വർദ്ധന മനസ്സിലാക്കൽ.
- പ്രതിരോധ കുത്തിവയ്പ്പുകൾ.
- ആരോഗ്യ പരിശോധന ഉറപ്പാക്കൽ.
- ആരോഗ്യവും വ്യക്തി ശുചിത്വവും ഉറപ്പാക്കൽ
- ആരോഗ്യ പോഷണ വിദ്യാഭ്യാസം.
- പ്രധാനമന്ത്രി മാതൃവന്ദന യോജന.

പാലൂട്ടുന്ന അമ്മമാർ.

- അനുപൂരക പോഷകാഹാരം
- മുലയൂട്ടൽ പ്രോൽസാഹിപ്പിക്കുക.
- കുട്ടിയുടെവളർച്ചയുടെ നാഴികകല്ല് പരിശോധന
- ജനനം രജിസ്റ്റർ ചെയ്യുക.
- വളർച്ച നിരീക്ഷണം.
- നവജാതശിശു പരിചരണം
- *രോഗപ്രതിരോധ കുത്തിവയ്പ്പ്.
- ആരോഗ്യവും, വ്യക്തിശുചിത്വവും ഉറപ്പാക്കൽ.
- ശിശു പരിചരണം.
- ആരോഗ്യ പോഷണവിദ്യാഭ്യാസം.

കൗമാര പ്രായക്കാരായ പെൺകുട്ടികൾ

- അനുപൂരക പോഷകാഹാരം
- ആരോഗ്യവും, വ്യക്തിശുചിത്വവും
- കൗമാരകുട്ടികളുടെ സംഗമവേദി ഒരുക്കൽ.
- ജീവിതനൈപുണ്യം വികസിപ്പിക്കൽ.
- കൗമാരആരോഗ്യവും പോഷണ വിദ്യാഭ്യാസവും.
- സൈക്കോസോഷ്യൽ കൗൺസിലിംഗ്

താരതമ്യപഠനം

അങ്കണവാടികൾ വഴിയുള്ള സേവനങ്ങൾ 6 മാസം മുതൽ 3 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും പോഷകാഹാരം നൽകാൻ നിർദ്ദേശിച്ചിരിക്കുന്നു. പോഷകാഹാരത്തിന് ആവശ്യമായ തുക വഹിക്കുന്നത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നിശ്ചിത തുക കണക്കാക്കി ഓരോ ഗുണഭോക്താവിനും ചെലവായ തുകയുടെ 50% കേന്ദ്ര സർക്കാർ വിഹിതമായി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിവരുന്നു.

പട്ടിക.4.74

പോഷകാഹാര നിലവാരം പത്തനംതിട്ട ജില്ല

നിലവാരം	ഇപ്പോഴത്തെ നില 2017	ഇടക്കാല ലക്ഷ്യം	ദീർഘകാല ലക്ഷ്യം 2020
സാധാരണതൂക്കം	85%	90%	100%
ലഘുവായ ഭാരക്കുറവ്	13%	10%	
ഗുരുതരമായ ഭാരകുറവ്	2%	1%	

അവലംബം : സാമൂഹ്യനീതി വകുപ്പ് പത്തനംതിട്ട

100% കുട്ടികളും ശരിയായ വളർച്ചയും വികാസത്തിലും എത്തിച്ചേരുന്നതിന് ആവശ്യമായ ഇടപടലുകൾ നടത്തേണ്ടതുണ്ട്.

വിടവ്

1. വൈറ്റമിൻ എ യുടെലഭ്യത കുറവ്.
2. കുടുംബശ്രീ യൂണിറ്റുകൾ ടി.എച്ച്.ആർ വിതരണം നടത്തുന്നതിലെ കാലതാമസം.
3. ആവശ്യമായ ഫണ്ടിൻെറ ലഭ്യതകുറവ്.
4. അങ്കണവാടികളോടുള്ള പൊതുജനങ്ങളുടെ താൽപര്യ കുറവ്.
5. ഐ.സി.ഡി.എസ് ഇതര ജോലികളിൽ അങ്കണവാടി പ്രവർത്തകരെ നിയോഗിക്കാൻ ആവശ്യമായ സൂപ്പർവൈസറി ജീവനക്കാരുടെകുറവ്.
6. അങ്കണവാടികളിൽ ആവശ്യമായ ഭൗതീക സാഹചര്യങ്ങളുടെ കുറവ്.
7. അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണമേന്മ സംബന്ധിച്ച പൊതുജനങ്ങളുടെ അറിവില്ലായ്മ.

നിർദ്ദേശങ്ങൾ

- 6 മാസംവരെ പൂർണ്ണമായും മുലയൂട്ടൽ മാത്രം പ്രോൽസാഹിപ്പിക്കുക 2 വയസ്സ് വരെ മുലയൂട്ടൽ തുടരുന്നതിനോടൊപ്പം അനുപൂരക പോഷകാഹാരംകൂടി നൽകുക. ഇത് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.
- നിരന്തരമായ ഗൃഹസന്ദർശനം നടത്തുക.
- ന്യൂട്രീഷൻ കൗൺസിലേഴ്സ്, സൂപ്പർവൈസേഴ്സ് ജന പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി വിവര വിനിമയ വിദ്യാഭ്യാസം പൊതുജനങ്ങൾക്ക് നൽകുക.
- പ്രാദേശികമായി ലഭ്യമാകുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിച്ച് തയ്യാറാക്കാവുന്ന ശിശു ആഹാരങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നതിന് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്കു നൽകുക.
- പ്രാദേശികമായി ലഭ്യമാകുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിച്ച് തയ്യാറാക്കാവുന്ന ശിശു ആഹാരങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നതിന് ആവശ്യമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകുക.
- NRHMൻെറ ഐ.സിഡി.എസി ൻെറ സഹായത്തോടെ വാർഡ് തലത്തിൽ ന്യൂട്രീഷൻ കൗൺസിലിംഗ് ക്ളിനിക്കുകൾ അങ്കണവാടി തലത്തിൽ രൂപീകരിക്കുക. ട്രെയിനിംഗുകൾ നൽകുക.
- വൈകല്യങ്ങൾ കാലേകൂട്ടി കണ്ടുപിടിക്കുക.
- പരാമർശ സേവനം ഉറപ്പുവരുത്തുക.
- യഥാസമയമുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ ഉറപ്പുവരുത്തുക.
- എല്ലാ മാസവും കുട്ടികളുടെ വളർച്ചാ നിരീക്ഷണം നടത്തുക.
- വളർച്ച നിരീക്ഷണം നടത്തി, അമിത പോഷണം, ന്യൂനപോഷണം എന്നിവ തടയുന്നതിനാവശ്യമായ പോഷക ഘടകങ്ങൾ അധികമായി ഉൾക്കൊള്ളിച്ചുകൊണ്ട് ആഹാര പദാർത്ഥങ്ങൾ കുട്ടികളുടെ ആവശ്യകത കണ്ടെത്തി വിതരണം ചെയ്യുക.
- വൈറ്റമിൻ എയുടെ ലഭ്യത ഉറപ്പുവരുത്തുക.
- മലയോര തീരദേശ മേഖല ആദിവാസി മേഖലകളിൽ കുട്ടികളുടെ സമഗ്ര ആരോഗ്യ വികസനം ലക്ഷ്യമാക്കി ഒരു ലിങ്ക് വർക്കറുടെ സേവനം ഉറപ്പാക്കുക.
- അങ്കണവാടിവഴി നൽകുന്ന സേവനങ്ങളുടെ പ്രചാരം നടത്തുക.
- അങ്കണവാടി പ്രവർത്തകരിൽ ജോലിയോടുള്ള താൽപര്യം വളർത്തുന്നതിന് ആവശ്യമായ കൗൺസിലിംഗ് നൽകുക.

- അങ്കണവാടികൾ വഴി നൽകുന്ന പോഷകാഹാര ലഭ്യത ജനപ്രതിനിധികൾ ഉറപ്പുവരുത്തുക.
- ആവശ്യമായ ഫണ്ട് വകയിരുത്തുക.
- എല്ലാ അങ്കണവാടികളെയും സാമൂഹ്യ വിഭവകേന്ദ്രങ്ങളാക്കുക.
- ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുക., അടിസ്ഥാന സൗകര്യം കൂട്ടുക.

വിഷയമേഖലയുടെ ജില്ലാതല ലക്ഷ്യങ്ങൾ

ഹ്രസ്വകാലലക്ഷ്യം

- 6 മാസംമുതൽ 3 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക.
- 6 മാസം മുതൽ എല്ലാ കുട്ടികളുടേയും വയസ്സിന് ആനുപാതികമായി സാധാരണ ശരീര ഭാരത്തിലേക്ക് എത്തിക്കുക.
- അങ്കണവാടികൾകേന്ദ്രീകരിച്ച് പോഷകാഹാര പ്രദർശനം നടത്തുക. പോഷകാഹാരത്തിൻെറ പ്രാധാന്യങ്ങൾ വിളിച്ചോതുന്ന ലഘുലേഖകൾ, പോസ്റ്ററുകൾ, കൈപുസ്തകം, എന്നിവ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ തയ്യാറാക്കി വിതരണം ചെയ്യുക. നവമാധ്യമങ്ങൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

മേഖലയിലെ പ്രധാന വികസന പ്രശ്നങ്ങൾ

1) വിവിധ മേഖലയിലെ കുട്ടികളുടെ വിവരശേഖരണത്തിലുള്ള അഭാവം പദ്ധതി രൂപീകരണത്തിൽ കാലവിളംബം സൃഷ്ടിക്കുന്നു.

2) ഉദാ: നഗരചേരി പ്രദേശങ്ങളിലെ കുട്ടികൾ, ഭിന്നശേഷി വിഭാഗം, കുറ്റകൃത്യത്തിലേർപ്പെട്ട മാതാപിതാക്കളുടെ കുട്ടികൾ, അന്യസംസ്ഥാനക്കാരുടെ കുട്ടികൾ, എച്ച്.ഐ.വി ബാധിതരായ മാതാപിതാക്കളുടെ കുട്ടികൾ.

3) കുറ്റകൃത്യങ്ങളിലേർപ്പെട്ടു പോകുന്ന കുട്ടികളെ ദുർഗ്ഗുണപരിഹാര പ്രക്രിയയിലൂടെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് പര്യാപ്തമായ നയങ്ങളുടെ അപര്യാപ്തത.

4) കുട്ടികളിലെ ലഹരി ഉപഭോഗത്തെ സംബന്ധിച്ച് കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ലാത്തത് കൃത്യമായ ഇടപെടലിന് തടസ്സം സൃഷ്ടിക്കുന്നു.

5) അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണത്തിലെ കുറവ്, അങ്കണവാടികൾ എന്ന സ്ഥാപനത്തോടുള്ള സമൂഹത്തിന്റെ മനോഭാവം, ഏകീകൃതമായ പ്രീ പ്രൈമറി വിദ്യാഭ്യാസ രീതിയുടെ അഭാവം.

6) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണമേൻമ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവില്ലായ്മ, ആവശ്യമായ ഫണ്ടിന്റെ ലഭ്യതക്കുറവ്.

7) ഭിന്നശേഷിക്കാരായവർക്ക് തടസ്സമില്ലാതെ പ്രവേശിക്കുന്നതിനുള്ള റാമ്പുകൾ, നടപ്പാതകൾ, ലിഫ്റ്റുകൾ, ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ എന്നിവയുടെ അഭാവം.

മേഖലയിലെ പ്രധാന വികസന സാധ്യതകൾ

I. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സർക്കാർ-സർക്കാരിതര വകുപ്പുകൾ മുഖാന്തിരമുള്ള സമയബന്ധിതമായ വിവരശേഖരണം ഉറപ്പുവരുത്തുക.

II. ബേട്ടി ബചാവോ ബേട്ടി പഠാവോ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി വിപുലീകരിക്കുക, എല്ലാ വകുപ്പുകളിലും വ്യാപിപ്പിക്കുക, സമാനമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.

III. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ സാമൂഹിക മാനസിക വികസനം ഉറപ്പു വരുത്തുന്ന രീതിയിൽ വയസ്സിന് അനുസൃതമായി സ്ഥാപനവൽക്കരിക്കുക.

IV. കുട്ടികളിലെ ലഹരി ഉപഭോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്കൂളുകളിൽ ശിശുസംരക്ഷണ കമ്മറ്റികൾ ശക്തിപ്പെടുത്തുക. വിവിധ പ്രവർത്തനങ്ങളിൽ കുട്ടികളെ ഉൾപ്പെടുത്തി മെച്ചപ്പെട്ട മാനസികാരോഗ്യം ഉറപ്പുവരുത്തുക.

V. അങ്കണവാടികൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം. അങ്കണവാടികളെ മോഡൽ അങ്കണവാടികളാക്കി ഉയർത്തുക, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, അങ്കണവാടികളോടനുബന്ധിച്ച് ക്രഷുകൾ, ജോലിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് സ്കൂൾ സമയത്തിന് ശേഷം തങ്ങുന്നതിനുള്ള സംവിധാനം സജ്ജീകരിക്കുക.

2017-18 വർഷം ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

1. അംഗനവാടികളിലുടെയുള്ള പോഷകാഹാര പദ്ധതികൾ
2. അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.
3. ശിശു സൗഹൃദ ഫർണിച്ചർ
4. കളിപ്പാട്ടങ്ങൾ
5. ബാലസഭാ പ്രവർത്തനം കാര്യക്ഷമമാക്കൽ

1. അംഗനവാടികളിലുടെയുള്ള പോഷകാഹാരപദ്ധതികൾ

അനുപൂരക പോഷകാഹാരം സമൂഹത്തിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാകത്തക്ക രീതിയിൽ പഞ്ചായത്തുകൾ പ്രോജക്റ്റുകൾ രൂപപ്പെടുത്തേണ്ടതാണ്. കാരണം ന്യൂനപോഷണം എല്ലാ വിഭാഗങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ്.

2.അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.

ഓരോ ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗനവാടികൾക്കും കെട്ടിടങ്ങൾക്കും അടിസ്ഥാന സൗകര്യം ലഭ്യമാക്കുക വഴി എല്ലാ ജന വിഭാഗത്തിൽ പെട്ട കുട്ടികളെയു അംഗനവാടികളിലേക്ക് ആകർഷിക്കാവുന്നതാണ്.

ബാലസൗഹൃദ പഞ്ചായത്തുകൾ രൂപവത്കരിക്കപ്പെടുന്നതിന്റെ ഭാഗമായി ഫ്രീ സ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ള എല്ലാ സ്ഥാപനങ്ങളും, ബാലസൗഹൃദമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും വേണ്ട പദ്ധതികൾ ത്രിതലപഞ്ചായത്തുകൾ വഴി നടപ്പാക്കേണ്ടതുണ്ട്.

ട്രാൻസ്ജെൻഡർ

ആമുഖം

സമൂഹത്തിൽ ഏറ്റവും കൂടുതൽ വൈകാരിക സമ്മർദ്ദം അനുഭവിക്കുന്നവരും, സ്വത്വം വെളിപ്പെടുത്തുവാൻ വയ്യാതെ ജീവിക്കുന്നവരുമായ ജനവിഭാഗമാണ് ട്രാൻസ്ജെൻഡർമാർ. കേരളം പോലെയുള്ള സംസ്ഥാനത്ത് അവരെ മുഖ്യധാരയിലെത്തിയ്ക്കുവാൻ ഏറ്റവും പ്രയാസമാണെന്നു കാണാം. കുടുംബബന്ധങ്ങളിലും, സാമൂഹ്യ ജീവിതത്തിൽ കേരളീയർ ഏറെ പ്രാധാന്യം നൽകുന്നതും ഒരുപക്ഷെ സോഷ്യൽസ്റ്റിഗ്മ വച്ചു പുലർത്തുന്നതും ആകാം ഇതിനു കാരണം.

എന്നാൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൻറെ അവകാശ സംരക്ഷണം സാധ്യമാകുന്നതിന് അവർക്കായി ഒരുനയം അംഗീകരിച്ചതും ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചതും ഇന്ത്യയിൽ ആദ്യമായി കേരള സംസ്ഥാനത്താണെന്ന് നമുക്ക് അഭിമാനിക്കാം. ഇത് നടപ്പിലാക്കിയത് സാമൂഹ്യ നീതി വകുപ്പാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2014/04/15 ലെ വിധി ന്യായത്തെ ചുവടുപിടിച്ചാണ് സംസ്ഥാനം ഈ നയം അംഗീകരിച്ചത്. ട്രാൻസ്ജെൻഡർ വിഭാഗത്തിന് ലിംഗപരവും സാമൂഹ്യപരവുമായ ഒരു കാരണത്താലും വിവേചനം ഉണ്ടാവാൻ പാടില്ല. നിലവിൽ സ്വീകാര്യമായ പുരുഷൻ, സ്ത്രീ എന്ന വിഭാഗത്തിനു പുറമെ മൂന്നാംലിംഗക്കാരെയും അംഗീകരിക്കുകയും അവരുടെ അവകാശസംരക്ഷണം സാധ്യമാക്കേണ്ടതും ഓരോ ഭരണാധികാരിയുടെയും കടമയായി വിവക്ഷിക്കുന്നു.

സ്ഥിതി വിവരം

പത്തനംതിട്ട ജില്ലയിൽ ഇവർക്കായി ഒരു സംഘടന 'സുരക്ഷ' പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. നിലവിൽ ജില്ലയിൽ 103 ട്രാൻസ്ജെൻഡറുകൾ ആണ് ഉള്ളത്. ഒരു പക്ഷെ സ്വയം വെളിപ്പെടുത്തുവാൻ കഴിയാതെ ഇനിയും എത്രയോ പേർ എത്രയോ കുടുംബങ്ങളിലുണ്ടാകാം.

നിലവിലെ പദ്ധതികൾ

നിലവിൽ ഇവർക്കായി സാമൂഹ്യനീതി വകുപ്പിലൂടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

- ഭിന്നലിംഗക്കാർക്ക് തിരിച്ചറിയൽ കാർഡ്
- ഡ്രൈവിംഗ് പരിശീലനം
- തുടർ വിദ്യാഭ്യാസത്തിനു സ്കോളർഷിപ്പ്

വിശകലനം – വിടവ്

സമൂഹത്തിൽ ഇവർക്കെതിരെ നിലനിൽക്കുന്ന 'അയിത്ത'ത്തിനെതിരെ ബോധവൽക്കരണ പരിപാടികളും സാമൂഹ്യ അംഗീകാരവും ആവശ്യമാണ്. ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ ഇവരുടെ ക്ഷേമത്തിനായി മുന്നോട്ടു വരുകയും സംസ്ഥാന തലത്തിൽ വിഭാവനം ചെയ്യുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. ഓരോ ഭിന്നലിംഗക്കാരനും, ഞാൻ മൂന്നാം ലിംഗക്കാരനാണെന്ന് അവൻറെ കുടുംബത്തിലും സമൂഹത്തിലും ഉറക്കെ വിളിച്ചുപറയാനുള്ള സാഹചര്യം ഉണ്ടാകണം.

പദ്ധതി നിർദ്ദേശങ്ങൾ

- **ഭിന്നലിംഗക്കാർക്കുള്ള ഡേ ഷെൽറ്റർ:**

എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഡേ- ഷെൽറ്റർ നഗരപ്രദേശത്ത്, ട്രാൻസ്ജെൻഡറിന് പകൽ സമയം ചിലവഴിക്കുന്നതിന് ഏറ്റെടുത്ത് നൽകാവുന്നതാണ്. പത്രം, മാസികകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ, മറ്റു വിനോദോപാധികൾ, ചെസ്സ്, കാരംസ്സ്, എന്നിവ ഉണ്ടായിരിക്കുകയും അവരുടെ തന്നെ സംഘടനാ പ്രതിനിധികളെ സെന്റർ ഏൽപ്പിക്കാവുന്നതുമാണ്. കേന്ദ്രം വാടകയ്ക്ക് ഏറ്റെടുക്കുവാൻ കഴിയും.

- **സാമ്പത്തിക ശാക്തീകരണത്തിനായുള്ള പദ്ധതികൾ:**

ട്രാൻസ്ജെൻഡർ വിഭാഗത്തിനെ ശാക്തീകരിക്കുന്നതിന് അവരുടെ അഭിരുചിയുടെ അടിസ്ഥാനത്തിൽ വിവിധ വരുമാനദായക സംരംഭങ്ങൾ നൽകാവുന്നതാണ്. ഉദാഹരണത്തിന് ബ്യൂട്ടീപാർലർ മാനേജ്മെൻറ് ആൻഡ് ബ്യൂട്ടീ കിറ്റ് നൽകൽ - എന്ന പദ്ധതിയിൽ പരിശീലനവും ആയതിന് സ്വന്തം വീട്ടിൽ പാർലർ തുടങ്ങുന്നതിന് അത്യാവശ്യ ഉപകരണങ്ങൾ, മറ്റു അവശ്യ വസ്തുക്കളും നൽകാവുന്നതാണ്.

1 **കലാ അഭിരുചി പ്രോത്സാഹനവും ഒപ്പം വരുമാനം ലഭ്യമാകുന്ന സംരംഭങ്ങളും:**

പ്രദർശന കലകളിൽ ഇവരിൽ അധികം പേർക്കും ആഭിമുഖ്യം ഉണ്ടെന്നു കാണാം. ഇവർക്കായി ഓർക്കസ്ട്ര, ഡാൻസ് ട്രൂപ്പ്, സിനിമാറ്റിക് ഡാൻസ് ടീം, എന്നിങ്ങനെ വരുമാനം ലഭ്യമാകുന്ന പ്രദർശന പരിപാടികൾ അവരുടെ അഭിരുചി പ്രോത്സാഹനത്തിനും കാരണമാകുന്നു. ഈ സംരംഭങ്ങൾക്കാവശ്യമായ വാദ്യോപകരണങ്ങൾ, പി.എ സിസ്റ്റം, എന്നിവ വാങ്ങി നൽകുവാൻ സാധിക്കും.

2. **ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയെക്കുറിച്ചുള്ള അവബോധം:-**

ചെറുപ്പത്തിൽ 'ട്രാൻസ്ജെൻഡർ' വ്യക്തിയ്ക്ക് അവന്റെ/അവളുടെ മാനസിക നിലവാരത്തിനൊത്ത് വ്യക്തിവികാസം പ്രാപ്തമാകുന്നില്ല. അവരെ പ്രാപ്തമാക്കുന്നതിന് മാതാപിതാക്കൾക്കും, പിന്നെ അദ്ധ്യാപകർക്കും ആണ് ഏറിയ പങ്ക്. ആയതിന് ട്രാൻസ്ജെൻഡറെ സംബന്ധിച്ചും അവരുടെ അവകാശ സംരക്ഷണത്തെക്കുറിച്ചും, സമൂഹത്തിൽ അവർക്കുള്ള പ്രാധാന്യത്തെക്കുറിച്ചും പ്രൈമറിതലം മുതൽ എല്ലാ സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർതൃ സമിതിയിലും ക്ലാസ്സുകളും ചർച്ചകളും ബോധവൽക്കരണവും നടപ്പാക്കേണ്ടതും അദ്ധ്യാപകർ മറ്റു കുട്ടികളിൽ ട്രാൻസ്ജെൻഡർ വിഭാഗത്തോട് അനുതാപം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതുമാണ്.

ലക്ഷ്യം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ എല്ലാ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കുമ്പോൾ ജെൻഡർ ബഡ്ജറ്റിങ്ങിൽ സ്ത്രീകൾക്കൊപ്പം ട്രാൻസ്ജെൻഡർമാരെയും പരിഗണിക്കുകയും ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങൾ ആസ്വദിക്കുവാൻ ട്രാൻസ്ജെൻഡർ വിഭാഗത്തിനും അവസരം നൽകുകയും അവരെ മുഴുവൻ പേരെയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുക.

****

ഭാഗം–2

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം 5

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രോയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

വിവിധ വകുപ്പുകൾ മുഖേന ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിവരണവും അവയെ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങളുമാണ് ഈ അദ്ധ്യായത്തിൽ പരാമർശിക്കുന്നത്.

സംസ്ഥാന പദ്ധതികൾ

I. കൃഷി

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് കൃഷി വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. കരനെൽകൃഷി

സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ എല്ലാ വീട്ടുമുറ്റത്തു നിന്നും നെല്ല് ഉല്പാദിപ്പിക്കുന്നതിനായി മുറ്റത്തു നിന്നും ഒരു പറ നെല്ല് എന്ന പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നു. പ്രാദേശികമായ വിത്തിനങ്ങൾ ഉപയോഗിച്ച് പരമാവധി ജൈവരീതീയിലുള്ള കൃഷിയാണ് അവലംബിക്കുന്നത്. ഇതിൻപ്രകാരം 2016 – 17 ൽ കര നെൽ കൃഷി 143 ഹെക്ടർ സ്ഥലത്ത് ചെയ്തിട്ടുണ്ട്.

2. തരിശുനില കൃഷി

വർഷങ്ങളായി തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നമ്മുടെ കാർഷിക പൈതൃകത്തിന്റെ അടിസ്ഥാനമായ നെൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ കരിങ്ങാലിച്ചാൽ പുഞ്ചതരിശുനില കൃഷിയിൽ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോജക്ട് വിവിധ ബ്ലോക്കുകളിലായി ഏകദേശം 495 ഹെക്ടറിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. സുസ്ഥിര നെൽകൃഷി വികസന പദ്ധതി

കൃഷി ചെലവുകൾ കുറച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി 2400 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.

4. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം

ഒരു ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങൾ കൃഷിയിറക്കിയിട്ടുണ്ട്

5. ഒരുപു ഇരുപ്പു കൃഷിയിറക്കുന്നതിനുള്ള സഹായം –

ടി പദ്ധതി 100 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്

6. നഗരപ്രദേശങ്ങളിലെ നെൽകൃഷി വികസനത്തിനായി പദ്ധതി അധിഷ്ഠിത സഹായം –

കരിങ്ങാലി പുഞ്ചകൃഷിയുമായി ബന്ധപ്പെട്ട് ടി പദ്ധതിയിൽ 6,00,000 രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു.

7. **ബ്ലോക്കുതലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം**

കരിങ്ങാലി പുഞ്ചയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ടി പദ്ധതിയിൽ 50,00,000 രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരംനൽകി.

8. **ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്കുള്ള പ്രവർത്തന ഫണ്ട്**

ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് മറ്റ് ചെലവുകൾക്കായി പ്രവർത്തന ഫണ്ടായി ഹെക്ടറിന് 300 രൂപ നിരക്കിൽ 1500 ഹെക്ടർ സ്ഥലത്ത് 2.88 ലക്ഷം രൂപ ലക്ഷ്യമിട്ടിരിക്കുന്നു.

9. കിഴങ്ങുവർഗ്ഗ വികസന പദ്ധതി

ഈ പദ്ധതി പ്രകാരം കിഴങ്ങ് വർഗ്ഗ വികസന പദ്ധതിക്ക് 33.33 ഹെക്ടറിന് 5.00 ലക്ഷം രൂപ നിരക്കിൽ 66.66 ഹെക്ടർ സ്ഥലത്ത് 10.00 ലക്ഷം രൂപ ലക്ഷ്യമിട്ടിരിക്കുന്നു.

10. കർഷക പെൻഷൻ

60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലംവരെ കൃഷി ഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവന മാർഗ്ഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാം. വാർഷിക വരുമാനം 1.50 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. മറ്റേതെങ്കിലും പെൻഷൻ ഉള്ള പക്ഷം കർഷക പെൻഷന് അർഹത ഉണ്ടായിരിക്കുകയില്ല. പത്തനംതിട്ട ജില്ലയിൽ 15037 കർഷക പെൻഷൻ ഗുണഭോക്താക്കൾ ഉണ്ട്.

11. ക്രോപ്പ് ഹെൽത്ത് ക്ലിനിക്ക്.

പത്തനംതിട്ട ജില്ലയിൽ ആകെയുള്ള 8 ബ്ലോക്കുകളിൽ ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ നടത്തപ്പെടുന്നു. വിളകൾക്കുള്ള രോഗ കീടങ്ങളെ തിരിച്ചറിഞ്ഞ് അവയെ നിയന്ത്രിക്കുവാനുള്ള പരിഹാരമാർഗ്ഗം കാണുകയാണ് പ്രധാന ലക്ഷ്യം.

12. കാർഷിക മേഖലയിൽ ഒരുലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി.

ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മറ്റിക്കാണ് ഇതിന്റെ ചുമതല. ശാരീരികവും മാനസികവുമായി അവശത അനുഭവിക്കുന്നവർക്ക് 25,000 രൂപ ആനുകൂല്യം നൽകുന്നു. 60 വയസ്സ് പൂർത്തിയാകുമ്പോൾ ഓരോ അംഗത്തിനും പദ്ധതിയിൽ ചേർന്നപ്പോൾ ഉള്ള പ്രായം അനുസരിച്ച് 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റിയും മരണംവരെ പ്രതിമാസം 1000 രൂപ പെൻഷനും നൽകുന്നു. കൃഷി അനുബന്ധ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 4854 പേരാണ്.

13. **അഗ്രോ സർവ്വീസ് സെന്റർ**

ജില്ലയിൽ 2012–13ലാണ് അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനം തുടങ്ങുന്നത്. കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ യന്ത്രവത്കരണം നടപ്പിലാക്കുക, യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അടൂർ, കോന്നി, തിരുവല്ല, റാന്നി ബ്ലോക്കുകളിൽ 4 ആഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ അഗ്രോ ക്ലിനിക്കുകൾ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. കീടരോഗ നിയന്ത്രണം, അപഗ്രഥനം, നിർദ്ദേശങ്ങൾ എന്നിവ നൽകുന്നു.

2. യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു.
3. മൊബൈൽ ക്ലിനിക്ക് ഓടിക്കുന്നതിന് പ്രാദേശികമായ ഡ്രൈവർമാരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്.

കൃഷി ഭവനുകളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇക്കോഷോപ്പ്, പച്ചക്കറി വിത്തുവിതരണം, ഗ്രോബ് വിതരണം, തെങ്ങിൻ തൈ വിതരണം, ഫലവർഗ്ഗ തൈകൾ, ടിഷ്യുകൾച്ചർ, ഏത്തവാഴ വിതരണം ജൈവകീടനാശിനികൾ, തേക്കിൻതൈ വിതരണം, ബ്ലോക്ക് ലെവൽ നഴ്സറി തുടങ്ങിയ പ്രവർത്തനങ്ങളും അഗ്രോ സർവ്വീസ് സെന്റർ മുഖേന നടപ്പിലാക്കുന്നു.

14. **സംസ്ഥാന വിള ഇൻഷുറൻസ്**

പ്രകൃതിക്ഷോഭങ്ങളാലും, കാട്ടുപന്നി, കാട്ടാന തുടങ്ങിയ വന്യജീവികളുടെ ആക്രമങ്ങളാലും ഉണ്ടാകുന്ന വിള നാശത്തിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന പദ്ധതിയാണ് ഇത്. ഓരോ വിളകൾക്കും സർക്കാർ നിശ്ചയിച്ച പ്രീമിയം ഒടുക്കി കർഷകർക്ക് ഇതിൽ അംഗമാകാം. ജില്ലയിലെ എല്ലാ കൃഷി ഭവനുകളിലും വിള ഇൻഷുർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതാണ്.

ഓർഗാനിക് ഫാമിംഗ് പദ്ധതിയിലൂടെ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ആവശ്യമായ ഫണ്ടും സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട് ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തിൽ 10 ക്ലസ്റ്ററുകളുടെ രൂപീകരണവും 8 ഇക്കോ ഷോപ്പുകളുടെ വ്യാപനവുമാണ് ജില്ലയിൽ ലക്ഷ്യമിടുന്നത്. ഈ വർഷം ജില്ലയ്ക്ക് ടി പദ്ധതിയുമായി ബന്ധപ്പെട്ട് 40.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

15 .കുട്ടനാട് വികസനപദ്ധതി

കേരളത്തിലെ നെൽകൃഷി വികസനത്തിന് വളരെ പ്രാധാന്യമുള്ള പ്രദേശമാണ് കുട്ടനാട്. ഇവിടെ ഏകദ്ദേശം 1436 ഓളം പാടശേഖരങ്ങൾ നിലവിലുണ്ട്. മഴക്കാലത്ത് വെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിന് പാടശേഖരങ്ങളിൽ ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വിളവെടുത്ത് പൂർണ്ണതോതിൽ വിള ലഭ്യത ഉറപ്പുവരുത്തുന്നതിന് കേരള സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഇതാണ് കുട്ടനാട് വികസന പദ്ധതിയും അതിൽ ഉൾപ്പെടുന്ന ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമും.

പദ്ധതിയുടെ പ്രവർത്തനങ്ങൾ

പാടശേഖരങ്ങളുടെ നിലവിലുള്ള പുറംബണ്ട് ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുക, പുറംബണ്ടിന് ആവശ്യമായ കരിങ്കൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക, മോട്ടോർ തറ, മോട്ടോർ ഷെഡ് എന്നിവ നിർമ്മിച്ച് പമ്പിംഗ് മോട്ടോറുകൾ സ്ഥാപിക്കുക, പൊതുമട, ബോക്സ് കൾവർട്ട്, പൈപ്പ് കൾവർട്ട്, തൂമ്പ്, ബണ്ട് റോഡ് എന്നിവ നിർമ്മിക്കുക തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ.

പദ്ധതിയുടെ നേട്ടങ്ങൾ

ഇതിലൂടെ വെള്ളപ്പൊക്കം മൂലമുള്ള കൃഷിനാശം തടയുവാനും പരമാവധി വിളവെടുപ്പ് നേടുവാനും സാധിക്കുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം വിളവെടുക്കുവാനും കൃഷി ഏരിയ വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. കർഷകരുടെ പ്രയത്നങ്ങൾക്കും ആവശ്യങ്ങൾക്കും വളരെ സഹായകമാകുവാൻ ഈ പദ്ധതി പ്രവർത്തനങ്ങൾ ഇടയാക്കുന്നു.

പട്ടിക5.1

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	കേര സമൃദ്ധി	1.78	1.78	100%
2	സമഗ്ര പച്ചക്കറി വികസന പദ്ധതി	305.56	305.56	100%

3	നാളികേര വികസന പദ്ധതി	98.6	98.6	100%
4	കാർഷിക വികസന ശാക്തീകരണം	112.32	112.32	100%
5	ഓർഗാനിക് ഫാമിങ്ങ്	41.22	41.22	100%
6	സുഗന്ധ വിള വിജ്ഞാപന പദ്ധതി	0.6	0.6	100%
7	അഗ്രോ സർവ്വീസ് സെന്റർ	31.33	31.33	100%
8	സോയിൽ ഹെൽത്ത് മാനേജ് മെന്റ്	76.36	76.36	100%
9	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	43.42	43.42	100%
10	മാർക്കറ്റുകളുടെ വികസനം	1.73	1.73	100%
11	പി.കെ.വി.വൈ ജനറൽ	42.56	42.56	100%
12	ഓണ സമൃദ്ധി	108.1	108.1	100%
13	വിഷുക്കണി	1.9	1.9	100%
14	എൻ.എം.എസ്.എ	0.49	0.49	100%
15	ക്വാളിറ്റി കൺട്രോൾ	0.15	0.15	100%
16	നെൽകൃഷി വികസനം	197.76	197.76	100%
17	ലാബുകളുടെ വികസനം	0.2	0.2	100%
18	പ്രകൃതി ക്ഷോഭം വിള	5.22	5.22	100%
19	ഫാമുകളുടെ വികസനം	1.23	1.23	100%
20	സപ്പോർട്ടന്റ് ഫോർ മൈക്രോ ന്യൂട്രിയന്റ് ഡെമേൺസ്ട്രേഷൻ	2	2	100%
21	ട്രെയിനിങ്ങ് പ്രോഗ്രം	42.54	42.54	100%
22	ഫാംസ്	2.4	2.4	100%
23	പഞ്ചായത്ത് ലെവൽ അവയർനെസ്സ് പ്രോഗ്രം	1.3	1.3	100%
24	സോയിൽ ഹെൽത്ത് കാർഡ് 2016-17	0.53	0.53	100%
25	മൈക്രോ ന്യൂട്രയന്റ് ഡെമോൺസ്ട്രേഷൻ	3.42	3.42	100%
26	ലാബുകളുടെ വികസനം	2.5	2.5	100%
27	ആത്മ പ്ലസ് സോയിൽ ടെസ്റ്റിങ്ങ് 201617	1.5	1.5	100%
28	നിർമ്മാണ പ്രവർത്തനവും പരിശീലന പരിപാടിയും	29.16	29.16	100%
29	ആത്മ ട്രയിനിങ്ങ് കർഷകർ(ഇന്റർ സ്റ്റേറ്റ്)	1	1	100%
30	ആത്മ	119.21	119.21	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.2

2017-18 ൽ നടപ്പാക്കുന്ന സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	നെൽകൃഷി വികസനം	244.93	26.3	11%	244.93
2	സമഗ്ര റി വികസനം	383.13	226.23	59%	383.13
3	നാളീകേര വികസനം	178.83	3.16	1.8%	178.83

4	കാർഷിക വികസന ശാക്തീകരണം	182.52	12.18	7%	182.52
5	മാനുഷ്യ വിഭവശേഷി വികസനം	20.87	7.43	36%	20.87
6	പ്രകൃതിക്ഷോഭവും, വിളനാശം	8.48	8.48	100%	8.48
7	സുഗന്ധവിള വിഞ്ജാപന പദ്ധതി	15.9	7.1	45%	15.9
8	ഓർഗാനിക് ഫാമിംഗ്	40.25	6.89	17%	40.25
9	അഗ്രോസർവ്വീസ് സെന്റർ	43.96	9.83	22%	43.96
10	സോയിൽ ഹെൽത്ത് മാനേജ്മെന്റ്	49.07	45.14	92%	49.07
11	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്	77.93	14.99	19%	77.93
12	മാർക്കറ്റുകളുടെ വികസനം	3.35	2.03	61%	3.35
13	വിലനിയന്ത്രണം	40.8	40.8	100%	40.8
14	എസ്.എം.എ.എം	244.93	26.3	11%	244.93

(അവലംബം: വകുപ്പുതല കണക്ക്)

II. മണ്ണു സംരക്ഷണം

നീർത്തടാധിഷ്ടിതമായി മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ വരും വർഷങ്ങളിൽ താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. മണ്ണു ജല സംരക്ഷണ മാർഗ്ഗങ്ങൾ:-

നീർമറി വികസന പരിപാടിയിൽ ഏറ്റവും പ്രധാനമാണ് മണ്ണ് ജല സംരക്ഷണം. മണ്ണുജല സംരക്ഷണത്തിലൂടെ അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുന്നതിനോടൊപ്പം ജൈവവിഭവങ്ങളുടെ വളർച്ചയും അതുമായി ബന്ധപ്പെട്ട നിരവധി വികസന പ്രവർത്തനങ്ങളും സാധ്യമാകുന്നു. സംരക്ഷണ കൃഷിമുറകൾ ഉൾപ്പെടെയുള്ള ജൈവമാർഗ്ഗങ്ങൾ എഞ്ചിനീയറിംഗ് മാർഗ്ഗങ്ങൾ എന്നിങ്ങനെ പ്രവർത്തനങ്ങളെ തരംതിരിക്കാം. കൃഷിഭൂമിയുടെ സംരക്ഷണത്തിനും നീർചാലുകളുടെ സംരക്ഷണത്തിനും വ്യത്യസ്ത മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്.

കൃഷിഭൂമിയിലെ സംരക്ഷണ പ്രവർത്തനങ്ങൾ, സംരക്ഷണ കൃഷി മുറകൾ

- കോണ്ടൂർ കൃഷിരീതി . ബഹുതല കൃഷി
- ഇടവരി കൃഷിരീതി (Strip cropping) . മിശ്രിത കൃഷിരീതി
- പുതയിടീൽ (MULCH) . ഇടവിള കൃഷി
- വിളപരിവർത്തനം . പുൽകൃഷി
- ആവരണ വിളകൾ . തരിശ് നിരയിടൽ
- സീറോ ടില്ലേജ് പ്രബലനത്തോടു കൂടിയ മൺതിടിലുകൾ
- അഗ്രോ ഫോറസ്ട്രി . ജൈവ വേലികൾ
- പുൽവരമ്പുകൾ/തിരണകൾ . നീർക്കുഴികൾ
- വൃക്ഷത്തടമെടുക്കൽ

നിർമ്മിതികൾ

- കല്ലുകയ്യാലകൾ
- ട്രെഞ്ചുകൾ
- താങ്ങ് ചുമരുകൾ
- വേദികൾ/തട്ടുതിരിക്കൽ
- മൺബണ്ടുകൾ

നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ

- ബ്രഷ് വുഡ് തടയണകൾ
- ജലസംഭരണികൾ
- സസ്യങ്ങൾക്കൊണ്ടുള്ള പാർശ്വ സംരക്ഷണം
- പാർശ്വഭിത്തികൾ
- കിണർ റീച്ചാർജിംഗ്
- തടയണകൾ(ചെക്ക് ഡാം)
- അണകൾ
- മഴവെള്ള സംഭരണികൾ

പൊതു നിർദ്ദേശങ്ങൾ

1. കേന്ദ്ര സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് മഴവെള്ള സംഭരണികൾ കിണർ റീചാർജ്ജിങ് യൂണിറ്റുകൾ എന്നിവ മഹാത്മ ഗാന്ധി എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന ഫണ്ട് എന്നിവയെ സംയോജിപ്പിച്ച് സ്ഥാപിക്കുക.
2. കുളങ്ങളുടെ നിർമ്മാണം നവീകരണം നിലനിർത്തൽ പുനരുജ്ജീവനം എന്നിവ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധിപ്പിച്ചു നടപ്പിലാക്കുക.
3. വരട്ടാറിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
4. പള്ളിയ്ക്കലാർ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

III.മൈനർ ഇറിഗേഷൻ

താഴെപ്പറയുന്ന പദ്ധതികളാണ് മൈനർ ഇറിഗേഷൻ മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. ഹരിത കേരളം പദ്ധതി പ്രകാരമുള്ള കുളങ്ങളുടെ നവീകരണം

ജില്ലയിൽ ആകെ 1754 കുളങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 64 കുളങ്ങളുടെ നവീകരണത്തിനുള്ള അനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 62 ലക്ഷം രൂപ വേണ്ടിവരും. കൂടാതെ ഒരേക്കറിൽ കൂടുതൽ വിസ്തിർണ്ണ മുള്ള 5 വലിയ കുളങ്ങളുടെ നവീകരണത്തിന് 205.6 ലക്ഷം രൂപ അടങ്കൽ വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതിക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

2. ചെക്കുഡാമുകൾ

മൺസൂൺ കാലത്ത് മഴവെള്ളത്തിന്റെ ഒഴുക്ക് തടഞ്ഞ് വെള്ളം മണ്ണിൽ സംഭരിക്കുന്നതിനു വേണ്ടിയാണ് ചെക്കുഡാമുകൾ നിർമ്മിക്കുന്നത്. കോൺക്രീറ്റ് ഉപയോഗിച്ച് സ്ഥിരമായി ചെക്കുഡാമുകളും കല്ലുകൾ അടുക്കി താല്ക്കാലികമായ ചെക്കുഡാമുകൾ നിർമ്മിച്ചുവരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 5 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. ഇവയിൽ 3 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനായി 137 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 705.65 ലക്ഷം രൂപ അടങ്കലിൽ 12 ചെക്ക് ഡാമുകളുടെ നിർമ്മാണവും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നു.

3. മുല്ലോട്ട് ഡാം നവീകരണം

പന്തളം തെക്കേകര ഗ്രാമ പഞ്ചായത്തിൽ 8-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മുല്ലോട്ട് ഡാം 60 വർഷം മുമ്പ് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതാണ്. ഷട്ടറുകളും മറ്റ് ജല നിയന്ത്രണ സംവിധാനങ്ങളും തകരാറായതിനാൽ മൺസൂൺ കാലത്തെ ജലം ശേഖരിച്ചുവെക്കാൻ കഴിയാതെ വരികയും ഉണക്കത്ത്

തടാകം വറ്റിവരളുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഡാമിന്റെ സ്ലൂയിസിന്റേയും മറ്റ് നിയന്ത്രണ സംവിധാങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

4. റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ സ്കീം

2016-17ൽ ഈ പദ്ധതിക്കായി, 03-02-2017ലെ സർക്കാർ ഉത്തരവ് നം.സാധാ.945/16/ഡബ്ല്യു.ആർ.ഡി പ്രകാരം 140 ലക്ഷം രൂപ അനുവദിക്കുകയും 5 പ്രോജക്ടുകൾ നിർവ്വഹണത്തിനായി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്

5. വെള്ളപ്പൊക്ക നിവാരണം

ഈ പദ്ധതി പ്രകാരം പാടശ്ശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷിക്കൽ തോടുകളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഏറ്റെടുക്കുന്നത്. 2016-17ൽ 88.71 ലക്ഷം രൂപ അടങ്കലിൽ 3 പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

നിർദ്ദേശങ്ങൾ

സംസ്ഥാന പദ്ധതികളുടെ അനുമതി സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ ലഭിച്ചാൻ അതേ വർഷം തന്നെ പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിയും. ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി ജലസ്രോതസ്സുകളെയും നീരൊഴുക്ക് തോടുകളെയും മാലിന്യ മുക്തമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

പട്ടിക5.3

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	*ലഭിച്ച തുക (ലക്ഷത്തിൽ)*	*ചെലവഴിച്ച തുക (ലക്ഷത്തിൽ)*	*ചെലവഴിച്ച തുകയുടെ ശതമാനം*
1	റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം	140	140	100%
2	പുതിയ ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണം	40	40	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.4

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം	135	0	135
2	പുതിയ ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണം	155	0	155

(അവലംബം: വകുപ്പുതല കണക്ക്)

IV. മൃഗസംരക്ഷണം.

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും മൃഗചികിത്സാസേവനങ്ങൾ ശക്തിപ്പെടുത്തൽ

ഈ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി

എ) വകുപ്പിലെ ഉദ്യോസ്ഥർക്കായുള്ള ബോധവത്കരണ പരിപാടികൾ

വകുപ്പിലെ വിവിധതരം ഉദ്യോഗസ്ഥർക്കായി ജന്തുജന്യരോഗങ്ങളായ പേവിഷബാധ, എലിപ്പനി, ചെള്ളുപനി, ബ്രൂസിലോസിസ്, ആന്ത്രാക്സ് എന്നിവയെക്കുറിച്ചും അവയുടെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും താലൂക്കാസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിച്ചു.

ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ.

സൂര്യാഘാതം ചികിത്സിക്കുന്നതിനുള്ള പ്രത്യേക മരുന്നുകൾ അനുവദിച്ചു.

സി) രോഗങ്ങളും അപകടങ്ങളും മൂലം മരണപ്പെട്ട കന്നുകാലികളുടെ നഷ്ടപരിഹാരം 57 കർഷകർക്ക് വിതരണം ചെയ്തു.

2. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം – രാത്രികാല മൃഗചികിത്സാ സേവനം

എ) രാത്രികാല മൃഗചികിത്സാ സേവനം

ജില്ലയിലെ 6 ബ്ലോക്കുകളിൽ രാത്രികാല മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി സർജ്ജൻമാരെ നിയമിച്ചു.

ബി) ഹെൽത്ത് കെയർ സർവ്വീസ് നടത്തുന്നതിനായി ആമ്പുലേറ്ററി വെഹിക്കിൾ സേവനം മെച്ചപ്പെടുത്തുന്നതിനും ക്ലീനിക്കൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫണ്ട് വകയിരുത്തി നൽകി.

സി) ക്ഷീരകർഷകർക്ക് സുഗമമായി എത്തിപ്പെടാവുന്ന രീതിയിൽ മൃഗസംരക്ഷണ ചികിത്സാ സേവനം നൽകുന്നതിന് ഡോർസ്റ്റെപ്പ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

3. ബായ്ക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്.

ഈ പദ്ധതി പ്രകാരം തിരഞ്ഞെടുത്ത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മുട്ടകോഴി കുഞ്ഞുങ്ങൾ അവയുടെ തീറ്റ മരുന്നുകൾ എന്നിവ വിതരണം ചെയ്തു.

4. വികസനവും പരിശീലനവും

എ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്കായി ബ്ലോക്ക്തല വികസന സെമിനാർ, താലൂക്ക് തല സംരംഭക സെമിനാർ, വാണിജ്യാടിസ്ഥാനത്തിൽ ആടുവളർത്തലിനുള്ള പരിശീലന പരിപാടി എന്നിവ സംഘടിപ്പിച്ചു. കൂടാതെ എല്ലാ മൃഗാശുപത്രികളിലും സാമ്പത്തിക വർഷം 3 പ്രാവശ്യം മൃഗസംരക്ഷണ സെമിനാർ സംഘടിപ്പിച്ചു.

ബി) മന്തിലി ടെക്നോളജി പദ്ധതിയുടെ ഭാഗമായി ജീവപാഠം ദ്വൈമാസിക പ്രസദ്ധീകരിച്ചു.

സി) കടമ്പനാട് ഗ്രാമപഞ്ചായത്തിനെ മോഡൽ ഗ്രാമ പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തു.

ഡി) ആറൻമുള, വെച്ചൂചിറ, അയിരൂർ എന്നീ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ആനിമൽ വെൽഫെയർ ക്ലബ്ബുകൾ രൂപീകരിച്ചു.

5. **ഫാമുകളുടെ ശാക്തീകരണവും സംരക്ഷണവും**

ഈ പദ്ധതികളുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, ഡെക്ക് നേഴ്സറീസ്, പ്രൊപ്പഗേഷൻ ഓഫ് ഡെക്ക് ഫാമിംഗ് എന്നിവ നടപ്പിലാക്കി.

6. **ഊർജ്ജിത കന്നുകാലി വികസനം**

എ) വന്ധ്യതാ നിവാരണ പദ്ധതി

വന്ധതാ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ആവശ്യമായ മരുന്നുകളും മറ്റും വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ചു.

ബി) ധാതുലവണ മിശ്രിത വിതരണം

കേരള ഫീഡ്സ് മുഖേന ധാതുലവണ മിശ്രിത വിതരണം നടത്തി

7. **പ്രത്യേക കന്നുകാലി വികസന പദ്ധതി**

സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി ശാസ്ത്രീയമായി കന്നുകുട്ടികളെ വളർത്തുന്ന പരിപാടിയാണിത്.

8. ഗോവർദ്ധിനി

ഈ പദ്ധതി 2014–15 നിലവിൽ വന്നു. പൂർണ്ണ ആരോഗ്യസുരക്ഷ കിടാങ്ങാൾക്കു നൽകി, പ്രായപൂർത്തിയാകുന്നതനുസരിച്ച് വയസ്സുകുറച്ച് നേരത്തേ പ്രസവിപ്പിക്കുന്നതിനും പ്രസവങ്ങൾ തമ്മിലുള്ള കാലാവധി കുറച്ച് പാൽ ഉല്പാദനം വർദ്ധിപ്പിക്കുതിനുമുള്ള പരിപാടിയാണിത്.

മൃഗസംരക്ഷണ – ക്ഷീരവികസനമേഖലയിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

ഗുണമേൻമയുള്ള പാൽ, മാംസം, മുട്ട ഉല്പാദിപ്പിക്കൽ എന്ന ലക്ഷ്യം പൂർത്തികരിക്കുന്നതിന്

- ജില്ലാതലത്തിൽ ആധുനിക അറവുശാലകളുടെ സ്ഥാപനം
- താലൂക്കു തലത്തിൽ പാൽ, കാലിത്തീറ്റ ഗുണനിലവാര പരിശോധനാ ലാബുകൾ.
- സർക്കാർ ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം എന്നിവ നടപ്പാക്കണം.

പട്ടിക5.5

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	രാത്രികാല മൃഗ ചികിൽസ സേവനം	23.08	23.08	100%
2	എക്സ്റ്റൻഷൻ ആന്റ് ട്രയിനിങ്ങ്	36.88	36.88	100%
3	ഫാമുകളുടെ ശാക്തീകരണം	135.2	135.2	100%
4	മൃഗാശുപത്രികളുടെ വികസനവും മൃഗ ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ	36,62	36.62	100%
5	ബാക്കിയാഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്	16.11	16.07	99.75%
6	ഊർജ്ജിത കന്നുകാലി വികസനം	10.25	10.25	100%
7	പ്രത്യേക കന്നുകാലി വികസന പദ്ധതി	69.44	69.44	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.6

2017 –18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ(31.10.2017 വരെ)

ക്രമനം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും മൃഗ ചികിൽസ സേവനങ്ങൾ ശക്തിപ്പെടുത്തൽ	23.08	23.08	23.08
2	എക്സ്റ്റൻഷൻ ആന്റ് ട്രയിനിങ്ങ്	11.59	3.15	11.59
3	ഫാമുകളുടെ ശാക്തീകരണം	128.32	60.02	128.32
4	മൃഗാശുപത്രി കളുടെ വികസനവും പനസംഘടനയും മൃഗ ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ	6.35	2.62	6.35
5	ബാക്കായാഡ് പൌള്ട്രിത ഡെവലപ്പ്മെന്റ് പ്രോജക്ട്	25.52	23.96	25.52
6	ഊര്ജ്ജിത കന്നുകാലി വികസനം	4.07	1.99	4.07
7	പ്രത്യേക കന്നുകാലി വികസന പദ്ധതി	74.13	74.13	74.13
8	ഗോവര്ദ്ധി നി പദ്ധതി	213.44	231.44	213.44
9	വിവര സാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനീക വത്കരണവും	2.99	2.99	2.99

(അവലംബം: വകുപ്പുതല കണക്ക്)

V. ക്ഷീര വികസനം

ജില്ലയിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ്. കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഗുണ നിയന്ത്രണ ഓഫീസും ബ്ലോക്ക് തലത്തിൽ 9 ക്ഷീരവികസന യൂണിറ്റും പ്രവർത്തിക്കുന്നു. 202 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളും ഒരു ഡയറി പ്ലാന്റും നിലവിലുണ്ട് കൂടാതെ അടൂരിൽ ഒരു ക്ഷീര പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു.

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1) **ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ**

ഈ പദ്ധതിയിൽ കർഷകസമ്പർക്ക പരിപാടി, ഗുണനിയന്ത്രണ ബോധവത്കരണ പരിപാടി എന്നിവയിലൂടെ ക്ഷീരകർഷകർക്ക് ക്ലാസ്സും ഗുണഭോക്തൃ മുഖാമുഖം പരിപാടിയിലൂടെ പാൽ ഉപഭോക്താക്കൾക്ക് ബോധവത്കരണവും ബ്ലോക്ക് ക്ഷീരസംഗമം പരിപാടിയിലൂടെ ബ്ലോക്ക്തല ക്ഷീര കർഷകരുടെ സംഗമം, സെമിനാർ, എക്സിബിഷൻ എന്നിവയും നടത്തിവരുന്നു.

2) **തീറ്റപ്പുൽ വിതരണ പദ്ധതി**

ഈ പദ്ധതിയിലൂടെ 20 സെന്റിനു മുകളിലുള്ള തീറ്റപ്പുൽകൃഷിക്ക് സബ്സിഡിയും 20 സെന്റിനു താഴെഉള്ള തീറ്റപ്പുൽകൃഷിക്ക് തീറ്റപ്പുൽകട വിതരണവും അസോള കൃഷിക്ക് സഹായവും തീറ്റപുൽകൃഷി ചെയ്യുന്നതിനുള്ള ജലസേചന ധനസഹായ പദ്ധതിയും മെക്കനൈസേഷന്റെ ഭാഗമായി ചാഫ്കട്ടർ വിതരണവും വൃക്ഷവിള കൃഷിയുടെ ഭാഗമായി അഗത്തി തൈ വിതരണവും നടത്തി വരുന്നു. കൂടാതെ തീറ്റപ്പുൽ വിതരണം കൃഷിവനിതാ ഗ്രൂപ്പ്, സ്വയം സഹായ സഹകരണ സംഘങ്ങൾ മുഖേന നടത്തി വരുന്നു; ഈ പദ്ധതിയിൽ എ.പി.എൽ./ബി.പി.എൽ വേർതിരിവില്ല.

3) ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം

എഫ്.എസ്.എസ്.എ 2006 പ്രകാരമുള്ള നിലവാരത്തിലേക്ക് പ്രാഥമിക ക്ഷീരസംഘങ്ങളെ ഉയർത്തുന്നതിന് ധനസഹായം, പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, ക്ഷീരസംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധസഹായ പദ്ധതി ക്ഷീരസംഘങ്ങളിൽ ആഫീസ്, പാൽസംഭരണ മുറി, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം എന്നീ പരിപാടികൾ ഈ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു.

4) മിൽക്ക് ഷെഡ് വികസന പദ്ധതി

ഈ പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് 1 മുതൽ 10 വരെ പശുക്കൾ അടങ്ങിയ ഡയറി യൂണിറ്റും 5 കിടാരികളോ, 10 കിടാരികളോ അടങ്ങിയ ഡയറി യൂണിറ്റും സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷീര കർഷകർക്ക് ഡയറി യൂണിറ്റിലേക്ക് ആവശ്യമുള്ള സാധങ്ങൾ വാങ്ങുന്നതിനും കറവ യന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്തു നിർമ്മിക്കുന്നതിനുമുള്ള ധനസഹായവും നൽകിവരുന്നു.

പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ഗ്രാമസഭാലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ലഭിക്കണം.
2. വിവിധ വകുപ്പുകളുടെ സബ്സിഡി ഏകീകരിക്കണം.
3. ഗുണഭോക്തൃ വിഹിതം ഒഴിവാക്കുകയോ, ലളിതമാക്കുകയോ ചെയ്യണം.
4. തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, കാലിത്തൊഴുത്ത് നിർമ്മാണം, വെർമി കമ്പോസ്റ്റ് നിർമ്മാണം, സൈലേജ് ടാങ്ക് നിർമ്മാണം എന്നിവ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്.

പട്ടിക5.7

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം	56.51	56.51	100%
2	മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗാം	146.61	146.61	100%
3	തീറ്റപ്പുൽ വികസന പദ്ധതി	30.99	30.99	100%
4	ഗാമീണ വിജ്ഞാന വ്യാപന പർത്തനം	16.13	16.13	100%
5	ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം	3.4	3.4	100%
6	കടബാദ്ധ്യതയുള്ള ക്ഷീര കർഷകർക്കുള്ള ധന സഹായം	2.54	2.54	100%
7	കാലിത്തീറ്റ സബ്സിഡി	6.06	6.06	100%

(അവലംബം : വകുപ്പുതല കണക്ക്)

പട്ടിക5.8

2017 –18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ(31.10.2017 വരെ)

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം	59.27	0	59.27
2	മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗാം	202.69	43.57	202.69
3	തീറ്റപ്പുൽ വികസന പദ്ധതി	28.71	13.79	28.71
4	ഗാമീണ വിജ്ഞാന വ്യാപന പ്രവർത്തനം	7.36	2.14	7.36
5	ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം	2.28	0.15	2.28
6	കാലിത്തീറ്റ സബ്സിഡി	6.06	0	6.06

(അവലംബം: വകുപ്പുതല കണക്ക്)

VI. മത്സ്യവികസനം

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. ഭവന നിർമ്മാണം

സ്വന്തമായി ഭൂമി ഉള്ളവരും മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ളവരും വിവാഹിതരുമായ മത്സ്യതൊഴിലാളികൾക്ക് 4,00,000 രൂപ നൽകുന്നു. അപേക്ഷ ജില്ലാ ഫിഷറീസ് ആഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായുള്ള മോണിറ്ററിംഗ് കമ്മറ്റി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നു. ഭവനത്തിന്റെ നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി നൽകുന്നതാണ്.

2. ഭവന പുനരുദ്ധാരണ പദ്ധതി

10 വർഷത്തിലേറെ പഴക്കമുള്ളതും കേടുപാടുകൾ വന്നതുമായ ഭവനങ്ങൾക്ക് പുനരുദ്ധാരണ ത്തിനായി 50,000 രൂപ 2 ഗഡുക്കളായി നൽകുന്നു. അപേക്ഷകർ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള തൊഴിലാളി ആയിരിക്കണം.

3. കക്കൂസ് നിർമ്മാണ പദ്ധതി

മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികൾക്ക് നവീന രീതിയിലുള്ള സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് നിർമ്മിക്കുന്നതിന് 20,000 രൂപ 2 ഗഡുവായി നൽകുന്നു.

4. ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം (2017–20)

ഉൾനാടൻ മത്സ്യ കൃഷിയുടെ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇത്.ഈ പദ്ധതിയിലൂടെ ചെറിയ കുളങ്ങളിലെ ശുദ്ധജല മത്സ്യ കൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യ കൃഷി, മാതൃകാ മത്സ്യ കൃഷി ഇടം എന്നിവ നടപ്പിലാക്കിവരുന്നു. അടങ്കൽ തുകയുടെ 50 ശതമാനം തുക സബ്സിഡിയായി ലഭിക്കുന്നു.

5. നൂതന മത്സ്യ കൃഷി

മത്സ്യകൃഷി മേഖലയിലെ നൂതന രീതികളും വിപണന മൂല്യമേറിയ മത്സ്യങ്ങളുടെ കൃഷിയും ഈ പദ്ധതി പ്രകാരം നടത്തപ്പെടുന്നു. ഗിഫ് കിലാപ്പിയ, പംഗേഷ്യസ് എന്നീ മത്സ്യങ്ങളുടെ കൃഷിയും നൂതന

മത്സ്യകൃഷി രീതിയായ അക്വാകോണിക്സ്/റീസർക്കുലേറ്ററി അക്വാസിസ്റ്റം എന്നിവയും ഇതിൽ ഉൾപ്പെടുന്നു

6. സാമൂഹ്യ മത്സ്യ കൃഷി

മത്സ്യ സമ്പത്ത് സംരക്ഷിക്കുവാനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുവാനും മെച്ചപ്പെട്ട മത്സ്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാനും പൊതു ജലാശയങ്ങളിൽ മത്സ്യ വിത്ത് നിക്ഷേപിക്കുന്ന പദ്ധതിയാണ്.

7. സമ്പാദ്യ സമാശ്വാസ പദ്ധതി (കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി)

മത്സ്യതൊഴിലാളികളിൽ സമ്പാദ്യ ശീലം വളർത്തുക, പഞ്ചമാസങ്ങളിൽ ആശ്വാസമെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ളവരിൽ നിന്നും ഒക്ടോബർ മുതൽ മാർച്ച് മാസം വരെ 250/-രൂപ നിരക്കിൽ ആകെ 1500 രൂപ പിരിക്കുകയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഗുണഭോക്ത്യ വിഹിതത്തിന് തുല്യമായ തുക സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും കൂടി ആകെ 4,500/-രൂപ തുല്യ ഗഡുക്കളായി നൽകുകയും ചെയ്യുന്നു.

8. വിദ്യാഭ്യാസ ആനുകൂല്യം

ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ ലംപ്സംഗ്രാന്റ് മാത്രം നൽകുന്നു. ഇതിനായി ഫിഷറീസ് ആഫീസറുടെ സാക്ഷ്യപത്രം വാങ്ങി രക്ഷിതാവ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകണം. സ്ഥാപനം നിശ്ചിത ഫാറത്തോടൊപ്പം ജില്ലാ ആഫിസിൽ നൽകേണ്ടതാണ്. പോസ്റ്റ് മെട്രിക് കോഴ്സ് മുതൽ മുകളലുള്ള കോഴ്സുകൾക്ക് ബന്ധപ്പെട്ട സ്ഥാപനം അപേക്ഷ തയ്യാറാക്കി ഫിഷറീസ് ആഫീസറുടെ സാക്ഷ്യപത്രം സഹിതം ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

9. വിദ്യാതീരം

ഈ പദ്ധതി പ്രകാരം ബിരുദതലത്തിൽ 50% മാർക്കുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി ബാങ്ക് പരിശീലനം, പി.എസ്.സി. പരിശീലനം എന്നിവയ്ക്ക് ഗ്രാന്റ് നൽകുന്നു. ബിരുദധാരികൽക്ക് 60% മാർക്ക് ഉള്ളവർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിന് ഗ്രാന്റ് നൽകുന്നു. ഹയർസെക്കന്ററി തലത്തിൽ സയൻസ് വിഷയങ്ങൾക്ക് 85% മാർക്കുള്ളവർക്ക് മെഡിക്കൽ എൻട്രൻസ് പരീശിലനത്തിന് ഗ്രാന്റ് നൽകുന്നു.

കേന്ദ്ര പദ്ധതികൾ

4.1.1 **RIDF (റൂറൽ ഇൻഫ്രസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്)**

സംസ്ഥാന സർക്കാരുകൾക്ക് വിവിധ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് **നബാർഡ്** ധനസഹായം നൽകി വരുന്നുണ്ട്. RIDF വഴി മത്സ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് ഈ പദ്ധതിയിൽ പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിന്റെ നവീകരണത്തിന് 5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിലെ കുളങ്ങൾ നവീകരിച്ച് പുതുതായി ഗിഫ്റ്റ് തിലാപ്പിയ പരിപാലനത്തിന് ഹാച്ചറി പണിയുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതി അടുത്ത വർഷം നടപ്പിലാക്കുന്നതാണ്.

4.1.2 **RKVY (**രാഷ്ട്രീയ കൃഷി വികാസ് യോജന)

നമ്മുടെ മത്സ്യ ഉല്പാദനം ഗണ്യമായി കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മത്സ്യകൃഷിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. 4% വാർഷിക വളർച്ച മത്സ്യ ഉല്പാദന മേഖലയിൽ കൈവരിക്കാൻ വേണ്ടിയുള്ള കേന്ദ്ര പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം സർക്കാർ മേഖലയിലെ മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് നൽകുകയുണ്ടായി അതിൻ പ്രകാരം നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറയിലും അനുബന്ധ സ്ഥാപനമായ എടത്വാ ഇന്റഗ്രേറ്റഡ് ഫാമിലും ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറയിലും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

4.1.3 **FFDA** (മത്സ്യ കർഷക വികസന ഏജൻസി)

ഇന്ത്യയുടെ ഉൾനാടൻ മത്സ്യോല്പാദന മേഖലയുടെ വളർച്ചയിൽ മത്സ്യകർഷക വികസന ഏജൻസികളുടെ രൂപീകരണം സുപ്രധാനമായ ഒരു നാഴികകല്ലായി പരിഗണിക്കപ്പെടുന്നു. മത്സ്യകർഷക വികസന ഏജൻസിയുടെ ആവിർഭാവത്തോടെ ഇന്ത്യയിലെ ശരാശരി വാർഷിക ഉൾനാടൻ

മത്സ്യോല്പാദനത്തിന് ഹെക്ടറിന് 150 കി.ഗ്രം നിന്ന് 1500 കി.ഗ്രാമിലധികമാക്കാൻ കഴിഞ്ഞു. അഞ്ചാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച മത്സ്യകർഷക വികസന ഏജൻസി, ശുദ്ധജല മത്സ്യ മേഖലയുടെ ബഹുമുഖമായ വളർച്ചയെ ലക്ഷ്യമാക്കി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി ഇപ്പോഴും തുടർന്നു വരുന്നുണ്ട്

മത്സ്യകർഷക വികസന ഏജൻസിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാസ്ത്രീയമായ മത്സ്യകൃഷി കാര്യക്ഷമമായും വ്യാപകമായും നടപ്പാക്കുകയും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
2. ജലാശയങ്ങൾ സർവ്വേ നടത്തി മത്സ്യകൃഷിക്ക് അനുയോജ്യമായവ കണ്ടെത്തുന്നു.
3. മത്സ്യകർഷകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുകയും സബ്സിഡി അനുവദിക്കുകയും ചെയ്യുക.
4. മത്സ്യകർഷകർക്ക് ഗുണമേൻമയുള്ള മത്സ്യക്കുഞ്ഞുങ്ങൾ, വളം, തീറ്റ എന്നിവ ലഭ്യമാക്കി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.
5. ശാസ്ത്രീയ മത്സ്യകൃഷിയുടെ വിവിധ വശങ്ങളെ കുറിച്ചും പരിശീലനം നൽകുന്നു.
6. അലങ്കാര മത്സ്യകൃഷി പ്രോത്സാഹനം.

4.2 സംസ്ഥാന പദ്ധതികൾ

4.2.1 മത്സ്യ സമൃദ്ധി

ജനകീയ മത്സ്യകൃഷി 2-ാം ഘട്ടം (2017-2020) സംസ്ഥാനവിഷ്കൃത പദ്ധതി

ഉൾനാടൻ മത്സ്യകൃഷി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. പത്തനംതിട്ട ജില്ലയിൽ ജനകീയ മത്സ്യകൃഷിയുടെ 3 ഘടക പദ്ധതികളായ ചെറിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, മാതൃകാ മത്സ്യ കൃഷിയിടം എന്നിവ നടപ്പിലാക്കി വരുന്നു. ചെറു കുളങ്ങളിലെ മത്സ്യകൃഷി എന്ന ഘടക പദ്ധതി പ്രകാരം 50 സെന്റിൽ താഴെ വിസ്തൃതിയുള്ള കുളങ്ങളിൽ സെന്റിന് 40 മത്സ്യക്കുഞ്ഞുങ്ങൾ എന്ന നിരക്കിൽ ഒരു യൂണിറ്റിന് പരമാവധി 1500 മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയായി നൽകുന്നു. 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള കുളങ്ങളിൽ സെന്റിന് 30 മത്സ്യക്കുഞ്ഞുങ്ങൾ സബ്സിഡിയായി വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി എന്ന ഘടക പദ്ധതി പ്രകാരം നൽകുന്നു. ചുരുങ്ങിയത് 50 സെന്റ് വിസ്തൃതി എങ്കിലുമുള്ള ജലാശയത്തിൽ ശാസ്ത്രീയ മത്സ്യകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 3 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ള പദ്ധതിയാണ് മാതൃകാ ശുദ്ധജല മത്സ്യകൃഷിയിടം. അടങ്കൽ തുകയുടെ 50% തുക സബ്സിഡിയായി അനുവദിക്കും.

നൂതന മത്സ്യകൃഷി (സംസ്ഥാനാവിഷ്കൃത പദ്ധതി)

മത്സ്യകൃഷി മേഖലയിലെ നൂതന രീതികളും വിപണന മൂല്യമേറിയ മത്സ്യങ്ങളുടെ കൃഷിയും ഈ പദ്ധതി പ്രകാരം നടത്തപ്പെടുന്നു. ഗിഫ്റ്റ് തിലാപ്പിയ, വാള എന്നീ മത്സ്യങ്ങളുടെ കൃഷിയും നൂതന മത്സ്യകൃഷി രീതിയായ അക്വാ പോണിക്സ് റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നിവ ഇതിൽപ്പെടുന്നു.

പത്തനംതിട്ട ജില്ലയിൽ മത്സ്യ മേഖലയിലെ പരിമിതികൾ

പത്തനംതിട്ട ജില്ലയിൽ നിലവിൽ വയലുകളിൽ/നിലങ്ങളിൽ കുളങ്ങൾ ഉണ്ട്. പുളിക്കീഴ് ബ്ലോക്കിലെ കടപ്ര നിരണം, പെരിങ്ങര, തിരുവല്ല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ കൂടുതലായി ഉണ്ട്. റവന്യൂ രേഖകളിൽ നിലമെന്നു രേഖപ്പെടുത്തിയതിനാൽ നിലവിലുള്ള കുളങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ സ്കീമുകളിൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ്. പ്രസ്തുത തടസ്സങ്ങൾ നീക്കിയാൽ മാത്രമേ മത്സ്യമേഖലയിൽ കൂടുതൽ സ്കീമുകൾ നടപ്പിലാക്കാൻ കഴിയു.

മത്സ്യകൃഷി മേഖല മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

1. ന്യൂതന കൃഷി രീതികളായ RAS, അക്വാപോണിക്സ് പോലുള്ള കൃഷി യൂണിറ്റുകൾ ജില്ലയിൽ കൂടുതലായി സ്ഥാപിക്കേണ്ടതും, അതിലൂടെ മത്സ്യവും, പച്ചക്കറിയുടേയും ഉല്പാദനം വർദ്ധിപ്പിക്കു

വാനും സാധിക്കും. ഇതനായി ഫിഷറിസ് വകുപ്പും, ജില്ലാ, ബ്ളോക്ക്, ഗ്രാമ പഞ്ചായത്തുകളും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. രാജ്യാന്തരതലത്തിൽ മുന്തിയ ഇനങ്ങളായ ഗിഫ്റ്റ് തിലാപ്പിയ പോലുള്ള മത്സ്യങ്ങളുടെ കൃഷി രീതി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

2. നാടൻ മത്സ്യങ്ങളുടെ വിപണനം ജില്ലയിൽ ഒരു വർഷം 720 ടൺ ആണ്. ഇത് കൂട്ടുന്നതിന് സർക്കാർ ഹാച്ചറികളിൽ നാടൻ മത്സ്യങ്ങളെ കൃത്രിമമായി പ്രജനനം നടത്തി വിരൽ വലിപ്പത്തിലാകുമ്പോൾ നദികളിൽ ഒഴുക്കുക. നാടൻ മത്സ്യങ്ങളെ വളർത്തുന്നതിന് കർഷകർക്ക് സബസിഡി നൽകി കൃഷി പ്രോത്സാഹിപ്പിക്കുക. നാടൻ മത്സ്യങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് സബ്സിഡി നൽകുന്ന തോടൊപ്പം തീറ്റ സൗജന്യമായി നൽകുക. ഇക്കാരണത്താൽ നാടൻ മത്സ്യ മേഖലയിൽ കൃഷിക്ക് കൂടുതൽ ആൾക്കാരെ ആകർഷിക്കാൻ കഴിയും.

3. ജില്ലയിൽ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന അധികം വരുന്നമത്സ്യങ്ങൾ സംസ്ക്കരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും യൂണിറ്റുകൾ സ്ഥാപിക്കേ-താണ്.

4. മത്സ്യകൃഷി ചെയ്യുന്ന ഏരിയയുടെ വിസ്തീർണ്ണത്തിനു ആനുപാതികമായി ചെറുതും വലുതുമായ കർഷകർക്ക് ധനസഹായം നൽകുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ലഭ്യമാക്കിയാൽ ജില്ലയിലെ ചെറുകിട മത്സ്യ കർഷകർക്ക് ലാഭകരമായി മത്സ്യ കൃഷിചെയ്യാൻ സാധിക്കുന്നതാണ്.
5. എംജി.എൻ.ആർ.ഇ.ജി.എസ് മുഖേന പുതുതായി നിർമ്മിക്കപ്പെടുന്ന കുളങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

പട്ടിക5.9

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	മത്സ്യ സമൃദ്ധി	95.72	95.65	99.9%
2	നൂതന മത്സ്യകൃഷി	29	29	100%
3	സാമൂഹ്യ മത്സ്യകൃഷി	2.6	2.6	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.10

2017 –18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)

ക്ര മ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	മത്സ്യ സമൃദ്ധി	68.33	10.71	68.33
2	സാമൂഹ്യ മത്സ്യകൃഷി	10.2	7.13	10.2

(അവലംബം: വകുപ്പുതല കണക്ക്)

VII. വനസംരക്ഷണം

വനപരിപാലനം

പത്തനംതിട്ട ജില്ലയിലെ വനഭൂപ്രദേശത്തിന്റെ വിസ്തൃതി 1438.23 ച.കി. മീറ്ററാണ്. വിന്യാസത്തിലും സ്വഭാവത്തിലും വൈവിധ്യം പുലർത്തുന്ന ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ മുതൽ നിബിഡത കുറഞ്ഞ ഇലകൊഴിയും വനങ്ങൾ, പുൽമേടുകൾ എന്നിവ വരെ ഉൾപ്പെട്ടതാണ് നമ്മുടെ

വനസമ്പത്ത്. കോന്നി, റാന്നി ഫോറസ്റ്റ് ഡിവിഷനുകൾ, തേക്കടി, പെരിയാർ ടൈഗർ പ്രൊജക്ട് ഡിവിഷന്റെ കുറെ ഇടങ്ങൾ എന്നീ വനഭാഗങ്ങളാണ് ഈ ജില്ലയുടെ അധീനതയിലുള്ളത്.

1. **2406-01-101-81-ഫോറസ്റ്റ് പ്രൊട്ടക്ഷൻ**

1. വനമേഖലയിൽ ഉണ്ടാകുന്ന കാട്ടുതീ തടയുന്നതിന് ആവശ്യമായ ഫയർ ലൈൻ തെളിക്കുക.
2. കാട്ടുതീ തടയുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക.
3. വനപ്രദേശങ്ങളിലെ കൂപ്പ് റോഡുകളുടെയും ട്രക്ക് പാത്തുകളുടെയും നിർമ്മാണം, നവീകരണം.
4. വനത്തിനുള്ളിലെ കഞ്ചാവ് കൃഷി തടയുന്നതിന് ഉൾവനത്തിൽ റെയ്ഡ് നടത്തുക.
5. ശബരിമല സീസണുമായി ബന്ധപ്പെട്ട് തിരുവാഭരണപാത തെളിക്കുക.

2. **4406-01-101-99 – ഫോറസ്റ്റ് പ്രൊട്ടക്ഷൻ**

1. മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് വനാതിർത്തികളിൽ കയ്യാല, ജണ്ട എന്നിവയുടെ നിർമ്മാണം.
2. ആന്റി പോച്ചിങ് ക്യാമ്പ് ഷെഡുകളുടെ നിർമ്മാണം.

3. **4406-01-105-87- ഹാർഡ് വുഡ് സ്പീഷീസ്**

1. വനം വകുപ്പിന്റെ അധീനതയിലുള്ള പ്ലാന്റേഷനുകളുടെ സംരക്ഷണം, പരിപാലനം.
2. പുതിയ പ്ലാന്റേഷനുകളുടെ രൂപവൽക്കരണം.
3. പുതിയ പ്ലാന്റേഷനുകൾക്കാവശ്യമായ നഴ്സറുകളുടെ രൂപീകരണം (തൈനടീൽ പരിപാലനം)

4. **2406-01-800-56- എം.ആർ.എം.എ.സി**

1. ജനവാസ മേഖയിലിറങ്ങുന്നതും അപകടത്തിൽപ്പെടുന്നതുമായ വന്യജീവികളെ സംരക്ഷിക്കുന്നതിലേക്കായി റാപ്പിഡ് റെസ്പേൺസ് ടീമിന്റെ പ്രവർത്തനം.
2. ജനവാസമേഖലയിലെ വന്യജീവി ആക്രമണം തടയുന്നതിനായി സോളാർ ഫേൻസിംഗിന്റെ നിർമ്മാണം, പരിപാലനം.
3. വന്യജീവി ആക്രമണത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകൽ.

പട്ടിക5.11

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

(ഡി.എഫ്.ഒ, റാന്നി)

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	വിവിധ പ്രവർത്തനങ്ങൾ (ഫോറസ്റ്റ് പ്രൊട്ടക്ഷൻ)	107.2	91.98	85.8
2	കയ്യാല നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ചുറ്റുമതിൽ നിർമ്മാണം	45.55	35.98	78.99
3	പ്ലാന്റേഷൻ രൂപീകരണം (ഹാർഡ് വുഡ് സ്പീഷീസ്)	53.09	43.39	81.73
4	ഫയർ പ്രൊട്ടക്ഷൻ പ്രവർത്തികൾ	6.68	6.68	100
5	സ്റ്റേഷൻ കെട്ടിട നിർമ്മാണം	85	70.46	82.89
6	വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം (എം.ആർ.എം.എ.സി)	8.8	8.79	99.9
7	പാരമ്പര്യേതര ഊർജ്ജ സ്ത്രോതസുകളുടെ പ്രോത്സാഹനം	19.25	18.04	93.7

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.12

(ഡി.എഫ്.ഒ, കോന്നി)

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	വിവിധ പ്രവർത്തനങ്ങൾ	24	23.67	98.6
2	പ്ലാന്റേഷൻ രൂപീകരണം	66.9	65.8	98.34
3	ഫയർ പ്രൊട്ടക്ഷൻ പ്രവർത്തികൾ	36	34.92	97
4	ഇക്കോ ടൂറിസം	10	9.71	97.1
5	റോഡ് നിർമ്മാണം	25	24.85	99.4

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.13

2016– 17 കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഹരിത കേരളം	75	73.76	98.35

(അവലംബം: വകുപ്പുതല കണക്ക്)

VIII. കുടുംബശ്രീ

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് കുടുംബശ്രീവഴി ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. ലഘുസംരംഭങ്ങൾ

വനിതകളെ സ്വയം പര്യാപതതയിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി ലഘുസംരംഭ യൂണിറ്റുകൾ ഒറ്റയ്ക്കും കൂട്ടായും ആരംഭിച്ചിരിക്കുന്നു.

പ്രധാന മേഖലകൾ – ഭക്ഷ്യമേഖല, കറിപൗഡർ മേഖല, മേസൺ ഗ്രൂപ്പ്,എബിസി ഗ്രൂപ്പ്, തയ്യൽ മേഖല. എബിസി പ്രോഗ്രാം – തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായുള്ള സമഗ്ര എബിസി പദ്ധതി – കുടുംബശ്രീ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിലെ 8 ബ്ലോക്കുകളിലായി നടപ്പിലാക്കുന്നു.ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും നായ്ക്കളെ പിടികൂടി ഡിറ്റാച്ചിബിൾ കെന്നലുകളിൽ സൂക്ഷിച്ച് നിശ്ചിത ദിവസം നിരിക്ഷിച്ച് സർജറി നടത്തി വാക്സിനേഷൻ നൽകി മതിയായ പരിചരണത്തിനു ശേഷം പിടിച്ചുകൊണ്ടുവന്ന സ്ഥലത്തുതന്നെ തിരികെ വിടുന്നു.

2. വൾണറബിലിറ്റി മാപ്പിംഗ്

ഒരു പ്രദേശത്തെ പ്രധാന ക്ലേശഘടകങ്ങളെയും മനുഷ്യരേയും പ്രകൃതിയേയും പ്രത്യക്ഷമായോ പരോക്ഷമായോബാധിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനം വൾണറബിലിറ്റി മാപ്പിംഗ് എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്നു.

നെടുമ്പ്രം, നാറാണംമൂഴി ഗ്രാമ പഞ്ചായത്തുകളിൽ പ്രാഥമിക മാപ്പിംഗ് നടത്തിയതിനു ശേഷം ഇതിനെ അടിസ്ഥാനമാക്കി റിപ്പോർട്ടും ആവശ്യമായ പദ്ധതികളും രൂപീകരിച്ചുവരുന്നു. പുതിയ 5 പഞ്ചായത്തുകളിൽ കൂടി നടപ്പാക്കുവാനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചു.

3. രംഗശ്രീ കമ്മ്യൂണിറ്റി തീയേറ്റർ

സ്ത്രീകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ നാടക ഗ്രൂപ്പ് ജനങ്ങളിലേക്കുള്ള വിവിധ സന്ദേശങ്ങൾ നാടക രൂപത്തിലും, നാട്യ രൂപത്തിലും അവതരിപ്പിച്ച് ജനങ്ങളിലെത്തിക്കുന്നു. 156 വേദികൾ ഈ വർഷം പൂർത്തിയാക്കി.

4. പട്ടികവർഗ്ഗ വികസനം

സമൂഹത്തിന്റെ മുഖ്യ ധാരയിൽനിന്നും മാറിനിൽക്കുന്നവരും സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കടന്നുചെന്നിട്ടിലാത്തതുമായ എസ്.റ്റി മേഖലയിൽ കുടുംബശ്രീ മികച്ച പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ഇതിനായി ഒരു എസ്.റ്റി കോ-ഓർഡിനേറ്ററേയും, 6 എസ്.റ്റി ആനിമേറ്ററേയും നിയമിച്ചിട്ടുണ്ട് പുതുതായി 7 എസ്.റ്റി കുടുംബശ്രീയും 4 എസ്.റ്റി ബാലസഭയും 2 എസ്.റ്റി പുരുഷ സ്വയംസഹായ സംഘവും രൂപീകരിക്കാൻ സാധിച്ചു. എസ്.റ്റി കുട്ടികൾക്കുവേണ്ടി സൗജന്യ പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ, പഠന യാത്ര എന്നിവ നല്ലരീതിയിൽ സംഘടിപ്പിക്കുവാൻ ജില്ലാ മിഷന് സാധിച്ചിട്ടുണ്ട്. ഊരിലെ യുവതിയുവാക്കൾക്കുള്ള ദീർഘകാല പരിശീലനങ്ങൾ എക്സ്പോഷർ വിസിറ്റ് ജെ.എൽ.ജി സഹായങ്ങൾ അയൽക്കൂട്ട രൂപീകരണ സഹായങ്ങൾ എന്നിവയും നൽകിവരുന്നു.

പട്ടിക 5.14

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	കുടുംബശ്രീ വഴി നടപ്പാക്കുന്ന വിവിധ പ്രോഗ്രാമുകൾ(ലഘു സംരഭങ്ങൾ, എ.ബി.സി പ്രോഗ്രം, വർണവിലിറ്റി മാപ്പിങ്ങ്, രംഗശ്രീ കമ്മ്യൂണിറ്റി തിയേറ്റർ, എസ്.റ്റി മുതലായവ)	617.45	591.95	95.86

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക 5.15

2017 -18 ***ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)***

ക്രമ നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	കുടുംബശ്രീ വഴി നടപ്പാക്കുന്ന വിവിധ പ്രോഗ്രാമുകൾ(ലഘു സംരഭങ്ങൾ, എ.ബി.സി പ്രോഗ്രം, വർണവിലിറ്റി മാപ്പിങ്ങ്, രംഗശ്രീ കമ്മ്യൂണിറ്റി തിയേറ്റർ, എസ്.റ്റി മുതലായവ)	529.95	529.08	99.8%

(അവലംബം: വകുപ്പുതല കണക്ക്)

5. സഹകരണം

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് സഹകരണസംഘം വഴി ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി ഭവന നിർമ്മണ സംഘങ്ങളിലെ അംഗങ്ങളുടെ വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനുള്ള സർക്കാർ ധനസഹായമാണിത്. ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നു.

2. എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും അതുവഴി വായ്പാ വിതരണം ത്വരിതപ്പെടുത്തുന്നതിനുമുള്ള ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 0.50 ലക്ഷം രൂപ ലഭിക്കുന്നു.
3. നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സബ്സിഡി ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ഒരു വർഷം പരമാവധി 0.05 ലക്ഷം രൂപ നൽകിവരുന്നു.
4. നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സർക്കാർ ഓഹരി ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ഒരു വർഷം പരമാവധി 0.10 ലക്ഷം രൂപ നൽകിവരുന്നു.
5. നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് പലിശ രഹിത വായ്പ ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ഒരു വർഷം പരമാവധി 0.10 ലക്ഷം രൂപ നൽകിവരുന്നു.
6. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള സർക്കാർ ഓഹരി. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിച്ച് പുതിയ വായ്പ എടുക്കാനുതകും വിധം കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനും കൂടുതൽവായ്പ നൽകുന്നതിനുമുള്ള പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ഒരു വർഷം പരമാവധി 2.00 ലക്ഷം രൂപ നൽകിവരുന്നു.
7. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി പ്രകാരം സർക്കാർ ഓഹരി ധനസഹായം. സഹകര സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഒരു സംഘത്തിന് ഒരു വർഷം പരമാവധി 2.00 ലക്ഷം രൂപ നൽകിവരുന്നു.
8. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, എസ്.സി/എസ്.റ്റി സംഘങ്ങൾ, വനിതാ സംഘങ്ങൾ എന്നിവയ്ക്കുള്ള പ്രാരംഭ ചെലവ് (സബ്സിഡി) ധനസഹായം.
   സഹകരണം സംഘങ്ങളിൽ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ധനസഹായമാണിത്. ടി പദ്ധതി പ്രകാരം ഗ്രൂപ്പ് ഒന്നിന് രൂപീകരണത്തിന് 1,000 രൂപാ ക്രമത്തിൽ ധനസഹായം നൽകുന്നു.
9. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള, പുനരുദ്ധാരണ ധനസഹായം (വായ്പ, ഓഹരി, സബ്സിഡി ധനസഹായം)
   അറ്റ നഷ്ടത്തിലും ഫണ്ടിന്റെ അഭാവം മൂലം സംഘങ്ങൾക്ക് അവയുടെ നിലവിലുള്ള പ്രവർത്തനം വിപുലീകരിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതിയാണ്.
10. അർബൻ സഹകരണ ബാങ്കുകൾക്കുള്ള സർക്കാർ ഓഹരി അർബൻ സഹകരണ ബാങ്കുകളുടെ ഓഹരി വിഹിതം വർദ്ധിപ്പിക്കുന്നതിനും വായ്പ വിതരണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 10.00 ലക്ഷം രൂപ നൽകിവരുന്നു
11. മോഡൽ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും)
    തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കും എല്ലാ മേഖലകളിലും സാമൂഹ്യ സേവനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മാതൃകയായി പ്രവർത്തിക്കുന്ന ബാങ്കുകൾക്കുള്ള ധനസഹായമാണിത്. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 25.00 ലക്ഷം രൂപ നൽകിവരുന്നു.
12. സ്കൂൾ/കോളേജ് സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി ധനസഹായം. സ്കൂൾ/കോളേജ് സ്റ്റോറുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി ഫർണിച്ചർ ഉൾപ്പെടെയുള്ള സാധങ്ങൾ വാങ്ങുന്നതിലേക്കായുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 0.25 ലക്ഷം രൂപ നൽകിവരുന്നു.
13. മിസ്സലേനിയസ്സ് സംഘങ്ങൾ (ലേബർ കോൺട്രാക്ട് ഉൾപ്പെടെയുള്ളത്)ക്കുള്ള ഓഹരി ധനസഹായം.
    മിസ്സലേനിയസ് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനം വിപുലീകരിക്കുന്നതിലേക്കുമുള്ള ധനസഹായം. മിസ്സലേനിയസ്സ് സംഘങ്ങൾക്ക് 2.00 ലക്ഷം രൂപയും ലേബർ കോൺട്രാക്ട് സംഘങ്ങൾക്ക് 5.00 ലക്ഷം രൂപയും നൽകിവരുന്നു.
14. വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി, പ്രവർത്തന മൂലധന ഗ്രാന്റ് ധനസഹായം.
    വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനുമായുള്ള ധനസഹായമാണിത്. ഈ പദ്ധതി പ്രകാരം സർക്കാർ ഓഹരിയായി 1.00 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റായി 2.00 ലക്ഷം രൂപയും നൽകുന്നു.

15. ദുർബല വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും) അറ്റ നഷ്ടത്തിലും ഫണ്ടിന്റെ അഭാവം മൂലവുമുള്ള സംഘങ്ങളെ പുനരുദ്ധരിക്കാനുള്ള ഈ പദ്ധതി പ്രകരാം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 10.00 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നുണ്ട്.
16. ടൂറിസം പ്രൊമോഷന് വേണ്ടിയുള്ള ധനസഹായം (സബ്സിഡിയും ഓഹരിയും)ടൂറിസം സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും ടൂറിസം മേഖല പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകരാം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 20.00 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നുണ്ട്.
17. ഫാർമേഴ്സ് സർവ്വീസ് സെന്ററിനുള്ള ധനസഹായം (ഓഹരിയും സബ്സിഡിയും) കാർഷിക മേഖലയുടെ പ്രോത്സാഹനത്തിനും കാർഷികോപകരണങ്ങളുടെ വിപണനത്തിനും കാർഷിക മേഖലയിൽ നൂതന സമ്പ്രദായങ്ങൾ ആരംഭിക്കുന്നതിനും ആഗ്രോഷിപ്പ് ഉൾപ്പെടെയുള്ള കാർഷികോപകരണങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിലേക്കുമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ബാങ്കിനെ തെരഞ്ഞെടുത്ത് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. ഈ പദ്ധതി പ്രകരാം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 25.00 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നുണ്ട്.
18. ദുർബല മാർക്കറ്റിംഗ് സംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും) ദുർബലമായതും തുടർച്ചയായി അറ്റനഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതുമായ മാർക്കറ്റിംഗ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രുപയുടെ ധനസഹായം നൽകുന്നുണ്ട്.
19. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി ധനസഹായം.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാർക്ക് അവരുടെ ശമ്പളം നൽകുന്നതിലേക്കുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ 2 വർഷം 60,000 രൂപ ക്രമത്തിലും അടുത്ത രണ്ട് വർഷം 36,000 രൂപ ക്രമത്തിലും അഞ്ചാമത്തെ വർഷം 12,000 രൂപയും നൽകുന്നു.

20. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള റിവൈവൽ ധനസഹായം (ഓഹരിയും സബ്സിഡിയും) ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 6.00 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നുണ്ട്.
21. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് ധനസഹായം ടി പദ്ധതി പ്രകാരം പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ 5.00 ലക്ഷം രൂപയുടെ ധന സഹായം നൽകിവരുന്നുണ്ട്.
22. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ് ധനസഹായം ടി പദ്ധതി പ്രകാരം ഒരു സംഘത്തിന് പരമാവധി 2.00 ലക്ഷം രുപ നൽകിവരുന്നു.
23. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി ധനസഹായം ടി പദ്ധതിപ്രകാരം ഒരു സംഘത്തിന് 4.00 ലക്ഷം രൂപ ധനസഹായം നൽകുന്നു.

പട്ടിക5.16

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	2.00	2.00	100%
2	എംപ്ലോയീസ് സഹകരണ സംഘങ്ങൽക്കുള്ള സർക്കാർ ഓഹരി	0.50	0.50	100%
3	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സബ്സിഡി	0.50	0.50	100%

4	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സർക്കാർ ഓഹരി	1.00	1.00	100%
5	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് പലിശരഹിത വായ്പ	1.00	1.00	100%
6	പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള സർക്കാർ ഓഹരി.	2.41	2.41	100%
7	പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി പ്രകാരം സർക്കാർ ഓഹരി	1.00	1.00	100%
8	പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, എസ്.സി/എസ്.റ്റി സംഘങ്ങൾ, വനിതാ സംഘങ്ങൾ എന്നിവയ്ക്കുള്ള പ്രാരംഭ ചെലവ്	1.57	1.57	100%
9	പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള, പുനരുദ്ധാരണ ധനസഹായം(വായ്പ, ഓഹരി, സബ്സിഡി)	60.00	60.00	100%
10	അർബൻ സഹകരണ ബാങ്കുകൾക്കുള്ള സർക്കാർ ഓഹരി	1.50	1.50	100%
11	മോഡൽ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും)	25.00	25.00	100%
12	സ്കൂൾ/കോളേജ് സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി	0.23	0.23	100%
13	മിസ്സലേനിയസ്സ് സംഘങ്ങൾ (ലേബർ കോൺട്രാക്ട് ഉൾപ്പെടെയുള്ളത്)ക്കുള്ള ഓഹരി	5.30	5.30	100%
14	വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	0.15	0.15	100%
15	ദുർബല വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും	9.82	9.82	100%
16	ടൂറിസം പ്രൊമോഷന് വേയുള്ള ധനസഹായം (സബ്സിഡിയും ഓഹരിയും	20.00	20.00	100%
17	ഫാർമേഴ്സ് സർവ്വീസ് സെന്ററിനുള്ള ധനസഹായം (ഓഹരിയും സബ്സിഡിയും	20.00	20.00	100%
18	ദുർബല മാർക്കറ്റിംഗ് സംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായം (വായ്പയും ഓഹരിയും സബ്സിഡിയും	22.56	22.56	100%
19	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി	5.40	5.40	100%
20	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള റിവൈവൽ ധനസഹായം (ഓഹരിയും സബ്സിഡിയും)	6.00	6.00	100%
21	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള കെട്ടിട പുനരുദ്ധാരണ ഗ്രാന്റ്	12.00	12.00	100%
22	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ്	14.00	14.00	100%
23	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	18.56	18.56	100%

(അവലംബം: വകുപ്പുതല കണക്ക്)

2017 –18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	2.00	2.00	100%
2	എംപ്ലോയീസ് സഹകരണ സംഘങ്ങൽക്കുള്ള സർക്കാർ ഓഹരി	0.50	0.50	100%
3	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സബ്സിഡി	0.50	0.50	100%
4	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് സർക്കാർ ഓഹരി	1.00	1.00	100%
5	നീതി സ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തനത്തിന് പലിശരഹിത വായ്പ	1.00	1.00	100%
6	അർബൻ സഹകരണ ബാങ്കുകൾക്കുള്ള സർക്കാർ ഓഹരി	1.50	1.50	100%
7	പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് സർക്കാർ ഓഹരി.	2.20	2.20	100%
8	പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി പ്രകാരം സർക്കാർ ഓഹരി	2.00	2.00	100%
9	മിസ്സലേനിയസ്സ് സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	2.00	2.00	100%
10	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	3.84	3.84	100%
11	പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള, പുനരുദ്ധാരണ ധനസഹായം(വായ്പ, ഓഹരി, സബ്സിഡി)	40.00	20.00	100%
12	സ്കൂൾ/കോളേജ് സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി	0.11	0.11	100%
13	വനിതാ സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി	0.35	0.35	100%
14	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള കെട്ടിട പുനരുദ്ധാരണ ഗ്രാന്റ്	9	9	100%
15	പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ്	4	4	100%

(അവലംബം: വകുപ്പുതല കണക്ക്)

6. കേരള സംസ്ഥാന വൈദ്യുത ബോർഡ്

എല്ലാവർക്കും വൈദ്യുതി നൽകുക എന്ന കേവലമായ ലക്ഷ്യത്തിനപ്പുറം വൈദ്യുതി ഉന്നതമായ ഗുണ നിലവാരത്തോടെ, തടസ്സമില്ലാതെ, മികച്ച സേവനം വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുക എന്ന പ്രധാനപ്പെട്ട ലക്ഷ്യത്തിലേക്ക് എത്താനുള്ള ആസൂത്രണ പരിപാടികളാണ് വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പോകുന്നത്. എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരത്തിലും സേവനത്തിലും ഇനിയും വളരെയേറെ മുന്നേറേണ്ടതായിട്ടുണ്ട്. ഇതിനായി കൂടുതൽ വൈദ്യുതി പ്രസരണ വിതരണ സംവിധാനങ്ങൾ കൂട്ടിചേർക്കുന്നതിനോടൊപ്പം നിലവിൽ ഉള്ള വൈദ്യുതി പ്രസരണ വിതരണ സംവിധാനത്തിന്റെ പരിപാലനം കാര്യക്ഷമവും കുറ്റമറ്റതും ആക്കാനുള്ള പദ്ധതികളാണ് കുടുതലായി വിഭാവനം ചെയ്യേണ്ടത്. ചെറിയ അതിർത്തി കേന്ദ്രീകൃതമായ വികസന ആസൂത്രണം എന്ന പഴയ രീതി ഉപേക്ഷിച്ച് വൈദ്യുതി വികസനത്തിന്റെ വിശാല ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ വൈദ്യുത സർക്കിളുകൾ കേന്ദ്രീകരിച്ച് സാങ്കേതിക വിദഗ്ദരുടെ പ്രത്യേക സമിത് (Project Monitoring Unit) രൂപവത്കരിക്കുകയും വൈദ്യുത വികസന പദ്ധതികളുടെ രൂപവത്കരണം മുതൽ പൂർത്തിയാക്കൽ വരെയുള്ള എല്ലാ ഘട്ടങ്ങളിലും സൂക്ഷമമായ മേൽനോട്ടം ഉറപ്പു വരുത്തുകയും ചെയ്യും.

വൈദ്യുതി വിതരണ ഗുണ മേൻമയിൽ നഗരങ്ങൾക്ക് തുല്യമായ അവസ്ഥയിലേക്ക് ഗ്രാമ പ്രദേശങ്ങളെയും എത്തിക്കുക എന്ന പദ്ധതി ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യമാണ്.വൈദ്യുത പ്രസരണ വിതരണ നഷ്ടം കുറക്കുക, കുറ്റമറ്റ വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുക, പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കൊപ്പം സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകൃതമായി തന്നെ തുടരുന്നു എന്ന് ഉറപ്പുവരുത്തുക എന്നിവയും 2018 മുതൽ 2022 വരെയുള്ള പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 19–ാം പവർ സർവേയിൽ കണ്ടെത്തിയ 2022 ലെ ഉത്പാദന ലക്ഷ്യമായ 5363 മെഗാവാട്ട് വൈദ്യുതി എന്ന ലക്ഷ്യത്തിലെത്താൻ വേണ്ട ആസൂത്രണവും പദ്ധതികളുടെ നടത്തിപ്പും സന്നിവേശവും ഉൽപ്പെടെയുള്ള വിശാല ലക്ഷ്യങ്ങൾ ബൃഹത്തായ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതഉല്പാദനം, സംപ്രേഷണം, വിതരണം എന്നിവയാണ് പ്രധാനമായും വൈദ്യുത ബോർഡ് നടപ്പിലാക്കിവരുന്നത്. കൂടാതെ ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ് എന്നീ കേന്ദ്രാവീഷ്കൃത പദ്ധതികളും വൈദ്യുത ബോർഡ് നടപ്പിലാക്കിവരുന്നു.

പട്ടിക5.17

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഡിസ്ട്രിബ്യൂഷൻ നോർമൽ	376.68	376.68	100%
2	ഡിസ്ട്രിബ്യൂഷൻ നോർമൽ	73.29	73.29	100%

(അവലംബം: വകുപ്പുതല കണക്ക്)

7. കേരള വാട്ടർ അതോറിറ്റി

സംസ്ഥാന പദ്ധതികൾ

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിലൂടെ അനുമതി നൽകും. അനുമതി ലഭിക്കുന്ന പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി ഭരണാനുമതിയും സാങ്കോതികാനുമതിയും നൽകുന്നു. മുനിസിപ്പാലിറ്റികൾക്കും ഒന്നിലധികം പഞ്ചായത്തുകൾക്കും സമഗ്ര കുടിവെള്ള പദ്ധതിയാണ് ഇത്തരത്തിൽ ആവിഷ്കരിക്കുന്നത്. കൂടാതെ

സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന കിഫ്ബി ഗ്രീൻബുക്ക് എന്നിവയിൽ ഉൾപ്പെടുത്തിയും നടപ്പിലാക്കിവരുന്നു.

പട്ടിക 5.18

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	2016-17 പദ്ധതി വിഹിതമുപയോഗിച്ച് നടപ്പാക്കിയ വിവിധ പ്രവർത്തികൾ	1951.57	302.	15.51
2	വരൾച്ചാ ദുരിതാശ്വാസം	110.46	17.64	15.97

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക 5.19

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	KIIFB (ദ്വി വർഷ പദ്ധതി)	6360	1.04	1822
2	2017-18 പദ്ധതി വിഹിതമുപയോഗിച്ച് നടപ്പാക്കു വിവിധ പ്രവർത്തികൾ	553.52	0	553.52
3	NABARD(ദ്വി വർഷ പദ്ധതി)	3105	519.39	821.0

(അവലംബം: വകുപ്പുതല കണക്ക്)

8. സാമൂഹ്യനീതി വകുപ്പ്

താഴെപ്പറയുന്ന പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്

1. **കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള സേവനങ്ങൾ**
   സൈക്കോസോഷ്യൽ കൗൺസിലർമാരുടെ സേവനം, ബോധവർക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നടത്തുന്നതുവഴി കുട്ടികളെ ഒരു പരിധിവരെ നേർവഴിക്ക് നയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. **വിവിധ ധനസഹായ പദ്ധതികൾ**
   താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

   എ. വിധവാ പുനർവിവാഹം
   ഈ പദ്ധതി വഴി നിരാലംബരായ വിധവകൾക്ക് 25,000 രൂപ ധനസഹായം നൽകിവരുന്നു.

   ബി. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ധനസഹായം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നൽകുന്നു. വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠന സഹായം നൽകുന്നു.

സി. ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കളുടെ വിവാഹ ധനസഹായം

ഭിന്നശേഷിക്കാരുടെ പെൺമക്കൾക്ക്, ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും 10,000 രൂപയാണ് നിലവിൽ നൽകിവരുന്നത്. ഈ തുക വർദ്ധിപ്പിക്കേണ്ടതാണ്.

ഡി. വിവിധ ചികിത്സാ ധനസഹായം ദുരിതാശ്വാസ നിധിയിൽ 5,000 രൂപ ധനസഹായം നൽകുന്നു.

ഇ. വനിതാ ഗൃഹനാഥയുടെ മക്കൾക്ക് സ്കോളർഷിപ്പ്
ഈ സ്കീംവഴി സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

എഫ്. അഭയകിരണം പദ്ധതി

ജി. പദ്ധതിയിലൂടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള വിധവകൾക്കും പ്രായപൂർത്തിയായ മക്കൾ ഇല്ലാത്തവർക്കും ധനസഹായം നൽകുന്നുണ്ട്.

എച്ച്. വിവിധയിനം ട്രേയിനിംഗുകൾ ജീവനക്കാർക്ക് നൽകിവരുന്നു.

ഐ. സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റ് നൽകുന്നു.

പട്ടിക5.20

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ദാരിദ്ര്യരേഖക്ക്താഴെയുള്ള ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരുടെ പെൺകുട്ടികൾക്കുംവിവാഹ ധനസഹായം	1.10	1.10	100%
2	വിദൂര വിദ്യാഭ്യാസ/ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്തു പഠിക്കുന്ന ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	8.40	8.40	100%
3	ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്	3.50	3.50	100%
4	മിശ്ര വിവാഹ ധനസഹായം	2.00	2.00	100%
5	മംഗല്യ വിധവ പുനർവിവാഹ ധനസഹായം	8.10	8.10	100%
6	ഗാർഹികാതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾക്ക് ധനസഹായം നൽകുന്ന പദ്ധതി	2.20	2.20	100%
7	വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധന സഹായം നൽശുന്ന പദ്ധതി	23.80	23.80	100%
8	ഭിന്നശേഷി ദുരുതാശ്വസ ചികിത്സാ ധനസഹായം	1.64	1.64	100%
9	സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻസെന്ററുകൾക്ക് ധനസഹായം	79.57	79.57	100%
10	മുച്ചിറി, മുറിഅണ്ണാക്ക് ശസ്ത്രക്രിയക്ക് വിധേയരാവുന്നവർക്കുള്ള യാത്രാ ചെലവ്, ക്യാമ്പ് നടത്തിപ്പ്	0.50	0.50	100%
11	ഓർഫനേജ് ഗ്രാന്റ്	0.18	0.18	100%

12	മഹിളാ മന്ദിരത്തിലെ അന്തേവാസികളുടെ കുടുംബ സംഗമം	11.17	11.17	100%
13	ട്രാൻസ് ജൻഡർ പോളിസ് 2015 പദ്ധതികളും നടത്തിപ്പും	1.65	1.65	100%
14	ഗവ.വൃദ്ധ മന്ദിരത്തിലെ അന്തേവാസികളുടെ കുടുംബ സംഗമം	2.00	2.00	100%
15	മുൻകുറ്റവാളികൾ പ്രൊബേഷൻഎക്സ് പ്യൂപ്പിൾ ജയിലിൽ കഴിയുന്നവരുടെ ആശ്രിതർ എന്നിവർക്കുള്ള ധന സഹായം	31.86	31.86	100%
16	ഗവ.മഹിളാ മന്ദിരത്തിലെ താമസ്സക്കാരായ പെൺകുട്ടികളുടെ വിവാഹ നടത്തിപ്പ്	5.00	5.00	100%
17	സ്കൂൾ കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം	0.47	0.47	100%
18	ഗവ.മഹിളാ മന്ദിരത്തിലെ സ്ത്രീകളുടെ സംരക്ഷണവും പരിപാലനവും	1.78	1.78	100%
19	വിവിധ ദിനാഘോഷങ്ങളുടെ നടത്തിപ്പ്	5.00	5.00	100%
20	സാമൂഹിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ബത്ത നൽകൽ	59.35	59.35	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക 5.21

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	അഡ്മിനിസ്ട്രേറ്റീവ് ഇൻഫ്രാസ്ട്രക്ചർ	6.57	1.81	6.57
2	വിവിധ ധന സഹായങ്ങൾ	12.37	0.29	12.37
3	വിവിധ സ്കോളർഷിപ്പുകൾ	9.49	1.95	9.49
4	വിവിധ ട്രയിനിങ്ങ് പ്രോഗ്രാമുകൾ	3	0.38	3
5	ആഫ്ടർ കെയർ സർവ്വീസ്	4.75	0	4.75
6	ട്രാൻസ് ജൻഡർ വർക്ക്ഷോപ്പ്	6.68	0.15	6.68
7	സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലിംഗ്	9.65	9.65	9.65
8	ബുദ്ധി വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം	0.13	0.13	0.13

(അവലംബം: വകുപ്പുതല കണക്ക്)

9. ആരോഗ്യം

1. ഹെൽത്ത് സർവ്വീസസ് വകുപ്പ്.

ആരോഗ്യ വകുപ്പുമുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(എ) എച്ച്.ഐ.വി എയ്ഡ്സ് നിയന്ത്രണ പരിപാടി

കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ ജില്ലയിൽ എച്ച്.ഐ.വി.എയ്ഡ്സ് നിയന്ത്രണ പരിപാടി നടത്തിവരുന്നു. ഇതിന്റെ നൂതന ചികിത്സാ പദ്ധതിയായ ART സെന്റർ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്നു.

(ബി) KSACS ന്റെ നിയന്ത്രണത്തിൽ **ഒരു മദർ ബ്ലഡ് ബാങ്ക്** പത്തംതിട്ട ജനറൽ ആശുപത്രിയിലും ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും അടൂർ ജനറൽ ആശുപത്രിയിലും റാന്നി താലൂക്ക് ആശുപത്രിയിലും പ്രവർത്തിക്കുന്നു. കൂടാതെ തിരുവല്ല താലൂക്ക് ആശുപത്രിയിലും ഒരു ബ്ലഡ് ബാങ്കും ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തിക്കുന്നു.

(സി) സ്റ്റേറ്റ് ഇൻഷ്യേറ്റിവ്സ് ഓൺ ഡിസബിലിറ്റീസ്

വൈകല്യം തടയുക, നിർണ്ണയിക്കുക, മുൻകൂട്ടി ഇടപെടുക, ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസം, തൊഴിൽ പുനരധിവാസം എന്നിവ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്നത പദ്ധതിയാണിത്.

(ഡി) **കുട്ടികളിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ**

പ്രാദേശീയ, സംസ്ഥാനതല സാങ്കേതിക കമ്മറ്റികൾ തെരഞ്ഞെടുത്ത 5 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രത്യേക പട്ടികയിലുള്ള ആശുപത്രികളിലൂടെ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നു.

കേന്ദ്ര–സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആരോഗ്യ പദ്ധതികൾ ജില്ലയിൽ ജില്ലാ മെഡിക്കൽ ഓഫീസിന്റേയും, ദേശീയ ആരോഗ്യദൗത്യത്തിന്റേയും മേൽനോട്ടത്തിൽ കാര്യക്ഷമമായ രീതിയിൽ നടന്നുവരികയാണ്.

- ജീവിതശൈലി രോഗനിയന്ത്രണ പരിപാടി
- പുതുക്കിയ ക്ഷയരോഗ നിയന്ത്രണപരിപാടി
- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ
- ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ
- ഗ്രാമീണ പ്രജനന ശിശു ആരോഗ്യ പരിപാടി
- ദേശീയ അന്ധത നിവാരണ പരിപാടി
- കുടുംബക്ഷേമ പ്രവർത്തനങ്ങൾ
- വിദ്യാലയാരോഗ്യ പരിപാടി
- ന്യൂട്രീഷ്യൻ പ്രോഗ്രാം
- മാനസികാരോഗ്യ പരിപാടി
- കൗമാരാരോഗ്യ പരിപാടി
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം
- പേവിഷബാധ പ്രതിരോധ പ്രവർത്തനം
- പൊതുജനാരോഗ്യ പ്രവർത്തനം
- സാന്ത്വനപരിചരണ പരിപാടി
- ദേശീയ ആരോഗ്യ ദൗത്യം

കൂടാതെ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒ.പി. നവീകരണം, കാത്‌ലാബിന്റെ

പ്രവർത്തനത്തിനും സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ചു. ഇവയെല്ലാം ജില്ലയുടെ ആരോഗ്യ പരിരക്ഷയ്ക്ക് മാറ്റു കൂട്ടുന്ന പ്രവർത്തനങ്ങളാണ്. ആർദ്രം മിഷന്റെ ഭാഗമായി പന്തളം, ചെന്നീർക്കര, ഓതറ, പള്ളിക്കൽ, വടശ്ശേരിക്കര, കോട്ടാങ്ങൽ, നിരണം എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കും. പ്രവർത്തനം നടന്നുവരികയാണ്. പന്തളം, ചെന്നീർക്കര, ഓതറ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഇതിനകം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി പ്രവർത്തനം ആരംഭിച്ചു. ഇത്തരം കേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് വൈകിട്ട് 6 മണി വരെ ആരോഗ്യ സേവനം ലഭ്യമാകും. കൂടാതെ എല്ലാ വ്യാഴാഴ്ചകളിലും ഈ കേന്ദ്രങ്ങളിൽ ഡിപ്രഷൻ ക്ലിനിക്കിന്റെ പ്രവർത്തനവും തുടങ്ങിക്കഴിഞ്ഞു.

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തിൽ 102 ആരോഗ്യ പദ്ധതികളാണ് 2017-18 വാർഷിക പദ്ധതിയിൽ ഡി.പി.സി അംഗീകാരം നൽകിയത്. കൂടാതെ ആരോഗ്യ അനുബന്ധ പദ്ധതികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ മേഖലയിൽ നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ രണ്ട് ദശാബ്ദമായി നടപ്പിലാക്കി വരുന്ന വികേന്ദ്രീകരണ ആസൂത്രണ പ്രവർത്തനത്തിന്റെ ഫലമായി ജില്ലാതലം വരെയുള്ള ആരോഗ്യസ്ഥാപനങ്ങളുടെ നടത്തിപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് കൈമാറുക വഴി ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളുടെ കെട്ടും, മട്ടും മാറ്റന്നതിനും ഗുണമേൻമയുള്ള ആരോഗ്യസേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ സംവിധാനം ഏകോപിപ്പിച്ച് നടപ്പിലാക്കാനും, പകർച്ചവ്യാധി, പകർച്ചേതര വ്യാധികൾ പോലുള്ള പല പദ്ധതി പ്രവർത്തനങ്ങൾക്കും പ്രാരംഭം കുറിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങൾ പരിഹരിക്കാതെ ഡോക്ടർ - പരിശോധന-മരുന്ന് സംവിധാനത്തിലൂടെ മാത്രം ഒരു ജനതയുടെ ആരോഗ്യത്തിൽ കാതലായ മാറ്റം വരുത്തുവാൻ കഴിയില്ല. കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യകരമായ ശീലങ്ങൾ മുതലായവ വഴി മാത്രമേ നല്ല ആരോഗ്യം കൈവരിക്കാൻ ആകു. ഈ ഘടകങ്ങൾ പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളേയും, ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനം യാഥാർത്ഥ്യമാക്കുന്നതിലൂടെ ആരോഗ്യ രംഗത്ത് ജില്ലയിൽ ഒരു സമഗ്ര മാറ്റം നമുക്ക് സാധ്യമാക്കാം.

2. ആയുർവ്വേദം

താഴെപ്പറയുന്ന പദ്ധതികളാണ് ആയുർവ്വേദ വകുപ്പ് മുഖേന ജില്ലയിൽ നടപ്പിലാക്കിവരുന്നത്

പട്ടിക5.22

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഗ്രാമീണ ആയുർവ്വേദ ഡിസ്പെൻസറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും	10	10	100%
2	ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും ആധുനീകവത്കരണവും	0.5	0.5	100%
3	പുനർനവ പദ്ധതി	100	100	100%
4	ഭാരതീയ ചികിത്സാ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ	3.4	3.4	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.23

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ (31.10.2017 വരെ)

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ഗ്രാമീണ ആയുർവ്വേദ ഡിസ്പെൻസിറികൾ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും	59.35	59.35	59.35
2	ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും ആധുനീകവത്കരണവും	46.67	44.58	46.67
3	പുനർനവ പദ്ധതി	10	10	10
4	പകർച്ചവ്യാധി	0.5	0.5	0.5
5	ഭാരതീയ ചികിത്സാ വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ	100	100	100

(അവലംബം: വകുപ്പുതല കണക്ക്)

കേന്ദ്രാവിഷ്കൃത പദ്ധതികൾ

a) ഹരികിരണം:– പട്ടിക ജാതി ജനവിഭാഗങ്ങൾക്കായി കോളനി കേന്ദ്രീകൃതമായ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ

b) പൊതുജനാരോഗ്യബോധവൽക്കരണം (IEC)

c) സ്പെഷ്യാലിറ്റി യൂണിറ്റുകൾ: ആശുപത്രി അടിസ്ഥാനം ആക്കി ആയുർവേദ സ്പെഷ്യാലിറ്റി യൂണിറ്റുകൾ –ശാലാക്യം, സിദ്ധ

d) പകർച്ചവ്യാധിപ്രതിരോധം –ഔട്ട് റിച്ച് ആക്റ്റിവിടീസ്

e) സ്കൂൾ ഹെൽത്ത് പ്രോഗ്രാം(വിവിധ സ്പെഷ്യാലിറ്റികൾ)

സംസ്ഥാനാവിഷ്കൃത പരിപാടികൾ

a) പുനർന്നവ –പക്ഷാഘാത രോഗികൾക്കള്ള ചികിത്സാപരിപാടി– ജില്ലാ ആയുർവേദ ആശുപത്രി

b) ആയുഷ്യം–സമഗ്രാരോഗ്യപരിപാടി ആയുർവേദത്തിലൂടെ–അങ്ങാടിക്കൽ ആശുപത്രി

c) മാനസികരോഗ സ്പെഷ്യാലിറ്റി യൂണിറ്റ്–കടമ്പനാട് ആശുപത്രി

d) കൗമാരഭൃത്യം– ശിശുരോഗസ്പെഷ്യാലിറ്റി യൂണിറ്റ് –അങ്ങാടിക്കൽ ആശുപത്രി

e) പ്രസൂതിതന്ത്ര യൂണീറ്റ്–ഗൈനക്കോളജി – ഓമല്ലൂർ ആശുപത്രി

f) ജെറിയാട്രിക് കെയർ– ജില്ലാ ആയുർവേദ ആശുപത്രി

g) യോഗാ യൂണിറ്റ്– ജില്ലാ ആയുർവേദ ആശുപത്രി

h) പഞ്ചകർമ്മ യൂണിറ്റ്(തിരുവല്ല ആശുപത്രി,അയിരൂർ ആശുപത്രി)

i) കരൾ രോഗമുക്തി :– മദ്യപാനജനിത കരൾ രോഗങ്ങൾക്കും മദ്യപാനാസക്തിയ്ക്കും ഉള്ള സമഗ്രചികിത്സാ പരിപാടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി വിവിധ സ്ഥാപനങ്ങളിലേയ്ക്ക് ഔഷധം വാങ്ങൽ, അടിസ്ഥാന സൗകര്യ വികസനം, മറ്റ് വിവിധ പ്രൊജക്റ്റുകൾ എന്നീ ഇനങ്ങളിൽ ആയി 27194824 രൂപയുടെ പദ്ധതികൾ ഏകോപ്പിക്കുന്നു.

3.ഹോമിയോപ്പതി

താഴെപ്പറയുന്ന പദ്ധതികളാണ് ഹോമിയോപ്പതി വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. സീതാലയം പദ്ധതി

സ്ത്രീകളുടെ മാനസിക ശാരീരിക ആരോഗ്യം ലക്ഷ്യമാക്കി ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കുന്ന സീതാലയം പദ്ധതി പന്തളം ഹോമിയോ ഡിസ്പെൻസറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നു, ഡി-അഡിക്ഷൻ, ഇൻഫെർട്ടിലിറ്റി എന്നി സ്പെഷ്യലിറ്റി ക്ലിനിക്കുകളും സീതാലയം യൂണിറ്റിൽ പ്രവർത്തിക്കുന്നു. ക്ലിനിക്കിൽ സൈക്കോളജിസ്റ്റിന്റെ സേവനവും ലഭ്യമാണ്. ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ ലീഗൽ എയ്ഡ് ക്ലിനിക്കും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട പരാതികൾ ഇവിടെ കൈകാര്യം ചെയ്യുന്നു.

2. സദ്ഗമയ പദ്ധതി

കൗമാര പ്രായത്തിലുള്ളവർക്കുവേണ്ടി വ്യക്തിത്വ ആരോഗ്യ വികസനവും പെരുമാറ്റ പഠന വൈകല്യങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് സദ്ഗമയ. പത്തനംതിട്ട ജില്ലയിൽ ഈ പ്രോജക്ട് കൊടുമണ്ണിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി കൗൺസിലിങ്ങും വൈദ്യസഹായവും ലഭിക്കുന്നു.

3. പെയിൻ ആന്റ് പാലിയേറ്റീവ്

കിടപ്പുരോഗികളുടെ ക്ഷേമത്തിനുവേണ്ടി പാലിയേറ്റീവ് കെയർ, പ്രോജക്ട് കൊറ്റനാട് ആശുപത്രിയിൽ പ്രവർത്തിക്കുന്നു.

4. ആയുഷ്മാൻഭവ

ജീവിതശൈലി രോഗങ്ങൾക്ക് ഇവിടെ ചികിത്സ ലഭിക്കുന്നു. യോഗയും നാച്ചുറോപതിയും അടങ്ങുന്നതാണ് ചികിത്സാ പദ്ധതി.

നിർദ്ദേശങ്ങൾ

- ഹോമിയോപതി വകുപ്പു മുഖേന നടപ്പാക്കുന്ന സീതാലയം പദ്ധതി ജില്ലയിൽ പന്തളത്തും സദ്ഗമയ പദ്ധതി കൊടുമണ്ണിലും പെയിൻ ആന്റ് പാലിയേറ്റീവ് കൊറ്റനാട്ടും മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ബ്ലോക്കടിസ്ഥാനത്തിൽ ഓരോ ഡിസ്പെൻസറി തെരഞ്ഞെടുത്ത് 3 പദ്ധതികൾ അവിടെ നടപ്പിലാക്കിയാൽ പ്രദേശികമായി ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകും.

പട്ടിക 5.24

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	പെയിൻ & പാലിയേറ്റീവ്	3.4	3.4	100%
2	സീതാലയം	9.71	9.71	100%
3	സദ്ഗമയ	3.5	3.5	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.25

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	പെയിൻ & പാലിയേറ്റീവ്	4.05	2.21	4.05
2	സീതാലയം	12.52	3.54	12.52
3	സദ്ഗമയ	3.5	1.21	3.5

(അവലംബം: വകുപ്പുതല കണക്ക്)

10. പട്ടികജാതി വികസനം

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് പട്ടികജാതി വികസന വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

വിദ്യാഭ്യാസ പരിപാടികൾ

എ) നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളിലും, സങ്കേതങ്ങളിലുമായി നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. ഫീഡിംഗ് ചാർജ്ജും യുണിഫോമും പഠന സാമഗ്രികളും നൽകുന്നു.

ബി) പ്രീമെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസ്സ് വരെ)

എല്ലാ സർക്കാർ, സർക്കാർ എയ്ഡ് അംഗീകൃത അൺഎയ്ഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി/മറ്റ് അർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനദ്ധ്യാപകർ മുഖേന ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി.

വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നു.

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റും ഗ്രാന്റും നൽകുന്ന പദ്ധതി.

സി) വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം ജാതിമത പരിഗണന കൂടാതെ ഈ ആനുകൂല്യം അനുവദിക്കുന്നു.

ഡി) അൺ എയ്ഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് നൽകുന്നു.

ഇ) ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സ് വരെ പ്രതിവർഷം 4,500 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു

എഫ്) പ്രീമെട്രിക് ഹോസ്റ്റലുകൾ
ജില്ലയിൽ നിലവിൽ 5 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

ജി) അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം
ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1,500 രൂപ നൽകുന്നു.

എച്ച്) പ്രത്യേക പ്രോത്സാഹന സമ്മാനം
വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

ഐ) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം
എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000 രൂപ വരെ ധനസഹായം നൽകുന്നു.

ജെ) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴിസിൽ പഠിക്കുന്നവർക്ക് ആനുകൂല്യം.
വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിനോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു.

കെ) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ് അനുവദിക്കുന്നു.

എൽ) പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/എയിഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യുണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2,000 രൂപ നൽകുന്നു.

എം) ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പട്ടികജാതി വിദ്യർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം നൽകുന്നു.

എൻ) സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാംവർഷം എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് അനുവദിക്കുന്നു

ഒ) പാരലൽകോളേജ് പഠനത്തിനുള്ള ധനസഹായം നൽകുന്നു.

പി) വകുപ്പുകളുടെ കീഴിൽ 2 ഐ.റ്റി.ഐകൾ നടത്തിവരുന്നു.

പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്ന തിനുള്ള നിർദ്ദേശങ്ങൾ

- എല്ലാവർക്കും ഭൂമി
- എല്ലാവർക്കും വാസയോഗ്യമായ വീട്
- സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും സ്വയം തൊഴിൽ മേഖലയിലും തൊഴിൽ അവ സരങ്ങൾ.
- ജില്ലാപഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ പരിശീലന കേന്ദ്രം
- സ്ഥിതിസമത്വം അവസരസമത്വം എന്നിവയിലൂന്നിയ വികസന കാഴ്ചപ്പാട്.
- ചെലവഴിക്കുന്ന ഒരോ രൂപയ്ക്കും അതിനനുസരിച്ചുള്ള റിസൽറ്റ്
- സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവർക്കായി പദ്ധതികൾ
- ജൈവ കൃഷി, പാട്ടകൃഷി പ്രോത്സാഹിപ്പിക്കുക
- കുടിവെള്ള ക്ഷാമം പരിഹരിക്കുക. മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക
- ആരോഗ്യമേഖലയിൽ പ്രത്യേക ശ്രദ്ധ പതിയണം.
- ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ താറാവ് കൃഷി, മത്സ്യകൃഷി എന്നിവയ്ക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കണം.
- പട്ടികജാതിക്കാരുടെ തനത് കലാരൂപങ്ങൾ സംരക്ഷിക്കപ്പെടണം.
- ടൂറിസം മേഖലയിലൂന്നിയുള്ള പദ്ധതികൾ മലയോരഗ്രാമങ്ങൾക്ക് ഉത്തേജനമാകും.
- ഒരു വീട്ടിൽ നിന്നും ഒരാൾക്കെങ്കിലും തൊഴിൽ നൽകുന്നതിന് ലക്ഷ്യമിടുക.
- പന്തളത്ത് പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ ആരംഭിക്കുക.

പട്ടിക5.26

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	പോസ്റ്റ്മെട്രിക് കുട്ടികൾക്ക് പഠനയാത്ര	0.92	0.92	100%
2	ഹോസ്റ്റൽ അന്തേവാസികൾക്ക് പഠനയാത്ര	17.65	17.65	100%
3	ഐ.റ്റി.ഐ/ഐ.റ്റി.സി അപ്രന്റീസ്ഷിപ്പ് സ്കീം	128.72	128.72	100%
4	അയ്യങ്കാളി സ്കോളർഷിപ്പ്	19.06	18.58	97.5%
5	എൽ.പി കുട്ടികൾക്ക് പ്രീമെട്രിക് എയിഡ്	0.1	0.1	100%
6	മിടുക്കരായ് എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം	1.95	1.95	100%
7	സംസ്ഥാന കലോത്സവം	24.75	24.75	100%
8	മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച കുട്ടികൾക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്	0.75	0.75	100%
9	ലാപ്ടോപ്പ് വാങ്ങുന്നതിന് ധസഹായം	10.1	10.1	100%
10	മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്	12.25	12.15	99.2%
11	പ്ലസ്ടു വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ്	17.34	15.55	89.68%
12	വിദേശ തൊഴിലിന് ധനസഹായം	21.38	21.38	100%
13	സ്വയംതൊഴിലിന് സബ്സിഡി	972.08	972.08	100%
14	ദുർബല വിഭാഗങ്ങളുടെ പുനരധിവാസം	1238.75	1238.75	100%
15	ഭൂമിഇല്ലാത്തവർക്ക് ഭൂമി	272.5	272.5	100%
16	വീടില്ലാത്തവർക്ക് വീട്	277.71	276.94	99.72%
17	വിവാഹധനസഹായം	63.75	44.88	70.4%
18	ചികിത്സാ സഹായം	1.5	1.5	100%
20	വിജ്ഞാനവേദി	48.23	48.23	100%
21	കോർപ്പസ് പ്രോജക്ട്	58.5	57.1	97.6%
22	വിജ്ഞാനവേദി	1.5	1.5	100%
23	പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം	4.78	4.78	100%
24	പ്രീപ്രൈമറി വിദ്യാഭ്യാസം	3.85	3.81	98.96%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.27

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ(31.10.2017 വരെ)

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	പോസ്റ്റ്മെട്രിക് കുട്ടികൾക്ക് പഠനയാത്ര	10	0	10
2	ഐ.റ്റി.ഐ/ഐ.റ്റി.സി അപ്രന്റീസ്ഷിപ്പ് സ്കീം	3.32	1.56	3.32
3	അയ്യങ്കാളി സ്കോളർഷിപ്പ്	22	2.7	22
4	എൽ.പി കുട്ടികൾക്ക് പ്രീമെട്രിക് എയിഡ്	140	134	140
5	മിടുക്കരായ് എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം	18.6	15.1	18.6
6	മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച കുട്ടികൾക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്	2.2	0	2.2
7	ലാപ്ടോപ്പ് വാങ്ങുന്നതിന് ധസഹായം	40.75	0	40.75
8	മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ്	0.91	0	0.91
9	പ്ലസ് ടു വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ്	13	6.4	13
10	വിദേശ തൊഴിലിന് ധനസഹായം	42.5	35.5	42.5
11	സ്വയംതൊഴിലിന് സബ്സിഡി	3.03	1.83	3.03
12	ദുർബല വിഭാഗങ്ങളുടെ പുനരധിവാസം	13.5	7.53	13.5
13	ഭൂമിഇല്ലാത്തവർക്ക് ഭൂമി	930	154.5	930
14	വീടില്ലാത്തവർക്ക് വീട്	1993.67	1127.99	1993.67
15	വിവാഹധനസഹായം	170.5	89	170.5
16	ചികിത്സാ സഹായം	200	63.85	200

(അവലംബം: വകുപ്പുതല കണക്ക്)

11. പട്ടികവർഗ്ഗ വികസനം

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. **ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം – റ്റി.ആർ.ഡി.എം. മുഖേന**

2003ൽ നടത്തിയ കണക്കെടുപ്പ് പ്രകാരം ജില്ലയിൽ 128 ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഉള്ളതായി ട്രൈബൽ മിഷൻ അംഗീകരിച്ചിട്ടുണ്ട്. അതിൽ 19 കുടുംബങ്ങൾക്കുള്ള ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. ഭൂരഹിതരായ 14 കുടുംബങ്ങൾക്ക് 80 സെന്റ് വീതം ഏകദേശം 10 ഏക്കർ ഭൂമി വടശ്ശേരിക്കര, മാരപ്പള്ളി എസ്റ്റേറ്റിൽ കണ്ടെത്തുകയും ഇവർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. 5 പേർക്ക് ഏനാദിമംഗലം പഞ്ചായത്തിൽ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

2. ഭൂമി അന്യാധീനപ്പെട്ടവർക്ക് പകരം ഭൂമി നൽകുന്ന പദ്ധതി

ടി പദ്ധതി മുഖേന ചിറ്റാർ പഞ്ചായത്തിലെ വേളിമല എസ്റ്റേറ്റിലെ ഭൂമി 18 കുടുംബങ്ങൾക്കായി നൽകിയിട്ടുണ്ട്.

3. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

ഭൂരഹിതരായപട്ടികവർഗ്ഗക്കാർക്ക് 25 സെന്റു മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങുന്നതിന് പരമാവധി 10.00 ലക്ഷം രൂപ വരെ നൽകുന്ന ടി പദ്ധതി പ്രകാരം ജില്ലയിൽ 54 ഗുണഭോക്താക്കൾക്കായി 14.74 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ ജില്ലയിൽ 5,57,62,820 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 5,57,00,230 രൂപ ചെലവഴിച്ചിട്ടുണ്ട്.

4. വനാവകാശ നിയമം

ജില്ലയിൽ 18 വനാവകാശ കമ്മറ്റികൾ നിലവിലുണ്ടായിരുന്നു. കൂടാതെ 4 എണ്ണം പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച 1130 വ്യക്തിഗത അപേക്ഷകളിൽ 847 അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. പുതുതായി 334 അപേക്ഷകൾ ലഭിച്ചതിൽ 170 അപേക്ഷകൾ സർവ്വെ നടത്തി സ്കെച്ച് ലഭ്യമാക്കുന്നതിനായി കളക്ടറേറ്റിൽ അയച്ചുകൊടുത്തിട്ടുണ്ട്.

5. പട്ടികവർഗ്ഗക്കാരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്ന പദ്ധതി

വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം നടപ്പു വർഷം ഈ ഓഫീസിൽ ലഭിച്ച 31 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വായ്പ ഇനത്തിലുള്ള 6,65,772/- രൂപ എഴുതിത്തള്ളുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ മുഖേന അനുമതിയും ഫണ്ടും ലഭ്യമാക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് എസ്.ബി.ഐ റാന്നി-തോട്ടമൺ ശാഖയിൽ ചെക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

6. ഭക്ഷ്യസഹായ പദ്ധതി (ഫുഡ് സപ്പോർട്ട് പ്രോഗ്രാം)

വർഷ കാലത്ത് വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിയാണ്. 2016-17 വർഷം 29.94 ലക്ഷം രൂപ ലഭിക്കുകയും 24.86 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നമാഡിക് മലമ്പണ്ടാരങ്ങൾക്ക് ഈ പദ്ധതിയുടെ ഭാഗമായി വർഷം മുഴുവൻ ഭക്ഷ്യധാന്യം ലഭിക്കുന്നു. അരി, പയർ, വെളിച്ചെണ്ണ, കടല, ഉപ്പ് എന്നിവയാണ് ഇതുപ്രകാരം അനുവദിക്കുന്നത്. 81 കുടുംബങ്ങൾക്ക് ഈ പദ്ധതിപ്രകാരം സഹായം ലഭിക്കുന്നു.

7. കൈത്താങ്ങ് പദ്ധതി

സംസ്ഥാനത്ത് അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം 2.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ 16 ഗുണഭോക്താക്കൾക്കായി തുക വിതരണം ചെയ്തു വരുന്നു.

8. ജനനീ ജന്മ രക്ഷ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ച പ്രധാന ഉൽക്കണ്ഠ അമ്മയുടെയും കുട്ടിയുടെയും പോഷകാഹാരത്തേക്കുറിച്ചുള്ളതാണ്. യഥാസമയം സാമ്പത്തിക സഹായം ലഭ്യമാകാത്തത് പ്രസവത്തിനും മുൻപും പിൻപും ഇവർക്ക് വേണ്ടത്ര പരിചരണം കിട്ടുന്നതിന് തടസ്സമാകുന്നു. ആയതിനാൽ ഗർഭിണി ആയതിനുശേഷമുള്ള 3 മാസം മുതൽ 18 മാസം കാലയളവിൽ കുഞ്ഞിനു 1 വയസുതികയുന്നതുവരെ 1000 രൂപ വീതം ഓരോ മാസവും ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. 2017-18 സാമ്പത്തിക വർഷം 92 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകിയിട്ടുണ്ട്. ആകസ്മികമായി കുഞ്ഞു നഷ്ടപ്പെട്ടാലും പരാമർശിത കാലയളവിൽ ധനസഹായം അനുവദിക്കുന്നതാണ്.

9. **ഗോത്ര സാരഥി**

വനാന്തരങ്ങളിലുള്ള പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ വന്നുപോകുന്നതിന് വകുപ്പ് മുഖേന വാഹനം അനുവദിക്കുന്ന പദ്ധതിയാണ്. നടപ്പു വർഷം 9.74 ലക്ഷം രൂപ അനുവദിച്ചതിൽ 2.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

10. **വിവാഹ ധനസഹായം**
വിധവകളുടെ മക്കൾക്കും അസുഖ ബാധിതരായവരുടെ മക്കൾക്കും പരമാവധി 50,000 രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകിവരുന്നു. നടപ്പുവർഷം 5.00 ലക്ഷം രൂപ അനുവദിച്ചതിൽ 4 പേർക്ക് 50,000 രൂപ നിരക്കിൽ 2.00 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്

11. **അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം**

കുരുമ്പൻമൂഴി, മണക്കയം, തെറ്റുപാറ മുതലായ പട്ടികവർഗ്ഗ കോളനികളിൽ ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

12. **സ്വയംതൊഴിൽ പദ്ധതി**

പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഈ പദ്ധതി പ്രകാരം 50,000 രൂപ വരെ ധനസഹായം നൽകുന്നു.

13. **പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് വിതരണം**

ജില്ലയിലെ 55 സ്കൂളുകളിൽ പഠനം നടത്തുന്ന 148 കുട്ടികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് ഇനത്തിൽ11,10.552/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്

14. **ഇ-ഗ്രാന്റ്**
ജില്ലയിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് എന്നിവ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിവരുന്നു.

15. **പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് വിതരണം**
ഇ-ഗ്രാന്റ് സൗകര്യമില്ലാത്ത ഐ.റ്റി.ഐ പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് നൽകുന്നതിനായി നടപ്പുവർഷം 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്

16. **പട്ടികവർഗ്ഗക്കാർക്കുള്ള ഓണക്കിറ്റ് വിതരണം**
ഈ വർഷത്തെ ഓണത്തോട് അനുബന്ധിച്ച് ജില്ലയിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 15 കിലോഗ്രാം അരിയും മറ്റ് 8 ഇനം ഭക്ഷ്യ സാധനങ്ങളും അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.

17. **ഭവന നിർമ്മാണ ധന സഹായം**
പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട 396 ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾ മുഖേന ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട് കൂടാതെ വീടുകളുടെ അറ്റകുറ്റ പണികൾക്കായി ഒരു ഗുണഭോക്താവിന് പരമാവതി 1.50 രൂപ വരെ ധനസഹായം നൽകുന്നുണ്ട്

18. **സമഗ്ര ആരോഗ്യ സുരക്ഷ**
ചികിത്സ സംബന്ധമായ ചെലവുകൾക്കും പുനരധിവാസത്തിനും 5,000/-രൂപ വരെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ധനസഹായം നൽകുന്നു. 5,000/-രൂപയിൽ കൂടുതലുള്ള തുക മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നു. ഈ ഇനത്തിൽ നടപ്പുവർഷം ജില്ലയ്ക്ക് അനുവദിച്ച 10.00 രൂപയിൽ 9.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

19. **പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)**

പ്രോജക്ടാധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെലക്ഷ്യം. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകളിൽ സ്വയം തൊഴിൽ നൈപുണ്യ വികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേയ്ക്ക് സാങ്കേതിക വിദ്യാകൈമാറ്റവും വിവരങ്ങൾ ൻലകുന്നതിനുമായി ബന്ധപ്പെട്ട പ്രോജക്ടുകളും വാർത്താവിനിമയവും, വിദ്യാഭ്യാസവും ആരോഗ്യ-ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവർത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗ ഉപസമിതിയിലെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവു നികത്തൽ. അംഗീകൃത സർക്കാരിതര ഏജൻസികളയും ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ ഒരു വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഇതുകൂടാതെ സമർത്ഥരായ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും മുകവുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നോടാനും വിദേശത്ത് ജോലിയ്ക്കായുള്ള അവസരം അന്വേഷിക്കുന്ന പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം ചെയ്യുക എന്നിവ പരിഗണിക്കുന്നു. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സൂക്ഷമസംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും പരിഗണിക്കും ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷിക്കാർക്ക് അവർ പാട്ടത്തിന് എടുത്തിരുക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ട തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ട്രൈബൽ മേഖലകളിൽ കുടുംബശ്രീ യൂണിറ്റ് തുടങ്ങുകയും നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണവും പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായവും നൽകുന്നതാണ്.

പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗം ജില്ലാ തലത്തിലേയ്ക്ക് നീക്കി വെച്ചിരിക്കുന്നു. 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മീറ്റികൾക്ക് ജില്ലകളിൽ ഭരണാനുമതി നൽകാവുന്നതാണ്. ജില്ലകൾക്കനുവദിക്കുന്ന തുക റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാൻപാടില്ല. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാ തല വർക്കിങ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു.

2017 – 18 ൽ ഈ പരിപാടികൾക്കായി 5079.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പ്രധാന പ്രശ്നങ്ങളും പരിഹാരങ്ങളും

ജില്ല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

നൊമാഡിക് മലമ്പണ്ടാരങ്ങളുടെ പുനരധിവാസം

ജില്ലയിലെ ഉൾവനത്തിൽ ചാലക്കയം, ഗവി, മൂഴിയാർ 40, കൊച്ചുകൃഷി, പാലത്തടിയാർ, കൊക്കാത്തോട്, തേക്കുതോട് എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ നൊമാഡിക് മലമ്പണ്ടാര സമുദായത്തിൽപ്പെട്ട ആദിവാസികൾക്ക് അടിയന്തിരമായി ഭൂമിയും വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകേണ്ടതുണ്ട്. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത ഇവർ വനവിഭവങ്ങൾ ശേഖരിച്ച് ഉൾക്കാട്ടിൽ താമസ്സിച്ചുവരികയാണ്. ടി കുടുംബങ്ങൾക്ക് വനാവകാശനിയമപ്രകാരമുള്ള ഭൂമി ലഭ്യമാക്കി ഇവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മോഡൽ കോളനി

പത്തനംതിട്ട ജില്ലയിലെ മൂഴിയാർ, ചാലക്കയം മേഖലകളിൽ വനാന്തർഭാഗത്ത് വസിക്കുന്നവരും നോമാഡിക് ജീവിതശൈലി സ്വീകരിച്ചിട്ടുള്ളവരുമായ 37 മലപണ്ടാര കുടുംബങ്ങൾ ഉണ്ട്. ഇതിൽ 25 കുടുംബങ്ങളെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി പുനരധിവസിപ്പിക്കുന്ന മോഡൽ കോളനി

പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. വനവിഭവ ശേഖരണത്തിനായി കൂടെക്കൂടെ വാസസ്ഥലം മാറുന്ന ഇവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. നിർദ്ദിഷ്ട മോഡൽ കോളനിയിൽ മലമ്പണ്ടാര സമുദായത്തിൽപ്പെട്ട 25 കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള വീടുകളും, ടാറിട്ട റോഡും, വൈദ്യുതി, കുടിവെള്ളം, കൃഷിസ്ഥലം, കമ്മ്യൂണിറ്റിഹാൾ, അംഗൻവാടി, സൊസൈറ്റി തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ രാജാമ്പാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുള്ള മഞ്ഞത്തോട് എന്ന സ്ഥലത്ത് വനംവകുപ്പിന്റെ അധീനതയിലുള്ള 4 ഹെക്ടർ സ്ഥലം സർവ്വേ ചെയ്ത് സർവ്വേ സ്കെച്ച് ജില്ലാ സർവ്വേ സൂപ്രണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി 4 ഹെക്ടർ ഭൂമിയിൽ വീടുകൾ വെച്ചു നൽകുന്നതിന് വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ 25 വീടുകൾ നിർമ്മിക്കുന്നതിനുള്ള തുക (133 ലക്ഷം രൂപ) കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ടി സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിന് കേന്ദ്ര വനംവകുപ്പിൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കൽ

റാന്നി പെരുനാട് പഞ്ചായത്തിലെ അട്ടത്തോട് പട്ടികവർഗ്ഗ കോളനിയിൽ കിഴക്കേക്കര, പടിഞ്ഞാറേക്കര ഭാഗങ്ങളിലായി 250 കുടുബങ്ങൾ അധിവസിക്കുന്നു. കൂടാതെ രാജാമ്പാറ മുതൽ കുന്നാർ വരെ വിവിധ ഭാഗങ്ങളിലായി നൊമാഡിക് ജീവിതശൈലി പിൻതുടരുന്ന 39 കുടുംബങ്ങളും താമസ്സിച്ചുവരുന്നു. കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന്റെ പരിമിത സൗകര്യത്തിൽ പ്രവർത്തിക്കുന്ന അട്ടത്തോട് ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ 59 കുട്ടികൽ പഠിക്കുന്നുണ്ട്. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ ജില്ലാ ഉപഡയറക്ടർക്ക് 1.23 ഏക്കർ വനഭൂമി കൈമാറിയിട്ടുണ്ട്. ടി സ്ഥലത്ത് എം.പി/എം.എൽ.എ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്കൂൾ നിർമ്മിക്കേണ്ടത് അടിയന്തിരമായി പരിഗണിക്കേണ്ടതാണ്.

ആരോഗ്യപരിപാലനം

പട്ടികവർഗ്ഗവിഭാഗക്കാരുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് നേരിട്ട് ഫണ്ട് ലഭ്യമാക്കിവരുന്നു. രോഗബാധിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സയ്ക്കായാണ് ടി തുക വിനിയോഗിച്ചുവരുന്നത്. എന്നാൽ പട്ടികവർഗ്ഗക്കാർക്കിടയിലുള്ള ജീവിതശിലീരോഗം മുൻകൂട്ടി കണ്ടെത്തുവാനും ആയത് പ്രതിരോധിക്കുവാനും കഴിഞ്ഞാൽ ഈ വിഭാഗക്കാരുടെ ഇടയിലെ രോഗബാധിതരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. ഈ ലക്ഷ്യം മുൻനിർത്തി ടി തുക ഉപയോഗിച്ച് കോളനികളിൽ നിശ്ചിത ഇടവേളകളിൽ രോഗപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ച് രോഗം ബാധിക്കാൻ സാധ്യതയുള്ളവർക്ക് ആയത് പ്രതിരോധിക്കാനാവശ്യമായ ബോധവത്ക്കരണവും രോഗബാധിതരായവർക്ക് തുടർചികിത്സയും ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

പട്ടികവർഗ്ഗക്കാരുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കൽ

പട്ടികവർഗ്ഗക്കാർക്കിടയിൽ ആളോഹരി വരുമാനം വളരെ കുറവാണ്. ഇവർ പരിശീലിച്ചിട്ടുള്ള തൊഴിലുകൾ ഒരു പ്രത്യേക സീസണിൽ മാത്രം ലഭിക്കുന്നതിനാൽ ഇവർക്കു സാമ്പത്തീകാഭിവൃദ്ധി ഉണ്ടാകുന്നില്ല. ഈ വിഭാഗക്കാർക്ക് സമ്പാദ്യ, മിതവ്യയ ശീലം ഇല്ലാത്തതും സ്വയംതൊഴിൽ തുടങ്ങുവാനാവശ്യമായ സംരംഭകത്വം ഇല്ലാത്തതുമൂലം ബാങ്ക് വായ്പ തുടങ്ങിയവ ലഭ്യമാകാത്തത് ഇവരുടെ സാമ്പത്തിക ഉന്നമനത്തിന് വിഘാതമായി നിലനിൽക്കുന്നു. വർക്ക്ഷോപ്പ്, ഡ്രൈവിങ്ങ്, തയ്യൽ, ഇഷ്ടിക നിർമ്മാണം തുടങ്ങിയ അസംഘടിതമേഖലയിൽ നാട്ടിൽ ധാരാളം തൊഴിലവസരങ്ങളുണ്ടെങ്കിലും പട്ടികവർഗ്ഗക്കാർ ആയത് പ്രയോജനപ്പെടുത്തുന്നില്ല. ഈ സാഹചര്യത്തിൽ അഭ്യസ്തവിദ്യരായപട്ടികവർഗ്ഗക്കാർക്ക് അവർ പ്രാവീണ്യം നേടിയിട്ടുള്ള മേഖലകളിൽ Need Based ആനുകൂല്യങ്ങൾ നൽകുന്നത് ഇവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കും.

സാംസ്കാരിക അഭിവൃദ്ധിക്ക് ഉതകുന്ന പദ്ധതികൾ

ജില്ലയിലെ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിലവിലുള്ള കളിസ്ഥലങ്ങൾ, കാവുകൾ, എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഈ സ്ഥലങ്ങളിൽ ഇവർക്ക് ഒത്തുകൂടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥലസൗകര്യങ്ങളുള്ള കോളനികളിൽ ലൈബ്രറി, പത്രം, ടി.വി, സാമ്യൂഹ്യപഠനമുറി എന്നീ സൗകര്യങ്ങളുള്ള കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയിൽ ഈ വക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് ഇവരുടെ സാംസ്കാരിക ഉന്നമനത്തിന് പ്രയോജനകരമാണ്.

കുടിവെള്ളം

സമുദ്രനിരപ്പിൽ നിന്നും വളരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജില്ലയിലെ പല സങ്കേതങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇത്തരം കോളനികളിൽ കിണർ കുഴിക്കുന്നത് അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ സമീപപ്രദേശത്തുള്ള ഏതെങ്കിലും ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുന്നത് ആശാസ്യമാണ്. ഇതിലേക്കായി ത്രിതല പഞ്ചായത്ത്, മുൻസിപ്പാലിറ്റികളുടെ സംയുക്ത പ്രോജക്ട് തയ്യാറാക്കി 2022 വർഷത്തേക്ക് ഇത്തരം കോളനികൾ ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

ജില്ലയിൽ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ടുള്ള മേൽക്കൊടുത്തിരിക്കുന്ന വിവരങ്ങൾ ജില്ലാതല പദ്ധതി രൂപീകരണത്തിനായി സമർപ്പിക്കുന്നു.

പട്ടിക5.28

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഊരുകൂട്ടം	17	17	100%
2	ഭക്ഷ്യസഹായ പദ്ധതി	37.28	36.65	98.3%
3	കോർപ്പസ് ഫണ്ട്	79.88	79.88	100%
4	പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	1	1	100%
5	വിദ്യാഭ്യാസ ധനസഹായം	10.32	10.32	100%
6	ഐ.ഇ.സി	0.58	0.58	100%
7	മിടുക്കരായ കുട്ടികൾക്ക് ധനസഹായം	2.2	2.2	100%
8	അയ്യങ്കാളി സ്കോളർഷിപ്പ്	0.99	0.99	100%
9	ജനനീ ജന്മരക്ഷ	14.44	14.44	100%
10	സമഗ്ര ആരോഗ്യം	15	15	100%
11	ശാക്തീകരണം	0.0048	0.0048	100%
12	എ.റ്റി.എസ്.പി ഹൗസിംഗ്	84.5	84.5	100%
13	ഹാംലെറ്റ് വികസന പദ്ധതി	22	22	100%
14	വനാവകാശ നിയമം	2.2	2.2	100%
15	അനാഥരായവക്ക് സഹായം	2.1	2.1	100%
16	സ്കൂൾ, കോളേജ് കുട്ടികൾക്ക് പഠനയാത്ര ധനസഹായം	0.31	0.31	100%
17	ഭവന നിർമ്മാണം	64.79	64.79	100%

18	ഭൂമിയില്ലാത്തവരുടെ പുനരധിവാസം	179.47	179.47	100%
19	Article 275(1)	16.5	16.5	100%
20	സാംസ്കാരിക അഭിവൃദ്ധിക്കുതകുന്ന പദ്ധതി	0.75	0.75	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.29

2017-18 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാ*ന പദ്ധതികൾ*(31.10.2017 വരെ)

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ഊരുകൂട്ടം	3	0	3
2	ഭക്ഷ്യസഹായ പദ്ധതി	29.94	24.86	29.94
3	കോർപ്പസ് ഫണ്ട്	30	8.09	30
4	പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	4	2	4
5	വിദ്യാഭ്യാസ ധനസഹായം	12.24	3.88	12.24
6	ഐ.ഇ.സി	0.43	0	0.43
7	മിടുക്കരായ കുട്ടികൾക്ക് ധനസഹായം	1	0.99	1
8	അയ്യങ്കാളി സ്കോളർഷിപ്പ്	1.5	1.2	1.5
9	ജനനീ ജന്മരക്ഷ	10	1.79	10
10	സമഗ്ര ആരോഗ്യം	10	9.81	10
11	വീടില്ലാത്തവർക്ക് വീട്	120	16.81	120
12	ട്രൈബൽ ഹോസ്റ്റലിന്റെ സൗകര്യം വർദ്ധിപ്പിക്കൽ	7	0.68	7
13	അനാഥരായവക്ക് സഹായം	2	0.82	2
14	സ്കൂൾ, കോളേജ് കുട്ടികൾക്ക് പഠനയാത്ര ധനസഹായം	0.5	0	0.5

(അവലംബം: വകുപ്പുതല കണക്ക്)

12. സ്റ്റാറ്റിസ്റ്റിക്സ്

1. ഇ.എ.ആർ.എസ്

കാർഷിക സ്ഥിതി വിവരകണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വെയാണ് ഇ.എ.ആർ.എ.എസ്. ജില്ലയിലെ കാലിക, വാർഷിക, ദീർഘകാല വിളകളെപ്പറ്റിയും, ഭൂവിനിയോഗം, കാർഷിക വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത ജലസേചനത്തിന്റെ തോത്, ഉറവിടം എന്നിവയെപ്പറ്റിയും ഈ പദ്ധതിയിലൂടെ സാമ്പിൾ സർവ്വെ നടത്തി വിവരങ്ങൾ ശേഖരിക്കുന്നു. 2016-17 വർഷത്തെ ഇ.എ.ആർ.എ.എസ് ജോലികൾ 2017 ജൂലൈ 1ന് ജില്ലയിൽ ആരംഭിച്ചു. ജില്ലാതല ട്രെയിനിംഗ്, സാലറി, പി.റ്റി.എ, ടെലിഫോൺ, ഇലക്ട്രിസിറ്റി, ഡീസൽ, ക്രോപ്പ് കട്ടിംഗ് എന്നീ ഇനങ്ങളിലായാണ് പ്രധാനമായും ഫണ്ടുകൾ ചെലവഴിക്കുന്നത്.

2. കാർഷിക സെൻസസ്

ഐക്യരാഷ്ട്ര സംഘടനയുടെ എഫ്.എ.ഒ ലോകവ്യാപകമായി സംഘടിപ്പിച്ചുവരുന്ന ലോക കാർഷിക സെൻസസിന്റെ ഭാഗമായി കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളിലും കാർഷിക സെൻസസ് നടത്തുന്നു. കാർഷിക സെൻസസ് നടത്തിപ്പ് കേരളത്തിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പത്താമത് കാർഷിക സെൻസസ് 2016 ജൂലൈ 1ന് സംസ്ഥാനത്ത് ആരംഭിച്ചു. കാർഷിക മേഖലയുടെ അടിത്തറയെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുക, കൃഷി ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ, ഭൂവിനിയോഗം, ഭൂ ഉടമസ്ഥത, കാർഷിക വിളകളുടെ വിതരണം, ജലസേചനം, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം, കാർഷിക ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയ നാനാവിധമായ വിവരങ്ങളും ശേഖരിക്കുക. ഭാവിയിൽ കാർഷിക സർവ്വെ നടത്തുന്നതിനാവശ്യമായ ചട്ടകൂട് ഉണ്ടാക്കുക, കാർഷിക സ്ഥിതി വിവരകണക്ക് ശേഖരണത്തിനു ഒരു സംയോജിത പരിപാടി വികസിപ്പിക്കുന്നതിനുള്ള അടിത്തറ പാകുക എന്നിവയാണ് ഈ സർവ്വെയുടെ ലക്ഷ്യങ്ങൾ. 3 ഘട്ടങ്ങളിലായാണ് സെൻസസ് നടത്തുന്നത്. 1) ലിസ്റ്റിംഗ്, 2) വിശദമായ വിവരശേഖരണം, 3)ഇൻപുട്ട് സർവ്വെ.

3.വ്യവസായിക ഉൽപാദക സൂചിക

വ്യവസായികോൽപാദന സൂചിക കണക്കാക്കുന്നതിന് ജില്ലയിൽ തെരഞ്ഞെടുത്ത അക്കായ് ഫ്ളേവേഴ്സ് അരോമാറ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, നല്ലാണിക്കുന്ന്, ഇലവുംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും റിപ്പോർട്ട് ശേഖരിക്കുന്നു.

4. ടൂറിസം സ്റ്റാറ്റിസ്റ്റിക്സ്

ജില്ലയിലെ വിവിധ ഹോട്ടലുകളിൽ നിന്നും ടൂറിസ്റ്റ് ഹോമുകളിൽ നിന്നും ഹോംസ്റ്റേ, ആയുർവ്വേദ ചികിത്സാ കേന്ദ്രം, റസ്റ്റ്/ഗസ്റ്റ് ഹൗസുകൾ എന്നിവടങ്ങളിൽ നിന്നും സ്വദേശികളും വിദേശകളുമായ സഞ്ചാരികളുടെ കണക്ക് ശേഖരിക്കുന്നു. പ്രസ്തുത വിവരങ്ങളടങ്ങിയ ഷെഡ്യൂൾ ഓൺലൈനായി ടൂറിസം ഡയറക്ടർക്ക് എല്ലാ മാസവും സമർപ്പിക്കുന്നു.

5. വേതനഘടന സർവ്വെ

വ്യാപാരവാണിജ്യ സ്ഥാപനങ്ങളിലേയും കെട്ടിട നിർമ്മാണ യൂണിറ്റുകളിലേയും തൊഴിലാളികളുടെ വേതന നിരക്കുകൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള സർവ്വെ.

6. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ശേഖരണം

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ശേഖരണം എല്ലാ ത്രൈമാസത്തിലേയും അവസാന പ്രവർത്തി ദിവസം ശേഖരിച്ച് അയയ്ക്കുന്നു.

7.വാർഷിക വ്യവസായ സർവ്വെ

വ്യവസായ മേഖലയെ സംബന്ധിച്ചുള്ള അടിസ്ഥാന സ്ഥിതിവിവരകണക്കുകൾ ലഭിക്കുന്നതിനുള്ള പ്രധാന സ്രോതസ്സാണ് വാർഷിക വ്യവസായ സർവ്വെ (എ.എസ്.ഐ). 2015-16 സാമ്പത്തിക വർഷത്തിലെ വിവരശേഖരണത്തിനായി 21 വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

5. സിമന്റ് കട്ട നിർമ്മാണ യൂണിറ്റ് സർവ്വെ

കേരളത്തിലെ സിമന്റ് കട്ട നിർമ്മാണ യൂണിറ്റികളുടെ ആകെ എണ്ണം, അവയുടെ പ്രവർത്തനം എന്നിവ മനസ്സിലാക്കുകയായിരുന്നു സർവ്വെയുടെ ഉദ്ദേശം. ഡേറ്റാ ശേഖരണം, ഡേറ്റാ എൻട്രി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

6. മണ്ണുസംരക്ഷണ വിലയിരുത്തൽ സർവ്വെ

വിവിധ ജില്ലകളിൽ നടപ്പാക്കിയ മണ്ണു സംരക്ഷണ പദ്ധതികളുടെ ഒരു വിലയിരുത്തൽ പഠനം 2015-16 വർഷവും തുടരുന്നു. 2010 ഏപ്രിൽ 1 മുതൽ 2011 മാർച്ച് 31 വരെ പൂർത്തീകരിച്ച പദ്ധതികളാണ് 2015-16 വർഷത്തെ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 125 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സർവ്വെ പുരോഗമിക്കുന്നു.

7. നാഷണൽ സാമ്പിൽ സർവ്വെ

നാഷണൽ സാമ്പിൾ സർവ്വെ 75 റൗണ്ട് സർവ്വെ 2017 ജൂലൈ 1ന് ജില്ലയിൽ ആരംഭിച്ചു. ടി സർവ്വെ 2018 ജൂൺ 30ന് അവസാനിക്കും.

8. ദിവസേനയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വിവരം

50 ഇനങ്ങളുടെ വില വിവരം എല്ലാ പ്രവൃത്തി ദിവസവും ശേഖരിച്ച് ഇന്റർനെറ്റ് വഴി ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുന്നു. എല്ലാ മാസവും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാര അവലോകന റിപ്പോർട്ടും അയച്ചുകൊടുക്കുന്നു.

9. എസ്.ആർ.എസ്

എസ്.ആർ.എസ് ജോലികൾക്കായി ജില്ലയിൽ തെരഞ്ഞെടുത്ത 11 സാമ്പിളുകളുടെയും 2015, 2016 അർദ്ധവാർഷിക സർവ്വെ ജോലികൾ പൂർത്തിയാക്കി ഡാറ്റാ ഡയറക്ടേറ്റിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

10. ജനസംഖ്യാ പഠന വിഭാഗം

1. **സിവിൽ രജിസ്ട്രേഷൻ സിസ്റ്റം**

ഈ ജില്ലയിൽ നടക്കുന്ന ജനനവും മരണവും അതാത് പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലുള്ള രജിസ്ട്രാർമാർ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന വിവരങ്ങൾ ഡാറ്റാ എൻട്രി പൂർത്തിയാക്കി റിപ്പോർട്ട് ഓൺലൈനായി ഡയറക്ടറേറ്റിലേക്ക് അയച്ചുകൊടുക്കുന്നു.

2. **സ്പോട്ട് ചെക്ക് സർവ്വെ**

പട്ടണപ്രദേശങ്ങളിലെ സ്ഥിര താമക്കാർക്കുണ്ടാകുന്ന ജനന-മരണ കണക്കുകൾ ശേഖരിച്ച് അവിടത്തെ ജനന-മരണ നിരക്കുകൾ കണക്കാക്കുന്നതിനും രജിസ്ട്രേഷനിൽ വരുന്ന കുറവ് കണ്ടുപിടിക്കുന്നതിനും വേണ്ടിയാണ് ഈ സർവ്വെ നടത്തുന്നത്.

3. **സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം**

2014 മുതൽ ആരംഭിച്ച സാമ്പിൾ സർവ്വെ സിസ്റ്റം ജോലികൾക്കായി ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിൽ നിന്നും 11 സാമ്പിൾ യൂണിറ്റുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഫീൽഡുതല സർവ്വെ ജോലികൾക്കായി 11 അംഗൻവാടി വർക്കർമാരെ പാർട്ട്ടൈം എന്യുമേറ്റർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. കൃത്യമായ ജനസംഖ്യാവർദ്ധനവ്, സ്ത്രീപുരുഷ തോത്, മരണ കാരണങ്ങൾ തുടങ്ങിയ പ്രധാന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിച്ച് ഡയറക്ടറിലേക്ക് അയച്ചു കൊടുക്കുന്നു.

4. **ജനനത്തിലെ ആൺ-പെൺ അനുപാതം**

ഈ ജില്ലയിലെ ആൺ-പെൺ അനുപാതം സംബന്ധിച്ചുള്ള റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നു ശേഖരിക്കുകയും പ്രസ്തുത റിപ്പോർട്ട് നിശ്ചിത തീയതിക്കകം ഡയറക്ടറേറ്റിലേക്ക് അയച്ചുകൊടുക്കുന്നു.

11. നാഷണൽ അഗ്രികൾച്ചറൽ ഇൻഷുറൻസ് സ്കീം (എൻ.എ.ഐ.എസ്)

എല്ലാ വർഷവും ജൂലൈ 1 മുതൽ 31 വരെ കർഷകർ കൃഷി ഓഫീസുകളിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്. സെൻസസ് രീതിയിലും റാന്റം രീതിയിലും സർവ്വേകൾ നടത്തി കേന്ദ്രം സർക്കാരിനും സംസ്ഥാന സർക്കാരിനും ആവശ്യമായ റിപ്പോർട്ടുകൾ നൽകിവരുന്നു.

13. ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്

താഴെപ്പറയുന്ന സംസ്ഥാന പദ്ധതികളാണ് ദാരിദ്ര്യ ലഘുകരണയൂണിറ്റ് മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പാക്കിവരുന്നത്.

1. മലയോര വികസന ഏജൻസി (ഹാഡാ)

മലയോര പ്രദേശത്തെ വികസനം ത്വരിതപ്പെടുത്തുന്നതിനും സാക്ഷാത്ക്കരിക്കുന്നതിനും വേണ്ടിയാണ് സംസ്ഥാന സർക്കാർ മലയോര വികസന ഏജൻസിക്ക് രൂപം കൊടുത്തിരിക്കുന്നത്. മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാന തദ്ദേശസ്വയം രഭണസ്ഥാപനങ്ങൾ സർക്കാർ വകുപ്പുകൾ സഹ്യശ്രീ മാനേജ്മെന്റ് സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സമുദ്ര നിരപ്പിൽ നിന്നും 600 മീറ്റർ ഉയരത്തിലുള്ള പ്രദേശങ്ങളാണ് മലയോര പ്രദേശങ്ങളായി കണ്ടെത്തുന്നത്.

പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാ ആവശ്യങ്ങളായ റോഡുകൾ പാലങ്ങൾ നടപ്പാതകളുടെ നിർമ്മാണം പഴം പച്ചക്കറി വികസന പദ്ധതികൾ കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ ജലസംരക്ഷണ പദ്ധിതകൾ മണ്ണ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയിലൂടെ ഏറ്റെടുക്കുന്നു. മലയോര വികസന ഏജൻസി പ്രവർത്തം ആരംഭിക്കുന്നത് 2012 – 13 കാലഘട്ടങ്ങളിലാണ്. പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ, കോന്നി, റാന്നി ബ്ലോക്ക് പഞ്ചായത്തുകളിലാണ് മലയോര വികസന ഏജൻസിയുടെ പദ്ധതികൾ നടന്നുവരുന്നത്. ഇതുവരെ ഈ ജില്ലയിൽ ഏകദേശം 10225258 രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

പട്ടിക5.30

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഹാഡ	2.97	2.97	100%

(അവലംബം: വകുപ്പുതല കണക്ക്)

14. നവകേരള പരിപാടി

വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണമായും പ്രയോജനം ലഭിക്കാത്ത ജനവിഭാഗങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേരളത്തിലെ സമഗ്ര വികസനത്തിനുംവേണ്ടി ലക്ഷ്യമിട്ടുകൊണ്ട് താഴെ പറയുന്ന 4 പദ്ധതികൾ 5 വർഷം കൊണ്ട് നടപ്പാക്കുന്നു.

1. സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ)

അടുത്ത 5 വർഷത്തിനുള്ളിൽ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുകയാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ലക്ഷ്യം

ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ജില്ലാ തലതിൽ നടത്തേണ്ട പരിശോധനകൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കി അർഹരായവരുടെ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ പദ്ധികൾ വഴി ലഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തീകരിക്കാത്തുമായ വീടുകളുടെ പൂർത്തീകരണവും ലൈഫ്മിഷൻ പദ്ധതിയിൽ 2017–18 സാമ്പത്തിക വർഷം ലക്ഷ്യമിടുന്നുണ്ട്.

2. ആർദ്രം മിഷൻ

പൊതു ആരോഗ്യ പരിപാലന ശൃംഖലയിൽ ചികിത്സ തേടുന്നവർക്ക് ഏറ്റവും സൗഹൃദമായ നിലയിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുകയാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്.

3. സമഗ്ര വിദ്യാഭ്യാസ പദ്ധതി.

ആയിരം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എല്ലാ സ്കൂൾ ക്ലാസ്സുകളും ഹൈട്ക് ആക്കുക, അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാത്ഥി സംഘടകൾ എന്നിവയുടെ സഹകരണത്തോടെ എൽ.പി, യു.പി ക്ലാസ്സുകളിൽ കാലോചിതമായ വികസനം ഉറപ്പാക്കുക, 50, 100 വർഷം പൂർത്തീയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ

4. ഹരിത കേരള മിഷൻ

ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മുന്ന് മേഖലകളിൽ ഊന്നൽ നൽകുന്ന പദ്ധതിയാണ് ഹരിതകേരളം പദ്ധതി. ഇക്കാര്യത്തിൽ 3 കർമ്മസേനകൾ സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കുന്നതാണ്.

1. ജലവിഭവ മിഷൻ.

നിലവിലുള്ള ജലസ്രോതസുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുകവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജിലവിഭവ മിഷൻ ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രവർത്തനങ്ങളെല്ലാം ശാസ്ത്രീയ സംയോജിത നീർത്തട വികസനം അടിസ്ഥാനത്തിലായിരിക്കും.

2. മാലിന്യ സംസ്കരണ മിഷൻ

ജൈവമാലിന്യം പരമാവതി ഉറവിടത്തിൽ സംസ്കരിക്കുക തദ്ദേശസ്വയംഭരണ തലത്തിൽ അജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിന് സംവിധാനം ഒരുക്കുക, ഉറവിട അഴുക്കുജല പരിപാലനം ഉറപ്പാക്കുക, പ്രാദേശിക തലത്തിൽ ചെറിയ സീവറേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ സമീപനരീതി.

3. കൃഷിവികസന മിഷൻ.

വീടുകൾതോറുമുള്ള കൃഷി സാധ്യതക്കു പുറമെ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ പൊതുവായ ഇടപെടലുകലാണ് കൃഷി വികസന മിഷൻ ലക്ഷ്യമിടുന്നത്.

15. എം.എൽ.എ. പ്രത്യേക വികസന നിധി

ഈ പദ്ധതി പ്രകാരം ഓരോ എം.എൽ.എ യ്ക്കും അവർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിൽ ഒരു സാമ്പത്തിക വർഷം ഒരുകോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും.

16. നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി

ഈ പദ്ധതി പ്രകാരം ഓരോ എം.എൽ.എ യ്ക്കും അവർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിൽ ഒരു സാമ്പത്തിക വർഷം അഞ്ചു കോടി രൂപയുടെ ആസ്തികൾ സൃഷ്ടിക്കപ്പെടുവാൻ സാധിക്കും. പദ്ധതിയുടെ കുറഞ്ഞ അടങ്കൽ 10 ലക്ഷം രൂപയും ഒരു വർഷമെടുക്കാവുന്ന പരാവധി പദ്ധതികളുടെ എണ്ണം 20 ഉം ആയി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സുസ്ഥിര ആസ്ഥികളുടെ നിർമ്മാണത്തിന് ഈ പദ്ധതി വളരെ പ്രയോജനപ്പെടുന്നു.

17. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി.

കേരളസർക്കാർ ചെലവ് പൂർണ്ണമായി വഹിക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. ഇത് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര ദാരിദ്ര്യ ലഘൂകരണത്തിന് നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് നഗര പ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജനവും സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും. ഒരു കുടുംബത്തിന് പ്രതിവർഷം 15000 രൂപയുടെ അധിക വരുമാനം പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ പരിപോഷണം മണ്ണ് ജല ജൈവ സമ്പത്തുകളുടെ

സംരക്ഷണം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. 100 തൊഴിൽ ദിവസങ്ങൾ ഈ പദ്ധതി ഉറപ്പുവരുത്തുന്നു.

നഗരസഭാ പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെലക്ഷ്യം.

കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റു തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാകാതിരിക്കുകയും തൊഴിൽ കുറയുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധിതിയാണിത്.

നഗരസഭാ പ്രദേശത്ത് സ്ഥിരമായി താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രസ്തുത കുടുംബത്തിലെ പ്രായ പൂർത്തിയായ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിലന് അർഹതയുണ്ട്. ഈ തൊഴിലർഹത കുടുംബത്തിലെ ഒരാളോ ഒന്നിലധികം പേർക്കോ ചേർത്താണ്. ഓരോ കുടുംബത്തിലെയും പ്രായ പൂർത്തിയായ എല്ലാവർക്കും പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവാനും തൊഴിലിന് അപേക്ഷിക്കുവാനും കഴിയും. രജിസ്റ്റർ ചെയ്യുന്നതിന് പരമാവധി 150 ദിവസം എന്ന ഉത്തരവ് ഇല്ല.

1. നഗരസഭാ അതിർത്തിയിലെ താമസക്കാരായിരിക്കണം.
2. അവിദഗ്ധ കായികാധ്വാനം ചെയ്യുവാൻ തയ്യാറുള്ളവർ ആയിരിക്കണം.
3. താമസിക്കുന്ന നഗരസഭയിലെ കുടുംബാംഗമായി അപേക്ഷ സമർപ്പിക്കണം.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

I. രാഷ്ട്രീയ കൃഷി വികാസ് യോജന (ഗ്രീൻ റവല്യൂഷൻ)

കൃഷി അനുബന്ധ മേഖലകളുടെ വികസനത്തിനായി ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ കീഴിൽ സഹായം ലഭിക്കുന്നതിനായി കൃഷി മൃഗസംരക്ഷണം മത്സ്യകൃഷി എന്നീ മേഖലകളുമായി ബന്ധപ്പെട്ടവയും പ്രാദേശിക ആവശ്യകത, വിഭവ ലഭ്യത എന്നിവകൂടി കണക്കിലെടുത്ത് ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മറ്റിക്ക് സമർപ്പിക്കുന്നു. കമ്മറ്റി പരിശോധിച്ച് നിബന്ധനകൾ പാലിച്ചുള്ള പദ്ധതികൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള കമ്മറ്റിക്ക് പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാന കമ്മറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവ നടപ്പാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസികൾക്ക് നൽകുന്നു.

പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതിയ്ക്കായി 285.5 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കായിട്ടുണ്ട്. പാടശേഖര സമിതികളുടെ തരിശ്ശുഭൂമി കൃഷി ഭൂമിയാക്കുന്നതിനും വിളവെടുപ്പു വർധിപ്പിക്കുന്നതിനുമായി ബന്ധപ്പെട്ട പാടശേഖര സമിതികൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണ, മത്സ്യവികസന വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

II. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (വാട്ടർഷെഡ്)

ഗ്രാമവികസന വകുപ്പ് മുഖേന നടപ്പാക്കിവന്നിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടിയാണ് ഇപ്പോൾ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന ബൃഹത് പദ്ധതി. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, മണ്ണിന്റെ ഫലഭൂഷ്ടി ശോഷണം തടയുക, ഭൂജല വിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക അനുബന്ധ മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത

നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നിവ നീർത്തടപരിപാലന പരിപാടിയുടെ മുഖ്യലക്ഷ്യത്തിൽപ്പെടുന്നു.

III. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

I. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതു പ്രകാരം ഏറ്റെടുക്കുന്ന കുടിവെള്ള പദ്ധതികളുടെ അടങ്കൽ തുകയുടെ 50 ശതമാനം കേന്ദ്രവും 50 ശതമാനം സംസ്ഥാനവും വഹിക്കും. പദ്ധതി പൂർത്തിയായൽ തുടർ നടത്തിപ്പ് വാട്ടർ അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. വാട്ടർ കണക്ഷൻ എടുക്കുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 15,000 ലിറ്റർ വെള്ളം സൗജന്യമാണ്

IV. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം)

കേന്ദ്ര ഗ്രാമീണ മന്ത്രാലയവും സംസ്ഥാന സർക്കാരും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് എൻ.ആർ.എൽ.എം. സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയവരെ കൈപിടിച്ച് ഉയർത്തുന്നതിനും അവർക്ക് ആവശ്യമായ അവസരങ്ങൾ കണ്ടെത്തുന്നതിനും അതിനുവേണ്ട പരിശീലനങ്ങൾ നൽകുന്നതിനും ടി പരിശീലനത്തിനുശേഷം അവർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകി സംരംഭകത്വ മേഖലയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും അതിലൂടെ അവരുടെ കേവല ദാരിദ്യം ഇല്ലാതാക്കുന്നതിനും വേണ്ടിയുള്ള സമഗ്ര പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം(NRLM); കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. എൻ.ആർ.എൽ.എം പദ്ധതി പ്രകാരം ജില്ലയിൽ കുടുംബശ്രീകൾക്ക് നൽകുന്ന ഫണ്ടുകൾ താഴെപ്പറയുന്നവയാണ്.

1. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്
2. റിവോൾവിംഗ് ഫണ്ട്
3. വൾണറബിലിറ്റി റിഡക്ഷൻ ഫണ്ട്
4. സ്വാസ്ഥ്യം – കാൻസർ പ്രതിരോധവും നിയന്ത്രണവും
5. സ്ത്രീശാക്തീകരണം
   - വർണറബിലിറ്റി മാപ്പിംഗ് – പ്രാദേശിക സർക്കാരും കുടുംബശ്രീയും സംയുക്തമായി
   - രംഗശ്രീ – കമ്മ്യൂണിറ്റി തീയേറ്റർ
   - കമ്മ്യൂണിറ്റി കൗൺസിലിംഗ് – കുടുംബശ്രീയും ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന്.
6. മാർക്കറ്റിംഗ്
7. സോഷ്യൽ മൊബലൈസേഷനും കമ്മ്യൂണിറ്റി ഇൻസ്റ്റിറ്റ്യൂഷൻ – എസ്.റ്റി മേഖല
8. ബാങ്കിംഗ് സാക്ഷരത – സാമ്പത്തിക സാക്ഷരത പരിപാടി.

എൻ.ആർ.എൽ.എം ഫണ്ട് വിഹിതം (2017- 18 ഒക്ടോബർ 31 പ്രകാരം)

ലഭ്യമായത്	–	1,62,90,512
വിനിയോഗം	–	1,27,67,564
വിനിയോഗ ശതമാനം	–	78.73%

V. എം.കെ.എസ്.പി (മഹിള കിസാൻ ശാക്തീകരണ പരിയോജന)

അയൽക്കൂട്ട പ്രദേശങ്ങളിലെ കൃഷി യോഗ്യമായ ഭൂമി ഉപയുക്തമാക്കി കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാനമാർഗ്ഗം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് എം.കെ.എസ്.പി. സാമൂഹ്യ നിയന്ത്രണത്തിലൂടെ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

1. കപ്പാസിറ്റി ബിൽഡിംഗും ട്രെയിനിംഗും
2. കാർഷിക അടിസ്ഥാന സൗകര്യ വികസനം
3. കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്
4. മോണിറ്ററിംഗും ഇവാലുവേഷനും

എം.കെ.എസ്.പി ഫണ്ട് വിഹിതം (2017-18 ഒക്ടോബർ 31 പ്രകാരം)

ലഭ്യമായത്	–	51,65,954
വിനിയോഗം	–	48,58,407
വിനിയോഗ ശതമാനം	–	94.04%

VI. ദീൻദയാൽ ഉപാദ്ധ്യായ – ഗ്രാമീണ കൗശല്യയോജന (ഡി.ഡി.യു–ജി.കെ.വൈ)

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി കുടുംബശ്രി വഴി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതിയാണ് ഡി.ഡി.യു–ജി.കെ.വൈ. ഗുണഭോക്താക്കൾക്ക് അവരവരുടെ വിദ്യാഭ്യാസ യോഗ്യതക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. സംസ്ഥാന വിദഗ്ധ പരിശീലന സ്ഥാപനങ്ങളുടെ സഹായത്തോടെ വിവിധ തൊഴിൽ ഉടമകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

ഡി) ഡി.ഡി.യു.ജി.കെ.വൈ ഫണ്ട് വിഹിതം (2017–18 ഒക്ടോബർ 31 പ്രകാരം)

ലഭ്യമായത്	–	7,80,753
വിനിയോഗം	–	6,58,206
വിനിയോഗ ശതമാനം	–	84.30%

VII. സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ രാജ്യത്തെ ദരിദ്രവിഭാഗം ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ള ഉപജീവന വികസന പദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം. പത്തനംതിട്ട ജില്ലയിൽ പറക്കോട് ബ്ലോക്കിലാണ് 6 കോടി രൂപ മുതൽമുടക്കുള്ള എസ്.വി.ഇ.പി പദ്ധതി നടപ്പിലാക്കുന്നത്. കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിന്റെ നേതൃത്വത്തിൽ നോഡൽ സൊസൈറ്റി രൂപീകരിച്ച് ഉപജീവന വികസനം ലക്ഷ്യമാക്കി സി.ഡി.എസുകളുടെ നേതൃത്വത്തിലായിരിക്കും പ്രവർത്തനം. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

എസ്.വി.ഇ.പി ഫണ്ട് വിഹിതം (2017–18 ഒക്ടോബർ 31 പ്രകാരം)

ലഭ്യമായത്	–	65,12,500
വിനിയോഗം	–	39,32,536
വിനിയോഗ ശതമാനം	–	60.38%

VIII. ദേശീയ നഗര ഉപജീവന മിഷൻ

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ടി നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്. 50000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത്.

ഈ പദ്ധതിയിലൂടെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നു.

- പുതുതായി അയൽക്കൂട്ടം രൂപീകരിക്കുന്നതിന് 10000 രൂപയുടെ സഹായം
- അയൽക്കൂട്ടങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിന് 8000 രൂപയുടെ ധനസഹായം

- അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതം റിവോൾവിംഗ് ഫണ്ട് (പ്രവർത്തനം ആരംഭിച്ച് 6 മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്ക്)
- എ.ഡി.എസ്സുകൾക്ക് 50000 രൂപ റിവോൾവിംഗ് ഫണ്ട്

IX. ദേശീയ സാമൂഹ്യ സുരക്ഷാ പദ്ധതി

ഈ പദ്ധതിയിൽ താഴെപ്പറയുന്ന 5 ഉപപദ്ധതികൾ അടങ്ങിയിരിക്കുന്നു.

എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സിൽ കൂടുതലുള്ള എല്ലാ ഭാരതീയരും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കാൻ അർഹരാണ്. 60 വയസ്സുമുതൽ 75 വയസ്സ് വരെയുള്ളവർക്ക് പ്രതിമാസം 1000 രൂപയും 75 വസ്സിൽ കൂടുതൽ ഉള്ളവർക്ക് 1500 രൂപയും ഇതു പ്രകാരം പ്രതിമാസം പെൻഷനായി ലഭിക്കുന്നു.

ബി) ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

ഈ പദ്ധതി 2009ൽ ആണ് ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 40 മുതൽ 59 വയസ്സ് വരെ പ്രായമുള്ള ദ്രാരിദ്ര്യരേഖയ്ക്ക് താഴെ വസിക്കുന്ന വിധവകൾക്ക് ആനുകൂല്യം ലഭിക്കുന്നു. 60 വയസ്സ് മുതൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷനിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നു.

സി) ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ

ദാരിദ്ര്യരേഖയ്ക്ക് താഴെ വസിക്കുന്ന 18 വയസ്സിനുമുകളിൽ പ്രായമുള്ള 80 ശതമാനത്തിലധികം വൈകല്യമുള്ളവർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു.

ഡി) നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം

ഒരു കുടുംബത്തിലെ വരുമാനദായകനായ 18നും 60നും ഇടയിൽ പ്രായമുള്ള വ്യക്തി മരിക്കുന്നതു മൂലം നിരാശ്രയരായ കുടുംബത്തിന് ഒറ്റത്തവണ ധനസഹായമായി 20,000 രൂപ ലഭിക്കുന്ന പദ്ധതിയാണിത്.

ഇ) അന്നപൂർണ്ണാ പദ്ധതി

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പ്രകാരം മറ്റു കാരണങ്ങളാൽ സഹായം ലഭിക്കാത്ത അർഹരായ ആളുകൾക്ക് ഭക്ഷ്യ സുരക്ഷ നൽകുന്ന പദ്ധതിയാണിത്. ഈ സ്കീം പ്രകാരം ഓരോ ഗുണഭോക്താവിനും എല്ലാ മാസവും 10 കിലോഗ്രാം വീതം അരി സൗജന്യമായി നൽകുന്നു.

സോഷ്യൽജസ്റ്റീസ് വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

X. ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം)

ആരോഗ്യ കുടുംബക്ഷേമ രംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഈ പദ്ധതി കേരളത്തിൽ ആരോഗ്യകേരളം എന്ന പേരിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയായി പ്രവർത്തിച്ചുവരുന്നു.

ലക്ഷ്യങ്ങൾ

ജനപങ്കാളിത്തത്തോടെയുള്ള ആരോഗ്യ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവന ലഭ്യത ഉറപ്പാക്കുക മരുന്നുകളുടെയും, സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുക. പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി പരമാവധി ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക മാതൃ ശിശുമരണ നിരക്ക് കുറയ്ക്കുക, രോഗപ്രതിരോധം, രോഗ നിർമ്മാർജ്ജനം, രോഗ

നിയന്ത്രണം എന്നിവ കാര്യക്ഷമമാക്കുക ജീവിത ശൈലീരോഗങ്ങൾ തടയുക എന്നിവ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ലക്ഷ്യങ്ങളാണ്.

താഴെപ്പറയുന്ന പദ്ധതികളാണ് ആരോഗ്യവകുപ്പ്(ഹെൽത്ത്) മുഖേന പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നത്

1. **അഡോളസെന്റ് ഹെൽത്ത് പ്രോഗ്രാം**
   ഈ പദ്ധതി പ്രകാരം കൗമാര ദിശയിലുള്ളവർക്ക് മുഴുവൻസമയം ചികിത്സാ സഹായം അടൂർ ജനറൽ ആശുപത്രിയിൽ നൽകിവരുന്നു. കൂടാതെ സെമിനാറുകളും ക്ലബ്ബ് ആക്റ്റിവിറ്റികളും പ്രതിവാര അയൺ ഫോളിക് ഗുളികകളുടെ വിതരണവും നടത്തിവരുന്നു.

2. **ഡിസ്ട്രിക് ഏർളി ഇൻവെൻഷൻ**
   ഈ പദ്ധതി പ്രകാരം 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആരോഗ്യ പരിശോധനയും ആരംഭ ദിശയിൽ തന്നെ രോഗം കണ്ടെത്തി ചികിത്സിക്കുന്നതിനും റഫറൽ സംവിധാനവും ഒരുക്കിയിരിക്കുന്നു.

3. **സാന്ത്വന പരിചരണം**
   ഈ പദ്ധതി പത്തനംതിട്ട ജില്ലയിൽ ആദ്യമായി 2008ൽ കടമ്പനാട് പഞ്ചായത്തിൽ ആരംഭിക്കുകയും തുടർന്ന് എല്ലാ പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഈ പദ്ധതി പ്രകാരം 62 യൂണിറ്റുകളിലായി 18526 രോഗികൾക്ക് സാന്ത്വന പരിചരണവും 5620 രോഗികൾക്ക് ഗാർഹിക ചികിത്സാ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

4. **മൊബൈൽ മെഡിക്കൽ യൂണിറ്റ്**
   നിലവിൽ സിതത്തോട്, റാന്നി-പെരുനാട്, കോന്നി എന്നിവിടങ്ങളിലായി 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു

5. **കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം**
   കോഴഞ്ചേരി ജില്ലാ ആശുപത്രിയും മറ്റ് തെരഞ്ഞെടുത്ത ഹെൽത്ത് സെന്ററുകളിലും മാനസിക രോഗികൾക്ക് ചികിത്സ നൽകിവരുന്നു. കൂടാതെ 2016-17ൽ 240 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് 4058 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

6. **ഡയാലിസിസ് യൂണിറ്റ്**
   കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും പത്തനംതിട്ട ജനറൽ ആശപത്രിയിലും ഡയാലിസിസ് സർവ്വീസിനായി 6 മെഷീനുകൾ വീതം സ്ഥാപിച്ച് സേവനം നൽകിവരുന്നു.

7. **ട്രോമ കെയർ**

   ഈ സൗകര്യം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ലഭ്യമാണ്.

8. **മാനസിക രോഗികകൾക്കുള്ള പകൽ വീട്**
   വനിതാ രോഗികൾക്കുള്ള പകൽ വീട്, വല്ലന സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലും പുരുഷരോഗികൾക്കുള്ള പകൽവീട് കഞ്ഞീറ്റുകര ആരോഗ്യകേന്ദ്രത്തിലും നടപ്പിലാക്കിവരുന്നു;

XI. രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (National Health Insurance Programme)

കേന്ദ്ര സർക്കാർവഴി നടപ്പിലാക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്കായുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണിത്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ. ഈ പദ്ധതി ആരംഭിച്ചത് 2008 ഏപ്രിൽ 1 ആണ്. മഞ്ഞ റേഷൻ കാർഡുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിന് 30 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് ഈ പദ്ധതി പ്രകാരമുള്ള ഹെൽത്ത് കാർഡ് നേടാവുന്നതാണ്. ഈ ഹെൽത്ത് കാർഡ് ഉപയോഗിച്ച് കുടുംബാംഗങ്ങൾക്ക് സർക്കാർ ആശുപത്രിയിലോ തെരഞ്ഞെടുത്ത സ്വകാര്യ ആശുപത്രിയിലോ കിടത്തി ചികിത്സയ്ക്ക് 30,000 രൂപ വരെ പ്രതിവർഷം ചികിത്സാ സഹായം നൽകുന്നു.

തൊഴിൽ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

XII ദേശീയ വിദ്യാഭ്യാസ മിഷൻ

ദേശീയ വിദ്യാഭ്യാസ മിഷന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പദ്ധതികൾ വിദ്യാഭ്യാസ വകുപ്പു മുഖേന നടപ്പിലാക്കിവരുന്നു.

എ) സർവ്വശിക്ഷാ അഭിയാൻ

ഗുണനിലവാരമുള്ള സാർവത്രിക പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ. എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുക ഒന്നാം തരത്തിൽ ചേരുന്ന എല്ലാ കുട്ടികളും കൊഴിഞ്ഞുപോകാതെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക ഇക്കാര്യത്തിൽ ആൺ പെൺ വിവേചനം അവസാനിപ്പിക്കുക. മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നിവയാണ് എസ്.എസ്.എയുടെ ലക്ഷ്യങ്ങൾ.

തഴെപ്പറയുന്ന പദ്ധതികളാണ് എസ്.എസ്.എ മുഖേന നടപ്പിലാക്കുന്നത്.

1. **ട്രാൻസ്പോർട്ട് അലവൻസ്**
   ഒറ്റപ്പെട്ട പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3000 രൂപ ക്രമത്തിൽ യാത്രാസഹായം അനുവദിക്കുന്നു. പത്തനംതിട്ട ജില്ലയിൽ 120 കുട്ടികൾക്ക് ഈ ആനുകൂല്യം നൽകിവരുന്നു.

2. **സ്കൂളുകളിൽ പ്രവേശനം നേടാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം.**

   അരുവാപ്പുലം പഞ്ചായത്തിലേ ആവണിപ്പാറ, കോട്ടാംപാറ എന്നീ പരിശീലന കേന്ദ്രങ്ങളിലായി 12 കുട്ടികൾ പഠിക്കുന്നു.

3. **സൗജന്യ പാഠപുസ്തകം യൂണിഫോം**

   രണ്ടാം ക്ലാസു മുതൽ 8 ക്ലാസുവരെയുള്ള കുട്ടികൾക്ക് പാഠപുസ്തകവും സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന എ.പി.എൽ. ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും യൂണിഫോമും നൽകുന്നു.

4. അദ്ധ്യാപക പരിശീലനം നൽകുന്നു.

5. ടീച്ചർ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ് എന്നിവ അനുവദിക്കുന്നു.

6. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ
   ഈ പദ്ധതിപ്രകാരം ജൈവവൈവിധ്യം ഉദ്യാനം, ശാസ്തോത്സവം, വിദ്യാലയ കൂടിച്ചേരൽ പദ്ധതി എന്നിവ നടപ്പാക്കുന്നു.

7. പിൻതുണാ സംവിധാനങ്ങൾ ശക്തമാക്കുന്നതിനുള്ള പരിശീലനം

8. സമൂഹ പങ്കാളിത്തവും വിഭവ പിന്തുണയും

9. പഠന പരിപോഷണ പരിപാടി

10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനം

11. പഠേ ഭാരത് ബഡേ ഭാരത്

ബി) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ.

14നും 18നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. 2017ൽ 14നും 18നു ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികളും സ്കൂളുകളിൽ എത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുക 2020ഓടെ എല്ലാ കുട്ടികളും സ്കൂളുകളിൽ നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക പരസഹായം ആവശ്യമുള്ള കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഓരോ 5 കിലോമീറ്ററിനുള്ളിനും ഒരു സെക്കന്ററി സ്കൂൾ പദ്ധതി ലക്ഷ്യമിടുന്നു.

പട്ടിക5.31

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്നപദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	എസ്.എസ്.എ	1530.91	1259.92	82

പട്ടിക5.32

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്നപദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
3	എസ്.എസ്.എ	1795.24	702.83	1795.24

XIII. പട്ടികജാതി വികസനത്തിനുള്ള അമ്പ്രലാ സ്കീം

വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹ്യവുമായ ഉണർവ്വിലൂടെ പട്ടികജാതി വിഭാഗത്തിന്റെ സർവ്വതോമുഖമായ ഉന്നമനത്തിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിൽ താഴെ പറയുന്ന ഉപ പദ്ധതികൾ ഉൾപ്പെടുന്നു.

(i)വിദ്യാഭ്യാസ പദ്ധതികൾ (Educational Empowerment)

എ)പ്രീമെട്രിക് സ്കോളർഷിപ്പ്

1. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്ക് സ്കോളർഷിപ്പ്

പട്ടികജാതിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് അവരുടെ മാതാപിതാക്കളെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള പദ്ധതിയാണിത്. സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. ശുചീകരണ തൊഴിൽ ഏർപ്പെട്ടതുമൂലം ആരോഗ്യം നഷ്ടപ്പെട്ട തൊഴിലാളികളുടെ കുട്ടികൾക്ക് നൽകുന്ന പ്രീമെട്രിക് സ്കോളർഷിപ്പ്.

ഈ പദ്ധതി 1977–78മുതൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കിവരുന്നു.

ബി) **പട്ടികജാതി കുട്ടികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്.**

ഈ പദ്ധതി 1944ൽ ആരംഭിച്ചു. ഈ പദ്ധതി വഴി 100 ശതമാനം കേന്ദ്ര സഹായത്തോടെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുള്ള പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു.

സി) **ഉന്നത വിദ്യാഭ്യാസത്തിനും പ്രവേശന പരിശീലനത്തിനുമുള്ള സ്കോളർഷിപ്പ്**

1) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരമുള്ള വിദ്യാഭ്യാസം

12–ാം ക്ലാസ്സിനു ശേഷമുള്ള വിദ്യാർത്ഥികൾക്ക് ഗവൺമെന്റിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ ഐ.ഐ.റ്റി, എൻ.ഐ.റ്റി, ഐ.ഐ.എം.എസ് മറ്റ് പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ് ഇത്. ഈ സ്ഥാപനങ്ങളിൽ അഡ്മിഷൻ കരസ്ഥമാക്കുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നു.

2) നാഷണൽ ഫെല്ലോഷിപ്പ്
എം.ഫിൽ പി.എച്ച്.ഡി തത്തുല്ല്യമായ മറ്റ് ഗവേഷണ പഠനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നു.

3) നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്
ഉന്നത വിദേശ പഠനത്തിന് തെരെഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നു.

4) പട്ടികജാതി പിന്നോക്ക വിദ്യാർത്ഥികൾക്ക് സൗജന്യ കോച്ചിംഗ്

യു.പി.എസ്.സി, എസ്.എസ്.സി, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ്, സംസ്ഥാന പി.എസ്.സികൾ മുതലായവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പട്ടികജാതി പിന്നോക്ക ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിനുള്ള സൗജന്യ പരിശീലന പദ്ധതിയാണിത്.

5) ബുക്ക് ബാങ്ക് പദ്ധതി
പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ഈ പദ്ധതി മുഖേന ലഭ്യമാക്കുന്നു. കൂടാതെ പഠനയാത്രാ പര്യടന പരിപാടികൾക്ക് 4,000 രൂപ ധനസഹായം നൽകുന്നു.

(ii) സാമ്പത്തിക സഹായ പദ്ധതികൾ (Economic Empowerment)

എ) **നാഷണൽ ഷെഡ്യൂൾഡ്കാസ്റ്റ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ.**

സാമ്പത്തികമായി താഴ്ന്ന നിലയിലുള്ള പട്ടികജാതി ഗുണഭോക്താക്കൾക്ക് വരുമാനദായകമായ തൊഴിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാമ്പത്തികസഹായം നൽകുന്ന സ്ഥാപനമാണിത്. വായ്പ തിരിച്ചടവിനുള്ള സഹായം, വൈദഗ്ദ്ധ്യ പരിശീലനം, സംരംഭകത്വ പരിശീലന പദ്ധതി മുതലായവയ്ക്ക് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വഴി സഹായം നൽകിവരുന്നു.

ബി) **നാഷണൽ സഫായി കർമ്മചാരീസ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ.**

ശുചീകരണ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും വരുമാനദായക പ്രവർത്തികളിൽ ഏർപ്പെടുകവഴി സാമൂഹ്യ സാമ്പത്തിക പുരോഗതി നേടുന്നതിന് സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനമാണിത്.

സി) ഷെഡ്യൂൾഡ്കാസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.

പട്ടികജാതിക്കാർക്കുള്ള സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് 27 സംസ്ഥാനതല കോർപ്പറേഷനുകൾ പ്രവർത്തിക്കുന്നു. ഇവയ്ക്ക് ക്രെഡിറ്റ് സപ്പോർട്ട്, കുറഞ്ഞ പലിശ നിരക്കിലുള്ള മാർജിൻ മണി എന്നിവ ഈ പദ്ധതിപ്രകാരം അനുവദിക്കുന്നു.

ഡി) പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി (SCA TO SCSP)

സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പട്ടികജാതി ജനസംഖ്യ, സംസ്ഥാനത്തെ താരതമ്യേനെയുള്ള പിന്നോക്കാവസ്ഥ, സാമ്പത്തിക സഹായ പദ്ധതികൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖ മറികടന്ന പട്ടികജാതി കുടുംബങ്ങളുടെ ശരാശരി എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പണം ഉപയോഗിച്ച് സംസ്ഥാനങ്ങൾ അവരുടെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രത്യേക ഘടകപദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നു.

ഇ) ക്രെഡിറ്റ് എൻഹാൻസുമെന്റ് ഗ്യാരന്റി സ്കീം ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്.

പട്ടികജാതിക്കാരായ നവസംരംഭകർക്കുള്ള ക്രെഡിറ്റ് ഗ്യാരന്റി പദ്ധതിയാണിത്.

(iii)സാമൂഹ്യ ശാക്തീകരണം (സോഷ്യൽ എംപവർമെന്റ്)

എ) പൗരാവകാശ സംരക്ഷണ നിയമം 1985.

അയിത്തം, തൊട്ടുകൂടായ്മ തുടങ്ങിയ അനാചാരങ്ങൾ ശിക്ഷാവിധേയമാക്കികൊണ്ടുള്ള ഈ നിയമം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കിവരുന്നു.

പട്ടിക 5.33

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	മിശ്ര വിവാഹിതർക്കുള്ള ധന സഹായം	17.5	17.5	100%
2	പോസ്റ്റ്മെട്രിക് കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം	61.76	61.76	100%
3	എസ്.സി.എ റ്റു എസ്.സി.പി	17.41	17.41	100%
4	പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയൽ	16	16	100%

(അവലംബം: വകുപ്പുതല കണക്ക്)

പട്ടിക5.34

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	മിശ്ര വിവാഹിതർക്കുള്ള ധന സഹായം	20.5	16.5	20.5
2	പോസ്റ്റ്മെട്രിക് കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം	81.64	36.69	81.64
3	പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയൽ	15	9.3	15
4	എസ്.സി.എ റ്റു എസ്.സി.പി	3.86	3.86	3.86

(അവലംബം: വകുപ്പുതല കണക്ക്)

XIV. പട്ടികവർഗ്ഗക്കാർക്കുള്ള അമ്പ്രല പദ്ധതി

1. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി (SCA TO TSP)

കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയം സഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് വരുമാനവർദ്ധനവ് ഉണ്ടാക്കുന്ന തൊഴിൽ ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ്. 2017-18 സാമ്പത്തിക വർഷം എസ്.സി.എ റ്റു റ്റി.എസ്.പി പദ്ധതി നടത്തിപ്പിനായി വേളിമല കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനിയിൽ റബ്ബർകൃഷി, പെട്ടിക്കട, ഔഷധ സസ്യകൃഷി എന്നിവ നടപ്പിലാക്കുന്നതിനായി 5,94,000 രൂപ വകയിരുത്തിയിട്ടുണ്ട്.

2. പ്രത്യേക കേന്ദ്ര സഹായ പദ്ധതി

കൃഷി, സ്വയംതൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം തുടങ്ങിയ പദ്ധതികൾ വഴി സാമ്പത്തിക ഉന്നമനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

3. ആർട്ടിക്കിൾ 275(1) പദ്ധതി

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവവിഭവശേഷി വികസനം കായികവികസനം സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയുടെയും പരിപാലനം തുടങ്ങിയ മാനവ വികസന സൂചനകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം നടപ്പിലാക്കാവുന്നതാണ്. ഇതു കൂടാതെ താഴെ പറയുന്ന പ്രവർത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.

- പട്ടികവർഗ്ഗ കലാകായിക ക്ലബ്ബുകൾക്ക് നടത്തിപ്പിനും രജിസ്ട്രേഷനുമുള്ള സഹായം.
- പട്ടികവർഗ്ഗ കലകളുടെ പ്രദർശനവും, പട്ടികവർഗ്ഗ കലാകാരൻമാർക്ക് പ്രസ്തുത മേഖലയിൽ തുടരാനുള്ള സഹായവും.

2017-18 വർഷം ആർട്ടിക്കിൾ 275(1)പദ്ധതിയിൽ ഉൾപ്പെടുത്തി പെട്ടിക്കട, ആടുവളർത്തൽ, പശുവളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 15 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ജില്ലാതല വർക്കിങ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുകയും ആയത് പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

4. വിദ്യാഭ്യാസ പദ്ധതി - 6-ാം ക്ലാസ് മുതലുള്ള ട്രൈബൽ കുട്ടികൾമാത്രം.

ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പട്ടികവർഗ്ഗ മേഖലകളിൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, ആശ്രമം, സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.

5. സ്കോളർഷിപ്പുകൾ

നാഷണൽ ഓവർസീസ് സ്കോളർഷിപ്പ്, പോസ്ററ് മെട്രിക് സ്കോളർഷിപ്പ് ഉന്നത പഠനത്തിനുള്ള ഫെല്ലോഷിപ്പ് എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

6. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ച് സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പു2നരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ

- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ
- സാക്ഷികൾക്ക് യാത്രാ അലവൻസ് നൽകൽ

7. പ്രീമെട്രിക സ്കോളർഷിപ്പ്.

9, 10 ക്ലാസിൽ പഠിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

പട്ടിക5.35

2016-17 ൽ ജില്ലയിൽ നടപ്പിലാക്കിയ സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്	3.53	3.53	100%
2	എസ്.സി.എ റ്റു റ്റി.എസ്..പി	30	30	100%
3	പട്ടികവർഗ്രാക്കാർക്കെതിരെയുള്ള അതിക്രമം തടയൽ	0.75	0.75	100%

പട്ടിക5.36

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	9,10 ക്ലാസ്സുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പ്	3.5	1.96	3.5
2	എസ്.സി.എ റ്റു റ്റി.എസ്..പി	30	5.94	30
3	പട്ടികവർഗ്രാക്കാർക്കെതിരെയുള്ള അതിക്രമം തടയൽ	1	1	1

(അവലംബം: വകുപ്പുതല കണക്ക്)

XV. സംയോജിത ശിശുവികസന സേവന പദ്ധതി

ആരോഗ്യമുള്ള ജനവിഭാഗം ആണ് ഒരു രാഷ്ട്രത്തിന്റെ മുതൽക്കൂട്ട് എന്ന ആശയം മുന്നിൽക്കണ്ട് 1975ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്ന ഏറ്റവും ബ്രഹത്തായ പദ്ധതിയാണിത്. ഈ പദ്ധതിയിലെ ഏറ്റവും താഴെതട്ടിലുള്ള സാമൂഹ്യ വിഭവകേന്ദ്രമാണ് അംഗൻവാടികൾ. 6 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷകാഹാരം മെച്ചപ്പെടുത്തുക, ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹ്യവുമായ വികസനത്തിന് അടിത്തറ പാവുക, ശിശുമരണം, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് എന്നിവയുടെ തോത് കുറക്കുക, ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിനും നടത്തിപ്പിനും ഏകോപനം വരുത്തുക ശിശുക്കളുടെ ശരിയായ ആരോഗ്യവും പോഷണ ആവശ്യകതയും ശ്രദ്ധിക്കുവാൻ തക്ക വിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. 6 വയസ്സിന് താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ കൗമാരക്കാരയ പെൺകുട്ടികൾ 18നും 45വയസ്സിനുമിടയ്ക്ക് പ്രായമുള്ള സ്ത്രീകൾ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ പരിശോധന, ആരോഗ്യ പ്രതിരോധ കുത്തിവയ്പ്പും ചികിത്സയും അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം എന്നിവയാണ് പദ്ധതി പ്രധാനം ചെയ്യുന്ന സേവനങ്ങൾ.

പട്ടിക 5.37

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്നപദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഡി.സി.പി.യു	14.14	14.14	100%
2	ഐ.സി.ഡി.എസ്	1263.18	1263.18	100%
3	എസ്.എൻ.പി(ജനറൽ)	121.7	121.7	100%
4	എസ്.എൻ.പി(എസ്.സി)	52.65	52.65	100%
5	എസ്.എൻ.പി(എസ്.റ്റി)	9.88	9.88	100%

പട്ടിക5.38

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ഡി.സി.പി.യു	634.99	634.99	634.99
2	ഐ.സി.ഡി.എസ്	5.84	5.84	5.84
3	എസ്.എൻ.പി(ജനറൽ)	307.15	307.15	307.15
4	എസ്.എൻ.പി(എസ്.സി)	16.07	16.07	16.07
5	എസ്.എൻ.പി(എസ്.റ്റി)	0.18	0.18	0.18

XVI. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ദ കായികതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 150 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. ഗ്രാമവികസന വകുപ്പുവഴിയാണ് ഈ പദ്ധതി ജില്ലാതലത്തിൽ നടപ്പാക്കുന്നത്.

വ്യവസ്ഥകളും അവകാശങ്ങളും

- അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായരിക്കണം
- 18 വയസ്സ് പൂർത്തിയായിരിക്കണം
- ഗ്രാമ പഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിപ്പ് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം.
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം
- അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം.
- തൊഴിൽ നൽകികൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം.
- മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി.
- കാലതാമസമുണ്ടാകുന്ന ഓരോ ദിവസത്തിനും നൽകാത്ത വേതനത്തിന്റെ .05 ശതമാനം നിരക്കിൽ നഷ്ടപരിഹാരം.
- വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചവർക്ക് 150 ദിവസത്തെ തൊഴിൽ.

- ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾക്ക്.
- കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ
- 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10 ശതമാനം അധികം കൂലി.
- കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം.
- പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ
- അപകട മരണം/സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം
- തൊഴിലാളികളുടെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം(കുറഞ്ഞത് 5 പേർ)
- കുട്ടിക്ക് തൊഴിൽ സ്ഥലത്തുവെച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ
- അപകട മരണത്തിന് എക്സ്ഗ്രേഷ്യാ.

XVII. പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

കേന്ദ്രസർക്കാർ ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി 31.03.2016 ൽ നിർത്തലാക്കി. പകരം പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിൽ 01.04.2016 മുതൽ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. 2022-ാം വർഷത്തോടുകൂടി എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 2011 ലെ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ഗുണഭോക്താക്കൾക്ക് 3 ഗഡുക്കളായി 1,20,000 രൂപ പി.എഫ് എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. കേരളത്തിൽ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 20 മീറ്റർ സ്ക്വയറിൽ നിന്നും 25 മീറ്റർ സ്ക്വയറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പുവഴിയാണ് ഈ പദ്ധതി ജില്ലാതലത്തിൽ നടപ്പാക്കുന്നത്.

- പദ്ധതി പ്രകാരം നിശ്ചിതസമയത്തിനകം ഗുണമേൻമയുള്ള ഭവനങ്ങൾ നിർമ്മിക്കുകയാണ് ലക്ഷ്യം.
- സർക്കാർ ധനസഹായത്തിനു പുറമേ അധിക ധനസഹായം ആവശ്യമുള്ളവർക്ക് 70000 രൂപ കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് ലോണായി അനുവദിക്കുന്നു.
- യൂണിറ്റ് കോസ്റ്റ് സമതലപ്രദേശങ്ങളിൽ 1.20 ലക്ഷം രൂപയും ദുർഘട പ്രദേശങ്ങൾ 1.30 ലക്ഷം രൂപയും നൽകുന്നു. ജില്ലയിൽ 1.20 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാക്രമം 60:40 എന്ന അനുപാതത്തിലാണ് തുക അനുവദിക്കുന്നത്.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള ലിസ്റ്റിൽ നിന്നാണ്.
- ആകെ ഭൗതിക ലക്ഷ്യത്തിന്റെ 60% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവെച്ചിരിക്കുന്നു.

സംയോജനം

പി.എം.എ.വൈ (ജി) മായി ബന്ധപ്പെട്ടുകൊണ്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് സംയോജനത്തിന്റെ ഭാഗമായി കിണർ, കക്കൂസ്, കിണർ റീചാർജ്ജിംഗ്, തൊഴുത്ത് ഭൂവികസനം, മാലിന്യ സംസ്കരണ ഉപാധികൾ തുടങ്ങിയ ഘടകങ്ങൾ ചേർത്ത് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഓരോ ബ്ലോക്ക് തലത്തിലും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ പി.എം.എ.വൈ (ജി) ഗുണഭോക്താക്കളായ ദരിദ്രരിൽ ദരിദ്രരായവർക്ക് കെട്ടിട നിർമ്മാണ സാമിഗ്രികൾ (കട്ട, കോൺക്രീറ്റ്, ജനൽ, വാതിൽ മുതലായവ) നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഒരു വീടിന് 1000 കട്ടകൾ

സൗജന്യമായി നൽകുവാൻ കഴിയും. ജില്ലയിൽ പന്തളം, പുളിക്കീഴ് ബ്ലോക്കുകളിൽ കട്ട നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

പി.എം.എ.വൈ (ജി) ഭൗതിക ലക്ഷ്യം.

സെക്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ബ്ലോക്കുപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുണ്ട്. സെക്ക് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ച ശേഷം മാത്രമേ ടി ഗുണഭോക്താക്കളെ പി.എം.എ.വൈ (ജി) യിൽ പരിഗണിക്കു എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ ഇതു സംബന്ധിച്ച കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി പി.എം.എ.വൈ.ജി യിൽ ജില്ലയുടെ ആകെ ഭൗതിക ലക്ഷ്യം 1993 വീടുകളാണ്.

17-10-2017 ലെ റിപ്പോർട്ട് അനുസരിച്ചുള്ള പുരോഗതി

എം.ഐ.എസിൽ രജിസ്ട്രേഷൻ പൂർത്തിയായ കുടുംബങ്ങളുടെ എണ്ണം	-	1388 (70%)
സാങ്ഷൻ ചെയ്ത വീടുകളുടെ എണ്ണം	-	544 (39%)

പി.എം.എ.വൈ (ജി) പദ്ധതിയിൽ ജില്ലയിൽ ഭൗതിക ലക്ഷ്യത്തിന് അനുസരിച്ച് നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല.

ഭൗതിക ലക്ഷ്യം നേടുന്നതിനുള്ള പ്രധാന തടസ്സങ്ങൾ

- സെക്ക് ലിസ്റ്റിൽ നിന്നും ആവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അർഹരായി കണ്ടെത്തിയ പല കുടുംബങ്ങൾക്കും പിന്നീട് നടന്ന വിശദമായ പരിശോധനയിൽ ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയില്ലെന്ന് കണ്ടെത്തുകയുണ്ടായി.
- ആകെ ഭൗതികലക്ഷ്യത്തിന്റെ 60% എസ്.സി/എസ്.റ്റി ഗുണഭോക്താക്കൾക്കാണ് നീക്കിവെച്ചിരിക്കുന്നത്. ജില്ലയിൽ 74 ശതമാനം വീടുകളും എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്. ടി വിഭാഗങ്ങളെ ആവശ്യാനുസരണം ലഭിക്കാതിരിക്കുന്നത് ഭൗതികലക്ഷ്യം പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്.
- ഭൂരഹിതരായ കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തിയാണ് സെക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. സ്വന്തമായി രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ള കുടുംബങ്ങളെയാണ് പി.എം.എ.വൈ (ജി) യിൽ ധനസഹായത്തിന് പരിഗണിക്കുന്നത്.
- ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കുന്നതിനും കൈവശാവകാശ രേഖ ലഭിക്കുന്നതിനുള്ള കാലതാമസവും പി.എം.എ.വൈ (ജി) യുടെ ഭൗതിക ലക്ഷ്യം പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

XVIII.പ്രധാനമന്ത്രി ആവാസ് യോജന (നഗരം)

2022-ാം ആണ്ടോടെ ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ നഗര പ്രദേശത്തെ എല്ലാവർക്കും ഭവനം ലഭ്യമാവണം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണിത്. 1.5 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കേരള സർക്കാർ, നഗരസഭ-ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ പരമാവതി 3.00 ലക്ഷം രൂപ ഓരോ ഗുണഭോക്താവിനും നൽകുന്നു. മുൻസിപ്പാലിറ്റികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പി.എം.എ.വൈ സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളിൽ നഗരസഭാ ഉദ്യോഗസ്ഥർ അർഹതാ പരിശോധന പൂർത്തീകരിച്ച് ഭവന രഹിതരായ 361 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. നഗരപരിധിയിൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താൻ പ്രയാസമനുഭവപ്പെടുന്നു.
2. ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പി.എം.എ.വൈ പദ്ധതിയിൽ ഡി.പി.ആർ സമർപ്പിച്ച പല ഗുണഭോക്താക്കളുടെയും വസ്തു വെറ്റ്ലാന്റ് ആയതിനാൽ ബിൽഡിങ് പെർമിറ്റ് നൽകുവാൻ സാധിക്കുന്നില്ല. ആയതു സംബന്ധിച്ച തീരുമാനം തണ്ണീർത്തട സമിതിയിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
3. പി.എം.എ.വൈ പദ്ധതിയിൽപ്പെട്ട് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയ്ക്കായി സമർപ്പിച്ച അപേക്ഷകൾക്ക് പലവിധ കാരണങ്ങളാൽ ബാങ്കുകൾ ലോൺ നൽകുന്നില്ല.

പട്ടിക5.39

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	പി.എം.എ.വൈ(ജി)	525.37	525.37	100%
2	പി.എം.കെ.എസ്.വൈ(നീർത്തടം)	256.5	203.48	100%
3	എം.ജി.എൽ.ആർ.ഇ.ജി.എസ്	10271.58	10271.58	100%

പട്ടിക5.40

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	പി.എം.എ.വൈ(ജി)	223.07	223.07	223.07
2	പി.എം.കെ.എസ്.വൈ(നീർത്തടം)	58.02	51.59	58.02
3	എം.ജി.എൽ.ആർ.ഇ.ജി.എസ്	1867.3	1867.3	1867.3

XIX. പ്രധാനമന്ത്രി ഗ്രാമ സടക് യോജന (PMGSY)

ഗ്രാമ പ്രദേശങ്ങളിൽ അഞ്ഞൂറിലധികം ജനസംഖ്യയുള്ളതും റോഡു ബന്ധമില്ലാത്തതുമായ ആവാസകേന്ദ്രങ്ങളെ ഏതെങ്കിലും പ്രധാന റോഡുമായോ, റോഡുമായി ബന്ധപ്പെട്ടു കിടക്കുന്ന ഏതെങ്കിലും ആവാസകേന്ദ്രവുമായോ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുന്ന പദ്ധതിയാണ് പി.എം.ജി.എസ്.വൈ. നൂറു ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന ഈ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് ശരാശരി 30 ലക്ഷം രൂപ ലഭിക്കുന്നതാണ്. ഈ പദ്ധതിയിൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക ജില്ലാ പഞ്ചായത്താണ് തയ്യാറാക്കേണ്ടത്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള Core Network of Rural Roads ആണ് പി.എം.ജി.എസ്.വൈ-ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ അടിസ്ഥാന രേഖ. ഈ പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിനെ നോഡൽ വകുപ്പായും എസ്.ആർ.ആർ.ഡി.എ-യെ നോഡൽ ഏജൻസിയായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

പട്ടിക5.41

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	പി.എം.എ.വൈ	2455.96958	2455.96958	100%

പട്ടിക5.42

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	പി.എം.എ.വൈ	108385224	108385224	108385224

XX. വൈദ്യുത പദ്ധതികൾ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന ഇന്റഗ്രേറ്റ്ഡ് പവർ ഡെവല്പെന്റ് സ്കീം, ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഡി.ഡി.യൂ.ജി.ജെ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ വിഭാഗത്തിൽ ഉള്ളവർക്ക് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകിവരുന്നു.

പട്ടിക5.43

പത്തനംതിട്ട ജില്ലയിലെ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	അനുവദിച്ച തുക (ലക്ഷത്തിൽ)	2016–17ൽ ചെലവഴിച്ച തുക (ലക്ഷത്തിൽ)	2017–18–ലെ മതിപ്പ് ചെലവ് (ലക്ഷത്തിൽ)	2018–19–ലെ മതിപ്പ് ചെലവ് (ലക്ഷത്തിൽ)
ഡി.ഡി.യു.ജി.ജെ.വൈ	2575	97	1800	678
ഐ.പി.ജി.എസ്	3405	0	1360	2045

XXI. സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ (എസ്.എസ്.എസ്.പി)

കേരള എക്ണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക് വകുപ്പിലാണ് ഈ സ്കീം നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി അംഗീകരിച്ച സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാനിൽ വിവരസാങ്കേതിക സങ്കേതങ്ങൾ ശക്തിപ്പെടുത്തി വിവര ശേഖരണവും വിവരം നൽകലും കുറ്റമറ്റതാക്കുന്നതിനു പുറമെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കപ്പാസിറ്റി ബിൽഡിംഗിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്.

പട്ടിക5.44

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഇ.എ.ആർ.എ.എസ്	13.87	13.84	
2	സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രൻന്തനിംഗ് പ്രോജക്ട്	7.81	7.81	
3	അഗ്രികൾച്ചറൽ സെൻസസ്	0.89	0.89	

പട്ടിക5.45

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ഇ.എ.ആർ.എ.എസ്	80.43	80.1	80.43
2	സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രൻന്തനിംഗ് പ്രോജക്ട്	0.49	0.48	0.49

XXII. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി

മത്സ്യതൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുക പഞ്ഞ മാസങ്ങളിൽ ആശ്വാസമെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയോജിതമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരിൽ നിന്നും ഒക്ടോബർ മുതൽ മാർച്ച് മാസം വരെ 250 രൂപ നിരക്കിൽ ആകെ 1500 രൂപ പിരിക്കുകയും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഗുണഭോക്തൃ വിഹിതത്തിനു തുല്യമായ തുക സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും ചേർത്ത് ആകെ 4,500 രൂപ തുല്യ ഗഡുക്കളായി നൽകുന്നു.

പട്ടിക5.46

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	എസ്.സി.ആർ.എസ്	0.96	0.96
2	ആർ.കെ.വി.വൈ	10	10
	2017–18		
1	എസ്.സി.ആർ.എസ്	1.48	1.48
2	ആർ.കെ.വി.വൈ	6.35	6.35

പട്ടിക5.47

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	എസ്.സി.ആർ.എസ്	1.48	1.48	1.48
2	ആർ.കെ.വി.വൈ	6.35	6.35	6.35

XXIII. എൻ.സി.ഡി.സി പദ്ധതി (സഹകരണ വകുപ്പ് മുഖേന)

1. **പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനസഹായം (വായ്പയും ഓഹരിയും)**

   പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കെട്ടിടം പണി, റൂഫിംഗ്, സേഫ് ഡെപ്പോസിറ്റ് ലോക്കർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

2. **പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നീതിസ്റ്റോർ/നീതി മെഡിക്കൽ നടത്തിപ്പിന് മാർജിൻ മണി/ഓഹരി ധനസഹായം**

   പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നീതിസ്റ്റോർ/നീതി മെഡിക്കൽ സ്റ്റോർ നടത്തിപ്പിനും അവയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതിയാണിത്. മുൻവർഷത്തെ വിൽപ്പനയുടെ 8 ശതമാനത്തിൽ അധികരിക്കാത്ത തുക പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. ഇതുവഴി വിപണിവിലയേക്കാൾ കുറഞ്ഞ നിരക്കിൽ മരുന്നുകളും നിത്യോപയോഗ സാധനങ്ങളും വിൽപ്പന നടത്തുന്നതിന് സാധിക്കുന്നു.

3. **പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്ററിന് മാർജിൻ മണി/ഓഹരി ധനസഹായം.**

   പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും വളം വ്യാപാരം, കീടനാശിനികളുടെ വിതരണം, മറ്റ് കാർഷിക സാമഗ്രികളുടെ വിതരണം എന്നിവയ്ക്കായി നൽകിവരുന്ന ധനസഹായമാണിത്. സംഘം തയ്യാറാക്കി സർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

പട്ടിക5.48

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം	89.69	89.69	100%
2	പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതി മെഡിക്കൽസ്റ്റോർ പ്രവർത്തനത്തിന് മാർജിൻ മണി/ഓഹരി ധന സഹായം	27	27	100%
3	പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്ററിന് മാർജിൻ മണി/ഓഹരി ധന സഹായം	140	140	100%

പട്ടിക5.49

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	പ്രാഥമിക വായ്പ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം	4.74	4.74	4.74

XXIV. സ്വച്ച് ഭാരത മിഷൻ (ഗ്രാമീൺ)

മഹാത്മ ഗാന്ധിയുടെ 150-ാം ജൻമ വാർഷികത്തിനോടനുബന്ധിച്ച് 2019 ഒക്ടോബർ 2 ന് രാജ്യത്തെ സമ്പൂർണ്ണ ശുചിത്വമാക്കണമെന്ന് ലക്ഷ്യമിട്ടാണ് സ്വച്ച് ഭാരത് മിഷൻ ആരംഭിച്ചിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കിവന്നിരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുനസംഘടിപ്പിച്ചുകൊണ്ടാണ് 2014 ഒക്ടോബർ 2 മുതൽ സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഐ.ഇ.സി
2. ശേഷീ വികസനം
3. ഗാർഹിക കക്കൂസ്
4. കമ്മ്യൂണിറ്റി സാനിട്ടറി കോപ്ലക്സ്
5. ഖരദ്രവ മാലിന്യ സംസ്കരണം.

2016 നമ്പംബർ 1ന് എല്ലാ ജനങ്ങൾക്കും ടോയ്ലെറ്റ് സംവിധാനം ലഭ്യമായ ഇന്ത്യയിലെ വലിയ സംസ്ഥാനങ്ങളിൽ ആദ്യത്തെതായി കേരളം മാറി. ഇതിനായി 1.75 ലക്ഷം പുതിയ ടോയ്ലെറ്റുകൾ കേരളത്തിൽ നിർമ്മിക്കപ്പെട്ടു. ശുചിത്വമിഷന്റെ ആഭിമുഖ്യത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്. പത്തനംതിട്ട ജില്ലയിലെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

XXV. സ്വച്ച് ഭാരത മിഷൻ (അർബൻ)

മഹാത്മ ഗാന്ധിയുടെ 150-ാം ജൻമ വാർഷികത്തിനോടനുബന്ധിച്ച് 2019 ഒക്ടോബർ 2 ന് രാജ്യത്തെ സമ്പൂർണ്ണ ശുചിത്വമാക്കണമെന്ന് ലക്ഷ്യമിട്ടാണ് സ്വച്ച് ഭാരത് മിഷൻ ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഗാർഹിക കക്കൂസ്
2. പൊതു കക്കൂസ്
3. ഖര ദ്രവ മാലിന്യ സംസ്കരണം
4. ഐ.ഇ.സി
5. പൊതുജന ബോധവൽക്കണം
6. കപ്പാസിറ്റി ബിൽഡിങ്

പട്ടിക 5.50

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ. നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	വെളിയിട വിസർജ്ജന വിമുക്ത പദ്ധതി	563.67	560.93	99.5%

പട്ടിക5.51

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	വെളിയിട വിസർജ്ജന വിമുക്ത പദ്ധതി	558.64	178.29	558.64

XXVI. വനം വകുപ്പ്

താഴെപ്പറയുന്നപദ്ധതികളാണ് വനം വകുപ്പ് മുഖേന ജില്ലയിൽ നടപ്പിലാക്കിവരുന്നത്.

1. പ്രൊജക്ട് എലിഫന്റ്

ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ് നിർമ്മിക്കുക, പ്രൊട്ടക്ഷൻ പാത നിർമ്മിക്കുക ട്രൈബൽ വാച്ചർമാരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് വനമേഖലയിലെ പ്രദേശ വാസികൾക്ക് തൊഴിലവസരം നൽകുക. കാട്ടുതീ തടയുന്നതിന് ഫയർലൈൻ എടുക്കുകയും അതുവഴി വനമേഖലയിലെ ജനങ്ങൾക്ക് തൊഴിലവസരം നൽകുകയും ചെയ്യുന്നു. വനത്തിനോട് ചേർന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സംരക്ഷണയിലുള്ള കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക, വനമേഖലയോട് ചേർന്ന താമസക്കാർക്ക് എൽ.പി.ജി കണക്ഷൻ നൽകുക, നേച്ചർ ക്യാമ്പ് സംഘടിപ്പിക്കുക, വന്യജീവീ ആക്രമണം തടയുന്നതിനായി സൗരോർജ്ജ വേലി സ്ഥാപിക്കുക. വന്യജീവി ആക്രമണം മുലമുണ്ടാകുന്ന കൃഷി നാശം, പരുക്ക് എന്നിവയ്ക്ക് കോമ്പൻസേഷൻ നൽക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

2. ഇന്റൻസിഫേക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ്

വനംമേഖലയിൽ കാട്ടുതീ പ്രതിരോധത്തിനായി ഫയർ ലൈൻ എടുക്കുക, കാട്ടുതീ പ്രതിരോധത്തിനായി ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ വാങ്ങുക, കാട്ടുതീ പ്രതിരോധത്തിനായി വനമേഖലകളിൽ കുളങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള കുളങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക. എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കോന്നി വനവികാസ ഏജൻസിവഴി 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വരുവ് ചെലവ് കണക്കുകൾ

പട്ടിക5.52

2016-17 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുകയുടെ ശതമാനം
1	ഹരിത ഭാരത ദൗത്യം	57	25	100%
2	ദേശീയ വനവൽക്കരണ പരിപാടി	24	24	100%
3	നബാർഡ്	30	30	100%

പട്ടിക5.53

2017-18 ൽ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ

ക്രമ.നം	പദ്ധതിയുടെ പേര്	ലഭിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	03/2018 വരെ പ്രതീക്ഷിക്കുന്ന ചെലവ്
1	ഹരിത ഭാരത ദൗത്യം	32.6	32.3	32.6

XXVII. പ്രധാനമന്ത്രി ഉജ്ജ്വൽ യോജന

രാജ്യത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി എൽ.പി.ജി കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യം വെച്ചിട്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ജില്ലയിൽ നിന്നു പാചകവാതക കണക്ഷൻ അനുവദിച്ചിട്ടുള്ളതിന്റെ കണക്കുകൾ താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

പട്ടിക5.54
പ്രധാനമന്ത്രി ഉജ്ജ്വൽ യോജന

ക്രമ നം.	താലൂക്ക്	ഗ്യാസ് കണക്ഷൻ ലഭിച്ച അപേക്ഷകൾ	റിപ്പോർട്ട് ലഭ്യമായത്	ഗ്യാസ് കണക്ഷൻ അനുവദിച്ചിട്ടുള്ളത്	റ്റി.എസ്.ഒ യുടെ റിപ്പോർട്ടിൻപ്രകാരം ഗ്യാസ് കണക്ഷന് അർഹതയില്ലാത്തത് .
1	കോഴഞ്ചേരി	166	166	132	34
2	തിരുവല്ല	7	7	5	2
3	അടൂർ	66	47	41	6
4	റാന്നി	33	33	25	8
5	മല്ലപ്പള്ളി	4	4	3	1
6	കോന്നി	48	48	45	3
	ആകെ	346	346	289	57

നാഷണൽ റർബൻ മിഷൻ

തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ക്ലസ്റ്റർ പഞ്ചായത്തുകളുടെ സമഗ്രവികസനം ലക്ഷ്യമിടുന്ന പദ്ധതി. ക്രിട്ടിക്കൽ ഗ്യാപ്പ് ഫണ്ടായി 30 കോടി രൂപ വരെ കേന്ദ്രസഹായമായി രണ്ട് പഞ്ചായത്തുകൾക്കായി ലഭ്യമാകുന്നു.

എം.പി. ലാഡ്സ്

ഈ പദ്ധതിപ്രകാരം ഓരോ എം.പി.യ്ക്കും അവർ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റ് മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നു. രാജ്യസഭാ എം.പി യ്ക്ക് സംസ്ഥാനതലത്തിൽ ഈ ഫണ്ടുപയോഗിച്ച് വികസന പ്രവർത്തനം നടത്തുവാൻ സാധിക്കുന്നു.

പിന്നോക്ക വിഭാഗ ക്ഷേമം.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നു.

1. ഒ.ബി.സി വിഭാഗങ്ങൾക്കായി ദേശീയ പിന്നോക്കവികസന ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)വായ്പ വിനിയോഗിച്ച് മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ, മൈക്രോ ഫിനാൻസ്, വിദ്യാഭ്യാസ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
2. ക്രിസ്ത്യൻ, മുസ്ലിം, സിക്ക്, ബുദ്ധ, ജൈന, പാർസി എന്നീമത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) വായ്പ വിനിയോഗിച്ചുകൊണ്ട് സ്വയം തൊഴിൽ, മൈക്രോ ഫിനാൻസ്, വിദ്യാഭ്യാസ വായ്പാ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

എ) ഒ.ബി.സി വിഭാഗത്തിനുള്ള വായ്പാ പദ്ധതി

വരുമാന ദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും പരാമവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 5 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് 6% വും അതിനുമുകളിൽ 7% ആണ് പലിശ നിരക്ക്. വായ്പ ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98000/–രൂപയും നഗരങ്ങളിൽ 120000/– രൂപയുമാണ്. പ്രായ പരിധി 18 നും 55 നും മധ്യേയുള്ളവർക്കാണ് വായ്പയ്ക്ക് അർഹത. 2 ലക്ഷം രൂപവരെയുള്ള വായ്പ 60 മാസം കൊണ്ടും 5 ലക്ഷം രൂപവരെയുള്ള വായ്പ 72 മാസംകൊണ്ടും 10 ലക്ഷം രൂപവരെയുള്ള വായ്പ 82 മാസംകൊണ്ടും തിരിച്ചടക്കേണ്ടതാണ്. കൃത്യമായി വായ്പ അടച്ചുതീർക്കുന്നവർക്ക് അടച്ച പലിശയുടെ10% പ്രത്യേക കിഴിവ് ആയി ലഭിക്കുന്നതാണ്. വായ്പ ലഭിക്കന്നതിന് മതിയായ ജാമ്യ വ്യവസ്ഥകൾ ആവശ്യമാണ്.

ബി) മത ന്യൂനപക്ഷത്തിനുവേണ്ടിയുള്ള വായ്പാ പദ്ധതികൾ

മത ന്യൂനപക്ഷങ്ങൾക്കായി 2 സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

പദ്ധതി – 1

വരുമാന ദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതനും പരമാവധി 20 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പലിശ നിരക്ക് 6% ആണ്. കുടുംബത്തിന്റെ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81000/– രൂപയും നഗരങ്ങളിൽ 103000/– രൂപയും ആണ്. 18 നും 55 നും മധ്യേ പ്രായമുള്ളവർക്കാണ് വായ്പയ്ക്ക് അർഹത. തിരിച്ചടവ് കാലാവധി 60 മാസം. കൃത്യമായി വായ്പ അടച്ചുതീർക്കുന്നവർക്ക് അടച്ച പലിശയുടെ 10% പ്രത്യേക കിഴിവ് ആയി ലഭിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിന് മതിയായ ജാമ്യ വ്യവസ്ഥകൾ ആവശ്യമാണ്.

പദ്ധതി – 2

ഗ്രാമ നഗര ഭേദമില്ലാതെ 6 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബവാർഷിക വരുമാനമുള്ള വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം 30 ലക്ഷം രൂപവരെ പരാമവധി വായ്പ അനുവദിക്കുന്നതാണ്. സ്ത്രീകൾക്ക് 6% പലിശ നിരക്കിലും പുരുഷൻമാർക്ക് 8% പലിശ നിരക്കിലും വായ്പ അനുവദിച്ചു വരുന്നു. മറ്റു വ്യവസ്ഥകൾ പദ്ധതി 1 ന് സമാനമാണ്.

പട്ടിക5.55

2016 – 17 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	2016–17 ൽ ലഭ്യമായ തുക	2016–17 ൽ ചെലവഴിച്ച തുക	ചെലവഴിച്ച തുകയുടെ %
NBCFDC–സ്വയം തൊഴിൽ	22985600	22985600	100%
മൈക്രോ ഫിനാൻസ്	13911000	13911000	100%
വിദ്യാഭ്യാസ വായ്പ	6916400	6916400	100%
NMDFC– സ്വയം തൊഴിൽ	15417000	15417000	100%
മൈക്രോ ഫിനാൻസ്	3731000	3731000	100%
വിദ്യാഭ്യാസ വായ്പ	9798800	9798800	100%

പട്ടിക5.56

2017 – 18

പദ്ധതിയുടെ പേര്	2017 ൽ ലഭ്യമായ തുക	ഇതു വരെ ചെലവഴിച്ച തുക	31.3.2018 ലെ പ്രതീഷിത ചെലവ്
NBCFDC–സ്വയം തൊഴിൽ	15276000	15276000	24300000
വിദ്യാഭ്യാസ വായ്പ	4414350	4414350	
മൈക്രോ ഫിനാൻസ്	5810000	5810000	12190000
NMDFC– സ്വയം തൊഴിൽ	15250000	15250000	12150000
വിദ്യാഭ്യാസ വായ്പ	5208900	5208900	
മൈക്രോ ഫിനാൻസ്	6683000	6683000	4417000

അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ

ബിപി.എൽ വിഭാഗത്തിൽപ്പെടുന്നവരുടെ ദരിദ്രരിൽ ദരിദ്രരായവർക്ക് 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകുന്ന പദ്ധതിയാണ് അന്ത്യോദയ അന്നയോജന. കേന്ദ്ര സംസ്ഥാന സബ്സിഡികൾ ഉൾപ്പെടുത്തി കിലോയ്ക്ക് 1 രൂപ നിരക്കിലാണ് ഇത് വിതരണം ചെയ്യുന്നത്.

അന്നപൂർണ്ണാ പദ്ധതിയിൽ 65 വയസ്സ് പ്രായമുള്ള ക്ഷേമപദ്ധതികളൊന്നും ലഭിക്കാത്ത അഗതികൾക്ക് 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെ എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കിവരുന്നു.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പി.എം.ഇ.ജിപി)

ഗ്രാമങ്ങളിലും നഗരങ്ങളിലും കാർഷികേതര മേഖലയിൽ സൂക്ഷ്മ സംരംഭങ്ങളാരംഭിച്ച് അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിൽ ആവിഷ്കരിച്ച വായ്പാധിഷ്ടിത സബ്സിഡി പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പി.എം.ഇ.ജി.പി)

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്)

മുൻകാല ആസൂത്രണ കമ്മീഷന്റെ മാർഗ്ഗരേഖകളനുസരിച്ച് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയിൽ അംഗമല്ലാത്ത നിർദ്ധന കുടുംബങ്ങൾക്കായി ആവിഷ്കരിച്ച ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയാണ് ചിസ്. ഈ പദ്ധതിയനുസരിച്ച് ഓരോ കുടുംബത്തിനും പ്രതിവർഷം 30000 രൂപവരെയുള്ള ഇൻഷൂറൻസ് പരിരക്ഷ ലഭിക്കുന്നു.

ആം ആദ്മി ബീമാ യോജന

കേന്ദ്ര ഗവൺമെന്റിന്റെ ഈ ആരോഗ്യ ഇൻഷൂറൻസ് പദ്ധതിപ്രകാരം രാജ്യത്താകമാനം 48 വിഭാഗങ്ങളിൽപ്പെടുന്ന കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് പദ്ധതി

അപകടകരമയ അസുഖങ്ങൾ, മെറ്റേണിറ്റി, വൈകല്യം, ജോലി സംബന്ധമായ അപകടമരണങ്ങൾ എന്നിവയിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുകയും ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും കുടുംബത്തിനും ചികിത്സാ സഹായം നൽകുകയുമാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

XXXVII. സംയോജിത പാർപ്പിട ചേരി വികസന പരിപാടി

നഗരങ്ങളിലെ ചേരികളുടെ സമഗ്രവികസനത്തിനായി 2006–07 ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത പാർപ്പിട ചേരി വികസന പരിപാടി. തെരഞ്ഞെടുത്ത നഗരപ്രദേശങ്ങളിലെ ചേരി നിവാസികൾക്ക് പാർപ്പിടത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും ഈ പദ്ധതിമൂലം ലഭിക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും കേരളത്തിലെ സാഹചര്യത്തിൽ പൂർണ്ണമായി പ്രയോജനപ്പെടുന്ന തരത്തിൽ നിർവ്വഹണം നടത്തുക ദുഷ്കകരമാണ്. ഉദാഹരണമായി പി.എം.എ.വൈ.(ജി), പി.എം.എ.വൈ(യു). ഇവയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എസ്.ഇ.സി.സി. ലിസ്റ്റിൽ നിന്നാണ്. ഇതിൽ അർഹരായ ഗുണഭോക്താക്കൾ ലക്ഷ്യത്തിനനുസരിച്ച് ലഭ്യമല്ല. "ലൈഫിന്റെ" ലിസ്റ്റിൽ നിന്നും പി.എം.എ.വൈ ഗുണഭോക്താക്കളെ നിശ്ചയിക്കുവാൻ

അനുവാദം ലഭ്യമായാൽ കേന്ദ്രവിഹിതം ഒഴികെയുള്ള തുക സംസ്ഥാനത്തിന് കണ്ടെത്തിയാൽ മതിയാകും.

- വിവിധ പദ്ധതികൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണങ്ങളുടെ തുകയിൽ ഐകരൂപ്യമുണ്ടാക്കുകയും പി.എം.എ.വൈ. (യു) ഗുണഭോക്തൃവിഹിതം ഒഴിവാക്കുകയും ചെയ്യുന്നത് ഗുണഭോക്താക്കൾക്ക് കൂടുതൽ സഹായകരമാകും
- പൊട്ടിപ്പൊളിഞ്ഞ വൃത്തിഹീനമായ ശൗചാലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് സ്വച്ഛ് ഭാരതമിഷൻ ഗ്രാമീണിന് വ്യവസ്ഥയില്ല. ഓ.ഡി.എഫ് പ്രഖ്യാപിച്ചതിനാൽ കേന്ദ്ര വിഹിതം ലഭ്യമാകുകയുമില്ല. ടോയിലറ്റുകൾ ശുചിത്വപൂർണ്ണമാക്കുന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണം. ജലസ്രോതസ്സുകളിലേക്ക് ശൗചാലയങ്ങളിലെ നിർഗ്ഗമനക്കുഴൽ സ്ഥാപിച്ചിരിക്കുന്നവർക്കെതിരെയുള്ള നിയമനടപടികൾ ശക്തമാക്കണം.
- നാഷണൽ അർബൻ മിഷൻ – ക്ലസ്റ്റർ പഞ്ചായത്തുകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതി. ഈ പദ്ധതിയിൽ പത്തനംതിട്ട ജില്ലയെക്കൂടി ഉൾപ്പെടുത്തണം.
- പത്തനംതിട്ട ജില്ലയിലെ വയലുകളിലെ കുളങ്ങൾ റവന്യൂ രേഖകൾ പ്രകാരം നിലം എന്നു രേഖപ്പെടുത്തിയിരിക്കുന്നതുമൂലം അവിടങ്ങളിലെ മത്സ്യകൃഷി സാധ്യമാകുന്നില്ല. ഈ തടസ്സം മാറുന്നതിന് നടപടി സ്വീകരിക്കണം.
- എം.എൽ.എ.എസ്.ഡി.എഫ് പ്രവർത്തികൾക്കുള്ള കുറഞ്ഞ അടങ്കൽ തുക 5 ലക്ഷം രൂപയാക്കുകയും ഏറ്റെടുക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം 20 ആയി പരിമിതപ്പെടുത്തുകയും ചെയ്യുക.
- എസ്.സി.എ. റ്റു. റ്റി.എസ്.പി മുഖേന കൃഷി, സ്വയം തൊഴിൽ ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണം എന്നിവയാണ് എല്ലാ ജില്ലകളിലും നടപ്പാക്കി വന്നിരുന്നത്. ഇപ്പോൾ സ്റ്റേറ്റ് ഒരു ക്ലസ്റ്ററായി കണ്ട് പദ്ധതി വിഭാവനം ചെയ്യാൻ നിർദ്ദേശിക്കുകയും പത്തനംതിട്ട ജില്ലയിൽ കൃഷി മാത്രം അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. പട്ടികവർഗ്ഗക്കാർ ധാരാളമായി അധിവസിക്കുന്ന ഈ ജില്ലയ്ക്ക് പഴയതുപോലെ പദ്ധതിയുടെ എല്ലാ ഘടകങ്ങളും ലഭ്യമാക്കുന്നത് ഉചിതമായിരിക്കും.
- കൈത്താങ്ങ് പദ്ധതി മുഖേന അനാഥരായ പട്ടികവർഗ്ഗകുട്ടികളെ സംരക്ഷിക്കുന്നതിന് പ്രതിമാസം 1000 രൂപ നിരക്കിലാണ് ഇപ്പോൾ സഹായം അനുവദിച്ചിട്ടുള്ളത്. ഈ തുക വളരെ അപര്യാപ്തമായതിനാൽ ഒരു കുട്ടിയ്ക്ക് 3000 രൂപ നിരക്കിലെങ്കിലും അനുവദിക്കുന്നത് ഉചിതമായിരിക്കും.
- ഹോമിയോപ്പതി വകുപ്പു മുഖേന നടപ്പാക്കുന്ന സീതാലയം പദ്ധതി ജില്ലയിൽ പന്തളത്തും സദ്ഗമയ പദ്ധതി കൊടുമണ്ണിലും പെയിൻ ആന്റ് പാലിയേറ്റീവ് കൊറ്റനാട് മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. ബ്ലോക്കടിസ്ഥാനത്തിൽ ഓരോ ഡിസ്പെൻസറി തെരഞ്ഞെടുത്ത് 3 പദ്ധതികൾ അവിടെ നടപ്പിലാക്കിയാൽ പ്രദേശികമായി ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകും.
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെപ്പോലെ അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിലും 100 നു പകരം 150 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നത് തൊഴിലാളികൾക്ക് ഗുണകരമായരിക്കും.
- നൊമാഡിക് മലമ്പണ്ടാരങ്ങൾക്ക് ഭക്ഷ്യ സഹായ പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കൊപ്പം പച്ചക്കറി, പഴവർഗ്ഗങ്ങൾ മുതലായ പോഷക സമ്പുഷ്ടമായ ഭക്ഷ്യ വിഭവങ്ങൾ കൂടി വിതരണം ചെയ്യുന്നത് ഉചിതമായിരിക്കും.
- സംയോജിത നീർത്തടാധിഷ്ഠിത പരിപാടി 2016ൽ നിർത്തലാക്കുകയും പകരം പി.എം.കെ.എസ്.വൈ പദ്ധതി ആരംഭിക്കുകയും ചെയ്തതിനാൽ ഐ.ഡബ്ല്യു. എം.പി ഏറ്റെടുത്ത പദ്ധതികൾ പലതും ഇനിയും ഫണ്ട് ലഭ്യമല്ലാത്തതിനാൽ പൂർത്തീകരിക്കുന്നതിന് സാധിക്കുന്നില്ല. ഈ പ്രവർത്തികളിൽ സാധന ഘടകവും മെഷീനറിയും കൂടുതലായതിനാൽ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസിൽ നിർവ്വഹണം ദുഷ്കരമാണ്. ഈ പ്രവർത്തികൾ പി.എം.കെ.എസ്.വൈ യുടെ വാട്ടർഷെഡ് ഘടകത്തിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നത് ഉചിതമായിരിക്കും.

- ❖ വാർഷിക പദ്ധതി നിർവ്വഹണത്തിനുള്ള ഉല്പാദമേഖലയിലെ ബ്ലോക്കുതല മാനദണ്ഡങ്ങളിൽ ഇളവുവരുത്തുക. ഉദാഹരണമായി ബ്ലോക്കുപഞ്ചായത്തിന് ഗ്രൂപ്പുകൾക്കു മാത്രമേ ധനസഹായം ലഭ്യമാക്കാൻ കഴിയു. ഗ്രൂപ്പുകൾക്കുള്ള ഡയറി യൂണിറ്റ് പോലെയുള്ള പ്രവർത്തികൾ ഗ്രൂപ്പടിസ്ഥാനത്തിലുള്ള തുടർ നടത്തിപ്പ് പ്രായോഗികമല്ല. ഇത് നിരവധി ആഡിറ്റ് തടസ്സങ്ങൾക്ക് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും ഗണഭോക്തൃലിസ്റ്റ് ലഭ്യമാക്കി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ക്ഷീര വികസന വകുപ്പിന്റെ മിൽക് ഷെഡ് വികസന പദ്ധതിയുടെ മാതൃകയിൽ ഒന്നിലധികം പശുക്കളെ നൽകാവുന്നതും ക്ഷീര വികസന വകുപ്പിന്റെ സഹായത്തോടെ തീറ്റപ്പുൽ വിതരണപദ്ധതിയ്ക്ക് സഹായം, മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ് വഴി NADEP കമ്പോസ്റ്റും, കാലിത്തൊഴുത്തും നിർമ്മിച്ചു നൽകാവുന്നതും ആണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പൊതു ശൗചാലയങ്ങളുടെ കുറവ് – സംസ്ഥാനം ഓ.ഡി.എഫ് ആയി പ്രഖ്യാപിച്ചെങ്കിലും പൊതു ശൗചാലയങ്ങൾ ആവശ്യത്തിനനുസരിച്ച് ഇല്ല. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് – സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ). പബ്ലിക് ടോയിലറ്റുകൾ – സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്നിവ നിർമ്മിക്കാവുന്നതാണ്. ഗൈഡ് ലൈനുകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലലഭ്യത ഉറപ്പുവരുത്തേണ്ടതും പദ്ധതികൾ രൂപീകരിച്ചുനടപ്പാക്കേണ്ടതുമാണ്.
- സ്ഥലസൗകര്യമുള്ള പട്ടികവർഗ്ഗ കോളനികളിൽ ലൈബ്രറി പത്രം, ടി.വി., സാമൂഹ്യ പഠന മുറി എന്നീ സൗകര്യങ്ങളുള്ള കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുകവഴി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരിക ഉന്നമനം സാധ്യമാകും. പട്ടികജാതി കോളനിയിലും ത്രിതല പഞ്ചായത്തകളുടെ സഹായത്തോടെ ഈ രീതി അവലംബിക്കാവുന്നതാണ്.
- ജില്ലയിലെ പട്ടിക വർഗ്ഗ സങ്കേതങ്ങൾ സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയരത്തിലായതിനാൽ വേനൽക്കാലത്ത് രൂക്ഷമായ ജല ക്ഷാമം അനുഭവപ്പെടാറുണ്ട്. സമീപ പ്രദേശത്തെ ജല സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി ത്രിതല പഞ്ചായത്തികളുടെ സഹായത്തോടെ മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാവുന്നതാണ്.
- പട്ടികവർഗ്ഗ പ്രദേശത്തുള്ള എല്ലാ അംഗനവാടികളും ക്രഷുകളും സുഗമമായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നത് കുട്ടികളുടെ മാനസിക വികസനത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഉചിതമായിരിക്കും. ഇതിനു തദ്ദേശഭരണ സ്ഥാപന ങ്ങൾ മുൻകൈ എടുക്കേണ്ടതാണ്.
- പത്തനംതിട്ട ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി ഇവ ഫിഷറീസ് വകുപ്പിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്ത സംരംഭമായി നടപ്പാക്കാവുന്നതാണ്. ഇതിൽ കുളം നവീകരണം, പുതിയ കുളങ്ങളുടെ നിർമ്മാണം ഇവ മഹാത്മഗാന്ധി എൻ.ആർ.ഇ.ജി. എസിൽ ഏറ്റെടുക്കാവുന്നതാണ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30% ഉല്പാദനമേഖലയ്ക്ക് വകയിരുത്തേണ്ടതാണ്. പാലിന് സബ്സിഡി, നെൽകൃഷിയുടെ കൂലി ചെലവ് തുടങ്ങിയ ധനസഹായ പ്രോജക്ടുകളിൽ മാത്രമേ നിലവിൽ സംയോജനം നടക്കുന്നുള്ളു. കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് എന്നീ വകുപ്പുകളുമായി സംയോജിച്ച് ഉല്പാദന മേഖലയിൽ കാര്യക്ഷമമായ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

സംയോജന സാധ്യതകൾ

- ❖ ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ തമ്മിലുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.



- അംഗനവാടികൾ – ജില്ലയിലെ എല്ലാ അംഗനവാടികൾക്കും കെട്ടിടം അനുബന്ധ സൗകര്യങ്ങൾ ഇവ ലഭ്യമാക്കുക. ജില്ലയിൽ ആകെ 1389 അംഗനവാടികളിൽ. സ്വന്തം കെട്ടിടമുള്ളത് 743 എണ്ണം മാത്രമാണ്. എം.പി.മാരുടെ പ്രാദേശിക വികസനനിധി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി, ആസ്തി വികസന ഫണ്ട്, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, സാമൂഹ്യ നീതി വകുപ്പു വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്, ആർ.ഐ.ഡി.എഫ് ഇവ ഇതിനായി ഉപയോഗിക്കാവുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് സ്ഥലമില്ലാത്ത അംഗനാവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് വിനിയോഗിക്കാൻ പ്രാമുഖ്യം നൽകേണ്ടതും മറ്റു ഫണ്ടുകൾ ലഭ്യമാക്കി അംഗനവാടി നിർമ്മാണ പ്രവർത്തി ഏറ്റെടുക്കാവുന്നതുമാണ്.
- ക്ഷീരവികസന മുഖേന നടപ്പാക്കുന്ന മിൽക്ക്ഷെഡ് വികസന പദ്ധതിയുടെ കാലിത്തൊഴുത്ത് നിർമ്മാണം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മുഖേന നിർമ്മാക്കാവുന്നതാണ്.
- മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പഞ്ചായത്ത് തലത്തിൽ ലേബർ മെറ്റീരിയൽ അനുപാതം 60:40 എന്ന ക്രമത്തിൽ പാലിക്കപ്പെടേണ്ടതിനാൽ കിണർ റീചാർജ്ജ് പോലെ മെറ്റീരിയൽ ഘടകം കൂടുതുള്ള പ്രവർത്തികൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വികസനഫണ്ടുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.
- വിവിധ ഭവന നിർമ്മാണ പദ്ധിതകളിൽ വീടിനു ധനസഹായം ലഭിക്കുന്നവർക്ക് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് സംയോജനത്തിന്റെ ഭാഗമായി കിണർ, കക്കൂസ്, കിണർ റീചാർജ്ജിംഗ്, തൊഴുത്ത് ഭൂവികസനം, മാലിന്യ സംസ്കരണ ഉപാധികൾ തുടങ്ങിയ ഘടകങ്ങൾ കൂടി ലഭ്യമാക്കാവുന്നതാണ്. ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമേ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി 90 ദിവസത്തെ അവിദഗ്ധതൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഓരോ ബ്ലോക്ക് തലത്തിലും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ പി.എം.എ.വൈ (ജി) ഗുണഭോക്താക്കളായ ദരിദ്രരിൽ ദരിദ്രരായവർക്ക് കെട്ടിട നിർമ്മാണ സാമിഗ്രികൾ (കട്ട, കോൺക്രീറ്റ്, ജനൽ, വാതിൽ മുതലായവ) നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഒരു വീടിന് 1000 കട്ടകൾ സൗജന്യമായി നൽകുവാൻ കഴിയും. ജില്ലയിൽ പന്തളം, പുളിക്കീഴ് ബ്ലോക്കുകളിൽ കട്ട നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ തദ്ദേശ സ്വയം ഭരണ വികസനഫണ്ടിൽ നിന്നോ ക്ഷീരവികസന വകുപ്പ് മൃഗസംരക്ഷണ വകുപ്പ് ഇവ മുഖേനയോ ജീവനോപാധി കൂടി ലഭ്യമാക്കാവുന്നതാണ്

അദ്ധ്യായം 6

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017/18 വാർഷിക പദ്ധതി അവലോകനവും പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും

6.1 പൊതു അവലോകനം

പൊതുജന പങ്കാളിത്തത്തോടുകൂടിയും, പൊതു ഇടപെടലുകളിൽകൂടിയും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, സാമൂഹികവും, സാമ്പത്തികവുമായ ഉന്നമനം സ്വായത്തമാക്കുകയാണ് പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നുവെന്ന് കാണുന്നു. ബഹു. സർക്കാർ അംഗീകരിച്ച മാർഗ്ഗരേഖ പ്രകാരവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമയാസമയങ്ങളിലെ തീരുമാനപ്രകാരവും ഫലപ്രദമായ ഒരു ജനകീയ ഇടപെടൽ ഉറപ്പാക്കുന്നതിനു വേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളും പൊതുജനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത വിവിധ തുറകളിലുള്ള വ്യക്തികളും, ഉദ്യോഗസ്ഥരും അടങ്ങിയ ആസൂത്രണസമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കപ്പെട്ടത്.

പത്തനംതിട്ട ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും നിശ്ചിത സമയപരിധിക്കകം തന്നെ തദ്ദേശ ഭരണതല ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതികൾ 2 മുതൽ 5 പ്രാവശ്യം വരെ യോഗം കൂടുകയും, പദ്ധതി രൂപീകരണത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 17 ശതമാനം പഞ്ചായത്തുകളിൽ മാത്രമാണ് ആസൂത്രണ സമിതികളുടെ യോഗം 4 പ്രാവശ്യത്തിൽ കൂടുതൽ കൂടിയിട്ടുള്ളത്. 83 ശതമാനം പഞ്ചായത്തുകളിൽ 2 മുതൽ 4 പ്രാവശ്യം വരെ ആസൂത്രണ സമിതി യോഗങ്ങൾ ചേർന്നിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെടുകയും, പരമാവധി അംഗസംഖ്യയായ 15 പേരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആദ്യ യോഗങ്ങളിലൊഴികെ, കോറമുണ്ടെങ്കിൽ തന്നെ അംഗങ്ങളുടെ ഹാജർ നില കുറവായാണ് കാണപ്പെട്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ അതതുമേഖലയുമായി ബന്ധപ്പെട്ട അവസ്ഥാ രേഖകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഗ്രാമ സഭയിൽ അച്ചടിച്ചു നൽകേണ്ട വിവരങ്ങൾ, പ്രോജക്ട് നിർദ്ദേശങ്ങൾ, പദ്ധതി രേഖയിൽ നൽകേണ്ട വിവരങ്ങൾ എന്നിവ തയ്യാറാക്കി നൽകുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധ ചെലുത്തിയിട്ടുല്ലെങ്കിലും, പ്രോജക്ടുകൾ തയ്യാറാക്കൽ, മോണിട്ടറിംഗ് എന്നിവയിൽ വേണ്ടത്ര സഹകരണം ഉള്ളതായി കാണാൻ കഴിഞ്ഞില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കുറച്ചു കൂടി സജീവമായെങ്കിൽ മാത്രമേ പദ്ധതികൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തുകയുള്ളു. ആദ്യ യോഗത്തിലൊഴികെ ഹാജർ നില കുറവായാണ് കാണുന്നത്. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അതത് മേഖലയുമായി ബന്ധമുള്ള തുടർന്നും പ്രവർത്തിക്കുന്നതിന് താൽപ്പര്യമുള്ളവരെ തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നത് നന്നായിരിക്കും.

പദ്ധതി രൂപീകരണ ഗ്രാമസഭകളിൽ കോറമുണ്ടെങ്കിൽ തന്നെ ജനപങ്കാളിത്തം തുലോം കുറവാണ്. 35 ശതമാനം പഞ്ചായത്തുകളിൽ മാത്രമാണ് ഗ്രാമസഭകളിലെ പങ്കാളിത്തം 12 ശതമാനത്തിനു മുകളിൽ ഉള്ളത്. എസ്.സി/എസ്.റ്റി പങ്കാളിത്തം 20 ശതമാനത്തിനു മുകളിൽ ഉള്ളതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭകൾ അംഗീകരിക്കുകയും, പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടില്ല.

മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള വികസനരേഖ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കുറ്റമറ്റ രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. വികസനരേഖകൾ പരിശോധിച്ചാൽ അതതു പ്രദേശത്തെക്കുറിച്ചുള്ള ഒരു

രേഖാചിത്രം ലഭ്യമാകുന്നതാണ്. പൊതുവിവരങ്ങൾ, ചരിത്രം, വിഭവങ്ങളുടെ ലഭ്യത, വികസന കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, അവസ്ഥാരേഖകൾ എന്നിവ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. വികസന സെമിനാർ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടത്തിയിട്ടുണ്ട്. വികസന സെമിനാറിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ തുടങ്ങിയവരുടെ സജീവമായ പങ്കാളിത്തമുണ്ട്. തൻവർഷം പദ്ധതി രേഖക്ക് ഡി.പി.സി അംഗീകാരം നേടിയ ശേഷമാണ് വെറ്റിംഗ് നടത്തിയിട്ടുള്ളത്.

വാർഷിക പദ്ധതി അവലോകനം

പത്തനംതിട്ട ജില്ലയിൽ 2017–18 വാർഷിക പദ്ധതിയ്ക്ക് 2017 ജൂൺ പതിനഞ്ചോടു കൂടി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും അംഗീകാരം നേടുകയുണ്ടായി. ജില്ലയിൽ 53 ഗ്രാമപഞ്ചായത്തുകൾ, 8 ബ്ളോക്ക് പഞ്ചായത്തുകൾ, 4 മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ 66 തദ്ദേശ സ്ഥാപനങ്ങളാണുള്ളത്.

ജില്ലയിലെ ആകെ 66 തദ്ദേശ ഭരണസ്ഥാപനങ്ങൾ 12,196 പ്രോജക്ടുകൾക്കാണ് രൂപം നൽകിയിരിക്കുന്നത്. അതിൽ 53 ഗ്രാമപഞ്ചായത്തുകൾക്ക് 10245 പ്രോജക്ടുകളും 8 ബ്ലോക്ക് പഞ്ചായത്തുകൾക്ക് 632 പ്രോജക്ടുകളും 4 മുനിസിപ്പാലിറ്റികൾക്ക് 1298 പ്രോജക്ടുകളും ജില്ലാ പഞ്ചായത്തിന് 852 പ്രോജക്ടുമാണുള്ളത്.

പട്ടിക 6.1 – വാർഷിക പദ്ധതി അവലോകനം

തദ്ദേശ സ്ഥാപനം	ആകെ പ്രോജക്ടുകളുടെ എണ്ണം	ഒരു തദ്ദേശ സ്ഥാപനത്തിന്റെ ശരാശരി പ്രോജക്ടുകൾ
ഗ്രാമപഞ്ചായത്ത്	10245	193
ബ്ലോക്ക് പഞ്ചായത്ത്	633	79
മുനിസിപ്പാലിറ്റി	1298	324
ജില്ലാ പഞ്ചായത്ത്	852	852

ചിത്രം 6.1



6.1.1 ഗ്രാമപഞ്ചായത്തുകൾ

ഗ്രാമപഞ്ചായത്തുകളിൽ കല്ലൂപ്പാറ ഗ്രാമപഞ്ചായത്താണ് ഏറ്റവും കുറവ് പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. 112 എണ്ണം. ഏറ്റവും കൂടുതൽ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത് ആറൻമുള ഗ്രാമപഞ്ചായത്താണ് 378 എണ്ണം.

53 ഗ്രാമപഞ്ചായത്തുകൾ 383,69.46 ലക്ഷം രൂപ അടങ്കൽ വരുന്ന 10,245 പ്രോജക്ടുകൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ഒരു പ്രോജക്ടിന് വകയിരുത്തിയിരിക്കുന്ന ശരാശരി അടങ്കൽ 3,74,519 രൂപയാണ്. പഞ്ചായത്തുകളുടെ പദ്ധതികളുടെ എണ്ണവും അടങ്കൽ തുകയും ചുവടെ ചേർക്കുന്നു.

പട്ടിക 6.2 – ഗ്രാമ പഞ്ചായത്ത് പദ്ധതികൾ

ക്രമ നം	പഞ്ചായത്തിന്റെ പേര്	ആകെ പ്രോജക്ടുകളുടെ എണ്ണം	ഉത്പാദന മേഖല	സേവന മേഖല	പശ്ചാത്തല മേഖല	അടങ്കൽ
1	Anicadu Grama Panchayat	153	69.49	341.42	265.82	676.74
2	Aranmula Grama Panchayat	378	152.49	402.78	620.25	1175.52
3	Aruvapulam Grama Panchayat	260	168.62	610.33	305.08	1084.02
4	Ayiroor Grama Panchayat	189	102.93	218.05	239.98	560.96
5	Chenneerkara Grama Panchayat	205	121.41	240.01	282.86	644.27
6	Cherukole Grama Panchayat	165	58.18	132.31	112.68	303.17
7	Chittar Grama Panchayat	256	123.73	256.7	416.17	796.6
8	Elanthoor Grama Panchayat	159	43.49	183.17	210.74	437.4
9	Enadimangalam Grama Panchayat	200	92.01	319.55	344.46	756.02
10	Erathu Grama Panchayat	245	94.84	297.45	857.91	1250.19
11	Eraviperoor Grama Panchayat	143	192.15	263.16	261.6	716.91
12	Ezhamkulam Grama Panchayat	186	108.71	408.73	409.55	926.99
13	Ezhumattoor Grama Panchayat	208	74.53	251.8	284.18	610.51
14	Kadampanadu Grama Panchayat	237	98.45	231.12	333.31	662.88
15	Kadapra Grama Panchayat	142	117.57	290.87	226.53	634.97
16	Kalanjoor Grama Panchayat	253	162.02	390.43	516.63	1069.08
17	Kallooppara Grama	112	74.83	189.51	131.01	395.35

	Panchayat					
18	Kaviyoor Grama Panchayat	181	87.98	244.2	402.76	734.94
19	Kodumon Grama Panchayat	167	105.74	412.3	265.45	783.49
20	Koipuram Grama Panchayat	238	85.22	321.27	405.95	812.43
21	Konni Grama Panchayat	287	119.54	395.54	581.04	1096.12
22	Kottanadu Grama Panchayat	160	79.18	229.06	189.34	497.58
23	Kottangal Grama Panchayat	131	101.72	175.77	159.71	437.2
24	Kozhencherry Grama Panchayat	151	36.2	180.09	175.28	391.56
25	Kulanada Grama Panchayat	216	109.11	264.27	353.49	726.88
26	Kunnathanam Grama Panchayat	154	89.36	294.94	208.99	593.3
27	Kuttoor Grama Panchayat	134	63.22	237.13	179.1	479.44
28	Malayalapuzha Grama Panchayat	150	69.63	217.14	262.78	549.55
29	Mallappally Grama Panchayat	172	65.97	245.13	300.22	611.32
30	Mallapuzhassery Grama Panchayat	150	50.32	136.41	131.14	317.86
31	Mezhuveli Grama Panchayat	183	73.49	252.15	252.01	577.65
32	Mylapra Grama Panchayat	165	42.06	81.5	171.11	294.68
33	Naranammoozhy Grama Panchayat	204	135.85	599.52	211.26	946.63
34	Naranganam Grama Panchayat	156	65.68	147.78	177.68	391.15
35	Nedumpuram Grama Panchayat	151	71.09	215.87	198.69	485.66
36	Niranam Grama Panchayat	149	142.31	219.72	183.36	545.39
37	Omallur Grama Panchayat	175	57.39	244.88	201.48	503.75

38	Pallickal Grama Panchayat	264	318.01	640.75	1001.89	1960.65
39	Pandalam Thekkekara Grama Panchayat	212	103.54	316.47	738.15	1158.16
40	Peringara Grama Panchayat	190	273.65	321.21	348.91	943.76
41	Pramadom Grama Panchayat	323	194.54	410.77	381.37	986.69
42	Puramattom Grama Panchayat	136	60.15	253.84	144.19	458.19
43	Ranni Grama Panchayat	130	66.4	163.09	132.51	362
44	Ranni Angadi Grama Panchayat	141	84.37	285.08	191.17	560.62
45	Ranni Pazhavangadi Grama Panchayat	199	94.58	440.63	231.94	767.15
46	Ranni Perunad Grama Panchayat	266	182.27	409.97	448.45	1040.69
47	Seethathodu Grama Panchayat	301	225.21	473.21	553.32	1251.75
48	Thannithodu Grama Panchayat	235	242.85	589.04	409.77	1241.65
49	Thottapuzhassery Grama Panchayat	184	56.63	163.08	230.15	449.86
50	Thumpamon Grama Panchayat	103	49.52	158.33	189.37	397.22
51	Vadasserikkara Grama Panchayat	197	262.24	219.25	531.97	1013.46
52	Vallicode Grama Panchayat	239	110.63	226.3	270.81	607.74
53	Vechuchira Grama Panchayat	168	171.63	287.24	250.9	709.77
	Total	10253	6002.73	15500.32	16884.47	38387.52

6.1.2 ബ്ളോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത് കോയിപ്രം ബ്ലോക്ക് പഞ്ചായത്താണ് 103 പ്രോജക്ടുകൾ. ഏറ്റവും കുറവ് പദ്ധതികൾക്ക് അംഗീകാരം നേടിയിരിക്കുന്നത് മല്ലപ്പള്ളി ബ്ലോക്കാണ് 51 പദ്ധതികൾ.

8 ബ്ലോക്ക് പഞ്ചായത്തുകൾക്കായി 632 പദ്ധതികളാണുള്ളത്. 63,81.69 ലക്ഷം രൂപയാണ് അടങ്കൽ. ഒരു പ്രോജക്ടിന്റെ ശരാശരി തുക 10,09,760 രൂപയാണ്.

പട്ടിക 6.3 – ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ

ക്രമ നം	ബ്ലോക്കിന്റെ പേര്	പ്രോജക്ടുകളുടെ എണ്ണം	മൊത്തം പദ്ധതി അടങ്കൽ	ഒരുപ്രോജക്ടിന്റെ ശരാശരി അടങ്കൽ തുക
1	മല്ലപ്പള്ളി	51	8,20,86,339	16,09,536
2	പുളിക്കീഴ്	54	3,05,88,742	5,66,458
3	കോയിപ്രം	103	7,22,95,564	7,01,899
4	ഇലന്തൂർ	66	6,53,55,339	9,90,232
5	റാന്നി	101	9,95,00,082	9,85,149
6	കോന്നി	75	9,14,51,843	12,19,357
7	പന്തളം	81	5,02,38,855	6,20,233
8	പറക്കോട്	102	1,46,65,159	14,37,758

6.1.3 മുനിസിപ്പാലിറ്റികൾ

4 മുനിസിപ്പാലിറ്റികളിൽ ഏറ്റവും കൂടുതൽ പദ്ധതി തിരുവല്ല മുനിസിപ്പാലിറ്റിക്കാണ്, 466 പദ്ധതികൾ. ഏറ്റവും കുറവ് പദ്ധതികൾ അടൂർ മുനിസിപ്പാലിറ്റിക്കാണ്, 201 എണ്ണം.

4 മുനിസിപ്പാലിറ്റികൾക്കും കൂടി 71,51.10 ലക്ഷം രൂപ അടങ്കൽ വരുന്ന 1298 പ്രോജക്ടുകൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ശരാശരി ഒരു പ്രോജക്ടിന്റെ അടങ്കൽ തുക 5,50,925 രൂപയാണ്.

പട്ടിക 6.4 – മുൻസിപ്പൽ പദ്ധതികൾ

ക്രമ നം	മുനിസിപ്പാലിറ്റിയുടെ പേര്	പ്രോജക്ടുകളുടെ എണ്ണം	മൊത്തം പദ്ധതി അടങ്കൽ	ഒരു പ്രോജക്ടിന്റെ ശരാശരി അടങ്കൽ തുക
1	അടൂർ	201	13,91,50,983	6,92,293
2	തിരുവല്ല	466	250,04,72,229	5,37,494
3	പത്തനംതിട്ട	299	15,88,28,693	5,31,200
4	പന്തളം	332	16,66,49,023	5,01,954
	ആകെ	1298	71,51,00,928	5,50,925

6.1.4 ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് 852 പ്രോജക്ടുകളിലായി 117,11,28,648 രൂപയുടെ ആകെ അടങ്കലുണ്ട്.

പട്ടിക 6.5

ക്രമ നം	സ്ഥാപനം	അടങ്കൽ തുക	ഒരു പ്രോജക്ടിനു വകയിരുത്തിയിരിക്കുന്ന ശരാശരി അടങ്കൽ തുക
1	പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	117,11,28,648	13,74,564

6.2 പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള അവലോകനം

പട്ടിക 6.6

ക്രമ നം	തദ്ദേശ സ്ഥാപനം	ഉത്പാദന മേഖലയിലെ വകയിരുത്തൽ	സേവന മേഖലയിലെ വകയിരുത്തൽ	പശ്ചാത്തല മേഖലയിലെ വകയിരുത്തൽ
1	ഗ്രാമപഞ്ചായത്തുകൾ	60.04 കോടി	154.80 കോടി	168.84 കോടി
2	ബ്ലോക്ക് പഞ്ചായത്തുകൾ	10.24 കോടി	35.08 കോടി	18.48 കോടി
3	മുനിസിപ്പാലിറ്റികൾ	6.6 കോടി	30.00 കോടി	34.84 കോടി

6.2.1 ഓരോ മേഖലയിലെയും വകയിരുത്തൽ ശതമാനത്തിൽ

പട്ടിക 6.7

ക്രമ നം	തദ്ദേശ സ്ഥാപനം	ഉത്പാദന മേഖലയിലെ വകയിരുത്തൽ (ശതമാനം)	സേവന മേഖലയിലെ വകയിരുത്തൽ (ശതമാനം)	പശ്ചാത്തല മേഖലയിലെ വകയിരുത്തൽ (ശതമാനം)
1	ഗ്രാമപഞ്ചായത്തുകൾ	15.65	40.35	44
2	ബ്ലോക്ക് പഞ്ചായത്തുകൾ	16.05	54.98	28.97
3	മുനിസിപ്പാലിറ്റികൾ	9.31	41.96	48.73
4	ജില്ലാ പഞ്ചായത്ത്	16	23	61

ചിത്രം 6.2



തദ്ദേശ ഭരണസ്ഥാപനങ്ങൾ വികസന ഫണ്ട് വിനിയോഗിക്കുമ്പോൾ ഉത്പാദന മേഖലയിൽ കുറഞ്ഞത് 20 ശതമാനം തുക വകയിരുത്തണമെന്നും പശ്ചാത്തല മേഖലയിൽ പരമാവധി 30 ശതമാനം തുക മാത്രമേ വകയിരുത്താൻ പാടുള്ളൂ എന്നും വ്യവസ്ഥയുണ്ട്. എന്നാൽ വികസന ഫണ്ട് ഉൾപ്പെടെയുള്ള മറ്റെല്ലാ വിഭവ സ്രോതസുകളും കണക്കിലെടുക്കുമ്പോൾ ഉത്പാദന മേഖലയ്ക്കു വകയിരുത്തുന്ന തുക മൊത്തം അടങ്കൽ തുകയുടെ 20 ശതമാനത്തിൽ താഴെയാണെന്നും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തുന്ന തുക ബ്ലോക്ക് പഞ്ചായത്ത് ഒഴികെയുള്ള സ്ഥാപനങ്ങളിൽ 40 ശതമാനത്തിൽ കൂടുതലാണെന്നും വ്യക്തമാകുന്നു.

വികസന ഫണ്ട് ഒഴികെയുള്ള വിഭവസ്രോതസുകളുടെ ഭൂരിഭാഗവും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുന്നതിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് താത്പര്യമെന്ന് കാണുന്നു.

6.3 പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ ഉപപദ്ധതി, അനിവാര്യ പദ്ധതികൾ

പട്ടിക 6.8

പ്രത്യേക ഘടക പദ്ധതി

ക്രമ നം	മേഖല	പദ്ധതികളുടെ എണ്ണം	അടങ്കൽ തുക
1	ഉത്പാദന മേഖല	219	8.2 കോടി
2	സേവന മേഖല	767	44.83 കോടി
3	പശ്ചാത്തലം	608	17.34 കോടി
	ആകെ	**1594**	**70.43 കോടി**

പട്ടിക 6.9

പട്ടിക വർഗ ഉപപദ്ധതി

ക്രമ നം	മേഖല	പദ്ധതികളുടെ എണ്ണം	അടങ്കൽ തുക
1	ഉത്പാദന മേഖല	24	21.64 ലക്ഷം
2	സേവന മേഖല	128	3.08 ലക്ഷം
3	പശ്ചാത്തലം	30	80.99 ലക്ഷം
	ആകെ	**182**	**4.11 കോടി**

പട്ടിക 6.10

പ്രത്യേക പദ്ധതികൾ

ക്രമ നം	പ്രത്യേക പദ്ധതി	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക
1	വനിതാ ഘടക പദ്ധതി	522	36.17 കോടി
2	കുട്ടികൾക്കുള്ള പദ്ധതികൾ	310	13.01 കോടി
3	വയോജനങ്ങൾക്കുള്ള പദ്ധതികൾ	137	7.5 കോടി
4	യുവ ജനങ്ങൾക്കുള്ള പദ്ധതികൾ	99	5.5 കോടി
5	പാലിയേറ്റീവ് കെയർ	67	66.6 കോടി

ചിത്രം 6.3

Allocation of Funds for Special Programmes



6.4 പൊതു നിർദ്ദേശങ്ങൾ

പത്തനംതിട്ട ജില്ലയിലെ 66 തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2017–18 വർഷം 12196 പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. മൊത്തം അടങ്കൽ തുക 5545638905 രൂപയാണ്. ഒരു പ്രോജക്ടിന് വകയിരുത്തിയിട്ടുള്ള ശരാശരി അടങ്കൽ തുക 4,54,710 ആണ്.

പ്രത്യേക ഘടക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക 704382837 രൂപയാണ്. ഇത് മൊത്തം അടങ്കലിന്റെ 12.7 ശതമാനം മാത്രമാണ്. പട്ടിക വർഗ ഉപപദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക 41135402 രൂപയാണ്. ഇത് മൊത്തം അടങ്കലിന്റെ 0.74 ശതമാനം മാത്രമാണ്.

അനിവാര്യവകയിരുത്തലുകളായ വനിതാ ഘടക പദ്ധതി, മാലിന്യ നിർമാർജ്ജനം, അംഗനവാടി പോഷകാഹാരം, എസ്.എസ്.എ, പി എം എ വൈ, വൃദ്ധർ, കുട്ടികൾ, വികലാംഗർ എന്നിവർക്കുള്ള പദ്ധതി എന്നീ ഇനങ്ങളിലുള്ള വകയിരുത്തലുകൾ വികസന ഫണ്ടിന്റെ 40 ശതമാനത്തോളം വരും. ഈ പദ്ധതികളിൽ തൊണ്ണൂറു ശതമാനവും സേവന മേഖലയിൽ ഉൾപ്പെടുന്നു. ഈ പദ്ധതികൾ കഴിച്ചുള്ള സേവന മേഖലയിലെ പദ്ധതി വകയിരുത്തലുകൾ തുലോം കുറവാണ്. ആയതിനാൽ തന്നെ സാധാരണ ക്കാരുടെ ജീവിത നിലവാരം ഉയർത്തത്തക്ക നിലയിൽ സേവന മേഖലയിൽ ഉൾപ്പെടുത്താവുന്ന പദ്ധ തികൾ കണ്ടെത്തി നടപ്പിലാക്കാനുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ഥിരം പദ്ധതികൾ എന്നതിൽ നിന്നും മാറി ചിന്തിക്കേണ്ട ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പദ്ധതികളുടെ മൊത്തം അടങ്കൽ പരിശോധിക്കുമ്പോൾ പശ്ചാത്തല മേഖലയ്ക്ക് മറ്റു രണ്ടു മേഖലകളെക്കാൾ കൂടുതൽ പ്രാധാന്യം തദ്ദേശ സ്ഥാപനങ്ങൾ നൽകുന്നതായി കാണാൻ കഴിയും. പ്രോജക്ടുകളുടെ എണ്ണം ശരാശരി 193 ആണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ചു കൊണ്ടു വരുന്നതിനും പ്രോജക്ടുകളുടെ ഗുണമേൻമ ഉറപ്പാക്കുന്നതിനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. ചെറുകിട വ്യവസായ മേഖലയിൽ പ്രോജക്ടുകൾ വിരലിലെണ്ണാവുന്നവ മാത്രമേ ഉള്ളൂ. വനിതാ ഘടക പദ്ധതി പ്രോജക്ടുകൾ ലഘുസംരംഭങ്ങൾ തുടങ്ങുന്നതിനോ വനിതകളുടെ ശാക്തീകരണത്തിനോ ഉതകുന്നവയല്ല. പൊതു പ്രോജക്ടുകളിൽ പലതും വനിതാ പ്രോജക്ടുകളായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിനു മാറ്റ മുണ്ടാകേണ്ടതുണ്ട്.

ഉൽപാദന മേഖല നിർബന്ധിത വകയിരുത്തലിന്റെ ഭാഗമായി മാത്രമാണ് പലയിടത്തും പരി ഗണിക്കപ്പെടുന്നത്. അതു പോലെ തന്നെ ഉൽപാദന മേഖല എന്നത് കാർഷിക മേഖല മാത്രമായാണ്

കാർഷിക മേഖലയിൽ മാത്രമായി ഒതുങ്ങിപ്പോകുന്നു. ഇത്തരം സാഹചര്യങ്ങളിലാണ് നഗരവൽകൃതമായ ഇടങ്ങളിൽ പദ്ധതികൾ തയ്യാറാക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതും തുക ചെലവഴിക്കുന്നതിൽ പിന്നാക്കം പോകുന്നതും. അതു കൊണ്ട് തന്നെ ഉൽപാദന മേഖലയിൽ പ്രദേശത്തിനനുസൃതമായി പദ്ധതികൾ യ്യാറാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സാഹചര്യം ഒരുക്കേണ്ടതാണ്.

6.5 പദ്ധതി തുക വിനിയോഗം

പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്ഥാപനങ്ങൾ സമയ ക്ലിപ്തത പാലിച്ചുവെങ്കിലും സർക്കാർ നിർദ്ദേശിച്ച തലത്തിലേക്ക് ചെലവ് പുരോഗതി എത്തിച്ചേരാൻ കഴിഞ്ഞില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

10/11/2017 വരെയുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ചെലവു പുരോഗതി റിപ്പോർട്ടിന്റെ ഗ്രാഫ് ഇതോടൊപ്പം നൽകുന്നു.

ചിത്രം 6.4

ഗ്രാമപഞ്ചായത്തുകൾ



ചിത്രം 6.5

ബ്ലോക്ക് പഞ്ചായത്തുകൾ



ചിത്രം 6.6

മുനിസിപ്പാലിറ്റികൾ



ചിത്രം 6.7
ജില്ലാ പഞ്ചായത്ത്



പദ്ധതി തുക വിനിയോഗത്തിൽ കൃത്യമായ മേൽനോട്ടത്തിന്റെ അഭാവം മൂലമാണ് ചെലവ് പുരോഗതി പലപ്പോഴും കൈവരിക്കാൻ സാധിക്കാതെ വരുന്നത്. തുക വിനിയോഗം സംബന്ധിച്ച അവലോകനങ്ങൾ പഞ്ചായത്ത് സെക്രട്ടറി തലത്തിൽ മാത്രം ഒതുങ്ങിപ്പോകാതെ ഓരോ വകുപ്പുകളുടെയും പുരോഗതി പ്രതിമാസം ബന്ധപ്പെട്ട വകുപ്പ് തലങ്ങളിലും അതോടൊപ്പം തന്നെ ജില്ലാ തലത്തിലും നടത്തുകയും പോരായ്മകളും തടസ്സങ്ങളും പരിഹരിക്കുകയും ചെയ്യുന്നത് തുക വിനിയോഗത്തിന്റെ കാര്യക്ഷമത ഉയർത്താൻ സഹായകമാവുന്നതാണ്.

6.5.1 നൂതന പ്രോജക്ടുകൾ

13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടെ ചുമതലയിൽപ്പെട്ട വികസന മേഖലകളിൽ നവീനമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ്വാതന്ത്ര്യം നൽകിയിരുന്നു. എന്നാൽ 2017-18 വാർഷിക പദ്ധതിയിൽ ഇപ്രകാരമുള്ള ഒന്നും തന്നെ നിലവിലില്ല.

ഏതാനും സ്ഥാപനങ്ങൾ സമർപ്പിച്ച നവീന പ്രോജക്ടുകൾ അംഗീകാര യോഗ്യമായിരുന്നില്ല. ഇവ പരിശോധിച്ചതിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭരണ സമിതികൾ വിഭാവനം ചെയ്ത രീതിയിൽ ആവശ്യമായ വിശദാംശങ്ങളും, രേഖകളും ഉൾപ്പെടുത്തി നിലവാരമുള്ള പ്രോജക്ട് തയ്യാറാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗവും, ഇതര മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനമില്ലായ്മയും ഇതിന് കാരണമാണ്.

വന്യമൃഗശല്യം ഒഴിവാക്കൽ, ക്ഷീര വികസനം, മുട്ടയുടെ സ്വയംപര്യാപ്തത, വനിതാ വികസനം, ശുചിത്വം, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഈ അവസരം ഉപയോഗപ്പെടുത്തി നവീന പ്രോജക്ടുകൾ നടപ്പാക്കുവാൻ സാധ്യതയുണ്ട്.

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ ചുമതലയിൽ പ്രധാന വികസന മേഖലകൾക്കായി ശിൽപ്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്. ഇത്തരം ശിൽപ്പശാലകളിൽ മേഖലയിലെ വിദഗ്ധരെയും, സന്നദ്ധ പ്രവർത്തകരെയും അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥരെയു

ഉൾപ്പെടുത്തി പ്രായോഗികമായ ആശയങ്ങൾക്ക് മാതൃകാ പ്രോജക്ടുകൾ രൂപീകരിച്ച് നൽകാവുന്നതാണ്.

മറ്റ് പ്രദേശങ്ങളിൽ നടപ്പാക്കി വിജയിച്ച നൂതന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി വേണ്ട ഭേദഗതികളോടെ മാതൃകാ പ്രോജക്ടുകൾക്കും ഇപ്രകാരം രൂപം നൽകി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്.

6.6 **സംയോജിത പ്രോജക്ടുകൾ**

ഗ്രാമ–ബ്ളോക്ക്–ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പല പദ്ധതികളും ജില്ലാ അടിസ്ഥാനത്തിൽ ഏറ്റെടുക്കാവുന്നതാണ്. നിലവിൽ എബിസി പ്രോഗ്രാം ഗ്രാമ–ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായിട്ടാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്. ആയത് മൂലം ഒരു ഗ്രാമപഞ്ചായത്ത് സ്വയം നടപ്പാക്കുന്നതിനേക്കാൾ ഫലപ്രാപ്തി കൈവരുന്നു എന്നുള്ളതാണ്. ഇതു പോലെ തന്നെ കാർഷിക മേഖലയിലും സംയുക്ത പദ്ധതികൾ ഏറ്റെടുത്താൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. പ്രത്യേകിച്ചും നെൽകൃഷി പോലെയുള്ള കാർഷിക വിളകൾ ഒരു പഞ്ചായത്ത് എന്നതിലുപരി ജില്ല എന്ന തലത്തിൽ നടപ്പിലാക്കിയാൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഇത് തന്നെ കാർഷിക മേഖലയിലെ തൊഴിലാളികളുടെ കാര്യത്തിലും നടപ്പിലാക്കാവുന്നതാണ്. സംയുക്തമായി ജില്ലാ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കാവുന്ന മറ്റൊരു മേഖലയാണ് മാലിന്യ നിർമ്മാർജ്ജനം. രണ്ടോ മൂന്നോ പഞ്ചായത്തുകൾക്ക് പോലും പലപ്പോഴും മാലിന്യ നിർമ്മാർജ്ജനം സംയുക്തമായി നടപ്പിലാക്കാൻ സാധിക്കാതെ വരുന്ന അവസരത്തിൽ ജില്ലയിലെ എല്ലാ തരത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള പദ്ധതി വിജയകരമാകുന്നതിന് സാദ്ധ്യതയേറെയാണ്. ഇപ്രകാരം തന്നെ ജില്ലയിലെ റോഡുകളുടെ ശൃംഖല തയ്യാറാക്കി പൊതു പണത്തിന്റെ വിനിയോഗം കൂടുതൽ അർത്ഥപൂർണ്ണമാക്കി മാറ്റാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ ടി പദ്ധതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി തയ്യാറാക്കുകയും തുക പര്യാപ്തമാകാത്ത പക്ഷം ബ്ളോക്ക്–ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ആവശ്യമായ സഹായം ഉറപ്പാക്കുകയും ചെയ്താൽ സമയബന്ധിതമായും പ്രയോജനപ്രദമായും പദ്ധതി പൂർത്തീകരണം സാദ്ധ്യമാകും.

ഉദാഹരണത്തിന് ഒരു അംഗൻവാടി നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ നിർമ്മാണം പൂർത്തീകരിച്ച് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി അതേ വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ളോക്ക് ജില്ലാ തലങ്ങളിൽ മുൻകൂട്ടി അറിയിച്ച് ആവശ്യമായ തുക ഉറപ്പാക്കാൻ കഴിയുന്നതാണ്. അതു പോലെ തന്നെ ഏതു പദ്ധതി തയ്യാറാക്കുമ്പോഴും പൂർത്തീകരണത്തിനാവശ്യമായ തുക ഉറപ്പാക്കി നിർവ്വഹണം നടത്തിയാൽ കാര്യക്ഷമമായ തുക വിനിയോഗം സാദ്ധ്യമാകുന്നതാണ്.

പൊതുവായി തദ്ദേശഭരണസ്ഥാപനങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സമയബന്ധിതമായും പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. പലപ്പോഴും ഗുണമേന്മ എന്നതിലുപരിയായി നിയമാനുസൃതം തയ്യാറാക്കുക എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതുകൊണ്ട് തന്നെ ടി പദ്ധതികളുടെ പ്രയോജനം ഏതു തരത്തിൽ ലഭ്യമാകുന്നു എന്നതിലുപരി ഓരോ വിഭാഗത്തിലും നിയമാനുസൃതം വകയിരുത്തേണ്ട തുകയ്ക്ക് ആനുപാതികമായി പദ്ധതികൾ തയ്യാറാക്കി പദ്ധതി അംഗീകാരം നേടുന്നു. മേൽപ്പറഞ്ഞ കാരണത്താൽ നിർവ്വഹണ ഘട്ടങ്ങളിൽ പലപ്പോഴും ഇത്തരം പദ്ധതികൾ ലക്ഷ്യം കാണാതെ പോകുന്നതും പതിവു കാഴ്ചയാണ്. അതുപോലെ തന്നെ അംഗീകാരം ലഭിച്ച ശേഷം സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുകയാണെങ്കിൽ കണ്ടെത്തുന്ന തടസ്സങ്ങൾ കൃത്യസമയത്ത് തന്നെ പരിഹരിക്കുന്നതിനും നിർവ്വഹണയോഗ്യമല്ലെന്നുകാണുന്നവ പുനക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

6.7 **മേൽത്തട്ട് നിർദ്ദേശങ്ങൾ**

- **6.7.1** വനിതാഘടക പദ്ധതി, പ്രത്യേക ഘടക പദ്ധതി പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നീ വിഭാഗങ്ങളിൽ ലഭ്യമായ തുക അതത് മേഖലകളിലെ പ്രശ്ന പരിഹാരത്തിന് ഉതകുന്നതായി കാണുന്നില്ല. പദ്ധതി തുക യാന്ത്രികമായി വിഭജിച്ച് വാർപ്പ് മാതൃകയിലുള്ള പ്രോജക്റ്റുകളാണ് പൊതുവേ തയ്യാറാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട്, അതത് മേഖലകളിലെ സ്റ്റേക്ക് ഹോൾഡേഴ്സ് യോഗങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്ന രീതി ശാസ്ത്രം കൃത്യമായി അനുവർത്തിച്ചെങ്കിൽ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റം വരൂ.
- 6.7.2 സ്കൂൾ അറ്റകുറ്റപണികൾ ഏപ്രിൽ, മേയ് മാസങ്ങളിൽ തന്നെ പൂർത്തീകരിക്കുന്ന രീതിയിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയണം.
- 6.7.3 കാർഷിക മേഖലയിലെ പ്രോജക്ടുകൾ ഭൂമിക്ക് അനുയോജ്യമായ കാലയളവിൽ നിർവ്വഹണത്തിന് കഴിയുന്ന രീതിയിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം. വ്യക്തിഗത/കുടുംബ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്ത്യലിസ്റ്റ് മെയ് മാസം തന്നെ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറണം.
- 6.7.4 ആധുനിക സാങ്കേതിക വിദ്യകളെ ഉപയോഗിച്ച് ജിയോടാഗിംഗ് പോലുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ആസൂത്രണത്തിനാവശ്യമായ ഡാറ്റാബേസ് സൃഷ്ടിക്കാൻ കഴിയണം.
- 6.7.5 തദ്ദേശഭരണ തലത്തിലുള്ള ആസൂത്രണ സമിതികൾ വൈദഗ്ധ്യത്തിന്റെ കേന്ദ്രങ്ങളാകണം. പ്രാദേശിക വിദഗ്ധരും ആസൂത്രണവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ കഴിയണം.
- 6.7.6 സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിപുലമായ ശ്രമങ്ങൾ ഐ.എസ്.ഒ, സദ്ഭരണ പഞ്ചായത്തുകൾ എന്നിവയുടെ ഭാഗമായി ഉണ്ടാകണം.
- 6.7.7 ജില്ലയിലെ നഗര–ഗ്രാമ പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസംവിധാനം (ജില്ലാകൗൺസിലിന് സമാനം ഉണ്ടാകണം.
- 6.7.8 അയൽസഭകൾ, വാർഡ്തല സമിതി, പഞ്ചായത്ത്തല വികസനസമിതി എന്നിവയ്ക്ക് നിയമപരമായ അംഗീകാരം നൽകണം.
- 6.7.9 കൈമാറി ലഭിച്ച സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ഏകോപന ചുമതല, നിയന്ത്രണാധികാരം എന്നിവ അതത് തലത്തിലെ പ്രാദേശിക സർക്കാരുകൾക്ക് നൽകുക.
- 6.7.10 വാർഷിക പദ്ധതിയെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനും ഏകോപിക്കുന്നതിനും കഴിയണം.
- 6.7.11 കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളെ ഫലപ്രദമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിക്കാൻ കഴിയണം.
- 6.7.12 പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ നല്ലൊരു ശതമാനവും നിർബന്ധിത വകയിരുത്തലുകൾ എന്ന പേരിൽ മാറ്റി വയ്ക്കപ്പെടുന്നു. ഇക്കാരണത്താൽ ജനങ്ങൾ ആവശ്യപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാൻ പണമില്ലാത്ത അവസ്ഥ വന്നുചേരുന്നു. തങ്ങൾ ആവശ്യപ്പെടുന്നതൊന്നും പരിഗണിക്കപ്പെടുന്നില്ല എന്ന തോന്നൽ ജനങ്ങളിലുണ്ടാക്കുന്നതിന് ഇത് കാരണമാകുകയും ഗ്രാമസഭപോലുള്ള വേദികളിലെത്തി തങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കാൻ അവർ വിമുഖരാകുയും ചെയ്യുന്നു. ഇത് ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം കുറയുന്നതിനും താല്പര്യമില്ലായ്മയ്ക്കും കാരണമാകുന്നു. പദ്ധതി വിഹിതത്തിൻമേലുള്ള അമിത നിയന്ത്രണം കുറച്ച് ജനകീയ വേദികളായ ഗ്രാമസഭ, പഞ്ചായത്ത് എന്നിവയ്ക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാനാവും വിധമുള്ള ഫണ്ടിന്റെ അളവ് കൂട്ടുകയും നിർബന്ധിത വകയിരുത്തലുകൾ കുറയ്ക്കുകയും പ്രാദേശിക ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യവും പരിഗണനയും ഉറപ്പാക്കുകയും ചെയ്യുന്നത് പദ്ധതി പ്രവർത്തനങ്ങളിൽ ജനകീയ താല്പര്യം തിരിച്ചു കൊണ്ടുവരുന്നതിന് സഹായകരമാകും.
- 6.7.13 നിർബന്ധിത വകയിരുത്തലുകൾ മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആവശ്യത്തിനുള്ള പദ്ധതി രൂപീകരിക്കുന്നതിന് സ്വാതന്ത്ര്യമില്ലായ്മ അനുഭവപ്പെടുന്നു. ഉദാഹരണമായി മാലിന്യസംസ്കരണ പരിപാടികൾക്കായുള്ള വകയിരുത്തൽ നിർബന്ധിതമായതുമൂലം സുലേഖ സോഫ്റ്റ് വെയറിൽ വാലിഡേഷൻ കൃത്യമാക്കുന്നതിനായി മാത്രം പഞ്ചായത്തുകൾ ആവശ്യമില്ലാത്ത പ്രോജക്റ്റുകൾ എടുക്കുകയും അവ നടപ്പിലാക്കാൻ കഴിയാതെ പോവുകയും ചെയ്യുന്നതായി കാണുന്നു.

അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ, പഠനവിധേയമാക്കി അതാതിന് ആവശ്യമായ തുക വകയിരുത്തുന്ന സമീപനത്തിന് പകരം പൊതുവായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിശ്ചിത തുക ഇക്കാര്യത്തിന് മാറ്റിവയ്ക്കണം എന്ന നിലപാട് മാറേണ്ടതുണ്ട്.

- 6.7.14 പഞ്ചായത്തുകളുടെ വൈവിധ്യം കണക്കിലെടുക്കാതെ ഉല്പാദനമേഖലയിൽ 30% ത്തിൽ കുറയാതെ പൊതുവിഭാഗം പദ്ധതിവിഹിതം മാറ്റിവയ്ക്കണം എന്ന നിർദ്ദേശം പ്രായോഗികമല്ല. ഉദാഹരണമായ നഗരസ്വഭാവമുള്ള പഞ്ചായത്തുകളിൽ കൃഷിഭൂമിയുടെ ലഭ്യതക്കുറവ് മൂലവും, വനമേഖലയിലുള്ള പഞ്ചായത്തുകളിൽ വന്യമൃഗശല്യം മൂലവും കൃഷിപ്രയാസകരമായിട്ടുണ്ട്. ഇവിടങ്ങളിലൊക്കെ ഇത്തരം പ്രശ്നങ്ങളില്ലാത്ത സ്ഥലങ്ങളിൽ ബാധകമാക്കിയതുപോലെ 30% ഫണ്ട് മാറ്റിവെയ്ക്കേണ്ടതില്ല
- 6.7.15 2017–18 വർഷം ഏപ്രിൽ മാസത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും സാമ്പത്തിക വർഷം പകുതി കഴിഞ്ഞിട്ടും ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്ന നിലയിൽ പുരോഗതി ഉണ്ടായിട്ടില്ല, മഴക്കാലത്ത് നിർവ്വഹണം ആരംഭിക്കേണ്ട കാർഷിക മേഖലയിലെ പ്രോജക്റ്റുകളും മറ്റും ഇനിയും നിർവ്വഹണം ആരംഭിച്ചിട്ടുപോലും ഇല്ലാത്ത അവസ്ഥയുണ്ട്. പല പ്രോജക്റ്റുകൾക്കും പ്രായോഗിക ക്ഷമതയില്ലാത്തത് മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രോജക്റ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കൃത്യമായ പഠനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഗവൺമെന്റ് തലത്തിൽ നടത്തേണ്ടതുണ്ട്.
- 6.7.16 ആവശ്യമായ ആലോചനകൾ ഇല്ലാത്തതും തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒന്നാകെ കണ്ട് പദ്ധതികൾ തയ്യാറാക്കാത്തതും മൂലം പദ്ധതികളുടെ എണ്ണം കൂടുകയും ഗുണനിലവാരം കുറയുകയും ചെയ്യുന്നതായി കണ്ടുവരുന്നു. ആറൻമുള ഗ്രാമപഞ്ചായത്തിൽ ഈ വർഷം 378 പദ്ധതികൾ ആണുള്ളത്. മറ്റ് നിരവധി പഞ്ചായത്തുകളിലും ഇതേ അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ നിയന്ത്രണം ആവശ്യമാണ്.
- **6.7.17 തദ്ദേശ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം**

ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് എടുക്കുന്നതിലും യഥാസമയം നടപ്പിലാക്കുന്നതിലും ഒട്ടേറെ വൈഷമ്യങ്ങൾ പഞ്ചായത്തുകൾ നേരിടേണ്ടി വരുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കണം.

- **6.7.18 കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗൈഡൻസ് സെൽ**

തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന കേന്ദ്ര/സംസ്ഥാന സർക്കാരുകളും, വിവിധ കേന്ദ്ര/സംസ്ഥാന ബോർഡുകൾ കോർപ്പറേഷനുകൾ മുതലായവയും നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിക്കുവാൻ ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റിൽ പ്രത്യേക സെൽ രൂപീകരിക്കുകയും അവ നിരന്തരം കാലികമാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

6.8 കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- **6.8.1 നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി അടക്കമുള്ള സമ്പൂർണ്ണ ആസ്തി രജിസ്റ്റർ**

2020 മാർച്ചിന് മുമ്പ് ഇപ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമായ മുഴുവൻ പുറമ്പോക്ക് ഭൂമിയും അളന്നുതിരിച്ച് അടയാളപ്പെടുത്തുകയും അവയെല്ലാം ജിയോ ടാറിംഗ് നടത്തി, തദ്ദേശസ്ഥാപനങ്ങളുടെ ഡിജിറ്റലൈസ് ചെയ്ത സമ്പൂർണ്ണ ആസ്തി രജിസ്റ്റർ തയ്യാറാക്കണം.

- **6.8.2 എം.ഗവേണൻസ്**

തദ്ദേശസ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന ഏതാനും സേവനങ്ങൾ ഇപ്പോൾ ഇന്റർനെറ്റ് മുഖേന ലഭ്യമാണ്. 2020 ജനുവരിയോടു കൂടി ഘടകസ്ഥാപനങ്ങളടക്കം തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സാധ്യമായ എല്ലാ സേവനങ്ങളും, കരം അടയ്ക്കലും മൊബൈൽ ഫോൺ വഴി ലഭ്യമാക്കണം.

2021 ജനുവരിയോടു കൂടി എല്ലാ വാർഡുകളിലും ജനസേവ കേന്ദ്രങ്ങൾ സജ്ജമാക്കുകയും എം.ഗവേൺസിനെ ഗ്രാമതല കേന്ദ്രമായി വികസിപ്പിക്കുകയും വേണം. നിലവിലുള്ള ഗ്രാമ കേന്ദ്രങ്ങളെ ഇപ്രകാരം പരിവർത്തിപ്പാക്കാവുന്നതാണ്. ഈ കേന്ദ്രങ്ങളിൽ വൈഫൈ കണക്ഷനും, ഇന്റർനെറ്റ് സേവനങ്ങളും ലഭ്യമാക്കണം. അയൽ സഭകളുടെയും, ഗ്രാമസഭകളുടെയും കേന്ദ്ര ബിന്ദുവായി വാർഡ്/ഡിവിഷൻ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനസേവാ കേന്ദ്രങ്ങൾ സജീവമാക്കണം.

- **6.8.3 ഘടക സ്ഥാപനങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ പേരിൽ അറിയപ്പെടണം.**

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് പ്രകാരം തദ്ദേശ സ്ഥാപനത്തിലേക്ക് കൈമാറപ്പെട്ട ഘടകസ്ഥാപനങ്ങളെല്ലാം ആ തദ്ദേശ സ്ഥാപനത്തിന്റെ പേരിലാണ് അറിയപ്പെടേണ്ടത്. 2018 ഡിസംബർ 31 നു മുമ്പായി ജില്ലയിലെ ഇത്തരം സ്ഥാപനങ്ങളുടെ എല്ലാ ബോർഡുകളും, എഴുത്തുകുത്തുകളും തദ്ദേശ സ്ഥാപനത്തിന്റെ പേരിൽ ആക്കണം.

- **6.8.4 തെരുവു വിളക്കുകൾക്ക് സ്വതന്ത്ര സംവിധാനം**

തെരുവു വിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമനഗര തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ സംസ്ഥാന വൈദ്യുത ബോർഡിൽ നിന്നും വേണ്ടത്ര പിന്തുണ ലഭിക്കാത്തതു മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നു.

തെരുവു വിളക്ക് അറ്റകുറ്റപ്പണി ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾ നേരിട്ടാണ് നടത്തേണ്ടത്. K.S.E.B ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ലൈനുകൾ ഓഫാക്കിയ ശേഷമാണ് പണികൾ ചെയ്യേണ്ടത്. രണ്ട് ദിവസം മാത്രമാണ് ഇതിന് അനുവാദം ലഭിക്കുന്നത്. എല്ലാ ദിവസവും അറ്റകുറ്റപ്പണി നടത്തിയാൽ പോലും ഗ്രാമപഞ്ചായത്ത്/നഗരസഭാ പ്രദേശങ്ങളിൽ പരാതികൾ പരിഹരിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ബോർഡിന്റെ ലൈനുകളിലെ തകരാറുമൂലം ബൾബുകൾ നിരന്തരം കേടായിപ്പോകുന്ന അവസ്ഥയുണ്ട്. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനുള്ള എസ്റ്റിമേറ്റ് പോലും ബോർഡ് യഥാസമയം ലഭ്യമാക്കാത്ത അവസ്ഥയുണ്ട്. ഭീമമായ തുക വൈദ്യുത ചാർജ്ജായി അടച്ചാലും യഥാസമയം തെരുവു വിളക്കുകൾ പ്രകാശിപ്പിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ട്.

ഇതിനു പരിഹാരമായി 2025 ഓടു കൂടി വൈദ്യുത ബോർഡിന്റെ പോസ്റ്റുകൾ ഒഴിവാക്കി തദ്ദേശസ്ഥാപനങ്ങൾ സ്വന്തം തെരുവു വിളക്കുകൾ സാധ്യമായിടത്തെല്ലാം സോളാർ തെരുവു വിളക്കുകൾ സ്ഥാപിച്ച് സ്വതന്ത്ര സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശിക്കുന്നു.

ഇതിന്റെ ഭാഗമായി ഉയർന്ന നിലവാരത്തിൽ ടാറിംങ്ങ് നടത്തുന്ന സ്റ്റേറ്റ് ഹൈവേകളിലും ജില്ലാ റോഡുകളിലും പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ സോളാർ തെരുവു വിളക്കുകൾ സ്ഥാപിച്ച് തദ്ദേശ സ്ഥാപനങ്ങളെ ഏൽപ്പിക്കണം. മറ്റ് റോഡുകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിൽ തെരുവു വിളക്കുകൾ സ്ഥാപിച്ച് മീറ്ററോടു കൂടിയ വൈദ്യുത കണക്ഷനെടുക്കുകയോ, സോളാർ തെരുവുവിളക്കുകൾ സ്ഥാപിക്കുകയോ വേണം. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിലുള്ളതും തകാരാറുകൾ തൽസമയം തിരിച്ചറിയാവുന്ന ആധുനിക നിയന്ത്രണ സംവിധാനത്തോടു കൂടിയതുമായ തെരുവു വിളക്കുകൾക്ക് വ്യൂഹം സ്ഥാപിക്കുവാനാണ് വിഭാനം ചെയ്യുന്നത്.

- **6.8.5 ഭിന്നശേഷിയുള്ളവർക്കായി**

ജില്ലയിലെ പല തദ്ദേശ സ്ഥാപനങ്ങളിലും തറനിരപ്പിലുള്ള കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയ ശേഷം ഒന്നാം നിലയിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നത് ഭിന്നശേഷിയുള്ളവർക്ക് വളരെ ബുദ്ധിമുട്ടു ഉളവാക്കുന്നുണ്ട്. ഇതിനു പരിഹാരമായി 2020 മാർച്ച് 31 നു മുമ്പായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും തങ്ങളുടെ ഫ്രണ്ട് ഓഫീസ് ഗ്രൗണ്ട് ഫ്ളോറിൽ തന്നെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ് കൂടാതെ ഫ്രണ്ട് ഓഫീസിലേക്ക് പ്രവേശിപ്പിക്കുന്നതിന് റാമ്പുകളും ലഭ്യമാക്കേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം അഞ്ചു വർഷത്തിനുള്ളിൽ നിക്ഷേപം ഇരട്ടിയിലേറെയാക്കിക്കൊണ്ട് സാമ്പത്തിക വളർച്ചയുടെ ആക്കം തിരിച്ചു പിടിക്കുക എന്നതാവും. പദ്ധതിയുടെ പ്രധാന ഊന്നലുകൾ താഴെ പറയുന്നവയാണ്.

- **നവകേരള മിഷൻ വിജയിപ്പിക്കുക**

1. നവകേരള മിഷനിലെ നാല് മിഷനുകളുമായി ബന്ധപ്പെടുത്തി പദ്ധതികൾ തയ്യാറാക്കുക. ഈ മിഷനുകൾ വികസനോന്മുഖമായ ജനകീയ പങ്കാളിത്തത്തോടു കൂടി പദ്ധതികൾ താഴെ പറയുന്ന മേഖലകളിൽ നടപ്പാക്കേണ്ടതാണ്.

- ഉയർന്ന നിലവാരത്തിലുള്ള സ്ക്കൂൾ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
- ജനസൗഹൃദ ആരോഗ്യ സൗകര്യങ്ങൾ നടപ്പിലാക്കുക.
- പരിസ്ഥിതി സൗഹദ്യം
- മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം **
- വൃത്തിയായ ജലാശയങ്ങൾ, ജലവിഭങ്ങളുടെ ഉത്പാദനം, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം. ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന വരട്ടാർ പുനരുജ്ജീവനം, കടപ്ര, നിരണം ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന കോലറയാർ പുനരുജ്ജീവനം എന്നിവ സ്തുത്യർഹമായ പ്രവൃത്തികളാണ്.
- സുരക്ഷിതമായ ഭവനവും ഉപജീവനമാർഗ്ഗവും.

ഉപസംഹാരം

ഉത്പാദക ശക്തിയുടെ വളർച്ച, കൃഷിയിലും, വ്യവസായം, ശാസ്ത്രം എന്നിവയുടെ വളർച്ചയും സാങ്കേതിക വിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ളതാക്കേണ്ടതാണ്. പരിസ്ഥിതി-സൗഹൃദ സാമ്പത്തിക വളർച്ചയും ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ-വികസനവും അന്തസ്സുള്ള ജോലിയും ഉറപ്പു വരുത്തുക എന്നതാണ് ലക്ഷ്യമാക്കേണ്ടത്. സമ്പുഷ്ടമായ പ്രകൃതി വിഭവങ്ങൾ, വിദ്യാഭ്യാസവും, വൈദഗ്ധ്യതയും, രാഷ്ട്രീയ അവബോധമുള്ള തൊഴിൽ ശക്തി, ആരോഗ്യ, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വിശിഷ്ടമായ സാമൂഹിക നേട്ടങ്ങൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

വൃത്തിയുള്ള പരിസ്ഥിതിയും, പരിപാലിക്കപ്പെട്ട ജൈവ വൈവിധ്യവും ഉറപ്പു വരുത്തേണ്ടതും ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുകയും, രോഗം തടയുന്നതും ഭേദമാക്കുന്നതുമായ ആരോഗ്യപരിപാലന വ്യവസ്ഥയും, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. എല്ലാ കുടുംബങ്ങൾക്കും ലൈഫ് മിഷനുമായി ബന്ധപ്പെടുത്തി സുഖകരവും, സുരക്ഷിതവു അന്തസ്സുള്ളതുമായ പാർപ്പിട സൗകര്യങ്ങൾ എന്നിവയും ലഭ്യമാക്കേണ്ടതാണ്. ടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളാണ് പത്തനംതിട്ട ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കേണ്ടത്.

അദ്ധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

വിവിധ വിഷയ ഉപസമിതികൾ തയ്യാറാക്കിയ പരിപ്രേക്ഷ്യത്തിന്റേയും നിർദ്ദേശങ്ങളുടെയും സംഗ്രഹമാണ് ചുവടെ ചേർത്തിരിക്കുന്നത്.

1. നീർത്തടാധിഷ്ഠിത വികസന പദ്ധതി (കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം)

പരിപ്രേക്ഷ്യം

ജില്ലയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. ജനസംഖ്യയിൽ 60% ത്തോളം ഈ മേഖലയുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കുന്നു. നെല്ല്, കിഴങ്ങുവിളകൾ, വാഴ, പച്ചക്കറികൾ, റബ്ബർ എന്നിവയാണ് പ്രധാന കാർഷിക വിളകൾ. കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പ ഇറിഗേഷൻ പ്രോജക്ട് എന്നീ വൻകിട ജലസേചന പദ്ധതികൾ ജില്ലയിലുണ്ട്. മൂന്നു പ്രധാന നദികളെ കൂടാതെ ധാരാളം തോടുകളും കുളങ്ങളും ജില്ലയിൽ ഉണ്ട്. വേനൽകാലത്ത് ജില്ലയിൽ പരക്കെ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഇതിന്റെ പ്രധാന കാരണം ജില്ലയുടെ പ്രത്യേക ഭൂപ്രകൃതിയാണ്. ധാരാളമായി ലഭിച്ചിരുന്ന മഴയിലും ജൈവ സമ്പത്തിന്റെയും ഫലമായി പത്തനംതിട്ട ജില്ലയിലെ മണ്ണിനങ്ങൾക്ക് പല രൂപാന്തരങ്ങളും സംഭവിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിലായി ഉണ്ടായിട്ടുള്ള മണ്ണൊലിപ്പും മണ്ണിടിച്ചിലിന്റെയും ഫലമായി പലതരത്തിലുള്ള മണ്ണിനങ്ങൾ പത്തനംതിട്ട ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. വ്യത്യസ്തമായ ഭൗതികഘടനയുടെ അടിസ്ഥാനത്തിൽ ജില്ലയുടെ ഭൂപ്രകൃതിയെ താഴ്ന്ന പ്രദേശം, ഇടനാട്, ഉയർന്ന പ്രദേശം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.മണ്ണിന്റെ സ്വഭാവം അനുസരിച്ച് മേൽമണ്ണ് ഒഴിച്ച് മണ്ണിന്റെ ഘടനകളെ, അവയുടെ മാതൃഘടകങ്ങളുടെ ഘടനാനുസൃതമായി പലതരം മണ്ണിനങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇത് അടിസ്ഥാനമാക്കി 30 തരം മണ്ണിനങ്ങൾ ജില്ലയുടെ വിവിധ ഭൗതികമേഖലകളിൽ കണ്ടെത്തിയിട്ടുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- കൃഷി ഭവനുകൾക്ക് സ്വന്ത കെട്ടിടവും വാഹനവും ആവശ്യമാണ്. എല്ലാ കൃഷി ഭവനുകളിലും ആധുനിക സൗകര്യങ്ങളോടു കൂടിയ അഗ്രോ ക്ലിനിക്കുകളും കൃഷിക്കാരുടെ എല്ലാ ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനും ആവശ്യമായ മാർക്കറ്റിംഗ് ഫസിലിറ്റി കൃഷി ഭവനോട് ചേർത്ത് നടത്തണം.
- തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കാൻ എല്ലാ കൃഷി ഭവനുകളിലും തൊഴിൽ സേന രൂപീകരിക്കുക.
- അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. രോഗപ്രതിരോധശേഷി കൂടിയ വിത്തിനങ്ങൾ ഉപയോഗപ്പെടുത്തുക.
- കീടപ്രതിരോധശേഷിയുള്ളതും ഉല്പാദനക്ഷമതയുള്ളതുമായ തെങ്ങിൻതൈകൾ വിതരണം ചെയ്യുക.
- ജില്ലാതലത്തിൽ എലിനശീകരണ ക്യാമ്പയിൻ നടത്തുവാനും വന്യമൃഗങ്ങളിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.
- ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.
- മണ്ണിന്റെ ഗുണനിലവാരം അറിയാൻ ജില്ലയിലെ മുഴുവൻ കൃഷിയിടത്തിലെയും മണ്ണ് പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.
- ഇക്കോഷോപ്പും വിപണികളും കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുക
- കേന്ദ്രഗവൺമെന്റിന്റെ ഡയ്ഞ്ചറസ് മെഷീനറീസ് ആക്റ്റ് കർശനമായും നടപ്പിലാക്കണം.

- യന്ത്രങ്ങൾ വിതരണം ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പാക്കാൻ ഒരു ജില്ലാതല കമ്മറ്റിയുടെ മേൽ നോട്ടം ആവശ്യമാണ്. യന്ത്രസാമഗ്രികളുടെ വിതരണം കർമ്മസേനകൾക്കോ വകുപ്പു നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കോ നൽകുക.
- ജില്ലയിലെ പച്ചക്കറികളുടെ സംഭരണവും വിതരണവും ഉദ്ദേശിച്ച് ആവിഷ്കരിച്ച ജില്ലാതല അപ്പെക്സ് ബോഡി സംഘമൈത്രി പുനസംഘടിപ്പിക്കേണ്ടതാണ്.
- കുടുംബശ്രീ, അയൽകൂട്ടങ്ങളെ കൃഷി വകുപ്പുമായി സമഗ്രമായി ഏകോപിപ്പിച്ച് കേരളാ ബ്രാൻഡ് ലേബൽ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ നിലവിലുള്ള തൊഴിലുറപ്പ് പദ്ധതിയെ കാർഷിക വൃത്തിക്കായി ഉപയോഗപ്പെടുത്തി തൊഴിലാളി ക്ഷാമം പരിഹരിക്കാവുന്നതാണ്.
2. ജൈവ വളങ്ങൾ നിർമ്മിക്കുന്നതിനും യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമുള്ള വിദഗ്ധ പരിശീലനങ്ങളും നൽകുക.
3. നിലവിലുള്ള തരിശുഭൂമികൾ കൃഷിക്കുപയുക്തമായ നിലയിലാക്കുക, അങ്ങനെ ജില്ലയെ സമ്പൂർണ തരിശു രഹിത ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.
4. അർദ്ധവാർഷികാടിസ്ഥാനത്തിൽ വളപ്രയോഗവും കീടരോഗ നിയന്ത്രണങ്ങളും നടത്തുക.
5. കാർഷിക രംഗത്ത് വിപണന മേഖലയുടെ സമഗ്രമായ ശാക്തീകരണം ഉറപ്പു വരുത്തുക
6. ജില്ലയിലെ ഫെസ്റ്റിവൽ സീസൺ കാലം പ്രയോജനപ്പെടുത്തുന്ന രീതി നടപ്പാക്കുക.
7. കുട്ടനാട്ടിൽ റൈസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.
8. ജില്ലയിൽ നടപ്പിലാക്കുന്ന എല്ലാ മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളും ശാസ്ത്രീയമായി നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു ജല സംരക്ഷണപദ്ധതികളായി നടപ്പിലാക്കുക
9. കിണറുകളിൽ ജലവിതാനം നിലനിർത്തുന്നതിന്, കിണർ റീചാർജ്ജിംഗ് സംവിധാനം ഉപയോഗപ്പെടുത്തുക.
10. ജലസേചന സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുള്ള പ്രവർത്തികളായ മഴക്കാലത്തിന് മുമ്പ് തെങ്ങ്,ഫലവൃക്ഷങ്ങൾ എന്നിവയ്ക്ക് തടം എടുത്ത് പുതയിടുക, ഇടക്കയ്യാലകൾ നിർമ്മിച്ച് മഴവെള്ളം തടഞ്ഞു നിർത്തുക, കിണറിന് സമീപം മഴക്കുഴികൾ നിർമ്മിക്കുക
11. വൻകിട ജലസേചന പദ്ധതികളെ അപേക്ഷിച്ച് ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതോടെ ജലലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.
12. കൃഷി വകുപ്പ് വഴി കൂന്താലി, മൺവെട്ടി, പിക്കാസ്, വെട്ടുകത്തി തുടങ്ങിയ കാർഷിക ഉപകരണങ്ങൾ സൗജന്യ നിരക്കിൽ എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ കർഷകർക്ക് വിതരണം ചെയ്യുക.
13. ജില്ലയിൽ കരിമ്പ് കൃഷി പ്രോത്സാഹിപ്പിച്ച് ഇതുവഴി ശർക്കര ഉത്പാദിപ്പിച്ച് ജില്ലയിൽ ശർക്കര ക്ഷാമം പരിഹരിക്കാൻ സാധിക്കും.

സംയോജിത നിർദ്ദേശങ്ങൾ

1. നീർത്തട സമിതിയുടെ നിർദ്ദേശ പ്രകാരം മാതൃകാ പാട ശേഖരങ്ങൾ ജില്ലയിൽ സജ്ജമാക്കുന്നതിന് നബാർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തുവാൻ കഴിയും. ഇരിപ്പൂ കൃഷി ചെയ്യുന്നതിനും നെല്ല്, മീൻ ഇടവേള കൃഷി ചെയ്യുന്നതിനും പദ്ധതികൾ സമർപ്പിക്കാൻ കഴിയും.
2. തകർന്ന പുറം ബണ്ടുകൾ പുന:സ്ഥാപിക്കുക മട വീണ ഭാഗങ്ങൾ പുനർ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് വകുപ്പിന്റെ സംസ്ഥാന തലഫണ്ട് അപര്യാപ്തമാണ്. ആയതിനാൽ പഞ്ചായത്തുകളുടെയും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹകരണത്തോടെ കൂടുതൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള സേവനവും ഈ ആവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും.

3. പഞ്ചായത്ത്തല നീർത്തട മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനായി നീർത്തട നടത്തം വിവിധ വകുപ്പുകളെ ഏകോപിച്ച് പദ്ധതികൾ തയ്യാറാക്കുക കൃഷിവകുപ്പും ജലസേചന വകുപ്പും തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുക
4. പൊതുജനപങ്കാളിത്തം, തൊഴിലുറപ്പ് മേഖല തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയെ ജലസേചനത്തിനും സമഗ്രമായി യോജിപ്പിച്ചു പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
5. അഗ്രോ എഞ്ചിനീയറിംഗ് നടപ്പിലാക്കുന്നതിലൂടെ കീടനിയന്ത്രണവും ടൂറിസം പ്രോത്സാഹനവും സാദ്ധ്യമാവും
6. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്ക്കരിച്ച് വളമായി കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ്.
7. തീർത്ഥാടന ജില്ലയായ പത്തനംതിട്ടയിൽ ശബരിമല തീർത്ഥാടനത്തിന് ആവശ്യമായ തേങ്ങ, ശർക്കര എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്

2. മൃഗസംരക്ഷണം, ക്ഷീരവികസനം

പരിപ്രേക്ഷ്യം

പാൽ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കറവപ്പശുക്കളെ നൽകിയും അന്യസംസ്ഥാനത്തു നിന്നും കിടാരികളെ വാങ്ങിക്കൊണ്ട് വന്ന് വളർത്തുന്ന യൂണിറ്റുകൾ വികസിപ്പിച്ചും കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കണം. പരിസ്ഥിതി സൗഹൃദമായ മാതൃകാ കാലിത്തൊഴുത്ത് പദ്ധതികൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ഗുണമേന്മയുള്ള കാലിത്തീറ്റ വാങ്ങുന്നതിന് പരമാവധി സബ്സിഡി ഏർപ്പെടുത്തുകയും തരിശുനില പുൽകൃഷി ഉൾപ്പെടെ തീറ്റപ്പുൽ കൃഷി പരമാവധി സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മൃഗസംരക്ഷണ മേഖലയിലെ സർക്കാർ സ്ഥാപനങ്ങളുടെ ക്രമീകരണം, മൃഗസാന്ദ്രത കൂടിയ പഞ്ചായത്തുകളിൽ/സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുകയോ പുതിയതായി അനുവദിക്കുകയോ ചെയ്യുക.
2. ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സെന്ററുകളുടെ ശാക്തീകരണം. ക്ഷീരകർഷകർക്കും പുതിയതായി ഈ മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവർക്കും പരിശീലനം നൽകുവാനുള്ള അവസരം സൃഷ്ടിക്കുക.
3. വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദന ലക്ഷ്യത്തോടെ സർക്കാർ ഫാമുകൾ ആരംഭിക്കണം. കടയ്ക്കാടും, അടൂരിലും പ്രവർത്തിക്കുന്ന കൃഷി ഫാമുകളോട് ചേർന്ന് പശു, ആട്, കോഴി മുതലായ ഫാമുകൾ ആരംഭിച്ച് ആവശ്യമുള്ളവർക്ക് വിതരണം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
4. ഡയറി ലാബ് – പാൽ, പാൽ ഉത്പന്നങ്ങൾ, കാലിത്തീറ്റ എന്നിവ പരിശോധിക്കുവാനായി ക്വാളിറ്റി കൺട്രോൾ ലാബ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
5. ആധുനിക അറവുശാലകൾ നിർമ്മിക്കുവാൻ വേണ്ട സഹായങ്ങൾ
6. സംയോജിത പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി സബ്സിഡിയിൽ വേണ്ട ക്രമീകരണങ്ങൾ
7. തീർത്ഥാടന ജില്ല എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പ്പനങ്ങൾ ഉല്പാദിപ്പിച്ച് തീർത്ഥാടകർ ഉൾപ്പെടെ യുള്ളവർക്ക് മിതമായ വിലയ്ക്ക് വിതരണം ചെയ്യുവാനുള്ള പദ്ധതികൾക്ക് സഹായം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പരിസ്ഥിതി സൗഹൃദമായ മാതൃക കാലിതൊഴിത്ത് നിർമിക്കുക
2. മൊബൈൽ പാൽ പരിശോധന ലബോറട്ടറി സ്ഥാപിക്കുക
3. ബൾക്ക് മിൽക്ക് കൂളറുകളിലെ പാൽ സംസ്കരണം

4. യന്ത്രവൽക്കരണം
5. ഫാം ടൂറിസം പദ്ധതി
6. സർക്കാർ ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുക.
7. നിലവിലുള്ള സബ്സിഡി പുതുക്കുക

സംയോജിത നിർദ്ദേശങ്ങൾ

1. ക്ഷീരസംഘങ്ങൾ വഴി തീറ്റപ്പുൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതികൾ നടപ്പാക്കുക.
2. ഉത്പാദന ക്ഷമത കൂടിയ മൃഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയണം.
3. ഫാം ടൂറിസം പദ്ധതി
4. തദ്ദേശഭരണ സ്ഥാപന തലത്തിൽ കറവ യന്ത്രങ്ങൾ വാങ്ങി സ്വയംതൊഴിൽ സംരംഭക യൂണിറ്റുകൾ രൂപീകരിച്ച് പരിശീലനം നൽകുക.

3. മത്സ്യ വികസനം

പരിപ്രേക്ഷ്യം

ആധുനിക സൗകര്യങ്ങളോടു കൂടിയ മത്സ്യ മാർക്കറ്റ് കോൾഡ് സ്റ്റോറേജ്, ഫിഷ് ബൂത്തുകൾ മത്സ്യം പിടിക്കുന്നിടത്തു നിന്നും വിവിധ മാർക്കറ്റുകളിലേക്ക് കാലതാമസം വരാതെ എത്തിക്കുന്നതിനുള്ള വാഹന സൗകര്യങ്ങൾ മറ്റ് ജില്ലകളിൽ ഉള്ളതു പോലെ മത്സ്യത്തൊഴിലാളികൾക്ക് വിൽപനയ്ക്കുള്ള മത്സ്യവുമായി യാത്ര ചെയ്യുവാനുള്ള ബസ് സൗകര്യം എന്നിവ ഈ ജില്ലയിൽ ആവശ്യമാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ ജില്ലയിൽ ധാരാളമായി തുടങ്ങിയാൽ വിവിധയിനം മത്സ്യത്തിന്റെ വില ഗണ്യമായി നിയന്ത്രിക്കുവാൻ സാധിക്കും.
2. മത്സ്യമേഖല സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/മത്സ്യ ഫെഡ് എന്നിവ വഴി മൂലധനം ലഭ്യമാക്കേണ്ടതാണ്. സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടവും ആവശ്യമാണ്. സംഘം സെക്രട്ടറിമാർക്ക് ഹോണറേറിയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
3. കടപ്ര പ്രദേശത്ത് ഒരു മത്സ്യഭവൻ കെട്ടിടവും ഒരു ഫിഷറീസ് ഉദ്യോഗസ്ഥന്റെ സേവനവും അത്യാവശ്യമാണ്. നിലവിൽ ഫിഷറിസ് ഫണ്ട് ഉപയോഗിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പണികഴിപ്പിച്ച കെട്ടിടം കൈമാറി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
4. താല്പര്യമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സമുദ്ര മത്സ്യ ബന്ധനത്തിനുള്ള ട്രെയിനിംഗ് നൽകി കടൽ മേഖലയിൽ ജോലി ചെയ്യുന്നതിന് തല്പരരാക്കാവുന്നതാണ്.
5. മത്സ്യമേഖലയിലെ സജീവ മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്താവശ്യമായ അറിയിപ്പുകളും മത്സ്യ വകുപ്പു മുഖേന അവർക്ക് ലഭ്യമാകാവുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസുകളും സംഘടിപ്പിക്കാവുന്നതാണ്.
6. മത്സ്യബന്ധന സമയത്ത് ലഭിക്കാൻ സാധ്യതയുള്ള ചെറിയ മത്സ്യങ്ങളെ പിടിച്ചെടുക്കരുത് എന്ന് ബോധവത്ക്കരിക്കാവുന്നതാണ്. മത്സ്യം കരയ്ക്കടുപ്പിക്കാൻ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കാവുന്നതുമാണ്. ജില്ലയിൽ വകുപ്പിന് കീഴിലോ, അനുബന്ധ ഏജൻസികളുടെ കീഴിലോ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഐസ് പ്ലാന്റ് ജില്ലാ ആസ്ഥാനത്തും, കടപ്ര പഞ്ചായത്തിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.
7. മത്സ്യ മാർക്കറ്റുകളിൽ വരുന്ന മത്സ്യത്തിന്റെ ഗുണ നിലവാരവും, രാസവസ്തുക്കളുടെ സാന്നിധ്യവും പരിശോധിക്കുന്നതിന് കിറ്റുകൾ എല്ലാ മാർക്കറ്റുകളിലും നൽകേണ്ടതും കൃത്യമായി ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതുമാണ്. ഉപയോഗിക്കാൻ പാടില്ലാത്ത മത്സ്യങ്ങൾ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾഒരുക്കേണ്ടതാണ്.
8. ജില്ലയിലെ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റ് ജില്ലകളിൽ നടന്നു വരുന്ന സാഫിന്റെ

(സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) സേവനം ഈ ജില്ലയിലും കൊണ്ടു വരേണ്ടതാണ്.

9. ജലാശയങ്ങളിൽ നിരോധിത മത്സ്യബന്ധനങ്ങളായ കൂട് നിർദ്ധിഷ്ട വലിപ്പത്തിൽ കുറവുള്ള വലകണ്ണി ഉപയോഗിക്കുക, വിഷം തളിക്കുക, കറന്റ്, തോട്ട ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നടത്തുന്നവരെ കണ്ടുപിടിച്ച് മേൽ പ്രക്രീയ തടയേണ്ടതാണ്
10. ഇൻലാന്റ് ഫിഷറീസ് ആക്ട് കാര്യക്ഷമമായി നടപ്പിലാക്കുക
11. ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ആവാസത്തിനായി പ്രത്യേക പാക്കേജ് – 'കോസ്റ്റൽ ഹാബിറ്റേറ്റ്' രൂപകല്പന ചെയ്യുക, മാതൃകാ മത്സ്യഗ്രാമങ്ങൾ സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഉൾനടൻ ജലസ്രോതസ്സുകളുടെ പട്ടിക/ഭൂപടം മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ തയ്യാറാക്കി അവ സംരക്ഷിക്കുവാനുള്ള നടപടികൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുക.
2. ജൈവ വൈവിധ്യ രജിസ്റ്റർ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഷ്ക്കരിക്കുക.
3. ഗാമപഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ജലസ്രോതസുകൾ നവീകരിച്ച് മത്സ്യകൃഷിയ്ക്ക് ഉപയുക്തമാക്കുക.
4. നൂതന മത്സ്യ കൃഷി രീതികളായ അക്വാപോണിക്സ്, ഒരു ജലാശയങ്ങളിൽ കൂട്ടു കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

1. ജില്ലയിലെ വിഭവശേഷി കണക്കിലെടുത്ത് മത്സ്യബന്ധനം ക്രമപ്പെടുത്തുകയും അവയുടെ അമിതമായ ചൂഷണം വിനാശകരമായ മത്സ്യബന്ധന രീതികൾ, ജലമലിനീകരണം, മത്സ്യ രോഗങ്ങൾ, പരിസ്ഥിതിക്കിണങ്ങാത്ത വികസന പ്രവർത്തനങ്ങൾ മുതലായവയ്ക്കെതിരെ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്.

2. ജലാശയങ്ങളെ മലിനീകരണത്തിൽ നിന്ന് രക്ഷിച്ചും ഉല്പാദനവർദ്ധനവിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചും നടപ്പിലാക്കിയും മത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവും നടത്തണം.

3. മത്സ്യമാർക്കറ്റിന്റെ ശുചിത്വ പരിപാലനം, ശുദ്ധജല ലഭ്യത, ശിയായ ട്രെയിനേജ് സൗകര്യം വിൽപ്പനയ്ക്ക് എത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകണം.

4 ചെറുകിട കച്ചവടക്കാർക്ക് മത്സ്യവിപണന ഉപാധികൾ വിതരണം ചെയ്യണം. സ്ത്രീകളുടെ പങ്കാളിത്തം വിപുലീകരിക്കുന്നതിനാവശ്യമായ ഉപാധികൾ ലഭ്യമാക്കുക.

5. ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഏറെ പേർക്കും സ്വന്തമായി മത്സ്യബന്ധനയാനങ്ങളോ വലകളോ ഇല്ലാത്തവരാണ് തദ്ദശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ഉൾപ്പെടുത്തി മത്സ്യബന്ധന ഉപകരണങ്ങൾ നൽകാവുന്നതാണ്.
6. ജലാശയങ്ങളിലെ മാലിന്യ നിക്ഷേപത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിച്ച് അവരുടെ സഹായത്തോടെ ജലാശയങ്ങൾ ശുചീകരിക്കാവുന്നതാണ്. (കൊല്ലം ജില്ലയിൽ നിലവിൽ നടന്നു വരുന്ന ശുചിത്വ സ്വാഗരം പദ്ധതി മാതൃകയിൽ)
7. നിലവിൽ മത്സ്യ മാർക്കറ്റുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും, അന്യ ജില്ലകളിൽ നിന്നും കൊണ്ടു വരുന്ന മത്സ്യ ലോറികൾ ദിവസങ്ങളോളം വഴികളിൽ ഇടുകയുംപരിസര മലിനികരണം ഉണ്ടാക്കുകയും ചെയ്യുന്നു. ഇത്തരം വാഹനങ്ങൾക്ക് സൗകര്യപ്രദമായി പാർക്കിംഗ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

സംയോജനപദ്ധതി നിർദ്ദേശങ്ങൾ

മത്സ്യമേഖല : സംയുക്ത സംയോജിത പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ

ഉൾനടൻ ജില്ലയായ പത്തനംതിട്ടയിലെ ജലാശയങ്ങൾ എല്ലാം തന്നെ ശുദ്ധ ജലാശയങ്ങളാണ്. ഈ ജലാശയങ്ങളിൽ നിന്നും 700 ടൺ മത്സ്യമാണ് ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. എന്നാൽ ഏദേശം 24000 ടൺ മത്സ്യ ഉപഭോഗമുള്ള ജില്ലയുമാണിത്. അതായത് മത്സ്യ ഉല്പാദനത്തിലും ഉപഭോഗത്തിലും വളരെവധികം അന്തരം ഉണ്ട്. ജില്ലയില ലഭ്യമായ ജലസ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തി മത്സ്യകൃഷി വ്യാപകമാക്കുന്ന നുതന മത്സ്യകൃഷി രിതികളായ അക്വാപോണിക്സ്, ആർ.എ.എസ്. (റീ-സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം) ഇവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക, തീരമേഖലയിൽ നിന്നും കടൽ മത്സ്യം ഈ ജില്ലയിൽ എത്തിച്ച് സംഭരിച്ച് വിതരണം നടത്തുക. എന്നീ മാർഗ്ഗങ്ങളിലൂടെ ഗുണ നിലവാരം ഉള്ള മത്സ്യത്തെ ജില്ലയിൽ ലഭ്യമാക്കാവുന്നതാണ്. ആർ.എ.എസ്. യൂണിറ്റുകൾ സ്ഥാപിച്ച് ഗിഫ തിലാപ്പിയ കൃഷി ചെയ്യുന്നതുവഴി 63 യൂണിറ്റുകളിൽ നിന്ന് ഏകദേശം 132 ടൺ മത്സ്യം അധികമായി ഉല്പാദിപ്പിക്കാവുന്നതാണ്. ആകയാൽ ജില്ലയിലെ ഓരോ പഞ്ചായത്തിലും ഇത്തരം യൂണിറ്റുകൾ സ്ഥാപിച്ച് മത്സ്യ ഉല്പദനം വർദ്ധിപ്പിക്കുക.

മത്സ്യകൃഷി രീതി	വിസ്തൃതി	അടങ്കൽ തുക	സബ്സിഡി	സ്ഥാപിക്കാവുന്ന യൂണിറ്റുകളുടെ എണ്ണം		
				നിലവിലുള്ളത്	പഞ്ചായത്ത്	മുനിസിപ്പാലിറ്റി
റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം	40 മീ.ക്യൂ	6,00,000	2,40,000	10	53	10

അക്വാപാർക്ക്

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമ പഞ്ചായത്തിലെ പ്രവർത്തിക്കുന്ന പോളച്ചിറ നാഷണൽ ഫിഷ് സീഡ് ഫാമിനോട് അനുബന്ധിച്ചുള്ള 8.5 ഹെക്ടർ വിസ്ത്രിതിയുള്ള പോളച്ചിറ കേന്ദ്രീകരിച്ച് അക്വാ പാർക്ക് സ്ഥാപിക്കാവുന്നതാണ്.

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ചുമതലാസ്ഥാപനങ്ങൾ			മിഷനുകൾ
		മത്സ്യവകുപ്പ്	തദ്ദേശ സ്വയംഭരണ സ്ഥാപനം	മറ്റു വകുപ്പുകൾ	
1	അക്വാ പാർക്ക് സ്ഥാപിക്കൽ	മത്സ്യവകുപ്പ്	കവിയൂർ ഗ്രാമ പഞ്ചായത്ത്	--	ഹരിത കേരളം

പബ്ലിക് അക്വേറിയം

പ്രകൃതി രമണീയമായ പത്തനംതിട്ട ജില്ലയിൽ ടൂറിസം മേഖലയ്ക്ക് പ്രമുഖ സ്ഥാനമാണുള്ളത്. ആയതിനാൽ ജില്ലയിൽ ഒരു പബ്ളിക്ക് അക്വേറിയം സ്ഥാപിച്ച് ടൂറിസത്തോടൊപ്പം മത്സ്യമേഖലയ്ക്കും പ്രാധാന്യ നേടാവുന്നതാണ്. പ്രമുഖ ആനക്കൊട്ടിൽ ഈ ജില്ലയിലെ കോന്നിയിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പബ്ളിക്ക് അക്വേറിയം ഇതിനോടനുബന്ധിച്ച് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

ക്രമ നമ്പർ	പ്രവർത്തനങ്ങൾ	ചുമതലാസ്ഥാപനങ്ങൾ			മിഷനുകൾ
		മത്സ്യവകുപ്പ്	തദ്ദേശ സ്വയംഭരണ സ്ഥാപനം	മറ്റു വകുപ്പുകൾ	
1	പബ്ളിക്ക് അക്വേറിയം സ്ഥാപിക്കൽ	മത്സ്യവകുപ്പ്	കോന്നി ഗ്രാമപഞ്ചായത്ത്	--	കുടുംബസ്ശ്രീ

1. ഹരിതകേരളം മിഷന്റെയും മത്സ്യവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്ത് ആവാസ വ്യവസ്ഥയെ സംരക്ഷിക്കുക.

1. ശുദ്ധജലമത്സ്യ-ആറ്റുകൊഞ്ച് കൃഷി വ്യാപിപ്പിക്കുക. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റവന്യൂ, ഇറിഗേഷൻ, വനം, വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ അധീനതയിലുള്ള ജലാശയങ്ങളും വിട്ടുകിട്ടണം.

2. കൃഷി അനുബന്ധ വകുപ്പുകളുടെ പദ്ധതികളും കൂട്ടി ചേർത്ത് സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക. പത്തനംതിട്ട ജില്ല കർഷകർ കൂടുതലുള്ള ജില്ലയാണ്. ആയതിനാൽ പശു, പന്നി, ആട്, കോഴി, താറാവ് എന്നീ ജീവികളോടൊപ്പം മത്സ്യ കൂടി വളർത്താവുന്നതാണ്. ഇതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് പുതിയ പ്രോജക്ടുകൾ ആവശ്യമാണ്.

3. പത്തനംതിട്ട ജില്ലയിൽ പമ്പ, കക്കി, ഗവി, മണിയാർ, മൂഴിയാർ എന്നീ അണക്കെട്ടുകളിൽ സൊസൈറ്റികൾ രൂപീകരിച്ച് വളർത്ത് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും, അത് പിടിച്ചെടുക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള നിയമസാധുത ഉണ്ടാകണം. ഇവയ്ക്കായി ഫോറസ്റ്റ്, ഇറിഗേഷൻ വകുപ്പുകളുടെ അനുമതി ആവശ്യമാണ്. ഇതിനായി ഗവൺമെന്റ് തലത്തിൽ ആവശ്യമായ നയതീരുമാനങ്ങൾ ഉണ്ടാക്കാവുന്നതാണ്.

4. പത്തനംതിട്ട ജില്ല കർഷകർ കൂടുതലുള്ള ജില്ലയാണ്. ആയതിനാൽ പശു, പന്നി, ആട്, കോഴി, താറാവ് എന്നീ ജീവികളോടൊപ്പം മത്സ്യ കൂടി വളർത്താവുന്നതാണ്. ഇതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

5. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, വനവികസനം

പരിപ്രേക്ഷ്യം

മനുഷ്യന്റെയും മറ്റ് ജീവികളുടെയും ആരോഗ്യത്തിന് ഹാനികരമായി ബാധിക്കാത്ത സംവിധാനങ്ങളടങ്ങിയ പരിസ്ഥിതി സംജാതമാക്കുക എന്നതാണ് പരിസ്ഥിതി പരിപാലനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള മുഴുവൻ ജീവജാലങ്ങൾക്കും ജീവിക്കുന്നതിന് അടിസ്ഥാന ആവശ്യമായ വായുവും, വെള്ളവും സൗജന്യമായി വിതരണം ചെയ്യുന്ന ഉദാരമതിയായ 'മൊത്തവ്യാപാരി' യാണ് നമ്മുടെ വനങ്ങൾ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. നദീതീര സംരക്ഷണം – ജല സംരക്ഷണം
2. ഇക്കോടൂറിസം
3. മാലിന്യ നിർമ്മാർജ്ജനം – പ്ളാസ്റ്റിക് നിയന്ത്രണം – മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുക – ഇ-വേസ്റ്റ് സംഭരണം.
4. ടൂറിസം പദ്ധതികളിലും, തീർത്ഥാടന പാതകളിലും (ശബരിമല, മഞ്ഞനിക്കര)'ഗ്രീൻ പ്രോട്ടോക്കോൾ' നിർബ്ബന്ധമാക്കുക'
5. വന്യജീവി ആക്രമണം കൃഷിനാശം – എന്നിവ നിയന്ത്രിക്കുന്നതിനുള്ള വഴികൾ
6. കർഷകർക്ക് പ്രോത്സാഹന സഹായം
7. ആദിവാസി ക്ഷേമം
8. പ്രകൃതിമിത്ര തുടങ്ങിയ അവാർഡുകൾ – പ്രകൃതി സംരക്ഷണ പ്രചരണ പരിപാടികൾ
9. നൂതന സാങ്കേതി വിദ്യകളുടെ ഉപയോഗം Agro preserving – cold storage എന്നിവ ഉപയോഗിച്ച് ധാന്യങ്ങളുടെ ദീർഘകാല സംഭരണം – വിള മെച്ചപ്പെടുത്തൽ, കീട നിയന്ത്രണ സങ്കേതിക വിദ്യ – ഓർഗാനിക് കൃഷിരീതികൾ എന്നിവ
10. മൃഗസംരക്ഷണം – കന്നുകാലി ഫെസ്റ്റുകളുടെ നിലവാരം മെച്ചപ്പെടുത്തൽ – ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം – കാലിത്തീറ്റ-തീറ്റപ്പുൽ എന്നിവയുടെ ലഭ്യത കൂട്ടുന്ന പദ്ധതികൾ
11. മത്സ്യ വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക – ഉൾനാടൻ മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുക.

12. ഊർജ്ജ സംരക്ഷണ പ്രവൃത്തികൾ–റിന്യൂവബിൾ എനർജിയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക.
13. ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് വനത്തിന് വെളിയിൽ നടപ്പാക്കേണ്ട പദ്ധതികൾ
14. നഗര ഗതാഗത സംവിധാനം – വാഹനപുക മാലിന്യം നിയന്ത്രിക്കുക – വഴിയോര തണൽ – നേച്ചർ പാർക്ക് – കുട്ടിവനം
15. ആഗോളതാപനം ചെറുക്കുന്നതിനുള്ള വഴികൾ
16. ട്രീ ക്ളിനിക്ക്
17. രാജ്യത്തെ 'ആദ്യ കാർബൺ നിർവീര്യ ജില്ല' എന്ന സ്ഥാനം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ
18. ജലസ്രോതസ്സുകളുടെ മലിനീകരണത്തോത് നിയന്ത്രിക്കൽ

കീഴ്ത്തട്ട് നിർദ്ദേശം

1. കുടുംബശ്രീ നഴ്സറികളുടെ നിർമ്മാണം
2. ഗ്രീൻ ഇൻഡ്യാ മിഷൻ–പങ്കാളിത്ത ഹരിത സമിതികളിലൂടെയുള്ള സമഗ്ര പരിസ്ഥിതിപരിപാലനം.
3. മഴവെള്ള സംഭരണം – കിണർ റീ ചാർജ്ജ്
4. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ
5. കാവുകളുടെ സംരക്ഷണം
   ഫോറസ്ട്രി ക്ളബ്ബ്– നേച്ചർ ക്ളബ്ബ്–ഗ്രീൻ സ്ക്കൂൾ പ്രോഗ്രാം

സംയോജിത നിർദ്ദേശങ്ങൾ

1. വ്യാവസായിക സംരഭങ്ങൾക്കുള്ള ഈറ്റ, മുള എന്നിവ വിതരണം നടത്തുന്നത് കൂടാതെ തേക്കു തോട്ടങ്ങളിൽ നിന്നുള്ള തടികൾ ഡിപ്പോകൾ വഴി വിതരണം നടത്തി സംസ്ഥാന ഖജനാവിന് മുതൽ കൂട്ടുന്ന പ്രവൃത്തിയും വനംവകുപ്പ് നടത്തിവരുന്നുണ്ട്

2. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾ മുഖേന ചെറുകിട വന വിഭവശേഖരണം നടത്താറുണ്ട്. വനംവകുപ്പിന്റെ തന്നെ ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികൾ വഴി ഇക്കോഷോപ്പുകൾ മുഖേന സംസ്ക്കരിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്. ശാസ്ത്രീയമായ വനവിഭവശേഖരണവും, വിൽപ്പനയും ഇടനിലക്കാരില്ലാതെ ഇപ്രകാരം നിർവ്വഹിക്കുന്നുണ്ട്. കോന്നി ഇക്കോടൂറിസം കേന്ദ്രത്തിലെ ഇക്കോഷോപ്പ് ഇതിനൊരുദാഹരണമാണ്.
3. മണ്ണ്–ജലസംരക്ഷണ പ്രവൃത്തികൾ (വനത്തിനകത്ത്)
4. വ്യാവസായിക ആവശ്യത്തിനുള്ള ഈറ്റ–മുള എന്നിവയുടെ ശാസ്ത്രീയമായ ശേഖരണം.
5. വനസംരക്ഷണ പ്രവർത്തനങ്ങൾ– അതിരുകളിൽ ജണ്ട സ്ഥാപിക്കൽ – വന്യമൃഗങ്ങളുടെ ഉപദ്രവം തടയുന്നതിനുള്ള സൗരോർജ്ജവേലി, മതില്, കിടങ്ങ് എന്നിവയുടെ നിർമ്മാണം.
6. അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, വനത്തിന് പുറത്ത് വനവൽക്കരണവും, ജൈവവൈവിധ്യ സംരക്ഷണവും വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ധനസഹായം നൽകുന്ന പദ്ധതി വനംവകുപ്പ് ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നു.
7. പഞ്ചായത്ത് തലത്തിലുള്ള 'ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ്' കമ്മിറ്റികൾ ഇപ്പോൾ നിർജ്ജീവമാണ്. ആയവ സജീവമാക്കണം. ബയോഗ്യാസ്, വെർമികംപോസ്റ്റ് എന്നിവയുടെ ഉപയോഗം പരമാവധി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തണം. രാസവളം, കീടനാശിനി എന്നിവയുടെ ഉപയോഗം കുറയ്ക്കാൻ കൃഷിവകുപ്പു മുഖേന പദ്ധതികൾ നിർദ്ദേശിക്കണം
8. ഊർജ്ജ നഷ്ടം – പ്രസരണ നഷ്ടം എന്നിവ കുറയ്ക്കുന്ന നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുക – സോളാർ എനർജി – കാറ്റിൽ നിന്നുള്ള വൈദ്യുതി – എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
9. വാഹനപുക മലിനീകരണ നിയന്ത്രണത്തിന് അടിയന്തിരമായി ഒരു നിയന്ത്രണ സംവിധാനം ആവിഷ്ക്കരിക്കുക.

5. വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

പരിപ്രേക്ഷ്യം

പത്തനംതിട്ട ജില്ല പരിസ്ഥിതി സൗഹൃദമായ ജില്ലയാണ്. ജില്ലയിൽ പരിസ്ഥിതി സൗഹൃദമായ സംരംഭങ്ങൾക്ക് ആണ് മുൻഗണന നൽകേണ്ടത്. വൈറ്റ്, ഗ്രീൻ കാറ്റഗറി വിഭാഗത്തിലെ വ്യവസായങ്ങൾക്ക് മുൻഗണന നൽകി ജനകീയ പങ്കാളിത്തത്തോടുകൂടി ജില്ലയിലെ വ്യവസായ സംരംഭ മേഖല പരിപോഷിപ്പിക്കുവാനും അതുവഴി തൊഴിൽ അവസരങ്ങളും, സാമ്പത്തിക സാമൂഹ്യ വളർച്ചകൾക്കും അവസരമൊരുക്കുവാനുള്ള പ്രത്യേക വ്യവസായ സൗഹൃദ അന്തരീക്ഷം ആവിഷ്ക്കരിക്കേണ്ടതായുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വ്യവസായ പുരോഗതിക്കായി പ്രത്യേക വ്യവസായ വികസന പ്രദേശങ്ങൾ ആവശ്യമാണ്. ജില്ലയിലെ 5 നിയമസഭാ മണ്ഡലങ്ങളിൽ 25 ഏക്കറിൽ കുറയാത്ത വ്യവസായ പ്ലോട്ടുകളെ കണ്ടെത്തി വികസിപ്പിക്കേണ്ടതാണ്.
2. ചക്ക ഉൽപാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് പത്തനംതിട്ട ജില്ല. എന്നാൽ ചക്കയുടെ മൂല്യവർദ്ധിത ഉൽപാദന സംരംഭങ്ങൾ കുറവാണ്. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകവഴി തൊഴിൽ അവസരങ്ങൾ കൂടുവാൻ കഴിയും. ചക്ക ഉൾപ്പെടുന്ന പഴം, പച്ചക്കറി സംസ്ക്കരണത്തിനായി പ്രത്യേക വ്യവസായ മേഖല രൂപപ്പെടുത്താവുന്നതാണ്.
3. ജില്ലയിലെ മാനവ വിഭവശേഷി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുവാനും വ്യവസായ സേവന രംഗത്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാനും ഉതകുന്ന രീതിയിൽ ഒരു ലേബർ ബാങ്ക് ജില്ലാ ഭരണ കൂടത്തിന്റെയോ/ജില്ലാ പഞ്ചായത്തിന്റെയോ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്.
4. അസംസ്കൃത വസ്തുവായ റബ്ബറിന്റെ ലഭ്യത കൂടുതലുള്ള ജില്ലയിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കിനുള്ള സാദ്ധ്യത ഏറെയാണ്. കോന്നി/റാന്നി നിയമസഭാ മണ്ഡലത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്താവുന്നതും റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ സംരംഭങ്ങൾ ആരംഭിക്കാവുന്നതും ആണ്.
5. ബേക്കറി ഉൽപ്പന്നങ്ങളുടെയും സംരംഭങ്ങളുടേയും വളരെ നല്ല ശൃംഖല ജില്ലയിൽ ഉണ്ട്. ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്ന ഒരു സ്ഥാപനം ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പരിസ്ഥിതി മലിനീകരണം കുറവുള്ള സൂക്ഷ്മ സംരംഭങ്ങൾക്കായി (വൈറ്റ്, ഗ്രീൻ കാറ്റഗറി) പഞ്ചായത്ത് അടിസ്ഥാനത്തിൽ 1 ഏക്കറിൽ കുറയാത്ത സ്ഥലത്ത് നാനോ എസ്റ്റേറ്റുകളും, ബഹുനില വ്യവസായ സമുച്ചയവും, പൊതുസേവനകേന്ദ്രവും പരിഗണിക്കേണ്ടതാണ്.
2. ഗ്രമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഗ്രൂപ്പ് സംരംഭങ്ങൾക്ക് ഉപരിയായി വ്യക്തിഗത സംരംഭകർക്കും പ്രോൽസാഹന ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
3. ശബരിമല തീർത്ഥാടകരിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് അനുബന്ധ പാഴ് വസ്തുക്കൾ റീസൈക്കിൾ ചെയ്യുവാനായി റാന്നി മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. പ്ലാസ്റ്റിക് അനുബന്ധ പാഴ് വസ്തുക്കൾ സംഭരിക്കുവാകനും റീസൈക്കിൾ ചെയ്യുവാനും സ്വയം സഹായ സംരംഭങ്ങളെ ശക്തിപ്പെടുത്താവുന്നതാണ്.
4. ശബരിമല തീർത്ഥാടകരുടെ ആവശ്യങ്ങൾ പരിഗണിച്ച്പ്രത്യേക ഉല്പന്നങ്ങളുടെ ചെറുകിട ഉൽപാദന സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. (തുണി, സഞ്ചി, അഗർബത്തി, കർപ്പൂരം, മാല, പൂജാസാമഗ്രികൾ)
5. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് റീസൈക്കിൾ ചെയ്യാവുന്ന സ്ഥാപനങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണ്.
6. ജില്ലയിലെ കോഴിയിറച്ചി ഉപയോഗം വളരെ കൂടുതൽ ആണ്. ആയതിനാൽ കോഴിയുടെ മാലിന്യം പലവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ഹേതുവാകുന്നു. ഇവ ശാസ്ത്രീയമായി ശേഖരിച്ച്

ജൈവവള നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപനം തുടങ്ങാവുന്നതാണ്.

7. ജില്ലയിലെ മാംസ ഉപഭോഗം കൂടുതലായതിൽ തൻമൂലമുള്ള മാലിന്യവും കൂടുതലായത് പലവിധ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ശാസ്ത്രീയമായ മാംസ സംസ്ക്കരണ സംരംഭങ്ങൾ വഴി ഇതിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതുമാണ്.
8. ജില്ലയിലെ അപ്പർ കുട്ടനാട് മേഖലയിലും, ഇരവിപേരൂർ, ആറന്മുള മേഖലയിലും നെൽകൃഷി വ്യാപകമായി വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ആയ അരി, തവിട്, ജൈവവളം, റൈസ് ബ്രാൻഡ് ഓയിൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.
9. ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അനുബന്ധ വ്യവസായങ്ങളായ ജൈവവളം, ജൈവകീടനാശിനി ഉത്പന്ന സംരംഭങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
10. ചക്ക ഉൽപാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് പത്തനംതിട്ട ജില്ല. എന്നാൽ ചക്കയുടെ മൂല്യവർദ്ധിത ഉൽപാദന സംരംഭങ്ങൾ കുറവാണ്. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകവഴി തൊഴിൽ അവസരങ്ങൾ കൂടുവാൻ കഴിയും. ചക്ക ഉൾപ്പെടുന്ന പഴം, പച്ചക്കറി സംസ്ക്കരണത്തിനായി പ്രത്യേക വ്യവസായ മേഖല രൂപപ്പെടുത്താവുന്നതാണ്.
11. സംരംഭകത്വ വികസനത്തിൽ പത്തനംതിട്ട ജില്ലയെ മുൻപന്തിയിൽ എത്തിക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്തിലും ഒരു ലോക്കൽ ഏരിയ ഇൻവെസ്റ്റേഴ്സ് മീറ്റ് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തുകയും തുടർന്ന് ജില്ലാതലത്തിൽ 2 ദിവസം നീണ്ടുനിൽക്കുന്ന വിശദമായ സംരംഭക നിക്ഷേപസംഗമം നടത്തി കൂടുതൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ വ്യവസായ സേവന മേഖലയിലേക്ക് ആകർഷിക്കുവാനും കഴിയും.
12. ജില്ലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് യഥാർത്ഥ ഉപഭോക്താവിനെ കണ്ടെത്തുവാനും ഉത്പന്നങ്ങൾ ശാസ്ത്രീയമായി നേരിട്ട് എത്തിക്കുവാനും ഉതകുന്നരീതിയിൽ ഒരു ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ആരംഭിക്കാവുന്നതും അതുവഴി ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉത്പന്നങ്ങൾക്ക് ആവശ്യമായ പ്രചാരണവും വിപണനവും നേടിയെടുക്കുവാനും സാധിക്കും.
13. യുവജനങ്ങളിലും പ്രവാസികളിലും വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനവും, അവബോധവും സൃഷ്ടിക്കേണ്ടത് ആവശ്യമാണ്.
14. വ്യവസായ സംരംഭങ്ങളുടെ വിവിധ ലൈസൻസ്, അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നതിന് നടപടിക്രമം ലഘൂകരിക്കുക.
15. ജില്ലാ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ആഭിമുഖ്യത്തിൽ ഒരു ഇന്റർ മിക്സ് (Inter Mix) യൂണിറ്റ് റബ്ബർ വ്യവസായ പാർക്കിൽ ആരംഭിക്കാവുന്നതും ചെറുകിട സംരംഭകർക്ക് ആവശ്യമായ റബ്ബർ കോമ്പൗണ്ട് ഉണ്ടാക്കി നൽകാവുന്നതും ആണ്. അതുവഴി ഉല്പാദന ചെലവ് വളരെയധികം കുറയ്ക്കുവാൻ കഴിയും.
16. ജില്ലയിൽ പരിശുദ്ധമായ ജലം വളരെയധികം ലഭിക്കുന്നുണ്ട് ഇവയെല്ലാം തന്നെ മഴക്കാലത്ത് സംഭരിക്കപ്പെടാത്ത രീതിയിൽ നഷ്ടപ്പെട്ടുപോവുന്നു. തീർത്ഥാടന ജില്ലയിൽ കുടിവെള്ളം വളരെയധികം ആവശ്യമായിവരുന്നു. ഇപ്പോൾ നിലവിൽ കുടിവെള്ള ഉൽപാദന സംരംഭങ്ങൾ ഉണ്ടെങ്കിലും കൂടുതൽ സംരംഭങ്ങൾ ജില്ലാ പഞ്ചായത്തിന്റെയോ, ജനപങ്കാളിത്തത്തോടെയോ ആരംഭിക്കാവുന്നതാണ്.
17. ജില്ലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് യഥാർത്ഥ ഉപഭോക്താവിനെ കണ്ടെത്തുവാനും ഉത്പന്നങ്ങൾ ശാസ്ത്രീയമായി നേരിട്ട് എത്തിക്കുവാനും ഉതകുന്നരീതിയിൽ ഒരു ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ആരംഭിക്കാവുന്നതും അതുവഴി ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉത്പന്നങ്ങൾക്ക് ആവശ്യമായ പ്രചാരണവും വിപണനവും നേടിയെടുക്കുവാനും സാധിക്കും.
18. ജില്ലയുടെ വനം അതിർത്തിമേഖലയിൽ തേനീച്ച വളർത്തലിനും തേൻ ഉല്പാദനത്തിനും വളരെയധികം സാദ്ധ്യതയുണ്ട്. തൊഴിൽ അവസരങ്ങൾ കൂടുതൽ സൃഷ്ഠിക്കപ്പെടുന്ന ഈ സംരംഭങ്ങൾ സ്വയം തൊഴിൽ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.
19. ജില്ലയിലെ അപ്പർ കുട്ടനാടും പന്തളം മേഖലയിലും കരിമ്പ് കൃഷി വ്യാപകമാക്കാവുന്നതും അവയുടെ മൂല്യവർദ്ധിത നിർമ്മാണ സ്ഥാപനങ്ങൾ സ്വയം സഹായ സംഘങ്ങൾ വഴി തുടങ്ങാവുന്നതാണ്.

20. വിനോദ സഞ്ചാരികൾക്ക് ആവശ്യമായ കരകൗശല പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെയും ഭക്ഷ്യ ഉത്പന്നങ്ങളുടെയും നിർമ്മാണ വിതരണ ശൃംഖല വിനോദ സഞ്ചാര കേന്ദ്രങ്ങളോടനുബന്ധിച്ച് ആരംഭിക്കാവുന്നതാണ്.
21. കളിപ്പാട്ട നിർമ്മാണ സ്ഥാപനങ്ങൾ ജില്ലയിൽ വളരെ കുറവാണ്. കളിപ്പാട്ടനിർമ്മാണ സ്ഥാപനങ്ങൾ തുടങ്ങുന്നത് കായിക മേഖലയ്ക്ക് ഉണർവേകും.

സംയോജിത നിർദ്ദേശങ്ങൾ

1. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഗ്രൂപ്പ് സംരംഭങ്ങൾക്ക് ഉപരിയായി വ്യക്തിഗത സംരംഭകർക്കും പ്രോൽസാഹന ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
2. ജില്ലയിലെ കോഴിയിറച്ചി ഉപയോഗം വളരെ കൂടുതൽ ആണ്. ആയതിനാൽ കോഴിയുടെ മാലിന്യം പലവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ഹേതുവാകുന്നു. ഇവ ശാസ്ത്രീയമായി ശേഖരിച്ച് ജൈവവള നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപനം തുടങ്ങാവുന്നതാണ്.
3. ജില്ലയിലെ മാംസ ഉപഭോഗം കൂടുതലായതിൽ തൻമൂലമുള്ള മാലിന്യവും കൂടുതൽ ആണ്. ഇവയും പലവിധ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ശാസ്ത്രീയമായ മാംസ സംസ്ക്കരണ സംരംഭങ്ങൾ വഴി ഇതിന് ഒരു പരിധിവരെ പരിഹാരം കാണാവുന്നതുമാണ്.
4. ജില്ലയിലെ അപ്പർ കുട്ടനാട് മേഖലയിലും, ഇരവിപേരൂർ, ആറന്മുള മേഖലയിലും നെൽകൃഷി വ്യാപകമായി വരുന്നുണ്ട്. ഇതിനോടനുബന്ധിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ആയ അരി, തവിട്, ജൈവവളം, റൈസ് ബ്രാൻ ഓയിൽ തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്.
5. ചക്ക ഉൽപാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് പത്തനംതിട്ട ജില്ല. എന്നാൽ ചക്കയുടെ മൂല്യവർദ്ധിത ഉൽപാദന സംരംഭങ്ങൾ കുറവാണ്. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകവഴി തൊഴിൽ അവസരങ്ങൾ കൂടുവാൻ കഴിയും. ചക്ക ഉൾപ്പെടുന്ന പഴം, പച്ചക്കറി സംസ്ക്കരണത്തിനായി പ്രത്യേക വ്യവസായ മേഖല രൂപപ്പെടുത്താവുന്നതാണ്.
6. ജില്ലാ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ആഭിമുഖ്യത്തിൽ ഒരു ഇന്റർ മിക്സ് (Inter Mix) യൂണിറ്റ് റബ്ബർ വ്യവസായ പാർക്കിൽ ആരംഭിക്കാവുന്നതും ചെറുകിട സംരംഭകർക്ക് ആവശ്യമായ റബ്ബർ കോമ്പൗണ്ട് ഉണ്ടാക്കി നൽകാവുന്നതും ആണ്. അതുവഴി ഉല്പാദന ചിലവ് വളരെയധികം കുറയ്ക്കുവാൻ കഴിയും.
7. ജില്ലയിലെ വ്യവസായ വികസന പ്രദേശങ്ങളായ കുന്നന്താനം, ഇളമണ്ണൂർ എന്നീ വ്യവസായ പ്ലോട്ടുകളിലും, പാർക്കുകളിലും പ്രത്യേക വൈദ്യുതി സബ്സ്റ്റേഷൻ അഥവാ ഡെഡിക്കേറ്റഡ് ലൈൻ ആരംഭിക്കുക.

6. ആരോഗ്യം, കുടിവെള്ളം, ശുചിത്വം

വികസന പരിപ്രേക്ഷ്യം

ആരോഗ്യകരമായ ജീവിതത്തിന് ജീവിത ശൈലിയിൽ മാറ്റം വരുത്തേണ്ടതും പോഷകാഹാരം, ശുചിത്വം, ശുദ്ധജലം, ശുദ്ധവായു ഇവ ഉറപ്പു വരുത്തേണ്ടതും ആവശ്യമാണ്. വിവിധ വകുപ്പുകൾ മുഖേന പ്രാഥമികമായി രോഗം വരാതെ സൂക്ഷിക്കുക എന്ന അടിസ്ഥാന തത്വത്തിലൂന്നി Health Promotion Activities നടപ്പിലാക്കിയാൽ വരും വർഷങ്ങളിൽ പകർച്ചവ്യാധികളെയും ജീവിത ശൈലീ രോഗങ്ങളേയും പ്രതിരോധിക്കാൻ കഴിയും

മേൽത്തട്ട് നിർദ്ദേശങ്ങൾ (ആരോഗ്യം)

1. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നിന്റെ ലഭ്യത എപ്പോഴും ഉറപ്പാക്കുക.
2. ഫാസ്റ്റ് ഫുഡ് ടാക്സ് വർദ്ധിപ്പിക്കുക. ബേക്കറി ഫുഡ്, തട്ടുകടകൾ/ഫാസ്റ്റ് ഫുഡ് കടകൾ പെരുകുന്നത് നിയന്ത്രിക്കാൻ നിയമ നിർമ്മാണം കൊണ്ടുവരിക.
3. ജില്ലാതലത്തിൽ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം വിപുലീകരിക്കുക.
4. ജില്ലാതലത്തിൽ ലബോറട്ടറി ടെക്നീഷ്യൻമാർക്കുള്ള ഒരു ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ട് സ്ഥാപിക്കുക.

5. ആദിവാസി മേഖലകളിൽ മൊബൈൽ മെഡിക്കൽ സൗകര്യം, മൊബൈൽലാബ് സൗകര്യം ഇവ തുടങ്ങുക.
6. ഹോമിയോ വകുപ്പിന് ജില്ലാതലത്തിൽ ഒരു പീഡിയാട്രിക്ക് ഹോസ്പിറ്റൽ ആരംഭിക്കുക.
7. ട്രാൻസ് ജെന്റേഴ്സിന് തൊഴിൽ പരിശീലന പദ്ധതികൾ ജില്ലാതലത്തിൽ നടപ്പിലാക്കുക.
8. ശബരിമലയ്ക്കായി ശാസ്ത്രീയ സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം
9. പമ്പ പദ്ധതിയുടേയും കല്ലട പദ്ധതിയുടേയും കനാലുകൾ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തുക
10. പദയാത്ര മേഖലകൾ ഗ്രീൻ പ്രോട്ടോകോൾ സോൺ പ്രഖ്യാപനം
11. കാറ്ററിംഗ് യൂണിറ്റുകൾക്ക് ലൈസൻസ് നിർബന്ധമാക്കുക. മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ (ആരോഗ്യം)

1. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം, താമസസൗകര്യം, ആരോഗ്യ ശീലങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള ജില്ലാതല പദ്ധതികൾ അഭികാമ്യമാണ്.
2. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വയോജനകൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കണം.
3. എച്ച്.ഐ.വി, എയ്ഡ്സ് അവബോധം വർദ്ധിപ്പിക്കുക..
4. ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ഒരുക്കുന്ന പ്രോജക്ടുകളിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുക
5. ജില്ലാതലത്തിൽ പാലിയേറ്റീവ് പരിചരണ ചികിത്സാ രംഗത്ത് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം കൂടുതൽ വ്യാപിപ്പിക്കുക.
6. ലൈംഗിക പീഡനത്തിന് ഇരയായ 18 വയസ്സിന് താഴെയുള്ളവരുടെ പരിരക്ഷ ഉറപ്പുവരുത്തുക.
7. സുരക്ഷിതത്വവും ശുചിത്വവും ഉള്ള ശൗചാലയങ്ങൾ സ്കൂളുകളിലും, മറ്റ് പൊതുസ്ഥലങ്ങളിലും മറ്റു സ്ഥാപനങ്ങളിലും നടപ്പിലാക്കുക ജില്ലാ തലത്തിൽ പകർച്ചവ്യാധി പ്രതിരോധം നടത്തുക.
8. ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ അലോപ്പതി, ആയൂർവ്വേദം, ഹോമിയോ ഇവയുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുക
9. പഞ്ചായത്ത് തലത്തിൽ കാലേ കൂട്ടിയുള്ള രോഗ നിർണ്ണയത്തിന്റെ ഭാഗമായി ക്യാൻസർ ക്യാമ്പുകൾ സംഘടിപ്പിക്കുക.
10. മഴവെള്ളക്കൊയ്ത്ത് (Rain water harvesting) പദ്ധതികൾ എല്ലാ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുക.

സംയോജന പ്രോജക്ടുകൾ

1) തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങളിൽ മാതൃക പച്ചക്കറിത്തോട്ടം കൃഷിവകുപ്പിന്റെയും, കുടുംബശ്രീയുടേയും സഹായത്തോടെ ചെയ്യുക.
2) ശാസ്ത്രിയമായി മാലിന്യം സംസ്ക്കരിക്കുന്നതിന് കുടുംബാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക്ക് ഷ്റെഡ്ഡിംഗ് യൂണിറ്റ് ഇവ സ്ഥാപിച്ച് പഞ്ചായത്ത് മാലിന്യമുക്തമാക്കുക. ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, എൽ.എസ്.ജി.ഡി. എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ (കുടിവെള്ളം)

1. ജില്ലയിലെ പ്രധാന നദികളിൽകൂടി വെള്ളം പാഴായിപ്പോകുന്നത് ഒഴിവാക്കാനും ഭൂജല വിതാനം ഉയർത്തുന്നതിനും ജല വിഭവ വകുപ്പിന്റെ ചുമതലയിൽ വിദഗ്ധ പരിശോധനകളുടെ അടിസ്ഥാനത്തിൽ തടയിണകൾ നിർമ്മിക്കുക.
2. നദികളുടെ ഉത്ഭവ സ്ഥാനത്ത് നീർത്തടാധിഷ്ഠിത കാഴ്ച്ചപ്പാടോടെ ജല ലഭ്യത വർദ്ധിപ്പിക്കാനുള്ള പ്രവർത്തികൾ ആസൂത്രണം ചെയ്യണം

3. ജില്ലയിൽ കൂടി കടന്നു പോകുന്ന പ്രധാനപ്പെട്ട ജല സേചന പദ്ധതിയായ കെ.ഐ.പി, പി.ഐ.പി കനാലുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നിർവഹിക്കുകയും വരൾച്ച കാലത്ത് പ്രസ്തുത കനാലിൽ കൂടിയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
4. വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കായി വ്യാപകമായി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് നിയമം നിർമ്മിക്കുക.
5. ജല അതോറിറ്റി, ജല സേചന വകുപ്പ്, ഭൂജല വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പദ്ധതികൾ വിഭാവനം ചെയ്യുപ്പോൾ പരസ്പരം കൂടിയാലോചന നടത്തി ആസൂത്രണം ചെയ്യുക.
6. പമ്പ നദിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മാലിന്യ വിമുക്തമാക്കുന്നതിനും വേണ്ടി നാഷണൽ റിവർ കൺസർവേഷൻ പ്ലാനിൽ(N.R.C.P) ഉൾപ്പെടുത്തി തുടക്കം കുറിച്ച പമ്പാ ആക്ഷൻ പ്ലാൻ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുക.
7. റോഡു വികസനം നടത്തുമ്പോൾ ആവശ്യ സർവ്വീസുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ (KWA, BSNL) ഏർപ്പെടുത്തുക.
8. നദി തീരങ്ങളുടെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുക. അതിർത്തി സംബന്ധിച്ച രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുക.
9. എല്ലാ സർക്കാർ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ പതിയ്ക്കുന്ന മഴവെള്ളം ശേഖരിച്ച് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുക.
10. ജലസാക്ഷരത, ജല ദുരുപയോഗം, ജല മലിനീകരണം, ജല സംരക്ഷണം എന്നിവ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
11. പ്രവർത്തന രഹിതമായ പൊതു കുഴൽ കിണറുകൾ റീച്ചാർജ്ജ് ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
12. തോടുകളിലും നദികളിലും തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

I. ബോധവത്കരണം

1. ജല സാക്ഷരത, ജല ദുരുപയോഗം, ജലമലിനീകരണം എന്നിവയെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവത്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആരംഭിക്കുക.
2. ജലമലിനീകരണം, ജല ദുരുപയോഗം എന്നിവ തടയുന്നതിന് പഞ്ചായത്ത്/വാർഡു തലത്തിൽ ജാഗ്രത സമിതികൾ രൂപീകരിക്കുക.
3. മഴവെള്ളം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ എല്ലാ വീടുകളിലും കിണർ റീ ചാർജ്ജിംഗ് നിർബന്ധമാക്കുക.
4. ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും, തോടുകളുടെ സംരക്ഷണം ഉറപ്പു വരുത്തി നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തികൾ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കുക.
5. ഉപയോഗ ശൂന്യമായ കുഴൽ കിണറുകളിൽ റീചാർജ്ജിംഗ് ചെയ്യുക.
6. പ്രധാനപ്പെട്ട പട്ടണങ്ങളിൽ നിന്നും, ജംഗ്ഷനുകളിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യം ജല സ്രോതസ്സുകളിൽ കലരാതിരിക്കാൻ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിക്കുക
7. കാവുകൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുക.
8. മഴക്കുഴികൾ നിർമ്മിക്കുകയും, മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക.
9. കയ്യേറ്റങ്ങൾ ഒഴിവാക്കി നദീതീരങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ചും, കൈത, രാമച്ചം തുടങ്ങിയ ജൈവ സസ്യങ്ങൾ വച്ചു പിടിപ്പിച്ചു സംരക്ഷിക്കാൻ പദ്ധതികൾ വിഭാവനം ചെയ്യുക.
10. കാലപ്പഴക്കം ചെന്ന ഫിൽറ്റർ ഗ്യാലറി പുനരുദ്ധരിച്ചും കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ചും നിരന്തരം കേടാവുന്ന ആസ്ബറ്റോസ് സിമന്റ് പൈപ്പുകൾ പൂർണ്ണമായും മാറ്റി പകരം പി.വി.സി./ഡി.ഐ. പൈപ്പുകൾ സ്ഥാപിച്ചും കൂടുതൽ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കുക.

11. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ അറ്റകുറ്റ പണികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ജല ചോർച്ച പരമാവധി കുറയ്ക്കുന്നതിനുമായി ബ്ലുബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തുക.
12. ജില്ലയിൽ ശുദ്ധജലം ആവിശ്യമായ സ്ഥലങ്ങളിൽ വിവിധ കുടിവെള്ള പദ്ധതി കൾ കൊണ്ടുവരുകയും എല്ലായിടത്തും ജല ശുദ്ധീകരണ ശാലകൾ കൊണ്ടുവരുകയും ചെയ്യുക.
സ്റ്റേറ്റ് ഫണ്ട്, കിഫ്ബി, നബാർഡ് സഹായത്തോടെയൊ ത്രിതല പഞ്ചായത്തുകളുടെ പ്ലാനുകൾ പ്രകാരമോ പദ്ധതി നിർദ്ദേശങ്ങൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കുക.

സംയോജിത പദ്ധതികളുടെ സാദ്ധ്യത

1. ജല സ്രോതസ്സുകളുടെ വിപുലീകരണത്തിനും സംരക്ഷണത്തിനും ജല അതോറിറ്റി, ജല സേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും സംയുക്ത പ്രോജക്ടുകൾ സാദ്ധ്യമാണ്.
2. വനമേഖലയിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കോളനികളിലും മറ്റ് ജല വാസകേന്ദ്രങ്ങൾക്കു ബൃഹത്ത് കുടിവെള്ള പദ്ധതികൾ ഗുണകരമല്ല. വൈദ്യുതി പോലും കടന്ന് ചെല്ലാത്ത പ്രദേശങ്ങളിൽ ഭൂജല വകുപ്പ്, ത്രിതല പഞ്ചായത്തുകൾ, പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവയുടെ സംയുക്ത പദ്ധതികളായി ശരാശരി 5000 – 10000 ലിറ്റർ ശേഷിയുള്ള കുഴൽ കിണർ നിർമ്മിച്ച് സോളാർ പമ്പ് സെറ്റ് ഉപയോഗിച്ച് മൈക്രോ ജല വിതരണ പദ്ധതികൾ ആവിഷ്കരിക്കാം
3. മണ്ണ് സംരക്ഷണ വകുപ്പും, കൃഷിവകുപ്പും, തദ്ദേശസ്വയം ഭരണ വകുപ്പും സംയുക്തമായി ജലസംരക്ഷണ പ്രോജക്ടുകൾ ആസൂത്രണം ചെയ്യാം.

നിർദ്ദേശങ്ങൾ(ശുചിത്വം)

1. പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും നിയമലംഘകരെ കണ്ടെത്തുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാവുന്നതാണ്.
2. പൊതു–സ്വകാര്യ ഇടങ്ങളിൽ നിന്നും ഇ–വേസ്റ്റ് പോലെയുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ സംഭരിക്കുന്നതിൽ ക്ലീൻ കേരള കമ്പനിയുമായോ മറ്റ് ഏജൻസികളുമായോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കരാറിൽ ഏർപ്പെടേണ്ടതാണ്.
3. ജില്ലയിൽ വ്യാപകമായി കാണുന്ന തട്ടുകടകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവർ സൃഷ്ടിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
4. ജില്ലയിൽ കേന്ദ്രീകൃത സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റും സൂപ്പർ റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.
5. ജില്ലയിലെ എല്ലാ കിണറുകളിലേയും ജലസ്രോതസ്സുകളിലേയും ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ശുദ്ധി ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ ഉണ്ടാകേണ്ടതാണ്.
6. ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ശുചിത്വ അവബോധം സൃഷ്ടിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് വകുപ്പ്, ശുചിത്വമിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വിവര വിജ്ഞാന പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്.
7. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം ഉപയോഗിക്കാവുന്ന ബദൽ സംവിധാനങ്ങൾ ജനങ്ങളെ ശീലിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതായുണ്ട്.
8. പ്രകൃതി സൗഹൃദ ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ (ഉദാ: കരിമ്പിൻ ചണ്ടിയിൽ നിന്ന് പ്ലേറ്റ് നിർമ്മാണം) തദ്ദേശസ്ഥാപനതലത്തിൽ ആരംഭിക്കാവുന്നതാണ്.
9. ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് നൽകുമ്പോൾ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. ശബരിമല ഉൾപ്പെടെയുള്ള തീർത്ഥാടനമേഖലയിൽ വായു മലിനീകരണം കുറക്കുന്നതിന് കാർബൺ ന്യൂട്രൽ പിൽഗ്രിമേജ് (CNP) എന്ന ആശയം നടപ്പിലാക്കണം.

7. പാർപ്പിടം, സാമൂഹ്യക്ഷേമം, സമൂഹ്യ സുരക്ഷിതത്വം

പരിപ്രേക്ഷ്യം

2017–18 മുതൽ 2022 വരെയുള്ള അഞ്ചു വർഷം കൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് പത്തനംതിട്ട ജില്ല ലക്ഷ്യമിടുന്നു. ജില്ലയിൽ ഏകദേശം 25,161 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കേണ്ടിവരും. 2017–18ൽ ആകെ 4609 വീടുകളാണ് പണി പൂർത്തിയാക്കേണ്ടത്. ഇതിൽ 2016 മാർച്ച് 31 വരെ കരാർ വയ്ക്കുകയും നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ 1636 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി വീടുകളുടെ പണി പൂർത്തിയാക്കുവാൻ ആവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങൾ ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടന്നുവരുന്നു. ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ നിരക്കായ 4 ലക്ഷം എന്ന യൂണിറ്റ് കോസ്റ്റിൽ ആനുപാതികമായി തുക കണ്ടെത്തുന്നതിനായി ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും നടപടി സ്വീകരിച്ച് വരികയാണ്. തുകയുടെ സമാഹരണം നടന്നു കൊണ്ടിരിക്കുന്നു.

ലൈഫ് മിഷൻ, പി.എം.എ.വൈ പദ്ധതികൾ സമൂഹത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗങ്ങൾക്ക് കേവലം വീടുകൾ നൽകുന്ന പദ്ധതി എന്നതിൽനിന്നുമാറി ഭൂരഹിത–ഭവനരഹിതരുടെ പുനരധിവാസത്തിന് ഒരു മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര പദ്ധതികൾക്ക് പുറമെ പതിമൂന്നാം പദ്ധതിയിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരും വർഷങ്ങളിൽ ഭവനനിർമ്മാണ മേഖലയ്ക്ക് പ്രഥമസ്ഥാനം നൽകി പദ്ധതി വിഹിതത്തിൽ നല്ലൊരു തുക വകയിരുത്തി ജില്ലയുടെ ദുർബല ജനവിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

മേൽത്തട്ട് നിർദേശങ്ങൾ

1. ഭവന നിർമ്മാണത്തിന് തെരഞ്ഞെടുക്കുവാൻ അനുയോജ്യമായി നിശ്ചിത വിസ്തൃതിയിലുള്ളതും ഭൂപ്രദേശങ്ങൾക്ക് അനുസരിച്ചും പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കുന്നതുമായ വ്യത്യസ്ത രൂപ മാതൃകകൾ ലഭ്യമാക്കണം.
2. നിർമ്മാണ ചെലവ് കുറക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും പ്രാപ്തമായ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ സജ്ജമാക്കണം.
3. തെരഞ്ഞെടുക്കുന്ന മാതൃക പ്രകാരം വീട് നിർമ്മിക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ കേന്ദ്രീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടെത്തണം.
4. വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു. ഇതിനെ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട നിർദേശങ്ങൾ ഉണ്ടാകണം. പല വകുപ്പിൽ നിന്നും തുക കൈപ്പറ്റുന്ന പ്രവണത കുറയ്ക്കാൻ ഇത് സഹായമാകും.
5. പാർപ്പിട മേഖലയിലെ രൂക്ഷമായ പ്രശ്നം ഭൂലഭ്യത കുറവാണ്. സംസ്ഥാനത്ത് വ്യാപിച്ചു കിടക്കുന്ന മിച്ചഭൂമി. പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനും ഇവ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും ഉള്ള നിയമ നടപടികൾ സ്വീകരിക്കണം.
6. ഗുണഭോക്താവിന് 70000/– രൂപ ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ (ഡിആർഐ) ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് വേണ്ട ചർച്ചകൾ എസ്.എൽ.ബി.സി, ഡിഎൽഹിസി, ബിഎൽബിസി തലങ്ങളിൽ നടത്തേണ്ടതാണ്.
8. ഭവനനിർമ്മാണത്തിന് അധികമായി വേണ്ടിവരുന്ന തുക സന്നദ്ധ പ്രവർത്തങ്ങളിലൂടെ കണ്ടെത്തുന്നതിനും ഗ്രാമപഞ്ചായത്ത്–നഗരസഭ തലത്തിൽ ഭവനനിധി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകണം.
9. അർഹരായ എല്ലാവർക്കും വീട് നൽകുന്നതിന് ലൈഫ് മിഷൻ പദ്ധതികൾ കൂടുതൽ തുക വകയിരുത്തണം
10. നിർമാണ സാമഗ്രികൾ ഉദ്പാദിപ്പിക്കുന്നതിന് കുടുംബശ്രീ സംരഭകർക്ക് പരിശീലനം നൽകണം – അതിന് നിർമിതി കേന്ദ്രത്തിന്റെ സഹായം തേടാവുന്നതാണ്
11. ഭവന സമുച്ചയങ്ങൾ പ്രവർത്തന ക്ഷമമാകുമ്പോൾ അന്തേവാസികൾ സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ മുൻകൈ എടുക്കേണ്ടതും ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

12. പൂർത്തിയായ ഭവനത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം.
13. വീട് മാത്രം നൽകുന്നത് കൊണ്ട് അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നു മാത്രമേ നിറവേറ്റാൻ സാധിക്കുന്നുള്ളു., എന്നാൽ വിവിധ ഏജൻസികളെ സംയോജിപ്പിച്ച് കൊണ്ട് പശ്ചാത്തല സൗകര്യങ്ങളും ജീവനോപാദികളും നൽകണം, എങ്കിൽ മാത്രമേ അവരെ ദാര്യദ്രത്തിൽ നിന്നും വിമുക്തരാക്കുവാൻ സാധിക്കുകയുള്ളു. ഇതിന്റെ പ്രവർത്തനം പി.എം.എ.വൈ(ജി)യിൽ ആരംഭിച്ചിട്ടുണ്ട്.

14. സർക്കാർ പദ്ധതിയിൽ ഫ്ളാറ്റ് സമുച്ചയം എന്ന പദ്ധതി നടപ്പാക്കുക. അങ്ങനെയാങ്കെിൽ ആ കുടുംബത്തിലെ ഒരു ഗുണഭോക്താവിന് കൂടി ഭാവിയിൽ വീട് അനുവദിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള സർക്കാരിന്റെ ബാധ്യത കുറയ്ക്കുന്നതിനും വീടിന്റെ നിർമ്മാണ ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായമാകും
15. ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ (ഡിആർഐ) ഗുണഭോക്താവിന് 70,000/- രൂപ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് വേണ്ട ചർച്ചകൾ എസ്എൽബിസി, ഡിഎൽബിസി, ബിഎൽബിസി തലങ്ങളിൽ നടത്തേണ്ടതാണ്.
16. തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളിൽ ഇന്നും ഇരട്ട വീടുകളായിതന്നെ നിലനിൽക്കുന്ന എല്ലാ വീടുകളും ഒറ്റ വീടാക്കി മാറ്റി പണിയുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

17. ചെലവ് കുറഞ്ഞതും പ്രകൃതി സൗഹൃദവുമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഭവന നിർമാണത്തിന് ഊന്നൽ നൽകണം.
18. ഭവനരഹിതരായ മുഴുവൻ ദുർബല ജനവിഭാഗങ്ങൾക്കും പാർപ്പിടം നിർമ്മിച്ചു നൽകുന്നതിന് ബോധപൂർവ്വമായ ഇടപെടൽ ജില്ലയിൽ നടത്തുക.

19. ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കാൻ കഴിയുന്ന നടപടികൾ സ്വീകരിക്കുക.

20. സ്വയം സഹായസംഘങ്ങൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർക്ക് നിർമാണ മേഖലയിൽ വ്യാപകമായ പരിശീലനം നൽകുക.

21. ഭവനരഹിതർക്ക് അനുവദിക്കുന്ന വീടുകൾ അതാതു വർഷത്തിലും നിശ്ചിത വിസ്തീർണ്ണത്തിലും തന്നെ പണി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു പേപ്പർ സമിതി അല്ലാത്ത ഒരു കമ്മിറ്റി ഗ്രാമപഞ്ചായത്ത്-നഗരസഭ വാർഡടിസ്ഥാനത്തിൽ ഉണ്ടാകണം. ഒരു സാങ്കേതിക വിദഗ്ദ്ധൻ ഇതിൽ അംഗമായിരിക്കുകയും വേണം.
22. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ ഇന്നും ഇരട്ട വീടുകളായി തന്നെ നില നിൽക്കുന്ന എല്ലാ വീടുകളും ഒറ്റ വീടാക്കി മാറ്റി പണിയുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
23. ഭവന നിർമ്മാണത്തിന് അധികമായി വേണ്ടി വരുന്ന തുക സന്നദ്ധ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്നതിനും ഗ്രാമ പഞ്ചായത്ത്-നഗരസഭ തലത്തിൽ ഭവന നിധി രൂപികരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.
24. പണി പൂർത്തിയാക്കുന്ന എല്ലാ വീടുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തണം.
25. അനുവദിക്കുന്ന വീടുകൾ അതാതു വർഷത്തിലും നിശ്ചിത വിസ്തീർണ്ണത്തിലും തന്നെ പണി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ഒരു പേപ്പർ സമിതി അല്ലാത്ത ഒരു കമ്മറ്റി ഗ്രാമ പഞ്ചായത്ത്-നഗരസഭാ വാർഡ് അടിസ്ഥാനത്തിൽ ഉണ്ടാകണം. ഒരു സാങ്കേതിക വിദഗ്ദ്ധൻ ഇതിൽ അംഗമായിരിക്കുകയും വേണം.

സംയോജന സാധ്യതകൾ

1. ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണ വേളയിൽ 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അധികമായി നൽകാവുന്നതാണ്.
2. ഭവന നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികളായ കട്ട, ജനൽ, കട്ടിള, ജാളി എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് കുടുംബശ്രീ മാതൃകയിലുള്ള യൂണിറ്റുകൾ ബ്ലോക്കടിസ്ഥാനത്തിൽ ഉണ്ടാകണം.

3. വീടിനോട് ചേർന്ന് വ്യക്തിഗത കക്കൂസ് തൊഴിലുറപ്പ് പദ്ധതിയിൽ 12,000/- രൂപാവരെ ചെലവാക്കി നിർമ്മിച്ചു നൽകാവുന്നതാണ്.

4. വീടിനോട് ചേർന്ന് കുടിവെള്ളത്തിനാവശ്യമായ കിണറും കിണർ റീചാർജ്ജിനുള്ള പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു ചെയ്യാവുന്നതാണ്.

5. വീടുകൾക്ക് മാലിന്യ സംസ്കരണത്തിന് ശുചിത്വമിഷനുമായോ, തൊഴിലുറപ്പ് പദ്ധതിയുമായോ ബന്ധപ്പെട്ട വെർമി/നടേപ്പ് കംമ്പോസ്റ്റ് സംവിധാനം ചെയ്തു കൊടുക്കാവുന്നതാണ്.

6. കന്നുകാലി വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ ഉപജീവനമാർഗ്ഗങ്ങളിലേർപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ കാലി തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചുക്കൊടുക്കുവാനും മൃഗസംരക്ഷണവകുപ്പുമായി സംയോജിപ്പിച്ച് ജീവനോപാധികൾ അനുവദിക്കാവുന്നതുമാണ്.

7. കേന്ദ്രസർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതി പ്രകാരം പണി പൂർത്തിയാക്കിയ വീടിന് സൗജന്യ വൈദ്യുതി കണക്ഷനും, പാചക വാതക കണക്ഷനും വീടിന്റെ ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നതാണ്.
8. കേന്ദ്രാവിഷ്കൃത സൗജന്യ പാചക വാതക കണക്ഷൻ വീടിന്റെ ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്നതാണ്
9. മത്സ്യ തൊഴിലാളി മേഖലയിലെ വീടിന്റെ ഗുണഭോക്താക്കളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മത്സ്യ സംസ്ക്കരണത്തിലും,മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ട നൈപുണ്യ പരിശീലനങ്ങൾ കൊടുത്ത് മത്സ്യഫെഡ് മുഖേനയോ വ്യനസായ വകുപ്പ് മുഖേനയോ ഉപജീവന മാർഗ്ഗം ഉറപ്പാക്കാവുന്നതാണ്.

10. സാമൂഹ്യ ക്ഷേമം, സാമൂഹ്യസുരക്ഷിതത്വം

മേൽത്തട്ട് നിർദ്ദേശം

1. പ്രദേശത്തെ, വാർഡിലെ മുഴുവൻ ആളുകളുടെയും ഗ്രാമസഭാ പങ്കാളിത്തം, പ്രത്യേകിച്ചും അവശ വിഭാഗത്തിലുള്ള ജനങ്ങളുടെ കുടുംബാംഗം ഗ്രാമസഭയിൽ എത്തുന്നു എന്ന് ഉറപ്പാക്കുക.
2. ജില്ലാതല ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവരുടെ ഭവന സന്ദർശനം, സേവനം ആവശ്യക്കാരന്റെ അടുത്ത് എത്തിക്കുക. അവർക്കുവേണ്ടി അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായം എത്തിക്കുക. മുൻഗണന പട്ടികയിൽ ഉൾപ്പെടുന്നു എന്നുറപ്പാക്കുക.
3. മാസത്തിൽ വികസന പ്രക്രിയയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഭവന സന്ദർശനം നിർബ്ന്ധമാക്കുക.
4. ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രത്യേക ബോധവൽക്കരണം.
5. അഡോപ്ഷൻ ഫോസ്റ്റർ കെയർ സംവിധാനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകേണ്ടതാണ്
6. മഹിളാമന്ദിരം, വൃദ്ധസദനങ്ങൽ, സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികളെ അവർക്ക് ബന്ധുക്കളും കുടുംബവും ഉള്ള അവരെ സമൂഹത്തിലേക്കും ആ സംവിധാനത്തിലേക്കും repatriation നടത്തേണ്ടതാണ്.
7. അവിവാഹിതരായ സ്ത്രീകളുടെ ക്ഷേമം, സ്വയം പര്യാപ്തത ഇവയൊക്കെ സാധ്യമാക്കേണ്ടതാണ്. 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് പെൻഷൻ തൊഴിൽ എന്നിവയ്ക്ക് മുൻഗണന നൽകാവുന്നതാണ്. അവർക്ക് പാർപ്പിടം, നൽകുന്നതിനും പരിഗണന ആവശ്യമാണ്.

8. ജില്ലയിൽ ഭിക്ഷാടനത്തിന് ഏർപ്പെട്ടിരിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ യാചക മന്ദിരങ്ങൾ ആരംഭിക്കേണ്ടതും അവർക്ക് പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്

11. വിദ്യാഭ്യാസം, സംസ്കാരം

പരിപ്രേക്ഷ്യം

പത്തനംതിട്ടയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും സാമ്പത്തികവും, സാമൂഹ്യവും സാംസ്കാരികവുമായ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ടുള്ള സമഗ്രവും സർവ്വതല സ്പർശിയുമായ വിദ്യാഭ്യാസ പരിപ്രേക്ഷ്യമാണ് മുന്നോട്ടുവെയ്ക്കുന്നത്.

ഭൂമിശാസ്ത്രപരമായി പകുതിയിലധികം വനപ്രദേശമുള്ളതും പമ്പാനദീതട ജലസമൃദ്ധിയാൽ സമ്പന്നവുമായ പത്തനംതിട്ടയുടെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് അനുപൂരകമായിരിക്കണം അക്കാദമിക് പ്രവർത്തനങ്ങൾ. ഏറ്റവും ആഹ്ലാദകരമായ പഠനാനുഭവം വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, രക്ഷിതാക്കൾക്കും ലഭ്യമാകും വിധം വിദ്യാഭ്യാസത്തിന്റെ ഭൗതിക സംവിധാനങ്ങളും സാങ്കേതിക രീതികളും മെച്ചപ്പെടുത്തണം. ഇതിനനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി വികസിപ്പിക്കുകയും അദ്ധ്യാപന മൂല്യനിർണയ സംവിധാനങ്ങൾ ആധുനികവത്കരിക്കുകയും വേണം.

സാക്ഷരതയിലും എസ്.എസ്.എൽ.സി. പരീക്ഷാ വിജയത്തിലും ഉന്നതനിലവാരം പുലർത്താൻ കഴിയുന്നുണ്ടെങ്കിലും ഹയർസെക്കന്ററി വിദ്യാഭ്യാസ രംഗത്തുള്ള മികവ് കുറവ് പ്രത്യേകമായി പരിഗണിക്കപ്പെടണം. ജില്ലയിലെ വിദ്യാഭ്യാസ രംഗത്ത് – സ്കൂൾ, കോളേജ് രംഗങ്ങളിൽ – കച്ചവട സ്ഥാപനങ്ങളുടെ വൻസ്വാധീനം നിലനിൽക്കുന്നു. മതസാമുദായിക സംഘടനകളും വിദ്യാഭ്യാസ വ്യവസായ ശക്തികളും സൃഷ്ടിക്കുന്ന സവിശേഷ അന്തരീക്ഷത്തിൽ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിൽപ്പെട്ടവരുടെ വിദ്യാഭ്യാസാവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന് പത്തനംതിട്ടയിലെ വിദ്യാഭ്യാസരംഗത്തെ സർക്കാർ ഇടപെടൽ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

പൊതുവിദ്യാലയങ്ങൾ ഉപേക്ഷിച്ച് ഇംഗ്ലീഷ് മാധ്യമമായുള്ള കച്ചവട വിദ്യാലയങ്ങളിലേക്ക് കുട്ടികളെയുംകൊണ്ട് രക്ഷിതാക്കൾ പോകുന്ന അവസ്ഥ പത്തനംതിട്ടയിൽ കൂടുതലായുണ്ട്. സാമുഹ്യ–സാമ്പത്തിക വൈരുദ്ധ്യങ്ങളുടെ പ്രതിഫലമാണിത്. പൊതുവിദ്യാലയങ്ങളിലെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് മികവിന്റെ പുതിയ മാനങ്ങൾ കൈവരിച്ചുകൊണ്ട് ഈ അവസ്ഥ തരണം ചെയ്യേണ്ടതായിട്ടുണ്ട്. ഗുണമേന്മയില്ലാത്ത വിദ്യാഭ്യാസം വലിയവില കൊടുത്ത് വാങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരം പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടുമാത്രമേ സാധ്യമാകുകയുള്ളു. ആധുനിക ആഗോള സാഹചര്യത്തിൽ ഇംഗ്ലീഷ് ഭാഷാപ്രയോഗം അനുപേക്ഷണീയമായതിനാൽ എല്ലാ വിദ്യാർത്ഥികൾക്കും ഇംഗ്ലീഷിൽ പ്രാവീണ്യം ലഭിക്കാനുള്ള അവസരം ശാസ്ത്രീയമായി ഒരുക്കണം.

ഇംഗ്ലീഷ് മാധ്യമത്തെ സംബന്ധിച്ച് പൊതുസമൂഹത്തിലും അധ്യാപകരിൽ ചിലരിലും നിലനിൽക്കുന്ന തെറ്റായ ധാരണകൾ തിരുത്തേണ്ടതാണ്. ഇംഗ്ലീഷിലൂടെയുള്ള അധ്യയനവും ഇംഗ്ലീഷ് ഭാഷ സ്വാംശീകരിക്കുന്നതും വ്യത്യസ്തമാണ്. അധ്യയനത്തിന്റെ എല്ലാ ഘട്ടത്തിലും മാതൃഭാഷ മാധ്യമമാക്കി നിലനിർത്തിക്കൊണ്ടുതന്നെ ശരിയായ രീതിയിൽ ഇംഗ്ലീഷ് പഠിപ്പിക്കുകയും ഉപയോഗിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും വേണം. ഇംഗ്ലീഷ് ഭാഷാ പ്രയോഗശേഷി ഓരോ വിദ്യാർത്ഥിക്കും ലഭ്യമാക്കുക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. വ്യക്തിയുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിദ്യാഭ്യാസം സമൂഹത്തിലെ സാമ്പത്തിക ഉത്പാദന പ്രക്രിയയിൽ സഫലമായി ഇടപെടാനും വഴി വെയ്ക്കുന്നതാവണം. ഭാവിയിൽ പത്തനംതിട്ടയുടെ ജീവിതം എങ്ങനെയായിരിക്കണമെന്ന പൊതുകാഴ്ചപ്പാടിനനുസരിച്ച് പ്രീപ്രൈമറി മുതൽ സർവ്വകലാശാസാതലം വരെയുള്ള വിദ്യാഭ്യാസത്തെ, സമഗ്രമായി കണ്ടുകൊണ്ട് വികസനപ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ കഴിയണം. ഗണിതം, ശാസ്ത്രം, മലയാളം, ഇംഗ്ലീഷ് എന്നിവയിലും മാനവിക വിഷയങ്ങളിലും എല്ലാവർക്കും അടിസ്ഥാനപരമായ അറിവുണ്ടാകണം. പ്രാദേശിക സാമ്പത്തിക ഉത്പാദന യത്നങ്ങളിൽ പങ്കാളികളാക്കി യുവജനങ്ങളെ നാട്ടിൽതന്നെ നിലനിർത്തുന്ന അവസ്ഥയുണ്ടാകണം. പ്രവർത്ത്യുന്മുഖ വിദ്യാഭ്യാസത്തിലൂടെ കുട്ടികളെ അറിവിന്റെ അന്വേഷകരും ഉത്പാദകരുമായി മാറ്റണം. സാമൂഹ്യ പ്രതിബദ്ധതയും മാനവിക മൂല്യബോധവും നിറഞ്ഞ മനസുള്ളവരായി ഭാവിതലമുറ വളർന്നുവരുന്നതിന് സഹായകരമാംവിധത്തിൽ വിദ്യാഭ്യാസരംഗത്തുനിന്നും മത്സരം ഒഴിവാക്കുകയും സഹകരണം വളർത്തുകയും വേണം. ജാതിരഹിതവും മതനിരപേക്ഷവുമായ മനോഘടനയിലേക്ക് വളരുന്ന സമൂഹത്തിന്റെ നഴ്സറിയായി നമ്മുടെ വിദ്യാലയങ്ങൾ മാറണം. പരസ്പര സ്നേഹവും ബഹുമാനവും പുലർത്തുന്നവരാകണം നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളുമെ

ന്നതിനാൽ പരസ്പരം ആശയങ്ങളും അഭിപ്രായങ്ങളും കൈമാറ്റം ചെയ്യുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള വേദികളായി വിദ്യാലയങ്ങൾ മാറണം. കലാപരവും കായികപരവുമായ സാംസ്കാരിക പ്രവർത്തനത്തിന്റെ ആസ്വാദ്യകരമായ നേട്ടങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കണം. ആഗോളതാപനം കാലാവസ്ഥാ വ്യതിയാനത്തിലൂടെ അതിജീവനത്തിന്റെ വെല്ലുവിളികളുയർത്തുമ്പോൾ പത്തനംതിട്ടയുടെ സവിശേഷമായ ജൈവവ്യവസ്ഥ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിന് അനുയോജ്യമായ പാരിസ്ഥിതിക സാക്ഷരത പ്രായോഗിക പ്രവർത്തനത്തിലൂടെ ആർജ്ജിക്കാനുള്ള അവസരം മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കലും വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിന്റെ ഭാഗമാകുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പത്തനംതിട്ട ജില്ലയിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും പ്രീ-പ്രൈമറി കോഴ്സുകൾ ഉണ്ടെന്ന് ഉറപ്പാക്കുക. നിലവിൽ അംഗീകാരമില്ലാത്തവയ്ക്ക് അംഗീകാരം നൽകുക. അദ്ധ്യാപികമാർക്ക് ആഴത്തിലുള്ള പരിശീലനം നൽകി മാന്യമായ സേവന-വേതന വ്യവസ്ഥകളോടെ നിയമനം നൽകുക.
2. കലാ-കായിക പഠനങ്ങൾക്ക് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സ്കൂൾ ചാർട്ടർ രൂപീകരിച്ച് റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുക.
3. ജില്ലയിലെ സെലക്ട് ചെയ്ത ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ നാടൻപാട്ടുകൾ, നാടൻകലാരൂപങ്ങൾ, വഞ്ചിപ്പാട്ട്, പടയണി, കോൽക്കളി, കാക്കാരിശ്ശി, പാക്കനാർപാട്ട് എന്നിവ ഓപ്ഷണൽ ആയി പഠിക്കുന്നതിനുള്ള ഔദ്യോഗിക തീരുമാനമുണ്ടാക്കുക. പ്രസിദ്ധരായ നാടൻ കലാകാരന്മാരെയും അക്കാദമിക വിദഗ്ധരെയും പങ്കെടുപ്പിച്ച് ശില്പശാലകൾ നടത്തി, ഇതിന്റെ കരിക്കുലവും സിലബസും തയ്യാറാക്കണം. 2019-20-ാടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഇവ പഠിപ്പിക്കുന്നതിനുള്ള സർക്കാർതല ക്രമീകരണം ഉണ്ടാകണം.
4. ജില്ലയിൽ ഒരു സോഷ്യൽ ആന്റ് നാചറൽ ഹിസ്റ്ററി സെന്റർ സ്ഥാപിക്കുക. ജൈവപരിണാമവും സാമൂഹ്യപരിണാമവും ചരിത്രപരമായി ആവിഷ്ക്കരിക്കുന്ന മോഡലുകളും സാമ്പിളുകളും ഇവിടെ പ്രദർശിപ്പിക്കാൻ കഴിയണം. കൂടാതെ, ചരിത്രപ്രദർശനഗാലറി, ജൈവവൈവിധ്യ പാർക്ക്, സുവോളജിക്കൽ ഗാർഡൻ, ബട്ടർഫ്ളൈപാർക്ക് എന്നിവയും സ്ഥാപിക്കണം.

5. പത്തനംതിട്ടയിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ലൈബ്രറിയും സെമിനാർ സമുച്ചയവും ഉണ്ടാകണം. ജില്ലാപഞ്ചായത്ത്, മുൻസിപ്പൽ കൗൺസിൽ, സംസ്ഥാനഗവൺമെന്റ് സംരംഭമായി റിംഗ്റോഡിന്റെ പാർശ്വത്തിലായി ഈ പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കണം.

6. നിലവിലുള്ള കടമ്മനിട്ട സ്മാരകത്തെ ചരിത്രപരവും സാംസ്കാരികവുമായ പഠനത്തിനുള്ള കടമ്മനിട്ട രാമകൃഷ്ണൻ സ്മാരക സ്ഥാപന Kadammanitta Ramakrishnan Memorial for Historical and Cultural studies മായി വികസിപ്പിക്കണം, എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത് ആന്ത്രോപോളജി, ഫോക്ക് കൾച്ചർ, ഫോക്ക് മ്യൂസിക്ക് എന്നിവയിൽ ട്രിപ്പിൾ മെയിൻ ബിരുദ വിദ്യാഭ്യാസ സൗകര്യം ഒരുക്കണം. ഭാവിയിൽ ബിരുദാനന്തര ബിരുദ പഠനവും ഗവേണഷണവും നടത്താനുള്ള സൗകര്യം ഉണ്ടാകണം.

7. ജില്ലയുടെ പ്രശസ്തി വർദ്ധിപ്പിച്ച കവികൾക്കും സാഹിത്യകാരന്മാർക്കും സ്മാരകങ്ങളായി സാംസ്കാരിക സ്ഥാപനങ്ങൾ നിർമ്മിക്കാൻ മുന്നോട്ടുവരുന്ന പഞ്ചായത്തുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകണം. നിലവിൽ സ്മാരകങ്ങൾ ഇല്ലാത്ത പുത്തൻകാവ് മാത്തൻ തരകൻ, കെ. വി. സൈമൺ, പന്തളം കെ.പി. രാമൻപിള്ള, ബോധേശ്വരൻ, കോന്നിയൂർ നരേന്ദ്രനാഥ്, ഡോ. കെ. എം. തരകൻ, കെ.വി. തമ്പി, പനങ്ങാട് തങ്കപ്പൻപിള്ള, അടൂർ ഭാസി, ആറന്മുള പൊന്നമ്മ, അടൂർ ഭവാനി, അടൂർ പങ്കജം, എം.ജി. സോമൻ, തിലകൻ തുടങ്ങിയവർക്ക് സ്മാരകങ്ങൾ ഉണ്ടാകേണ്ടതാണ്.

8. വിവിധ മേഖലകളിൽ നിസ്തുല സംഭാവന നൽകിയ പരമ്പരാഗത കലാകാരന്മാർക്ക് ഇപ്പോൾ അവർക്കു ലഭിക്കുന്ന ക്ഷേമ പെൻഷനുകൾ പരിഗണിക്കാതെ ആദരവേതനം നൽകാനുള്ള നടപടി ഉണ്ടാകണം.

9. സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ തൊഴിൽതേടുന്ന ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞചെലവിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് ജില്ല

യിലെ നാലുമുനിസിപ്പാലിറ്റികളിലും – പത്തനംതിട്ട, തിരുവല്ല, പന്തളം, റാന്നി എന്നിവിടങ്ങളിൽ – സ്ഥിരം സ്ഥാപനങ്ങൾ ഉണ്ടാകണം. ഈ മേഖലയിൽ ഇന്ന് വൻ ചൂഷണം നടക്കുന്നുണ്ട്.

10. അന്യസംസ്ഥാന തൊഴിലാളികൾക്ക് മലയാളം പഠിക്കാനും തുടർ അധ്യയനം നടത്താനും സായാഹ്ന വിദ്യാലയങ്ങളോ രവിവാര പാഠശാലകളോ നടത്താൻ മുന്നോട്ടുവരുന്ന എല്ലാ 'എ' ഗ്രേഡ് ഗ്രന്ഥശാലകൾക്കും പ്രത്യേക സാമ്പത്തികസഹായം നൽകുക.

11. കെട്ടിടനിർമ്മാണത്തിൽ നാളിതുവരെയും സാമ്പത്തികസഹായം ലഭിക്കാത്തവയും സ്വന്തമായി ഭൂമിയുള്ളവയുമായ ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുന്നതിന് സാമ്പത്തികസഹായം നൽകുക.

12. പകുതിയിലധികം പ്രദേശവും വനമായുള്ള പത്തനംതിട്ട ജില്ലയുടെ മണ്ണും മരങ്ങളും നദികളും സസ്യജാലങ്ങളും സവിശേഷമായി സംരക്ഷക്കുന്നതിനും പഠിക്കുന്നതിനുമായി ഒരു ഹൈറേഞ്ച് പഠനസ്ഥാപനം വനമേഖലയോടുള്ള പ്രദേശത്ത് സ്ഥാപിക്കുക. ഹൈറേഞ്ച് ആവാസവ്യവസ്ഥയെക്കുറിച്ച് അക്കാദമികപഠനവും പ്രയോഗ ഇടപെടലും നടത്താൻ അധികാരപ്പെട്ടതായിരിക്കണം ഈ സ്ഥാപനം.

13. എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും ലൈബ്രറികൾ സ്ഥാപിക്കുകയും അവ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

14. ഗതാഗതത്തിനായി ജില്ലയിലെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വി.എച്ച്.സി വിദ്യാർത്ഥികൾ മോട്ടോർ വാഹനങ്ങളെ ആശ്രയിക്കുന്നത് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരണം. അതിനായി എല്ലാ വിദ്യാർത്ഥികൾക്കും സൈക്കിളുകൾ വിതരണം ചെയ്യാനുള്ള പദ്ധതി പ്രത്യേകമായി ആരംഭിക്കണം. കാർബൺ നൂട്രാലിറ്റി ഉറപ്പുവരുത്തുവാനുള്ള യത്നത്തിന്റെ ഭാഗമായി ഇതിനെ കാണണം.

15. സ്കൂൾ നിലനിൽക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിവിട്ട് മറ്റു പ്രദേശങ്ങളിൽ പോയി മോട്ടോർ വാഹനങ്ങളിൽ കുട്ടികളെ ശേഖരിക്കുന്നത് നിയമംമൂലം നിയന്ത്രിക്കണം.

16. ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ എല്ലാ ഘട്ടത്തിലും ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക അദ്ധ്യാപനപരിചയം നേടിയിട്ടുള്ളവർതന്നെ പഠിപ്പിക്കുന്നുവെന്ന് ഉറപ്പാക്കുക.

17. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനും പുനഃസംവിധാനം ചെയ്യുന്നതിനുമായി ഡയറക്ടറേറ്റുതലത്തിൽ ആലോചനകളും തീരുമാനങ്ങളും കൈക്കൊള്ളുക. എൻ.സി.ഇ.ആർ.റ്റി–സി.ബി.എസ്.ഇ കോഴ്സുകളിൽ അശാസ്ത്രീയതയുണ്ടോയെന്ന് പരിശോധിക്കുക.

18. വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും മാതൃഭാഷ മാധ്യമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

19. ഇംഗ്ലീഷ് ഭാഷാപഠനം പ്രീ–പ്രൈമറി തലംമുതൽ തുടങ്ങുകയും എല്ലാ വിദ്യാർത്ഥികൾക്കും ഹയർസെക്കണ്ടറി തലംകൊണ്ട് ഇംഗ്ലീഷിൽ പ്രാവീണ്യം ലഭിച്ചുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

20. ഉന്നതവിദ്യാഭ്യാസത്തിൽ ആർട്സ് & സയൻസ് വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും റെമഡിയൽ തലത്തിൽ മാത്രം ഇംഗ്ലീഷ്ഭാഷാപഠനം ബാധകമാക്കിയാൽ മതി.

21. ജില്ലയിൽ ഒരു വെറ്ററിനറി കോളേജും മൃഗപരിപാലന പരിശീലനകേന്ദ്രവും സ്ഥാപിക്കുക.

22. പത്തനംതിട്ടയിലെ പന്നിവേലിച്ചിറ കേന്ദ്രമാക്കി ഇപ്പോഴുള്ള മത്സ്യപ്രജനന സംവിധാനത്തെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ ഫ്രഷ്‌വാട്ടർ ഫിഷറീസ് കോളേജ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുക.

23. പത്തനംതിട്ടയിൽ സർക്കാർ ഉടമയിലുള്ള മൂന്ന് ആർട്സ് & സയൻസ് കോളേജുകളും രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും സ്ഥാപിച്ച് ഈ രംഗത്തുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുക.

24. എല്ലാ കോളേജുകളിലും സ്ഥിരം അധ്യാപകരെ നിയമിക്കുക.

25. വിദ്യാഭ്യാസസ്ഥാപനങ്ങളെ കോ–ഓർഡിനേറ്റു ചെയ്യാനും മോണിറ്റർ ചെയ്യാനുമായി ജില്ലാതല സംവിധാനം വേണം.

26. പരമ്പരാഗത കോഴ്സുകൾക്കു പുറമേ, സൈക്കോളജി, ആന്ത്രോപ്പോളജി, ഡെമോഗ്രാഫി, സോഷ്യോളജി, എക്കണോമെട്രീസ് തുടങ്ങിയ വിഷയങ്ങളിൽ കോഴ്സുകൾ തുടങ്ങണം.

27. പാഠപുസ്തകത്തിലെ ലേഖനങ്ങളുടെ അക്കാദമിക പഠനത്തിനപ്പുറം പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിസ്ഥിതി വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും നിർബന്ധമാക്കുമെന്ന നയതീരുമാനവും നടപടിയും കൈക്കൊള്ളുക.

28. ജില്ലയിലെ 100 വർഷം പൂർത്തിയാക്കിയ വിദ്യാലയങ്ങളെ അടുത്ത രണ്ടുവർഷത്തിനുള്ളിൽ (2018–19, 2019–20) അവയുടെ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്കു വിധേയമാക്കുക.

ഒന്നാം വർഷം	എച്ച്.എസ്.	–	22	രണ്ടാം വർഷം	എച്ച്.എസ്.	–	22
ഒന്നാം വർഷം	യു.പി.	–	14	രണ്ടാം വർഷം	യു.പി.	–	13
ഒന്നാം വർഷം	എൽ.പി.	–	91	രണ്ടാം വർഷം	എൽ.പി.	–	91

29. ജില്ലയിലെ 50 വർഷം പൂർത്തിയാക്കിയ വിദ്യാലയങ്ങളെ അവയുടെ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ വികസനത്തിന് വിധേയമാക്കുക (2020–21, 2012–22)

ഒന്നാം വർഷം	എച്ച്.എസ്.	–	70	രണ്ടാം വർഷം	എച്ച്.എസ്.	–	70
ഒന്നാം വർഷം	യു.പി.	–	61	രണ്ടാം വർഷം	യു.പി.	–	60
ഒന്നാം വർഷം	എൽ.പി.	–	141	രണ്ടാം വർഷം	എൽ.പി.	–	141

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1 ഹൈസ്കൂളുകളും ഹയർസെക്കന്ററി സ്കൂളുകളും സ്ത്രീസൗഹൃദപരമാക്കുക.
2 സെക്കന്ററി സ്കൂളുകളിൽ കരിയർ ഗൈഡൻസ് നടപ്പാക്കുക
3 എല്ലാ സ്കൂളുകളും പ്ലാസ്റ്റിക് വിമുക്തമാക്കുകയും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം നിലനിർത്തുകയും ചെയ്യുക.
4 എല്ലാ സ്കൂളുകളും ഓപ്പൺ ലൈബ്രറികൾ സ്ഥാപിക്കുക. അതിന്റെ ചുമതല വിദ്യാർത്ഥികൾക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ നൽകുക.
5 12 പ്രീസർവീസ് എജ്യുക്കേഷൻ സെന്ററുകളെ ശക്തിപ്പെടുത്തുക.
6 സാംസ്കാരിക സ്ഥാപനങ്ങളിലേക്കുള്ള ദിശാബോർഡുകൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
7 ജില്ലയിലെ അവശേഷിക്കുന്ന സാംസ്കാരിക പൈതൃകങ്ങളെയും പാരമ്പര്യ കലാകാരന്മാരെയും കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുക.
8 ആറന്മുള വള്ളംകളിയെ ഉന്നതതലത്തിലേക്ക് കൊണ്ടുവരിക. ആ ദിവസങ്ങളിൽ സാംസ്കാരിക നായകന്മാരുടെ കൂട്ടായ്മയും സെമിനാറും സംഘടിപ്പിക്കുക.
9 ഹയർസെക്കന്ററി, ടെക്നിക്കൽ ഹയർസെക്കന്ററി, പോളിടെക്നിക്, എൻജിനീയറിംഗ് കോളേജുകൾ എന്നിവയുടെ ലാബുകളും വർക്ക് ഷോപ്പുകളും വികസിപ്പിക്കുക.
10 ആദിവാസി മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ കണ്ടെത്തുക, വീടുകളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുക.
11 ജില്ലയിലെ ഓട്ടിസം പാർക്ക്, ടാലന്റ് ലാബ് എന്നിവ കൂടുതലായി സ്ഥാപിക്കുക.

സംയോജിത നിർദ്ദേശങ്ങൾ

1. സ്കൂളുകളിൽ സുരക്ഷാക്ലബ്ബ് ഊർജ്ജിതപ്പെടുത്തുക : മോട്ടോർ വാഹനവകുപ്പുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ട്രാഫിക് സിഗ്നലുകളും നിയമങ്ങലും പോസ്റ്ററുകളുടെ രൂപത്തിൽ സ്കൂളുകളിൽ ലഭ്യമാക്കുന്നത് അഭികാമ്യമാണ്. ലൈസൻസ്, ഹെൽമറ്റ്, എന്നിവ കൂടാതെയുള്ള യാത്രയ്ക്ക് എതിരെ ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്.

2. സ്മാർട്ട് എനർജി പ്രോഗ്രാം (SEP)

   SEP യുടെ ഭാഗമായി നിലവിലുള്ള ഊർജ്ജക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഊർജ്ജ ഉപയോഗവുമായി ബന്ധപ്പെട്ട് ചെറിയ പ്രോജക്ടുകൾ നൽകുക. സ്വന്തം വീട്ടിലേയും സമീപ വീടുകളിലേയും പ്രതിമാസ ഊർജ്ജ ഉപയോഗം രേഖപ്പെടുത്തുക. ഊർജ്ജ ഉപഭോഗ ബോധവൽക്കരണം നടത്തിയതിനുശേഷമുള്ള ഉപയോഗവും രേഖപ്പെടുത്തി താരതമ്യം ചെയ്യുക. ഊർജ്ജ വകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ, മത്സരങ്ങൾ എന്നിവ നടത്താവുന്നതാണ്.

3. ശുചിത്വം ഒരു സംസ്കാരം : ശുചിത്വമിഷനുമായി ചേർന്ന് നടത്താൻ കഴിയുന്ന പദ്ധതിയാണിത്. ക്ലാസും സ്കൂൾ പരിസരവും ശുചിയായി സൂക്ഷിക്കുക. ശുചിമുറിയുടെ ശുചിത്വം പരിപാലിക്കുന്നതിൽ പങ്കാളികളാവുക. ശുചിത്വം ഒരു ശീലമായി സ്കൂൾ ജീവിതകാലത്തുതന്നെ തുടങ്ങുക. വെയ്സ്റ്റ് കമ്പോസ്റ്റ് നിർമ്മാണം പരിശീലിപ്പിക്കുക. മാലിന്യമുക്തസമൂഹം സൃഷ്ടിക്കാൻ ബോധവൽക്കണം നൽകുക.

4. തൊഴിൽപഠനം പ്രോത്സാഹിപ്പിക്കുക : സെക്കന്ററിതലം മുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസരീതി അവലംബിക്കുക. അതിനു മുന്നോടിയായി യു.പി. തലത്തിൽ ഓടോ ടേമിലും 'വർക്ക്ഷോപ്പുകൾ' സംഘടിപ്പിക്കാവുന്നതാണ്. ദൈനംദിനജീവിതത്തിൽ ആവശ്യമായ മേഖലകളെ പരിചയപ്പെടുത്തുന്നവയായിരിക്കണം ഇത്തരം വർക്ഷോപ്പുകൾ.

   ഉദാ: പൈപ്പ് റിപ്പയറിംഗ്, എൽ.ഇ.ഡി. നിർമ്മാണം, തയ്യൽ/എംബ്രോയിഡറി വർക്ക്/മൊബൈൽ റിപ്പയറിംഗ് മുതലായവ

5. നാട്ടറിവ്, നാട്ടുരുചി : 'പഴമയിലേക്കൊരു തിരിച്ചുപോക്ക്' എന്ന ആശയം മുൻനിർത്തിയുള്ള പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. പ്രാദേശിക ചരിത്രം, സാംസ്കാരിക പൈതൃകം, നാടൻ കലാരൂപങ്ങൾ എന്നിവയെക്കുറിച്ച് അന്വേഷണം നടത്തുക. പഴയ തലമുറയുടെ ആഹാരശീലങ്ങൾ കണ്ടെത്തുക. അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ അവസരം നൽകുക. രോഗങ്ങളിലേക്കു നയിക്കുന്ന ആഹാരശീലങ്ങൾ ഒഴിവാക്കുന്നതിന് ബോധവൽക്കരണം നൽകുക.

6. പൈതൃക കലകളുടെ തിരിച്ചുവരവ് : അന്യം നിന്നുപോകുന്ന നാടൻ കലാരൂപങ്ങളുടെ പ്രചാരണം നടത്തുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആ പ്രദേശത്ത് തനത് കലകളെയും കലാകാരന്മാരെയും പൈതൃക സ്വത്തിനേയും ഉൾപ്പെടുത്തി ഗ്രാമവിജ്ഞാന രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. കലാരൂപങ്ങളുമായി ബന്ധപ്പെടുത്തി ഡോക്യുമെന്ററി, ഷോർട്ട് ഫിലിം എന്നിവ തയ്യാറാക്കുക. ഗ്രാമീണ നാടക തീയറ്റർ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക. കലാകാരന്മാരുടെ കൂട്ടായ്മ-കലാകൂട്ടായ്മ-സംഘടിപ്പിക്കുക. തീർത്ഥാടകർക്ക് സഹായകരമാകുന്ന രീതിയിൽ സാംസ്കാരിക വകുപ്പുമായി ചേർന്ന് പ്രധാന തീർത്ഥാടക സ്ഥലങ്ങളും വിനോദകേന്ദ്രങ്ങളും ഉൾപ്പെടുത്തി ഒരു മൊബൈൽ അപ്ലിക്കേഷൻ തയ്യാറാക്കുക.

7. വനം വകുപ്പും കൃഷിവകുപ്പുമായി സഹകരിച്ച് ജൈവ വൈവിധ്യപാർക്ക്, ജൈവകൃഷിത്തോട്ടം എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കുക.

8. മദ്യം, മയക്കുമരുന്ന് എന്നവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് മൂന്നു മാസത്തിലൊരിക്കൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യം, എക്സൈസ് വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണം നടത്തുക.

9. സാക്ഷരതാ മിഷനുമായി ചേർന്ന് ജില്ലയിൽ പൂർണ്ണ സാക്ഷരത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.

10. എസ്.സി./എസ്.ടി ഭൂരിപക്ഷ പ്രദേശങ്ങളിലെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതിന് പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുക.

11. തനത് കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഫോക്ക്ലോർ സെന്ററുകൾ സ്ഥാപിക്കുക.

12 എല്ലാ സ്കൂളുകളിലും എസ്.ഡി.സി. (സ്റ്റുഡന്റ് ഡോക്ടേഴ്സ് കേഡറ്റ്) രൂപീകരിക്കുക. ആരോഗ്യം, എക്സൈസ്, ഐ.സി.ഡി.എസ്., ചൈൽഡ് ലൈൻ, ചൈൽഡ് പ്രൊട്ടക്ഷൻ എന്നിവയുടെ സഹായത്തോടെ കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാധിക്കും.

13. എല്ലാ സ്കൂളുകളിലെയും പി.റ്റി.എ, എം.പി.റ്റി.എ-കളിൽ ഉൾപ്പെട്ടവരിൽ തുടർപഠനം നടത്താൻ താത്പര്യമുള്ളവരെ കണ്ടെത്തി സാക്ഷരതാമിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ സർക്കാർതല തീരുമാനവും നടപടികളും ഉണ്ടാകുക.

14. ജില്ലയിലെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ട സ്കൂളുകൾ കണ്ടെത്തുക. മാനദണ്ഡങ്ങൾ നിശ്ചയിക്കുക 50, 100 വർഷം പൂർത്തിയാക്കിയവ, ഓരോ വർഷവും ഏറ്റെടുക്കേണ്ടവ, പെൺകുട്ടികൾ ഏറ്റവും കൂടുതൽ ഉള്ളവ, SC/ST മേഖലയിലുള്ളവ, ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ളവ.
15. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഹൈ-ടെക്ക് ആക്കൽ, Priority നിശ്ചയിക്കുക.
16. ജില്ലയിലെ മുഴുവൻ അധ്യാപകർക്കും ഇംഗ്ലീഷ് പഠിപ്പിക്കുവാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനായി മൂന്നുമാസം നീണ്ടു നിൽക്കുന്ന കോഴ്സ് ഏർപ്പെടുത്തുക ഘട്ടം ഘട്ടമായി എല്ലാ പ്രൈമറി സ്കൂൾ അധ്യാപകരെയും പ്രാപ്തരായ ഇംഗ്ലീഷ് അധ്യാപകരാക്കുക, ടീച്ചർ ബാങ്കിലുള്ള അധ്യാപകരെ ഇവർക്ക് പകരം നിയോഗിക്കുക.
17. കലാ കായിക പഠനത്തിന് സപെഷ്യലിസ്റ്റ് അധ്യാപകരെ എല്ലാ സ്കൂളുകളിലും നിയമിക്കും റൊട്ടേഷൻ അടിസ്ഥാനത്തിൽ അവർ എല്ലാ ദിവസവും നിശ്ചിത സ്കൂളുകൾ സന്ദർശിച്ച് പരിശീലനം നൽകും. വിശദാംശങ്ങൾ ചർച്ച ചെയ്യണം.

19. ജില്ലയിലെ എല്ലാ SC/ST ഭൂരിപക്ഷ പ്രദേശങ്ങളിലെയും വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തുക. SC/ST വകുപ്പുമായി ചേർന്ന് ആവശ്യമായ ഫണ്ട് കണ്ടെത്തുക.

20. തിരഞ്ഞെടുത്ത സ്കൂളുകളിൽ ഫോക്ക് കലാകേന്ദ്രങ്ങൾ സ്ഥാപിക്കുക. നാടൻപാട്ടുകൾ, നാടൻ കലാരൂപങ്ങൾ, വള്ളപ്പാട്ട്, പടയണി, കോൽക്കളി, കാക്കാരിശി, പാക്കനാർ പാട്ട് തുടങ്ങിയവ പ്രത്യേകമായി പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. അവയെ കരിക്കുലത്തിന്റെ ഭാഗമാക്കുക, സിലബസ് രൂപീകരിക്കുന്നതിനായി പ്രത്യേക ശില്പ ശാല സംഘടിപ്പിക്കുക. എല്ലാ വിഷയങ്ങളിലും സ്ഥിരമായ അധ്യയനം ഉറപ്പാക്കാൻ ജില്ലയിൽ വികേന്ദ്രീകരിച്ച് കേന്ദ്രങ്ങൾ തുടങ്ങുക ബിരുദ ബിരുദാനന്തര വിദ്യാഭ്യാസത്തിനു പോകാനുള്ള സൗകര്യം ഉണ്ടാക്കുക.

9. കായിക വികസനം, യുവജനകാര്യം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഓരോ കുട്ടിക്കും പരിശീലനം നൽകുമ്പോൾ പ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ തന്ത്രങ്ങൾ മനസ്സിലാക്കുവാനും നൈപുണ്യം വളർത്തുവാനും വിദഗ്ദരുടെ സേവനം സാദ്ധ്യമാക്കണം
2. സാങ്കേതിക പരിജ്ഞാനമുള്ള ആളുകളായിരിക്കണം പരിശീലകർ. പരിശീലകരില്ലാത്ത സ്കൂളുകളിൽ യോഗ്യരായ പരിശീലകരുടെ സേവനം ലഭ്യമാക്കണം.
3. ജില്ലാ സ്റ്റേഡിയത്തിലെ വോളിബോൾ കോർട്ട് മുകൾവശം മേൽകൂര നിർമ്മിച്ച് നവീകരിക്കുക, മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുക.
4. എല്ലാ കായിക അസ്സോസിയേഷന്റെയും നേതൃത്വത്തിൽ അക്കാഡമികൾ ആരംഭിക്കുക.
5. ആസ്ട്രോടർഫ് ഉള്ള ഹോക്കി സ്റ്റേഡിയം നിർമ്മിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കുട്ടികൾക്ക് മത്സരങ്ങളിലും പരിശീലനങ്ങൾക്കും നലകുന്ന ഉപകരണങ്ങളുടെ കാലപ്പഴക്കമോ ഗുണ മേന്മയോ സാങ്കേതികമായി പരിശോധനയ്ക്ക് വിധേയമാക്കുകയും മാനദണ്ഡങ്ങൾ പാലിക്കുകയും വേണം

2. എല്ലാ സ്കൂളിലും ഏകീകൃതമായ പരിശീലന പ്രവർത്തനങ്ങൾ നൽകണം. വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ഓരോ വിഭാഗം കുട്ടികൾക്കും ഒരോ മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം നടപ്പിലാക്കണം

3. എല്ലാ മാസവും ഒന്നോ രണ്ടോ തവണ പരിശീലകരുടെ അവലോകന യോഗം കൂടുകയും മാറ്റം വരുന്ന നിയമങ്ങളെക്കുറിച്ചും പരിശീലന രീതിയെ ക്കുറിച്ചും വ്യക്തമായ അറിവു നൽക്കുക. പരിശീലനം ലഭിച്ച കുട്ടികൾക്ക് മത്സര സമയങ്ങളിൽ തെറ്റുകൾ സംഭവിക്കാതിരിക്കുവാൻ ഇത് സഹായകമാകും.

4. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേകപദ്ധതി രൂപീകരിക്കുകയും സജീവമായ പങ്കാളിത്തം ഉറപ്പാക്കുകയും കായിക പരിശീലനം നൽകുകയും വേണം

5. മത്സരങ്ങളെ മുന്നിൽ കണ്ടു കൊണ്ടുള്ള താൽക്കാലിക പരിശീലനത്തിനപ്പുറം സ്ഥിരമായ കായിക പരിശീലനവും കുട്ടികൾക്ക് ലഭ്യമാക്കണം. എല്ലാ സ്കൂളുകളിലും കുറഞ്ഞത് അഞ്ചു കുട്ടികൾക്കെങ്കിലും സ്ഥിരമായി വിദഗ്ദ പരിശീലനം നൽകണം.

6. കരാട്ടെ, കുങ്ഫു, ജൂഡോ, ബോക്സിംഗ്, കളരിപ്പയറ്റ് എന്നിവ വുഷു, തായ്ക്കോണ്ടോ, ഫെൻസിംഗ് സ്കൂൾ തലത്തിൽ പരിശീലിപ്പിക്കുക (പ്രത്യേകിച്ച് പെൺകുട്ടികൾക്ക്)

7. ഗ്രാമപഞ്ചായത്ത് തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് തലത്തിലെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് മത്സരം സംഘടിപ്പിക്കുകയും ബ്ലോക്ക് തല ടീം ഉണ്ടാക്കുകയും ചെയ്യുക, ജില്ലാ പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് ടീമുകൾക്ക് മത്സരം സംഘടിപ്പിക്കുക, ഗ്രാമപഞ്ചായത്ത് തലത്തിൽ ഇതിനാവശ്യമായ കായിക ഉപകരണങ്ങൾ നൽകുക. സ്കൂളുകളിൽ സ്പോർട്സ് ലാബുകൾ സ്ഥാപിക്കണം.

8 പി.റ്റി.അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ കായിക പരിശീലനത്തിന് താൽപര്യമുള്ള, മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഫിസിക്കൽ ടെയ്നിംഗിന് ഉപയോഗപ്പെടുത്തുക.

9. സ്കൂളുകളിൽ സ്പോർട്സ് ലാബുകൾ സ്ഥാപിക്കണം.

10. നിലവിലുള്ള സ്റ്റേഡിയങ്ങൾ കളിസ്ഥലങ്ങൾ ഏതുകാലത്തും ഉപയോഗിക്കത്തക്ക രീതിയിൽ പുതുക്കി നിയന്ത്രണ വിധേയമായി എല്ലാവർക്കും ആരോഗ്യകായിക പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കുക..

11. സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം നൽകിയിട്ടുള്ളതും ലഭിച്ചിട്ടുള്ളതുമായ ഫണ്ടിന്റെ വിനയോഗം ശരിയായി നടന്നിട്ടുണ്ടെന്ന് ഉറപ്പാക്കുക.

12. സ്കൂളുകളിൽ കളിസ്ഥലം നിർബന്ധമാക്കുക സ്കൂൾ അനുവദിക്കുന്നതിനായി സമർപ്പിച്ച കളിസ്ഥലം നിലനിർത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

13. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ലൊക്കേഷനും കെട്ടിടത്തിന്റെ മാപ്പും സമർപ്പിക്കുന്നതോടൊപ്പം കളിസ്ഥലത്തിന്റെ മാപ്പും ആവശ്യപ്പെടുക. പരിശോധിച്ച് നിജപ്പെടുത്തിയതിനുശേഷം ഫിറ്റ്നസ് നൽകുക

14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുളങ്ങൾ ജലസ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കി എല്ലാ ആളുകളുടെ ജീവനന്റെ സംരക്ഷണത്തിനും ആരോഗ്യ സംബന്ധമായ കായിക പ്രവർത്തനത്തിനു സജ്ജമാക്കുക.

15. ഫുട്ബോൾ, വോളിബോൾ, അത്ലറ്റിക്സ്, ബാസ്ക്കറ്റ്ബോൾ, മുതലായവ തെരഞ്ഞെടുക്കുബോൾ, ഓരോ പ്രദേശത്ത് അനുയോജ്യമായി നിലനിന്നു വരുന്ന കളികൾക്ക് പ്രാധാന്യം കൊടുക്കുക.

16. ഓരോ പഞ്ചായത്തിലും നഗരസഭകളിലും കുറഞ്ഞതു മൂന്ന് ഇനങ്ങളിൽ ഡേ-ബോർഡിംഗ് സെന്ററുകൾ ആരംഭിക്കുക.

17 എൽ.പി, യു.പി-ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് എന്നിങ്ങനെ രണ്ട് കാറ്റഗറി തിരിച്ച് പരിശീലന പദ്ധതികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ നടപ്പിലാക്കുക.

18. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

19. പത്തനംതിട്ട, തിരുവല്ല സ്റ്റേഡിയങ്ങളിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുക.

20. ബ്ലോക്ക്തലത്തിൽ നീന്തൽ കുളങ്ങൾ നിർമ്മിക്കുകയും എല്ലാ എൽ.പി., യു.പി വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം ഉറപ്പ് വരുത്തകയും ചെയ്യുക.

യുവജനക്ഷേമം (നിർദ്ദേശങ്ങൾ)

1. തൊഴിൽ – വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശം, സ്കിൽ ഡവലപ്മെന്റ്, മത്സര പരീക്ഷാ പരിശീലനം കൗൺസിലിംഗ്, വിവാഹ പൂർവ്വ കൗൺസിലിംഗ്, വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ, കലാ–കായിക പരിശീലനം, വിവിധ വകുപ്പുകളുടെ യുവജനക്ഷേമ പദ്ധതികളെ കുറിച്ചുള്ള ഇൻഫർമേഷൻ സെന്റർ, അപേക്ഷകൾ അയക്കാനും റിസൽട്ട് അറിയാനും വിവരശേഖരത്തിനും ഓൺ ലൈൻ സൗകര്യം സ്വയം തൊഴിൽ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ യുവജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ഗ്രാമതലത്തിൽ നൽകുക.

2. പാലിയേറ്റീവ് കെയർ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി പൊതു വിദ്യാഭ്യാസ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ലഹരി വരുദ്ധ പ്രവർത്തനങ്ങൾ ശ്രമദാന പ്രവർത്തനങ്ങളുടെ പ്രോൽസാഹനം, സാഹസിക കായിക ഇനങ്ങളുടെ പ്രോൽസാഹനം, കായിക മത്സരങ്ങളുടെ പരിശീലനം തുടങ്ങിയ പദ്ധതികൾക്ക് ഊന്നൽ നൽകുക.

3. ആരോഗ്യ സംരക്ഷണത്തിനും ജീവതശൈലീ രോഗങ്ങൾക്കെതിരെയും യുവജനങ്ങളെ പ്രവർത്തന നിരതരാക്കുന്നതിനായുള്ള പദ്ധതികൾ പ്രോൽസാഹിപ്പിക്കുക

4. ഗാമീണ കായിക ഇനങ്ങൾ (കിളിത്തട്ട്, കബഡി), ഗ്രാമതലങ്ങളിൽ ടൂർണ്ണമെന്റുകൾ, കളരിപ്പയറ്റ്, കരാട്ടെ തുടങ്ങിയവ പ്രോൽസാഹിപ്പിക്കുക.

10 . ധനകാര്യം, സഹകരണം

പരിപ്രേക്ഷ്യം (ധനകാര്യം)

ധനവിഭവശേഷിയിൽ ജില്ല സമുന്നത സ്ഥാനത്താണ്. 31.3.2017 ൽ ഷെഡ്യൂൾഡ്/കോ–ഓപ്പറേറ്റീവ് ബാങ്കുകളിലെ നിക്ഷേപം 39251 കോടി രൂപയായിരിക്കുമ്പോൾ വായ്പയിനത്തിലെ വിനിയോഗം 12953 കോടിയും. മിച്ച വിഭവശേഷിയിൽ ജില്ല രാജ്യത്തുതന്നെ മുൻനിരയിലാണ്. ജില്ലയിൽ ഉപയോഗം കാത്തിരിക്കുന്ന മനുഷ്യ വിഭവശേഷിയും വലുതാണ്. ജില്ലയിലെ ജനസംഖ്യയിലെ ചെറു ന്യൂനപക്ഷമൊഴികെ ബാക്കി ഇടത്തരം വരുമാനക്കാരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമാണ്. സാക്ഷരതയിലും ബുദ്ധിശക്തിയിലും ഇവർക്കു കേമത്തമുണ്ടെങ്കിലും അലസത, മാന്ദ്യം ഇവ രാജ്യത്തെ മറ്റേതിടങ്ങളിലെ ജനതയേയും പോലെ ഇവരെയും ഗ്രസിച്ചിരിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജനങ്ങളെ പ്രവൃത്യോന്മുഖരാക്കി അവരുടെ സാമ്പത്തിക നില മെച്ചപ്പെടുമാറുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. ഗുണമേന്മയുള്ള ഉല്പന്നങ്ങളും സേവനങ്ങളും കുറഞ്ഞ ചെലവിലുൽപ്പാദിപ്പിച്ച് മാത്സര്യ വിലയിൽ ലഭ്യമാക്കി ഉല്പാദകനും ഉപഭോക്താവിനും ഒരു പോലെ സംതൃപ്തിയും സംരംഭക കുടുംബങ്ങൾക്ക് കാര്യമായ വരുമാനവും സാമ്പത്തിക ശ്രേയസ്സും ഉണ്ടാകുന്നതിനനുരൂപമായി ജില്ലയാകെ പ്രവൃത്തി മുഖരിതവും തന്മൂലം വികസന വിധേയവുമാക്കുക

മേൽത്തട്ടുനിർദ്ദേശങ്ങൾ – (ധനകാര്യം)

1. ജില്ലയിലെ ബാങ്കുശാഖകൾ വായ്പാനുപാതം ഉയർത്തേണ്ടതിന്റെ ആവശ്യം പരിഗണിച്ച് വായ്പ നിയന്ത്രണ മില്ലാതെ പരിഗണിക്കണമെന്ന നിർദ്ദേശം ബാങ്കുകൾ ശാഖകൾക്കു നല്കുക.
2. ബാങ്കു ശാഖകളിലെ വായ്പാ ഉദ്യോഗസ്ഥർക്കെല്ലാം അതതു ബാങ്കുകൾ നല്കുന്ന തുടർപരിശീലനങ്ങളിൽ വായ്പ നിർണ്ണയത്തിനൂന്നൽ നൽകി പരിശീലന ഷെഡ്യൂൾ നിശ്ചയിക്കാൻ ബാങ്കുകളോടാവശ്യപ്പെടണം.
3 ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ പ്രവർത്തനം ജില്ലയിൽ കാര്യമാത്രമായി ഒരുക്കുന്നതിന് ഇടപെടൽ.

4. ജീവനോപായ വായ്പകൾ 5 ലക്ഷം രൂപ വരെയുള്ളതു പാസ്സാക്കാനുള്ള അധികാരം എല്ലാ ശാഖാ മാനേജർമാർക്കും അനുവദിക്കുന്നതിനുള്ള നിർദ്ദേശം ആർ.ബി.ഐയ്ക്ക് നൽകുക

5. ബാങ്കുകളുടെ വായ്പ സംരംഭത്തിന്റെ അനുമതി പത്രത്തിന്റെ പകർപ്പ് വായ്പക്കാരനു കൊടുക്കണമെന്നു ശാഖകളോടു കർശനമായി അനുശാസിക്കാൻ ബാങ്കുകളിന്മേൽ ഇടപെടൽ.

6. അപേക്ഷകൻ സ്വയം തയാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ – അല്പമാത്ര കുറവുകളുണ്ടെങ്കിലും – പ്രാമുഖ്യം കൊടുത്തു സ്വീകരിക്കണമെന്നു ബാങ്കുകൾ തന്താങ്ങളുടെ ശാഖകൾക്കു നിർദ്ദേശം നല്കണം.

7. എല്ലാ മുദ്ര സ്കീമിലുമുള്ള വായ്പ്പകളും ഉത്തരവാദിത്വ ബോധത്തോടെ സംരഭകന് ആത്മവിശ്വാസം ജനിപ്പിക്കുന്ന സാമ്പത്തിക സാക്ഷരത ക്ലാസ്സ് ഏർപ്പെടുത്തണം.

8. സംരംഭങ്ങൾക്കു ആരംഭിക്കുന്നതിനുള്ള നിയമപരമായിട്ടുള്ള അനുമതികൾക്കുള്ള കാലതാമസം പരിഹരിക്കുക. സംരംഭങ്ങൾക്കാവശ്യമായ അനുമതികളേതേതെന്ന വിവരം എല്ലാ പൊതുജന സമ്പർക്ക സാദ്ധ്യതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും താലൂക്ക്, കളക്ട്രേറ്റ് എന്നിവിടങ്ങളിലും പ്രദർശിപ്പിക്കണം, അതിന്റെ സമയപരിധിയും അപേക്ഷ നൽകേണ്ട ഓഫീസുകളും മറ്റു വിവരങ്ങളും ഉൾപ്പെടെ.

9 കേന്ദ്രഗ്രാമീണ വികസന മന്ത്രാലയം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുഴുവൻ സ്വാശ്രയ സംഘാംഗങ്ങൾക്കും സാമ്പത്തിക സാക്ഷരത പ്രദാനം ചെയ്യുക

10 വായ്പാപേക്ഷകർക്ക് വായ്പാനുമതി പത്ര പകർപ്പ് നിർബ്ബന്ധമായും നല്കിയിരിക്കണമെന്ന നിർദ്ദേശം എല്ലാ ശാഖകളെയും ബോധപ്പെടുത്തണം. ആകസ്മിക പരിശോധനയിലൂടെ നിർദ്ദിഷ്ട വ്യവസ്ഥകൾ അനുമതി പത്രത്തിലുൾക്കൊള്ളുന്നുവെന്നും അപേക്ഷകനു കിട്ടുന്നുയെന്നും ഉറപ്പാക്കണം.

11. ജില്ലാതലത്തിൽ ഏകദിന ശില്പശാല തുടർച്ചയായി മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് ജില്ലാതല ബാങ്കേഴ്സ് കമ്മറ്റിയിൽ ചർച്ച ചെയ്തു തീരുമാനിക്കണം.

12. ആശ്വാസ സബ്സിഡികൾ, സംരംഭകത്വ പരിശീലന സൗകര്യങ്ങൾ ക്രോഡീകരിച്ച് കൈപുസ്തകമാക്കി സംരംഭകർക്കു നല്കാനോ കണ്ടു മനസ്സിലാക്കാനോ ലഭ്യമാക്കണം.

സഹകരണം

പരിപ്രേക്ഷ്യം

സഹകരണ മേഖലയിൽ ജില്ലയിൽ സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 648 സഹകരണ സംഘങ്ങൾ/ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു. കാർഷിക, കാർഷികേതര വായ്പാ രംഗത്ത് 200 ബാങ്കുകൾ/സംഘങ്ങളും അതിന്റെ 203 ശാഖകളും ഉൾപ്പെടുന്ന വിപുലമായ ശൃംഖലയാണുള്ളത്. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ നിലവിൽ പ്രവർത്തിച്ചുവരുന്ന മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചും പുതിയ മേഖലകളിൽ പ്രവർത്തനം വ്യാപിപ്പിച്ചും കൂടുതൽ മുന്നേറാവുന്നതാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ആധുനികവൽക്കരണം, പ്രൊഫഷണലിസം എന്നിവ ത്വരിതഗതിയിൽ സാദ്ധ്യമാക്കിയെങ്കിൽ മാത്രമേ ലക്ഷ്യപ്രാപ്തിയിൽ എത്താൻ സഹകരണ മേഖലയ്ക്ക് കഴിയുകയുള്ളു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. റബ്ബറിന്റെ വിലക്കുറവ് റബർ കൃഷിയെ തളർത്തിയിരിക്കുകയാണ്. റബ്ബർ കൃഷി വ്യാപകമായുള്ള റാന്നി ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലോ, പുതിയ സംഘങ്ങൾ ആരംഭിച്ചോ കർഷകരിൽനിന്നും റബ്ബർ സംഭരിച്ച് റബർ ഉദ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ചെറുകിട യൂണിറ്റുകൾ/ഫാക്ടറികൾ സ്ഥാപിക്കുക.

2. കന്നുകാലി ഫാമുകൾ ആരംഭിക്കുന്നതിനായി വ്യക്തികൾ, സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ സബ്സിഡി, ഗ്രാന്റ് എന്നിവയോടുകൂടി സഹകരണ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പകൾ അനുവദിക്കുക.

3. മാർക്കറ്റിംഗ്, വനിത, എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ പൊതുകുളങ്ങൾ, ഖനനം അവസാനിപ്പിച്ച ക്വാറികളിലെ കുളങ്ങൾ എന്നിവ ഏറ്റെടുത്ത് മത്സ്യ ക്കൃഷി ആരംഭിക്കുന്നതിലേക്ക് സർക്കാർ സബ്സിഡി, ഗ്രാന്റ് എന്നിവയോടുകൂടി കുറഞ്ഞ നിര ക്കിൽ വായ്പകൾ അനുവദിക്കുക.

4. സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് പരി ശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്ന വർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സർക്കാർ സബ്സിഡി ഗ്രാന്റ് എന്നിവയോടുകൂടി ബാങ്കുകൾ വായ്പ അനുവദിക്കാവുന്നതാണ്.

5. വനം വകുപ്പ്, വനവിഭവങ്ങൾ ശേഖരിക്കുന്നതിന് എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് അനുവാദം നൽകിയാൽ വനവിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനാവശ്യമായ കേന്ദ്ര ങ്ങൾ, വിതരണ സ്റ്റാളുകൾ എന്നിവ ആരംഭിച്ച് നടത്തുക.

6. ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും കൂട്ടു സംരംഭമായി ഇവ സ്ഥാപിക്കുകയും മുതൽമുടക്കും പലിശയും ഈടാക്കിയ ശേഷം സർക്കാരിന് വിട്ട് നൽകുകയും ചെയ്യുക.

7. ബാങ്കിംഗ് രംഗം ആധുനികവത്ക്കരിച്ച് കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ഐ.റ്റി അധിഷ്ഠിത സ്ഥാപനങ്ങൾ ആരംഭിച്ച് ഐ.റ്റി മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. സഹകരണ ബാങ്കിംഗ് മേഖലയിൽ ആധുനിക സോഫ്റ്റ്വെയർ നടപ്പിലാക്കുക.

8. വിദ്യാഭ്യാസരംഗത്ത് എയ്ഡഡ്, അൺ എയ്ഡഡ്, പ്രൊഫഷണൽ കോളേജുകൾ എന്നിവ സഹ കരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

9. സർക്കാർ ആശുപത്രികളോടനുബന്ധിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന പേവാർഡുകൾ നിർമ്മിച്ച് ആയതിന്റെ നടത്തിപ്പ് സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

10. മെഡിക്കൽ ലാബ്, എക്സ്റേ, സ്കാനിംഗ് സൗകര്യങ്ങൾ എന്നിവ നിലവിലില്ലാത്ത സർക്കാർ ആശുപത്രികളോനുബന്ധിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന ആരംഭിച്ച് ആയതിന്റെ നടത്തിപ്പ് സഹകരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

11. കുടിവെള്ള വിതരണ പദ്ധതികൾ, ചെറുകിട വൈദ്യുതോത്പാദനം എന്നിവ ആരംഭിക്കുന്നതിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് നിക്ഷേപം നടത്തുക.

12. സർക്കാർ ആഫീസ് സമുച്ചയങ്ങൾ ഇല്ലാത്ത പ്രദേശത്ത് സഹകരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത യിൽ കെട്ടിടങ്ങൾ നിർമ്മിച്ച് സർക്കാർ വകുപ്പുകൾക്ക് ആഫീസ് മുറികൾ വാടകയ്ക്ക് നൽകുക.

13. ടൂറിസം മേഖലയിൽ നിക്ഷേപം നടത്തി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ കെട്ടിടങ്ങൾ, അനുബന്ധ നിർമ്മാണങ്ങൾ എന്നിവ നടത്താനും ആയതിന്റെ ചുമതല സഹകരണ സംഘങ്ങൾക്ക് കൈമാറുകയും ചെയ്യുക.

14. സൗരോർജ്ജം ഉപയോഗപ്പെടുത്തി വൈദ്യുതോത്പാദനം നടത്തുന്നതിലേക്കായി സോളാർ പാനലു കൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സർക്കാർ സബ്സിഡി/ഗ്രാന്റോ ടുകൂടി വായ്പ അനുവദിക്കുക.

15. വനിതാ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചു നട ത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

(1) കുടുംബശ്രീ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് കാർഷികോപകരണങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവ വാങ്ങാൻ വായ്പ നൽകുക.

(2) കാർഷികോത്പന്നങ്ങൾ, കർഷകർക്കാവശ്യമായ വിത്തുകൾ, വളം എന്നിവ സംഭരണം നടത്തുന്ന തിനും വിതരണം നടത്തുന്നതിനുമുള്ള കേന്ദ്രങ്ങൾ ജില്ലയുടെ പ്രധാന ഭാഗങ്ങളിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കുക.

(3) കുടുംബശ്രീ യൂണിറ്റുകളിലെ വനിതകളുടെ പങ്കാളിത്തത്തോടെ പൗൾട്രി മേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിച്ച് ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവയുടെ ഉത്പാദന വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

(4) സഹകരണ സംഘങ്ങളുടെ നേരിട്ടുള്ള ഉടമസ്ഥതയിൽ കന്നുകാലി ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിച്ചു നടത്തുക.

(5) ആശുപത്രികളുടെ അഭാവമുള്ള പഞ്ചായത്തുകളിൽ സഹകരണ ആശുപത്രികൾ ആരംഭിച്ച് ആതുരസേവന രംഗത്ത് കൂടുതൽ ഇടപെടുക.

(6) നീതി മെഡിക്കൽസ്റ്റോർ, ആധുനിക ലബോറട്ടറികൾ എന്നിവ ജില്ലയിൽ എല്ലാ പഞ്ചായത്തിലും ആരംഭിച്ചു നടത്തുക.

(7) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സഹകരണ ബാങ്കുകൾ മുഖേന സ്മാർട്ട് ക്ലാസ്റൂം, കളിസ്ഥലങ്ങൾ തുടങ്ങിയവ നിർമ്മിക്കുക.

(8) കുട്ടികൾക്ക്വേണ്ട പഠനോപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള യൂണിറ്റുകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്ക്/ജില്ലാ തലത്തിൽ ആരംഭിച്ച് നടത്തുക. വിദ്യാർത്ഥികളും രക്ഷിതാക്കളും ഉല്പ്പന്നങ്ങൾ വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(9) സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴവെള്ളസംഭരണികൾ ആരംഭിക്കുക, മഴക്കാലത്ത് ഉപയോഗശേഷം അധികമായിവരുന്ന ജലം വ്യാവസായിക അടിസ്ഥാനത്തിൽ നൽകുക.

(10) മരാമത്തു പണികൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ ഏറ്റെടുത്തു നടത്തുക.

(11) എസ്.സി/എസ്.റ്റി സംഘങ്ങളുടെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകൾ എന്നിവ ആരംഭിക്കുക, പരമ്പരാഗത തൊഴിൽ മേഖലകൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

(12) വനിത സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കാന്റീൻ ആരംഭിക്കുക, കറി പൗഡർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

(13) വയോജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി സീനിയർ സിറ്റിസൺ സഹകരണ സംഘങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക.

(14) നിക്ഷേപ പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിലെ എല്ലാ അംഗങ്ങളേയും ഉൾപ്പെടുത്തി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുക.

സംയോജന സാദ്ധ്യതകൾ

(1) സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത്, അത്തരത്തിലുള്ള സ്വാശ്രയഗ്രൂപ്പുകൾക്ക് വായ്പ നൽകി കാർഷികോത്പാദനം കാര്യക്ഷമമായിനടത്തുക. തരിശുഭൂമിയിലെ കൃഷി, ജൈവക്കൃഷി, അടുക്കളതോട്ടങ്ങൾ എന്നിവയ്ക്ക് സർക്കാർ ധനസഹായത്തോടെ നാമമാത്ര പലിശ ഈടാക്കി വായ്പകൾ നൽകുക. (പരിഗണന – കുടുംബശ്രീ, ജില്ലാ പഞ്ചായത്ത്, കൃഷിവകുപ്പ് സംയുക്തമായി)

11. ഊർജ്ജം

പരിപ്രേക്ഷ്യം

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തിയാക്കാൻ നമ്മുക്ക് കഴിഞ്ഞു. കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം വൈദ്യുതി ബോർഡ് പൂർത്തിയാക്കി. ഈ ലക്ഷ്യത്തിലെത്തുന്ന ഭാരതത്തിലെ ആദ്യത്തെ വൈദ്യുതി വിതരണ കമ്പനി എന്ന അഭിമാനകരമായ നേട്ടം കൈവരിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് സാധിച്ചു. വൈദ്യുത പദ്ധതികളുടെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വിജയമായി വിലയിരുത്തപ്പെടുന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ വിജയം. എന്നാൽ, എല്ലാവർക്കും വൈദ്യുതി നൽകുക എന്ന കേവലമായ ലക്ഷ്യത്തിനപ്പുറം ഉന്നതമായ ഗുണ നിലവാരത്തോടെ, തടസ്സമില്ലാതെ, മികച്ച സേവനം ഉപഭോക്താക്കൾക്ക് നൽകുക എന്ന പ്രധാനപ്പെട്ട ലക്ഷ്യത്തിലേക്ക് എത്താനുള്ള ആസൂത്രണ പരിപാടികളാണ് വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പോകുന്നത്. എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചിട്ടുണ്ടെങ്കിലും ഗുണനിലവാരത്തിലും സേവനത്തിലും ഇനിയും വളരെയേറെ മുന്നേറേണ്ടതായിട്ടുണ്ട്. ഇതിനായി കൂടുതൽ വൈദ്യുതി പ്രസരണ വിതരണ സംവിധാനങ്ങൾ കൂട്ടിചേർക്കുന്നതിനോടൊപ്പം നിലവിൽ ഉള്ള വൈദ്യുതി പ്രസരണ വിതരണ സംവിധാനത്തിന്റെ പരിപാലനം കാര്യക്ഷമവും കുറ്റമറ്റതും ആക്കാനുള്ള പദ്ധതികളാണ് കുടുതലായി വിഭാവനം ചെയ്യേണ്ടത്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ആധുനികമായ സൂപ്പർ ക്രിട്ടിക്കൽ സാങ്കേതിക വിദ്യയുടെ ഉപയോഗവും കർശനമായ മലിനീകരണ നിയന്ത്രണ വ്യവസ്ഥയും സൃഷ്ടിക്കാതെ ജില്ലയിൽ കൽക്കരി നിലയങ്ങൾ സ്ഥാപിക്കുക.
2. അനെർട്ടിന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ് എന്നിവയിൽപ്പെടുത്തി നിരവധി പ്രവൃത്തികൾ നടപ്പിലാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

4. ഉന്നതമായ ഗുണ നിലവാരത്തോടെ, തടസ്സമില്ലാതെ, മികച്ച സേവനം ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കൾക്കു നൽകുക.
5. നിലവിലുള്ള സാധ്യതകൾ പരമാവതി പ്രയോജനപ്പെടുത്തുക
6. നിലവിൽ ബദൽ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കാനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷികരിക്കുക
7. സ്വകാര്യ സംരഭകരെ ആകർഷിക്കുന്ന രീതിയിൽ വിദേശ സംരഭകരെ ഉൾപ്പെടുത്തുക
8. പാരമ്പര്യേതര ഊർജസ്രോതസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുകന്നതോടൊപ്പം ജില്ല സമ്പൂർണ വൈദ്യുതീകൃതമായി തന്നെ തുടരുന്നു എന്ന് ഉറപ്പു വരുത്തുക.
9. വൈദ്യുതി വിതരണ ഗുണമേന്മയിൽ നഗരങ്ങൾക്കു തുല്ല്യമായ അവസ്ഥയിലേക്ക് ഗ്രാമ പ്രദേശങ്ങളേയും എത്തിക്കുക എന്ന പദ്ധതി നടപ്പാക്കുക.
10. ഊർജം-ജലസേചനം ഉൾപ്പെടുത്തി ജല ബാഷ്പീകരണ പദ്ധതി തയ്യാറാക്കുക.
11. ആത്യന്തികമായി പ്രാരംഭ ഘട്ടത്തിൽ കൂടുതൽ 11 കെ.വി ലൈനുകൾ സ്ഥാപിച്ച് ചുരുങ്ങിയ ദൂരപരിധിക്കുള്ളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം ലളിതവും കാര്യക്ഷമവുമാക്കാൻ പദ്ധതികൾ തയ്യാറാക്കുക.
12. വൈദ്യുത അപകട നിവാരണവും ഒരു നിരീക്ഷണ സെന്ററും സ്ഥാപിക്കുക.
13. ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ള പ്രദേശങ്ങൾ തെരഞ്ഞടുത്ത് നടപ്പിലാക്കുക.
14. ജില്ലയിൽ ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും പണി പൂർത്തീകരിക്കുക.

15. വാട്ടർ പമ്പുകൾ, ഫാനുകൾ, എയർകണ്ടീഷനുകൾ ഫ്രിഡ്ജുകൾ എന്നിവയുടെ ക്ഷമതകൂടിയവ ഉപയോഗിക്കുക.
16. വ്യാവസായിക കാർഷിക മേഖലകളിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം കർശ്ശനമാക്കുക.
17. 11 കെ.വി ലൈനുകൾ സ്ഥാപിച്ച് ചുരുങ്ങിയ ദൂരപരിധിക്കുള്ളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതിവിതരണം ലളിതവും കാര്യക്ഷമവുമാക്കാൻ പദ്ധതികൾ തയ്യാറാക്കുക.
18. അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി വൈദ്യുത സുരക്ഷാ അവബോധവും പരിശീലനവും ജനങ്ങൾക്ക് അടിയന്തിരമായി നൽകുക
19. സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ, സൗര വൈദ്യുത നിലയങ്ങൾ എന്നിവ പ്രോൽസാഹിപ്പിക്കുക.
20. വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും അനാവശ്യമായി ഉപയോഗിക്കുന്ന വൈദ്യുതി തടയുന്നതിനുവേണ്ട ഇലൂമിനേഷൻ പോലുള്ള കാര്യങ്ങൾക്ക് പ്രത്യേക ചാർജ്ജ് ഈടാക്കുന്ന രീതി നടപ്പിലാക്കുക.
21. പെരുന്തേനരുവി പദ്ധതിയിൽ ബോട്ടിംഗും കുട്ടവഞ്ചി സവാരിയും ഹൈഡൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ പത്തനംതിട്ട ജില്ലയിലെ ടൂറിസം മേഖലയിൽ വളരെയേറെ ഗുണകരമായിരിക്കും.
22. പത്തനംതിട്ട ജില്ലയുടെ ജലസ്രോതസ്സുകളുടെ ലഭ്യതമൂലവും വൈദ്യുതബോർഡിന്റെ ജലസംഭരണികളുടെ മുകളിൽ സൗരോർജ്ജ പാനലുകൾസ്ഥാപിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വൈദ്യുത ശൃംഖലയിലേക്ക് നല്കാവുന്നതാണ്.

12. ഗതാഗതം, വാർത്താവിനിമയം, വിനോദ സഞ്ചാരം

പരിപ്രേക്ഷ്യം

റോഡു ഗതാഗതംകൊണ്ട് എല്ലാ ജനങ്ങൾക്കും ആവശ്യമായ സഞ്ചാരസൗകര്യം ലഭിക്കുന്നു. റെയിൽ ഗതാഗതം കൊണ്ട് ചെറുതും വലുതുമായ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ചരക്കുഗതാഗതത്തിന് റെയിൽ ഗതാഗതം വളരെയധികം പ്രയോജനപ്പെടുന്നു. കായൽ, തോട് എന്നിവയാൽ അനുഗൃഹീതമായ പ്രദേശങ്ങളെമാത്രം ബന്ധിപ്പിച്ചുകൊണ്ടുള്ളതാണ് ജലഗതാഗതം. വൻകിട പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് വായുഗതാഗതം. ഇവയിൽ ഏറ്റവും ആവശ്യമുള്ളതും സാധാരണവുമായത് റോഡു ഗതാഗതമാണ്. ഇക്കാരണത്താൽ റോഡ് ഗതാഗത വികസനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അവയുടെ പരിധിയിലും നിയന്ത്രണത്തിലും ഉള്ള റോഡുകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുക. സംസ്ഥാനത്തുള്ള ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ പരിധിയിൽപ്പെടുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പ്രധാന ജംഗ്ഷനുകളിൽ ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
2. എൻ.എം.ആർ ജീവനക്കാരെ സംസ്ഥാന തലത്തിൽ നിയമിച്ച് റോഡുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുക.
3. ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പ്രധാന കേന്ദ്രങ്ങളായ പത്തനംതിട്ട, അടൂർ, തിരുവല്ല എന്നിവിടങ്ങളിൽ ഫ്ളൈഓവറുകൾ സ്ഥാപിക്കാവുന്നതാണ്.
4. സ്വകാര്യ മൾട്ടിനാഷണൽ കമ്പനികളുടെ ടെലിഫോൺ കേബിളുകൾ, വാട്ടർ അതോറിറ്റി പൈപ്പുകൾ, എന്നിവ സ്ഥാപിക്കുന്നതിന് റോഡ് നിർമ്മാണത്തോടൊപ്പം സൈഡ് ഡ്രെയിനേജിനോട് ചേർന്ന് ട്രഞ്ച് നിർമ്മിക്കുക.
5. പത്തനംതിട്ട, അടൂർ, തിരുവല്ല എന്നീ മുനിസിപ്പാലിറ്റികളിലെ വാഹന പാർക്കിംഗിനായി എലിവേറ്റഡ് പാർക്കിംഗ് നിർമ്മിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. വെക്കേഷൻ, ഉത്സവ കാലയളവുകളിൽ ഗവിയിലേക്ക് അധിക സർവ്വീസുകൾ നടത്തുക.
2. പൊതുഗതാഗത സംവിധാനത്തിലെ ഡ്രൈവർമാർക്ക് തുടർച്ചയായി കൗൺസിലിംഗ് നൽകണം.
3. റിംഗ് റോഡുകൾ പരമാവധി പ്രയോജനപ്പെടുത്തി ടൗണുകളിലെ ഗതാഗതകുരുക്ക് പരിഹരിക്കുക.
4. ജില്ലയിൽ പല സ്ഥലങ്ങളിലും നിലനിൽക്കുന്ന അശാസ്ത്രീയമായ വൺവേ സംവിധാനം പരിഷ്കരിക്കുക.
5. അപകട സാധ്യത കൂടിയ മേഖലകളിൽ ശാസ്ത്രീയമായി റോഡ് നിർമ്മിക്കുക.
6. ടൗണുകളിൽ പ്രീപെയ്ഡ് ടാക്സി കിയോസ്കുകൾ ആരംഭിക്കുക.
7. എല്ലാ റോഡുകളിലും വ്യക്തമായി കാണാൻ കഴിയുംവിധം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
8. പ്രധാനപ്പെട്ട ജംഗ്ഷൻ, ടൗൺ എന്നിവിടങ്ങളിലെ പരസ്യ ബോർഡുകൾ മാറ്റുക. എല്ലാ റോഡുകളിലും ഫുട്ട്പാത്ത് നിർമ്മിക്കുക.
9. നഗര ബസ്സ് സർവ്വീസ് ആരംഭിക്കുക.
10. നിലവിലുള്ള റോഡുകളുടെ വീതി വർദ്ധിപ്പിക്കുക, ഓടകൾ, കലുങ്കുകൾ നിർമ്മിക്കുക.
11. റോഡ് സിഗ്നലുകൾ, സൈൻബോർഡുകൾ സ്ഥാപിക്കുക.
12. റോഡിന്റെ ഉപരിതലം പുതിയ സാങ്കേതിക മികവിൽ (ബിഎം & ബിസി) നിർമ്മിക്കുക.
13. റോഡുകളുടെ വാർഷിക അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിക്കുക.

സംയോജിത പ്രോജക്ടുകൾ

1. ഫ്ളൈ ഓവറുകൾ, എലിവേറ്റഡ് പാർക്കിംഗ്, റോഡ് ഡ്രെയിനേജിനോട് ചേർന്ന് കേബിളുകൾ സ്ഥാപിക്കുന്നതിന് സ്ഥിരമായി ട്രഞ്ചുകൾ സ്ഥാപിക്കുക.
2. ഗ്രാമീണ റോഡുകളെ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്നതിനായി മുൻഗണന ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കി ആവിഷ്കരിക്കുക.
3. വിവിധ ഡിപ്പാർട്ടുമെന്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ യോജിപ്പിച്ചുകൊണ്ട് ജില്ലാ തലത്തിൽ ഒരു മോണിട്ടറിംഗ് സമിതി രൂപീകരിക്കുക – മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
4. റോഡ് പുന:രുദ്ധാരണത്തിന്റെ ഭാഗമായി അലൈൻമെന്റ് ശരിയാക്കിയപ്പോൾ എം.സി റോഡുപോലുള്ള വലിയ റോഡുകളുടെ അരികിൽ ധാരാളം ഒഴിവു സ്ഥലങ്ങൾ ലഭ്യമായിട്ടുണ്ട് ടി സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യേറാതിരിക്കാനും, സംരക്ഷിക്കുന്നതിനുമായി ടൂറിസം വകുപ്പുമായി ചേർന്ന് ഉദ്യാനവത്ക്കരിക്കുകയോ (കുളനട–മാന്തുക മോഡൽ) ആധുനിക സൗകര്യത്തോടുകൂടി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുകയോ ചെയ്യുക.

വാർത്താവിനിമയം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പൊതുമേഖല സ്ഥാപനമായ ബി.എസ്.എൻ.എല്ലിന്റെ സേവനം ആധുനികവത്ക്കരിക്കുന്നതിനും, 4ജി, 5ജി സേവനങ്ങൾ, ബ്രോഡ് ബാന്റ് ഉൾപ്പെടെയുള്ള സേവനങ്ങൾ ശക്തമാക്കുന്നതിനും നടപടി വേണം.
2. കൂടുതൽ എഫ്.എം സ്റ്റേഷനുകൾ/സർക്കാർ നിയന്ത്രണത്തിൽ ആരംഭിക്കണം.
3. കേബിൾ ടിവി/ഡിറ്റിഎച്ച് രംഗത്ത് അമിത നിരക്ക് വർദ്ധനയ്ക്ക് തടയിടണം. കുറഞ്ഞ നിരക്കിൽ എല്ലാ ചാനലുകളും ജനങ്ങൾക്ക് ലഭിക്കുന്നതിനും നടപടി സ്വീകരിക്കണം.
4. സർക്കാർ ചെലവിൽ സ്ക്കൂളുകളിൽ സിസി ടിവി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണം.
5. ഐ.റ്റി പാർക്കിന് ആവശ്യമായ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സർക്കാർ ഒരുക്കണം.
6. എല്ലാ രംഗത്തും ഇ–ഗവേൺസ് പൂർണ്ണതയിൽ എത്തിക്കണം.
7. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വികസന നേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ഫേയ്സ് ബുക്ക് പേജ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ.

1. ടെലികോം കമ്പിനികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്ഥലം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ജില്ലാ തലത്തിലും തദ്ദേശ സ്ഥാപന തലത്തിലും ലഭ്യമാക്കണം.
2. പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർക്ക് കൂടുതൽ സഹായവും ഇളവുകളും നൽകണം.

3. തദ്ദേശ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പാക്കണം.
4. ജില്ലാ അടിസ്ഥാനത്തിൽ വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കണം.
5. ഡിജിറ്റൽ പണമിടപാട്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവത്ക്കരണം നൽകണം.

വിനോദസഞ്ചാരം

പരിപ്രേക്ഷ്യം

കേരളത്തിന്റെ ടൂറിസം മേഖല എല്ലാത്തരം പ്രതിസന്ധികളേയും അതിന്റെ നൈസർഗികമായ സവിശേഷതകൊണ്ട് അതിജീവിക്കുകയും ജൈവീകമായി വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. ആയതിനാൽ പുതിയ ടൂറിസം പദ്ധതികൾ ജില്ലയിൽ ആവിഷ്കരിക്കുമ്പോൾ മുൻ ഒരുക്കങ്ങളിൽ പ്രൊഫഷണൽ ദീർഘവീക്ഷണം അത്യാന്താപേക്ഷിതമാകുന്നു.

നല്ല റോഡുകൾ, നല്ല ഭക്ഷണശാലകൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ, നിലവാരമുള്ള ശൗചാലയങ്ങൾ, വാഹന സൗകര്യങ്ങൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ നാം ശ്രദ്ധ വക്കേണ്ടതും അതിന് അനുയോജ്യമായ അന്തരീക്ഷത്തിലേക്ക് എത്തിച്ചേരുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടത്തിയെടുക്കുകയും ചെയ്താൽ ഒരു ടൂറിസം സീസൺ പോലും നമുക്ക് നഷ്ടപ്പെടാതെ വിപുലമായ ടൂറിസം സാധ്യതകളുള്ള ജില്ലയിലെ ഒട്ടനവധി പ്രദേശങ്ങൾ പ്രധാന ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുവാൻ നമുക്ക് സാധിക്കും.

മേൽത്തട്ട് നിർദ്ദേശങ്ങൾ.

1. കോന്നിയിലെ അടവി കുട്ട വഞ്ചി സവാരി കേന്ദ്രത്തിനെ മികച്ച രീതിയിൽ ഒരു ടൂറിസം കേന്ദ്ര മന്ത്രി മാറ്റാനും കൂടാതെ അടവിയിലെ മണ്ണീറ, പൂച്ചക്കുളം വെള്ളച്ചാട്ടം കാണാനെത്തുന്ന വിനോദ സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കുക.
2. പെരുന്തേനരുവിയിൽ നാലാം ഘട്ടമായി റോപ് വേ സാഹസിക ടൂറിസം, ബോട്ടിംഗ്, കോട്ടേജുകൾ ഉൾപ്പെടെ ബൃഹത്തായ ടൂറിസം പദ്ധതിയിൽ ആവിഷ്കരിക്കുക
3. ശബരിമല തീർത്ഥാടകരെ ഉൾപ്പെടുത്തി ആറന്മുള – ശബരിമല പിൽഗ്രീം ടൂറിസത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.
4. ഗവിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ നവീനങ്ങളായ പദ്ധതികൾ കൊണ്ടുവരിക.
5. മണിയാർ ഡാം കേന്ദ്രീകരിച്ച് ബോട്ടിംഗ്, ബൊട്ടാണിക്കൽ ഗാർഡൻ, കോട്ടേജുകൾ തുടങ്ങിയവ ഉൾപ്പെടുത്തി മലമ്പുഴ മോഡൽ ടൂറിസം ആവിഷ്കരിക്കുക.
6. ജില്ലയിൽ ഒരു സാംസ്ക്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകാവുന്നതാണ്.
7. ജില്ലയിൽ ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുക.
8. ചുട്ടിപ്പാറയിൽ റോഡ് ക്ലൈംബിംഗ്, ട്രെക്കിംഗ് എന്നിവ ഉൾപ്പെടുത്തി സാഹസിക വിനോദ സഞ്ചാര പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ, സർക്കാർ മേഖലയിൽ ടൂറിസം പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തേണ്ടതുണ്ട്. ടൂറിസം മേഖലകളിലേക്കുള്ള തെരുവ് വിളക്കുകളും പൊതു റോഡുകളും നന്നാക്കുക. ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യസംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക. സഞ്ചാരികൾക്ക് സെക്യൂരിറ്റി ഉറപ്പു വരുത്തുക. (സിസിടിവി, തുടങ്ങിയ ആധുനിക സംവിധാനം പ്രാബല്യത്തിൽ വരുത്തുക).
9. ലൈഫ് ഗാർഡുകൾ/ടൂറിസം പോലീസ് തുടങ്ങിയവരുടെ സേവനം, ഫാം ടൂറിസം പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ടൂറിസം കേന്ദ്രങ്ങൾ വനിത/ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ടൂറിസം കേന്ദ്രങ്ങളിലെ ഭക്ഷണശാലകളിൽ ഫുഡ് സേഫ്റ്റി പരിശോധന കർശനമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കോട്ടാങ്ങൽ ക്ഷേത്രത്തിനെ പടയണി കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
2. മീൻമുട്ടി വെള്ളച്ചാട്ടം/കവിയൂർ ഗുഹാക്ഷേത്രം (മല്ലപ്പള്ളി) എന്നിവയെ ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി നടപ്പിലാക്കാവുന്നതാണ്.
3. പന്തളം വലിയകോയിക്കൽ കൊട്ടാരത്തിന്റെ റിന്നവേഷനായി പുതിയ പദ്ധതികളും മണ്ഡല കാലത്തെത്തുന്ന അയ്യപ്പ ഭക്തർക്കായി ശുചിമുറിയും വിശ്രമ കേന്ദ്രവും ഉൾപ്പെടുത്താവുന്നതാണ്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

സംയോജിത പദ്ധതികൾ

1. പരമ്പരാഗത രീതിയിൽ പൈതൃകമായി ലഭിച്ച ആറന്മുള കണ്ണാടിയുടെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുന്നതിനും മാർക്കറ്റിംഗിനായി എയർപോർട്ടുകളിലും പ്രധാന പട്ടണങ്ങളിലും വിപണന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ആറന്മുളയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. കൊടുമൺ, പന്തളം തെക്കേക്കര പഞ്ചായത്തുകളിലായി 7 ഏക്കർ 5 സെന്റ് സ്ഥലത്ത് 60 വർഷങ്ങൾക്ക് മുമ്പ് ബ്രിട്ടീഷുകാർ നിർമ്മിച്ച മുണ്ടോട്ട് ഡാം പുന:രുദ്ധാരണം ചെയ്ത് വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റണം.
4. ജില്ലയിലെ കഥകളി കലയെ പ്രോൽസാഹിപ്പിക്കുന്നതിന് യുക്തമായ പദ്ധതികൾ ആവിഷ്കരിക്കുക.

13.പട്ടികജാതി പട്ടികവർഗ്ഗ വികസനം

പരിപ്രേക്ഷ്യം (പട്ടികജാതി)

ഭൂമി

പട്ടികജാതി വികസന വകുപ്പിൽ നിന്നും പ്രതിവർഷം 267 കുടുംബങ്ങൾക്ക് ഭൂരഹിത ആനുകൂല്യം നൽകുന്നു. 2022 ആകുമ്പോഴേക്കും 5925 പേർക്ക് ഭൂമി നൽകേണ്ടി വരും. വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവ സംയുക്തമായി പദ്ധതികൾ ആവിഷ്രിക്കണം.

വീട്

വകുപ്പിൽ നിന്നും പ്രതിവർഷം 300 വീടുകൾ നൽകിവരുന്നു. 2022 ആകുമ്പോഴേക്കും 2760 വീടുകൾ നൽകേണ്ടതായുണ്ട്. ലൈഫ് മിഷനിലൂടെ ഒരു വർഷം 550 വീടുകൾ (പട്ടികജാതി വികസന വകുപ്പ് നൽകുന്നതൊഴികെ) നൽകേണ്ടതുണ്ട്.

തൊഴിൽ

അഭ്യസ്തവിദ്യരുടെ തോത് കൂടുതലാണ്. പക്ഷെ തൊഴിൽ തേടുന്നവരുടെ എണ്ണം, തൊഴിൽ അവസരങ്ങൾ എന്നിവ കുറവാണ്. ആയത് പരിഹരിക്കുന്നതിന് വകുപ്പിന്റെയും, ത്രിതല പഞ്ചായത്തിന്റേയും നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ ആവിഷ്ക്കരിക്കണം.

സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവർക്കായി പദ്ധതികൾ

സാമൂഹ്യ നീതി വകുപ്പ്, ത്രിതല പഞ്ചായത്ത് എന്നിവ വാർഷിക പദ്ധതിയിൽ കൂടുതൽ തുക നീക്കി വച്ച് ലക്ഷ്യം കൈവരിക്കണം.

ജൈവകൃഷി, പാട്ടകൃഷി

ഹരിത മിഷനുമായി സംയോജിച്ച് ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ് എന്നിവ സംയുക്തമായി പദ്ധതികൾ ആവിഷ്ക്കരിക്കണം.

കുടിവെള്ളം

രൂക്ഷമായി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പട്ടികജാതി കോളനികളിൽ അതിരൂക്ഷമാണ്. 62% ത്തോളം പട്ടികജാതി ഭവനങ്ങളും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവയാണ്. പ്രധാന ജല സ്രോതസ്സ് കിണറുകളാണ്. ഇവ തന്നെ വർഷത്തിൽ 6 മാസം വരണ്ടു പോകുന്നു.

ഗാർഹിക കണക്ഷൻ ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക. വൻകിട പദ്ധതികളക്ക് പകരം മിനി പദ്ധതികൾ പഞ്ചായത്ത് തലത്തിലും, ബ്രഹത്തായ പദ്ധതികൾ സംയുക്ത പദ്ധതികളായും നടപ്പാക്കാവുന്നതാണ്. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുമായി സംയോജനവുമാകാം.

ആരോഗ്യമേഖല

ആരോഗ്യ മേഖലയിൽ പ്രശ്നങ്ങൾ ഒട്ടനവധിയാണ്. ക്യാൻസർ മുതലായ മാരകരോഗങ്ങളും. ജീവിതശൈലീരോഗങ്ങളും പൊതു സമൂഹത്തേക്കാൾ ഉയർന്ന തോതിൽ ഇവർക്കിടയിലുണ്ട്.

പകർച്ചവ്യാധികൾ, മാരക രോഗങ്ങൾ എന്നിവ തടയുന്നതിനും സ്ഥിരമായി ക്യാമ്പ്, രോഗ നിർണ്ണയം എന്നിവ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുകയും സ്ഥിരമായി തുടർ പരിപാലനത്തിനുള്ള പദ്ധതികൾ സർക്കാർ തലത്തിൽ ആവിഷ്ക്കരിക്കുകയും വേണം.

തനത് മത്സ്യകൃഷി

പ്രാദേശിക പരിഗണനകൾക്കനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. എങ്കിൽ മാത്രമേ സന്തുലനം പാലിക്കുവാനാകൂ. കൃഷി, മൃഗ സംരക്ഷണ വ്യവസായ വകുപ്പുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തനത് കലാരൂപം

സർക്കാർ മേഖകളിൽ പ്രാതിനിധ്യം ഉറപ്പാക്കണം. ഇവയ്ക്ക് ഗ്രാന്റ് നൽകണം. ജില്ലാതലത്തിൽ മേള സംഘടിപ്പിച്ച് ഇത്തരം കലാരൂപങ്ങൾക്ക് അവസരം ഒരുക്കണം.

ടൂറിസം

ഇക്കോടൂറിസത്തിനുള്ള സാധ്യതകൾ അനന്തമാണ്. പട്ടികജാതി വികസന വകുപ്പും, ടൂറിസം വകുപ്പും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കണം.

ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ

2022 ആകുമ്പോഴേക്കും ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിന് അവരെ പ്രാപ്തരാക്കണം, നിലവിലുള്ള പി.എസ്.സി/സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളുടെ എണ്ണവും, കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഈ ലക്ഷ്യം നിറവേറ്റാനാകും.

വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ ഉണർവ് കാണപ്പെടുന്നു. പത്താംതരം വരെ കൊഴിഞ്ഞുപോക്ക് ഇല്ലാ എന്ന് കാണാം. എന്നാൽ എഞ്ചിനീയറിംഗ് പഠനത്തിനിടയിൽ പരാജിതരുടെ എണ്ണം വളരെ കൂടുതലാണ്. ആയതിന് ഇവർക്ക് തോറ്റ വിഷയത്തിൽ പ്രത്യേകം പരിശീലനം നൽകേണ്ടതാണ്.

ജില്ലയിൽ ധാരാളം പോസ്റ്റ് മെട്രിക് സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇല്ലാത്ത അവസ്ഥയാണ്. ജില്ലാ പഞ്ചായത്ത് പന്തളത്ത് പ്രസ്തുത ആവശ്യത്തിനായി വാങ്ങിയ സ്ഥലത്ത് വകുപ്പിൽ നിന്നും ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

പട്ടികജാതി വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഒരോ നിയോജകമണ്ഡലത്തിലും എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുക. ആയതിനുള്ള തുക പട്ടികജാതി വികസന വകുപ്പിലെ പൂൾഡ് ഫണ്ടിൽ നിന്നും നൽകുക. നിയന്ത്രണ അധികാരം ബ്ലോക്ക് പഞ്ചായത്തിന് നൽകുക.
2. ഭൂരഹിത ഭവനരഹിതർക്കും, ഭവന പുനരുദ്ധാരണത്തിനും സർക്കാർ തലത്തിൽ പട്ടികജാതി വികസന വകുപ്പിലൂടെ കൂടുതൽ തുക അനുവദിക്കേണ്ടതാണ്.
3. മാലിന്യ സംസ്കരണത്തിന് സർക്കാർ തലത്തിൽ പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കണം
4. റസിഡൻഷ്യൽ മോഡലിൽ മത്സര പരീക്ഷകൾക്ക് സജ്ജമാക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. ഇതിനുള്ള തുക സർക്കാർ പട്ടികജാതി വികസന വകുപ്പിന്റെ ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ് പദ്ധതിയിൽ നിന്നും നൽകുക. നിയന്ത്രണ അധികാരം ജില്ലാ പഞ്ചായത്തിന് നൽകുക
5. കുടിവെള്ള പദ്ധതിക്കായി മിനി പദ്ധതികൾ ആരംഭിക്കുക. തുക സർക്കാരിൽ നിന്നും വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നോ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരമോ കണ്ടെത്തണം.
6. പ്ലാസ്റ്റിക്ക് തരംതിരിച്ച് ടാർചേർത്ത് റോഡ് നിർമ്മാണത്തിനുള്ള പ്ലാന്റ് പട്ടികജാതി മേഖലയിൽ ആരംഭിച്ച് തൊഴിൽ ഉറപ്പാക്കുക. തുക സർക്കാർ തലത്തിൽ ലഭ്യമാക്കുക. നിയന്ത്രണ അധികാരം ജില്ലാ പഞ്ചായത്തിന് നൽകുക. നിർവഹണം പി.ഡബ്ല്യൂ.ഡി യ്ക്ക്.

7. സബ്സിഡി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുക. വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന സമാന പദ്ധതികൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകുന്ന പ്രവണതയുണ്ട്. ആയത് ഏകീകരിക്കണം.
8. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ആരംഭിക്കുക. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ധാരാളം വ്യക്തികൾ സങ്കേതികമല്ലാത്ത പ്രവൃത്തികൾ (ഉദാ. നിർമ്മാണ മേഖലയിലെ മൈക്കാട് പണി) ചെയ്തുവരുന്നു. തുടക്കത്തിൽ അവിദഗ്ധ ജോലികൾ ഏറ്റെടുക്കുന്ന തരത്തിലും തുടർന്ന് വിദഗ്ധ തൊഴിൽ ഏറ്റെടുക്കുന്ന തരത്തിലും ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ആരംഭിക്കേണ്ടതാണ്. ഇതിനുള്ള തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സൊസൈറ്റികൾക്ക് ജോയിന്റ് രജിസ്റ്റാർ (സഹകരണം) ലൂടെ നൽകണം.
9. ആരോഗ്യ പരിരക്ഷയ്ക്കായി സർക്കാർ തലത്തിൽ പട്ടികജാതി കോളനികളിൽ മെഡിക്കൽ ക്യാമ്പിലൂടെ രോഗ നിർണ്ണയം നടത്തി സ്ഥിരമായി പ്രതിരോധ സംവിധാനം ഉറപ്പാക്കണം .
10. വൃദ്ധജന പരിപാലനം സർക്കാർ തലത്തിൽ പട്ടികജാതി വികസന വകുപ്പിലൂടെ കൂടുതൽ തുക പുതിയ പദ്ധതിയിലൂടെ അനുവദിക്കേണ്ടതാണ്.
11. നിർജ്ജീവമായ സൊസൈറ്റികൾ പുനർജ്ജീവിപ്പിക്കുക. ഇവയ്ക്കാവശ്യമായ ഓഹരി മൂലധനം, പ്രവർത്തന മൂലധനം എന്നിവയിൽ മാനേജീരിയൽ സബ്സിഡി സർക്കാർ തലത്തിൽ നൽകുക. പട്ടികജാതി വികസന വകുപ്പിലൂടെ സഹകരണ സംഘങ്ങളുടെ നവോദ്ധാനത്തിനായി പദ്ധതി ആവിഷ്ക്കരിക്കുകയും. വായ്പകൾ എഴുതിത്തള്ളുകയും, സർക്കാർ തലത്തിൽ കൂടുതൽ തുക അനുവദിക്കുകയും ചെയ്യുക.
12. ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുക. (ഗവി, അടവി ഇക്കോ ടൂറിസം) വനങ്ങളാൽ സമ്പുഷ്ടമാണ് പത്തനംതിട്ട ജില്ല. ട്രക്കിംഗ്, ഏറുമാടങ്ങളിൽ താമസ സൗകര്യം, പുഴകളുടെ ഉത്ഭവ സ്ഥാനത്തേക്കുള്ള വിനോദയാത്ര എന്നിവ പരിപോഷിപ്പിച്ചാൽ പട്ടികജാതി പട്ടിക വർഗ്ഗ യുവാക്കൾക്ക് തൊഴിൽ സാധ്യത ഉണ്ടാകും. തുക പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി ടൂറിസം വകുപ്പിലൂടെ ആവിഷ്ക്കരിക്കണം.
13. ജില്ലയിലെ ശുദ്ധജല ലഭ്യത കണക്കിലെടുത്ത് മിനറൽ വാട്ടർ പ്ലാന്റ് സ്ഥാപിക്കുക. ജില്ലയിലെ നദികൾ (പമ്പ ഒഴികെ) ഉള്ളവ ശുദ്ധജലത്തിന്റെ സ്രോതസ്സാണ്. ഇപ്രകാരമുള്ള ജലത്തിന് ഔഷധ ഗുണമുണ്ടെന്നും അഭിപ്രായമുണ്ട്. ഈ ജലം ശുദ്ധീകരിച്ച് കുടിവെള്ളകുപ്പികളിലാക്കി വിതരണം ചെയ്യുന്ന ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. തുക പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി വ്യവസായ വകുപ്പിലൂടെ ആവിഷ്ക്കരിക്കണം

14. ഒരു മണ്ഡലത്തിൽ ഒരു ഇലക്ട്രിക്ക് ശ്മശാനമെങ്കിലും സ്ഥാപിക്കുക. മിക്ക കുടുംബങ്ങളും ജീവിക്കുന്നത് 3 സെന്റോ അതിൽ താഴെയോ ഉള്ള ഭൂമിയിലാണ്. പുതിയ കുടുംബങ്ങൾ ഉണ്ടാകുമ്പോൾ ഇവയുടെ വിസ്തീർണ്ണം പിന്നെയും കുറയുന്നു. തൻമൂലം ശവസംസ്ക്കാരത്തിന് നിലവിലുള്ള വീടിന്റെ മുറിയോ തിണ്ണയോ പൊളിച്ചു മാറ്റി ശവസംസ്ക്കാരം നടത്തുന്നതായി റിപ്പോർട്ടുണ്ട്. തുക പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കണം.
15. പരമ്പരാഗത തൊഴിൽ പുനരുജ്ജീവിപ്പിക്കുക. ഈറ്റ അസംസ്കൃത വസ്തുവായി ഉപയോഗിച്ചു കൊണ്ട് പരമ്പരാഗത തൊഴിൽ ചെയ്തുകൊണ്ടിരുന്ന ധാരാളം കുടുംബങ്ങൾ ഇന്ന് ആ തൊഴിലിനോട് വിട പറഞ്ഞു. സബ്സിഡി നിരക്കിൽ ഈറ്റ നൽകുന്നതിനുള്ള നടപടിയും ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള വിപണിയും സജ്ജമാക്കേണ്ടതുണ്ട്. തുക പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കണം.
16. പരമ്പരാഗത കലകൾ സംരക്ഷിക്കുക. പട്ടികജാതിക്കാർക്കിടയിൽ സാംസ്ക്കാരിക തനിമ കൊണ്ട് ശ്രദ്ധേയമായിരുന്ന പല കലകളും കലാരൂപങ്ങളും അന്യം നിന്നുപോയി. ഇവയെ പരിപോഷിപ്പിക്കുവാൻ സർക്കാർ തലത്തിൽ പദ്ധതികളും വേദികളും ഉണ്ടാകണം. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ഓണം, ക്രിസ്തുമസ് ആഘോഷ വേളകളിലും വകുപ്പിന്റെ മേളയിലും ഈ കലാരൂപങ്ങൾ പ്രദർശിപ്പിക്കുവാൻ കൂടുതൽ അവസരം നൽകണം.
17. ഉപജീവന മാർഗ്ഗത്തിന് സർക്കാർ തലത്തിൽ സബ്സിഡി മാനദണ്ഡങ്ങൾ പുതുക്കണം.
18. ഒറ്റ മുറി വീടുകൾ, സർക്കാർ തലത്തിൽ പട്ടികജാതി വികസന വകുപ്പിലൂടെ പഠന മുറി മാതൃകയിൽ പദ്ധതി ആവിഷ്കരിക്കണം.
19. സ്പിൽ ഓവർ വീടുകൾക്ക് സർക്കാർ തലത്തിൽ കൂടുതൽ തുക അനുവദിക്കുകയും വായ്പ പദ്ധതികളിലൂടെ തുക കണ്ടെത്തുകയും വേണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. **ഭൂരഹിത ഭവനരഹിതർക്കായി** ത്രിതല പഞ്ചായത്തുകൾ 5 വർഷം കൊണ്ട് 5925 പേർക്ക് ആനുകൂല്യം നൽകുന്നതിനും ***ഭവനരഹിതർക്കായി*** 5 വർഷം കൊണ്ട് 2760 വീടുകൾ നൽകുന്നതിനും ***ഭവന പുനരുദ്ധാരണത്തിന്*** 5 വർഷം കൊണ്ട് 8000 പേർക്ക് നൽകാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. ആയതിന് ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പദ്ധതി വിഹിതം നൽകുക.
2. ഒറ്റ മുറി വീടുകൾ ത്രിതല പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ ആവിഷ്ക്കരിക്കണം
3. വ്യക്തിഗത ഗാർഹിക കുടിവെള്ള കണക്ഷൻ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലും കോളനി കേന്ദ്രീകരിച്ചുള്ള കുടിവെള്ള പദ്ധതി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുതലത്തിൽ ഏറ്റെടുക്കുകയും വേണം.
4. ഗ്രാമസഭകൾ ഗൗരവത്തോടുകൂടി ചേരുവാനും ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളെക്കുറിച്ച് ബ്ലോക്ക്, ജില്ല പഞ്ചായത്തുകളിൽ അവതരിപ്പിക്കുകയും ആയതിൽ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.
5. ജില്ലാ ബ്ലോക്ക് പദ്ധതികളെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിൽ മുൻകൂട്ടി അറിയിപ്പ് നൽകുകയും ഗ്രാമസഭയിൽ അവതരിപ്പിക്കുകയും വേണം.
6. വൃദ്ധജന പരിപാലനത്തിന് വൃദ്ധ സദനങ്ങൾ ഉപയോഗ ക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ആവിഷ്കരിക്കുക.
7. മണ്ണ് ജല സംരക്ഷണ പദ്ധതികൾക്ക് ത്രിതല പഞ്ചായത്തുകൾ പദ്ധതി ആവിഷ്ക്കരിച്ച് 5 വർഷം കൊണ്ട് പ്രശ്ന പരിഹാരം കണ്ടെത്തണം.
8. നൈപുണ്യ വികസനത്തിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പങ്കാളികൾ ആവുകയും വേണം.
9. കരിയർ ഗൈഡൻസിനായി ഗ്രാമപഞ്ചായത്തു തലത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്.
10. സഹകരണ വകുപ്പിലൂടെ നിർജ്ജീവ സംഘങ്ങൾ കണ്ടെത്തി അവയ്ക്കായി എം.ഡി.എസ് പദ്ധതി നടപ്പിലാക്കുകയും മാനേജീരിയൽ സബ്സിഡി നൽകുകയും ചെയ്യുക.
11. ഉപജീവനത്തിനു പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യണം. ത്രിതല പഞ്ചായത്തുകൾ വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിക്കുകയും, ബാങ്ക് വായ്പ ലഭ്യമാക്കുകയും വേണം. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കണം ഉദാ.

മലയോര മേഖലയിൽ തേൻകൃഷി, ഇടനാട്ടിൽ നാണ്യവിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ, അപ്പർകുട്ടനാട്ടിൽ നെല്ല്, മത്സ്യം, താറാവ് എന്നിങ്ങനെ.

12. ആരോഗ്യ പരിരക്ഷയ്ക്കായി പകർച്ച വ്യാധികൾ, മാരക രോഗങ്ങൾ എന്നിവ തടയുന്നതിനും ഗ്രാമപഞ്ചായത്തുതലത്തിൽ പദ്ധതി ആവിഷ്ക്കരിക്കുകയും ആയത് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുകയും വേണം.
13. മാലിന്യ നിർമ്മാജ്ജനം, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്ക്കരിക്കണം.
14. ടൂറിസം മേഖലയിലെ സാധ്യതകൾക്കായി ഗ്രാമ, ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതി ആവിഷ്ക്കരിക്കണം. മാംസ ഉത്പാദനത്തിനായി ഒരു പദ്ധതി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കണം. കന്നുകുട്ടികളെ നൽകി പരിപാലിച്ച് തിരികെ വാങ്ങുന്ന പദ്ധതി. (ബ്രഹ്മഗിരി മോഡൽ, വയനാട്)
15. സ്പിൽ ഓവർ വീടുകൾക്ക് ത്രിതല പഞ്ചായത്തുകൾ വാർഷിക പദ്ധതിയിലൂടെ കൂടുതൽ തുക വകയിരുത്തണം.

സംയോജിത പ്രോജക്ടുകളുടെ സാദ്ധ്യത

- ഭൂരഹിത ഭവനരഹിതർ, ഭവന പുനരുദ്ധാരണം തുടങ്ങിയവയ്ക്ക് പട്ടികജാതി വകുപ്പും ത്രിതല പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ച് ലൈഫ് മാതൃകയിൽ നിർവഹണം നടത്തുക.
- പി.ഡബ്ല്യു.വകുപ്പുംത്രിതലപഞ്ചായത്തുമായിചേർന്ന് മാലിന്യ സംസ്കരണ പ്ലാന്റ് ആരംഭിച്ച് റോഡ് ടാറിംഗിന് ഉപയുക്തമാക്കുക.
- പട്ടികജാതി സഹകരണ സംഘങ്ങൾ 3 വർഷം കൊണ്ട് പ്രവർത്തന സജ്ജമാക്കാൻ പട്ടികജാതി വികസന വകുപ്പും സഹകരണ വകുപ്പും ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുക.
- ആരോഗ്യ പരിപാലനത്തിനു വേണ്ടി സർക്കാരും ത്രിതല പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ച് ആർദ്രം മാതൃകയിൽ നിർവഹണം നടത്തുക.
- ഇലക്ട്രിക്ക് ശ്മശാനത്തിനു വേണ്ടി സർക്കാരും ത്രിതല പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കുക.
- ത്രിതല പഞ്ചായത്തും മണ്ണ് ജല സംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ച് നിർവഹണം നടത്തുക. മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയുമായി സംയോജനം വേണം.
- കരിയർ ഗൈഡൻസിനൻസ് വിദ്ധ്യാർത്ഥികൾക്ക് നൽകികൊണ്ട് വകുപ്പും ത്രിതല പഞ്ചായത്തും സംയുക്തമായി മത്സര പരീക്ഷകളിൽ പരിശീലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- ഒറ്റ മുറി വീടുകൾ വകുപ്പും ത്രിതല പഞ്ചായത്തുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് 2022 ഓടു കൂടി പ്രശ്നം പരിഹരിക്കേണ്ടതാണ്.

- വൃദ്ധജന പരിപാലനത്തിന് വകുപ്പും ത്രിതല പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പും സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കുക.
- സ്പിൽ ഓവർ വീടുകൾക്ക് വകുപ്പുകളും ത്രിതല പഞ്ചായത്തുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് 2022 ൽ തന്നെ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പട്ടികവർഗ്ഗ വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിൽ പെൺകുട്ടികൾക്കായി ഒരു മോഡൽ റസിഡെൻഷ്യൽ സ്കൂൾ (ഇംഗ്ലീഷ് മീഡിയം സ്റ്റേറ്റ് സിലബസ്) ആരംഭിക്കണം. ഒപ്പം 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ആരംഭിക്കണം. മലമ്പണ്ടാര സമുദായത്തിലെ കുട്ടികൾക്കായി പ്രത്യേക സ്കൂൾ ആരംഭിക്കണം, ഒപ്പം ഗോത്രബന്ധു പദ്ധതി നടപ്പിലാക്കണം. വിദ്യാഭ്യാസ സംബന്ധിയായ

സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്

- ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി ടി.ആർ.ഡി.എം, റവന്യൂ, വനം വകുപ്പുകളുടെ പതിച്ചു നൽകാവുന്ന ഭൂമിയും പാട്ടക്കരാർ കഴിഞ്ഞ എസ്റ്റേറ്റ് ഭൂമിയും കണ്ടെത്തി നൽകണം

- ഓക്സിജൻ സൗകര്യമുള്ള രണ്ട് ആംബുലൻസുകൾ ജില്ലയ്ക്ക് അനുവദിക്കണം അതോടൊപ്പം പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതൽ ഉള്ള കോളനികളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കണം. ഗർഭിണികൾ ഉൾപ്പെടെയുള്ളവരുടെ ആരോഗ്യ പരിപാലനത്തിന് ആരോഗ്യവകുപ്പിന്റെ പ്രത്യേക സ്ക്വാഡ് രൂപീകരിക്കണം.
- മെഡിക്കൽ, എഞ്ചിനീയറിങ്ങ്, പി.എസ്.സി. റയിൽവേ മുതലായ മേഖലകളിൽ ജോലി ലഭിക്കുന്നതിനായുള്ള പരിശീലനം നൽകുന്നതിന് സ്ഥിരമായ കോച്ചിങ്ങ് സെന്റർ രൂപീകരിക്കണം.
- പട്ടികവർഗ്ഗക്കാർ, വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.സി.എസ്.ഇ., കെ.ബി.വി.പി.വൈ തുടങ്ങിയ സ്കോളർഷിപ്പുകൾ, ജി.വി.രാജ സ്പോർട്ട്സ് സ്കൂൾ, സൈനിക സ്കൂൾ, നവോദയ സ്കൂൾ, വിവിധ പ്രവേശന പരീക്ഷകൾക്കു പരിശീലനം ഇവ നൽകാനാകും വിധം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അനുമതി ഉറപ്പാക്കണം
- ഉന്നത വിദ്യാഭ്യാസത്തിനു പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനു സാമ്പത്തിക സഹായം, താമസ ഭക്ഷണം ഒരുക്കുന്നതിനും പഠന ചെലവിനു സഹായം നൽകുന്നതിനുമുള്ള സ്വാതന്ത്ര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകണം
- പട്ടികവർഗ്ഗ മേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ ചെലവു ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നതിൽ നിന്നും പട്ടികവർഗ്ഗക്കാരെ ഒഴിവാക്കി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകണം.
- പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഇത്തരത്തിൽ അധിക വകയിരുത്തൽ ഉണ്ടായിട്ടില്ല. ഇത് പുന:സ്ഥാപിക്കാവുന്നതാണ്.
- പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.
- ഊരുകൂട്ടങ്ങൾ യഥാവിധം കൂടുമോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണസമിതി അംഗങ്ങളെ ചുമതലപ്പെടുത്തണം
- പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചിനീയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനു ശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക ലാപ്സാകുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടിലും പഞ്ചായത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതു പോലെ ഫോറസ്റ്റിന്റെ ക്ലിയറൻസ്സ് സർട്ടിഫിക്കറ്റും പ്രോജക്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിക്കാവുന്നതാണ്.
- വനം, ദേവസ്വം, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിൽ പുറത്തുനിന്നുള്ള തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കുന്ന Unskilled തൊഴിലുകൾ സമീപവാസികളായ പട്ടികവർഗ്ഗകാർക്ക് ലഭ്യമാക്കുന്നതിനുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിക്കുന്നത് കൂടുതൽ ആശാസ്യമാണ്

- തെരുവ് വിളക്ക്, മിനി ഹൈമാസ്റ്റ് ലൈറ്റ് എന്നീ പരിപാടികൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തുക ഉപയോഗിക്കാതെ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർ വിദ്യാഭ്യാസത്തിനും പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.

  സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് ഇളവ് നൽകണം

    - തയ്യൽ മെഷീൻ വിതരണം
    - കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി തുടങ്ങിയ പണി ആയുധങ്ങൾ (വനാശ്രിത സമൂഹമായതുകൊണ്ട്)
    - എൽ.പി.ജി.കണക്ഷൻ
- വീട് വയറിംഗ് ഇല്ലാത്തതിനാൽ സമ്പൂർണ്ണം വൈദ്യുതീകരണം നടത്താത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീട് വയറിംഗ് നിർബന്ധമായും നടത്തി ഗാർഹിക കണക്ഷൻ നല്കുന്നതിനു പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.
- ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ് ശുചിത്വം, കിണർ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് അതാത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ തൊഴിൽ ശേഷി വികസിപ്പിക്കുവാനാകും വിധമുള്ള പ്രോജക്ടുകൾക്കു മുൻഗണന നൽകണം.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യായന നിലവാരം വർദ്ധിപ്പിക്കുന്നതിനും ഡ്രോപ്പൌട്ട് നിശ്ശേഷം ഇല്ലാതാകുന്നതിനും ഉതകുന്ന പ്രോകജക്ടുകൾ ആവിഷ്കരിക്കണം
- ടെക്നിക്കൽ സ്കൂൾ, ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ കുട്ടികൾ ചേർന്നു പഠിക്കുന്നതിനു വേണ്ട ഒത്താശകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നതിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിയണം
- പട്ടിക വർഗ്ഗ മേഖലയിലെ എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കുട്ടികൾക്കു പ്രഭാത ഭക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുന്നതിനു കഴിയണം.
- പട്ടികവർഗ്ഗ ഉപസമിതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇവ ഊരുകൂട്ടങ്ങളെ വിശ്വാസത്തിലെടുത്തു കൊണ്ടും അവരുടെ പങ്കാളിത്തത്തോടും കൂടി നടത്തുന്നതിനും പ്രാമുഖ്യം നൽകണം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗക ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
- തദ്ദേശ ഭരണ സ്ഥാപനങ്ങളും, പട്ടികവർഗ്ഗ വികസന വകുപ്പും പല പദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ പ്രവർത്തിന രഹിതമായിക്കിടക്കുന്നു. ഇത് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കണം
- ടി.എസ്.പി വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെ പ്രയോജനം ഒട്ടും തന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. ടി.എസ്.പി ഫണ്ടിന് പുറമേ ജനറൽ ഫണ്ടും പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഉപയോഗിക്കണം. എന്നാൽ മാത്രമേ

പട്ടികവർഗ്ഗക്കാരുടെ ഭരണഘടനാപരമായ അവകാശം സംരക്ഷിച്ചു അവരുടെ വികസനം സാധ്യമാവുകയുള്ളു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത വിഹിതം പട്ടികവർഗ്ഗക്കാർക്കായി നീക്കിവയ്ക്കണം
- പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ട് വഴി പ്രഭാതഭക്ഷണം നൽകണം
- ഭൂമി ശാസ്ത്രപരമായി അനുയോജ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണപദ്ധതി ഒഴിവാക്കുന്നതാണ്
- പട്ടികവർഗ്ഗ കോളനികളിൽ ആവശ്യമായ സൗകര്യങ്ങളോടുകൂടിയ (ഹൈടെക്) അംഗനവാടികൾ, നഴ്സറി സ്കൂൾ തുടങ്ങിയ സ്ഥാപിക്കുകയും എല്ലാ പട്ടികവർഗ്ഗ കോളനികളിലും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ സാമൂഹ്യപഠനമുറി നിർമ്മിച്ചു നൽകുകയും വേണം.
- കുടിവെള്ളം, വൈദ്യുതി, നടപ്പാതകൾ, വാഹനങ്ങൾ എത്തിച്ചേരുന്നതിനുള്ള റോഡുകൾ എന്നിവ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആവിഷ്കരിക്കണം.
- വൃദ്ധർ, വികലാംഗർ, ഗർഭിണികൾ, ശിശുക്കൾ എന്നിവർക്ക് ആരോഗ്യസംരക്ഷണത്തിന് ഉതകുന്ന പദ്ധതികൾ കാലാനുസൃതമായ മാറ്റങ്ങളോടെ നടപ്പിലാക്കണം
- കൃഷിയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വിവിധ പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കണം. പി.എസ്.സി കോച്ചിങ്ങ് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കണം.
- പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും (ഉദാഹരണത്തിന്– വിവാഹ ധനസഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ, ലാപ്ടോപ്പ് വിതരണം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന കോഴ്സുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ ഭരണ വകുപ്പ് നൽകിയാൽ മതിയാകും. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിയ്ക്ക് പരിശോധിക്കാവുന്നതാണ്.

IV. സംയോജിത പ്രോജക്ടുകളുടെ സാദ്ധ്യത

ഭവന നിർമ്മാണം

- ഭൂരഹിത ഭവനരഹിതർ, ഭവന പുനരുദ്ധാരണം തുടങ്ങിയവയ്ക്ക് പട്ടികവർഗ്ഗ വകുപ്പും ത്രിതല പഞ്ചായത്തും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ച് ലൈഫ് പ്രോജക്ടുമായി സംയോജിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

- വിദ്യാഭ്യാസ വകുപ്പ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക. കായികം, യുവജനക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ മേഖലയിലെ കായീക വികസനത്തിന് ക്ലബ്ബുകൾ വിപുലീകരിക്കൽ, കളിസ്ഥലങ്ങൾ വിപുലീകരിക്കൽ എന്നിവ നടപ്പിലാക്കാവുന്നതാണ്.

- പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആംബുലൻസ് സൗകര്യം, പാലിയേറ്റീവ് കെയർ, മെഡിക്കൽ സ്ക്വാഡ് എന്നിവയുടെ സേവനവും നടപ്പിലാക്കാവുന്നതാണ്.

- വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നിവ മുഖേന കുടിവെള്ളം, കൃഷിക്കാവശ്യമുള്ള ജലം എന്നിവ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. മണ്ണ് സംരക്ഷണ പദ്ധതികൾ പല പട്ടികവർഗ്ഗ കോളനികളിലും നടപ്പിലാക്കേണ്ടതുണ്ട്. മണ്ണു സംരക്ഷണ വകുപ്പുമായി ചേർന്ന് ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. റോഡ്, നടപ്പാത, നടപ്പാലം എന്നിവയുടെ നിർമ്മാണം ജില്ലാ നിർമ്മിതികേന്ദ്രം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്. ഇനിയും വൈദ്യുതി ലഭ്യമാകാത്ത കോളനികളിൽ വൈദ്യുതി ബോർഡുമായി ചേർന്ന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

- തൊഴിൽ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ് എന്നിവയുമായി ചേർന്ന് പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ പരിശീലനം, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, വിപണനം എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

- പട്ടികവർഗ്ഗക്കാർക്ക് മതിയായ ഭൂമി ഉണ്ടെന്നതിനാൽ ടി ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ, നൈപുണ്യ വികസന പരിശീലനത്തോടും കൂടി ആരംഭിക്കാനാകുന്ന പ്രോജക്ടുകൾക്കു രൂപം നൽകണം
- നിർദ്ധനരായ വിദ്യാർത്ഥികൾക്കു പ്രഭാത ഭക്ഷണം, പഠനം പിന്നോക്കം നിൽക്കുന്നവർക്കു ട്യൂഷൻ, സ്പോർട്സ് കിറ്റുകൾ, മാനസിക വളർച്ചക്കു ആവശ്യമായ കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, പൂരക ഭക്ഷണ പരിപാടി, മത്സര പരീക്ഷകൾക്കുള്ള പരിശീലനം എന്നിവ കൂടി സംയോജന സാദ്ധ്യതയിൽ ഉൾപ്പെടുത്തി അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാനാകും വിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ ആവിഷ്ക്കരിക്കണം.
- അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെട്ടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനെ ആവിഷ്ക്കരിക്കണം.

- ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗക്കാർക്കിടയിൽ ലഹരി ഉപയോഗവും മദ്യപാനശീലവും വളരെക്കൂടുതലാണ്. വകുപ്പിന്റെ നേതൃത്വത്തിൽ പോലീസ്, എക്സൈസ് സഹായത്തോടെ വിപുലമായ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്താവുന്നതാണ്.
- പട്ടികവർഗ്ഗ മേഖലകളിൽ പച്ചമരുന്ന് കൃഷി ചെയ്യുന്നതിന് ആയൂർവേദ വകുപ്പ്, വനംവകുപ്പ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്.
- പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വന ഉല്പന്നങ്ങൾ, ടൂറിസം, വനം എന്നീ വകുപ്പുകളുമായി സഹകരിച്ച് വിപണനം നടത്താവുന്നതാണ്. കേരള സംസ്ഥാന പട്ടികജാതി/പട്ടിവർഗ്ഗ വികസന ഫെഡറേഷന്റെ ജില്ലയിലെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.
- ഗോത്രവർഗ്ഗ കുടുംബങ്ങളിൽ സാക്ഷരത യജ്ഞം ആരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ സാക്ഷരതാമിഷനുമായി ചേർന്ന് ആവിഷ്കരിക്കുക. സാക്ഷരതാ പ്രേരക്മാർ പഞ്ചായത്ത്/സാക്ഷരതാ മിഷനുമായി പങ്ക്വെയ്ക്കുന്ന ഫീൽഡ്തല വിവരങ്ങൾ ജില്ലാ ഓഫീനു കൈമാറുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
- പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പശ്ചാത്തല മേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിനുസമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. MPLAD, MLA മാരുടെ പ്രാദേശിക വികസന ഫണ്ട്, നബാർഡിന്റെ

ഗ്രാമീണ പശ്ചാത്തല മേഖലയുടെ വികസന ഫണ്ട് (RIDF) പട്ടികവർഗ്ഗ വികസന വകുപ്പിലെ കോർപ്പസ്/പൂൾഡ് ഫണ്ട് ഇവയുമായി സംയോജിപ്പിച്ചു ബൃഹത് പദ്ധതി ആവിഷ്ക്കരിക്കണം.

- മുട്ടക്കോഴി വളർത്തൽ, ആടുവളർത്തൽ, കറവ പശുവളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മിൽക്ക് സൊസൈറ്റികൾ, കുടുംബശ്രീ ഇവയുമായി സംയോജിപ്പിച്ചു ടി പദ്ധതികൾ സുസ്ഥിരമായ വരുമാനദായകമായ രീതിയിൽ നടപ്പാക്കാവുന്നതാണ്. ഇത്തരം പദ്ധതികൾക്കു ഗുണഭോകതൃ വിഹിതം ഒഴിവാക്കണം.
- വന്യമൃഗങ്ങളുടെ ശല്യം ചെറുക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ആദായകരമായി നടത്താവുന്ന ഇഞ്ചി, മഞ്ഞൾ കസ്തൂരി മഞ്ഞൾ ഇവ വാണിജ്യപരമായി കൃഷി ചെയ്യുന്നതിനും അതിന്റെ തണലിൽ മറ്റു ഭക്ഷവിളകളും കൃഷി ചെയ്തു ഭക്ഷ്യ സുരക്ഷയും വരുമാനവും ഉറപ്പു വരുത്താനാകുന്ന പ്രോജക്ടുകൾക്കു കൃഷിവകുപ്പുമായി സഹകരിച്ച് പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

14.വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ എന്നിവരുടെ വികസനം

പരിപ്രേക്ഷ്യം (വനിതകൾ)

1. വനിതകൾ

ജില്ലയിൽ വാസയോഗ്യമായ 45% പ്രദേശത്ത് കേരള ശരാശരിക്ക് അനുസൃതമായി 51% സ്ത്രീജനങ്ങൾ ഉണ്ട്. ആകെ ജനസംഖ്യ 11,25,611, സ്ത്രീകൾ 6,94,627, ശതമാനം 50.8%.

ഗ്രാമപ്രദേശത്തെ ജനസംഖ്യയുടെ ആകെ ജനസംഖ്യയിൽ 5,65,979 പേർ സ്ത്രീകൾ ആണ്. ജില്ലയിൽ 2015–2016 വർഷം സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങളുടെ എണ്ണം 332. ജില്ലയിൽ കുടുംബകോടതിയിൽ വിവാഹമോചനക്കേസുകൾ 10,136. തൊഴിൽ പങ്കാളിത്തം അസംഘടിത മേഖല 11,099. സംഘടിത മേഖല 9,180. സ്ത്രീ സാക്ഷരത 95.83%. പത്തനംതിട്ട ജില്ലയെ മാതൃകാസ്ത്രീ സൗഹൃദ ജില്ലയായി മാറ്റുക എന്നതാണ് ലക്ഷ്യം.

ജില്ലാതല മേഖലാ പരിപ്രേക്ഷ്യം

1. സ്ത്രീ സൗഹൃദ ജില്ലയാക്കുക.
2. ഭരണഘടന വിഭാവനം ചെയ്യുന്ന ലിംഗനീതി ഉറപ്പാക്കുക.
3. സ്ത്രീസുരക്ഷാ നിയമ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
4. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുക.
5. തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുക.
6. ആരോഗ്യമേഖല നവീകരിക്കുക.
7. പ്രൊഫഷണൽ/സാങ്കേതിക/വ്യവസായ/തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുക.
8. നിർബന്ധിത/ശൈശവ വിവാഹം തീർത്തും ഇല്ലാതാക്കുക.
9. വനിത ഗ്രൂപ്പുകളെ വിഷരഹിത കൃഷിയിൽ ആകൃഷ്ടരാക്കുക. പത്തു ശതമാനം തുക വനിതകൾക്ക് മാത്രം നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്ക് വിനിയോഗിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിൽ ''ലിംഗസമത്വം'' സംബന്ധിച്ച് എല്ലാ മേഖലയിലും, അറിവ് നൽകേണ്ടതാണ്.

- വനിതാ സംരക്ഷണം സംബന്ധിച്ച ആക്റ്റുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ വകുപ്പുകളിലും നിർദ്ദേശം നൽകേണ്ടതാണ്.
- വനിതാ പോലീസ് സ്റ്റേഷനുകൾ എല്ലാ ഗ്രാമപ്രദേശങ്ങളിലും.
- ഉന്നത വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് ഫീസ് ഇളവ്.
- വരുമാന നികുതി സ്ത്രീകൾക്ക് ഇളവ് നൽകുക.
- ജില്ലയിൽ ഒരു ICDS Office മാതൃകാ വനിതാ ശിശുവികസന കേന്ദ്രമാക്കി മാക്കി മാറ്റി വികസനം സംബന്ധിച്ച വിഭവകേന്ദ്രമാക്കി മാറ്റുക.

- ജീവിതശൈലി രോഗങ്ങൾ തടയുന്നതിനും ആരോഗ്യ സംരക്ഷണത്തിനും ഗ്രാമതലത്തിൽ വനിതാ ഡോക്ടറുടെ സേവനം.
- സ്കൂൾ തലത്തിൽ വിദ്യാർത്ഥികളിൽ സ്ത്രീസൗഹൃദ കാഴ്ചപ്പാടു സൃഷ്ടിക്കുന്നതിനുള്ള പാഠ്യപദ്ധതി ആവിഷ്ക്കരിക്കുക.
- ജില്ലയിൽ ഗ്രാമപ്രദേശം കേന്ദ്രീകരിച്ച് ഒരു വനിതാസെൽ
- വീട്ടുജോലിക്കാരായ വനിതകൾക്ക് നിയമപരിരക്ഷ ഉറപ്പാക്കാനുള്ള നടപടി.
- ഗാർഹികാതിക്രമത്തിനിരയാകുന്ന വനിതക്കൊപ്പമുള്ള കുട്ടികൾക്ക് സാമ്പത്തിക സഹായം (സ്പോൺസർഷിപ്പ്)
- യാചകരായ മുതിർന്ന സ്ത്രീകളുടെ പുനരധിവാസം.
- എല്ലാ പൊതുസ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും മുലയൂട്ടൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
- സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വനിതകൾക്കും പെൺകുട്ടികൾക്കും ഷെൽറ്റർഹോം അനുവദിക്കുക
- അവിവാഹിതർ, തീർത്തും ഒറ്റപ്പെട്ട് ആരും സംരക്ഷിക്കാൻ ഇല്ലാതെ കഴിയുന്ന വനിതകളുടെ വിവരശേഖരണം.
- ഗ്രാമപ്രദേശങ്ങളിൽ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനിത സെൽ തുടങ്ങുക
- അസംഘടിത മേഖലകളിൽ തൊഴിലെടുക്കുന്നവർ, തൊഴിലിടങ്ങളിലെ പീഡനങ്ങൾക്കിരയാകുന്നവർ, തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമത്തിൽ നിന്നും സംരക്ഷണം നൽകുന്ന 2013ലെ നിയമ പ്രകാരമുള്ള ICC (ഇൻറേണൽ കംപ്ലയിൻറ് കമ്മിറ്റി രൂപീകരണം)

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- എല്ലാ പഞ്ചായത്തിലും വാർഡ്തലജാഗ്രതാ സമിതികളും, പഞ്ചായത്ത് തല ജാഗ്രതാസമിതികളും ശാക്തീകരിക്കുക.
- എല്ലാ പൊതുസ്ഥലങ്ങളിലും, പൊതുകെട്ടിടങ്ങളിലും സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ, മുലയൂട്ടൽ കേന്ദ്രങ്ങൽ സ്ഥാപിക്കുക.
- സ്വയം രക്ഷയ്ക്കായി പെൺകുട്ടികൾക്ക് ആയോധന കലകളിൽ പ്രാവീണ്യം നൽകുക.
- ജില്ലയിൽ വൺഡേ ഹോം, നിർഭയാഷെൽട്ടർ ഹോം എന്നിവ സ്ഥാപിക്കുക.
- വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീസുരക്ഷാ നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- ഉന്നത വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് ഫീസ് ഇളവ് അനുവദിക്കുക.
- ഗവ. പദ്ധതികളെക്കുറിച്ച് സ്ത്രീകൾക്ക് അവബോധം നൽകുക
- അടിസ്ഥാന യോഗ്യതയുള്ള വനിതകൾക്ക് ഉപരിപഠന തൊഴിലധിഷ്ഠിത പരിശീലനം.
- വ്യാവസായികമായി വനിതകൾക്ക് സ്വയംതൊഴിൽ പരിശീലന സാഹചര്യം.
- ജില്ലയിൽ യാത്രചെയ്ത് എത്തിച്ചേരുന്ന വനിതകൾ ഒരു ദിവസമെങ്കിലും താമസിക്കുന്നതിന് ജെൻഡർ പാർക്കുകൾ.
- ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിനായി കൈത്താങ്ങ് കർമ്മസേന പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും നടപ്പിലാക്കുക

സംയോജന സാദ്ധ്യതകൾ

- ജില്ലയിൽ കേന്ദ്ര പദ്ധതി കൾ ഉൾപ്പെടുത്തി വനിതാ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് കുടുംബശ്രീഎന്നിവ ചേർന്ന് പ്രവർത്തനം നടത്താവുന്നതാണ്. കുടുംബശ്രീയുടെ ജെൻന്റർ ഹെൽപ്പ്ഡെസ്ക്, സ്നേഹിത സാമൂഹ്യനീതി വകുപ്പിന്റെ നിർഭയാകേന്ദ്രവുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.
- എല്ലാ സ്ക്കൂളുകളിലും ലിംഗസമത്വം, വിവിധ ആക്റ്റുകൾ എന്നിവ സംബന്ധിച്ച് പഞ്ചായത്തുകളുടെ സഹകരണത്തോടെ കുട്ടികൾക്കും, മാതാപിതാക്കൾക്കും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.
- ആരോഗ്യ വകുപ്പുമായി ചേർന്ന് പോഷകാഹാരം, ആരോഗ്യസംരക്ഷണം എന്നീ വിഷയങ്ങളിൽ പഞ്ചായത്ത് തല ഗ്രാമസഭകളിൽ പൊതുജനങ്ങൾക്കായി ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.
- അങ്കണവാടി കൗമാര ക്ലബ്ബ് പ്രവർത്തനങ്ങളും പെൺകുട്ടികൾക്കു വേണ്ടിയുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് നടപ്പാക്കുക.

2. വയോജനങ്ങൾ

വികസനപരിപ്രേക്ഷ്യം

ജില്ലയിലെ ജനസംഖ്യയിൽ 15% വയോജനങ്ങളാണ്. 30 വയോജന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിൽ 5 എണ്ണം സർക്കാർ ഗ്രാന്റോടുകൂടിയും ഒരെണ്ണം സർക്കാർ ഉടമസ്ഥതയിലും പ്രവർത്തിക്കുന്നു. 570 സ്ത്രീകളും 315 പുരുഷൻമാരും ഇവിടെ താമസിക്കുന്നു.

1) എല്ലാ വയോജനങ്ങൾക്കും പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
2) അർഹരായിട്ടുള്ളവർക്ക് തന്നെ പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) എല്ലാ പൊതുസ്ഥലങ്ങളും സർക്കാർ ആഫീസുകളും വയോജനങ്ങൾക്ക് പ്രവേശനം എളുപ്പത്തിൽ സാധ്യമാക്കും വിധം റാമ്പുകളും കൈവരികളും ഉള്ളതാകണം. അപ്രകാരം ജില്ലയെ വയോജന സൗഹൃദ ജില്ലയാക്കുക.
4) മെഡിക്കൽ കോളേജുകൾ/ജില്ല/താലൂക്ക് ജനറൽ ആശുപത്രികളിൽ വയോജന പരിപാലന വാർഡുകളുണ്ടാകണം.
5) വാർദ്ധക്യവുമായി ബന്ധപ്പെട്ട് ശാരീരിക ബുദ്ധിമുട്ടുള്ള വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകുക.
6) വയോജനങ്ങൾക്ക് സാമൂഹ്യസുരക്ഷിതത്വവും നിയമ സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി സൗജന്യ നിയമ സഹായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് DLSA യുമായി ചേർന്ന് ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുകയും ചെയ്യുക.
7) ഗ്രാമങ്ങളിൽ എല്ലാ അൻപത് വീടുകൾ കേന്ദ്രീകരിച്ചും പട്ടണങ്ങളിൽ റസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചും വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- വയോജന നയം 2013 പ്രകാരം മുതിർന്ന പൗരൻമാർക്ക് പെൻഷൻ, വിശ്രമത്തിനും, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉറപ്പാക്കുക.
- പൊതു ഗതാഗത സംവിധാനത്തിൽ വയോജനങ്ങൾക്കുള്ള സീറ്റ് സംവരണം കർശനമാക്കുക.
- മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും അവകാശങ്ങൾ സംബന്ധിച്ച നിയമം– 2007 എല്ലാ ജനവിഭാഗങ്ങൾക്കും, എത്തിക്കുന്നതിന് നടപടി സ്വീകരിക്കുക. യുവതലമുറയ്ക്ക് സ്വന്തം കുടുംബത്തോടും സമൂഹത്തോടുമുള്ള കടമകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്ന തരത്തിൽ പാഠ്യ, പാഠ്യേതര പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുക ചെയ്യുക.
- എല്ലാ സർക്കാർ ആശുപത്രികളോടും ചേർന്നു 24 മണിക്കൂറും ജെറിയാ–ട്രിക്ക് 4 പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സജ്ജമാക്കുക.

- പൊതുനിരത്തുകളും പൊതുസ്ഥാപനങ്ങളും വയോജനസൗഹൃദമാക്കുന്നതിന് അവിടെ റാമ്പുകളും കൈവരികളും നിർമ്മിക്കുക.
- വാർദ്ധക്യകാല പെൻഷൻ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- എല്ലാ സർക്കാർ സ്ഥാപനങ്ങളും വയോജനസൗഹൃദം ആണെന്ന് ഉറപ്പാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ❖ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വയോജന ക്ലിനിക്കുകൾ പകൽവീടുകൾ എന്നിവ പ്രവർത്തിപ്പിക്കുക.
- ❖ അങ്കണവാടികളോടനുബന്ധിച്ച് വയോജനങ്ങളുടെ വിശ്രമത്തിനും വിനോദത്തിനും, ഉപകരിക്കും വിധം വയോജന ക്ലബ്ബുകൾ രൂപീകരിക്കുക
- ❖ മാസംതോറും ആരോഗ്യ പരിശോധന
- ❖ പഞ്ചായത്ത് തലത്തിലും വയോമിത്രം പരിപാടികൾ വ്യാപിപ്പിക്കുക.
- ❖ ഒരു പഞ്ചായത്തിൽ ഒരു പകൽവീട് സ്ഥാപിക്കുക.
- ❖ വയോജനങ്ങളുടെ അയൽക്കൂട്ടം രൂപീകരിക്കുക.
- ❖ കൗമാര പ്രായക്കാർക്കും കുട്ടികൾക്കും വയോജന പരിചരണത്തെപ്പറ്റിയും സംരക്ഷണത്തെപ്പറ്റിയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

സംയോജനസാദ്ധ്യതകൾ

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റിന്റെയും ആരോഗ്യമേഖലയുടേയും സഹകരണത്തോടെ പകൽവീടുകൾ വയോജനക്ലബ്ബുകൾ എന്നിവ സുസജ്ജമാക്കാൻ കഴിയും.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എം.എൽ.എ.ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകാവുന്നതാണ്. വയോജന ദിനം പോലുള്ള ആഘോഷങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

• വയോജനങ്ങളുടെ സ്ഥിതി വിവരങ്ങൾ ശേഖരിക്കുക	–	സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീ.
• വയോജന സൗഹൃദ ആശുപത്രികൾ	–	ജില്ലാപഞ്ചായത്ത്, ആരോഗ്യവകുപ്പ്
• ആരോഗ്യ പരിപാലനം	–	ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്.
• ഭക്ഷണം	–	തദ്ദേശസ്വയംഭരണവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സിവിൽ സപ്ലൈസ്.
• വാർദ്ധക്യപെൻഷൻ	–	തദ്ദേശസ്വയംഭരണവകുപ്പ്, സമൂഹ്യനീതി വകുപ്പ്.
• കൗൺസിലിംഗ് സേവനങ്ങൾ	–	ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്.
• വയോജനങ്ങൾക്ക് സഹായ ഉപകരണം	–	ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യനീതി വകുപ്പ്.

3 ഭിന്നശേഷിക്കാർ

പരിപ്രേക്ഷ്യം

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മേൽത്തട്ടിൽ എത്തിക്കുക ജില്ലയെ ഭിന്നശേഷി സൗഹൃദമാക്കുക. ഭിന്നശേഷിക്കാരും മറ്റുള്ളവർക്കൊപ്പം എല്ലാ അവസരങ്ങളും ഉപയോഗിക്കുകയും ജീവിതം ആസ്വദിക്കുകയും ചെയ്യുന്ന തരത്തിലുള്ളതും വിവേചന രഹിതവുമായ ഒരു സമൂഹം സൃഷ്ടിക്കുക

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് തൊഴിലധിഷ്ടിത വിദ്യാഭ്യാസം നൽകുന്നതിന് കൂടുതൽ സ്ഥാപനങ്ങൾ സർക്കാർ തലത്തിൽ ആരംഭിക്കേണ്ടതാണ്.
- സർക്കാർ തലത്തിൽ മൾട്ടി ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കേണ്ടതാണ് ഇവിടെ പാർട്ടി വിഷയങ്ങൾക്കൊപ്പം വൊക്കേഷണൽ ട്രയിനിംഗ്, സ്കിൽഡെവലപ്മെന്റ് ട്രയിനിംഗുകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
- പോതുനിരത്തുകളിലും പോതുസ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് വേണ്ടി റാമ്പ്, കൈവരി, എന്നിവ നിർമ്മിക്കണം. വികലാംഗക്ഷേമകോർപ്പറേഷനെ ഭിന്നശേഷിക്കാർക്കുവേണ്ടി ആധുനിക സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് പര്യാപ്തമാക്കുക.
- പൊതുനിരത്തുകളിൽ വീൽച്ചെയർ സഞ്ചാരയോഗ്യമാക്കുന്ന തരത്തിൽ നിർമ്മാണപ്രർത്തനങ്ങൾ ചെയ്യുക.
- അസിസ്റ്റീവ് ടെക്നോളജിയിൽ പഠനങ്ങൾ നടത്തുകയും അത് ഭിന്നശേഷിക്കാർക്ക് ഉപകാരപ്രദവമാക്കുകയും ചെയ്യുക. ഉദാ : Robotic Wheel chair.
- ഭിന്നശേഷിക്കാരെ പുനഃരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മൾട്ടി സ്കിൽ ഡെവലപ്പ്മെന്ഡറ് സെന്ററുകൾ സ്ഥാപിക്കുക.
- സർക്കാർ ആശുപത്രികളിൽ ജനിതക ക്ലിനിക്കുകൾ സ്ഥാപിക്കുക.
- മാനസിക വൈകല്യം, സെറിബ്രൽ പാൾസി, എന്നിവ ഉള്ളവരെ സ്വയം പര്യാപ്തമാക്കുക, മിതമായ വൈകല്യം ഉള്ളവർക്ക്, തൊഴിൽ അധിഷ്ടിത പരിശീലനം നൽകുക. ഇത്തരത്തിലുള്ള മുഴുവൻ ആളുകളേയും സ്പെഷ്യൽ സ്കൂൾ/ബഡ്സ് സ്കൂൾ,/BRC എന്നിവിടങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- എല്ലാ പഞ്ചായത്തുകളിലും ഗതാഗത സംവിധാനമുള്ള ബഡ്സ് സ്ക്കൂളുകൾ ആരംഭിക്കുക.
- ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
- വിവിധ വകുപ്പുകൾ നൽകുന്ന സഹായങ്ങൾ അർഹരായ എല്ലാ വർക്കും ലഭിക്കുന്നു എന്ന് ഉറപ്പാക്കണം.
- വൊക്കേഷണൽ ട്രയിനിംഗ് പൂർത്തിയായവർക്ക് മുൻഗണന നൽകി തൊഴിൽ മേഖല ക്രമീകരിക്കണം.
- സ്കോളർഷിപ്പ് തുക ആവശ്യാനുസരണം ലഭ്യമാക്കുക.
- പൊതു ഇടങ്ങളിലും സർക്കാർ ഓഫീസുകളിലും റാംപ്, ഹാൻഡ്റെയിൽസ് ഏർപ്പെടുത്തുന്നതു വഴി സഞ്ചാരസ്വാതന്ത്ര്യം സ്വായത്തമാക്കുക.
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ, ബഡ്സ് സ്കൂൾ എന്നിവ സ്ഥാപിക്കുക.
- സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാനുള്ള ധനസഹായം നൽകുക.
- പഠനം പൂർത്തിയാക്കിയിട്ടുള്ള കുട്ടികൾക്ക് പി.എസ്.സി കോച്ചിംഗ്, വിദൂര വിദ്യാഭ്യാസം എന്നിയവയ്ക്ക് പ്രത്യേക പദ്ധതികൾ നടപ്പിലാക്കണം.

- ഗ്രാമ സഭാ പങ്കാളിത്തം ഇല്ലായ്മ വൈകല്യമുള്ളവരുടെ ഗ്രാമ സഭ വിളിച്ചുകൂട്ടാതിരിക്കുക എന്നിവ ഭിന്ന ശേഷിക്കാരിൽ എറ്റവും അർഹരായവർക്ക് സഹായം കിട്ടാത്ത അവസ്ഥ ഉണ്ടാക്കുന്നു.
- ഏറ്റവും അർഹതയുള്ള ഗുണഭോക്താവിനാണ് സേവനം ലഭ്യമാകുന്നതെന്നും ജീവിത മാർഗ്ഗം ഉണ്ടാകേണ്ടതെന്നും ഉറപ്പുവരുത്തേണ്ടതാണ്.
- 18 വയസ്സിന് താഴെയുള്ള കിടപ്പിലായ ഇത്തരത്തിലുള്ള മുഴുവൻ കുട്ടികൾക്കും സാമ്പത്തിക ആനുകൂല്യം കിട്ടുന്നുണ്ടെന്ന് അതാത് ഗ്രാമ പഞ്ചായത്തുകൾ ഉറപ്പാക്കണം.
- ജില്ലയിൽ 4 സെക്കോസോഷ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് പിൻതാങ്ങ് നൽകുന്ന തരത്തിൽ ജില്ലാ പഞ്ചായത്തും വകുപ്പും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതുൾപ്പെടെ ഉള്ള പ്രസ്തുത സ്ഥാപനങ്ങളുടെ ക്ഷേമത്തിനായി ഗ്രാമ പഞ്ചായത്തുകളെ കൂടി മോണിറ്ററിംഗ് കമ്മറ്റികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

സംയോജനസാദ്ധ്യതകൾ

- **തദ്ദേശസ്വയംഭരണം, കുടുംബശ്രീ, ആരോഗ്യം, എന്നീ വകുപ്പുകളുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും ബഡ്സ്സ് സ്ക്കൂളുകൾ, B.R.C എന്നിവ ആരംഭിക്കുക എല്ലാ ഭിന്നശേഷിക്കാർക്കും പെൻഷൻ, സ്ക്കോളർഷിപ്പ് സാമ്പത്തിക സഹായങ്ങൾ, എന്നിവ നൽകുക.**

➢ സ്കോളർഷിപ്പ്	–	ത്രിതല പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്
➢ ബഡ്സ് സ്കൂൾ/ ബഡ്സ് റീഹാബിലിറ്റേഷൻ	–	ത്രിതല പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്
➢ മെഡിക്കൽ ക്യാമ്പ്	–	ത്രിതല പഞ്ചായത്ത്, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്.

4 കുട്ടികൾ

വികസനപരിപ്രേക്ഷ്യം

ശിശുവികസനം അതിന്റെ എല്ലാ അർത്ഥത്തിലും നടപ്പിലാക്കി ജില്ലയെ ശിശു സൗഹൃദ ജില്ലയാക്കുക. ജില്ലയിലെ ഒരു യൂണിറ്റിനുപോലും അവകാശങ്ങൾ ഹനിക്കപ്പെടുന്നില്ല എന്നും, കൗമാരക്കാരെ ചൂഷണം ചെയ്യപ്പെടുന്നില്ല എന്നും ഉറപ്പാക്കി കൊണ്ടായിരിക്കണം ഇതു നേടാൻ

- എല്ലാ സ്ക്കൂളുകളിലും കൗൺസിലിംഗ് സെന്ററുകൾ തുടങ്ങുക.
- മാതാപിതാക്കൾക്ക് ബോധവത്ക്കരണം നൽകുക.
- ശിശു സൗഹൃദ ജില്ലയാക്കുക
- ഭിന്നശേഷി കുട്ടികൾക്കായി ഭിന്നശേഷി സൗഹൃദ ജില്ലയാക്കുക.
- പ്രാദേശികമായ ആവശ്യങ്ങൾക്കനുസരിച്ച് ഭരണ സംവിധാനങ്ങളുടെ പദ്ധതി വിഭാവനം.
- ജില്ലാ–ബ്ലോക്ക്–ഗ്രാമപഞ്ചായത്ത് ശിശുസംരക്ഷക കമ്മറ്റികൾ ശക്തിപ്പെടുത്തുക.
- കുട്ടികൾക്കായുള്ള ഗ്രാമസഭകൾ/ബാലസഭകൾ സംഘടിപ്പിക്കുക.
- കുട്ടികൾക്കായി വിനോദ പരിപാലന കേന്ദ്രങ്ങൾ പഞ്ചായത്ത് തോറും സാധ്യമാക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നീ ശീലങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത്തരം കുടുംബാന്തരീക്ഷത്തിൽ ഉൾപ്പെടുന്ന കുട്ടികളെ പുനഃരധിവസിപ്പിക്കുക.

- പീഡനങ്ങൾക്ക് ഇരയാകുന്ന കുട്ടികൾ കൂടുതലായി അധിവാസിക്കുന്ന പ്രദേശങ്ങളെ ഏരിയ മാപ്പിംഗ് നടത്തി, ഫലപ്രദമായ ഇടപെടലുകൾ സാധ്യമാക്കുക.
- കൗമാരപ്രായക്കാരുടെ കലാകായികാഭിരുചികൾ വളർത്തുന്നതിന് ബ്ലോക്ക് തലത്തിൽ സെന്ററുകൾ സാധ്യമാക്കുക.

പത്തനംതിട്ട ജില്ലയിൽ കുട്ടികളുടെ വികസനത്തിനും സംരക്ഷണത്തിനുമായി ഐ.സി.ഡി.എസ് പദ്ധതിയിൽ 1,389 അങ്കണവാടികളും ജില്ലാ ചൈൽഡ് പ്രോട്ടക്ഷൻ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- അങ്കണവാടികൾ മറ്റു പ്രീസ്ക്കൂൾ ഏജൻസികൾ എന്നിവയ്ക്കെല്ലാമായി പൊതുവായ ശിശു കേന്ദ്രീകൃത കരിക്കുലം തയ്യാറാക്കുക.
- സ്ക്കൂളുകൾ അങ്കണവാടികൾ എന്നിവ ശിശുസൗഹൃദമാക്കുന്നതിനായി കെട്ടിടങ്ങൾക്ക് പൊതുവായ പ്ലാനുകൾ തയ്യാറാക്കുക.
- ശിശു സംരക്ഷണ നിയമങ്ങൾക്കും, പ്രതിരോധകുത്തിവെയ്പ്പ്, പോഷകാഹാരപദ്ധതികൾ എന്നിവ വാർത്താമാധ്യമങ്ങളിൽ കൂടി പരസ്യങ്ങൾ നൽകുക.
- ജെ.ജെ ആക്ടിന്റെ ഫലപ്രദമായ വ്യാപനം
- സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണംകുട്ടികൾക്കായി ഗൃഹാന്തരീക്ഷം ഒരുക്കുക
- ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ
- ലഘൂകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

ജീവനക്കാർക്ക് ശിശുസൗഹൃദപരമായ സമീപനം ഉറപ്പുവരുത്തുവാൻ പരിശീലനം, ബോധവൽക്കരണം എന്നിവ നൽകുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ബോധവത്ക്കരണം, കൗൺസിലിംഗ്
- സംസ്ഥാനതല ഫണ്ടുകളുടെ സംയോജനം
- പ്രാദേശിക ഫണ്ടുകളുടെ ഫലപ്രദമായ വിതരണം
- തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുക
- ജില്ലാതലത്തിൽ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തനം സാധ്യമാക്കുക.
- എല്ലാ പഞ്ചായത്തുകളും ശിശുസൗഹൃദമാക്കുന്നതിന് വികസന ഫണ്ട് ഉപയോഗിക്കുക.
- എല്ലാ ബ്ലോക്കുകളേയും ഒരു മാതൃകാ വനിതാ-ശിശുവികസന കേന്ദ്രമാക്കി ഉയർത്തുക.

സംയോജന സാധ്യതകൾ

- വിവരശേഖരണം – തദ്ദേശഭരണ വകുപ്പ്, വനിത ശിശു വികസനവകുപ്പ്, ട്രൈബൽ വകുപ്പ്
- സീറോ സോൺ സ്കൂൾ – വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ് സൈക്കോ സോഷ്യൽ
- കൗൺസിലിംഗ് സെന്റർ – വിദ്യാഭ്യാസ വകുപ്പ്, വനിത ശിശുവികസനവകുപ്പ്, തദ്ദേശഭരണ വകുപ്പ്, ആരോഗ്യവകുപ്പ്.

- ഭിന്നശേഷിയുള്ള കുട്ടികൾക്ക് പുനരധിവാസ സ്ഥാപനങ്ങൾ/ സ്കൂളുകൾ സ്ഥാപിക്കുക – വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്, വനിത ശിശുവികസന വകുപ്പ്.
- ശിശുസംരക്ഷണ കമ്മിറ്റികൾ ശക്തിപ്പെടുത്തുക – വിദ്യാഭ്യാസ വകുപ്പ്, വനിത ശിശുവികസന വകുപ്പ്, തദ്ദേശ ഭരണ വകുപ്പ്.

- ജില്ലാപഞ്ചായത്ത്, അങ്കണവാടി കെട്ടിടങ്ങൾ നിർദ്ധിഷ്ട വിഹിതക്കാരുടെ നാട്ടിലുള്ള സ്ഥാപനങ്ങൾ എം.ജി.എൻ. ആർ. ഇ. ജി. പി എന്നിവയ്ക്കൊപ്പം ഫണ്ട് നൽകുക.
- പഞ്ചായത്തിലെ ജാഗ്രതാ സമിതികൾ യോഗത്തിനൊപ്പം ചൈൽഡ് സംരക്ഷണ സമിതികൾ കൂട്ടുക, അത്തരത്തിൽ പ്രവർത്തനം ശക്തമാക്കുക.

5. ട്രാൻസ്ജെൻഡർ

വികസനപരിപ്രേക്ഷ്യം

- സാമ്പത്തിവും സാമൂഹികവുമായ പരിരക്ഷ നൽകി ട്രാൻസ്ജെൻഡർ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക., വളരെ അധികം വൈകാരിക സമ്മർദ്ധം സ്വത്വം വെളിപ്പെടുത്താൻ വയ്യാത്തവരുമായ ജനവിഭാഗമാണ് ട്രാൻസ്ജെൻഡർമാർ ജില്ലയിൽ 103 പേരെ ഇത്തരത്തിൽ തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ട്രാൻസ്-ജൻഡർ നയം ജനങ്ങളിൽ എത്തിക്കാൻ സർക്കാർ തലത്തിൽ മുഴുവൻ മാധ്യമങ്ങളെയും ഉപയോഗിപ്പെടുത്തുക.
- ഉദ്യോഗസ്ഥ തലത്തിൽ ബോധവൽക്കരണം
- ഇവരുടെ സുരക്ഷ സംബന്ധിച്ച നിയമങ്ങൾ പാസ്സാക്കുക.

- ട്രാൻസ്ജെൻഡർമാർക്ക് വിദ്യാഭ്യസം തൊഴിൽ എന്നീമേഖലകളിൽ സംവരണം ഏർപ്പെടുത്താവുന്നതാണ്.
- ആവശ്യാനുസൃതമായ ലിംഗ പരിവർത്തന ശസ്ത്രക്രീയയ്ക്ക് ധനസഹായം നൽകാവുനൽകാവുന്നതാണ്.
- ട്രാൻസ്ജെൻഡേഴ്സിന് വ്യക്തിവികാസം പ്രാപ്തമാക്കുന്നതിന് വേണ്ട ബോധവത്കരണ ക്ലാസുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.
- എം.എൽ.എ ഫണ്ട് എൽ.എസ്.ജി.ഡി എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് ഡെ-ഷെൽട്ടർ നിർമ്മിക്കാവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ബോധവൽക്കരണം

- തുടർവിദ്യാഭ്യാസം, തൊഴിൽ നൈപുണ്യം, ഡേ-ഷെൽറ്റർ, ആരോഗ്യസംരക്ഷണം, പെൻഷൻ തുടങ്ങിയ വിഷയങ്ങളിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പ്പെട്ടവർക്ക് ബോധവൽക്കരണം നൽകുക.
- ട്രാൻസ്ജെൻഡർമാരിൽ ഭൂരിഭാഗവും കലാഭിരുചി പുലർത്തുന്നതിനാൽ ഇവർക്കായി ഓർക്കസ്ട്രാ, ഡാൻസ്ഗ്രൂപ്പുകൾ ആരംഭിക്കുന്നതിന് അത്തരത്തിൽ പ്രോത്സാഹനവും, വരുമാനവും ലഭ്യമാക്കുന്നതിനും ആവശ്യമായ പ്രോജക്റ്റുകൾ നടപ്പാക്കാവുന്നതാണ്.
- ഭിന്നലിംഗക്കാർക്ക് ഒത്തുചേരുന്നതിനും വിശ്രമവിനോദങ്ങൾക്കുമായി എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു ഡെ-ഷെൽട്ടർ ജില്ലയിൽ ആരംഭിക്കാവുന്നതാണ്.
- ത്രിതല പഞ്ചായത്തുകൾ, വികസനഫണ്ടിന്റെ നിശ്ചിത ശതമാനം ട്രാൻസ്ജെൻഡേഴ്സിനായി മാറ്റിവയ്ക്കുക.
- എല്ലാ പഞ്ചായത്തിലും ട്രാൻസ്ജെൻഡർ ഡേറ്റാ ബേസ് തയ്യാറാക്കുക.

സംയോജന സാദ്ധ്യതകൾ

സംയോജന സാധ്യതകൾ

- ആരോഗ്യ പരിരക്ഷ – സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്
- വിദ്യാഭ്യാസം, തുടർപഠനം – വിദ്യാഭ്യാസ വകുപ്പ്, സാക്ഷരതാ മിഷൻ
- ജീവിത നൈപുണി വിദ്യാഭ്യാസം – സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്
- പെൻഷൻ, സ്കോളർഷിപ്പ് – ത്രിതല പഞ്ചായത്ത്
- കൗൺസിലിംഗ് – സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ്
- പൊതു അവബോധം – പബ്ലിക് റിലേഷനും മേൽപ്പറഞ്ഞ എല്ലാ വകുപ്പുകളുടെയും സഹകരണം.

ജില്ലയിൽ വിവിധ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുത്തു നടപ്പാക്കാവുന്ന പ്രധാനപ്പെട്ട സംയോജിത പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ഇരവിപേരൂർ റൈസ് നെൽപ്പാടങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് സമതികളുടെ നേതൃത്വത്തി ൽ കൃഷി തരിശുപാട്ടം കൃഷിവകുപ്പ്. നിലമൊരുക്ക് സബ്സിഡി ജില്ലാ–ഗ്രാമപഞ്ചായത്തുകൾ, വിത്ത്–വളം സബ്സിഡി ഗ്രാമപഞ്ചായത്ത് കക്ക–വളം–കീടനാശിനി – സഹകരണ സംഘങ്ങൾ വായ്പയിൽ സബ്സിഡി തുക സഹകരണ സംഘങ്ങൾക്ക് നൽകി വായ്പാ തുകയുടെ തിരിച്ചടവ്, ജില്ലാ ബാങ്ക് വായ്പ പണമായും നൽകുന്നു. ഇറിഗേഷൻ വകുപ്പ് –കനാൽ അറ്റകുറ്റപ്പണി, ലിഫ്റ്റിറിഗേഷൻ നവീകരണം, കുടുംബശ്രീ സംരംഭകർ, നെല്ല് സംഭരിച്ച് കുത്തി അരിയാക്കി തുണിസഞ്ചിയി ൽ പായ്ക്ക് ചെയ്ത് ഇരവിപേരൂർ റൈസ് ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നു. കുടുംബശ്രീ ഗ്രൂപ്പിന് പട്ടികജാതി വികസന വകുപ്പ്, ജില്ലാ മിഷൻ എന്നിവയിലൂടെ സബ്സിഡി. ഗുണഭോക്തൃ വിഹിതം, വായ്പ–പഞ്ചായത്ത് സബ്സിഡി – എന്നിവ സംയോജിപ്പിച്ച തുണിസഞ്ചി നിർമ്മാണത്തിന് മറ്റൊരു കുടുംബശ്രീ ഗ്രൂപ്പ്.
2. **വരട്ടാർ പുനരുജ്ജീവനം** : ഒന്നാംഘട്ടം–റവന്യൂവകുപ്പ് നദി അളന്ന് വീതി, പുറമ്പോക്ക് കൈയ്യേറ്റം എന്നിവ തിട്ടപ്പെടുത്തുന്നു. തൊഴിലുറപ്പിൽ ഉൾപ്പെടുത്തി സ്വാഭാവിക ജലമൊഴിക്കിനുള്ള വഴി തുറന്നു നദീമുഖം തുറക്കുന്നതിനും ചപ്പാത്തുകൾ പൊളിക്കുന്നതിനുമുള്ള അനുമതിയില്ലാതിരുന്നതിനാൽ പൂർണ്ണമായും വിജയിച്ചില്ല. എന്നാൽ 13.5 ഏക്കർ പുറമ്പോക്ക് വീണ്ടെടുത്ത് കുടുംബശ്രീ പച്ചക്കറികൃഷി, നക്ഷത്രവനം, കമുകിൻതൈകൾ വച്ച് പിടിപ്പിച്ച പടയണിഗ്രാമം മുതലായവ നടപ്പാക്കി.
   രണ്ടാംഘട്ടം–ജനകീയവീണ്ടെടുപ്പ് – ജനമൊഴുകിയ വരട്ട ആർ യാത്ര. തീരത്തെ 5 തദ്ദേശഭരണസ്ഥാപനങ്ങളുടെ ഏകോപനം പൊതുജനങ്ങളിൽ നിന്ന് 28 ലക്ഷം രൂപ. കണ്ടെത്തി വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ പണത്തിന്റെയും പ്രവർത്തികളുടെയും ഏകോപനം. ജനകീയ കമ്മറ്റികൾ ചപ്പാത്തുകൾ പൊളിക്കുന്നു. ദുർബലമാക്കിയ നദീമുഖം മൺസൂൺ കാലത്ത് സ്വമേധയാ പൊട്ടി ഒഴുകുന്നു. പ്രവർത്തികളുടെ മേൽനോട്ടവും സാങ്കേതിക ഉപദേശവും ജലസേചനവകുപ്പിന്.
   മൂന്നാംഘട്ടം :– സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ച ദിവസം വീണ്ടെടുത്ത നദയിൽ പഞ്ചായത്ത് പദ്ധതി പ്രകാരം ഹരിത കേരളം ട്രോഫി വള്ളംകളി, ആഴം വീതി കൂട്ടൽ, പാലങ്ങളുടെ നിർമ്മാണം, നീർത്തടകർമ്മ പരിപാടി, കൃഷിയുടെ വീണ്ടെടുപ്പ്, ടൂറിസം പദ്ധതികൾ ജൈവ വൈവിധ്യ പാർക്ക് എന്നീ പ്രവർത്തനങ്ങൾക്ക് സംസ്ഥാന പദ്ധതി – തൊഴിലുറപ്പ് – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി എന്നിവയുടെ സംയോജനം ഇത്തരത്തിൽ കോലറയാർ, പള്ളിക്കലാർ നദികളുടെ വീണ്ടെടുപ്പ് സാധ്യമാക്കി.
3. **ആധുനിക അറവുശാല** : ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒന്ന് എന്ന നിലയ്ക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടുകളെ ഏകോപിപ്പിച്ച് സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ച് അറവുശാല പ്രവർത്തിപ്പിക്കാനായി തയ്യാറുള്ള സംരംഭകരെ കണ്ടെത്തി നിശ്ചിതകാലാവധിയിലേക്ക് ആവശ്യമായ നിബന്ധനകളോടെ നൽകുക. യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കേണ്ടത്

നിക്ഷേപകൻ, അറക്കുന്നതിനാവശ്യമായ ആടുമാടുകളെ കുടുംബശ്രീ ഗ്രൂപ്പുകൾ വളർത്തി നൽകുന്നു. അറവുശാല മാലിന്യം വിവിധ ഉല്പന്നനിർമ്മാതാക്കൾക്ക് നൽകുന്നു. (ശരീരാവശിഷ്ടങ്ങൾ മത്സ്യത്തീറ്റ കളായി മാറ്റുക തുടങ്ങിയ) ഗുണമേന്മ ഉറപ്പിക്കുന്ന മാംസത്തിന്റെ ലഭ്യത ബ്ലോക്കിനു കീഴിലുള്ള എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ സംരംഭമായി ആരംഭിക്കുന്നു. ശേഷിക്കുന്ന മാംസത്തിന്റെ കയറ്റുമതി സാധ്യതയും പരിഗണിക്കാം. സ്വകാര്യസംരംഭകൻ, ബാങ്ക്, കുടുംബശ്രീ, വ്യവസായം, ശുചിത്വമിഷൻ, ത്രിതല പഞ്ചായത്ത്, കൃഷി–മത്സ്യ–മൃഗസംരക്ഷണ വകുപ്പുകൾ എന്നിവ സംയോജിക്കുന്നു.

4. **ഇൻവെസ്റ്റേഴസ് മീറ്റ്** – ഒരുവീട് – ഒരു സംരംഭം എന്ന ലക്ഷ്യം നേടുന്നതിനായി നാട്ടിലും വിദേശത്തുമുള്ള തൊഴിലാളികളെയും നിക്ഷേപകരേയും വാർഡ് തലത്തിൽ കണ്ടെത്തി വ്യവസായ വകുപ്പിന്റെ ഡേറ്റാബാങ്കാക്കി മാറ്റുന്ന പ്രവർത്തനം, ഗ്രാമപഞ്ചായത്ത് സംഘാടകരാകുന്ന പഞ്ചായത്ത്തല ഇൻവസ്റ്റേഴ്സ് മീറ്റ്, നിലവിലുള്ള സംരംഭകർ – തൊഴിലധിഷ്ഠിത വിദ്യാർത്ഥികൾ – തൊഴിലന്വേഷകർ – മടങ്ങിവരുന്ന പ്രവാസികൾ മുതലായവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. ബാങ്ക് വ്യവസായവകുപ്പ്, കുടുംബശ്രീ, പഞ്ചായത്തിന്റെ പൊതു അഭിരുചിക്കനുസരിച്ച് ഇതരവകുപ്പുകൾ എന്നിവയുടെ അവതരണത്തോടുകൂടിയ സംഘാടനം തുടർന്ന് ജില്ലാ പഞ്ചായത്ത് സംഘാടകരാകുന്ന ജില്ലാ ഇൻവെസ്റ്റേഴ്സ് മീറ്റ്. ഇതിലൂടെ പുതിയ സംരംഭക – തൊഴിൽ – വ്യവസായ സംസ്ക്കാരം രൂപപ്പെടുത്തുകയും സാധ്യതകളുടെ വിവരശേഖരണം തയ്യാറാക്കപ്പെടുകയും ചെയ്യുന്നു.

5. **വനശ്രീ :** കാടിനെ സംബന്ധിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിന്റെ അറിവുകൾ കൈമാറുന്നിതിനും, കാട് കാണുന്ന വിനോദസഞ്ചാരികൾക്ക് സഹായകരമാകുന്നതിനും, പട്ടികവർഗ്ഗത്തിന്റെ കലാരൂപങ്ങളുടെ പ്രദർശനത്തിനും, കരകൗശല വസ്തുക്കുളുടേയും, തേൻപോലുള്ള വനവിഭവങ്ങളും വിപണനത്തിനും മറ്റുമായി സഹകരണസംഘം രൂപീകരിച്ച് കേന്ദ്രസംസ്ഥാന ഫണ്ടുകളെ സംയോജിപ്പിച്ച് ടൂറിസം, കുടുംബശ്രീ എന്നിവയുമായി ബന്ധിപ്പിക്കുന്നു. വാഹനം–താമസസൗകര്യം – വിപണനകേന്ദ്രം എന്നിവ പട്ടികവർഗ്ഗ വകുപ്പും, ഭക്ഷണം പോലുള്ള ഇതരസൗകര്യങ്ങൾ കുടുംബശ്രീ തലത്തിലും ഒരുക്കി വനസൗന്ദര്യം ആസ്വദിക്കുവാനും പഠിക്കുവാനുമുള്ള അവസരം വനത്തിന്റെ ഉടമകളായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ വനവിജ്ഞാനവുമായി ബന്ധിപ്പിച്ച് വരുമാനദായകമാക്കുക. ഉദാ. ഗവി ടൂറിസം.

6. **കാർബൺ നൂട്രൽ ജില്ല :** വനവിസ്തൃതി കൂടിയ ജില്ല എന്ന നിലയിൽ കൈവരിച്ച, വായുമലിനീകരണം കുറഞ്ഞ ജില്ല എന്ന നേട്ടത്തെ നിലനിർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നതിനായുള്ള പദ്ധതി. വായുവും – ഭൂമിയും – ജലവും മലിനപ്പെടുന്നത് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന എല്ലാ വകുപ്പുകളെയും സംയോജിപ്പിക്കുക. ആദ്യഘട്ടം മുനിസിപ്പാലിറ്റികളിലും അർദ്ധനഗര പഞ്ചായത്തുകളിലും പുറന്തള്ളുന്ന കാർബണിന്റെ അളവ് കുറയ്ക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ. ഇണ്ടാംഘട്ടം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒരുപോലെ ഏറ്റെടുക്കാവുന്ന പദ്ധതികളുടെ സംയോജനം. ലക്ഷ്യത്തിലേക്കെത്തുന്ന ഓരോ ഘട്ടവും വിവരശേഖരണം നടത്തി മോണിറ്റർ ചെയ്യുക.

7. **സ്കൂൾ കോളേജ് സഭകൾ :** ഗ്രാമസഭ മാതൃകയിൽ സ്കൂൾ കോളേജ ്തലങ്ങളിൽ വിവിധ വകുപ്പുകളുടെ ബോധവൽക്കരണ പരിപാടികൾ, വിദ്യാഭ്യാസ പദ്ധതികൾ, സ്കൂൾ കോളേജ് അടിസ്ഥാന സൗകര്യം – പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിന്മേലുള്ള പൊതു ചർച്ചയ്ക്ക് വേദിയൊരുക്കുന്നു. പാഠ്യേതര വിദ്യാഭ്യാസ പരിപാടിയ്ക്ക് വിവിധ വകുപ്പുകൾ അവസരം ഒരുക്കുന്നു.

8. **കോ–ലൊക്കേഷൻ സെന്ററുകൾ :** ആർദ്രം മിഷന്റെ ഭാഗമായി ചികിത്സ തിരഞ്ഞെടുക്കുവാനുള്ള അവകാശം രോഗിക്ക് ലഭിക്കുന്ന സംവിധാനം. ആയുഷിൽ ഉൾപ്പെടുന്ന എല്ലാ ചികിത്സാവിഭാഗങ്ങളെയും ഒരു കുടക്കീഴിലാക്കുന്നു. ഇതിലേക്കുള്ള കേന്ദ്രഫണ്ടിന്റെ നഷ്ടം ഒഴിവാക്കിയെടുക്കാം. എല്ലാ ചികിത്സാവിഭാഗത്തിന്റേയും അടിസ്ഥാന സൗകര്യം ഒരുപോലെ മെച്ചപ്പെടും.

9. **ജൈവജീവനം :** ആരോഗ്യ പരിപാലനത്തിനുള്ള വേറിട്ട രീതി, ജൈവകൃഷി, യോഗ പരിശീലനം, മാലിന്യസംസ്ക്കരണം, കായിക പരിശീലനം മുതലായ പ്രവർത്തനങ്ങൾ വാർഡുതലത്തിൽ 10–20 കുടുംബങ്ങൾക്കായി ഏറ്റെടുക്കുന്ന പദ്ധതി. ആരോഗ്യം, ശുചിത്വം, ജലം, കുടുംബശ്രീ മുതലായ വിവിധ വകുപ്പുകളെ ഇതിലേക്ക് സംയോജിപ്പിക്കാം.

10. **ഗ്രാമ വിജ്ഞാന കേന്ദ്രങ്ങൾ :** ഗ്രാമപഞ്ചായത്ത് വായനശാലകളിൽ, വിവിധ രംഗങ്ങളിൽ പ്രാവീണ്യമുള്ളവരെ പങ്കെടുപ്പിച്ച് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കും സാസ്ക്കാരിക പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നു. കുട്ടികൾക്കുള്ള പരിശീലന പരിപാടി ഇ-സാക്ഷരതാ കേന്ദ്രം, നാടിന്റെ വിവിധ സംസ്ക്കാരങ്ങളെയും ചരിത്രത്തെയും തിരിച്ചറിയുന്നതിനുള്ള വിജ്ഞാനരജിസ്റ്റർ തയ്യാറാക്കുക. എല്ലാ പൊതുവിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളുടെയും കേന്ദ്രം, നാടൻ കലാകാരൻമാരെയും കായികതാരങ്ങളെയും സംഘടിപ്പിച്ച് പ്രോത്സാഹനം നൽകുകയും ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക. പഴമയും-പുതുമയുമായുള്ള സംയോജനം. വകുപ്പുതലത്തിൽ പഞ്ചായത്ത്-സാംസ്ക്കാരിക - വിദ്യാഭ്യാസം- ഐ.റ്റി - ആരോഗ്യം - സാമൂഹ്യക്ഷേമം എന്നിവയുമായുള്ള സംയോജനവും.
11. **യൂത്ത് കോർഡിനേഷൻ** : 16-35 വയസ്സുകാർ എന്ന മാനദണ്ഡം മാത്രം കണക്കാക്കി യുവജനങ്ങളെ വാർഡുതലത്തിൽ സംഘടിപ്പിക്കുന്നു. പൊതു ഇടപെടലുകൾ - പങ്കാളിത്തം - സംഘാടനം - പ്രശ്നപരിഹാരങ്ങൾ എന്നിവയിക്കുള്ള വേദിയായി മാറ്റുന്നു. കലാകായിക രംഗത്തേയ്ക്ക് വാർഡുതലത്തിലുള്ള ടീമുകൾ രൂപീകരിക്കുന്നു. കേരളോത്സവത്തിന്റെ മികച്ച പങ്കാളിത്തം ഉറപ്പാക്കുന്നു. തദ്ദേശ അഭിരുചിയ്ക്കനുസരിച്ച് വാർഡ്-ഗ്രാമ - ബ്ലോക്ക് - ജില്ലാ ലീഗുകൾ സംഘടിപ്പിക്കുന്നു. വിവിധ വകുപ്പുകളുടെ ബോധവൽക്കരണ പരിപാടികളുടെ സംഘാടനവും യൂത്ത് കോർഡിനേഷൻ തലത്തിൽ സംയോജിപ്പിക്കുന്നു.
12. **സ്വയംപര്യാപ്ത പട്ടികജാതി കോളനികൾ :** പശ്ചാത്തല സൗകര്യ വികസനത്തോടൊപ്പം ജീവനോപാധികൾ ഉണ്ടാക്കുന്ന പ്രവർത്തനം ലൈഫ് മിഷൻപ്രകാരം ഭൂരഹിത ഭവനരഹിതർക്ക് പരിഹാരം കണ്ടെത്തുക. ഗ്രാമസഭാതലത്തിൽ മാനദണ്ഡങ്ങൾ കൃത്യമാക്കി ഗുണഭോക്താക്കളെ കണ്ടെത്തുക. കൈവശഭൂമിക്ക് ഉടമസ്ഥതാരേഖ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഉദാരസമീപനം, കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകളിലൂടെ ജലലഭ്യത ഉറപ്പാക്കുക, ത്രിതല സംവിധാനത്തിൽ ചെറുകിട കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുക, വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിന് കേന്ദ്രീകൃത സോളാർ പാനൽ സംവിധാനം, കൃഷി, മൃഗസംരക്ഷണം, തൊഴിലുറപ്പ്, കുടുംബശ്രീ സംരംഭങ്ങൾ മുതലായവയിലൂടെ വരുമാന ലഭ്യത ഉറപ്പാക്കുക) വ്യക്തിഗത ശൗച്യാലയത്തോടൊപ്പം സാമൂഹ്യ ശൗച്യാലയങ്ങളും നിർമ്മിക്കുക, തൊഴിലുറപ്പ് പദ്ധതി പ്രകാരം ഡ്രെയിനേജ് സംവിധാനം, ശുചിത്വമിഷൻ സബ്സിഡിയിൽ ബയോഗ്യാസ് പ്ലാന്റ്, സാംസ്ക്കാരിക നിലയം കേന്ദ്രീകരിച്ച് മത്സര പരീക്ഷ-തൊഴിൽ പരിശീലന പരിപാടികൾ, സി.എസ്.ആർ ഫണ്ട്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കുടുംബശ്രീ, സഹകരണ ബാങ്കുകൾ, പട്ടികജാതി വികസന വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സംയോജനം.
13. **ഹരിതഭവനങ്ങൾ :** തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള കിണർ റീചാർജ്ജിംഗ് സംവിധാനം, ജൈവമാലിന്യ സംസ്ക്കരണത്തിനുള്ള കമ്പോസ്റ്റ്കുഴി, അജൈവ മാലിന്യസംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ, കുടുംബശ്രീ നേഴ്സറിയിൽ ഉത്പാദിപ്പിച്ച പച്ചക്കറി തൈകൾ ഉപയോഗിച്ച് കൃഷിവകുപ്പ് സബ്സിഡിയോടെ ജൈവ അടുക്കളതോട്ടം, കുട്ടികൾ പരിപാലിക്കുന്ന ഫവലൃക്ഷങ്ങൾ, കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന സബ്സിഡിയോടു കൂടിയ സോളാർ പാനലും എൽ.ഇ.ഡി ബൾബുകളും ഈ അഞ്ച് വ്യവസ്ഥകൾ പാലിക്കുന്ന വീടുകൾ ഹരിതഭവനങ്ങളായി പ്രഖ്യാപിക്കും. ഹരിതഭവനങ്ങൾക്ക് നികുതി ഇളവ് നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണം.
14. **സീറോ ബില്ലിംഗ്** : തെരുവ് വിളക്കുകളുടെ വൈദ്യുതി ഉപഭോഗം അളക്കുന്നതിന് ട്രാൻസ്ഫോർമുകളിൽ മീറ്റർ, വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡിയും, ഇലക്ട്രിക് പോസ്റ്റുകളിൽ സമയക്രമീകരണവും, വിളക്കുകളുടെ പരിപാലനത്തിന് രണ്ട് ജീവനക്കാരും വാഹനവും ഉപയോഗിക്കുന്ന വൈദ്യുതി കൃത്യമായി തിട്ടപ്പെടുത്തുകയും ഉപഭോഗവും കുറയ്ക്കുകയും ചെയ്യുക. തുടർന്ന് ഉപയോഗിക്കപ്പെടുന്ന വൈദ്യുതിക്ക് തുല്യമായത് സോളാർ പാനൽ സ്ഥാപിച്ച് ഉത്പാദിപ്പിക്കുകയും ഗ്രിഡ് ബന്ധിപ്പിച്ച് വൈദ്യുതി ബോർഡിന് നൽകുകയും ചെയ്യുന്നു. വർഷാവസാനം ഉപഭോഗവും ഉത്പാദനവും തിട്ടപ്പെടുത്തി തുല്യതയിലേക്ക് എത്തിക്കുക. ഇതിലൂടെ തനത് വരുമാനം ലാഭിക്കുവാൻ സാധിക്കും.
15. **ഊർജ്ജം - ബദൽ ഉത്പാദനം** - ഡാമുകൾ, ചാലുകൾ, റോഡുകൾ മുതലായ സാധ്യമായ സ്രോതസ്സുകളിൽ സോളാർ പാനൽ സ്ഥാപിച്ച് ഊർജ്ജോത്പാദനത്തിന്റെ ബദൽ മാർഗ്ഗങ്ങൾ സാധ്യമാക്കുക. ഇതിലേക്ക് പ്രവാസി നിക്ഷേപം, ബാങ്കുകളുടെ സംരംഭക വായ്പ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി എന്നിവയിലൂടെ ഫണ്ട് കണ്ടെത്തുകയും വൈദ്യുതി

ബോർഡ് വില നിശ്ചയിച്ച് വാങ്ങുന്നതിൽ വച്ച് നിക്ഷേപകർക്ക് വരുമാനം ഉപ്പാക്കുകയും ചെയ്യുന്നു. ഊർജ്ജോത്പാദനം, നിക്ഷേപസാധ്യത, ജലബാഷ്പീകരണം കുറയ്ക്കുന്നു എന്നിങ്ങനെ നേട്ടങ്ങൾ.

16. **ഭൗമവിവരദായക പഞ്ചായത്ത്** : പഞ്ചായത്തുകളുടെ ആസ്തികളേയും വിഭവങ്ങളേയും കൃത്യമായും സ്ഥലപരമായും തിട്ടപ്പെടുത്തി സ്ഥാപനത്തിന്റെയും വിവിധ വകുപ്പുകളുടെയും പദ്ധതികൾക്ക് ലഭ്യമാക്കുക. ഇതിലൂടെ വിവിധ വകുപ്പുകളുടെ ആസ്തികളെ പ്രധാനമായും സ്ഥലപരമായി തിരിച്ചറിയുന്നതിനും പരിപാലിക്കുന്നതിനും പദ്ധതികളെ സംയോജിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ തദ്ദേശസ്ഥാപനങ്ങൾ അടക്കമുള്ള വിവിധ വകുപ്പുകളുടെ റവന്യൂ വർദ്ധിക്കുന്നതിനും സഹായകരമാകും.
17. **സാമൂഹ്യ സുരക്ഷാ പാർക്ക്** : വയോജനങ്ങൾ, ഭിന്നശേഷിക്കാർ, നിരാലംബരായ സ്ത്രീകൾ-കുട്ടികൾ, ട്രാൻസ്ജൻഡർ എന്നിങ്ങനെ പാർശ്വവത്കൃതരായവരെ അധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രം. താമസം, ഭക്ഷണം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ചെറുകിട തൊഴിൽ സംരംഭങ്ങൾ, മത്സര പരീക്ഷാ പരിശീലനം എന്നിവയ്ക്കുള്ള സൗകര്യങ്ങളോടുകൂടിയ കേന്ദ്രം ജില്ലാതലത്തിൽ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കളക്ടർ, ബന്ധപ്പെട്ട വകുപ്പ് മേധാവികൾ എന്നിവരടങ്ങിയ ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ, സാമൂഹ്യനീതി വകുപ്പ് നടത്തിപ്പ് ജില്ലാ പഞ്ചായത്ത് പദ്ധതിയ്ക്കു പുറമെ പൊതു സമൂഹത്തിൽ നിന്നും പണം കണ്ടെത്തി കാര്യക്ഷമമായ നടത്തിപ്പിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നു.
18. **പമ്പാ ആക്ഷൻപ്ലാൻ** : ലഭിച്ച ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതിനാലും പദ്ധതി നിർദ്ദേശങ്ങൾ അന്തിമമാക്കി സമർപ്പിക്കാത്തതിനാലും തടസ്സപ്പെട്ടുനിൽക്കുന്ന പദ്ധതി. ജില്ലയിലാകെ ജലമലിനീകരണത്തിന് കാരണമാകുന്ന പമ്പയിലെ മാലിന്യം തടയുന്നതിനും ജില്ലയിലെ ജല ലഭ്യതയ്ക്കും കൃഷിയ്ക്കടക്കമുള്ള ഇതരവകുപ്പുകളുടെ പ്രവർത്തനങ്ങൾക്കും സംയോജിപ്പിക്കാവുന്ന പദ്ധതി.
19. **ശബരി മാസ്റ്റർ പ്ലാൻ** : രാജ്യത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചുള്ള വികസനത്തിന് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനം - സംയോജനക്കുറവുമൂലം നടപ്പാക്കുന്നതിന് കാലതാമസം നേരിടുകയാണ്. കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയങ്ങളുടെയും സംസ്ഥാനത്ത് ദേവസ്വം-ഗതാഗതം - ആരോഗ്യം - ടൂറിസം മുതലായ വിവിധ വകുപ്പുകളുടെയും സംയോജനം അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതുണ്ട്.

****